# കൈവടിലൃന്റെ

# ശന്‍ ഥ ാ ശ്രു ൧.

ശ്രീരാമവൎമ്മഗ്രന്ഥാവലി.

കൌടില്യന്റെ

# അൎത്ഥശാസ്ത്രം.

(മലയാളഭാഷാവിവൎത്തനം)

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

ദ കോപ്പി ൫൦൦.

൧൧൧൦.

തൃശ്ശിവപേരൂർ
രാമാനുജമുദ്രാലയത്തിൽ
അച്ചടിച്ചതു്.

(പകൎപ്പവകാശം കമ്മിററിക്കു മാത്രം.)

വില ക. ൩ ] [ മൂന്നുറുപ്പിക.

ലൈബ്രറി
തൃശ്ശൂർ

# FOREWORD

India has been famous all the world over for the contribution she has made to the world's wealth of literature and philosophy; but, it remains to be shown that even in the field of political speculation our ancients were not without their own ideas of internal organisation and inter-state intercourse. The average European student of social thought has heard of the great Manu—the Solon of ancient Hindu polity; but it is only orientalists who will have heard of the name of Kautilya and his Arthasastra which occupies a position in Hindu political speculation comparable only to the "Republic" of Plato and the "Politics" of Aristotle in classical antiquity, and which in point of acuteness and clear grasp of facts is matched perhaps only by "The Prince" of Machiavelli. The "Arthasastra" presents the same baffling variety and complexity which characterise all early attempts at scientific speculation. Like the Darsanas which, from a modern point of view, combine a mixture of curious speculation on Physics, Psychology, Logic, Ethics and Metaphysics, the Arthasastra is a sustained effort at treating in an exhaustive if not thoroughly systematic manner a variety of social, economic and political problems in the light of antecedent historical evolution and contemporary political and inter-state organisation. In stating his problems and attempting their solution Kautilya shows a measure of

political sagacity and businesslikeness which have at times led unsympathetic or undiscerning critics to charge him with frank immoralism. But, any average student of ancient Indian History will be able to show that Kautilya, if he was only the social philosopher of his age and failed to rise to the political idealism of Plato, was a faithful interpreter of the social traditions and the economic and political aspirations of his epoch

In point of exhaustiveness it is doubtful if there is any work by western thinkers which can equal the "Arthasastra". To the uninitiated the outlines are invisible on account of the wealth of details; but, the work follows a line of logical classification and sequence which will be clear to the close student. The magnitude of the undertaking is sufficient excuse for any small degree of looseness of arrangement; and this is more than made up by the cogency and practical sagacity of Kautilya's reasoning. In the mouth of an age which has witnessed the European conflagration of 1914 and the gradual frustration of the hopes that were raised about the possibilities of international brotherhood, the charge of immoralism against the Arthasastra must taste a little stale and insipid.

The Cochin Malayalam Improvement Committee has laid the whole of Kerala under a deep debt by their laudable efforts at placing within the reach of the ordinary man in the street a translation of this invaluable work which has so far remained inaccessible to the non-Sanscritist. I

have glanced through the pages of the book as a whole and carefully read through some of the most important chapters and I have been struck by the simplicity and directness of style, the faithfulness with which it follows the original, and the brevity and purity of diction which characterise the translation. Not being a Malayalam scholar I am not competent to say anything authoritative about the literary graces of the work which are obvious only to the trained eye of the expert literary critic. But, even independent of the literary quality of the translation, the translator has accomplished a task the intricacy and magnitude of which are sufficient to repulse anyone but the most patient and painstaking research scholar. Mr Moosad deserves the warmest thanks of all lovers of India and her traditional culture and the unqualified praise of all scholars and Sanscritists. I commend this translation to all those who are interested in upholding the name of India in the world of letters and in the field of political achievements.

TRICHUR,
29th January, 1935.

**I. N. MENON, M. A., B. Litt. (Oxon.)**

DIRECTOR OF PUBLIC INSTRUCTION,
COCHIN GOVERNMENT.

# ആമുഖം.

(തൎജ്ജമ.)

ഇന്ത്യാരാജ്യം ലോകത്തിലുള്ള സാഹിതീവിജ്ഞാനസമ്പത്തുകൾക്കു നൽകിയിട്ടുള്ള വിപുലസംഭാവനയെക്കുറിച്ചു ലോകമൊട്ടുക്കു സുപ്രസിദ്ധമാണ്; എന്നാൽ, നമ്മുടെ പൂൎവ്വപുരുഷന്മാർ ആന്തരസംഘടനയെയും പരസ്പരസംവ്യവഹാരത്തെയും കുറിച്ച്, രാജ്യകാൎയ്യചിന്തകളിൽപോലും സ്വതന്ത്രമനോധൎമ്മങ്ങളില്ലാത്തവരായിരുന്നില്ലെന്ന് ഇനിയും തെളിയിക്കേണ്ടതായിട്ടാണിരിക്കുന്നത്. സാമുദായികശാസ്ത്രചിന്തകനായ ഒരു സാധാരണ ആംഗ്ലേയൻ പുരാതനഹിന്ദുരാജനീതിക്കൊരു "സോളൻ" ആയിരുന്ന സാക്ഷാൽ മനുവിനെക്കുറിച്ചു കേട്ടിട്ടുണ്ടായിരിക്കും; എന്നാൽ കൌടില്യനേയും അദ്ദേഹത്തിന്റെ അൎത്ഥശാസ്ത്രത്തെയും കുറിച്ച് പൌരസ്ത്യപണ്ഡിതന്മാർ മാത്രമേ കേട്ടിട്ടുണ്ടാവുകയുള്ളൂ. ഗ്രന്ഥപ്രാചീനതയിൽ പ്ലേറ്റോവിന്റെ "റിപ്പബ്ലിക്ക്" എന്ന ഗ്രന്ഥത്തോടും അരിസ്റ്റോട്ടലിന്റെ "പോളിറ്റിക്സ്" എന്ന ഗ്രന്ഥത്തോടും മാത്രം താരതമ്യപ്പെടുത്താവുന്ന ഒരു ഹൈന്ദവരാജ്യകാൎയ്യചിന്തയുടെ നിലയെയാണ് "അൎത്ഥശാസ്ത്രം" ആശ്രയിച്ചിരിക്കുന്നത്. വിഷയഗ്രഹണത്തിന്റെ വൈശദ്യത്തിലും നൈഷ്ഠ്യത്തിലും അതു മാക്യാവെല്ലിയുടെ "ദി പ്രിൻസ്" എന്ന ഗ്രന്ഥത്താൽ മാത്രം പക്ഷെ തുലിതമായിരിക്കാം. എല്ലാശാസ്ത്രചിന്തകളിലുമുണ്ടാകുന്ന പ്രാരംഭശ്രമങ്ങളിൽ ഭ്രാന്തിജനകമായ വൈവിധ്യവും കുഴപ്പവും സഹജമായി കാണുന്നതുപോലെ ഈ അൎത്ഥശാസ്ത്രത്തിലും പ്രത്യക്ഷമായിക്കാണാവുന്നതാണ്. തത്വശാസ്ത്രം, മനശ്ശാസ്ത്രം എന്നിവയിലും ന്യായം, ധൎമ്മം, അഭൌതികം എന്നീ ശാസ്ത്രങ്ങളിലും ഉള്ള വിജാതീയചിന്തകളുടെ ഒരു സങ്കലനമായി ആധുനികരീ

ത്യാ സങ്കല്പിച്ചുപോരുന്ന ദർശനങ്ങളെപ്പോലെ അർത്ഥശാസ്ത്രവും, അതീതചരിത്രപരിണാമത്തെയും രാജ്യങ്ങൾ തമ്മിൽ കാര്യസംബന്ധമായുള്ള സമകാലീനഘടനയേയും അപേക്ഷിച്ച്, സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായുള്ള വിവിധവാദവിഷയങ്ങളെ നിഷ്കൃഷ്ടനിയമിതരീതിയിലല്ലെങ്കിലും കൂലങ്കഷമായ ഒരു സമ്പ്രദായത്തിൽ ഉപപാദിക്കുന്നതിനുള്ള ഒരു നിരന്തരപരിശ്രമമായിരുന്നു. കൌടില്യൻ തൻറെ പൂർവ്വപക്ഷങ്ങളെ ഉപക്ഷേപിക്കുന്നതിലും അവയുടെ സിദ്ധാന്തപക്ഷങ്ങളെ സ്ഥാപിക്കുന്നതിലും ചില കാലങ്ങളിൽ നിർദ്ദയന്മാരോ അനഭിജ്ഞന്മാരോ ആയ വിമർശകന്മാരെ തൻറെ മേൽ പ്രത്യക്ഷമായ അധാർമ്മികത്വം ആരോപിക്കുവാൻ പ്രേരിപ്പിക്കത്തക്ക വിധം രാജനീതിവൈദഗ്ദ്ധ്യത്തേയും കാര്യകുശലതയേയും പ്രദർശിപ്പിക്കുന്നുണ്ട്. എന്നാൽ കൌടില്യൻ അദ്ദേഹത്തിൻറെ കാലത്തെ പ്രധാനസാമുദായികചിന്തകൻ മാത്രമാകയാൽ പ്ലേറ്റോവിൻറെ രാഷ്ട്രീയാദർശംവരെ കയറുവാൻ സാധിച്ചില്ലെന്നു വരികിലും അദ്ദേഹം അക്കാലത്തെ സാമുദായികപാരമ്പര്യങ്ങളുടേയും സാമ്പത്തികവും രാഷ്ട്രീയവുമായ അഭിലാഷങ്ങളുടേയും ഒരു വിശിഷ്ടപ്രതിപാദകനായിരുന്നു എന്നു തെളിയിക്കുവാൻ പ്രാചീനഭാരതചരിത്രത്തിൽ സാമാന്യജ്ഞാനമുവായ ഏവനും സാധിക്കുന്നതാണ്.

നിഷ്പക്ഷഭാവത്തിൽ അർത്ഥശാസ്ത്രത്തോടു കിടപിടിക്കുവാൻ പാശ്ചാത്യചിന്തകന്മാരാൽ പ്രണീതമായ ഏതെങ്കിലും ഒരു ഗ്രന്ഥം ഉണ്ടോ എന്നു സംശയമാണ്. അശിക്ഷിതരായവർക്ക് അനാവശ്യവിഷയബാഹുല്യംകൊണ്ട് ഇതിലെ ആസൂത്രണങ്ങൾ ദുർദൃശ്യങ്ങളായിത്തീർന്നേക്കാം. എന്നാൽ, ഒരു സൂക്ഷ്മപരിശോധകന് ഈ ഗ്രന്ഥം യുക്തിയുക്തമായ ഗണവിഭജനത്തിൻറെയും പൌർവ്വാപര്യയോജനത്തിൻറെയും പദ്ധതിയെ അനുസരിക്കുന്നുണ്ടെന്നു സ്പഷ്ടമായിരിക്കും. ഉദ്യമത്തിൻറെ വിശാലത വിഷയസംബ

ധാനത്തിലെ ഏതു നിസ്സാരശൈഥില്യത്തിനും തക്കതായ പരിഹാരമായിരിക്കുന്നതാണ്. ഈ ശൈഥില്യം കൌടില്യന്റെ സയുക്തികമായ ഉപപാദനരീതിയുടെ പ്രായോഗികപാടവത്താലും പ്രഭാവത്താലും വേണ്ടതിലധികം പരിഹരിക്കപ്പെട്ടിട്ടുമുണ്ട്. 1914_ൽ യൂറോപ്പിലുണ്ടായ ഘോരാഗ്നിബാധയേയും ജനതാപരമായ സാഹോദര്യത്തിന്റെ സാദ്ധ്യതയെക്കുറിച്ച് അങ്കുരിച്ച ആശകളുടെ ക്രമാഗതമായ വൈഫല്യത്തേയും കണ്ണിനുനേരെ കണ്ടറിഞ്ഞ ഒരു കാലത്തിന്റെ ജിഹ്വാപ്ലൂ" അർത്ഥശാസ്ത്രത്തിന്റെ പേരിൽ ആരോപിച്ചിട്ടുള്ള ധർമ്മവിരോധാപരാധം അല്പം പര്യുഷിതവും നീരസവുമായി തോന്നുവാനിടയുണ്ട്.

സംസ്കൃതാനഭിജ്ഞന്മാർക്ക് ഇതേവരെയും അനഭിഗമ്യമായി കിടന്നിരുന്ന ഈ അമൂല്യഗ്രന്ഥത്തിന്റെ ഒരു വിവർത്തനം സാധാരണ നാടോടികളുടെ പിടിയിൽപ്പോലും പെടുത്തുവാനുള്ള പ്രശംസനീയമായ ശ്രമംകൊണ്ടു കേരളത്തെ മുഴുവനും കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിററി അത്യന്തം ഋണബദ്ധമാക്കിത്തീർത്തിരിക്കുന്നു. ഞാൻ ഈ പുസ്തകത്തിലെ ഭാഗങ്ങളിൽക്കൂടി ആകമാനം ഒന്നു കണ്ണോടിക്കുകയും പ്രധാനാദ്ധ്യായങ്ങളിൽ ചിലതു ശ്രദ്ധാപൂർവ്വം വായിക്കുകയും ചെയ്തതിൽ ഇതിലെ ഭാഷാരീതിയുടെ സാരള്യവും ആർജ്ജവവും, മൂലത്തെ അനുസരിക്കുന്നതിലുള്ള വിശ്വസനീയതയും, വിവർത്തനത്തിന്റെ പ്രത്യക്ഷഗുണമായ ശൈലീശുദ്ധിയും സംക്ഷിപ്തതയും എന്റെ ശ്രദ്ധയെ പ്രത്യേകിച്ചും ആകർഷിച്ചിരിക്കുന്നു. ഒരു ഭാഷാപണ്ഡിതനല്ലാത്ത സ്ഥിതിക്ക് വിദഗ്ദ്ധസാഹിത്യവിമർശകന്മാരുടെ സുശിക്ഷിതാക്ഷികൾക്കുമാത്രം പ്രത്യക്ഷമായ ഈ ഗ്രന്ഥത്തിലെ സാഹിതീചാരുതകളെക്കുറിച്ചു പ്രമാണസഹിതം എന്തെങ്കിലും പറയുവാൻ ഞാൻ അർഹനല്ല. എന്നാൽ വിവർത്തനത്തിലെ സാഹിത്യഗുണത്തെ അപേക്ഷിക്കാതെ നോക്കിയാൽത്തന്നെ, ഏററവും ക്ഷമാശീലനും

ക്ലേശസഹിഷ്ണുവുമായ ഒരു ഗവേഷകപണ്ഡിതനൊഴികെ ഏതൊരുത്തനേയും പരാങ്മുഖനാക്കത്തക്ക മഹത്ത്വവും വൈഷമ്യവുമുള്ള ഒരു പ്രവൃത്തിയാണ് ഈ വിവൎത്തകൻ സാധിച്ചിട്ടുള്ളത് എന്നു സ്പഷ്ടമാകും. ശ്രീമാൻ മൂസ്സത്, ഇന്ത്യയേയും അതിലെ പരമ്പരാഗതസംസ്കാരത്തേയും സ്നേഹിക്കുന്ന എല്ലാവരുടേയും ഹൃദയപൂർവ്വമായ അഭിനന്ദനങ്ങളേയും എല്ലാ പണ്ഡിതന്മാരുടേയും സംസ്കൃതപക്ഷപാതികളുടേയും അവിശിഷ്ടമായ പ്രശംസയേയും അർഹിക്കുന്നുണ്ട്. സാഹിത്യലോകത്തിലും രാഷ്ട്രീയസിദ്ധിവിഷയത്തിലും ഇന്ത്യയ്ക്കുള്ള യശസ്സിനെ നിലനിർത്തുന്നതിൽ ഉത്സുകരായ എല്ലാവരോടും ഈ വിവൎത്തനത്തെ ഞാൻ പുകഴ്ത്തിക്കൊള്ളുന്നു.

| | |
|---|---|
| തൃശ്ശിവപേരൂർ | ഐ. എൻ. മേനോൻ, |
| | എം. എ., ബി. ലിററ്. (ഓക്സൺ) |
| 29 ജനുവരി 1935 | കൊച്ചിഗവർമ്മെണ്ട് വിദ്യാഭ്യാസഡയറക്ടർ. |

# പ്രസ്താവന.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിന്ന് ഈ ഭാഷാവിവൎത്തനം തെയ്യാറാക്കീട്ടുള്ളതു പഞ്ചാബ് സംസ്കൃതപുസ്തകശാലയിൽനിന്നു പ്രസിദ്ധപ്പെടുത്തിയ മൂലപുസ്തകം, തിരുവിതാംകൂർ ഗവൎമ്മേണ്ടിൽനിന്നു മഹാമഹോപാദ്ധ്യായ ടി. ഗണപതിശാസ്ത്രി അവർകളുടെ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയ പുസ്തകം, മൈസൂർ ഗവൎമ്മേണ്ടിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ശ്രീമാൻ ആർ. ശാമശാസ്ത്രി ബി. എ., എം. ആർ. എ. എസ്സ്. അവർകളുടെ ഇംഗ്ലീഷുതൎജ്ജമ എന്നിവയെ ആധാരമാക്കിയിട്ടാണ്. തിരുവിതാംകൂർ ഗവൎമ്മേണ്ടിൽനിന്ന് ഇതിനിടയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയിരിക്കുന്ന പ്രാചീനഭാഷാവ്യാഖ്യാനത്തിലെ മുദ്രിതാംശവും പാലിയം ഗ്രന്ഥത്തിലെ അമുദ്രിതാംശവും ചില പ്രകരണങ്ങളിൽ ഈ വിവൎത്തനത്തിന്നു സഹായമായിട്ടുണ്ട്.

ഭാഷാവിവൎത്തനം പ്രായേണ പഞ്ചാബ് സംസ്കൃതപുസ്തകശാലക്കാരുടെ മൂലത്തെ അനുസരിച്ചാണു പോകുന്നതു്. എന്നാൽ, യുക്തതരമെന്നു തോന്നിയ ചില സന്ദൎഭങ്ങളിൽ അതിനെ വിട്ടു ഗണപതിശാസ്ത്രികളാൽ സ്വീകൃതമായ പാഠത്തെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അൎത്ഥനിൎണ്ണയത്തിൽ ശാസ്ത്രികളുടെ വ്യാഖ്യാനത്തെയും ഇംഗ്ലീഷുതൎജ്ജമയേയും കഴിവുള്ളേടത്തോളം പിൻതുടൎന്നിട്ടുണ്ട്. ചില ഘട്ടങ്ങളിൽ അവയെ വിട്ടു മൂലാനുസന്ധാനത്താൽ സമുദ്ബുദ്ധമായ സ്വമനോധൎമ്മത്തെ ആസ്പദമാക്കീട്ടില്ലെന്നുമില്ല.

മൂലത്തിലെ സാങ്കേതികപദങ്ങൾ വിവൎത്തനത്തിൽ അങ്ങനെതന്നെ എടുക്കുകയാണ് ചെയ്തിട്ടുള്ളതു്. അത്യാ

വശ്യമെന്നു തോന്നിയ ഘട്ടങ്ങളിൽ അവയുടെ അർത്ഥം വിവരിച്ചിട്ടുണ്ടു്. വിഷമസ്ഥലങ്ങളിൽ വിഷയവിശദീകരണത്തിന്നുവേണ്ടി സംക്ഷിപ്തമായ വിവരണങ്ങൾ അടിക്കുറിപ്പുകളായി കൊടുത്തിട്ടുമുണ്ടു്.

ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള സാങ്കേതികപദങ്ങളും അവയ്ക്കു യോജിച്ച ഇംഗ്ലീഷുപര്യായങ്ങളും അകാരാദിക്രമത്തിൽ ചേർത്തു സവിസ്തരമായ ഒരു പദാർത്ഥാനുക്രമണികയും തെയ്യാറാക്കിവരുന്നുണ്ടു്. അതിൽത്തന്നെ ഇംഗ്ലീഷുപദങ്ങൾ അകാരാദിക്രമത്തിൽ ചേർത്തു് അവയുടെ സ്വഭാഷാപര്യായങ്ങളും ചേർക്കുന്നുണ്ടു്. ആയതു് ഇതിനെ തുടർന്നുകൊണ്ടു് അടുത്ത അവസരത്തിൽ പ്രസിദ്ധപ്പെടുത്തുവാനാണു് കമ്മിററി തീരുമാനിച്ചിട്ടുള്ളതു്.

വിഷയത്തിന്റെ വൈപുല്യവും വൈദുഷ്യത്തിന്റെ വൈരള്യവും വ്യാഖ്യാനങ്ങളിലെ വൈവിധ്യവും കാരണം ഈ ഭാഷാവിവർത്തനത്തിൽ പല വീഴ്ചകളും അബദ്ധങ്ങളും വന്നിട്ടുണ്ടായിരിക്കാം. അവയെ ഗുണദോഷവിവേകികളായ പണ്ഡിതന്മാർ ദയാദൃഷ്ട്യാ പരിശോധിച്ചു ചൂണ്ടിക്കാണിച്ചു കമ്മിററിയുടെ ഈ ഉദ്യമത്തെ ഫലവത്തരമാക്കിത്തരുമാറാകണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ഭാഷാപരിഷ്കരണക്കമ്മിററി ആപ്പീസ്സ്,
തൃശ്ശിവപേരൂർ,
8—7—1110.

എന്നു്,
കമ്മിററിക്കുവേണ്ടി
പണ്ഡിതർ
കെ. വാസുദേവൻ മൂസ്സതു്.

ശ്രീ

കൌടില്യന്റെ

# അർത്ഥശാസ്ത്രം

വിനയാധികാരികം — ഒന്നാമധികരണം.

## ഒന്നാം അദ്ധ്യായം.

ഓം

ശുക്രബൃഹസ്പതികൾക്കു നമസ്കാരം.

പൃഥിവിയുടെ ലബ്ധിയെപ്പററിയും പാലനത്തെപ്പററിയും എതെല്ലാം അർത്ഥശാസ്ത്രങ്ങൾ പൂർവ്വാചാര്യന്മാർ നിർമ്മിച്ചിട്ടുണ്ടോ അതെല്ലാം ചുരുക്കിയെടുത്തിട്ടാണ് ഈ അർത്ഥശാസ്ത്രഗ്രന്ഥം മിക്കതും നിർമ്മിച്ചിരിക്കുന്നതു്. ഇതിലെ പ്രകരണങ്ങളും അധികരണങ്ങളും ഇന്നതെല്ലാമാണെന്നു കാണിക്കാം.

൧. വിദ്യാസമുദ്ദേശം, ൨. വൃദ്ധസംയോഗം, ൩. ഇന്ദ്രിയജയം, ൪. അമാത്യോൽപത്തി, ൫. മന്ത്രിപുരോഹിതോൽപത്തി, ൬. ഉപധകൾ വഴിയായി അമാത്യന്മാരുടെ ശൌചാശൌചജ്ഞാനം, ൭. ഗൂഢപുരുഷോൽപത്തി, ൮. ഗൂഢപുരുഷപ്രണിധി, ൯. സ്വവിഷയത്തിലെ കൃത്യാകൃത്യപക്ഷരക്ഷണം, ൧൦. പരവിഷയത്തിലെ കൃത്യാകൃത്യപക്ഷോപഗ്രഹം, ൧൧. മന്ത്രാധികാരം, ൧൨. ദൂതപ്രണിധി, ൧൩. രാജപുത്രരക്ഷണം, ൧൪. അവരുദ്ധവൃത്തം, ൧൫. അവരുദ്ധനിലുള്ള വൃത്തി, ൧൬. രാജപ്രണിധി, ൧൭. നിശാന്തപ്രണിധി, ൧൮. ആത്മരക്ഷിതകം. ഇങ്ങനെ വിനയാധികാരികം ഒന്നാമധികരണം.

൧. ജനപദവിനിവേശം, ൨. ഭൂമിച്ഛിദ്രവിധാനം, ൩. ദുൎഗ്ഗവിധാനം, ൪. ദുൎഗ്ഗനിവേശം, ൫. സന്നിധാതൃനിചയകൎമ്മം (കരംപിരിച്ചു ശേഖരിച്ചുവെയ്ക്കൽ), ൬. സമാഹൎത്തൃസമുദയപ്രസ്ഥാപനം (ഖനികളിൽനിന്നു ദ്രവ്യം ശേഖരിച്ചുവെയ്ക്കൽ), ൭. അക്ഷപടലത്തിൽ ഗാണനിക്യാധികാരം, ൮. യുക്താപഹൃതസമുദയപ്രത്യാനയനം, ൯. ഉപയുക്തപരീക്ഷ, ൧൦. ശാസനാധികാരം, ൧൧. കോശപ്രവേശ്യരത്നപരീക്ഷ, ൧൨. ആകരകൎമ്മാന്തപ്രവൎത്തനം, ൧൩. അക്ഷശാലയിൽ സുവൎണ്ണാദ്ധ്യക്ഷൻ, ൧൪. വിശിഖയിൽ സൌവൎണ്ണികപ്രചാരം, ൧൫. കോഷ്ഠാഗാരാദ്ധ്യക്ഷൻ, ൧൬. പണ്യാദ്ധ്യക്ഷൻ, ൧൭. കുപ്യാദ്ധ്യക്ഷൻ, ൧൮. ആയുധാഗാരാദ്ധ്യക്ഷൻ, ൧൯. തുലാമാനപൌതവം, ൨൦. ദേശകാലമാനം, ൨൧. ശുല്കാദ്ധ്യക്ഷൻ, ൨൨. സൂത്രാദ്ധ്യക്ഷൻ, ൨൩. സീതാദ്ധ്യക്ഷൻ, ൨൪. സുരാദ്ധ്യക്ഷൻ, ൨൫. സൂനാദ്ധ്യക്ഷൻ, ൨൬. ഗണികാദ്ധ്യക്ഷൻ, ൨൭. നാവദ്ധ്യക്ഷൻ, ൨൮. ഗോദ്ധ്യക്ഷൻ, ൨൯. അശ്വാദ്ധ്യക്ഷൻ, ൩൦. ഹസ്ത്യദ്ധ്യക്ഷൻ, ൩൧. രഥാദ്ധ്യക്ഷൻ, ൩൨. പത്ത്യദ്ധ്യക്ഷൻ, ൩൩. സേനാപതിപ്രചാരം, ൩൪. മുദ്രാദ്ധ്യക്ഷൻ, ൩൫. വിവീതാദ്ധ്യക്ഷൻ, ൩൬. സമാഹൎത്തൃപ്രചാരം, ൩൭. ഗൃഹപതിവൈദേഹകതാപസവ്യഞ്ജനരായ പ്രണിധികൾ, ൩൮. നാഗരികപ്രണിധി. ഇങ്ങനെ അദ്ധ്യക്ഷപ്രചാരം രണ്ടാമധികരണം.

൧. വ്യവഹാരസ്ഥാപന, ൨. വിവാദപദനിബന്ധം, ൩. വിവാഹസംയുക്തം, ൪. ദായവിഭാഗം, ൫. വാസ്തുകം, ൬. സമയസ്യാനപാകൎമ്മം, ൭. ഋണാദാനം, ൮. ഔപനിധികം, ൯. ദാസകൎമ്മകരകല്പം, ൧൦. സംഭൂയസമുത്ഥാനം, ൧൧. വിക്രീതക്രീതാനുശയം, ൧൨. ദത്തസ്യാനപാകൎമ്മം, ൧൩. അസ്വാമിവിക്രയം, ൧൪. സ്വസ്വാമിസംബന്ധം,

ഒന്നാം അധ്യായം

൰൭. സാഹസം, ൰൮. വാക്പാരുഷ്യം, ൰൯. ദണ്ഡപാരുഷ്യം, ൨൰. ദ്യൂതസമാഹ്വയം, ൨൰൧. പ്രകീൎണ്ണകങ്ങൾ. ഇങ്ങനെ ധൎമ്മസ്ഥീയം മൂന്നാമധികരണം.

൧. കാരുകരക്ഷണം, ൨. വൈദേഹകരക്ഷണം, ൩. ഉപനിപാതപ്രതീകാരം, ൪. ഗൂഢാജീവിരക്ഷ, ൫. സിദ്ധവ്യഞ്ജനരൂപങ്ങളെക്കൊണ്ടു മാണവപ്രകാശനം, ൬. ശങ്കാരൂപകൎമ്മാഭിഗ്രഹം, ൭. ആശുമൃതകപരീക്ഷ, ൮. വാക്യകൎമ്മാനുയോഗം, ൯. സൎവ്വാധികരണരക്ഷണം, ൰. ഏകാംഗവധനിഷ്ക്രയം, ൰൧. ശുദ്ധചിത്രദണ്ഡകല്പം, ൰൨. കന്യാപ്രകൎമ്മം, ൰൩. അതിചാരദണ്ഡം. ഇങ്ങനെ കണ്ടകശോധനം നാലാമധികരണം

൧. ദാണ്ഡകൎമ്മികം, ൨. കോശാഭിസംഹരണം, ൩. ഭൃത്യഭരണീയം, ൪. അനുജീവിവൃത്തം, ൫. സമയാചാരികം, ൬. രാജ്യപ്രതിസന്ധാനം, ൭. ഏകൈശ്വൎയ്യം. ഇങ്ങനെ യോഗവൃത്തം അഞ്ചാമധികരണം.

൧. പ്രകൃതിസമ്പത്തുകൾ, ൨. ശമവ്യായാമികം. ഇങ്ങനെ മണ്ഡലയോനി ആറാമധികരണം.

൧. ഷാഡ്ഗുണ്യസമുദ്ദേശം, ൨. ക്ഷയസ്ഥാനവൃദ്ധിനിശ്ചയം, ൩. സംശ്രയവൃത്തി, ൪. സമഹീനജ്യായസന്മാരെപ്പറ്റിയുള്ള ഗുണാഭിനിവേശം, ൫. ഹീനസന്ധികൾ, ൬. വിഗൃഹ്യാസനം, ൭. സന്ധായാസനം, ൮. വിഗൃഹ്യയാനം, ൯. സന്ധായയാനം, ൰. സംഭൂയപ്രയാണം, ൰൧. യാതവ്യാമിത്രന്മാരെപ്പറ്റിയുള്ള അഭിഗ്രഹചിന്ത, ൰൨. പ്രകൃതികളുടെ ക്ഷയലോഭവിരാഗഹേതുകങ്ങൾ, ൰൩. സാമവായികവിപരിമൎശം, ൰൪. സംഹിതപ്രയാണികം, ൰൫. പരിപണിതാപരിപണിതാപസൃതസന്ധികൾ, ൰൬. ദ്വൈധീഭാവത്തിലുള്ള സന്ധിവിക്രമങ്ങൾ, ൰൭. യാതവ്യവൃത്തി, ൰൮. അനുഗ്രാഹ്യമിത്രവി

ശേഷങ്ങൾ, ൧൯. മിത്രഹിരണ്യഭൂമികർമ്മസന്ധികൾ, ൨൦. പാർഷ്ണിഗ്രാഹചിന്ത, ൨൧. ഹീനശക്തിപൂരണം, ൨൨. ബലവാനോടു വിഗ്രഹിച്ച് ഉപരോധത്തിനുള്ള ഹേതുക്കൾ, ൨൩. ദണ്ഡോപനതവൃത്തം, ൨൪. ദണ്ഡോപനായിവൃത്തം, ൨൫. സന്ധികർമ്മം, ൨൬. സന്ധിമോക്ഷം, ൨൭. മദ്ധ്യമചരിതം, ൨൮. ഉദാസീനചരിതം, ൨൯. മണ്ഡലചരിതം. ഇങ്ങനെ ഷാഡ്ഗുണ്യം ഏഴാമധികരണം.

൧. പ്രകൃതിവ്യസനവർഗ്ഗം, ൨. രാജരാജ്യങ്ങളുടെ വ്യസനചിന്ത, ൩. പുരുഷവ്യസനവർഗ്ഗം, ൪. പീഡനവർഗ്ഗം, ൫. സ്തംഭവർഗ്ഗം, ൬. കോശസംഗവർഗ്ഗം, ൭. ബലവ്യസനവർഗ്ഗം, ൮. മിത്രവ്യസനവർഗ്ഗം. ഇങ്ങനെ വ്യസനാധികാരികം എട്ടാമധികരണം.

൧. ശക്തിദേശകാലബലാബലജ്ഞാനം, ൨. യാത്രാകാലങ്ങൾ, ൩. ബലോപാദാനകാലങ്ങൾ, ൪. സന്നാഹഗുണങ്ങൾ, ൫. പ്രതിബലകർമ്മം, ൬. പശ്ചാൽകോപചിന്ത, ൭. ബാഹ്യാഭ്യന്തരപ്രകൃതികോപപ്രതീകാരം, ൮. ക്ഷയവ്യയലാഭവിപരിമർശം, ൯. ബാഹ്യാഭ്യന്തരാപത്തുകൾ, ൧൦. ദൂഷ്യശത്രുസംയുക്താപത്തുകൾ, ൧൧. അർത്ഥാനർത്ഥസംശയയുക്താപത്തുകൾ, ൧൨. അവയുടെ ഉപായവികല്പജസിദ്ധികൾ. ഇങ്ങനെ അഭിയാസ്യൽകർമ്മം ഒമ്പതാമധികരണം.

൧. സ്കന്ധാവാരനിവേശം, ൨. സ്കന്ധാവാരപ്രയാണം, ൩. ബലവ്യസനാവസ്കന്ദകാലരക്ഷണം, ൪. കൂടയുദ്ധവികല്പങ്ങൾ, ൫. സ്വസൈന്യോത്സാഹനം, ൬. സ്വബലാന്യബലവ്യായോഗം, ൭. യുദ്ധഭൂമികൾ, ൮. പത്ത്യശ്വരഥഹസ്തികർമ്മങ്ങൾ, ൯. ബലാഗ്രത്താൽ പക്ഷകക്ഷോരസ്യവ്യൂഹവിഭാഗം, ൧൦. സാരഫല്ഗുബലവിഭാ

ഗം, ൧൧. പത്ത്യശ്വരഥഹസ്തിയുദ്ധങ്ങൾ, ൧൨. ദണ്ഡഭോഗമണ്ഡലാസംഹതവ്യൂഹവ്യൂഹനം, ൧൩. അതിന്റെ പ്രതിവ്യൂഹസ്ഥാപനം. ഇങ്ങനെ സാംഗ്രാമികം പത്താമധികരണം.

൧. ഭേദോപാദാനങ്ങൾ, ൨. ഉപാംശുദണ്ഡം. ഇങ്ങനെ സംഘവൃത്തം പതിനൊന്നാമധികരണം.

൧. ദൂതകർമ്മം, ൨. മന്ത്രയുദ്ധം, ൩. സേനാമുഖ്യവധം, ൪. മണ്ഡലപ്രോത്സാഹനം, ൫. ശസ്ത്രാഗ്നിരസപ്രണിധികൾ, ൬. വീവധാസാരപ്രസാരവധം, ൭. യോഗാതിസന്ധാനം, ൮. ദണ്ഡാതിസന്ധാനം, ൯. ഏകവിജയം. ഇങ്ങനെ ആബലീയസം പന്ത്രണ്ടാമധികരണം.

൧. ഉപജാപം, ൨. യോഗവാമനം, ൩. അപസൎപ്പപ്രണിധി, ൪. പൎയ്യുപാസനകൎമ്മം, ൫. അവമൎദ്ദം, ൬. ലബ്ധപ്രശമനം. ഇങ്ങനെ ദുൎഗ്ഗലംഭോപായം പതിമൂന്നാമധികരണം.

൧. പരഘാതപ്രയോഗം, ൨. പ്രലംഭനം, ൩. സ്വബലോപഘാതപ്രതീകാരം. ഇങ്ങനെ ഔപനിഷദികം പതിനാലാമധികരണം.

൧. തന്ത്രയുക്തികൾ. ഇങ്ങനെ തന്ത്രയുക്തി പതിനഞ്ചാമധികരണം.

ശാസ്ത്രസമുദ്ദേശം—പതിനഞ്ച് അധികരണങ്ങൾ, നൂററമ്പതു് അദ്ധ്യായങ്ങൾ, നൂററെൺപതു് പ്രകരണങ്ങൾ.

സുഖധീഃജ്ഞേയമായ്‌തത്ത്വ-
പദാൎത്ഥങ്ങളുറച്ചതായ്
ഗ്രന്ഥവിസ്തരമില്ലാതി-
ശ്ശാസ്ത്രം കൌടില്യനോതിനാൻ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ,
വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ,
രാജവൃത്തി എന്ന ഒന്നാമദ്ധ്യായം.

# രണ്ടാം അദ്ധ്യായം.

---

## ഒന്നാം പ്രകരണം. വിദ്യാസമുദ്ദേശം

## ആന്വീക്ഷികീസ്ഥാപന.

വിദ്യകളെന്നാൽ ആന്വീക്ഷികി, ത്രയി, വാൎത്ത, ദണ്ഡനീതി എന്നിവയാണ്.

ത്രയിയും വാൎത്തയും ദണ്ഡനീതിയുമാണ് വിദ്യകളെന്നു മനുശിഷ്യന്മാർ പറയുന്നു. അവരുടെ പക്ഷത്തിൽ, ആന്വീക്ഷികി ത്രയിയുടെതന്നെ ഒരു വകഭേദമാണ്.

വാൎത്തയും ദണ്ഡനീതിയും എന്ന രണ്ടേ വിദ്യയുള്ളൂ എന്നു ബൃഹസ്പതിശിഷ്യന്മാർ അഭിപ്രായപ്പെടുന്നു. അവരുടെ മതത്തിൽ, ത്രയി എന്നതു ലോകയാത്രയറിയുന്നവന്ന് ഒരു സംവരണം (രക്ഷ) മാത്രമാകുന്നു.

ദണ്ഡനീതിയൊന്നേ വിദ്യയുള്ളൂ എന്നു ശുക്രശിഷ്യന്മാർ. ദണ്ഡനീതിയിൽത്തന്നെ എല്ലാ വിദ്യകളുടെയും സാരങ്ങൾ അടങ്ങിയിരിക്കുന്നു എന്നാണ് അവരുടെ പക്ഷം.

വിദ്യകൾ നാലുംതന്നെയുണ്ടെന്നാണ് കൌടില്യമതം. വിദ്യകളുടെ വിദ്യാത്വമെന്നത് അവകൊണ്ടു ധൎമ്മാൎത്ഥങ്ങളെ അറിയാമെന്നുള്ളതുതന്നെയാണല്ലോ.

സാംഖ്യം, യോഗം, ലോകായതം ഇവയാണ് ആന്വീക്ഷികി. ധൎമ്മാധൎമ്മങ്ങൾ ത്രയിയിലും, അൎത്ഥാനൎത്ഥങ്ങൾ വാൎത്തയിലും, നയാപനയങ്ങൾ ദണ്ഡനീതിയിലും പറഞ്ഞിരിക്കുന്നു. ഇവയിലെ ധൎമ്മാധൎമ്മാദികളുടെ ബലാബലങ്ങളെ യുക്തികളാൽ അന്വീക്ഷണംചെയ്തുകൊണ്ട് ആന്വീക്ഷികി ലോകത്തിന്നുപകാരം ചെയ്യുന്നു; വ്യസനം വരുമ്പോഴും അഭ്യുദയം വരുമ്പോഴും വികാരം ഭവിക്കാത്തവിധം ബുദ്ധിയെ നിലനിൎത്തുന്നു; പ്രജ്ഞ, വാക്ക, പ്രവൃത്തി ഇവക്കു നൈപുണ്യമുണ്ടാക്കുകയും ചെയ്യുന്നു.

വിളക്കായ് വിദ്യകൾക്കെല്ലാം
ക്രിയകൾക്കെല്ലാമുപായമായ്
ധർമ്മങ്ങൾക്കാശ്രയവുമാ-
യാന്വീക്ഷികി ജയിപ്പൂത

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, വിദ്യാസമുദ്ദേശത്തിൽ, ആന്വീക്ഷികീസ്ഥാപന എന്ന രണ്ടാമദ്ധ്യായം.

---

## മൂന്നാം അദ്ധ്യായം.

---

### ത്രയീസ്ഥാപന.

സാമം, ഋക്ക്, യജുസ്സ് എന്ന മൂന്നു വേദങ്ങളാണ് ത്രയി എന്നതു്. അഥർവ്വവേദവും, ഇതിഹാസവേദവും വേദങ്ങൾതന്നെ. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നിവ വേദാംഗങ്ങൾ

ഈ ത്രയിയിൽ ഉപദേശിക്കുന്ന ധർമ്മം നാലു വർണ്ണങ്ങൾക്കും നാലാശ്രമങ്ങൾക്കും സ്വധർമ്മസ്ഥാപനം ചെയ്യുന്നതിനാൽ ഉപകരിക്കുന്നു

ബ്രാഹ്മണന്റെ സ്വധർമ്മം അദ്ധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം എന്നിവ; ക്ഷത്രിയന്റേതു് അദ്ധ്യയനം, യജനം, ദാനം, ശസ്ത്രാജീവം, പ്രാണിപാലനം എന്നിവ: വൈശ്യന്റേതു് അദ്ധ്യയനം, യജനം, ദാനം, കൃഷി, പാശുപാല്യം, വാണിജ്യം എന്നിവ; ശൂദ്രന്റേതു് ദ്വിജാതികളുടെ ശുശ്രൂഷ, വാർത്ത, ശില്പികർമ്മം, കുശീലവകർമ്മം എന്നിവ

ഗൃഹസ്ഥന്റെ സ്വധർമ്മം സ്വകർമ്മം ചെയ്തുപജീവിക്കുക, തുല്യരായും ഭിന്നഗോത്രക്കാരായുമുള്ളവരെ വിവാഹം ചെയ്യുക, ഋതുകാലങ്ങളിൽ ഭാര്യാഗമനം ചെയ്യുക,

ദേവന്മാൎക്കും പിതൃക്കൾക്കും അതിഥികൾക്കും ഭൃത്യന്മാൎക്കും അന്നാദികൾ നൽകുക, അതിന്റെ അവശേഷംകൊണ്ടു ഭക്ഷണം കഴിക്കുക എന്നിവയാണു്.

ബ്രഹ്മചാരിയുടെ ധൎമ്മം സ്വാധ്യായം, അഗ്നികാൎയ്യം, അഭിഷേകം (ത്രിഷവണസ്നാനം) ഭിക്ഷാവൃത്തി, ഗുരുവിന്റെയോ ഗുരുവില്ലാത്ത പക്ഷം ഗുരുപുത്രന്റെയോ സബ്രഹ്മചാരിയുടെയോ അടുക്കൽ പ്രാണാവസാനത്തോളമുള്ള വൃത്തി എന്നിവയാണു്.

വാനപ്രസ്ഥന്റെ ധൎമ്മം ബ്രഹ്മചൎയ്യം അനുഷ്ഠിക്കുക, ഭൂമിയിൽ ശയിക്കുക, ജടയും തോലും ധരിക്കുക, അഗ്നിഹോത്രം ചെയ്യുക, ത്രിഷവണസ്നാനം ചെയ്യുക, ദേവതകളേയും പിതൃക്കളേയും അതിഥികളേയും പൂജിക്കുക, വന്യങ്ങളെക്കൊണ്ടു് ആഹാരം ചെയ്യുക എന്നിവയാണു്.

പരിവ്രാജകന്റെ ധൎമ്മം ഇന്ദ്രിയസംയമം, കൎമ്മങ്ങളൊന്നുമനുഷ്ഠിക്കായ്ക, അകിഞ്ചനത്വം, സൎവ്വസംഗപരിത്യാഗം, പല ഗൃഹങ്ങളിൽനിന്നും ഭിക്ഷ വാങ്ങി ഉപജീവിക്കുക, വനവാസം, ബാഹ്യവും ആഭ്യന്തരവുമായുള്ള ശൌചം എന്നിവയാണു്.

അഹിംസ, സത്യം, ശൌചം, അനസൂയ, ആനൃശംസ്യം, ക്ഷമ എന്നിവ എല്ലാവൎക്കും സാധാരണമായിട്ടുള്ള ധൎമ്മങ്ങളാകുന്നു.

സ്വധൎമ്മം സ്വൎഗ്ഗത്തിന്നും നിത്യസുഖത്തിന്നും കാരണമാകും. അതിനെ അതിക്രമിച്ചു നടന്നാൽ ലോകം സാങ്കൎയ്യം വന്നു നശിച്ചുപോകും.

ജനങ്ങൾ തൻ സ്വധൎമ്മത്തെ
നൃപൻ തെറ്റാതെ നോക്കണം;
സ്വധൎമ്മം കാക്കുകിൽ സൌഖ്യ-
മുണ്ടാമിഹപരങ്ങളിൽ.

നന്മർയ്യാദയുറപ്പിച്ചും
കാത്തും വർണ്ണാശ്രമങ്ങളെ
ത്രയിയാൽ പാലിതം ലോകം
തെളിയും; ക്ഷയമാർന്നിടാ.

കൌടിലീയത്തിൽ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരിക മെന്ന ഒന്നാമധികരണത്തിൽ, വിദ്യാസമുദ്ദേശത്തിൽ, ത്രയീസ്ഥാപന എന്ന മൂന്നാമദ്ധ്യായം.

---

## നാലാം അധ്യായം.

### വാർത്താദണ്ഡനീതി സ്ഥാപന.

വാർത്ത എന്നാൽ കൃഷിയും, പാശുപാല്യവും, വാണിജ്യവും ആകുന്നു; അതു ധാന്യം, പശു, ഹിരണ്യം, കുപ്യം, വിഷ്ടി എന്നിവയെ നൽകി ഉപകാരം ചെയ്യുന്നു. വാർത്തയാലുണ്ടാകുന്ന കോശദണ്ഡങ്ങളെക്കൊണ്ടു രാജാവു സ്വപക്ഷത്തേയും പരപക്ഷത്തേയും സ്വാധീനമാക്കുന്നു.

ആന്വീക്ഷികി, ത്രയി, വാർത്ത എന്നിവയുടെ യോഗക്ഷേമത്തിന്നു സാധനമായിട്ടുള്ളതത്രെ ദണ്ഡം. അതിന്റെ നീതിയാണ് ദണ്ഡനീതി. അലബ്ധമായ ഐശ്വര്യം ലഭിക്കുവാനും, ലബ്ധമായതിനെ രക്ഷിക്കുവാനും, രക്ഷിതമായതിനെ വർദ്ധിപ്പിക്കുവാനും, വർദ്ധിച്ചതിനെ സൽപാത്രങ്ങളിൽ അർപ്പിക്കുവാനും ദണ്ഡം പ്രയോജനപ്പെടുന്നു. അതിന്നധീനമായിട്ടാണ് ലോകയാത്ര നടക്കുന്നതു്. ആകയാൽ, ലോകയാത്ര നടക്കേണമെന്നിച്ഛിക്കുന്ന രാജാവ് എപ്പോഴും ദണ്ഡത്തെ പ്രയോഗിച്ചുംകൊണ്ടിരിക്കണം.

ജനങ്ങളെ വശത്താക്കുന്നതിന്നു ദണ്ഡംപോലെ ഇത്ര നന്നായിട്ടു മറെറാന്നില്ലെന്ന് ആചാർയ്യന്മാർ പറയു

ന്നു. അങ്ങനെയല്ലെന്നാണു് കൌടില്യന്റെ പക്ഷം. തീക്ഷ്ണമായ ദണ്ഡംചെയ്യുന്ന രാജാവു് പ്രജകളുടെ വെറുപ്പിന്നു പാത്രമാകും. മൃദുവായ ദണ്ഡം ചെയ്യുന്നവനെ അവർ തിരസ്കരിക്കയും ചെയ്യും. അർഹതപോലെ ദണ്ഡം പ്രയോഗിക്കുന്നവൻ മാത്രമേ പൂജ്യനാകയുള്ളു. വേണ്ടതുപോലെ അറിഞ്ഞു പ്രയോഗിക്കുന്നതായാൽ ദണ്ഡം പ്രജകളെ ധർമ്മാർത്ഥകാമങ്ങളോടിണക്കും; കാമക്രോധങ്ങൾ കാരണം അറിവുകൂടാതെ ദണ്ഡത്തെ പിഴച്ചു പ്രയോഗിച്ചാൽ അതു വാനപ്രസ്ഥന്മാരെയും പരിവ്രാജകന്മാരെയുംകൂടി കോപിപ്പിക്കും; ഗൃഹസ്ഥന്മാരെക്കോപിപ്പിക്കുമെന്നു പിന്നെപ്പറയേണ്ടതുണ്ടോ? ദണ്ഡം തീരെ പ്രയോഗിക്കാതിരുന്നാലോ അതു മാത്സ്യന്യായ * ത്തെ ചെയ്യും; ദണ്ഡധരനായിട്ടൊരാളില്ലാതിരുന്നാൽ ബലമേറിയവൻ ബലം കുറഞ്ഞവനെ ഗ്രസിച്ചുകളയും. ശരിയായ ദണ്ഡംകൊണ്ടു രക്ഷിക്കുകകാരണമാണു് ദുർബ്ബലനായവനും ബലവാനാകുന്നതു്.

ചതുർവ്വർണ്ണാശ്രമം ലോകം
നൃപൻ ദണ്ഡേന കാക്കകിൽ
സ്വധർമ്മകർമ്മരതമായ്
നിജസ്ഥാനത്തിരുന്നിടും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, വിദ്യാസമുദ്ദേശത്തിൽ, വാർത്താദണ്ഡനീതിസ്ഥാപന എന്ന നാലാമദ്ധ്യായം.

---

* മാത്സ്യന്യായം=വലിയ മത്സ്യം ചെറിയ മത്സ്യത്തെ വിഴുങ്ങുന്നതുപോലെ ബലവാൻ ദുർബ്ബലനെ ദ്രോഹിക്കുക.

# അഞ്ചാം അദ്ധ്യായം.

## രണ്ടാം പ്രകരണം. വൃദ്ധസംയോഗം.

അതുകൊണ്ടു, ദണ്ഡത്തെ അടിസ്ഥാനമാക്കിയിട്ടാണ് മററു മൂന്നു വിദ്യകളും സ്ഥിതിചെയ്യുന്നത്. ദണ്ഡമാകട്ടെ വിനയമൂലമായിരുന്നാൽ മാത്രമേ ജീവികൾക്കു യോഗക്ഷേമങ്ങളെ സാധിപ്പിക്കുകയുള്ളു.

കൃതകമെന്നും സ്വാഭാവികമെന്നും രണ്ടുവിധത്തിലാണ് വിനയം. ക്രിയ ദ്രവ്യത്തെ മാത്രമല്ലാതെ ദ്രവ്യമല്ലാത്തതിനെ വിനയിക്കുകയില്ലല്ലോ. ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, വിജ്ഞാനം, ഊഹം, അപോഹം, തത്ത്വം എന്നിവയിൽ ബുദ്ധിക്ക് അഭിനിവേശമുള്ളവനെ മാത്രമേ വിദ്യ വിനയിക്കുകയുള്ളു; അങ്ങനെയല്ലാത്തുള്ളവനെ വിദ്യ വിനയിക്കുകയില്ല; വിദ്യകളുടെ വിനയവും നിയമവും അതാതു വിദ്യയുടെ ആചാര്യനെ പ്രമാണിച്ചാകുന്നു.

ചൌളകർമ്മം കഴിഞ്ഞാൽ ലിപിയും സംഖ്യാനവും അഭ്യസിക്കണം. ഉപനയനം കഴിഞ്ഞാൽ ശിഷ്ടന്മാരായ ആചാര്യന്മാരിൽനിന്നു ത്രയിയും ആന്വീക്ഷികിയും, അദ്ധ്യക്ഷന്മാരിൽനിന്നു വാർത്തയും, വാക്കിലും പ്രയോഗത്തിലും നൈപുണ്യമുള്ള ഉരുക്കന്മാരിൽനിന്നു ദണ്ഡനീതിയും പഠിക്കണം.

പതിനാറു വയസ്സു തികയുന്നതുവരെ ബ്രഹ്മചര്യം അനുഷ്ഠിക്കണം. അതിന്നു ശേഷം ഗോദാനം (കേശാന്തകർമ്മം) ചെയ്തു വിവാഹം കഴിക്കണം. വിനയത്തിൻെറ വൃദ്ധിക്കുവേണ്ടി വിദ്യാവൃദ്ധന്മാരുമായി നിത്യവും സഹവാസം ചെയ്തുംകൊണ്ടിരിക്കണം. അതാണു വിനയത്തിന്നു മൂലം.

പകൽ സമയത്തെ മൂന്നായി ഭാഗിച്ച്' ആദ്യത്തെ ഭാഗം മുഴുവൻ ഹസ്തിവിദ്യ, അശ്വവിദ്യ, രഥവിദ്യ, ആയുധവിദ്യ എന്നിവയിൽ അഭ്യാസം ചെയ്യണം. മൂന്നാമത്തെ ഭാഗത്തിൽ ഇതിഹാസത്തെ കേട്ടു പഠിക്കണം. ഇതിഹാസമെന്നാൽ പുരാണം, ഇതിവൃത്തം, ആഖ്യായിക, ഉദാഹരണം, ധൎമ്മശാസ്ത്രം, അൎത്ഥശാസ്ത്രം എന്നിവയാകുന്നു. അഹോരാത്രത്തിന്റെ ശേഷമുള്ള ഭാഗത്തിങ്കൽ മുൻപു പഠിക്കാത്ത വിദ്യകളെ ഗ്രഹിക്കുകയും, ഗ്രഹിച്ചതിനെ പരിചയിക്കുകയും, അല്പമാത്രം ഗ്രഹിച്ചിട്ടുള്ളതിനെ വീണ്ടും വീണ്ടും പഠിച്ച്' ഉപസ്ഥിതി വരുത്തുകയും വേണം.

ശ്രുതംകൊണ്ടു പ്രജ്ഞയുണ്ടാകുന്നു; പ്രജ്ഞകൊണ്ടു യോഗം സിദ്ധിക്കുന്നു; യോഗത്തിൽനിന്നു ആത്മവത്തയും ഉളവാകുന്നു. ഇങ്ങനെയാണു വിദ്യയുടെ സാമൎത്ഥ്യം.

വിദ്യയാൽ വിനയം നേടി
പ്രജാവിനയനിഷ്ഠനായ്'
സൎവ്വഭൂതഹിതൻ രാജാ
പാരടച്ചു ഭരിച്ചിടും.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, വൃദ്ധസംയോഗമെന്ന അഞ്ചാമദ്ധ്യായം.

---

## ആറാം അദ്ധ്യായം.

---

### മൂന്നാം പ്രകരണം. ഇന്ദ്രിയജയം.

### അരിഷഡ്വൎഗ്ഗത്യാഗം.

വിദ്യാവിനയകാരണമായിട്ടുള്ളതു ഇന്ദ്രിയജയമാകുന്നു. അതിനെ കാമം, ക്രോധം, ലോഭം, മാനം, മദം,

ഹർഷം എന്നിവയുടെ ത്യാഗംകൊണ്ടു സമ്പാദിക്കേണ്ടതാണു്. ഇന്ദ്രിയജയമെന്നാൽ കൎണ്ണം, ത്വക്കു, ചക്ഷുസ്സു്, ജിഹ്വ, ഘ്രാണം എന്നീ പഞ്ചേന്ദ്രിയങ്ങൾക്കു ശബ്ദം, സ്പൎശം, രൂപം, രസം, ഗന്ധം എന്നീ വിഷയങ്ങളിൽ അവിപ്രതിപത്തി (വിരോധം കൂടാതെകണ്ടുള്ള പ്രവൃത്തി)യാകുന്നു. അഥവാ ശാസ്ത്രാൎത്ഥാനുഷ്ഠാനമാണു് ഇന്ദ്രിയജയമെന്നും പറയാം. എന്തുകൊണ്ടെന്നാൽ, ഈ ശാസ്ത്രമെല്ലാംതന്നെ ഇന്ദ്രിയജയമത്രെ.

ശാസ്ത്രവിരുദ്ധമായി പ്രവൃത്തിക്കുന്നവനും ഇന്ദ്രിയങ്ങളെ ജയിച്ചു കീഴടക്കാത്തവനുമായ രാജാവു്, ചതുസ്സമുദ്രപൎയ്യന്തയായ ഭൂമിയെ വാഴുന്നവൻതന്നെയായാലും, പൊടുന്നനവെ നശിച്ചുപോകും. ഇതിന്നു ദൃഷ്ടാന്തമാവിതു:—ഭോജദേശം വാണിരുന്ന ദാണ്ഡക്യനെന്ന രാജാവു് കാമത്താൽ ബ്രാഹ്മണകന്യകയെക്കുറിച്ചു ആസക്തനായിട്ടു ബന്ധുക്കളോടും രാഷ്ട്രത്തോടുംകൂടി നശിച്ചു; വിദേഹാധിപതിയായിരുന്ന കരാളനെന്ന രാജാവും അങ്ങനെതന്നെ നശിച്ചു. കോപത്താൽ, ജനമേജയനെന്ന രാജാവു ബ്രാഹ്മണരോടു കലഹിച്ചു ബന്ധുക്കളോടും രാജ്യത്തോടുംകൂടി നശിച്ചു; അപ്രകാരംതന്നെ താലജംഘനെന്ന രാജാവും ഭൃഗുക്കളോടു കലഹിച്ചു നാശമടഞ്ഞു. ലോഭത്താൽ, ഐളൻ എന്ന രാജാവു ചതുൎവ്വൎണ്ണങ്ങളുടെ ധനം അപഹരിപ്പാൻ ശ്രമിച്ചിട്ടു നാശം പ്രാപിച്ചു; സൗവീരദേശാധിപതിയായ അജബിന്ദു എന്ന രാജാവും അതേ കാരണത്താൽത്തന്നെ നശിച്ചു. മാനത്താൽ, രാവണൻ പരപത്നിയെ അപഹരിച്ചിട്ടു മടക്കിക്കൊടുക്കാതെ

---

* ശാസ്ത്രം ഇന്ദ്രിയജയത്തിന്നു കാരണമാകയാൽ കാൎയ്യകാരണങ്ങൾക്കു തമ്മിൽ അഭേദോപചാരംചെയ്തു ശാസ്ത്രംതന്നെ ഇന്ദ്രിയജയമെന്നു വ്യവഹരിക്കാമെന്നു താൽപൎയ്യം.

നശിച്ചു; ദുര്യോധനനും രാജ്യത്തിൽനിന്ന് അംശം കൊടുക്കാതെ നശിച്ചുപോയി. മദത്താൽ, ഡംഭോത്ഭവനെന്ന രാജാവു സർവ്വഭൂതങ്ങളേയും അപമാനിച്ചു നശിച്ചു; ഹൈഹയാധിപതിയായ കാർത്തവീര്യാർജ്ജുനനും അപ്രകാരംതന്നെ നശിച്ചുപോയി. ഹർഷത്താൽ, വാതാപി എന്നവൻ അഗസ്ത്യമഹർഷിയെ ആക്രമിപ്പാൻ പുറപ്പെട്ടു മരണമടഞ്ഞു; വൃഷ്ണിസംഘവും ദ്വൈപായനനെ ആക്രമിപ്പാൻ തുനിഞ്ഞു നശിച്ചുപോയി.

ഇച്ചൊന്നോരും മററുമറെ-
യജിതേന്ദ്രിയരാം നൃപർ
അരിഷഡ്വർഗ്ഗമേററോർ
ബന്ധുരാഷ്ട്രസമേതരായ്;
ഒഴിച്ചു ശത്രുഷഡ്വർഗ്ഗം
വശിയാം ജാമദഗ്ന്യനും
നാഭാഗനാമംബരീഷൻ-
താനും വാണാരനേകനാൾ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, ഇന്ദ്രിയജയത്തിൽ, അരിഷഡ്വർഗ്ഗത്യാഗമെന്ന ആറാമദ്ധ്യായം.

---

## ഏഴാം അദ്ധ്യായം

### രാജർഷിവൃത്തം.

ആകയാൽ, രാജാവ് അരിഷഡ്വർഗ്ഗങ്ങളെ അകററി ഇന്ദ്രിയജയത്തെ സാധിക്കണം; വൃദ്ധസംയോഗംകൊണ്ടു പ്രജ്ഞയെ ഉത്തേജിപ്പിക്കണം; ചാരനെക്കൊണ്ടു ചക്ഷുസ്സിന്റെ കാര്യം നിർവ്വഹിക്കണം; ഉത്ഥാനം (നിരന്തരമായ ഉദ്യോഗം)കൊണ്ടു യോഗക്ഷേമങ്ങളെ സാധിക്ക

ണം; കാൎയ്യാനുശാസനംകൊണ്ടു പ്രജകളെ സ്വധൎമ്മങ്ങളിൽ പ്രവൃത്തിപ്പിക്കണം; വിദ്യോപദേശംകൊണ്ടു വിനയത്തെ ഉണ്ടാക്കണം; അൎത്ഥസംയോഗംകൊണ്ടു ലോകരുടെ പ്രീതിയെ സമ്പാദിക്കണം; ഹിതംകൊണ്ടു ലോകയാത്രയെ നിൎവ്വഹിക്കുകയും വേണം.

ഇപ്രകാരം ഇന്ദ്രിയങ്ങളെ വശപ്പെടുത്തിയ രാജാവു പരസ്ത്രീയേയും പരദ്രവ്യത്തേയും പരഹിംസയേയും പരിത്യജിക്കണം. ഉചിതമല്ലാത്ത ഉറക്കം, അനുചിതവിഷയങ്ങളിൽ ലോലത, അസത്യഭാഷണം, ഔദ്ധത്യം തോന്നിക്കുന്ന വേഷം, അൎത്ഥസംയോഗത്തിനു വിപരീതമായ നടപടി, അധൎമ്മത്തേയും അനൎത്ഥത്തേയും ഉളവാക്കുന്ന ഇടപാടു എന്നിവയും വൎജ്ജിക്കണം.

ധൎമ്മാൎത്ഥങ്ങൾക്കു വിരോധം വരാത്തവിധത്തിൽ വേണം കാമത്തെ സേവിക്കുവാൻ. കാമമേ വേണ്ടെന്നുവച്ചു കേവലം സുഖരഹിതനായിരിക്കുവാനും പാടില്ല. അഥവാ അന്യോന്യാശ്രയമായിട്ടുള്ള ത്രിവൎഗ്ഗത്തെ (ധൎമ്മാൎത്ഥകാമങ്ങളെ) സമമാകുംവണ്ണം സേവിക്കുകയുമാകാം. എന്തുകൊണ്ടെന്നാൽ, ധൎമ്മാൎത്ഥകാമങ്ങളിൽവച്ചു ഒന്നിനെ മാത്രം അധികമായി സേവിച്ചാൽ അതു മററു രണ്ടിനേയും, തന്നേയും പീഡിപ്പിക്കും.

ത്രിവൎഗ്ഗത്തിൽ ധൎമ്മവും കാമവും അൎത്ഥത്തെ ആസ്പദിച്ചുള്ളവയാകയാൽ അൎത്ഥംതന്നെയാണ് പ്രധാനമെന്നാണ് കൌടില്യന്റെ അഭിപ്രായം.

രാജാവു ആചാൎയ്യന്മാരെയോ അമാത്യന്മാരെയോ പരമമായ മൎയ്യാദ (അലംഘ്യമായ അതിര്) ആയിട്ടു കല്പിക്കണം. അവർ അദ്ദേഹത്തെ അപായസ്ഥാനങ്ങളിൽനിന്നു നിവൎത്തിപ്പിക്കണം. രഹസ്യസ്ഥലങ്ങളിലെപ്പെരുമാററംകൊണ്ടു രാജാവു കാൎയ്യങ്ങളിൽ പ്രമാദം വരുത്തുന്നതാ

യിക്കണ്ടാൽ ഛായ (പുരുഷമാനം), നാളിക (കാലമാനം) എന്നിവയാകുന്ന കടിഞ്ഞാൺകൊണ്ടു അനുഗ്രഹത്തെ അസഹ്യപ്പെടുത്തുകയും വേണം. *

ഉണർവ്വുള്ളോനു രാജത്വം,
ഒററച്ചക്രം നടന്നിടാ;
ആകയാൽ സചിവന്മാരെ
വെച്ചു കേൾക്കുക തന്മതം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, ഇന്ദ്രിയജയത്തിൽ രാജർഷിവൃത്തമെന്ന ഏഴാമദ്ധ്യായം.**

---

## എട്ടാം അദ്ധ്യായം.

---

നാലാം പ്രകരണം. അമാത്യോൽപത്തി.

സഹപാഠികളെ അമാത്യന്മാരായി നിശ്ചയിക്കേണമെന്നു ഭാരദ്വാജൻ അഭിപ്രായപ്പെടുന്നു. കാരണം, അവരുടെ ശൌചവും സാമർത്ഥ്യവും കണ്ടറിഞ്ഞിട്ടുള്ളതാകയാൽ അവർ രാജാവിന്നു വിശ്വാസ്യന്മാരായിരിക്കുമെന്നുതന്നെ.

അതരുതെന്നു വിശാലാക്ഷൻ. അവർ കൂടെക്കളിച്ചവരാകയാൽ രാജാവിനെ അനാദരിച്ചേക്കും. രാജാവിനോടൊരു ഗുഹ്യങ്ങളായ കാര്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരാരോ, അവർ അനുഗ്രഹത്തിന്റെ ശീലത്തിലും വ്യസനത്തിലും (ശീലദോഷങ്ങളിലും) സമാനന്മാരായതുകൊണ്ടു അവരെ അമാത്യന്മാരാക്കണമെന്നാണു വിശാലാക്ഷന്റെ പ

---

* ഛായ, നാളിക എന്നിവയെക്കൊണ്ടു സമയം ഇത്രയായെന്നു മണിയടിച്ചറിയിച്ചു രാജാവിനെ ഉണർത്തണമെന്നു താൽപര്യം.

ക്ഷം. അവർ, തങ്ങളുടെ മർമ്മമറിയുന്നവനാണ രാജാവെന്നുള്ള ഭയം കാരണം അദ്ദേഹത്തോട്ട് അപരാധം പ്രവൃത്തിക്കയില്ല.

ഇതു രണ്ടുപക്ഷം സമാനമായിട്ടുള്ള ദോഷമാണെന്ന പരാശരൻ പറയുന്നു. എന്തുകൊണ്ടെന്നാൽ, അമാത്യന്മാർ തന്റെ മർമ്മമറിയുന്നവരാണെന്നുള്ള ഭയം കാരണം, അവരുടെ പ്രവൃത്തികൾ നല്ലതായാലും ചീത്തയായാലും, രാജാവ് അവയെ അനുസരിച്ചേക്കും.

എന്തുപേരോടു രാജാവു
തന്റെ ഗുഹ്യം കഥിച്ചിടോ
അക്കർമ്മത്താലവരോടേക്കും
വശ്യനാമവശൻ നൃപൻ.

ആകയാൽ, രാജാവിന്ന പ്രാണാപായകരങ്ങളായ ആപത്തുകളിൽ ഉപകാരം ചെയ്തിട്ടുള്ളവരാരോ അവരെ അമാത്യന്മാരാക്കണമെന്നാണ പരാശരമതം. കാരണം, അവരുടെ സ്നേഹം കണ്ടറിഞ്ഞിട്ടുള്ളതുതന്നെ.

അങ്ങനെയല്ലെന്ന പിശുനൻ പറയുന്നു. അവർക്കുള്ളതു ഭക്തിയാണ്, ബുദ്ധിഗുണമല്ല. അർത്ഥം സംബന്ധിച്ചുള്ള ജോലികളിൽ നിയോഗിക്കപ്പെട്ടിട്ട അതിൽനിന്നുള്ള ദ്രവ്യാൽപത്തിയെ കുറവുകൂടാതെയോ കൂടുതലായോ ചെയ്യുന്നതാരോ അവരുടെ ഗുണം കണ്ടറിഞ്ഞിട്ടുള്ളതാകയാൽ അവരെ അമാത്യന്മാരാക്കണമെന്നാണ പിശുനന്റെ അഭിപ്രായം.

അതുതെന്ന കൌണപദന്തൻ. എന്തുകൊണ്ടെന്നാൽ, അവർ മററുള്ള അമാത്യഗുണങ്ങളില്ലാത്തവരാണല്ലോ. ആയതുകൊണ്ടു പിതൃപിതാമഹന്മാർ മുതൽക്കുതന്നെ പാരമ്പര്യംകൊണ്ടു അമാത്യപദവിയുള്ളവരെ വേണം അ

മാത്യന്മാരാക്കുവാൻ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ, അവരുടെ അപദാനം (പരാക്രമം) കണ്ടറിഞ്ഞിട്ടുള്ളതുകൊണ്ടുതന്നെ. അവർ സഗന്ധത്വം (ചിരപരിചയം) ഉള്ളവരാകയാൽ ശങ്കാക്കു രാജാവു ദ്രോഹംചെയ്താൽകൂടിയും അദ്ദേഹത്തെ വിട്ടുനടക്കുകയില്ല. മനുഷ്യരല്ലാത്തവരിലുംകൂടി ഇതു കാണുന്നുണ്ട്. പശുക്കൾ സഗന്ധമല്ലാത്ത ഗോഗണത്തെ വിട്ടു സഗന്ധമായ കൂട്ടത്തിൽ ചെന്നുകൂടുന്നുണ്ടല്ലോ.

അങ്ങനെയല്ലെന്നു വാതവ്യാധി പറയുന്നു. പാരമ്പര്യവഴിക്കുള്ള അമാത്യന്മാർ സ്വാമിയുടെ വകയായിട്ടുള്ള സർവ്വവും അപഹരിച്ചു സ്വാമിയെപ്പോലെ നടക്കും. അതുകൊണ്ടു നീതിജ്ഞന്മാരും നവീനന്മാരുമായവരെ വേണം അമാത്യന്മാരാക്കുവാനെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. നവീനന്മാരായ അമാത്യന്മാർ ദണ്ഡധരനായ രാജാവിനെ യമനെപ്പോലെ വിചാരിച്ച് അദ്ദേഹത്തിന്നു പിഴ ചെയ്യാതിരിക്കും.

അപ്രകാരമല്ലെന്നു ബാഹുദന്തീപുത്രൻ. ശാസ്ത്രജ്ഞനാണെങ്കിലും പ്രവൃത്തി കണ്ടു പരിചയിക്കാത്തവൻ കാര്യങ്ങളിൽ വിഷാദത്തെ പ്രാപിക്കും. അതുകൊണ്ടു അഭിജനം (കുലീനത), പ്രജ്ഞ, ശൌചം, ശൌര്യം, സ്വാമിഭക്തി എന്നീ ഗുണങ്ങളുള്ളവരെ അമാത്യന്മാരാക്കണം. കാരണം ഈ വിഷയത്തിൽ ഗുണത്തിന്നാണു പ്രാധാന്യമെന്നതുതന്നെ.

എല്ലാവരുടെ പക്ഷവും യുക്തമാണെന്നാണു കൌടില്യമതം. എന്തുകൊണ്ടെന്നാൽ, കാര്യസാമർത്ഥ്യംകൊണ്ടു പുരുഷസാമർത്ഥ്യത്തെ കല്പിക്കാവുന്നതാണ്. പക്ഷെ, മററു സാമർത്ഥ്യംകൂടി നോക്കുകയും വേണം.

അമാത്യഗുണവും നോക്കി-
ദ്ദേശകാലങ്ങൾ കർമ്മവും
അമാത്യരാക്കാമിവരെ-
യെല്ലാം; മന്ത്രികളാക്കൊലാ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, അമാത്യോത്പത്തി എന്ന എട്ടാമദ്ധ്യായം.

## ഒമ്പതാം അദ്ധ്യായം.

---

അഞ്ചാം പ്രകരണം   മന്ത്രിപുരോഹിതോത്പത്തി.

ജാനപദൻ (നാട്ടുവകതിരിവുള്ളവൻ) ആയിരിക്കുക, അഭിജാതനായിരിക്കുക, സ്വവഗ്രഹൻ (ജനസമ്മതൻ) ആയിരിക്കുക, കൃതശില്പൻ (കലാവിദ്യകളഭ്യസിച്ചവൻ) ആയിരിക്കുക, ചക്ഷുഷ്മാൻ (ശാസ്ത്രചക്ഷുസ്സോടുകൂടിയവൻ) ആയിരിക്കുക, പ്രാജ്ഞനായിരിക്കുക, ധാരയിഷ്ണുവായിരിക്കുക, ദക്ഷനായിരിക്കുക, വാഗ്മിയായിരിക്കുക, പ്രഗല്ഭനായിരിക്കുക, പ്രതിപത്തിമാൻ (പ്രതിഭാശക്തിയുള്ളവൻ) ആയിരിക്കുക, ഉത്സാഹയുക്തനായിരിക്കുക, പ്രഭാവയുക്തനായിരിക്കുക, ക്ലേശസഹനായിരിക്കുക, ശുചിയായിരിക്കുക, മൈത്രൻ (മിത്രഭാവത്തിൽ വർത്തിക്കുന്നവൻ) ആയിരിക്കുക, ദൃഢഭക്തിയായിരിക്കുക, സുശീലനായിരിക്കുക, ബലവാനായിരിക്കുക, ആരോഗ്യവാനായിരിക്കുക, സത്വയുക്തനായിരിക്കുക, സ്തംഭചാപല്യഹീനനായിരിക്കുക, സംപ്രിയൻ (കാഴ്ചയിൽ പ്രീതിതോന്നിക്കുന്നവൻ) ആയിരിക്കുക, വൈരങ്ങൾ ചെയ്യാത്തവനായിരിക്കുക എന്നിവയാണ് അമാത്യസമ്പത്ത്. ഈ ഗുണങ്ങളിൽ നാലിലൊന്നു കുറഞ്ഞവൻ മധ്യമനും, പകുതി കുറഞ്ഞവൻ അധമനുമാകുന്നു.

മേൽപറഞ്ഞ ഗുണങ്ങളിൽവച്ചു ജാനപദത്വവും സ്വവഗ്രഹത്വവും ആപ്തന്മാരിൽനിന്നു പരീക്ഷിച്ചറിയേണ്ടതാണ്. ശില്പവും ശാസ്ത്രചക്ഷുഷ്മത്വവും സമാനവിദ്യന്മാരായവരോടു ചോദിച്ചു മനസ്സിലാക്കണം. പ്രജ്ഞ, ധാരണാശക്തി, ദാക്ഷ്യം എന്നിവ പലതരം പ്രവൃത്തികളിൽനിന്ന് അറിയേണ്ടതാണ്. വാഗ്മിത്വവും, പ്രാഗല്ഭ്യവും, പ്രതിഭാശക്തിയും സംഭാഷണത്തിൽനിന്നു മനസ്സിലാക്കണം. ഉത്സാഹവും പ്രഭാവവും ക്ലേശസഹത്വവും ആപത്തു നേരിടുമ്പോൾ പരീക്ഷിച്ചറിയണം. ശൌചം, മൈത്രത്വം, ദൃഢഭക്തിത്വം എന്നിവ സംവ്യവഹാരംകൊണ്ടറിയണം. ശീലം, ബലം, ആരോഗ്യം, സത്വം, സ്തംഭഹീനത, അചാപല്യം എന്നിവ സഹവാസികളിൽനിന്നറിയണം. സംപ്രിയത്വവും അവൈരിത്വവും പ്രത്യക്ഷപരീക്ഷകൊണ്ടു മനസ്സിലാക്കണം.

രാജവൃത്തി എന്നതു പ്രത്യക്ഷംകൊണ്ടും പരോക്ഷംകൊണ്ടും അനുമാനംകൊണ്ടും ചെയ്യേണ്ടതാകുന്നു. തന്നെത്താൻ കണ്ടതു പ്രത്യക്ഷം; പരന്മാർ പറഞ്ഞറിഞ്ഞതു പരോക്ഷം; ചെയ്തുകഴിഞ്ഞതിൽനിന്നു ചെയ്തുകഴിയാത്തതിനെ ഊഹിക്കുന്നതു അനുമാനം. രാജാവിന്നു ഒരേ സമയത്തു അനേകം പ്രവൃത്തികൾ ചെയ്യേണ്ടതായും അവ അനേകദേശങ്ങളിൽവച്ചു നടത്തേണ്ടതായും വരുന്നതുകൊണ്ടു ദേശകാലാത്യയം വരാതിരിപ്പാൻവേണ്ടി പരോക്ഷമായുള്ള കാര്യത്തെ അമാത്യന്മാരെക്കൊണ്ടു ചെയ്യിക്കേണ്ടതാകുന്നു. ഇതാണ് അമാത്യകർമ്മം.

ഉദിതോദിത * ങ്ങളായ കുലശീലങ്ങളോടുകൂടിയവ

* ഉദിതോദിതങ്ങളായ കുലശീലങ്ങളുള്ളവൻ=നാലു പുരുഷാന്തരം പിഴയാതെ കുലശീലങ്ങളുള്ളവൻ. ഉദിതോദിതം, അസ്തമിതാസ്തമിതം, ഉദിതാസ്തമിതം, അസ്തമിതോദിതം എന്നു കുലശീലങ്ങൾ നാലുവിധമുണ്ട്.

നും, ഷഡംഗമായ വേദവും ദൈവമായ നിമിത്തശാസ്ത്രവും ദണ്ഡനീതിയും നല്ലവണ്ണം പഠിച്ചറിഞ്ഞവനും, ദൈവകൃതങ്ങളും മാനുഷ്യകൃതങ്ങളുമായുണ്ടാകുന്ന ആപത്തുകളെ അഥൎവ്വമന്ത്രങ്ങളെക്കൊണ്ടോ ഉപായങ്ങളെക്കൊണ്ടോ ഒഴിക്കുന്നവനുമായിട്ടുള്ളവനെ പുരോഹിതനാക്കണം. അദ്ദേഹത്തെ, ആചാൎയ്യനെ ശിഷ്യനെന്നപോലെയും, പിതാവിനെ പുത്രനെന്നപോലെയും, യജമാനനെ ഭൃത്യനെന്നപോലെയും രാജാവു അനുവൎത്തിക്കുകയും വേണം.

ബ്രാഹ്മം വൎദ്ധിപ്പിച്ചു, മന്ത്രി
മന്ത്രത്താൽ രക്ഷചെയ്യുമേ
ശാസ്ത്രശസ്ത്രമെഴും ക്ഷത്രം
വെല്ലാത്തതിനെ വെന്നിടും.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ,
വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ,
മന്ത്രിപുരോഹിതോൽപത്തി എന്ന ഒമ്പതാമദ്ധ്യായം.

## പത്താം അദ്ധ്യായം.

### ആറാം പ്രകരണം.

### ഉപധകൾ വഴിയായി അമാത്യന്മാരുടെ ശൌചാശൌചജ്ഞാനം.

രാജാവു, മന്ത്രിയോടും പുരോഹിതനോടുംകൂടി അമാത്യന്മാരെ ആദ്യം അപ്രധാനങ്ങളായ അധികരണങ്ങളിലിരുത്തിയിട്ട്, ഉപധകൾ വഴിയായി പരിശോധിക്കണം.

അയാജ്യനായ ഒരുവനെ യാഗവും വേദാധ്യയനവും

ചെയ്യിപ്പാൻ രാജാവു പുരോഹിതനോടു കല്പിക്കുക; കല്പന സമ്മതിക്കാതിരിക്കുന്ന പുരോഹിതനെ രാജാവു സ്ഥാനത്തുനിന്നു നീക്കുക; സ്ഥാനഭ്രഷ്ടനായ പുരോഹിതൻ ശപഥം ചെയ്ത സത്രികൾ (ഒരുതരം ഗൂഢപുരുഷന്മാർ) വഴിയായി ഓരോ അമാത്യനേയും ഭേദിപ്പിക്കുക:—"അധാർമ്മികനാണു് ഈ രാജാവു്. ഇരിക്കട്ടെ; ഇദ്ദേഹത്തിന്നു പകരം ഇദ്ദേഹത്തിന്റെ തന്നെ കുലത്തിൽ പിറന്ന ഒരുവനേയോ, അവരുദ്ധനായിരിക്കുന്നവനേയോ, കുലീനനും ഏകപ്രഗ്രഹനും (തനിക്കു താൻ പോന്നവൻ) ആയുള്ള ഒരു സാമന്തനേയോ, ആടവികനേ (അടവീപതി)യേയോ, ഔപപാദികൻ (നവോദിതൻ) ആയ ഒരുവനേയോ, ആരെയെങ്കിലും ധാർമ്മികനായ ഒരാളെ നമുക്കു രാജാവായി വാഴിക്കണം. എല്ലാവർക്കും ഇതു സമ്മതമാണു്. അങ്ങയുടെ പക്ഷം എങ്ങനെ?" എന്നു ചോദിക്കുക. അമാത്യൻ ഇതിന്നു മറുത്തു പറഞ്ഞാൽ അവൻ ശുചിയാകുന്നു. ഇതാണു ധർമ്മോപധ.

അസൽപ്രതിഗ്രഹം(നിന്ദ്യസ്വീകാരം) കാരണം അവക്ഷിപ്തനായ സേനാപതി, സത്രികൾ വഴിയായി ഓരോ അമാത്യനേയും, ധാരാളം ധനം നൽകാമെന്നു പറഞ്ഞു, രാജാവിനെ നശിപ്പിക്കുവാൻ പ്രേരിപ്പിക്കുക:—"എല്ലാവർക്കും ഇതു സമ്മതമാണു്. അങ്ങേക്കെങ്ങനെ?" അമാത്യൻ ഇതിനെ പ്രത്യാഖ്യാനം ചെയ്താൽ അവൻ ശുചിയാകുന്നു. ഇതാണു് അർത്ഥോപധ.

അന്തഃപുരത്തിൽ വിശ്വാസപാത്രമായും സൽകരിക്കപ്പെടുന്നവളായുമിരിക്കുന്ന പരിവ്രാജിക (ഒരുതരം സന്ന്യാസിനി)ചെന്നു് ഓരോ മഹാമാത്രനെ(പ്രധാനാമാത്യനെ)യും ഭേദിപ്പിക്കുക:—"രാജമഹിഷി അങ്ങയുമായുള്ള സമാഗമത്തിന്നു് ഉപായം കണ്ടുവെച്ചു് അങ്ങയെ കാമിച്ചു

കൊണ്ടിരിക്കുന്നു. അങ്ങേക്കു് ഇതിൽനിന്നു വലിയ ധനലാഭവുമുണ്ടാകും." ഇതിന്നു വഴിപ്പെടാതെ അമാത്യൻ മറുത്തു പറഞ്ഞാൽ അവൻ ശുചിയാകുന്നു. ഇതാണു് കാമോപധ.

പ്രവഹണ * (വിനോദയാത്ര) ത്തിന്നുവേണ്ടി ഒരമാത്യൻ എല്ലാ അമാത്യന്മാരേയും വരുത്തി ഒരുമിച്ചു കൂട്ടുക. അതുകണ്ടു ശങ്ക തോന്നി രാജാവു് ഇവരെയെല്ലാവരേയും അവരോധിക്കുക. അപ്പോൾ, മുമ്പുതന്നെ രാജാവിനാൽ അവരോധിക്കപ്പെട്ട ഒരു കാപടികച്ഛാത്രൻ (ഛാത്രനെന്ന വ്യാജേന നടക്കുന്ന ഗൂഢപുരുഷൻ) മേൽപ്രകാരം അർത്ഥമാനങ്ങളാൽ പിടിച്ചുടക്കി പിരിച്ചയച്ച ഓരോ അമാത്യനേയും ഭേദിപ്പിക്കുക:—"അസൽക്കാര്യങ്ങളിൽ പ്രവൃത്തിക്കുന്നവനാണു് ഈ രാജാവു്. നമുക്കിദ്ദേഹത്തെ പൊട്ടന്നനവെ വധിച്ചു മറെറാരുവനെ പകരം വാഴിക്കാം. എല്ലാവർക്കും ഇതു സമ്മതമാകുന്നു. എങ്ങനെയാണു് അങ്ങയുടെ പക്ഷം?" അമാത്യൻ ഇതിനെ പ്രത്യാഖ്യാനം ചെയ്താൽ അവൻ ശുചിയാകുന്നു. ഇതാണു ഭയോപധ.

മേൽപറഞ്ഞവയിൽ വച്ചു ധർമ്മോപധയിൽ ശുദ്ധന്മാരായവരെ ധർമ്മസ്ഥീയം, കണ്ടകശോധനം എന്നിവ സംബന്ധിച്ച അധികാരങ്ങളിൽ നിയമിക്കണം. അർത്ഥോപധയിൽ ശുദ്ധന്മാരായവരെ സമാഹർത്താവിന്റെയും സന്നിധാതാവിന്റെയും നിചയകർമ്മങ്ങളിൽ സ്ഥാപിക്കണം. കാമോപധയിൽ ശുദ്ധന്മാരായവരെ ബാഹ്യ

---

* പ്രവഹണം=ക്രീഡാർത്ഥമായിട്ടുള്ള സ്ഥലജലയാനം. ഇവിടെ അതിന്നു ലക്ഷണയാ വിനോദയാത്ര എന്നർത്ഥം.

മാൎയ്യം ആഭ്യന്തരമായുമുള്ള വിഹാര * ങ്ങളെ (ക്രീഡാസ്ഥാനങ്ങളെ) രക്ഷിക്കുന്ന കാൎയ്യത്തിൽ ഏൎപ്പെടുത്തണം. ഭയോപധയിൽ ശുദ്ധന്മാരായവരെ രാജാവിന്റെ ആസന്നകാൎയ്യങ്ങളിൽ നിയമിക്കണം. എല്ലാ ഉപധകളിലും ശുദ്ധന്മാരായവരെ വേണം മന്ത്രിമാരാക്കുവാൻ. എല്ലാ ഉപധകളിലും അശുദ്ധന്മാരായവരെ ഖനികൾ, ദ്രവ്യവനങ്ങൾ, ഹസ്തിവനങ്ങൾ, കൎമ്മാന്തങ്ങൾ എന്നിവയിൽ നിയോഗിക്കാം.

ധൎമ്മാൎത്ഥകാമഭീശുദ്ധ-
രായുള്ളോരെ യഥോചിതം
അതാതുദ്യോഗികൾക്കാക്കാ-
മെന്നാണാചാൎയ്യശാസനം.
അമാത്യശുദ്ധിയിൽ നൃപൻ
തന്നെയും ദേവിയേയുമേ
ലക്ഷ്യമാക്കൊല്ലുപധകൾ-
ക്കെന്നു കൌടില്യദൎശനം.
വിഷത്താൽ ജലമെന്നോണം
ദൂഷിപ്പിക്കൊല്ലദുഷ്ടനെ;
ഏറെദ്ദൂഷിക്കിലവനു
മരുന്നില്ലെന്നു വന്നിടും.
നാലുമട്ടുള്ളുപധയാൽ
കലക്കിത്തീൎത്തതാം മതി
ധൃതിയിൽ സ്ഥിതയായ്നിന്നി-
ട്ടന്തമെത്താതൊഴിഞ്ഞിടാ.

---

* വിഹാരശബ്ദത്തിനു ലക്ഷണയാ വിഹാരസാധനമായ സ്ത്രീകൾ എന്നു വ്യാഖ്യാതാക്കന്മാർ അൎത്ഥം പറയുന്നു.

അതിനാൽ ബാഹ്യനായുള്ള
ദൂഷ്യനെ ലക്ഷ്യമായ്‌ നൃപൻ
അമാത്യരെസ്സത്രികളാൽ
പരീക്ഷിക്കണമെപ്പോഴും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, ഉപധകൾ വഴിയായി അമാത്യന്മാരുടെ ശൌചാശൌചജ്ഞാനം എന്ന പത്താമദ്ധ്യായം.

---

# പതിനൊന്നാം അദ്ധ്യായം.

ഏഴാംപ്രകരണം. ഗൂഢപുരുഷോൽപത്തി.
സംസ്ഥാൽപത്തി.

ഉപധകൾ വഴിയായി അമാത്യവർഗ്ഗത്തെ സംശോധിച്ചതിനുശേഷം രാജാവു ഗൂഢപുരുഷന്മാരെ ഉൽപാദിപ്പിക്കണം. കാപടികൻ, ഉദാസ്ഥിതൻ, ഗൃഹപതിവ്യഞ്ജനൻ, വൈദേഹകവ്യഞ്ജനൻ, താപസവ്യഞ്ജനൻ എന്നിവരും സത്രികൾ, തീക്ഷ്ണന്മാർ, രസദന്മാർ, ഭിക്ഷുകികൾ എന്നിവരുമാണു ഗൂഢപുരുഷന്മാർ.

കാപടികനെന്നാൽ പരന്മാരുടെ മർമ്മമറിയുന്നവനും പ്രഗല്ഭനുമായ ഛാത്രൻ (ശിഷ്യൻ) ആകുന്നു. അവനെ ധനമാനങ്ങളെക്കൊണ്ടു പ്രോത്സാഹിപ്പിച്ചു മന്ത്രി പറയു:—"നീ രാജാവിനേയും എന്നെയും പ്രമാണമാക്കി, ആർക്കെന്തു അകുശലം (ദുർന്നടപടി) കാണുന്നുവോ അതപ്പോൾതന്നെ അറിയിക്കണം."

ഉദാസ്ഥിതനെന്നാൽ പ്രവ്രജ്യാപ്രത്യവസിത (സന്യാസഭ്രഷ്ട)നും പ്രജ്ഞാശൌചങ്ങളുള്ളവനുമായ പുരുഷനാകുന്നു. അവൻ വാർത്താകർമ്മങ്ങൾക്കായിക്കൊടുത്ത

ഭൂമിയിൽ ധാരാളം ഹിരണ്യത്തോടും അന്തേവാസികളോടുംകൂടി പ്രവൃത്തിചെയ്യിപ്പൂ. അതിൽനിന്നുണ്ടാകുന്ന ഫലംകൊണ്ടു പ്രവ്രജിതന്മാരായി വരുന്നവർക്കെല്ലാം അന്നവും വസ്ത്രവും പാൎപ്പിടവും നൽകുകയും ചെയ്‌വൂ. അവരിൽവച്ചു വൃത്തികാമന്മാരായവരെ ഇങ്ങനെ ഭേദിപ്പിപ്പൂ.—"നിങ്ങൾ ഈ വേഷത്തോടുകൂടിത്തന്നെ നടന്നു രാജകാൎയ്യം അനുഷ്ഠിക്കുവിൻ. ഭക്തവും വേതനവും (ജീവിതവും ശമ്പളവും) നൽകേണ്ട കാലത്തു ഇവിടെ വന്നുകൊൾവിൻ." ഇപ്രകാരം എല്ലാ പ്രവ്രജിതന്മാരും താന്താങ്ങളുടെ വൎഗ്ഗത്തെയും ഭേദിപ്പിക്കേണം.

ഗൃഹപതിവ്യഞ്ജനനെന്നാൽ വൃത്തിക്ഷീണനും (ഉപജീവനത്തിന്നില്ലാതെ ക്ലേശിക്കുന്നവൻ) പ്രജ്ഞാശൌചയുക്തനുമായ കൎഷകനത്രെ. അവൻ കൃഷിപ്പണിക്കായി കൊടുത്ത ഭൂമിയിൽ മേൽപ്രകാരം ചെയ്‌വൂ.

വൈദേഹകവ്യഞ്ജനനെന്നാൽ വൃത്തിക്ഷീണനും പ്രജ്ഞാശൌചവാനുമായ വാണിജകനാകുന്നു. അവൻ വാണിജ്യത്തിന്നായി നൽകിയ ഭൂമിയിൽ മേൽപ്രകാരം ചെയ്‌വൂ.

താപസവ്യഞ്ജനനെന്നാൽ വൃത്തികാമനായ മുണ്ഡനോ ജടിലനോ ആണ്. അവൻ നഗരസമീപത്തിൽ മുണ്ഡരോ ജടിലരോ ആയ ഒട്ടേറെ ശിഷ്യരോടുകൂടി പാൎപ്പുറപ്പിപ്പൂ. ഒന്നു രണ്ടു മാസം കൂടുമ്പോളൊരിക്കൽ കുറച്ചു ശാകമോ യവസമുഷ്ടിയോ (പുൽച്ചുരുള്) മാത്രമേ പ്രകാശമായിട്ടു ഭക്ഷിക്കാവൂ. ഗൂഢമായിട്ട് ഇഷ്ടമായ ആഹാരം കഴിക്കുകയുമാകാം. വൈദേഹകന്റെ ശിഷ്യന്മാർ ഇദ്ദേഹത്തെ സമിദ്ധയോഗങ്ങൾ (അത്ഭുതസിദ്ധികൾ) ഉള്ളവനെന്ന നിലയിൽ പൂജിക്കണം. സ്വന്തം ശിഷ്യന്മാർ "ഇദ്ദേഹം സിദ്ധനും സാമേധികനും (ഭാവിഫലമറിയു

ന്നവൻ) ആണ്" എന്നു പ്രസിദ്ധമാക്കുകയും വേണം. സമേധാശാസ്തി (ഭാവിയെപ്പററി അറിയാനുള്ള ആശ)യോടെ വരുന്നവരുടെ അംഗചേഷ്ടകൊണ്ടും ശിഷ്യന്മാർ കാട്ടുന്ന സംജ്ഞകൾകൊണ്ടും അവരുടെ അഭിജനകൎമ്മങ്ങളെ (തറവാട്ടുകാൎയ്യങ്ങളെ) ഇദ്ദേഹം വിവരിച്ചു പറയു. അല്പലാഭം, അഗ്നിദാഹം, ചോരഭയം, ദൂഷ്യൎക്ക് (രാജദ്രോഹികൾക്കു) വധം, തുഷ്ടൎക്കു ദാനം എന്നിങ്ങനെ പറയു. ഇന്നേടത്ത് ഇന്ന കാൎയ്യം ഇന്നോ നാളെയോ നടക്കുമെന്നും, ഇന്ന കാൎയ്യം രാജാവു ചെയ്യുമെന്നും ചൊല്ലി തനിക്കുള്ള വിദേശപ്രവൃത്തിജ്ഞാനവും കാണിക്കു. ആ പറഞ്ഞതിനെ ഗൂഢരായ സത്രികൾ സാധിപ്പിക്കുകയും ചെയ്യണം.

ശൌൎയ്യവും പ്രജ്ഞയും വാഗ്മിതയുമുള്ള പ്രഷ്ടാക്കന്മാൎക്കു രാജാവിങ്കൽനിന്നു ഭാഗ്യലാഭവും മന്ത്രിസംയോഗവും ഉണ്ടാകുമെന്നു പറയു. മന്ത്രി അവൎക്കു വൃത്തികൎമ്മങ്ങൾ (ജീവിതവും പ്രവൃത്തിയും) നൽകി താപസൻ പറഞ്ഞതിനെ സഫലമാക്കുകയും വേണം. ആർ തക്ക കാരണമുണ്ടായിട്ടു രാജാവിന്റെ നേരെ ക്രുദ്ധരായിരിക്കുന്നുവോ അവരെ മന്ത്രി ധനമാനങ്ങൾ നൽകി ഒതുക്കണം. അകാരണമായി ക്രോധിച്ചവരേയും രാജദ്വേഷം ചെയ്യുന്നവരേയും തൂഷ്ണീംദണ്ഡം (ഗൂഢവധം)കൊണ്ടു ശമിപ്പിക്കുകയും വേണം.

രാജാവു ധനമാനങ്ങൾ
നൽകിപ്പൂജിച്ചിരുന്നുകിൽ
രാജോപജീവിശൌചത്തെ-
യറിയും സംസ്ഥയെന്നിവ.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, ഗൂഢപുരുഷോൽപത്തിയിൽ സംസ്ഥോൽപത്തി എന്ന പതിനൊന്നാമധ്യായം.**

## പന്ത്രണ്ടാം അദ്ധ്യായം.

### എട്ടാം പ്രകരണം. ഗൂഢപുരുഷപ്രണിധി.

ഏവർ അസംബന്ധിക(ഉററവരില്ലാത്തവർ)ളും രാജാവു തീർച്ചയായും ഭരിക്കേണ്ടവരുമായിട്ടുണ്ടോ ലക്ഷണം, അംഗവിദ്യ, ജംഭകവിദ്യ (ചെപ്പടിവിദ്യ), മായാഗതം(ഇന്ദ്രജാലം), ആശ്രമധൎമ്മം, നിമിത്തശാസ്ത്രം, അന്തരചക്രം (ശകുനശാസ്ത്രം) എന്നിവയോ സംസൎഗ്ഗവിദ്യകളോ (കാമശാസ്ത്രം മുതലായവ) പഠിക്കുന്ന അവരാകുന്നു സത്രികൾ.

യാവചിലർ ജനപദത്തിൽവച്ച് ശൂരന്മാരും ആത്മാവിനെഗ്ഗണിക്കാത്തവരും ദ്രവ്യത്തിന്നുവേണ്ടി ആനയോടോ വ്യാളത്തോടോ എതിൎത്തു യുദ്ധംചെയ്യുന്നവരുമായിട്ടുണ്ടോ അവരത്രെ തീക്ഷ്ണന്മാർ.

യാവചിലർ ബന്ധുക്കളിൽ സ്നേഹശൂന്യന്മാരും ക്രൂരന്മാരും അലസന്മാരുമായിട്ടുണ്ടോ അവരാണ് രസദന്മാർ (വിഷംകൊടുക്കുന്നവർ)

ദരിദ്രയും വിധവയും പ്രഗല്ഭയും വൃത്തികാമയുമായി അന്തഃപുരത്തിൽ സൽക്കരിക്കപ്പെടുന്നവളായിട്ടുള്ള യാതൊരു ബ്രാഹ്മണസ്ത്രീ മഹാമാത്രന്മാരുടെ ഗൃഹങ്ങളിൽ പോയിക്കൊണ്ടിരിക്കുമോ അവളത്രെ പരിവ്രാജിക (ഭിക്ഷുകി).

പരിവ്രാജികയെപ്പറഞ്ഞതുകൊണ്ടുതന്നെ മുണ്ഡസ്ത്രീകളും വൃഷലികളും പറയപ്പെട്ടു— ഇങ്ങനെ സഞ്ചാരന്മാർ.

അവരെ രാജാവു സ്വവിഷയത്തിൽ (തൻെറ നാട്ടിൽ) മന്ത്രിമാർ, പുരോഹിതന്മാർ, സേനാപതികൾ, യുവരാജാവ്, ദൌവാരികന്മാർ, അന്തൎവ്വംശികന്മാർ (അന്തഃപുരാധികൃതന്മാർ), പ്രശാസ്താവ് (ദണ്ഡാധികാരി), സമാഹൎത്താവ്, സന്നിധാതാവ്, പ്രദേഷ്ടാവ് (കണ്ട

കരശോധനാധികാരി), നായകൻ, പൌരൻ (പുരമുഖ്യൻ), വ്യാവഹാരികൻ, കാൎമ്മാന്തികൻ, മന്ത്രിപരിഷദദ്ധ്യക്ഷൻ, ദണ്ഡപാലൻ, ദുൎഗ്ഗപാലൻ, അന്തപാലൻ, ആടവികൻ എന്നിവരുടെ അടുക്കൽ ശ്രദ്ധേയ (വിശ്വാസ്യ) രായ ദേശവും വേഷവും ശില്പവും ഭാഷയും അഭിജനവും അപദേശിച്ചുകൊണ്ടു് ഭക്തിക്കും സാമൎത്ഥ്യത്തിനുമനുസരിച്ചു ചാരന്മാരായി വിടണം.

അവരുടെ (മന്ത്രിമാർ മുതലായവരുടെ) ബാഹ്യമായ ചാരത്തെ ഛത്രഗ്രാഹികളായും ഭൃംഗാരകഗ്രാഹിക (വെള്ളക്കിണ്ടിയെടുക്കുന്നവർ) ളായും വ്യജനഗ്രാഹികളായും പാദുകാഗ്രാഹികളായും ആസനഗ്രാഹികളായും യാനഗ്രാഹിക(അന്ദോളം ചുമക്കുന്നവർ)ളായും വാഹനഗ്രാഹിക(കുതിരയെ നോക്കുന്നവർ)ളായും അവരുടെ അടുക്കൽപെരുമാറിയുംകൊണ്ടു് തീക്ഷ്ണന്മാർ അറിയണം. അതിനെ സത്രികൾ സംസ്ഥകളിൽ അൎപ്പിക്കയും വേണം.

സൂദന്മാരായും ആരാളികന്മാ (പലഹാരപ്പണിക്കാർ) രായും സ്നാപകന്മാരായും സംവാഹകന്മാരായും ആസ്തരകന്മാരായും കല്പകന്മാ (ക്ഷൌരകന്മാർ) രായും പ്രസാധകന്മാരായും ഉദകപരിചാരകന്മാരായും പെരുമാറുന്ന രസദന്മാരും കുബ്ജൻ, വാമനൻ, കിരാതൻ (കൃശൻ), മൂകൻ, ബധിരൻ, ജഡൻ, അന്ധൻ എന്നിവരായി നടിക്കുന്നവരും നടൻ, നൎത്തകൻ, ഗായനൻ, വാദകൻ വാഗ്ജീവനൻ (വിദൂഷകൻ), കുശീലവൻ എന്നിവരെന്നു നടിക്കുന്നവരും, സ്ത്രീകളും അവരുടെ ആഭ്യന്തരചാരത്തെ മനസ്സിലാക്കണം. അതിനെ ഭിക്ഷുകികൾ സംസ്ഥകളിൽ അറിയിക്കുകയും വേണം. സംസ്ഥകളിലെ അന്തേവാസികളും സംജ്ഞകൾ വഴിയായും എഴുത്തുവഴിയായും ചാരസഞ്ചാരത്തെ ചെയ്യണം. എന്നാൽ സംസ്ഥാന്തേ

വാസികളോ അവരോ തമ്മിൽ തമ്മിൽ അറിയുകയുമരുത്.

ഭിക്ഷുകികൾക്കു അകത്തു കടപ്പാൻ തടസ്ഥമുള്ള പക്ഷം ദ്വാസ്ഥന്മാരുടെ പരമ്പരയായോ, മാതാപിതൃവ്യഞ്ജനരോ (അന്തഃപുരത്തിൽ പെരുമാറുന്നവരുടെ അച്ഛനമ്മമാരായി നടിക്കുന്ന ഗൂഢപുരുഷന്മാർ), ശില്പകാരികകളോ, കുശീലവന്മാരോ, ദാസികളോ ഗീതം, പാഠ്യം, വാദ്യഭാണ്ഡം എന്നിവ മുഖേനയായോ ഗൂഢലേഖ്യം വഴിക്കോ സംജ്ഞകൾ വഴിയായോ ചാരത്തെ നിർവ്വഹിക്കണം. ഉടൻതന്നെ ആരെങ്കിലും ദീർഘരോഗമാണെന്നോ ഉന്മാദമാണെന്നോ അഗ്നിഭയമോ വിഷഭയമോ നേരിട്ടുവെന്നോ വ്യാജം പറഞ്ഞു ഗൂഢമായി പുറത്തു പോകയും വേണം.

മൂന്നു ചാരന്മാർ ഒരേവിധത്തിൽ ഒരു സംഗതി പറഞ്ഞാൽ അതു വിശ്വസിക്കണം. എന്നാൽ അഭീക്ഷ്ണവിനിപാതം (ഒരിക്കൽ പറഞ്ഞതിനെ പിന്നീടു മാറിപ്പറയുക) കണ്ടാൽ അവർക്കു തൂഷ്ണീംദണ്ഡമോ പ്രതിഷേധമോ (ജോലിയിൽനിന്നു പിരിക്കൽ) വിധിക്കുകയും വേണം.

കണ്ടകശോധനത്തിൽ പറയപ്പെടുന്ന അപസർപ്പന്മാർ പരരാജാക്കന്മാരുടെ സന്നിധിയിൽ കൃതവേതനന്മാ (ശമ്പളക്കാർ) രായിട്ടു സമ്പാതനിശ്ചാരം ചെയ്യാൻവേണ്ടി താമസിക്കണം. അവർ ഉഭയവേതനന്മാർ (രണ്ടിടത്തുനിന്നും ശമ്പളം വാങ്ങുന്നവർ) ആകുന്നു.

ഭാര്യാപുത്രരെ രക്ഷി-
ച്ചാക്കണമീയുഭയവേതനന്മാരെ
അവരാൽ ശത്രുപ്രഹിതരെ-
യറിയാ, മവരേയുമതുവിധക്കാരാൽ.

ശത്രു, മിത്ര, മുദാസീനൻ,
മദ്ധ്യനീ നാലുഭൂപരിലും
നിയോഗിക്ക ചരന്മാരെ-
ത്തീർത്ഥങ്ങൾ പതിനെട്ടിലും.
അന്തർഗൃഹത്തിൽക്കുബ്ജിക
കഞ്ചുവാമനഷണ്ഡരെ
ശില്പകാരിസ്ത്രീകൾ, മൂകർ,
പലമ്ലേച്ഛഗണത്തെയും.
വണിക്സംസ്ഥകൾ ദുർഗ്ഗത്തിൽ,
ദുർഗ്ഗാന്ത സിദ്ധതാപസർ,
കർഷകോദാസ്ഥർ രാഷ്ട്രത്തിൽ,
രാഷ്ട്രാന്ത ഗോപരാം ചരർ.
കാട്ടിൽ ചരന്മാർ കാട്ടാളർ
ശ്രമണാടവികാദികൾ
മാററാർ ചെയ്തിയറിഞ്ഞീടാ-
നൊട്ടയാരിവാരവരം.
ചാരസഞ്ചാരികൾ, സംസ്ഥർ,
ഗൂഢാഗൂഢരീതവിധം
ശത്രുവിൻ ചാരരെക്കാണാ-
മമ്മട്ടുള്ളാഭചാരരാൽ.
അകൃത്യരാമന്യരാഷ്ട്ര-
മുഖ്യരെക്കാഞ്ചുകാരണാൽ
മാററാരെയാററിവാൻ കൃത്യ-
രാക്കിയന്തത്തിൽ നിർത്തണം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, സഞ്ചാരോൽപത്തി—ഗൂഢപുരുഷപ്രണിധി എന്ന പന്ത്രണ്ടാമദ്ധ്യായം.**

# പതിമ്മൂന്നാം അധ്യായം

## ഒമ്പതാം പ്രകരണം.

## സ്വവിഷയത്തിലെ കൃത്യാകൃത്യപക്ഷരക്ഷണം.

മഹാമാത്രന്മാരിൽ അപസർപ്പന്മാരെ വിട്ടതിന്നുശേഷം രാജാവ് പൌരജാനപദന്മാരെയും അപസർപ്പിക്കണം.

സത്രികൾ ഈരണ്ടുപേരായിട്ടു തീർത്ഥങ്ങളിലും സഭകളിലും ശാലകളിലും പൂഗ(സമാജ)ങ്ങളിലും ജനസമവായങ്ങളിലുംവച്ചു വിവാദംചെയ്വൂ:— "സർവ്വഗുണസമ്പന്നനാണ് ഈ രാജാവെന്നു കേൾക്കുന്നു. എന്നാൽ ഇദ്ദേഹത്തിന്നു ഒരു ഗുണവും കാണുന്നില്ല. പൌരജാനപദന്മാരെ ദണ്ഡകരങ്ങൾ (പിഴയും നികുതിയും)കൊണ്ടു പീഡിക്കുകയാണിദ്ദേഹം ചെയ്യുന്നതു്" എന്നൊരു സത്രി പറവൂ.

അവിടെവച്ച് ഇതിനെ ആർ അനുസരിച്ചു പറയുന്നുവോ അവരേയും, ആ പറഞ്ഞ സത്രിയേയും മററവൻ പ്രതിഷേധിപ്പൂ:— "പണ്ടു മാത്സ്യന്യായത്താൽ പീഡിതരായ പ്രജകൾ വൈവസ്വതമനുവിനെ രാജാവാക്കി. ധാന്യത്തിൽ ആറിലൊന്നും, പണ്യത്തിൽ പത്തിലൊന്നും, പൊന്നും അദ്ദേഹത്തിന്നുള്ള ഭാഗമായികല്പിക്കുകയും ചെയ്തു. ആ ഭാഗത്താൽ ഉപജീവനം കഴിച്ചുംകൊണ്ടു രാജാക്കന്മാർ പ്രജകളുടെ യോഗക്ഷേമങ്ങളെ പുലർത്തുന്നു. ദണ്ഡകരങ്ങളെ പിരിക്കാത്ത രാജാക്കന്മാർ പ്രജകളുടെ പാപത്തെ സ്വീകരിക്കുകയും, അവരുടെ യോഗക്ഷേമങ്ങളെ കെടുത്തുകളകയും ചെയ്യുന്നു. അതുകൊണ്ടു, ആരണ്യകന്മാർ കൂടിയും ഉഞ്ഛത്തിന്റെ (പെറുക്കിയെടുത്ത ധാന്യത്തിന്റെ) ആറിലൊരു ഭാഗം "ആരാണോ നമ്മെ രക്ഷിക്കുന്നതു് അദ്ദേഹത്തിന്നുള്ള ഭാഗമാണിതു്" എന്നു വിചാരിച്ചു രാജാവിന്നു സമർപ്പിക്കുന്നു. പ്രത്യക്ഷമായിട്ടു

തന്നെ ക്രോധ(ദണ്ഡ)വും പ്രസാദവും ചെയ്യുന്നവരായ രാജാക്കന്മാർ ഇന്ദ്രന്റെയും യമന്റെയും സ്ഥാനമാകുന്നു. അവരെ അവമാനിക്കുന്നവർക്ക് ദൈവികമായ ദണ്ഡവും കൂടിയുണ്ടാകും. അതുകൊണ്ട് രാജാക്കന്മാരെ അവമാനിക്കരുതു". ഇങ്ങനെ പറഞ്ഞു ക്ഷുദ്രജനങ്ങളെ പ്രതിഷേധിപ്പൂ. രാജാവിനെക്കുറിച്ചുള്ള കിംവദന്തിയേയും സത്രികൾ മനസ്സിലാക്കണം.

ആർ രാജാവിന്റെ വക ധാന്യവും പശുക്കളും ഹിരണ്യവും ആശ്രയിച്ചു ജീവിക്കുന്നുവോ ആ അവർക്കും, ആർ അദ്ദേഹത്തിനു വ്യസനത്തിലും അഭ്യുദയത്തിലും അവയെ നൽകി ഉപകരിക്കുന്നുവോ അവർക്കും, ആർ അദ്ദേഹത്തിനോടു കോപിച്ചവരായ ബന്ധുവിനെയോ രാഷ്ട്രത്തെയോ കോപത്തിൽനിന്നു നിവർത്തിപ്പിക്കുന്നുവോ അവർക്കും, ആർ അദ്ദേഹത്തിന്റെ നേരെ എതിർക്കാൻ പുറപ്പെട്ട അമിത്രനെ (ശത്രുവിനെ)യോ ആടവികനെയോ തടുക്കുന്നുവോ അവർക്കും അദ്ദേഹത്തോടുള്ള തുഷ്ടാതുഷ്ടതയെ (പ്രീത്യപ്രീതികളെ) മുണ്ഡജടിലവേഷധാരികളായ ഗൂഢപുരുഷന്മാർ മനസ്സിലാക്കണം. തുഷ്ടരായിരിക്കുന്നവരെ രാജാവു് അർത്ഥമാനങ്ങളെക്കൊണ്ടു പൂജിപ്പൂ. അതുഷ്ടരെ അവരുടെ തുഷ്ടിക്കു വേണ്ടതിനെക്കൊടുത്തും സാമം പ്രയോഗിച്ചും പ്രസാദിപ്പിപ്പൂ. അതല്ലെങ്കിൽ അവരെ തമ്മിൽ തമ്മിലും സാമന്തൻ, ആടവികൻ, തൽകുലീനാവരുദ്ധൻ (ആ കുലത്തിൽ ജനിച്ചു അവരുദ്ധനായിട്ടുള്ളവൻ) എന്നിവരിൽനിന്നും ഭേദിപ്പിപ്പൂ. എന്നിട്ടും സന്തോഷിക്കാത്തവരെ ദണ്ഡകരങ്ങൾ പിരിക്കുവാനധികാരപ്പെടുത്തി നിയമിച്ചിട്ടു ജനപദവിദ്വേഷം (ദേശദ്രോഹം) പ്രവർത്തിപ്പിപ്പൂ. വിദ്വിഷ്ടരായവരെ ഉപാംശുദണ്ഡം (ഗൂഢവധം)കൊണ്ടോ ജനപദകോപം വഴി

ക്കൊ സാധിപ്പിപ്പൂ. അതല്ലെങ്കിൽ, അവരുടെ പുത്രന്മാരെയും ഭാര്യമാരെയും രക്ഷിപ്പാനേൎപ്പാടുചെയ്തിട്ട് അവരെ ആകരകൎമ്മാന്തങ്ങളിൽ (ഖനികളിൽ) പാൎപ്പിപ്പൂ. അങ്ങനെ ചെയ്യാത്തപക്ഷം അവർ ശത്രുക്കൾക്ക് ആസ്പദമായേക്കുമെന്നു ഭയപ്പെടണം.

ക്രുദ്ധന്മാർ, ലുബ്ധന്മാർ, ഭീതന്മാർ, അവമാനിതന്മാർ എന്നിങ്ങനെയുള്ളവരാകട്ടെ ശത്രുക്കൾക്കു കൃത്യർ (ശത്രുക്കളുടെ ഭേദപ്രയോഗത്തിൽപ്പെടുന്നവർ) ആകുന്നു. അങ്ങനെയുള്ളവരുടെ പരസ്പരാഭിസംബന്ധത്തെയും, അവൎക്കു ശത്രുവിനോടോ ആടവികനോടോ ഉള്ള പ്രതിസംബന്ധത്തെയും കാൎത്താന്തികന്മാർ (ജ്യോത്സ്യന്മാർ), നൈമിത്തികന്മാർ, മൗഹൂൎത്തികന്മാർ എന്നിവരുടെ വേഷം ധരിച്ചു പെരുമാറുന്ന ഗൂഢപുരുഷന്മാർ മനസ്സിലാക്കണം.

അവർ തുഷ്ടരായാൽ അൎത്ഥമാനങ്ങളെക്കൊണ്ടു പൂജിപ്പൂ. അതുഷ്ടന്മാരെ സാമദാനഭേദദണ്ഡങ്ങളെക്കൊണ്ടു ഒതുക്കുകയും ചെയ്വൂ.

നാട്ടിൽ പ്രധാനരായാലും
ക്ഷുദ്രരായാലുമൂഴിപൻ
പരോപജാപമേൽക്കാതെ
കൃത്യാകൃത്യരെ നോക്കണം.

കൗടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന
ഒന്നാമധികരണത്തിൽ, സ്വവിഷയത്തിലെ
കൃത്യാകൃത്യപക്ഷരക്ഷണമെന്ന പതിമൂന്നാമധ്യായം.

# പതിനാലാം അധ്യായം.

പത്താം പ്രകരണം.

## പരവിഷയത്തിലെ കൃത്യാകൃത്യപക്ഷോപഗ്രഹം.

കൃത്യാകൃത്യപക്ഷോപഗ്രഹം സ്വവിഷയത്തിലേതു പറഞ്ഞുകഴിഞ്ഞു. പരവിഷയത്തിലേതാണിനി പറയേണ്ടത്.

അർത്ഥം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടു വിപ്രലബ്ധ (വഞ്ചിത)നായവൻ, ശില്പത്തിലോ ഉപകാര (ധനോൽപാദകമായ പ്രവൃത്തി)ത്തിലോ തുല്യാധികാരികളായ ഇരുവരിൽ വെച്ചു വിമാനിതനായവൻ, (ഒപ്പം മാനിക്കാതെ താഴ്ത്തപ്പെട്ടവൻ), വല്ലഭാവരുദ്ധൻ (രാജസേവകന്മാരാൽ തടുക്കപ്പെട്ടവൻ), സമാഹൂയപരാജിതൻ (ക്ഷണിച്ചുവരുത്തിയിട്ട് ധിക്കരിക്കപ്പെട്ടവൻ), പ്രവാസോപതപ്തൻ (ദേശാന്തരത്തിൽപ്പാർപ്പിച്ചു ക്ലേശിപ്പിക്കപ്പെട്ടവൻ), ധനവ്യയം ചെയ്തിട്ടു അലബ്ധകാര്യ (കാര്യം ലഭിക്കാത്തവൻ)നായവൻ, സ്വധർമ്മം ചെയ്യുന്നതിൽനിന്നോ ദായം മുതലായവയിൽനിന്നോ ഉപരുദ്ധനായവൻ, മാനാധികാരഭ്രഷ്ടൻ (ബഹുമതിയിൽനിന്നും അധികാരത്തിൽനിന്നും നീക്കപ്പെട്ടവൻ), കുല്യാന്തർഹിതൻ (രാജാജ്ഞയാൽ വീട്ടുകാരാൽ മറയ്ക്കപ്പെട്ടവൻ), പ്രസഭാഭിമൃഷ്ടസ്ത്രീകൻ (ബലാൽക്കാരേണ ഭാര്യാധർഷണം ചെയ്യവൻ), കാരാഭിന്യസ്തൻ, പരോക്തദണ്ഡിതൻ (വിചാരണ കൂടാതെ ശിക്ഷിക്കപ്പെട്ടവൻ), മിഥ്യാചാരവാരിതൻ (മിഥ്യാചാരങ്ങളിൽനിന്നു വിലക്കപ്പെട്ടവൻ), സർവ്വസ്വമാഹാരിതൻ (എല്ലാ മുതലുകളും കണ്ടുകെട്ടിയവൻ) ബന്ധനപരിക്ലിഷ്ടൻ, പ്രവാസിതബന്ധുവായിട്ടുള്ളവൻ — ഇങ്ങനെയെല്ലാമിരിക്കുന്നവർ ക്രുദ്ധവർഗ്ഗമാകുന്നു.

സ്വയമുപഹതൻ (തന്നത്താൻ ദുഷ്കർമ്മം മൂലം കെട്ടുപോയവൻ), വിപ്രകൃതൻ, പാപകർമ്മാഭിഖ്യാതൻ (ദുഷ്പ്രവൃത്തികളാൽ പരസ്യമായവൻ), തുല്യദോഷദണ്ഡോദ്വിഗ്നൻ (തന്നെപ്പോലെ കുറ്റംചെയ്ത മറ്റൊരുവനെ ദണ്ഡിക്കുന്നതു കണ്ടു പേടിച്ചവൻ), പര്യാത്തഭൂമി (ഭൂമി പിടിച്ചടക്കിയവൻ), ദണ്ഡോപനതൻ (തടവിൽപ്പിടിച്ചു കൊണ്ടുവന്നവൻ), സർവ്വാധികരണങ്ങളിലും ഇരുന്നു ജോലിചെയ്തിട്ടു സഹസോപചിതാർത്ഥ (പെട്ടെന്നു വളരെ ധനം സമ്പാദിച്ചവൻ)നായിട്ടുള്ളവൻ, തൽകുലീനോപാശംസു (അപ്രകാരം ധനവാനായ ഒരാളുടെ മുതലിനെ പിന്തുടരുന്നവൻ), രാജപ്രദ്വിഷ്ടൻ, രാജദ്വേഷി (രാജാവിനെ ദ്വേഷിക്കുന്നവൻ) — ഇങ്ങനെയെല്ലാമിരിക്കുന്നവർ ഭീതവർഗ്ഗമാകുന്നു.

പരിക്ഷീണൻ (ധനമെല്ലാം നശിച്ചവൻ), അത്യാത്തസ്വൻ (അധികം ധനം കെട്ടിച്ചവൻ), കദര്യൻ (കൃപണൻ), വ്യസനി (ദുർവ്യസനമുള്ളവൻ), അത്യാഹിതവ്യവഹാരൻ (അതിരുകടന്ന ഇടപാടുള്ളവൻ) — ഇങ്ങനെയെല്ലാമിരിക്കുന്നവർ ലുബ്ധവർഗ്ഗമാകുന്നു.

ആത്മസംഭാവിതൻ (സ്വാഭിമാനി), മാനകാമൻ, ശത്രുപൂജാമർഷിതൻ (ശത്രുവിനെ മാനിച്ചതിൽ അമർഷമുള്ളവൻ), നീചൈരുപാഹിതൻ (താഴ്ന്നനിലയിൽ മാനിക്കപ്പെട്ടവൻ), തീക്ഷ്ണൻ (തീക്ഷ്ണസ്വഭാവൻ), സാഹസികൻ, ഭോഗാസന്തുഷ്ടൻ (സുഖമനുഭവിച്ചിട്ടു തൃപ്തിവരാത്തവൻ) — ഇങ്ങനെയെല്ലാമിരിക്കുന്നവർ മാനിവർഗ്ഗമാകുന്നു.

അവരിൽവെച്ചു യാതൊരുവൻ യാതൊരു കൃത്യപക്ഷത്തിൽ ഭക്തിയുള്ളവനോ അവനെ ആ പക്ഷത്തിൽപ്പെട്ട ഒരാളെന്ന നിലയിൽ മുണ്ഡജടിലവ്യഞ്ജനരായ ഗൂഢപുരുഷന്മാരെക്കൊണ്ടു ഭേദിപ്പിക്കണം. "മദാന്ധനായിട്ടുള്ള

ഒരാന മത്തനായ പാപ്പാനാൽ അധിഷ്ഠിതനാകുമ്പോഴം കണ്ട വസ്തുക്കളെല്ലാം മർദ്ദിക്കുന്നതെങ്ങനെയോ അങ്ങനെ, ശാസ്ത്രചക്ഷുസ്സില്ലായ്മയാൽ അന്ധനായ ഈ രാജാവ് പൌരജാനപദന്മാരെ ബാധിപ്പാനൊരുമ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തെപ്പിടിച്ചുനിർത്തുവാൻ ഒരു പ്രതിഹസ്തിയെ വരുത്തിയാലല്ലാതെ സാധിക്കയില്ല. അതുകൊണ്ട് ഇദ്ദേഹത്തോടു അമർഷം (അരിശം) ചെയ്താലും" എന്നിങ്ങനെ ക്രുദ്ധവർഗ്ഗത്തെ ഭേദിപ്പിച്ചു.

"ഭീതനായ ഒരു സർപ്പം ആരിൽനിന്നു തനിക്കു ഭയം വരുമെന്നു കാണുന്നുവോ അവങ്കൽ വിഷത്തെ വമിക്കുമല്ലോ. അപ്രകാരംതന്നെ നിന്റെ പേരിൽ ദോഷശങ്കയുള്ളവനായ ഈ രാജാവു നിങ്കൽ തീർച്ചയായും ക്രോധമാകുന്ന വിഷത്തെ വിസർജ്ജിക്കും. ആകയാൽ നീ മറെറാരേടത്തു പൊയ്ക്കൊൾക" എന്നിങ്ങനെ ഭീതവർഗ്ഗത്തെ ഭേദിപ്പിച്ചു.

"ശ്വഗണികളുടെ (നായാടികളുടെ) പശു നായ്ക്കൾക്കു മാത്രമേ കറക്കുകയുള്ളൂ, ബ്രാഹ്മണർക്കു കറക്കില്ല. അതുപോലെതന്നെ ഈ രാജാവു സത്വവും പ്രജ്ഞയും വാക്യശക്തിയുമില്ലാത്തവർക്കേ കറക്കുള്ളൂ (ധനംകൊടുക്കുള്ളൂ), ആത്മഗുണസമ്പന്നന്മാർക്കു ഒന്നും കൊടുക്കുകയില്ല. ഇന്ന രാജാവു പുരുഷവിശേഷമറിയുന്നവനാണ്. അദ്ദേഹത്തിന്റെ അടുക്കൽ പോയ്ക്കൊള്ളൂ" എന്നിങ്ങനെ ലുബ്ധവർഗ്ഗത്തെ ഭേദിപ്പിച്ചു.

"ചണ്ഡാലരുടെ ഉദപാനം (കിണറു) ചണ്ഡാലർക്കു മാത്രമേ ഉപയോഗയോഗ്യമാകയുള്ളൂ, മററുള്ളവർക്ക് ഉപയോഗിപ്പാൻ പാടില്ല. അപ്രകാരംതന്നെ നീചനായ ഈ രാജാവും നീചന്മാർക്കു മാത്രമേ ഉപഭോഗ്യൻ (സേവ്യൻ) ആകയുള്ളൂ, നിന്നെപ്പോലെയുള്ള ആര്യന്മാർക്കു സേവി

പ്പാൻ കൊള്ളില്ല. ഇന്ന രാജാവു പുരുഷവിശേഷമറിയുന്നവനാണ്; അദ്ദേഹത്തിൻെറ അടുക്കൽ പോയാലും." എന്നിങ്ങനെ മാനിവൎഗ്ഗത്തെ ഭേദിപ്പിപ്പൂ.

അവരങ്ങനെയെന്നായി-
സ്സംവദിച്ചാൽ സ്വശക്തിപോൽ
സത്യംചെയ്യിച്ചു തൻചാര-
രൊത്തു കാൎയ്യേഷു യോജയേൽ.
സാമദാനങ്ങൾകൊണ്ടന്യ-
നാട്ടിൽ കൃത്യരെ നേടണം;
അകൃത്യരെബ്ഭേദദണ്ഡാൽ
പരദോഷങ്ങൾ കാട്ടിയും.

കൌടില്യൻെറ അൎത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന
ഒന്നാമധികരണത്തിൽ, പരവിഷയത്തിലെ
കൃത്യാകൃത്യപക്ഷോപഗ്രഹമെന്ന പതിന്നാലാമദ്ധ്യായം.

---

## പതിനഞ്ചാം അദ്ധ്യായം.

### പതിനൊന്നാം പ്രകരണം.

### മന്ത്രാധികാരം.

സ്വപക്ഷങ്ങളുടേയും പരപക്ഷങ്ങളുടേയും ഉപഗ്രഹം (കീഴ്‌വരുത്തൽ) ചെയ്തതിന്നുശേഷം രാജാവു് കാൎയ്യാരംഭങ്ങളെക്കുറിച്ചു ചിന്തിക്കണം.

മന്ത്രം ചെയ്തതിന്നുശേഷമേ ഏതു കാൎയ്യവും ആരംഭിക്കാവൂ. മന്ത്രത്തിന്നുള്ള ഉദ്ദേശം (സ്ഥലം) സംവൃതവും, സംസാരിക്കുന്നതിനെ പുറത്തേക്കു സ്രവിപ്പിക്കാത്തതും, പക്ഷികളാൽക്കൂടി കാണ്മാൻ സാധിക്കാത്തതുമായിരിക്കണം. എന്തുകൊണ്ടെന്നാൽ, ശുകങ്ങ(തത്തകൾ)ളാലും

ശാരികക (മൈനകൾ) ളാലും ശുകങ്ങളാലും മററു തിൎയ്യഗ്യോനികളാലും മന്ത്രം ഭേദിക്കപ്പെട്ടതായി കേൾക്കുന്നുണ്ടു്. ആകയാൽ മന്ത്രോദ്ദേശത്തിൽ അനായുക്ത (മന്ത്രത്തിന്നായി വിളിക്കാത്തവൻ) നായിട്ടുള്ളവൻ പ്രവേശിക്കരുതു്. മന്ത്രഭേദം ചെയ്യുവനെ ഉച്ഛേദിച്ചു കളയണം

മന്ത്രഭേദം ദൂതന്റെയും അമാത്യന്റെയും ഇംഗിതാകാരങ്ങളെക്കൊണ്ടു സംഭവിക്കുന്നതാണ്. ഇംഗിതമെന്നാൽ അന്യഥാവൃത്തി (സ്വാഭാവികമല്ലാതുള്ള ചേഷ്ട) യാകുന്നു. ആകാരമെന്നാൽ ആകൃതിഗ്രഹണ (മുഖവൈവൎണ്ണ്യാദിവികാരം) വുമാകുന്നു.

മന്ത്രത്തിന്റെ സംവരണ (ഗോപനം) വും മന്ത്രത്തിൽ ആയുക്തന്മാരായ പുരുഷന്മാരുടെ രക്ഷണ (സൂക്ഷിക്കൽ) വും കാൎയ്യകാലം വരുന്നതുവരെ ചെയ്യേണ്ടതാകുന്നു. മന്ത്രത്തിൽ ഏൎപ്പെട്ടവൎക്കുണ്ടാകുന്ന പ്രമാദം (അനവധാനത), മദം, സുപ്തപ്രലാപം (ഉറക്കത്തിൽ പറയൽ), കാമം മുതലായവയാൽ ഉദ്ഭേദം (മന്ത്രഭേദം) സംഭവിക്കും. പ്രച്ഛന്നനായിരിക്കുന്നവനോ, അവമത (അവമാനിക്കപ്പെട്ടവൻ)നോ ആയ പുരുഷനും മന്ത്രത്തെ ഭേദിക്കുന്നു. ആയതുകൊണ്ടു് അവയിൽനിന്നെല്ലാം മന്ത്രത്തെ രക്ഷിക്കണം.

മന്ത്രഭേദമെന്നതു് രാജാവിന്റെയും അദ്ദേഹത്താൽ ആയുക്തന്മാരായ പുരുഷന്മാരുടേയും യോഗക്ഷേമങ്ങളെ കെടുക്കുന്നതാകുന്നു. ആയതുകൊണ്ടു് രാജാവു് ഗുഹ്യമാകുംവണ്ണം ഏകനായിരുന്നിട്ടു മന്ത്രിക്കണമെന്നു ഭാരദ്വാജൻ അഭിപ്രായപ്പെടുന്നു. മന്ത്രികൾക്കും ചില മന്ത്രികളുണ്ടാകും; അവൎക്കും മററു ചില മന്ത്രികൾ ഉണ്ടാകും. ഇങ്ങനെയുള്ള മന്ത്രിപരമ്പര മന്ത്രത്തെ ഭേദിക്കും.

ചെയ്യാൻ നിനച്ചിടും കൎമ്മ-
മൊന്നുമന്യൻ ഗ്രഹിക്കൊലാ
തുടങ്ങീട്ടോ കഴിഞ്ഞിട്ടോ
ചെയ്യാർ മാത്രം ഗ്രഹിച്ചിടാം.

ഏകനായിട്ടുള്ള മന്ത്രത്തിനു സിദ്ധിവരികയില്ലെന്നു വിശാലാക്ഷൻ. രാജവൃത്തി എന്നതു് പ്രത്യക്ഷത്തെയും പരോക്ഷത്തെയും അനുമാനത്തെയും ആശ്രയിച്ചിരിക്കുന്നതാണല്ലോ. അനുപലബ്ധത്തിന്റെ (അറിയാത്തതിന്റെ) ജ്ഞാനം, ഉപലബ്ധത്തിന്റെ നിശ്ചയം, നിശ്ചിതമായതിന്റെ ബലാധാനം, അൎത്ഥദ്വൈധത്തിങ്കൽ (ഇതോ അതോ ചെയ്യേണ്ടതെന്ന സംശയം വരുമ്പോഴത്തെ) സംശയച്ഛേദനം, ഏകദേശദൃഷ്ടമായതിന്റെ ശേഷോപലബ്ധി എന്നിതെല്ലാം മന്ത്രികളെക്കൊണ്ടു സാദ്ധ്യമായിട്ടുള്ളതാകുന്നു. ആകയാൽ ബുദ്ധിവൃദ്ധന്മാരായ മന്ത്രികളോടുകൂടി മന്ത്രത്തെ ചെയ്യണം.

അനാദരിക്കൊല്ലാരേയും,
കേൾക്കേണം സൎവ്വപക്ഷവും,
എടുക്കണം സാരവത്താം
വാക്യം ബാലൻ കഥിക്കിലും.

ഇതു മന്ത്രജ്ഞാനം മാത്രമാണു്, മന്ത്രരക്ഷണമല്ല എന്നു പരാശരശിഷ്യന്മാർ. രാജാവിനു് ഉദ്ദിഷ്ടമായ കാൎയ്യം എന്തോ അതിനു പ്രതിരൂപക (സദൃശം) മായുള്ള ഒരു കാൎയ്യത്തെ അദ്ദേഹം മന്ത്രിമാരോടു ചോദിപ്പൂ. "ഇന്നകാൎയ്യം ഇന്നവിധം കലാശിച്ചു, അല്ലെങ്കിൽ ഇന്നവിധം കലാശിക്കണം എങ്കിൽ എങ്ങനെ പ്രവൃത്തിക്കണം" എന്നു്. അവർ എങ്ങനെ പറയുമോ അങ്ങനെ പ്രവൃത്തിക്കയും ചെയ്യൂ. ഇപ്രകാരമായാൽ മന്ത്രോപലബ്ധിയും മന്ത്രസംവരണവും ഭവിക്കും.

അങ്ങനെയല്ലെന്നു പിശുനൻ. കാൎയ്യത്തെ വ്യവഹിതമാക്കി നടന്നതോ നടക്കാത്തതോ ആയ നിലയിൽ ചോദിച്ചാൽ മന്ത്രിമാർ അനാദരത്തോടുകൂടി മറുപടി പറകയോ, അല്ലെങ്കിൽ കാൎയ്യത്തെ പ്രകാശിപ്പിക്കുകയോ ചെയ്യും. അതു ദോഷമാണു. അതുകൊണ്ടു ഏതേതു കാൎയ്യങ്ങളിൽ ഏതേതാളുകളാണോ അഭിപ്രേതന്മാർ (സമ്മതന്മാർ) ആയിട്ടുള്ളതു് അവരോടുകൂടി മന്ത്രത്തെ ചെയ്യണം. അവരുമായി മന്ത്രിക്കുന്നതായാൽ രാജാവിനു മന്ത്രവൃദ്ധിയും മന്ത്രഗുപ്തിയും സിദ്ധിക്കും.

അങ്ങനെയല്ലെന്നാണു കൌടില്യമതം. അപ്രകാരം ചെയ്താൽ അനവസ്ഥാദോഷം നേരിടും. ആകയാൽ മൂന്നോ നാലോ മന്ത്രികളോടുകൂടിവേണം മന്ത്രിക്കുവാൻ. എന്തുകൊണ്ടെന്നാൽ, ഒരാളോടു മാത്രം മന്ത്രിക്കുന്നതായാൽ അൎത്ഥകൃച്ഛ്രങ്ങൾ (അൎത്ഥസങ്കടങ്ങൾ) വരുന്നിടത്തു നിശ്ചയം വരില്ല. ഒരു മന്ത്രിയേ ഉള്ളുവെങ്കിൽ അവൻ തന്റെ ഇഷ്ടംപോലെ യാതൊരു തടസ്ഥവും കൂടാതെ പ്രവൃത്തിക്കയും ചെയ്യും. രണ്ടുപേരോടുകൂടി മന്ത്രിക്കുന്ന രാജാവിനെ അവരിരുവരുംകൂടി യോജിച്ചാൽ വശീകരിക്കും; ഇരുവരും തമ്മിൽ വിരോധമായാലോ നശിപ്പിക്കയും ചെയ്യും. മൂന്നോ നാലോ മന്ത്രികളുണ്ടെങ്കിൽ അങ്ങനെയുള്ള മഹാദോഷം നൈകാന്ത(ദുർല്ലഭ)മായും വളരെപ്പണിപ്പെട്ടും മാത്രമേ സംഭവിക്കുകയുള്ളു. സംഭവിച്ചാൽത്തന്നെയും ദോഷം ഉപപന്ന (പരിഹാരോപായമുള്ളതു്)മായി ഭവിക്കയും ചെയ്യും. നാലിലധികം പേർ മന്ത്രിമാരുണ്ടായാൽ അൎത്ഥനിശ്ചയം വളരെ ക്ലേശിച്ചേ വരികയുള്ളു. മന്ത്രത്തെ രക്ഷിക്കുന്നതിനും വളരെ ക്ലേശിക്കേണ്ടിവരും. ആകയാൽ ദേശത്തിനും കാലത്തിനും കാൎയ്യത്തിനും തക്കവണ്ണം ഒരു മന്ത്രിയോടുകൂടിയോ

രണ്ടുപേരോടുകൂടിയോ ഏകനായിട്ടോ തന്റെ സാമർത്ഥ്യം പോലെ മന്ത്രിക്കേണ്ടതാണ്.

കാര്യങ്ങളുടെ ആരംഭോപായം, പുരുഷദ്രവ്യസമ്പത്തു, ദേശകാലവിഭാഗം, വിനിപാതപ്രതീകാരം, കാര്യസിദ്ധി എന്നിങ്ങനെ അഞ്ചംഗങ്ങളോടുകൂടിയതാണ് മന്ത്രം. അവയെ മന്ത്രികളോടോരോരുത്തരോടായും എല്ലാവരോടും കൂടിയും ചോദിക്കണം. ഓരോരുത്തരുടേയും മതത്തെ കാരണങ്ങളെക്കൊണ്ടു പര്യാലോചിച്ചിട്ടു ഗ്രഹിക്കുകയും വേണം. അവാപ്താർത്ഥനായാൽ (കാര്യത്തിലെത്തിയാൽ) പിന്നെ കാലത്തെ അതിക്രമിക്കരുത്. വളരെദ്ദീർഘമായ കാലം മന്ത്രിക്കരുത്. താനാരോട്ട് അപകാരം ചെയ്യാൻ വിചാരിക്കുന്നതാണോ അവരുടെ പക്ഷക്കാരോടും രാജാവ് മന്ത്രിക്കരുത്.

മന്ത്രിപരിഷത്തിൽ പന്ത്രണ്ടമാത്യന്മാരെ നിശ്ചയിക്കേണമെന്ന് മനുശിഷ്യന്മാർ; പതിനാറുപേരെയാണ് വേണ്ടതെന്നു ബൃഹസ്പതിശിഷ്യന്മാർ; ഇരുപതുപേർ വേണമെന്നു ശുക്രശിഷ്യന്മാർ; തന്റെ സാമർത്ഥ്യത്തിനു തക്കവണ്ണമെന്നു കൌടില്യമതം.

ആ മന്ത്രിമാർ രാജാവിന്റെ സ്വപക്ഷത്തേയും പരപക്ഷത്തേയും കുറിച്ചു ചിന്തിക്കണം. കാര്യങ്ങളുടെ അകൃതാരംഭം (ചെയ്തിട്ടില്ലാത്തതു ആരംഭിക്കുക), ആരബ്ധാനുഷ്ഠാനം, അനുഷ്ഠിതവിശേഷം (ചെയ്തു കഴിഞ്ഞതിനുവിശേഷസംസ്കാരങ്ങൾ വരുത്തുക), നിയോഗസമ്പത്ത് (രക്ഷാവിധി) എന്നിവയെല്ലാം മന്ത്രികൾ ചെയ്യണം. രാജാവു തന്റെ അടുത്തുള്ള മന്ത്രികളോടുകൂടി കാര്യങ്ങൾ നോക്കണം. അടുത്തില്ലാത്തവരുമായി പത്രസംപ്രേഷണം മുഖേന മന്ത്രിക്കുകയും വേണം.

ഇന്ദ്രന്റെ മന്ത്രിസഭ ആയിരം ഋഷിമാർ ചേർന്നിട്ടു

ള്ളതാകുന്നു. ആവരാണ് അദ്ദേഹത്തിന്റെ കണ്ണുകൾ. അതുകൊണ്ടാണ്, വാസ്തവത്തിൽ ദ്വ്യക്ഷ (രണ്ടുകണ്ണുള്ളവൻ) നായ ഇന്ദ്രനെ സഹസ്രാക്ഷൻ എന്നു പറയുന്നതു്.

ആത്യയികമായ കാൎയ്യം വരുമ്പോൾ രാജാവു് മന്ത്രികളേയും മന്ത്രിപരിഷത്തിനേയും വിളിച്ചുകൂട്ടി സംസാരിക്കണം. അതിൽവച്ചു യാതൊന്നിനെ ഭൂയിഷ്ഠന്മാർ (ഭൂരിപക്ഷക്കാർ) കാൎയ്യസിദ്ധികരമായി പറയുമോ അതു് അനുഷ്ഠിക്കുകയും വേണം. അനുഷ്ഠിക്കുമ്പോൾ,

തൻഗുഹ്യം പരർ കാണൊല്ലാ,
താൻ കാണ്മു പരഗുഹ്യവും;
മൂടണം തൻതുറന്നുള്ളൊ-
രംഗത്തെക്കൂൎമ്മമെന്നപോൽ.
സജ്ജനത്തിൻ ശ്രാദ്ധമുണ്മാ-
നശ്രോത്രിയനനർഹനാം;
അതുപോൽശ്ശാസ്ത്രം ഗ്രഹിക്കാത്തോൻ
മന്ത്രം കേൾപ്പാനനർഹനാം.

കൗടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, മന്ത്രാധികാരമെന്ന പതിനഞ്ചാമദ്ധ്യായം.

---

# പതിനാറാം അദ്ധ്യായം.

---

## പന്ത്രണ്ടാം പ്രകരണം.

## ദൂതപ്രണിധി.

മന്ത്രത്തെ ഉദ്ധാരണം (നിൎദ്ധാരണം) ചെയ്തതിനു ശേഷം ദൂതപ്രണിധിയെ ചെയ്യേണ്ടതാകുന്നു.

അമാത്യസമ്പത്തു തികഞ്ഞ ദൂതൻ നിസൃഷ്ടാൎത്ഥൻ (കാൎയ്യങ്ങൾ യുക്തംപോലെ പറവാൻ അധികാരമുള്ളവൻ) ആകുന്നു. അതിൽ നാലിലൊന്നു ഗുണംകുറഞ്ഞവൻ പരിമിതാൎത്ഥൻ (രാജാവിന്റെ കാൎയ്യം ക്ലിപ്തമായി ഏല്പിക്കപ്പെട്ടവൻ); പകുതി ഗുണങ്ങൾ കുറഞ്ഞവൻ ശാസനഹരൻ (ശാസനപത്രം കൊണ്ടുപോകുന്നവൻ).

യാത്രയ്ക്കു വേണ്ടുന്ന യാനം, വാഹനം, പുരുഷന്മാർ, പരിവാപം (ഉപകരണം) എന്നിവ വേണ്ടവിധം ഒരുക്കൂട്ടി തയ്യാറാക്കിയതിന്നുശേഷം ദൂതൻ പുറപ്പെടണം. "സ്വാമിയുടെ ശാസനം പരനോട് ഇന്നവിധം പറയണം; അവൻ ഇന്നപ്രകാരം മറുപടി പറയും; അതിന്നു ഇന്നതാണ് പ്രതിവാക്യം; ഇന്നവിധം പറഞ്ഞു പരനെ വഞ്ചിക്കണം" എന്നിങ്ങനെ പഠിച്ചുറപ്പിച്ചുംകൊണ്ടുവേണം പോകുവാൻ. പരവിഷയത്തിലെ അടവീപാലന്മാർ, അന്തപാലന്മാർ, പുരമുഖ്യന്മാർ, രാഷ്ട്രമുഖ്യന്മാർ എന്നിവരുമായി ദൂതൻ പ്രതിസംസൎഗ്ഗ (മൈത്രി) ത്തെ പ്രാപിക്കണം. അവിടെ തന്റെയും പരന്റെയും സൈന്യങ്ങൾക്കു സ്ഥാനം (നിവേശം), യുദ്ധപ്രതിഗ്രഹം (യുദ്ധംചെയ്യൽ), അപസാരം (മാറിപ്പോകൽ) എന്നിവയ്ക്കുള്ള ഭൂമികളെ ദൂതൻ നോക്കി മനസ്സിലാക്കണം. ദുൎഗ്ഗരാഷ്ട്രങ്ങളുടെ പ്രമാണത്തേയും സാരം, വൃത്തി, ഗുപ്തി, ഛിദ്രം എന്നിവയേയും ദൂതൻ അറിയണം.

പരാധിഷ്ഠാനത്തിങ്കൽ അനുവാദം വാങ്ങിയിട്ടുവേണം ദൂതൻ പ്രവേശിക്കുവാൻ. പ്രവേശിച്ചാൽ പ്രാണാപായം വരുമെന്നു കണ്ടാൽക്കൂടിയും സ്വാമിശാസനത്തെ അദ്ദേഹം കല്പിച്ചതുപോലെ പറയുകയും വേണം. വാക്കിലും മുഖത്തും ദൃഷ്ടിയിലുമുള്ള പ്രസാദം, വാക്യപൂജനം, ഇഷ്ടപരിപ്രശ്നം (കുശലപ്രശ്നം), ഗുണകഥാസംഗം, ആസന്നാസ

നം (അരികത്തിരുത്തുക), സൽക്കാരം, ഇഷ്ടകാൎയ്യത്തിൽ സ്മരണം, വിശ്വാസപ്രാപ്തി എന്നിവ പരൻ സന്തുഷ്ടനായാലത്തേയും ഇതിന്റെ വൈപരീത്യം അതുഷ്ടനായാലുത്തേയും ലക്ഷണമാകുന്നു. അതുഷ്ടനായ ശത്രുവിനോട് ദൂതൻ ഇങ്ങനെ പറയൂ:—“ദൂതമുഖന്മാരാണ് രാജാക്കന്മാർ. ഇവിടുന്നും മറ്റു രാജാക്കന്മാരും ഇതിൽ സമന്മാരാണ്. അതുകൊണ്ടു ദൂതന്മാർ ആയുധങ്ങളോങ്ങിക്കൊണ്ടുകൂടിയും യഥോക്തമായതിനെപ്പറയണം. അവരിൽ വച്ച് അന്താവസായിക (ചണ്ഡാലന്മാർ) ളായിട്ടുള്ളവർക്കുകൂടിയും അവധ്യരത്രെ. ബ്രാഹ്മണരായാലോ പിന്നെ പറയേണ്ടതുമില്ലല്ലൊ. പരന്റെ വാക്കാണ് ഇതു്. ഇതു ദൂതധൎമ്മമാകുന്നു.”

തന്നെ വിട്ടയയ്ക്കാതിരിക്കുന്നിടത്തോളംകാലം ദൂതൻ പരസന്നിധിയിൽ വസിക്കണം. പൂജ ചെയ്താൽ അഹങ്കരിക്കരുതു്. പരന്മാരിൽ ബലിത്വം വിചാരിക്കരുതു്. അനിഷ്ടവാക്യത്തെ സ്സഹിക്കണം. സ്ത്രീകളേയും മദ്യത്തേയും വൎജ്ജിക്കണം. ഏകനായിട്ടു ഉറങ്ങാവൂ. എന്തുകൊണ്ടെന്നാൽ, സുപ്തന്മാരും മത്തന്മാരുമായിട്ടുള്ളവരുടെ അന്തൎഗ്ഗതങ്ങൾ പരന്മാർ മനസ്സിലാക്കുന്നതായിക്കണ്ടിട്ടുണ്ടു്.

കൃത്യപക്ഷങ്ങളുടെ ഉപജാപം, അകൃത്യപക്ഷങ്ങളിൽ ഗൂഢപ്രണിധാനം, പ്രകൃതികൾക്കു സ്വാമിയുടെ പേരിലുള്ള രാഗാപരാഗങ്ങൾ, രന്ധ്രം എന്നിവ താപസവൈദേഹകവ്യഞ്ജനന്മാർ വഴിക്കു ദൂതൻ മനസ്സിലാക്കണം. അല്ലെങ്കിൽ അവരുടെ അന്തേവാസികളായ ചികിത്സകവ്യഞ്ജനന്മാർ, പാഷണ്ഡവ്യഞ്ജനന്മാർ എന്നിവർ വഴിക്കോ ഉഭയവേതനന്മാർ വഴിക്കോ അവയറിയണം. അവയ്ക്കു സംസാരിപ്പാൻ തരപ്പെടാത്തപക്ഷം അവർ യാചകന്മാരായും മത്തന്മാരായും ഉന്മത്തന്മാരായും സുപ്തന്മാരായും ചെയ്യു

ന്ന പ്രലാപങ്ങളെക്കൊണ്ടൊ പുണ്യസ്ഥാനങ്ങളിലും ദേവ ഗൃഹങ്ങളിലുമുള്ള ചിത്രങ്ങൾ, സംജ്ഞാക്ഷരങ്ങൾ എന്നിവ കൊണ്ടൊ ചാരമറിയണം. അറിഞ്ഞാൽ അതിന്നു തക്കവ ണ്ണം ഉപജാപം പ്രയോഗിക്കുകയും ചെയ്യണം.

പരൻ തന്റെ പ്രകൃതികളുടെ പരിമാണത്തെപ്പററി ചോദിച്ചാൽ ദൂതൻ അതു പറയരുത്. "എല്ലാം ഇവി ടേയ്ക്കുററിവുണ്ട്" എന്നേ പറയാവൂ. അല്ലാത്തപക്ഷം കാ ൎയ്യസിദ്ധിക്കു തക്കവിധം പറയണം.

കാൎയ്യം സാധിക്കാതെ തന്നെ തടഞ്ഞുനിൎത്തുന്നതാ യാൽ ദൂതൻ ഇങ്ങനെ ശങ്കിക്കണം — "എന്റെ സ്വാമി ക്കു വ്യസനം ആസന്നമായെന്നു കണ്ടിട്ടോ, തന്റെ വ്യസ നത്തെ പരിഹരിപ്പാൻ കരുതിയിട്ടോ, പാൎഷ്ണിഗ്രാഹ (ശത്രുമിത്രം) നേയോ ആസാര (ശത്രുമിത്രമിത്രം) നേ യൊ പുറപ്പെടുവിപ്പാൻ മോഹിച്ചിട്ടോ, അന്തഃകോപമു ളവാക്കുവാനോ ആടവികനെ പട പുറപ്പെടുവിപ്പാനോ ആഗ്രഹിച്ചിട്ടോ, മിത്രത്തെയൊ ആക്രന്ദ (പൃഷ്ഠതോമി ത്രം) നെയോ ഹനിപ്പാൻ വിചാരിച്ചിട്ടോ, തനിക്കു പര നോടുള്ള വിഗ്രഹത്തേയോ അന്തഃകോപത്തേയോ ആട വികനേയോ പരിഹരിപ്പാനുദ്ദേശിച്ചിട്ടോ, സ്വാമിയുടെ സംസിദ്ധമായ യാത്രാകാലത്തെത്തടയുവാൻ കരുതിയി ട്ടോ, സസ്യകുപ്യപണ്യദ്രവ്യങ്ങൾ സംഗ്രഹിക്കുവാനോ ബ ലസമുത്ഥാനം ചെയ്യാനോ ആഗ്രഹിച്ചിട്ടോ, തന്റെ സൈന്യങ്ങൾക്കു എതിരിടുവാൻ പററിയ ദേശകാലങ്ങ ളെ പ്രതീക്ഷിച്ചിട്ടോ, എന്റെ പേരിൽ വല്ല അനാദര മോ സന്തോഷമോ തോന്നിയിട്ടോ, സംസൎഗ്ഗാനുബന്ധ ങ്ങളെ കാംക്ഷിച്ചിട്ടോ, എന്തുകൊണ്ടായിരിക്കും ഇദ്ദേഹം എന്നെ ഉപരോധിക്കുന്നതു ?"

ഉപരോധത്തിനുള്ള കാരണമറിഞ്ഞാൽ പിന്നെ

പാൎക്കുകയൊ ഒഴിഞ്ഞുപോരികയൊ ചെയ്യാം. ഇഷ്ടമായ വല്ല പ്രയോജനവുമുണ്ടെന്നു കണ്ടാൽ താമസിക്കണം. അനിഷ്ടമായ സ്വാമിശാസനം പറഞ്ഞതുകൊണ്ടു ബന്ധമോ വധമൊ വരുമെന്നു ഭയം തോന്നുന്നപക്ഷം, പരൻ വിട്ടയയ്ക്കാതിരിക്കിലും, ദൂതൻ മടങ്ങിപ്പോരണം. ഇല്ലെങ്കിൽ ബന്ധനത്തിൽപ്പെട്ടേക്കും.

പ്രേഷണം, സന്ധി പാലിക്ക,
പ്രതാപം, മിത്രസംഗ്രഹം,
ഉപജാപം, മിത്രഭേദം,
ഗൂഢദണ്ഡപ്രവേശനം,

ഹരിക്ക ബന്ധുരത്നങ്ങൾ,
ചാരജ്ഞാനം, പരാക്രമം,
സമാധിയെ വിമോചിക്ക,
യോഗങ്ങൾ നിറവേറുക—

ഇച്ചൊന്നതത്ര ദൂതന്റെ
കൎമ്മം ശാസ്ത്രജ്ഞസമ്മതം.
സ്വദൂതരെക്കൊണ്ടിവയെ-
ച്ചെയ്യിക്കേണമതേവിധം

പ്രതിദൂതാപസൎപ്പന്മാർ
പ്രയോഗിക്കുന്നതൊക്കെയും
ഗൂഢാഗൂഢചരദ്വാരാ
നൃപൻ സൂക്ഷിച്ചു കാക്കണം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന**
**ഒന്നാമധികരണത്തിൽ, ദൂതപ്രണിധി എന്ന**
**പതിനാറാമദ്ധ്യായം.**

# പതിനേഴാം അദ്ധ്യായം

## പതിമൂന്നാം പ്രകരണം

## രാജപുത്രരക്ഷണം.

രക്ഷിതനായ രാജാവു് ആസന്നന്മാരിൽനിന്നും പരന്മാരിൽനിന്നും രക്ഷിക്കണം. ഒന്നാമതു ദാരങ്ങളിൽനിന്നും പുത്രന്മാരിൽനിന്നുമാണു രാജാവിനു രക്ഷ വേണ്ടതു്. ദാരരക്ഷണം നിശാന്തപ്രണിധിയിൽ പറയുന്നതാണു്. പുത്രരക്ഷണം ഇവിടെ പറയാം.

ജനനംമുതൽക്കുതന്നെ രാജപുത്രന്മാരെ രക്ഷിക്കണം. എന്തുകൊണ്ടെന്നാൽ, രാജപുത്രന്മാർ ഞണ്ടുകളെപ്പോലെ ജനകനെ ഭക്ഷിക്കുന്നവരാണു്. അവരുടെ പേരിൽ പിതാവിനു സ്നേഹമുറയ്ക്കുന്നതിനുമുമ്പെ ഉപാംശുദണ്ഡം (ഗൂഢവധം) ചെയ്യുകയാണു് നല്ലതെന്നു് ഭാരദ്വാജൻ പറയുന്നു.

ഇതു നൃശംസവും അദൃഷ്ടവധവും ക്ഷത്രബീജത്തിന്റെ വിനാശവുമാണെന്നു വിശാലാക്ഷൻ. അതിനാൽ അവരെ ഒരു സ്ഥാനത്തു് അവരോധിക്കുകയാണു് ഭേദം.

അഹിഭയമാണിതെന്നു പരാശരശിഷ്യന്മാർ. എന്തുകൊണ്ടെന്നാൽ, വിക്രമഭയത്താലാണു് പിതാവു തന്നെ രോധിക്കുന്നതെന്നു വിചാരിച്ചു കുമാരൻ അടുക്കൽവച്ചു തന്നെ വിക്രമത്തെ ചെയ്യുക്കും. അതുകൊണ്ടു് അന്തപാലദുർഗ്ഗത്തിൽ പാർപ്പിക്കുന്നതാണു് നല്ലതു്.

* ഔരഭ്രഭയമാണിതെന്നു പിശുനൻ. എന്തുകൊണ്ടെന്നാൽ, അതുതന്നെ പ്രത്യാപത്തി (സമീപപ്രാപ്തി) ക്കു കാരണമായിക്കരുതിയിട്ടു രാജപുത്രൻ അന്തപാലനെ ബന്ധു

* ഔരഭ്രമെന്നാൽ മുട്ടനാടു്. അതിൽനിന്നെന്നപോലെയുള്ള ഭയം ഔരഭ്രഭയം; മുട്ടുവാൻ ഇടയുന്ന ഉരഭ്രത്തിന്റെ പിന്നോട്ടുള്ള ഗതി പ്രതിപക്ഷിയുടെ സമീപപ്രാപ്തിക്കുള്ള ലക്ഷണമാണു്.

വായിക്കും. ആകയാൽ സ്വദേശത്തുനിന്നകന്നുള്ള സാമന്തന്റെ കോട്ടയിൽ പാർപ്പിക്കുന്നതാണു നല്ലതു്.

വത്സസ്ഥാനമാണിതെന്നു കൗണപദന്തൻ. ഇങ്ങനെ ചെയ്താൽ വത്സനെക്കൊണ്ടു പശുവിനെക്കറക്കുന്നതുപോലെ സാമന്തൻ ഇവന്റെ പിതാവിനെ കറക്കും. അതുകൊണ്ടു രാജപുത്രനെ മാതൃബന്ധുക്കളുടെ വശത്തിൽ വസിപ്പിക്കുകയാണു ഭേദം.

ധ്വജസ്ഥാനമാണിതെന്നു വാതവ്യാധി. എന്തുകൊണ്ടെന്നാൽ, ധ്വജത്തെക്കാട്ടി അദിതിയും കൗശികനുമെന്നപോലെ ഇവനെക്കാട്ടി മാതൃബന്ധുക്കൾ ഭിക്ഷ യാചിച്ചുതുടങ്ങും. അതിനാൽ രാജപുത്രനെ ഗ്രാമ്യധർമ്മങ്ങളിൽ ആസംഗിപ്പിക്കുകയാണു വേണ്ടതു്. സുഖത്താൽ ഉപരുദ്ധന്മാരായ പുത്രന്മാർ പിതാവിനെ ദ്രോഹിക്കുകയില്ല.

ജീവമരണമാണിതെന്നു കൗടില്യമതം. എന്തുകൊണ്ടെന്നാൽ, അവിനീതനായ പുത്രനോടുകൂടിയ രാജകുലം, ഘുണജഗ്ദ്ധമായ മരമെന്നപോലെ, പരന്മാർ ആക്രമിക്കുമ്പോഴേക്കു മുറിഞ്ഞുപോകും. ആയതിനാൽ രാജമഹിഷി ഋതുമതിയാകുമ്പോൾ ഋത്വിക്കുകൾ ഇന്ദ്രനും ബൃഹസ്പതിയും ദേവതയായിട്ടുള്ള ഹവിസ്സിനെ ഹോമിക്കണം *; ഗർഭിണിയാകുമ്പോൾ കൗമാരഭൃത്യൻ (ബാലവൈദ്യൻ) ഗർഭരക്ഷയ്ക്കും സുഖപ്രസവത്തിനും വേണ്ടുന്ന പ്രയത്നം ചെയ്യണം; പ്രസവിച്ചാൽ പുരോഹിതൻ പുത്രസംസ്കാരത്തെച്ചെയ്യണം; പുത്രൻ അദ്ധ്യയനത്തിനു സമർത്ഥനായിത്തീർന്നാൽ നിപുണന്മാരായ ആചാര്യന്മാർ വിനയിക്കുകയും ചെയ്യണം.

---

* ഐശ്വര്യപ്രതാപാദികളുണ്ടാവാൻ ഇന്ദ്രനേയും ബുദ്ധിയും വിദ്യയും സിദ്ധിപ്പാൻ ബൃഹസ്പതിയേയും ഉദ്ദേശിച്ചു യജനഹോമം ചെയ്യേണമെന്നു സാരം.

സത്രികളിലൊരുവൻ രാജകുമാരനെ മൃഗയ, ദ്യൂതം, മദ്യം, സ്ത്രീ എന്നിവയിലേപ്പെടുവാനും പിതാവിന്റെ നേരെ വിക്രമിച്ചു രാജ്യം കൈക്കലാക്കുവാനും പ്രലോഭിപ്പിക്കേണമെന്നും, അതിനെ മറെറാരു സത്രി പ്രതിഷേധിക്കേണമെന്നും ആംഭീയന്മാർ അഭിപ്രായപ്പെടുന്നു.

ബോധമില്ലാത്തവരെ അങ്ങനെ ബോധിപ്പിക്കുന്നതു മഹാദോഷമാണെന്നു കൌടില്യമതം. നവമായ ദ്രവ്യത്തെ ഏതേതു വസ്തുക്കളെക്കൊണ്ടു ലേപിക്കുന്നുവോ അവയെയെല്ലാം അതു ചൂഷണംചെയ്യും. അതുപോലെ നവബുദ്ധിയായ രാജപുത്രനും അവനോടെന്തുപറയുന്നുവോ അതിനെയെല്ലാം ശാസ്ത്രോപദേശംപോലെ സ്വീകരിക്കും. ആകയാൽ ധർമ്മവുമർത്ഥവും മാത്രമേ അവനുപദേശിക്കാവൂ; അധർമ്മവുമനർത്ഥവും ഉപദേശിക്കരുതു്.

സത്രികളാകട്ടെ "ഇവിടുത്തെ ആളുകളാണു ഞങ്ങൾ" എന്നു പറഞ്ഞുംകൊണ്ടു രാജപുത്രനെ പാലിക്കേണം. യൌവനത്തിളപ്പുകൊണ്ടു രാജപുത്രൻ പരസ്ത്രീകളിൽ മനസ്സുവെക്കുന്നതായാൽ അശുചികളും ആര്യവ്യഞ്ജനകളുമായ സ്ത്രീകളെക്കൊണ്ടു രാത്രിയിൽ, ശൂന്യഗൃഹങ്ങളിൽവച്ചു് അവനെ ഭയപ്പെടുത്തിക്കണം; മദ്യകാമനായാൽ യോഗപാനം കൊടുത്ത് ഉദ്വേഗം ജനിപ്പിക്കണം; ദ്യൂതകാമനായാൽ കാപടികപുരുഷന്മാരെക്കൊണ്ടു ഉദ്വേജിപ്പിക്കണം; മൃഗയാകാമനായാൽ പ്രതിരോധക (ചോര) വ്യഞ്ജനന്മാരെക്കൊണ്ടു ഭയപ്പെടുത്തിക്കണം; പിതാവിന്റെ നേരെ വിക്രമിപ്പാൻ ബുദ്ധി പോകുന്നതായാൽ "അങ്ങനെയാകട്ടെ" എന്നു പറഞ്ഞ് അവന്റെ പക്ഷത്തിൽച്ചേന്നു "അപ്രാർത്ഥനീയ (ആക്രമിപ്പാൻ കഴിയാത്തവൻ) നാണു രാജാവു്. ശ്രമം വിപന്നമായാൽ വധം നിശ്ചയം; സമ്പന്നമായാൽ നരകപാതവും സംക്രോശവും വരും.

പ്രച്ഛന്നം ഏകഷ്ഠീലാവധം (മൺകട്ടകൊണ്ടെറിഞ്ഞു കൊല്ലൽ) ചെയ്യാറൊന്നാം വരാം” എന്നു പറഞ്ഞു ഭേദിപ്പിക്കണം.

വിരാഗനും പ്രിയനുമായിട്ടുള്ള ഏകപുത്രനെ രാജാവു ബന്ധനത്തിൽ വയ്ക്കണം. ബഹുപുത്രനാണ് രാജാവെങ്കിൽ വിരാഗനായിട്ടുള്ളവനെ പ്രത്യന്തദേശത്തേക്കോ, ഗർഭസ്ഥനായോ ഷണ്ഡനായോ ജാതനായോ ഒരു ശിശുവില്ലാത്ത അന്യവിഷയത്തിലേക്കോ അയയ്ക്കുകയും ചെയ്യാം. എന്നാൽ ആത്മസമ്പന്നനായ പുത്രനെ സേനാപതിസ്ഥാനത്തോ യുവരാജപദവിയിലോ ഇരുത്തുകയും വേണം.

ബുദ്ധിമാൻ, ആഹാര്യബുദ്ധി, ദുർബുദ്ധി എന്നിങ്ങനെ പുത്രഭേദങ്ങൾ. പഠിപ്പിച്ചാൽ ധർമ്മാർത്ഥങ്ങളെ ധരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നവൻ ബുദ്ധിമാൻ; ധരിച്ചാലും അനുഷ്ഠിക്കാത്തവൻ ആഹാര്യബുദ്ധി; അപായനിത്യനും ധർമ്മാർത്ഥദ്വേഷിയുമായിട്ടുള്ളവൻ ദുർബുദ്ധി. അങ്ങനെയുള്ളവൻ രാജാവിന്ന് ഏകപുത്രനാണെങ്കിൽ അദ്ദേഹം അവനൊരു പുത്രനുണ്ടാകുവാൻ പ്രയത്നിക്കണം. അല്ലെങ്കിൽ പുത്രികാപുത്രന്മാരെ * ഉൽപാദിപ്പിക്കണം. വൃദ്ധനോ വ്യാധിതനോ ആണ് രാജാവെങ്കിൽ മാതൃബന്ധു, കുല്യൻ, ഗുണവാനായ സാമന്തൻ എന്നിവരിൽ ഒരുവനെക്കൊണ്ട് ക്ഷേത്രത്തിൽ ബീജോൽപാദനം ചെയ്യണം. എങ്ങനെയായാലും അവിനീതനായിട്ടുള്ള ഏകപുത്രനെ രാജ്യത്തിൽ സ്ഥാപിക്കരുത്'.

* പുത്രികാപുത്രന്മാർ—“അസ്യാം യോജായതേപുത്രഃ സമേപുത്രോഭവിഷ്യതി” (ഇവളിലുണ്ടാകുന്ന പുത്രൻ എനിക്ക് പുത്രനായിരിക്കും) എന്നു നിശ്ചയിച്ചു വിവാഹംചെയ്തു കൊടുത്ത പുത്രിയിൽ ഉണ്ടാകുന്ന പുത്രന്മാർ.

പലപുത്രരിൽവാഴച്ചകൻ-
തന്നെ രോധിക്കണം നൃപൻ;
വാഴേണം പുത്രഹിതനാ-
യാപത്തില്ലാതിരിക്കുകിൽ.
പുത്രരിൽ ജ്യേഷ്ഠനായുള്ളാൻ
രാജ്യം വാഴുന്നതുത്തമം;
അല്ലെന്നാകിൽക്കുലത്തിനു
രാജ്യം കല്പിച്ചു നൽകിടാം.
കുലസംഘാതം വാഴുന്നീടിൽ
മാററാരററാൽ ഹലിച്ചിടാ,
വരാ രാജവ്യസനാദ്യ-
മരാജതപ്പുമാന്നിടാ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, രാജപുത്രരക്ഷണമെന്ന പതിനേഴാമദ്ധ്യായം.**

---

## പതിനെട്ടാം അദ്ധ്യായം.

### പതിനാലും പതിനഞ്ചും പ്രകരണങ്ങൾ.

### അവരുദ്ധവൃത്തവും, അവരുദ്ധങ്കലുള്ള വൃത്തിയും.

കൃച്ഛ്രവൃത്തിയായ രാജപുത്രൻ തനിക്കനുരൂപമല്ലാത്ത ജോലിയിൽ നിയുക്തനായാൽ, അതുകൊണ്ടു പ്രാണാബാധമോ പ്രകൃതികോപമോ പാതകമോ വരാനിടയില്ലാത്ത പക്ഷം, പിതാവിനെ അനുസരിച്ചു നടക്കണം. പുണ്യമായ ജോലിയിൽ നിയുക്തനായാൽ അതു നടത്തുവാൻ ഒരു പുരുഷനെ പിതാവിനോടു യാചിച്ചു വാങ്ങണം. അവനാൽ അധിഷ്ഠിതനായിട്ടു പിതാവിന്റെ ആദേശത്തെ സവിശേഷം അനുഷ്ഠിക്കുകയും, അതിൽനിന്നുള്ള അഭിരൂ

പമായ ഫലവും ഔപായനികമായുണ്ടാകുന്ന ലാഭവും പിതാവിന്നു സമർപ്പിക്കുകയും ചെയ്യണം. ഇങ്ങനെ ചെയ്തിട്ടും പിതാവു സന്തോഷിക്കാതിരിക്കയും മറെറാരു പുത്രങ്കലോ ദാരങ്ങളിലോ അധികം സ്നേഹിക്കുകയും ചെയ്യുന്നതായാൽ അനുഗ്രഹത്തോടു രാജപുത്രൻ ആരണ്യത്തിലേക്കു പോകാനനുവാദം ചോദിക്കണം.

പിതാവിങ്കൽനിന്നു തനിക്കു ബന്ധനമോ വധമോ ഭവിക്കുമെന്നു ഭയം തോന്നിയാൽ ന്യായവൃത്തിയും ധാർമ്മികനും സത്യവാദിയും അവിസംവാദിയും ആശ്രയിച്ചവരെ സ്വീകരിച്ചു മാനിക്കുന്നവനുമായിട്ടുള്ള സാമന്തനെ ആശ്രയിക്കണം. അങ്ങനെ ഇരുന്നുംകൊണ്ടു കോശദണ്ഡങ്ങളെ സമ്പാദിച്ചിട്ടു, പ്രവീരനായ ഒരു പുരുഷനുമായിട്ടു കന്യകാസംബന്ധവും ആടവീവാസികളായിട്ടു സഖ്യവും ചെയ്കയും പിതാവിന്റെ നാട്ടിലുള്ള കൃത്യപക്ഷങ്ങളെ ഉപഗ്രഹിക്കുകയും ചെയ്യണം.

രാജപുത്രൻ ഏകചരനാകിൽ സ്വർണ്ണപാകം, മണിരാഗം എന്നിവ ചെയ്തോ സ്വർണ്ണവും വെള്ളിയും കച്ചവടം ചെയ്തോ ആകരകർമ്മാന്തങ്ങളിൽ വേലചെയ്തോ ഉപജീവനം കഴിക്കണം. പാഷണ്ഡസംഘത്തിന്റെ ദ്രവ്യം, ശ്രോത്രിയന്മാരനുഭവിക്കേണ്ടതല്ലാത്തുള്ള ദേവദ്രവ്യം, ധനാഢ്യയായ വിധവയുടെ ദ്രവ്യം എന്നിവ ഗൂഢമായി പ്രവേശിച്ചു അപഹരിക്കുകയോ, കച്ചവടക്കാരുടെ കപ്പലുകളിൽ കടന്നുകൂടി അവരെ മദനരസയോഗം (മയക്കമരുന്നു) കൊടുത്തു വഞ്ചിച്ചു അവരുടെ ദ്രവ്യം അപഹരിക്കുകയോ ചെയ്യാം. അല്ലെങ്കിൽ പരഗ്രാമം കയ്യേറുന്നതിന്നു പറയുന്ന ഉപായത്തെ പ്രയോഗിക്കാം. മാതാവിന്റെ പരിജനങ്ങളെ ഉപഗ്രഹിച്ചു വേണ്ടുന്ന യത്നം ചെയ്കയുമാകാം. അതുമല്ലെങ്കിൽ കാരുവിന്റെയോ ശില്പിയുടേ

യോ കുശീലവന്റെയോ ചികിത്സകന്റെയോ വാഗ്ജീവനന്റെയോ പാഷണ്ഡന്റെയോ രൂപംപൂണ്ടു വേഷച്ഛന്നനായി, അതേ വേഷംതന്നെ ധരിച്ചിട്ടുള്ള കൂട്ടുകാരോടുംകൂടി ഛിദ്രത്തിൽ പ്രവേശിച്ചു രാജാവിനെ ശസ്ത്രവിഷങ്ങളെക്കൊണ്ടു പ്രഹരിച്ചിട്ട് ഇങ്ങനെ പറയണം:— "ഞാൻ ഇന്ന രാജകുമാരനാണ്. സഹഭോഗ്യമായിട്ടുള്ള ഈ രാജ്യം ഒരാൾതന്നെയായിട്ടു വാഴുവാൻ പാടില്ല. അതിൽവച്ചു ആരെല്ലാം രാജ്യം ഭരിപ്പാനിച്ഛിക്കുന്നുവോ അവരെ ഞാൻ ദ്വിഗുണമായ ഭക്തവേതനം നൽകി ഇരുത്തുവാൻ ഒരുക്കമാണ്."—ഇങ്ങനെ അവരുദ്ധവൃത്തം.

അവരുദ്ധനായിരിക്കുന്ന മുഖ്യപുത്രനെയാകട്ടെ അപസർപ്പന്മാർ ചെന്നു പറഞ്ഞു രാജസന്നിധിയിലേക്കു ആനയിക്കണം. അല്ലെങ്കിൽ പ്രതിഗൃഹീതയായ മാതാവു ചെന്ന് കൂട്ടിക്കൊണ്ടുപോരികയുമാകാം.

രാജാവിനാൽ ത്യക്തനായ അവരുദ്ധനെ ഗൂഢപുരുഷന്മാർ ചെന്നു ശസ്ത്രവിഷങ്ങളെക്കൊണ്ടു ഹനിക്കണം. ത്യക്തനല്ലാത്തവനെ തുല്യശീലകളായ സ്ത്രീകളിലോ മദ്യപാനത്തിലോ മൃഗയയിലോ പ്രസക്തനാക്കിയിട്ടു രാത്രിയിൽ പിടിച്ചുകെട്ടി കൊണ്ടുവരുവിക്കണം.

വന്നാൻ "മദൂർദ്ധ്വം നീ രാജാ"-
വെന്നു സാന്ത്വം പറഞ്ഞിടേൻ
ഏകനായോരിടത്താക്കി-
സ്സംരോധിക്കേണമൂഴിപൻ.
വാളരെപ്പുത്രരുണ്ടെങ്കി-
ലവരിൽധർമ്മഹീനനെ
കളഞ്ഞീടുകയും വേണ-
മെന്നത്രേ ശാസ്ത്രനിശ്ചയം

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, അവരുദ്ധവൃത്തവും അവരുദ്ധങ്കലുള്ള വൃത്തിയുമെന്ന പതിനെട്ടാമദ്ധ്യായം.**

---

# പത്തൊമ്പതാം അദ്ധ്യായം.

## പതിനാറാം പ്രകരണം. രാജപ്രണിധി.

രാജാവു സ്വകൃത്യങ്ങളിൽ ഉത്ഥാനം ചെയ്തുകൊണ്ടിരുന്നാൽ അദ്ദേഹത്തെ അനുസരിച്ചു ഭൃത്യന്മാരും ഉത്ഥാനംചെയ്യും; അദ്ദേഹം പ്രമാദശീലനായിരുന്നാൽ ഭൃത്യന്മാരും പ്രമാദത്തെ പ്രാപിക്കും. ഭൃത്യന്മാർ പ്രമത്തന്മാരായാൽ സ്വാമിയുടെ കർമ്മങ്ങളെ ഭക്ഷിച്ചുകളയും; അപ്പോൾ അദ്ദേഹം ശത്രുക്കളാൽ വഞ്ചിക്കപ്പെടുകയും ചെയ്യും. ആകയാൽ അദ്ദേഹം ഉത്ഥാനം ചെയ്യണം.

രാജാവു അഹസ്സിനേയും രാത്രിയേയും നാഴികകളെക്കൊണ്ടു എട്ടംശമായി ഭാഗിക്കണം. അല്ലെങ്കിൽ അഹസ്സിനെ ഛായാപ്രമാണംകൊണ്ടും എട്ടായി ഭാഗിക്കാം. ത്രിപൌരുഷി (മൂവാൾ), പൌരുഷി (ഒരാൾ), ചതുരംഗുല (നാലുവിരൽ), ഛായാഹീനമായ മദ്ധ്യാഹ്നം എന്നിങ്ങനെ അഹസ്സിൽ ആദ്യത്തെ നാലംശങ്ങൾ. ഇതുകൊണ്ടുതന്നെ പിന്നീടുള്ള നാലംശങ്ങളും പറയപ്പെട്ടു*.

അവയിൽവെച്ചു അഹസ്സിന്റെ ആദ്യത്തെ അഷ്ടഭാഗത്തിൽ രാജാവു രക്ഷാവിധാനം ചെയ്കയും ആയവ്യയങ്ങളെ കേൾക്കുകയും വേണം; രണ്ടാമത്തെ അഷ്ടഭാഗത്തിൽ പൌരജാനപദന്മാരുടെ കാര്യങ്ങളെ നോക്കണം; മൂന്നാമത്തെ അഷ്ടഭാഗത്തിൽ സ്നാനഭോജനങ്ങളെ ചെയ്കയും സ്വാദ്ധ്യായം ചെയ്കയും വേണം; നാലാമത്തെ അഷ്ടഭാഗത്തിൽ ഹിരണ്യം വാങ്ങിവെക്കുകയും അദ്ധ്യക്ഷന്മാരെ കാര്യങ്ങളിൽ നിയോഗിക്കുകയും ചെയ്യണം; അഞ്ചാമത്തെ അഷ്ടഭാഗത്തിൽ മന്ത്രിപരിഷത്തുമായി പത്രസമ്പ്രേഷണം വഴിക്കു കാര്യങ്ങൾ മന്ത്രിക്കുകയും ചാരന്മാ

---

* മദ്ധ്യാഹ്നത്തിനുശേഷം ചതുരംഗുല, പൌരുഷി, ത്രിപൌരുഷി, ഛായാഹീനമായ ദിനാന്തം ഇങ്ങനെ നാലംശങ്ങളുമെന്നു സാരം.

രിൽനിന്നു ഗൂഢമായിട്ടറിവാനുള്ളതിനെ അറിയുകയും വേണം; ആറാമത്തെ അഷ്ടഭാഗത്തിൽ സ്വൈരവിഹാരമോ മന്ത്രമോ ചെയ്യണം; ഏഴാമത്തെ അഷ്ടഭാഗത്തിൽ ഹസ്തികൾ, അശ്വങ്ങൾ, രഥങ്ങൾ, പദാതികൾ എന്നിവയെ പരിശോധിക്കണം; എട്ടാമത്തെ അഷ്ടഭാഗത്തിൽ സേനാപതിയോടുകൂടി വിക്രമത്തെക്കുറിച്ചു ചിന്തിക്കണം. പകൽ കഴിഞ്ഞാൽ സന്ധ്യയെ ഉപാസിക്കണം.

രാത്രി ഒന്നാമത്തെ അഷ്ടഭാഗത്തിൽ ഗൂഢപുരുഷന്മാരെക്കണ്ടു സംസാരിക്കുക; രണ്ടാമത്തെ അഷ്ടഭാഗത്തിൽ സ്നാനഭോജനങ്ങളും സ്വാദ്ധ്യായവും ചെയ്ക; മൂന്നാമത്തെ അഷ്ടഭാഗത്തിൽ തൂൎയ്യഘോഷത്തോടുകൂടി കിടക്കുകയും നാലും അഞ്ചും അഷ്ടഭാഗങ്ങൾ മുഴുവൻ ഉറങ്ങുകയും ചെയ്ക; ആറാമത്തെ അഷ്ടഭാഗത്തിൽ തൂൎയ്യഘോഷത്തോടുകൂടി ഉണൎന്നു ശാസ്ത്രത്തെയും അനന്തരത്തെ ഇതികൎത്തവ്യതയേയും ചിന്തിക്കുക; ഏഴാമത്തെ അഷ്ടഭാഗത്തിൽ മന്ത്രാലോചനവും ഗൂഢപുരുഷപ്രേഷണവും ചെയ്ക; എട്ടാമത്തെ അഷ്ടഭാഗത്തിൽ ഋത്വിക്കുകളോടും ആചാൎയ്യന്മാരോടും പുരോഹിതനോടും കൂടി സ്വസ്ത്യയനങ്ങളെ പ്രതിഗ്രഹിക്കുകയും ചികിത്സകൻ, മാഹാനസികൻ (മടപ്പള്ളിവിചാരിപ്പുകാരൻ), മൌഹൂൎത്തികൻ എന്നിവരെക്കാണുകയും ചെയ്ക. പിന്നെ വത്സനോടുകൂടിയ ധേനുവിനേയും വൃഷഭത്തേയും പ്രദക്ഷിണം ചെയ്തു ആസ്ഥാനമണ്ഡപത്തിലേക്കു പോകണം. ഇങ്ങിനെയല്ലെങ്കിൽ തന്റെ ബലത്തിനു തക്കവണ്ണം രാത്രിയുടേയും അഹസ്സിന്റേയും ഭാഗങ്ങളെ വിഭജിച്ചു കാൎയ്യങ്ങൾ അനുഷ്ഠിക്കുകയുമാകാം.

ആസ്ഥാനസഭയിൽച്ചെന്നാൽ കാൎയ്യാൎത്ഥികളായി വരുന്നവൎക്കു ദ്വാരത്തിങ്കൽ തടസ്ഥമില്ലാതിരിക്കത്തക്കവിധം ഏൎപ്പാടു ചെയ്യിച്ചിരിക്കണം. രാജാവിനെ ജനങ്ങൾ

ക്കു കാണ്മാൻ പ്രയാസമായതുകൊണ്ട് അഭിഗ്രഹണത്തെക്കൊണ്ട് ആസന്നസേവകന്മാർ കാര്യാകാര്യങ്ങളെ വിപര്യസ്തമായി ചെയ്തിരിക്കും. അങ്ങനെ വന്നാൽ രാജാവു പ്രകൃതികോപത്തിന്നു പാത്രമാകുകയോ ശത്രുവിന്നു വശഗനാകയോ ചെയ്യും. അതുകൊണ്ടു ദേവകാര്യം, ആശ്രമകാര്യം, പാഷണ്ഡകാര്യം, ശ്രോത്രിയകാര്യം, പശുകാര്യം, പുണ്യസ്ഥാനകാര്യം, ബാലകാര്യം, വൃദ്ധകാര്യം, വ്യാധിതകാര്യം, വ്യസനികാര്യം, അനാഥകാര്യം, സ്ത്രീകാര്യം എന്നീ ക്രമത്തിൽ രാജാവു കാര്യങ്ങളെ നോക്കണം. അല്ലെങ്കിൽ കാര്യഗൌരവമനുസരിച്ചോ ആത്യയികമായതിനെ അനുസരിച്ചോ കാര്യങ്ങൾ ക്രമപ്പെടുത്തി നോക്കുന്നതിന്നും വിരോധമില്ല.

അടിയന്തരകാര്യങ്ങൾ
കാലം തെറ്റാതെ കേൾക്കണം
കാലം പോയാൽ കൃച്ഛ്രസാദ്ധ്യ-
മാകാമായതസാദ്ധ്യമോ.

വൈദ്യതാപസകാര്യങ്ങ-
ളഗ്നിശാലയിൽ വെച്ചു താൻ
പുരോഹിതാചാര്യരോടൊ-
ത്തൊരു വന്ദിച്ചു കേൾക്കണം.

ചെയ്ക തപസ്വികാര്യങ്ങൾ
ത്രൈവിദ്യരോടു കൂടവേ
അരുതൊറ്റയ്ക്കുതുവിധം
മായായോഗികൾ കാര്യവും.

വ്രതം രാജാവിനുത്ഥാനം,
യജ്ഞം കാര്യാനുശാസനം,
ദക്ഷിണാ സമദർശിത്വം,
ദീക്ഷാന്ത്യമഭിഷേകവും.

പ്രജാസുഖം സുഖം ഭൂപ-
ന്നവർതൻ ഹിതമേ ഹിതം
ഹിതം തൻപ്രിയമല്ലാത്താൽ
പ്രജാപ്രിയമേത ഹിതം.
ആകയാൽ നിത്യമുദ്യോഗി-
ച്ചർത്ഥചേഷ്ടനാം നൃപനെന്നും
അർത്ഥത്തിൻ മൂലമുദ്യോഗ-
മനുദ്യോഗമനർത്ഥദം.
നശിക്കുമുദ്യോഗിക്കാഞ്ഞിൽ
പ്രാപ്തവും പ്രാപ്യമായതും
ഉദ്യോഗിച്ചാൽ ഫലംകിട്ടു-
മർത്ഥസമ്പത്തുമാർന്നിടും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, രാജപ്രണിധി എന്ന പത്തൊമ്പതാമദ്ധ്യായം.

## ഇരുപതാം അദ്ധ്യായം.

### പതിനേഴാം പ്രകരണം.

### നിശാന്തപ്രണിധി.

വാസ്തുവിദ്യാവിശാരദന്മാരാൽ പ്രശംസിക്കപ്പെട്ട പ്രദേശത്തു, പ്രാകാരപരിഖാദ്വാരങ്ങളോടുകൂടിയതും അനേകം കക്ഷ്യക (കെട്ടുകൾ) ളാൽ പരിവൃതവുമായിട്ട് അന്തഃപുരത്തെ നിർമ്മിക്കണം. കോശഗൃഹത്തിന്റെ വിധാനമനുസരിച്ചു രാജാവു തന്റെ വാസഗൃഹം പണിചെയ്യിക്കണം. അല്ലെങ്കിൽ ഭിത്തികളിൽ ഗൂഢങ്ങളായ സഞ്ചാരദ്വാരങ്ങളുള്ളതായിട്ടു വൃത്താകൃതിയിൽ മോഹനഗൃഹം

പണിയിച്ച് അതിന്റെ മധ്യത്തിൽ വാസഗൃഹം നിർമ്മിപ്പിക്കണം. അല്ലെങ്കിൽ ആസന്നമാകുമാറു മരംകൊണ്ടു ചൈത്യദേവതമാരുടെ പ്രതിമകൾ കൊത്തിയ പിധാനദ്വാരത്തോടുകൂടിയതും, അനേകം സുരംഗാസഞ്ചാരങ്ങൾ (തുരങ്കമാർഗ്ഗങ്ങൾ) ഉള്ളതുമായ ഒരു ഭൂമിഗൃഹം പണിയിച്ച് അതിന്റെ മധ്യത്തിൽ വാസഗൃഹം നിർമ്മിപ്പിക്കണം. അല്ലെങ്കിൽ ഭിത്തിയിൽ ഗൂഢമായ സോപാനങ്ങളോടുകൂടിയതോ സുഷിരമായ (ഉള്ളു പൊള്ളയായ) സ്തംഭത്തിലൂടെ പ്രവേശാപസാരമാർഗ്ഗമുള്ളതോ അടിയിൽനിന്നു മുകളിലേക്കു യന്ത്രംകൊണ്ടു ബന്ധിക്കപ്പെട്ടതോ ആയ ഒരു പ്രാസാദം പണിയിച്ച് അതിന്റെ മധ്യത്തിൽ വാസഗൃഹമാക്കണം. ഈ യന്ത്രബന്ധനം ആപൽപ്രതീകാരാർത്ഥമായി ആദ്യേതന്നെ ചെയ്യുകയോ ആപത്തുവരുമ്പോൾ ചെയ്കയോ ആകാം. സഹാധ്യായിഭയം (തന്നോടൊപ്പം പഠിച്ചറിഞ്ഞ ശത്രുവിങ്കൽനിന്നുള്ള ഭയം) ശങ്കിച്ച് മേൽപ്പറഞ്ഞവയിൽ നിന്നെല്ലാം ഭിന്നമായ വിധത്തിൽ വികല്പിച്ചും വാസഗൃഹം പണിയിക്കാവുന്നതാണ്.

മാനുഷാഗ്നി * കൊണ്ടു മൂന്നുപ്രാവശ്യം അപസവ്യ (പ്രദക്ഷിണം) മായിട്ട് അന്തഃപുരത്തിൽ ഉഴിഞ്ഞാൽ അതിനെപ്പിന്നെ മറ്റൊരഗ്നി ദഹിപ്പിക്കയില്ല; അവിടെ മറ്റൊരഗ്നി ജ്വലിക്കുകയുമില്ല. വൈദ്യുതഭസ്മ ‡ വും പുറ്റുമണ്ണും കൂടി കരകവാരി (ആലിപ്പഴത്തിൻനീർ) യിൽ കുഴച്ച് ഭിത്തികളിന്മേൽ തേച്ചാലും ആ അന്തഃപുരത്തിൽ അഗ്നിബാധ വരികയില്ല.

* ശസ്ത്രഹതനായോ ശൂലാരോപിതനായോ മൃതിപ്പെട്ട മനുഷ്യന്റെ അസ്ഥിയിൽ കരിക്കോലിട്ടുകൊണ്ടു കടഞ്ഞുണ്ടാക്കിയ അഗ്നിയാണു മാനുഷാഗ്നി.

‡ വൈദ്യുതഭസ്മം=ഇടിവെട്ടി വീണ മരത്തിന്റെ വെണ്ണീറ്.

ജീവന്തി (അടപതിയൻ), ശ്വേതാ (വെളുത്ത ശംഖപുഷ്പം), മുഷ്കകം (മുളമ്പിലാവു), പുഷ്പവന്ദാക (കണവീരത്തിന്മേലെ ഇത്തിക്കണ്ണി) എന്നിവകൊണ്ടോ അക്ഷീബ (മഞ്ഞച്ചൂവുള്ള മുരിങ്ങ)ത്തിന്മേൽ മുളച്ചുണ്ടായ അശ്വത്ഥത്തിന്റെ ഇലകൊണ്ടോ അന്തഃപുരത്തിൽ രക്ഷചെയ്താൽ അവിടെ സർപ്പങ്ങളോ മററു വിഷങ്ങളോ ബാധിക്കുകയില്ല *. മാർജ്ജാരൻ, മയൂരം, നകുലം, പൃഷതം (പുള്ളിമാൻ) എന്നിവയെ വളർത്തി എവിടത്തിൽ വിട്ടാൽ അവ സർപ്പങ്ങളെ ഭക്ഷിക്കുകയും ചെയ്യും.

ശുകം, ശാരിക, ഭൃംഗരാജൻ (ചെറുകരിൽ അഥവാ കടുമച്ചാത്തൻ) എന്നിവ സർപ്പവിഷശങ്കയുണ്ടാകുമ്പോൾ ചിലക്കും; ക്രൌഞ്ചം (അന്നിൽപക്ഷി) വിഷസാമീപ്യമുണ്ടാകുമ്പോൾ മദിക്കും; ജീവഞ്ജീവകം (ചെമ്പോത്ത്) വിഷം കണ്ടാൽ തളരും; മത്തകോകിലം (മദകുയിൽ) വിഷം കണ്ടാൽ ചാകും; ചകോരത്തിന്റെ കണ്ണുകൾ വിഷംകണ്ടാൽ വിരാഗങ്ങളാകും. ഇപ്രകാരം കണ്ട് അഗ്നിയിൽനിന്നും വിഷങ്ങളിൽനിന്നും സർപ്പങ്ങളിൽനിന്നും വരാവുന്ന ദോഷങ്ങൾക്കു പ്രതിവിധി ചെയ്യണം.

അന്തഃപുരത്തിന്റെ പൃഷ്ഠഭാഗത്തിങ്കലുള്ള കക്ഷ്യകളുടെ വിഭാഗത്തിൽ സ്ത്രീനിവേശം (സ്ത്രീകളുടെ ഇരിപ്പിടം), ഗർഭസംസ്ഥ(ഗർഭിണികളുടെ സ്ഥാനം), വ്യാധിസംസ്ഥ (വ്യാധിയുള്ള സ്ത്രീകളുടെ സ്ഥാനം), വൈദ്യപ്രത്യാഖ്യാതസംസ്ഥ (വൈദ്യനാൽ ഉപേക്ഷിക്കപ്പെട്ട രോഗിണികളുടെ സ്ഥാനം), വൃക്ഷസ്ഥാനം (ഉദ്യാനം), ഉദകസ്ഥാനം (ജലാശയം) എന്നിവയാണ് വേണ്ടത്. അതിന്റെ ബഹിർഭാഗ

* ജീവന്ത്യാദി മുഷ്കകപര്യന്തമുള്ളവയുടെ വേരും ഇലയുമാണെടുക്കേണ്ടത്. ഇവയെക്കൊണ്ടു രക്ഷ ചെയ്യുക എന്നുവെച്ചാൽ മാലകെട്ടി അരയിൽ വെയ്ക്കുകയാണെന്നു വ്യാഖ്യാതാവു പറയുന്നു.

ത്തു കന്യകാപുരവും കുമാരപുരവും നിൎമ്മിക്കണം. പുരോഭാഗത്തിങ്കലുള്ള കക്ഷ്യാവിഭാഗത്തിൽ യഥാക്രമം അലങ്കാരഗൃഹം, മന്ത്രഗൃഹം, ആസ്ഥാനമണ്ഡപം എന്നിവയും കുമാരസ്ഥാനം (യുവരാജാവിന്റെ ഇരിപ്പിടം), അധ്യക്ഷസ്ഥാനം എന്നിവയുമായിരിക്കണം. എല്ലാ കക്ഷ്യകളുടേയും മദ്ധ്യങ്ങളിൽ അന്തൎവ്വംശികസൈന്യം (അന്തഃപുരാധികൃതന്റെ കീഴിലുള്ള സൈന്യം) കാവൽ നിൽക്കുകയും വേണം.

അന്തർഗൃഹത്തിൽവച്ചും സ്ഥവിരയായ പരിചാരിക പരിശോധിച്ചതിന്നു ശേഷവും വേണം രാജാവു് ദേവിയെക്കാണുവാൻ; ഒരു ദേവിയേയും രാജാവു് അങ്ങോട്ടു ചെന്നു കാണരുതു്. എന്തുകൊണ്ടെന്നാൽ—ദേവീഗൃഹത്തിൽ ഒളിച്ചിരുന്നിട്ടു് ഭദ്രസേനനെ അദ്ദേഹത്തിന്റെ ഭ്രാതാവു കൊന്നുകളഞ്ഞു; അമ്മയുടെ ശയ്യയിൽ ഒളിച്ചുകിടന്നിട്ടു കരൂശരാജാവിനെ അദ്ദേഹത്തിന്റെ പുത്രൻ ഹനിച്ചു. ലാജം തേനാണെന്നു പറഞ്ഞു വിഷംകൊണ്ടു കുഴച്ചു കൊടുത്തിട്ടു കാശിരാജാവിനെ അദ്ദേഹത്തിന്റെ ദേവി നിഗ്രഹിച്ചു; വിഷലിപ്തമായ നൂപുരംകൊണ്ടു വൈരന്ത്യരാജാവിനേയും, വിഷലിപ്തമായ മേഖലാമണികൊണ്ടു സൌവീരരാജാവിനേയും, വിഷലിപ്തമായ കണ്ണാടികൊണ്ടു ജാലൂഥരാജാവിനേയും, വേണിയിൽ ശസ്ത്രം ഒളിച്ചുവെച്ചു വിദൂരഥനേയും അവരുടെ ദേവിമാർ വധിച്ചുകളഞ്ഞു. അതുകൊണ്ടു രാജാവു ഈ ആപൽസ്ഥാനങ്ങളെ പരിഹരിക്കണം.

രാജാവു തന്റെ ദേവിമാൎക്കു മുണ്ഡന്മാർ, ജടിലന്മാർ, കുഹകന്മാർ (ആഭിചാരം ചെയ്യുന്നവർ) എന്നിവരോടും ബാഹ്യകളായ ദാസികളോടുമുള്ള പ്രതിസംസൎഗ്ഗത്തെ പ്രതിഷേധിക്കണം. ദേവിമാരെ അവരുടെ കല്യ

നാർ(ചാൎച്ചക്കാർ)തും ഗർഭം, വ്യാധി, സംസ്ഥ (മരണം) എന്നിവയിലൊഴികെ കാണ്മാൻ പാടില്ല. രൂപാജീവമാർ (വേശ്യകൾ) തേച്ചുകുളിച്ച ശരീരശുദ്ധിചെയ്ത വസ്ത്രങ്ങളും അലങ്കാരങ്ങളും മാറിയിട്ടു ദേവിമാരെ പരിചരിക്കണം. മാതാപിതൃവ്യഞ്ജനരായി അശീതികന്മാർ (എൺപതു തികഞ്ഞവർ) ആയ പുരുഷന്മാരും പഞ്ചാശൽകകൾ (അമ്പതു തികഞ്ഞവർ) ആയ സ്ത്രീകളും സ്ഥവിരന്മാർ, വർഷവരർ (ഷണ്ഡർ), അഭ്യാഗാരികന്മാർ എന്നിവരും അന്തഃപുരസ്ത്രീകളുടെ ശൌചാശൌചങ്ങളെ അറിയുകയും അവരെ സ്വാമിയുടെ ഹിതത്തിങ്കൽ നിറുത്തുകയും വേണം.

സ്വസ്ഥാനത്തവരും വാഴ്‌വൂ,
പരസ്ഥാനേത്തു ചെല്ലൊലാ,
ബാഹ്യരോടുള്ള സംസർഗ്ഗ-
മാഭ്യന്തരരൊഴിക്കണം.

വരുന്നതും പോകുവതു-
മാകും ദ്രവ്യങ്ങളൊക്കെയും
ഇന്നിടത്തിന്നിന്നിടത്തേ-
ക്കെന്നറിഞ്ഞു യഥാവലെ

ഓരോ ഭൂമിയിലും മുദ്ര-
യിട്ടു നിൎണ്ണയമുൾക്കൊണ്ടം
അകത്തേക്കും പുറത്തേക്കും
വിടേണം ദ്വാരരക്ഷികൾ.

കൌടില്യൻെറ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന
ഒന്നാമധികരണത്തിൽ, നിശാന്തപ്രണിധി എന്ന
ഇരുപതാമദ്ധ്യായം.

---

# ഇരുപത്തൊന്നാം അദ്ധ്യായം.

## പതിനെട്ടാം പ്രകരണം.

### ആത്മരക്ഷിതകം.

രാജാവു ശയ്യയിൽനിന്നെഴുന്നേററാൽ ഉടനെ ധന്വികളായ സ്ത്രീഗണങ്ങൾ അദ്ദേഹത്തെ സ്വീകരിക്കണം. രണ്ടാം കക്ഷ്യയിലെത്തിയാൽ കഞ്ചുകവും ഉഷ്ണീഷവും ധരിച്ച വർഷവരരും ആഭ്യാഗാരികരും അദ്ദേഹത്തെ സ്വീകരിക്കണം; മൂന്നാംകക്ഷ്യയിൽവച്ചു കുബ്ജരും വാമനരും കിരാതരുമായ പരിചാരകന്മാർ സ്വീകരിക്കണം; നാലാംകക്ഷ്യയിൽവച്ചു മന്ത്രികളും സംബന്ധികളും പ്രാസം (കുന്തം) കയ്യിലേന്തിയ ദൌവാരപാലന്മാരും സ്വീകരിക്കണം.

പിതൃപിതാമഹന്മാർ മുതൽക്കുതന്നെ പാരമ്പര്യമുള്ളവരും മഹത്തായ സംബന്ധാനുബന്ധത്തോടുകൂടിയവരും വിദ്യാഭ്യസിച്ചവരും അനുരക്തരും കർമ്മപരിചയമുള്ളവരുമായ ആളുകളെ രാജാവു തന്റെ ആസന്നന്മാർ (അംഗരക്ഷകന്മാർ) ആയി നിശ്ചയിക്കണം. അർത്ഥമാനങ്ങൾ നൽകി സൽക്കരിക്കപ്പെടാത്തുള്ള അന്യദേശീയനേയോ, സ്വദേശീയനെങ്കിലും അപകൃത്യോപഗൃഹീത (അപകാരം ചെയ്തിട്ടു പിന്നെ സ്വീകരിക്കപ്പെട്ടവൻ) നായിട്ടുള്ളവനേയോ ആസന്നനായി നിശ്ചയിക്കരുതു്. അന്തർവംശികസൈന്യം രാജാവിനേയും അന്തഃപുരത്തേയും രക്ഷിച്ചുംകൊണ്ടു നിൽക്കണം.

ഗുപ്തമായ സ്ഥലത്തുവച്ചു മാഹാനസികൻ എല്ലാ പാകകർമ്മത്തേയും താനനേകം പ്രാവശ്യം ആസ്വദിച്ചു നോക്കിയുംകൊണ്ടു നടത്തിക്കണം. അതിനെ രാജാവു്, ആദ്യം അഗ്നിക്കും പക്ഷികൾക്കും ബലി നൽകിയിട്ടു്, അങ്ങനെതന്നെ (മാഹാനസികനാൽ ആസ്വദിക്കപ്പെട്ടതിനുശേഷം) ഭക്ഷിക്കണം.

വിഷയുക്തമായ അഗ്നിയുടെ ജ്വാലയ്ക്കും പുകയ്ക്കും നീലനിറവും ശബ്ദസ്ഫോടനവും ("ചടചട"പൊട്ടൽ) വരും; പക്ഷികൾ വിഷം കലന്ന പദാർത്ഥം തിന്നാൽ ചാകും; വിഷയുക്തമായ അന്നത്തിന്റെ ഊഷ്മാവു മയിൽക്കഴുത്തിനൊത്ത നിറത്തോടുകൂടിയിരിക്കയും, അന്നത്തിന്നു വേഗത്തിൽ ശൈത്യവും തെവിണ്ടിയാലത്തെപ്പോലെ വൈവർണ്ണ്യവും ക്ലേദകത്വവും (വാർത്താൽ നീർവാരായ്ക) അക്ലിന്നതയും വരികയും ചെയ്യും. വ്യഞ്ജനങ്ങളിൽ വിഷം കലന്നാൽ അവയ്ക്കു പെട്ടെന്നു വറൾച്ച, ചീച്ചൽ, മാലിന്യം, നുര, പടലം (പാട), വിച്ഛിന്നഭാവം (നുരയും വ്യഞ്ജനവും തമ്മിൽ വേറിട്ടു കാണുക) എന്നിവയും ഗന്ധസ്പർശരസങ്ങൾക്കു നാശവും ഭവിക്കും; ദ്രവദ്രവ്യങ്ങളിൽ വിഷം കലന്നാൽ അവയുടെ നിറം ഹീനമായോ അതിരിക്തമായോ ഇരിക്കുകയും ഫേനം, പടലം, സീമന്തം (പകുത്തിരിക്കൽ), ഊർദ്ധ്വരേഖകൾ എന്നിവ കാണുകയും ചെയ്യും. രസദ്രവ്യത്തിൽ ഈ രേഖ നീലമായും, പാലിൽ താമ്രമായും, മദ്യത്തിലും വെള്ളത്തിലും കറുത്തതായും, തൈരിൽ കരുവാളിച്ചതായും, തേനിൽ വെളുത്തതായുമിരിക്കും. ആർദ്രദ്രവ്യങ്ങളിൽ വിഷം പെട്ടാൽ അവയ്ക്കു ആശുപ്രമ്ലാനത (പെട്ടെന്നു വാട്ടം), ഉൽപക്വഭാവം (പഴുക്കൽ) എന്നിവ വരികയും അവയുടെ രസം നീലമായോ ശ്യാമമായോ ഇരിക്കുകയും ചെയ്യും. ശുഷ്കദ്രവ്യങ്ങൾക്കു വിഷം കലന്നാൽ ആശുശാതനം (പെട്ടെന്നു പൊടിയുക) വും വൈവർണ്ണ്യവും വരും. കഠിനപദാർത്ഥങ്ങൾക്കു വിഷം പെട്ടാൽ മൃദുത്വവും മൃദുക്കൾക്കു കഠിനതയും ഭവിക്കും. വിഷയുക്തമായ പദാർത്ഥത്തിന്റെ സമീപത്തു ചെല്ലുന്ന ക്ഷുദ്രപ്രാണികൾ ചത്തുപോകയും ചെയ്യും. ആസ്തരണപ്രാവരണങ്ങളിൽ (വിരിപ്പുകളിലും പുതപ്പുകളിലും) വിഷം പെട്ടാൽ കറുത്ത പുള്ളികൾ വീഴുകയും അ

വയിലെ ആലും രോമവും കൊഴിഞ്ഞുപോകയും ചെയ്യും. ലോഹമയങ്ങളായ വസ്തുക്കളിൽ വിഷം കലന്നാൽ ചേറു തേച്ചതുപോലേയും, മണിമയങ്ങളായ ദ്രവ്യങ്ങളിലായാൽ മാച്ചു പററിയതുപോലേയും ഇരിക്കും; മണികളുടെ സ്നേഹവും രാഗവും ഗുരുത്വവും പ്രഭയും വർണ്ണവും സ്പർശവും നശിക്കുകയും ചെയ്യും. ഇങ്ങിനെ വിഷയുക്തലക്ഷണങ്ങൾ.

വിഷം കൊടുക്കുന്നവൻെറ മുഖം ശുഷ്കമായും ശ്യാമമായും ഇരിക്കും; അവന്നു വാക്സംഗം, വിയപ്പു, കോട്ടുവായ, അതിമാത്രമായ വേപഥു, പ്രസ്ഖലനം, ബാഹ്യവിപ്രേക്ഷണം (പുറമെയുള്ളവയെ ശ്രദ്ധിച്ചുംകൊണ്ടു നോക്കുക), ആവേഗം എന്നിവയും സ്വകർമ്മത്തിലും സ്വസ്ഥാനത്തും ഉറച്ചിരിക്കായ്കയുമുണ്ടാകും.

ആയതുകൊണ്ടു വിഷഹാരികളും വൈദ്യന്മാരും രാജാവിൻെറ അടുത്തു് എപ്പോഴുമുണ്ടായിരിക്കണം.

വൈദ്യൻ ഔഷധാഗാരത്തിൽനിന്നു താനാസ്വദിച്ചുനോക്കി വിശുദ്ധമെന്നു കണ്ട ഔഷധം എടുത്തു്, പാചകനും പേഷകനും താനും വീണ്ടും സ്വാദുനോക്കിയതിന്നു ശേഷം വേണം രാജാവിന്നു കൊടുക്കുവാൻ. രാജാവിന്നു വേണ്ട പാനവും പാനീയവും ഔഷധംകൊണ്ടുതന്നെ പറയപ്പെട്ടു.

കല്പകന്മാ(ക്ഷുരകന്മാർ)രും പ്രസാധകന്മാരും സ്നാനം ചെയ്തു ശുദ്ധവസ്ത്രം ധരിച്ചു കൈകഴുകി അന്തർവ്വംശികരുടെ കയ്യിൽനിന്നു മുദ്രയോടുകൂടിയതായ ഉപകരണം വാങ്ങി അതുകൊണ്ടുവേണം രാജാവിനെപ്പരിചരിക്കുവാൻ.

**സ്നാപകൻ, സംവാഹകൻ, ആസ്തരകൻ, രജകൻ, മാലാകാരൻ** എന്നിവരുടെ കർമ്മങ്ങൾ ദാസികളോ അവരുടെ മേൽനോട്ടത്തോടുകൂടി ശില്പികളോ ചെയ്യണം: ത

ന്റെ കണ്ണിൽ ഒപ്പിയിട്ടുവേണം രാജാവിന്നു വസ്ത്രവും മാല്യവും കൊടുക്കുവാൻ. സ്നാനജലം, അനുലേപനം, പ്രഘർഷം, ചൂർണ്ണവാസം, സ്നാനീയം എന്നിവ തന്റെ വക്ഷസ്സിലും കൈകളിലും തേച്ചതിന്നുശേഷം വേണം കൊടുക്കുവാൻ. ഇതുകൊണ്ടു പരദേശത്തുനിന്നു വന്ന പദാർത്ഥങ്ങളും പറയപ്പെട്ടു.

കുശീലവന്മാർ ശസ്ത്രവും അഗ്നിയും വിഷവുമൊഴികെയുള്ള പദാർത്ഥങ്ങളുപയോഗിച്ചു മാത്രമേ രാജാവിനെ വിനോദിപ്പിക്കാവൂ. അവരുടെ ആതോദ്യ(വാദ്യ)ങ്ങളും അശ്വം, രഥം, ഗജം എന്നിവയുടെ അലങ്കാരങ്ങളും അന്തഃപുരത്തിന്നുള്ളിൽ സൂക്ഷിക്കുകയും വേണം.

മൌലപുരുഷന്മാർ ആദ്യം അധിഷ്ഠാനം ചെയ്ത യാനവാഹനങ്ങളിൽ മാത്രമേ രാജാവു കയറാവൂ; ആപ്തനായ നാവികൻ തുഴയുന്ന തോണിയിലേ ആരോഹണം ചെയ്യാവൂ; മറെറാരു തോണിയോടു കൂട്ടിക്കെട്ടിയതും വാതവേഗത്താൽ നയിക്കപ്പെടുന്നതുമായ തോണിയിൽക്കയറരുതു്. രാജാവു തോണി കടക്കുമ്പോൾ ഉദകസമീപത്തിങ്കൽ സൈന്യങ്ങൾ കാവൽ നിൽക്കുകയും വേണം. മത്സ്യഗ്രാഹന്മാർ പരിശോധിച്ചു ശുദ്ധമാക്കിയ ജലാശയത്തിലേ രാജാവു് അവഗാഹംചെയ്യാവൂ; വ്യാളഗ്രാഹന്മാർ പരിശോധിച്ചു ശുദ്ധമാക്കിയ ഉദ്യാനത്തിലേ പോകാവൂ. ലുബ്ധകരും ശ്വഗണികളും ചെന്നു ചോരഭയത്തെയും വ്യാളഭയത്തെയും ശത്രുഭയത്തെയും നീക്കി ശുദ്ധമാക്കിയ മൃഗയാരണ്യത്തിൽ മാത്രമേ ചലലക്ഷ്യവേധനം പരിചയിക്കുന്നതിന്നുവേണ്ടിപ്പോകാവൂ. ആപ്തന്മാരായ ശസ്ത്രപാണികളാൽ പരിവൃതനായിട്ടേ സിദ്ധതാപസനെ സന്ദർശിക്കാവൂ; മന്ത്രിപരിഷത്തിനാൽ പരിവൃതനായിട്ടേ സാമന്തദൂതനെക്കാണാവൂ; സന്നദ്ധനായി കുതിരമേലോ

ആനപ്പുറത്തോ തേരിലോ കയറിയിട്ടേ സന്നാഹമായിട്ടുള്ള സൈന്യത്തെ സന്ദർശിക്കാവൂ. രാജാവു രാജധാനിയിൽ നിന്നു പുറത്തേക്കുപോകുമ്പോഴും രാജധാനിയിലേക്കു വരുമ്പോഴും രാജമാർഗ്ഗത്തിന്റെ ഇരുപുറവും ദണ്ഡികളെക്കൊണ്ടു ശസ്ത്രപാണികളും പ്രവ്രജിതരും അംഗവൈകല്യമുള്ളവരുമായവരെ വഴി മാററിയിട്ടേ ഗമിക്കാവൂ. പുരുഷസംബാധത്തിൽ (ആൾത്തിരക്കിൽ) രാജാവു പ്രവേശിക്കുകയുമരുത്. യാത്രകൾ, സമാജങ്ങൾ, ഉത്സവങ്ങൾ, പ്രവഹണങ്ങൾ (വിനോദയാത്രകൾ) എന്നിവയിൽ ദശവർഗ്ഗികരെ (പത്തു പടയാളികളോടുകൂടിയ പടത്തലവന്മാരെ) നിറുത്തിയിട്ടേ രാജാവു പോകാവൂ.

എവ്വണ്ണം താനൊററുകാരാൽ
മാററാരെക്കാത്തിടുന്നുവോ
മാററാരിൽനിന്നുമവ്വണ്ണം
തന്നെക്കാക്കേണമൂഴിപൻ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വിനയാധികാരികമെന്ന ഒന്നാമധികരണത്തിൽ, ആത്മരക്ഷിതകമെന്ന ഇരുപത്തൊന്നാമദ്ധ്യായം.**

വിനയാധികാരികം ഒന്നാമധികരണം കഴിഞ്ഞു.

ലൈബ്രറി

# അദ്ധ്യക്ഷപ്രചാരം. രണ്ടാമധികരണം.

## ഒന്നാം അദ്ധ്യായം.

### പത്തൊമ്പതാം പ്രകരണം.

### ജനപദനിവേശം.

മുമ്പു ജനാധിവാസമുണ്ടായിരുന്നതോ ഇല്ലാതിരുന്നതോ ആയ ജനപദത്തെ, പരദേശത്തുനിന്നു ജനങ്ങളെ അപവാഹനം ചെയ്തോ സ്വദേശത്തുനിന്നു അഭിഷ്യന്ദവമനം ചെയ്തോ രാജാവു നിവേശിപ്പിക്കണം. അതിൽ ഭൂരിപക്ഷം ശൂദ്രരും കർഷകന്മാരുമായും, കുറഞ്ഞതു നൂറും കവിഞ്ഞതു അഞ്ഞൂറും കുടുംബങ്ങളുള്ളതായും, ഒരു ക്രോശമോ (കാൽയോജന, ആയിരം വിൽപ്പാട്) രണ്ടു ക്രോശമോ അതിർവിസ്താരമുള്ളതായും, അന്യോന്യാരക്ഷമായും ഗ്രാമത്തെ നിവേശിപ്പിക്കണം. ഗ്രാമങ്ങളുടെ സീമാന്തങ്ങളിൽ നദിയോ, കുന്നോ, കാടോ, ഭൃഷ്ടിയോ, ഗുഹയോ, സേതുബന്ധമോ, ശാല്മലീവൃക്ഷമോ, ശമീവൃക്ഷമോ, ക്ഷീരവൃക്ഷമോ അതിരടയാളമായി സ്ഥാപിക്കുകയും വേണം.

എണ്ണൂറു ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ സ്ഥാനീയ (തലസ്ഥാനനഗരം)വും, നാനൂറു ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ ദ്രോണമുഖവും, ഇരുനൂറു ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ ഖാർവ്വടികവും, പത്തു ഗ്രാമങ്ങളെ സംഗ്രഹിച്ചു സംഗ്രഹണവും സ്ഥാപിക്കണം.

ജനപദാന്തങ്ങളിൽ അന്തപാലദുർഗ്ഗങ്ങൾ (കാവൽക്കോട്ടകൾ) സ്ഥാപിക്കണം. ജനപദദ്വാരങ്ങളിൽ അന്തപാലന്മാർ കാവൽ നിൽക്കണം. അവയുടെ അന്തരാളങ്ങളെ വാഗുരികന്മാർ, ശബരന്മാർ, പുളിന്ദന്മാർ, ച

ണ്ഡാളന്മാർ, വനചരന്മാർ എന്നിവർ സംരക്ഷിക്കുകയും ചെയ്യണം.

ഋത്വിക്കുകൾ, ആചാര്യന്മാർ, പുരോഹിതന്മാർ, ശ്രോത്രിയന്മാർ എന്നിവക്ക് അഭിരൂപദായകങ്ങളായ വസ്തുക്കൾ, ദണ്ഡകരങ്ങളൊഴിവാക്കി, ബ്രഹ്മദേയമായിട്ടു കൊടുക്കണം. അധ്യക്ഷന്മാർ, സംഖ്യായകന്മാർ (കണക്കെഴുത്തുകാർ) തുടങ്ങിയുള്ളവക്കും ഗോപൻ, സ്ഥാനീകൻ, അനീകസ്ഥൻ, ചികിത്സകൻ, അശ്വദമകൻ, ജംഘാകരികൻ (ഓട്ടൻ) എന്നിവക്കും വിക്രയത്തിനും ആധാന (പണയപ്പെടുത്തൽ)ത്തിനും അധികാരമില്ലാത്ത നിലയിൽ വസ്തുക്കൾ കൊടുക്കണം.

കരംകൊടുക്കുന്നവക്ക് കൃതക്ഷേത്രങ്ങൾ (വിളഭൂമികൾ) ഐകപുരുഷികങ്ങ(ഓരോ പുരുഷൻെറ കാലത്തോളമുള്ളവ)ളായിട്ടു കൊടുക്കണം. അകൃതക്ഷേത്രങ്ങൾ കൃതക്ഷേത്രങ്ങളാക്കിയാൽ അങ്ങനെ ചെയ്തവരുടെ കയ്യിൽനിന്ന് അവ ഒഴിപ്പിക്കരുത്. കൃഷിചെയ്യാത്തവരുടെ കൈവശമുള്ള ഭൂമികൾ ഒഴിപ്പിച്ചെടുത്തു മററുള്ളവക്ക് കൊടുക്കണം. അല്ലെങ്കിൽ ഗ്രാമഭൃതകന്മാരോ, വൈദേഹകന്മാരോ കൃഷിചെയ്കയുമാകാം. ഭൂമി വാങ്ങിയവർ കൃഷിചെയ്യാതിരുന്നാൽ അവർ അപഹീനം(നഷ്ടം)നൽകണം. ധാന്യം, പശുക്കൾ, ഹിരണ്യം എന്നിവ കടമായിക്കൊടുത്തു രാജാവു കർഷകന്മാരെ സഹായിക്കണം; പിന്നീടവർ അവയെ ക്ലേശംകൂടാതെ തിരികെ കൊടുത്തുതീർക്കുകയും വേണം. ഭണ്ഡാരത്തിൻെറ വൃദ്ധിക്കുതകുംവിധം അവക്ക് അനുഗ്രഹവും പരിഹാരവും * നൽകണം; കോശത്തിന്നു കോട്ടംവരുത്തുന്ന അനുഗ്രഹപരിഹാരങ്ങളെ വ

* ഭൂമിയെ അധികം ഫലവത്താക്കുന്നതിനുള്ള സാഹായ്യം അനുഗ്രഹം. കേടുതീർക്കുന്നതിന്നുള്ള പരിഹാരം.

ജ്ജിക്കണം. എന്തുകൊണ്ടെന്നാൽ, അപ്രകാശനായ രാജാവു പൌരജാനപദന്മാരെത്തന്നെ ഗ്രസിക്കും. ജനപദനിവേശം ചെയ്യുമ്പോൾത്തന്നെയോ, അല്ലെങ്കിൽ ജനങ്ങളുടെ ആഗമനമനുസരിച്ചോ പരിഹാരം നൽകണം. പരിഹാരമായിക്കൊടുത്ത ധനം തിരികെ തന്നുതീർന്നവരെ അനുഗ്രഹം നൽകി അച്ഛനെന്നപോലെ രക്ഷിക്കുകയും വേണം.

ആകരകർമ്മാന്തങ്ങൾ, ദ്രവ്യവനങ്ങൾ, ഹസ്തിവനങ്ങൾ, വ്രജങ്ങൾ, വണിക്പഥങ്ങൾ, ജലമാർഗ്ഗങ്ങൾ, സ്ഥലമാർഗ്ഗങ്ങൾ, പണ്യപത്തനങ്ങൾ എന്നിവയേയും രാജാവു സ്ഥാപിക്കണം. സഹോദകമോ ആഹാര്യോദക (വെള്ളം കെട്ടിത്തിരിക്കാവുന്നതു്)മോ ആയിട്ടുള്ള സേതു (ചിറ) കെട്ടിക്കണം. മറ്റുള്ളവർ സേതുബന്ധിക്കുമ്പോൾ ഭൂമിയും, മാർഗ്ഗവും, മരവും, ഉപകരണവും നൽകി സഹായം ചെയ്കയും വേണം. പുണ്യസ്ഥാനങ്ങളോ ആരാമങ്ങളോ പണിയിക്കുന്നവർക്കും ഈ സാഹായ്യം ചെയ്യേണ്ടതാണ്. പലരുംകൂടി സംഘമായിച്ചേർന്നു സേതു ബന്ധിക്കുന്നതിൽനിന്ന് ഒരുവൻ ഒഴിഞ്ഞാൽ അവൻെറ കർമ്മകരന്മാരും കാളകളും അവൻെറ പണി നടത്തണം. അവൻ അതിൻെറ ചെലവിൽ ഒരു ഭാഗം വഹിപ്പാൻ ചുമതലപ്പെട്ടിരിക്കും; ഫലത്തിൽ ഭാഗഭാക്കാകയുമില്ല. സേതുക്കളിലുള്ള മത്സ്യങ്ങൾ, പ്ലവങ്ങൾ, (മരക്കലപ്പക്ഷികൾ), ഹരിതകങ്ങൾ, പണ്യവസ്തുക്കൾ എന്നിവയുടെ സ്വാമ്യം രാജാവിന്നായിരിക്കും.

ദാസന്മാർ, ആഹിതകന്മാർ, ബന്ധുക്കൾ എന്നിവർ യജമാനൻ പറഞ്ഞതു കേൾക്കാതിരുന്നാൽ രാജാവു് അവരെ വിനയിച്ചുകൊടുക്കണം. ബാലന്മാർ, വൃദ്ധന്മാർ, വ്യാധിതന്മാർ, വ്യസനികൾ, അനാഥന്മാർ എന്നിവരെ

രാജാവു ചെലവുകൊടുത്തു ഭരിക്കണം. പ്രസവിക്കാത്ത സ്ത്രീയും പ്രസവിച്ചവളുടെ പുത്രന്മാരും അനാഥരാകുന്നപക്ഷം അവരേയും രാജാവുതന്നെ ഭരിക്കണം.

അനാഥനായ ബാലന്റെ ദ്രവ്യത്തെ അവനു വ്യവഹാരപ്രാപ്തി വരുന്നതുവരെ ഗ്രാമവൃദ്ധന്മാർ വർദ്ധിപ്പിക്കണം; ദേവദ്രവ്യത്തേയും അങ്ങനെതന്നെ. മക്കളേയും, ഭാര്യയേയും, അച്ഛനമ്മമാരേയും, വ്യവഹാരപ്രാപ്തി വരാത്ത സോദരന്മാരേയും, കന്യകമാരോ വിധവകളോ ആയ ഭഗിനിമാരേയും ശക്തിയുണ്ടായിട്ടും ഭരിക്കാതിരിക്കുന്നവർക്കു പന്ത്രണ്ടുപണം ദണ്ഡം വിധിക്കണം. എന്നാൽ ഈ വിധി പതിതരായവരെ ഒഴിച്ചു മാത്രമാണ്. മാതാവാകട്ടേ പതിതയായാലും പുത്രൻ അവളെ ഭരിക്കണം. ഭാര്യാപുത്രന്മാർക്കു പ്രതിവിധാനം ചെയ്യാതെ പ്രവ്രജിക്കുന്നവനു പൂർവ്വസാഹസദണ്ഡം വിധിക്കണം; സ്ത്രീയെ പ്രവ്രജിപ്പിക്കുന്നവനും ശിക്ഷ അതുതന്നെ. ലുപ്തവ്യവായ (മൈഥുനശക്തി നശിച്ചവൻ)നായിട്ടുള്ളവനു ധർമ്മസ്ഥന്മാരോട നുവാദം വാങ്ങി പ്രവ്രജിക്കാവുന്നതാണ്. അല്ലാത്തപക്ഷം അവൻ ബന്ധിക്കപ്പെടും

വാനപ്രസ്ഥനൊഴികെയുള്ള ഒരു പ്രവ്രജിതവേഷനോ, സാധുവാംവണ്ണം ഏർപ്പെടുത്തിയതല്ലാത്ത ഒരു സംഘമോ, സാമുത്ഥായിക (ജനപദക്ഷേമത്തിന്നുവേണ്ടി കൂട്ടായി ചെയ്യുന്ന)മായിട്ടുള്ളതല്ലാത്ത ഒരു സമയാനുബന്ധമോ രാജാവിന്റെ നാട്ടിൽ ഉണ്ടായിരിക്കരുത്.

ആരാമവിഹാരാർത്ഥമായിട്ടുള്ള ശാലകൾ നാട്ടിൽ ഉണ്ടായിരിക്കരുതു്. നടന്മാർ, നർത്തനന്മാർ, ഗായനന്മാർ, വാദകന്മാർ, വാഗ്ജീവനന്മാർ, കുശീലവന്മാർ എന്നിവർ ജനങ്ങൾക്കു കർമ്മവിഘ്നം ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ, ഗ്രാമങ്ങൾ നിരാശ്രയങ്ങളായി ഗ്രാമവാസി

കളെല്ലാം കൃഷിക്ഷേത്രങ്ങളിൽ അഭിരതരായിരുന്നാൽ മാത്രമേ കോശം, വിഷ്ടി, ദ്രവ്യം, ധാന്യം, രസം എന്നിവയ്ക്കു നാട്ടിൽ വൃദ്ധിയുണ്ടാകയുള്ളു.

പരസൈന്യാടവീഗ്രാസം
വ്യാധിദുർഭിക്ഷപീഡയും
വ്യയക്രീഡകളും കൂടാ-
തുഴിപൻ നാടു കാക്കണം.
ദണ്ഡവിഷ്ടികരാബാധം
വരാതേ കാക്കണം കൃഷി;
ചോരവ്യാളവിഷഗ്രാഹ-
വ്യാധിയെന്ന്യേ പശുവ്രജം
സേവകന്മാർ, കാർമ്മികന്മാർ,
ചോരന്മാർ, അന്തപാലകർ,
പശുക്കളും തീണ്ടിടാതെ
കാത്തീടേണം വണിക്പഥം
ഇത്ഥം ദ്രവ്യദ്വിപവനം
സേതുവാകരമെന്നിവ
കാക്കണം മുമ്പുള്ളവയെ-
ത്തീർക്കണം പുതുതായുമേ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന**
**രണ്ടാമധികരണത്തിൽ, ജനപദനിവേശ**
**മെന്ന ഒന്നാമദ്ധ്യായം.**

## രണ്ടാം അദ്ധ്യായം.

ഇരുപത്തൊന്നാം പ്രകരണം. ഭൂമിച്ഛിദ്രവിധാനം.

കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ പശുക്കൾക്കു വിവീതങ്ങളെ (മേച്ചിൽസ്ഥലങ്ങളെ) രാജാവു വിട്ടുകൊടുക്കണം.

ബ്രാഹ്മണൎക്ക് ബ്രഹ്മാരണ്യങ്ങളും (വേദാദ്ധ്യയനവനങ്ങൾ) സോമാരണ്യങ്ങളും (സോമയാഗത്തിന്നുള്ള വനങ്ങൾ), തപസ്വികൾക്ക തപോവനങ്ങളും, അവയിലെ സ്ഥാവരജംഗമങ്ങൾക്ക് അഭയം നൽകിയും കവിഞ്ഞതു ഒരു ഗോരുതം (ഗവ്യൂതി, അരനാഴിക) വിസ്താരത്തിൽ തിരിച്ചും വിട്ടുകൊടുക്കണം.

അത്രതന്നെ വിസ്താരമുള്ളതായും, ഏകദ്വാരമായും, ഖാതങ്ങ (കിടങ്ങുകൾ) ളെക്കൊണ്ടു ഗുപ്തമായും, മധുരഫലങ്ങൾ നിറഞ്ഞ ലതാഗുല്മങ്ങളും ഗുച്ഛങ്ങളും മുള്ളില്ലാത്ത മരങ്ങളും കണ്ടില്ലാത്ത ജലാശയങ്ങളുമുള്ളതായും, ദാന്തങ്ങളായ മൃഗങ്ങളോടും നാൽക്കാലികളോടും നഖദംഷ്ട്രകൾ മുറിച്ച വ്യാളങ്ങളോടും മാൎഗ്ഗായുക(മൃഗയാർഹങ്ങൾ)ളായ കൊമ്പനാനകൾ, പിടിയാനകൾ, കൊച്ചാനകൾ എന്നിവയോടും കൂടിയതായുമിരിക്കുന്ന ഒരു മൃഗവനം രാജാവിന്നു വിഹരിപ്പാനായിട്ടും ഉണ്ടാക്കിക്കണം.

ജനപദാന്തത്തിങ്കലോ അല്ലെങ്കിൽ ഭൂസ്ഥിതിയനുസരിച്ച മറെറാരിടത്തോ സൎവ്വാതിഥിമൃഗ(എല്ലാ മൃഗങ്ങൾക്കും ആതിഥ്യം നൽകുന്നതു്)മായിട്ടുള്ള മറെറാരു മൃഗവനവും സ്ഥാപിക്കണം.

കുപ്യവൎഗ്ഗത്തിൽപ്പറയുന്ന ദ്രവ്യങ്ങളോരോന്നിന്നും വേറെവേറെ ഓരോ വനം നിൎമ്മിക്കുന്നതിനും വിരോധമില്ല.

ദ്രവ്യവനം സംബന്ധിച്ച കൎമ്മശാലകളേയും അടവികളേയും ദ്രവ്യവനങ്ങളിലെ ജീവനക്കാർ നിവേശിപ്പിക്കണം.

പ്രത്യന്തത്തിങ്കൽ ഹസ്തിവനത്തെ സ്ഥാപിക്കണം; അതിൻെറ രക്ഷ അടവീപാലന്മാർ ചെയ്യേണ്ടതാണു്. നാഗവനാദ്ധ്യക്ഷൻ പൎവ്വതസമീപത്തോ, നദീസമീപ

ത്തോ, സരസ്സിന്റെ സമീപത്തോ, അന്തപ്രദേശസമീപത്തോ ഉള്ള നാഗവനത്തെ (ഗജങ്ങൾ പെരുമാറുന്ന വനത്തെ), അതിന്റെ പര്യന്തപ്രദേശങ്ങളിലുള്ള ഗജങ്ങളുടെ പ്രവേശനിഷ്ക്രമണങ്ങൾ മനസ്സിലാക്കി നാഗവനപാലന്മാരെക്കൊണ്ടു സംരക്ഷിപ്പിക്കണം. ആനയെക്കൊല്ലുന്നവനെ വധിക്കണം. സ്വയംമൃതമായ ഗജത്തിന്റെ ദന്തങ്ങൾ രണ്ടും കൊണ്ടുവന്നു നല്കുന്നവനു രാജാവു നാലേകാൽ പണം സമ്മാനം നല്കുകയും വേണം.

നാഗവനപാലന്മാർ ഹസ്തിപകന്മാരേയും പാദപാശികന്മാരെ (ആനയ്ക്കു കാൽച്ചങ്ങല വെക്കുന്നവർ) യും സൈമികന്മാ (സീമാധികൃതന്മാർ)രേയും വനചരന്മാരേയും പാരികർമ്മികന്മാരേയും തുണകൂട്ടി, ഹസ്തിമൂത്രപുരീഷങ്ങളുടെ ഗന്ധംകൊണ്ടു മററു ഗന്ധങ്ങളറിവാൻ വയ്യാതാകുന്നേടത്തെത്തിയാൽ ഭല്ലാതകീശാഖകൾ (ചേരിൻകൊമ്പുകൾ)കൊണ്ടു മറഞ്ഞു്, അഞ്ചോ ഏഴോ ഹസ്തിബന്ധകീക (ആനയെപ്പിടിക്കുന്ന പിടികൾ)ളോടുകൂടി സഞ്ചരിച്ച് ആനയുടെ ശയ്യാസ്ഥാനങ്ങളിലെ പദചിഹ്നവും ലണ്ഡവും (പിണ്ടി) പാദതോദ്ദേശവും (കൊമ്പുകുത്തികളിയടയാളം)നോക്കി ഹസ്തികുലപര്യഗ്രം(ആനകൾ സഞ്ചരിക്കുന്നതിന്റെ പരമാവധി) കണ്ടുപിടിക്കണം. യൂഥചരൻ, ഏകചരൻ, നിര്യൂഥൻ (കൂട്ടംതെററിയവൻ) യൂഥപതി, വ്യാളൻ (ക്രൂരൻ), മത്തൻ, പോതൻ, ബന്ധമുക്തൻ എന്നിങ്ങനെയെല്ലാമുള്ള ഗജങ്ങളെ അവർ നിബന്ധം (ലക്ഷണം)കൊണ്ടു മനസ്സിലാക്കണം. അനീകസ്ഥരുടെ പ്രമാണങ്ങളെക്കൊണ്ടു പ്രശസ്തങ്ങളായ ലക്ഷണങ്ങളും ശീലവുമുള്ള ഗജങ്ങളെ പിടിക്കുകയുംവേണം.

രാജാക്കന്മാരുടെ ജയത്തിന്നു പ്രധാനസാധനം ഗജങ്ങളാണു്. ശത്രുക്കളുടെ സൈന്യവ്യൂഹവും ദുർഗ്ഗവും സ്കന്ധാവാരവും മർദ്ദിക്കുന്നതു ഏററവും വലിയ ശരീരത്തോ

ടും പ്രാണഹരമായ പരാക്രമത്തോടും കൂടിയ ഗജങ്ങളാണല്ലോ.

ശ്രേഷ്ഠം കലിംഗാംഗചേദി-
പ്രാച്യകാരൂശജം ഗജം
മധ്യം ദശാർണ്ണാപരാന്ത-
ദേശജം ഗജജാതിയിൽ.
അധമം സൌരാഷ്ട്രദേശ-
ജാതം പാഞ്ചനദം തഥാ;
ഏവം പണിയെടുപ്പിച്ചാൽ
വീര്യം തേജസ്സു വേഗവും.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ഭൂമിച്ഛിദ്രവിധാനമെന്ന രണ്ടാമധ്യായം.**

---

## മൂന്നാം അധ്യായം.

---

### ഇരുപത്തൊന്നാം പ്രകരണം.

### ദുർഗ്ഗവിധാനം.

ജനപദാന്തത്തിങ്കൽ നാലുദിക്കുകളിലും യുദ്ധത്തിന്നു പററിയ ദൈവകൃതമായ ദുർഗ്ഗത്തെ കല്പിക്കണം. അന്തർദ്വീപമോ (നദിയാൽ ചുററപ്പെട്ടത്) നിമ്നാവരുദ്ധമോ (ആഴമുള്ള ജലാശയങ്ങളാൽ രുദ്ധം) ആയ സ്ഥലം ഔദകദുർഗ്ഗം; പ്രസ്തര(പാറ)മയമോ ഗുഹയോ ആയിട്ടുള്ള സ്ഥലം പാർവ്വതദുർഗ്ഗം; ഉദകസ്തംബഹീനമോ ഇരിണമോ (മണൽമയം) ആയ സ്ഥലം ധാന്വനദുർഗ്ഗം; ഖഞ്ജന (കാൽ വഴുക്കുന്നതു)മായ വെള്ളമുള്ളതോ സ്തംബഗഹനമോ ആയ സ്ഥലം വനദുർഗ്ഗം. അവയിൽവച്ചു നദീദുർഗ്ഗ

വും പാർവ്വതദുർഗ്ഗവും ജനപദത്തിങ്കലെ രക്ഷാസ്ഥാനമാകുന്നു; ധാന്വനദുർഗ്ഗവും വനദുർഗ്ഗവും അടവിയിങ്കലെ രക്ഷാസ്ഥാനമത്രെ. അല്ലെങ്കിൽ അതു് ആപത്തിങ്കൽ അപസാരസ്ഥാനവുമാകാം.

ജനപദമധ്യത്തിൽ സമുദയസ്ഥാന (മുതലെടുപ്പു സൂക്ഷിക്കുന്ന സ്ഥാനം) മായിട്ടു രാജാവു സ്ഥാനീയദുർഗ്ഗം നിർമ്മിപ്പിക്കണം. വാസ്തുശാസ്ത്രജ്ഞന്മാരാൽ പ്രശംസിക്കപ്പെട്ടതായ ദേശത്തിൽ, നദീസംഗമത്തിങ്കലോ വെള്ളംവററാത്ത കയം, സരസ്സ്, തടാകം ഇവയിലൊന്നിന്റെ സമീപത്തിങ്കലോ, ഭൂസ്ഥിതിയനുസരിച്ചു വൃത്തമോ ദീർഘമോ ചതുരശ്രമോ ആയും, ചുററും പ്രദക്ഷിണമായിട്ടു വെള്ളം ഒഴുകുന്നതായും, പണ്യവസ്തുക്കൾ കൊണ്ടുവന്നിറക്കുന്ന സ്ഥാനമായും, അംസപഥ (സ്ഥലമാർഗ്ഗം) ത്തോടും വാരിപഥത്തോടുംകൂടിയതായുമാണ് സ്ഥാനീയം നിർമ്മിക്കേണ്ടതു്.

അതിന്റെ ചുററും ഓരോ ദണ്ഡ് ഇടവിട്ടു മൂന്നു പരിഖകൾ (കിടങ്ങുകൾ) ഉണ്ടാക്കിക്കണം. അവ ക്രമത്തിൽ പതിന്നാലും പന്ത്രണ്ടും പത്തും ദണ്ഡു വിസ്താരത്തോടും വിസ്താരത്തിന്റെ മുക്കാലംശമോ പകുതിയോ ആഴത്തോടും മൂലത്തിങ്കൽ മുകളിലേതിന്റെ മൂന്നിലൊന്നു വിസ്താരത്തോടും കൂടിയും, മൂലത്തിങ്കൽ ചതുരശ്രാകൃതിയായും, കല്പടവോടുകൂടി ഇരുപാർശ്വങ്ങളിൽ കല്ലും ഇഷ്ടകയും കൊണ്ടു കെട്ടിയതോ ആയും, ജലാന്തത്തോളം കുഴിച്ചോ ആഗന്തുവായ ജലം തിരിച്ചോ വെള്ളം നിറച്ചതും പരിവാഹങ്ങ(വെള്ളം ഒഴുകുന്നതിനുള്ള ചാലുകൾ)ളുള്ളതുമായും, ധാരാളം പത്മങ്ങളും ഗ്രാഹങ്ങളുമുള്ളതായുമിരിക്കണം.

പരിഖയിൽനിന്നു നാലു ദണ്ഡകന്നു്, അടിയിൽനിന്ന് ആറു ദണ്ഡ് ഉയരത്തോടും അതിലിരട്ടി വി

ഷ്കഷ(വിസ്താര)ത്തോടും കൂടിയും അടിയിൽ അവരുദ്ധമായും വപ്രം (മതിൽവാട, മൺകോട്ട) പണിയിക്കണം. അതു് ഊർദ്ധ്വചയ(അടിയിൽ തടിച്ചും മുകളിൽ കൂർത്തുമിരിക്കുന്നതു)മോ, മഞ്ചപൃഷ്ഠ (അടിയിലും മുകളിലും ഒപ്പം വിസ്താരമുള്ളതു)മോ, കുംഭികുക്ഷിക(അടിയിലും മുകളിലും വിസ്താരം കുറഞ്ഞു നടുവിൽ തടിച്ചതു്)മോ ആയും, മുകളിൽക്കൂടെ ആനകളേയും കാളികളേയും നടത്തിയും മുള്ളുള്ള ഗുല്മങ്ങളും വിഷവല്ലീപ്രതാനങ്ങളും വെച്ചുപിടിപ്പിച്ചും ഉറപ്പുവരുത്തിയതായുമിരിക്കണം. പാംസുശേഷം (കിടങ്ങു കീറിയ മണ്ണിന്റെ ബാക്കി)കൊണ്ടു വാസ്തുച്ഛിദ്രത്തെ നികത്തുകയും ചെയ്യാം.

വപ്രത്തിന്റെ ഉപരിഭാഗത്തു് ഇഷ്ടകകൊണ്ടു പ്രാകാരം (മതിൽ) പണിയിക്കണം. വിസ്താരം എത്രയോ അതിന്റെ ഇരട്ടിയാണതിന്നുയരം വേണ്ടതു്. പന്ത്രണ്ടു ഹസ്തത്തിനുമേൽ പരമാവധി ഇരുപത്തിനാലു ഹസ്തം വരെ ഓജമായിട്ടോ യുഗ്മമായിട്ടോ ആണു് ഉയരത്തിന്റെ കണക്കു്. മുകൾഭാഗം രഥചര്യസഞ്ചാര വലുപ്പത്തിൽ സഞ്ചാരമാർഗ്ഗത്തോടുകൂടിയതായും കല്ലുകൊണ്ടോ ഇഷ്ടകകൊണ്ടോ താലമൂലം (കരിമ്പനക്കുറ്റി), മുരജം (മിഴാവു്), കപിശീർഷകം (കുരങ്ങിന്റെ തല) എന്നിവയുടെ പ്രതിമകൾ നിരക്കെ പണിചെയ്തതായുമിരിക്കണം. തടിച്ച ശിലകൾകൊണ്ടു പടുത്തു ശൈലം (ശിലാമയ) മായും പ്രാകാരം പണിയിക്കാം. മരംകൊണ്ടു ഒരിക്കലും മതിൽ പണിയിക്കരുതു്. എന്തുകൊണ്ടെന്നാൽ മരത്തിൽ അഗ്നി അവഹിതനായിട്ടു സ്ഥിതിചെയ്യുന്നു.

മതിലിന്റെ മുകളിൽ അട്ടാലകം (കൊത്തളം) ഉണ്ടാക്കിക്കണം. അതു വിഷ്കംഭചതുരശ്ര(നീളവും വണ്ണവും ഉയരവും സമമായതു)മായും ഉയരത്തിനു പാകമായ

അവക്ഷേപസോപാന(ഇറങ്ങുവാനുള്ള കൽപ്പട)ത്തോടുകൂടിയതായുമിരിക്കണം.

രണ്ട് അട്ടാലകങ്ങളുടെ മധ്യത്തിൽ മുപ്പതു ദണ്ഡ് ഇടവിട്ടു ഒരു ഹർമ്മ്യവും (മേൽപ്പുര) രണ്ടു തലങ്ങ(മുറികൾ)ളുമുള്ളതും വിസ്താരത്തിന്റെ ഒന്നരയിരട്ടി നീളമുള്ളതുമായിട്ടു പ്രതോളി (വീഥി)യുണ്ടാക്കിക്കണം.

അട്ടാലകത്തിന്റെയും പ്രതോളിയുടേയും മധ്യത്തിൽ മൂന്നു ധാനുഷ്കന്മാർക്കിരിക്കാവുന്നതും പിധാനച്ഛിദ്രഫലകം (ദ്വാരമുള്ള മരപ്പലക) തറച്ചതുമായിട്ടു ഇന്ദ്രകോശം (ഒരുതരം മഞ്ചം) നിർമ്മിക്കണം.

അന്തരങ്ങളിൽ രണ്ടു ഹസ്തം വിസ്താരവും പാർശ്വത്തിൽ വിസ്താരത്തിന്റെ നാലിരട്ടി നീളവും പ്രാകാരത്തിൽ എട്ടു ഹസ്തം നീളവുമുള്ളതായ ദേവപഥ (മതിലിന്മേൽനിന്നിറങ്ങിപ്പോകാനുള്ള ഗൂഢമാർഗ്ഗം)വും നിർമ്മിക്കണം.

മതിലിന്മേൽ ഒരു ദണ്ഡോ രണ്ടു ദണ്ഡോ ഇടവിട്ടു ചാര്യക(കയറുവാനുമിറങ്ങുവാനുമുള്ള പടവുകൾ)ളും, മററുള്ളവർക്കു ഗ്രഹിപ്പാൻ കഴിയാത്ത ഒരു സ്ഥലത്തു പ്രധാവിതിക (ഓടിപ്പോകുവാനുള്ള ചെറുമാർഗ്ഗം) യും, നിഷ്ക്കുഹദ്വാര(ശത്രുഭടന്മാരുടെ സ്ഥിതി നോക്കുവാനുള്ള പൊത്തു്)വും നിർമ്മിക്കണം.

കിടങ്ങിന്റെ ബഹിർഭാഗത്തു ജാനുഭഞ്ജനികൾ (മുട്ടുമുറിക്കുന്ന മരയാണികൾ), ത്രിശൂലപ്രകരങ്ങൾ (മുമ്മുനശ്ശൂലങ്ങൾ), കൂടങ്ങൾ (ഇരുമ്പാണികൾ), അവപാതങ്ങൾ (പുല്ലുകൊണ്ടുമൂടിയ കുഴികൾ), കണ്ടകപ്രതിസരങ്ങൾ (ഇരുമ്പുകൊണ്ടുള്ള മുൾക്കയറുകൾ), അഹിപൃഷ്ഠങ്ങൾ (ഇരുമ്പുകൊണ്ടുള്ള പാമ്പിൻപല്ലുകൾ), താലപത്രങ്ങൾ (ഇരുമ്പുവാറുകൾ), ശൃംഗാടകങ്ങൾ (ഇരുമ്പുമുക്കാലികൾ), ശ്വദംഷ്ട്രകൾ (നായ്പ്പല്ലുകൾ), അർഗ്ഗളകൾ, ഉപസ്കന്ദ

നങ്ങൾ (കാലിടറിക്കുന്ന മരങ്ങൾ), പാദുകകൾ (ഒററയടിക്കുഴികൾ), അംബരീഷങ്ങൾ (കുറൽക്കാരക്കുഴികൾ), ഉദപാനകങ്ങൾ (ചാളിക്കുളങ്ങൾ) എന്നിവകൊണ്ടു മൂടിയ ഒരു ഛന്നമാൎഗ്ഗവും നിൎമ്മിക്കണം.

പ്രാകാരത്തിന്റെ ഇരുഭാഗങ്ങളിലും വെട്ടി ഒന്നര ദണ്ഡു വിസ്താരമുള്ള ഒരു മണ്ഡപം നിൎമ്മിച്ച് അതിൽ ദ്വാരം (കോട്ടവാതിൽ) ഉണ്ടാക്കിക്കണം; പ്രതോളിയുടെ വിസ്താരം എത്രയോ അതിന്റെ * ഷൾതലാന്തര (ആറിലൊരു ഭാഗം വിസ്താരമുള്ളതു്) മായിട്ടാണു് ദ്വാരം വേണ്ടതു്. അഞ്ചു ദണ്ഡു മുതൽക്കു ഓരോ ദണ്ഡു അധികമാക്കി എട്ടു ദണ്ഡുവരെ ചതുരശ്രമായിട്ടോ, വിസ്താരത്തിന്റെ ഷഡ്ഭാഗം അല്ലെങ്കിൽ അഷ്ടഭാഗം ആയാമത്തിൽ (നീളത്തിൽ) അധികമായിട്ടോ ആണു് ദ്വാരം പണിയേണ്ടതു്. ദ്വാരഗൃഹത്തിന്റെ തലോത്സേധം (തട്ടുകരം) പതിനഞ്ചുഹസ്തം മുതൽക്കു ഓരോ ഹസ്തം അധികമായിട്ടു പതിനെട്ടു ഹസ്തംവരെ. സ്തംഭത്തിന്റെ പരിക്ഷേപം(പരിധി) ഷഡായാമം(ആകയുള്ള നീളത്തിന്റെ ആറിലൊന്നു); നിഖാതം (കുഴിച്ചിടുന്ന ഭാഗം) അതിലിരട്ടി; ചൂളിക (ചൂഴി) അതിന്റെ ചതുൎഭാഗം.

പ്രതോളീഷൾതലങ്ങളിൽ ആദിതലത്തെ അഞ്ചു ഭാഗമാക്കി ഒരുഭാഗം ശാലയും, ഒരുഭാഗം വാപിയും, ഒരു ഭാഗം സീമാഗൃഹവുമായിക്കല്പിക്കണം †. ശാലയുടെ പ

---

* പ്രതോളിയെ ആറു തലങ്ങളായി ഭാഗിച്ച് അവസ്ഥാധാരമായി ആറു തോരണസ്തംഭങ്ങൾ നാട്ടി, അതിന്റെ ആറിലൊന്നായ മധ്യതലത്തിന്റെ വിസ്താരത്തിലാണ് വാതിൽ നിൎമ്മിക്കേണ്ടതെന്നു വ്യാഖ്യാതാവു പറയുന്നു.

† നടുവിലെ ഭാഗം വാപി. വാപിയുടെ ഇരുഭാഗങ്ങളിൽ ദീൎഘചതുരമായിട്ടു രണ്ടു ശാലകൾ. ശാലയുടെ അറ്റങ്ങളിൽ സീമാഗൃഹങ്ങൾ—എന്നിങ്ങനെ വരും. സീമാഗൃഹമെന്നാൽ രണ്ടു ശാലകളുടേയും രണ്ടു ഭാഗങ്ങളിൽ ചതുഷ്കോണമായിട്ടുള്ള കോഷ്ഠഗൃഹമാകുന്നു.

ത്തിലൊന്നു വിസ്താരത്തിൽ രണ്ടു പ്രതിമഞ്ചങ്ങൾ (മത്തഗജപ്രതിമയോടുകൂടി ഇഷ്ടകാമയമായ മഞ്ചങ്ങൾ) വേണം. അതിന്റെയും ഹർമ്മ്യത്തിന്റെയും ഇട ഉയരത്തിൽ പകുതി വിസ്താരമായ കണ്ഠത്തിൽ തൂണുകൾ നാട്ടി ഒഴിച്ചിടുകയും വേണം.

ഉത്തമാഗാരം (മൂന്നാമത്തെ നില) അദ്ധ്വാസ്തകമോ (ഒന്നര ദണ്ഡു വലുപ്പമുള്ളതു്) ത്രിഭാഗാന്തരമോ ആയിരിക്കണം. പാർശ്വങ്ങൾ ഇഷ്ടകകൊണ്ടു കെട്ടുകയും, വാമഭാഗത്തു പ്രദക്ഷിണമായിട്ടുള്ള സോപാനവും മറ്റേ ഭാഗത്തു ശൃംഖലിത്തിസോപാനവും നിർമ്മിക്കുകയും വേണം.

തോരണശിരസ്സു രണ്ടു ഹസ്തം വിസ്താരമുള്ളതായിരിക്കണം. അതിന്റെ ത്രിപഞ്ചഭാഗം (അഞ്ചിൽ മൂന്നു) വലുപ്പമുള്ളവയായിട്ടു രണ്ടു കവാടങ്ങൾ നിർമ്മിക്കണം. ഓരോ കവാടത്തിന്നു ഈരണ്ടു പരിഘങ്ങളും, ഒരു അരത്നി വലുപ്പമുള്ള ഇന്ദ്രകീലവും വേണം.

അണിദ്വാരം (മഹാകവാടപാർശ്വത്തിലുള്ള ക്ഷുദ്രദ്വാരം) അഞ്ചു ഹസ്തമുള്ളതായിരിക്കണം. നാലു ഹസ്തിപരിഘങ്ങളും ഉണ്ടായിരിക്കണം

ദ്വാരനിവേശത്തിന്റെ അർദ്ധഭാഗം വലുപ്പമുള്ളതും ദ്വാരമുഖത്തോടു സമമായ വിസ്താരമുള്ളതുമായിട്ടു ഹസ്തിനഖം (ആനക്കൽപ്പട) പണിയിക്കണം. അതിന്റെ സംക്രമം (പടവു്) അസംഹാര്യ്യമായോ, ഉദകഹീനമായ സ്ഥലത്തു മൃണ്മയമായോ നിർമ്മിക്കണം.

പ്രാകാരസമമായ മുഖദ്വാരത്തോടുകൂടി ആ വിസ്താരത്തിന്റെ മൂന്നിലൊരു ഭാഗം വിസ്താരമുള്ളതും ഗോധാമുഖം (ഉടുമ്പിന്റെ മുഖം) പോലെയുള്ളതുമായിട്ടു വേറെ ഒരു ഗോപുരവും നിർമ്മിപ്പിക്കണം.

പ്രാകാരമധ്യത്തിൽ വാപിയും, വാപിയുടെ ഛേച്ച് പോലെ പുഷ്കരിണി എന്ന ദ്വാരവും കല്പിച്ച് മുൻപറഞ്ഞതിന്റെ അദ്ധ്യർദ്ധം (ഒന്നരഇരട്ടി) വലുപ്പത്തിൽ അന്തരത്തോടും ആണിദ്വാരത്തോടുംകൂടി ചതുശ്ശാലമായിട്ട് കുമാരീപുരമെന്ന ദ്വാരവും, രണ്ടു തലങ്ങളോടുകൂടി മുണ്ഡഹർമ്മ്യമായിട്ട് മുണ്ഡകദ്വാരവും, ഭൂമിയുടെ സ്ഥിതിയും ദ്രവ്യത്തിന്റെ അവസ്ഥയുമനുസരിച്ച് നിർമ്മിപ്പിക്കേണ്ടതാണ്. ത്രിഭാഗാധികായാമങ്ങൾ (എത്ര വിസ്താരമുണ്ടോ അത്രയും അതിന്റെ മൂന്നിലൊന്നും നീളമുള്ളവ) ആയിട്ട് ഭാണ്ഡവാഹിനികളായ കുല്യകളും നിർമ്മിക്കണം.

സൂക്ഷിപ്പിതവയിൽ കല്ല്,
കൈക്കോട്ട്, മഴു, യഷ്ടിയും,
മുസൃണ്ഠി, മുൽഗരം, ദണ്ഡം,
ചക്രം, യന്ത്രം, ശതഘ്നിയും,
കാർമ്മാരികങ്ങൾ, ശൂലങ്ങൾ,
മുനകൂർത്ത മുള്ളത്തരം,
ഉഷ്ട്രഗ്രീവ്യഗ്നിസംയോഗങ്ങൾ,
കുപ്യകർമ്മ വിധിപ്പതും.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ദുർഗ്ഗവിധാനമെന്ന മൂന്നാമധ്യായം.**

---

## നാലാം അധ്യായം.

### ഇരുപത്തിരണ്ടാം പ്രകരണം.

### ദുർഗ്ഗനിവേശം.

കിഴക്കുപടിഞ്ഞാറ് മൂന്നു രാജമാർഗ്ഗങ്ങൾ, തെക്കുവടക്കു മൂന്നു രാജമാർഗ്ഗങ്ങൾ, ഇങ്ങനെയാണ് ദുർഗ്ഗത്തിന്റെ

വാസ്തുവിഭാഗം. അതു പന്ത്രണ്ടു ദ്വാരങ്ങളോടും യുക്തമായവിധം വെള്ളം, ഭൂമി, പ്രച്ഛന്നമാർഗ്ഗം എന്നിവയോടുംകൂടിയതായിരിക്കണം.

രഥ്യ, രാജമാർഗ്ഗം, ദ്രോണമുഖമാർഗ്ഗം, സ്ഥാനീയമാർഗ്ഗം, രാഷ്ട്രമാർഗ്ഗം, വിവീതമാർഗ്ഗം എന്നിവ നാലുദണ്ഡു വിസ്താരമുള്ളവയായിരിക്കണം. സംയാനീയ (പണ്യപത്തന)മാർഗ്ഗം, വ്യൂഹമാർഗ്ഗം, ശ്മശാനമാർഗ്ഗം, ഗ്രാമമാർഗ്ഗം എന്നിവയ്ക്കു എട്ടു ദണ്ഡു വിസ്താരം വേണം. സേതുമാർഗ്ഗത്തിനും വനമാർഗ്ഗത്തിനും നാലു ദണ്ഡു; ഹസ്തിമാർഗ്ഗത്തിനും ക്ഷേത്രമാർഗ്ഗത്തിനും രണ്ടുദണ്ഡു; രഥമാർഗ്ഗത്തിനു അഞ്ചു അരത്നി; പശുമാർഗ്ഗത്തിനു നാലു അരത്നി; ക്ഷുദ്രപശുമാർഗ്ഗത്തിനും മനുഷ്യമാർഗ്ഗത്തിനും രണ്ടു അരത്നി.

പ്രകൃഷ്ടവും ചാതുർവ്വർണ്ണ്യങ്ങൾക്കു ആശ്രയിക്കത്തക്കതുമായ വാസ്തുവിങ്കലാണ് രാജനിവേശം (കോവിലകം) പണിയിക്കേണ്ടതു്. വാസ്തുഹൃദയ*ത്തിന്നു വടക്കു നവഭാഗത്തിങ്കൽ യഥോക്തമായവിധം പ്രാങ്മുഖമോ ഉദങ്മുഖമോ ആയിട്ടു അന്തഃപുരം നിർമ്മിക്കണം.

അതിന്റെ പൂർവ്വോത്തരഭാഗത്തു് ആചാര്യന്റെയും പുരോഹിതന്റെയും ഇജ്യാ (യജ്ഞം) സ്ഥാനവും തോയ (തീർത്ഥം) സ്ഥാനവും മന്ത്രികളുടെ പാർപ്പിടവും, പൂർവ്വദക്ഷിണഭാഗത്തു മഹാനസം, ഹസ്തിശാല കോഷ്ഠാ

---

* വാസ്തുവിനെ എൺപത്തൊന്നു പദമായിത്തിരിച്ചു കോഷ്ഠവിഭാഗം ചെയ്യുമ്പോൾ അതിന്റെ മദ്ധ്യത്തിലുള്ള ഒമ്പതു പദങ്ങളാണ് വാസ്തുഹൃദയം. ഈശാനകോണിലേക്കു തലവെച്ചു കാലുകൾ രണ്ടും നിരൃതികോണിലും വലത്തെ കൈകമുട്ടു വായുകോണിലും ഇടത്തേതു അഗ്നികോണിലും കൈപ്പടങ്ങൾ മാറത്തും ചേർത്തു മലന്നു കിടക്കുന്ന ഒരു പുരുഷനാണ് വാസ്തു. പറയിൽ കിഴക്കുപടിഞ്ഞാറും തെക്കുവടക്കും പതിപ്പത്തു സൂത്രം വരച്ചു എൺപത്തൊന്നു ഖണ്ഡങ്ങളുണ്ടാക്കിയാൽ നടുവിലെ ഒമ്പതു ഖണ്ഡങ്ങൾ കൂടിയതാണ് വാസ്തുഹൃദയം.

ഗാരം എന്നിവയുമായിരിക്കണം. അതുകഴിഞ്ഞു കിഴക്കെ ദിക്കിൽ ഗന്ധം, മാല്യം, ധാന്യം, രസം എന്നിവ വിൽക്കുന്നവരുടേയും പ്രധാനകാരുക്കളുടേയും ക്ഷത്രിയരുടേയും പാർപ്പിടങ്ങളായിരിക്കണം.

ദക്ഷിണപൂർവ്വഭാഗത്തു ഭാണ്ഡാഗാരം, അക്ഷപടലം, ശില്പകർമ്മശാലകൾ എന്നിവയും ദക്ഷിണപശ്ചിമഭാഗത്തു കുപ്യഗൃഹം, ആയുധാഗാരം എന്നിവയും സ്ഥാപിക്കണം. അതുകഴിഞ്ഞു തെക്കെദിക്കിൽ നഗരവ്യാവഹാരികൻ, ധാന്യവ്യാവഹാരികൻ, കാർമ്മാന്തികൻ, ബലാദ്ധ്യക്ഷൻ എന്നിവരും പക്വാന്നമദ്യമാംസങ്ങൾ വിൽക്കുന്നവരും രൂപാജീവകൾ (വേശ്യകൾ), താളാവചാരന്മാർ (താളവിദ്യക്കാർ) എന്നിവരും വൈശ്യരും താമസിക്കണം.

പശ്ചിമദക്ഷിണഭാഗത്തു കഴുതകളുടേയും ഒട്ടകങ്ങളുടേയും ഗുപ്തിസ്ഥാനവും കർമ്മഗൃഹവും (മരാമത്തു നടത്തുന്ന ശാല) പശ്ചിമോത്തരഭാഗത്തു യാനങ്ങൾ, രഥങ്ങൾ എന്നിവ സൂക്ഷിക്കുന്ന ശാലകളുമായിരിക്കണം. അതു കഴിഞ്ഞു പടിഞ്ഞാറെ ദിക്കിൽ ഊർണ്ണ (പട്ടനൂൽ), സൂത്രം, വേണു, ചർമ്മം, വർമ്മം, ശസ്ത്രാവരണം എന്നിവയുടെ പണി ചെയ്യുന്ന കാരുക്കളും ശൂദ്രരും താമസിക്കണം.

ഉത്തരപശ്ചിമഭാഗത്തു പണ്യഗൃഹം, ഭൈഷജ്യഗൃഹം എന്നിവയും ഉത്തരപൂർവ്വഭാഗത്തു കോശം, ഗവാശ്വസ്ഥാനം എന്നിവയുമായിരിക്കണം. അതിനപ്പുറത്തു വടക്കെദിക്കിൽ നഗരദേവത, രാജകുലദേവത എന്നിവരും ലോഹകാരുക്കളും മണികാരുക്കളും ബ്രാഹ്മണരും വസിക്കണം. വാസ്തുവിന്റെ ഛിദ്രാനുശാലാസങ്ങളിൽ (വാസ്തുമുറിയുന്ന മുക്കുകളിൽ) ശ്രേണികൾ, പ്രവഹണികർ (വിദേശത്തുനിന്നുവന്ന വ്യാപാരികൾ) എന്നിവരുടെ സമൂഹങ്ങളും താമസിക്കണം.

പുരമദ്ധ്യത്തിൽ അപരാജിത, അപ്രതിഹതൻ, ജയന്തൻ, വൈജയന്തൻ എന്നിവരുടെ കോഷ്ഠക (കോവിൽ)ങ്ങളും ശിവൻ, വൈശ്രവണൻ, അശ്വിനീദേവകൾ, ശ്രീഭഗവതി, മദിര (വാരുണീദേവി) എന്നിവരുടെ ആലയങ്ങളും സ്ഥാപിക്കണം. ആ കോഷ്ഠകങ്ങളിലും ആലയങ്ങളിലും ദേശസ്ഥിതിയനുസരിച്ചു വാസ്തുദേവതമാരെ പ്രതിഷ്ഠിക്കുകയും വേണം.

പുരത്തിനു ബ്രാഹ്മം, ഐന്ദ്രം, യാമ്യം, സൈനാപത്യം എന്നീ ദ്വാരങ്ങൾ * നിർമ്മിക്കുകയും, പരിഖയുടെ ബഹിർഭാഗത്തു നൂറുവിൽപ്പാടകലെ ചൈത്യവും (പൂജിതവൃക്ഷം) പുണ്യസ്ഥാനവും വനവും സേതുബന്ധവും പണിയിക്കുകയും, അവയിൽ ദിക്സ്ഥിതിയനുസരിച്ചു ദിക്ദേവതമാരെ പ്രതിഷ്ഠിക്കുകയും ചെയ്യണം.

ഉത്തരഭാഗത്തോ പൂർവ്വഭാഗത്തോ ശ്മശാനവാടം പണിയിക്കണം. വർണ്ണോത്തമന്മാരുടെ ശ്മശാനം ദക്ഷിണഭാഗത്താണു വേണ്ടതു്. അതിനെ അതിക്രമിക്കുന്നവനു പൂർവ്വസാഹസദണ്ഡം ശിക്ഷ. പാഷണ്ഡരുടേയും ചണ്ഡാളരുടേയും പാർപ്പിടം ശ്മശാനാന്തത്തിങ്കലായിരിക്കണം.

കുടുംബികൾക്കു താമസിപ്പാൻ അവരുടെ കർമ്മശാലയുടേയും ഭൂമിയുടേയും സ്ഥിതിയനുസരിച്ചു സീമയെ സ്ഥാപിക്കണം. അവയിൽ അവർ രാജാനുമതിവാങ്ങി പുഷ്പവാടങ്ങൾ, ഫലവാടങ്ങൾ, ഷണ്ഡങ്ങൾ, കേദാരങ്ങൾ (വയലുകൾ) എന്നിവ സ്ഥാപിക്കുകയും ധാന്യങ്ങളും പണ്യവസ്തുക്കളും ശേഖരിക്കുകയും വേണം. ദശകുലിവാട (പത്തു കുടുംബങ്ങൾക്കൊന്നു വീതം) മായിട്ടു കൂപസ്ഥാനവും അവർക്കുണ്ടായിരിക്കണം.

---

* ബ്രാഹ്മം=(വടക്കു) ബ്രഹ്മാവു ദേവതയായതു്. ഐന്ദ്രം=(കിഴക്കു) ഇന്ദ്രൻ ദേവതയായതു്. യാമ്യം=(തെക്കു) യമൻ ദേവതയായതു്. സൈനാപത്യം=(പടിഞ്ഞാറ്) വരുണൻ ദേവതയായതു്.

ണ്ണ, സ്നേഹം, ധാന്യം, ക്ഷാരം, ലവണം, ഭൈഷജ്യം, ശുഷ്കശാകം, യവസം, വല്ലൂരം (ശുഷ്കമാംസം), തൃണം, കാഷ്ഠം (വിറക്), ലോഹം, ചർമ്മം, അംഗാരം, സ്നായു (നാര്), വിഷം, വിഷാണം, വേണു, വല്ക്കലം, സാരദാരു (കാതൽമരം), പ്രഹരണം (ആയുധം), ആവരണം, അശ്മം എന്നിവ അനേകവർഷത്തെ ഉപയോഗത്തിന്നുവേണ്ടതു ദുർഗ്ഗത്തിൽ ശേഖരിച്ചുവയ്ക്കണം. അവയിൽ നിന്നു പഴയതെടുത്തു പുതിയതു പകരം വെച്ചുകൊണ്ടിരിക്കുകയും വേണം.

ഹസ്ത്യശ്വരഥപദാതികളെ അനേകം മുഖ്യന്മാരുടെ കീഴിലായിട്ടു കോട്ടയിൽ നിറുത്തണം. അനേകം മുഖ്യന്മാരുടെ കീഴിലായാൽ അവർ പരസ്പരം ഭയപ്പെടുകനിമിത്തം പരോപജാപത്തിൽ പെടുകയില്ല.

ഇപ്പറഞ്ഞ ദുർഗ്ഗസംസ്കാരംകൊണ്ടുതന്നെ അന്തപാലദുർഗ്ഗങ്ങളുടെ സംസ്കാരവും പറഞ്ഞുകഴിഞ്ഞു.

നാട്ടിന്നും നഗരത്തിന്നും
നാശം ചെയ്യുന്ന ധൂർത്തരെ
നാട്ടിൽ നിൎത്താതെയററത്തെ
ഋട്ടിക്കൊട്ടിക്കണം കരം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, ദുർഗ്ഗനിവേശമെന്ന
നാലാമദ്ധ്യായം.

# അഞ്ചാം അധ്യായം.

## ഇരുപത്തിമൂന്നാം പ്രകരണം.

### സന്നിധാതൃനിചയകർമ്മം.

സന്നിധാതാവു കോശഗൃഹവും, പണ്യഗൃഹവും, കോഷ്ഠാഗാരവും, കുപ്യഗൃഹവും, ആയുധാഗാരവും, ബന്ധനാഗാരവും പണിയിക്കണം.

ചതുരശ്രാകാരമായിട്ടുള്ള ഒരു വാപി വെള്ളത്തിന്റെ ഊറവു തുടങ്ങാത്തേടത്തോളം ആഴത്തിൽ കുഴിപ്പിച്ച്, തടിച്ച ശിലകളെക്കൊണ്ട് ഇരു പാർശ്വങ്ങളും അടിയും പടുത്ത്, അതിൽ കാതലുള്ള മരംകൊണ്ടു ഭൂമിസമമായും മൂന്നു നിലകളോടും അനേകം മുറികളോടും കൂടിയും ദേശ(മുകളിലെ നില)വും സ്ഥാന (നടുവിലെ നില)വും തല (അടിയിലെ നില)വും കുട്ടിമമായിപ്പടുത്തും ഏകദ്വാരമായും യന്ത്രഘടിതമായ സോപാനത്തോടും ദേവതാപ്രതിമ കൊത്തിയ പിധാനദ്വാരത്തോടുംകൂടിയും ഒരു ഭൂമിഗൃഹം പണിയിക്കണം. അതിന്റെ ഉപരിഭാഗത്ത് ഇരു ഭാഗങ്ങളും അടച്ച പ്രഗ്രീവ (മുഖപ്പുര)യോടുകൂടിയും ഭാണ്ഡവാഹിനിക (കലവറമുറികൾ)ളാൽ ചുററപ്പെട്ടിരിക്കുന്നതായിട്ടു ഇഷ്ടകകൊണ്ടു കോശഗൃഹം പണിയിക്കണം. അല്ലെങ്കിൽ ഉയർത്തി പ്രാസാദമാക്കിയും കോശഗൃഹം നിർമ്മിക്കാം.

ഇതിനു പുറമേ, ജനപദാന്തത്തിൽ ആപൽകാലത്തെ ഉപയോഗത്തിനായിട്ട് അഭിത്യക്തപുരുഷന്മാ (മരണശിക്ഷ വിധിക്കപ്പെട്ട ആളുകൾ)രെക്കൊണ്ടു ധ്രുവനിധി എന്ന കോശഗൃഹവും ഉണ്ടാക്കിക്കണം.

പക്വേഷ്ടകകൾകൊണ്ടു സ്തംഭങ്ങളുണ്ടാക്കി, നാലുശാലകളോടും ഒരു ദ്വാരത്തോടും അനേകം സ്ഥാനതലങ്ങളോ

ട്ടംകൂടി, ഇതുപുറവും ഉററ സ്തംഭങ്ങൾ പടുത്ത അപസര ങ്ങളോടുകൂടിയതായിട്ടു പണ്യഗൃഹം നിൎമ്മിക്കണം.

പണ്യഗൃഹംപോലെതന്നെയാണ് കോഷ്ഠാഗാരവും നിൎമ്മിക്കേണ്ടതു്.

ദീൎഘമായ അനേകം ശാലകളോടും അകത്തു ഭിത്തികളെ മറച്ചുംകൊണ്ടു് അനേകം കക്ഷ്യകളോടുംകൂടിയാണ് കുപ്യഗൃഹത്തിന്റെ പണി.

അതുതന്നെ ഭൂമിഗൃഹത്തോടുകൂടി പണിചെയ്താൽ ആയുധാഗാരമാകും.

ധൎമ്മസ്ഥീയം (ധൎമ്മസ്ഥന്മാരാൽ ദണ്ഡിക്കപ്പെട്ടവൎക്കുള്ളതു), മഹാമാത്രീയം (മഹാമാത്രന്മാരാൽ തടവിലാക്കപ്പെട്ടവൎക്കുള്ളതു) എന്ന രണ്ടുവിധം ബന്ധനാഗാരവും വെവ്വേറെയായും സ്ത്രീപുരുഷന്മാൎക്കുള്ള സ്ഥാനങ്ങളെ വേർതിരിച്ചും, പുറത്തേക്കു കടപ്പാൻ പാടില്ലാത്തവിധം ഗുപ്തങ്ങളായ കക്ഷ്യകളോടുകൂടിയും നിൎമ്മിപ്പിക്കണം.

ഇപ്പറഞ്ഞ എല്ലാ ഗൃഹങ്ങളും ശാല, ഖാതം (കുളം) ഉദപാനം (കിണറു്), സ്നാനഗൃഹം എന്നിവയോടുകൂടിയവയും അഗ്നിത്രാണവും വിഷത്രാണവും മാൎജ്ജാരന്മാരെക്കൊണ്ടും കീരികളെക്കൊണ്ടുമുള്ള രക്ഷയും ചെയ്തവയും സ്വദേവതമാരുടെ * പൂജയോടുകൂടിയവയുമായിട്ടു പണിയിക്കണം.

കോഷ്ഠാഗാരത്തിൽ വൎഷമാനത്തിനുവേണ്ടി ഒരു അരത്നി മുഖവിസ്താരമുള്ളതായ ഒരു കുണ്ഡം ഉണ്ടാക്കിക്കണം.

സന്നിധാതാവു് ആ വിഷയത്തിൽ പരിചയമുള്ള പുരുഷന്മാരാൽ അധിഷ്ഠിതനായിട്ടു പഴയതും പുതിയതു

* സ്വദേവതമാർ = കോശഗൃഹത്തിനു വൈശ്രവണൻ, പണ്യഗൃഹത്തിനും കോഷ്ഠാഗാരത്തിനും ശ്രീഭഗവതി, കുപ്യഗൃഹത്തിനു വിശ്വകൎമ്മാവ്, ആയുധാഗാരത്തിനു യമൻ, ബന്ധനാഗാരത്തിനു വരുണൻ.

മായ രത്നം, സാരം, ഫല്ഗു, കുപ്യം എന്നിവയെ പ്രതിഗ്രഹിക്കണം.

അവയിൽവച്ച് രത്നത്തെസ്സംബന്ധിച്ച ഉപധി (വ്യാജം) ചെയ്താൽ ചെയ്തവനും ചെയ്യിച്ചവനും ഉത്തമസാഹസം ദണ്ഡം; സാരത്തിൽ ഉപധി ചെയ്താൽ രണ്ടുപേക്കും മധ്യമസാഹസം ദണ്ഡം; ഫല്ഗുകുപ്യങ്ങളിൽ ഉപധി ചെയ്താൽ കൊണ്ടുവന്നതും വേറെ അത്രയും കെട്ടിക്കുകയാണ് ദണ്ഡം.

രൂപദർശകന്മാർ പരിശോധിച്ചു ശുദ്ധമെന്നു ബോധ്യപ്പെട്ടതിന്നുശേഷം വേണം ഹിരണ്യം സ്വീകരിക്കുവാൻ. അശുദ്ധമായ ഹിരണ്യത്തെ ഛേദിച്ചുകളയണം. അശുദ്ധഹിരണ്യം കൊണ്ടുവന്നവന്നു പൂർവ്വസാഹസദണ്ഡം വിധിക്കുകയും വേണം.

ധാന്യം ശുദ്ധവും നവീനവുമായിട്ടുള്ളതു പൂർണ്ണമായിട്ടുള്ളത് എടുക്കേണ്ടതാണ്. അതിന്നു വിപരീതമായി ചെയ്താൽ മൂലദ്വിഗുണം (കൊണ്ടുവന്നതിന്റെ ഇരട്ടി) ദണ്ഡം വസൂലാക്കണം.

ഇതുകൊണ്ടുതന്നെ പണ്യവും കുപ്യവും ആയുധവും സ്വീകരിക്കുന്നതിന്റെ വിധി പറയപ്പെട്ടു.

എല്ലാ അധികരണങ്ങളിലും യുക്തൻ (പ്രധാനാധികൃതൻ), ഉപയുക്തൻ (സഹകാരി), തൽപുരുഷൻ (കീഴ്ജീവനക്കാരൻ) എന്നിവക്കു ക്രമത്തിൽ ഒരു പണം, രണ്ടു പണം, നാലു പണം എന്നിങ്ങനെയുള്ള അപഹരണങ്ങളിൽ യഥാക്രമം പൂർവ്വസാഹസം, മധ്യമസാഹസം, ഉത്തമസാഹസം, വധം എന്നിവയാണു ദണ്ഡം. *

---

* പൂർവ്വസാഹസദണ്ഡം ചെയ്തിട്ട് പിന്നെ അപഹരണം ചെയ്താൽ മധ്യമസാഹസം, പിന്നെയും ചെയ്താൽ ഉത്തമസാഹസം, ഉത്തമസാഹസദണ്ഡം വിധിച്ചിട്ട് പിന്നെയും അപഹരണം തുടർന്നാൽ വധം എന്നിങ്ങനെ ക്രമം കാണുക.

കോശത്തിൽ അധിഷ്ഠിതനായിട്ടുള്ളവൻ കോശാവച്ഛേദം ചെയ്താൽ അവനു ഘാതം (മരണശിക്ഷ) വിധിക്കണം. അവന്റെ വൈയാവൃത്യകാരന്മാൎക്ക് (കീഴ്ജീവനക്കാൎക്ക്) അൎദ്ധദണ്ഡം വിധിക്കണം. അവർ അപഹരണം അറിഞ്ഞിട്ടില്ലെങ്കിൽ അവരെ പരിഭാഷണം (താക്കീതു) ചെയ്താൽ മതി.

ചോരന്മാർ അഭിപ്രധൎഷണം (തുരനാകവച്ച്) നടത്തിയാൽ അവൎക്ക് ചിത്രഘാതം (ക്ലേശിപ്പിച്ചുംകൊണ്ടു കൊല്ലുക) ആണു് ശിക്ഷ.

ആയതുകൊണ്ടു സന്നിധാതാവു് ആപ്തന്മാരായ പുരുഷന്മാരാൽ അധിഷ്ഠിതനായിട്ടുവേണം നിചയങ്ങൾ (മുതൽക്കൂട്ടുപ്രവൃത്തികൾ) ചെയ്വാൻ.

ബാഹ്യാഭ്യന്തരമാമായ-
മൊരുനൂറാണ്ടു ചെൽകിലും
ധരിക്കേണം തപ്പലെന്ന്യേ,
കാട്ടണം വ്യയശേഷവും.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, സന്നിധാതൃനിചയകൎമ്മമെന്ന അഞ്ചാമദ്ധ്യായം.**

---

## ആറാം അദ്ധ്യായം.

### ഇരുപത്തിനാലാം പ്രകരണം.

### സമാഹൎത്തൃസമുദയപ്രസ്ഥാപനം.

സമാഹൎത്താവു ദുൎഗ്ഗം, രാഷ്ട്രം, ഖനി, സേതു, വനം, വ്രജം, വണിക്പഥം എന്നിവയുടെ മേൽനോട്ടം ചെയ്യണം.

ശുൽക്കം, ദണ്ഡം (പിഴ), പൌതവം (അളവും തൂക്കവും), നാഗരികൻ, ലക്ഷണാദ്ധ്യക്ഷൻ (കമ്മട്ടത്തിലെ അദ്ധ്യക്ഷൻ) മുദ്രാദ്ധ്യക്ഷൻ, സുരാദ്ധ്യക്ഷൻ, സൂനാദ്ധ്യക്ഷൻ, സൂത്രാദ്ധ്യക്ഷൻ, തൈലം, ഘൃതം, ക്ഷാരം, സൌവർണ്ണികൻ, പണ്യസംസ്ഥ (പണ്യശാല), വേശ്യ, ദ്യൂതം, വാസ്തുകം, കാരുശില്പിഗണം, ദേവതാദ്ധ്യക്ഷൻ എന്നിവയും ബാഹിരിക (കിതവന്മാർ) രോട് പുരദ്വാരത്തിങ്കൽ പിരിക്കുന്നതുമാണ് ദുർഗ്ഗം.

സീത (കൃഷി), ഭാഗം (വിളനികുതി), ബലി, കരം, വണിക്ക്, നദീപാലൻ, തരം (കടത്തുകൂലി), നാവം (കപ്പൽക്കൂലി), പട്ടനം (ചെറിയ നഗരം), വിവീതം, വർത്തനി (ദ്വാരഭൂതി), രജ്ജു, ചോരരജ്ജു (ചോരബന്ധനത്തിനു ഗ്രാമക്കാർ അടയ്ക്കുന്ന നികുതി) എന്നിവയാണ് രാഷ്ട്രം

സ്വർണ്ണം, വെള്ളി, വജ്രം, മണി, മുത്തു, പവിഴം, ശംഖം, ലോഹം, ലവണം, ഭൂമിധാതു, പ്രസ്തരധാതു, രസധാതു എന്നിവയാണ് ഖനി.

പുഷ്പവാടം, ഫലവാടം, ഷണ്ഡം (തോട്ടം), കേദാരം, മൂലവാപം (കിഴങ്ങിൻതോട്ടം) എന്നിവയാണ് സേതു.

പശു (ഗവയ) വനം, മൃഗവനം, ദ്രവ്യവനം, ഹസ്തിവനം എന്നിവ കൂടിയതാണ് വനം.

പശു, എരുമ, അജം, ആവി (ചെറിയാട്), കഴുത, ഒട്ടകം, അശ്വം, അശ്വതരം, (കോവർ കഴുത) എന്നിവ കൂടിയതു വ്രജം.

സ്ഥലമാർഗ്ഗവും ജലമാർഗ്ഗവും ഉൾപ്പെട്ടതാണ് വണിക്പഥം— ഇങ്ങനെ ആയശരീരം.

മൂലം (മൂല്യം), ഭാഗം, വ്യാജി (വാശി), പരിഘം

(കൂലി), ക്ലൃപ്തം (സ്ഥിരനികുതി), രൂപികം (വർദ്ധിപ്പിച്ച നികുതി), അത്യയം (പിഴ) എന്നിവയത്രേ ആയമുഖം.

ദേവപൂജ, പിതൃപൂജ, ദാനം, സ്വസ്തിവാചനം, അന്തഃപുരം, മഹാനസം, ദൂതപ്രവർത്തനം, കോഷ്ഠാഗാരം, ആയുധാഗാരം, പണ്യഗൃഹം, കുപ്യഗൃഹം, കർമ്മാന്തം, വിഷ്ടി, പത്തി, അശ്വം, രഥം, ഗജം, ഗോമണ്ഡലം, പശുവാടം, മൃഗവാടം, പക്ഷിവാടം, വ്യാളവാടം, കാഷ്ഠവാടം (വിറകുപുര), തൃണവാടം എന്നിവ വ്യയശരീരം.

രാജവർഷം, മാസം, പക്ഷം, ദിവസം, ഇവ വ്യുഷ്ടം എന്ന പേർ. വർഷം, ഹേമന്തം, ഗ്രീഷ്മം എന്നീ ഋതുക്കളിലെ പക്ഷങ്ങളിൽ മൂന്നാമത്തേയും ഏഴാമത്തെയും പക്ഷങ്ങൾ ഊനദിവസങ്ങൾ (ഒരോ ദിവസം കുറഞ്ഞവ); ശേഷമുള്ള പക്ഷങ്ങൾ പൂർണ്ണങ്ങൾ. അധിമാസം എന്നതു വേറെയാകുന്നു. ഇങ്ങനെ കാലം.

കരണീയം, സിദ്ധം, ശേഷം എന്നിവയും ആയം, വ്യയം, നീവി എന്നിവയും സമാഹർത്താവു നോക്കേണ്ടതാകുന്നു.

സംസ്ഥാനം (ഇത്ര പിരിയേണമെന്നുള്ള ക്ലൃപ്തി), പ്രചാരം (പിരിയേണ്ടും ദേശം), ശരീരാവസ്ഥാപനം (ആയശരീരം ഇന്നതെന്നു സ്ഥാപിക്കൽ), ആദാനം (പിരിവ്), സർവ്വസമുദയപിണ്ഡം (എല്ലാസമുദയങ്ങളുടേയും ആകത്തുക), സഞ്ജാതം (പിരിവിന്റെ വിവരം) ഇതാണു കരണീയം.

കോശാർപ്പിതം, രാജഹാരം (രാജാവു നേരിട്ടു വാങ്ങിയതു്), പുരവ്യയം എന്നിവ പ്രവിഷ്ടം; പരമസംവത്സരാനുവൃത്തം (മുൻകൊല്ലത്തിൽ പിരിയാതെ ബാക്കിയായതു്), ശാസനമുക്തം (രാജശാസനപ്രകാരം വിട്ടുകൊടുത്തതു്), മുഖാജ്ഞപ്തം (വാക്കാൽ വിട്ടുകൊടുത്തതു്) എന്നി

ററ ആപാതനീയം. പ്രവിഷ്ടവും അപാതനീയവും കൂടിയതു സിദ്ധം.

സിദ്ധികൎമ്മപ്രയോഗം, ദണ്ഡശേഷം (സൈന്യവ്യയശേഷം) എന്നിവ ആഹരണീയം; ബലാൽകൃതപ്രതിസ്തബ്ധം (രാജസേവകന്മാരുടെ സേവകൊണ്ടു കൊടുക്കാതെ കഴിച്ചതു), അവസൃഷ്ടം എന്നിവ പ്രശോദ്ധ്യം. ആഹരണീയവും പ്രശോദ്ധ്യവുമാണ് ശേഷം. ഇതിന്നു അസാരമെന്നും അല്പസാരമെന്നുംകൂടി പേരുണ്ട്.

വൎത്തമാനം, പൎയ്യുഷിതം, അന്യജാതം എന്നിങ്ങനെയാണ് ആയം. ദിവസംതോറും അനുവൎത്തിച്ചുവരുന്നതു വൎത്തമാനം; പരമസാംവത്സരികം (സംവത്സരം കഴിഞ്ഞതു), പരപ്രചാരസംക്രാന്തം (മററൊരദ്ധ്യക്ഷൻെറ ചുമതലയിൽപ്പെട്ടതു) എന്നിവ പൎയ്യുഷിതം; നഷ്ടപ്രസ്മൃതം, ആയുക്തദണ്ഡം (ആയുക്തന്മാരോടു പിരിക്കുന്ന പിഴ), പാൎശ്വം (അധികമാക്കിയ കരം), പാരിഹീണികം (നഷ്ടപരിഹാരം), ഔപായനികം, ഡമരകഗതകസ്വം (ശത്രുസൈന്യത്തിൽനിന്നു യുദ്ധത്തിൽ കിട്ടിയതു), അപുത്രകം (അന്യംനിന്നു കിട്ടിയതു), നിധി എന്നിവ അന്യജാതം. വിക്ഷേപശേഷം, വ്യാധിതശേഷം, അന്തരാരംഭശേഷം (മരാമത്തുവകയിൽ ബാക്കി) എന്നിവ വ്യയപ്രത്യായം; പണ്യദ്രവ്യങ്ങളുടെ വിക്രയത്തിൽ കിട്ടിയ അൎഗ്ഘവൃദ്ധി, ഉപജ (വില്പന നിഷേധിച്ച വസ്തുക്കൾ വിററുകിട്ടിയതു), മാനോന്മാനവിശേഷം (അളവിൽ കൂടുതൽ), വ്യാജി, ക്രയസംഘൎഷവൃദ്ധി എന്നിവയും ആയമാകുന്നു.

നിത്യം, നിത്യോൽപാദികം, ലാഭം, ലാഭോൽപാദികം എന്നിവ വ്യയം. ദിവസംതോറുമുള്ളതു നിത്യം; ഒരു പക്ഷത്തിലോ മാസത്തിലോ സംവത്സരത്തിലോ ഉണ്ടാകുന്ന ലാഭത്തിന്നു വേണ്ടിയുള്ളതു ലാഭം; നിത്യത്തിൽനിന്നു

ണ്ടായതു നിത്യോൽപാദികം; ലാഭത്തിൽനിന്നുണ്ടായതു ലാഭോൽപാദികം. ഇങ്ങനെ വ്യയം.

സഞ്ജാതത്തിൽനിന്നു ആയവ്യയങ്ങളെ നീക്കി ശേഷിക്കുന്നതേതോ അതു നീവി. അതു പ്രാപ്ത (അടഞ്ഞതു), അനുവൃത്ത (അടയാത്തതു) എന്നിങ്ങനെ രണ്ടുവിധം.

ഇമ്മട്ടിലായ് സമുദയം
സമാഹർത്താവു വർദ്ധനാക്കണം;
ആയം കൂട്ടലാക്കണം
വ്യയത്തെക്കുറവായുമേ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, സമാഹർത്തൃസമുദയപ്രസ്ഥാപനമെന്ന ആറാമധ്യായം.**

## ഏഴാം അധ്യായം.

### ഇരുപത്തഞ്ചാം പ്രകരണം.

### അക്ഷപടലത്തിൽ ഗാണനിക്യാധികാരം.

അക്ഷപടലാധ്യക്ഷൻ പ്രാങ്മുഖമോ ഉദങ്മുഖമോ ആയി, വിഭക്തങ്ങളായ ഉപസ്ഥാനങ്ങളോടും നിബന്ധപുസ്തകസ്ഥാനങ്ങളോടും കൂടിയതായിട്ട് അക്ഷപടലത്തെ ഉണ്ടാക്കിക്കണം.

അവിടെ അധികരണങ്ങളുടെ സംഖ്യയും; ഓരോ അധികരണത്തിലുമുള്ള പ്രചാരം (പിരിയേണ്ടും ദേശം), സഞ്ജാതം (പിരിയേണ്ടും ധനം) എന്നിവയുടെ വിവരവും; കർമ്മാന്തങ്ങളെസ്സംബന്ധിച്ച അവയിലേക്കുള്ള ദ്രവ്യപ്രയോഗത്തിൽ വൃദ്ധി, ക്ഷയം, വ്യയം, പ്രയാമം (ദ്രവ്യാൽ

പത്തി), വ്യാജി, യോഗം, സ്ഥാനം, വേതനം, വിഷ്ടി എന്നിവയുടെ പ്രമാണവും; രത്നങ്ങളേയും സാരങ്ങളേയും ഫല്ഗുക്കളേയും കുപ്യങ്ങളേയും സംബന്ധിച്ച അവയുടെ അർഘം, പ്രതിവർണ്ണകം (വർണ്ണഗുണം), പ്രതിമാനം, മാനം, ഉന്മാനം, അവമാനം, ഭാണ്ഡം എന്നിവയും; ദേശങ്ങളുടേയും ഗ്രാമങ്ങളുടേയും ജാതികളുടേയും കുലങ്ങളുടേയും സംഘാതങ്ങളുടേയും കാര്യത്തിൽ ധർമ്മം, വ്യവഹാരം, ചാരിത്രം എന്നിവയുടെ സ്ഥിതിയും; രാജോപജീവികളുടെ കാര്യത്തിൽ അവരുടെ പ്രഗ്രഹം (ഉപചാരം), പ്രദേശം, ഭോഗം (ഉപായനം), പരിഹാരം (കരമൊഴിവു), ഭക്തവേതനം എന്നിവയും; രാജാവിന്റെയും പത്നിമാരുടേയും പുത്രന്മാരുടേയും കാര്യത്തിൽ അവർക്കുള്ള രത്നങ്ങൾ, ഭൂമികൾ, നിർദ്ദേശലാഭം (വിശേഷാൽ ചെലവിനുള്ളതു), ഔൽപാതികലാഭം (ഉൽപാതാവസരങ്ങളിൽ കൊടുക്കേണ്ടതു), പ്രതീകാരലാഭം (ചികിത്സച്ചെലവു) എന്നിവയും; മിത്രരാജാവിന്റെ കാര്യത്തിൽ സന്ധിപ്രദാനം (സന്ധിപ്രകാരം കൊടുക്കേണ്ടും ദ്രവ്യം), അമിത്രന്റെ കാര്യത്തിൽ വിക്രമാദാനം (കീഴടങ്ങിയപ്പോൾ തരുവാൻ നിശ്ചയിച്ച ദ്രവ്യം) എന്നിവയും നിബന്ധപുസ്തകത്തിൽ എഴുതി സൂക്ഷിക്കണം.

അതിൽനിന്ന് എല്ലാ അധികരണങ്ങളിലേക്കുമുള്ള കരണീയം, സിദ്ധം, ശേഷം, ആയം, വ്യയം, നീവി, ഉപസ്ഥാനം (പരിശോധനസമയം), പ്രചാരം, ചരിത്രം (ആചാരം), സംസ്ഥാനം എന്നിവ പുസ്തകത്തിലെഴുതിക്കൊടുക്കണം.

ഉത്തമവും മദ്ധ്യമവും അധമവുമായിട്ടുള്ള കർമ്മങ്ങളിൽ യഥാക്രമം ഉത്തമമദ്ധ്യമാധമജാതിക്കാരായവരെ അദ്ധ്യക്ഷനാക്കണം. സാമുദായികന്മാരിൽവച്ചു അവർ

പ്തികൻ(യോഗ്യനെന്നു തോന്നിയവൻ) ആയിട്ടുള്ളവനും ആരെ സ്വീകരിക്കാതെ കൈവിട്ടുകളഞ്ഞാൽ രാജാവിനു പശ്ചാത്തപിപ്പാനിടവരുമോ അപ്രകാരമിരിക്കുന്നവനുമായ ആളെ അധ്യക്ഷനാക്കണം.

അധ്യക്ഷന്റെ കർമ്മച്ഛേദ (പ്രവൃത്തിവൈകല്യത്താൽ വരുന്ന നഷ്ടം)ത്തെ അവന്റെ സഹഗ്രാഹികളും, പ്രതിഭുക്കളും (ജാമ്യക്കാർ), കർമ്മോപജീവികളും, പുത്രന്മാരും, ഭ്രാതാക്കളും, ഭാര്യമാരും, പുത്രിമാരും, ഭൃത്യന്മാരും വഹിക്കേണ്ടതാകുന്നു.

മുന്നൂററിഅമ്പത്തിനാലു അഹോരാത്രമാണ് ഒരു കർമ്മസംവത്സരം. അതു ആഷാഢമാസത്തോടുകൂടി അവസാനിക്കുന്നതാണ്. സംവത്സരത്തിൽ ഊനമായിട്ടോ പൂർണ്ണമായിട്ടോ കർമ്മം ചെയ്യുന്നതെന്നു നോക്കി ഊനമോ പൂർണ്ണമോ ആയിട്ടു ശമ്പളം കൊടുക്കണം. അധിമാസം വേറെ കണക്കാക്കുകയും വേണം.

അധ്യക്ഷൻ തന്റെ പ്രചാര (അധികാരസീമയിൽപെട്ട ദേശം)ത്തെ അപസർപ്പന്മാരാൽ അധിഷ്ഠിതമാക്കിച്ചെയ്യണം. പ്രചാരത്തിലെ ചരിത്രവും സംസ്ഥാനവുമറിയാത്ത അധ്യക്ഷൻ അജ്ഞാനം കാരണം സമുദയത്തെ ഹനിക്കും; ഉത്ഥാനവും ക്ലേശസഹതയുമില്ലാത്തവൻ ആലസ്യംകൊണ്ടും, ശബ്ദാദികളായ ഇന്ദ്രിയാർത്ഥങ്ങളിൽ സക്തനായവൻ പ്രമാദംകൊണ്ടും, സംക്രോശത്തെയും അധർമ്മത്തെയും അനർത്ഥത്തെയും കുറിച്ചു ഭീരുവായവൻ ഭയംകൊണ്ടും, കാര്യാർത്ഥികളിൽ അനുഗ്രഹബുദ്ധിയായവൻ കാമംകൊണ്ടും, ഹിംസാബുദ്ധിയായവൻ കോപംകൊണ്ടും, വിദ്യയേയോ ദ്രവ്യത്തേയോ രാജസേവകന്മാരേയോ ആശ്രയിക്കുന്നവൻ ദർപ്പംകൊണ്ടും, തുലാമാനങ്ങളിലും തക്കത്തിലും ഗണനത്തിലും അന്തരം വരുത്തി ഉപധാനം ചെയ്യുന്നവൻ ലോഭംകൊണ്ടും സമുദയത്തിന്നു ഹാനിവരുത്തും.

അപ്രകാരമുള്ള അധ്യക്ഷന്മാർക്ക് ക്രമത്തിൽ, അവരെക്കൊണ്ടുള്ള അർത്ഥനാശം എത്രയോ അതിന്റെ ഇരട്ടിയാണു ദണ്ഡമെന്നു മനുശിഷ്യന്മാർ പറയുന്നു; എല്ലാ ദോഷങ്ങളിലും എട്ടിരട്ടി ദണ്ഡമെന്നു പരാശരശിഷ്യന്മാർ; പത്തിരട്ടിയെന്നു ബൃഹസ്പതിശിഷ്യന്മാർ; ഇരുപതിരട്ടിയെന്നു ശുക്രശിഷ്യന്മാർ; അപരാധത്തിനു തക്കവിധമെന്നു കൗടില്യമതം.

ഗാണനിക്യങ്ങൾ (ഗണനാധികൃതന്മാരുടെ സമൂഹങ്ങൾ) ആഷാഢമാസത്തിൽ അക്ഷപടലത്തിൽ എത്തണം. മുദ്രവച്ച പുസ്തകഭാണ്ഡത്തോടും നീവിയോടുംകൂടി ആഗതരായ അവർ ഒരേടത്തു് ഒത്തുചേർന്നു സംഭാഷണം ചെയ്യുന്നതിനെ നിരോധിക്കണം. ആയം, വ്യയം, നീവി എന്നിവയുടെ അഗ്രങ്ങൾ (ആകത്തുകകൾ) ആദ്യം കേട്ടറിഞ്ഞു നീവീദ്രവ്യം അടപ്പിക്കണം. നീവിയുടെ അന്തരവർണ്ണ (വിവരം കാണിക്കുന്ന പുസ്തകം) ത്തിൽ വാക്കാൽ പറഞ്ഞ ആയത്തിന്റെ അഗ്രത്തെക്കാൾ അധികമായോ വ്യയത്തിന്റെ അഗ്രത്തെക്കാൾ കുറവായോ വല്ലതും കാണുന്നപക്ഷം അതിന്റെ എട്ടിരട്ടി ദ്രവ്യം അധ്യക്ഷനെക്കൊണ്ടു കെട്ടിക്കണം; നേരെ മറിച്ചാണെങ്കിൽ അതു അധ്യക്ഷനുതന്നെ നൽകണം. നിശ്ചിതകാലത്തു വരാതിരിക്കയോ, പുസ്തകവും നീവിയും കൊണ്ടുവരാതിരിക്കയോ ചെയ്യുന്നവർക്കു് അവരുടെ ദേയത്തിന്റെയും നീവിയുടെ ദശബന്ധം (പത്തിരട്ടി) ദണ്ഡമാകുന്നു. കാർമ്മികൻ വന്നസമയത്തു കാരണികൻ (ഗണനാധികൃതൻ) പരിശോധനയ്ക്കു് ഒരുങ്ങാതിരുന്നാൽ അവന്നു പൂർവ്വസാഹസദണ്ഡം; വിപരീതമായാൽ കാർമ്മികന്നു ആ ദണ്ഡംതന്നെ ഇരട്ടി. മേൽപ്രകാരം പരിശോധിക്കപ്പെട്ട കണക്കിനെ, മഹാമാത്രന്മാരെല്ലാവരും ഒത്തുചേർന്നു പ്രചാരസമ (അധ്യക്ഷനോ

ട്ടുകൂടെ) മായിട്ട് രാജാവിനെ ബോധിപ്പിക്കണം. അവരിൽ വച്ച് മന്ത്രവൈഷമ്യമില്ലാത്തവനും പൃഥഗ്ഭൂതനായിട്ടുള്ളവനും അസത്യം പറയുന്നവനും ഉത്തമസാഹസദണ്ഡം നൽകുകയും വേണം.

ക്ലപ്തമായ ദിവസം പുസ്തകവും നീവിയും കൊണ്ടുവരാത്ത അധ്യക്ഷനെ ഒരു മാസം കാത്തിരിക്കണം. അതിനുശേഷം ഓരോ മാസത്തിനു ഇരുനൂറു പണം വീതം ദണ്ഡം വിധിക്കണം. ലേഖ്യവും നീവിയും അല്പം മാത്രമേ ശേഷമായിട്ടുള്ളുവെങ്കിൽ അങ്ങനെയുള്ളവനെ മാസം കഴിഞ്ഞിട്ട് പിന്നെ അഞ്ചു രാത്രി കാത്തിരിക്കണം.

അഹോരൂപ (നിശ്ചിതദിവസം) ത്തിൽത്തന്നെ കോശത്തോടുകൂടി കണക്കു കൊണ്ടുവന്ന അധ്യക്ഷനെ ധർമ്മം, വ്യവഹാരം, ചരിത്രം, സംസ്ഥാനം, സങ്കലനം, നിർവ്വർത്തനം, അനുമാനം, ചാരപ്രയോഗം എന്നിവകൊണ്ടു പരീക്ഷിക്കണം.

ഓരോ ദിവസം, പഞ്ചരാത്രം, പക്ഷം, മാസം, ചാതുർമ്മാസ്യം, സംവത്സരം എന്നീ കാലങ്ങൾ പിടിച്ചു കണക്കിനെ പ്രതിസമാനയിക്കണം (ഒത്തുനോക്കണം). വ്യുഷ്ടം, ദേശം, കാലം, മുഖം (ആയമുഖം), ഉൽപത്തി, അനുവൃത്തി, പ്രമാണം, ദായകൻ, ദാപകൻ, നിബന്ധകൻ (കണക്കെഴുതിയവൻ), പ്രതിഗ്രാഹകൻ എന്നിവയോടുകൂടി ആയത്തെ ഒത്തുനോക്കണം. വ്യുഷ്ടം, ദേശം, കാലം, മുഖം, ലാഭം, കാരണം, ദേയം, യോഗം, പരിമാണം, ആജ്ഞാപകൻ, ഉദ്ധാരകൻ, നിധാതൃകൻ, പ്രതിഗ്രാഹകൻ എന്നിവയോടുകൂടി വ്യയത്തെ ഒത്തുനോക്കണം. വ്യുഷ്ടം, ദേശം, കാലം, മുഖം, അനുവർത്തനം, രൂപം, ലക്ഷണം, പരിമാണം, നിക്ഷേപഭാജനം, ഗോപായകൻ (സൂക്ഷിപ്പുകാരൻ) എന്നിവയോടുകൂടി നീവിയേയും സമാനയിക്കണം.

രാജാവിന്റെ അർത്ഥത്തിൽ സംബന്ധിക്കാതിരിക്ക

യോ, ആജ്ഞയെ പ്രതിഷേധിക്കയോ, നിബന്ധത്തിൽനിന്നു വിപരീതമായി ആയവ്യയത്തെ വികല്പിക്കയോ ചെയ്യുന്നവന്നു പൂർവ്വസാഹസം ദണ്ഡം. ക്രമഹീനമോ ക്രമവിരുദ്ധമോ അവിജ്ഞാതമോ (അറിവാൻ വയ്യാത്തവിധം) പുനരുക്തമോ ആയിട്ട വസ്തുവിനെ എഴുതുന്നവന്നു പന്ത്രണ്ടുപണം ദണ്ഡം; നീവിയെ അവലേഖനം (കുറച്ചെഴുതുക) ചെയ്യുന്നവന്നു അതിന്റെ ഇരട്ടി ദണ്ഡം; നീവിയെ ഭക്ഷിക്കുന്നവന്നു എട്ടിരട്ടി; നശിപ്പിക്കുന്നവന്നു അഞ്ചിരട്ടി ദണ്ഡവും പ്രതിദാനവും; നീവിയെ സംബന്ധിച്ച് അസത്യം പറഞ്ഞവന്നു സ്തേയദണ്ഡം; പിന്നീട്ട അറിഞ്ഞിട്ടെഴുതിയാൽ സ്തേയദണ്ഡംതന്നെ ഇരട്ടി; മറന്നിട്ട പിന്നെ എഴുതിയാലും അതുതന്നെ.

ചെറുകുററം പൊറുക്കേണം,
ദോഷിറ്റു ചെറുതല്ലയിൽ,
മുതൽക്കൂട്ടീട്ടമധ്യക്ഷൻ-
തന്നെ മാനിക്കണം നൃപൻ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, അക്ഷപടലത്തിൽ ഗാണനിക്യാധികാരമെന്ന എഴാമധ്യായം.

## എട്ടാം അധ്യായം.

### ഇരുപത്താറാം പ്രകരണം.

### യുക്താപഹൃതസമുദയപ്രത്യാനയനം.

എല്ലാ ആരംഭങ്ങൾക്കും മുമ്പിൽ വേണ്ടതു ധനമാണ്. അതിനാൽ രാജാവു ആദ്യം കോശത്തിന്റെ കാര്യമാണ് നോക്കേണ്ടതു്.

പ്രചാരസമൃദ്ധി (നാട്ടിലെ സമൃദ്ധി), ചരിത്രാനുഗ്രഹം (കീഴ്നടവടി പാലിക്കൽ), ചോരനിഗ്രഹം, യുക്തപ്രതിഷേധം (അദ്ധ്യക്ഷന്മാരെ അഴിമതിയിൽനിന്നു വിലക്കൽ), സസ്യസമ്പത്തു, പണ്യബാഹുല്യം(വാണിജ്യവൃദ്ധി), ഉപസൎഗ്ഗപ്രമോക്ഷം, പരിഹാരക്ഷയം, ഹിരണ്യോപായനം എന്നിവയാണു് കോശവൃദ്ധിക്കു കാരണങ്ങൾ.

പ്രതിബന്ധം, പ്രയോഗം, വ്യവഹാരം, അവസ്താരം, പരിഹാപണം, ഉപഭോഗം, പരിവൎത്തനം, അപഹാരം എന്നിവ കോശക്ഷയത്തിന്നു കാരണങ്ങളാകുന്നു.

സിദ്ധികളെ സാധിക്കാതിരിക്കുകയോ, അവതരിപ്പിക്കാതിരിക്കുകയോ, പ്രവേശിപ്പിക്കാതിരിക്കുകയോ ആണു് പ്രതിബന്ധം. അതിങ്കൽ പ്രതിബദ്ധമായ സംഖ്യയുടെ ദശബന്ധം അദ്ധ്യക്ഷന്നു ദണ്ഡം.

കോശദ്രവ്യങ്ങൾ വൃദ്ധിക്കായിക്കൊണ്ടു പെരുമാറുന്നതു പ്രയോഗം; കോശദ്രവ്യങ്ങളെക്കൊണ്ടു പണ്യവ്യവഹാരം ചെയ്യുന്നതു വ്യവഹാരം. ഇവ രണ്ടിലും അതുകൊണ്ടുണ്ടായ ഫലത്തിന്റെ ഇരട്ടി ദണ്ഡം.

സിദ്ധമായ കാലത്തെ അപ്രാപ്തമാക്കിയോ, അപ്രാപ്തമായ കാലത്തെ പ്രാപ്തമാക്കിയോ ചെയ്കയാണു് അവസ്താരം. അതിങ്കൽ അങ്ങനെ ചെയ്ത സംഖ്യയുടെ പഞ്ചബന്ധം ദണ്ഡം.

ക്ൢപ്തമായ ആയത്തെ കുറയ്ക്കുകയോ വ്യയത്തെ വൎദ്ധിപ്പിക്കുകയോ ചെയ്യുന്നതു പരിഹാപണം. അതിങ്കൽ ഹീനമായ ദ്രവ്യത്തിന്റെ ചതുൎഗ്ഗുണം ദണ്ഡം.

രാജദ്രവ്യങ്ങളെ സ്വയമായോ അന്യന്മാൎക്കു കൊടുത്തോ ഉപഭുജിക്കുന്നതു ഉപഭോഗം. അതിൽ രത്നോപഭോഗത്തിന്നു വധവും, സാരോപഭോഗത്തിന്നു മദ്ധ്യമസാഹസവും, ഫല്ഗുകപ്യോപഭോഗത്തിന്നു ഉപഭുക്തദ്രവ്യ

ത്തോടുകൂടി അത്ര ദ്രവ്യം വേറെ വസൂലാക്കുകയുമാണ് ദണ്ഡം.

അന്യദ്രവ്യം പകരമായി വച്ച് രാജദ്രവ്യങ്ങൾ എടുക്കുന്നതു പരിവർത്തനം. അതിനെ ഉപഭോഗംകൊണ്ടുതന്നെ പറഞ്ഞു കഴിഞ്ഞു.

സിദ്ധമായ ആയത്തെ കോശത്തിൽ പ്രവേശിപ്പിക്കാതിരിക്കുക, നിബദ്ധമായ വ്യയത്തെ കൊടുക്കാതിരിക്കുക, പ്രാപ്തമായ നീവിയെ വിസമ്മതിക്കുക ഇതാണ് അപഹാരം. അതിങ്കൽ അപഹൃതസംഖ്യയുടെ പന്ത്രണ്ടിരട്ടി ദണ്ഡം.

അധ്യക്ഷന്മാർക്കു നാല്പതുവിധം ഹരണോപായങ്ങളുണ്ട്. പൂർവ്വസിദ്ധമായുള്ളതിനെ പിന്നെ അവതരിപ്പിക്കുക; പശ്ചാൽസിദ്ധമായതിനെ മുൻപവതരിപ്പിക്കുക; സാദ്ധ്യത്തെ സിദ്ധമല്ലാതാക്കുക; അസാദ്ധ്യത്തെ സിദ്ധമാക്കുക; സിദ്ധത്തെ അസിദ്ധമാക്കുക; അസിദ്ധത്തെ സിദ്ധമാക്കുക; അല്പസിദ്ധത്തെ ബഹുവാക്കുക; ബഹുസിദ്ധത്തെ അല്പമാക്കുക; സിദ്ധമായ ഒന്നിനെ മറ്റൊന്നാക്കുക; ഒരുവനിൽനിന്നു സിദ്ധമായതിനെ മറ്റൊരുവനിൽ നിന്നാക്കുക; ദേയത്തെ ദാനംചെയ്യാതിരിക്കുക; അദേയത്തെ ദാനംചെയ്യുക; കാലത്തിങ്കൽ ദാനംചെയ്യാതിരിക്കുക; അകാലത്തിൽ ദാനംചെയ്യുക; അല്പദത്തത്തെ ബഹുവാക്കുക; ബഹുദത്തത്തെ അല്പമാക്കുക; ഒന്നു ദാനം ചെയ്തിട്ടു മറ്റൊന്നാക്കുക; ഒരാൾക്കു ദാനംചെയ്തതു മറ്റൊരാൾക്കാക്കുക; പ്രവിഷ്ടത്തെ അപ്രവിഷ്ടമാക്കുക; അപ്രവിഷ്ടത്തെ പ്രവിഷ്ടമാക്കുക; മൂല്യം നൽകാത്ത കുപ്യത്തെ പ്രവിഷ്ടമാക്കുക; മൂല്യം നൽകിയതിനെ പ്രവിഷ്ടമല്ലാതാക്കുക; സംക്ഷേപ(ഒന്നായിട്ടുള്ളതു)ത്തെ വിക്ഷേപമാക്കുക; വിക്ഷേപത്തെ സംക്ഷേപമാക്കുക; മ

ഹാൎഘമായതിനെ അല്പാൎഘമായതുകൊണ്ടു പരിവൎത്ത നം ചെയ്ക; അല്പാൎഘത്തെ മഹാൎഘംകൊണ്ടു പരിവൎത്ത നം ചെയ്ക; അൎഘത്തെ സമാരോപണം ചെയ്ക; അൎഘ ത്തെ പ്രത്യവരോപണം ചെയ്ക; രാത്രികളെ അധികമാ ക്കിച്ചേൎക്കുക; രാത്രികളെ കുറച്ചു ചേൎക്കുക; സംവത്സര ത്തെ മാസവിഷമ (അധിമാസമുള്ളതു) മാക്കുക; മാസ ത്തെ ദിവസവിഷമ(ദിവസം കുറഞ്ഞതു)മാക്കുക; സമാഗ മവിഷമം (സംഖ്യ കൊടുക്കേണ്ടുന്ന പലരിൽ ചിലർ വ രുമ്പോൾ വരാത്തവൎക്കുകൂടി ചെലവെഴുതുക); മുഖവിഷ മം (ആയമുഖം മാററി എഴുതുക); ധാൎമ്മികവിഷമം (ധ ൎമ്മം നൽകുന്നതിൽ സഖ്യ ഭേദപ്പെടുത്തുക); നിവ്വൎത്തനാവി ഷമം (ഒരു പ്രകാരം വേണ്ട പ്രവൃത്തി മറെറാരുവിധമാക്കു ക); പിണ്ഡവിഷമം (സമൂഹികളിൽ ചിലരെ വിട്ടു മററു ള്ളവരോടുമാത്രം സംഖ്യ പിരിക്കുക); വൎണ്ണവിഷമം (വ ൎണ്ണംമാററിച്ചേൎക്കുക); അൎഘവിഷമം (വിലയിൽ വ്യത്യാ സം); മാനവിഷമം (അളവുതാപ്പു മാററിച്ചേൎക്കുക); മാപ നവിഷമം (അളവിൽ വ്യത്യാസം); ഭാജനവിഷമം (പാ ത്രവ്യത്യാസം)— ഇങ്ങനെ ഹരണോപായങ്ങൾ.

അവയിൽ ഉപയുക്തൻ, നിധായകൻ, നിബന്ധകൻ, പ്രതിഗ്രാഹകൻ, ദായകൻ, ദാപകൻ, മന്ത്രി, മന്ത്രിയുടെ വൈയാവൃത്യകരൻ (കൎമ്മകരൻ) എന്നിവരോടു ഓരോരു ത്തരോടായി ചോദിക്കണം. അസത്യം പറഞ്ഞാൽ അവ ൎക്കും യുക്തനുള്ളതുപോലെ ദണ്ഡം വിധിക്കണം.

ഇതിനു പുറമെ ജനപദത്തിങ്കൽ, "ഈ അധ്യക്ഷ നാൽ വഞ്ചിതരായിട്ടുള്ള പ്രജകൾ വിവരം ബോധിപ്പി ക്കേണ്ടതാണ്" എന്നിങ്ങനെ ഉൽഘോഷണം (കൊട്ടി അ റിയിക്കൽ) ചെയ്യണം. വിവരം ബോധിപ്പിക്കുന്നവൎക്കു നഷ്ടത്തിന്റെ അവസ്ഥപോലെ ദ്രവ്യം കൊടുപ്പിക്കുകയും

വേണം. ഒരാളുടെപേരിൽ ഒരിക്കൽത്തന്നെ അനേകം അഭിയോഗങ്ങൾ വന്നാൽ അവൻ അപവ്യയമാനൻ(എല്ലാം സമ്മതിക്കാത്തവൻ) ആണെങ്കിൽ പരോക്തനായിട്ട (വിചാരണചെയ്യപ്പെടാതെ) എല്ലാററിന്നും ഉത്തരവാദിയാകും *. ഓരോരുത്തരുടേയും ആക്ഷേപത്തിൽ വ്യത്യാസമുള്ള പക്ഷം എല്ലാററിലും വേറെ വേറെ തെളിവു ചോദിക്കുകയുംവേണം. മഹത്തായ അർത്ഥാപഹാരത്തിൽ അല്പഭാഗത്തിന്റെ കാര്യം തെളിഞ്ഞാൽ മുഴുവൻ ഭാഗത്തിന്നും അധ്യക്ഷൻ ഉത്തരവാദിയാകും

പ്രതിഘാതം (നഷ്ടജാമ്യം) കെട്ടിവെച്ച സൂചകന്നു അർത്ഥം നിഷ്പന്നമായാൽ, അവൻ സൂചിപ്പിച്ച തന്ന ദ്രവ്യത്തിന്റെ ഷഷ്ഠാംശം ലഭിക്കും; സൂചകൻ രാജഭൃതകനാണെങ്കിൽ പന്ത്രണ്ടിലൊരംശമേ ലഭിക്കുകയുള്ളൂ. ബഹുദ്രവ്യത്തെപ്പററിയ അഭിയോഗത്തിൽ അല്പംമാത്രം നിഷ്പന്നമായാൽ നിഷ്പന്നമായതിന്റെ അംശം ലഭിക്കും; അഭിയോഗം മുഴുവൻ അനിഷ്പന്നമായാൽ അവന്നു ശാരീരമോ ഹൈരണ്യമോ ആയ ദണ്ഡം ലഭിക്കും; അവൻ അനുഗ്രാഹ്യനാകയുമില്ല.

നിഷ്പന്നമായാൽ തൻവാദം
തീൎന്നു വാദി വിമുക്തനാം;
അഭിയുക്തോപജാപത്തി-
ലാപ്പെട്ടാൽ വധവും വരും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, യുക്താപഹൃതസമുദയ
പ്രത്യാനയനമെന്ന എട്ടാമധ്യായം.

---

* ഒരഭിയോഗം വിചാരണചെയ്തു തെളിഞ്ഞാൽ മററഭിയോഗങ്ങൾ വിചാരണകൂടാതെതന്നെ തെളിഞ്ഞതായിക്കരുതുമെന്നർത്ഥം.

# ഒമ്പതാം അദ്ധ്യായം.

## ഇരുപത്തേഴാം പ്രകരണം

### ഉപയുക്തപരീക്ഷ.

അമാത്യസമ്പത്തുള്ളവരെ ശക്തിയനുസരിച്ച് എല്ലാ കർമ്മങ്ങളിലും അദ്ധ്യക്ഷന്മാരായിട്ട നിയോഗിക്കേണ്ടതാണ്. അവരുടെ കർമ്മങ്ങളിൽ നിത്യവും പരീക്ഷ ചെയ്യിക്കുകയും വേണം. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ മനസ്സ് അവ്യവസ്ഥിതമായതുകൊണ്ടുതന്നെ. മനുഷ്യർ കുതിരകളെന്നപോലെ കർമ്മങ്ങളിൽ നിയുക്തരായാൽ വികാരത്തെ പ്രാപിക്കും. ആയതുകൊണ്ട അദ്ധ്യക്ഷന്മാരുടെ കാര്യത്തിൽ കർത്താവ്, കരണം, ദേശം, കാലം, കാര്യം, പ്രക്ഷേപം (കർമ്മകരത്തി), ഉദയം എന്നിവ പരീക്ഷിച്ചറിയണം.

അവർ അസംഹതന്മാരും (കൂട്ടുകെട്ടില്ലാത്തവർ) അവിഗൃഹീതന്മാരും (വിരോധമില്ലാത്തവർ) ആയിട്ട സ്വാമിസന്ദേശംപോലെ കർമ്മങ്ങളെച്ചെയ്യണം. സംഹതന്മാരായാൽ കർമ്മഫലത്തെ ഭക്ഷിക്കും; വിഗൃഹീതന്മാരായാൽ നശിപ്പിക്കയും ചെയ്യും

അദ്ധ്യക്ഷന്മാർ ആപൽപ്രതീകാരങ്ങളൊഴികെ ഒരു കാര്യവും സ്വാമിയെ അറിയിക്കാതെകണ്ട ചെയ്യരുത്. അവരുടെ പ്രമാദസ്ഥാനങ്ങളിൽ, പ്രമാദംവന്ന ദിവസത്തെ വേതനവ്യയങ്ങളുടെ ഇരട്ടി അത്യയം (ദണ്ഡം) വിധിക്കണം. അവരിൽവച്ച യാതൊരുവനാണോ സ്വാമിയുടെ ആദേശംപോലെയോ സവിശേഷമായോ കാര്യം ചെയ്യുന്നതു് അവന്നു സ്ഥാനമാനങ്ങൾ നൽകുകയും വേണം.

ആയം കുറഞ്ഞ അദ്ധ്യക്ഷൻ അധികമായ വ്യയംചെയ്യുന്നതായാൽ ധനം ഭക്ഷിക്കുന്നുവെന്നും, നേരേമറിച്ചോ

ആയാനുരൂപമായ വ്യയത്തോടുകൂടിയോ ഇരുന്നാൽ ഭക്ഷി ക്കുന്നില്ലെന്നും വിചാരിക്കാമെന്ന് ആചാൎയ്യന്മാർ പറയു ന്നു. എന്നാൽ, അപസൎപ്പൻമുഖേന മാത്രമേ അതറിക യുള്ളൂവെന്നാണ് കൌടില്യമതം.

യാതൊരുവൻ സമുദയത്തെ കുറയ്ക്കുന്നുവോ അവൻ രാജാൎത്ഥത്തെ ഭക്ഷിക്കുന്നു. ആ കുറയ്ക്കുന്നത് അജ്ഞതാനാദി കളാലാണെങ്കിൽ അവനെക്കൊണ്ട് അതു് യഥാഗുണമാ യിട്ടു കെട്ടിക്കണം. യാതൊരുവൻ സമുദയത്തെ ദ്വിഗുണമാ യി ജനിപ്പിക്കുന്നുവോ അവൻ ജനപദത്തെ ഭക്ഷിക്കുന്നു. അവൻ ആ അധികമാക്കിയ ധനം രാജാവിന്നുതന്നെ കൊ ടുക്കുന്നുണ്ടെങ്കിൽ,അല്പാപരാധത്തിങ്കൽ അവനെ വാരണം ചെയ്യണം; മഹാപരാധത്തിങ്കൽ അപരാധത്തിന്നു തക്ക വണ്ണം ദണ്ഡിക്കുകയും വേണം. യാതൊരുവൻ വ്യയത്തി ന്നു നിശ്ചയിച്ച ധനത്തെ മുതൽകൂട്ടുന്നുവോ അവൻ പു രുഷകൎമ്മങ്ങളെ ഭക്ഷിക്കുന്നു. അവനെ കൎമ്മകരന്മാരുടെ കൎമ്മം, ദിവസം, ദ്രവ്യം, മൂല്യം, പുരുഷവേതനം എന്നിവ യുടെ അപഹാരങ്ങളിൽ യഥാപരാധം ദണ്ഡിക്കണം.

ആയതുകൊണ്ട് ഒരദ്ധ്യക്ഷൻ ഏതധികരണത്തിൽ ശാസനസ്ഥനാകുന്നുവോ അവൻ ആ അധികരണത്തിലെ കൎമ്മത്തിന്റെ യാഥാതഥ്യത്തെയും ആയവ്യയങ്ങളേയും സവിസ്തരമായും സംക്ഷിപ്തമായും രാജാവിനെ അറിയി ക്കണം.

മൂലഹരനും, താദാത്വികനും, കദൎയ്യനുമായിട്ടുള്ള അ ദ്ധ്യക്ഷന്മാരെ രാജാവ് വിലക്കണം. ആർ പിതൃപിതാമ ഹപ്രാപ്തമായ അൎത്ഥത്തെ അന്യായമായി ഭക്ഷിക്കുന്നുവോ അവൻ മൂലഹരൻ; ആർ ഉണ്ടാകുന്നതുണ്ടാകുന്നതു ഭക്ഷി ക്കുന്നുവോ അവൻ താദാത്വികൻ; ആർ ഭൃത്യന്മാരേയും ആത്മാവിനേയും പീഡിപ്പിച്ചുംകൊണ്ട് അൎത്ഥം ഉപചാ

യിക്കുന്നുവോ അവൻ കദൎയ്യൻ. ഇങ്ങനെയെല്ലാമിരിക്കുന്നവൻ പക്ഷവാൻ(ബന്ധുപക്ഷമുള്ളവൻ) ആണെങ്കിൽ അവന്റെ മുതൽ ആദാനം ചെയ്യരുത്. വിപരീതമാണെങ്കിൽ ധനമെല്ലാം രാജാവു പൎയ്യാദാനം (കണ്ടുകെട്ടുക) ചെയ്യണം.

മഹത്തായ ധനസഞ്ചയത്തിന്നധിപതിയായ യാതൊരുവൻ കദൎയ്യനായിട്ട് അൎത്ഥത്തെ സന്നിധാനംചെയ്യുമോ (നിക്ഷേപിക്കുക), അവനിധാനംചെയ്യുമോ (സൂക്ഷിക്കുക), അവസ്രാവിപ്പിക്കയോ (അയച്ചുകൊടുക്കുക) ചെയ്യുന്നുവോ—സന്നിധാനം സ്വഗൃഹത്തിലും അവനിധാനം പൌരജാനപദന്മാരിലും അവസ്രാവണം പരവിഷയത്തിലും ചെയ്യുന്നുവോ—അവന്റെ മന്ത്രിപക്ഷം, മിത്രപക്ഷം, ഭൃത്യപക്ഷം, ബന്ധുപക്ഷം എന്നിവരേയും ദ്രവ്യങ്ങളുടെ ഗമനാഗമനങ്ങളേയും സത്രി കണ്ടുപിടിക്കണം. ആരാണോ അവന്റെ ധനം പരവിഷയത്തിൽ പെരുമാറുന്നത് അവനിൽ അന്തഃപ്രവേശിച്ചിട്ട സത്രി അവന്റെ മന്ത്രത്തെ ഗ്രഹിക്കണം. മന്ത്രം നല്ലവണ്ണം മനസ്സിലായാൽ ശത്രുശാസനവ്യാജേന അവനെ വധിപ്പിക്കുകയും ചെയ്യണം.

ആകയാൽ സംഖ്യായകന്മാർ, ലേഖകന്മാർ, രൂപദൎശകന്മാർ, നീവീഗ്രാഹകന്മാർ ഉത്തരാദ്ധ്യക്ഷന്മാർ എന്നിവരോടുകൂടിവേണം അദ്ധ്യക്ഷന്മാർ രാജാവിന്റെ കൎമ്മങ്ങളെ ചെയ്വാൻ.

ഹസ്ത്യാരോഹന്മാർ, അശ്വാരോഹന്മാർ, രഥാരോഹന്മാർ എന്നിവരാണ് ഉത്തരാദ്ധ്യക്ഷന്മാർ. അവരുടെ ശില്പജ്ഞരും ശൌചവാന്മാരുമായ അന്തേവാസികളെ സംഖ്യായകാദികളുടെ അപസൎപ്പന്മാരാക്കണം.

എല്ലാ അധികരണവും അനേകം മുഖ്യന്മാരുടെ കീഴിലായും, അനിത്യ (അസ്ഥിരം)മായും വച്ചുകൊണ്ടിരിക്കണം.

നുകൎന്നിട്ടാസ്സാൻ പണി നാവിൽ വീണാൽ
തേനായിടട്ടെ വിഷമായിടട്ടേ;
നൃപന്റെയൎത്ഥം പെരുമാറുവോൎക്കും
സ്വദിച്ചിടാസ്സാൻ പണിയത്രമാത്രം.

നീൎക്കുള്ളിൽ നീന്തുന്നൊരു മീൻകുലങ്ങൾ
ജലം കുടിക്കുന്നതറിഞ്ഞുകൂടാ;
അപ്പോലെ കാൎയ്യസ്ഥിതരായ യുക്ത-
രൎത്ഥം ഗ്രഹിക്കുന്നതറിഞ്ഞുകൂടാ.

അറിയാം ഗതി വാനിങ്കൽ
പാറും പക്ഷികൾതന്റെയും
അറിയാവല്ലകംമൂടി
നടക്കും യുക്തർതൻ ഗതി.

തടിച്ചോരെ സ്രവിപ്പിപ്പൂ,
മാററിവസ്ത്രം പ്രവൃത്തിയിൽ
അൎത്ഥം തിന്നാതെയും തിന്നാൽ
വമിച്ചീടുംപടിക്കുമേ.

അൎത്ഥം ഭക്ഷിക്കാതെ ഞായം-
പോലേ പോഷിപ്പതാരുവാൻ
സ്ഥിരരാക്കേണമവരെ
നൃപൻ പ്രിയഹിതസ്ഥരെ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, ഉപയുക്തപരീക്ഷ എന്ന
ഒമ്പതാമദ്ധ്യായം.

# പത്താം അധ്യായം.

## ഇരുപത്തെട്ടാം പ്രകരണം

## ശാസനാധികാരം.

ശാസന (ലേഖ്യാൎത്ഥം) ത്തിങ്കലാകുന്നു ആചാൎയ്യന്മാർ ശാസനമെന്നു വ്യവഹരിക്കുന്നതു. സന്ധിവിഗ്രഹങ്ങൾ ശാസനമൂലങ്ങളായതുകൊണ്ടു രാജാക്കന്മാൎക്കു ശാസനം പ്രധാനമാകുന്നു.

അതിനാൽ അമാത്യഗുണസമ്പന്നനും സൎവ്വാചാരവേദിയും വേഗത്തിൽ വാക്യഗ്രഹണം ചെയ്യുന്നവനും കയ്യക്ഷരം നല്ലവനും ലേഖനവാചനനിപുണനുമായിട്ടുള്ളവൻ ലേഖകനായിരിക്കണം. അവൻ അവ്യഗ്രമനസ്സായിട്ടു രാജശാസനം കേട്ടു ലേഖ്യാൎത്ഥങ്ങളെ നിശ്ചയിച്ചു ലേഖം എഴുതണം. ഈശ്വര (പ്രഭു) നായിട്ടുള്ളവന്റെ ദേശം, ഐശ്വൎയ്യം, വംശം, നാമധേയം എന്നിവയും അനീശ്വരനായിട്ടുള്ളവന്റെ ദേശനാമങ്ങളും ലേഖത്തിൽ എടുത്തു പ്രസ്താവിച്ചു ഉപചാരം ചെയ്യണം.

ജാതി, കുലം, സ്ഥാനം, വയസ്സ്, ശ്രുതം, കൎമ്മം, സമ്പത്ത്, ശീലം, ദേശം, കാലം, യൌനാനുബന്ധം (ചാൎച്ച) എന്നിവ വഴിപോലെ ആലോചിച്ചു അതാതാളുകളുടെ സ്ഥിതിക്കനുരൂപമായ വിധത്തിൽ വേണം ലേഖം എഴുതുവാൻ.

അൎത്ഥക്രമം, സംബന്ധം, പരിപൂൎണ്ണത, മാധുൎയ്യം, ഔദാൎയ്യം, സ്പഷ്ടത എന്നിവയാകുന്നു ലേഖഗുണങ്ങൾ. അവയിൽവെച്ചു അൎത്ഥത്തിന്റെ ആനുപൂൎവ്വി, അതായതു പ്രധാനമായ അൎത്ഥം മുമ്പെഴുതുകയാണു അൎത്ഥക്രമം. പ്രസ്തുതമായ അൎത്ഥത്തിനു വിരോധം വരാതെകണ്ടു അനന്തരാൎത്ഥത്തെ അവസാനംവരെ എഴുതുന്നതു സംബന്ധം. അൎത്ഥങ്ങളും പദങ്ങളും അക്ഷരങ്ങളും അന്യൂനാ

തിരികണങ്ങളായിരിക്കുക, ഹേതൂദാഹരണദൃഷ്ടാന്തങ്ങളെക്കൊണ്ട് അൎത്ഥോപപാദനം ചെയ്ക, പദങ്ങൾ അശ്രാന്തങ്ങളായിരിക്കുക എന്നിവയെല്ലാമാണ് പരിപൂൎണ്ണത. സുഗമവും സുന്ദരവുമായ അൎത്ഥത്തെ പ്രതിപാദിക്കുന്ന ശബ്ദങ്ങളുടെ പ്രയോഗം മാധുൎയ്യം. അഗ്രാമ്യശബ്ദപ്രയോഗം ഔദാൎയ്യം. പ്രസിദ്ധശബ്ദങ്ങളുടെ പ്രയോഗം സ്പഷ്ടത.

അകാരാദികളായി വൎണ്ണങ്ങൾ അറുപത്തിമൂന്നാകുന്നു. വൎണ്ണങ്ങളുടെ സംഘാതം പദം. അതു നാമം, ആഖ്യാതം, ഉപസൎഗ്ഗം, നിപാതം എന്നു നാലുവിധം. അവയിൽവച്ചു നാമം * സത്വത്തെ പറയുന്നതാകുന്നു. ലിംഗവിശേഷം കൂടാതെ ക്രിയയെപ്പറയുന്നത് ആഖ്യാതം. ക്രിയയിലുള്ള വിശേഷങ്ങളെ ദ്യോതിപ്പിക്കുന്ന 'പ്ര' തുടങ്ങിയവ ഉപസൎഗ്ഗങ്ങൾ. ചകാരാദികളായ അവ്യയങ്ങൾ നിപാതങ്ങൾ. അൎത്ഥത്തെ പരിസമാപ്തമാക്കിപ്പറയുന്ന പദസമൂഹം വാക്യം. കുറഞ്ഞതു് ഒരു പദവും കവിഞ്ഞതു മൂന്നുപദവും ചേൎത്തു് പരപദത്തിന്റെ അൎത്ഥമനുസരിച്ചു വൎഗ്ഗം (സമാസം) ചെയ്യണം. ലേഖത്തിന്റെ പരിസംഹാരത്തെക്കാണിപ്പാൻ ഇതി (എന്നു്) ശബ്ദമോ "വാചികമസ്യ" (ശേഷം പറഞ്ഞയച്ചിട്ടുണ്ടു്) എന്നോ അവസാനത്തിൽ ചേൎക്കണം †

നിന്ദ, പ്രശംസ, പൃച്ഛ, ആഖ്യാനം, അൎത്ഥന, പ്രത്യാഖ്യാനം, ഉപാലംഭം, പ്രതിഷേധം, ചോദന, സാന്ത്വം, അഭ്യവപത്തി, ഭൎത്സനം, അനുനയം എന്നിങ്ങനെ പതിമൂന്നു കൂട്ടത്തിലാണു ലേഖങ്ങളിലെ അൎത്ഥങ്ങൾ പ്രവൃത്തിക്കുന്നതു്.

---

* സത്വമെന്നതുകൊണ്ടു ജാതിഗുണദ്രവ്യങ്ങളെ ഗ്രഹിക്കണം.

† ലേഖാൎത്ഥം നിരവശേഷമെങ്കിൽ ഇതിശബ്ദവും സാവശേഷമെങ്കിൽ "വചികമസ്യ" എന്നതും ചേൎക്കണമെന്നു സാരം.

അവയിൽവച്ച് അഭിജനത്തെയും ശരീരത്തെയും കർമ്മത്തെയും കുറിച്ചുള്ള ദോഷവചനം നിന്ദ; അവയെക്കുറിച്ചുതന്നെയുള്ള ഗുണവചനം പ്രശംസ; ഇതെങ്ങനെ എന്നു ചോദ്യം പൃച്ഛ; ഇന്നപ്രകാരം എന്നുള്ളത് ആഖ്യാനം; തരണേ എന്നുള്ളത് അർത്ഥന; തരില്ല എന്നതു പ്രത്യാഖ്യാനം; ഇതങ്ങേക്കുചിതമല്ല എന്നതുപാലംഭം; ഇന്നതു ചെയ്യരുത് എന്നതു പ്രതിഷേധം; ഇന്നതു ചെയ്യണം എന്നതു ചോദന; "ഞാനും അങ്ങുന്നും ഒന്നാണ്, എന്റേതെല്ലാം അങ്ങയുടേതാണ്" എന്നുള്ള ഉപഗ്രഹം സാന്ത്വം; വ്യസനത്തിങ്കൽ സാഹായ്യം ചെയ്വാനുള്ള പ്രതിജ്ഞ അഭ്യവപത്തി; സദോഷമായ ഭവിഷ്യത്തിനെ കാണിക്കുന്നതു ഭർത്സനം. അനുനയം മൂന്നുവിധമുണ്ട്. അർത്ഥകരണത്തിലുള്ളതൊന്ന്, അർത്ഥാതിക്രമത്തിലുള്ളതൊന്ന്, പുരുഷാദിവ്യസനത്തിലുള്ളതൊന്ന്.

പ്രജ്ഞാപനാലേഖം, ആജ്ഞാലേഖം, പരിദാനലേഖം, പരിഹാരലേഖം, നിസൃഷ്ടിലേഖം, പ്രാവൃത്തികലേഖം, പ്രതിലേഖം, സർവ്വത്രഗലേഖം എന്നിവയാണ് ശാസനങ്ങൾ.

"ഇന്നാൾ രാജാവിനോട് ഇന്നപ്രകാരം പറഞ്ഞു; അതിന്നു ഇന്നവിധം മറുപടി പറഞ്ഞു. ആയാൾ പറഞ്ഞതിൽ തത്ത്വമുണ്ടെങ്കിൽ ആ സാധനം രാജാവിന്നു കൊടുത്താലും" എന്നോ, "ഇന്നാൾ രാജസമീപത്തിൽ അങ്ങയുടെ വരകാരം (നല്ല പ്രവൃത്തി) പറഞ്ഞിരിക്കുന്നു" എന്നോ മറ്റൊ ഉള്ളതാണ് പ്രജ്ഞാപനാലേഖം. ഇതു പല വിധത്തിലുമുണ്ടെന്നു പറഞ്ഞിരിക്കുന്നു. *

---

* പ്രജ്ഞാപനാലേഖം വെറും ഒരറിയിപ്പാകുന്നു. ഇതു ശത്രുക്കളെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും വരാം. ഉദാഹരണത്തിൽ ആദ്യത്തേതു ശത്രുവിനെക്കുറിച്ചും രണ്ടാമത്തേതു ബന്ധുവിനെക്കുറിച്ചുമാകുന്നു.

ഏതെങ്കിലും ഒരാൾക്കു, വിശേഷിച്ചും രാജഭൃത്യന്മാൎക്കു സ്വാമി ചെയ്വാൻപോകുന്ന നിഗ്രഹത്തെയോ അനുഗ്രഹത്തെയോ പ്രതിപാദിച്ചുംകൊണ്ട് എഴുതുന്ന ശാസനം ആജ്ഞാലേഖം.

യഥാൎഹമുള്ള ഗുണകീൎത്തനത്തോടുകൂടി ആദരം കാണിച്ചുംകൊണ്ടെഴുതുന്നതു പരിദാനലേഖം. ഇത് ആധി സംഭവിക്കുമ്പോഴും പ്രീതിദാനത്തിങ്കലും രാജാവിന്റെ ഉപഗ്രാഹങ്ങൾ (സ്വീകാരഹേതുക്കൾ) ആകുന്നു.

പ്രത്യേകം വല്ല ജാതിക്കാൎക്കോ, പുരങ്ങൾക്കോ, ഗ്രാമങ്ങൾക്കോ, ദേശങ്ങൾക്കോ രാജനിദേശമനുസരിച്ചു ചെയ്യുന്ന * അനുഗ്രഹത്തെ പ്രതിപാദിക്കുന്നതാണ് പരിഹാരലേഖമെന്ന് തജ്ജ്ഞനായിട്ടുള്ളവൻ അറിയേണ്ടതാണ്.

ഒരു കാൎയ്യം ചെയ്യുന്നതിന്നോ പറയുന്നതിന്നോ മറെറാരുവനിൽ തന്റെ നിസൃഷ്ടിയെ (പ്രാതിനിധ്യത്തെ) സ്ഥാപിച്ചുംകൊണ്ടെഴുതുന്നതു നിസൃഷ്ടിലേഖം. ഇതു വാചികലേഖം (വചനാധികാരം നൽകുന്നത്), നൈസൃഷ്ടികം (കരണാധികാരം നൽകുന്നത്) എന്നിങ്ങനെ രണ്ടുവിധം.

പല പ്രകാരമുള്ള ദൈവികവും മാനുഷവുമായ പ്രവൃത്തിയെ (വൃത്താന്തത്തെ) പാരമാൎത്ഥികമായി പ്രതിപാദിക്കുന്നതു പ്രാവൃത്തികലേഖം. ശാസനത്തെസ്സംബന്ധിച്ചിടത്തോളം പ്രവൃത്തി (ശുഭാശുഭരൂപേണ) രണ്ടുവിധമാണെന്ന് ആചാൎയ്യന്മാർ പറയുന്നു.

ലേഖത്തെ താൻ നല്ലവണ്ണം നോക്കി ഗ്രഹിക്കുകയും പിന്നെ രാജാവിനെ വായിച്ചു കേൾപ്പിക്കുകയും ചെയ്തി

* ഈ അനുഗ്രഹം മൂന്നു വിധമെന്നു വ്യാഖ്യാതാവു പറയുന്നു. ഒന്നു കരമൊഴിവാക്കൽ, രണ്ടു സാഹായ്യദാനം, മൂന്ന് രണ്ടും കൂടിയതു്.

ട്ട്, രാജവചനമെങ്ങനെയോ അങ്ങനെ എഴുതുന്ന പ്രത്യുത്തരമത്രെ പ്രതിലേഖം.

പഥികാർത്ഥമായിട്ട രക്ഷോപകാരങ്ങൾ ചെയ്യാൻ ശാസിച്ചുംകൊണ്ടു രാജാവ് പ്രഭുക്കന്മാൎക്കും അധികൃതന്മാൎക്കും എഴുതുന്ന ശാസനം സർവ്വത്രഗലേഖം. ഇതു മാർഗ്ഗത്തിലും ദേശത്തിലുമെല്ലാംവച്ച് എഴുതുന്നതാകുന്നു.

സാമം, ഉപപ്രദാനം, ഭേദം, ദണ്ഡം എന്നിവയാണ് ഉപായങ്ങൾ. അവയിൽ സാമം ഗുണകീർത്തനം, സംബന്ധോപാഖ്യാനം, പരസ്പരോപകാരസന്ദർശനം, ആയതിപ്രദർശനം, ആത്മോപനിധാനം എന്നിങ്ങനെ അഞ്ചുവിധം. അഭിജനം, ശരീരം, കർമ്മം, പ്രകൃതി, ശ്രുതം, ദ്രവ്യം തുടങ്ങി വാസ്തവത്തിലുള്ള ഗുണങ്ങളുടെ പ്രശംസയും ഇല്ലാത്ത ഗുണങ്ങളുടെ സ്തുതിയുമാണു ഗുണകീർത്തനം. ജ്ഞാതിബന്ധം, യൌനബന്ധം, മൌഖബന്ധം (ഗുരുശിഷ്യബന്ധം), സ്രൌവബന്ധം . (യാജ്യയാജകബന്ധം), കുലബന്ധം, ഹൃദയബന്ധം, മിത്രബന്ധം എന്നിവയുടെ കീർത്തനം സംബന്ധോപാഖ്യാനം. സ്വപക്ഷപരപക്ഷങ്ങൾക്കു പരസ്പരോപകാരം വരുന്നതിനുള്ള മാർഗ്ഗപ്രദർശനം പരസ്പരോപകാരസന്ദർശനം. ഇന്ന കാര്യം ഇന്നവിധം ചെയ്താൽ നമുക്കു രണ്ടുപേൎക്കും ഇന്ന ഗുണം വരുമെന്നുള്ള ആശാജനനം ആയതിപ്രദർശനം. "ഞാനും അങ്ങയും ഒന്നു തന്നെ. എനിക്കുള്ള ദ്രവ്യമൊക്കയും അങ്ങയുടെ കാര്യങ്ങളിൽ ഉപയോഗപ്പെടുത്താം" എന്നിങ്ങനെയുള്ള ആത്മസമർപ്പണം ആത്മോപനിധാനം.

ഉപപ്രദാനമെന്നാൽ അർത്ഥോപകാരമാകുന്നു. ശങ്കാജനനവും നിർഭത്സനവുമത്രെ ഭേദം. വധം, പരിക്ലേശം, അർത്ഥഹരണം എന്നിവ ദണ്ഡം.

അകാന്തി, വ്യാഘാതം, പുനരുക്തം, അപശബ്ദം,

സംപ്ലവം എന്നിവ ലേഖദോഷങ്ങളാകുന്നു. അവയിൽ വെച്ച് കാളപത്രകം (പത്രം മഷി പുരണ്ടു മലിനമായിരിക്കുക), അചാരുവിഷമവിരാഗാക്ഷരത്വം (അക്ഷരങ്ങൾ വടിവില്ലാതെയും നിരപ്പില്ലാതെയും തെളിയാതെയുമിരിക്കുക) എന്നിവയാണ് അകാന്തി; മുമ്പെഴുതിയതിനോടു പിമ്പെഴുതിയതിന്ന് അനുപപത്തി വ്യാഘാതം; ഉക്തമായതിനെ ഭേദം കൂടാതെ വീണ്ടും പറയുന്നതു പുനരുക്തം; ലിംഗമോ വചനമോ കാലമോ കാരകമോ അന്യഥാ പ്രയോഗിക്കുന്നതു അപശബ്ദം; അവൎഗ്ഗത്തിൽ വൎഗ്ഗകരണം, വൎഗ്ഗത്തിൽ അവൎഗ്ഗകരണം, ഗുണവിപൎയ്യയം എന്നിവ സംപ്ലവം.

എല്ലാശ്ശാസ്ത്രങ്ങളും നോക്കി
പ്രയോഗങ്ങളറിഞ്ഞുമേ
നൃപൎക്കുവേണ്ടിക്കൌടില്യൻ
ചൊന്നാൻ ശാസനനിൎണ്ണയം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ,**
**അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ,**
**ശാസനാധികാരമെന്ന പത്താമധ്യായം.**

## പതിനൊന്നാം അദ്ധ്യായം.

### ഇരുപത്തൊമ്പതാം പ്രകരണം.

### കോശപ്രവേശ്യരത്നപരീക്ഷ.

കോശാധ്യക്ഷൻ കോശപ്രവേശ്യമായ രത്നം, സാരം, ഫൽഗു, കുപ്യം എന്നിവയെ തദ്വിഷയത്തിൽ നിപുണന്മാരായ കരണന്മാരാൽ അധിഷ്ഠിതനായിട്ടു പ്രതിഗ്രഹിക്കണം.

താമ്രപർണ്ണികം, പാണ്ഡ്യകവാടകം, പാശിക്യം, കൌലേയം, ചൌർണ്ണേയം, മാഹേന്ദ്രം, കാർദ്ദമികം, സ്രൌതസീയം, ഹ്രാദീയം, ഹൈമവതം എന്നിങ്ങനെയുള്ളവയാണ് മൌക്തികം. *

ശുക്തി (ചിപ്പി), ശംഖം, പ്രകീർണ്ണകം എന്നിവ മൌക്തികത്തിന്റെ യോനികൾ †

മസൂരകം, ത്രിപുടകം, കൂർമ്മകം, അർദ്ധചന്ദ്രകം, കഞ്ചുകിതം, യമകം, കർത്തകം, ഖരകം, സിക്തകം, കാമണ്ഡലുകം, ശ്യാവം, നീലം, ദുർവ്വിദ്ധം എന്നിങ്ങനെയുള്ള മൌക്തികം അപ്രശസ്തമാകുന്നു. §

---

* താമ്രപർണ്ണികം=പാണ്ഡ്യരാജ്യത്തുള്ള താമ്രപർണ്ണീനദിയിൽ ഉണ്ടാകുന്നതു്. പാണ്ഡ്യകവാടകം=പാണ്ഡ്യരാജ്യത്തു മലയപർവ്വതത്തിന്റെ ശിഖരമായ പാണ്ഡ്യകവാടത്തിലുണ്ടാകുന്നതു്. പാശിക്യം=പാടലീപുത്രത്തിന്നടുത്തുള്ള പാശിക എന്ന നദിയിൽ ജനിക്കുന്നതു്. കൌലേയം=സിംഹളദ്വീപത്തിൽ മയൂരഗ്രാമത്തിലുള്ള കുല എന്ന നദിയിലുണ്ടാകുന്നതു്. ചൌർണ്ണേയം=കേരളത്തിൽ മുരചിപട്ടണത്തിന്നടുത്തുള്ള ചൂർണ്ണീനദിയിൽ ഉണ്ടാകുന്നതു്. മാഹേന്ദ്രം=മഹേന്ദ്രപർവ്വതത്തിലുണ്ടാകുന്നതു്. കാർദ്ദമികം=പാരസീകദേശത്തുള്ള കർദ്ദമാനദിയിൽ ഉണ്ടാകുന്നതു്. സ്രൌതസീയം=ബർബ്ബരദേശത്തുള്ള സ്രോതസീനദിയിൽ ഉണ്ടാകുന്നതു്. ഹ്രാദീയം=ബർബ്ബരദേശത്തു കടലിനോടു തൊട്ടുകിടക്കുന്ന ശ്രീകണ്ഠമെന്ന ഹ്രദത്തിൽ ഉണ്ടാകുന്നതു്. ഹൈമവതം=ഹിമവാനിലുണ്ടാകുന്നതു്.

† ശുക്തിയുടേയും ശംഖത്തിന്റേയും അകത്തു തൂളിപ്പഴം, വഷമ്മിറു, മലയാളിയിൽനിന്നൊഴുകുന്ന ചന്ദനവെള്ളം എന്നിവ ചെട്ടാൽ അവ മൌക്തികമായിച്ചമയുന്നു. പ്രകീർണ്ണകമെന്നതുകൊണ്ടു വരാഹദംഷ്ട്ര, സിംഹദംഷ്ട്ര, ഗജമസ്തകം, മുള, സർപ്പശിരസ്സ് എന്നിവയെ ഗ്രഹിക്കണം.

§ മസൂരകം ചണമ്പയറിന്റെ ആകൃതിയോടുകൂടിയും, ത്രിപുടകം ത്രിപുടകമെന്ന ധാന്യയോലെ മൂന്നടരായും, കൂർമ്മകം കൂർമ്മാകാരമായും, അർദ്ധചന്ദ്രകം അർദ്ധചന്ദ്രാകാരമായും, കഞ്ചുകിതം കഞ്ചുകാകൃതിയിലുള്ള പടലത്തൊടുകൂടിയും, യമകം ഇരട്ടയായും, കർത്തകം കത്രി

## ഇരുപത്തൊമ്പതാം പ്രകരണം  പതിനൊന്നാം അദ്ധ്യായം

സ്ഥൂലം, വൃത്തം, നിസ്തലം (മൂടില്ലായ്കയാൽ നിലത്തിരിക്കാത്തതു), ഭ്രാജിഷ്ണു, ശ്വേതം, ഗുരു, സ്നിഗ്ദ്ധം, ദേശവിദ്ധം (വേണ്ട സ്ഥാനത്തു തുളയുള്ളതു) എന്നിങ്ങനെയുള്ള മൌക്തികം പ്രശസ്തമാകുന്നു.

ശീർഷകം (മദ്ധ്യത്തിൽ ഒരു വലിയ മുത്തും ഇരുപുറവും ചെറിയ മുത്തുകളുമായിട്ടുള്ളതു), ഉപശീർഷകം (മദ്ധ്യത്തിൽ വലിയതൊന്നും ഇരുപുറങ്ങളിൽ ചെറിയതോരോന്നും എന്നിങ്ങനെ മുമ്മൂന്നായി അനേകം മുത്തുകൾ കോർത്തതു), പ്രകാണ്ഡം (മദ്ധ്യത്തിൽ വലിയതൊന്നും ഇരുപുറങ്ങളിൽ ചെറിയതീരണ്ടും എന്നിങ്ങനെ അയ്യഞ്ചായിട്ടുള്ള അനേകം മുത്തുകൾ കോർത്തതു), അവഘാടകം (മദ്ധ്യത്തിൽ ഒരു വലിയ മുത്തും ഇരുവശങ്ങളിൽ ക്രമത്തിൽ കൃശങ്ങളായ മുത്തുകളും കോർത്തതു), തരളപ്രതിബദ്ധം (സമവലിപ്പത്തിലുള്ള മുത്തുകൾ കോർത്തതു) എന്നിവയാണ് യഷ്ടികൾ (ഇഴമാലകൾ; സരങ്ങൾ)

ആയിരത്തെട്ടു യഷ്ടികൾ കൂടിയതു ഇന്ദ്രച്ഛന്ദം; അതിൽ പകുതിയുള്ളതു വിജയച്ഛന്ദം; നൂറു യഷ്ടികൾ കൂടിയതു ദേവച്ഛന്ദം; അറുപത്തിനാലുകൂടിയതു് അർദ്ധഹാരം; അമ്പത്തിനാലുകൂടിയതു രശ്മികലാപം; മുപ്പത്തിരണ്ടു കൂടിയതു ഗുച്ഛം; ഇരുപത്തേഴുകൂടിയതു നക്ഷത്രമാല; ഇരുപത്തിനാലുകൂടിയതു അർദ്ധഗുച്ഛം; ഇരുപതുകൂടിയതു മാണവകം; അതിൽപ്പകുതി അർദ്ധമാണവകം.

ഇവതന്നെ മണിമദ്ധ്യങ്ങൾ (മദ്ധ്യത്തിൽ മാണിക്യം ചേർത്തവ) ആയാൽ അതാതു മാണവകങ്ങളായി ഭവിക്കു

---

കൊണ്ടു വെട്ടിയപോലെ കുഴിയോടുകൂടിയും, ഖരകം പരുപരുത്തും, സിക്ഥകം മെഴുകുപോലെയുള്ള പുള്ളികളോടുകൂടിയും, കാമണ്ഡലുകം കിണ്ടിയുടെ ആകൃതിയോടുകൂടിയും, ശ്യാവം ശ്യാവവർണ്ണമായും, നീലം നീലനിറമായും ദുർവ്വിദ്ധം അസ്ഥാനത്തിൽ തുളയോടുകൂടിയുമിരിക്കുന്നതാകുന്നു.

ന്നു * ഏകശീർഷകം (ഒരേ വലിപ്പമുള്ള മുത്തുകൾ കോർത്തതു) ആയിരുന്നാൽ അതു ശുദ്ധഹാരമാണു്. അതുപോലെതന്നെ ശേഷമുള്ളവയും (ഉപശീർഷകാദികളും). അദ്ധമാണവകം മണിമദ്ധ്യമോ ത്രിഫലകമോ (മൂന്നു സ്വർണ്ണഫലകങ്ങളോടുകൂടിയതു) പഞ്ചഫലകമോ ആയാൽ അതു ഫലകഹാരമാകുന്നു. ശുദ്ധമായ ഏകാവലി (ഒററയിഴമാല)യ്ക്കു സൂത്രമെന്നു പേർ. അതുതന്നെ മണിമദ്ധ്യമായാൽ യഷ്ടിയും, ഹേമമണിചിത്രം (സ്വർണ്ണത്തിൽ കെട്ടിച്ച മണികളോടുകൂടിയതു) ആയാൽ രത്നാവലിയും, ഹേമമണിമുക്താന്തരം (സ്വർണ്ണം, രത്നം, മുത്തു ഇവ ഇടകലർന്നിരിക്കാത്തതു) ആയാൽ അപവർത്തകവും, സുവർണ്ണസൂത്രാന്തരം (മദ്ധ്യത്തിൽ പൊൻനൂലോടുകൂടിയതു) ആയാൽ സോപാനകവുമാകും. സോപാനകം മണിമദ്ധ്യമായാൽ (പൊൻനൂലിന്റെ മദ്ധ്യത്തിൽ മണിയും കൂടിയുണ്ടായാൽ) മണിസോപാനകവുമാകും.

ഇതുകൊണ്ടുതന്നെ ശിരസ്സ്, ഹസ്തം, പാദം, കടി എന്നിവയിലേക്കുള്ള കലാപങ്ങളും (ഒററസ്സരമായവ) ജാലകങ്ങളും (അനേകസരങ്ങളുള്ളവ) ആയ മുക്താഭരണങ്ങളുടെ വികല്പങ്ങൾ പറഞ്ഞുകഴിഞ്ഞു.

കൌടം, മൌലേയകം, പാരസമുദ്രകം എന്നിങ്ങനെയാണു മണി (മാണിക്യം) ¶. ഇതു സൌഗന്ധികം (സൌഗന്ധികപുഷ്പംപോലെ ഇളംനീലം കലർന്ന ചുവപ്പുനിറമു

---

* ഇന്ദ്രച്ഛന്ദമാണവകം, വിജയച്ഛന്ദമാണവകം ഇത്യാദി സംജ്ഞകളെക്കൊണ്ടു വ്യവഹരിക്കാമെന്നു സാരം.

¶ കൌടം=മലയാദ്രിയുടേയും ദക്ഷിണസമുദ്രത്തിന്റേയും മദ്ധ്യത്തിലുള്ള കോടി എന്ന പ്രദേശത്തുണ്ടാകുന്നതു്. മൌലേയകം=മലയാദ്രിയുടെ ഒരു ഭാഗമായ കർണ്ണീവനമെന്നുകൂടിപ്പേരുള്ള മൂല എന്ന പ്രദേശത്തുണ്ടാകുന്നതു്. പാരസമുദ്രകം=സിംഹളദ്വീപത്തിലെ രോഹണപർവ്വതത്തിൽ ഉണ്ടാകുന്നതു്.

ള്ളതു), പത്മരാഗം (താമരപ്പൂവിന്റെ നിറമുള്ളതു), അനവദ്യരാഗം (കുങ്കുമവർണ്ണം), പാരിജാതപുഷ്പകം (പാരിജാതപുഷ്പവർണ്ണം), ബാലസൂര്യകം (ബാലസൂര്യപ്രഭം) എന്നിങ്ങനെ ഭേദിക്കുന്നു.

വൈഡൂര്യം ഉൽപലവർണ്ണം (രക്തോൽപലത്തിന്റെ നിറമുള്ളതു), ശിരീഷപുഷ്പകം (ശിരീഷപുഷ്പവർണ്ണം), ഉദകവർണ്ണം, വംശരാഗം (മുളയിലയുടെ നിറമുള്ളതു), ശുകപത്രവർണ്ണം (കിളിത്തൂവലിന്റെ നിറമുള്ളതു), പുഷ്യരാഗം (ഇളംമഞ്ഞനിറത്തിലുള്ളതു), ഗോമൂത്രകം, ഗോമേദകം (ഗോരോചനാവർണ്ണം) എന്നിവയാകുന്നു.

ഇന്ദ്രനീലം നീലാവലീയം (നീലരേഖകൾ നിറഞ്ഞതു), ഇന്ദ്രനീലം (മയിൽപ്പീലിയുടെ നിറമുള്ളതു), കളായപുഷ്പകം (കടലപ്പൂനിറം), മഹാനീലം (തനി കറുപ്പു), ജാംബവാഭം (ഞാവൽപ്പഴത്തിൻനിറം), ജീമൂതപ്രഭം (മേഘവർണ്ണം), നന്ദകം (ഉള്ളു വെള്ളയും പുറം നീലവുമായിട്ടുള്ളതു), സ്രവന്മധ്യം (മധ്യത്തിൽനിന്നു വെള്ളം കിനിയുന്നതുപോലെ തോന്നുന്നതു) എന്നിങ്ങനെ ഭേദിക്കുന്നു.

സ്ഫടികം ശുദ്ധസ്ഫടികം, മൂലാടവർണ്ണം (നൈ കടഞ്ഞെടുത്ത തൈരിന്റെ നിറമുള്ളതു), ശീതവൃഷ്ടി (ചന്ദ്രകാന്തം), സൂര്യകാന്തം എന്നിവയാകുന്നു—ഇങ്ങനെ മണികൾ.

ഷഡശ്രമോ ചതുരശ്രമോ വൃത്തമോ ആയിരിക്കുക, തീവ്രമായ രാഗവും സംസ്ഥാനവും (ആഭരണത്തിൽ ചേർക്കുവാനുള്ള സ്ഥാനം) ഉണ്ടായിരിക്കുക, അച്ഛവും സ്നിഗ്ദ്ധവുമായിരിക്കുക, ഗുരുവായും അർച്ചിസ്സുള്ളതായുമിരിക്കുക, അന്തർഗ്ഗതപ്രഭമായിരിക്കുക, പ്രഭാനുലേപി (അടുത്തുള്ള വസ്തുക്കളിൽ പ്രഭ വ്യാപിക്കുന്നതു്) ആയിരിക്കുക എന്നിവയാണു് മണിഗുണങ്ങൾ.

രാഗവും പ്രഭയും മന്ദമായിരിക്കുക, സശർക്കരമായിരിക്കുക, പുഷ്പച്ഛിദ്രം (ഉള്ളിൽ പൂവുള്ളതു) ആയിരിക്കുക, ഖണ്ഡമായിരിക്കുക, ദുർവ്വിദ്ധം (അസ്ഥാനത്തിൽ തുളയുള്ളതു) ആയിരിക്കുക, രേഖാകീർണ്ണമായിരിക്കുക എന്നിവ മണിദോഷങ്ങൾ.

വിമലകം, സസ്യകം, അഞ്ജനമൂലകം, പിത്തകം, സുലഭകം, ലോഹിതകം, മൃതാശ്മകം, ജ്യോതീരസകം, മൈലേയകം, അഹിച്ഛത്രകം, കൂർപ്പം, പ്രതികൂർപ്പം, സുഗന്ധികൂർപ്പം, ക്ഷീരവകം, ശുക്തിചൂർണ്ണകം, ശിലാപ്രവാളകം, പുളകം, ശുക്ലപുളകം എന്നിവ അന്തരജാതിമണികളാകുന്നു. *

ശേഷമുള്ളവ കാചമണികൾ (അധമങ്ങൾ) ആണ്.

സഭാരാഷ്ട്രകം, മദ്ധ്യമരാഷ്ട്രകം, കാസ്തീരരാഷ്ട്രകം, ശ്രീകടനകം, മണിമന്തകം, ഇന്ദ്രവാനകം എന്നിവ വജ്രമണികൾ ||

---

* വിമലകം വെളുത്തും മഞ്ഞച്ചും, സസ്യകം സസ്യശ്യാമലനീലമായും, അഞ്ജനമൂലകം നീലശ്യാമമായും, പിത്തകം പശുപിത്തത്തിന്റെ നിറമായും, സുലഭകം വെളുത്തും, ലോഹിതകം നാലുപുറവും രക്തവർണ്ണമായും, മൃതാശ്മകം വെളുത്തു കറുത്തും, ജ്യോതീരസകം വെളുത്തു ചുവന്നും, മൈലേയകം ചായില്യനിറമായും, അഹിച്ഛത്രകം മന്ദരാഗമായും, കൂർപ്പം ഉള്ളിൽ മണലുള്ളതായും, പ്രതികൂർപ്പം മെഴുകിൻനിറമായും, സുഗന്ധികൂർപ്പം ചെറുപയറിൻ നിറമായും. ക്ഷീരവകം ക്ഷീരനിറമായും, ശുക്തിചൂർണ്ണകം നാനാവർണ്ണമായും, ശിലാപ്രവാളകം പവിഴനിറമായും, പുളകം ഉള്ളിൽ കറുപ്പുള്ളതായും, ശുക്ലപുളകം ഉള്ള വെള്ളയായുമിരിക്കും.

|| സഭാരാഷ്ട്രകം=വിദർഭരാജ്യത്തു സഭാരാഷ്ട്രമെന്ന ദേശത്തുണ്ടാകുന്നതു. മദ്ധ്യമരാഷ്ട്രകം = കോസലത്തിൽ മദ്ധ്യമരാഷ്ട്രമെന്ന സ്ഥലത്തുണ്ടാകുന്നതു്. കാസ്തീരരാഷ്ട്രകം=വാരാണസിയുടെ ചുററുമുള്ള കാസ്തീരദേശത്തുണ്ടാകുന്നതു. ശ്രീകടനകം=ശ്രീകടപർവ്വതത്തിൽ ഉണ്ടാകുന്നതു. മണിമന്തകം=ഉത്തരദേശത്തിലെ മണിമന്തപർവ്വതത്തിലുണ്ടാകുന്നതു. ഇന്ദ്രവാനകം=കലിംഗദേശത്തു ഇന്ദ്രവാനത്തിൽ ഉണ്ടാകുന്നതു.

## ഇരുപത്തൊമ്പതാം പ്രകരണം  പതിനൊന്നാം അധ്യായം

ഖനിയും സ്രോതസ്സും (വെള്ളച്ചാട്ടം) പ്രകീർണ്ണകവുമാണ് വജ്രത്തിന്റെ യോനികൾ.

മാർജ്ജാരനേത്രം, ശിരീഷപുഷ്പം, ഗോമൂത്രം, ഗോരോചനം, ശുദ്ധസ്ഫടികം, മാലതീപുഷ്പം എന്നിവയിലൊന്നിന്റെ വർണ്ണമോ മറ്റു മണികളിലൊന്നിന്റെ വർണ്ണമോ ആയിരിക്കും വജ്രത്തിന്റെ വർണ്ണം.

സ്ഥൂലം, ഗുരു, പ്രഹാരസഹം (അടിച്ചാൽ പൊട്ടാത്തതു), സമകോടികം (സമകോണം), ഭാജനലേഖി (പാത്രങ്ങളിലിട്ടാൽ വരവീഴിക്കുന്നതു), തർക്കുഭ്രാമി (യന്ത്രമുഴിഞ്ഞാൽപോലെ തിരിയുന്നതു), ഭ്രാജിഷ്ണു ഇങ്ങനെയെല്ലാമിരിക്കുന്ന വജ്രം ഉത്തമം.

നഷ്ടകോണം (കോണില്ലാത്തതു), നിരശ്രി (നിരപ്പില്ലാത്തതു), പാർശ്വാപവൃത്തം (ഒരു പാർശ്വത്തുക്കു മുഴച്ചിരിക്കുന്നതു) എന്നിങ്ങനെയുള്ള വജ്രം അധമമത്രെ.

ആളകന്ദകം, വൈവർണ്ണികം എന്നിവയാണു പ്രവാളം *. രക്തവർണ്ണം, പത്മവർണ്ണം എന്നിവ അതിന്റെ വർണ്ണങ്ങൾ. കരടം (കൃമിജുഷ്ടം), ഗർഭിണിക (മധ്യം തടിച്ചതു) എന്നിങ്ങനെയുള്ള പ്രവാളം വർജ്ജ്യമാകുന്നു.

സാതനദേശജമായ ചന്ദനം രക്തവർണ്ണവും ഭൂമിഗന്ധിയുമായിരിക്കും. ഗോശീർഷദേശത്തുണ്ടാകുന്നതു കാളതാമ്രം (കറുപ്പും ചുവപ്പും) വർണ്ണമായും മത്സ്യഗന്ധിയായുമിരിക്കും. ഹരിചന്ദനം ശുകപത്രവർണ്ണമായും ആമ്ര (മാങ്ങ) ഗന്ധിയായുമിരിക്കും. താർണ്ണസം (തൃണസാനദീതീരജം) ആയ ചന്ദനവും അങ്ങനെതന്നെ. ഗ്രാമേരുദേശജമായ ചന്ദനം രക്തവർണ്ണമോ രക്തകാളവർണ്ണമോ ആ

---

* ആളകന്ദകം = ബർബ്ബരദേശത്തു സമുദ്രത്തിന്റെ ഒരു ഭാഗമായ അളകന്ദത്തിലുണ്ടാകുന്നതു, വൈവർണ്ണികം = യവനദ്വീപത്തിൽ സമുദ്രത്തിന്റെ ഭാഗമായ വിവർണ്ണത്തിലുണ്ടാകുന്നതു.

യും ആട്ടുമൂത്രത്തിന്റെ ഗന്ധമുള്ളതായുമിരിക്കും. ദേവസഭ എന്ന പ്രദേശത്തുണ്ടാകുന്ന ചന്ദനം രക്തവർണ്ണവും പത്മഗന്ധിയുമായിരിക്കും. ജാവകദേശത്തുണ്ടാകുന്നതും അങ്ങനെതന്നെ. ജോംഗകദേശത്തുണ്ടാകുന്നതു രക്തവർണ്ണമോ രക്തകാളവർണ്ണമോ ആയും സ്നിഗ്ദ്ധമായുമിരിക്കും. തൌരൂപദേശത്തുണ്ടാകുന്നതും അങ്ങനെതന്നെ. മാലേയദേശത്തുണ്ടാകുന്നതു പാണ്ഡുരക്തമായിരിക്കും. കുചന്ദനം കൃഷ്ണവർണ്ണമായും അകിലുപോലെ കാളവർണ്ണമോ രക്തമോ രക്തകാളമോ ആയുമിരിക്കും. കാലപർവ്വതദേശത്തുണ്ടാകുന്നതു അനവദ്യ(കുങ്കുമം)വർണ്ണമായിരിക്കും. കോശകാരപർവ്വതമെന്ന പ്രദേശത്തുണ്ടാകുന്നതു കാളവർണ്ണമോ കാളചിത്രവർണ്ണമോ രക്തവർണ്ണമോ രക്തകാളവർണ്ണമോ ആയിരിക്കും. ശീതോദകദേശത്തുണ്ടാകുന്നതു പത്മവർണ്ണമോ കറുത്തു സ്നിഗ്ദ്ധമായിട്ടുള്ളതോ ആയിരിക്കും. നാഗപർവ്വതദേശത്തുണ്ടാകുന്നതു രൂക്ഷവും ശൈവലവർണ്ണവുമായിരിക്കും. ശാകലദേശത്തുണ്ടാകുന്നതു കപിലവർണ്ണമായിരിക്കും: *

ലഘു, സ്നിഗ്ദ്ധം, അശ്യാനം (വേഗം ഉണങ്ങാത്തതു), സർപ്പിസ്നേഹലേപി (നെയ്പോലെ ഒട്ടുന്നതു), ഗന്ധസുഖം, ത്വക്കിൽ വ്യാപിക്കുന്നതു, അനുൽബണം, അവിരാഗി (ദ്രവ്യാന്തരയോഗത്തിൽ വർണ്ണഗന്ധരസങ്ങൾ മാറാത്തതു), ഉഷ്ണസഹം, ദാഹഗ്രാഹി (ചൂടിനെ വലിച്ചെടുക്കുന്നതു), സുഖസ്പർശനം എന്നിങ്ങനെയെല്ലാമിരിക്കുകയാണ് ചന്ദനഗുണങ്ങൾ.

---

* ചന്ദനത്തിനു സാതനം തുടങ്ങി ഉൽപത്തിഭൂമികൾ പതിനാറു. രക്താദിയായി വർണ്ണങ്ങൾ ഒമ്പതു. ഭൂമിഗന്ധാദിയായി ഗന്ധങ്ങൾ ആറു. ലഘുത്വം തുടങ്ങി ഗുണങ്ങൾ പതിനൊന്നു. സാതനാദിയായി പറഞ്ഞ പതിനാറു ദേശങ്ങളിൽ ജാവകം, ജോംഗകം, തൌരൂപം എന്നിവ കാമരൂപ (ആസ്സാം) രാജ്യത്തെ ചേർന്ന പ്രദേശങ്ങളാകുന്നു. ശേഷമുള്ളവ മലയപർവ്വതത്തിൽപ്പെട്ട പ്രദേശങ്ങളുമാണ്.

ഇരുപത്തൊമ്പതാം പ്രകരണം  പതിനൊന്നാം അദ്ധ്യായം

അഗരു (അകില്)—ജോംഗകം കാളവർണ്ണമോ കാളചിത്രമോ (വെളുത്തുകറുത്ത വരകളുള്ളതു) മണ്ഡലചിത്രമോ (വെളുത്തുകറുത്ത പുള്ളികളുള്ളതു) ആയിരിക്കും; ദോംഗകം ശ്യാമവർണ്ണമായിരിക്കും; പാരസമുദ്രകം ചിത്രരൂപമായും ഉശീരത്തിന്റെയോ മുല്ലപ്പൂവിന്റെയോ ഗന്ധമുള്ളതായുമിരിക്കും.

ഗുരു, സ്നിഗ്ദ്ധം, പേശലഗന്ധി (ദൂരദേശത്തോളം ഗന്ധം വ്യാപിക്കുന്നതു), നിർഹാരി, അഗ്നിസഹം, അസംപ്ലുതധൂമം (പുക ചിതറിപ്പോകാത്തതു), സമഗന്ധം (ദഹിച്ചു കഴിയുംവരെ ഒരേഗന്ധമുള്ളതു), വിമർദ്ദസഹം (മർദ്ദിച്ചാൽ ഗന്ധം പോകാത്തതു) എന്നിങ്ങനെയിരിക്കുകയാണ് അഗരുഗുണങ്ങൾ.

തൈലപർണ്ണികം (വെള്ളചന്ദനം)—അശോകഗ്രാമത്തിലുണ്ടാകുന്നതു മാംസവർണ്ണവും പത്മഗന്ധിയുമായിരിക്കും. ജോംഗകദേശത്തുണ്ടാകുന്നതു രക്തപീതമായും ഉൽപലഗന്ധിയോ ഗോമൂത്രഗന്ധിയോ ആയുമിരിക്കും. ഗ്രാമേരുദേശജം സ്നിഗ്ദ്ധവും ഗോമൂത്രഗന്ധിയുമായിരിക്കും. സുവർണ്ണകുഡ്യത്തിലുണ്ടാകുന്നതു രക്തപീതവും മാതളനാരങ്ങയുടെ ഗന്ധമുള്ളതുമായിരിക്കും. പൂർണ്ണകദ്വീപത്തിലുണ്ടാകുന്നതു പത്മഗന്ധിയോ നവനീതഗന്ധിയോ ആയിരിക്കും.

ഭദ്രശ്രീയം (ചന്ദനഭേദം * )—പാരലൌഹിത്യകം (കാമരൂപത്തിൽ ലൌഹിത്യമെന്ന നദത്തിന്റെ തീരത്തിലുണ്ടാകുന്നതു) ജാതീകുസുമവർണ്ണമായിരിക്കും. ആന്തരവത്യം (കാമരൂപത്തിൽ അന്തരവതീനദിയുടെ തീരത്തു

* ഭദ്രശ്രീയമെന്നാൽ കർപ്പൂരമെന്നു ചിലരും, അകാലമെന്നു മറ്റു ചിലരും, ശ്രീവാസകമെന്നു വേറെ ചിലരും, ലോഹിതചന്ദനമെന്നു ഇനി ചിലരും അഭിപ്രായപ്പെടുന്നു.

ണ്ടാകുന്നതു) ഉശീരവർണ്ണമായിരിക്കും. രണ്ടും കുഷ്ഠ (കൊട്ടം) ഗന്ധിയാകുന്നു.

കാലേയകം (കരിഞ്ചന്ദനം)—സ്വർണ്ണഭൂമി (ഭർമ്മദേശം) യിലുണ്ടാകുന്നതു സ്നിഗ്ദ്ധപീതമായിരിക്കും; ഉത്തരപർവ്വതത്തിൽ ഉത്ഭവിക്കുന്നതു രക്തപീതവുമായിരിക്കും.—ഇങ്ങനെ സാരങ്ങൾ.

ഇപ്പറഞ്ഞ തൈലപർണ്ണികം, ഭദ്രശ്രീയം, കാലേയകം എന്നിവ പിണ്ഡമാക്കുന്നതിനേയും ക്വാഥമാക്കുന്നതിനേയും ധൂമമാക്കുന്നതിനേയും സഹിക്കുന്നതും ദ്രവ്യാന്തരസംയോഗത്തിങ്കൽ വികാരം വരാത്തതും യോഗാനുവിധായിയും (ഗന്ധയോഗങ്ങളിൽ ചേരുന്നതു) ആണ്. ഇവയ്ക്കു ചന്ദനത്തിന്നും അഗരുവിന്നുമുള്ള ഗുണങ്ങളുണ്ടതാനും.

കാന്തനാവകം, പ്രൈയകം (പ്രിയകദേശത്തിലുണ്ടാകുന്നതു) എന്നിവയാണ് ഉത്തര (ഹിമവാൻ) പർവ്വതത്തിലെ ചർമ്മം. അവയിൽവെച്ചു കാന്തനാവകം മയിൽക്കഴുത്തിന്റെ നിറത്തിലിരിക്കും; പ്രൈയകം നീലപീതശ്വേതരേഖകളോടുകൂടിയതോ ബിന്ദുചിത്രമോ ആയിരിക്കും. ഇതു രണ്ടും എട്ടംഗുലം നീളമുള്ളതാകുന്നു.

ബിസി, മഹാബിസി എന്നിവയാണ് ദ്വാദശഗ്രാമങ്ങളിൽ * ഉണ്ടാകുന്ന ചർമ്മങ്ങൾ. വർണ്ണവ്യക്തിയില്ലാത്തതും ദുഹിലിതികവും (രോമങ്ങൾ നിറഞ്ഞതു) ചിത്രാകാരവുമായിട്ടുള്ളതു ബിസി; പരുപരുത്തും മിക്കതും വെളുത്തുമിരിക്കുന്നതു മഹാബിസി. ഇതുരണ്ടും പന്ത്രണ്ടംഗുലം നീളമുള്ളതായിരിക്കും.

ശ്യാമിക, കാളിക, കദളി, ചന്ദ്രോത്തര, ശാകുല എന്നി

* ദ്വാദശഗ്രാമങ്ങളെന്നാൽ ഹിമവാൻ പർവ്വതത്തിങ്കൽ മ്ലേച്ഛന്മാർ വസിക്കുന്ന പന്ത്രണ്ടു ഗ്രാമങ്ങളാകുന്നു.

വ ആരോഹത്തിൽ * ഉണ്ടാകുന്ന ചർമ്മങ്ങളാണ്. കപിലവർണ്ണമോ ബിന്ദുക്കളെക്കൊണ്ടു ചിത്രമോ ആയിട്ടുള്ളതു ശ്യാമിക. കപിലവർണ്ണത്തോടോ കപോതവർണ്ണത്തോടോ കൂടിയതു കാളിക. ഇതു രണ്ടും എട്ടംഗുലം നീളമുള്ളതായിരിക്കും. പരുഷയായും ഒരു ഹസ്തം നീളമുള്ളതായുമിരിക്കുന്നതു കദളി. അതുതന്നേ ചന്ദ്രചിത്ര (ചന്ദ്രാകാരങ്ങളായ വട്ടപ്പുള്ളികളോടുകൂടിയതു്)യായാൽ ചന്ദ്രോത്തര. കദളിയുടെ മൂന്നിലൊന്നു നീളത്തിൽ കോഠമണ്ഡലങ്ങളാൽ (വലിയ വട്ടപ്പുള്ളികളാൽ) ചിത്രമായും കർണ്ണികകളുള്ളതായും അജിനചിത്രമായും (മാൻതോൽപോലെ പുള്ളികളുള്ളതു) ഇരിക്കുന്നതു ശാകുല.

സാമൂരം, ചീനസി, സാമൂലി എന്നിവ ബാൽഹവത്തിൽ ഉണ്ടാകുന്ന ചർമ്മങ്ങൾ. മുപ്പത്താറംഗുലം നീളമുള്ളതും അഞ്ജനവർണ്ണവുമായിട്ടുള്ളതു സാമൂരം; രക്തകൃഷ്ണമോ ശ്വേതകൃഷ്ണമോ ആയതു ചീനസി; ഗോധൂമവർണ്ണത്തോടു കൂടിയതു സാമൂലി.

സാതിന, നളതൂല, വൃത്തപുച്ഛ എന്നിവയാണ് ഔദങ്ങൾ (ജലജീവികളുടെ ചർമ്മങ്ങൾ). സാതിന കൃഷ്ണവർണ്ണമായിരിക്കും. നളതൂല നളപ്പുല്ലിൻെറ പഞ്ഞിപോലെ വെളുത്തിരിക്കും. വൃത്തപുച്ഛ കപിലവർണ്ണമായുമിരിക്കും—ഇങ്ങനേ ചർമ്മജാതികൾ.

ചർമ്മങ്ങളിൽവച്ചു മൃദുവും സ്നിഗ്ദ്ധവും രോമബഹുളവുമായിട്ടുള്ളതാണ് ശ്രേഷ്ഠം.

ആവികം (ആട്ടുരോമത്തുണി) വർണ്ണംകൊണ്ടു തനി വെള്ളയായോ തനിച്ചുവപ്പായോ പത്മരക്തമായോ ഇരിക്കും. നിർമ്മാണംകൊണ്ടു ഖചിതം (തുന്നിയതു), വാനചിത്രം (ചിത്രാകൃതിയിൽ നെയ്തതു), ഖണ്ഡസംഘാത്യം

* ആരോഹം ഹിമാലയത്തിലെ ഒരു പ്രദേശം.

(ഖണ്ഡങ്ങളെക്കൊണ്ടു മടഞ്ഞുണ്ടാക്കിയതു), തന്തുവിച്ഛിന്നം (വലപോലെ ദ്വാരങ്ങൾ ചേർത്തുണ്ടാക്കിയതു) എന്നിവയാണു്. സ്വരൂപംകൊണ്ടു കംബളം, കൌചപകം (ഇടയന്മാർ ധരിക്കുന്നതു്), കുലമിതിക (ശിരസ്ത്രാണം), സൌമിതിക (ഗജാസ്തരണം), തുരഗാസ്തരണം, വർണ്ണകം (വർണ്ണകംബളം), തളിച്ഛകം (മെത്തവിരിപ്പ്), വാരവാണം (കഞ്ചുകം), പരിസ്തോമം (പരമധാനി,) സമന്തഭദ്രകം (പടച്ചട്ട) എന്നിങ്ങനെയാണു് ആവികം.

ഇവയിൽവച്ചു പിച്ഛില (വഴുത്തതു്)മായിരിക്കുന്നതും ആർദ്രമെന്നപോലെയിരിക്കുന്നതും സൂക്ഷ്മവും മൃദുവുമായിട്ടുള്ളതാണു് ശ്രേഷ്ഠം.

അഷ്ടപ്ലോതിസംഘാത്യ (എട്ടു ഖണ്ഡങ്ങളെക്കൊണ്ടു മടഞ്ഞുണ്ടാക്കിയതു്)മായും കൃഷ്ണവർണ്ണമായുമിരിക്കുന്ന ഭിംഗിസി എന്ന വർഷവാരണം (മഴക്കമ്പിളി), അപസാരകം എന്നിവ നേപാളദേശത്തുണ്ടാകുന്നതാണു്.

സംപുടിക (കാലുറ), ചതുരശ്രിക, ലംബര (മറശ്ശീല), കടവാനകം (പട്ടുനൂൽകൊണ്ടു നെയ്ത മറശ്ശീല) പ്രാവരകം (ഒരു ഭാഗത്തുമാത്രം തുമ്പുള്ള രോമാവരണം), സത്തലിക (ഒരുവക പരമധാനി) എന്നിവ മൃഗരോമത്തുണികൾ.

വാംഗകം (വംഗദേശത്തുണ്ടാകുന്നതു്) ശ്വേതവും സ്നിഗ്ദ്ധവുമായ ദുകൂല (പട്ടു്)മാകുന്നു. പൌണ്ഡ്രകം (പുണ്ഡ്രദേശത്തുണ്ടാകുന്നതു്) ശ്യാമവർണ്ണവും, മണിപോലെ സ്നിഗ്ദ്ധവുമായിരിക്കും. സൌവർണ്ണകുഡ്യകം സൂര്യവർണ്ണവും മണിസ്നിഗ്ദ്ധവുമായിരിക്കും. അവ മണിസ്നിഗ്ദ്ധോദകവാനം (നൂൽ വെള്ളത്തിൽ നനച്ചു മണിബന്ധംകൊണ്ടു ചേർപ്പെടുത്തി നെയ്യുന്നതു്), ചതുരശ്രവാനം (പട്ടുനൂൽകൊണ്ടു മാത്രം നെയ്യുന്നതു്), വ്യാമിശ്രവാനം (മററുനൂലുകൾ കലർത്തി നെയ്യുന്നതു്) എന്നിവയാകുന്നു.

ഇരുപത്തൊമ്പതാം പ്രകരണം  പതിനൊന്നാം അധ്യായം

ഇവയിൽവച്ച് ഏകാംശുകം (ഊട്ടുംപാവും ഒററയിഴയായിട്ടുള്ളത്), അധ്യർദ്ധാംശുകം (ഒററയിഴ ഊട്ടും ഈരെഴ പാവുമായോ, ഈരെഴ ഊട്ടും ഒററയിഴ പാവുമായോ നെയ്തത്), ദ്വ്യംശുകം (ഊട്ടും പാവും ഈരെഴയായത്), ത്ര്യംശുകം (ഊട്ടുംപാവും മൂപ്പിഴയായത്), ചതുരംശുകം (ഊട്ടും പാവും നാലിഴയായത്) എന്നിവ യഥാക്രമം ഗുണംകുറഞ്ഞേ വയാകുന്നു.

ഇതിനെപ്പറഞ്ഞതുകൊണ്ട് കാശിയിലും പുണ്ഡ്രകദേശത്തുമുണ്ടാകുന്ന ക്ഷൌമത്തെയും പറഞ്ഞുകഴിഞ്ഞു.

മാഗധിക, പൌണ്ഡ്രിക, സൌവർണ്ണകുഡ്യക, എന്നിവയാണ് പത്രോർണ്ണകൾ (ചിലന്തിനൂലുകൾ). നാഗവൃക്ഷം, ലികുചം (അയനി), ബകുളം (ഇലഞ്ഞി), വടവൃക്ഷം എന്നിവ അവയുടെ യോനികൾ. നാഗവൃക്ഷത്തിന്മേലുണ്ടാകുന്നത് പീതവർണ്ണമായും, ലികുചത്തിലുണ്ടാകുന്നത് ഗോധൂമവർണ്ണമായും, ബകുളത്തിലുണ്ടാകുന്നത് ശ്വേതവർണ്ണമായും, പിന്നത്തേതു നവനീതവർണ്ണമായുമിരിക്കും. അവയിൽവച്ച സൌവർണ്ണകുഡ്യകമാണ് ശ്രേഷ്ഠം.

ഇതിനെപ്പറഞ്ഞതുകൊണ്ടുതന്നെ കൌശേയ (പട്ടുനൂൽപ്പുഴുനൂൽ)വും, ചീനദേശത്തുണ്ടാകുന്ന ചീനപട്ടങ്ങളും പറഞ്ഞുകഴിഞ്ഞു.

മാധുരം (മധുരയിലുണ്ടാകുന്നത്), ആപരാന്തകം (കൊങ്കണദേശത്തുണ്ടാകുന്നത്), കാലിംഗകം (കലിംഗദേശജം), കാശികം, വാംഗകം (വംഗദേശജം) വാത്സകം (വത്സകമെന്ന കൌശാംബിയിൽ ഉണ്ടാകുന്നത്), മാഹിഷകം (മാഹിഷ്മതി എന്ന കുന്തളരാജധാനിയിലുണ്ടാകുന്നത്) എന്നിങ്ങനെയുള്ള കാർപ്പാസികം (പരുത്തിനൂൽവസ്ത്രം) ശ്രേഷ്ഠമാകുന്നു.

ഇതിൽനിന്നന്യരത്നങ്ങൾ–
തന്റെയും കണ്ടുകൊള്ളണം
മാനം, മൂല്യം, ലക്ഷണവും,
ജാതി, രൂപം, നിധാനവും,
നവകർമ്മം, നവീകാരം,
കർമ്മഗുഹ്യ, മുപസ്കരം,
ദേശം, കാലം, പരീഭോഗം,
ഹിംസ്രപ്രതിവിധാനവും

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, കോശപ്രവേശ്യരത്നപരീക്ഷയെന്ന പതിനൊന്നാം അദ്ധ്യായം.**

---

## പന്ത്രണ്ടാം അദ്ധ്യായം.

---

### മുപ്പതാം പ്രകരണം.

### ആകരകർമ്മാന്തപ്രവർത്തനം.

ആകരാദ്ധ്യക്ഷൻ ശുല്ബശാസ്ത്രവും * (ലോഹങ്ങളുടെ ഉൽപത്തിസ്ഥലമറിവാനുള്ള ശാസ്ത്രം) ധാതുശാസ്ത്രവും (ധാതുക്കളിൽനിന്നു സാരമെടുക്കുന്നതിനെപ്പറയുന്ന ശാസ്ത്രം) രസശാസ്ത്രവും, പാകശാസ്ത്രവും (സ്വർണ്ണാദികളെ പാകംചെയ്തു വർണ്ണാധിക്യം വരുത്തുന്നതിനെ പറയുന്ന ശാസ്ത്രം) മണിരാഗശാസ്ത്രവും (മണികൾക്കു നാനാവർണ്ണങ്ങളുണ്ടാക്കുവാനുതകുന്ന ശാസ്ത്രം) പഠിച്ചറിഞ്ഞവനായിട്ട്, ആ ശാസ്ത്രങ്ങളറിയുന്നവരെ തുണകൂട്ടി, തദ്വിഷയ

* ശുല്ബമെന്നാൽ ചെമ്പ്, ചെമ്പുകൊണ്ടുള്ള പലതരം പണികളും ചെമ്പിനെ കനകരജതാദികളാക്കി മാറുവാനുള്ള വിദ്യയും ഉപദേശിക്കുന്ന ശാസ്ത്രമാണ് ശുല്ബശാസ്ത്രമെന്നു പക്ഷാന്തരം.

ത്തിൽ നൈപുണ്യമുള്ള കർമ്മകരന്മാരോടും ഉപകരണങ്ങളോടുംകൂടി, കിട്ടവും മൂഷ (മൂശ)യും അംഗാര (കരി)വും ഭസ്മവുമാകുന്ന ലിംഗങ്ങൾകൊണ്ടു ഭൂതപൂർവ്വമായ ആകരത്തെയും, മണ്ണിന്റെ വർണ്ണാധിക്യവും ഗൌരവാധിക്യവും ഉഗ്രഗന്ധരസത്വവുമാകുന്ന അടയാളങ്ങൾകൊണ്ടു് ഭൂമിധാതു, പ്രസ്തരധാതു, രസധാതു എന്നിവയടങ്ങിയ നവീനമായ ആകരത്തെയും പരീക്ഷിച്ചറിയണം. ‡

അഭിജ്ഞാതോദ്ദേശങ്ങളായ (പണ്ടു രാജാക്കന്മാർ അടയാളപ്പെടുത്തിയ) പർവ്വതങ്ങളിലെ ബിലദ്വാരങ്ങളിലും ഗുഹകളിലും ഉപത്യക (താഴ്വര) കളിലും ആലയ (ഗുഹാഗൃഹ) ങ്ങളിലും നിഗൂഢഖാത (പാറകൊണ്ടു മുഖം മൂടിയ ഗുഹകൾ) ങ്ങളിലും ഉള്ളിൽനിന്നൊന്നു കിനിയുന്നവയും, ഞാവൽപ്പഴംപോലെയോ മാമ്പഴംപോലെയോ പനമ്പഴംപോലെയോ പക്വഹരിദ്രാഭേദം (വെന്ത മഞ്ഞൾമുറി) പോലെയോ ഹരിതാലംപോലെയോ മനയോലപോലെയോ തേൻപോലെയോ ഹിംഗുലകം (ചായില്യം) പോലെയോ പുണ്ഡരീകം (വെൺതാമരപ്പൂവു്) പോലെയോ ശുകപത്രംപോലെയോ മയൂരപത്രംപോലെയോ വർണ്ണമുള്ളവയും, അതേവർണ്ണമുള്ള വെള്ളവും ഓഷധികളും ചുഴന്നിട്ടുള്ളവയും, ചിക്കണങ്ങളും (തൊട്ടാലൊട്ടുന്നവ), വിശദങ്ങളും, ഭാരികങ്ങളു(കനത്ത)മായ രസങ്ങൾ (ദ്രാവകങ്ങൾ) കാഞ്ചനികങ്ങൾ (കാഞ്ചനമടങ്ങിയവ) ആകുന്നു. ഇവ വെള്ളത്തിൽ ചേർത്താൽ എണ്ണപോലെ പരക്കുകയും, ചേറും ചളിയും വലിച്ചെടുക്കുകയും ചെയ്യും. ഇങ്ങനെയുള്ള കാഞ്ചനരസങ്ങൾ നൂറിരട്ടി

‡ മണ്ണിന്നു വർണ്ണാധിക്യമുണ്ടായാൽ ഭൂമിധാതുവും, ഗൌരവാധിക്യം കണ്ടാൽ പ്രസ്തരധാതുവും, ഉഗ്രരസഗന്ധങ്ങളുണ്ടായാൽ രസധാതുവും അടിയിലുണ്ടെന്നു അറിയേണമെന്നു സാരം.

ചെമ്പിന്റെയും വെള്ളിയുടേയും മേൽ ചേർത്താൽ അവയെ വേധിക്കും. *

തൽപ്രതിരൂപക (തത്സദൃശം) മായും എന്നാൽ ഉഗ്രങ്ങളായ ഗന്ധരസങ്ങളോടുകൂടിയതായുമിരിക്കുന്ന വസ്തു ശിലാജതു (കന്മദം) വാണെന്നറിയണം.

പീതവർണ്ണങ്ങളോ താമ്രവർണ്ണങ്ങളോ താമ്രപീതവർണ്ണങ്ങളോ ആയിട്ടുള്ളവയാണ ഭൂമിധാതുക്കളും പ്രസ്തരധാതുക്കളും. അവയിൽവച്ചു മുറിച്ചാൽ നീലവർണ്ണമായ രാജിക (രേഖകൾ)ളുള്ളവയായോ മുൽഗം, മാഷം, കൃസരം (എൾച്ചോറു) എന്നിവപോലെയുള്ള നിറത്തോടുകൂടിയോ ദധിബിന്ദുക്കളേററപോലെയും ദധിപിണ്ഡം(തയിർക്കട്ടി)പററിയപോലെയും ചിത്രമായോ മഞ്ഞൾ, കടുക്ക, പത്മപത്രം, ശൈവലം (കുളഞ്ചണ്ടി), യകൃത്തു്, പ്ലീഹ, അനവദ്യം (കുങ്കുമം) എന്നിവയുടെ നിറത്തോടുകൂടിയോ, പൊടിച്ചാൽ ചുഞ്ചുവാലുക (നേരിയ മണൽ) പോലെയുള്ള രേഖകളും ബിന്ദുക്കളും സ്വസ്തിക (ത്രികോണരേഖ)യും ഗുളികകളും (ഒരുതരം കല്ലുകൾ) കലർന്നോ ഉള്ളതായും അതീവദീപ്തിയുള്ളതായും തീയിലിട്ടു തപിപ്പിച്ചാൽ പിളരാതെയും നുരയും പുകയുമേറിയുമിരിക്കുന്നവയായുമുള്ളവ സുവർണ്ണധാതുക്കളത്രെ. അവ പൊടിച്ചു ചെമ്പിലും വെള്ളിയിലും മുൻപോലെ ചേർത്താൽ അവയെ വേധിക്കും.

ശംഖം, കർപ്പൂരം, സ്ഫടികം, വെണ്ണ, കപോതം (മാടപ്രാവു്), പാരാവതം (കാട്ടുപ്രാവു്), വിമലകമണി, മയിൽക്കഴുത്തു് എന്നിവയുടേയോ സസ്യകമണി, ഗോരോചനം, ഗുളം, മത്സ്യണ്ഡിക (കണ്ടിശ്ശർക്കര) എന്നിവയുടേയൊ കൊന്നപ്പൂവു്, താമരപ്പൂവു്, പാതിരിപ്പൂവു്, കളായ

---

* ഒരു തുലാം ചെമ്പിലും ഒരു തുലാം വെള്ളിയിലും ഓരോ പലം കാഞ്ചനികരസം ചേർത്താൽ അവയെ പൊന്നാക്കുമെന്നു സാരം.

പ്പൂവു്, ക്ഷൌമപ്പൂവു്, അതസിപ്പൂവു് എന്നിവയുടേയോ വർണ്ണത്തോടുകൂടിയിരിക്കുന്നവയും, ഈയമോ അഞ്ജനമോ കൂടിക്കലൎന്നു ദുൎഗ്ഗന്ധത്തോടുകൂടിയുമിരിക്കുന്നവയും, മുറിച്ചാൽ പുറം വെളുത്തും അകം കറുത്തും അല്ലെങ്കിൽ പുറം കറുത്തും അകം വെളുത്തുമിരിക്കുന്നവയും, രേഖകളാലും ബിന്ദുക്കളാലും ചിത്രമായിരിക്കുന്നവയും, മാൎദ്ദവമുള്ളവയും, തീയിലിട്ടുതിയാൽ പൊട്ടാതേയും നിറവും പുകയുമേറിയുമിരിക്കുന്നവയുമായ ധാതുക്കൾ രൂപ്യ (വെള്ളി) ധാതുക്കളാകുന്നു.

എല്ലാ ധാതുക്കൾക്കും ഗുരുത്വം പെരുകുന്തോറും സത്വം (ഉള്ളിലെ സാരം) ഏറിയിരിക്കും.

അവയിൽവെച്ചു് അശുദ്ധങ്ങളോ (ധാത്വന്തരമിശ്രങ്ങൾ) മൂഢഗൎഭങ്ങളോ (സാരം വാരാതിരിക്കുന്നവ) ആയിട്ടുള്ളവയെ തീക്ഷ്ണമൂത്ര(ആനമൂത്രം മുതലായവ)ങ്ങളിലോ തീക്ഷ്ണങ്ങളായ ക്ഷാരങ്ങളിലോ ഭാവനംചെയ്തു (നനച്ചുണക്കുക)യോ, രാജവൃക്ഷം (കൊന്ന) വടവൃക്ഷം പീലുവൃക്ഷം എന്നിവയുടെ തൊലിയും പശുവിൻപിത്തം, ഗോരോചനം എന്നിവയും മഹിഷം, കഴുത, കരഭം (കോവർകഴുത) എന്നിവയുടെ മലമൂത്രങ്ങളുംകൂടി പിണ്ഡബന്ധമോ (അരച്ചുരുട്ടുക) പ്രതീവാപമോ (പൊടിച്ചുവിതറുക) അവലേപമോ (അരച്ചുപൂശുക) ചെയ്താൽ അവ വിശുദ്ധങ്ങളായിട്ടു സാരത്തെ സ്രവിക്കും.

യവം, ഉഴുന്നു്, എള്ളു്, പലാശം (പ്ലാശ്),പീലു ഇവയുടെ ക്ഷാരത്തിലോ പശുവിൻപാലും ആട്ടിൻപാലും കൂട്ടിയതിലോ ഇട്ടു കദളീകന്ദം (വാഴക്കിഴങ്ങ്), വജ്രകകന്ദം (കള്ളിക്കിഴങ്ങ്)എന്നിവ പൊടിച്ചു വിതറിയാൽ സുവൎണ്ണത്തിനും വെള്ളിക്കും മാൎദ്ദവം വരും.

തേൻ, എരട്ടിമധുരം, ആട്ടിൻപാൽ, എണ്ണ, നെയ്യ്, ശൎക്കര, കിണ്വം (കള്ളുറൽ), കന്ദളി (കൂൺ) എന്നിവ

കൊണ്ടു മൂന്നു പ്രാവശ്യം സേചനം ചെയ്താൽ, കാഠിന്യം കൊണ്ടു നൂറുമായിരവുമായി പിളൎന്നിരിക്കുന്നതായാൽക്കൂടി, പൊന്നും വെള്ളിയും മൃദുവായിത്തീരും.

പശുവിന്റെ പല്ലും കൊമ്പും പൊടിച്ചു ഉരുകിയ പൊന്നിലും വെള്ളിയിലുമിടുന്നതു മൃദുസ്തംഭനം (മൃദുവായതിനെ സ്തംഭിപ്പിക്കുന്നതു്) ആകുന്നു.

ഭാരികവും സ്നിഗ്ദ്ധവും മൃദുവുമായിട്ടുള്ള ഭൂമിധാതുവും പ്രസ്തരധാതുവും പിംഗലവൎണ്ണമോ ഹരിതവൎണ്ണമോ പാടലവൎണ്ണമോ രക്തവൎണ്ണമോ ആയിരുന്നാൽ അതു് താമ്ര (ചെമ്പു്)ധാതുവാകുന്നു.

കാക്കയെപ്പോലെ മേചകവൎണ്ണമോ, കപോതവൎണ്ണമോ, ഗോരോചനാവൎണ്ണമോ ആയും ശ്വേതരേഖകളാൽ വ്യാപ്തമായും ദുൎഗ്ഗന്ധമായുമിരിക്കുന്നതു സീസ (ഈയം) ധാതുവത്രെ.

ഊഷരം (ഉവർമണ്ണു)പോലെ ചിത്രവൎണ്ണമോ വെന്ത മൺകട്ടയുടെ വൎണ്ണമോ ആയിട്ടുള്ളതു ത്രപു(വെള്ളീയം) ധാതുവാണു്.

കുരുംബവൎണ്ണമോ (ശ്ലക്ഷ്ണശിലാവൎണ്ണം) പാണ്ഡുരക്തവൎണ്ണമോ സിന്ദുവാര (കരുനെച്ചി) പുഷ്പവൎണ്ണമോ ആയിട്ടുള്ളതു തീക്ഷ്ണ (ഇരുമ്പു) ധാതുവാകുന്നു.

കാകാണ്ഡത്തിന്റെയോ ഭൂൎജ്ജപത്ര (വൃതംനക്ക്)ത്തിന്റെയോ നിറത്തോടുകൂടിയതു വൈകൃന്തകധാതുവാകുന്നു.

അച്ഛവും, സ്നിഗ്ദ്ധവും, പ്രഭായുക്തവും, തീയിലിട്ടാൽ ശബ്ദം പുറപ്പെടുന്നതും, ശീതതീവ്രവും (വേഗത്തിൽ തണുക്കുന്നതു്), രാഗം കുറഞ്ഞതുമായ ധാതു മണിധാതു (മണിയടങ്ങിയ ധാതു) വാകുന്നു.

ധാതുക്കളിൽനിന്നു ജനിക്കുന്നതിനെ(സ്വൎണ്ണരൂപ്യാ

ദിയെ) അവ സംബന്ധിച്ചുള്ള കർമ്മശാലകളിൽ സംസ്കരിപ്പിക്കണം.

കൃതഭാണ്ഡങ്ങ(സംസ്കൃതങ്ങളായ സ്വർണ്ണാദികൾ)ളുടെ വ്യവഹാരത്തെ ഏകമുഖ(ഒരിടത്തുമാത്രമുള്ളതു) മാക്കിച്ചെയ്യുകയും, മറ്റൊരിടത്തു അവ നിർമ്മിക്കയോ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നവർക്ക് അത്യയം (ദണ്ഡം) കല്പിക്കുകയും വേണം.

ആകരികൻ(ആകരത്തിലെ കർമ്മകരൻ) അവിടെനിന്നു അപഹരണംചെയ്താൽ, അപഹരിച്ചതു രത്നങ്ങളല്ലാത്തപക്ഷം, അതിന്റെ എട്ടിരട്ടി ദ്രവ്യം കെട്ടിക്കണം.

കള്ളനേയും അനിസൃഷ്ടോപജീവി (അനുവാദംകൂടാതെ ധാതുവ്യവഹാരംചെയ്യുന്നവൻ)യേയും ബന്ധിച്ചിട്ടു ആകരങ്ങളിൽ കർമ്മം ചെയ്യിക്കണം. ദണ്ഡോപകാരി (കാരാവാസത്തിന്നു പകരം പിഴയടയ്ക്കാൻ വിധിച്ചതിനെ അടയ്ക്കാത്തവൻ)യേയും അങ്ങനെ തന്നെ ചെയ്യണം.

വ്യയത്തിലും നടത്തിപ്പിലും ഭാരികമായ ആകരത്തെ ഭാഗമോ പ്രക്രയമോ (പാട്ടം) നിശ്ചയിച്ചു കൊടുക്കണം. ലാഘവികമായിട്ടുള്ളതിനെ താൻതന്നെ നടത്തിക്കയും വേണം.

ലോഹാദ്ധ്യക്ഷൻ ചെമ്പു്, ഈയം, വെള്ളീയം, വൈകൃന്തകം, ആരകൂടം (പിച്ചള), വൃത്തം (ഒരുതരം ലോഹം), കംസം (ഓട്ടു), താളം (വാദ്യോപകരണങ്ങൾക്കുള്ള ഓട്ടു്), ലോഹം (ഇരിമ്പു്) എന്നിവയുടെ കർമ്മാന്തങ്ങളെ നിർമ്മിപ്പിക്കയും, ലോഹഭാണ്ഡവ്യവഹാരം നടത്തുകയും വേണം.

ലക്ഷണാദ്ധ്യക്ഷൻ (കമ്മട്ടത്തിലെ അദ്ധ്യക്ഷൻ) നാലിലൊരുഭാഗം (നാലുമാഷം) ചെമ്പും ഒരു മാഷം ഉരുക്കോ വെള്ളീയമോ ഈയമോ അഞ്ജനമോ ഒന്നും ചേ

ള്ള രൂപ്യരൂപ (വെള്ളിനാണ്യം) മായിരിക്കുന്ന പണത്തെയും, അതിൽപകുതി വീതം ചേർത്തു അർദ്ധപണത്തെയും, അതിൽപകുതി വീതം ചേർത്തു പാദ (കാൽപണം) ത്തെയും, അതിൽ പകുതിവീതം ചേർത്തു അഷ്ടഭാഗ (അരക്കാൽ പണം) ത്തേയും നിർമ്മിപ്പിക്കണം *. നാലിലൊരുഭാഗം വെള്ളിചേർത്തു താമ്രരൂപ (ചെമ്പുനാണ്യം) മായ മാഷകം, അർദ്ധമാഷകം, കാകണി, അർദ്ധകാകണി എന്നിവയും നിർമ്മിപ്പിക്കണം. $

രൂപദർശകൻ (നാണ്യപരിശോധകൻ) നാട്ടിൽ വ്യവഹാരത്തിന്നു വേണ്ടതും കോശത്തിൽ വയ്ക്കേണ്ടതുമായ പണത്തിന്റെ യാത്രയെ വ്യവസ്ഥപ്പെടുത്തണം.

അന്യപ്രദേശത്തുവച്ചു പണം നിർമ്മിക്കുന്നതായാൽ അതിന്റെ കർത്താവു, ക്രേതാവു, വിക്രേതാവു, പരീക്ഷകൻ എന്നിവരോടു നൂററിന്നെട്ടുവീതം രൂപികവും, നൂററിന്നഞ്ചുവീതം വ്യാജിയും, നൂററിന്നെട്ടുവീതം പാരീക്ഷികവും (പരിശോധനക്കൂലി), ഇരുപത്തഞ്ചു പണം അത്യയവും വസൂലാക്കണം.

ഖന്യദ്ധ്യക്ഷൻ ശംഖം, വജ്രം, മണി, മുത്തു്, പവിഴം, ക്ഷാരം എന്നിവയുടെ കർമ്മാന്തങ്ങളെ സ്ഥാപിക്കയും അവയുടെ പണനവ്യവഹാരം നടത്തുകയും വേണം.

ലവണാദ്ധ്യക്ഷൻ പാകമുക്തം (രാജകീയമായ പടന്നയിൽ വിളഞ്ഞതു), ലവണഭാഗം (പങ്കായിക്കൊടുത്ത

---

* ഒരു പണത്തിന്നു പതിനാറുമാഷത്തൂക്കം. അതിൽ നാലുമാഷം ചെമ്പ്, പതിനൊന്നുമാഷം വെള്ളി, ഒരു മാഷം ഇരുമ്പ മുതലായവയിലൊന്ന്.

$ നാലുമാഷം വെള്ളിയും, പതിനൊന്നുമാഷം ചെമ്പും, ഒരു മാഷം ഇരുമ്പ മുതലായവയിലൊന്നുമായിട്ടാണ് മാഷകത്തിന്റെ നിർമ്മാണം.

പടന്നായിലുണ്ടായത്തു്, പ്രക്രയം (പാട്ടത്തിന്നു കൊടുത്ത പട്ടന്നായിൽ വിളഞ്ഞതു്) എന്നിവ യഥാകാലം പിരിക്കുകയും അതിന്റെ വില്പനയിൽ മൂല്യം, രൂപം, വ്യാജി എന്നിവ വകകാണിക്കുകയും വേണം.

ആഗന്തുലവണ (വിദേശത്തുനിന്നു വരുന്ന ഉപ്പു്) ത്തിന്റെ ആറിലൊരു ഭാഗം രാജാവിന്നുള്ള അംശമായി നൽകണം. ഈ ഭാഗവും വിഭാഗവും മാനവ്യാജിയും നൽകിയിട്ടു മാത്രമേ ആ ഉപ്പു വിൽക്കാവൂ. നൂറിന്നഞ്ചുവീതം വ്യാജിയും, രൂപവും (നൂറിന്നെട്ടുവീതം), നൂറിന്നെട്ടുവീതമുള്ള രൂപികവും നൽകുകയും വേണം. ആഗന്തുലവണം വാങ്ങുന്നവൻ ശുൽക്കവും, രാജപണ്യമായ ഉപ്പിന്റെ ഛേദ (വില്പനക്കുറവു്) ത്തിന്നനുസരിച്ചു വൈധരണവും (നഷ്ടപരിഹാരം) കൊടുക്കണം. രാജപണ്യമായ ഉപ്പു വാങ്ങുവാനുള്ളപ്പോൾ അന്യസ്ഥലത്തുനിന്നു വാങ്ങുന്നവൻ അറുനൂറുപണം അത്യയം കെട്ടുകയുംവേണം.

വിലവണം (മണ്ണുകൂട്ടിയ ഉപ്പു്) വിൽക്കുന്നവനും, വാനപ്രസ്ഥനൊഴികെയുള്ള അനിസൃഷ്ടോപജീവിയും (അനുമതികൂടാതെ ഉപ്പുണ്ടാക്കുന്നവൻ) ഉത്തമസാഹസദണ്ഡം കെട്ടണം.

ശ്രോത്രിയന്മാർ, തപസ്വികൾ, വിഷ്ടികൾ (തൊഴിലാളികൾ) എന്നിവൎക്കു ഭക്തലവണം (ചോറിൽകൂട്ടാനുള്ള ഉപ്പു്) ശുൽക്കം കൂടാതെ കൊണ്ടുപോകാവുന്നതാണു്. അതൊഴികെയുള്ള ലവണവൎഗ്ഗവും ക്ഷാരവൎഗ്ഗവും കൊണ്ടുപോകുമ്പോൾ ശുൽക്കം നൽകുകയും വേണം.

ഏവംമൂല്യ,വിഭാഗങ്ങൾ,
വ്യാജി,പരിഘ,മത്യയം,
ശുൽക്കം, വൈധരണം, ദണ്ഡം,
രൂപം, രൂപികവും തഥാ,

ധാതുവും, പണ്യവുംകൂടി-
പ്പന്ത്രണ്ടാം ഖനിജം ധനം;
സൎവ്വപണ്യങ്ങളിൽ നൃപൻ
ചെയ്യേണം മുഖസംഗ്രഹം.
ആകരപ്രഭവം കോശം,
ദണ്ഡം കോശസമുത്ഭവം;
കോശദണ്ഡങ്ങളാൽ പൃത്ഥ്വി
കൈവരും കോശഭൂഷണാ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, ആകരകൎമ്മാന്തപ്രവൎത്തനമെന്ന
പന്ത്രണ്ടാമദ്ധ്യായം.

# പതിമ്മൂന്നാം അധ്യായം.

## മുപ്പത്തൊന്നാം പ്രകരണം.

## അക്ഷശാലയിൽ സുവൎണ്ണാധ്യക്ഷൻ.

സുവൎണ്ണാധ്യക്ഷൻ സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടും പണിയെടുക്കുന്നവൎക്ക് പരസ്പരസംബന്ധം കൂടാതെയിരിക്കാവുന്നതും നാലു ശാലകളോടും ഒരു ദ്വാരത്തോടും കൂടിയതുമായിട്ട അക്ഷശാല (സുവൎണ്ണാദികൎമ്മശാല)യെ നിൎമ്മിപ്പിക്കണം.

വിശിഖ (പ്രധാനരഥ്യ)യുടെ മധ്യത്തിൽ ശില്പജ്ഞനും കുലീനനും വിശ്വസ്തനുമായ സൌവൎണ്ണികനെ * (സ്വൎണ്ണശില്പിയെ) സ്ഥാപിക്കുകയും വേണം.

ജാംബൂനദം (ജംബൂനദിയിലുണ്ടാകുന്നത്'), ശാത

* സ്വൎണ്ണവും വെള്ളിയും മററും ക്രയവിക്രയം ചെയ്യുന്നതിൽ പൌരജാനപദന്മാരെ സഹായിക്കുകയാണ് സൌവൎണ്ണികന്റെ കൃത്യം

കുംഭം (ശതകുംഭപർവ്വതത്തിൽ ഉണ്ടാകുന്നതു), ഹാടകം (ഹാടകമെന്ന ആകരത്തിൽനിന്നെടുക്കുന്നതു), വൈണവം (വേണുപർവ്വതത്തിലുണ്ടാകുന്നതു), ശൃംഗശുക്തിജം (സ്വർണ്ണഭൂമിയിലുണ്ടാകുന്നതു്) എന്നിങ്ങനേയും ജാതരൂപം (സ്വർണ്ണമായിട്ടുതന്നെ ജനിച്ചതു്), രസവിദ്ധം (രസയോഗംകൊണ്ടു പൊന്നാക്കിയതു), ആകരോൽഗതം (ആകരത്തിലെ ധാതുക്കളിൽനിന്നു സാരം വാററിയെടുക്കുന്നതു്) എന്നിങ്ങനെയുമുള്ളതാണു് സുവർണ്ണം.

കിഞ്ജൽക്ക (താമരയല്ലി) വർണ്ണമായും മൃദുവായും സ്നിഗ്ദ്ധമായും അനാദി (നിലത്തിട്ടാലൊച്ചപ്പെടാത്തതു) യായും ഭ്രാജിഷ്ണുവായുമിരിക്കുന്ന സ്വർണ്ണമാണു് ശ്രേഷ്ഠം; രക്തപീതവർണ്ണമായിട്ടുള്ളതു മധ്യമം; കേവലം രക്തവർണ്ണമായിട്ടുള്ളതു് അധമം.

ശ്രേഷ്ഠജാതിയിൽപ്പെട്ടവയിൽവച്ചു പാണ്ഡുവർണ്ണവും ശ്വേതവർണ്ണവുമായിട്ടുള്ള സ്വർണ്ണം അപ്രാപ്തകം (സ്വതേയുള്ള വർണ്ണം വരാത്തതു) ആകുന്നു. അതു് ഏതു ദ്രവ്യത്തിന്റെ യോഗത്താലാണോ അപ്രാപ്തകമായിരിക്കുന്നതു് അതിന്റെ നാലിരട്ടി ഈയം ചേർത്തു ശുദ്ധിചെയ്യണം (ഊതിക്കഴിക്കണം). അപ്പോൾ സീസഗന്ധത്തോടുകൂടി പിളരുന്നതായാൽ ശുഷ്കപടലങ്ങൾ (ചാണകവറളികൾ) കൊണ്ടു ധ്മാപനംചെയ്യണം. രൂക്ഷതയോടെ പിളരുന്നതായാൽ എണ്ണയിലും ചാണകത്തിലും മുക്കി വാർക്കണം. ആകരോൽഗതമായ സ്വർണ്ണം ശുദ്ധിചെയ്യുമ്പോൾ സീസ

---

* ഉൽപത്തിസ്ഥാനഭേദത്താൽ ജാംബൂനദാദിയായി അഞ്ചുവിധവും, ഉൽപത്തിപ്രകാരഭേദത്താൽ ജാതരൂപാദിയായി മൂന്നുവിധവുമാണു് സ്വർണ്ണമെന്നു സാരം. ജാംബൂനദത്തിന്റെ നിറം ഞാവൽപ്പഴച്ചാറിനോടും, ശാതകുംഭത്തിന്റേതു താമരയല്ലിയോടും, ഹാടകത്തിന്റേതു വാതംകൊല്ലിപ്പൂവിനോടും, വൈണവത്തിന്റേതു കർണ്ണികാരപുഷ്പത്തോടും, ശൃംഗശുക്തിജത്തിന്റേതു മനയോലയോടും തുല്യമായിരിക്കുമെന്നു അഭിജ്ഞന്മാർ പറയുന്നു.

ഗന്ധരത്തോടെ പിളരുന്നതായാൽ പാകപാത്രങ്ങ (നേരിയ ഓലകൾ)ളാക്കി ചെത്തി ഗണ്ഡികകളിൽ (പലകകളിൽ) വച്ചു അടിച്ചുതകർക്കണം. അല്ലെങ്കിൽ കുൺ, വജ്രകന്ദം എന്നിവയുടെ കൽക്കത്തിൽ നിഷേചനം ചെയ്യണം.

തുത്ഥോൽഗതം (തുത്ഥപർവ്വതത്തിലുണ്ടായതു), ഗൌഡികം (ഗൌഡദേശത്തുണ്ടായതു), കാംബുകം (കാമ്പുപ്രദേശത്തു ജനിച്ചതു), ചാക്രവാളികം (ചക്രവാളമെന്ന ആകരത്തിലുണ്ടാകുന്നതു്)എന്നിവയാണ് വെള്ളി *. അവയിൽവച്ചു ശ്വേതവും സ്നിഗ്ദ്ധവും മൃദുവുമായിട്ടുള്ളതു ശ്രേഷ്ഠം. തദ്വിപരീതമായുള്ളതും സ്ഫോടന (ഈറപ്പു) മുള്ളതും ചീത്തയാണ്. അങ്ങനെയുള്ളതിനെ നാലിലൊരുഭാഗം ഈയം ചേർത്തു് ഊതിക്കഴിച്ചു ശുദ്ധിചെയ്യണം. ചൂളിക (കുമിള) പുറപ്പെട്ടതായും അച്ഛമായും ഭ്രാജിഷ്ണുവായും ദധിവർണ്ണമായുമിരുന്നാൽ ശുദ്ധമാകും.

ശുദ്ധമായി ഹാരിദ്ര (മഞ്ഞൾ) വർണ്ണമായിരിക്കുന്ന സുവർണ്ണത്തിന്റെ വർണ്ണകം (മാററു്) സുവർണ്ണം. ഒരു സുവർണ്ണം (പതിനാറുമാഷഗുരുകം) പൊന്നിൽ ശുല്ബകാകണി (കാൽമാഷഗുരുകം ചെമ്പു) ചേർത്തു അത്ര പൊന്നു കുറച്ചാൽ ഒരു വർണ്ണകം. ഇങ്ങനെ ഓരോ കാകണി ചെമ്പു കൂട്ടുകയും അത്രയ്ക്കു പൊൻ കുറയ്ക്കുകയുമായി നാലുമാഷഗുരുകം ചെമ്പു തികയുവോളം ചെയ്താൽ ഓരോന്നിനും ഓരോ വർണ്ണകം.

---

* തുത്ഥോൽഗതം പിച്ചകപ്പൂവിന്റേയും, ഗൌഡികം തഗരപ്പൂവിന്റേയും, കാംബുകവും ചാക്രവാളികവും മുല്ലപ്പൂവിന്റേയും നിറമായിരിക്കും.

¶ 16 മാഷഗുരുകം പൊന്നിൽ ¼, ½, ¾, 1, 1¼, 1½, 1¾, 2, 2¼, 2½, 2¾, 3, 3¼, 3½, 8¾, 4 മാഷഗുരുകം വീതം ചെമ്പുചേർത്താൽ പതിനാറു വർണ്ണകങ്ങൾ. ശുദ്ധവർണ്ണകം ഒന്ന്. ഇങ്ങനെ പതിനേഴു വർണ്ണകങ്ങൾ.

സുവൎണ്ണം ആദ്യം ഉരച്ചിട്ടു പിന്നെ വൎണ്ണിക (പടിയാണി) ഉരയ്ക്കണം. ഉരകല്ലിൽ നിമ്നോന്നതമല്ലാത്ത പ്രദേശത്തുരച്ച സുവൎണ്ണത്തിന്റെ നികഷരേഖ എല്ലാടത്തും സമമായ രാഗത്തോടുകൂടിയതായിരിക്കും. പരിമൃദിത (ഊന്നി ഉരച്ചതു) വും പരിലീഢ (നക്കി ഉരച്ചതു) വും നഖാന്തരത്തിൽനിന്നു പൊൻകാവിപ്പൊടി വിതറിയും കൊണ്ടുരച്ചതുമായ രേഖ ഉപധിയാണെന്നറിയണം.

ജാതിഹിംഗുളകമോ (ജാതിച്ചായില്യം) പുഷ്പകാസീസമോ (മഞ്ഞച്ച ഹരിതാലം) ഗോമൂത്രത്തിൽ ഭാവനം ചെയ്തു പൊടിച്ച പൊടി കയ്യിന്റെ അഗ്രത്തിൽ പുരട്ടി അതുകൊണ്ടു തൊട്ടാൽ സുവൎണ്ണം വെളുക്കും.

നികഷരാഗം (ഉരകല്ലിലെ വരയുടെ നിറം) പരപ്പുള്ളതും സ്നിഗ്ദ്ധവും മൃദുവും ഭ്രാജിഷ്ണുവുമായിരിക്കുന്നതു ശ്രേഷ്ഠമാകുന്നു.

കലിംഗദേശത്തുണ്ടാകുന്ന കല്ലും, താപീനദിയിലുണ്ടാകുന്ന കല്ലും മുൽഗവൎണ്ണമായിരിക്കും. അതാണു ശ്രേഷ്ഠമായ ഉരകല്ല്. വൎണ്ണത്തെ സമമാകുംവണ്ണം കാട്ടുന്നതായ കല്ല് സുവൎണ്ണത്തിന്റെ ക്രയവിക്രയങ്ങൾക്കു നല്ലതാകുന്നു. ഹസ്തിച്ഛവികം (ആനത്തോൽപോലെ കറുത്തതു), സഹരിതകം (പച്ചനിറമായതു) എന്നിങ്ങനെയുള്ള കല്ല് പ്രതിരാഗി (ചീത്തപ്പൊന്നിന്റെയും വര നന്നാക്കിക്കാണിക്കുന്നതു്) യാണ്. അതു വിക്രയത്തിൽ നല്ലതാകുന്നു. സ്ഥിരവും പരുഷവും വിഷമവൎണ്ണവുമായ കല്ല് അപ്രതിരാഗി (നല്ല പൊന്നിന്റെയും വര ചീത്തയാക്കിക്കാണിക്കുന്നതു്) യാണു്; അതു ക്രയത്തിൽ നല്ലതാകുന്നു.

ഛേദം (വെട്ടുവായ) സ്നിഗ്ദ്ധമായും സമവൎണ്ണമായും ശ്ലക്ഷ്ണമായും മൃദുവായും ഭ്രാജിഷ്ണുവായുമിരിക്കുന്നതു ശ്രേഷ്ഠമത്രെ.

താപം (കാച്ചൽ) അകത്തും പുറത്തും സമവൎണ്ണമായും, താമരയല്ലിയുടേയോ കാരണ്ഡകപുഷ്പ (വാളാങ്കുറുഞ്ഞിപ്പൂവു) ത്തിന്റേയോ വൎണ്ണമായുമിരിക്കുന്നതുത്തമം. ശ്യാവവും നീലവുമായിരിക്കുന്നതു് അപ്രാപ്തകം.

തുലാപ്രതിമാനം പൌതവാധ്യക്ഷപ്രകരണത്തിൽ പറയുന്നതാണു്. അതിൽപ്പറയുംപ്രകാരം തൂക്കിയിട്ടുവേണം സുവൎണ്ണവും വെള്ളിയും കൊടുക്കുകയും വാങ്ങുകയും ചെയ്വാൻ.

അക്ഷശാലയിൽ അനായുക്ത (നിയോഗമില്ലാത്തവൻ)നായിട്ടുള്ളവൻ കടക്കരുതു്. അങ്ങനെ കടക്കുന്നവനെ ഉച്ഛേദിക്കണം. ആയുക്തനാകിലും വെള്ളിയോ പൊന്നോ കയ്യിലെടുത്തുംകൊണ്ടു ശാലയിൽ കടന്നാൽ ആയതു പിഴയായ്പിടിക്കണം. കാഞ്ചനകാരുക്കൾ (പൊന്നുരുക്കുകയും ശുദ്ധിചെയ്കയും പരീക്ഷിക്കയും ചെയ്യുന്നവർ), പൃഷതകാരുക്കൾ (ഉള്ളു പൊള്ളയായ പണ്ടങ്ങൾ പണിയുന്നവൻ), ത്വഷ്ടൃകാരുക്കൾ (സുവൎണ്ണം പൊതിയുന്നവർ), തപനീയകാരുക്കൾ (ശുദ്ധസുവൎണ്ണംകൊണ്ടു പണ്ടം പണിയുന്നവർ) എന്നിവരും ധ്മായകന്മാർ (ഉലയൂതുന്നവർ), പരിചാരകന്മാർ, പാംസുധാവകന്മാർ (പൂഴിയരിക്കുന്നവർ) എന്നിവരും ഉടുത്ത വസ്ത്രം, കൈ, ഗുഹ്യാവയവങ്ങൾ എന്നിവ കുടഞ്ഞിട്ടുവേണം ശാലയിൽ കടപ്പാനും പുറത്തുപോകുവാനും. അവരുടെ എല്ലാ ഉപകരണങ്ങളും, അനിഷ്ഠിതങ്ങളായ (മുഴുമിക്കാത്ത) പണിത്തരങ്ങളും അവിടെത്തന്നെ ഇരിക്കയും വേണം. സൌവൎണ്ണികൻ പണിചെയ്യിപ്പാനെടുത്ത സുവൎണ്ണവും ചെയ്തുകഴിഞ്ഞ പണിത്തരങ്ങളും കരണന്മാരുടെ മദ്ധ്യത്തിൽവച്ചു തൂക്കിക്കൊടുക്കണം. അതു രാവിലെ പണിക്കു കൊടുക്കുമ്പോഴും വൈകുന്നേരം തിരികെ ഏല്പിക്കുമ്പോഴും കൎത്താവിന്റെയും കാരയിതാവിന്റെയും മുദ്രകളോടുകൂടി വയ്ക്കുകയും വേണം.

ക്ഷേപണം,* ഗുണം, ക്ഷുദ്രകം എന്നിവയാണ് തട്ടാന്മാരുടെ പണികൾ. ക്ഷേപണമെന്നാൽ കാചാർപ്പണം (കല്ലുപതിക്കുക) മുതലായവയാണ്. ഗുണമെന്നാൽ സൂത്രം (നൂൽ) ഉണ്ടാക്കുക, വാനം (അരഞ്ഞാൺ മുതലായവയുണ്ടാക്കുക) തുടങ്ങിയവയാകുന്നു. ക്ഷുദ്രകമെന്നാൽ ഘനമായും സുഷിരമായും പൃഷതാദികൾ ചേർത്തതായുമുള്ള പണിയാകുന്നു.

കാചകർമ്മത്തിന്ന കല്ലിന്റെ അഞ്ചിലൊരു ഭാഗം പൊന്നിൽ കടത്തുകയും, പത്തിലൊരു ഭാഗം കടുമാനം (പൂക്കെട്ട്)കെട്ടി ഉറപ്പിക്കുകയും വേണം. ഈ കടുമാന ഭാഗം വെള്ളിയാണെങ്കിൽ നാലിലൊന്ന ചെമ്പും, സുവർണ്ണമാണെങ്കിൽ നാലിലൊന്ന വെള്ളിയും കൂട്ടി സംസ്കരിച്ചാൽ കൂട്ടിൽനിന്ന രക്ഷിക്കും (കൂട്ടുണ്ടെന്ന തോന്നിക്കുകയില്ല).

പൃഷതത്തിങ്കൽ കാചകർമ്മം ചെയ്യുന്നതിന്ന സുവർണ്ണത്തെ അഞ്ചുഭാഗമാക്കി മൂന്ന ഭാഗം പരിഭാണ്ഡ (കല്ലമിഴ്ത്തുന്നിടം)വും രണ്ടുഭാഗം വാസ്തുക(പീഠം)വുമാക്കണം. അല്ലെങ്കിൽ സുവർണ്ണത്തെ ഏഴുഭാഗമാക്കി നാലുഭാഗം പരിഭാണ്ഡവും മൂന്ന ഭാഗം വാസ്തുകവുമാക്കാം. *

ത്വഷ്ടൃകർമ്മത്തിന്ന (സുവർണ്ണം പൊതിയുന്നതിന്ന) പൊതിയുന്നതു ചെമ്പാണെങ്കിൽ ശുല്ബഭാണ്ഡം സമം സുവർണ്ണം കൂട്ടി സംയൂഹനം ചെയ്യണം (അടിച്ചു യോജിപ്പിക്കണം); പൊതിയുന്നതു വെള്ളിയാണെങ്കിൽ രൂപ്യഭാണ്ഡം, ഘനമായാലും സുഷിരമായാലും, പകുതി സുവർണ്ണം കൊണ്ട് അവലേപനം ചെയ്യണം (പൂശണം). അല്ലെങ്കിൽ വെള്ളിയുടെ നാലിലൊന്ന പൊൻപൊടിയും, വാ

* ഇങ്ങനെ ചെയ്യുന്നതു അമിഴ്ത്തുന്ന കല്ല വലിയതാണെങ്കിൽ മാത്രമാകുന്നു.

ചൂകയും (ദേനരിയ മണൽക്കല്ലുപ്പൊടി), ചായില്യപ്പൊടിയും, രസവും കൂട്ടി ഉരുക്കിത്തേക്കണം. $

തപനീയം (ആഭരണംപണിക്കുള്ള സ്വൎണ്ണം) ജ്യേഷ്ഠവും നല്ല വൎണ്ണത്തോടും രാഗത്തോടും കൂടിയതുമായിരിക്കണം. ഇങ്ങനെ കുറഞ്ഞ സ്വൎണ്ണമാണെങ്കിൽ സമം ഈയം ചേൎത്തു പാകപത്രപാകം (തകിടാക്കി ഊതിക്കഴിക്കുക) ചെയ്തു സൈന്ധവിക (സൌരാഷ്ട്രദേശത്തെ മണ്ണും ഉപ്പും കൂടിയതു) ചേൎത്ത് ഉജ്ജ്വലിപ്പിക്കണം. എന്നാൽ അതു നീലവൎണ്ണം, പീതവൎണ്ണം, ശ്വേതവൎണ്ണം, ഹരിതവൎണ്ണം, ശുകവൎണ്ണം, കപോതവൎണ്ണം എന്നിവയ്ക്കു പ്രകൃതിയാകും. മയിൽക്കഴുത്തിന്റെ മാതിരി നിറമുള്ളതും ശ്വേതഭംഗവും (മുറിച്ചാൽ മുറിവായ വെളുത്തിരിക്കുന്നതു) മിന്നമിന്നത്തിരിക്കുന്നതുമായ തീക്ഷ്ണം (ഉരുക്കു) പൊടിച്ചതു സ്വൎണ്ണത്തിൽ കാകണി ഭാഗം (മാഷാണിഭാഗം) ചേൎത്താൽ അതു സ്വൎണ്ണത്തിന്നു രാഗം (നീലാദിവൎണ്ണം ജനിക്കുന്നതിൽ രഞ്ജകം) ആകും.

ഉപശുദ്ധം (അത്യന്തശുദ്ധം) ആയ താര(വെള്ളി)വും, അശുദ്ധമായ വെള്ളി അസ്ഥിതുത്ഥത്തിൽ (എല്ലിൻപൊടിയും മണ്ണുംകൂട്ടിയുണ്ടാക്കിയ മൂശയിൽ) നാലുപ്രാവശ്യം, സീസതുത്ഥത്തിൽ (മണ്ണും ഈയവും സമം ചേൎത്തുണ്ടാക്കിയ മൂശയിൽ) നാലുപ്രാവശ്യം, ശുഷ്കതുത്ഥത്തിൽ (ചരൽക്കല്ലിടിച്ചുണ്ടാക്കിയ മൂശയിൽ) നാലുപ്രാവശ്യം, കപാലതുത്ഥത്തിൽ (മൺമൂശയിൽ) മൂന്നു പ്രാവശ്യം, ഗോമയതുത്ഥത്തിൽ (ചാണകമൂശയിൽ) രണ്ടു പ്രാവശ്യം എന്നിങ്ങനെ പതിനേഴു മൂശയിലുരുക്കി സൈന്ധവിക ചേൎത്തു ചുട്ടുവിളക്കിയാൽ അതും നീലാദിവൎണ്ണങ്ങൾക്കു പ്രകൃതിയാകും. ശുദ്ധമായ വെള്ളി ഒരു കാകണി മുതൽ ഓരോ

$ ഇത്ര വെള്ളിപ്പണത്തിൽ സ്വൎണ്ണം പൂശുന്നതാണ് ചെയ്യേണ്ടതു്.

കാകണി അധികമായി രണ്ടു മാഷത്തൂക്കം തികയുവോളം പതിനാറു മാഷം സ്വർണ്ണത്തിൽ ചേർക്കുകയും അത്രയ്ക്കത്ര സ്വർണ്ണം കുറയ്ക്കുകയും ചെയ്യു. പിന്നെയാണ് രാഗം ചേർക്കേണ്ടതു്. ഇങ്ങനെ ചെയ്താൽ സ്വർണ്ണം ശ്വേതതാരമാകും.

ശുദ്ധിചെയ്ത സ്വർണ്ണം മൂന്നുഭാഗം മുപ്പത്തിരണ്ടുഭാഗം ശ്വേതതാരം ചേർത്തുരുക്കിയാൽ ശ്വേതലോഹിതകം (വെള്ളച്ചുവപ്പ്) ആകും. ശുദ്ധിചെയ്ത സ്വർണ്ണം മൂന്നുഭാഗം മുപ്പത്തിരണ്ടു ഭാഗം ചെമ്പു ചേർത്തുരുക്കിയാൽ പീതരാഗം (മഞ്ഞനിറം) ആകും. തപനീയത്തെ സൈന്ധവികചേർത്തു ജ്വലിപ്പിച്ച് അതിൽ മൂന്നിലൊരു ഭാഗം രാഗം ചേർത്താൽ പീതരക്ത (മഞ്ഞച്ചുവപ്പ്) മാകും. ശ്വേതതാരം രണ്ടുഭാഗവും, ശുദ്ധിചെയ്ത സ്വർണ്ണം ഒരു ഭാഗവും ചേർത്തുരുക്കിയാൽ മുൽഗവർണ്ണം (ചെറുപയറിൻ നിറം) വരും. കാളായസ (ഉരുക്ക) ത്തിന്റെ അർദ്ധഭാഗം (അതായതു രഞ്ജനത്തിനു വേണ്ടതിന്റെ പകുതി=സ്വർണ്ണത്തിൽ ആറിലൊന്നു) കൊണ്ടു സ്വർണ്ണത്തെപ്പൂശിയാൽ സ്വർണ്ണം കൃഷ്ണവർണ്ണമാകും. ആ ഉരുക്ക് രസവും ചേർത്തു രണ്ടു പ്രാവശ്യം സ്വർണ്ണത്തിൽ തേച്ചാൽ സ്വർണ്ണം ശുകപത്രവർണ്ണമാകും. ഇപ്പറഞ്ഞതിന്റെയെല്ലാം ആരംഭത്തിൽ രാഗവിശേഷങ്ങളിൽ പ്രതിവർണ്ണിക (പടിയാണി) വെച്ചുകൊൾകയും വേണം.

ഉരുക്കും ചെമ്പും സംസ്കരിക്കേണ്ടും വിധവും നല്ലവർണ്ണം ധരിച്ചിരിക്കണം. വജ്രം, മണി, മുത്തു, പവിഴം, രൂപം എന്നിവയുടെ അപനേയിമാന (കള്ളത്തൂക്കം) വും വെള്ളി, സ്വർണ്ണം എന്നിവയിൽ അവയുടെ ബന്ധപ്രമാണങ്ങളും വേണ്ടവിധം അറിഞ്ഞിരിക്കണം.

രാഗസാമ്യം, ഭംഗസാമ്യം,
പൃഷതാസക്തി, സുസ്ഥിതി,
സുമൃഷ്ടത, മപീനതം,
വിഭക്തത, സുധാര്യത,
അനൽഖണതം, പ്രഭയും,
മധുരാകൃതി, സാമ്യവും,
മനോദനത്രപ്രീതിയിവ
തപനീയഗുണങ്ങളാം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, അക്ഷശാലയിൽ സുവർണ്ണാദ്ധ്യക്ഷൻ എന്ന പതിമൂന്നാമദ്ധ്യായം.**

---

## പതിന്നാലാം അദ്ധ്യായം.

---

### മുപ്പത്തിരണ്ടാം പ്രകരണം.
### വിശിഖയിൽ സൌവർണ്ണികപ്രചാരം.

സൌവർണ്ണികൻ പൌരജാനപദന്മാൎക്കാവശ്യമുള്ള വെള്ളിപ്പണിയും പൊൻപണിയും ആവേശനികളെ (ഇരുന്നു വേലചെയ്യുന്ന ശില്പികൾ) കൊണ്ടു ചെയ്യിക്കണം. അവർ നിർദ്ദിഷ്ടമായ കാലവും കാൎയ്യവുമനുസരിച്ചു പ്രവൃത്തി നടത്തണം. കാലവും കാൎയ്യവും നിൎദ്ദേശിച്ചിട്ടില്ലെന്ന വ്യാജേന കാൎയ്യത്തെ അന്യഥാകരണം ചെയ്താൽ വേതനം നഷ്ടപ്പെടുന്നതിന്നു പുറമെ ഇരട്ടി ദണ്ഡം കെട്ടുകയും വേണം. പണിതീരേണ്ടുന്ന കാലം തെറ്റിച്ചാൽ വേതനത്തിൽ നാലിലൊന്നു കുറയ്ക്കുകയും, അതിന്റെ ഇരട്ടി ദണ്ഡം വിധിക്കുകയും ചെയ്യും.

യാതൊരു വർണ്ണവും തൂക്കവുമുള്ള നിക്ഷേപ (പണ

ചെയ്യാനുള്ള ലോഹം)മാണോ ഏററുവാങ്ങിയതു് അതേ വർണ്ണത്തോടും തൂക്കത്തോടും കൂടിത്തന്നെ അതു പണികഴിഞ്ഞു ഏല്പിക്കണം. കാലാന്തരം വന്നാൽക്കൂടിയും സാധനം അങ്ങനെതന്നെ കൊടുത്താൽ, ക്ഷീണവും (തേമാനം വന്നതു) പരിശീർണ്ണവും (മുറിഞ്ഞതു) ആകാത്തപക്ഷം, ഏല്പിച്ചവർ തിരികെ വാങ്ങിക്കൊള്ളണം.

സുവർണ്ണം, പുൽഗലം (ധാതുപിണ്ഡം), ലക്ഷണം (മുദ്ര) എന്നിവയുടെ പ്രയോഗങ്ങളിൽ അറിയേണ്ടും സംഗതികൾ ആവേശനികൾ മുഖേന മനസ്സിലാക്കണം.

പൊന്നിനും വെള്ളിക്കും ഒരു സുവർണ്ണത്തിനു (പതിനാറു മാഷത്തൂക്കം) ഒരു കാകണി (കാൽ മാഷത്തൂക്കം) വീതം ക്ഷയം (കുറവു) വകവച്ചുകൊടുക്കണം. ഒരു സുവർണ്ണം പൊന്നിൽ ഒരു കാകണി ഉരുക്കും അതിലിരട്ടി വെള്ളിയുമാണു് രാഗാർത്ഥമായിച്ചേർക്കേണ്ടതു്. അപ്പോൾ ആ ചേർത്ത മൂന്നു കാകണിയുടെ ആറിലൊരു ഭാഗം (അരകാകണി) ക്ഷയം വരും.

സുവർണ്ണത്തിന്നു് ചുരുങ്ങിയതു ഒരു മാഷം മാററുകുറച്ചാൽ പൂർവ്വസാഹസം ദണ്ഡം; പ്രമാണം (തൂക്കം) കുറച്ചാൽ മദ്ധ്യമസാഹസം; തുലാപ്രമാണത്തിൽ വ്യാജംചെയ്താൽ ഉത്തമസാഹസം; കൃതഭാണ്ഡത്തിൽ (പണികഴിഞ്ഞ പണ്ടം) വ്യാജംചെയ്താലും ദണ്ഡം അതുതന്നെ.

സൌവർണ്ണികൻ കാണാതെയോ അന്യസ്ഥലത്തു വച്ചോ പൊൻപണിയും വെള്ളിപ്പണിയും ചെയ്യിച്ചാൽ ചെയ്യിച്ചവനു പന്ത്രണ്ടുപണം ദണ്ഡം. ചെയ്യുവൻ സാപസാരൻ (അപരാധത്തിൽ നിന്നൊഴിവുള്ളവൻ*) ആണെങ്കിൽ അതിന്റെ ഇരട്ടി ദണ്ഡം. അനപസാരനാ

* പണിചെയ്ത സുവർണ്ണം കളവുമുതലല്ലെന്നു തെളിയിച്ചു കാരാഗൃഹത്തെ വിട്ടുപോരാവുന്നവനെന്നു സാരം.

ണെങ്കിൽ അവനെ കണ്ടകശോധനത്തിന്നായിക്കൊണ്ടേല്ക്കേണം. അങ്ങനെ വരുന്ന സംഗതിയിൽ കർത്താവിന്നു ഇരുനൂറുപണം ദണ്ഡമോ, പഞ്ചച്ഛേദനമോ (അഞ്ചുവിരലും ഛേദിക്കുക) ആണു ശിക്ഷ.

തുലാപ്രതിമാനഭാണ്ഡം (തൂക്കുവാനുള്ള തുലാസ്സും പടിയും) പൌതവാധ്യക്ഷന്റെ കയ്യിൽനിന്നു വിലയ്ക്കുവാങ്ങണം. മറ്റൊരാളോടു വാങ്ങിയാൽ പന്ത്രണ്ടുപണം ദണ്ഡം.

ഘനം, ഘനസുഷിരം, സംയൂഹ്യം (പൊതിച്ചിൽപ്പണി), അവലേപ്യം, സംഘാത്യം (അടിപ്പുവേല), വാസിതകം (പൂച്ചുപണി) എന്നിവയാണു് തട്ടാരുടെ കർമ്മം.

തുലാവിഷമം, അപസാരണം, വിസ്രാവണം, പേടകം, പിങ്കം എന്നിവയാണ് വേലക്കാർക്കുള്ള ഹരണോപായങ്ങൾ.

സന്നാമിനി (തട്ടുതാഴ്ന്നതു്), ഉൽകർണ്ണിക (തട്ടുയർന്നതു്), ഭിന്നമസ്തക (തല പൊളിഞ്ഞതു്), ഉപകണ്ഠി (തുളയുള്ളതു്), കുശിക്യ (തട്ടുകൾക്കു കേടുള്ളതു) സകടുകക്ഷ്യ (തട്ടുകളുടെ ചരടുപാകമല്ലാത്തതു്), പരിവേല്ലി (ഇളക്കമുള്ളതു്), അയസ്കാന്ത (അയസ്കാന്തംചേർത്തു നിർമ്മിച്ചതു്) ഇങ്ങനെയെല്ലാമിരിക്കുന്ന തുലാസ്സുകൾ ദുഷ്ടകളാകുന്നു.

രണ്ടു ഭാഗം വെള്ളിയും ഒരു ഭാഗം ചെമ്പും കൂട്ടിയുരുക്കിയതു ത്രിപുടകം. അതു പകരമിട്ടു ആകരോൽഗതമായ സ്വർണ്ണം അപഹരിക്കും. ഇതു ത്രിപുടകാപസാരിതം. ഇങ്ങനെതന്നെ ചെമ്പു പകരമിട്ടു സ്വർണ്ണം അപഹരിക്കുന്നതു ശുല്ബാപസാരിതം. വേല്ലകം (ഉരുക്കും വെള്ളിയും സമം ചേർത്തുരുക്കിയ മിശ്രലോഹം) വച്ചു സ്വർണ്ണം അപഹരിക്കുന്നതു വേല്ലകാപസാരിതം. പകുതി ചെമ്പും

പകുതി പൊന്നും കൂട്ടിയുരുക്കിയതു വെച്ചു സ്വർണ്ണമപഹരിക്കുന്നതു ഹേമാപസാരിതം.

മൂകമൂഷ, പൂതികിട്ടം, കരടകമുഖം (ചവണ), നാളീസന്ദംശം (കുടില്), ജോംഗനി (ലോഹശലാക), സുവർച്ചില (തുവർച്ചിലക്കാരം), ലവണം എന്നിവ തട്ടാന്മാർക്കു "ഇതാണു സ്വർണ്ണം" എന്നു പറഞ്ഞു സ്വർണ്ണമപഹരിപ്പാനുള്ള ഉപകരണങ്ങളാകുന്നു *. പിണ്ഡവാലുകകൾ (ചെമ്പിന്റേയും വെള്ളിയുടേയും തരികൾ ചേർത്തു മൂശപിടിപ്പിച്ച മണൽ) മുൻപുതന്നെ തീയിലിട്ട് അവയെ മൂശ ഉടഞ്ഞു തീയിൽ വീണ സ്വർണ്ണമെന്ന വ്യാജേന പെറുക്കിയെടുക്കുന്നതും ഒരു ഹരണോപായമാകുന്നു.

പണികഴിഞ്ഞ പണ്ടങ്ങൾ പിന്നീടു തകിടുകൊണ്ടു കെട്ടുമ്പോഴും, തകിടിലിറക്കിയതിനെ പരീക്ഷിക്കുമ്പോഴും വെള്ളിത്തകിടുവച്ചു സ്വർണ്ണത്തകിടു പരിവർത്തനം ചെയ്യുന്നതാണ് വിസ്രാവണം. സ്വർണ്ണവാലുകകൾ (പൊൻമണൽ)ക്കു പകരം ലോഹപിണ്ഡവാലുകകൾ (ചെമ്പുമണൽ) വച്ചു പരിവർത്തനം ചെയ്യുന്നതും വിസ്രാവണം തന്നെ.

ഗാഢ(ഉറച്ചതു്)വും അഭ്യുദ്ധാര്യ (അയഞ്ഞതു)വുമാണ് പേടകം. അതു് സംയൂഹ്യവും അവലേപ്യവും സംഘാത്യവുമായ പണികളിലാണ് ചെയ്യുന്നതു്. സീസരൂപം (ഈയപ്പണ്ടം) സുവർണ്ണപത്രം (പൊൻതകിടു)കൊണ്ടു പൊതയ്ക്കുമ്പോൾ ഈയത്തകിടിന്റേയും പൊൻതകിടിന്റേയുമിടയിൽ അഷ്ടബന്ധമിടുന്നതു ഗാഢപേടകം. അതുതന്നെ പടലസംപുടങ്ങളിൽ (തകിടുകളുടെ മുഖങ്ങ

* ആകരോൽഗതമായ നല്ല സ്വർണ്ണം ഉടഞ്ഞ മൂശയിലുരുക്കി, ലോഹകിട്ടം കളവാൻ ഉപ്പും കാരവുമിടുക എന്ന വ്യാജേന ത്രിപുടകം തുടങ്ങിയ കൂട്ടദ്രവ്യങ്ങളിട്ടു, ചവണ മുതലായവകൊണ്ടു മാറ്റി "ഇതരത്തിലുള്ള സ്വർണ്ണമാണു് ഈ ആകരത്തിൽനിന്നു കിട്ടുന്നതു്" എന്നു പറഞ്ഞു അപഹരിക്കുമെന്നു സാരം.

ളിൽ) ചെയ്യുന്നതു അഭ്യുദ്ധാര്യം. അവലേപ്യങ്ങളിൽ ചെയ്യുന്ന പേടകം തകിടു ഒററയായി ചേൎക്കയോ ഇരട്ടയായിച്ചേൎക്കയോ ആണ്. ചെമ്പോ വെള്ളിയോ ഉള്ളിലിട്ടു പൊൻതകിടുകൊണ്ടു പൊതയ്ക്കുന്നതാണ് സംഘാത്യങ്ങളിൽ ചെയ്യുന്ന പേടകം. ശുല്ബരൂപം (ചെമ്പുപണ്ടം) ഒരുഭാഗം പൊൻതകിടുകൊണ്ടു കെട്ടി കാച്ചിത്തുടച്ചു മിനുക്കുന്നതു സുപാൎശ്വം. അതുതന്നെ രണ്ടുഭാഗവും പൊൻതകിടുകൊണ്ടു കെട്ടുന്നതു പ്രതിഷ്ഠം. താമ്രതാരരൂപം(ചെമ്പുപണ്ടവും വെള്ളിപ്പണ്ടവും) രണ്ടു ഭാഗവും പൊൻതകിടുകൊണ്ടു കെട്ടുന്നത് ഉത്തരവൎണ്ണകം.

ഇപ്പറഞ്ഞ ഗാഢവും അഭ്യുദ്ധാര്യവുമായ രണ്ടു തരം പേടകവും താപം(ചുടുക), നികഷം (ഉരയ്ക്കുക), നിശ്ശബ്ദം (ഒച്ചപ്പെടാതെ ഉരസുക), ഉല്ലേഖനം (ചുരണ്ടുക) എന്നിവയെച്ചെയ്തു കണ്ടുപിടിക്കണം. അഭ്യുദ്ധാര്യത്തെ ബദരാമ്ലത്തിലോ (ലന്തപ്പഴത്തിൻചാറു) ഉപ്പുവെള്ളത്തിലോ കഴുകിയും പരിശോധിക്കാം—ഇങ്ങനെ പേടകം.

ഘനസുഷിരമായ പണ്ടത്തിൽ സുവൎണ്ണമൃത്തിക, സുവൎണ്ണവാലുക, ചായില്യം എന്നിവ അരച്ചു കൽക്കം അകത്തിട്ടു കാച്ചിയാൽ ഉറച്ചുനിൽക്കും. ദൃഢമായ വാസ്തുക (പീഠബന്ധം)ത്തോടുകൂടിയ പണ്ടത്തിൽ സുവൎണ്ണവാലുകയും അരക്കും സിന്ദൂരവുമിട്ടു കാച്ചിയാൽ അതും ഉറച്ചു നിൽക്കും. ഈ രണ്ടിലും താപനമോ (കാച്ചുക) അവധ്വംസനമോ (മേടുക) ചെയ്യുന്നതാണ് ശുദ്ധിപരീക്ഷ. സപരിഭാണ്ഡമായ പണ്ടത്തിൽ ഉപ്പും കടുശൎക്കരയും (മൂൎച്ചയായ ചരൽക്കല്ലു) ചേൎത്തു കാച്ചിയാൽ ഉറയ്ക്കും. അതിനു കാഥനം (ലന്തപ്പഴത്തിൻചാറിലിടുക) ആണ് ശുദ്ധി. അഭ്രപടലം അതിലിരട്ടി വലുപ്പമുള്ള പടിയോടുകൂടിയ പണ്ടത്തിൽ ഇട്ട് അപ്പുബന്ധമിട്ടാലുറച്ചുനിൽക്കും. ഉള്ളിൽ കാചം (അഭ്രപടലം) മൂടിവച്ചിട്ടുള്ള അ

പണ്ടം ലന്തപ്പഴത്തിൻചാററിലിട്ടാൽ കാഠമില്ലാത്തതായ ഭാഗം താഴ്ന്നുനില്ക്കും. പടലാന്തരങ്ങളും (മററുവല്ല പടലങ്ങളും) ഉണ്ടെങ്കിൽ സൂചികൊണ്ടു കുത്തണം. ഘനസുഷിരങ്ങളായ പണ്ടങ്ങളിൽ മണി, വെള്ളി, സ്വർണ്ണം എന്നിവയിൽ പിങ്കം പ്രവർത്തിക്കും * കാച്ചുകയും തകക്കുകയുമാണ് അതിന്റെ ശുദ്ധി—ഇങ്ങനെ പിങ്കം.

ഇപ്രകാരം പല ഹരണോപായങ്ങളുള്ളതുകൊണ്ടു വജ്രം, മണി, മുത്തു, പവിഴം എന്നിവയുടെ ജാതി, രൂപം, വർണ്ണം, പ്രമാണം, പുദ്ഗലം, ലക്ഷണം എന്നിവയെ സൌവർണ്ണികൻ നല്ലപോലെ ധരിച്ചിരിക്കണം.

കൃതഭാണ്ഡത്തെ പരീക്ഷിക്കുമ്പോഴും പഴയ പണ്ടത്തിന്റെ പ്രതിസംസ്കാരത്തിങ്കലും നാലു ഹരണോപായങ്ങളുണ്ട്. പരികുട്ടനം (തകക്കുക), അവച്ഛേദനം (ചെത്തുക), ഉല്ലേഖനം (ചുരണ്ടുക), പരിമർദ്ദനം (ഉടക്കുക) എന്നിവയാണവ. പേടകവ്യാജേന (തകിടുചേർത്തു നോക്കുക എന്ന വ്യാജേന) പൃഷതമോ, ത്രുണമോ (വള മുതലായതിന്റെ അംശം), പിടകമോ തകർത്തിവീഴ്ത്തുകയാണു പരികുട്ടനം. ദ്വിഗുണവാസ്തുകങ്ങളുടെ (പടിയിരട്ടിയായ പണ്ടങ്ങളുടെ) കാര്യത്തിൽ പൊൻപൂശിയ ഈയത്തകിടകത്തിട്ടു പൊൻതകിടു ചെത്തിയെടുക്കുന്നതു അവച്ഛേദനം. ഘനങ്ങളായവയിൽ മൂർച്ചയുള്ള ശസ്ത്രംകൊണ്ടു ചുരണ്ടുന്നതു് ഉല്ലേഖനം. ഹരിതാലം, മനയോല, ചായില്യം ഇവയിലൊന്നിന്റെ പൊടിയും കുരുവിന്ദമെന്ന കല്ലിന്റെ പൊടിയും വസ്ത്രത്തിൽ വിതറി ആ വസ്ത്രംകൊണ്ടു ഉടക്കുന്നതു പരിമർദ്ദനം. ഇതു ചെയ്താൽ പൊൻപണ്ടങ്ങളും

* നല്ല മണിക്കു പകരം കാചമണിയും, പൊന്നിനു പകരം വെള്ളിയും, നല്ല പൊന്നിനു പകരം ചീത്തപ്പൊന്നും ചേർത്തു മററും അപഹരിക്കുമെന്നു സാരം.

വെള്ളിപ്പണ്ടങ്ങളും തേഞ്ഞു തൂക്കം കുറയും; അവയ്ക്കു അവ രുഗ്ണം (മുറിവ്) വരികയുമില്ല.

സംയൂഹ്യങ്ങൾ മേൽപ്രകാരം ഭഗ്നമാകയോ ഖണ്ഡമാകയോ വില്ലിഷ്ടമാകയോ ചെയ്താൽ അവയുടെ തൂക്കം എത്രയെന്നു തത്സദൃശമായ മറെറാരു പണ്ടം തൂക്കിനോക്കി അനുമിക്കണം. അവലേപ്യങ്ങളിൽ എത്രയാണോ മുറിച്ചെടുത്തതു് അത്ര അംശം പിന്നെയും മുറിച്ചെടുത്തു തൂക്കമറിയണം. വിരൂപങ്ങളായിത്തീൎന്ന പണ്ടങ്ങൾ വളരെ പ്രാവശ്യം കാച്ചി വെള്ളത്തിൽ മുക്കണം.

അവക്ഷേപം (കയ്യടക്കം), പ്രതിമാനം (അപദ്രവ്യം ചേൎക്കൽ), അഗ്നി (തീ), ഗണ്ഡിക (പലക), ഭണ്ഡിക (കരുപ്പാത്രം), അധികരണി (പാത്രം), പിഞ്ഛം (പീലി), സൂത്രം (തുലാസ്സു ചരട്), ചേലം (വസ്ത്രം), ബോല്ലനം (മനോവ്യാക്ഷേപണം), ശിരസ്സ്, ഉത്സംഗം (മടി), മക്ഷിക (ഈച്ച), സ്വകായേക്ഷ (സ്വദേഹം നോക്കൽ), ദൃതി (തോൽത്തുരുത്തി), ഉദകശരാവം, അഗ്നിഷ്ഠം (നെരിപ്പോട്), എന്നിവ പൊൻപണിക്കാരുടെ കാചം (ഹരണോപായം) ആണെന്നറിയണം.

വെള്ളിപ്പണ്ടങ്ങളിൽ വിസ്രം (ഈയത്തിൻെറ ഗന്ധമുള്ളതു്), മലഗ്രാഹി (മാറെറിയതു്), പരുഷം, പ്രസ്തീനം (കടുത്തതു്), വിവൎണ്ണം എന്നിങ്ങനെയുള്ളവ ദുഷ്ടമാണെന്നു മനസ്സിലാക്കണം.

ഏവം പണ്ടങ്ങൾ പുത്തും
പഴതും മാറുകെട്ടതും
പരീക്ഷിച്ചീടണം, തക്ക
ദണ്ഡവും നിശ്ചയിക്കണം.

**കൌടില്യൻെറ അൎത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, വിശിഖയിൽ സൌവൎണ്ണികപ്രചാരമെന്ന പതിന്നാലാമദ്ധ്യായം.**

---

# പതിനഞ്ചാം അദ്ധ്യായം.

## മുപ്പത്തിമൂന്നാം പ്രകരണം.

## കോഷ്ഠാഗാരാദ്ധ്യക്ഷൻ.

കോഷ്ഠാഗാരാദ്ധ്യക്ഷൻ സീത, രാഷ്ട്രം, ക്രയിമം, പരിവൎത്തകം, പ്രാമിത്യകം, ആപമിത്യകം, സിംഹനിക, അന്യജാതം, വ്യയപ്രത്യായം, ഉപസ്ഥാനം എന്നിവയെപ്പററി ചിന്തിക്കണം.

സീതാദ്ധ്യക്ഷൻ കൊണ്ടുവന്ന കൊടുത്ത സസ്യവൎണ്ണക(ധാന്യജാതി) മാണ് സീത.

പിണ്ഡകരം (ഗ്രാമത്തിന്നു മുഴുവനും കൂടിയ കരം), ഷഡ്ഭാഗം (വിളവിന്റെ അംശമായ നികുതി), സേനാഭക്തം (സൈന്യച്ചെലവിലേക്ക ജനങ്ങൾ അടയ്ക്കുന്നതു*) ബലി (ഭിക്ഷാഭക്തം), കരം (വൃക്ഷനികുതി), ഉത്സംഗം (വിശേഷസന്ദൎഭങ്ങളിൽ പ്രജകൾ നൽകുന്ന പൊലി), പാൎശ്വം (കൂടുതലാക്കിയ നികുതി) പാരിഹീണികം(കാലികൾ വിള തിന്നുന്നതിന്നു പിഴയായിട്ടിരിക്കുന്ന ധാന്യം) ഔപായനികം (അടിയറ), കൌഷ്ഠേയകം (ജലനികുതി) എന്നിവ രാഷ്ട്രം.

ധാന്യമൂല്യം, കോശനിൎഹാരം(വിലയ്ക്കുവാങ്ങിയ നെല്ല്), പ്രയോഗപ്രത്യാദാനം (എടവാടു പിരിഞ്ഞ നെല്ല്) എന്നിവ ക്രയിമം.

സസ്യവൎണ്ണകങ്ങൾ കൊടുത്തു മാററമായി വാങ്ങിയ ധാന്യം പരിവൎത്തകം.

അന്യനോടു യാചിച്ചു വാങ്ങിയ ധാന്യം പ്രാമിത്യകം.

---

* പടയാളികൾക്ക ജീവിതം കൊടുക്കുമ്പോൾ അവർ രാജാവിന്നു നൽകുന്ന അംശമെന്നു മറ്റൊരു ടീക.

അതുതന്നെ മടക്കിക്കൊടുപ്പാൻ നിശ്ചയിച്ചു വാങ്ങിയതായാൽ ആപമിത്യകം.

കുട്ടകകർമ്മം (നെല്ലുകുത്തൽ), രോചകകർമ്മം (പരിപ്പരങ്ങൽ), സക്തുകർമ്മം (പൊടിക്കൽ), ശുക്തകർമ്മം (പാനീയമുണ്ടാക്കൽ), പിഷ്ടകർമ്മം (മാവരയ്ക്കൽ) എന്നിവയ്ക്കു തദുജ്ജീവനന്മാരോടും, തൈലപീഡനത്തിന്ന് ഔരഭ്രന്മാരോടും ചാക്രികന്മാരോടും, കരിമ്പാട്ടി ശക്കരയുണ്ടാക്കുന്നതിന്നു തദുപജീവികളോടും പിരിക്കുന്ന തൊഴിൽനികുതി സിംഹനിക.

നഷ്ടപ്രസ്മൃതം (കളഞ്ഞു കിട്ടിയതും മറന്നു കിട്ടിയതും) തുടങ്ങിയുള്ളത് അന്യജാതം.

വിക്ഷേപശേഷം, വ്യാധിതശേഷം, അന്തരാരംഭശേഷം എന്നിവ വ്യയപ്രത്യായം.

തുലാമാനാന്തരം (അളവിലും തൂക്കത്തിലുമുള്ള അന്തരം), ഹസ്തപൂരണം (കൈനിറച്ചളക്കുകയാലുണ്ടായ കൂടുതൽ), ഉൽകരം (അളന്ന ബാക്കിയായതടിച്ചു കൂട്ടിയത്), വ്യാജി, പര്യൂഷിതം, പ്രാർജ്ജിതം (അധ്യക്ഷന്റെ സാമർത്ഥ്യത്താൽ മുതൽക്കൂട്ടിയത്) എന്നിവ ഉപസ്ഥാനം.

ധാന്യസ്നേഹക്ഷാരലവണങ്ങളിൽ വച്ചു ധാന്യകല്പം സീതാധ്യക്ഷപ്രകരണത്തിൽ പറയുന്നതാണ്.

നെയ്, എണ്ണ, വസ, മജ്ജ എന്നിവ സ്നേഹവർഗ്ഗം.

ഫാണിതം (കണ്ടിശ്ശർക്കര), ഗുളം, മത്സ്യണ്ഡികയെന്ന ശക്കര, കൽക്കണ്ടം എന്നിവ ക്ഷാരവർഗ്ഗം.

സൈന്ധവം (ഇന്തുപ്പ്), സാമുദ്രം (മരക്കലഉപ്പ്),വിഡം (വിളയുപ്പ്) യവക്ഷാരം (ചവൽക്കാരം), സൌവർച്ചലം (തുവർച്ചില ഉപ്പ്)ഉത്ഭേദജം (ഉവരുപ്പ്) എന്നിവ ലവണവർഗ്ഗം.

ക്ഷൌദ്രം (തേൻ), മുന്തിരിങ്ങരസം എന്നിവ മധുവർഗ്ഗം.

കരിമ്പിൻനീര്, ഗുഡം, മധു, ഫാണിതം, ജാംബവം (ഞാവൽപ്പഴച്ചാറ്), പനസം (ചക്കപ്പഴച്ചാറ്) ഇവയിലൊന്നു മേഷശൃംഗി (ആട്ടുകൊട്ടപ്പാല), കാട്ടുതിപ്പലിവേര് എന്നിവയുടെ കഷായത്തിൽ ചേർത്തു ഒരു മാസമോ ആറുമാസമോ ഒരു സംവത്സരമോ പഴകി ചിർഭിടം (ആനമോടക്കായ), ഉർവ്വാരു (കാട്ടുവെള്ളരിക്ക), കരിമ്പിൻതണ്ട്, മാങ്ങ, നെല്ലിക്ക എന്നിവ ഉരസിച്ചേർത്തതോ ചേർക്കാത്തതോ ആയിട്ടുള്ളതു ശുക്തവർഗ്ഗം (ചുത്തപ്പുളി.)

വൃക്ഷാമ്ലം (മരപ്പുളി), കരമർദ്ദം (പിണമ്പഴം), മാങ്ങ, വിദലം (താളിമാതളങ്ങ), നെല്ലിക്ക, മാതളനാരങ്ങ, കോലം, ബദരം (ചിററിലന്തപ്പഴം), സൌവീരകം (പേരിലന്തപ്പഴം), പരൂഷകം (പരൂഷകവൃക്ഷഫലം) മുതലായവ ഫലാമ്ലവർഗ്ഗം.

തൈര്, ധാന്യാമ്ലം (കാടി) തുടങ്ങിയവ ദ്രവാമ്ല വർഗ്ഗം.

തിപ്പലി, കുരുമുളക്, ചുക്ക്, ജീരകം, കിരാതതിക്തം (പുത്തരിച്ചുണ്ട), ഗൌരസർഷപം (വെൺകടുക്), കുസ്തുംബുരു (കൊത്തമ്പാലയരി), ചോരകം (ചണ്ണക്കിഴങ്ങ്), ദമനകം (ഉലുവ), മരുവകം, ശിഗ്രുകാണ്ഡം (മുരിങ്ങവേര്) മുതലായവ കടുവർഗ്ഗം.

ശുഷ്കമത്സ്യം, ശുഷ്കമാംസം, കന്ദങ്ങൾ, മൂലങ്ങൾ, ഫലങ്ങൾ, ശാകങ്ങൾ തുടങ്ങിയവ ശാകവർഗ്ഗം.

ഈ പദാർത്ഥങ്ങൾ കോഷ്ഠാഗാരത്തിൽ ശേഖരിച്ചതിൻെറ പകുതിഭാഗം പ്രജകൾക്ക് ആപൽക്കാലങ്ങളിൽ ഉപയോഗിപ്പാൻവേണ്ടി സൂക്ഷിക്കുകയും, പകുതിഭാഗം കാര്യങ്ങൾക്കുപയോഗിക്കുകയും, പഴയതെടുത്തു പകരം പുതിയതു വച്ചു കയ്യിരുപ്പു പുതുക്കുകയും ചെയ്യണം.

ക്ഷുണ്ണങ്ങളും (കുത്തിയവ) ഘൃഷ്ടങ്ങളും (അരഞ്ഞിയവ) പിഷ്ടങ്ങളും (അരച്ചവ) ഭൃഷ്ടങ്ങളും (വറുത്തവ) ആയ ധാന്യങ്ങളുടേയും, ആർദ്രങ്ങളും ശുഷ്കങ്ങളും സിദ്ധങ്ങളും (പാകം ചെയ്തവ) ആയ ധാന്യങ്ങളുടേയും വൃദ്ധിക്ഷയപ്രമാണങ്ങളെ അദ്ധ്യക്ഷൻ നോക്കി അറിയണം.

വരകം നെല്ലും കുത്തിയാൽ പകുതി സാരം (അരി) കാണും; ചെന്നെല്ലിന്നു അതിന്റെ എട്ടിലൊന്നു കുറയും; വരകങ്ങൾ (പുല്ലും ചാമയും) ക്കു മൂന്നിലൊന്നു കുറയെ അരികിട്ടും; പ്രിയംഗു (തെന) വിന്നു പകുതി അരിയും ഒമ്പതിലൊന്നു പെരുക്കവും കാണും; ഉദാരകച്ചെന്നെല്ലിന്നു തെനയെപ്പോലെ തന്നെ; യവവും ഗോതമ്പും നനച്ചു കുത്തിയാൽ സമം അരി കാണും

എള്ള്, യവം, ചെറുപയറ്, ഉഴുന്ന് ഇവ അരഞ്ഞിയാൽ സമം അരി കാണും. ഗോതമ്പു അരഞ്ഞുകയും യവം വറുത്തു പൊടിക്കുകയും ചെയ്താൽ മുമ്പുള്ളിടത്തോളവും അതിന്റെ അഞ്ചിലൊന്നധികവും കാണും. കളായചമസി (ചണപ്പൊടി) മുക്കാലംശം കാണും. ചെറുപയറും ഉഴുന്നും പൊടിച്ചാൽ അർദ്ധപാദാംശം (നാഴിക്കാഴക്കുവീതം) കുറയും. ശൈംബ്യങ്ങൾ (പൊട്ടിലിൽ വിളയുന്ന ധാന്യങ്ങൾ)ക്ക് അരഞ്ഞിയാൽ പകുതി അരികാണും. മസൂരം (പെരുഞ്ചെണ്ണപ്പയറ്) അരഞ്ഞിയാൽ മൂന്നിലൊന്നു കുറയും.

ആമപിഷ്ടം (വേവാത്ത ഗോതമ്പും മുതലായതു), കുല്മാഷം (ഉഴുന്നു മുതലായതു) എന്നിവ അരച്ചാൽ ഒന്നക്കൊന്നരവീതം പെരുകും. യാവകം (ഉമികളഞ്ഞ യവം) പൊടിച്ചാൽ ഇരട്ടിക്കും. പുലാകം (വെന്തചോറ്), പിഷ്ടം (അരി അരച്ചത്) ഇവയും ഇരട്ടിക്കും.

കോദ്രവം, വരക്, ഉദാരകം, തെന എന്നിവയുടെ

അരി വെന്താൽ മൂന്നിരട്ടി ചോറു കാണും. നെല്ലരിക്കു നാലിരട്ടിയും ചെന്നെല്ലരിക്ക് അഞ്ചിരട്ടിയും ചോറുണ്ടാകും. തിമിതം (നനഞ്ഞു കെട്ട നെല്ലിന്റെ അരിവെച്ച ചോറ്), അപരാന്നം (വിളയാത്ത നെല്ലിന്റെ ചോറ്) ഇവ ഇരട്ടിക്കും. വിരൂഢങ്ങൾ (മുളച്ച നെല്ലിന്റെ അരി)ക്കു രണ്ടരയിരട്ടി ചോറുണ്ടാകും.

ദ്രവ്യങ്ങൾക്ക് അഞ്ചിലൊന്നുവീതം വൃദ്ധി കാണും. കളായം (വട്ടച്ചണ) വറുത്താൽ ഇരട്ടിക്കും. ലാജം (മലര്), ഭരുജം (യവം വറുത്തത്) എന്നിവയും അങ്ങനെ തന്നെ.

അതസിക്കുരുവിന്നു ആറിലൊന്നുവീതവും വേപ്പിൻകുരു, കശകക്കുരു, മാങ്ങയണ്ടി, കപിത്ഥം (വിളാർമാവിൻകുരു) മുതലായവയ്ക്ക് അഞ്ചിലൊന്നുവീതവും എള്ള്, കയ്യുന്നിൻകുരു, ഇരിപ്പക്കുരു, ഓടയരി എന്നിവയ്ക്കു നാലിലൊന്നുവീതവും എണ്ണ കിട്ടും.

കാർപ്പാസം (പരുത്തി), ക്ഷൌമം ഇവയുടെ കായ്കൾക്കു അഞ്ചുപലത്തിന്നൊരുപലം വീതം നൂലുണ്ടാകും.

അഞ്ചു ദ്രോണം (ഇരുപതാഢകം) നെല്ലിന്നു പന്ത്രണ്ടാഢകം അരി വരുമാറുണ്ടാക്കിയ അരി കളഭഭോജനം (കുട്ടിയാനയുടെ തീററ); ഇരുപതാഢകം നെല്ലിന്നു പതിനൊന്നാഢകം വരുമാറുണ്ടാക്കിയ അരി വ്യാളങ്ങൾക്കു (കൊടിയ ആനകൾക്കു) തീററ; പത്താഢകം വീതമുണ്ടാക്കിയ അരി ഔപവാഹ്യങ്ങൾ (പട്ടം കെട്ടിയ ആനകൾ)ക്കു തീററ; ഒമ്പതാഢകം വീതമുണ്ടാക്കിയതു സാന്നാഹ്യങ്ങൾ (പടയാനകൾ)ക്കു തീററ; എട്ടാഢകം വീതമുള്ളതു കാലാൾപ്പടകൾക്കു ഭോജനം; ഏഴാഢകം വീതമുള്ളതു സേനാമുഖ്യന്മാൎക്കു ഭോജനം; ആറാഢകം വീതമുള്ളതു ദേവിമാൎക്കും കുമാരന്മാൎക്കും ഭോജനം; അഞ്ചാഢകം വീതമുണ്ടാക്കിയ അരി രാജാക്കന്മാരുടെ ഭോജനം; അതു അഖ

ണ്ഡപരിശുദ്ധം (മുറിയരികൂടാതെ കൊഴിച്ചെടുത്തത്) ആയിരിക്കയും വേണം.

അരി ഇടങ്ങഴി ഒന്ന്, അതിന്റെ നാലിലൊന്നു പരിപ്പ്, പരിപ്പിന്റെ പതിനാറിലൊന്നു ഉപ്പ്, പരിപ്പിന്റെ നാലിലൊന്നു നെയ് അല്ലെങ്കിൽ എണ്ണ—ഇതാണു ഒരു ആര്യഭക്തം (പ്രധാനന്മാൎക്കു കൊടുക്കേണ്ടും ഭോജനം). ഒരിടങ്ങഴി അരിയും, അതിന്റെ ആറിലൊന്നു പരിപ്പും, പരിപ്പിൽ പാതി നെയ് അല്ലെങ്കിൽ എണ്ണയുമാണ് അവരന്മാൎക്കു (അപ്രധാനന്മാൎക്കു) കൊടുക്കേണ്ടതു്. സ്ത്രീകൾക്കു ഇതിന്റെ നാലിലൊന്നു കുറച്ചും, ബാലന്മാൎക്കു പകുതി കുറച്ചും കൊടുക്കണം.

മാംസപാകത്തിൽ, ഇരുപതു പലം മാംസത്തിനു സ്നേഹം അര നാഴിയും, ഉപ്പ് ഒരു പലവും, ക്ഷാരം ഒരുപലവും, കടുകയോഗം (എരിവുസാധനം) രണ്ടു ധരണവും, തൈര് അര ഇടങ്ങഴിയും ചേൎക്കണം. ഇതുകൊണ്ടു തന്നെ മാംസം അധികമായിട്ടുള്ള യോഗങ്ങളും പറഞ്ഞുകഴിഞ്ഞു.

ശാകങ്ങൾ പാകംചെയ്യുന്നതിൽ മാംസപാകത്തിനു പറഞ്ഞതിന്റെ ഒന്നരവീതം സ്നേഹലവണാദികൾ ചേൎക്കണം. ഉണങ്ങിയ മാംസങ്ങളും ശാകങ്ങളും പാകം ചെയ്യുന്നതിനു ഉണങ്ങാത്തവയ്ക്കു പറഞ്ഞ യോഗംതന്നെ ദ്വിഗുണമായിച്ചേൎക്കണം.

ആനയുടേയും കുതിരയുടേയും തീററയ്ക്കുള്ള വിധാപ്രമാണം തദധ്യക്ഷപ്രകരണങ്ങളിൽ പറയുന്നതാണ്.

കാളകൾക്കു തീററയ്ക്കു ഒരു ദ്രോണം ഉഴുന്നോ യവപുലാകമോ (പുഴുങ്ങിയ യവം) കൊടുക്കണം. ശേഷമെല്ലാം കുതിരയ്ക്കുള്ളപോലെ തന്നെ. വിശേഷിച്ചു ഒരു തുലാം

ഘാണപിണ്യാകതുലാ (വറട്ടുപിണ്ണാക്കു), പത്താഢകം കണകുണ്ഡകമോ (നുറിയരിയും തവിട്ടും കൂടിയതു) കൂടി കാളകൾക്കു കൊടുക്കണം.

മാഹിഷങ്ങൾക്കും ഒട്ടകങ്ങൾക്കും മേൽച്ചൊന്നതുതന്നെ ഇരട്ടി കൊടുക്കണം. കഴുതയ്ക്കും പുള്ളിമാനിന്നും രോഹിതകമെന്ന മാനിന്നും അതുതന്നെ അര ദ്രോണം. ഏണം, കുരംഗം എന്നീ മാനുകൾക്ക് ഓരോ ആഢകം. ആട്, എളകം (എഴകം), വരാഹം എന്നിവയ്ക്കു് അര ആഢകം. കണകുണ്ഡകം ഇരട്ടിയുമാകാം.

ശുനകൾക്കു തീററ ഒരിടങ്ങഴി ചോറ്. ഹംസം, ക്രൌഞ്ചം, മയിൽ എന്നിവയ്ക്കു ചോറ് അര ഇടങ്ങഴി. ശേഷമുള്ള മൃഗങ്ങൾക്കും പശുക്കൾക്കും പക്ഷികൾക്കും വ്യാളങ്ങൾക്കും ഏകഭക്തം (ഒരു ദിവസത്തെ തീററ) കൊണ്ടു നോക്കി ഇത്ര വേണമെന്നനുമിക്കണം.

കരി, ഉമി എന്നിവ ലോഹപ്പണിക്കും ഭിത്തിയുടെ ലേപ്യ (തേപ്പ്) ത്തിന്നും കൊടുത്തയയ്ക്കണം. കണിക (കുററരി) ദാസന്മാർക്കും കർമ്മകരന്മാർക്കും സൂപകരന്മാർക്കും ചോറിന്നുപകരം കൊടുക്കണം. പിന്നെയും ശേഷിക്കുന്ന കുററരി ഔദനിക (അരിവെപ്പുകാർ) ന്മാർക്കും ആപൂപികന്മാ (അപ്പപ്പണിക്കാർ) ർക്കും കൊടുക്കണം.

തുലാമാനഭാണ്ഡം (തൂക്കാനും അളക്കാനുമുള്ള സാധനം), രോചനി (തിരികല്ല്), ദൃഷത്ത് (അമ്മിയും കുഴവും), മുസലം, ഉലൂഖലം, കുട്ടകയന്ത്രം (കുന്താണി), രോചകയന്ത്രം (ആട്ടുകല്ല്), പത്രകം (ചിരവ), ശൂർപ്പം (മുറം), ചാലനിക (ചല്ലട), കണ്ഡോലി (കൊട്ട); പിടകം (പെട്ടി), സംമാർജ്ജനി (ചൂല്) എന്നിവയാണു കോഷ്ഠാഗാരാദ്ധ്യക്ഷൻ ശേഖരിക്കേണ്ടുന്ന ഉപകരണങ്ങൾ.

മാർജ്ജകന്മാർ (നിലമടിക്കുന്നവർ), രക്ഷകന്മാർ,

(കാവൽക്കാർ), ധാരകന്മാർ (തൂക്കംരേഖനാക്കുന്നവർ), മായകന്മാർ (അളക്കുന്നവർ), മാപകന്മാർ(അളപ്പിക്കുന്നവർ), ദായകന്മാർ (കൊടുക്കുന്നവർ), ദാപകന്മാർ (കൊടുപ്പിക്കുന്നവർ), ശലാകാപ്രതിഗ്രാഹകന്മാർ (കോൽക്കാർ), ദാസന്മാർ, കർമ്മകരന്മാർ എന്നിവരുടെ വർഗ്ഗമാണ് അധ്യക്ഷന്റെ കീഴിലിരിക്കേണ്ടും വിഷ്ടി (പണിക്കാർ).

പൊക്കത്തിൽ വയ്ക്കണം ധാന്യം,
ക്ഷാരം മൂടയിലാക്കിയും,
കുടത്തിലോ തൊട്ടിയിലോ
സ്നേഹം,മുപ്പു നിലത്തുമേ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, കോഷ്ഠാഗാരാധ്യക്ഷൻ എന്ന പതിനഞ്ചാമധ്യായം.**

---

## പതിനാറാം അധ്യായം.

### മുപ്പത്തിനാലാം പ്രകരണം.

### പണ്യാധ്യക്ഷൻ.

പണ്യാധ്യക്ഷൻ സ്ഥലത്തിലും ജലത്തിലുമുണ്ടാകുന്നവയും സ്ഥലജലമാർഗ്ഗങ്ങളിലൂടെ വരുന്നവയുമായ പലവിധം പണ്യങ്ങളിൽ സാര (ബഹുമൂല്യം)മായും ഫല്ഗു (അല്പമൂല്യം) വായുമുള്ളവയുടെ അർഘാന്തരവും (വിലവ്യത്യാസം) പ്രിയാപ്രിയതയും അറിയണം. അവയുടെ വിക്ഷേപം (നാട്ടിൽ പരത്തുക), സംക്ഷേപം (ഒരിടത്തു കൂട്ടുക), ക്രയം, വിക്രയം എന്നിവയുടെ പ്രയോഗകാലങ്ങളെയും അറിയണം.

യാതൊരു പണ്യമാണോ നാട്ടിൽ പരന്നിരിക്കുന്ന

ത് അതിനെ ഒരിടത്തായി സ്വരൂപിച്ചു വില കയററണം. കയററിയ വില പ്രാപ്തമായാൽ (നടപ്പിൽവന്നാൽ) മറെറാരു വില ഉറപ്പിക്കുകയും ചെയ്യാം. സ്വഭൂമിജങ്ങളായ രാജപണ്യങ്ങളുടെ വ്യവഹാരം ഏകമുഖം (ഒരിടത്തു മാത്രമുള്ളതു) ആയി നടത്തണം. പരഭൂമിജങ്ങൾ (അന്യദേശത്തുനിന്നു വന്നവ) ആയവയുടെ വില്പന അനേകമുഖം (അനേകസ്ഥലങ്ങളിൽ വച്ചു നടത്തുന്നതു) ആക്കണം. രണ്ടും പ്രജകൾക്കു അനുഗ്രഹമാകുമാറു വില്ക്കുകയും വേണം. വലുതായ ലാഭമുണ്ടായാലും പ്രജകൾക്കു ഔപഘാതികം (പീഡാകരം) ആണെങ്കിൽ അതിനെ തടുക്കണം.

അജസ്രപണ്യങ്ങൾ (എല്ലായ്പോഴും വില്പനയുള്ളവ) ആയ ചരക്കുകളുടെ വിക്രയത്തിൽ കാലോപരോധമോ, സങ്കുലദോഷമോ (കൂട്ടിക്കുഴപ്പം) വരുത്തരുതു്. രാജപണ്യത്തെ വൈദേഹകന്മാർ (വാണിഭക്കാർ) ക്ലപ്തമായ വില നിശ്ചയിച്ചു ബഹുമുഖമായി വില്ക്കുന്നതിനും വിരോധമില്ല. അവർ നിശ്ചിതവിലയിൽ കുറച്ചു വിററാൽ ഭേദാനുരൂപമായ (കുറവിനനുസരിച്ചു) വൈധരണം കൊടുക്കുകയും വേണം.

അളന്നു വില്ക്കേണ്ടും ചരക്കുകളിൽ പതിനാറിലൊന്നു മാനവ്യാജി (അളവവകാശം); തൂക്കി വില്ക്കേണ്ടും ചരക്കുകളിൽ ഇരുപതിലൊന്നു തുലാമാനം (തൂക്കവകാശം); എണ്ണി വില്ക്കേണ്ടവയിൽ പതിനൊന്നിലൊന്നു രാജാവിനുള്ള ഭാഗം.

പരഭൂമിജമായ പണ്യം സ്വഭൂമിയിലേക്കു കൊണ്ടുവന്നാൽ അതിനെ അനുഗ്രഹത്തോടുകൂടി ആവാഹിക്കണം. അതു കൊണ്ടുവരുന്ന നാവികന്മാർക്കും സാർത്ഥവാഹന്മാർക്കും ആയതിക്ഷമമായിട്ടു (മേലിലേക്കു ബാധകമ

ല്ലാത്തവിധം) പരിഹാരം (കരമിളവു) നൽകണം. ആഗന്തുക്കൾക്കു (പരഭൂമിയിൽനിന്നു വന്ന കച്ചവടക്കാൎക്കു) ധനവിഷയത്തിൽ അനഭിയോഗവും (വ്യവഹാരംപ്പെടായ്ക) അനുവദിക്കണം. * എന്നാൽ അതിൽനിന്നു സഭ്യോപകാരികളെ (അവരുടെ പങ്കാളികളെ) ഒഴിവാക്കണം.

പണ്യാധിഷ്ഠാതാക്കൾ (രാജപണ്യശാലയിലെ വില്പനക്കാർ) വിററ ചരക്കുകളുടെ വില ഏകമുഖമായി ഏകദ്വാരത്തോടുകൂടിയ കാഷ്ഠദ്രോണി (മരവഞ്ചി)യിലാക്കി സൂക്ഷിക്കണം. അഹസ്സിന്റെ എട്ടാമത്തെ ഭാഗത്തിൽ "വിററതിത്ര, ബാക്കിയിത്ര" എന്ന കണക്കോടുകൂടി അതു് അധ്യക്ഷനു ഏല്പിച്ചുകൊടുക്കണം. തുലാമാനഭാണ്ഡവും ഏല്പിച്ചു കൊടുക്കണം.— ഇങ്ങനെ സ്വവിഷയത്തിലെ പണ്യകൎമ്മം പറഞ്ഞു കഴിഞ്ഞു.

പരവിഷയത്തിലാകട്ടെ പണ്യപ്രതിപണ്യങ്ങളുടെ (വില്ക്കാനുള്ളതും പകരം കിട്ടുവാനുള്ളതുമായ ചരക്കുകളുടെ) അൎഘവും വിലയും തട്ടിച്ചുനോക്കി പരദേശത്തു കൊടുക്കേണ്ടുന്ന ശുല്ക്കം, വൎത്തനി (മാൎഗ്ഗകരം), ആതിവാഹികം (വാഹനക്കൂലി), ഗുല്മദേയം (സൈന്യസങ്കേതശുല്ക്കം), തരദേയം (കടവുകൂലി), ഭക്തം (ഭക്ഷണച്ചെലവു്) എന്നിവ നീക്കി ഉദയം (ലാഭം) ഉണ്ടാകുമോ എന്നു നോക്കണം.

ലാഭമില്ലാത്തപക്ഷം ഭാണ്ഡനിൎവ്വഹണം (തന്റെ ചരക്കു പരവിഷയത്തിലെത്തിക്കുക) ചെയ്തു, പണ്യത്തിനു പകരം പ്രതിപണ്യം വാങ്ങിയാലെങ്കിലും ലാഭമുണ്ടാകു

* വിദേശക്കച്ചവടക്കാരുടെ പേരിൽ സ്വദേശക്കച്ചവടക്കാർ കടം പിരിപ്പാനോ മററോ വ്യവഹാരം കൊണ്ടുവരുന്നതിനെ തടക്കണമെന്നൎത്ഥം.

ഭമോ എന്നു നോക്കണം. ഉണ്ടാകുമെന്നു കണ്ടാൽ സാര (ഉദ്ദേശിക്കുന്ന ലാഭം)ത്തിന്റെ നാലിലൊരംശം ചെലവു ചെയ്തു്, ക്ഷേമമായ മാർഗ്ഗത്തിലൂടെ സ്ഥലവ്യവഹാരത്തെ (കരവഴിക്കുള്ള കച്ചവടത്തെ) പ്രയോഗിക്കണം. പരവിഷയത്തിലെ അടവീപാലന്മാർ, അന്തപാലന്മാർ, പുരമുഖ്യന്മാർ, രാഷ്ട്രമുഖ്യന്മാർ എന്നിവരുടെ സാഹായ്യം ലഭിപ്പാൻവേണ്ടി അവരുമായി പ്രതിസംസർഗ്ഗവും ചെയ്യണം.

വഴിയിൽവച്ചു് ആപത്തു സംഭവിച്ചാൽ സാരവസ്തുക്കളേയും ആത്മാവിനേയുമോ, ആത്മാവിനെ മാത്രമെങ്കിലുമോ മോചിപ്പിക്കണം. താനുദ്ദേശിച്ച ഭൂമിയിൽ എത്തിച്ചേരുവാൻ സാധിക്കാത്തപക്ഷം രാജാവിനുള്ള എല്ലാ ദേയങ്ങളേയും കൊടുക്കാതെ കണ്ടു് കച്ചവടം നടത്തണം.

ജലമാർഗ്ഗത്തിങ്കലായാൽ യാനഭാടകം (ഏററുകൂലി), പഥ്യദനം (മാർഗ്ഗഭോജനം), പണ്യപ്രതിപണ്യങ്ങളുടെ അർഘപ്രമാണം (വിലയിലുള്ള താരതമ്യം), യാത്രാകാലം, ഭയപ്രതീകാരം, പണ്യപത്തനത്തിലെ ആചാരം എന്നിവ അറിയണം.

വ്യവഹാരം ചരിത്രത്താൽ-
ധാരിച്ചു നദിയൂടെയും
പോരണം ലാഭം കിട്ടുമിട-
ത്തല്ലാത്തേടമൊഴിക്കണം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, പണ്യാധ്യക്ഷൻ എന്ന പതിനാറാമധ്യായം.**

# പതിനേഴാം അധ്യായം.

## മുപ്പത്തഞ്ചാം പ്രകരണം.

## കുപ്യാധ്യക്ഷൻ.

കുപ്യാധ്യക്ഷൻ ദ്രവ്യവനപാലന്മാരെക്കൊണ്ടു കുപ്യം (തടിമരം മുതലായ മലഞ്ചരക്കുകൾ) കൊണ്ടുവരുവിക്കുകയും, ദ്രവ്യവനം സംബന്ധിച്ചുള്ള കൎമ്മശാലകളെ നടത്തിക്കുകയും ചെയ്യേണം. രാജാജ്ഞയോടുകൂടി ദ്രവ്യവനം വെട്ടുന്നവൎക്കുള്ള കൂലിയും, ആപത്തുകളിലൊഴികെ ആജ്ഞകൂടാതെ വെട്ടുന്നവൎക്കുള്ള ദണ്ഡവും കുപ്യാധ്യക്ഷൻ വ്യവസ്ഥപ്പെടുത്തണം.

കുപ്യവൎഗ്ഗമാവിതു്:—ശാകം (തേക്കു), തിനിശം (നിമി), ധന്വനം (വിൽമരം), അൎജ്ജുനം (മരുതു്), മധൂകം (ഇരിപ്പ), തിലകം (മഞ്ചാടി), സാലം (മുറൾ), ശിംശപ (ഇരുമുള്ളു്), അരിമേദം (കരിഞ്ഞോട്ട), രാജാദനം (പഴമുൺപാല), ശിരീഷം (വാക), ഖദിരം (കരിങ്ങാലി) സരളം (ചരളു്), താലം (കരിമ്പന) സൎജ്ജം (പയിൻ), അശ്വകൎണ്ണം (വെൺപയിൻ), സോമവല്കം (വെൺകരിങ്ങാലി), കോശാമ്രം (വാൎമാവു്), പ്രിയകം (വേങ്ങ), ധവകം (ഞമ) മുതലായതു സാരദാരുവൎഗ്ഗം (കാതലുള്ള മരങ്ങൾ.)

ഉടജം, ചിമിയം, ചാപം, വേണു, വംശം, സാതിനം, കണ്ടകം, ഭാല്ലൂകം മുതലായതു വേണുവൎഗ്ഗം (മുളകൾ.) *

---

* ഉടജം=വലിയ ഇലയും നേൎത്ത തൊലിയും പരപരത്ത പുറവുമുള്ള മുള. ചിമിയം=ഇലയില്ലാതെയും തൊലി മിനുത്തുമുള്ള മുള. ചാപം=ഉള്ള കാതലും പുറം പരുത്തുമുള്ള മുള. വേണു=മുള്ളില്ലാത്തതും വില്ലുണ്ടാക്കുവാൻ നല്ലതുമായ മുള. വംശം=ഉള്ള ചുരങ്ങളിയും കയ്യ

വേത്രം (ചൂരൽ), ശീകവല്ലി (ഹംസവല്ലി), വാശി (മരത്തിൻപൂവുപോലെയുള്ള പൂവുകളോടുകൂടിയ വള്ളി), ശ്യാമലത (ത്രികോല്പക്കൊന്നയുടെ ആകൃതിയുള്ള ഒരു വള്ളി), നാഗലത (നാഗജിഹ്വാ) മുതലായതു വല്ലീവൎഗ്ഗം (വള്ളികൾ)

മാലതി (മാഹുലാനി?), മൂൎവ്വ (മരുള്ള്), അൎക്കം (എരുക്ക്), ശണം (ചണ), ഗവേധുകം (നാഗബല), അതസി (അകഴി) മുതലായതു വൽക്കവൎഗ്ഗം (തൊലികൾ).

മുഞ്ജം (മുഞ്ജപ്പുല്ല്), ബൽബജതൃണം മുതലായവ രജ്ജുഭാണ്ഡം (കയററുനാരുകൾ).

താലി (കൊടപ്പന), താലം (കരിമ്പന), ഭൂൎജ്ജം എന്നിവയുടേതു പത്രം (എഴുത്തെഴുതുവാനുള്ള ഓല).

കിംശുകം (പ്ലാശ്), കുസുംഭം (കയുമ്പ്), കുങ്കുമം എന്നിവയുടേതു പുഷ്പം.

കന്ദം, മൂലം, ഫലം മുതലായതു് ഔഷധവൎഗ്ഗം.

കാളകൂടം, വത്സനാഭം, ഹാലാഹലം, മേഷശൃംഗം, മുസ്താ, കുഷ്ഠം, മഹാവിഷം, വെല്ലിതകം, ഗൌരാൎദ്രം, ബാലകം, മാൎക്കടം, ഹൈമവതം, കാലിംഗകം, ദാരദകം, അങ്കോലസാരകം, ഔഷ്ട്രകം തുടങ്ങിയവ സ്ഥാവരവിഷങ്ങൾ. *

---

കളുടെ ഇട നീണ്ടുമിരിക്കുന്ന മുള. സാതിനം=മുള്ള പെരുകിയും വംശത്തേക്കാൾ ചെറുതായുമിരിക്കുന്ന മുള. കണ്ടകം=ഗോതമ്പുമണിപോലെയുള്ള മുള്ളുകളോടുകൂടിയ മുള. ഭാല്ലുകം=തടിച്ചു നീണ്ടു വലുതായും മുള്ളില്ലാതെയുമിരിക്കുന്ന മുള.

* കാളകൂടം=അരയാലിലപോലെ ഇലയുള്ള ഒരു വൃക്ഷത്തിൽനിന്നു പക്ഷത്തിലൊരിക്കൽ ഒലിക്കുന്ന പശ. വത്സനാഭം=പശുക്കിടാവിന്റെ നാഭിപോലെയുള്ള ഒരു ചെടിയുടെ ഇല. ഹാലാഹലം=കുരുമുളകിയിലപോലെ ഇലയായും നീലത്തുള്ളിതായും കാളപ്പശുവിൻ മുലപോലെയുള്ള കായ്കളോടുകൂടിയുമിരിക്കുന്ന ഒരു വൃക്ഷം. മേഷശൃംഗം=ക

സർപ്പങ്ങളും, കീടങ്ങളും അവതന്നെ കുംഭഗത * ങ്ങളായിട്ടുള്ളവയും വിഷവർഗ്ഗം.

ഗോധ (ഉടുമ്പ്), സേരകം (ഉടുമ്പിലെ ഭേദം), ദ്വീപി (ചെറുപുലി), ശിംശുമാരം (മുതല), സിംഹം, വ്യാഘ്രം, ആന, പോത്ത്, ചമരം (കവരിമാൻ), സൃമരം(ഋട്ടടിമാൻ), ഖഡ്ഗം (വാൾമാൻ), ഗോമൃഗം (മുരള്ള), ഗവയം ഇവയുടെയും മററുള്ള മൃഗപശുപക്ഷിവ്യാളങ്ങളുടേയും തോൽ, അസ്ഥി, പിത്തം, സ്നായു (ഞരമ്പ്), പല്ല്, കൊമ്പ്, കുളമ്പ്, വാല് എന്നിവ.

കാളായസം (കാരിരുമ്പ്), താമ്രം, വൃത്തം, കാംസ്യം (ഓട്), സീസം, ത്രപു (വെള്ളീയം), വൈകൃന്തകം, ആരകൂടം (പിച്ചള) എന്നിവ ലോഹങ്ങൾ.

വിദലമയമായും (പൊളിരുകൊണ്ടു മെടഞ്ഞവ) മൃത്തികാമയമായുമുള്ള ഭാണ്ഡവും സംഗ്രഹിക്കണം.

അംഗാരം, തുഷം (ഉമി), ഭസ്മം എന്നിവയും മൃഗപശുപക്ഷിവ്യാളങ്ങളുടെ വാടങ്ങളും കാഷ്ഠതൃണവാടങ്ങളും കുപ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടും.

---

രിപ്പുയമുരമാട്ടുപോലെ കായ്കളുള്ള ഒരു വൃക്ഷം. മുസ്തു=മുതങ്ങാക്കിഴങ്ങുപോലെയും ഉണങ്ങിയുക്കാരപോലെയുമുള്ള രണ്ടു തരം കിഴങ്ങുകൾ. കുഷ്ഠം=കോട്ടംപോലെയുള്ള ഒരു ചെടിയുടെ കിഴങ്ങ്. മഹാവിഷം=മാംസവർണ്ണവും ചൂചുകാകാരവുമായ ഒരു കിഴങ്ങ്. വേല്ലിതകം=കറുത്തും ചുകന്നുമിരിക്കുന്ന ഒരു വേര്. ഗൌരാർദ്രം=ഒരു തരം കറുത്ത കിഴങ്ങ്. ബാലകം=തിപ്പലിപോലെയുള്ള ഒരു കിഴങ്ങ്. മാർക്കടം=കുരങ്ങിന്റെ മേഢ്രംപോലെയുള്ള ഒരു കിഴങ്ങ്. ഹൈമവതം=ഹിമാലയത്തിലുണ്ടാകുന്നതും ദീർഘപത്രവുമായ ഒരു ചെടിയുടെ ഇല. കാലിംഗകം=കലിംഗദേശത്തുണ്ടാകുന്നതും യവാകൃതിയുമായ ഒരു വൃക്ഷത്തിന്റെ ഇല. ദാരദകം=ദാരദമെന്നു പേരായ ഒരു മരത്തിന്റെ ഇല. അങ്കോലസാരകം=അങ്കോലകഷായം. ഉഷ്ട്രകം=ഒട്ടകത്തിന്റെ മേഢ്രംപോലെയിരിക്കുന്ന ഒരു മരത്തിന്റെ ഇല.

* ഔപനിഷദികാധികരണത്തിൽ പറയുന്നതുപോലെ വ്യവസ്ഥിച്ച കാലത്തിലറിയേ എന്നർത്ഥം.

വൃത്തികളും പുരരക്ഷയ്ക്കും
വേണ്ടും കർമ്മങ്ങളൊക്കയും
പുറത്തുമുള്ളിലും വേറായ്
കുപ്യാധ്യക്ഷൻ നടത്തണം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, കുപ്യാധ്യക്ഷൻ എന്ന
പതിനേഴാമധ്യായം.

---

# പതിനെട്ടാം അധ്യായം.

---

## മുപ്പത്താറാം പ്രകരണം
## ആയുധാഗാരാധ്യക്ഷൻ.

ആയുധാഗാരാധ്യക്ഷൻ സാംഗ്രാമികവും (യുദ്ധത്തിനു വേണ്ടത്) ദൌർഗ്ഗകർമ്മികവും (ദുർഗ്ഗരക്ഷയ്ക്കു വേണ്ടതു) പരപുരാഭിഘാതികവും (ശത്രുപുരത്തെ എതിർക്കുവാൻ വേണ്ടത്) ആയ ചക്രം, യന്ത്രം, ആയുധം, ആവരണം (ചട്ട), ഉപകരണം എന്നിവയെ തന്നിർമ്മാണത്തിൽ നിപുണന്മാരായ കാരുക്കളെക്കൊണ്ടും ശില്പികളെക്കൊണ്ടും അവയുടെ തരം, പ്രമാണം (വലുപ്പം), കാലം, വേതനം, ഫലനിഷ്പത്തി എന്നിവ തീർച്ചപ്പെടുത്തി പണിയിക്കണം.

അവയെ സ്വഭൂമികളിൽ സ്ഥാപിക്കേണ്ടതാണ്. സ്ഥാനപരിവർത്തനവും (സ്ഥലം മാററുക) ആതപപ്രവാതപ്രദാനവും (വെയിലും കാററും ഏല്പിക്കുക) പലപ്രാവശ്യം ചെയ്കയും വേണം. ഊഷ്മാവ് (പുഴുക്കം), ഉപസ്നേഹം (വിയർപ്പ്), ക്രിമി എന്നിവകൊണ്ടു ആയുധങ്ങൾക്കു കേടുവരുന്നതായിക്കണ്ടാൽ അവയെ അന്യപ്രകാരത്തിൽ സൂക്ഷിക്കണം. അവയുടെ ജാതി, രൂപം, ലക്ഷണം,

പ്രമാണം, ആഗമം (കിട്ടിയ വിധം), മൂല്യം, നിക്ഷേപം (വച്ചുസൂക്ഷിക്കേണ്ടും സാധനം) എന്നിവ അദ്ധ്യക്ഷൻ അറിഞ്ഞിരിക്കയും വേണം.

സർവ്വതോഭദ്രം, ജാമദഗ്ന്യം, ബഹുമുഖം, വിശ്വാസഘാതി, സംഘാടി, യാനകം, പർജ്ജന്യം, ബാഹു, ഊർദ്ധ്വബാഹു, അർദ്ധബാഹു എന്നിവ സ്ഥിതയന്ത്രങ്ങൾ *

പാഞ്ചാലിക, ദേവദണ്ഡം, സൂകരിക, മുസലയഷ്ടി, ഹസ്തിവാരകം, താലവൃന്തം, മുൽഗരം, ദ്രുഘണം, ഗദ, സ്പൃക്തല, കുദ്ദാലകം, ആസ്ഫോടിമം, ഉൽഘാടിമം, ഉൽപാടിമം, ശതഘ്നി, ത്രിശൂലം, ചക്രം എന്നിവ ചലയന്ത്രങ്ങൾ. ¶

---

* സർവ്വതോഭദ്രം=ഭിത്തിയിന്മേലുള്ള ഗന്ധവ്വ്ഹസ്തത്തിൽവച്ചിരിക്കുന്നതും, ചുഴലവും കല്ലുകളെ വർഷിക്കുന്നതും, വണ്ടിച്ചക്രത്തിന്റെ വലുപ്പമുള്ളതും, കൂറൻ ഉന്മീലാടകൂടിയതുമായ ചക്രയന്ത്രം. ജാമദഗ്ന്യം=മദ്ധ്യത്തിലുള്ള രന്ധ്രത്തിൽ വലിയ ശരങ്ങൾവച്ചു പൊഴിക്കുന്ന ധനുര്യന്ത്രം. ബഹുമുഖം=മതിൽക്കെട്ടിന്മേൽ വെക്കാവുന്നതും, മൂന്നുനാലു നിലകളുള്ളതും, ചർമ്മാവരണത്തോടുകൂടിയതും, വില്ലാളികൾക്കിരുന്നു ശരം പൊഴിപ്പാനുള്ളതുമായ യന്ത്രം. വിശ്വാസഘാതി=ഗോപുരത്തിന്റെ പുറത്തു വിലങ്ങത്തിലിട്ടിരിക്കുന്നതും, എതിരാളികളെ മേൽചാട്ടി വീഴിക്കുന്നതുമായ ഒരു പരിധിയന്ത്രം. സംഘാടി=അട്ടാലകം മുതലായവയെ തീകത്തിച്ചു നശിപ്പിക്കുവാനുപയോഗിക്കുന്ന ഒരു നീണ്ട യന്ത്രം. യാനകം=മതിലിന്മേൽനിന്നു ശത്രുക്കളുടെ മേൽ എറിയാവുന്ന ഒരു കുറുന്തടി. പർജ്ജന്യകം=തീ കെടുത്തുവാനുള്ള ജലയന്ത്രം. ബാഹു=ഒന്നിനൊന്നഭിമുഖമായി രണ്ടു സ്തംഭങ്ങൾ ചേർത്തിട്ടുള്ളതും, യന്ത്രവിശ്ലേഷണം ചെയ്യാൽ ശത്രുക്കളെ ഞെരുക്കിക്കൊല്ലുന്നതുമായ യന്ത്രം. ഊർദ്ധ്വബാഹു=ഉയർത്തിവച്ചിരിക്കുന്നതും, യന്ത്രവിശ്ലേഷണം ചെയ്യാൽ അടുത്തുവരുന്ന ശത്രുക്കളെ കൊല്ലുന്നതുമായ പെരുംതൂണ്. അർദ്ധബാഹു=അതിൽ പകുതി വലുപ്പമുള്ളതും, അതുപോലെത്തന്നെയുള്ളതുമായ ഒരു തൂണ്.

¶ പാഞ്ചാലിക=കൂർത്തുമൂർത്ത കുറ്റികൾ നിറച്ചു തറച്ചിട്ടുള്ള ഒരു പലക. ഇതു ശത്രുക്കൾ കോട്ടമതിലുകളെ കയറുന്നതിനെ നിരോധിപ്പാൻ വേണ്ടി പുറത്തു നിലത്തോ നീരിലോ സ്ഥാപിക്കണം. ദേവദണ്ഡം=മ

ശക്തി, പ്രാസം, കുന്തം, ഹാടകം, ഭിണ്ഡിപാലം, ശൂലം, തോമരം, വരാഹകർണ്ണം, കണയം, കർപ്പണം, ത്രാസിക മുതലായവ ഹലമുഖങ്ങൾ (ഹലംപോലെ തീക്ഷ്ണാഗ്രങ്ങളായ ആയുധങ്ങൾ *)

---

തിൽകെട്ടിന്മേൽ സ്ഥാപിക്കുന്നതും ആണിതറച്ചിട്ടുള്ളതുമായ ഒരു ദണ്ഡം. സൂകരിക=നൂലുകൊണ്ടോ തോലുകൊണ്ടോ തുന്നി പഞ്ഞിനിറച്ച് കോട്ടമതിലിന്മേൽ വയ്ക്കുന്നതും പുറത്തുനിന്നു ശത്രുക്കളെറിയുന്ന കല്ലുകളെ തടുപ്പാനുള്ളതുമായ യന്ത്രം. മുസലയഷ്ടി=കരിങ്ങാലികൊണ്ടുണ്ടാക്കിയതും, മുന കൂർത്തതുമായ ശൂലം. ഹസ്തിവാരകം=ആന മാറപ്പാനായിക്കൊണ്ടുള്ള കണയം. താലവൃന്തം=കാററു ചീററിക്കുന്ന ചക്രം. മുൽഗരം=മുട്ടിത്തടി. ദ്രുഘണം=മുൽഗരംപോലെയുള്ള മരത്തടി. സ്പൃക്തല=മുള്ളുതറച്ച ഗദ. കുദ്ദാലകം=കൂന്താലി. ആസ്ഫോടിമം=നാലു തൂണുകളുള്ളതും, ചർമ്മാവൃതവും, കല്ലും മണ്ണും എറിയാനുള്ളതുമായ യന്ത്രം. ഉൽഘാടിമം=മുൽഗരതുല്യമായ യന്ത്രവിശേഷം. ഉൽപാടിമം=തൂണുകൾ പിഴുക്കിയാനുള്ള ശ്യേനയന്ത്രം. ശതഘ്നി=തടിച്ചതിന്റെ ആണികൾ തറച്ചതും, വണ്ടിച്ചക്രംപോലെ പട്ടയടിച്ചതും, മതിലിന്മേൽനിന്നു തട്ടുന്നതുമായ യന്ത്രം. ത്രിശൂലം=മുമ്മുന ശൂലം.

* ശക്തി=വേല്. ഇതു സർവ്വലോഹനിർമ്മിതവും, കരവീരത്തിന്റെ ഇലയുടെ ആകൃതിയുള്ളതും, നാലു ഹസ്തം നീളമുള്ളതും, മൂട്ടിൽ ഗോസ്തനാകാരവുമായിരിക്കും. പ്രാസം=ഇരുപത്തിനാലംഗുലം നീളമുള്ളതും, സർവ്വലോഹമയവുമായ ആയുധം, കുന്തം=ഏഴോ ആറോ അഞ്ചോ ഹസ്തം നീളമുള്ള മരദണ്ഡം. ഹാടകം=മൂന്നോ നാലോ കൂർത്ത മുനകളോടുകൂടിയതും കുന്തത്തോളം നീളമുള്ളതുമായ ത്രികണ്ടകമെന്ന ആയുധം. ഭിണ്ഡിപാലം=കുന്തംപോലെയുള്ളതും, അഗ്രത്തിൽ പരന്ന കനത്ത പലകയോടുകൂടിയതുമായ ആയുധം. ശൂലം=തല കൂർത്തും മുനകളോടുകൂടിയുമിരിക്കുന്നതും, നീളക്കണക്കില്ലാത്തതുമായ ആയുധം. തോമരം=നാലോ നാലരയോ അഞ്ചോ ഹസ്തം നീണ്ടതും, ശരാകാരമായ ധാരയോടുകൂടിയതുമായ ദണ്ഡം. വരാഹകർണ്ണം=പന്നിച്ചെവിപോലെയുള്ള കർണ്ണികയോടുകൂടിയ ദണ്ഡവിശേഷം. കണയം=ഇരുതലയ്ക്കലും ത്രികണ്ടകാകൃതിയും, നടുവിൽ പിടിയുള്ളതും, ഇരുപതോ ഇരുപത്തിരണ്ടോ അംഗുലം നീളമുള്ളതുമായ ലോഹദണ്ഡം. കർപ്പണം=കൈകൊണ്ടു പ്രയോഗിക്കപ്പെടുന്നതും, തൂവൽവച്ചതുമായ ശരം. ഇതിന്റെ അ

താലം (പനകൊണ്ടുള്ളതു്), ചാപം (മുളകൊണ്ടുള്ളതു്), ദാരവം (മരംകൊണ്ടുള്ളതു്), ശാർങ്ഗം (ശൃംഗംകൊണ്ടുള്ളതു്) എന്നിവയാണു് ധനുസ്സുകൾ. ഇവ കാർമ്മുകം, കോദണ്ഡം, ദ്രൂണം എന്നിങ്ങനെ ഭേദിക്കുന്നു *

മൂർവ്വ, എരുക്കു്, ചണ്ണ, ഗവേധു, മുള എന്നിവയുടെ സ്നായുക്കളെക്കൊണ്ടുണ്ടാക്കിയവയാണു് ജ്യാകൾ.

വേണു, ശരം (ചരക്കോലു), ശലാക, ദണ്ഡാസനം (അർദ്ധനാരാചം), നാരാചം എന്നിവയാണ് ശരങ്ങൾ. അവയുടെ മുഖങ്ങൾ ഛേദനങ്ങളായോ(മുറിക്കുന്നവ), ഭേദനങ്ങളായോ (കീറുന്നവ), താഡനങ്ങളായോ (ചോര പൊട്ടിക്കാതെ താഡിക്കുന്നവ) ഇരുമ്പ്, അസ്ഥി, മരം എന്നിവകൊണ്ടുണ്ടാക്കിയവയായിരിക്കും.

നിസ്ത്രിംശം (തലപ്പുവളഞ്ഞതു്), മണ്ഡലാഗ്രം (ചക്രാകാരമായ അഗ്രത്തോടുകൂടിയതു്), അസിയഷ്ടി (നേർത്തുനീണ്ടിരിക്കുന്നതു്) എന്നിവയാണു് ഖഡ്ഗങ്ങൾ. ഖഡ്ഗം (വാൾമാൻ), പോത്തു്, ആന എന്നിവയുടെ കൊമ്പുകൊണ്ടോ മരംകൊണ്ടോ മുളകൊണ്ടോ ഉണ്ടാക്കിയവയാണു് ത്സരുക്കൾ (ഖഡ്ഗമുഷ്ടികൾ).

പരശു (വെൺമഴു), കുഠാരം (മഴു), പട്ടസം (രണ്ടു തലയ്ക്കലും മുമ്മുനയായിട്ടുള്ള മഴു), ഖനിത്രം (കൈക്കോട്ടു്), കുദ്ദാലം, ക്രകചം (ഈർച്ചവാള്), കാണ്ഡച്ഛേദനം (വലിയ മഴു) എന്നിവ ക്ഷുരകല്പങ്ങൾ (കത്തികൾ).

യന്ത്രപാഷാണം (യന്ത്രംകൊണ്ടെറിയുന്ന കല്ലു്), ഗോഷ്പണപാഷാണം (കവിണകൊണ്ടെറിയുന്ന കല്ലു്), മുഷ്ടിപാഷാണം (കൈകൊണ്ടെറിയുന്ന കല്ലു്), രോചനി

---

ഗ്രത്തിന്നു ഏഴരയോ എട്ടോ രചനയോ കംശം ഉത്സേധമുണ്ടാകും. ഇളയുള്ള നേരം വിൽപ്പാടകലം പോരും. ത്രാസികംപ്രാസാകാരവും കുടമവെച്ചുള്ളമായ ഒരായുധം.

* വില്ലുകൾ പ്രമാണലക്ഷണാദിഭേദത്താൽ കാർമ്മുകാദികളായി ഭേദിക്കുന്നുവെന്നു സാരം.

(തിരികല്ല്), ഉഷ്ണു് (വെറുംകല്ല്) എന്നിവ കല്ലുകൾ— ഇങ്ങനെ ആയുധങ്ങൾ:

ലോഹജാലിക, ലോഹപട്ടം, ലോഹകവചം, സൂത്രകങ്കടം * എന്നിവയും മുതല, വാൾമാൻ, ധേനുകം, ആന, കാള എന്നിവയുടെ തോലും കുളമ്പും കൊമ്പും ചേർത്തു തുന്നിയവയുമാണു് വർമ്മങ്ങൾ.

ശിരസ്ത്രാണം (തൊപ്പി), കണ്ഠത്രാണം (കഴുത്തുപട്ട), കൂർപ്പാസം (അർദ്ധബാഹുകം), കഞ്ചുകം (കാൽമുട്ടോളം നീണ്ട കുപ്പായം), വാരവാണം (പുറവടിയോളം നീണ്ട കുപ്പായം), പട്ടം (കയ്യില്ലാത്ത കുപ്പായം), നാഗോദരിക (വിരൽപ്പട്ട), വേടി (ഒരുതരം ദേഹാവരണം), ചർമ്മം, ഹസ്തികർണ്ണം (ആനച്ചെവിപോലെയുള്ള പരിച), താലമൂലം (മരപ്പരിച), ധമനിക (ചൂരൽകൊണ്ടു മടഞ്ഞ പരിച), കവാടം (വാതിൽപ്പരിച), കിടികം (തോലും മുളയും കൂട്ടി പണിചെയ്ത പരിച), അപ്രതിഹതം (ഹസ്തവാരകം), വലാഹകാന്തം (ചുറ്റും ഇരുമ്പുകൊണ്ടു കെട്ടിയ ഹസ്തവാരകം) എന്നിവയും ആവരണങ്ങളാകുന്നു.

ആനതേർകുതിരകൾക്കുള്ള യോഗ്യാഭാണ്ഡം (തെളിപ്പാനുള്ള ഉപകരണം), ആലങ്കാരികം (അലങ്കാരോപകരണം), സന്നാഹകല്പനകൾ (കോപ്പുകൂട്ടുവാനുള്ള സാമഗ്രികൾ) എന്നിവ ഉപകരണങ്ങൾ. ഐന്ദ്രജാലികവും, ഔപനിഷദികവും (വിഷധൂമാദിപ്രയോഗത്തിനുള്ളതു്) ആയ വസ്തുക്കളും ഉപകരണങ്ങൾതന്നെ.

---

* ലോഹജാലിക=ശിരസ്സും മുഖവും ഒഴികെ മറ്റുള്ള സർവ്വാംഗങ്ങളും മൂടത്തക്കവിധം ഇരുമ്പുകൊണ്ടുണ്ടാക്കിയ വല. ലോഹപട്ടം=ഇരുമ്പുപട്ട; ഒക്കം മാറും മാത്രം മൂടുന്നതു്. ലോഹകവചം=ഇരുമ്പുചട്ട. സൂത്രകങ്കടം=നൂലുകൊണ്ടുണ്ടാക്കിയ ഉരുപ്പടം.

¶ കാണപ്പെടുമ്പോൾ നിറമതമായിക്കാട്ടുക, തീയില്ലാതെ പുക മി

കുപ്യങ്ങളെക്കൊണ്ടുള്ള ആയുധകർമ്മാന്തങ്ങളിൽ

രാജേച്ഛ, നിർമ്മാണാരംഭം,
നിഷ്പത്തി, യുപയോഗവും,
ദോഷം, ഗുണം, ക്ഷയം, നാശ-
മിവ നന്നായ് ധരിക്കണം.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, ആയുധാഗാരാധ്യക്ഷൻ
എന്ന പതിനെട്ടാമധ്യായം.

---

## പത്തൊമ്പതാം അധ്യായം.

---

### മുപ്പത്തേഴാം പ്രകരണം

### തുലാമാനപൌതവം.

പൌതവാധ്യക്ഷൻ (അളവും തൂക്കവും നോക്കുന്ന അധ്യക്ഷൻ) പൌതവകർമ്മാന്തങ്ങൾ (അളക്കുവാനും തൂക്കുവാനുമുള്ള ഉപകരണങ്ങൾ) ഉണ്ടാക്കിക്കണം.

പത്തു ധാന്യമാഷം (ഉഴുന്നുമണി) അല്ലെങ്കിൽ അഞ്ചു ഗുഞ്ജ (കുന്നി) ഒരു സുവർണ്ണമാഷം. പതിനാറു സുവർണ്ണമാഷം ഒരു സുവർണ്ണം, അഥവാ കർഷം. നാലുകർഷം ഒരു പലം.

എൺപത്തെട്ടു ഗൌരസർഷപം (ചെറുകടുക്) ഒരു രൂപ്യമാഷം. പതിനാറു രൂപ്യമാഷം അല്ലെങ്കിൽ ഇരുപതു ശൈംബ്യം (മഞ്ചാടി) ഒരു ധരണം.

ഇരുപതു തണ്ഡുലം(അരിമണി) ഒരു വജ്രധരണം.

---

യുള്ളതായിക്കാട്ടുക മുതലായവ ഇന്ദ്രജാലവും വിഷധൂമപ്രയോഗം, ജലദൂഷണം തുടങ്ങിയവ ഔപനിഷദികവുമാകുന്നു. ഇവയെ പ്രലംഭനം, ഔപനിഷദികം എന്നീ അധികരണങ്ങളിൽ പറയും.

അര മാഷം, ഒരു മാഷം, രണ്ടു മാഷം, നാലു മാഷം, എട്ടു മാഷം, ഒരു സുവൎണ്ണം, രണ്ടു സുവൎണ്ണം, നാലു സുവൎണ്ണം, എട്ടു സുവൎണ്ണം, പത്തു സുവൎണ്ണം, ഇരുപതു സുവൎണ്ണം, മുപ്പതു സുവൎണ്ണം, നാല്പതു സുവൎണ്ണം, നൂറു സുവൎണ്ണം എന്നിങ്ങനെയാണ് സുവൎണ്ണത്തിന്റെ തൂക്കം.

ഇതുകൊണ്ടു ധരണങ്ങളും (വെള്ളിതൂക്കുന്നതിന്റെ ധരണങ്ങൾ) പറഞ്ഞുകഴിഞ്ഞു. *

പ്രതിമാനങ്ങൾ (തൂക്കപ്പടികൾ) ഇരുമ്പുകൊണ്ടോ, മഗധരാജ്യത്തും മേകലരാജ്യത്തും ഉണ്ടാകുന്ന കല്ലുകൊണ്ടോ നിൎമ്മിക്കണം. അല്ലെങ്കിൽ, വെള്ളം നനയുകയോ അഴുക്കു പററുകയോ ചെയ്താൽ കനം കൂടുതലാകാത്തതും ചൂടുതട്ടിയാൽ കനക്കുറവു വരാത്തതുമിരിക്കുന്ന വസ്തുക്കളെ പ്രതിമാനങ്ങളാക്കാം.

ആറംഗുലം മുതൽക്കു തുടങ്ങി ഓരോന്നിന് എട്ടെട്ടംഗുലം നീളവും, ഒരു പലം മുതൽക്കു തുടങ്ങി ഓരോന്നിന് ഓരോ പലം ഇരുമ്പും കൂടിവരുമാറ് പത്തു തുലാക്കോലുകൾ നിൎമ്മിപ്പിക്കണം $. അവയെല്ലാററിനും യന്ത്രത്തി

* അരധരണം, ഒരു ധരണം, രണ്ടു ധരണം, നാലു ധരണം, എട്ടു ധരണം, പത്തു ധരണം, ഇരുപതു ധരണം, മുപ്പതു ധരണം, നാല്പതു ധരണം, നൂറു ധരണം എന്നിങ്ങനെയാണ് വെള്ളിയുടെ തൂക്കമെന്നൎത്ഥം. ധരണങ്ങളെക്കൊണ്ട് രൂപ്യമാഷങ്ങളേയും ഉപലക്ഷിക്കുന്നതിനാൽ അരരൂപ്യമാഷം, ഒരു രൂപ്യമാഷം ഇത്യാദിയേയും ഗ്രഹിക്കണം.

$ ആറംഗുലം നീളത്തിൽ ഒരു പലം ഇരുമ്പുകൊണ്ടു ഒന്ന്, പതിനാലംഗുലം നീളത്തിൽ രണ്ടു പലം ഇരുമ്പുകൊണ്ടൊന്ന്, ഇരുപതിരണ്ടംഗുലം നീളത്തിൽ മൂന്നു പലം ഇരുമ്പുകൊണ്ട് ഒന്ന് എന്നു തുടങ്ങി നീളത്തിന്റെയും ഇരുമ്പിന്റെയും കണക്ക് ഊഹിക്കേണ്ടതാണ്. ഈ ക്രമത്തിൽ കൂട്ടുമ്പോൾ പത്താമത്തെ തുലാക്കോലിനു എഴുപത്തെട്ടംഗുലം നീളവും പത്തു പലമിരുമ്പും വരും.

ൻെറ രണ്ടു തലയ്ക്കലുമോ അഥവാ ഒരു തലയ്ക്കൽ മാത്രമോ ശിക്യം (തട്ട്) ഉണ്ടായിരിക്കണം.

മുപ്പത്തഞ്ചുപലം ഇരുമ്പുകൊണ്ടു എഴുപത്തിരണ്ടംഗുലം നീളത്തിലാണ് സമവൃത്ത (സാധാരണ തുലാക്കോൽ) ഉണ്ടാക്കിക്കേണ്ടതു്. അതിൻെറ കടയ്ക്കൽ അഞ്ചുപലം ഇരുമ്പുകൊണ്ടു മണ്ഡലം കെട്ടിച്ചു സമകരണം (തന്നെത്തൂങ്ങി) അടയാളപ്പെടുത്തണം. അതിൽനിന്നു മേൽപ്പോട്ടു കർഷോത്തരമായിട്ടു പലം വരേയും (കർഷം, അരപ്പലം, മുക്കാൽ പലം, പലം എന്നിങ്ങനെ) പലോത്തരമായിട്ടു പത്തുപലംവരേയും (രണ്ടുപലം, മൂന്നുപലം ഇത്യാദി) അതിനുമേൽ പന്ത്രണ്ടുപലം, പതിനഞ്ചുപലം, ഇരുപതുപലം എന്നിപ്രകാരവും തുക്കങ്ങൾക്കു പദങ്ങൾ (വരകൾ) വരയ്ക്കണം. ഇരുപതിനുമേൽ നൂറുവരെ പത്തിപ്പത്തുകൂടിയ പലങ്ങൾക്കു പദങ്ങൾ വേണ്ടു. അക്ഷങ്ങളിൽ (അയ്യഞ്ചു കൂടുന്നതിൽ) നന്ദി (സ്വസ്തികരേഖ, പുള്ളടി) ഇടുകയും വേണം.

മേൽപ്പറഞ്ഞതിൻെറ ഇരട്ടി (അതായതു എഴുപതു പലം) ഇരുമ്പുകൊണ്ടു തൊണ്ണൂറാറംഗുലം നീളത്തിൽ പാരിമാണി (ഇരട്ടിത്തുലാക്കോൽ) നിർമ്മിക്കണം. അതിൽ ശതപദ (നൂറുപലത്തിൻെറ വര) ത്തിനുമേൽ * ഇരുപതു്, അയ്മ്പതു്, നൂറു് എന്നിങ്ങനെ വരകൾ വരയ്ക്കണം.

ഇരുപതു തുലാംകൂടിയതു ഒരു ഭാരം.

പത്തുധരണംകൂടിയതു ഒരുപലം. അങ്ങനെയുള്ള നൂറുപലം ആയമാനി (ആയം തൂക്കുന്ന തുലാക്കോല്).

---

* മുൻപറഞ്ഞപ്പോലെ സമകരണംതുടങ്ങി നൂറുപലംവരെ വരച്ചു്, അതിനുമേൽ എന്നു സാരം.

അതിൽനിന്നഞ്ചുപലം കുറഞ്ഞ (അതായതു തൊണ്ണൂററഞ്ചു പലം) തുലാക്കോൽ വ്യാവഹാരികി (ക്രയവിക്രയങ്ങളിൽ ഉപയോഗിക്കുന്നതു്); അതിൽനിന്നഞ്ചുപലം കുറഞ്ഞതു (തൊണ്ണൂറുപലം) ഭാജനീ (ചെലവുതൂക്കുന്നതു്); അതിൽനിന്നും അഞ്ചുപലം കുറഞ്ഞതു (എൺപത്തഞ്ചുപലം) അന്തഃപുരഭാജനി (അന്തഃപുരത്തിലേക്കു സാധനങ്ങൾ തൂക്കിക്കൊടുക്കുവാനുള്ളതു്)

ഈ വ്യാവഹാരികി മുതലായവയ്ക്കു അദ്ധ്യർദ്ധപലം വീതം (പതിപ്പത്തുകാണം) കുറഞ്ഞിട്ടുള്ളതാണു് പലം; ഈരണ്ടുപലം കുറഞ്ഞിട്ടുള്ളതാണു് ഉത്തരലോഹം (ഉണ്ടാക്കുവാനുള്ള ഇരുമ്പു്); ആറാറംഗുലം കുറഞ്ഞിട്ടാണു് നീളവും.

ആദ്യം പറഞ്ഞ രണ്ടു തുലാക്കോലുകൾക്കു (പാരിമാണിക്കും ആയമാനിക്കും), മാംസവും ലോഹവും ലവണവും മണികല്ലുമൊഴികെയുള്ള വസ്തുക്കൾ തൂക്കുമ്പോൾ, തുലാത്തിന്നഞ്ചുപലംവീതം പ്രയാമം (കൂടുതൽ) ഇട്ടുകൊടുക്കണം.

കാഷ്ഠതുല (മരത്തുലാം) എട്ടുഹസ്തം നീളമുള്ളതും, പാദങ്ങളോടുകൂടിയതും, പ്രതിമാനങ്ങൾ (തൂക്കുവാനുള്ള കട്ടിക്കല്ലുകൾ) ഉള്ളതും, മയൂരപാദങ്ങളിൽ (മയൂരപാദാകാരങ്ങളായ രണ്ടു സ്തംഭങ്ങളിൽ) ഇരുത്തിയതുമായിരിക്കണം.

ഇരുപത്തഞ്ചുപലം വിറകു ഒരു പ്രസ്ഥം (ഇടങ്ങഴി) അരി വേവുന്നതിന്നു മതിയാകുന്നതാണു്. ഇതു് അതിൽ കൂടുതലായും കുറവായുമുള്ള അരി വേവിക്കുവാൻവേണ്ട വിറകിന്റെ പ്രദേശം (മാനപ്രമാണം) ആകുന്നു.

ഇങ്ങനെ തുലാപ്രതിമാനം പറഞ്ഞുകഴിഞ്ഞു.

ഇരുനൂറുപലം ഉഴുന്നു കൊള്ളുന്നതു് ആയമാനമായ ദ്രോണം; നൂററി എൺപത്തേഴര പലം കൊള്ളുന്നതു വ്യാ

വഹാതികമായ ദ്രോണം; നൂററി എഴുപത്തഞ്ചുപലം കൊള്ളുന്നതു് ഭാജനീയമായ ദ്രോണം; നൂററി അറുപത്തി രണ്ടര പലം കൊള്ളുന്നതു അന്തഃപുരഭാജനീയം.

അവയിൽ നാലിലൊന്നുവീതം കൊള്ളുന്നവയാണു് ആഢകം, പ്രസ്ഥം, കുഡുബം (നാഴി) എന്നിവ

പതിനാറു ദ്രോണംകൂടിയതു വാരി; ഇരുപതു ദ്രോണംകൂടിയതു കുംഭം; പത്തുകുംഭം കൂടിയതു വഹം.

മാനം (അളവുതാപ്പു) ശുഷ്കവും സാരവുമായ മരം കൊണ്ടുണ്ടാക്കിയതും, സമവും (കടയും തലയും ഒപ്പമായതു), അളന്ന സാധനത്തിന്റെ നാലിലൊരുഭാഗം ശിഖ (കൂമ്പു്) യായി നിൽക്കത്തക്ക വിധമോ ഉള്ളിൽ ശിഖയോടുകൂടിയോ നിർമ്മിച്ചതുമായിരിക്കണം.

രസത്തിന്റെ (നെയ്, എണ്ണ മുതലായതിന്റെ) അളവിനു് അന്തഃശിഖമായ താപ്പുതന്നെ വേണം.

സുര, പുഷ്പം, ഫലം, തുഷം, അംഗാരം, സുധ (കുമ്മായം) എന്നിവയ്ക്കു ശിഖാമാനം (നിറപ്പു്) മേൽവെച്ചതിന്റെ ഇരുമടങ്ങു വച്ചു കൊടുക്കണം.

ദ്രോണമെന്ന താപ്പിനു വില ഒന്നേകാൽപ്പണം; ആഢകത്തിനു മുക്കാൽപണം; പ്രസ്ഥത്തിനു ആറുമാഷകം; കുഡുബത്തിനു ഒരു മാഷകം. രസാദികൾ അളക്കുവാനുള്ള താപ്പുകൾക്കു ഇവയുടെ ഇരട്ടിയാണു വില.

പ്രതിമാനത്തിനു (തൂക്കുവാനുള്ള പടികൾക്കു) എല്ലാററിനുംകൂടി വില ഇരുപതു പണം. അതിന്റെ മൂന്നിലൊന്നാണു് തുലാക്കോലിനു വില.

നന്നാലുമാസം കൂടുമ്പോൾ തുലാപ്രതിമാനങ്ങൾക്കു

---

* ദ്രോണത്തിന്റെ നാലിലൊന്നു് ആഢകം, ആഢകത്തിന്റെ നാലിലൊന്നു പ്രസ്ഥം, പ്രസ്ഥത്തിന്റെ നാലിലൊന്നു കുഡുബം എന്നു സാരം.

പ്രതിവേധനം (പരിശോധന) ചെയ്യിക്കണം. പ്രതിവേധനം ചെയ്യിക്കാഞ്ഞാൽ ഇരുപത്തേഴേകാൽപണം ദണ്ഡം. പ്രാതിവേധനികമായിട്ട് ദിവസംതോറും ഓരോ കാകണി പൌതവാദ്ധ്യക്ഷന്നു കൊടുക്കണം.

നെയ്യിന്നു മുപ്പത്തിരണ്ടിലൊരു ഭാഗം തപ്തവ്യാജി (ഉരുക്കവാശി); എണ്ണയ്ക്കു അറുപത്തിനാലിലൊരു ഭാഗം വാശി. ദ്രവപദാർത്ഥങ്ങൾക്കൊക്കെയും അമ്പതിലൊരു ഭാഗം മാനസ്രാവവും (വാർച്ച) കൊടുക്കണം.

കുഡുബാർദ്ധം (ഉരി), കുഡുബചതുർഭാഗം (ഒഴക്ക്), കുഡുബാഷ്ടഭാഗം (ആഴക്ക്) എന്നീ താപ്പുകളും ഉണ്ടാക്കിക്കണം.

എൺപത്തിനാലു കുഡുബം
വാരകം നെയ്യളപ്പതിൽ,
എണ്ണയ്ക്കറുപത്തും നാലും—
പാദം ഘടിക രണ്ടിനും.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, തുലാമാനപൌതവമെന്ന പത്തൊമ്പതാമദ്ധ്യായം.**

---

## ഇരുപതാം അദ്ധ്യായം.

### മുപ്പത്തെട്ടാം പ്രകരണം.

### ദേശകാലമാനം.

മാനാദ്ധ്യക്ഷൻ ദേശകാലങ്ങളുടെ (ഭൂമിയുടേയും സമയത്തിന്റേയും) മാനത്തെ അറിയണം.

എട്ടു പരമാണുക്കൾ രഥചക്രവിപ്രുട്ട് (തേർച്ചക്രത്തിൽനിന്നു ചിതറുന്ന പൊടി); അവയെട്ടുകൂടിയതു ലി

ക്ഷ; ലിക്ഷ എട്ടുകൂടിയതു യൂകാമദ്ധ്യം; യൂകാമദ്ധ്യം എട്ടു കൂടിയതു യവമദ്ധ്യം; എട്ടു യവമദ്ധ്യം അംഗുലം അല്ലെങ്കിൽ മദ്ധ്യവലുപ്പമുള്ള പുരുഷന്റെ മദ്ധ്യമാംഗുലിയുടെ മദ്ധ്യപ്രകർഷം (നടുവലുപ്പം) അംഗുലം.

നാലംഗുലംകൂടിയതു ധനുർഗ്രഹം; എട്ടംഗുലം കൂടിയതു ധനുർമുഷ്ടി; പന്ത്രണ്ടംഗുലംകൂടിയതു വിതസ്തി. അതുതന്നെ ഛായാപൌരുഷവും *. പതിനാലംഗുലം കൂടിയതിന്നു ശമം, ശലം, പരിരയം, പദം എന്നിങ്ങനെ പര്യായങ്ങൾ.

രണ്ടു വിതസ്തി അരത്നി. അതത്രേ പ്രാജാപത്യം (പ്രജാപതിസമ്മതം) ആയ ഹസ്തം. ഒരു ധനുർഗ്രഹം കൂടി കൂടിയ പ്രാജാപത്യഹസ്തമാണ് പൌതവമാനത്തിലും വിവീതമാനത്തിലും കണക്കാക്കുന്ന ഹസ്തം §. ഒരു ധനുർമുഷ്ടിയുംകൂടി കൂടിയ പ്രാജാപത്യഹസ്തമാകുന്നു കിഷ്കു അല്ലെങ്കിൽ കംസം.

നാല്പത്തിരണ്ടംഗുലംകൂടിയതു തക്ഷഹസ്തം (ആശാരിക്കോൽ); അതാണ് ക്രാകചികന്മാരുടെ (വാൾകൊണ്ടു മരമീരുന്നവരുടെ) കിഷ്കു (കോൽ). സ്കന്ധാവാരം, ദുർഗ്ഗം, രാജപരിഗ്രഹം (കോവിലകം) എന്നിവയുടെ അളവിന്നുള്ള കോലും അതുതന്നെ. അമ്പത്തിനാലംഗുലം കൂടിയതാണ് കുപ്യവനഹസ്തം (കുപ്യവനം സംബന്ധിച്ച അളവുകോൽ).

എൺപത്തിനാലംഗുലം കൂടിയതു വ്യാമം (മാറ്). ഇതുകൊണ്ടാണ് രജ്ജുമാനവും (കയറിന്റെ അളവ്) ഖാ

---

* ഛായാപൌരുഷം = ശങ്കുപ്രമാണം. ആളുടെ നിഴൽ തന്നിൽത്തന്നെ ഒതുങ്ങുന്ന വലുപ്പം.

§ മരമളക്കുന്നതിലും കന്നുകാലിമേച്ചിൽസ്ഥലമളക്കുന്നതിലും സ്വീകരിക്കേണ്ടതു് ഈ ഹസ്തമാണെന്നർത്ഥം

ത പൌരുഷമാനവും (കഴി താഴ്ത്തുന്നതിലെ ആളളവ്)കണ ക്കാക്കുന്നത്.

നാലരത്നികൂടിയതു ദണ്ഡം. അതിന്നു ധനുസ്സ്, നാളിക, പൌരുഷം എന്നിവ പര്യായങ്ങളാം. ഗാർഹപത്യമായ (വിശ്വകർമ്മാവിൻെറ മതപ്രകാരമുള്ള) ധനുസ്സ് ഒരു നൂറെറട്ടംഗുലമത്രെ. അതാണ് വഴിയുടേയും മതിലിൻെറയും അളവിന്നുപയോഗിക്കുന്നത്. അഗ്നിചയന കാര്യങ്ങളിൽ കണക്കാക്കുന്ന പൌരുഷവും (പുരുഷമാനം) അതുതന്നെ.

ആറുകംസം (നൂററിതൊണ്ണൂററിരണ്ടംഗുലം) കൂടിയതാണ് ബ്രഹ്മദേയം (ശ്രോത്രിയന്മാൎക്ക് ദാനംചെയ്യുന്ന നിലം), ആതിഥ്യം (അതിഥികൾക്കുള്ള സത്രം മുതലായതു) എന്നിവ അളക്കുന്നതിന്നുള്ള ദണ്ഡം.

പത്തുദണ്ഡം ഒരു രജ്ജു; രണ്ടു രജ്ജു ഒരു പരിദേശം; മൂന്നു രജ്ജു ഒരു നിവൎത്തനം.

ഒരു ഭാഗത്തുമാത്രം രണ്ടുദണ്ഡ് അധികമായിട്ടുള്ള നിവൎത്തനം (അതായതു മുപ്പത്തിരണ്ടു ദണ്ഡു നീളവും മുപ്പതു ദണ്ഡു വീതിയുമുള്ള സ്ഥലം) ബാഹു; രണ്ടായിരം വില്ലു ഒരു ഗോരുതം; നാലു ഗോരുതം ഒരു യോജന.—ഇങ്ങനെ ദേശമാനം പറഞ്ഞു കഴിഞ്ഞു.

ഇനി കാലമാനം പറയുന്നു. ത്രുടി, ലവം, നിമേഷം, കാഷ്ഠ, കല, നാളിക, മുഹൂൎത്തം, പൂൎവ്വഭാഗം, അപരഭാഗം, പകൽ, രാത്രി, പക്ഷം, മാസം, ഋതു, അയനം, സംവത്സരം, യുഗം എന്നിങ്ങനെ കാലങ്ങളാം.

നിമേഷത്തിൻെറ നാലിലൊരുഭാഗം ത്രുടി; രണ്ടു ത്രുടി ലവം; രണ്ടു ലവം നിമേഷം; അഞ്ചുനിമേഷം കാഷ്ഠ; മുപ്പതുകാഷ്ഠ കല; നാല്പതുകല നാളിക. അതല്ലെങ്കിൽ നാലു മാഷത്തൂക്കം സ്വൎണ്ണം അടിച്ചുനീട്ടി നാലംഗുലം നീളമുള്ള ശലാകയാക്കി അതു കൊള്ളത്തക്ക ദ്വാരത്തിൽ ഒരു കുടം

ളുളച്ചാൽ ആ ദ്വാരത്തിലൂടെ നാലാഢകം വെള്ളം വാൎന്നു പോകുവാൻ എത്ര സമയം വേണമോ അത്ര സമയമാണ് ഒരു നാളിക.

രണ്ടു നാളിക ഒരു മുഹൂൎത്തം. പതിനഞ്ചു മുഹൂൎത്തം ഒരു പകൽ. രാത്രിയും അങ്ങനെതന്നെ. ഇങ്ങനെ പകലും രാത്രിയും പതിനഞ്ചു മുഹൂൎത്തങ്ങളായിട്ടു വരുന്നതു ചൈത്രമാസത്തിലും ആശ്വയുജമാസത്തിലും മാത്രമാകുന്നു. അതിനുമേൽ ആറുമാസം കാലം പകലോ രാത്രിയോ രണ്ടിലൊന്നു മൂന്നു മുഹൂൎത്തം കൂടിയോ കുറഞ്ഞോ ഇരിക്കും.

ഛായ എട്ടു പൌരുഷമാനം (തൊണ്ണൂറ്റാറംഗുലം) ആയി നില്ക്കുമ്പോൾ പകലിന്റെ പതിനെട്ടിലൊരംശം കഴിഞ്ഞിരിക്കും. ആറു പൌരുഷമാനം (എഴുപത്തിരണ്ടംഗുലം) നിഴലാകുമ്പോൾ പതിനാലിലൊരു ഭാഗം കഴിയും. നാലു പൌരുഷമാനം (നാല്പത്തെട്ടംഗുലം) ആകുമ്പോൾ എട്ടിലൊരു ഭാഗം കഴിയും. രണ്ടു പൌരുഷമാനം (ഇരുപത്തിനാലംഗുലം) ആകുമ്പോൾ ആറിലൊരു ഭാഗം കഴിയും. ഒരു പൌരുഷമാനം (പന്ത്രണ്ടംഗുലം) ആകുമ്പോൾ നാലിലൊരു ഭാഗം കഴിയും. എട്ടംഗുലം നിഴലാകുമ്പോൾ ത്രയോദശഭാഗം (പത്തിൽ മൂന്നുഭാഗം) കഴിയും. നാലംഗുലം നിഴലാകുമ്പോൾ എട്ടിൽ മൂന്നുഭാഗം കഴിയും. നിഴൽ ഇല്ലാതെയാകുമ്പോൾ മദ്ധ്യാഹ്നമാകുന്നു.

ഇങ്ങനെതന്നെ മദ്ധ്യാഹ്നശേഷമുള്ള പകലിനേയും അറിയേണ്ടതാണ്.

ആഷാഢമാസത്തിൽ മദ്ധ്യാഹ്നസമയത്തു നിഴൽ തീരെയുണ്ടാകയില്ല. അതിനു മേൽ ശ്രാവണം മുതൽക്കുള്ള ആറുമാസങ്ങളിൽ * മാസം രണ്ടംഗുലം വീതം മദ്ധ്യാഹ്ന

* ശ്രാവണം, പ്രോഷ്ഠപദം, ആശ്വിനം, കാൎത്തികം മാൎഗ്ഗശീൎഷം, പൌഷം എന്നിവയിൽ

ത്തിങ്കൽ നിഴൽകൂടികൂടി വരികയും, മാഘാദിമാസങ്ങളിൽ * മാസം രണ്ടംഗുലം വീതം കുറഞ്ഞുകുറഞ്ഞു വരികയും ചെയ്യും.

പതിനഞ്ച് അഹോരാത്രം കൂടിയതു പക്ഷം. സോമാപ്യായനം (ചന്ദ്രൻ വൎദ്ധിക്കുന്നത്) ശുക്ലപക്ഷം; സോമാവച്ഛേദനം (ചന്ദ്രൻ ക്ഷയിക്കുന്നതു) കൃഷ്ണപക്ഷം. രണ്ടുപക്ഷം കൂടിയതു മാസം.

മുപ്പതു് അഹോരാത്രം കൂടിയതു പ്രകൎമ്മമാസം (കൎമ്മകരന്മാൎക്കു ശമ്പളം കൊടുക്കുന്നതിൽ കണക്കാക്കുന്ന മാസം); മുപ്പതു അഹോരാത്രവും ഒരഹോരാത്രത്തിൽ പകുതിയും കൂടിയതു സൌരമാസം; പകുതികുറെ മുപ്പതു് അഹോരാത്രം കൂടിയതു ചാന്ദ്രമാസം; ഇരുപത്തെഴഹോരാത്രം കൂടിയതു നാക്ഷത്രമാസം; മുപ്പത്തിരണ്ടഹോരാത്രം കൂടിയതു മലമാസം (പടജ്ജനങ്ങൾക്കു ജീവിതം കൊടുക്കുന്നതിൽ കണക്കാക്കുന്ന മാസം); മുപ്പത്തഞ്ചഹോരാത്രം കൂടിയതു അശ്വവാഹമാസം (കുതിരപ്പണിക്കാൎക്കു ജീവിതം കണക്കാക്കുന്ന മാസം); നാല്പതഹോരാത്രം കൂടിയതു ഹസ്തിവാഹമാസം (ആനപ്പണിക്കാൎക്കു ജീവിതം കൊടുക്കുന്നമാസം)

രണ്ടുമാസങ്ങൾ കൂടിയതു ഋതു. ശ്രാവണവും പ്രോഷ്ഠപദവും വൎഷ ഋതു. ആശ്വയുജവും കാൎത്തികവും ശരദൃതു. മാൎഗ്ഗശീൎഷവും പൌഷവും ഹേമന്ത ഋതു. മാഘവും ഫാൽഗുനവും ശിശിര ഋതു. ചൈത്രവും വൈശാഖവും വസന്ത ഋതു. ജ്യേഷ്ഠവും ആഷാഢവും ഗ്രീഷ്മ ഋതു.

ശിശിരംമുതൽക്കുള്ള മൂന്നു ഋതുക്കൾ ഉത്തരായണം; വൎഷം തുടങ്ങിയുള്ളവ ദക്ഷിണായനം.

---

* മാഘം, ഫാൽഗുനം, ചൈത്രം, വൈശാഖം, ജ്യേഷ്ഠം എന്നിവയിൽ.

രണ്ടയനങ്ങൾ കൂടിയതു സംവത്സരം. അഞ്ചു സംവത്സരങ്ങൾ കൂടിയതു യുഗം.

ദിനമതിലറുപതിലൊരു കൂ-
റാദിത്യൻ സംഹരിപ്പിതതുമൂലം
ഋതുതോറുമേറുമോരോ-
ദിവസമിതേ മട്ടു ചന്ദ്രനും ചെയ്യും.

ഇങ്ങനെ രണ്ടരയാണ്ടുകൾ
കൂടുമ്പോൾ വന്നിടുന്നിതധിമാസം
ഗ്രീഷ്മത്തിലാദിമം വരു-
മഞ്ചാം വർഷത്തിനൊടുവിൽ മറ്റേതും.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ദേശകാലമാനമെന്ന ഇരുപതാമദ്ധ്യായം.**

---

## ഇരുപത്തൊന്നാം അദ്ധ്യായം.

---

### മുപ്പത്തൊമ്പതാം പ്രകരണം.
### ശുല്ക്കാദ്ധ്യക്ഷൻ.

ശുല്ക്കാദ്ധ്യക്ഷൻ മഹാദ്വാരത്തിന്റെ സമീപത്തു കിഴക്കോട്ടോ വടക്കോട്ടോ മുഖമായിട്ടു ശുല്ക്കശാല (ചുങ്കപ്പുര) സ്ഥാപിക്കുകയും, അവിടെ കൊടി നാട്ടുകയും വേണം.

ശുല്ക്കശാലയിൽ നാലോ അഞ്ചോ ശുല്ക്കാദായികൾ (ചുങ്കപ്പിരിവുകാർ) ഇരുന്നു ചരക്കു കൊണ്ടുവന്ന വണിക്കുകളുടെ വിവരം എഴുതണം. അവർ ആരാണു്, എവിടത്തുകാരാണു്, ചരക്കു് എത്രയുണ്ടു്, എവിടെയാണു് അടയാളമുദ്രയടിച്ചതു് എന്നീ വിവരങ്ങളൊക്കെ എഴുതേണ്ടതു്.

മുദ്രയില്ലാതെ ചരക്കുകൾ കൊണ്ടുവന്നവൎക്കു് അവര ടയ്ക്കേണ്ടും സംഖ്യയുടെ ഇരട്ടി അത്യയം വിധിക്കണം. കള്ളമുദ്രയടിച്ചവൎക്കു ശുല്കത്തിന്റെ എട്ടിരട്ടി ദണ്ഡം. ഭിന്നമുദ്രന്മാൎക്കു് മൂന്നു നാഴികനേരം ശുല്കശാലയിൽ തടഞ്ഞു നിറുത്തുകയാണു് ശിക്ഷ *. രാജമുദ്രയെ മാററുകയോ പേർ മാററിമേച്ചുക്കുകയോ ചെയ്താൽ ഒന്നേകാൽ പണം വാഹനം (ഒരുതരം പിഴ) അടയ്ക്കണം.

കച്ചവടക്കാർ ചരക്കുകൾ ധ്വജമൂലത്തിങ്കൽ വച്ചിട്ടു് അതിന്റെ പ്രമാണവും വിലയും വിളിച്ചു പറയണം:— "ഈ ചരക്കിന്നു് ഇന്ന വിലയാണു്, വാങ്ങാനാളുണ്ടോ" എന്നു മൂന്നുവട്ടം വിളിച്ചു ചോദിച്ചിട്ടു ആവശ്യപ്പെടുന്നവൎക്കു കൊടുക്കണം. കോളുകാർ വളരെപ്പേർ വന്നു തിരക്കുകൂട്ടുന്നതായാൽ വില കയററിക്കൊള്ളുക. അങ്ങനെ കയററിയ സംഖ്യ ശുല്കത്തോടുകൂടി രാജാവിന്റെ കോശത്തിൽ അടയ്ക്കണം.

ശുല്കത്തെ ഭയപ്പെട്ടു പണ്യപ്രമാണമോ വിലയോ കുറച്ചു പറഞ്ഞാൽ ആ "പറഞ്ഞതിൽ കൂടുതലായിട്ടുള്ളതു രാജാവു് ഹരിക്കണം; അല്ലെങ്കിൽ ആ കുറച്ചു പറഞ്ഞവൻ കണക്കപ്രകാരമുള്ളതിന്റെ എട്ടിരട്ടി ശുല്കം അടയ്ക്കണം. കെട്ടിവച്ചിട്ടുള്ള ചരക്കിൽനിന്നു ഹീനമായതിനെ പ്രതിവൎണ്ണക (മാതൃക) മായിക്കാട്ടി അപകൎഷണം ചെയ്കയോ, സാരഭാണ്ഡത്തെ ഫൽഗുഭാണ്ഡംകൊണ്ടു മറയ്ക്കുകയോ ചെയ്താലും ദണ്ഡം അതുതന്നെ §

* "ഘടികാസ്ഥാനസ്ഥാനം" എന്നു മൂലം. ഇതിനു ഘടികാസ്ഥാനത്തിങ്കൽ നിറുത്തുക എന്നും ചിലർ അൎത്ഥമാക്കുന്നുണ്ടു്. ഘടികാസ്ഥാനമെന്നാൽ സമയം അറിയുന്നവരെ നിറുത്തുന്ന സ്ഥാനമത്രേ.

§ മാതൃക കാണിച്ചതിനെക്കാൾ മൂടിവച്ചതിനു കൂടുതലായി കിട്ടുന്ന വിലയോ, അല്ലാത്തപക്ഷം എട്ടിരട്ടി ശുല്കമോ കെട്ടിക്കണമെന്നൎത്ഥം.

പ്രതിക്രേതാവിനെ (എതിരായ കോളുകാരനെ) ഭയപ്പെട്ടു ചരക്കിന്നു സ്വാഭാവികയുള്ള വിലയിൽ കവിഞ്ഞ വില പറഞ്ഞാൽ ആ വർദ്ധിച്ച വില രാജാവു ഹരിക്കണം; അല്ലാത്തപക്ഷം ആ ചരക്കിന്മേൽ ഇരട്ടി ശുൽക്കം വസൂലാക്കണം.

മേൽപ്രകാരം വണിക്കുകൾ ചെയ്യുന്ന തെററുകളെ അധ്യക്ഷൻ മൂടിവച്ചാൽ അതുതന്നെ (മൂടിവച്ചതുമൂലം വരുന്ന നഷ്ടം) എട്ടിരട്ടി കെട്ടിക്കുകയാണ് അധ്യക്ഷന്നു ശിക്ഷ.

ആകയാൽ, ചരക്കുകൾ നല്ലവണ്ണം തൂക്കിയോ അളന്നോ എണ്ണിയോ വേണം വിക്രയം ചെയ്വാൻ. ഫൽഗുഭാണ്ഡങ്ങൾക്കും ആനുഗ്രാഹികങ്ങൾ (ശുൽക്കമൊഴിവാക്കിയ ചരക്കുകൾ)ക്കും തക്കം (മതിപ്പുവില) നിശ്ചയിക്കാം.

ശുൽക്കം തീർക്കാതെ ധ്വജമൂലം കടന്നു പോയവർക്ക് അവരടയ്ക്കേണ്ടുന്ന ശുൽക്കത്തിന്റെ എട്ടിരട്ടി ദണ്ഡം. അങ്ങനെ പോയവരുടെ വിവരം പഥികരും (നഗരത്തിലേക്കു വരുന്നവർ) ഉൽപഥികരും (നഗരത്തിൽനിന്നു പോകുന്നവർ) * അറിയണം.

വൈവാഹികം, അന്വായനം (കുടിപോകുമ്പോൾ കൊണ്ടുപോകുന്നതു്), ഔപായനികം, യജ്ഞകൃത്യം (യജ്ഞത്തിന്നു കൊണ്ടുപോകുന്നതു്), പ്രസവനൈമിത്തികം, ദേവപൂജാർത്ഥം, ചൗളോപനയനഗോദാനവ്രതദീക്ഷിണാദികളായ ക്രിയാവിശേഷങ്ങൾക്കുവേണ്ടി കൊണ്ടുപോകുന്നതു് എന്നിങ്ങനെയുള്ള ഭാണ്ഡങ്ങൾ ശുൽക്കം കൂടാതെ വിട്ടയയ്ക്കണം. ആ വക ആവശ്യങ്ങൾക്കു കൊണ്ടുപോകു

* പഥികോൽപഥികവേഷധാരികളായ ഗൂഢപുരുഷന്മാരുടെ സഹായം.

ന്നതാണെന്നു വ്യാജം പറയുന്നവന്നു സ്തേയദണ്ഡം (കളവിനുള്ള ദണ്ഡം) വിധിക്കുകയും വേണം.

ശുൽക്കം തീൎന്ന ചരക്കോടുകൂടി ശുൽക്കം തീൎക്കാത്തതു കടത്തിക്കൊണ്ടുപോകുന്നവന്നും, ഒരു മുദ്രകാണിച്ചു രണ്ടാമതൊരു ചരക്കുകൂടി കടത്തുന്നവന്നും, പണ്യപുടം ഭേദിച്ചു മുദ്രയില്ലാത്തവയെ മുദ്രയുള്ളതിനോടുചേൎത്തു അപഹരിക്കുന്നവന്നുമായ വണിക്കിന്നു അങ്ങനെ അപഹരിക്കുന്ന ചരക്കും പുറമെ അത്രയും അടപ്പിക്കുകയാണു ദണ്ഡം.

ശുൽക്കസ്ഥാനത്തുനിന്നു ഗോമയപലാലം (ചാണകവും വയ്ക്കോലും) പ്രമാണമാക്കിയിട്ട് * പണ്യഭാണ്ഡത്തെ അപഹരിക്കുന്നവന്ന് ഉത്തമസാഹസം ദണ്ഡം.

രാജാവിനാൽ നിരോധിക്കപ്പെട്ട ശസ്ത്രം, വൎമ്മം, കവചം, ലോഹം, രഥം, രത്നം, ധാന്യങ്ങൾ, പശുക്കൾ എന്നിവയിലേതെങ്കിലും കടത്തിക്കൊണ്ടുപോകുന്നവന്നു യഥാവഘൂഷിതമായ (പറയടിച്ചറിയിച്ച പ്രകാരമുള്ള) ദണ്ഡം വിധിക്കുകയും, അവൻ കൊണ്ടുപോകുന്നതിനെ പിടിച്ചടക്കുകയും വേണം. ആവക ചരക്കുകളിലേതെങ്കിലും ദേശാന്തരത്തിങ്കൽനിന്നു കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതു കോട്ടയ്ക്കുപുറത്തുവച്ചുതന്നെ ശുൽക്കംകൂടാതെ വില്പിക്കയും വേണം.

അന്തപാലൻ പണ്യവഹനത്തിന്നു (ചരക്കേറിയ ഭാരവണ്ടിക്കു) ഒന്നേകാൽപ്പണവും, ഒറ്റക്കുളമ്പുള്ള ജന്തുക്കൾക്ക് ഒരു പണവും, പശുക്കൾക്ക് അരപ്പണവും, ക്ഷുദ്രപശുക്കൾക്കു കാൽപ്പണവും, അംസഭാരത്തിന്നു (തലച്ചുമടിന്നു) ഒരു മാഷകവും വീതമുള്ള വൎത്തനി (മാൎഗ്ഗശുൽക്കം)

* ചാണകവും വയ്ക്കോലും മീതെയിട്ടു സാരമായ പണ്യത്തെ ഒളിച്ചിട്ടു എന്നു സാരം.

വസൂലാക്കണം. നഷ്ടമോ അപഹൃതമോ ആയ പണ്യത്തെ അന്തപാലൻ പ്രതിവിധാനം ചെയ്കയും വേണം. *

വിദേശത്തുനിന്നു വന്ന വണിക്കുകളെ, അവർ കൊണ്ടുവന്ന സാരഫൽഗുഭാണ്ഡങ്ങൾ വേർതിരിച്ച്, അടയാളവും മുദ്രയും നൽകി, അന്തപാലൻ അദ്ധ്യക്ഷന്റെ അടുക്കലേയ്ക്കയയ്ക്കണം. അതല്ലെങ്കിൽ വൈദേഹകവ്യഞ്ജനൻ (വണിഗ്വേഷധാരിയായ ഗൂഢപുരുഷൻ) വിദേശത്തുനിന്നു വന്ന കച്ചവടക്കാരുടെ എണ്ണം രാജാവിനെ അറിയിക്കണം. ആ ഉപദേശമനുസരിച്ച് രാജാവ്, ശുൽക്കാദ്ധ്യക്ഷനു താൻ സർവ്വജ്ഞനാണെന്നു തോന്നിക്കുവാൻവേണ്ടി വിദേശത്തുനിന്നു വന്ന കച്ചവടക്കാരുടെ എണ്ണം അറിവുകൊടുക്കണം. അനന്തരം അദ്ധ്യക്ഷൻ ആ വന്നവരുടെ അടുത്തുചെന്നു "നിങ്ങളിൽ ഇന്നിന്നവന്റെ കയ്യിൽ ഇന്നിന്ന സാരഭാണ്ഡവും ഫൽഗുഭാണ്ഡവുമുണ്ട്. ഒന്നും മറച്ചുവയ്ക്കേണ്ട. രാജാവിനു ഇങ്ങനെ ഒരു പ്രഭാവം (പരോക്ഷജ്ഞാനശക്തി) ഉണ്ട്" എന്നു പറയണം.

ഫൽഗുഭാണ്ഡത്തെ നിഗ്രഹനം ചെയ്യുന്ന വണിക്കിനു ശുൽക്കത്തിന്റെ എട്ടിരട്ടി ദണ്ഡം; സാരഭാണ്ഡത്തെ നിഗ്രഹനം ചെയ്യുന്നവന്റെ സർവ്വഭാണ്ഡവും പിടിച്ചടക്കുകയും വേണം.

> നാട്ടിനനർത്ഥപ്രദവും
> ഫലഹീനവുമാം ചരക്കു തടയേണം
> ശുൽകമില്ലയ്ക്കണമുപകൃതി
> പെരിയ ചരക്കിന്നപൂർവ്വവിത്തിനുമേ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ശുൽക്കാദ്ധ്യക്ഷൻ എന്ന ഇരുപത്തൊന്നാമദ്ധ്യായം.

---

* കണ്ടുപിടിച്ചു കൊടുക്കുകയോ, കണ്ടുകിട്ടാത്തപക്ഷം കയ്യാൽ കൊടുക്കുകയോ വേണമെന്നർത്ഥം.

# ഇരുപത്തിരണ്ടാം അദ്ധ്യായം.

## ശുൽകവ്യവഹാരം.

ബാഹ്യം, ആഭ്യന്തരം, ആതിത്ഥ്യം * എന്നിങ്ങനെയാണു് ശുൽകവ്യവഹാരം. നിഷ്ക്രാമ്യം (പുറത്തേക്കു കൊണ്ടുപോകുമ്പോൾ കൊടുക്കേണ്ടതു്), പ്രാവേശ്യം (അകത്തേക്കു കൊണ്ടുവരുമ്പോൾ കൊടുക്കേണ്ടതു്) എന്നിവയാണു് ശുൽകം.

പ്രവേശ്യങ്ങൾക്കു ശുൽകം വിലയുടെ അഞ്ചിലൊരു ഭാഗമാകുന്നു. എന്നാൽ പുഷ്പം, ഫലം, ശാകം, മൂലം, കന്ദം, വാല്ലിക്യം (വല്ലീഫലം), വിത്തു്, ഉണക്കിയ മത്സ്യമാംസങ്ങൾ എന്നിവക്കു വിലയുടെ ആറിലൊന്നാണു് ശുൽകം.

ശംഖം, വജ്രം, മണി, മുത്തു്, പവിഴം, ഹാരം എന്നിവയുടെ ശുൽകം അവയുടെ കർമ്മവും പ്രമാണവും കാലവും വേതനവും ഫലനിഷ്പത്തിയുമറിയുന്ന വിദഗ്ദ്ധന്മാരെക്കൊണ്ടു മതിപ്പിച്ചു തീരുമാനിക്കേണം.

ക്ഷൗമം (വെളുക്കൻ പട്ടു), ദുകൂലം (നേരിയപട്ടു്), കൃമിതാനം, കങ്കടം (ഉരശ്ഛദം), ഹരിതാലം, മനശ്ശില, ചായില്യം, അഞ്ജനം, ലോഹം, വർണ്ണധാതു എന്നിവക്കും ചന്ദനം, അകിലു്, കടുകം (മുളകു്), കിണ്വം, ആവരണം എന്നിവക്കും ന്ര, ദന്തം (ആനക്കൊമ്പു്), അജിനം, ക്ഷൗമദുകൂലനികരങ്ങൾ (ക്ഷൗമത്തിന്നും ദുകൂലത്തിന്നും വേണ്ട നൂലുകൾ), ആസ്തരണം, പ്രാവരണം, കൃ

---

* ബാഹ്യമെന്നാൽ കോട്ടയ്ക്കു പുറത്തുനിന്നു വരുന്ന ചരക്കുകളെ സംബന്ധിച്ചതും, ആഭ്യന്തരം കോട്ടയ്ക്കകത്തുണ്ടാകുന്നവയെ സംബന്ധിച്ചതും, ആതിത്ഥ്യം വിദേശത്തുനിന്നു വരുന്നവയെ സംബന്ധിച്ചതുമാകുന്നു.

മിജാതം (പുഴുനൂൽപ്പട്ട്) എന്നിവയ്ക്കും അജൈളക (ആട്ടുരോമംകൊണ്ടും ഏഴകത്തിൻ രോമംകൊണ്ടും നെയ്ത കരിമ്പടം)ത്തിനും വിലയുടെ പത്തിലൊന്നോ പതിനഞ്ചിലൊന്നോ ആണ് ശുൽക്കം.

വസ്ത്രം, ചതുഷ്പദം, ദ്വിപദം, സൂത്രം (നൂല്), കാർപ്പാസം, ഗന്ധദ്രവ്യം, ഭൈഷജ്യം (ഔഷധം), കാഷ്ഠം (മരം), വേണു, വൽക്കലം (മരവുരി), ചർമ്മം, മൃൽഭാണ്ഡം (മൺപാത്രം) എന്നിവയ്ക്കും ധാന്യസ്നേഹക്ഷാരലവണങ്ങൾക്കും മദ്യം, പക്വാന്നം മുതലായവയ്ക്കും വിലയുടെ ഇരുപതിലൊന്നോ ഇരുപത്തഞ്ചിലൊന്നോ ആണ് ശുൽക്കം.

ശുൽക്കത്തിൽ അഞ്ചിലൊരുഭാഗം ദ്വാരത്തിങ്കൽ വച്ച് അന്തപാലൻ വസൂലാക്കണം. അതു് അവയെക്കൊണ്ടുള്ള ദേശോപകാരമനുസരിച്ച് ആനുഗ്രാഹികമാക്കി സ്ഥാപിക്കുകയുമാകാം.

ജാതിഭൂമികളിൽ (ഉൽപത്തിസ്ഥലങ്ങളിൽ)വച്ച് പണ്യങ്ങളൊന്നും വിൽക്കുവാൻ പാടില്ല. ഖനികളിൽനിന്നു ധാതുക്കളോ പണ്യങ്ങളോ വാങ്ങിയാൽ അറുനൂറുപണം ദണ്ഡം. പുഷ്പഫലവാടങ്ങളിൽനിന്നു പുഷ്പങ്ങളും ഫലങ്ങളും വാങ്ങിയാൽ അമ്പത്തിനാലുപണം ദണ്ഡം. ഷണ്ഡങ്ങളിൽ (തോട്ടങ്ങൾ)നിന്നു ശാകമോ മൂലമോ കന്ദമോ വാങ്ങിയാൽ കാൽക്കുറെ അയ്മ്പത്തിരണ്ടു പണം ദണ്ഡം. എല്ലാവക സസ്യങ്ങളും അവയുണ്ടാകുന്ന ക്ഷേത്രങ്ങളിൽനിന്നു വാങ്ങിയാൽ അയ്മ്പത്തിമൂന്നു പണം ദണ്ഡമുണ്ട്; എന്നാൽ നെല്ലു കളത്തിൽച്ചെന്നു വാങ്ങിയാൽ കൊള്ളുന്നവന്ന് ഒരു പണവും വിൽക്കുന്നവനു ഒന്നരപ്പണവും സീതാത്യയം (സീതാസംബന്ധിയായ പിഴ) വിശേഷവിധിയായും ഉണ്ട്.

പുത്തും പഴയതുമാകിയ
പണ്യത്തിൽദ്ദേശജാതിമുറപോലെ
ശുൽകവുമപരാധത്തിനു
ഛേദവും പിഴയും പിരിച്ചുകൊള്ളേണം.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ശുൽക്കാദ്ധ്യക്ഷൻ— ശുൽക്കവ്യവഹാരം എന്ന ഇരുപത്തിരണ്ടാമദ്ധ്യായം.**

# ഇരുപത്തിമൂന്നാം അദ്ധ്യായം.

---

## നാല്പതാം പ്രകരണം.

## സൂത്രാദ്ധ്യക്ഷൻ.

സൂത്രാദ്ധ്യക്ഷൻ (നൂൽനൂല്പും നെയ്ത്തും സംബന്ധിച്ച അദ്ധ്യക്ഷൻ) സൂത്രം (നൂൽ), വർമ്മം, വസ്ത്രം, രജ്ജു (കയറ്) എന്നിവയുടെ വ്യവഹാരത്തെ തദ്വിഷയത്തിൽ നിപുണന്മാരായ പുരുഷന്മാരെക്കൊണ്ടു ചെയ്യിക്കണം.

ഊർണ്ണ (രോമം), വൽക്കം (നാര്), കാർപ്പാസം, തൂലം (പഞ്ഞി), ശണം (ചണ), ക്ഷൌമം എന്നിവയെ വിധവകളെക്കൊണ്ടും ന്യംഗകളെ (അംഗവൈകല്യമുള്ള സ്ത്രീകൾ)ക്കൊണ്ടും കന്യകമാരെക്കൊണ്ടും പ്രവ്രജിതമാരെക്കൊണ്ടും ദണ്ഡപ്രതികാരിണികളെ (തടവുകാരികൾ)ക്കൊണ്ടും വൃദ്ധകളായ വേശ്യകളെക്കൊണ്ടും ദേവാലയോപസ്ഥാനം മാറിയ ദേവദാസികളെക്കൊണ്ടും നൂൽപ്പിക്കണം.

അവർ നൂൽക്കുന്ന നൂലു ശ്ലക്ഷ്ണമോ (നേരിയതു്) സ്ഥൂലമോ (പരുത്തതു്) മദ്ധ്യമോ (ഇടത്തരം) എന്ന സംഗതിയും സൂത്രത്തിന്റെ ബാഹുല്യതയും നോക്കിയറിഞ്ഞു് അവൎക്കു വേതനം കല്പിക്കണം. അതുവണ്ടാക്കുന്ന നൂ

ലിന്റെ പ്രമാണം നോക്കി എണ്ണയും ആമലകോദ്വർത്തനവും (തലയിൽ തേക്കുവാനുള്ള നെല്ലിക്ക) കൊടുത്തു് അവരെ അനുഗ്രഹിക്കുകയും വേണം.

വിശേഷദിവസങ്ങളിൽ പ്രതിപാദനവും (സമ്മാനദാനം) മാനവും (സൽക്കാരം) ചെയ്തു് അവരെക്കൊണ്ടു വേല ചെയ്യിക്കണം. നൂലിനു ഹ്രാസം (കുറവു) വരികിൽ അതിന്റെ വിലയ്ക്കു തക്കവണ്ണം വേതനവും കുറയ്ക്കണം.

വസ്ത്രത്തിന്റെ കർമ്മം (തരം), പ്രമാണം (വലുപ്പം), കാലം, വേതനം, ഫലനിഷ്പത്തി എന്നിവ പറഞ്ഞു നിശ്ചയിച്ചു് കാരുക്കളെ (നെയ്ത്തുതൊഴിലുകാർ) കൊണ്ടു് അധ്യക്ഷൻ നെയ്ത്തുപണി ചെയ്യിക്കണം. അവരുമായി അധ്യക്ഷൻ പ്രതിസംസർഗ്ഗം (സഖ്യം) പ്രാപിക്കുകയും വേണം.

അവരെക്കൊണ്ടു ക്ഷൌമം, ദുകൂലം, കൃമിതാനം, രാങ്കവം (രങ്കു എന്ന മാനിന്റെ രോമം), പരുത്തി എന്നിവ നൂൽക്കുന്നതും നെയ്യുന്നതുമായ കർമ്മാന്തങ്ങൾ നടത്തിക്കുകയും, അവരെ ഗന്ധമാല്യദാനങ്ങളെക്കൊണ്ടും മററുള്ള ഉപഗ്രാഹികങ്ങളെക്കൊണ്ടും ആരാധിച്ചു് പലതരത്തിലുള്ള വസ്ത്രങ്ങളും ആസ്തരണങ്ങളും പ്രാവരണങ്ങളും ഉണ്ടാക്കിക്കുകയും വേണം. കങ്കടികകർമ്മാന്തങ്ങൾ (ചട്ടയുടെ പണികൾ) അറിയുന്ന കാരുശില്പികളെക്കൊണ്ടു് അവയും ചെയ്യിക്കണം.

അനിഷ്കാസിനികളും (വീട്ടിൽനിന്നു പുറത്തിറങ്ങാത്തവർ) പ്രോഷിതവിധവകളും (ഭർത്താവു ദേശാന്തരം പോയവർ) ന്യംഗകളും കന്യകകളുമായ യാവചില സ്ത്രീകൾ സ്വപ്രയത്നത്താൽ ഉപജീവനം കഴിക്കേണ്ടവരായിട്ടുണ്ടോ അവരെ അധ്യക്ഷൻ സ്വദാസികൾമുഖേന അനുസരിപ്പിച്ചു പ്രീതിപ്പെടുത്തി അവരെക്കൊണ്ടു നൂൽനൂല്പുപണി ചെയ്യിക്കണം. അവർ നൂററുണ്ടാക്കിയ നൂലുകൊണ്ടു പ്രഭാത

സമയത്തു സൂത്രശാലയിൽ വന്നാൽ അധ്യക്ഷൻ ഭാണ്ഡവേതനവിനിമയം (നൂററ നൂലും അതിന്റെ കൂലിയും കൈമാററം ചെയ്തു) ചെയ്യണം. അപ്പോഴും സൂത്രപരീക്ഷയ്ക്കു മാത്രം വേണ്ട വിളക്കേ ഉണ്ടാകാവൂ. അധ്യക്ഷൻ നൂലും കൊണ്ടുവന്ന സ്ത്രീയുടെ മുഖത്തു നോക്കുകയോ അന്യകാര്യത്തെക്കുറിച്ചു സംസാരിക്കുകയോ ചെയ്താൽ പൂർവ്വസാഹസം ദണ്ഡം; വേതനദാനകാലം വൈകിച്ചാൽ മധ്യമസാഹസം ദണ്ഡം. എടുക്കാത്ത പണിക്കു കൂലികൊടുത്താലും ദണ്ഡം അതുതന്നെ.

വേതനം വാങ്ങിയിട്ടു പ്രവൃത്തി നടത്താത്ത സ്ത്രീയുടെ അംഗുഷ്ഠസന്ദംശം (പെരുവിരലിന്റെ അഗ്രം) വെട്ടിക്കളയണം. കൂലിവാങ്ങി ഭക്ഷിച്ചോ അപഹരിച്ചോ ഒളിച്ചോടിയോ പോകുന്ന സ്ത്രീകൾക്കും ശിക്ഷ അതുതന്നെ. കർമ്മകരന്മാർക്ക് അപരാധത്തിനു തക്കവണ്ണം വേതനങ്ങളിൽ ദണ്ഡം വിധിക്കുകയും വേണം.

രജ്ജുവർത്തകന്മാർ (കയറുപിരിക്കുന്നവർ), വർമ്മകാരന്മാർ (ചട്ട തുന്നുന്നവർ) എന്നിവരുമായി അധ്യക്ഷൻ അടുത്തു പെരുമാറുകയും, അവരെക്കൊണ്ടു വരത്രാ (കച്ചക്കയറ്) മുതലായ വസ്തുക്കൾ ഉണ്ടാക്കിക്കുകയും വേണം.

വാഹനത്തെപ്പൂട്ടുവാനും
വാഹത്തെക്കെട്ടുവാനുമായ്
നൂൽ, നാരു, ചൂരൽ, മുളയെ-
ന്നിവയാൽ തീർക്കണം കയർ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, സൂത്രാധ്യക്ഷൻ എന്ന
ഇരുപത്തിമൂന്നാമധ്യായം.

# ഇരുപത്തിനാലാം അദ്ധ്യായം.

## നാല്പത്തൊന്നാം പ്രകരണം

## സീതാധ്യക്ഷൻ.

സീതാധ്യക്ഷൻ (കൃഷ്യധ്യക്ഷൻ) കൃഷിതന്ത്രവും ഗുല്മവൃക്ഷായുർവ്വേദവും (ചെടികളും വൃക്ഷങ്ങളും നട്ടുണ്ടാക്കി പരിപാലിക്കുന്നതിനെക്കുറിച്ചുള്ള ശാസ്ത്രം) പഠിച്ചറിഞ്ഞവനായിട്ട് തജ്ജ്ഞന്മാരായവരെ ഇണക്കൂട്ടി എല്ലാവിധത്തിലുമുള്ള ധാന്യങ്ങൾ, പുഷ്പങ്ങൾ, ഫലങ്ങൾ, ശാകങ്ങൾ, കന്ദങ്ങൾ, മൂലങ്ങൾ, വാല്ലിക്യങ്ങൾ (വല്ലീഫലങ്ങൾ), ക്ഷൌമം, പരുത്തി എന്നിവയുടെ വിത്തുകളെ യഥാകാലം ശേഖരിക്കണം.

ആവക വിത്തുകൾ, വളരെ ചാല് ഉഴുതതായ സ്വഭൂമിയിൽ ദാസന്മാർ, കർമ്മകരന്മാർ, ദണ്ഡപ്രതികർത്താക്കൾ (തടവുകാർ) എന്നിവരെക്കൊണ്ട് വിതപ്പിക്കണം. അവർക്ക് കർഷണയന്ത്രങ്ങൾ, ഉപകരണങ്ങൾ, കന്നുകാലികൾ എന്നിവയെക്കൊണ്ടും കർമ്മാരൻ * (കരുവാൻ), കുട്ടാകൻ (ആശാരി), മേദകൻ $ (വട്ടികൊട്ടകൾ മടയുന്നവൻ), രജ്ജുവർത്തകൻ, സർപ്പഗ്രാഹൻ മുതലായവരെക്കൊണ്ടും അസംഗം (തടസ്ഥമില്ലായ്മ) വരുത്തുകയും വേണം. അവർ കർമ്മഫലത്തിന്നു ഹാനിവരുത്തിയാൽ നഷ്ടത്തിന്നു തക്കവണ്ണം ദണ്ഡം വിധിക്കണം.

ജാംഗലദേശങ്ങൾ (വെള്ളം കുറഞ്ഞ സ്ഥലങ്ങൾ)ക്കു പതിനാറു ദ്രോണവും, ആനൂപദേശങ്ങൾ (ജലപ്രായദേശങ്ങൾ)ക്ക് അതിൽ പകുതിയുമാണ് വർഷപ്രമാണം (വിളവു നന്നാവാൻ തക്ക മഴയുടെ അളവ്). ദേശവാപ

---

* ചർമ്മാരൻ എന്നു പാഠഭേദം. ആ പക്ഷത്തിൽ ചക്ലനെന്നർത്ഥം.

$ ഭേദകൻ എന്നു പാഠാന്തരം. ആ പക്ഷത്തിൽ നാശകനെന്നർത്ഥം.

ങ്ങൾക്കു വേണ്ട വൎഷപ്രമാണമാവിതു്:— അശ്മകദേശ(ആരട്ടദേശം)ത്തേക്കു പതിമ്മൂന്നര ദ്രോണം; അവന്തി (മാളവം) ദേശത്തേക്കു് ഇരുപത്തിമൂന്നു ദ്രോണം; അപരാന്ത (കൊങ്കണം) ദേശത്തേക്കു അമിതം (കണക്കില്ലാതെ); ഹൈമന്യങ്ങൾ (ഹിമാലയപ്രാന്തങ്ങൾ)ക്കും കല്യാവാപങ്ങൾ (തോട്ടുവെള്ളം തിരിച്ചു കൃഷിചെയ്യുന്ന ഭൂമികൾ)ക്കും കാലസ്ഥിതിയനുസരിച്ചു്. ¶

ആവശ്യമുള്ള വൎഷത്തിന്റെ മൂന്നിലൊരംശം പൂൎവ്വപശ്ചിമമാസങ്ങളിലും (ശ്രാവണകാൎത്തികമാസങ്ങളിൽ), ശേഷം രണ്ടംശങ്ങൾ ഇടയ്ക്കുള്ള രണ്ടു മാസങ്ങളിലും (പ്രൊഷ്ഠപദം, ആശ്വയുജം എന്നിവയിൽ) പെയ്യുന്നതാണു് സുഷമയുടെ (നല്ല സംവത്സരത്തിന്റെ) ലക്ഷണം.

അങ്ങനെയുള്ള നല്ല സംവത്സരത്തിന്റെ വരവു് ബൃഹസ്പതിയുടെ സ്ഥാനം (നില്പു്), ഗമനം (രാശ്യന്തര സംക്രമം) എന്നിവകൊണ്ടും, ഗൎഭാധാനം § കൊണ്ടും, ശുക്രന്റെ ഉദയം, അസ്തമയം (പാടു്), ചാരം ‡ എന്നിവ

---

* സന്നിധാനത്തിനിഷയകൎമ്മത്തിൽ പറഞ്ഞ വൎഷമാനകുണ്ഡത്തിൽ മഴപെയ്തുണ്ടായ വെള്ളം അളന്നാൽ എത്ര ദ്രോണം കാണുമോ അത്രയാണു് ദ്രോണപ്രമാണം.

¶ ഹൈമന്യങ്ങൾ എന്നതിനു ഹിമജലംകൊണ്ടു സസ്യങ്ങളുണ്ടാകുന്ന പ്രദേശങ്ങളെന്നും വ്യാഖ്യാനം കാണുന്നു.

§ ഗൎഭാധാനം=കാറും മുഴക്കവുമുണ്ടായി ഭ്രമിയുടെ ചിന്നൽ. ഇതു മാൎഗ്ഗശീൎഷാദികളായ ആറുമാസങ്ങളിലെ കൃഷ്ണപക്ഷപ്രതിപദം തുടങ്ങിയ നാലുദിവസങ്ങളിൽ മഞ്ഞു മുതലായതുണ്ടാവുകയാണു്. മാൎഗ്ഗശീൎഷത്തിലും പൌഷത്തിലും മഞ്ഞു, മാഘത്തിലും ഫാല്ഗുനത്തിലും കാറു്, ചൈത്രത്തിൽ കാറുകലൎന്ന മഴ, വൈശാഖത്തിൽ മിന്നലും കാറും കാറും മിന്നലോടുകൂടിയ മുഴക്കവും എന്നിങ്ങനെയാണതിന്റെ സ്വരൂപമെന്നു ഭാഷാടീക.

‡ ശുക്രന്റെ ചാരം ആഷാഢമാസത്തിലെ പഞ്ചമി തുടങ്ങിയേഴു തിഥികളിൽ സഞ്ചാരം.

കൊണ്ടും, സൂര്യന്റെ പ്രകൃതി, വികൃതി (പരിവേഷാദി) എന്നിവകൊണ്ടും അറിയാവുന്നതാണ്. സൂര്യങ്കൽനിന്നാണ് സസ്യങ്ങൾക്ക് ബീജസിദ്ധി (വിത്തുപിടിക്കൽ); ബൃഹസ്പതിയിൽനിന്നാണ് സ്തംബകരിത (തണ്ടും ചിനച്ചും ഉണ്ടാകൽ); ശുക്രനിൽനിന്നാണ് വൃഷ്ടി.

ഏഴുനാൾ പെയ്യതായ്മൂന്നു,
തുള്ളി നേർത്തവയെൺപതും,
മഞ്ഞുഴമായറുപതു-
മിതമത്ര സമമാം മഴ.
വെയിൽ, കാററിവ ഇറിട്ടും
കരീഷം * മൂന്നു ചേർന്നമ
എക്കാലം മഴപെയ്യുന്നി-
തക്കാലം വിളവേറിടും.

ഇങ്ങനെ മഴയുടെ സ്ഥിതിയറിഞ്ഞിട്ട് അദ്ധ്യക്ഷൻ **പ്രഭൂതോദകമോ** (അധികം വെള്ളംകൊണ്ട് വിളയുന്നത്) **അല്പോദകമോ** ആയ സസ്യത്തെ വിതപ്പിക്കണം.

ശാലി (ചെന്നെല്ല്), വ്രീഹി (നെല്ല്), കോദ്രവം, തിലം, പ്രിയംഗു (തെന), ഉദാരകം, വരകം എന്നിവ പൂർവ്വവാപങ്ങൾ (വർഷകാലത്തിന്റെ ആദിയിൽ വിതയ്ക്കേണ്ടവ) ആകുന്നു; മുൽഗം, മാഷം, ശൈബ്യം എന്നിവ മദ്ധ്യവാപങ്ങൾ; കുസുംഭം, മസൂരം, കുലത്ഥം (മുതിര), യവം, ഗോതമ്പം, കളായം, അതസി, സർഷപം (കടുക്) എന്നിവ പശ്ചാദ്വാപങ്ങൾ (ഒടുവിൽ വിതയ്ക്കേണ്ടവ). ഇങ്ങനെയല്ലെങ്കിൽ ഋതുക്കളുടെ സ്ഥിതിനോക്കി അതിനൊത്തവണ്ണവും സസ്യങ്ങൾ വിതയ്ക്കാം.

---

* കരീഷമെന്നാൽ ചാണകവരളി. 'കരീഷം മൂന്നു ചേർന്ന്' എന്നതിനു മൂന്നുതവണയായി ചാണകം വരളുമാറ് ഇടവിട്ടിടവിട്ട് എന്നർത്ഥം.

## നാല്പത്തൊന്നാം പ്രകരണം   ഇരുപത്തിനാലാം അധ്യായം

അധ്യക്ഷൻ വിതപ്പിച്ചതു കഴിച്ചു ബാക്കിയുള്ള സ്ഥലത്ത് അർദ്ധസീതികന്മാർ (പകുതി ഓഹരിക്കു പണിചെയ്യുന്നവർ) കൃഷിചെയ്യണം. അല്ലെങ്കിൽ വിളവിന്റെ നാലിലൊരംശമോ അഞ്ചിലൊരംശമോ എടുപ്പാൻ നിശ്ചയിച്ചവരായ സ്വവീര്യോപജീവികൾ (ആൾപ്രയത്നം മാത്രം ചെയ്യുന്നവർ) കൃഷിചെയ്യണം. കൃഷിചെയ്വാൻ ഭൂമിയേറ്റു വാങ്ങിയവർ, ആപത്തുകളിലൊഴികെ, പണിചെയ്യാതിരുന്നാൽ അനവസിതഭാഗം (കൃഷി ചെയ്യാത്ത നിലത്തിൽ വിളയേണ്ടതിന്റെ അംശം) രാജാവിന്റെ ഇച്ഛപോലെ കൊടുക്കണം.

സ്വസേതുക്കളിൽനിന്നു വെള്ളം കോരി നനച്ചുണ്ടാക്കുന്ന സസ്യങ്ങൾക്കു വിളവിന്റെ അഞ്ചിലൊരംശം രാജാവിനു ഉദകഭാഗം (നീർവാരം) കൊടുക്കണം. കാളത്തേക്കു തേവി നനച്ചുണ്ടാക്കുന്ന സസ്യങ്ങൾക്കു നാലിലൊരംശമാണ് ഉദകഭാഗം. സ്രോതോയന്ത്രം വഴിക്കു വെള്ളം തിരിച്ചുണ്ടാക്കുന്ന സസ്യങ്ങൾക്കു മൂന്നിലൊരംശമാണ് ഉദകഭാഗം. നദി, സരസ്സ്, തടാകം, കൂപം എന്നിവയിൽനിന്നു വെള്ളം തേവിയുണ്ടാക്കിയ സസ്യങ്ങൾക്കു നാലിലൊന്നു ഉൽപാദം(ജലനികുതി)കൊടുക്കണം. *

കൃഷികർമ്മത്തിനു വേണ്ട വെള്ളത്തിന്റെ പ്രമാണമനുസരിച്ച് അധ്യക്ഷൻ കൈദാരമോ (പാടത്തു വിതയ്ക്കേണ്ടത്) ഹൈമനമോ (ഹേമന്തത്തിൽ വിതയ്ക്കേണ്ടതു്) ഗ്രൈഷ്മികമോ (ഗ്രീഷ്മത്തിൽ വിതയ്ക്കേണ്ടത്) ആയ സസ്യത്തെ യുക്തംപോലെ വിതപ്പിക്കണം.

---

* ഭൂമിയുടെയും വെള്ളത്തിന്റെയും ഉടമസ്ഥൻ രാജാവാണെന്നും, അവയൊഴികെയുള്ള വസ്തുക്കളിന്മേലേ കുടുംബികൾക്കുടമസ്ഥതയുള്ളുവെന്നുമാണ് ശാസ്ത്രം. അതിനാലാണ് കുടിയാനവന്മാർ സ്വന്തജലാശയത്തിൽനിന്നു വെള്ളം തേവിയുണ്ടാക്കിയ വിളയ്ക്കും രാജാവിനു നികുതി കൊടുക്കേണ്ടതു്.

കൃഷികളിൽവച്ചു ശാലി തുടങ്ങിയ നെല്ലുകൾ ഉത്തമമാകുന്നു. ഷണ്ഡം (തോട്ടം) മദ്ധ്യമം. കരിമ്പ് അധമമത്രെ. എന്തുകൊണ്ടെന്നാൽ, കരിമ്പുകൃഷി പല കേടുകൾ വരാവുന്നതും വളരെ ചെലവു പിടിക്കുന്നതുമായതുകൊണ്ടുതന്നെ.

വല്ലീഫലങ്ങൾക്ക (വള്ളിയിൽ കായ്ക്കുന്ന സസ്യങ്ങൾക്ക) ഫേനാഘാതം (നീർച്ചുഴന്നു നുരയടിക്കുന്ന പ്രദേശം) ആണ് പിടിക്കുക. തിപ്പലി, മുന്തിരി, കരിമ്പ് എന്നിവയ്ക്കു പരീവാഹാന്തങ്ങൾ(വാഴ്ക്കാലുകളിലൂടെ വെള്ളം തേവുന്ന സ്ഥലങ്ങൾ) ആണുത്തമം. ശാകമൂലങ്ങൾക്ക കൂപപര്യന്തപ്രദേശങ്ങളും, ഹരിതകങ്ങൾക്ക ഹരണീപര്യന്തങ്ങളും (തോട്ടിനു തൊട്ട സ്ഥലങ്ങൾ), ലവങ്ങൾ (നുള്ളുന്ന സാധനങ്ങൾ), ഗന്ധദ്രവ്യങ്ങൾ, ഭൈഷജ്യങ്ങൾ, രാമച്ചം, ഇരുവേലി, പിണ്ഡാലുകം മുതലായവയ്ക്കു പാളികളും (തോട്ടവക്കുകൾ) ആണുത്തമം. സ്ഥല്യങ്ങളും (പറമ്പിൽ വളരുന്നവ) ആനൂപ്യങ്ങളും (വെള്ളമുള്ള വയലിൽ വളരുന്നവ) ആയ ഓഷധികളെ ഔചിത്യംപോലെ സ്വഭൂമികളിൽ ഉണ്ടാക്കണം.

ധാന്യബീജങ്ങൾക്ക ഏഴുനാൾ തുഷാരപായനവും (മഞ്ഞുകൊള്ളിക്കുക) ഉഷ്ണശോഷണവും (വെയിലത്തുണക്കുക) ചെയ്യണം. കോശീധാന്യങ്ങൾക്ക മൂന്നുദിവസമോ അഞ്ചുദിവസമോ അപ്രകാരം ചെയ്യണം. കാണ്ഡബീജങ്ങൾ (തണ്ടു നടുന്നവ)ക്ക തേനും നെയ്യും ചാണകവും പന്നിനെയ്യുംകൂട്ടി ഛേദലേപം (വെട്ടുവായിൽപ്പൂശുക) ചെയ്യണം. കന്ദങ്ങൾക്ക തേനും നെയ്യുംകൂട്ടി ഛേദലേപം ചെയ്യണം. അസ്ഥിബീജങ്ങൾ (അസ്ഥിയിൽനിന്നു മുളയ്ക്കുന്ന പരുത്തിക്കൊട്ട മുതലായവ) ക്കു ചാണകം തേയ്ക്കണം. ശാഖികൾ (കൊമ്പുള്ള മരങ്ങൾ) ക്ക പശുവിന്റെ എ

ല്ലും ചാണകവുമിട്ട ഗാത്രദാഹം (കഴിച്ചൂട്ടക) ചെയ്യണം. എല്ലാററിനും കാലത്തിങ്കൽ ദൌഹൃദം (വളം) ചേക്കുകയും വേണം. സസ്യങ്ങൾ മുളച്ചുവല വിരിഞ്ഞാൽ ഉണങ്ങിയ ചെറുമീൻ കള്ളിപ്പാലിൽ ദോച്ചുത്തു തളിക്കുകയും വേണം.

പരുത്തിക്കുരുവും പാമ്പിൻ-
വളയും ചേർത്തു ദ്വേമുമ്പോൾ
പുകച്ച പുകയേററേട-
ത്തട്ടത്തീടില്ല പാമ്പുകൾ.

എല്ലാ വിത്തുകളും ആദ്യം വിതയ്ക്കുമ്പോൾ നീരിൽ പൊന്നിട്ട് അതിൽ ഒരുപിടി വിത്തു നനച്ചിട്ടുവേണം വിതയ്ക്കുവാൻ. വിതയ്ക്കുമ്പോൾ,

"പ്രജാപതയേ കാശ്യപായ
ദേവായ ച നമഃ സദാ
സീതാ മേ ഋദ്ധ്യതാം ദേവി
ബീജേഷു ച ധനേഷു ച".

എന്ന മന്ത്രവും ചൊല്ലണം.

ഷണ്ഡപാലകന്മാർ, വാടപാലകന്മാർ, ഗോപാലകന്മാർ, ദാസന്മാർ, കർമ്മകരന്മാർ എന്നിവർക്കു പുരുഷപരിവാപം (ആളുടെ പ്രവൃത്തി) അനുസരിച്ചു ഭക്തം (ചോറ്) കൊടുക്കണം. അവർക്കു മാസം ഒന്നേകാൽപ്പണം വീതം ശമ്പളവും നൽകേണ്ടതാണ്. കാരുക്കൾക്കും കർമ്മാനുരൂപമായ ചോറും ശമ്പളവും കൊടുക്കണം.

പ്രശീർണ്ണമായ (തനിയേകൊഴിഞ്ഞ) പുഷ്പഫലങ്ങൾ ദേവകാര്യത്തിനായും നെല്ലും യവവും ആഗ്രയണത്തിനായും ശ്രോത്രിയന്മാർ, തപസ്വികൾ എന്നിവർക്കു കൊണ്ടുപോകാവുന്നതാണ്. രാശിമൂല്യം (കററയിൽനിന്ന് അ

* വളരുന്ന പൂവും കായുമുണ്ടാകുന്ന കാലമെന്നു വ്യാഖ്യാനം.

|| മഴ പുഴുക്കടെ വരാതിരിപ്പാൻ വേണ്ടിയാകുന്നു.

ടിയിൽ കൊഴിഞ്ഞുവീണ ധാന്യം) ഉഞ്ഛവൃത്തികൾ (പെറുക്കിയ നെന്മണികൊണ്ടുപജീവിക്കുന്ന താപസന്മാർ) ക്കും കൊണ്ടുപോകാം.

കാലം തെററാതെ സസ്യാദി
വിളഞ്ഞതു കടത്തണം;
കണ്ടത്തിൽ നിർത്താൽ വിദ്വാ-
നൊരു വസ്തുവാല്പമപോലുമേ.

നെൽക്കൂമ്പുകളുയർത്തിട്ടോ
കുമ്പിച്ചിട്ടോ ചമയ്ക്കണം
തമ്മിൽത്തമ്മിൽത്തൊടാതെയും
മുകളിൽക്കനമേററിയും.

കളത്തിൽക്കണ്ടു തീർക്കേണം
മണ്ഡലത്തിനു ചുററുമായ്;
തീയൊഴിച്ചും നീർ കലർന്നും
ഭൃത്യരും പെരുമാറണം.*

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, സീതാധ്യക്ഷൻ എന്ന
ഇരുപത്തിനാലാമധ്യായം.

---

## ഇരുപത്തഞ്ചാം അധ്യായം.

### നാല്പത്തിരണ്ടാം പ്രകരണം.

### സുരാധ്യക്ഷൻ.

സുരാധ്യക്ഷൻ സുര, കിണ്വം എന്നിവയുടെ വ്യവഹാരങ്ങളെ, തദ്വിഷയത്തിൽ നിപുണന്മാരായ ആളുക

---

* മണ്ഡലം = സസ്യം ധാന്യങ്ങൾ ചവുട്ടിച്ചു മെതിയ്ക്കുവാൻ കാളക്കളെ വട്ടത്തിൽ തെളിക്കുന്ന ചാല്, കളച്ചാല്.

ളെക്കൊണ്ട്, ദുർഗ്ഗത്തിലും ജനപദത്തിലും സ്കന്ധാവാരത്തിലും വച്ചു നടത്തിക്കണം. ഇതു് വിക്രയക്രയങ്ങളുടെ സൌകര്യമനുസരിച്ചു ഏകമുഖമായോ അനേകമുഖമായോ ചെയ്യിക്കാം. നിശ്ചിതസ്ഥലത്തല്ലാതെ അന്യസ്ഥലത്തുവച്ചു് അവ നിർമ്മിക്കയോ ക്രയവിക്രയം ചെയ്കയോ ചെയ്യുന്നവൎക്കു് അറുനൂറുപണം പിഴയിടണം.

മദ്യത്തിനു ഗ്രാമത്തിൽനിന്നു് അനിർണ്ണയനവും (പുറത്തു കൊണ്ടുപോകായ്ക) അസമ്പാതവും (ജനസംഘത്തിൽ കടത്തായ്ക) കല്പിക്കണം. ഇല്ലാത്തപക്ഷം കൎമ്മകരന്മാർ പ്രവൃത്തികളിൽ പ്രമാദം ചെയ്യുമെന്നും, ആൎയ്യന്മാർ (സജ്ജനങ്ങൾ) മൎയ്യാദയെ അതിക്രമിക്കുമെന്നും, തീക്ഷ്ണന്മാർ (ശൂരന്മാർ) അസ്ഥാനത്തിൽ ഉത്സാഹം കാണിക്കുമെന്നും ഭയപ്പെടണം.

ജ്ഞാതശൌചന്മാരായവൎക്കു മദ്യം ലക്ഷിത (അടയാളമിട്ടതു്) മായും ആഴക്കു്, ഉരി, നാഴി, അരയിടങ്ങഴി, ഇടങ്ങഴി എന്നിങ്ങനെ അല്പമാത്രമായും പുറത്തേക്കു കൊണ്ടുപോകാം. അഥവാ, എല്ലാവരും അസഞ്ചാരികളായിട്ടു പാനശാലയിലിരുന്നുതന്നെ വേണം കുടിക്കുവാൻ.

നിക്ഷേപം (പണിചെയ്വാനേല്പിച്ചതു്), ഉപനിധി (സൂക്ഷിപ്പാനേല്പിച്ചതു്), പ്രയോഗം (പണയം വച്ചതു), അപഹൃതം (കട്ടതു്) മുതലായി അനിക്ഷേപനങ്ങളായ ദ്രവ്യങ്ങളെ അറിവാൻ വേണ്ടി, ഉടമസ്ഥനില്ലാത്ത കുപ്യമോ ഹിരണ്യമോ ആരെങ്കിലും കൊണ്ടുവന്നതായിക്കണ്ടാൽ അതു കൊണ്ടുവന്നവനെ പാനശാലയുടെ പുറത്തുവച്ചു വല്ലകാരണവും പറഞ്ഞു പിടിപ്പിക്കണം. അതിവ്യയകൎത്താവും ആയം കൂടാതെ വ്യയം ചെയ്യുന്നവനുമായവനെയും പിടിപ്പിക്കണം.

കേടുവന്നതൊഴികെ യാതൊരു വിധത്തിലുള്ള സുര

യും വിലക്കുറച്ചോ കാലം നിശ്ചയിച്ചു കടമായോ കൊടുക്കരുത്. കേടുവന്നതിനെ അന്യസ്ഥലത്തു കൊണ്ടുപോയി വില്പിക്കുകയോ, ദാസന്മാൎക്കും കൎമ്മകരന്മാൎക്കും വേതനമായിട്ടു കൊടുക്കുകയോ ചെയ്യണം. അല്ലെങ്കിൽ വാഹനങ്ങൾക്കു പ്രതിപാനമായോ സൂകരപോഷണാൎത്ഥമായോ കൊടുക്കാം.

പാനാഗാരങ്ങൾ അനേകം മുറികളോടും കിടപ്പാനും ഇരിപ്പാനും വേറെ വേറെ ഉപകരണങ്ങളോടുംകൂടിയവയായും, പാനസ്ഥലങ്ങൾ ഗന്ധമാല്യജലങ്ങളുള്ളവയും ഋതുസുഖങ്ങളുമായും നിൎമ്മിപ്പിക്കണം.

ഗൂഢപുരുഷന്മാർ പാനശാലകളിൽ പെരുമാറിയുംകൊണ്ടു അവിടെ വന്നു കുടിക്കുന്നവരുടെ നിത്യനൈമിത്തികങ്ങളായ ചെലവുകളെന്തെന്നും, ആഗന്തുക്കൾ (വിശേഷാൽ വന്നവർ) ആരെന്നും അറിയണം. മദ്യം കുടിച്ചു മത്തരായി കിടന്നുറങ്ങുന്നവരുടെ ദേഹത്തിലുള്ള ആഭരണം, വസ്ത്രം, ഹിരണ്യം എന്നിവയേയും അവർ അറിയണം. ആ വസ്തുക്കൾ നശിച്ചുപോയാൽ അവയും വേറെ അത്രയും പാനശാല വച്ചിരിക്കുന്ന വണിക്കുകൾ ദണ്ഡമായിട്ടടയ്ക്കണം.

വണിക്കുകൾ, അടച്ചുകിടക്കുന്ന മുറികളുടെ വിഭാഗങ്ങളിൽ രൂപസൌന്ദൎയ്യമുള്ള സ്വദാസികളെ നിറുത്തി, അവർ മുഖേന ആഗന്തുക്കളോ വാസ്തവ്യരോ ആയി മദംപൂണ്ടുറങ്ങുന്ന ആൎയ്യരൂപന്മാരുടെ (കാഴ്ചയിൽ യോഗ്യരെന്നു തോന്നുന്നവരുടെ) അന്തൎഗ്ഗതം മനസ്സിലാക്കണം.

മേദകം, പ്രസന്ന, ആസവം, അരിഷ്ടം, മൈരേയം, മധു എന്നിവയിൽ വച്ചു:—

മേദകത്തിന്റെ യോഗം ഒരു ദ്രോണം വെള്ളം, അര ആഢകം (രണ്ടിടങ്ങഴി) അരി, മൂന്നിടങ്ങഴി കിണ്വം (സുരാബീജം) എന്നിങ്ങനെയാണ്.

പിഷ്ടം (അരിമാവ്) പന്ത്രണ്ടാഢകം, കിണ്വം അഞ്ചിടങ്ങഴി, പുത്രക * ത്തിന്റെ തൊലിയും കായുംകൂടി ജാതിസംഭാരം—ഇങ്ങനെ പ്രസന്നായോഗം.

കപിത്ഥം (വിളാർമാവിൻ പഴം) ഒരു തുലാം, ഫാണിതം (നീർകണ്ടിശ്ശർക്കര) അഞ്ചു തുലാം, തേൻ ഒരിടങ്ങഴി എന്നിങ്ങനെ ആസവയോഗം. ഈ ദ്രവ്യങ്ങൾ ക്ലിപ്തമായ മാത്രയിൽനിന്നു കാലാംശം വീതം കൂട്ടപ്പെട്ടതാൽ ഉത്തമം; കാലാംശം കുറച്ചെടുത്താൽ അധമം.

അരിഷ്ടങ്ങൾ ഓരോ രോഗത്തിന്ന് ഓരോ വിധമാകുന്നു. അവയുടെ യോഗത്തിൽ വൈദ്യന്മാർതന്നെ പ്രമാണം.

മേഷശൃംഗി (ആട്ടുകൊട്ടപ്പാല) യുടെ തൊലി കഷായംവെച്ച് അതിൽ ഗുളം പ്രതീവാപം ചെയ്തു തിപ്പലിയും കുരുമുളകും പൊടിച്ചോ ത്രിഫല പൊടിച്ചോ സംഭാരം കൂട്ടിയുണ്ടാക്കുന്നതു മൈരേയം.

ഗുളം ചെയ്തുണ്ടാക്കുന്ന എല്ലാ മദ്യങ്ങൾക്കും ത്രിഫലപ്പൊടി സംഭാരം ചേർക്കുകയുമാകാം.

മൃദ്വീകാരസം (മുന്തിരിങ്ങരസം) തന്നെയാണ് മധു. അതിന്നു ഉൽപത്തിദേശത്തിന്റെ ഭേദമനുസരിച്ച് കാപിശായനമെന്നും, ഹാരഹൂരകമെന്നും പേർ പറയുന്നു.

തോൽകളഞ്ഞ ഉഴുന്നു പച്ചയോ പുഴുങ്ങിയതോ അരച്ചതു് ഒരു ദ്രോണം, അരിമാവു് ഒരു ദ്രോണവും അതിന്റെ മൂന്നിലൊന്നു, മോരടാദി ഗണത്തിലെ മരുന്നുകൾ ഓരോ കർഷം പൊടിച്ച പൊടി സംഭാരം. ഇങ്ങനെ കൂട്ടുന്നതാണ് കിണ്വം.

പാഠ (പാടക്കിഴങ്ങ്), ലോധ്രം (പാച്ചോററിത്തൊലി), തേജോവതി (ചെറുപ്പുന്നയരി), ഏലാ വാലുകം, മധു

---

* പുത്രകം=കാമരൂപദേശത്തുള്ള ഒരു വൃക്ഷം.

കം (എരട്ടിമധുരം) മധുരസ (പെരുംകുരുമ്പവേര്), പ്രിയംഗു (ഞാഴൽപ്പൂവ്), ദാരുഹരിദ്ര (മരമഞ്ഞത്തൊലി), മരിചം (കുരുമുളക്), പിപ്പലി (തിപ്പലി) ഇവ അയ്യൊരുക്ഷം പൊടിച്ചിടുന്നതാണ് മേദകത്തിനും പ്രസന്നയ്ക്കും സംഭാരം. എരട്ടിമധുരം കഷായത്തിൽ കടശക്കര (കണ്ടശ്ശക്കര) ചേൎത്ത് ആ കഷായം കൂട്ടിയാൽ മേദകത്തിന്റെയും പ്രസന്നയുടേയും വൎണ്ണം തെളിയും.

ചോചം (ഏലത്തരി), ചിത്രകം (കൊടുവേലിക്കിഴങ്ങ് ശുദ്ധിചെയ്തു്), വിളംഗം (വിഴാലരി), ഗജപിപ്പലി (അത്തിത്തിപ്പലി) ഇവ ഓരോ കൎഷവും ക്രമുകം (അടയ്ക്ക), മധുകം, മുസ്ത (മുത്തങ്ങ), ലോധ്രം ഇവ ഈരണ്ടു കൎഷവും കൂട്ടിപ്പൊടിച്ചു ചേൎക്കുന്നതാണ് ആസവങ്ങൾക്കു സംഭാരം. ഇതിലെ ഔഷധങ്ങൾ പത്തിലൊരു ഭാഗം ആസവമുണ്ടാക്കുന്ന ദ്രവ്യങ്ങളിൽ ബീജബന്ധമായി കൂട്ടുകയും വേണം.

പ്രസന്നയുടെ കൂട്ടുപോലെത്തന്നെയാണ് ശ്വേതസുര എന്ന മദ്യത്തിന്റെയും കൂട്ട്. *

സഹകാരരസം (മാമ്പഴച്ചാറു) ചേൎത്ത സുര സഹകാരസുര; അതു രസം അധികമായിരുന്നതായാൽ രസോത്തര; ബീജദ്രവ്യങ്ങളുടെ മാത്ര അധികമായിരുന്നാൽ മഹാസുര; സംഭാരദ്രവ്യങ്ങളുടെ മാത്ര അധികമായിരുന്നാൽ സാംഭാരികി.

മോരട (പെരുംകുരുമ്പവേര്), പലാശം (പ്ലാശിൻതൊലി), പത്തൂരം (പത്തൂരകത്തിൻതൊലി), മേഷശൃംഗി, കരഞ്ജം (ഉങ്ങിൻതൊലി), ക്ഷീരവൃക്ഷം (നാല്പാമര

* എന്നാൽ ശ്വേതസുരയ്ക്കു ബീജബന്ധവും സംഭാരവും രണ്ടുമില്ലെന്നു വ്യാഖ്യാതാവു പറയുന്നു.

ത്തൊലി ‡ ഇവയുടെ കഷായത്തിൽ കടശർക്കരയിട്ട വ
ററിച്ച് ഉണക്കിപ്പൊടിച്ച പാച്ചോററിത്തൊലി, കൊട്ട
വേലിക്കിഴങ്ങ്, വിഴാലരി, പാടക്കിഴങ്ങ്, മുത്തങ്ങ, കലിം
ഗയവം (കുടകപ്പാലയരി), മരമഞ്ഞത്തൊലി, ഇന്ദീവരം
(കരിങ്കുവളക്കിഴങ്ങ്), ശതപുഷ്പ (ശതകുപ്പ), അപാമാർഗ്ഗം
(കടലാടിവേര്) സപ്തപർണ്ണം (ഏഴിലാമ്പാലത്തൊലി),
നിംബം (വേപ്പിൻതൊലി), ആസ്ഫോതം (എരുക്കിൻവേര്)
ഇവയുടെ കൽക്കം കണ്ടശ്ശർക്കരപ്പൊടിയുടെ പകുതിവീതം
ചേർത്ത് അരച്ചുണക്കി പൊടിച്ച് ആ പൊടി നഖമകപ്പ
ട ഒരു മുഷ്ടി (ഒരുപിടി) ഒരു കുടം സുരയിലിട്ടാൽ അതു
രാജയോഗ്യമാകുംവണ്ണം തെളിയും. ഇങ്ങനെ തെളിയി
ച്ച ഒരു കുടം സുരയിൽ രസവൃദ്ധിക്കായിട്ട അഞ്ചു പലം
നീർകണ്ടിശ്ശർക്കര ചേർക്കുകയും വേണം.

കുടുംബികൾക്ക കൃത്യങ്ങളിലെ (വിവാഹാദി കൃത്യ
ങ്ങൾ) ആവശ്യത്തിനു ശ്വേതസുരയും, ഔഷധാർത്ഥം അ
രിഷ്ടം മുതലായതും ഉണ്ടാക്കുവാൻ അനുവാദം ലഭിക്കു
ന്നതാണ്.

ഉത്സവങ്ങൾ, സമാജങ്ങൾ, യാത്രകൾ (തീർത്ഥയാത്രാദ
വങ്ങൾ) എന്നിവയിൽ നാലുദിവസം സൌരികം (സുരാ
ദിനം) ആയിട്ട് അനുവദിക്കേണ്ടതാണ് *. എന്നാൽ ആ
ദിവസങ്ങളിലും അനുവാദം കൂടാതെ കുടിക്കുന്ന കർമ്മകര
ന്മാരോട്ട പ്രവഹണം (ഉത്സവസമാപ്തി) വരെ ഓരോ ദി
വസത്തേക്കും അത്യയം വാങ്ങുകയും വേണം.

സുരയുടേയും കിണ്വത്തിന്റേയും വിചയം (ക്ഷുട്ടൽ)
സ്ത്രീകളും, കുട്ടികളുമാണ് ചെയ്യേണ്ടതു്.

‡ നാല്പാമരത്തൊലി-അത്തി, ഇത്തി, അരയാല്, പേരാല് എ
ന്നിവയുടെ തൊലി.

* ആ ദിവസങ്ങളിൽ ഇഷ്ടംപോലെ സുരാപാനം ചെയ്യാൻ അ
നുവാദമുണ്ടാകണമെന്നർത്ഥം.

അരാജപണ്യന്മാർ (രാജകീയമല്ലാതെ സ്വനിർമ്മിതമായ മദ്യം വിൽക്കുന്നവർ) ന്നൂററിന്നഞ്ചുവീതം ശുൽക്കം അടയ്ക്കണം.

സുര, മേദകം, അരിഷ്ടം, മധു, ഫലാമ്ലം (കരിമ്പനയിൽനിന്നും തെങ്ങിൽനിന്നും മററുമെടുക്കുന്ന മദ്യം), അമ്ലശീധു (പുളിമദ്യം) എന്നിവയുടെ വ്യവഹാരം ചെയ്യുന്നവരും ന്നൂററിന്നഞ്ചുവീതം ശുൽക്കമടയ്ക്കണം.

നാശംതാനും വിക്രയം മാന-
ഹിരണ്യവ്യാജിയും തഥാ
അറിഞ്ഞു വൈധരണവും
നിശ്ചയിച്ചു യഥോചിതം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, സുരാധ്യക്ഷൻ എന്ന
ഇരുപത്തഞ്ചാമധ്യായം.

---

## ഇരുപത്താറാം അധ്യായം.

### നാല്പത്തിമൂന്നാം പ്രകരണം.

### സൂനാധ്യക്ഷൻ.

സൂനാധ്യക്ഷൻ (വധശാലാധ്യക്ഷൻ) അഭയം നൽകിയവ (കൊല്ലുവാൻ പാടില്ലെന്നു കല്പിച്ചവ) യും അഭയവനവാസികളുമായ മൃഗങ്ങൾ, പശുക്കൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവയെ ബന്ധിക്കുകയോ വധിക്കുകയോ ഹിംസിക്കുകയോ ചെയ്യുന്നവർക്കു ഉത്തമസാഹസദണ്ഡം കല്പിക്കണം. കുടുംബികൾ അഭയവനത്തെ പരിഗ്രഹിച്ചാൽ മധ്യമസാഹസം ദണ്ഡം.

അപ്രവൃത്തവധങ്ങ (കൊല്ലുക പതിവില്ലാത്തവ)ളായ

മത്സ്യങ്ങളുടേയും *പക്ഷികളുടേയും ബന്ധവധഹിംസയിങ്കൽ കാൽകുറെ ഇരുപത്തേഴുപണം ദണ്ഡം. അപ്രകാരമുള്ള മൃഗങ്ങളുടേയും പശുക്കളുടേയും ബന്ധവധഹിംസയിങ്കൽ അതിലിരട്ടി ദണ്ഡം.

പ്രവൃത്തവധങ്ങളും അപരിഗൃഹീതങ്ങളും (അഭയവനത്തിലല്ലാതെയുള്ളവ) ആയ മൃഗങ്ങളെ കൊല്ലുന്നവരോടു ആറിലൊരു ഭാഗം രാജഭാഗമായി വസൂലാക്കണം. അപ്രകാരമുള്ള മത്സ്യങ്ങളേയും പക്ഷികളേയും കൊല്ലുന്നവരോടു പത്തിലൊരു ഭാഗമോ അധികമോ വാങ്ങണം. അപ്രകാരമുള്ള മൃഗങ്ങളേയും പശുക്കളേയും വധിക്കുന്നവരോടു ശുല്കമായി പത്തിലൊരംശമോ അധികമോ വസൂലാക്കണം.

പക്ഷികളേയും മൃഗങ്ങളേയും ജീവനോടുകൂടിപ്പിടിച്ചാൽ അവയിൽ ആറിലൊന്നു വീതമുള്ളവയെ അഭയവനങ്ങളിൽ വിട്ടേക്കണം.

സമുദ്രത്തിൽ ആന, കുതിര, ആൾ, കാള, കഴുത എന്നിവയുടെ ആകൃതിയോടുകൂടിയുള്ള മത്സ്യങ്ങളേയും സരസ്സുകളിലും നദികളിലും തടാകങ്ങളിലും തോടുകളിലുമുള്ള മത്സ്യങ്ങളേയും ക്രൌഞ്ചം, ഉൽക്രോശം (കുരരം), ദാത്യൂഹം (നത്തു്), ഹംസം, ചക്രവാകം, ജീവഞ്ജീവകം, ഭൃംഗരാജം (കരികിൽ), ചകോരം, മത്തകോകിലം, മയൂരം, കിളി, മദനപ്പക്ഷി, തത്ത എന്നീ വിഹാരപക്ഷികളേയും മംഗല്യങ്ങളായിട്ടുള്ള മറ്റു പക്ഷികളേയും മൃഗങ്ങളേയും കൊല്ലുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നതിൽനിന്നു രക്ഷിക്കേണ്ടതാണ്. രക്ഷിക്കാതിരുന്നാൽ അദ്ധ്യക്ഷനു പൂർവ്വസാഹസം ദണ്ഡം.

മൃഗങ്ങളുടേയും പശുക്കളുടേയും മാംസം അപ്പോൾ തന്നെ കൊന്നതും എല്ലു കൂടാത്തതുമായിട്ടു വിൽക്കേണ്ട

താണ്. എല്ലോടുകൂടി വിററാൽ പ്രതിപാതം (കുറവ്) കൂട്ടിക്കൊടുക്കണം. തുലാഹീനം (തൂക്കത്തിൽ കുറഞ്ഞതു) ആയിട്ടു വിററാൽ കുറഞ്ഞതിന്റെ എട്ടിരട്ടി വസൂലാക്കണം.

വധ്യങ്ങളായ മൃഗപശുക്കളിൽവച്ചു വത്സൻ (മുലകുടിക്കുന്ന കുട്ടി,) വൃഷം (കൂററൻ), ധേനു (കറവപ്പശു) എന്നിവ അവധ്യങ്ങളാകുന്നു. അവയെ വധിക്കുന്നവന്നു അമ്പതു പണം ദണ്ഡം. വധ്യങ്ങളായവയെത്തന്നെ ക്ലേശിപ്പിച്ചു കൊല്ലുന്നവന്നും അതുതന്നെ ദണ്ഡം.

വധശാലയുടെ അരികത്തുവച്ചോ, ശിരസ്സും പാദവും അസ്ഥിയും കളഞ്ഞതോ ദുർഗ്ഗന്ധമുള്ളതോ സ്വയംമൃതമോ ആയ മാംസമോ വിൽക്കരുതു്. അങ്ങനെ വിററാൽ പന്ത്രണ്ടു പണം ദണ്ഡം.

ദുഷ്ടമൃഗങ്ങളാം പശുക്കളു-
മന്തരമാം വ്യാളമത്സ്യജാതികളും
അഭയവനം വിട്ടൊരിട-
ത്തെത്തീടിൽബ്ബന്ധ്യവും വധ്യവുമാകാം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, സൂനാദ്ധ്യക്ഷൻ എന്ന ഇരുപത്താറാമദ്ധ്യായം.

---

## ഇരുപത്തേഴാം അദ്ധ്യായം.

### നാല്പത്തിനാലാം പ്രകരണം.

### ഗണികാദ്ധ്യക്ഷൻ.

ഗണികാദ്ധ്യക്ഷൻ, ഗണികാകുലത്തിൽ പിറന്നവളോ അല്ലാത്തവളോ ആയി, രൂപഗുണവും യൌവനവും ശില്പ

നൈപുണ്യവും തികഞ്ഞവളായിരിക്കുന്ന സ്ത്രീയെ, ആയിരം പണം കൊടുത്തു ഗണികയാക്കിക്കൊള്ളേണ്ടതാണ്. കുടുംബത്തിൽ പകുതി കൊടുത്തു പ്രതിഗണികയേയും സ്ഥാപിക്കണം. *

അപ്രകാരമുള്ള ഗണിക ദേശാന്തരത്തേക്കു പോകുകയോ മരിക്കുകയോ ചെയ്താൽ അവളുടെ മകളോ സോദരിയോ കുടുംബം ഭരിക്കണം. അല്ലെങ്കിൽ അവളുടെ മാതാവ് മറെറാരുവളെ പ്രതിഗണികയാക്കി സ്ഥാപിക്കണം. അങ്ങനെ ആരുമില്ലാത്തപക്ഷം ഗണികയുടെ ധനത്തെ രാജാവ് ഹരിക്കണം.

സൌഭാഗ്യത്തിന്റെയും അലങ്കാരത്തിന്റെയും വൃദ്ധിയനുസരിച്ച് ആയിരം പണംകൊണ്ട് ഗണികകൾക്കു കനിഷ്ഠമോ മദ്ധ്യമമോ ഉത്തമമോ ആയ വാരം (നിയോഗം) കല്പിക്കണം. വാരത്തിന്റെ വിശേഷം കാണിപ്പാൻ വേണ്ടി ഛത്രം, ഭൃംഗാരകം, വ്യജനം (താലവൃന്തം), ശിബിക (പല്ലക്ക്), പീഠിക (സിംഹാസനം), രഥം എന്നിവയിൽ അവരെ നിയോഗിക്കയും വേണം. §

---

* ആയിരം പണം കൊടുക്കുന്നതു കുടുംബസ്ഥാപനത്തിനാണെന്നും, ആഭരണത്തിനാണെന്നും വ്യാഖ്യാതാക്കന്മാരുടെ ഇടയിൽ അഭിപ്രായഭേദമുണ്ട്. കൊല്ലത്തിൽ ആയിരം പണം ശമ്പളമെന്നാണ് ഇംഗ്ലീഷുവിവർത്തകന്റെ പക്ഷം. കുടുംബത്തിൽ പകുതിയെന്നാൽ കുടുംബത്തിലെ തൊഴിലിന്റെയും പ്രതിഫലത്തിന്റെയും പകുതി എന്നർത്ഥം.

§ കനിഷ്ഠവാരത്തിനു ആയിരം പണവും, മദ്ധ്യമവാരത്തിനു രണ്ടായിരം പണവും, ഉത്തമവാരത്തിനു മൂവ്വായിരം പണവുമാണ് സംഖ്യ. ഇതു അവരെ അതാതു വാരങ്ങളിൽ നിയോഗിക്കുന്നതിനു രാജാവിനുള്ള കാണിക്കയാണെന്നു വ്യാഖ്യാതാവു പറയുന്നു. ഗണികക്കു നൽകുന്ന വേതനമെന്നു പക്ഷാന്തരവുമുണ്ട്. കനിഷ്ഠവാരക്കാർക്കു ഛത്രഭൃംഗാരകഗ്രഹണം, മദ്ധ്യമവാരക്കാർക്കു വ്യജനഗ്രഹണവും ശിബികാസ്ഥാനവും, ഉത്തമവാരക്കാർക്കു പീഠികാരഥങ്ങളിൽ പരിചരണം എന്നിങ്ങനെ വിശേഷങ്ങൾ.

സൌഭാഗ്യഭംഗം വന്ന ഗണികയെ മാതൃക (ഭോഗ്യഗണികയുടെ മാതാവ്) ആക്കണം.

ഗണികയുടെ നിഷ്ക്രയം (രാജദാസ്യമൊഴിയുന്നതിന്നു കൊടുക്കേണ്ടും ധനം) ഇരുപത്തിനാലായിരം പണവും, ഗണികാപുത്രന്റെ നിഷ്ക്രയം പന്തീരായിരം പണവുമാകുന്നു. ഗണികാപുത്രൻ എട്ടു വയസ്സുമുതൽക്കു രാജാവിന്നു കുശീലവകർമ്മം (പാട്ടും കൂത്തും) ചെയ്യണം.

ഗണികാദാസി ഭഗ്നഭോഗ (ഭോഗാർഹവയസ്സിനെ അതിക്രമിച്ചവൾ) യായാൽ കോഷ്ഠാഗാരത്തിലോ മഹാനസത്തിലോ ജോലി ചെയ്യണം. അവൾ ഒരു പുരുഷന്റെ അവരോധമാകനിമിത്തം ജോലിക്കു വരാത്തപക്ഷം മാസം ഒന്നേകാൽ പണം വീതം വേതനമടയ്ക്കണം.

ഗണികയുടെ ഭോഗം (പുരുഷദേയം), ദായം (പ്രീതിദേയം), ആയം, വ്യയം, ആയതി (ഭാവിയിലെ ആയവ്യയങ്ങൾ) എന്നിവയെ അദ്ധ്യക്ഷൻ എഴുതിവയ്ക്കണം. അവൾ അതിവ്യയം ചെയ്യുന്നതിനെ അദ്ദേഹം വിലക്കുകയും ചെയ്യണം.

ഗണിക, അമ്മയുടെ കയ്യിലൊഴികെ മറ്റൊരാളുടെ വശം ആഭരണങ്ങൾ സൂക്ഷിപ്പാൻ കൊടുത്താൽ നാലേകാൽപ്പണം ദണ്ഡം; തന്റെ സ്വാപതേയ (ധനം)ത്തെ വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്താൽ അമ്പതേകാൽപ്പണം ദണ്ഡം; പുരുഷനോടു വാക്പാരുഷ്യം (ചീത്തവാക്കു പറയുക) ചെയ്താൽ ഇരുപത്തിനാലു പണവും, ദണ്ഡപാരുഷ്യം (ദണ്ഡേനമർദ്ദിക്കുക) ചെയ്താൽ അതിന്റെ ഇരട്ടിയും ദണ്ഡം; പുരുഷന്റെ കർണ്ണച്ഛേദനം ചെയ്താൽ അയ്മ്പതേകാൽപ്പണവും വേറെ ഒന്നേകാൽപ്പണവും ദണ്ഡമാകുന്നു.

അകാമയും കന്യകയുമായ ഗണികയിൽ പുരുഷൻ

സാഹസം പ്രവൃത്തിച്ചാൽ അവന്ന് ഉത്തമസാഹസം ദണ്ഡം; സകാമയായ കന്യകയിലാണെങ്കിൽ പൂർവ്വസാഹസം ദണ്ഡം.

അകാമയായ ഗണികയെ തടങ്ങൽചെയ്കയോ, നഷ്ടാതനം ചെയ്ക (പിടിച്ചുകൊണ്ടു പോവുക)യോ, മുറിയേല്പിച്ചു വ്രണപ്പെടുത്തി രൂപഹാനി വരുത്തുകയോ ചെയ്യുന്നവന്ന് ആയിരം പണം ദണ്ഡം. ഗണികയെ ദ്രോഹിക്കുന്നവന്നു അവളുടെ സ്ഥാനവിശേഷമനുസരിച്ചു അവർക്കുള്ള നിഷ്ക്രയത്തിന്റെ ഇരട്ടിയോളം ദണ്ഡം വർദ്ധിക്കുന്നതാണ്. *

രാജധാനിയിൽ അധികാരം കിട്ടിയ ഗണികയെ ദണ്ഡപ്പെടുത്തുന്നവന്നു അവളുടെ നിഷ്ക്രയത്തിന്റെ മൂന്നിരട്ടി ദണ്ഡം. ഗണികയുടെ അമ്മയേയോ മകളേയോ രൂപദാസി (കോപ്പണിയിക്കുന്നവൾ) യേയോ ദണ്ഡപ്പെടുത്തുന്നവന്നു ഉത്തമസാഹസം ദണ്ഡം.

മേൽപ്പറഞ്ഞ എല്ലാഅപരാധങ്ങളും ഒന്നാമതു ചെയ്യുമ്പോൾ അതാതിന്നുള്ള ദണ്ഡവും, രണ്ടാമതു ചെയ്യുമ്പോൾ അതിന്റെ ഇരട്ടിയും, മൂന്നാമതു ചെയ്യുമ്പോൾ മൂന്നിരട്ടിയും വിധിക്കണം. നാലാമതും അതേ അപരാധം ചെയ്താൽ രാജാവിന്നു തോന്നിയതുപോലെ ദണ്ഡം വിധിക്കാം.

രാജാജ്ഞയോടുകൂടി വന്ന പുരുഷനെ ഗണിക അഭിഗമിക്കാതിരുന്നാൽ അവളെ ചമ്മട്ടികൊണ്ടു ആയിരം

* നിഷ്ക്രയദ്രവ്യം കവിഞ്ഞതു് ഇരുപത്തിനാലായിരം പണമാകയാൽ അതിന്റെ ഇരട്ടിയായ നാല്പത്തെണ്ണായിരംവരെ എന്നർത്ഥം. കനിഷ്ഠവാരത്തിലുള്ളവളെ ദ്രോഹിച്ചാലുള്ളതിന്റെ ഇരട്ടി മദ്ധ്യമവാരത്തിൽപ്പെട്ടവളെ ദ്രോഹിച്ചാൽ, അതിലിരട്ടി ഉത്തമവാരത്തിലുള്ളവളെ ദ്രോഹിച്ചാൽ എന്നിങ്ങനെ വൃദ്ധിക്രമം.

അടി അടിക്കുകയാണ് ശിക്ഷ. അതല്ലെങ്കിൽ അവൾ അയ്യായിരം പണം പിഴയടയ്ക്കണം.

ഭോഗദ്രവ്യം വാങ്ങിയിട്ട പിന്നെ പുരുഷനെ ഇഷ്ടപ്പെടാതിരിക്കുന്ന ഗണികയ്ക്കു ഭോഗദ്രവ്യത്തിന്റെ ഇരട്ടി ദണ്ഡം. വസതിഭോഗം (രാത്രി മുഴുവൻ വസിക്കുന്നതിനുള്ള ദ്രവ്യം) വാങ്ങിയിട്ട വഞ്ചിക്കുന്നവൾ, വ്യാധിയോ മററു പുരുഷദോഷമോ ഉണ്ടായിട്ടല്ലാത്തപക്ഷം, വാങ്ങിയതിന്റെ എട്ടിരട്ടി ദണ്ഡം കൊടുക്കണം. ഗണിക പുരുഷനെക്കൊന്നാൽ അവളെ ചിതാപ്രതാപം (ആ പുരുഷന്റെ ചിതയിലിട്ട ചുടുക) ചെയ്യുകയോ, വെള്ളത്തിൽ മുക്കിക്കൊല്ലുകയോ ചെയ്യണം.

ഗണികയുടെ ആഭരണമോ, ധനമോ, ഭോഗദ്രവ്യമോ അപഹരിക്കുന്ന പുരുഷന്ന് അപഹരിച്ചതിന്റെ എട്ടിരട്ടി ദണ്ഡം. തന്റെ ഭോഗദ്രവ്യവും ആയതിയും ഇന്നതെന്നും, തന്നോടുകൂടി വസിച്ച പുരുഷൻ ഇന്നവനെന്നും ഗണിക അധ്യക്ഷനെ അറിയിക്കണം.

ഇപ്പറഞ്ഞതുകൊണ്ടു തന്നെ നടൻ, നർത്തകൻ, ഗായകൻ, വാദകൻ, വാഗ്ജീവനൻ, കുശീലവൻ, പ്ലവകൻ (തോണിന്മേൽക്കളിക്കാരൻ), സൌഭികൻ (ഐന്ദ്രജാലികൻ), ചാരണൻ എന്നിവരുടേയും സ്ത്രീവ്യവഹാരികളുടേയും സ്ത്രീകളേയും ശ്രദ്ധാജീവകളായ സ്ത്രീകളേയും പറഞ്ഞു കഴിഞ്ഞു.

അവരുടെ (നടനർത്തകാദികളുടെ) സംഘം ദേശാന്തരത്തുനിന്നു വന്നാൽ അഞ്ചുപണം പ്രേക്ഷാവേതനം (വിദ്യ പ്രദർശിപ്പിക്കുന്നതിനുള്ള വേതനം) അടയ്ക്കണം.

രൂപാജീവകൾ (ഗണികകൾ) എല്ലാവരും തങ്ങളുടെ ഒരു ദിവസത്തെ ഭോഗദ്രവ്യത്തിന്റെ ഇരട്ടി മാസം തോറും രാജാവിന്നു കൊടുക്കണം.

ഗണികകൾ, ദാസികൾ, രംഗോപജീവിനികൾ എ

ന്നിവരെ ഗീതം, വാദ്യം, പാഠ്യം, നൃത്തം, നാട്യം, അക്ഷരം, ചിത്രം, വീണ, വേണു, മൃദംഗം, പരചിത്തജ്ഞാനം, ഗന്ധം, മാല്യം, സമ്മോഹനം, സംവാഹനം, വൈശികം (വേശ്യാതന്ത്രം) എന്നീ വിദ്യകൾ പഠിപ്പിക്കുന്നവനു രാജകീയധനത്തിൽനിന്നു ഉപജീവനം നൽകണം. അവർ ഗണികാപുത്രന്മാരെ എല്ലാ താളാവചാരന്മാരിൽവച്ചും മുഖ്യന്മാരായ രംഗോപജീവികളാക്കിത്തീർക്കുകയും വേണം.

പല സംജ്ഞകാം ഭാഷകളും
പഠിച്ച തന്നാരിമാരെ വിട്ടിടണം
ഒറററിയുക, കൊലചെയ്യുക,
തെററിക്കുകയെന്നിവയ്ക്കു നാന്മകരിൽ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ഗണികാദ്ധ്യക്ഷൻ എന്ന ഇരുപത്തേഴാമദ്ധ്യായം.

---

## ഇരുപത്തെട്ടാം അദ്ധ്യായം.

---

നാല്പത്തഞ്ചാം പ്രകരണം.

നാവധ്യക്ഷൻ.

നാവധ്യക്ഷൻ (നാവികാധ്യക്ഷൻ) സ്ഥാനീയാദികളിൽ സമുദ്രസംയാനം (കടലോരം), നദീമുഖം എന്നിവയിലും ദേവസരസ്സ് (പ്രകൃത്യാ ഉണ്ടായ കായൽ), വിസരസ്സ് (കുഴിച്ചുണ്ടാക്കിയ കായൽ), നദി എന്നിവയിലുമുള്ള യാനമാർഗ്ഗങ്ങളെ മേൽനോട്ടം ചെയ്യണം.

അവയുടെ (സമുദ്രസംയാനാദികളുടെ) വേലാകൂലങ്ങളിലുള്ള ഗ്രാമങ്ങളിലെ നിവാസികൾ ക്ലൃപ്തമായ ഒരുനികുതി അടയ്ക്കണം; മത്സ്യബന്ധകന്മാർ തങ്ങൾക്കു കിട്ടുന്നതി

ന്റെ ആറിലൊന്നു നൌകാഭാടകം (വല വീശുന്നതിനുള്ള നികുതി) അടയ്ക്കണം; വണിക്കുകൾ പട്ടണത്തിലെ പതിവുപ്രകാരമുള്ള ശുൽക്കഭാഗം നൽകണം; രാജകീയമായ കപ്പലുകളിലൂടെ വന്നിറങ്ങുന്നവർ യാത്രാവേതനവും അടയ്ക്കണം.

രാജകീയമായ വഞ്ചികൾ വഴിക്കു ശംഖങ്ങളും മുത്തുകളുമെടുക്കുന്നവർ നൌകാഭാടകമടയ്ക്കുകയോ, അല്ലാത്തപക്ഷം സ്വന്തം വഞ്ചികളുപയോഗിക്കുകയോ ചെയ്യണം. അവയുടെ (ശംഖങ്ങളുടേയും മുത്തുകളുടേയും) അദ്ധ്യക്ഷന്റെ പ്രവൃത്തി ഖന്യദ്ധ്യക്ഷനെ പറഞ്ഞിട്ടുള്ളതുകൊണ്ടുതന്നെ പറഞ്ഞുകഴിഞ്ഞു.

പത്തനാദ്ധ്യക്ഷൻ നിയമിച്ചിട്ടുള്ള പണ്യപത്തനങ്ങളിലെ ചാരിത്രത്തെ (പതിവിനെ) നാവദ്ധ്യക്ഷൻ പാലിക്കണം.

മൂഢങ്ങളോ (ദിഗ്ഭ്രമം വന്നവ) വാതാഹതങ്ങളോ ആയിട്ടു കരയ്ക്കണഞ്ഞ കപ്പലുകളെ അദ്ധ്യക്ഷൻ പിതാവെന്നപോലെ അനുഗ്രഹിക്കണം.

ഉദകപ്രാപ്തമായ (വെള്ളം കടന്നു നനഞ്ഞ) പണ്യത്തിന്മേലുള്ള ശുൽക്കം തീരെ വിടുകയോ പകുതിയാക്കുകയോ വേണം. അങ്ങനെ കേടുവന്ന കപ്പലുകളെ പട്ടണത്തിലുള്ള കപ്പലുകളുടെ യാത്രാകാലങ്ങളിൽ വിട്ടയയ്ക്കണം.

അന്യസ്ഥലത്തേക്കു പോകുന്ന കപ്പലുകൾ സ്വഭൂമിയിലടുത്താൽ അവയോടു ശുൽക്കം ചോദിക്കണം. ഹിംസ്രികകളും (അപായപ്പെടുത്തുന്നവ) ശത്രുരാജ്യത്തേക്കു ചെന്നവയും പണ്യപത്തനചാരിത്രത്തെ ലംഘിക്കുന്നവയുമായ കപ്പലുകളെ നശിപ്പിക്കണം.

ഹേമന്തത്തിലും ഗ്രീഷ്മത്തിലുംകൂടി താര്യക (തോണി കടക്കേണ്ടവ) ളായ മഹാനദികളിൽ ശാസകൻ (കപ്പി

ത്താൻ), നിയാമകൻ, ദാത്രരശ്മിഗ്രാഹകൻ (കത്തിയും കയറുമെടുക്കുന്നവൻ), ഉദകസേചകൻ (വെള്ളം തേവുന്നവൻ) എന്നിവരാൽ അധിഷ്ഠിതങ്ങളായ വലിയ വഞ്ചികളെ വേണം പ്രയോഗിക്കുവാൻ. വർഷാസ്രാവിണികൾ (വർഷത്തിൽ മാത്രം നിറയുന്നവ) ആയ ക്ഷുദ്രനദികളിൽ ചെറുതോണികളെ പ്രയോഗിക്കണം. രാജദ്വിഷ്ടകാരികൾ കടക്കുന്നതിനെ ശങ്കിച്ച് അവയെ ബദ്ധതീർത്ഥങ്ങ (കടവിൽ നിയന്ത്രണത്തോടു കൂടിയവ)ളാക്കി വയ്ക്കുകയും വേണം.

അകാലത്തിങ്കലും അതീർത്ഥത്തിങ്കലും നദി കടക്കുന്നവന്നു പൂർവ്വസാഹസം ദണ്ഡം. കാലത്തിങ്കലും തീർത്ഥത്തിങ്കലുമായാലും അനുവാദം കൂടാതെ കടക്കുന്നവന്നു കാൽക്കുറെ ഇരുപത്തേഴ്പണം തരാത്യയം (കടത്തുപിഴ).

കൈവർത്തകന്മാർ, കാഷ്ഠഭാരന്മാർ (വിറകു ചുമട്ടുകാർ), തൃണഭാരന്മാർ (പുൽച്ചുമട്ടുകാർ), പുഷ്പവാടപാലകന്മാർ, ഫലവാടപാലകന്മാർ, ഷണ്ഡപാലകന്മാർ, ഗോപാലകന്മാർ എന്നിവർക്കും, സംഭാവ്യന്മാരെ (കുറ്റക്കാരെന്നു സംശയിക്കുന്നവരെ) യും ദൂതന്മാരെയും പിന്തുടർന്നു പോകുന്നവർക്കും, സേനാഭാണ്ഡം കൊണ്ടുപോകുന്നവർ, ചാരപ്രയോഗം ചെയ്യുന്നവർ എന്നിവർക്കും സ്വതരണങ്ങൾ (സ്വന്തം തോണികൾ) വഴിക്കു പോകുന്നവർക്കും, അനൂപഗ്രാമങ്ങളിലേക്കു വിത്തുകളും ഭക്തവും (ഭക്ഷ്യം) ദ്രവ്യങ്ങളും ഉപസ്കരങ്ങളും കൊണ്ടുപോകുന്നവർക്കും അത്യയമില്ല.

ബ്രാഹ്മണർ, പ്രവ്രജിതന്മാർ, ബാലന്മാർ, വൃദ്ധന്മാർ, വ്യാധിതന്മാർ, ശാസനഹരന്മാർ, ഗർഭിണികൾ എന്നിവർക്ക് നാവധ്യക്ഷന്റെ മുദ്രകളോടുകൂടി നദി കടക്കുന്നതിന്നു വിരോധമില്ല.

കൃതപ്രവാസന്മാർ (സാധാരണമായി പ്രവേശിക്കാറുള്ളവർ) ആയ പാരവിഷയികന്മാൎക്കും സാൎത്ഥപ്രമാണന്മാൎക്കും (കച്ചവടക്കാരുടെ പരിചിതന്മാർ) നഗരത്തിൽ പ്രവേശിക്കുവാൻ വിരോധമില്ല.

പരന്റെ ഭാൎയ്യയേയോ കന്യകയേയോ ധനത്തെയോ അപഹരിക്കുന്നവൻ, ശങ്കിതൻ, ആവിഗ്നൻ (സംഭ്രാന്തൻ), ഉദ്ഭാണ്ഡീകൃതൻ (അധികം ഭാരം ചുമക്കുന്നവൻ), തലയിലെ പെരുംചുമടുകൊണ്ടു മുഖം മൂടിയവൻ, സദ്യോഗൃഹീതലിംഗിയോ (അപ്പോൾത്തന്നെ പരിവ്രാജകചിഹ്നം ധരിച്ചവൻ) അലിംഗിയോ ആയ പരിവ്രാജകൻ, അലക്ഷ്യവ്യാധിതൻ, ഭയവികാരി, ഗൂഢമായിട്ടു സാരഭാണ്ഡത്തെയോ ശാസനത്തെയോ ആയുധത്തെയോ അഗ്നിയോഗ (വെടിമരുന്നു) ത്തെയോ കൊണ്ടുപോകുന്നവൻ, വിഷഹസ്തൻ, മുദ്രയില്ലാത്ത ദീൎഘസഞ്ചാരി എന്നിവരെ അധ്യക്ഷൻ പിടിപ്പിക്കണം.

ക്ഷുദ്രപശുവിനും കൈച്ചുമടുള്ള ആൾക്കും കടവുകൂലി ഒരു മാഷകം; തലച്ചുമടുകാരനും തോൾച്ചുമടുകാരനും പശുവിനും കുതിരയ്ക്കും രണ്ടു മാഷകം; ഒട്ടകത്തിനും പോത്തിനും നാലു മാഷകം; ലഘുയാനത്തിനു അഞ്ചു മാഷകം; ഗോലിംഗ (ഇടത്തരം കാളവണ്ടി) ത്തിനു് ആറു മാഷകം; ശകടത്തിന്നു് ഏഴു മാഷകം. പണ്യവസ്തുക്കൾ ഒരു ഭാര (ഇരുപതു തുലാം) ത്തിന്നു കാൽ മാഷകം. ഇതുകൊണ്ടുതന്നെ ഭാണ്ഡഭാരവും പറയപ്പെട്ടു. വലിയ നദികളിൽ കടവുകൂലി ഇതിന്റെ ഇരട്ടിയാകുന്നു.

ആനൂപഗ്രാമങ്ങളിലെ നിവാസികൾ കടവുകാൎക്കു ക്ലൃപ്തമായ ഭക്തവേതനം (ചോറും ശമ്പളവും) കൊടുക്കണം. പ്രത്യന്തങ്ങളിൽ (അതിൎത്തികളിൽ) കടവുകാർ ശുല്കവും ആതിവാഹികവും (വാഹനവേതനം) വശ

ന്നിയും പിരിക്കണം. മുദ്രകൂടാതെ പോകുന്നവന്റെ ഭാണ്ഡവും, അതിഭാരത്തോടുകൂടെയോ അകാലത്തിങ്കലും അതീർത്ഥത്തിങ്കലുമോ കടക്കുന്നവന്റെ ഭാണ്ഡവും പിടിച്ചടക്കണം.

ആളും ഉപകരണവുമില്ലാത്തതോ സംസ്കരിക്കപ്പെടാത്തതോ ആകനിമിത്തം വഞ്ചി മുങ്ങിപ്പോയാൽ നശിച്ചുപോയ സാധനങ്ങളും ധനവും അദ്ധ്യക്ഷൻ ഉടമസ്ഥന്നു കൊടുക്കണം.

ആഷാഢമഴപോയ് കാർത്തി-
കത്തിലേഴാളുമാം തരം *
ജോലിക്ക തെളിവേകണം,
നിത്യം പിരിവടയ്ക്കണം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന
രണ്ടാം അധികരണത്തിൽ, നാവദ്ധ്യക്ഷനെന്ന
ഇരുപത്തെട്ടാമദ്ധ്യായം.

---

# ഇരുപത്തൊമ്പതാം അദ്ധ്യായം.

## നാല്പത്താറാം പ്രകരണം.

## ഗോദ്ധ്യക്ഷൻ.

ഗോദ്ധ്യക്ഷൻ § വേതനോപഗ്രാഹികം, കരപ്രതികരം, ഭഗ്നോത്സൃഷ്ടകം, ഭാഗാനുപ്രവിഷ്ടകം, വ്രജപര്യ

---

* തരം=ആയതം (തോണിക്കൂലി) കടവുകളിൽ തോണി കടക്കുകയും കൂലി പിരിക്കുകയും ചെയ്യേണ്ട കാലം ഇതാണെന്നർത്ഥം. ഈ കാലം വർഷാസ്രാവിണികളെ സംബന്ധിച്ചു മാത്രമാണ്.

§ ഇവിടെ ഗോശബ്ദംകൊണ്ടു പശുക്കളേയും എരുമകളേയും ഗ്രഹിക്കണം.

ഗ്രം, നഷ്ടം, വിനഷ്ടം, ക്ഷീരാജ്യസഞ്ജാതം എന്നിവയെ മേൽനോട്ടം ചെയ്യണം.

ഗോപാലകൻ, പിണ്ഡാരകൻ (എരുമമേയ്ക്കുന്നവൻ), ദോഹകൻ (പാൽകറക്കുന്നവൻ), മന്ഥകൻ (തയിർകടയുന്നവൻ), ലുബ്ധകൻ (ദുഷ്ടമൃഗങ്ങളെ അകററുന്നവൻ) എന്നിവർ ഹിരണ്യഭൃതന്മാർ (പണം വേതനമായിട്ടുള്ളവർ) ആയിട്ടു നൂറുനൂറു ധേനുക്കളെ (കറക്കുന്ന ഗോക്കളെ) രക്ഷിക്കണം. ക്ഷീരവും ഘൃതവും വേതനമായി നിശ്ചയിച്ചാൽ അവർ വത്സന്മാരെക്കൊന്നുകളയും. ഇങ്ങനെ വേതനോപഗ്രാഹികം (വേതനംകൊടുത്തു ഗോക്കളെ നോക്കിക്കൽ.)

ജരൽഗു (വൃദ്ധപശു), ധേനു, ഗർഭിണി, പഷ്ഠൗഹി (കുററനെ തേടുന്ന പശു), വത്സതരി (കുടിവററിയ കുട്ടി) എന്നിവയെ സമവിഭാഗമായിട്ടു നൂറെണ്ണം ഒരുവൻ പാലിക്കണം. അതിനവൻ എട്ടുവാരകം നെയ്യും, ഒരുപണം പുച്ഛവും (വാലെണ്ണിക്കൊടുക്കുന്ന പണം), അങ്കചർമ്മവും (അടയാളമുള്ള തോല്) പ്രതിവർഷം രാജാവിനു കൊടുക്കണം. ഇങ്ങനെ കരപ്രതികരം (കരം വാങ്ങി ഗോക്കളെ നോക്കിക്കൽ).

വ്യാധിത, ന്യംഗ, അനന്യദോഹി (പരിചയപ്പെട്ടവനൊഴികെ അന്യനു കറപ്പാൻ കഴിയാത്തതു്), ഉദ്ഗാഹ (കറപ്പാൻ ചടങ്ങുള്ളതു്), പുത്രഘ്നി (മക്കളെ വാഴാത്തതു്) എന്നിങ്ങനെയുള്ള ഗോക്കളെ സമവിഭാഗമായിട്ടു നൂറെണ്ണം വീതം ഓരോരുത്തർ പാലിക്കുകയും, അതിൽനിന്നു ലഭിക്കുന്നതിന്റെ ഭാഗം രാജാവിനു നൽകുകയുംവേണം. ഇങ്ങനെ ഭഗ്നോത്സൃഷ്ടകം (ഉപയോഗമില്ലാതെ തള്ളിയതു്).

പരസൈന്യത്തിൽനിന്നും അടവിയിൽനിന്നുമുള്ള ഭയത്താൽ രാജകീയപശുക്കളുടെ കൂട്ടത്തിൽ പ്രവേശിപ്പിച്ച

ഗോക്കളെ നോക്കുന്നതിന്ന് പാലനധർമ്മമനുസരിച്ചു കുടികൾ രാജാവിന്ന് അവയിൽനിന്നുള്ള ആയത്തിൻെറ പത്തിലൊരു ഭാഗം നൽകണം. ഇങ്ങനെ ഭാഗാനുപ്രവിഷ്ടകം (ഭാഗത്തിന്നു പരിപാലിക്കൽ.)

വത്സന്മാർ, വത്സതരന്മാർ, ദമ്യങ്ങൾ (പൂട്ടുവാൻതക്കവ), വാഹികൾ (ഭാരംവഹിക്കുന്നവ), വൃഷങ്ങൾ (കൂററന്മാർ), ഉക്ഷാക്കൾ (മുത്തനെരുതുകൾ) എന്നിങ്ങനെ കാളകൾ; യുഗവാഹനശകടവഹങ്ങൾ (നുകവും വാഹനവും വണ്ടിയും വലിക്കുന്നവ), വൃഷഭങ്ങൾ (മണിപ്പോത്തുകൾ), സൂനാമഹിഷങ്ങൾ (മാംസമാത്രോപയോഗികളായ പോത്തുകൾ), പൃഷ്ഠസ്കന്ധവാഹികൾ എന്നിങ്ങനെ മഹിഷങ്ങൾ; വത്സിക, വത്സതരി, പഷ്ഠൌഹി, ഗർഭിണി, ധേനു, അപ്രജാത (പെററിട്ടില്ലാത്തതു്), വന്ധ്യ എന്നിങ്ങനെ പശുക്കളും എരുമകളും. അവ പെററുണ്ടാകുന്ന വത്സന്മാരും വത്സികകളും, പെററിട്ട ഒരുമാസമോ രണ്ടു മാസമോ പ്രായമാകുന്ന കാലത്ത് ഉപജങ്ങളെന്നു പറയപ്പെടുന്നു. അക്കാലത്തു് അവയെ അങ്കനംചെയ്യണം (ചൂടുവച്ച് അടയാളപ്പെടുത്തണം). കൂട്ടത്തിൽ കൂടി ഒന്നരണ്ടു മാസം പര്യുഷിതങ്ങളായ അന്യപശുക്കളെയും അങ്കനംചെയ്യണം. അങ്കം (ചൂടുവച്ച അടയാളം), ചിഹ്നം (സഹജമായ അടയാളം), വർണ്ണം, ശൃംഗാന്തരം (കൊമ്പുകളുടെ ഇടയകലം) എന്നിവയാണ് ഗോക്കളുടെ ലക്ഷണം. ഈ ലക്ഷണങ്ങളോടുകൂടി അദ്ധ്യക്ഷൻ ഉപജങ്ങളുടെ വിവരം നിബന്ധപുസ്തകത്തിൽ എഴുതണം. ഇങ്ങനെ വ്രജപര്യഗ്രം (വ്രജഗണനം.)

ചോരന്മാർ കൊണ്ടുപോയതു്, അന്യയൂഥത്തിൽ പ്രവേശിച്ചതു്, അവലീനം (കൂട്ടംതെററി കാണാതായതു്) എന്നിവ നഷ്ടം.

ചേറ്, വിഷമസ്ഥലം എന്നിവയിൽ വീണൊ വ്യാധിജരകൾകൊണ്ടൊ ജലാശയത്തിൽ വീണൊ ആഹാരദോഷംകൊണ്ടൊ മൃതമായതും വൃക്ഷം, നദീതടം ഇവ വീണൊ മരക്കൊമ്പു തട്ടിയൊ പാറയടിച്ചൊ മൃതിപ്പെട്ടതും ഈശാനൻ (ഇടിത്തീ), വ്യാളങ്ങൾ, സപ്പം, മുതല എന്നിവ നിമിത്തമായൊ കാട്ടുതീയിൽ വെന്തൊ അപായപ്പെട്ടതുമാണ് വിനഷ്ടം. പാലകന്മാരുടെ പ്രമാദം കൊണ്ട് വിനഷ്ടമായാൽ അവർ നഷ്ടം കൊടുക്കേണ്ടതാണ്.

ഇങ്ങനെ ഗോക്കളുടെ രൂപാഗ്രം (എണ്ണം) അറിയണം.

ഗോക്കളെ സ്വയമായി കൊല്ലുന്നവനും, കൊല്ലിക്കുന്നവനും, കക്കുന്നവനും, കളവു ചെയ്യിക്കുന്നവനും വധ്യനാകുന്നു.

പരപശുക്കൾക്കു രാജപശുക്കളുടെ അങ്കമിട്ടു രൂപത്തെ പരിവത്തനം ചെയ്യുന്നവൻ പൂവ്വസാഹസദണ്ഡം അടയ്ക്കണം.

സ്വദേശീയപശുക്കളിൽവച്ച് ചോരഹൃതമായതിനെ വീണ്ടുകൊടുക്കുന്നതിനു ഓരോന്നിനോരോ പണം ഉടമസ്ഥൻ രാജാവിനു കൊടുക്കണം. പരദേശം പുക്കവയെ മോചിപ്പിച്ചുകൊടുത്താൽ അവയുടെ വിലയിൽപ്പകുതി രാജാവിനുള്ളതാണ്.

ബാലരും വൃദ്ധരും വ്യാധിതരുമായ പശുക്കൾക്കു വേണ്ട ശുശ്രൂഷ ഗോപാലകന്മാർ ചെയ്യണം.

ലുബ്ധകന്മാരെക്കൊണ്ടും ശ്വഗണികളെക്കൊണ്ടും ചോരഭയം, വ്യാളഭയം, ശത്രുഭയം എന്നിവയെ ഒഴിപ്പിച്ചിട്ടായ അരണ്യത്തിൽ ഋതുവനുസരിച്ചു പകുത്തു പകുത്തുകൊണ്ടു വേണം ഗോക്കളെ മേയ്ക്കുവാൻ.

നാല്പത്താറാം പ്രകരണം    ഇരുപത്തൊമ്പതാം അധ്യായം

സർപ്പങ്ങളേയും വ്യാളങ്ങളേയും ഭയപ്പെടുത്തുവാനും ഗോചരാനുപാതം (പശുസഞ്ചാരസ്ഥാനം) അറിവാനും വേണ്ടി ത്രസ്നുക്കളുടെ (പേടിയുള്ളവയുടെ) കഴുത്തിൽ ഘണ്ടാതൂർയ്യം (മണി) കെട്ടേണ്ടതാണ്.

സമവും വിസ്തൃതവുമായ തീർത്ഥം (കടവ്) ഉള്ളതും ചേറും മുതലയുമില്ലാത്തതുമായ വെള്ളത്തിൽ വേണം പശുക്കളെ ഇറക്കുവാൻ. അപ്പോൾ വിശേഷാൽ കാക്കുകയും വേണം.

ചോരൻ, വ്യാളം, സർപ്പം, മുതല എന്നിവ പിടിക്കുകയാലോ വ്യാധിജരകളാലോ ഗോക്കൾ ചത്തുപോയാൽ ആ വിവരം ഗോപാലന്മാർ അധ്യക്ഷനെ അറിയിക്കണം. അറിയിക്കാതിരുന്നാൽ നശിച്ചുപോയ എണ്ണത്തിന്റെ വില അവർ കൊടുക്കണം.

കാരണമൃതമായ ഗോവിന്റെയും മഹിഷത്തിന്റെയും അങ്കചർമ്മവും, ആട്ടിന്റെയും കുറിയാട്ടിന്റെയും കർണ്ണലക്ഷണ (ചെവിയടയാളം)വും, കുതിരയുടേയും കഴുതയുടേയും ഒട്ടകത്തിന്റെയും പുച്ഛം, അങ്കചർമ്മം എന്നിവയും അവയുടെ പാലകന്മാർ അധ്യക്ഷന്നു കൊണ്ടുവന്നു കൊടുക്കണം. എല്ലാറ്റിന്റെയും ബാലചർമ്മം (രോമത്തോല്), വസ്തി, പിത്തം, സ്നായു, പല്ല്, കുളമ്പ്, കൊമ്പ്, അസ്ഥി എന്നിവയും അധ്യക്ഷൻ വശം ഏല്പിക്കണം.

ഗോപാലകന്മാർ മാംസം പച്ചയായോ ഉണക്കിയോ വിൽക്കണം. മോര് ശ്വാക്കൾക്കും വരാഹങ്ങൾക്കും കൊടുക്കണം. കൂർച്ചിക (പാട) സൈനികരുടെ ഭക്ഷണത്തിലേക്കു കൊണ്ടുപോകണം. കിലാടം (കെട്ട തൈര്) വരട്ടുപിണ്ണാക്കു കുതിർക്കുന്നതിന്നുപയോഗിക്കാം.

പശുവിനെ വിൽക്കുന്നവൻ എണ്ണമൊന്നിന്നു കാൽപണം വീതം രാജാവിന്നു കൊടുക്കണം.

വർഷം, ശരത്ത്, ഹേമന്തം ഈ ഋതുക്കളിൽ ഗോക്കളെ രണ്ടുനേരവും കറക്കാം. ശിശിരം, വസന്തം, ഗ്രീഷ്മം ഈ ഋതുക്കളിൽ ഒരു നേരമേ കറക്കാവൂ. അവയിൽ രണ്ടാമത്തെ നേരംകൂടി കറന്നാൽ കറന്നവന്റെ പെരുവിരൽ ഛേദിക്കുകയാണ് ദണ്ഡം. കറക്കേണ്ടുന്ന സമയം തെറ്റിച്ചാൽ കറയുന്ന പാൽ വകവച്ചു കൊടുക്കണം.

ഇതുകൊണ്ടു തന്നെ നസ്യകാലം (മൂക്കു തുളയ്ക്കേണ്ടും കാലം), ദമ്യകാലം (ദമനകാലം), യുഗപിംഗന കാലം (നുകം പൂട്ടേണ്ടും കാലം), വർത്തനകാലം (ഉടയ്ക്കേണ്ടും കാലം) എന്നിവയും പറഞ്ഞു കഴിഞ്ഞു.

ഒരു ദ്രോണം പശുവിൻ പാലിന് ഒരു പ്രസ്ഥം നെയ്യുണ്ടാകും. എരുമപ്പാലിനു പ്രസ്ഥത്തിന്റെ അഞ്ചിലൊരുഭാഗം കൂടി അധികമായിക്കാണും. ആട്ടിന്റെയും കുറിയാട്ടിന്റേയും പാൽ ഒരു ദ്രോണത്തിനു ഒന്നരപ്രസ്ഥം നെയ്യുണ്ടാകും.

അഥവാ, എല്ലാപാലിനും നെയ്യുണ്ടാകുന്നതിന്റെ പ്രമാണം കടഞ്ഞുകാണുന്നതു തന്നെയാണ്. കാരണം, ഭൂമിയുടേയും പുല്ലിന്റേയും വെള്ളത്തിന്റേയും ഗുണമനുസരിച്ചു ക്ഷീരഘൃതങ്ങൾക്കു വൃദ്ധികാണുമെന്നതുതന്നെ.

യൂഥവൃഷത്തെ (പശുക്കൂട്ടത്തിൽ നിൽക്കുന്ന കൂറ്റനെ) മറ്റൊരു വൃഷത്തെക്കൊണ്ടു അവപാതനം (പൊരുതിക്കുക) ചെയ്യുന്നവനു പൂർവ്വസാഹസം ദണ്ഡം; പൊരുതിച്ചു ഹനിപ്പിക്കുന്നവന് ഉത്തമസാഹസം ദണ്ഡം.

വർണ്ണമനുസരിച്ചു പത്തുപത്തായിച്ചേർത്തിട്ടു വേണം യൂഥത്തിൽ ഗോക്കളെ രക്ഷിക്കുവാൻ. ഉപനിവേശദിക്കിനെ (മേയാനുള്ള ദിക്കിനെ) വിഭജിക്കുന്നതു അവയുടെ പ്രചാരം, ബലാന്വയം, രക്ഷാസാമർത്ഥ്യം എന്നിവയനുസരിച്ചു വേണ്ടതാണ്.

നാല്പത്താറാം പ്രകരണം    ഇരുപത്തൊമ്പതാം അദ്ധ്യായം

ആട്ടിന്നും കുറിയാട്ടിന്നും ആറാറു മാസം കൂടുമ്പോൾ രോമം മുറിപ്പിക്കണം.

ഇതുകൊണ്ടു കുതിര, കഴുത, ഒട്ടകം, പന്നി എന്നിവയുടേയും യൂഥങ്ങളെ പറഞ്ഞുകഴിഞ്ഞു.

മൂക്കളുള്ളവയും അശ്വങ്ങളെപ്പോലെ വേഗതിയുള്ളവയും ഭാരം വഹിക്കുന്നവയുമായ കാളകൾക്കു തിന്മാൻ യവസം (പച്ചപ്പുല്ല്) അർദ്ധഭാരവും, തൃണം (സാധാരണ പുല്ല്) ആയാൽ അതിലിരട്ടിയും വേണം. വരട്ടുപിണ്ണാക്കു ഒരു തുലാം; കണകുണ്ഡകം (മുറിയരിയും തവിട്ടും കൂടിയതു) പത്താഢകം; മുഖലവണം (മുഖശോധനത്തിനുള്ള ഉപ്പ്) അഞ്ചുപലം; നസ്യതൈലം (മൂക്കിൽക്കയററുവാനുള്ള എണ്ണ) ഒരു കുഡുബം; പാനതൈലം (കുടിപ്പാനുള്ള എണ്ണ) ഒരു പ്രസ്ഥം; മാംസം ഒരു തുലാം; ദധി ഒരാഢകം; യവമോ ഉഴുന്നു പുഴുങ്ങിയതോ ഒരു ദ്രോണം; പ്രതിപാനത്തിന്ന് ഒരു ദ്രോണം പാലോ അര ആഢകം മദ്യമോ രണ്ടിലൊന്നും, ഒരു പ്രസ്ഥം സ്നേഹവും, പത്തുപലം ക്ഷാരവും, ഒരു പലം ശൃംഗിബേര (ചുക്ക) വും കൊടുക്കണം.

അശ്വതരം, പശു, കഴുത എന്നിവയ്ക്കു മേൽപ്പറഞ്ഞതുതന്നെ നാലിലൊന്നു കുറച്ചും, പോത്തിനും ഒട്ടകത്തിന്നും കർമ്മകരബലീവർദ്ദങ്ങൾ (പൂട്ടുന്നകാളകൾ)ക്കും അതുതന്നെ ഇരട്ടിയായും കൊടുക്കണം. കറവപ്പശുക്കൾക്കു മുകളിൽ പാനാർത്ഥമായിപ്പറഞ്ഞതും ഇരട്ടി കൊടുക്കണം. അവയ്ക്കുള്ള വിധാദാനം (തീററകൊടുക്കൽ) കർമ്മവും കാലവും ഫലവുമനുസരിച്ചാകുന്നു. പുല്ലും വെള്ളവും എല്ലാററിന്നും മതിയാകുവോളം കൊടുക്കാം.

ഇങ്ങനെ ഗോമണ്ഡലം പറയപ്പെട്ടു.

ഖരാശ്വയൂഥത്തിനു കൂററനഞ്ചോ,-
അജാവിയൂഥത്തിനു പത്തു കൂററൻ,

നാലായിട്ടും ഗോമഹിഷോഷ്ട്രയൂഥേ—
യൂഥം തിരിച്ചീടുക നൂറുനൂറായ്.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ഗോധ്യക്ഷൻ എന്ന ഇരുപത്തൊമ്പതാമദ്ധ്യായം.**

---

## മുപ്പതാം അദ്ധ്യായം.

### നാല്പത്തേഴാം പ്രകരണം.

### അശ്വാദ്ധ്യക്ഷൻ.

അശ്വാദ്ധ്യക്ഷൻ പണ്യാഗാരികവും, ക്രയോപാഗതവും, ആഹവലബ്ധവും, ആജാതവും, സാഹായ്യകാഗതവും, പണസ്ഥിതവും, യാവൽക്കാലികവുമായിട്ടുള്ള * അശ്വങ്ങളുടെ കണക്ക് അവയുടെ കുലം, വയസ്സ്, വർണ്ണം, ചിഹ്നം, വർഗ്ഗം, ആഗമം എന്നിവയോടുകൂടി പുസ്തകത്തിൽ എഴുതിവയ്ക്കണം. അവയിൽവച്ച് അപ്രശസ്തങ്ങളും ന്യംഗങ്ങളും വ്യാധിതങ്ങളുമായവയെ രാജാവിന്നറിയിക്കുകയും വേണം.

അശ്വവാഹൻ (കുതിരക്കാരൻ) കുതിരയെ നോക്കുന്നതിന്നു മാസംതോറുമുള്ള ദ്രവ്യങ്ങളെ കോശാഗാരത്തിൽനിന്നും കോഷ്ഠാഗാരത്തിൽനിന്നും വാങ്ങി കാര്യത്തെ ചിന്തിക്കണം.

അശ്വാദ്ധ്യക്ഷൻ അശ്വങ്ങളുടെ എണ്ണത്തിന്നു തക്ക

---

* പണ്യാഗാരികം=പണ്യശാലയിൽ നിറുത്തിയത്. ക്രയോപാഗതം=വിലയ്ക്കു വാങ്ങിയത്. ആഹവലബ്ധം=യുദ്ധങ്ങളിൽ പിടിച്ചടക്കിയത്. ആജാതം=സ്വദേശ്യവർഗ്ഗത്തിൽപ്പെട്ടത്. സാഹായ്യകാഗതം=സാഹായ്യത്തിന്നായിട്ടു കിട്ടിയത്. പണസ്ഥിതം=പണയത്തിലിരിക്കുന്നത്. യാവൽക്കാലികം=താൽക്കാലികം.

നീളമുള്ളതും, അശ്വങ്ങളുടെ നീളത്തിന്റെ ഇരട്ടി വിസ്താരമുള്ളതും, നാലു ദിക്കുകളിലേക്കും ദ്വാരങ്ങളോടും മദ്ധ്യത്തിങ്കൽ ഉപാവൎത്തന (ഉരുളുവാനുള്ള സ്ഥലം) ത്തോടും കൂടിയതും, പ്രഗ്രീവ (മുഖപ്പുര) മുള്ളതും, ദ്വാരങ്ങളുടെ ഇരുപുറങ്ങളിലും ഇരിക്കുവാനുള്ള ഫലകങ്ങളോടു കൂടിയതും വാനരൻ, മയൂരം, പൃഷതം (പുള്ളിമാൻ), നകുലം, ചകോരം, ശുകം, ശാരിക എന്നിവയാൽ അധിഷ്ഠിതവുമായിട്ട് അശ്വശാലയെ നിൎമ്മിപ്പിക്കണം.

ഓരോ അശ്വത്തിനും വേറെ വേറെ അതിന്റെ നീളമനുസരിച്ച് ചതുരശ്രമായിട്ടുള്ള ഓരോ ശ്ലക്ഷ്ണഫലകം (മിനുത്ത പലക) വിരിച്ചതും, തിന്മാനുള്ള സാധനം വെക്കുവാൻ പ്രത്യേകം ധൂമകോഷ്ഠത്തോടുകൂടിയതും, മൂത്രപുരീഷങ്ങൾ ഒഴിഞ്ഞുപോകുന്നതിന്നു സൌകൎയ്യമുള്ളതുമായി പ്രാങ്മുഖമോ ഉദങ്മുഖമോ ആയിട്ടു സ്ഥാനം നിൎമ്മിക്കണം. അശ്വശാലയുടെ ദിഗ്വിഭാഗം (ഇന്ന ദിക്കിൽ വേണമെന്നുള്ള വിഭാഗം) ശാലയുടെ വലുപ്പമനുസരിച്ച് കല്പിക്കുകയുമാകാം. ബഡവകൾ (പെൺകുതിരകൾ) ക്കും വൃഷങ്ങൾ (ചവിട്ടുകുതിരകൾ) ക്കും കിശോരന്മാൎക്കുമുള്ള സ്ഥാനങ്ങൾ ഏകാന്തങ്ങളിൽ (അന്യോന്യം കാണാത്ത സ്ഥലങ്ങളിൽ) ആയിരിക്കണം.

ബഡവ പ്രസവിച്ചാൽ അതിന്നു മൂന്നു ദിവസം ഓരോ പ്രസ്ഥം നെയ്യ് കുടിക്കുവാൻ കൊടുക്കണം; അതിന്മേൽ പത്തുദിവസം ഓരോ പ്രസ്ഥം സക്തു (അരിപ്പൊടി) വും, പ്രതിപാനമായിട്ട് സ്നേഹം (എണ്ണയോ നെയ്യോ) ചേൎത്ത ഔഷധവും കൊടുക്കണം. അതിന്മേൽ വെന്ത ധാന്യവും, പച്ചപ്പുല്ലും, ഋതുവനുസരിച്ചുള്ള ആഹാരവും കൊടുക്കണം.

കിശോരന്നു (കുതിരക്കുട്ടിക്ക്) പ്രസവിച്ച പത്തു ദിവസം കഴിഞ്ഞതിന്നു ശേഷം ഒരു കുഡുബം സക്തു നാലി

ലൊന്നു നെയ്യും ചേൎത്തു കൊടുക്കുകയും, ഒരു പ്രസ്ഥം പാൽ കൊടുക്കുകയും വേണം. ഇതാണ് അതിന്നു ആറുമാസം വരെ ആഹാരം. അതിന്നുശേഷം ഓരോ പ്രസ്ഥം യവം, മാസംതോറും അരപ്രസ്ഥം വീതം അധികമാക്കിയിട്ടു, മൂന്നു വൎഷംവരെ കൊടുക്കണം. പിന്നെ നാലുവൎഷം തികയുംവരെ ഒരു ദ്രോണം യവം കൊടുക്കണം. നാലു വൎഷമോ അഞ്ചുവൎഷമോ പ്രായമായാൽ കുതിര പൂൎണ്ണപ്രമാണം (വലുപ്പം തികഞ്ഞതു്) ആയി കൎമ്മണ്യമായിപ്പരിണമിക്കും.

ഉത്തമാശ്വത്തിന്റെ മുഖം മുപ്പത്തിരണ്ടംഗുലം വലുപ്പമുണ്ടായിരിക്കും; നീളം മുഖത്തിന്റെ വലുപ്പത്തേക്കാൾ അഞ്ചിരട്ടി ഉണ്ടായിരിക്കും; ജംഘ (കണങ്കാൽ) ഇരുപതംഗുലം; ഉത്സേധം (ഉയരം) ജംഘയുടെ നാലിരട്ടി. മധ്യമാശ്വത്തിന്ന് മുഖാദികളുടെ പ്രമാണം ഉത്തമാശ്വത്തിന്റേതിനേക്കാൾ മുമ്മൂന്നംഗുലവും, അധമാശ്വത്തിന്ന് അതിൽനിന്നും മുമ്മൂന്നംഗുലവും കുറഞ്ഞിരിക്കും. ഉത്തമാശ്വത്തിന്റെ പരിണാഹം (പരിധി) നൂറംഗുലമാണ്. മധ്യമാശ്വത്തിന്റേതു് അതിൽനിന്നു അഞ്ചിലൊരു ഭാഗവും, അധമാശ്വത്തിന്റേതു് അതിൽനിന്നും അഞ്ചിലൊരു ഭാഗവും കുറഞ്ഞിരിക്കും.

ഉത്തമാശ്വത്തിന്ന് ശാലി, വ്രീഹി, യവം, പ്രിയംഗു എന്നിവയിലൊന്ന് അൎദ്ധശുഷ്കമായോ പക്വമായോ വേവിച്ചോ, അതല്ലെങ്കിൽ ചെറുപയറോ ഉഴുന്നോ രണ്ടിലൊന്ന് വേവിച്ചോ രണ്ടു ദ്രോണം കൊടുക്കണം. സ്നേഹം ഒരു പ്രസ്ഥം; ഉപ്പ് അഞ്ചുപലം; മാംസം അയ്മ്പതു പലം. പിണ്ഡോല്ക്ലേദനത്തിന്നായി രസം ഒരാഢകമോ ദധി അതിലിരട്ടിയോ കൊടുക്കണം. പ്രതിപാനമായിട്ട് ഒരു പ്രസ്ഥം സുരയോ അതിലിരട്ടി പാലോ അഞ്ചുപലം ക്ഷാരം (ഗുളം മുതലായതു്) ചേൎത്തു കൊടുക്കണം. ദീൎഘമാൎഗ്ഗസഞ്ചാരംകൊണ്ടോ ഭാരവഹനംകൊണ്ടോ ക്ലാന്തങ്ങളായ

കുതിരകൾക്ക് ഖാദനം (ആഹാരഗ്രഹണം) ചെയ്വാൻ വേണ്ടി അനുവാസന (സ്നേഹവസ്തി) മായിട്ട് ഒരു പ്രസ്ഥം സ്നേഹം കൊടുക്കണം. ഒരു കുഡുബം സ്നേഹം നസ്യകർമ്മ (മൂക്കിൽക്കയററുക) ത്തിന്നും കൊടുക്കണം. കൂടാതെ യവസം (പച്ചപ്പുല്ല്) അര ഭാരവും തൃണമായാൽ അതിലിരട്ടിയും കൊടുക്കണം. കിടപ്പാൻ ആറരത്നി വിസ്താരത്തിൽ പുഞ്ജീലം (തൃണവിശേഷം) ഇട്ടു കൊടുക്കുകയും വേണം.

ഉത്തമാശ്വത്തിന്നു പറഞ്ഞ ഈ ആഹാരാദികളെല്ലാം നാലിലൊരുഭാഗം കുറവായിട്ട് മദ്ധ്യമാശ്വത്തിന്നും, അതിന്റെ നാലിലൊരുഭാഗം കുറച്ച് അധമാശ്വത്തിന്നും കൊടുക്കേണ്ടതാണ്. എന്നാൽ രത്ഥ്യം (രഥം വലിക്കുന്നു്), വൃഷം എന്നിങ്ങനെയുള്ള മദ്ധ്യമാശ്വത്തെ ഉത്തമാശ്വത്തോടു സമമായി ഗണിക്കേണ്ടതാണ്. അപ്രകാരമുള്ള അധമാശ്വത്തെ മദ്ധ്യമസമമായിട്ടും ഗണിക്കണം. പെൺകുതിരകൾക്കും പാരശമങ്ങൾ (കോവർകഴുതകൾ)ക്കും മേല്പറഞ്ഞ ആഹാരാദികൾ നാലിലൊന്നു കുറച്ചും, കുട്ടിക്കുതിരകൾക്ക പകുതി കുറച്ചും കൊടുക്കണം—ഇങ്ങനെ വിധായോഗം.

വിധാപാചകന്മാർ (കുതിരയുടെ ഭക്ഷ്യസാധനം പചിക്കുന്നവർ), സൂത്രഗ്രാഹകന്മാർ (അശ്വപരിചാരകന്മാർ), ചികിത്സകന്മാർ എന്നിവർ കുതിരയുടെ ഭോജനത്തിൽ ഭാഗഭാക്കുകളാകുന്നു.

യുദ്ധംകൊണ്ടോ, വ്യാധികൊണ്ടോ, ജരകൊണ്ടോ, കർമ്മംകൊണ്ടോ ക്ഷീണിച്ചവരായ കുതിരകൾ പിണ്ഡഗോചരികങ്ങൾ (ആഹാരം കഴിക്കുക മാത്രം ചെയ്യുന്നവ) ആയിരിക്കും. യുദ്ധത്തിന്നു കൊള്ളരുതാതായ കുതിരകളെ പൌരജാനപദന്മാരുടെ ഉപയോഗത്തിന്നു വൃഷങ്ങളാക്കി

ബഡവകളിൽ പ്രജോൽപാദനത്തിന്നായി പ്രയോഗിക്കണം.

പ്രയോഗ്യങ്ങളായ അശ്വങ്ങളിൽവച്ച് കാംബോജദേശം, സിന്ധുദേശം, ആരട്ടദേശം, വനായുദേശം എന്നിവയിൽ പിറന്നുണ്ടായവ ഉത്തമങ്ങളാകുന്നു. ബാൽഹീകദേശം, പാപേയദേശം, സൗവീരദേശം, തൈതലദേശം എന്നിവയിൽ ജനിച്ചവ മദ്ധ്യമങ്ങളാണ്. ശേഷമുള്ളവ അധമങ്ങൾ.

അവയെ (ഉത്തമാദികളായ അശ്വങ്ങളെ) തീക്ഷ്ണമോ ഭദ്രമോ മന്ദമോ * എന്നുള്ളതനുസരിച്ച് സാന്നാഹ്യ (സാംഗ്രാമികം)വും ഔപവാഹ്യവുമായ കർമ്മങ്ങളിൽ പ്രയോഗിക്കണം.

അശ്വത്തിന്റെ ശരിയായ കർമ്മം സാന്നാഹ്യകർമ്മമാകുന്നു.

വൽഗനം, നീചൈർഗ്ഗതം, ലംഘനം, ധോരണം, നാരോഷ്ട്രം എന്നിവയാണ് ഔപവാഹ്യങ്ങൾ.

അവയിൽവച്ച് ഔപവേണുകം, വർദ്ധമാനകം, യമകം, ആലീഢപ്ലുതം, പൃഥുഗം, ത്രികചാലി എന്നിങ്ങനെ വൽഗനം ഭേദിക്കുന്നു. ||

---

* തീക്ഷ്ണം = ഏറ്റവും തേജസ്സോടും സത്വത്തോടുംകൂടിയതും ആഘാതത്തെ ലേശംപോലും സഹിക്കാത്തതുമായിട്ടുള്ളത്. ഭദ്രം = തേജസ്സോടും സത്വത്തോടുംകൂടിയതും ആഘാതംചെയ്താൽ അതിനനുസരിച്ച് പ്രവൃത്തിക്കുന്നതുമായുള്ളത്. മന്ദം = തേജസ്സും സത്വവുമില്ലാത്തതും ഏറെയധികം ആഘാതം ചെയ്തിട്ടുമാത്രം പണിയെടുപ്പിക്കേണ്ടതുമായുള്ളത്.

|| ഔപവേണുകം = ഹസ്തമാത്രമണ്ഡലം; ഒരു ഹസ്തം വിസ്താരത്തിലുള്ള മണ്ഡലഗമനം. വർദ്ധമാനകം = അതാമാത്രമണ്ഡലപംക്തി പരിപാടി (അത്രമാത്രമുള്ള മണ്ഡലത്തെ അനുസരിച്ച പംക്തിഗമനം) യമകം = ഒരേ സമയത്തുള്ള രണ്ടു മണ്ഡലങ്ങളിലുള്ള വൽഗനം. ആലീഢപ്ലു

വൽഗനം തന്നെ ശിരഃകണ്ണവിശുദ്ധം (ശിരസ്സിന്നും കണ്ണത്തിന്നും വികാരമില്ലാത്തതു്) ആയാൽ നീചൈർഗ്ഗതമാകും. ആയതു പതിനാറുവിധമാകുന്നു. പ്രകീൎണ്ണകം, പ്രകീൎണ്ണോത്തരം, നിഷണ്ണം, പാൎശ്വാനുവൃത്തം, ഊൎമ്മിമാൎഗ്ഗം, ശരഭക്രീഡിതം, ശരഭപ്ലുതം, ത്രിതാലം, ബാഹ്യാനുവൃത്തം, പഞ്ചപാണി, സിംഹായതം, സപ്താധൂതം, ശ്ലിഷ്ടം, ഗ്ലാനിതം, ബൃംഹിതം, പുഷ്പാളികീൎണ്ണം എന്നിവ നീചൈൎഗ്ഗതമാൎഗ്ഗങ്ങളാം. *

കപിപ്ലുതം (കുരങ്ങൻചാട്ടം), ഭേകപ്ലുതം (തവളച്ചാട്ടം), ഏകപ്ലുതം (ഒറ്റച്ചാട്ടം), ഏകപാദപ്ലുതം (ഒറ്റക്കാൽച്ചാട്ടം), കോകിലസഞ്ചാരി (കുയിലിന്റേതു

---

തം=ഒരു കാൽ മടക്കിയും മറ്റേക്കാൽ നിവൎത്തിയുമുള്ള ഓട്ടം. പൂൎവ്വഗം=ശരീരത്തിന്റെ പൂൎവ്വഭാഗം മാത്രം ഇളക്കിക്കൊണ്ടുള്ള ഓട്ടം. ത്രികപാലി=ത്രികത്തെ (ദേഹപശ്ചാൽഭാഗത്തെ) മാത്രം ഇളക്കിക്കൊണ്ടുള്ള ഓട്ടം.

* പ്രകീൎണ്ണകം=എല്ലാഗതിഭേദങ്ങളും കൂടിയതെന്നൎത്ഥം. പ്രകീൎണ്ണോത്തരം=എല്ലാഗതിഭേദങ്ങളും കലൎന്നും എന്നാൽ ഒരു ഗതി പ്രധാനമായുമുള്ളതു്. നിഷണ്ണം=പൃഷ്ഠഭാഗത്തെ നിഷ്പന്ദമാക്കി നിറുത്തിക്കൊണ്ടുള്ള ഗമനം. പാൎശ്വാനുവൃത്തം=തിൎയ്യഗ്ഗതി (ഉത്തരഭാഗങ്ങളിലേക്കും ചരിഞ്ഞുകൊണ്ടുള്ള ഗമനം). ഊൎമ്മിമാൎഗ്ഗം=തിരപോലെ പൊങ്ങിയും താണുമുള്ള ഗമനം. ശരഭക്രീഡിതം=ശരഭമെന്ന മൃഗത്തിന്റെ ഗതിയോടു തുല്യമായ ഗതി. ശരഭപ്ലുതം=ശരഭത്തിന്റേതെന്നപോലെ ചാടിച്ചാടിക്കൊണ്ടുള്ള ഓട്ടം. ത്രിതാലം=ത്രിപാദഗമനം (മൂന്നുകാൽ മാത്രം ഊന്നിയുംകൊണ്ടുള്ള ഓട്ടം). ബാഹ്യാനുവൃത്തം=(ഇടംവലം തിരിഞ്ഞുകൊണ്ടുള്ള ഗമനം). പഞ്ചപാണി=മൂന്നുകാലുകൾ ഒരിക്കൽ ഊന്നുമ്പോൾ ഒരു കാൽ രണ്ടുപ്രാവശ്യം ഊന്നിയുംകൊണ്ടു അന്യകാലിന്മേലുള്ള ഓട്ടം. സിംഹായതം=സിംഹതുല്യഗതി. സപ്താധൂതം=അതിദീൎഘഗതി. ശ്ലിഷ്ടം=പുറത്തു് ആളില്ലാതെയുള്ള ഉല്ലുഗതി. ഗ്ലാനിതം=ദേഹത്തിന്റെ അഗ്രഭാഗം കുനിച്ചുംകൊണ്ടുള്ള ഗമനം. ബൃംഹിതം=ദേഹത്തിന്റെ പിൻഭാഗം കുനിച്ചുംകൊണ്ടുള്ള ഗമനം. പുഷ്പാളികീൎണ്ണം=ഗോമൂത്രികാഗമനം.

പോലെയുള്ള സഞ്ചാരം), ഊരസ്യം (കാലുകൾ മടക്കി മാറ്' നിലത്തു തൊട്ടുമാറുള്ള സഞ്ചാരം), ബകചാരി (കൊറ്റിയുടേതുപോലെയുള്ള സഞ്ചാരം) എന്നിങ്ങനെയാണ്' ലംഘനം (ചാട്ടം)

കാങ്കം (കങ്കപ്പക്ഷിയുടേതിനു തുല്യം), വാരികാങ്കം (ഹംസതുല്യം), മായൂരം (മയൂരതുല്യം), അർദ്ധമായൂരം (മയൂരത്തിന്റെ അർദ്ധവേഗത്തോടുകൂടിയ മായൂരം), നാകുലം (നകുലതുല്യം), അർദ്ധനാകുലം (നകുലത്തിന്റെ അർദ്ധവേഗത്തോടുകൂടിയ നാകുലം), വാരാഹം (വരാഹതുല്യം), അർദ്ധവാരാഹം (വരാഹത്തിന്റെ അർദ്ധവേഗത്തോടുകൂടിയ വാരാഹം) എന്നിങ്ങനെ ധോരണം (കാൽപറിച്ചോട്ടം)

സംജ്ഞാപ്രതികാരം (സംജ്ഞ കാണിക്കുന്നതിനനുസരിച്ച ചേഷ്ട )തന്നെ നാരാഷ്ട്രകം— ഇങ്ങനെ ഔപവാഹ്യങ്ങൾ.

ഉത്തമമദ്ധ്യമാധമങ്ങളായ അശ്വങ്ങൾക്ക് യഥാക്രമം ആറും, ഒമ്പതും, പന്ത്രണ്ടും യോജനകളാണ്' ഒരു ദിവസം ഓടാവുന്ന വഴി. പൃഷ്ഠവാഹ്യങ്ങളായ അശ്വങ്ങൾക്ക് അഞ്ചും, ഏഴരയും, പത്തും യോജനകളാണ്' ഓടാവുന്നതു.

വിക്രമം (ശനൈർഗ്ഗമനം), ഭദ്രാശ്വാസം (നല്ലവണ്ണം ശ്വാസം വിട്ടുകൊണ്ടുള്ള മദ്ധ്യമഗമനം), ഭാരവാഹ്യം (ഭാരം ചുമന്നുകൊണ്ടുള്ള ദ്രുതഗമനം) എന്നിവയാണ്' കുതിരകളുടെ മാർഗ്ഗങ്ങൾ (ഗമനങ്ങൾ).

വിക്രമം, വൽഗിതം (മണ്ഡലഗമനം), ഉപകണ്ഠം (ചാടിക്കൊണ്ടുള്ള ഓട്ടം), ഉപജവം (മദ്ധ്യവേഗത്തോടുകൂടിയ ഗമനം), ജവം (വേഗഗമനം) എന്നിവ ധാരകൾ (നടത്തങ്ങൾ)

അശ്വങ്ങൾക്കുള്ള ബന്ധനോപകരണങ്ങളെ യോഗ്യാചാര്യന്മാർ (അശ്വശിക്ഷകന്മാർ) ഉപദേശിക്കണം; യുദ്ധത്തിന്നുപയോഗിക്കുവാനുള്ള രഥാശ്വാലങ്കാരത്തെ സൂതന്മാർ ഉപദേശിക്കണം; അശ്വങ്ങളുടെ ശരീരം ചടപ്പിക്കുന്നതിന്നും തടിപ്പിക്കുന്നതിന്നുമുള്ള പ്രതിവിധിയേയും, ഋതുവനുസരിച്ച വിഭക്തമായി കൊടുക്കേണ്ടുന്ന ആഹാരത്തേയും അശ്വചികിത്സകന്മാർ ഉപദേശിക്കണം.

സൂത്രഗ്രാഹകൻ, അശ്വബന്ധകൻ, യാവസികൻ (പുല്ലുകൊടുക്കുന്നവൻ), വിധാപാചകൻ, സ്ഥാനപാലൻ (ലായം കാവൽക്കാരൻ), കേശകാരൻ(മുടിയെസ്സംസ്കരിക്കുന്നവൻ), ജാംഗലീവിത്ത് (വിഷവൈദ്യൻ) എന്നിവർ താന്താങ്ങളുടെ പ്രവൃത്തികൾ ശരിക്കു ചെയ്തുംകൊണ്ട് അശ്വങ്ങളെ പരിചരിക്കണം. അവർ സ്വകർമ്മങ്ങളെ അതിക്രമിച്ചാൽ അവർക്കുള്ള ദിവസവേതനം കൊടുക്കുകയുമരുത്.

അശ്വങ്ങൾക്കു നീരാജന (ആരാത്രികം, തിരിയുഴിച്ചിൽ) ചെയ്യാതേയോ ചികിത്സ ചെയ്യാതേയോ ഉപരോധം വരുമാറ് അവയെ ഓടിക്കുന്നവന്നു പന്ത്രണ്ടു പണം ദണ്ഡം; ചികിത്സ ചെയ്യുന്നതിലും മരുന്നു കൊടുക്കുന്നതിലുമുള്ള തടസ്ഥംകൊണ്ട് വ്യാധി വർദ്ധിച്ചാൽ ചികിത്സച്ചെലവിന്റെ ഇരട്ടി ദണ്ഡം; അവയിൽ (ചികിത്സ ചെയ്യുന്നതിലും മരുന്നു കൊടുക്കുന്നതിലും) ഉള്ള ദോഷംകൊണ്ട് അശ്വത്തിന്നു നാശം സംഭവിച്ചാൽ പത്രമൂല്യം (ആ കുതിരയുടെ വില) കെട്ടുകയാണ് ദണ്ഡം.

അശ്വങ്ങളുടെ പരിചരണാദികളെ പറഞ്ഞതുകൊണ്ടുതന്നെ ഗോമണ്ഡലത്തിന്റേയും കഴുത, ഒട്ടകം, പോത്ത്, ആട്, കുറിയാട് എന്നിവയുടേയും പറഞ്ഞുകഴിഞ്ഞു.

അശ്വങ്ങൾക്കു ദിനം രണ്ടു
കുളി, ഗന്ധസ്രഗർച്ചനം,
അമാവാസിക്കു ഭൂതേജ്യ,
പൌർണ്ണമിക്കാശി ചൊൽകയും,
ആശ്വിനത്തിങ്കൽ നവമി-
യ്ക്കാരാത്രികവുമേകണം;
യാത്രാദ്യന്തത്തിലും വ്യാധി-
യിങ്കലും ശാന്തികർമ്മവും.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, അശ്വാദ്ധ്യക്ഷൻ എന്ന മുപ്പതാം അദ്ധ്യായം.**

---

## മുപ്പത്തൊന്നാം അദ്ധ്യായം.

---

### നാല്പത്തെട്ടാം പ്രകരണം.
### ഹസ്ത്യദ്ധ്യക്ഷൻ.

ഹസ്ത്യദ്ധ്യക്ഷൻ ഹസ്തിവനങ്ങളുടെ രക്ഷയേയും ദമനകർമ്മംകൊണ്ടു ക്ഷീണിച്ച ഹസ്തികൾ, ഹസ്തിനികൾ, കളഭങ്ങൾ എന്നിവയ്ക്കു വേണ്ട ശാല, സ്ഥാനം, ശയ്യ, കർമ്മം, വിധ (ആഹാരം), യവസം എന്നിവയുടെ പ്രമാണത്തെയും കർമ്മങ്ങളിലുള്ള നിയോഗത്തെയും ബന്ധനോപകരണങ്ങളേയും യുദ്ധാലങ്കാരത്തെയും ചികിത്സകന്മാർ, അനീകസ്ഥന്മാർ(ഗജശിക്ഷകന്മാർ), ഔപസ്ഥായികന്മാർ(കർമ്മകരന്മാർ) എന്നിവരുടെ വർഗ്ഗത്തെയും മേൽനോട്ടംചെയ്യണം.

ഹസ്ത്യായാമത്തിന്റെ ഇരട്ടി * ഉയരവും വീതി

---

* ഹസ്ത്യായാമമെന്നാൽ ആനയുടെ ഉടലിന്റെ നീളം. അതു് ഒമ്പതു ഹസ്തമാകുന്നു. അപ്പോൾ അതിന്റെ ഇരട്ടി പതിനെട്ടു ഹസ്തം. പതിനെട്ടു ഹസ്തമാണു് ഹസ്തിശാലയ്ക്കു ഉയരവും വിസ്താരവും നീളവും വേണ്ടതെന്നർത്ഥം.

യും നീളവുമുള്ളതും ഹസ്തിനീസ്ഥാനം അധികമായിട്ടുള്ളതും പ്രഗ്രീവത്തോടുകൂടിയതും കുമാരി * യോടു കൂടിയതുമായി പ്രാങ്മുഖമോ ഉദങ്മുഖമോ ആയിട്ട് ഹസ്തിശാല (ആനപ്പന്തി)യെ സ്ഥാപിക്കണം.

ശാലയിൽ ഹസ്ത്യായാമമനുസരിച്ച് ചതുരശ്രമായും മിനുസമുള്ള ആലാനസ്തംഭ (കെട്ടുകുററി)ത്തോടും ഫലകാന്തര (പലകകൊണ്ടുള്ള മെതി)ത്തോടുംകൂടിയതായും മൂത്രപുരീഷങ്ങൾ ഒഴിഞ്ഞുപോകത്തക്കതായുമുള്ള സ്ഥാനം (നിൽക്കുവാനുള്ള സ്ഥലം) നിവേശിപ്പിക്കണം.

ആനയ്ക്കു കിടക്കുവാനുള്ള ശയ്യ, സ്ഥാനത്തിനുള്ളത്ര വിസ്താരമുള്ളതും അതിൽ പകുതി അപാശ്രയ (ചെരിയുവാനുള്ള ഉന്നതസ്ഥാനം) ത്തോടുകൂടിയതുമായിരിക്കണം. സാന്നാഹ്യങ്ങളും ഔപവാഹ്യങ്ങളുമായവയ്ക്കു ദുർഗ്ഗത്തിന്റെ അകത്തും, ദമ്യങ്ങളും വ്യാളങ്ങളുമായവയ്ക്ക് പുറത്തുമാണ് ശാല കല്പിക്കേണ്ടതു്.

അഹസ്സിൽ ഒന്നാമത്തെയും ഏഴാമത്തെയും അഷ്ടമഭാഗങ്ങൾ ആനയ്ക്കു സ്നാനകാലങ്ങളാകുന്നു; തദനന്തരം വിധാകാലം (തീററയുടെ കാലം); പൂർവ്വാഹ്നം ആനയുടെ വ്യായാമകാലവും, അപരാഹ്നം പ്രതിപാനകാലവുമാകുന്നു. രാത്രിയിൽ രണ്ടു ത്രിഭാഗങ്ങൾ (മുക്കൂറുകൾ) സ്വപ്നകാലങ്ങൾ; ഒരു ത്രിഭാഗം കിടപ്പാനും എഴുന്നേല്പാനുമുള്ള കാലം.

ഗ്രീഷ്മകാലത്താണ് ആനയെ പിടിക്കേണ്ടതു്. ഇരുപതു വയസ്സു പ്രായമായ ആന ഗ്രാഹ്യൻ(പിടിക്കുവാൻതക്കവൻ) ആകുന്നു. ബിക്കൻ (മുലകുടിക്കുന്ന കുട്ടി), മൂ

* കുമാരി എന്നതു് ആലാനസ്തംഭത്തിന്റെ ഉപരിഭാഗത്തിങ്കൽ ആനയുടെ സുഖബന്ധനത്തിനു വേണ്ടി ഘടിപ്പിച്ചിട്ടുള്ള ഒരു ഫലകഖണ്ഡമാകുന്നു.

ഢൻ (ഹസ്തിനീസമാനദന്തൻ), മൽക്കുണൻ (കൊമ്പില്ലാത്തവൻ), വ്യാധിതൻ, ഗർഭിണി, ധേനുക (മുലകൊടുക്കുന്ന തള്ള) എന്നിങ്ങനെയുള്ള ആനകളെ പിടിക്കരുത്.

ഏഴ് അരത്നി (ഹസ്തം) ഉയരം; ഒമ്പത് അരത്നി നീളം; പത്ത് അരത്നി പരിണാഹം. യഥോക്തമായ പ്രമാണത്തോടുകൂടിയതും നാല്പതു വയസ്സു പ്രായമുള്ളതുമായ ഗജം ഉത്തമമാകുന്നു. മുപ്പതു വയസ്സു പ്രായമുള്ളതു മദ്ധ്യമം; ഇരുപത്തഞ്ചു വയസ്സു പ്രായമായതു അധമം.

മദ്ധ്യമമായ ഗജത്തിനു് ഉത്തമത്തിനുള്ളതിൽ കാലംശം കുറച്ചും, അധമത്തിന്ന് മദ്ധ്യമത്തിന്റേതിൽനിന്നും കാലംശം കുറച്ചുമാണു് വിധാനം.

ആനക്കു് എത്ര അരത്നി ഉയരമുണ്ടോ അത്ര ദ്രോണം അരിയാണു് തീററക്കു വേണ്ടതു്. എണ്ണ അര ആഢകം; നെയ്യ് മൂന്നു പ്രസ്ഥം; ഉപ്പു് പത്തു പലം; മാംസം അമ്പതു പലം. പിണ്ഡക്ലേദനത്തിന്നു് ഒരാഢകം രസമോ അതിലിരട്ടി ദധിയോ വേണം. ക്ഷാരം പത്തുപലം. പ്രതിപാനത്തിന്നു് ഒരാഢകം മദ്യമോ അതിലിരട്ടി പാലോ കൊടുക്കണം. മേൽതേയ്ക്കുവാൻ തൈലം ഒരു പ്രസ്ഥം; തലയിൽതേയ്ക്കുവാൻ തൈലം അതിന്റെ എട്ടിലൊന്നു (അർദ്ധകുഡുബം); ഗജശാലയിൽ വിളക്കുവെയ്ക്കുവാനും തൈലം അർദ്ധകുഡുബംതന്നെ. ക്ലിന്നമല്ലാത്ത യവസം രണ്ടു ഭാരവും, ശഷ്പം, (ബാലതൃണം) രണ്ടേകാൽ ഭാരവും, ശുഷ്കതൃണം രണ്ടര ഭാരവും കൊടുക്കണം. കഡംഗരം (ഇല, തളിര് മുതലായതു) ഇത്രയെന്നു നിയമമില്ല.

എട്ട് അരത്നി ഉയരമുള്ള ഗജത്തെ അത്യരാളമെന്നു പറയുന്നു. അതിന്നുള്ള ഭോജനം ഏഴരത്നി ഉയരമുള്ളതിന്നു പറഞ്ഞതുപോലെത്തന്നെയാകുന്നു. ആറര

തിയും അഞ്ചരത്തിയും ഉയരമുള്ളവയ്ക്കു ഉയരത്തിന്റെ ഹ്രസ്വപ്രമാണമനുസരിച്ചു ഭോജനം നൽകണം.

വിക്കനെ ക്രീഡാൎത്ഥമായി പിടിക്കാവുന്നതാണ്. അങ്ങനെ പിടിച്ചാൽ അതിനെ ക്ഷീരവും യവസവും കൊടുത്തു വളൎത്തേണ്ടതാകുന്നു.

സഞ്ജാതലോഹിത, പ്രതിച്ഛന്ന, സംലിപ്തപക്ഷ, സമകക്ഷ്യ, വ്യതികീൎണ്ണമാംസ, സമതല്പതല, ജാതദ്രോണിക എന്നിവയാണ് ആനയുടെ ശോഭകൾ *

ഭദ്രനോ, മന്ദ്രനോ, പിന്നെ
മൃഗസങ്കീൎണ്ണലിംഗനോ
എന്നു നോക്കിശ്ശോഭപോലെ
പണിയിക്കേണമാനയെ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ഹസ്ത്യദ്ധ്യക്ഷൻ എന്ന മുപ്പത്തൊന്നാം അദ്ധ്യായം.

---

## മുപ്പത്തിരണ്ടാം അദ്ധ്യായം.

---

### ഹസ്തിപ്രചാരം.

ഹസ്തികൾ അവയുടെ കൎമ്മങ്ങളനുസരിച്ച് ദമ്യൻ, സാന്നാഹ്യൻ, ഔപവാഹ്യൻ, വ്യാളൻ എന്നിങ്ങനെ നാലു വിധമാകുന്നു.

---

* ആനകൾക്ക് അവസ്ഥാഭേദത്താൽ ഉണ്ടാകുന്ന ആകാരശോഭയെയാണ് ഇവിടെ ശോഭാപദംകൊണ്ട് പറയുന്നത്. ഈ ശോഭ ഏഴു വിധമാകുന്നു. സഞ്ജാതലോഹിത=എല്ലും തോലും മാത്രമുള്ള ഇളം പ്രായത്തിൽ ചോരയോട്ടം തുടങ്ങിയ ഒന്നാമത്തെ അവസ്ഥയിൽ ഉണ്ടാകുന്ന ശോഭ. പ്രതിച്ഛന്ന=എല്ലാല്ലും മാംസമുണ്ടായി അസ്ഥിയെ മൂടിത്തുടങ്ങിയ അവസ്ഥയിലുള്ള ശോഭ. സംലിപ്തപക്ഷ=മാംസലേപം

അവയിൽവച്ച് ദമ്യൻ സ്കന്ധഗതൻ (ചുമലിൽ കയറുന്നവൻ), സ്തംഭഗതൻ (സ്തംഭത്തിൽകെട്ടുന്നതിനെ സഹിക്കുന്നവൻ), വാരിഗതൻ (വാരിക്കുഴിയിൽ വീണവൻ), അവപാതഗതൻ (പതനഗർത്തത്തിൽ പതിച്ചവൻ), യൂഥഗതൻ (യൂഥത്തിൽ നില്ക്കുന്നവൻ) എന്നിങ്ങനെ അഞ്ചുവിധം. ദമ്യനെ ഉപചരിക്കേണ്ടതു ബിക്കനെപ്പോലെയാകുന്നു.

സാന്നാഹ്യൻ ഏഴുവിധത്തിലുള്ള ക്രിയകളോടുകൂടിയവനാണ്. അവ ഉപസ്ഥാനം, സംവർത്തനം, സംയാനം, വധാവധം, ഹസ്തിയുദ്ധം, നാഗരായണം, സാംഗ്രാമികം എന്നിവയാണ് *. സാന്നാഹ്യന്റെ ഉപവിചാരം

---

കൊണ്ട് പാർശ്വങ്ങൾ മസൃണങ്ങളായിട്ടുള്ള അവസ്ഥയിലുള്ള ശോഭ. സമകക്ഷ്യ=അവയവങ്ങളിലെല്ലാം മാംസം അന്യൂനാനതിരിക്തമായി ഇണങ്ങിടംപെട്ടിട്ടുള്ള അവസ്ഥയിലെ ശോഭ. വ്യതികീർണ്ണമാംസ=ചിലേടത്തു മാംസാധിക്യംകൊണ്ട് മുഴച്ചും മറ്റുചിലേടത്ത് കുഴിഞ്ഞുമിരിക്കുന്ന അവസ്ഥയിലെ ശോഭ. സമതല്പതല=തല്പതലമെന്നാൽ പൃഷ്ഠാസ്ഥിയുടെ ഇരുവശങ്ങൾ. അവയ്ക്കു സമമായി മാംസം ഉണ്ടായിട്ടുള്ള അവസ്ഥയിലെ ശോഭ സമതല്പതല. ജാതദ്രോണിക=പൃഷ്ഠാസ്ഥികളെല്ലാറ്റും താഴ്ന്നും അതിന്റെ പാർശ്വങ്ങൾ ഉയർന്നും വന്ന് ദ്രോണി (തോണി) പോലെയായിട്ടുള്ള അവസ്ഥയിലുള്ള ശോഭ.

* ഉപസ്ഥാനം=പൊങ്ങുകയേയും അമരുകയേയും ഉയർത്തുകയും മടക്കുകയും ചെയ്തു, ധ്വജാദികളെ ആക്രമിക്കുക മുതലായത്. സംവർത്തനം=കിടക്കുക, ഇരിക്കുക, കണ്ടം ഉന്നതങ്ങളുമുള്ള സ്ഥലങ്ങളെ ആക്രമിക്കുക മുതലായത്. സംയാനം=ഋജുഗതി, വക്രഗതി, ഗോമൂത്രികാഗതി, മണ്ഡലഗതി തുടങ്ങിയുള്ള ഗമനഭേദങ്ങൾ. വധാവധം=തുമ്പിക്കൈ, കൊമ്പ്, കരചരണാദികൾ മുതലായവകൊണ്ട് യോദ്ധാക്കളേയും കുതിരകളേയും ആളുകളേയും പിടിക്കുകയും കൊല്ലുകയും ചെയ്ക. ഹസ്തിയുദ്ധം=ആനകളോട് നേരിട്ടെതിർത്ത് യുദ്ധം ചെയ്ക. നാഗരായണം=നഗരത്തിലുള്ള ദുർഗ്ഗത്തിലെ ഗോപുരം, അട്ടാലകം, പ്രതോളി മുതലായവയെ ഇടിച്ചുതകർക്ക. സാംഗ്രാമികം=മേൽപ്പറഞ്ഞവയല്ലാ പുറമെ പലപ്രകാരത്തിലുള്ള യുദ്ധകർമ്മങ്ങൾ ചെയ്ക.

കക്ഷ്യാകർമ്മം (കാറക്കയറു കെട്ടിക്കുക), ഗ്രൈവേയകർമ്മം (കണ്ഠബന്ധം കെട്ടിക്കുക), യൂഥകർമ്മം (മററുഗജങ്ങളുടെ യൂഥത്തിലാക്കി പണിയെടുപ്പിക്കുക) എന്നിവയാകുന്നു.

ഔപവാഹ്യകർമ്മം എട്ടുവിധം: ആചരണം, കുഞ്ജരൗപവാഹ്യം, ധോരണം, ആധാനഗതികം, യഷ്ട്യുപവാഹ്യം, തോത്രോപവാഹ്യം, ശുദ്ധോപവാഹ്യം, മാർഗ്ഗായുകം എന്നിങ്ങനെ *. ഔപവാഹ്യനുള്ള ഉപവിചാരം ശാരദകർമ്മം, ഹീനകർമ്മം §, നാരോഷ്ട്രകർമ്മം (സംജ്ഞ പഠിപ്പിക്കുക) എന്നിവയത്രെ.

വ്യാളന്റെ ക്രിയാമാർഗ്ഗം ഒന്നുമാത്രമാണ്. അതിന്റെ ഉപവിചാരം ആയമൈകരക്ഷം (പിടിച്ചു തളച്ചിട്ടുമാത്രം രക്ഷിക്കുക) ആകുന്നു. കർമ്മശങ്കിതൻ (കർമ്മം ചെയ്യുമ്പോഴും ശങ്കിക്കുന്നവൻ), അവരുദ്ധൻ (കർമ്മത്തിനു പററായ്കയാൽ രോധിക്കപ്പെട്ടവൻ), വിഷമൻ (സ്ഥിരതയില്ലാതെ പ്രവൃത്തിക്കുന്നവൻ), പ്രഭിന്നൻ (മദംപൊട്ടിയ

* ആചരണം=പൂർവ്വാപരകായങ്ങളെ ഉയർത്തിയും താഴ്ത്തിയും മററും നടത്തിക്കുക. കുഞ്ജരൗപവാഹ്യം=മററാനകളോടൊപ്പം പുറത്തു ആളെ കയററുവാൻ ശീലിപ്പിക്കുക. ധോരണം=ഒരു പുറംകൊണ്ടു കർമ്മങ്ങളെ ചെയ്യിക്കുക. ആധാനഗതികം=രണ്ടുമൂന്നു ഗതിഭേദങ്ങളോടുകൂടി നടത്തിക്കുക. യഷ്ട്യുപവാഹ്യം=വടികൊണ്ടുതന്നെ എല്ലാ പണികളും ചെയ്യിക്കുക. തോത്രോപവാഹ്യം=തോത്രം (വളര്)കൊണ്ടു കർമ്മങ്ങളെ ചെയ്യിക്കുക. ശുദ്ധോപവാഹ്യം=ആയുധങ്ങളൊന്നുംകൂടാതെ തന്നെ സർവ്വകർമ്മങ്ങളെയും ചെയ്യിക്കുക. മാർഗ്ഗായുകം=നായാട്ടു ചെയ്യിക്കുക.

§ ശാരദകർമ്മം=ശാരദനു യോജിച്ച കർമ്മം. ശാരദനെന്നാൽ പ്രവൃത്തിയില്ലാത്ത ഗജമെന്നർത്ഥം. സ്ഥൂലൻ, കൃശൻ, ലോഹിതൻ, പ്രാകൃതൻ എന്നിങ്ങനെ ശാരദൻ നാലുവിധമാകുന്നു. സ്ഥൂലനെ ചടപ്പിക്കുക, കൃശനെ സ്ഥൂലിപ്പിക്കുക, ലോഹിതനു അഗ്നിദീപ്തി വരുത്തുക, പ്രാകൃതന്റെ സ്വാസ്ഥ്യം രക്ഷിക്കുക എന്നിവയാണ് ശാരദകർമ്മം.— ഹീനമെന്നാൽ വ്യായാമമില്ലാത്ത ഗജമെന്നർത്ഥം. അപ്രകാരമിരിക്കുന്ന ഗജത്തെ വ്യായാമം ചെയ്യിക്കുകയാണ് ഹീനകർമ്മം.

വൻ), പ്രഭിന്നവിനിശ്ചയൻ (മദംകൊണ്ടു അന്ധനായവൻ), മദഹേതുവിനിശ്ചയൻ (മദത്തിന്റെ ഹേതു അറിയാത്തവൻ) എന്നിങ്ങനെ വ്യാളഭേദങ്ങൾ.

ക്രിയാവിപന്ന (ദുഷ്ടകർമ്മദൂഷിതൻ) നായ വ്യാളൻ ശുദ്ധനെന്നും, സുവ്രതനെന്നും, വിഷമനെന്നും, സർവ്വദോഷദുഷ്ടനെന്നും ഭേദിക്കുന്നു.

ഹസ്തികളുടെ ബന്ധനോപകരണങ്ങളെ സംബന്ധിച്ച കാര്യത്തിൽ അനീകസ്ഥന്മാർ പ്രമാണം. ആലാനം, ഗ്രൈവേയം, കക്ഷ്യ, പരായണം (പിടിച്ചുകയറുവാനുള്ള കയറ്), പരിക്ഷേപം (പാദപാശം), ഉത്തരം (ഉപരിശൃംഖല) മുതലായവയാണ് ബന്ധനങ്ങൾ. അങ്കുശം, വേണു (വടി), യന്ത്രം മുതലായതുപകരണം. വൈജയന്തി (പതാക), ക്ഷുരപ്രമാല (നക്ഷത്രമാല), ആസ്തരണം, കുഥം (വർണ്ണകംബളം) ഇടങ്ങിയവ ഭൂഷണങ്ങൾ. വർമ്മം, തോമരം, ശരാവാപം (ആവനാഴി), യന്ത്രം തുടങ്ങിയുള്ളതു യുദ്ധാലങ്കാരം.

ചികിത്സകൻ, അനീകസ്ഥൻ, ആരോഹകൻ, ആധോരണൻ (പാപ്പാൻ), ഹസ്തിപകൻ (ഹസ്തിരക്ഷി), ഔപചാരികൻ, (പരിചാരകൻ), വിധാപാചകൻ, യാവസികൻ (പുല്ലുകൊടുക്കുന്നവൻ), പാദപാശികൻ, കുടീരക്ഷകൻ (പന്തികാവൽക്കാരൻ), ഔപശായികൻ (ശയനാധികൃതൻ) മുതലായവരാണ് ഹസ്തികളെസ്സംബന്ധിച്ച ഔപസ്ഥായികന്മാർ (കർമ്മകരന്മാർ).

---

* ശുദ്ധൻ=കേവലം ഘാതുകനായവൻ; ഇവൻ ഹസ്തിശാസ്ത്രത്തിൽ പറയുന്ന പതിനെട്ടു വ്യാളദോഷങ്ങളുള്ളവനാകുന്നു. സുവ്രതൻ=ചിഹ്നങ്ങളിൽ യോജിച്ചവൻ; ഇവനു പതിനാറു ദോഷങ്ങളുണ്ടാകും. വിഷമൻ=തോന്നിയ ദിക്കിൽ ഓടുകയും കണ്ടവരെ കൊല്ലുകയും ചെയ്യുന്നവൻ; ഇവനു മുൻപറഞ്ഞ രണ്ടു വക ദോഷങ്ങളുമുണ്ടായിരിക്കും. സർവ്വദോഷദുഷ്ടൻ=എല്ലാ ദോഷങ്ങളും തികഞ്ഞവൻ.

ചികിത്സകൻ, കുടീരക്ഷകൻ, വിധാപാചകൻ എന്നിവക്ക് ഓരോ പ്രസ്ഥം ചോറും, ഓരോ പ്രസൃതി (അരക്കുടന്ന) എണ്ണയും, ഈരണ്ടു പലം ക്ഷാരലവണങ്ങളും കോഷ്ഠാഗാരത്തിൽനിന്നു വാങ്ങാം. ചികിത്സകന്മാരൊഴികെയുള്ളവർക്കു പത്തു പലം മാംസംകൂടി കൊടുക്കണം.

മാർഗ്ഗഗമനം, വ്യാധി, കർമ്മം, മദം, ജര എന്നിവ കൊണ്ടു ക്ലേശിച്ച ഗജങ്ങൾക്കു ചികിത്സകന്മാർ വേണ്ട പ്രതീകാരം ചെയ്യണം.

സ്ഥാനത്തിങ്കലെ അശുദ്ധി, യവസം കൊടുക്കായ്ക, നിലത്തു കിടത്തുക, അഭാഗത്തിങ്കൽ (അരുതാത്ത ഭാഗങ്ങളിൽ) അടിക്കുക, അന്യനെ പുറത്തു കയററുക, അകാലത്തിങ്കൽ നടത്തുക, അഭൂമിയിങ്കലും അതീർത്ഥത്തിങ്കലും ഇറക്കുക, തരുഷണ്ഡത്തിൽ കടത്തുക എന്നിവ അത്യയസ്ഥാനങ്ങൾ (ദണ്ഡിപ്പാൻ തക്ക കുററങ്ങൾ) ആകുന്നു. ആവക കുററങ്ങൾക്കുള്ള ദണ്ഡത്തെ ഔപസ്ഥായികാദികളുടെ ഭക്തവേതനത്തിങ്കൽനിന്നു പിടിക്കണം.

മൂവട്ടം നീരാജന,
ചാതുർമ്മാസിക, ഋതുക്കൾസന്ധിയിലും,
ഭൂതബലി കൃഷ്ണസന്ധൌ,
സേനാനീപൂജ ശുക്ലസന്ധിയിലും.
മൂലപരീണാഹത്തിൻ
ദ്വിഗുണം വിട്ടിട്ടു കൊമ്പുകൾ മുറിപ്പൂ
നാദേയത്തിന്നു രണ്ടര-
യാണ്ടായാൽ, പാർവ്വതത്തിന്നയ്യാണ്ടിൽ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, ഹസ്ത്യധ്യക്ഷൻ—ഹസ്തിപ്രചാരം എന്ന മുപ്പത്തിരണ്ടാമധ്യായം.

---

# മുപ്പത്തിമൂന്നാം അധ്യായം.

## നാല്പത്തൊമ്പത്—അമ്പത്തൊന്നു പ്രകരണങ്ങൾ.

## രഥാധ്യക്ഷൻ, പത്ത്യധ്യക്ഷൻ, സേനാപതിപ്രചാരം.

അശ്വാധ്യക്ഷനെപ്പറഞ്ഞതുകൊണ്ടുതന്നെ രഥാധ്യക്ഷനേയും പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

വിശേഷിച്ച്, രഥാധ്യക്ഷൻ രഥനിർമ്മാണത്തെ നടത്തിക്കണം.

പത്തു പുരുഷമാനം ഉയരവും പന്ത്രണ്ടു പുരുഷമാനം അന്തര (വിസ്താരം) വുമുള്ളതാണ് ഉത്തമരഥം *. അതിൽനിന്ന് ഓരോന്നിന് ഓരോ പുരുഷമാനം അന്തരം കുറഞ്ഞ് ആറുപുരുഷമാനം അന്തരമാകുന്നതുവരെയായിട്ട് ഏഴുതരത്തിലാണ് രഥങ്ങൾ. §

ദേവരഥം (ഉത്സവങ്ങളിൽ ദേവനെ എഴുന്നള്ളിപ്പാനുള്ളത്), പുഷ്യരഥം (മംഗളാവസരങ്ങളിൽ യാത്രചെയ്‌വാനുള്ളത്), സാംഗ്രാമികം (യുദ്ധത്തിനുള്ളത്) പാരിയാണികം (സാധാരണ യാത്രക്കുള്ളത്), പരപുരാഭിയാനികം (ശത്രുപുരത്തെ ആക്രമിപ്പാനുള്ളത്), വൈനയികം (രഥചര്യ പഠിപ്പാനുള്ളത്) എന്നിങ്ങനെയുള്ള രഥങ്ങളേയും നിർമ്മിപ്പിക്കണം.

ഇഷുക്കൾ (ബാണങ്ങൾ), അസ്ത്രങ്ങൾ, പ്രഹര

---

* ഇവിടെ പുരുഷമാനമെന്നാൽ പന്ത്രണ്ടംഗുലമാണെന്ന് ഗ്രഹിക്കേണ്ടതു്. ആകയാൽ, ഉത്തമരഥത്തിന്റെ ഉയരം 120 അംഗുലവും വിസ്താരം 144 അംഗുലവുമാകുന്നു.

§ അന്തരം ഓരോ പുരുഷമാനംവീതം കുറയുന്നതനുസരിച്ച് ഉയരവും ഓരോ പുരുഷമാനംവീതം കുറയുമെന്നു അർത്ഥസിദ്ധമാകുന്നു. 11—10—9—8—7—6—പുരുഷമാനംവീതം അന്തരമുള്ളവയായി ആറും, ഉത്തമരഥം ഒന്നും കൂടി ആകെ ഏഴുവിധമാണ് രഥങ്ങളെന്നർത്ഥം.

ണങ്ങൾ (ആയുധങ്ങൾ), ആവരണങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ രചനകളേയും സാരഥികൾ, രഥികന്മാർ, രഥ്യമാർ എന്നിവരെ സ്വസ്വകർമ്മങ്ങളിൽ നിയോഗിക്കേണ്ടും വിധത്തെയും രഥാദ്ധ്യക്ഷൻ അറിഞ്ഞിരിക്കണം. ഭൃതന്മാ (ശമ്പളക്കാർ) രും അഭൃതന്മാരുമായ ശില്പികൾക്കു പ്രവൃത്തികളവസാനിക്കുന്നതുവരെ കൊടുക്കേണ്ടുന്ന ഭക്തവേതനത്തെയും, യോഗ്യന്മാരായ ശില്പികൾക്കു ആരക്ഷ (പരോപഘാതത്തിൽ നിന്നുള്ള രക്ഷണം) ചെയ്യേണ്ടതിനേയും, അർത്ഥവും സമ്മാനവും നൽകേണ്ടതിനേയും രഥാദ്ധ്യക്ഷൻ അറിയണം.

ഇതുകൊണ്ടു പത്ത്യദ്ധ്യക്ഷനേയും പറഞ്ഞുകഴിഞ്ഞു. വിശേഷിച്ച്, പത്ത്യദ്ധ്യക്ഷൻ മൌലം (സ്ഥാനീയരക്ഷയ്ക്കുള്ളതു്), ഭൃതം (വേതനത്തിന്നു നിറുത്തിയതു്), ശ്രേണി (ജനപദത്തിങ്കൽനിന്നു സംഘംചേർന്നു വരുന്നതു്); മിത്രബലം, അമിത്രബലം, അടവീബലം എന്നിങ്ങനെയുള്ള സൈന്യങ്ങളുടെ സാരഫല്ഗുത (ശക്തിയും ശക്തിക്കുറവും) യെ മനസ്സിലാക്കണം. നിമ്നയുദ്ധം (വെള്ളത്തിൽ വച്ചുള്ള യുദ്ധം), സ്ഥലയുദ്ധം, പ്രകാശയുദ്ധം, കൂടയുദ്ധം (കപടയുദ്ധം), ഖനകയുദ്ധം (ഭൂമി തുരന്നു് അതിൽവച്ചു ചെയ്യുന്ന യുദ്ധം), ആകാശയുദ്ധം, ദിവായുദ്ധം, രാത്രിയുദ്ധം എന്നിവയിൽ സൈന്യങ്ങളെ ഏർപ്പെടുത്തുന്നതിനേയും അവർക്കു കർമ്മങ്ങളിലുള്ള ആയോഗം (ആയുക്തത), അയോഗം എന്നിവയേയും പത്ത്യദ്ധ്യക്ഷൻ അറിയണം.

അതിനെ, അതായതു ചതുരംഗമായ ബലത്തിന്റെ അനുഷ്ഠാനത്തെസ്സംബന്ധിച്ചതിനെയെല്ലാംതന്നെ, സർവ്വയുദ്ധങ്ങളിലും സർവ്വായുധങ്ങളിലും സർവ്വ വിദ്യകളിലും വിനീതനും ഹസ്ത്യശ്വരഥചര്യകളിൽ പ്രഖ്യാതനുമായിട്ടുള്ള സേനാപതി അറിഞ്ഞിരിക്കണം. വിശേഷിച്ച്, സേ

നാപതി സ്വഭൂമി (സ്വസൈന്യങ്ങൾക്കു യുദ്ധംചെയ്യാൻ തക്ക സ്ഥലം), യുദ്ധകാലം, പ്രത്യനീകം (ശത്രുബലം) അഭിന്നഭേദനം (അഭിന്നമായ ശത്രുവ്യൂഹത്തെ ഭേദിക്കൽ), ഭിന്നസന്ധാനം (ഭിന്നമായ സ്വവ്യൂഹത്തെ അണിചേർക്കൽ), സംഹതഭേദനം (സംഘടിതങ്ങളായ സൈന്യങ്ങളെ ചിതറിക്കൽ), ഭിന്നവധം (ചിതറിപ്പോയ സൈന്യങ്ങളെ വധിക്കൽ), ദുർഗ്ഗവധം (കോട്ട തകർക്കൽ), യാത്രാകാലം എന്നിവയേയും അറിയണം.

സ്വസൈന്യങ്ങൾക്കു നില്പാനും
പോകാനും പൊരുതാനുമേ
ഉദ്ധ്വജക്കൊടികളാൽ
കല്പിപ്പൂ വ്യൂഹസംജ്ഞകൾ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന
രണ്ടാമധികരണത്തിൽ, രഥാദ്ധ്യക്ഷൻ—പത്ത്യദ്ധ്യ
ക്ഷൻ—സേനാപതിപ്രചാരം എന്ന
മുപ്പത്തിമൂന്നാം അദ്ധ്യായം.

---

## മുപ്പത്തിനാലാം അദ്ധ്യായം.

---

### അമ്പത്തിരണ്ടും അമ്പത്തിമൂന്നും പ്രകരണങ്ങൾ.

### മുദ്രാദ്ധ്യക്ഷൻ, വിവീതാദ്ധ്യക്ഷൻ.

മുദ്രാദ്ധ്യക്ഷൻ * ഒരു മാഷകംവീതം വാങ്ങി മുദ്രകൾ കൊടുക്കണം.

മുദ്ര വാങ്ങിയവന്നു മാത്രമേ ജനപദത്തിൽ പ്രവേശി

---

* മുദ്രയെന്നാൽ ജനങ്ങളുടേയും കച്ചവടച്ചരക്കുകളുടേയും പ്രവേശനിഷ്ക്രമങ്ങളിൽ വിശ്വാസ്യതാസൂചകമായി നൽകുന്ന രാജകീയചിഹ്നം. അതു കൊടുക്കുന്ന അധികൃതൻ മുദ്രാദ്ധ്യക്ഷൻ.

പ്പാനും, അതിൽനിന്നു പുറത്തുപോകുവാനും പാടുള്ളു. മു ദ്രയില്ലാതെ പ്രവേശിക്കുകയോ പോകയോ ചെയ്യുന്നവൻ, ജാനപദനാണെങ്കിൽ, പന്ത്രണ്ടുപണം ദണ്ഡമടയ്ക്കണം. അവൻ കൂടമുദ്രകാണിച്ചാൽ പൂർവ്വസാഹസം ദണ്ഡം. തിരോജനപദ (അന്യനാട്ടുകാരൻ) നാണു കൂടമുദ്ര ഉപയോഗിച്ചതെങ്കിൽ ഉത്തമസാഹസം ദണ്ഡം.

വിവീതാദ്ധ്യക്ഷൻ (പശുക്കൾ മേയുന്ന മൈതാനങ്ങളുടെ അദ്ധ്യക്ഷൻ) മുദ്രകളെപ്പരിശോധിക്കണം ||. അദ്ദേഹം ഭയാന്തരങ്ങളിൽ (ചോരപരചാരാദികളെ ശങ്കിക്കാവുന്ന സ്ഥലങ്ങളിൽ) വിവീതം സ്ഥാപിക്കുകയും, നിമ്ന്നഭൂമികളിലും അരണ്യങ്ങളിലും ഉണ്ടാകുന്ന ചോരവ്യാളഭയങ്ങളെ നീക്കുകയും വേണം.

വെള്ളമില്ലാത്ത പ്രദേശത്തു കിണറുകൾ, സേതുബന്ധങ്ങൾ, ഉത്സങ്ങൾ (ഉറവു പുറപ്പെടുന്ന സ്ഥലങ്ങൾ) എന്നിവയേയും പുഷ്പഫലവാടങ്ങളേയും വിവീതാദ്ധ്യക്ഷൻ സ്ഥാപിക്കണം.

ലുബ്ധകരും ശ്വഗണികളും പതിവായി അരണ്യങ്ങളിൽ ചുററിസ്സഞ്ചരിക്കണം. അവർ തസ്കരന്മാരോ ശത്രുക്കളോ അടുക്കുന്നതായിക്കണ്ടാൽ മലകളിലും മരങ്ങളിലും കയറിയോ വേഗത്തിലോടിയോ അവർ കണ്ടു പിടിപ്പാൻ കഴിയാത്തവിധം മറഞ്ഞു ശംഖശബ്ദമോ ദുന്ദുഭിശബ്ദമോ പുറപ്പെടുവിക്കണം. ശത്രുക്കൾ അടവികളിൽ സഞ്ചരിക്കുന്നുണ്ടെങ്കിൽ ആ വിവരം അവർ മുദ്രകെട്ടിവിട്ട ഗൃഹകപോതങ്ങൾ (വളർത്തുപ്രാവുകൾ) മുഖേനയോ, ധൂമാ

---

|| കൂടമുദ്രയുപയോഗിച്ചു സഞ്ചരിക്കുന്നവർ നേർവഴി വിട്ടു അരണ്യസമീപമുള്ള മൈതാനങ്ങളിൽക്കൂടെ പോകുവാനിടയുള്ളതിനാലങ്ങ മുദ്രകൾ പരിശോധിക്കുവാൻ വിവീതാധ്യക്ഷനെ അധികാരപ്പെടുത്തിയതു്.

ഗ്നിപരമ്പര * മുഖേനയോ രാജാവിന്നറിവു കൊടുക്കുകയും വേണം.

ദ്രവ്യഹസ്തിവനാരക്ഷ,
വർത്തനീ, ചോരരക്ഷണം,
സാർത്ഥസംരക്ഷ, ഗോരക്ഷ-
യിവ നോക്കേണമായവൻ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, മുദ്രാദ്ധ്യക്ഷൻ—വിവീതാദ്ധ്യക്ഷൻ എന്ന മുപ്പത്തിനാലാമദ്ധ്യായം.**

---

## മുപ്പത്തഞ്ചാം അദ്ധ്യായം.

---

അമ്പത്തിനാലും അമ്പത്തഞ്ചും പ്രകരണങ്ങൾ.

സമാഹർത്തൃപ്രചാരം, ഗൃഹപതിവൈദേഹക
താപസവ്യഞ്ജനരായ പ്രണിധികൾ.

സമാഹർത്താവ് ജനപദത്തെ നാലായി വിഭജിച്ചിട്ടു, ഓരോ വിഭാഗത്തിലുമുള്ള ഗ്രാമങ്ങളെ ജ്യേഷ്ഠം (ഉത്തമം), മധ്യമം, കനിഷ്ഠം എന്നിങ്ങനെ തരംതിരിച്ച്, പരിഹാരകം (കരമൊഴിവായിട്ടുള്ളതു്), ആയുധീയം (ആയുധധാരികളെ പ്രദാനംചെയ്യുന്നതു്), ധാന്യപ്രതികരം (ധാന്യം കരമായിട്ടുള്ളതു്), പശുപ്രതികരം (പശുക്കൾ കരമായിട്ടുള്ളതു്), ഹിരണ്യപ്രതികരം (ഹിരണ്യം കരമായിട്ടുള്ളതു്),

---

* ലുബ്ധകന്മാർ കാട്ടിൽ തീകത്തിക്കുകയോ പുകയ്ക്കുകയോ ചെയ്തു, അതു കണ്ടാൽ ക്രോശമാത്രമായ അകലത്തിൽ വസിക്കുന്ന ജനങ്ങൾ അതുപോലെ തീയും പുകയും കാണിക്കുക; ഇങ്ങനെ വനം മുതൽക്കു രാജധാനിവരെ പല സ്ഥലങ്ങളിലായി തീയും പുകയും അടയാളമായി കാണിക്കുന്നതിനെയാണു ധൂമാഗ്നിപരമ്പര എന്നു പറയുന്നതു്.

കൃഷ്യപ്രതികരം (കൃഷ്യവസ്ഥകരം കരമായിട്ടുള്ളതു്), വിഷ്ടിപ്രതികരം (തൊഴിലാളികരം കരമായിട്ടുള്ളതു്) എന്നിങ്ങനെയുള്ള ഗ്രാമാഗ്രങ്ങരം ഇന്നിന്നവയെന്നും ഇത്രയിത്രയെന്നും നിബന്ധപുസ്തകത്തിൽ എഴുതണം.

സമാഹർത്താവിന്റെ ആജ്ഞപ്രകാരം ഗോപൻ (ഗ്രാമങ്ങളിലെ കണക്കെഴുതുന്നവൻ) അഞ്ചു ഗ്രാമങ്ങളുടെയോ പത്തു ഗ്രാമങ്ങളുടേയോ കാര്യം ചിന്തിക്കണം.

സീമാപരിച്ഛേദമനുസരിച്ച ഗ്രാമങ്ങളുടെ പ്രമാണത്തെയും ഓരോ ഗ്രാമത്തിലുമുള്ള കൃഷ്ടം (കൃഷിചെയ്തതു്), അകൃഷ്ടം, സ്ഥലം (പറമ്പു), കേദാരം (വയൽ), ആരാമം (ഉപവനം), ഷണ്ഡം (വാഴ മുതലായവയുടെ തോട്ടം), വാടം (കരിമ്പു മുതലായവയുടെ തോട്ടം) വനം, വാസ്തു (കുടിയിരിപ്പു്), ചൈത്യം, ദേവാലയം, സേതുബന്ധം, ശ്മശാനം, സത്രം (ഊട്ടുപുര), പ്രപ (തണ്ണീർപ്പന്തൽ), പുണ്യസ്ഥാനം, വിവീതം, വെട്ടുവഴി എന്നിവയുടെ എണ്ണത്തോടുകൂടി ക്ഷേത്രാഗ്ര (ഭൂമിപരിമാണം) ത്തെയും അതനുസരിച്ച ഓരോ ക്ഷേത്രത്തിന്നും തമ്മിൽത്തമ്മിലുള്ള മര്യാദ (അവധി), അരണ്യം, വഴി, പ്രമാണം (വലുപ്പം), സംപ്രദാനം (ദാനവിവരം), വിക്രയം (വില്പനവിവരം), അനുഗ്രഹം, പരിഹാരം എന്നിവയേയും നിബന്ധപുസ്തകത്തിൽ എഴുതണം. ഗൃഹങ്ങളേയും കരദങ്ങരം (കരമടക്കുന്നവ) ഇത്ര, അകരദങ്ങരം ഇത്ര എന്ന കണക്കോടുകൂടി പുസ്തകത്തിൽക്കയററണം.

അവയിൽ നാലുവർണ്ണക്കാർ ഇത്ര, കർഷകന്മാർ ഇത്ര, ഗോരക്ഷകന്മാർ ഇത്ര, വൈദേഹകന്മാർ (കച്ചവടക്കാർ) ഇത്ര, കാരുക്കരം ഇത്ര, കർമ്മകരന്മാർ ഇത്ര, ദാസന്മാർ ഇത്ര എന്നും ആകെ ദ്വിപദന്മാർ (മനുഷ്യർ) ഇത്ര, ചതുഷ്പദങ്ങരം (കാലികരം) ഇത്ര എന്നും ഇത്രയിത്ര ഹിരണ്യ

വും വിഷ്ടിയും ശുൽക്കവും ദണ്ഡവും (സൈന്യം) കൊല്ലത്തിൽ പുറപ്പാടുണ്ടെന്നും പുസ്തകത്തിൽ എഴുതണം.

ഓരോ കുടുംബത്തിലും സ്ത്രീകൾ ഇത്ര, പുരുഷന്മാർ ഇത്ര, ബാലന്മാർ ഇത്ര, വൃദ്ധന്മാർ ഇത്ര എന്നും കുടുംബത്തിലുള്ളവരുടെ കർമ്മം (തൊഴിൽ) എന്ത്, ചരിത്രം (ആചാരം) എന്തു, ആജീവം (ആയം) എത്ര, വ്യയം എത്ര എന്നുമുള്ള വിവരവും അറിയണം.

ഇപ്രകാരം ജനപദത്തിന്റെ ചതുർഭാഗത്തെ (നാലായി വിഭജിച്ചതിൽ ഒരു ഭാഗത്തെ) സ്ഥാനികൻ ചിന്തിക്കണം.

ഗോപന്മാരുടേയും സ്ഥാനികന്മാരുടേയും അധികാരസ്ഥാനങ്ങളിൽ പ്രദേഷ്ടാക്കന്മാർ (കണ്ടകശോധനാധികാരികൾ) കാര്യകരണ (കണ്ടകന്മാരെ ദണ്ഡിക്കുക മുതലായതു്) വും ബലിപ്രഗ്രഹ (കരത്തെ ബലംപ്രയോഗിച്ചു പിരിക്കുക) വും ചെയ്തുകൊടുക്കണം.

സമാഹർത്താവിനാൽ നിയമിക്കപ്പെട്ട ഗൃഹപതിവ്യഞ്ജനരായ ഗൂഢപുരുഷന്മാർ തങ്ങളെ ഏതു ഗ്രാമങ്ങളിലാണോ ഇരുത്തിയിട്ടുള്ളതു് ആ ഗ്രാമങ്ങളിലുള്ള ക്ഷേത്ര(ഭൂമി)ങ്ങളുടേയും, ഗൃഹങ്ങളുടേയും കുല (കുടുംബ)ങ്ങളുടേയും പരിമാണത്തെ അറിയണം. മാനം (നീളവും വീതിയും), സഞ്ജാതം (ഉൽപന്നം) എന്നിവയോടുകൂടി ക്ഷേത്രങ്ങളേയും ഭോഗം (കരം), പരിഹാരം എന്നിവയോടുകൂടി ഗൃഹങ്ങളേയും വർണ്ണം, കർമ്മം എന്നിവയോടുകൂടി കുലങ്ങളേയും അറിയണം. ഓരോ കുലത്തിലുമുള്ള ജംഘകളുടെ * ആകത്തുകയും അവരുടെ ആയവ്യയങ്ങളേയും അറിയണം. പ്രസ്ഥിതന്മാ (പുറമെ പോയവർ) രും ആഗതന്മാ (പുറമെനിന്നു

* ജംഘയെന്നാൽ കാല്. ഇവിടെ ഇതിന്നു ലക്ഷണയാ പാദചാരികൾ അതായതു് ആളുകളും കന്നുകാലികളുമെന്നർത്ഥം.

വന്നവർ) രുമായിട്ടുള്ള വരുടെ പ്രവാസത്തിനും വാസത്തിനുമുള്ള കാരണത്തെയും, അനൎത്ഥ്യന്മാർ (അനൎത്ഥകാരികളായ നൎത്തകാദികൾ) ആയിട്ടുള്ള സ്ത്രീപുരുഷന്മാരുടെ പ്രവാസവാസകാരണത്തെയും, പരപ്രയുക്തന്മാരായ ചാരന്മാരുടെ സഞ്ചാരത്തേയും അവർ മനസ്സിലാക്കണം.

ഇപ്രകാരംതന്നെ വൈദേഹകവ്യഞ്ജനരായ ഗൂഢപുരുഷന്മാർ സ്വഭൂമിജങ്ങളും ഖനികൾ, സേതുക്കൾ, വനങ്ങൾ, കൎമ്മാന്തങ്ങൾ, ക്ഷേത്രങ്ങൾ എന്നിവയിലുണ്ടായവയുമായ രാജപണ്യങ്ങളുടെ പരിമാണവും വിലയും അറിയണം. പരഭൂമിജങ്ങളും ജലമാൎഗ്ഗേണയും സ്ഥലമാൎഗ്ഗേണയും വന്നവയുമായിട്ടുള്ള സാരവും ഫല്ഗുവുമായ പണ്യങ്ങളുടെ ക്രയവിക്രയങ്ങളിലുള്ള പരിമാണവും വിലയും മനസ്സിലാക്കണം. അവയുടെ ശുൽക്കം, വൎത്തനി, ആതിവാഹികം, ഗുല്മദേയം, തരദേയം, ഭാഗം, മാനം, പണ്യാഗാരം എന്നിവയുടെ പരിമാണവും അറിയണം.

ഇങ്ങനെതന്നെ സമാഹൎത്താവിനാൽ നിയോഗിക്കപ്പെട്ട താപസവ്യഞ്ജനരായ ഗൂഢപുരുഷന്മാരും കൎഷകന്മാർ, ഗോരക്ഷകന്മാർ, വൈദേഹകന്മാർ എന്നിവരുടേയും അദ്ധ്യക്ഷന്മാരുടേയും ശൌചാശൌചങ്ങളെ മനസ്സിലാക്കണം. താപസവ്യഞ്ജനരുടെ ശിഷ്യന്മാരായ പുരാണചോരവ്യഞ്ജനന്മാർ * ചൈത്യം, ചതുഷ്പഥം (നാലുംകൂട്ടുന്ന വഴി; നാൽക്കവല), ശൂന്യപദം, ഉദപാനം(കിണറ്) നദി, നിപാനം, തീൎത്ഥസ്ഥാനം, ആശ്രമം, അരണ്യം, ശൈലഗഹനം, വനഗഹനം എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ചിട്ടു ചോരന്മാ , അമിത്രപുരുഷന്മാർ, പ്രവീര

* പുരാണചോരന്മാരെന്നാൽ വളരെക്കാലമായി കവൎച്ചകൾ നടത്തിവരുന്ന പഴയ കള്ളന്മാർ. അവരുടെ വേഷം ധരിച്ചുള്ള ഗൂഢപുരുഷന്മാർ പുരാണചോരവ്യഞ്ജനന്മാർ.

പുരുഷന്മാർ (കൊല മുതലായവ ചെയ്യുന്നവർ) എന്നിവരുടെ പ്രവേശം, സ്ഥാനം, ഗമനം എന്നിവയേയും അവയ്ക്കുള്ള കാരണങ്ങളേയും കണ്ടുപിടിക്കണം.

സമാഹർത്താവുണർന്നുംകൊ-
ണ്ടേവം നാട്ടിനെ നോക്കണം;
തല്ക്കരം സംസ്ഥകളും
മററു സംസ്ഥകളും തഥാ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ സമാഹർത്തൃപ്രചാരം — ഗൃഹപതിവൈദേഹകതാപസവ്യഞ്ജനരായ പ്രണിധികൾ എന്ന മുപ്പത്തഞ്ചാമദ്ധ്യായം.

---

## മുപ്പത്താറാം അദ്ധ്യായം.

---

### അയ്മ്പത്താറാം പ്രകരണം.

### നാഗരികപ്രണിധി.

സമാഹർത്താവ് ജനപദത്തെയെന്നപോലെ നാഗരികൻ നഗരത്തെ ചിന്തിക്കണം. *

നഗരത്തിങ്കൽ ഗോപൻ പത്തു കുല (കുടുംബ) ങ്ങളേയോ, ഇരുപതു കുലങ്ങളേയോ, നാല്പതു കുലങ്ങളേയോ കുറിച്ചു ചിന്തിക്കുന്നു. ആ കുടുംബങ്ങളിലുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും ജാതി, ഗോത്രം, നാമം, കർമ്മം എന്നിവയോടുകൂടിയ ജംഘാഗ്ര (ജനസംഖ്യ) വും, അവരുടെ ആയവ്യയങ്ങളും ഗോപൻ അറിയണം.

---

* സമാഹർത്താവു് ജനപദത്തെ നാലായി ഭാഗിക്കുന്നതുപോലെ നാഗരികൻ നഗരത്തെയും നാലുഭാഗമായി തിരിച്ചു കാര്യവിചാരം ചെയ്യണമെന്ന താല്പര്യം.

അപ്രകാരംതന്നെ ദുൎഗ്ഗത്തിന്റെ ചതുൎഭാഗത്തെ (നാലായിത്തിരിച്ചതിൽ ഒരു ഭാഗം) സ്ഥാനികൻ ചിന്തിക്കണം.

നഗരത്തിലുള്ള ധൎമ്മാവസഥികൾ (ധൎമ്മശാലാധികൃതന്മാർ) പാഷണ്ഡികളായ പഥികന്മാർ വന്നാൽ അവരുടെ വിവരം ഗോപനേയോ സ്ഥാനികനേയോ അറിയിച്ചിട്ടുവേണം താമസിപ്പിക്കുവാൻ. സ്വയമായി പരീക്ഷിച്ചു വിശ്വാസം വന്ന തപസ്വികളേയും ശ്രോത്രിയന്മാരേയും മാത്രമേ അവർ താമസിക്കുവാൻ അനുവദിക്കാവൂ. കാരുക്കളും ശില്പികളും തങ്ങളുടെ ഗൃഹങ്ങളിൽ വരുന്ന സ്വജനങ്ങളെ സ്വകൎമ്മസ്ഥാനങ്ങളിൽ വേണം പാൎപ്പിക്കുവാൻ. വൈദേഹകന്മാരും, അന്യോന്യം വരുന്ന പഥികന്മാരെ തങ്ങളുടെ കൎമ്മസ്ഥാനങ്ങളിൽ മാത്രമേ വസിപ്പിക്കാവൂ. അവർ അദേശത്തിങ്കലോ അകാലത്തിങ്കലോ പണ്യങ്ങളെ വിക്രയംചെയ്കയോ, വിക്രയംചെയ്വാൻ പാടില്ലാത്ത വസ്തുക്കളെ വില്ക്കുകയോ ചെയ്യുന്നതായാൽ ആ വിവരവും വൈദേഹകന്മാർ അറിയിക്കണം.

ശൌണ്ഡികന്മാർ (മദ്യവ്യാപാരികൾ), പാകമാംസികന്മാർ (പക്വമാംസവ്യവഹാരികൾ), ഔദനികന്മാർ (അന്നവിക്രയികൾ), വേശ്യകൾ എന്നിവർ വിശ്വസ്തനെന്നറിവുള്ള ആളെ മാത്രമേ തങ്ങളുടെ കൎമ്മസ്ഥാനങ്ങളിൽ പാൎപ്പിക്കാവൂ. അങ്ങനെ പാൎക്കുന്നവൻ അതിവ്യയംചെയ്കയോ അത്യാഹിതമായ (മാത്രകവിഞ്ഞ) കൎമ്മം ചെയ്കയോ ചെയ്യുന്നതായാൽ ആ വിവരവും അവർ അറിയിക്കണം.

ചികിത്സകൻ ഏതെങ്കിലും ഗൃഹത്തിൽവച്ച് പ്രച്ഛന്നമായിട്ടു വ്രണചികിത്സ ചെയ്കയോ അപത്ഥ്യമായിട്ടുള്ള ചികിത്സ ചെയ്കയോ ഗൃഹസ്വാമി അങ്ങനെ ചെയ്യിക്ക

ദയാ ചെയ്താൽ ആ വിവരം ഗൃഹസ്വാമിയോ ചികിത്സക
നോ ഗോപനേയാ സ്ഥാനികനേയാ അറിയിച്ചാൽ അ
പരാധത്തിങ്കൽനിന്നു മുക്തനാകും; അതു ചെയ്യാത്തപക്ഷം
രണ്ടുപേരും ഒരുപോലെ അപരാധികളായിരിക്കും. ഏതു
ഗൃഹത്തിന്റെയും ഉടമസ്ഥൻ സ്വഗൃഹത്തിൽനിന്നു പോ
കയോ സ്വഗൃഹത്തിൽ വരികയോ ചെയ്യുവരായ അപരി
ചിതന്മാരുടെ വിവരം ഗോപനേയോ സ്ഥാനികനേയോ
അറിയിക്കണം. അതു ചെയ്യാത്തപക്ഷം ആ പോയവരോ
വന്നവരോ ആ രാത്രിയിൽ ചെയ്യുന്ന ദോഷങ്ങൾക്ക ഗൃഹ
സ്വാമി ഉത്തരവാദിയാകും. ക്ഷേമരാത്രികളിൽ (അപരാ
ധം ചെയ്യാത്ത രാത്രികളിൽ) ഗൃഹസ്വാമി മൂന്നുപണം ദ
ണ്ഡം കെട്ടുകയും വേണം.

പഥികന്മാരും ഉൽപഥികന്മാരും (തദ്വേഷധാരിക
ളായ ചാരന്മാർ) നഗരത്തിന്റെ പുറത്തും അകത്തുമുള്ള
ദേവാലയം, പുണ്യസ്ഥാനം, വനം, ശ്മശാനം എന്നീ
സ്ഥാനങ്ങളിൽ സവ്രണന്മാരേയോ, അനിഷ്ടങ്ങളായ ഉപക
രണങ്ങളെ ധരിച്ചവന്മാരേയോ, ഉത്ഭാണ്ഡീകൃത (അതിഭാ
രം ചുമന്നവൻ) ന്മാരേയോ, ആവിഗ്ന (ഭീതൻ) ന്മാരേയോ,
അതിനിദ്ര ചെയ്യുന്നവന്മാരേയോ അധ്വക്ലാന്തന്മാരേയോ കാഴ്ച
യിൽ അപൂർവ്വന്മാരേയോ കാണുന്നവനെ പിടിക്കണം. അ
പ്രകാരംതന്നെ നഗരാഭ്യന്തരത്തിലുള്ള ശൂന്യഗൃഹം, ആ
വേശനം (ശില്പശാല), ശൌണ്ഡികഗൃഹം, ഔദനികഗൃ
ഹം, പാകമാംസികഗൃഹം, ദ്യൂതാവാസം (ചൂതുകളിക്കാ
രുടെ പാർപ്പിടം), പാഷണ്ഡഗൃഹം എന്നിവയിലും സംശ
യിക്കത്തക്കവരുണ്ടോ എന്നു ഗൂഢപുരുഷന്മാർ അന്വേഷി
ക്കണം.

ഗ്രീഷ്മത്തിൽ പകൽ മൂന്നാമത്തേതും നാലാമത്തേതും
ചതുർഭാഗങ്ങളിൽ അഗ്നി കത്തിക്കുന്നതിനെ പ്രതിഷേധി

ക്കണം. ആ സമയത്ത് അഗ്നിയെ ജ്വലിപ്പിക്കുന്നവർ അരക്കാൽ പണം അഗ്നിദണ്ഡം അടയ്ക്കണം. അഥവാ ആ സമയത്ത് അധിശ്രയണം (പാകാർത്ഥമായ അഗ്നികാര്യം) ഗൃഹത്തിന്റെ ബഹിർഭാഗത്തുവച്ചു ചെയ്യാവുന്നതാണ്. ഇപ്പറഞ്ഞ രണ്ടു ചതുർഭാഗങ്ങളിൽ അഞ്ചു ഘടികനേരം എല്ലാ ഗൃഹങ്ങളിലും കുംഭം (വെള്ളം നിറച്ച കുടം), ദ്രോണി (വെള്ളം നിറച്ച തോണി), നിശ്രേണി (കോണി), പരശു (മഴു), ശൂർപ്പം (മുറം), അങ്കുശം (തോട്ടി), കചഗ്രഹണി (പുരപ്പുറത്തുനിന്നു വയ്ക്കോൽ വലിച്ചിറക്കുവാനുള്ള കൊടില്), ദൃതി (തോൽത്തുരുത്തി) എന്നിവ ഒരുക്കിവയ്ക്കാതിരുന്നാൽ ഗൃഹസ്വാമിക്കു കാൽപ്പണം ദണ്ഡം.

ഗ്രീഷ്മർത്തുവിൽ തൃണകടങ്ങളെക്കൊണ്ടു മേഞ്ഞ വീടുകൾ പൊളിച്ചുമാറേറണ്ടതാണ്. അഗ്നിജീവികളെ (അഗ്നി ഉപയോഗിച്ചു പണി ചെയ്യുന്ന കരുവാൻ, തട്ടാൻ മുതലായവർ) ഒരേടത്ത് ഒരുമിച്ചു വസിപ്പിക്കണം. ഗൃഹസ്വാമികൾ രാത്രിയിൽ പുറമെയെങ്ങും പോകാതെ സ്വഗൃഹദ്വാരങ്ങളിൽത്തന്നെ വസിക്കണം. രഥ്യകളിലും ചതുഷ്പഥങ്ങളിലും നഗരദ്വാരങ്ങളിലും രാജപരിഗ്രഹങ്ങ (രാജകീയഗൃഹങ്ങൾ) ളിലും വെള്ളം നിറച്ചിട്ടുള്ള ആയിരം കുടവ്രജങ്ങൾ (കുംഭപംക്തികൾ) തയ്യാറുണ്ടായിരിക്കുകയും വേണം.

അഗ്നിപ്രദീപ്തമായ ഒരു ഗൃഹത്തിലേക്കു ഉടനെ ഓടിച്ചെല്ലാതിരിക്കുന്ന ഗൃഹസ്വാമിക്കു പന്ത്രണ്ടുപണം ദണ്ഡം; അപ്രകാരം ചെയ്യുന്ന അവക്രയി (വാടകകൊടുത്തു താമസിക്കുന്നവൻ) ക്ക് ആറുപണം ദണ്ഡം; നോട്ടക്കുറവു കാരണം ഗൃഹങ്ങൾ തീ വെന്തുപോയാൽ അമ്പതിനാലുപണം ദണ്ഡം.

പ്രാദീപികൻ (ഗൃഹം കൊള്ളിവയ്ക്കുന്നവൻ) അഗ്നി കൊണ്ടുതന്നെ വധ്യനാകുന്നു.

രത്ഥ്യയിൽ പാംസു (പൊടി) കൊണ്ടുപോയി ഇട്ടാൽ അരക്കാൽപ്പണം ദണ്ഡം; ചളിവെള്ളം വിട്ടു രത്ഥ്യയെ നിരോധിച്ചാൽ കാൽപ്പണം ദണ്ഡം; രാജമാർഗ്ഗത്തിലാണ് ഇവ ചെയ്യുന്നതെങ്കിൽ മേൽപ്പറഞ്ഞതിന്റെ ഇരട്ടി ദണ്ഡം.

പുണ്യസ്ഥാനം, ഉദകസ്ഥാനം (കുളം മുതലായതു്), ദേവാലയം, രാജപരിഗ്രഹം (രാജാവിന്റെ വക കെട്ടിടം) എന്നിവയിൽ മലവിസർജ്ജനം ചെയ്താൽ ഒരു പണം മുതൽ ക്രമത്തിൽ ഓരോ പണം അധികമായിട്ടു വിഷ്ടാദണ്ഡം; ഈ സ്ഥാനങ്ങളിൽത്തന്നെ മൂത്രവിസർജ്ജനം ചെയ്താൽ മേൽപ്പറഞ്ഞതിന്റെ പകുതി ദണ്ഡം. എന്നാൽ ഭൈഷജ്യം (വിരേചനാദിയായ ഔഷധം) സേവിക്കുക കൊണ്ടോ വ്യാധികൊണ്ടോ ഭയംകൊണ്ടോ ആണ് ഉക്തസ്ഥാനങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നതെങ്കിൽ ദണ്ഡമില്ല.

പൂച്ച, ശ്വാവ്, കീരി, സർപ്പം എന്നിവയുടെ ശവങ്ങൾ നഗരത്തിനുള്ളിലെറിഞ്ഞാൽ മൂന്നുപണം ദണ്ഡം; കഴുത, ഒട്ടകം, കോവർകഴുത, കുതിര, പശു എന്നിവയുടെ ശവങ്ങൾ എറിഞ്ഞാൽ ആറുപണം ദണ്ഡം; മനുഷ്യപ്രേതങ്ങൾ നഗരത്തിനുള്ളിൽ പ്രക്ഷേപിച്ചാൽ അമ്പതുപണം ദണ്ഡം.

ശവദ്വാരത്തുകൂടെയല്ലാതെ വഴിമാററി മറെറാരു ദ്വാരത്തുകൂടെ ശവം കൊണ്ടുപോയാൽ പൂർവ്വസാഹസം ദണ്ഡം; അങ്ങനെ കൊണ്ടുപോകുന്നതിനെ തടുക്കാതിരുന്ന ദ്വാരപാലന്മാർക്കു ഇരുനൂറുപണം ദണ്ഡം; ശ്മശാനത്തിലല്ലാതെ മറെറാരു സ്ഥലത്തു ശവം മറവുചെയ്കയോ ദഹിപ്പിക്കയോ ചെയ്താൽ പന്ത്രണ്ടു പണം ദണ്ഡം.

രാത്രിയിൽ ആറു നാഴിക രാവു ചെല്ലുമ്പോഴും ആറു നാഴിക പുലരുവാനുള്ളപ്പോഴും നഗരത്തിൽ യാമതൂര്യം

(സഞ്ചാരനിരോധസൂചകമായ വാദ്യഘോഷണം) ചെയ്യേണ്ടതാകുന്നു. തൂര്യശബ്ദം കേട്ടാൽ രാജഗൃഹത്തിന്റെ സമീപത്തിങ്കൽ സഞ്ചരിക്കുന്നവൎക്ക് ഒന്നേകാൽപ്പണം അക്ഷണതാഡനം (അകാലസഞ്ചാരദണ്ഡം); ഇതു രാത്രിയുടെ പ്രഥമയാമത്തെയും അന്ത്യയാമത്തെയും മാത്രം സംബന്ധിച്ചുള്ളതാണ്. മധ്യമയാമത്തിൽ രാജഗൃഹസമീപത്തിൽ സഞ്ചരിച്ചാൽ അതിലിരട്ടിയാണ് അക്ഷണതാഡനം. നഗരബഹിർഭാഗത്തിങ്കലായാൽ ആദ്യം പറഞ്ഞതിന്റെ നാലിരട്ടിയാണ് ആ ദണ്ഡം. ശങ്കനീയമായ സ്ഥലത്തുവച്ചും ശങ്കനീയമായ അടയാളം കണ്ടും കുററക്കാരനെന്ന സംശയത്തിന്മേൽ ഒരുവനെപ്പിടിച്ചാൽ അവനെ പരിശോധിക്കണം.

രാജകീയമായ കെട്ടിടങ്ങളിൽ അനുവാദം കൂടാതെ കടന്നുചെല്ലുകയോ നഗരരക്ഷകളിൽ (മതിൽ, കൊത്തളം മുതലായവയിൽ) കയറുകയോ ചെയ്താൽ മധ്യമസാഹസം ദണ്ഡം.

സൂതികാശുശ്രൂഷയ്ക്കു വേണ്ടിയോ, ചികിത്സയ്ക്കു വേണ്ടിയോ, ശവനിർഹരണത്തിനു വേണ്ടിയോ പോകുന്നവരേയും കയ്യിൽ വിളക്കോടുകൂടിപ്പോകുന്നവരേയും നാഗരികതൂര്യം (നഗരവാസികൾ സംഘംചേൎന്നു ചെല്ലേണ്ടതിന്റെ അടയാളമായ വാദ്യം) കേട്ടു പോകുന്നവരേയും പ്രേക്ഷകൾ (കാഴ്ചകൾ) കാണ്മാൻ പോകുന്നവരേയും അഗ്നിദാഹം നിമിത്തമായിപ്പോകുന്നവരേയും മുദ്രകളോടുകൂടിപ്പോകുന്നവരേയും പിടിക്കുവാൻ പാടില്ല.

ചാരരാത്രികളിൽ (യഥേഷ്ടം സഞ്ചരിപ്പാൻ വിരോധമില്ലാത്ത ഉത്സവാദികളിലെ രാത്രികളിൽ) പ്രച്ഛന്നവേഷന്മാർ, വിപരീതവേഷന്മാർ (പുരുഷവേഷം ധരിച്ച സ്ത്രീകളും സ്ത്രീവേഷം ധരിച്ച പുരുഷന്മാരും), പ്രവ്രജിത

ന്മാർ, ദണ്ഡവും ശസ്ത്രവും കയ്യിലുള്ളവർ എന്നിങ്ങനെയുള്ള ആളുകളെ പിടിച്ചു വിസ്തരിച്ചു ദോഷമനുസരിച്ചു ദണ്ഡിക്കേണ്ടതാണ്.

അവാര്യനായ ഒരുവനെ വാരണംചെയ്കയോ വാര്യനായിട്ടുള്ളവനെ വാരണംചെയ്യാതിരിക്കയോ ചെയ്യുന്ന രക്ഷികൾക്കു മുൻപറഞ്ഞ അക്ഷണദണ്ഡത്തിന്റെ ഇരട്ടി ദണ്ഡം; ദാസിയായ സ്ത്രീയെ അധിമേഹനം ചെയ്യുന്ന (ബലാൽ ഗമിക്കുന്ന) രക്ഷികൾക്കു പൂർവ്വസാഹസം ദണ്ഡം; ദാസിയല്ലാത്തവളെ അധിമേഹനം ചെയ്യുന്നവർക്കു മദ്ധ്യമസാഹസം ദണ്ഡം; മറെറാരുവൻ ഭാര്യയാക്കിവച്ചിട്ടുള്ളവളെ അധിമേഹനം ചെയ്യുന്നവർക്കു ഉത്തമസാഹസം ദണ്ഡം; കുലസ്ത്രീയെ അധിമേഹനംചെയ്യുന്നവർക്കു വധം ദണ്ഡം.

നഗരത്തിൽ ചേതനജീവികളെസ്സംബന്ധിച്ചോ അചേതനങ്ങളെസ്സംബന്ധിച്ചോ സംഭവിച്ചു രാത്രിദോഷത്തെ രാജാവിനോടു പറയാതിരിക്കുന്ന നാഗരികനു ദോഷാനുരൂപമായിട്ടുള്ള ദണ്ഡം കല്പിക്കണം. രക്ഷികൾക്കു പ്രമാദം വരുവാൻ കാരണമായ സംഭവങ്ങൾ നേരിട്ടാലും ദോഷാനുരൂപമായ ദണ്ഡം വിധിക്കണം.

ഉദകസ്ഥാനങ്ങൾ, മാർഗ്ഗങ്ങൾ, മൈതാനങ്ങൾ, ഛന്നപഥങ്ങൾ, വപ്രങ്ങൾ, പ്രാകാരങ്ങൾ, രക്ഷകൾ (പരിഘാദികൾ) എന്നിവയെ നോക്കുന്നതു് നാഗരികൻ നിത്യവും ചെയ്യേണ്ടുന്ന കർമ്മമാകുന്നു. നഷ്ടങ്ങളും പ്രസ്മൃതങ്ങളും അപസൃതങ്ങ (സ്ഥാനത്തുനിന്നു തനിയെ പോയവ; ഗവാശ്വാദികൾ) ളുമായവയെ രക്ഷിക്കേണ്ടതും നാഗരികന്റെ കർമ്മമാകുന്നു.

ബന്ധനാഗാരത്തിൽ കിടക്കുന്നവരിൽവച്ചു ബാലന്മാരും വൃദ്ധന്മാരും വ്യാധിതന്മാരും അനാഥന്മാരുമായ

വരെ രാജാവിന്റെ ജാതനക്ഷത്രം (ജന്മനക്ഷത്രം), പൌർണ്ണമാസി എന്നീ ദിവസങ്ങളിൽ വിട്ടയയ്ക്കേണ്ടതാണ്. സ്വതേ സദ്വൃത്തന്മാരും സംഗതിവശാൽ ദണ്ഡമനുഭവിക്കുന്നവരുമായവരെ സമയാനുബന്ധം ചെയ്യിച്ച് അവരുടെ കുററത്തിന്നു തക്ക ദ്രവ്യം ദണ്ഡമായിട്ടു വസൂലാക്കേണ്ടതുമാണ്.

നാളുതോറുമോ പഞ്ചരാത്ര-
ത്തിങ്കലോ ബന്ധനസ്ഥരെ
വിടേണം പണിചെയ്യിച്ചോ,
ദണ്ഡിച്ചോ, സംഖ്യ വാങ്ങിയോ.

നവീനരാജ്യലാഭത്തിൽ,
യുവരാജന്റെ വാഴ്ചയിൽ,
പുത്രജന്മത്തിലും ബന്ധ-
മോചനം ചെയ്യണം നൃപൻ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അദ്ധ്യക്ഷപ്രചാരമെന്ന രണ്ടാമധികരണത്തിൽ, നാഗരികപ്രണിധി എന്ന മുപ്പത്താറാമദ്ധ്യായം.**

അദ്ധ്യക്ഷപ്രചാരം രണ്ടാമധികരണം കഴിഞ്ഞു.

ലൈബ്രറി

# ധർമ്മസ്ഥീയം. മൂന്നാമധികരണം.

## ഒന്നാം അദ്ധ്യായം.

### അമ്പത്തേഴും അമ്പത്തെട്ടും പ്രകരണങ്ങൾ.

### വ്യവഹാരസ്ഥാപന, വിവാദപദനിബന്ധം.

ധർമ്മസ്ഥന്മാർ (ധർമ്മാധികാരികൾ) മൂന്നുപേരും അമാത്യന്മാർ മൂന്നുപേരും ചേൎന്ന് ജനപദങ്ങളുടെ സന്ധി, സംഗ്രഹണം, ദ്രോണമുഖം, സ്ഥാനീയം എന്നിവയിൽ വ്യവഹാരങ്ങളെസ്സംബന്ധിച്ച കാൎയ്യങ്ങൾ ചെയ്യണം.

* തിരോഹിതങ്ങൾ (പ്രച്ഛന്നമായി ചെയ്തവ), അന്തരഗാരകൃതങ്ങൾ (ഗൃഹാന്തർഭാഗത്തിങ്കൽ വച്ചു ചെയ്തവ), നക്തകൃതങ്ങൾ (രാത്രിയിൽ ചെയ്തവ), അരണ്യകൃതങ്ങൾ (കാട്ടിൽവച്ചു ചെയ്തവ), ഉപധികൃതങ്ങൾ (വ്യാജമായിച്ചെയ്തവ), ഉപഹ്വരകൃതങ്ങൾ (വിജനസ്ഥലത്തുവച്ചു ചെയ്തവ) എന്നിങ്ങനെയുള്ള ഇടപാടുകളെസ്സംബന്ധിച്ച വ്യവഹാരങ്ങളെ നിഷേധിക്കണം. അവയുടെ കൎത്താവിന്നും കാരയിതാവിന്നും പൂൎവ്വസാഹസം ദണ്ഡം. ശ്രോതാക്കൾക്ക (സാക്ഷികൾക്ക്) ഓരോരുത്തൎക്കും അതിന്റെ പകുതി ദണ്ഡം. ശ്രദ്ധേയന്മാർ (വിശ്വാസ്യന്മാർ; നിഷ്കപടന്മാർ) ആണെങ്കിലാകട്ടെ ദ്രവ്യവ്യപനയം (ദ്രവ്യഹാനി) മാത്രമേ ഉള്ളു.

---

* തിരോഹിതങ്ങൾ സ്വാമിതിരോഹിതം (ഉടമസ്ഥന്റെ സമ്മതംകൂടാതെ ചെയ്യുന്നത്), ദേശതിരോഹിതം (കണ്ട സാക്ഷികളില്ലാതെ ചെയ്യുന്നത്), കാലതിരോഹിതം (കാലഹരണം വന്നിട്ട ചെയ്യുന്നത്), ക്രിയാതിരോഹിതം (കരണാദികളും പരോക്ഷമായിരിക്കെ ചെയ്യുന്നത്), ദ്രവ്യതിരോഹിതം (പരോക്ഷമായ ദ്രവ്യത്തെക്കുറിച്ചു ചെയ്യുന്നത്) എന്നു ഇങ്ങിനെ പലപ്രകാരമുണ്ട്.

എന്നാൽ, പരോക്ഷമായിട്ടുള്ള ആധികർണ്ണഗ്രഹണം * (വസ്തു പണയപ്പെടുത്തിക്കൊണ്ടുള്ള ഋണാദാനം) സംബന്ധിച്ചവയോ, അവക്തവ്യകരങ്ങളോ (ആക്ഷേപത്തിന്നിട നൽകാത്തവ) ആയിട്ടുള്ള തിരോഹിതവ്യവഹാരങ്ങൾ സിദ്ധിക്കും (നിലനിൽക്കും.)

ദായം (ദായവിഭാഗം), നിക്ഷേപം (മുദ്രവയ്ക്കാതെ സൂക്ഷിപ്പാനേല്പിച്ച വസ്തു), ഉപനിധി (മുദ്രവച്ചു സൂക്ഷിപ്പാനേല്പിച്ച വസ്തു), വിവാഹം എന്നിവയെസ്സംബന്ധിച്ച വ്യവഹാരങ്ങളും, വീട്ടിൽനിന്നു പുറത്തിറങ്ങാത്തവരായും വ്യാധിതമാരായും അമൂഢസംജ്ഞക (സംജ്ഞാഹാനിവരാത്തവർ) ളായുമിരിക്കുന്ന സ്ത്രീകളുടെ വ്യവഹാരങ്ങളും അന്തരഗാരകൃതങ്ങളാകിലും സിദ്ധിക്കും.

സാഹസം (കവർച്ച), അനുപ്രവേശം, കലഹം, വിവാഹം, രാജനിയോഗം എന്നിവ സംബന്ധിച്ച വ്യവഹാരങ്ങളും, പൂർവ്വരാത്രവ്യവഹാരികളുടെ (രാത്രിപൂർവ്വഭാഗത്തിൽ ഇടപാടുചെയ്യുന്ന വേശ്യാശൌണ്ഡികാദികളുടെ) വ്യവഹാരങ്ങളും രാത്രികൃതങ്ങളായാലും സിദ്ധിക്കും.

സാർത്ഥം (വണിക്സംഘം), വ്രജം (ഗോപന്മാർ), ആശ്രമം (താപസന്മാർ), വ്യാധന്മാർ, ചാരണന്മാർ എന്നിവരുടെ മദ്ധ്യത്തിൽവച്ചു ചെയ്ത വ്യവഹാരങ്ങളും, വനചരന്മാരുടെ വ്യവഹാരങ്ങളും അരണ്യകൃതങ്ങളായാലും സിദ്ധിക്കും.

ഗൂഢാജീവികളുടെ (വ്യാജസ്വർണ്ണാദികൾകൊണ്ടു വ്യാപരിക്കുന്നവർ) വിഷയത്തിലുള്ള വ്യവഹാരങ്ങൾ ഉപധികൃതങ്ങളായാലും സിദ്ധിക്കും.

---

* ചിലർ "അധികർണ്ണഗ്രഹണം" എന്നു പദച്ഛേദം ചെയ്തു അന്യന്മാരുടെ കർണ്ണത്തിൽ ഗ്രഹിപ്പിച്ചിട്ടു ചെയ്യുന്ന ഇടപാടു് എന്നർത്ഥം പറകയും ചെയ്യുന്നുണ്ട്.

മിഥസ്സമവായ (സ്ത്രീപുരുഷന്മാരുടെ രഹസ്സമ്പ്രയോഗം) വിഷയത്തിലുള്ള വ്യവഹാരങ്ങഠ ഉപാഹാരകൃതങ്ങളായാലും സിദ്ധങ്ങം.

ഇവയിൽനിന്ന വിപരീതങ്ങളായിട്ടുള്ള വ്യവഹാരങ്ങഠ സിദ്ധിക്കുകയില്ല. അപ്രകാരം തന്നെ അപാശ്രയവാന്മാരാൽ (അസ്വതന്ത്രന്മാരാൽ) ചെയ്യപ്പെട്ട, അതായതു പിതാവിരിക്കെ പുത്രനാലും പുത്രൻ കാൎയ്യം നോക്കിയിരിക്കെ പിതാവിനാലും നിഷ്കുല(കുലഭ്രഷ്ടൻ)നായ ഭ്രാതാവിനാലും അവിഭക്താംശനായ കനിഷ്ഠനാലും ഭൎത്താവൊ പുത്രനൊ കാൎയ്യക്ഷമനായുള്ളപ്പോഠ സ്ത്രീയാലും ദാസൻ, ആഹിതകൻ (ഈടുവെക്കപ്പെട്ടവൻ) എന്നിവരാലും അപ്രാപ്തവ്യവഹാരൻ (വ്യവഹാരപ്രാപ്തി വരാത്തവൻ) അതീതവ്യവഹാരൻ (വ്യവഹാരപ്രാപ്തികാലം കഴിഞ്ഞവൻ)എന്നിവരാലും അഭിശസ്തൻ (പാപകൎമ്മദൂഷിതൻ), പ്രവ്രജിതൻ, വ്യംഗൻ, വ്യസനി (സ്ത്രീമദ്യാദിവ്യസനമുള്ളവൻ) എന്നിവരാലും ചെയ്യപ്പെട്ട വ്യവഹാരങ്ങളും സിദ്ധിക്കുകയില്ല. എന്നാൽ ഇതു നിസൃഷ്ടവ്യവഹാരന്മാരായവരെ(വ്യവഹാരാധികാരം നൽകപ്പെട്ടവർ) ഒഴിച്ചുമാത്രമാണ് *. അവരിൽവെച്ചും ക്രുദ്ധനോ, ആൎത്തനോ, മത്തനോ, ഉന്മത്തനോ, അവഗൃഹീതനോ (ബന്ധിതൻ) ആയിട്ടുള്ളവനാൽ ചെയ്യപ്പെട്ട വ്യവഹാരങ്ങഠ സിദ്ധിക്കുകയില്ല. ഇവയെല്ലാററിന്നും, മുകളിൽപ്പറഞ്ഞ പ്രകാരമുള്ള ദണ്ഡങ്ങഠ കൎത്താവു്, കാരയിതാവു്, ശ്രോതാവു് എന്നിവൎക്ക വെവ്വെറെ ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ താന്താങ്ങളുടെ വൎഗ്ഗത്തിലും ദേശത്തിലും

---

* മേൽപ്പറഞ്ഞ പിതൃമൽപുത്രാദികഠക്ക വ്യവഹാരാധികാരം അധികാരികളിൽനിന്ന ലഭിച്ചിട്ടുണ്ടെങ്കിൽ അവരുടെ വ്യവഹാരങ്ങഠ സിദ്ധിക്കുമെന്നൎത്ഥം.

കാലത്തിലും സ്വകരണംകൊണ്ടു ചെയ്യപ്പെട്ടവയും, ചാരങ്ങറം തികഞ്ഞവയും, ശുദ്ധന്മാരായ ദേശന്മാ (സാക്ഷികൾ) രോടുകൂടിയവയും, രൂപലക്ഷണപ്രമാണഗുണങ്ങൾ ദുഷ്ടങ്ങളായിട്ടുള്ളവയുമായ എല്ലാ വ്യവഹാരങ്ങളും സിദ്ധിക്കും. *

ഇവയുടെയെല്ലാം കരണം (പ്രമാണം), ആദേശ (തീറ്) ത്തെയും ആധി (പണയം) യേയും ഒഴിച്ചു, പശ്ചിമ (ഒടുവിൽ എഴുതിയതു്) മായിട്ടുള്ളതാണ് വിശ്വാസ്യമായി സ്വീകരിക്കേണ്ടതു് — ഇങ്ങനെ വ്യവഹാരസ്ഥാപനം.

സംവത്സരം, ഋതു, മാസം, പക്ഷം, ദിവസം (തിയ്യതി), കരണം (തിഥ്യാദി), അധികരണം (വിചാരണ ചെയ്യുന്ന സ്ഥാനം), ഋണം എന്നിവയേയും സമർത്ഥാവസ്ഥയെ (അൎത്ഥസംബന്ധത്തെ) ചെയ്യുവരായ വേദകാവേദകന്മാരുടെ (വാദിപ്രതിവാദികളുടെ) ദേശം, ഗ്രാമം, ജാതി, ഗോത്രം, നാമം, കൎമ്മം എന്നിവയേയും എഴുതിയിട്ടു വാദിപ്രതിവാദികളുടെ ചോദ്യങ്ങളെ അൎത്ഥക്രമമനുസരിച്ചു ലേഖനംചെയ്യണം. ലേഖനംചെയ്തു കഴിഞ്ഞാൽ അവയെ വഴിപോലെ പരിശോധിക്കുകയും വേണം.

---

* താന്താങ്ങളുടെ വൎഗ്ഗത്തിലും ദേശത്തിലും ചെയ്യുവ എന്നതിനു അരണ്യചരന്മാർ മുതലായവർ അരണ്യാദികളിൽവച്ചു ചെയ്യുവ, കൎമ്മകാരാദികൾ കൎമ്മകാരാദിസ്ഥാനങ്ങളിൽവച്ചു ചെയ്യുവ എന്നിത്യാദിരീത്യാ യഥായോഗ്യം ഗ്രഹിക്കേണ്ടതാണു്. താന്താങ്ങളുടെ വൎഗ്ഗത്തിലും കാലത്തിലുമെന്നതിനു രാത്രിവ്യവഹാരികൾ രാത്രിയിൽ ചെയ്യുവ, ദിവാവ്യവഹാരികൾ പകൽചെയ്യുവ എന്നിങ്ങനെ തുടങ്ങി അൎത്ഥം ഗ്രഹിക്കണം. ചാരങ്ങളെന്നാൽ എല്ലാകരണങ്ങളിലും അത്യന്താപേക്ഷിതങ്ങളായ സ്ഥാനം, കാലം, ഉഭയകക്ഷികളുടേയും സാന്നിദ്ധ്യം മുതലായ സമുദാചാരങ്ങളെന്നൎത്ഥം. രൂപം=ആകൃതി, ലക്ഷണം=തിരിച്ചറിവാനുള്ള ചിഹ്നം, പ്രമാണം=അളവു, ഗുണം=ശുക്ലനീലതാദി. ഇവ വ്യവഹാരവിഷയമായ വസ്തുക്കളുടേതാകുന്നു.

മുൻപെഴുതിയ പാദത്തെവിട്ടു വേറെ ഒരു പാദത്തിലേക്കു സംക്രമിക്കുക *, മുൻപ്പപറഞ്ഞതിനെ പിൻപ്പപറഞ്ഞ അൎത്ഥത്തോട് അഭിസന്ധാനം ചെയ്യാതിരിക്കുക $, അനഭിഗ്രാഹ്യ (അദൂഷണീയം) മായിട്ടുള്ള പരവാക്യത്തെ ദൂഷിച്ചിട്ട് അതിനെസ്സമൎത്ഥിക്കാതിരിക്കുക, ദേശനെ (സാക്ഷിയെ) നിൎദ്ദേശിക്കാമെന്നു പ്രതിജ്ഞചെയ്തിട്ടു "നിൎദ്ദേശിക്കുക" എന്നു പറഞ്ഞപ്പോൾ നിൎദ്ദേശിക്കാതിരിക്കുക, ഹീനദേശനെ (പ്രതിജ്ഞചെയ്തതിനേക്കാൾ എണ്ണത്തിൽ കുറവായ സാക്ഷികളെ) യോ അദേശനെ (സാക്ഷിയാവാൻ പാടില്ലാത്തവനെ) യോ സാക്ഷിയായിട്ടു നിൎദ്ദേശിക്കുക, നിൎദ്ദേശിക്കപ്പെട്ടവരിൽ നിന്നു അന്യനായ സാക്ഷിയെ ഹാജരാക്കുക, ഹാജരായ സാക്ഷി താൻ കണ്ട അൎത്ഥത്തെ പറയുമ്പോൾ "അങ്ങനെയല്ല" എന്നു പറഞ്ഞു അപസരിക്കുക, സാക്ഷികളാൽ നിൎണ്ണയിക്കപ്പെട്ട കാൎയ്യത്തെ സമ്മതിക്കാതിരിക്കുക, സംസാരിപ്പാൻ പാടില്ലാത്ത സ്ഥലത്തുവച്ചു സാക്ഷികളുമായി തമ്മിൽ സംഭാഷണം ചെയ്യുക—ഇവയെല്ലാം * പരോക്തഹേതുക്കളാകുന്നു.

പരോക്തനു (പരാജിതനു) വ്യവഹാരപ്പെട്ട സംഖ്യയുടെ പഞ്ചബന്ധം (അഞ്ചിരട്ടി) ദണ്ഡം; സ്വയംവാദിക്കു (സാക്ഷിയില്ലായ്കയാൽ പരാജിതനായവനു) ദശബന്ധം ദണ്ഡം; പുരുഷഭൃതി (അധികരണപുരുഷന്മാൎക്കുള്ള വേതനം) അഷ്ടമാംശം; പഥിഭക്തം (സാക്ഷികൾക്കുള്ള വഴിച്ചെലവു) സാധനങ്ങളുടെ വിലയനുസരിച്ചു; ഇവ രണ്ടും നിയമ്യൻ (പരാജിതൻ) കൊടുക്കേണ്ടതാണ്.

* വാക്പാരുഷ്യമെന്നോ മറ്റോ എഴുതിച്ചിട്ടു പിന്നെ ദണ്ഡപാരുഷ്യമെന്നോ മറ്റോ പറയുക.

$ ആദ്യം പശുഹിരണ്യധാന്യങ്ങൾ എന്നോ മറ്റോ പറഞ്ഞിട്ടു പിന്നെ ഹിരണ്യംമാത്രം എന്നോ മറ്റോ പറയുക.

* പരോക്തഹേതുക്കൾ=പരാജയഹേതുക്കൾ.

അഭിയുക്തന്ന്* (വ്യവഹാരത്തിൽ പ്രതിവാദിയായവന്ന്) അഭിയോക്താവിൻെറ മേൽ പ്രത്യഭിയോഗം (എതിർവ്യവഹാരം) ചെയ്യാൻ പാടില്ല. എന്നാൽ ഇതു കലഹം, സാഹസം, വണിക്സംഘം എന്നിവയെ ഒഴിച്ചുമാത്രമാണ്. ഒരുവനാൽ അഭിയുക്തനായിരിക്കുന്നവൻെറ പേരിൽ വേറെ ഒരഭിയോഗം കൊണ്ടുവരുന്നതിന്നും പാടില്ല.

പ്രതിവാദിയുടെ പ്രത്യുക്തി കേട്ടാൽ അതിന്ന് അന്നേദിവസംതന്നെ അഭിയോക്താവ് സമാധാനം പറയാതിരിക്കുന്നപക്ഷം ആയാൾ പരോക്തനായി ഭവിക്കും. എന്തുകൊണ്ടെന്നാൽ, അഭിയോക്താവ് കാര്യനിശ്ചയം ചെയ്തു വന്നവനായതുകൊണ്ടുതന്നെ. അഭിയുക്തൻ അങ്ങനെയല്ല. അവൻ വാദിയുടെ വാദംകേട്ട സമാധാനം പറയാതിരുന്നാൽ മൂന്നു ദിവസമോ ഏഴുദിവസമോ പ്രതിവചനകാലം നൽകുന്നതാണ്. അതിന്നുമേൽ അവന്നു കുറഞ്ഞതു മൂന്നുപണമോ കവിഞ്ഞതു പന്ത്രണ്ടുപണമോ ദണ്ഡം വിധിക്കും. മൂന്നുപക്ഷം കഴിഞ്ഞിട്ടും പ്രതിവചനം പറയാതിരുന്നാൽ അവന്നു പരോക്തദണ്ഡം വിധിക്കുകയും, അവൻെറ വകയായി എന്തെല്ലാം ദ്രവ്യങ്ങളുണ്ടോ അവയിൽനിന്ന് അഭിയോക്താവിന്നു ചെല്ലേണ്ടതു കൊടുപ്പിക്കുകയും വേണം. പക്ഷെ പ്രത്യുപകരണങ്ങൾ (ജീവികാത്ഥമായ പണികൾക്കുള്ള കരി, നുകം മുതലായ ഉപകരണങ്ങൾ) ഇതിൽനിന്നു ഒഴിവാക്കേണ്ടതാണ്.

അതുതന്നെ (പ്രതിവചനം പറയാത്ത അഭിയുക്തന്നുള്ളതുതന്നെ) യാണ് അഭിയോക്താവിൻെറ സന്നിധിയിൽനിന്ന് നിഷ്പതനം ചെയ്യുന്ന (ചാടിപ്പോകുന്ന) അഭി

* കലഹാദികളെസ്സംബന്ധിച്ചും വണിക്സംഘാദികൾക്കും പ്രത്യഭിയോഗം ചെയ്യാൻ വിരോധമില്ലെന്ന താൽപര്യം.

യുക്തന്നുമുള്ള ദണ്ഡം. അഭിയോക്താവാണ് അങ്ങനെ നിഷ്പതനം ചെയ്യുന്നതെങ്കിൽ നിഷ്പതനസമയത്തുതന്നെ പരാജിതനായി ഭവിക്കും.

വ്യവഹാരം നിലവിലുള്ളപ്പോൾ മരിച്ചുപോകയോ വ്യസനി (ആപത്തിൽപ്പെട്ടവൻ) യായിത്തീരുകയോ ചെയ്ത അഭിയോക്താവിന്റെയോ അഭിയുക്തന്റെയോ ധനം സാക്ഷിവചനന്മാർ (സാക്ഷികളാൽ പറയപ്പെട്ട അവകാശികൾ) വാങ്ങിക്കൊള്ളണം.

അഭിയുക്തൻ പരാജിതനായാൽ അഭിയോക്താവു് പരാജയദണ്ഡം കെട്ടി അവനെക്കൊണ്ടു് രാജാവിനുവേണ്ടി കർമ്മം ചെയ്യിക്കണം. അല്ലെങ്കിൽ ആധിയായിട്ടു് ഇഷ്ടമുള്ള മറ്റൊരുവനെ പ്രവേശിപ്പിക്കുകയുമാകാം. അങ്ങനെ കർമ്മകരണത്തിന്നായി നിയോഗിക്കുമ്പോൾ അവന്നു രക്ഷോഘ്നങ്ങളായ രക്ഷകൾ * ചെയ്കയും വേണം. ഇപ്രകാരം കർമ്മം ചെയ്യിക്കുന്നതു ബ്രാഹ്മണനെ ഒഴിച്ചു ശേഷമുള്ളവരെ മാത്രമേ പാടുള്ളൂ.

ചതുർവ്വർണ്ണാശ്രമോപേത-
ലോകാചാരങ്ങൾ കാക്കയാൽ
മായുന്ന ധർമ്മങ്ങൾക്കെല്ലാം
രാജധർമ്മം പ്രവർത്തകം.

വിവാദത്തിന്നു കാൽ നാലു:
ധർമ്മവും, വ്യവഹാരവും,
ചരിത്രം, രാജനിയമം—
പിൻപുള്ളതിനിതിൽബ്ബലം.

അതിൽ സത്യസ്ഥിതം ധർമ്മം,
സാക്ഷിസ്ഥം വ്യവഹാരവും,

* രക്ഷോഘ്നങ്ങളായ രക്ഷകൾ = ശിരസ്സിൽ കെട്ടുകയിടുക മുതലായ രക്ഷാവിധികൾ.

ചരിത്രം പുംസമൂഹസ്ഥം,
ശാസനം രാജദണ്ഡനം.

ധൎമ്മേണ കാക്കും ഭൂപന്റെ
സ്വധൎമ്മം സ്വൎഗ്ഗസാധകം;
മറിച്ചാം രക്ഷ ചെയ്യാഞ്ഞാൽ
മിഥ്യാദണ്ഡമണയ്ക്കിലും.

പുത്രങ്കലും ശത്രുവിലും
ദോഷമ്പോൽ സമമായ്‌ കൃതം
ദണ്ഡമൊന്നാണിഹപര-
ലോകരക്ഷകമോൎക്കിൽ.

ധൎമ്മത്താൽ, വ്യവഹാരത്താൽ,
സംസ്ഥയാൽ, ന്യായദൎശനാൽ
ശാസിക്കിൽ ചതുരന്തോൎവ്വി
ജയിക്കും ഭൂമിപാലകൻ.

സംസ്ഥയോടോ ധൎമ്മശാസ്ത്ര-
ത്തോടോ രാജാനുശാസനം
വിരോധിക്കുന്നിടത്തൎത്ഥം
ധൎമ്മത്താൽ നിൎണ്ണയിക്കണം.

ശാസ്ത്രം ധൎമ്മന്യായമോടു
വിരോധിച്ചുവരും വിധൌ
ന്യായം പ്രമാണമായീടും
ശാസ്ത്രം തത്ര വിലുപ്തമാം.

ദോഷം കാണുക, ദോഷത്തെ
സ്വയമായ്‌ സംവദിക്കുക,
ഇരുപക്ഷത്തിലും ചോദ്യ-
മുള്ളവായിട്ടിരിക്കുക,

കാരണം കാണുക, ശപഥ-
മിവയാമർത്ഥസാധകം.
മുൻപിൻ ചൊല്ലിയൊരർത്ഥങ്ങൾ
വിരോധിച്ചിട്ടിരിക്കുക,
സാക്ഷികൾ ദോഷമുണ്ടാക,
ചാരദ്വാരാഗ്രഹിക്കുക
എന്നീ ഹേതുക്കളുണ്ടാകിൽ
കല്പിക്കേണം പരാജയം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, വ്യവഹാരസ്ഥാപനാ—
വിവാദപദനിബന്ധം എന്ന
ഒന്നാമധ്യായം.

---

## രണ്ടാം അധ്യായം.

---

### അഷ്ടത്തൊമ്പതാം പ്രകരണം.

### വിവാഹസംയുക്തം.

### വിവാഹധർമ്മം, സ്ത്രീധനകല്പം, ആധിവേദനികം.

വിവാഹമാണ് വ്യവഹാരങ്ങളിൽവച്ച് പ്രഥമമായിട്ടുള്ളതു്. *

---

* വ്യവഹാരങ്ങൾ ഋണാദാനം തുടങ്ങി വളരെയുണ്ടല്ലോ. ഋണാദാനമാണ് പ്രഥമമെന്നു മനു പറയുന്നു. വസ്തുസംബന്ധിച്ച വ്യവഹാരമാണ് പ്രഥമമെന്ന ഭാസ്കരപക്ഷം. നിക്ഷേപമാണ് വ്യവഹാരങ്ങളിൽ പ്രഥമമെന്നു ബൃഹസ്പതിമതം. കൌടില്യനാകട്ടെ വ്യവഹാരങ്ങളിൽ ഗൃഹസ്ഥനു മാത്രം അധികാരമുള്ളതുകൊണ്ടും, ഗൃഹസ്ഥനാകുന്നതിനു കാരണം വിവാഹമാകുകകൊണ്ടും വിവാഹം സംബന്ധിച്ചുള്ള വ്യവഹാരങ്ങൾക്കാണ് പ്രാധാന്യവും പ്രാഥമ്യവും കല്പിച്ചിരിക്കുന്നതു്.

കന്യകയെ അലങ്കരിച്ചിട്ട് വരന്നു കന്യകാദാനം ചെയ്തുകൊടുക്കുന്നതു ബ്രാഹ്മം എന്ന വിവാഹം. സഹധമ്മചയ്യ (സഹധമ്മം ചയ്യതാം എന്ന മന്ത്രം) യോടെ ചെയ്യുന്ന കന്യകാദാനം പ്രാജാപത്യം. വരന്റെ കയ്യിൽനിന്നു ഗോമിഥുനത്തെ വാങ്ങിയിട്ടു കന്യകയെ പ്രദാനം ചെയ്യുന്നതു് ആഷം. യജ്ഞവേദിയുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ഋത്വിക്കിന്നായിക്കൊണ്ട് കന്യകയെക്കൊടുക്കുന്നതു് ദൈവം. കന്യകയും വരനും രഹസ്യമായിട്ടു സമ്മതിച്ചു മിഥസ്സമവായം (അന്യോന്യസംയോഗം) ചെയ്യുന്നതായാൽ ഗാന്ധവ്വം. വരന്റെ കയ്യിൽനിന്നു ശുൽക്കം വാങ്ങിയിട്ട് കന്യകയെക്കൊടുക്കുന്നതായാൽ ആസുരം. ബലാൽക്കാരേണ കന്യകയെ അപഹരിച്ചുകൊണ്ടുപോകുന്നതായാൽ രാക്ഷസം. കന്യക ഉറങ്ങിക്കിടക്കുമ്പോഴോ മത്തയായിരിക്കുമ്പോഴോ അവളെ പിടിച്ചുകൊണ്ടുപോകുന്നതായാൽ പൈശാചം.

ഇവയിൽവച്ചു ആദ്യം പറഞ്ഞ നാലുവിധം വിവാഹങ്ങൾ പിതാവുപ്രമാണമായിട്ടുള്ളവയും ധമ്മ്യങ്ങളുമാണ്. ശേഷമുള്ളവ മാതാവും പിതാവും പ്രമാണമായിട്ടുള്ളവയത്രെ. എന്തുകൊണ്ടെന്നാൽ അവരിരുവരും കൂടിയാണല്ലോ കന്യകയുടെ ശുൽക്കത്തെ വാങ്ങുന്നതു്. അവരിൽവച്ച് ഒരാളില്ലെന്നുവരുമ്പോൾ മറെറ ആൾ കന്യാശുൽക്കം വാങ്ങുകയും ചെയ്യുന്നു.

ദ്വിതീയശുല്കം (പ്രീതിവശാൽ കന്യകയ്ക്കു കൊടുക്കുന്ന ധനം) സ്ത്രീക്കുതന്നെ അവകാശപ്പെട്ടതായിരിക്കും. പ്രത്യാരോപണം (സന്തോഷംകൊണ്ടുള്ള ഭൂഷണാദിദാനം) എല്ലാവക്കും ചെയ്യാൻ വിരോധമില്ലാത്തതാണ്.

വൃത്തി (ഉപജീവനത്തിന്നുവേണ്ടിയുള്ള ഭൂമി, ഹിര

ണ്യം മുതലായതു്), ആബന്ധ്യം (ദേഹത്തിൽ ബന്ധിക്കുന്ന ഭൂഷണാദികൾ) എന്നിങ്ങനെ രണ്ടു വിധത്തിലാണു് സ്ത്രീധനം. വൃത്തിയുടെ സംഖ്യ കവിയരുതു് രണ്ടായിരം പണമാകുന്നു. ആബന്ധ്യത്തിന്നു് ഇത്രയെന്നു നിയമമില്ല.

സ്ത്രീധനത്തെ തന്റെ പുത്രന്മാരുടേയും സ്നുഷ (പുത്രഭാര്യ്യമാർ) മാരുടേയും ഭർമ്മ (പോഷണം)ത്തിലും ഭർത്താവു് തന്റെ ജീവിതത്തിന്നു പ്രതിവിധി ചെയ്യാതെ ദേശാന്തരത്തേക്കു പോയിരിക്കുമ്പോഴും ഭാര്യ്യക്കു് അനുഭവിക്കുവാൻ വിരോധമില്ല. പ്രതിരോധകൻ (പിടിച്ചുപറിക്കുന്ന കള്ളൻ), വ്യാധി, ദുർഭിക്ഷം, ഭയം എന്നിവയുടെ പ്രതികാരത്തിങ്കലും ധർമ്മകാര്യത്തിങ്കലും ഭർത്താവിന്നും സ്ത്രീധനം വിനിയോഗിക്കുവാൻ വിരോധമില്ല. ധർമ്മിഷ്ഠങ്ങളായ വിവാഹങ്ങളിൽ (ബ്രാഹ്മാദികളായി ആദ്യം പറഞ്ഞ നാലു വിവാഹങ്ങളിൽ) കിട്ടിയ സ്ത്രീധനത്തിന്മേൽ, ദമ്പതിമാൎക്കു രണ്ടു പുത്രന്മാരുണ്ടായതിന്നുശേഷമോ അവർ രണ്ടു പേരും ചേൎന്നു മൂന്നു സംവത്സരം ഉപഭുജിച്ചതിന്നുശേഷമോ ചോദ്യമില്ല. ഗാന്ധൎവ്വം, ആസുരം എന്നീ വിവാഹങ്ങളിലെ സ്ത്രീധനങ്ങൾ ഉപഭുജിച്ചാൽ അവ രണ്ടും വൃദ്ധിയോടുകൂടി കൊടുപ്പിക്കേണ്ടതാണു്. രാക്ഷസം, പൈശാചം എന്നീ വിവാഹങ്ങളിലെ സ്ത്രീധനം ഉപഭുജിച്ചാൽ സ്തേയദണ്ഡം നൽകുകയും വേണം—ഇങ്ങനെ വിവാഹധൎമ്മം.

ഭൎത്താവു മൃതനായാൽ, ധൎമ്മകാമയായിരിക്കുന്ന സ്ത്രീ അപ്പോൾത്തന്നെ ആഭരണം അഴിച്ചുവച്ചിട്ടു ശുല്കശേഷത്തെയും (അനുഭവിച്ചുകഴിഞ്ഞു ബാക്കിയുള്ള ശുല്കത്തെ) ആഭരണശേഷത്തെയും വാങ്ങേണ്ടതാണു്. അവയെ വാങ്ങിയിട്ടു പിന്നെ മറ്റൊരു ഭൎത്താവിനെ സ്വീകരിച്ചാൽ അതു രണ്ടും വൃദ്ധിയോടുകൂടി കൊടുപ്പിക്കേണ്ടതാകു

ന്നു. കുടുംബകാമ (സന്താനലബ്ധിയെ ആഗ്രഹിക്കുന്നവൾ) യാണെങ്കിൽ ശ്വശുരനും ഭർത്താവും നൽകിയതായ ധനം നിവേശ (അന്യഭർത്തൃസ്വീകാരം) കാലത്തിങ്കൽ അവൾക്കു ലഭിക്കുന്നതാണ്. നിവേശകാലത്തെ ദീർഘപ്രവാസത്തെക്കുറിച്ചു പറയുമ്പോൾ വിവരിക്കുന്നതാണ്.

ശ്വശുരന്റെ അഭിമതത്തിന്നു വിപരീതമായി നിവേശം ചെയ്യപ്പെട്ടാൽ അവൾക്കു ശ്വശുരനും ഭർത്താവും നൽകിയ ധനം പിടിച്ചടക്കേണ്ടതാണ്.

ഭർത്താവിന്റെ മരണശേഷം ജ്ഞാതികളുടെ രക്ഷയിലിരിക്കുന്ന സ്ത്രീ അവരുടെ കയ്യിൽനിന്നു വിട്ടു നിവേശത്തെച്ചെയ്താൽ അവൾക്കു ശ്വശുരനും ഭർത്താവും നൽകിയതായ ധനത്തെ ജ്ഞാതികൾ തങ്ങൾ ഏററുവാങ്ങിയതുപോലെ ദാനം ചെയ്യണം.

* ന്യായപ്രകാരം അന്യപുരുഷനെ പ്രാപ്തയായ സ്ത്രീയുടെ ധനത്തെ അവളെ പരിഗ്രഹിച്ച പുരുഷൻ സംരക്ഷിക്കണം.

ഒരു സ്ത്രീ വിന്ദമാനയായാൽ (അന്യഭർത്താവിനെ സ്വീകരിക്കുന്നവളായാൽ) അവളുടെ പതിദായത്തെ (ഭർത്താവു കൊടുത്ത ധനത്തെ) മടക്കിക്കൊടുപ്പിക്കണം. ധർമ്മകാമയായിരിക്കുന്നപക്ഷം അതവൾക്ക് അനുഭവിക്കുകയും ചെയ്യാം. പുത്രവതിയായ സ്ത്രീ വിന്ദമാനയായാൽ സ്ത്രീധനം അവൾക്കു കിട്ടുകയില്ല. ആ സ്ത്രീധനം അവളുടെ പുത്രന്മാർ ഹരിക്കണം. പുത്രഭരണാർത്ഥമായിട്ടു വിന്ദമാനയായാൽ സ്ത്രീധനത്തെ പുത്രന്മാർക്കുവേണ്ടി സ്വാതീകരിക്കണം (വർദ്ധിപ്പിക്കണം). വളരെ പുരുഷന്മാരിൽനിന്ന് അനേ

---

* ശാസ്ത്രത്തിൽ നിയോഗം ചെയ്യാൻ വിധിച്ചിട്ടുള്ള ദേവരാദികളെ സ്വീകരിച്ച സ്ത്രീയുടെ എന്നർത്ഥം.

കം പുത്രന്മാരുണ്ടായിട്ടുള്ള സ്ത്രീയുടെ സ്ത്രീധനം അവരുടെ പിതാക്കന്മാർ നൽകിയതുപോലെ അതാതു പുത്രന്മാരുടെ പേരിൽ ഉറപ്പിക്കണം. കാമകാരണീയം (ഇഷ്ടംപോലെ വിനിയോഗിക്കാവുന്നതു്) ആയിട്ടുള്ള സ്ത്രീധനം കൂടിയും, അന്യഭർത്താവിനെ സ്വീകരിക്കുന്ന സ്ത്രീ, പുത്രന്റെ കയ്യിൽ കൊടുക്കണം.

അപുത്രയായിട്ടുള്ള സ്ത്രീ വിധവയായിത്തീർന്നാൽ പതിശയനത്തെ പാലിച്ചുംകൊണ്ടു (പാതിവ്രത്യം ദീക്ഷിച്ചുംകൊണ്ടു) ഗുരുസമീപത്തിങ്കലിരുന്ന് ആയുഃക്ഷയംവരെ സ്ത്രീധനത്തെ നശിപ്പിക്കാതെ അനുഭവിക്കേണ്ടതാണ്. ആപത്തു സംഭവിക്കുമ്പോൾ ഉപയോഗിപ്പാനുള്ളതാണല്ലോ സ്ത്രീധനം. അതു അവളുടെ മരണശേഷം ദായാദങ്കൽ (ഭർത്താവിന്റെ സപിണ്ഡങ്കൽ) ലയിക്കും. ഭർത്താവു ജീവിച്ചിരിക്കുമ്പോൾ ഭാര്യ മരിച്ചുപോയാൽ പുത്രന്മാരും പുത്രിമാരും സ്ത്രീധനത്തെ ഭാഗിച്ചെടുക്കണം. പുത്രന്മാരില്ലെങ്കിൽ പുത്രിമാർക്കു ഭാഗിച്ചെടുക്കാം. പുത്രിമാരും ഇല്ലെങ്കിൽ ഭർത്താവിനെടുക്കാം. ശുൽകം, അന്വാധേയം (പിതൃഗൃഹത്തിൽ നിന്നു കൊണ്ടുവന്നതു്) എന്നിവയും ബന്ധുക്കൾ കൊടുത്തതായ മററു ധനങ്ങളും ബാന്ധവന്മാർ ഹരിക്കണം—ഇങ്ങനെ സ്ത്രീധനകല്പം.

അപ്രജായമാനയോ അപുത്രയോ വന്ധ്യയോ ആയ ഭാര്യയെ എട്ടുസംവത്സരവും, ബിന്ദു (ജീവനില്ലാത്ത കുട്ടികളെ പ്രസവിക്കുന്നവൾ) ആയവളെ പത്തു സംവത്സരവും, കന്യാപ്രസവിനിയായവളെ പന്ത്രണ്ടു സംവത്സരവും പുത്രനുണ്ടാകുമൊ എന്നു പരീക്ഷിക്കുവാൻ വേണ്ടി കാത്തിരിക്കണം. അതിനുശേഷം പുത്രാർത്ഥിയായ ഭർത്താവു രണ്ടാമതൊരുവളെ വിവാഹം ചെയ്യാം. ഈ കാലനിയമത്തെ അതിക്രമിച്ചു പ്രവൃത്തിച്ചാൽ ശുൽകവും സ്ത്രീധനവും ആധിവേദനികത്തിൽ (രണ്ടാം വിവാഹത്തിനു കിട്ടുന്ന ധന

ത്തിൽ) പ്രകൃതിയും ആദ്യത്തെ ഭാര്യയ്ക്കു് കൊടുക്കണം. ഇരുപത്തിനാലുപണംവരെ വരുന്ന ദണ്ഡം രാജാവിന്നു അടയ്ക്കുകയും വേണം. ശുൽക്കവും സ്ത്രീധനവും ലഭിച്ചിട്ടില്ലാത്ത ആദ്യഭാര്യക്കു ശുൽക്കവും സ്ത്രീധനവുമായിട്ടു് ആധിവേദനികത്തിന്നു തുല്യമായ ധനവും തക്കതായ വൃത്തിയും കൊടുത്താൽ അനേകം സ്ത്രീകളെ വേൾക്കുന്നതിന്നും വിരോധമില്ല. എന്തുകൊണ്ടെന്നാൽ സ്ത്രീകൾ പുത്രാർത്ഥമാരാകകൊണ്ടുതന്നെ.

അനേകം വിവാഹംചെയ്ത പുരുഷന്റെ ഭാര്യമാർക്കു ഒരേകാലത്തിങ്കൽ തീർത്ഥം (ഋതുപ്രാപ്തി) സംഭവിച്ചാൽ വിവാഹക്രമമനുസരിച്ചു് ആദ്യം വിവാഹംചെയ്തവളോ ജീവൽപുത്രയോ ആയവളെ ആദ്യം ഗമിക്കണം.

തീർത്ഥത്തെ മറച്ചുവയ്ക്കുകയും ഭർത്താവിനെ അഭിഗമിക്കാതിരിക്കുകയും ചെയ്യുന്നവൾക്കു തൊണ്ണൂറാറുപണം ദണ്ഡം. പുത്രവതി, ധർമ്മകാമ, വന്ധ്യ, ബിന്ദു, നീരജസ്സു (ഋതുപ്രാപ്തി മാറിയവൾ) എന്നിങ്ങനെയുള്ളവളെ അവൾ അകാമയാണെങ്കിൽ ഗമിക്കരുതു്; പുരുഷൻ അകാമനാണെങ്കിലും ഗമിക്കരുതു്. കുഷ്ഠിനിയോ ഉന്മത്തയോ ആയിട്ടുള്ളവളേയും ഗമിക്കരുതു്. സ്ത്രീയാകട്ടെ പുത്രോൽപത്തിക്കു വേണ്ടി അപ്രകാരമുള്ള ഭർത്താവിനേയും ഗമിക്കണം.

നീചനാശ്ശീന്നവൻ, നാടു
വിട്ടവൻ, രാജകില്ബിഷി,
പ്രാണഘ്നൻ, പതിതൻ, ക്ലീബ,-
നീദൃശൻ ത്യാജ്യനാം പതി.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, വിവാഹസംയുക്തത്തിൽ വിവാഹധർമ്മം—സ്ത്രീധനകല്പം—ആധിവേദനികം എന്ന രണ്ടാമദ്ധ്യായം.

# മൂന്നാം അദ്ധ്യായം.

## ശുശ്രൂഷ, ഭർമ്മം, പാരുഷ്യം, ദ്വേഷം, അതിചാരം, ഉപകാരവ്യവഹാരപ്രതിഷേധം.

പന്ത്രണ്ടു വയസ്സായ സ്ത്രീ പ്രാപ്തവ്യവഹാരയാകും; പതിനാറു വയസ്സായ പുരുഷനും വ്യവഹാരപ്രാപ്തി വരും. അതിന്നുമേൽ ശുശ്രൂഷ ചെയ്യാതിരുന്നാൽ (ഗുരുജനങ്ങളെ അനുസരിക്കാതിരുന്നാൽ) സ്ത്രീക്കു പന്ത്രണ്ടു പണം ദണ്ഡം; പുരുഷന്നു അതിലിരട്ടി ദണ്ഡം.

ഒരു സ്ത്രീക്കുള്ള ഭർമ്മണ്യ (ചെലവിന്നുള്ള ധനം) ഇത്ര കാലത്തേക്കിന്നതെന്നു നിർദ്ദേശിക്കാതിരിക്കുമ്പോൾ അവൾക്കുള്ള ഗ്രാസാച്ഛാദനം (അന്നവസ്ത്രങ്ങൾ) ഓരോരുത്തൎക്കുമുള്ള വീതമനുസരിച്ചോ സവിശേഷമായോ കൊടുക്കണം; കാലനിർദ്ദേശം ചെയ്തിട്ടുള്ള പക്ഷം അതുതന്നെ സംഖ്യ കണക്കാക്കി കൊടുക്കണം. ബന്ധവും (കൊടുപ്പാൻ ബാക്കിയായതു്) കൊടുക്കണം. ശുൽകം, സ്ത്രീധനം, ആധിവേദനികം എന്നിവ അവൾ വാങ്ങിയിട്ടില്ലെങ്കിൽ അതിന്നും ബന്ധം കൊടുക്കേണ്ടതാണു്. ശ്വശുരകുലത്തിൽ പ്രവേശിക്കുകയോ ഭാഗം വാങ്ങുകയോ ചെയ്തിട്ടുണ്ടെങ്കിൽ പിന്നെ ഭർത്താവിന്റെ പേരിൽ ചെലവിന്നുള്ള അഭിയോഗം കൊണ്ടുചെല്ലുവാൻ പാടില്ല—ഇങ്ങനെ ഭർമ്മം.

ഭാൎയ്യ അവിനീതയായിരുന്നാൽ "നഗ്നേ, വിനഗ്നേ, ന്യംഗേ, അപിതൃകേ (അച്ഛനില്ലാത്തവളെ), അമാതൃകേ" എന്നിങ്ങനെ സംബോധന ചെയ്തു് വിനയം ഗ്രഹിപ്പിക്കണം. വേണുദലം (മുളവടി), കയറു്, കയ്യ് എന്നിവയിൽ ഒന്നുകൊണ്ടു് പൃഷ്ഠത്തിങ്കൽ മൂന്നു പ്രാവശ്യം അടിക്കുകയും ചെയ്യാം. ഇതിനെ അതിക്രമിച്ചു നടന്നാൽ വാക്പാരുഷ്യത്തിന്നും ദണ്ഡപാരുഷ്യത്തിന്നുമുള്ള ദണ്ഡങ്ങളിൽ

പകുതി ഭർത്താവിനു വിധിക്കുന്നതാണ്. ഭർത്താവ് ബാഹ്യവിഹാരങ്ങളിൽ ഏർപ്പെടുകകാരണം സ്ത്രീക്കു ഈർഷ്യ തോന്നുവാൻ ദ്വാരങ്ങളുണ്ടാകുമ്പോഴും മേൽപ്പറഞ്ഞതുതന്നെയാണ് സ്ത്രീക്കു ഭർത്താവിങ്കലും പ്രയോഗിക്കുവാനുള്ളത്. എന്നാൽ അവളുടെ സംഗതിയിൽ അത്യയം (ദണ്ഡം) വാക്പാരുഷ്യത്തിനും ദണ്ഡപാരുഷ്യത്തിനുമുള്ളതു തികച്ചും വിധിക്കുന്നതാണ്—ഇങ്ങനെ പാരുഷ്യം.

ഭർത്താവിനെ ദ്വേഷിക്കുന്ന (വെറുക്കുന്ന) സ്ത്രീ ഏഴ് ആർത്തവങ്ങൾ (ഋതുകാലങ്ങൾ) മുഴുവൻ ഭർത്താവിനെ അഭിഗമിക്കാതിരുന്നിട്ടു പിന്നെ അഭിഗമിക്കേണമെന്നു തോന്നിയാൽ അപ്പോൾത്തന്നെ ആഭരണം ഭർത്താവിന്റെ കയ്യിൽ ന്യാസമായിക്കൊടുത്തിട്ട് അന്യസ്ത്രീയോടുകൂടി ശയിക്കുന്ന അദ്ദേഹത്തിന്റെ സമീപത്ത് പശ്ചാത്താപത്തോടുകൂടി ചെല്ലണം. ഭർത്താവ് സ്ത്രീയെ ദ്വേഷിക്കുന്നതായാൽ ഭിക്ഷുകി, അന്വാധി (സ്ത്രീധനം സൂക്ഷിക്കുന്നവൻ), ജ്ഞാതി എന്നിവരിൽ ആരുടെയെങ്കിലും ഗൃഹത്തിങ്കൽ ഏകയായി പാർക്കുന്ന ഭാര്യയുടെ സമീപത്തിൽ പശ്ചാത്താപത്തോടുകൂടി ചെല്ലണം. ഭർത്താവ് അന്യസ്ത്രീയോടുകൂടി സംഗമിക്കുകയോ സവർണ്ണയായ അപസർപ്പയെ (ദൂതിയെ) ഉപഗമിക്കുകയോ ചെയ്തതിനു അടയാളമുണ്ടായിട്ടും മിഥ്യാവാദം ചെയ്യുന്നതായാൽ അദ്ദേഹം പന്ത്രണ്ടു പണം കൊടുക്കണം.

ഭാര്യയെ മോചിക്കുവാൻ ഇഷ്ടമില്ലാത്ത ഭർത്താവിനു തന്നെ ദ്വേഷിക്കുന്ന ഭാര്യയേയോ, ഭർത്താവിനെ മോചിപ്പാൻ ഇഷ്ടമില്ലാത്ത ഭാര്യയ്ക്കു തന്നെ ദ്വേഷിക്കുന്ന ഭർത്താവിനേയോ ഉപേക്ഷിക്കുവാൻ പാടുള്ളതല്ല. പരസ്പരം ദ്വേഷമുണ്ടായാൽ മാത്രമേ അവർക്കു മോക്ഷം (മോചനം) ചെയ്യുവാൻ പാടുള്ളൂ. സ്ത്രീയുടെ വിപ്രകാരം (അപരാധം)

കൊണ്ട പുരുഷന്റെ മോക്ഷത്തെ ഇച്ഛിച്ചാൽ അവളുടെ കയ്യിൽനിന്ന വാങ്ങിയ സ്ത്രീധനം അദ്ദേഹം അവൾക്ക കൊടുക്കണം. പുരുഷന്റെ വിപ്രകാരം കാരണം സ്ത്രീ മോക്ഷത്തെ ഇച്ഛിക്കുന്നപക്ഷം അവരോട്ട വാങ്ങിയ സ്ത്രീധനം കൊടുക്കേണ്ടതില്ല. ധർമ്മവിവാഹങ്ങൾക്ക (ബ്രാഹ്മാദിവിവാഹങ്ങൾക്ക) മോക്ഷം അനുവദിക്കുകയുമില്ല.— ഇങ്ങനെ മോക്ഷം.

ഭർത്താവിനാൽ പ്രതിഷേധിക്കപ്പെട്ട സ്ത്രീ ദപ്പക്രീഡയിലും മദ്യക്രീഡയിലും ഏർപ്പെടുന്നതായാൽ മൂന്ന പണം ദണ്ഡം കൊടുക്കണം. പകൽ, സ്ത്രീകൾ നടത്തുന്ന പ്രേക്ഷകളോ വിഹാരങ്ങളോ (ഉദ്യാനക്രീഡകൾ) കാണ്മാൻപോയാൽ ആറുപണം ദണ്ഡം; പുരുഷന്മാർ നടത്തുന്ന പ്രേക്ഷാവിഹാരങ്ങളെ കാണ്മാൻപോയാൽ പന്ത്രണ്ട പണം ദണ്ഡം. രാത്രിയിലാണെങ്കിൽ ഇവയുടെ ഇരട്ടി ദണ്ഡം. ഭർത്താവുറങ്ങിക്കിടക്കുമ്പോഴോ മത്തനായിരിക്കുമ്പോഴോ ഗൃഹത്തിൽനിന്ന പുറത്തുപോകയോ ഭർത്താവിന്ന വാതിൽ തുറന്നുകൊടുക്കാതിരിക്കുകയോ ചെയ്യുന്നവൾക്ക പന്ത്രണ്ട പണം ദണ്ഡം. രാത്രിയിങ്കൽ നിഷ്കാസനം ചെയ്താൽ അതിലിരട്ടി. സ്ത്രീപുരുഷന്മാർ മൈഥുനാർത്ഥമായിട്ട് അസഭ്യമായിട്ടുള്ള ശൃംഗാരചേഷ്ടകൾ കാണിക്കുകയോ, രഹസ്സിങ്കൽവച്ച് അശ്ലീലസംഭാഷണം ചെയ്കയോ ചെയ്താൽ ഇരുപത്തിനാലു പണം സ്ത്രീക്ക ദണ്ഡം; പുരുഷന്ന് അതിലിരട്ടി. കേശം, നീവി (മടിക്കുത്ത്), ദന്തം, നഖം എന്നിവയിൽപ്പിടിച്ചാൽ സ്ത്രീക്ക് പൂർവ്വസാഹസം ദണ്ഡം; പുരുഷന്നാണെങ്കിൽ അതിലിരട്ടി. ശങ്കിതസ്ഥാനത്തുവച്ച സംഭാഷണം ചെയ്താൽ പണത്തിന്റെ സ്ഥാനത്ത് ശിഫാദണ്ഡം (അടിശ്ശിക്ഷ) വിധിക്കുന്നതാണ്. അങ്ങനെ ചെയ്യുന്ന സ്ത്രീകളുടെ രണ്ട പാർശ്വഭാഗങ്ങളിലും ഗ്രാമമധ്യത്തിൽവച്ച് ചണ്ഡാലനെക്കൊണ്ട് അയ്യഞ്ചടി അടിപ്പി

ക്കണം. ഓരോ അടിക്കും ഓരോ പണം ശുൽക്കമായി ക്കൊടുക്കാനാവാത്തപക്ഷം ഈ അടിശ്ശിക്ഷയിൽനിന്ന് ഒഴിവാക്കുകയും ചെയ്യാം.—ഇങ്ങനെ അതിചാരം.

അന്യോന്യം ഒരുപകാരവും ചെയ്യാൻ പാടില്ലെന്നു നിഷേധിക്കപ്പെട്ട സ്ത്രീപുരുഷന്മാർ ക്ഷുദ്രദ്രവ്യങ്ങൾ ഉപകാരമായിക്കൊടുത്താൽ പന്ത്രണ്ടു പണവും, സ്ഥൂലദ്രവ്യങ്ങൾ കൊടുത്താൽ ഇരുപത്തിനാലു പണവും, സ്വർണ്ണമോ സ്വർണ്ണാന്യമോ കൊടുത്താൽ അമ്പത്തിനാലു പണവും സ്ത്രീക്കു ദണ്ഡം; പുരുഷനാണെങ്കിൽ അതിലിരട്ടി. അവതന്നെ അഗമ്യന്മാരായ സ്ത്രീപുരുഷന്മാർക്കാണ് ചെയ്തതെങ്കിൽ മേൽപ്പറഞ്ഞതിൽ പകുതിയാണ് ദണ്ഡം. പ്രതിഷിദ്ധന്മാരായ പുരുഷന്മാരുമായി വല്ല ഇടപാടുകളും നടത്തിയാലും ഇപ്രകാരം തന്നെയാണ് ദണ്ഡം—ഇങ്ങനെ ഉപകാരവ്യവഹാരപ്രതിഷേധം.

രാജദ്വേഷാതിചാരങ്ങ-
ളാഗമനിഷ്ഠമമെന്നിവ
ചെയ്താൽ സ്ത്രീധനശുല്കത്തി-
ലസ്വാമ്യം സ്ത്രീക്കു നേരിടും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, വിവാഹസംയുക്തത്തിൽ
ശുശ്രൂഷ—ഭർമ്മം—പാരുഷ്യം—ദ്വേഷം—അതിചാരം—ഉപകാര
വ്യവഹാരപ്രതിഷേധം എന്ന
മൂന്നാമധ്യായം.

## നാലാം അദ്ധ്യായം

### നിഷ്പതനം, പാരമ്യന്തസരണം, ഹ്രസ്വപ്രവാസം, ദീൎഘപ്രവാസം.

ഭൎത്താവിന്റെ വിപ്രകാരം (അപരാധം) കാരണമായിട്ടല്ലാതെ ഭൎത്തൃഗൃഹത്തിങ്കൽനിന്നു നിഷ്പതനംചെയ്ത (പുറത്തേക്കുപോയ) സ്ത്രീക്ക് ആറുപണം ദണ്ഡം; പോകരുതെന്നു നിഷേധിച്ചിട്ടാണ് പോയതെങ്കിൽ പന്ത്രണ്ടു പണം. പ്രതിവേശഗൃഹം (അയൽ ഗൃഹം) കടന്നുപോയെങ്കിൽ ആറുപണം. പ്രാതിവേശികൻ, ഭിക്ഷു, വൈദേഹകൻ എന്നിവൎക്കു താമസിപ്പാൻ സ്ഥലമോ ഭിക്ഷയോ കൊടുക്കുകയോ അവരുടെ പണ്യം വാങ്ങുകയോ ചെയ്താൽ പന്ത്രണ്ടുപണം ദണ്ഡം; ഗൃഹത്തിൽ കടക്കരുതെന്നു നിഷേധിക്കപ്പെട്ടവരായ പ്രാതിവേശികാദികളോടാണ് ഈ വക ഇടപാടുകൾ ചെയ്തതെങ്കിൽ പൂൎവ്വസാഹസദണ്ഡം. പരഗൃഹങ്ങളെ (അയൽവക്കത്തുള്ള വീടുകളെ) അതിക്രമിച്ചു പോയെങ്കിൽ ഇരുപത്തുനാലുപണം ദണ്ഡം. പരന്റെ ഭാൎയ്യക്കു, ആപത്തുകളിലൊഴികെ, താമസിപ്പാൻ സ്ഥലം കൊടുത്താൽ നൂറുപണം ദണ്ഡം. വാരണംചെയ്തിട്ടോ അറിയാതെകണ്ടോ ആണ് അവൾ വന്നതെങ്കിൽ ദോഷമില്ല.

പതിവിപ്രകാരം (ഭൎത്താവിന്റെ അപരാധം) കാരണം ഭൎത്താവിന്റെ ജ്ഞാതിയോ സുഖാവസ്ഥാനോ (ഗൃഹസ്ഥനോ), ഗ്രാമികനോ, അന്വാധിയോ (സ്ത്രീധനം സൂക്ഷിക്കുന്നവൻ)ആയ പുരുഷന്റേയോ, ഭിക്ഷുകിയോ ജ്ഞാതിയോ ആയ സ്ത്രീയുടേയൊ ഗൃഹങ്ങളിലൊന്നിൽ പുരുഷന്മാരില്ലാത്തപ്പോൾ പോകുന്നതിന്നു ദോഷമില്ലെന്നു ആചാൎയ്യന്മാർ പറയുന്നു. എന്നാൽ ജ്ഞാതിഗൃഹത്തിലേക്കു പോകുന്നതിൽ അവിടെ പുരുഷന്മാരുള്ള പക്ഷവും ദോഷമില്ലെ;

ന്നാണ് കൌടില്യമതം. എന്തുകൊണ്ടെന്നാൽ, സാധ്വീജനത്തിന്നു ഛലം(വ്യഭിചരണം)എങ്ങനെ സംഭവിക്കും? എളുപ്പത്തിൽ അതു് അറിവാൻ കഴിയുന്നതുമാണല്ലോ. മരണം, വ്യാധി, വ്യസനം, ഗർഭം എന്നിവ നിമിത്തമായിട്ടു ജ്ഞാതികുലഗമനം അപ്രതിഷിദ്ധം തന്നെയാണ്. ആവക നിമിത്തം പോകുന്ന സ്ത്രീയെ വാരണംചെയ്യുന്ന പുരുഷന്നു പന്ത്രണ്ടുപണം ദണ്ഡം. എന്നാൽ ആവക നിമിത്തങ്ങളിലും സംഗതി മറച്ചുവച്ചുംകൊണ്ടു പോകുന്നതായാൽ സ്ത്രീധനം പിടിച്ചടക്കുന്നതാണ്. ജ്ഞാതികൾ അവളെ സ്വഗൃഹത്തിൽ ഒളിച്ചിരുത്തുന്നതായാൽ അവൾക്കു ചെല്ലേണ്ടുന്ന ശുൽക്കശേഷം നഷ്ടപ്പെടുന്നതുമാണ്—ഇങ്ങനെ നിഷ്പതനം.

ഭർത്തൃഗൃഹത്തിൽനിന്നു നിഷ്പതിച്ചിട്ടു മറെറാരു ഗ്രാമത്തിലേക്കു പോയാൽ പന്ത്രണ്ടുപണം ദണ്ഡം കൊടുക്കേണ്ടതും സ്ഥാപ്യാഭരണം (ഭർത്താവിൻെറ കയ്യിൽ ന്യാസമായി കൊടുത്തിട്ടുള്ള ആഭരണം) നഷ്ടപ്പെടുന്നതുമാണ്. ഗമ്യനായ (കൂടെപ്പോകാവുന്ന) പുരുഷനോടുകൂടി പുറപ്പെട്ടുപോയാൽ ഇരുപത്തിനാലുപണം ദണ്ഡം കൊടുക്കേണ്ടതും ഭർമ്മദാനം (ചെലവിന്നു കൊടുക്കൽ), തീർത്ഥഗമനം (ഋതുകാലത്തിങ്കൽ ഗമിക്കൽ) എന്നിവയൊഴികെ ഭർത്താവുമായിട്ടുള്ള സർവ്വ ധർമ്മങ്ങൾക്കുമുള്ള അധികാരം ഇല്ലാതാകുന്നതുമാണ്. അങ്ങനെ ഒരു സ്ത്രീയെ ഗ്രാമാന്തരത്തിലേക്കു കൊണ്ടുപോകുന്ന പുരുഷന്ന്, അവൻ സ്ത്രീക്കു തുല്യമായ ശ്രേഷ്ഠതയുള്ളവനാണെങ്കിൽ, പൂർവ്വസാഹസം ദണ്ഡം. പാപീയാൻ (ശ്രേഷ്ഠതകുറഞ്ഞവൻ) ആണെങ്കിൽ മധ്യമസാഹസം ദണ്ഡം. ബന്ധുവാണു കൊണ്ടുപോകുന്നതെങ്കിൽ ദണ്ഡമില്ല. എന്നാലും കൊണ്ടുപോകരുതെന്നു വിലക്കീട്ടു പിന്നെ കൊണ്ടുപോകുന്നതായാൽ പകുതി ദണ്ഡം ഉണ്ടായിരിക്കുന്നതാണ്. മാർഗ്ഗത്തിങ്കലോ വ്യന്തരത്തിങ്ക

ലോ (വഴിയിൽനിന്നുവിട്ട സ്ഥലം) ഗ്രാമപ്രദേശത്തേക്കു ഗമിക്കുന്നതായാൽ മൈഥുനാർത്ഥമാണ് അതെന്നു മനസ്സിലാക്കണം. ശങ്കിതനോ പ്രതിഷിദ്ധനോ ആയ പുരുഷനോടുകൂടി പഥ്യനുസരണം (വഴിയിൽ പിൻതുടർന്നു പോവുക) ചെയ്താൽ സംഗ്രഹണമാണ് അതെന്ന് അറിയണം. * താളാവചരൻ, ചാരണൻ, മത്സ്യബന്ധകൻ, ലുബ്ധകൻ, ഗോപാലകൻ, ശൌണ്ഡികൻ എന്നിവരുടേയും പ്രസൃഷ്ടസ്ത്രീകന്മാരായ (സ്ത്രീകളോടുകൂടി സഞ്ചരിക്കുന്നവരായ) മററുള്ളവരുടേയും സ്ത്രീകൾക്കു പഥ്യനുസരണം ദോഷമാകയില്ല. എന്നാൽ അവരിലും ഭർത്താവിന്റെ പ്രതിഷേധമുണ്ടായിട്ടു ഒരു സ്ത്രീയെക്കൊണ്ടുപോകുന്ന പുരുഷനും അങ്ങനെ പോകുന്ന സ്ത്രീക്കും പകുതി ദണ്ഡം വീതം വിധിക്കുന്നതാണ്—ഇങ്ങനെ പഥ്യനുസരണം.

ഹ്രസ്വപ്രവാസികളായ (വേഗം മടങ്ങിവരാമെന്നു നിശ്ചയിച്ചു ദേശാന്തരത്തേക്കുപോയ) ശൂദ്രൻ, വൈശ്യൻ, ക്ഷത്രിയൻ, ബ്രാഹ്മണൻ എന്നിവരുടെ അപ്രജാതമാരായ (പ്രസവിച്ചിട്ടില്ലാത്ത) ഭാര്യമാർ സംവത്സരോത്തരമായ കാലം * ഭർത്താവിന്റെ വരവിനെ പ്രതീക്ഷിച്ചിരിക്കണം; പ്രജാതമാരാണെങ്കിൽ സംവത്സരാധികമായ കാലം പ്രതീക്ഷിക്കണം. പ്രവാസകാലത്തേക്കു വേണ്ടതു പ്രതിവിധാനം ചെയ്തിട്ടാണ് ഭർത്താക്കന്മാർ പോയിട്ടുള്ളതെങ്കിൽ മേൽപ്പറഞ്ഞതിന്റെ ഇരട്ടികാലം പ്രതീക്ഷിക്കണം. പ്രതിവിധാനം ചെയ്യാതെ ഭർത്താവു ദേശാന്തരത്തേക്കുപോയ സ്ത്രീ

---

* സ്ത്രീസംഗ്രഹണത്തിനുള്ള ദണ്ഡം കല്പിക്കണമെന്നർത്ഥം.

* ശൂദ്രന്മാർക്കു ഒരു സംവത്സരവും, വൈശ്യന്മാർക്കു രണ്ടുസംവത്സരവും, ക്ഷത്രിയന്മാർക്കു മൂന്നുസംവത്സരവും, ബ്രാഹ്മണന്മാർക്കു നാലുസംവത്സരവുമെന്നർത്ഥം.

കളെ ധനവാന്മാരായ അവരുടെ ബന്ധുക്കൾ കവിഞ്ഞ തു നാലൊ എട്ടോ സംവത്സരംകാലം ഭരിക്കണം. അതിന്നുമേൽ യഥാദത്തമായിട്ടുള്ളതിനെ വാങ്ങിയിട്ടു വിട്ടയക്കണം.

വിദ്യാധ്യയനത്തിനുവേണ്ടി ദേശാന്തരത്തേക്കു പോയ ബ്രാഹ്മണനെ അദ്ദേഹത്തിൻെറ അപ്രജാതയായ ഭാൎയ്യ പത്തു സംവത്സരവും, പ്രജാതയായിട്ടുള്ളവൾ പന്ത്രണ്ടു സംവത്സരവും പ്രതീക്ഷിച്ചിരിക്കണം. രാജപുരുഷനെ ആയുഃക്ഷയംവരേയും പ്രതീക്ഷിച്ചിരിക്കണം. അങ്ങനെ പ്രതീക്ഷിച്ചിരുന്നതിനുശേഷം സവൎണ്ണനായ പുരുഷങ്കൽനിന്നു ഗൎഭം ധരിച്ചു പ്രജാതയായാൽ സ്ത്രീ അപവാദത്തെ പ്രാപിക്കയില്ല. ബന്ധുകുടുംബത്തിൽ സമ്പത്തില്ലാതിരിക്കയും സുഖാവസ്ഥന്മാർ തങ്ങളുടെ രക്ഷയിൽനിന്നു വിട്ടയക്കുകയും ചെയ്താൽ ജീവിതനിൎവ്വഹണത്തിനുവേണ്ടി സ്ത്രീക്കു യഥേഷ്ടം ഒരു പുരുഷനെ സ്വീകരിക്കാവുന്നതാണ്; ആപൽഗതയായിരുന്നാൽ ആപന്നിവാരണത്തിന്നായിക്കൊണ്ടും പുരുഷനെ സ്വീകരിക്കാം.

ധൎമ്മവിവാഹമനുസരിച്ചു വേൾക്കപ്പെട്ട കുമാരിയായ ഭാൎയ്യ, തന്നോടു പറയാതെ ദേശാന്തരത്തേക്കു പോയ ഭൎത്താവിനെ, അദ്ദേഹത്തിൻെറ വൎത്തമാനം കേൾക്കാത്ത പക്ഷം, ഏഴു തീൎത്ഥങ്ങൾ (ഋതുകാലങ്ങൾ) പ്രതീക്ഷിച്ചിരിക്കണം; വൎത്തമാനം കേൾക്കുന്നപക്ഷം ഒരു സംവത്സരം പ്രതീക്ഷിക്കണം. വിവരം പറഞ്ഞിട്ടു ദേശാന്തരംപോയ ഭൎത്താവിനെ, അദ്ദേഹത്തിൻെറ വൎത്തമാനം കേൾക്കാത്ത പക്ഷം, അഞ്ചു തീൎത്ഥകാലവും വൎത്തമാനം കേൾക്കുന്നപക്ഷം പത്തു തീൎത്ഥകാലവും പ്രതീക്ഷിക്കണം. ശുൽക്കത്തിൽ ഏതാനും ഭാഗംമാത്രം തന്നു ദേശാന്തരം പോയ ഭൎത്താവിനെ, വൎത്തമാനം കേൾക്കാത്തപക്ഷം മൂന്നു തീൎത്ഥ

കാലവും കേൾക്കാതപക്ഷം ഏഴു തീൎത്ഥകാലവും കാത്തിരിക്കണം. ശുൽക്കം മുഴുവനും കൊടുത്തിട്ട പ്രോഷിതനായ ഭൎത്താവിനെ, അദ്ദേഹത്തിന്റെ വിവരം കേൾക്കാതപക്ഷം അഞ്ചു തീൎത്ഥകാലവും, കേൾക്കുന്നപക്ഷം പത്തു തീൎത്ഥകാലവും പ്രതീക്ഷിച്ചിരിക്കണം. അതിനുശേഷം ധൎമ്മസ്ഥന്മാരുടെ അനുവാദത്തോടുകൂടി യഥേഷ്ടം മറെറാരു പുരുഷനെ പരിഗ്രഹിക്കാം. തീൎത്ഥോപരോധം (ഋതുകാലത്തെ ഉപരോധിക്കൽ) ധൎമ്മവധമാണെന്നാണ കൌടില്യന്റെ അഭിപ്രായം.

ദീൎഘപ്രവാസം ചെയ്തിട്ട പ്രവ്രജിക്കുകയോ മരിച്ചുപോകുകയോ ചെയ്തവന്റെ ഭാൎയ്യ അപ്രജാതയാണെങ്കിൽ ഏഴു തീൎത്ഥകാലവും പ്രജാതയാണെങ്കിൽ ഒരു സംവത്സരവും പ്രതീക്ഷിച്ചിരിക്കണം. അതിനുമേൽ പുത്രാൎത്ഥമായിട്ട് ഭൎത്താവിന്റെ സോദരനെ പരിഗ്രഹിക്കാം. ഭൎത്തൃസോദരന്മാർ വളരെപ്പേരുണ്ടെങ്കിൽ അടുത്ത സോദരനെ, അല്ലെങ്കിൽ ധാൎമ്മികനൊ ഭരണനിപുണനൊ കനിഷ്ഠനൊ അഭാൎയ്യനൊ ആയിട്ടുള്ള സോദരനെ ഗമിക്കണം. ഭൎത്താവിനു സോദരനില്ലാത്തപക്ഷം അസോദൎയ്യനോ, സപിണ്ഡനോ, കുല്യനോ ആയിട്ടുള്ളവനെ ഗമിക്കണം. അങ്ങനെയുള്ളവർ അധികം പേരുണ്ടെങ്കിൽ അവരിൽവച്ച് ആസന്നനായിട്ടുള്ളവനെഗ്ഗമിക്കണം. ഇതുതന്നെയാണ് ക്രമം.

ഇദ്ദായാദരെ വിട്ടുള്ള
വേദനം ജാരകൎമ്മമാം;
ജാരസ്ത്രീദാതൃവേത്താക്കൾ—
ക്കതിൽ സംഗ്രഹദണ്ഡനം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, വിവാഹസംയുക്തത്തിൽ, നിഷ്പതനം—പത്ഥ്യനുസരണം—ഹ്രസ്വപ്രവാസം—ദീൎഘപ്രവാസം എന്ന നാലാം അദ്ധ്യായം.

# അഞ്ചാം അധ്യായം.

## അറുപതാം പ്രകരണം.

### ദായവിഭാഗം—ദായക്രമം.

പിതൃമാന്മാരായ പുത്രന്മാർ, പിതാവും മാതാവും ജീവിച്ചിരിക്കുമ്പോൾ, അനീശ്വരന്മാർ (അസ്വതന്ത്രന്മാർ) ആകുന്നു. അവൎക്ക്, മാതാപിതാക്കന്മാരുടെ കാലശേഷം, പിതൃദ്രവ്യങ്ങളുടെ ദായവിഭാഗം ചെയ്യാവുന്നതാണ്. സ്വയമാൎജ്ജിതമായ ദ്രവ്യം ഭാഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ സ്വയമാൎജ്ജിതദ്രവ്യം പിതൃദ്രവ്യത്തിങ്കൽനിന്നുണ്ടായതാണെങ്കിൽ ഭാഗിക്കാം.

അവിഭക്തോപഗതന്മാർ (ഭാഗിക്കാതെ മരിച്ചുപോയവർ) ആയിട്ടുള്ളവരുടെ പുത്രന്മാരും പൌത്രന്മാരും, നാലാം പുരുഷാന്തരംവരെ, പിതൃദ്രവ്യത്തിൽനിന്നു അംശം കിട്ടുവാൻ അവകാശികളാകുന്നു. നാലാം പുരുഷാന്തരം വരെ പിണ്ഡം അവിച്ഛിന്നമായി ഭവിക്കുന്നു. വിച്ഛിന്നപിണ്ഡന്മാരായാൽപ്പിന്നെ എല്ലാവരും സമമായിട്ടു സ്വത്തിനെ ഭാഗിക്കണം.

പിതൃദ്രവ്യമില്ലാതെയോ ഉള്ളതു ഭാഗിച്ചിട്ടോ ഏകകുടുംബമായി ജീവിച്ചുപോരുന്നവൎക്കു പിന്നെയും ഭാഗം ചെയ്യാവുന്നതാണ്. ആ ഭാഗത്തിൽ, യാതൊരുവന്റെ പ്രയത്നത്താൽ ദ്രവ്യം വൎദ്ധിച്ചുവോ അവന്നു രണ്ടംശം ലഭിക്കുന്നതാണ്.

അപുത്രനായിട്ടു മരിച്ചുപോയവന്റെ ദ്രവ്യം സോദൎയ്യന്മാരായ ഭ്രാതാക്കന്മാരോ സഹജീവികളോ ഹരിക്കും. കന്യകമാൎക്കും അതു ഹരിക്കാവുന്നതാണ്.

പുത്രവാനായിട്ടു മരിച്ചുപോയവന്റെ രിക്ഥം(ദായം) ധൎമ്മിഷ്ഠവിവാഹങ്ങളിൽ ജനിച്ച പുത്രന്മാരോ, പുത്രന്മാരില്ലെങ്കിൽ പുത്രിമാരോ എടുക്കേണ്ടതാണ്. പുത്രന്മാരും പു

ത്രിമാരുമില്ലാത്തപക്ഷം, അച്ഛൻ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, അദ്ദേഹത്തിന്നെടുക്കാം. അച്ഛനില്ലാത്തപക്ഷം ഭ്രാതാക്കന്മാരോ, അവരുമില്ലെങ്കിൽ ഭ്രാതൃപുത്രന്മാരോ അതിന്നവകാശികളാകും. പിതാവില്ലാത്ത അനേകം ഭ്രാതാക്കന്മാരുണ്ടെങ്കിൽ അവർ സമമായി ഭാഗിക്കണം. അപ്രകാരമുള്ള ഭ്രാതാക്കന്മാരുടെ പുത്രന്മാർക്കു പിതാവിങ്കൽനിന്നു ഓരോ അംശം ലഭിക്കുന്നതാണ് *. സോദര്യന്മാരായ ഭ്രാതാക്കന്മാർ അനേകം പിതാക്കന്മാരുടെ മക്കളാണെങ്കിൽ അവർക്കു പിതാവിങ്കൽ നിന്നാണു ദായവിഭാഗം. മരിച്ചുപോയ ഒരാളുടെ പിതാവും, ഭ്രാതാവും, ഭ്രാതൃപുത്രന്മാരുമുണ്ടെങ്കിൽ അവരിൽ ആദ്യംപറഞ്ഞവരുള്ളപ്പോൾ രണ്ടാമതു പറഞ്ഞവർ അംശഗ്രഹണത്തിൽ സ്വതന്ത്രന്മാരല്ല. ജ്യേഷ്ഠനുള്ളപ്പോൾ കനിഷ്ഠനും ഇങ്ങനെതന്നെ.

ജീവദ്വിഭാഗത്തിൽ (താൻ ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന ഭാഗത്തിൽ) പിതാവ് പുത്രന്മാരിൽ ഒരുവനു വിശേഷം കല്പിക്കരുത്. പുത്രന്മാരിൽ ഏതെങ്കിലും ഒരുവനെ അകാരണമായിട്ട് നിർവിഭജിക്കുക (ഭാഗം കൊടുക്കാതിരിക്കുക) യും ചെയ്യരുത്. പിതാവിനു ധനമൊന്നുമില്ലാത്തപക്ഷം പുത്രന്മാരിൽ ജ്യേഷ്ഠന്മാർ കനിഷ്ഠന്മാരെ അനുഗ്രഹിക്കണം. എന്നാൽ ഇതു ആ കനിഷ്ഠന്മാർ ദുർവൃത്തന്മാരല്ലെങ്കിൽ മാത്രമേ ചെയ്യേണ്ടതുള്ളു.

ദായാവകാശികൾക്കു വ്യവഹാരപ്രാപ്തി വന്നതിനു

* ഉദാഹരണം—മൂന്നു ഭ്രാതാക്കന്മാർ സ്വത്തു ഭാഗിക്കാതെ മരിച്ചുപോയി. അവരിൽ ജ്യേഷ്ഠന്നു മൂന്നു പുത്രന്മാരും മധ്യമന്നു രണ്ടു പുത്രന്മാരും കനിഷ്ഠന്നു ഒരു പുത്രനുംകൂടി ആകെ ആറു പുത്രന്മാരുണ്ട്. ഇങ്ങനെ വരുമ്പോൾ ഭാഗിക്കുവാനുള്ള ദ്രവ്യം ആറംശമായി ഭാഗിക്കുകയില്ല. അവരുടെ പിതാക്കന്മാർക്കു മൂന്നംശമായി ഭാഗിച്ച് അതിൽ ഒരംശം ജ്യേഷ്ഠന്റെ മൂന്നു പുത്രന്മാർക്കും, ഒരംശം മധ്യമന്റെ രണ്ടു പുത്രന്മാർക്കും, ഒരംശം കനിഷ്ഠന്റെ ഒരു പുത്രനും കൊടുക്കുന്നതാണ്.

ശേഷമാണു വിഭാഗം ചെയ്യേണ്ടതു്. അതിനു മുൻപു ഭാഗിക്കുന്നതായാൽ അപ്രാപ്തവ്യവഹാരന്മാരായവൎക്കുള്ള അംശം അവൎക്കു വ്യവഹാരപ്രാപ്തിവരുന്നതുവരെ ദേയവിശുദ്ധമായിട്ടു് (ഋണബാധ്യതകൂടാതെകണ്ടു) മാതൃബന്ധുക്കളുടെയോ ഗ്രാമവൃദ്ധന്മാരുടേയോ കയ്യിൽ സ്ഥാപിക്കണം. പ്രോഷിതൻ (ദേശാന്തരം പോയവൻ) ആയവനുള്ള ഭാഗവും ഇങ്ങനെതന്നെ ചെയ്യണം. അസന്നിവിഷ്ടന്മാർ (വിവാഹം കഴിയാത്തവർ) ആയിട്ടുള്ളവൎക്കു വിവാഹം കഴിഞ്ഞവൎക്കു വേണ്ടിവന്നോടത്തോളം നൈവേശനികം (വിവാഹച്ചെലവു്) നൽകണം. കന്യകമാൎക്കു് അപ്രകാരംതന്നെ പ്രാദാനികവും (പെണ്ണുകൊടുക്കുവേണ്ട ദ്രവ്യം) കൊടുക്കണം.

ഋണവും മുതലും രണ്ടും സമമായിട്ടു ഭാഗിക്കേണ്ടതാണു്. നിഷ്കിഞ്ചനന്മാർ (മുതലൊന്നുമില്ലാത്തവർ) വെള്ളം കൊണ്ടുവരുന്ന പാത്രങ്ങൾ കൂടിയും ഭാഗിക്കേണ്ടതാണെന്നു ആചാൎയ്യന്മാർ പറയുന്നു. ഇതു വെറും ഛലമാണെന്നാണു് കൌടില്യന്റെ പക്ഷം. എന്തുകൊണ്ടെന്നാൽ, ഉള്ളതായ അൎത്ഥത്തെയാണല്ലോ ഭാഗിക്കുന്നതു്; ഇല്ലാത്തതായ അൎത്ഥത്തിനു ഭാഗവുമില്ല. *

ധൎമ്മസ്ഥന്മാർ മുഖാന്തരം ഭാഗം ചെയ്യുമ്പോൾ സാമാന്യമായ (എല്ലാവൎക്കും സമമായ) അൎത്ഥം ഇത്രയുണ്ടെന്നും അതിനു് പ്രത്യംശം (ഓരോരുത്തൎക്കും വരുന്ന അംശം) ഇത്രയാണെന്നും സാക്ഷികളുടെ മുമ്പാകെ സ്പഷ്ടമായിപ്പറഞ്ഞിട്ടു വിഭാഗം ചെയ്യിക്കണം. ദുൎവ്വിഭക്തമോ (സമമല്ലാതെ ഭാഗിച്ചതു്) അന്യോന്യാപഹൃതമോ (തമ്മിൽത്ത

* ന്യായപ്രകാരം വിലപിടിച്ചതോ വിലയില്ലാത്തതോ ആയ സകലവിധ ദ്രവ്യങ്ങളും ഭാഗിക്കേണ്ടതായിരിക്കേ "വെള്ളപ്പാത്രങ്ങൾ കൂടിയും" എന്നു വിശേഷിച്ചു പറയേണ്ടതില്ലെന്നാണു് കൌടില്യന്റെ ആശയം.

ങ്ങളിൽ വഞ്ചിക്കപ്പെട്ടതു്) അന്തഃഹിതമോ (മറച്ചുവയ്ക്കപ്പെട്ടതു്) അവിജ്ഞാതോൽപന്നമോ (അറിയാതെ കിടന്നിട്ടു് അറിഞ്ഞു പിടിച്ചതു്) ആയിട്ടുള്ള ദ്രവ്യത്തെ പിന്നെയും ഭാഗിക്കണം.

അദായാദകമായ (അവകാശിയില്ലാത്ത) ദ്രവ്യത്തെ, സ്ത്രീയുടെ ജീവിതനിർവ്വഹണത്തിനു വേണ്ടതും മരിച്ചവന്റെ പ്രേതകാര്യത്തിനു വേണ്ടതും കഴിച്ചു, രാജാവു ഹരിക്കണം. എന്നാൽ ഇതു് ശ്രോത്രിയന്മാരുടെ ദ്രവ്യത്തിനു ബാധകമല്ല. ശ്രോത്രിയദ്രവ്യത്തിനു് അവകാശികളില്ലാതെ വന്നാൽ അതു് ത്രൈവിദ്യന്മാൎക്കു (മൂന്നു വേദങ്ങളിലും അധീതികളായവൎക്കു) ദാനം ചെയ്യണം.

പതിതനായവൻ, പതിതങ്കൽനിന്നു ജനിച്ചവൻ, ക്ലീബൻ എന്നിങ്ങനെയുള്ളവൎക്കു ദ്രവ്യാംശത്തിനു് അവകാശമില്ല. ജഡൻ, ഉന്മത്തൻ, അന്ധൻ, കുഷ്ഠി എന്നിവൎക്കും അങ്ങനെതന്നെ. എന്നാൽ ആ ജഡാദികൾ വിവാഹം ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ജഡതാദിദോഷമില്ലാത്ത മക്കൾക്കു് അംശം ലഭിക്കും. മററുള്ളവൎക്കു് അന്നവസ്ത്രങ്ങൾ മാത്രമേ ലഭിക്കുകയുള്ളു. അതും പതിതന്മാരായവരെ ഒഴിച്ചുമാത്രം.

അജഡാദികൾ വേട്ടിട്ടു
ബീജശക്തി നശിക്കുകിൽ
ബാന്ധവന്മാർ ജനിപ്പിച്ച
പുത്രരാമംശഭാഗികൾ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, ദായവിഭാഗത്തിൽ ദായ
ക്രമം എന്ന അഞ്ചാം അദ്ധ്യായം

# ആറാം അദ്ധ്യായം.

## അംശവിഭാഗം.

ഒരു സ്ത്രീയുടെ പുത്രന്മാരിൽ ജ്യേഷ്ഠന്നുള്ള അംശം ബ്രാഹ്മണക്ക് ആടുകൾ; ക്ഷത്രിയക്കു കുതിരകൾ; വൈശ്യക്കു പശുക്കൾ; ശൂദ്രക്കു ചെറിയാടുകൾ. കാണലിംഗങ്ങളായിട്ടുള്ള (ഒരു കണ്ണുപൊട്ടുക തുടങ്ങിയ അംഗവൈകല്യമുള്ളവ) ആടുകൾ മുതലായവ പുത്രന്മാരിൽ മദ്ധ്യമന്നുള്ള അംശമാണ്; ഭിന്നവർണ്ണങ്ങൾ (പല നിറങ്ങളോടു കൂടിയവ) ആയിട്ടുള്ളവ കനിഷ്ഠന്നുള്ള അംശമാകുന്നു. നാൽക്കാലികളില്ലാത്തപക്ഷം രത്നങ്ങളൊഴിച്ച ശേഷമുള്ള ദ്രവ്യങ്ങളുടെ പത്തിലൊരു ഭാഗം ജ്യേഷ്ഠന്ന് അധികാംശമായിട്ടെടുക്കാം. എന്തുകൊണ്ടെന്നാൽ, ജ്യേഷ്ഠപുത്രൻ സ്വധാപാശം (പിതൃകർമ്മമാകുന്ന പാശം) ബന്ധിച്ചിട്ടുള്ളവനായതുകൊണ്ടുതന്നെ—ഇങ്ങനെയാണ് ഉശനസ്സിന്റെ മതപ്രകാരമുള്ള വിഭാഗം.

അച്ഛൻ ഉപയോഗിച്ചിരുന്ന പരിവാപ (ഉപകരണങ്ങൾ) ത്തിൽനിന്നു യാനവും ആഭരണവും ജ്യേഷ്ഠാംശം; ശയനവും ആസനവും ഭുക്തകാംസ്യവും (ഉണ്ണുന്ന ഓട്ടുകിണ്ണം) മദ്ധ്യമാംശം; കറുത്ത ധാന്യവും ആയസവും (ഇരുമ്പുകൊണ്ടുള്ള വസ്തുക്കൾ) ഗൃഹോപകരണവും കാളയും വണ്ടിയും കനിഷ്ഠാംശം. ഇവ കഴിച്ച ശേഷമുള്ള ദ്രവ്യങ്ങളോ ദ്രവ്യമോ എല്ലാ പുത്രന്മാക്കും സമമായിട്ടു ഭാഗിക്കണം. ഭഗിനിമാർ അദായാദകൾ (ദായത്തിൽ അംശം കിട്ടുവാൻ അവകാശമില്ലാത്തവർ) ആണ്. എന്നാൽ അവക്കു അമ്മ ഉപയോഗിച്ചിരുന്ന പരിവാപത്തിൽനിന്നു ഭുക്തകാംസ്യവും ആഭരണവും ലഭിപ്പാനവകാശമുണ്ട്.

ജ്യേഷ്ഠൻ മാനുഷഹീനൻ (പൌരുഷമില്ലാത്തവൻ) ആണെങ്കിൽ മേൽപ്പറഞ്ഞതിൽനിന്നു മൂന്നിലൊരു ഭാഗ

വും, അന്യായവൃത്തിയോ ധൎമ്മകാൎയ്യങ്ങളെ കൈവെടിഞ്ഞവനോ ആണെങ്കിൽ നാലിലൊരു ഭാഗവും മാത്രമേ അവന്നു ജ്യേഷ്ഠാംശമായി ലഭിക്കയുള്ളൂ. കാമചാരൻ (തോന്നിയതുപോലെ നടക്കുന്നവൻ) ആണെങ്കിൽ ജ്യേഷ്ഠാംശം മുഴുവനും നഷ്ടപ്പെടുന്നതുമാണ്.

ഇതുകൊണ്ടു മദ്ധ്യമന്റെയും കനിഷ്ഠന്റെയും കാൎയ്യം പറഞ്ഞു കഴിഞ്ഞു. മദ്ധ്യമകനിഷ്ഠന്മാരിൽവച്ചു മാനുഷോപേതനായിട്ടുള്ളവന്നു മേൽപ്പറഞ്ഞ ജ്യേഷ്ഠാംശത്തിൽനിന്നു പകുതി ലഭിക്കുന്നതാണ്.

ഒരച്ഛന്ന് അനേകം സ്ത്രീകളിൽ ജനിച്ച പുത്രന്മാരിൽവച്ച്, അമ്മമാരുടെ ഇടയിൽ ഒരുവൾ സംസ്കൃത (ബ്രാഹ്മാദിവിധിപ്രകാരം വേട്ടവൾ) യാണ് മറ്റൊരുവൾ അസംസ്കൃതയാണ് എന്നോ ഒരാൾ കന്യ (വിവാഹത്തിന്നു മുമ്പ് അക്ഷതയോനി)യാണ് മറ്റൊരാൾ കൃതക്രിയ (വിവാഹത്തിന്നു മുമ്പു ക്ഷതയോനി)യാണ് എന്നോ വ്യത്യാസമില്ലാത്തപക്ഷം, പൂൎവ്വജനനം കൊണ്ടാണ് ജ്യേഷ്ഠത്വം തീൎച്ചയാക്കേണ്ടതു് *. ഒരു സ്ത്രീ ഇരട്ട പെററുണ്ടായ രണ്ടു പുത്രന്മാരുടെ ജ്യേഷ്ഠത്വവും പൂൎവ്വജനനംകൊണ്ടാണ് തീരുമാനിക്കേണ്ടതു്.

സൂതൻ (ബ്രാഹ്മണിയിൽ ക്ഷത്രിയന്നു പിറന്നവൻ), മാഗധൻ(ക്ഷത്രിയസ്ത്രീയിൽ വൈശ്യന്നു പിറന്നവൻ), വ്രാത്യൻ (ഉപനയനംചെയ്യാതെ വിവാഹം ചെയ്ത ബ്രാഹ്മണന്നു സവൎണ്ണസ്ത്രീയിൽ പിറന്നവൻ), രഥകാരൻ എന്നിവരുടെ അനേകസ്ത്രീജാതന്മാരായ പുത്രന്മാർ് പൈതൃകദ്രവ്യം

* അമ്മമാൎക്കു വ്യത്യാസമുള്ളപക്ഷം പൂൎവ്വജനനംകൊണ്ടല്ല മാതാവിന്റെ ശ്രേഷ്ഠതകൊണ്ടാണ് ജ്യേഷ്ഠത്വം കണക്കാക്കേണ്ടതു്. സംസ്കൃതയായ മാതാവിന്റെ പുത്രൻ ഉത്തരകാലത്തിൽ ജനിച്ചാലും അസംസ്കൃതയുടെ പുത്രനെ അപേക്ഷിച്ചും, കന്യാപുത്രൻ കൃതക്രിയയുടെ പുത്രനെ അപേക്ഷിച്ചും ജ്യേഷ്ഠത്വം ഉണ്ടെന്നൎത്ഥം.

(ആളുടെ ശക്തി) അനുസരിച്ചാണ് ദായവിഭാഗം *. ശേഷമുള്ളവർ ഐശ്വര്യവാനായവനെ ആശ്രയിച്ചു ജീവിക്കണം. എല്ലാവരും അനീശ്വരന്മാരാണെങ്കിൽ സമമായിട്ടു ഭാഗിക്കണം.

ഒരുവനു നാലുവർണ്ണങ്ങളിലും വിവാഹം ചെയ്ത പുത്രന്മാരുണ്ടായിട്ടുണ്ടെങ്കിൽ അവരിൽവച്ചു ബ്രാഹ്മണീപുത്രനു നാലംശവും, ക്ഷത്രിയാപുത്രനു മൂന്നംശവും, വൈശ്യാപുത്രനു രണ്ടംശവും, ശൂദ്രാപുത്രനു ഒരംശവുമാണ് കിട്ടുവാനവകാശമുള്ളതു്. ഇപ്പറഞ്ഞതുകൊണ്ടു്, ക്ഷത്രിയനു മൂന്നു വർണ്ണങ്ങളിലുമുള്ള പുത്രന്മാരുടേയും വൈശ്യനു രണ്ടു വർണ്ണങ്ങളിലുമുള്ള പുത്രന്മാരുടേയും അംശവിഭാഗം പറഞ്ഞുകഴിഞ്ഞു. ¶

ബ്രാഹ്മണന്റെ സ്വത്തിന്മേൽ അനന്തരാപുത്രനു (അടുത്ത വർണ്ണത്തിലെ സ്ത്രീയിലുണ്ടായ പുത്രന്) തുല്യമായ അംശം ലഭിക്കും. ക്ഷത്രിയവൈശ്യന്മാരുടെ സ്വത്തിന്മേൽ അനന്തരാപുത്രന് അർദ്ധാംശമേ ലഭിക്കുകയുള്ളൂ. § എ

* കാര്യം നോക്കുവാൻ ശക്തനായിട്ടുള്ളയാരോ അവനുമാത്രമേ ഭാഗമുള്ളുവെന്നർത്ഥം.

¶ ക്ഷത്രിയനു മൂന്നു വർണ്ണങ്ങളിലും പുത്രന്മാരുണ്ടെങ്കിൽ പിതൃദ്രവ്യം ആറംശമായി ഭാഗിച്ചു ക്ഷത്രിയാപുത്രനു മൂന്നംശവും, വൈശ്യാപുത്രനു രണ്ടംശവും, ശൂദ്രാപുത്രനു ഒരംശവും നൽകണം; വൈശ്യനു രണ്ടു വർണ്ണങ്ങളിലും പുത്രന്മാരുണ്ടെങ്കിൽ മൂന്നംശമായി ഭാഗിച്ചു രണ്ടുഭാഗം വൈശ്യാപുത്രനും ഒരുഭാഗം ശൂദ്രാപുത്രനും കൊടുക്കണമെന്നർത്ഥം.

§ ബ്രാഹ്മണനു സവർണ്ണത്തിലും അനന്തരവർണ്ണമായ ക്ഷത്രിയവർണ്ണത്തിലും പുത്രന്മാരുണ്ടെങ്കിൽ ക്ഷത്രിയാപുത്രനു ബ്രാഹ്മണീപുത്രതുല്യമായ അംശം ലഭിക്കും. ക്ഷത്രിയനു സവർണ്ണത്തിലും വൈശ്യവർണ്ണത്തിലുമോ വൈശ്യനു സവർണ്ണത്തിലും ശൂദ്രവർണ്ണത്തിലുമോ പുത്രന്മാരുണ്ടെങ്കിൽ രണ്ടാമതു പറഞ്ഞ വർണ്ണങ്ങളിലെ പുത്രന്മാർക്കു ആദ്യപുത്രനുള്ള അംശത്തിൽ പകുതിയേ ലഭിക്കുകയുള്ളൂ.

ന്നാൽ മാന്തരഷാദപതനായ പുത്രന്ന് തുല്യാംശം കല്പിക്ക ന്നതിന്നും വിരോധമില്ല.

സവർണ്ണയും അസവർണ്ണയുമായ രണ്ടു ഭാൎയ്യമാരിൽ ഏകപുത്രൻ മാത്രമേ ഉള്ളുവെങ്കിൽ ആ പുത്രൻ പിതാവിന്റെ എല്ലാ ദ്രവ്യത്തെയും ഹരിക്കുകയും, ബന്ധുക്കളെ (പിതാവിനാൽ ഭരിക്കപ്പെട്ടുവന്നവരെ) ഭരിക്കുകയും ചെയ്യണം. എന്നാൽ ബ്രാഹ്മണന്ന് പാരശവനായിട്ടുള്ള (ശൂദ്രസ്ത്രീയിൽപ്പിറന്ന) പുത്രന്ന്, താൻ പിതാവിന്റെ ഏകപുത്രനാണെന്നിരിക്കിലും, പിതൃദ്രവ്യത്തിൽനിന്ന മൂന്നിലൊരംശം മാത്രമേ ലഭിക്കുകയുള്ളൂ. ശേഷം രണ്ടംശങ്ങളും പിതൃക്രിയ ചെയ്യേണ്ടുന്ന കാരണത്താൽ പിതാവിന്റെ സപിണ്ഡനോ ആസന്നനായ കുല്യനോ (സോദകൻ) ഹരിക്കേണ്ടതാണ്. അങ്ങനെ ആരുമില്ലെങ്കിൽ പിതാവിന്റെ ആചാൎയ്യനോ ശിഷ്യനോ ആ രണ്ടംശങ്ങൾക്കും അവകാശികളായിരിക്കും.

തൽക്ഷേത്രത്തിൽ നിയോഗത്താൽ
മാതൃബന്ധു, സഗോത്രനോ
പുത്രൻതന്നെ ജനിപ്പിച്ചി-
ട്ടവന്നായേകിടാം ധനം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, ദായവിഭാഗത്തിൽ, അംശവിഭാഗമെന്ന ആറാമദ്ധ്യായം.

---

## ഏഴാം അദ്ധ്യായം.

---

### പുത്രവിഭാഗം.

അന്യന്റെ പരിഗ്രഹത്തിൽ ഉത്സൎജ്ജിക്കപ്പെട്ട ബീജം (ഒരുവന്റെ ഭാൎയ്യയിൽ മറ്റൊരുവനുണ്ടായ പുത്രൻ) ക്ഷേത്രിയുടെ (അവളുടെ ഭൎത്താവിന്റെ) തന്നെ ബീജമാ

ണെന്നു് ആചാൎയ്യന്മാർ അഭിപ്രായപ്പെടുന്നു. മാതാവു് ഭസ്ത്ര (ഒലു; ബീജാധാരമാത്രം) യാണെന്നും, രേതസ്സ് ആരുടെയോ അവന്റെയാണു് സന്താനം എന്നും മററുചിലർ പറയുന്നു. രണ്ടും ഉള്ളതാണെന്നു കൌടില്യമതം.

വിവാഹസംസ്കാരം ചെയ്തിട്ടുള്ള ഭാൎയ്യയിൽ താൻതന്നെ ഉൽപാദിപ്പിച്ച പുത്രൻ ഔരസൻ; ഔരസനോടു തുല്യനാണു് പുത്രികാ പുത്രൻ; സഗോത്രനോ അന്യഗോത്രനോ ആയ ഒരുവനെ നിയോഗം ചെയ്തു് അദ്ദേഹത്താൽ സ്വക്ഷേത്രത്തിൽ ഉൽപാദിതനായ പുത്രൻ ക്ഷേത്രജൻ. ക്ഷേത്രജനെ ഉൽപാദിപ്പിച്ചവന്നു് മറെറാരു പുത്രൻ ഇല്ലെങ്കിൽ അവൻ രണ്ടു പിതാക്കന്മാരോടും രണ്ടു ഗോത്രങ്ങളോടുംകൂടിയവനായിരിക്കയും, രണ്ടു പിതാക്കന്മാരുടേയും പിതൃകൎമ്മത്തിന്നും സ്വത്തിന്നും അവകാശിയായിത്തീരുകയും ചെയ്യും. ബന്ധുക്കളുടെ ഗൃഹത്തിൽവച്ചു് ഗൂഢജാതൻ (ഭൎത്തൃനിയോഗം കൂടാതെ ഗൂഢമായി ജനിച്ചവൻ) ഗൂഢജനു; അവൻ ക്ഷേത്രജനോടു തുല്യനാകുന്നു. ബന്ധുവിനാൽ (മാതാപിതാക്കന്മാരാൽ) ഉപേക്ഷിക്കപ്പെട്ട പുത്രൻ അപവിദ്ധൻ; അവന്നു് ആർ നാമകരണാദിസംസ്കാരം ചെയ്യുമോ ആയാളുടെ പുത്രനാകുന്നു അവൻ. കന്യകയായിരിക്കുമ്പോഴ ഒരു സ്ത്രീക്കുണ്ടായ പുത്രൻ കാനീനൻ; ഗൎഭിണിയായിരിക്കുമ്പോൾ വിവാഹം കഴിഞ്ഞ സ്ത്രീക്കു പിറന്ന പുത്രൻ സഹോഢൻ; പുനൎവ്വിവാഹം ചെയ്യപ്പെട്ട സ്ത്രീയുടെ പുത്രൻ പൌനൎഭവൻ *. ഇവ

* പൌനൎഭവൻ മാതൃഭേദംകൊണ്ടു് മൂന്നുവിധത്തിൽ വരും. വിവാഹം കഴിഞ്ഞു അക്ഷതയോനിയായിരിക്കുമ്പോൾതന്നെ വിധവയാകയാൽ മറെറാരുവന്നു് വിവാഹസംസ്കാരത്തോടുകൂടി നൽകപ്പെട്ടവൾ, ഭൎത്താവിനെ ഉപേക്ഷിച്ചു് അന്യപുരുഷനെ സ്വീകരിച്ചവൾ, ഭൎത്താവു മരിച്ചതിനുശേഷം സപിണ്ഡനോ സഗോത്രനോ ആയ ഒരുവന്നു് ദാനം ചെയ്യപ്പെട്ടവൾ എന്നിങ്ങനെ പൌനൎഭവന്റെ അമ്മ മൂന്നുവിധത്തിൽ വരാം.

രിൽവച്ച് സ്വയംജാതനായ ഔരസപുത്രൻ പിതാവിന്റെയും ബന്ധുക്കളുടേയും ദായാദൻ. (മുതലവകാശി) ആകുന്നു. പരജാതനായ പുത്രൻ സംസ്കൎത്താവിന്റെ മാത്രം ദായാദനായിരിക്കും; അവൻ ബന്ധുക്കളുടെ ദായാദനാകയില്ല. മാതാപിതാക്കന്മാരാൽ മന്ത്രോദകപൂൎവ്വമായിട്ട് ദത്തനായ (നൽകപ്പെട്ട) പുത്രൻ ദത്തൻ; അവൻ ഔരസപുത്രനോട് ഉല്യനാകുന്നു. സ്വമനസ്സാലേയോ ബന്ധുക്കളുടെ ഉപദേശപ്രകാരമോ പുത്രനായിട്ട് വന്നവൻ ഉപഗതൻ; പുത്രനായി അധികാരപ്പെടുത്തപ്പെട്ടവൻ കൃതകൻ; വിലകൊടുത്തു അന്യനോട് വാങ്ങിയവൻ ക്രീതൻ.

ഔരസനായിട്ടൊരു പുത്രനുണ്ടായാൽ സവൎണ്ണന്മാരായി വേറെയുള്ള പുത്രന്മാൎക്ക് പിതൃദ്രവ്യത്തിന്റെ മൂന്നിലൊരംശം മാത്രമേ ലഭിക്കുകയുള്ളു *. അസവൎണ്ണന്മാരായ പുത്രന്മാൎക്കാകട്ടെ ഗ്രാസാച്ഛാദനം മാത്രമേ കിട്ടുകയുള്ളൂ.

ബ്രാഹ്മണക്ഷത്രിയന്മാർ തങ്ങളുടെ അടുത്ത വൎണ്ണത്തിലുണ്ടായ പുത്രന്മാർ സവൎണ്ണന്മാരും, അടുത്തതിന്റെ പിന്നത്തെ വൎണ്ണത്തിലുണ്ടായവർ അസവൎണ്ണന്മാരുമാകുന്നു. ബ്രാഹ്മണനു വൈശ്യയിലുണ്ടായ പുത്രൻ അംബഷ്ഠൻ; ശൂദ്രയിലുണ്ടായവൻ നിഷാദൻ അല്ലെങ്കിൽ പാരശവൻ. ക്ഷത്രിയനു ശൂദ്രയിലുണ്ടായ പുത്രൻ ഉഗ്രൻ. വൈശ്യനു ശൂദ്രയിലുണ്ടായ പുത്രൻ ശൂദ്രൻതന്നെ. അചരിതവ്രതന്മാരായ (ഉപനയനം ചെയ്യാത്തവർ) ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരിൽനിന്നു സവൎണ്ണസ്ത്രീകളിലുണ്ടായ പുത്രന്മാർ വ്രാത്യന്മാരാകുന്നു — ഇങ്ങനെ അനുലോമന്മാർ.

ശൂദ്രങ്കൽനിന്നു പ്രതിലോമന്മാരായിട്ടു ജനിച്ച പുത്രന്മാർ യഥാക്രമം ആയോഗവനും, ക്ഷത്താവും ചണ്ഡാല

---

* മൂന്നിൽ രണ്ടംശം ഔരസനിരിക്കുമെന്നൎത്ഥം.

നമാകുന്നു. വൈശ്യങ്ങൽനിന്നു മേൽപ്രകാരം ജനിച്ചവർ മാഗധനും, വൈദേഹകനുമത്രെ. ക്ഷത്രിയങ്ങൽനിന്നു മേൽപ്രകാരം ജനിച്ചവൻ സൂതൻ *. പൌരാണികനായിട്ടുള്ള സൂതനും മാഗധനും ഇവരിൽനിന്നു ഭിന്നന്മാരാകുന്നു. അവൎക്കു ബ്രാഹ്മണരെക്കാളും ക്ഷത്രിയരെക്കാളും ഉൽകൎഷമുണ്ട്. ഇവരാണു പ്രതിലോമന്മാർ. പ്രതിലോമന്മാരുണ്ടാകുന്നതു രാജാവു് സ്വധമ്മത്തെ അതിക്രമിക്കുക കാരണമായിട്ടാകുന്നു.

ഉഗ്രങ്ങൽനിന്നു നിഷാദസ്ത്രീയിൽ പിറന്ന പുത്രൻ കുക്കുടൻ; വിപരീതമായവൻ (നിഷാദങ്ങൽനിന്നു ഉഗ്രകന്യകയിൽ പിറന്നവൻ) പുൽക്കസൻ. വൈദേഹകകന്യകയിൽ അംബഷ്ഠങ്കൽനിന്നു ജനിച്ചവൻ വൈണ്യൻ; മറിച്ച് (അംബഷ്ഠസ്ത്രീയിൽ വൈദേഹകങ്കൽനിന്നു) ജനിച്ചവൻ കുശീലവൻ. ക്ഷത്തസ്ത്രീയിൽ ഉഗ്രങ്കൽനിന്നു ജനിച്ചവൻ ശ്വപാകൻ. ഇവരും ഇതുപോലെയുള്ള മറ്റു സങ്കരജന്മാരും അന്തരാളന്മാർ (സമ്മിശ്രജാതികൾ) എന്നു പറയപ്പെടുന്നു. ഇവരിൽവച്ചു വൈണ്യൻ കമ്മവശാൽ രഥകാരനെന്നും പറയപ്പെടുന്നു. അന്തരാളന്മാൎക്കു താന്താങ്ങളുടെ ജാതിയിൽ മാത്രമേ വിവാഹം പാടുള്ളു. പൂവ്വാപരഗാമിത്വവും (പൂവ്വജാതിക്കാരൻ അപരജാതി സ്ത്രീയെ ഗമിക്കുക) പൂവ്വന്മാരുടെ ആചാരത്തെ അനുവൎത്തിക്കുകയുമാണു അവരുടെ സ്വധമ്മങ്ങളായി സ്ഥാപിക്കേണ്ടതു്. അഥവാ ചണ്ഡാലന്മാരൊഴിച്ചുള്ള എല്ലാ അന്തരാളന്മാരും ശൂദ്രസധമ്മാക്കൾ (ശൂദ്രതുല്യമായ ധമ്മത്തോടുകൂടിയ

* ശൂദ്രനു വൈശ്യയിൽ ജനിച്ചവൻ ആയോഗവനും, ക്ഷത്രിയയിൽ ജനിച്ചവൻ ക്ഷത്തനും, ബ്രാഹ്മണിയിൽ ജനിച്ചവൻ ചണ്ഡാലനും, വൈശ്യനു ക്ഷത്രിയയിൽ ജനിച്ചവൻ മാഗധനും, ബ്രാഹ്മണിയിൽ ജനിച്ചവൻ വൈദേഹകനും, ക്ഷത്രിയനു ബ്രാഹ്മണിയിൽ ജനിച്ചവൻ സൂതനുമാകുന്നെന്നത്ഥം.

വർ) ആകുന്നു. രാജാവു് ഇപ്രകാരമുള്ള വർണ്ണവ്യവസ്ഥയെ പാലിച്ചുകൊണ്ടിരുന്നാൽ സ്വർഗ്ഗത്തെയും, മറിച്ചായാൽ നരകത്തെയും പ്രാപിക്കും.

എല്ലാ അന്തരാളന്മാൎക്കും ദായവിഭാഗം സമമായിട്ടാകുന്നു.

ദേശം, ജാതിയിവററിന്നും
സംഘം, ഗ്രാമമിവററിന്നും
യാതൊന്നുചിതമാം ധൎമ്മ-
മതിനാൽ ദായധൎമ്മമാം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, ദായവിഭാഗത്തിൽ, പുത്രവിഭാഗമെന്ന ഏഴാമദ്ധ്യായം.

---

# എട്ടാം അദ്ധ്യായം.

---

## അറുപത്തൊന്നാം പ്രകരണം.

## വാസ്തുകം—ഗൃഹവാസ്തുകം.

വാസ്തു സംബന്ധിച്ച വിവാദങ്ങൾക്കു സാമന്തന്മാർ (അയൽപക്കക്കാർ) പ്രമാണമാകുന്നു.

ഗൃഹം, ക്ഷേത്രം (വയൽ മുതലായതു), ആരാമം, സേതുബന്ധം, തടാകം, ആധാരം (ജലാധാരം) എന്നിവയാണു വാസ്തു.

ഓരോ ഗൃഹത്തിന്റെയും കൎണ്ണങ്ങളിൽ (കോട്ടികൾ) കീലങ്ങൾ (കുററികൾ) നാട്ടി അവയിൽ ഇരുമ്പുചങ്ങലകൾ കെട്ടി ഗൃഹംതോറും സേതു (സീമാബന്ധം) ചെയ്യണം. സേതുവിന്നകത്തുള്ള സ്ഥലത്തിന്റെ വിസ്താരമനുസരിച്ചു വേണം ഗൃഹം പണിയിക്കുവാൻ. മുൻപു സേതു

ബന്ധമില്ലാത്ത ഗൃഹങ്ങൾക്കു മററൊ ഗൃഹത്തിൻെറ ച്ചുമരിൽനിന്നു രണ്ടരത്നിയോ മൂന്നു പദമോ വിട്ടിട്ടു പാദത്തിങ്കൽ (അടിയിൽ) ബന്ധനം ഉണ്ടാക്കിക്കണം. ഗൃഹോചിതമായിട്ടുള്ള അവസ്കരം (കുപ്പ), ഭ്രമം (വെള്ളം പോകാനുള്ള ഓവു്), ഉദപാനം (കിണറു്) എന്നിവ അവശ്യപററിയ സ്ഥാനങ്ങളിലല്ലാതെ ഉണ്ടാക്കിക്കരുതു്. എന്നാൽ ഇതു്, പ്രസവിച്ച പത്തുദിവസം കഴിയുന്നതുവരെയുള്ള സൂതികാകൂപത്തെ (വേതുവെള്ളക്കുഴി) ഒഴിച്ചുള്ളവയ്ക്കുമാത്രമേ ബാധകമാകയുള്ളു. ഈ വിധിയെ തെററിച്ചുനടന്നാൽ പൂർവ്വസാഹസം ദണ്ഡം.

ഇപ്രകാരംതന്നെ കൊണ്ടുതന്നെ കല്യാണകൃത്യങ്ങളിൽ (വിവാഹം മുതലായ അടിയന്തരങ്ങളിൽ) ഉണ്ടാക്കുന്ന വിറകുപുര, ആചാമം (വെള്ളക്കണ്ടു്), ജലമാർഗ്ഗം മുതലായവയുടെ കാര്യവും പറഞ്ഞുകഴിഞ്ഞു.

അയൽഗൃഹത്തിൻെറ ഭിത്തിയിൽനിന്നു മൂന്നു പദമോ ഒന്നര അരത്നിയോ വിട്ടു വേണം ഉദകമാർഗ്ഗം (ഓവു്) നിർമ്മിക്കുവാൻ. അതു ഗാഢപ്രസൃതമായോ (തടസ്ഥം കൂടാതെ ഒഴുകത്തക്കതു്) പ്രസ്രവണത്തിൽ (വരിവെള്ളച്ചാലിൽ) ചെന്നു വീഴത്തക്കതോ ആയിരിക്കണം. ഇതിനെ അതിക്രമിച്ചു നടന്നാൽ അയ്മത്തിനാലു പണം ദണ്ഡം.

അയൽഗൃഹത്തിൻെറ ഭിത്തിയിൽനിന്നു ഒരു പദമോ ഒരരത്നിയോ വിട്ടിട്ടുവേണം ചക്രിസ്ഥാനം (കോഴി മുതലായവയുടെ കണ്ട), ചതുഷ്പദസ്ഥാനം (നാൽക്കാലികളുടെ തൊഴുത്തു്), അഗ്നിഷ്ഠം (അടുപ്പു്), ഉദഞ്ജരസ്ഥാനം (വെള്ളപ്പീപ്പയുടെ സ്ഥാനം), രോചനി, കട്ടനി എന്നിവയെ സ്ഥാപിക്കുവാൻ. ഇതിനെ അതിക്രമിച്ചാൽ ഇരുപത്തിനാലുപണം ദണ്ഡം.

രണ്ടു വാസ്തുകളും (ഗൃഹങ്ങൾ) അടുത്തടുത്തായി വന്നാൽ, അവ ഏതുവിധമുള്ളവയായാലും, രണ്ടിനും തമ്മിൽ ഒരു കിഷ്കുവോ മൂന്നു പദമോ അന്തരിക (ഇട) വിടേണ്ടതാണ്. രണ്ടു ഗൃഹങ്ങളുടേയും നീപ്രങ്ങൾ (ഇറകൾ) ക്കു തമ്മിൽ നാലംഗുലം ഇടവിടുകയോ, അല്ലാത്തപക്ഷം ഇറ സമാരൂഢമായി (ഒന്നു മറ്റൊന്നിന്മേലേക്കു കയറി നിൽക്കുന്നതായി) നിർമ്മിക്കുകയോ വേണം. രണ്ടു ഗൃഹങ്ങളുടേയും അന്തരികയിൽ ഖണ്ഡഹർമ്മ്യാത്മമായിട്ടു (അടച്ചുവാരം ഉറക്കുവാനമായിട്ടു) ഒരു കിഷ്കു വലുപ്പമുള്ളതായ പ്രണാളപാരത്തെ ഒന്നിനോടൊന്നു മുട്ടിമുട്ടാത്തവിധത്തിൽ ഉണ്ടാക്കണം. വെളിച്ചം കിട്ടുവാൻ വേണ്ടി ഉഷ്ണപ്രദേശങ്ങളിൽ ചെറുതായ ഒരു വാതായനം (ജനവാതിൽ) ഉണ്ടാക്കാം. [അതുകൊണ്ട് അടുത്ത ഗൃഹത്തിലേക്കു തടസ്ഥമുള്ളപക്ഷം അതു് അടച്ചിടേണ്ടതാണ്. * ] ഗൃഹങ്ങളുടെ ഉടമസ്ഥന്മാർ ഒന്നുചേർന്നിട്ട് യഥേഷ്ടമാകും വണ്ണം ഗൃഹങ്ങൾ പണിയിക്കുന്നതിനു വിരോധമില്ല. എന്നാൽ ഒരാൾക്കൊരാൾക്കു അനിഷ്ടമായിട്ടുള്ള പണിയെ വാരണം ചെയ്യണം.

വർഷത്തിന്റെ ബാധയില്ലാതിരിപ്പാൻവേണ്ടി വാനപടി (വരാന്ത)യുടെ മുകളിൽ മറയ്ക്കേണ്ടതായുള്ള ഭാഗത്തെ തൃണകടംകൊണ്ടു മേയുകയോ, അല്ലെങ്കിൽ അപ്രകാരം മേഞ്ഞ ഒരു ചെറുഭിത്തിയെ നിർമ്മിക്കുകയോ വേണം. ഇതിനെ അതിക്രമിച്ചു നടന്നാൽ പൂർവ്വസാഹസം ദണ്ഡം. രാജമാർഗ്ഗങ്ങളിലേക്കും രഥ്യകളിലേക്കും അഭിമുഖമായിട്ടുള്ളവയൊഴികെ, അയൽ ഗൃഹക്കാർക്കു വിരോധമാകുന്നവിധം വാതിലുകളോ വാതായനങ്ങളോ നിർമ്മിച്ച് അവയ്ക്കു ഉപദ്രവമുണ്ടാക്കിയാലും ഇതുതന്നെ ദ

* ഇതു ചില ഗ്രന്ഥങ്ങളിൽ കാണുന്നില്ല.

ണ്ഡം. ഖാതം (കുഴി), സോപാനം (കല്പട), പ്രണാളി (ജലനിഗ്ഗമമാഗ്ഗം), നിശ്രേണി (കോണി), അവസ്കരം എന്നിവയുടെ ഭാഗങ്ങളെക്കൊണ്ടു പുറമെയുള്ളവക്ക് ബാധവരുത്തുകയോ, മററുള്ളവനു തൻെറ സ്ഥലം ഉപയോഗിക്കുന്നതിൽ തടസ്ഥം വരുത്തുകയോ ചെയ്താലും ദണ്ഡം ഇതുതന്നെ.

പരഗൃഹത്തിൻെറ ഭിത്തിയെ വെള്ളം വിട്ടു നാശപ്പെടുത്തുന്നവനു പന്ത്രണ്ടുപണം ദണ്ഡം. മലമൂത്രങ്ങളെക്കൊണ്ട് പരഗൃഹത്തിലെ ഭിത്തിക്കു കേടുവരുത്തിയാൽ അതിലിരട്ടി ദണ്ഡം. മഴപെയ്യുമ്പോഠം കെട്ടിനിൽക്കുന്ന വെള്ളം പ്രണാളീദ്വാരേണ പുറത്തേക്കു വിടേണ്ടതാണ്. അതു ചെയ്യാതിരുന്നാൽ പന്ത്രണ്ടു പണം ദണ്ഡം.

ഒരു ഗൃഹത്തിൽ നിശ്ചിതകാലാവധിക്കുശേഷം ഉടമസ്ഥൻെറ നിഷേധമുണ്ടായിട്ടും ക്രൂട്ടാക്കാതെ താമസിക്കുന്ന അവക്രയിക്കും (വാടകക്കാരനു്) നിശ്ചിതകാലാവധിക്കു മുമ്പിൽ അവനെ നിരസിക്കുന്ന ഉടമസ്ഥനും തമ്മിൽ വാക്പാരുഷ്യം, സ്തേയം, സാഹസം (ബലാൽക്കാരം), സംഗ്രഹണം (സ്ത്രീസംഗ്രഹണം), മിത്ഥ്യാഭോഗം എന്നിവയുണ്ടാകാത്തപക്ഷം, രണ്ടുപേക്കും പന്ത്രണ്ടുപണം ദണ്ഡം. ക്ലൃപ്തമായ കാലത്തിനു മുമ്പിൽ വീട്ടുപേക്ഷിച്ചുപോകുന്നവൻ ഉടമസ്ഥനു് വഷാവക്രയം (സംവത്സരം തികയുന്നതുവരെയുള്ള വാടക) കൊടുക്കുകയും വേണം.

എല്ലാവക്കുംകൂടിയുള്ള ഗൃഹത്തിൻെറ സംരക്ഷണത്തിൽ ഒരുവൻ സാഹായ്യം ചെയ്യാതിരിക്കുകയോ ആ ഗൃഹത്തിൻെറ സാമാന്യമായ (എല്ലാവക്കും കൂടിയുള്ള) ഉപഭോഗത്തെ ഉപരോധിക്കുകയോ ചെയ്യുന്നതായാൽ അവനു പന്ത്രണ്ടുപണം ദണ്ഡം. സവ്വസാമാന്യമായ ഗൃഹത്തിനു നാശംവരുത്തുന്നവന്ന് അതിലിരട്ടി ദണ്ഡം.

ദ്വാരം, മുററം, കുപ്പ,യഗ്നി-
ശാല, കുട്ടനശാലയും,
തുറന്ന സർവ്വസ്ഥലവും
സർവ്വസാമാന്യഭോഗ്യമാം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, വാസ്തുകത്തിൽ,
ഗൃഹവാസ്തുകം എന്ന എട്ടാമദ്ധ്യായം.

---

## ഒമ്പതാം അദ്ധ്യായം.

---

വാസ്തുവിക്രയം, സീമാവിവാദം, ക്ഷേത്രവിവാദം,
മർയ്യാദാസ്ഥാപനം, ബാധാബാധികം.

ജ്ഞാതി, സാമന്തൻ, ധനികൻ (കടംകൊടുത്തവൻ) എന്നിവരാണ് ക്രമത്തിൽ * ഭൂമിപരിഗ്രഹങ്ങളെ (വസ്തുവഹകളെ) വിലയ്ക്കു വാങ്ങുവാൻ അർഹന്മാർ. അവരെക്കഴിച്ചേ പുറമെയുള്ളവൎക്ക് അതിന്നർഹതയുള്ളൂ.

അയൽപക്കക്കാരായ നാല്പതു ഗൃഹക്കാർ വിൽക്കുവാൻ പോകുന്ന ഗൃഹത്തിന്റെ മുൻഭാഗത്ത് ഒത്തുചേൎന്ന "ഈ ഗൃഹം വിൽക്കുവാൻ പോകുന്നു" എന്നു വിളിച്ചുപറയണം. വിൽക്കുവാൻ വിചാരിക്കുന്നതു ക്ഷേത്രം, ആരാമം, സേതുബന്ധം, തടാകം, ആധാരം എന്നിവയിലേതാണെന്നുവച്ചാൽ അതിന്റെ മർയ്യാദകളിൽ (അതിരുകളിൽ) നിന്നിട്ട് അതിന്റെ അതിരളവുകളെ നിർദ്ദേശിച്ചും

---

* ക്രമത്തിൽ എന്നു പറഞ്ഞതുകൊണ്ടു വാസ്തുവിക്രയത്തിൽ ഒന്നാമതു വിക്രേതാവിന്റെ ജ്ഞാതികൾക്കും, അവരെക്കഴിച്ചാൽ സാമന്തന്മാൎക്കും, അവരെയും കഴിച്ചാൽ വിക്രേതാവിന്നു കടം കൊടുത്തവൎക്കും വാങ്ങുവാൻ അധികാരമിരിക്കുന്നതാണ്.

കൊണ്ടു സാമന്തന്മാരായ ഗ്രാമവൃദ്ധന്മാർ കേൾക്കെ "ഈ സ്ഥലം ഇന്ന വിലയ്ക്കു വാങ്ങുവാനാളുണ്ടോ" എന്നിങ്ങനെ മൂന്നുപ്രാവശ്യം ഉറക്കെ വിളിച്ചുചോദിക്കണം. അതിനുശേഷം മററുള്ളവരുടെ തടസ്ഥമില്ലാതിരുന്നാൽ ക്രേതാവിന്ന് അതു വാങ്ങാവുന്നതാണ്. ക്രേതാക്കന്മാർ തമ്മിൽ സ്പൎദ്ധിച്ചു വില വൎദ്ധിപ്പിച്ചാൽ ആ വൎദ്ധിപ്പിച്ച വില ശുൽക്കത്തോടുകൂടി രാജാവിൻെറ കോശത്തിലേക്കു പോകേണ്ടതാണ്. വിക്രയത്തിൽ പ്രതിക്രോഷ്ടാവു് (ലേലത്തിൽ വിളിക്കുന്നവൻ) ആരോ അവനാണു ശുൽക്കം അടയ്ക്കേണ്ടതു്. അസ്വാമി (ധനമില്ലാത്തവൻ) പ്രതിക്രോശം (ലേലംവിളി) ചെയ്താൽ ഇരുപത്തിനാലുപണം ദണ്ഡം. പ്രതിക്രോശനം കഴിഞ്ഞാൽ ഏഴുദിവസം കഴിയുന്നതുവരെ പ്രതിക്രോഷ്ടാവ് (ലേലത്തിൽക്കൊണ്ടവൻ) വരാത്തപക്ഷം പ്രതിക്രുഷ്ടൻ (ആരോടു ലേലത്തിൽ വാങ്ങുന്നുവോ അവൻ) വേറെ ഒരാൾക്കു വിൽക്കുന്നതിന്നു വിരോധമില്ല. പ്രതിക്രുഷ്ടൻ ഇതിനെ അതിക്രമിച്ചു നടന്നാൽ വാസ്തുവിഷയമായ വിക്രയത്തിങ്കൽ ഇരുനൂറു പണം ദണ്ഡം; വാസ്തുവൊഴിച്ചുള്ള മററു ദ്രവ്യങ്ങളുടെ വിക്രയത്തിങ്കലാണെങ്കിൽ ഇരുപത്തിനാലുപണം ദണ്ഡം— ഇങ്ങനെ വാസ്തുവിക്രയം.

രണ്ടു ഗ്രാമങ്ങളുടെ സീമയെക്കുറിച്ചു വിവാദം നേരിട്ടാൽ സാമന്തന്മാരോ, അഞ്ചു ഗ്രാമങ്ങളിലോ പത്തു ഗ്രാമങ്ങളിലോ വസിക്കുന്ന വൃദ്ധന്മാരൊ പരിശോധിച്ചു, സ്ഥാവരങ്ങളോ കൃത്രിമങ്ങളോ ആയ സേതുക്കൾ (സീമാചിഹ്നങ്ങൾ) കല്പിച്ചിട്ടു വാദം നിൎണ്ണയിക്കണം. വൃദ്ധന്മാരായ കൎഷകന്മാരോ, ഗോപാലകന്മാരോ, പൂൎവ്വകുളികന്മാരോ (മുൻകൈവശക്കാർ), സ്ഥലത്തിന്നടുത്തു് അതിരിനെസ്സംബന്ധിച്ചറിവുള്ളവരായിട്ടുള്ള ഒരന്നോ അധികമോ ആ

ളുകളോ സീമാസേതുക്കൾ ഇന്നിന്നവയാണെന്നു നിർദ്ദേശി ക്കുകയും, പിന്നെ വിപരീതവേഷം ധരിച്ചു സ്ഥലത്തുചെ ന്നു സീമയെക്കാണിക്കുകയും ചെയ്യണം. ആദ്യം നിർദ്ദേ ശിച്ച അടയാളങ്ങൾ കാണാത്തപക്ഷം അവർക്ക് ആയിരം പണം ദണ്ഡം. സീമയെ നിർണ്ണയിച്ചതിനുശേഷം അതി നെ അപഹരിക്കുകയോ സീമാചിഹ്നങ്ങളെ നശിപ്പിക്കുക യോ ചെയ്യുന്നവർക്കും അതുതന്നെ ദണ്ഡം. സേതുവും, ഭോഗവും (കൈവശം) തീരെ നശിച്ചുപോയിട്ടുള്ള വഹക ളെ രാജാവ് ജനങ്ങൾക്കുപകാരം വരുമാറു വിഭജിക്കണം.

ക്ഷേത്രങ്ങളെപ്പററിയുള്ള വിവാദത്തെ സാമന്തന്മാരാ യ ഗ്രാമവൃദ്ധന്മാർ നിർണ്ണയിക്കണം. അവർ രണ്ടു പക്ഷ ക്കാരായി വന്നാൽ ഏതു പക്ഷത്തിലാണോ ശുചികളും ജനസമ്മതന്മാരുമായ അധികം പേർ ചേർന്നിരിക്കുന്നത് ആ പക്ഷമനുസരിച്ചു നിർണ്ണയിക്കണം. അല്ലെങ്കിൽ മ ധ്യമപക്ഷമനുസരിച്ചു രണ്ടു ഭാഗത്തേക്കും സമമായി വിഭ ജിക്കണം. ഇതു രണ്ടും കക്ഷികൾ സമ്മതിക്കാത്തപക്ഷം വാദത്തിൽപ്പെട്ട വാസ്തു രാജാവിന്നെടുക്കാം. പ്രനഷ്ടസ്വാ മികം (ഉടമസ്ഥനെ കാണാത്തത്) ആയ വാസ്തുവും രാ ജാവിന്നെടുക്കാം. അല്ലെങ്കിൽ ജനങ്ങൾക്കുപകാരമാകു മാറു വിഭജിക്കുകയുമാകാം.

ഒരാളുടെ വാസ്തുവിനെ മററൊരാൾ ബലാൽക്കാരേ ണ കൈവശപ്പെടുത്തിയാൽ സ്തേയദണ്ഡം; കാരണമുണ്ടാ യിട്ടു കൈവശപ്പെടുത്തിയാൽ അവൻെറ പ്രയാസം (ദേ ഹദണ്ഡം), ആജീവം (അനുഭവം) എന്നിവയെ സംഖ്യ കൊണ്ടു കണക്കാക്കി ബന്ധം (ഋണധനം കഴിച്ചു ബാ ക്കിയുള്ളത്) ഉടമസ്ഥന്നു കൊടുക്കണം. മര്യാദയെ അ പഹരിച്ചാൽ പൂർവ്വസാഹസം ദണ്ഡം; മര്യാദയെ ഭേദി ച്ചാൽ ഇരുപത്തിനാലുപണം ദണ്ഡം.

ഇപ്പറഞ്ഞതുകൊണ്ടുതന്നെ തപോവനം, വിവീതം, മഹാപഥം (പെരുവഴി), ശ്മശാനം, ദേവാലയം, യജ്ഞസ്ഥാനം, പുണ്യസ്ഥാനം എന്നിവ സംബന്ധിച്ച വിവാദങ്ങളേയും പറഞ്ഞു കഴിഞ്ഞു — ഇങ്ങനെ മര്യാദാസ്ഥാപനം.

എല്ലാ വിവാദങ്ങൾക്കും കാരണം സാമന്തന്മാർ (അയൽവാസ്തുവിന്റെ ഉടമസ്ഥന്മാർ) ആയിരിക്കും. * അതിൽവച്ച് വിവീതം, സ്ഥലം, കേദാരം (വയൽ), ഷണ്ഡം, ഖലം (നെല്ല് കൊണ്ടുവച്ചു മെതിക്കുന്ന കളം), വേശ്മം (ഗൃഹം), വാഹനകോഷ്ഠം (ഗവാശ്വാദിസ്ഥാനം) എന്നിവയിൽ മുൻപുമുൻപു പറഞ്ഞവ പിൻപുപിൻപു പറഞ്ഞവയിൽനിന്നുള്ള ആബാധത്തെ (പീഡയെ) സഹിക്കണം.

ബ്രഹ്മാരണ്യം, സോമാരണ്യം, ദേവാലയം, യജ്ഞസ്ഥാനം, പുണ്യസ്ഥാനം, എന്നിവയൊഴികെ എല്ലാ സ്ഥലപ്രദേശങ്ങളിലുമുള്ള ജലാധാരം, പരിവാഹം, കേദാരം എന്നിവയെ ഉപയോഗിക്കുമ്പോൾ പരക്ഷേത്രത്തിൽ കൃഷിചെയ്തുണ്ടാക്കിയ വിളവു ഹിംസചെയ്താൽ അതു ചെയ്തവൻ നഷ്ടത്തിനു തക്കതായ മൂല്യം കൊടുക്കണം. കേദാരം, ആരാമം, സേതുബന്ധം എന്നിവകൾ തമ്മിൽത്തമ്മിൽ ഹിംസ ചെയ്താൽ നഷ്ടം വന്നതിന്റെ ഇരട്ടി ദണ്ഡം.

പിന്നീടുണ്ടാക്കിയതായ അധരതടാക (താഴത്തെ ഭൂമിയിലുള്ള തടാകം) ത്തിലെ വെള്ളംകൊണ്ട് ഉപരിതടാകത്തിലെ വെള്ളത്താൽ നനച്ചിരുന്ന കേദാരത്തെ ആപ്ലാവനം ചെയ്യരുത്. പിന്നീടുണ്ടാക്കിയ ഉപരിതടാകത്തിലെ വെള്ളംകൊണ്ടു മുൻപുതന്നെയുള്ളതായ അധരതടാകത്തിലെ പൂരാസ്രാവണത്തെ(പ്രവാഹസ്രുതിയെ)തടുക്കുക

* അയൽ വാസ്തുവുടമസ്ഥന്മാർ പീഡചെയ്യുന്നതിനാലാണു വാസ്തുസംബന്ധമായ വിവാദങ്ങൾ ഉണ്ടാകുന്നതെന്നു സാരം.

യുമരുതു്. എന്നാൽ,* മൂന്നുവൎഷം കാലമായിട്ടു കൃഷിക്കു വെള്ളം തിരിക്കുവാൻ ഉപയോഗിച്ചു വരുന്നില്ലാത്ത തടാകത്തെസ്സംബന്ധിച്ചിടത്തോളം ഇതു ബാധകമല്ല. ഈ വിധിയെ അതിക്രമിച്ചു നടന്നാൽ പൂൎവ്വസാഹസം ദണ്ഡം. തടാകത്തെ വാമനം (വെള്ളം മുഴുവൻ ചോൎത്തു വററിക്കുക) ചെയ്താലും ദണ്ഡം ഇതുതന്നെ. ആപത്തുകളിലൊഴികെ അഞ്ചു സംവത്സരകാലം ഉപയോഗിക്കാതെ ഉപേക്ഷിച്ചു കളഞ്ഞ സേതുബന്ധത്തിന്മേൽ അതിൻെറ ഉടമസ്ഥനുള്ള സ്വാമ്യം നശിച്ചുപോകുന്നതാണു്.

കൃഷിസ്ഥലത്തിൻെറ ആവശ്യത്തിനു തടാകങ്ങൾ, സേതുബന്ധങ്ങൾ എന്നിവ പുതുതായി നിൎമ്മിക്കുമ്പോൾ അഞ്ചു സംവത്സരത്തേക്കു പരിഹാരം അനുവദിക്കേണ്ടതാണു്; കേടുവന്നു് ഉപയോഗിക്കാതെ കിടന്നിരുന്നവയെ കേടുപോക്കി നവീകരിക്കുമ്പോൾ നാലു സംവത്സരത്തേക്കു പരിഹാരം നൽകണം. സമുപാരൂഢങ്ങൾ (തൃണാദികളെക്കൊണ്ടു നികന്നവ) ളായ അവയെ നവീകരിക്കുമ്പോൾ മൂന്നു വൎഷത്തേക്കു പരിഹാരം നൽകണം. സ്ഥലത്തിൻെറ സ്വാമ്യത്തെ ആധാനം ചെയ്യുമ്പോഴും വിക്രയം ചെയ്യുമ്പോഴും ഉള്ള നവീകരണത്തിങ്കൽ രണ്ടു വൎഷത്തേക്കു പരിഹാരം നൽകണം.

വാതപ്രാവൃത്തിമം (കാററുകൊണ്ടു വെള്ളം തേങ്ങി നനയ്ക്കുന്നതു), നദ്യായതനം (കാളത്തേക്കു തേവി നനയ്ക്കുന്നതു്), നിബന്ധായതനം (സേതുബന്ധത്തിൽനിന്നു വെള്ളം തിരിച്ചുനനയ്ക്കുന്നതു്), തടാകം (തടാകജലത്താൽ നനയ്ക്കുന്നതു്) എന്നിങ്ങനെയുള്ള ഭൂമികൾക്കും കേദാരം, ആരാമം, ഷണ്ഡവാപം എന്നിവയ്ക്കും അവയിൽനിന്നുണ്ടാകുന്ന സസ്യവൎണ്ണങ്ങളുടെ ആധിക്യവും ഭാഗത്തിൻെറ ആധിക്യവുമനുസരിച്ചു തടാകസേതുക്കളുടെ ഉടമസ്ഥന്മാൎക്കു

അംശം നൽകണം. മററുള്ളവക്ക് അവരിൽനിന്നുള്ള ഉപകാരത്തിന്റെ അവസ്ഥാനുപാലെ നൽകേണ്ടതാണ്.

തടാകങ്ങളും സേതുബന്ധങ്ങളും കേടുവന്നാൽ അവ കൊണ്ടു നനയ്ക്കപ്പെടുന്ന ഭൂമിയെ പ്രക്രയം, അവക്രയം, ആധി എന്നിവ വഴിക്ക് അനുഭവിക്കുന്നവരും, ഉണ്ടാകുന്ന ഫലത്തിന്റെ ഭാഗം കൊടുക്കാമെന്നു നിശ്ചയിച്ച് അനുഭവിക്കുന്നവരും, സൌജന്യമായി അനുഭവിക്കുന്നവരും പ്രതിവിധി ചെയ്യണം; ചെയ്യാതിരുന്നാൽ അതിനാൽ വരുന്ന നഷ്ടത്തിന്റെ ഇരട്ടി ദണ്ഡം വിധിക്കുന്നതാണ്.

തന്നുടെയുഴം തെററി-
സ്സേതുജലത്തെത്തിരിക്കിലാറുപണം;
പരരുടെയുഴത്തിങ്കൽ
പ്രതിരോധം ചെയ്കിലും തഥാദണ്ഡം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, വാസ്തുകത്തിൽ, വാസ്തുവിക്രയം—സീമാവിവാദം—ക്ഷേത്രവിവാദം—മര്യാദാസ്ഥാപനം—ബാധാബാധികം എന്ന ഒമ്പതാമദ്ധ്യായം.**

---

## പത്താം അദ്ധ്യായം.

---

### അറുപത്തൊന്നും അറുപത്തിരണ്ടും പ്രകരണങ്ങൾ.
### വിവീതക്ഷേത്രപഥഹിംസ, സമയാനപാകർമ്മം

കൃഷികർമ്മത്തിനുവേണ്ടി മുമ്പുപയോഗിച്ചു വരുന്ന ജലമാർഗ്ഗത്തെത്തടുക്കുകയോ, അനുചിതമായ ജലമാർഗ്ഗത്തെ നിർമ്മിക്കുകയോ ചെയ്യുന്നവനു പൂർവ്വസാഹസം ദണ്ഡം. അന്യന്റെ ഭൂമിയിൽ സേതു, കൂപം, പുണ്യസ്ഥാ

നം, ചൈത്യം, ദേവാലയം എന്നിവ നിൎമ്മിക്കുകയോ പൂൎവ്വാനുവൃത്തമായിട്ടുള്ള ധൎമ്മസേതുവിനെ പണയപ്പെടുത്തുകയോ വില്ക്കുകയോ പണയപ്പെടുത്തുവാനും വില്ക്കുവാനും പ്രേരിപ്പിക്കുകയോ ചെയ്യുന്നവന്നു മധ്യമസാഹസം ദണ്ഡം. അങ്ങനെയുള്ള ഇടപാടുകളിൽ സാക്ഷികളായിരിക്കുന്നവൎക്കു ഉത്തമസാഹസം ദണ്ഡം. എന്നാൽ, കേടുവന്നു് ഉപയോഗിക്കാതെ കിടക്കുന്ന ധൎമ്മസേതുവിന്റെ കാൎയ്യത്തിൽ ഇതു ബാധകമല്ല. അങ്ങനെയുള്ള ധൎമ്മസേതുവിനെ നന്നാക്കിക്കുവാൻ ഉടമസ്ഥന്മാരില്ലാത്തപക്ഷം ഗ്രാമവാസികളോ പുണ്യശീലന്മാരായിട്ടുള്ളവരോ (ധൎമ്മിഷ്ഠന്മാർ) അതിനെ സംസ്കരിച്ചു നേരെയാക്കണം.

പഥിപ്രമാണം (വഴികളുടെ മാനം) ദുൎഗ്ഗനിവേശപ്രകരണത്തിൽ പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്. അവയിൽവച്ചു ക്ഷുദ്രപശുമാൎഗ്ഗത്തേയും മനുഷ്യമാൎഗ്ഗത്തേയും രോധിക്കുന്നവന്നു പന്ത്രണ്ടുപണം ദണ്ഡം; മഹാപശുപഥ (ഗവാശ്വാദിമാൎഗ്ഗം)ത്തെ രോധിക്കുന്നവന്നു ഇരുപത്തിനാലു പണം; ഹസ്തിമാൎഗ്ഗത്തേയും കൃഷിഭൂമിയിലേക്കുള്ള മാൎഗ്ഗത്തേയും രോധിക്കുന്നവന്നു അമ്പത്തിനാലുപണം; സേതുമാൎഗ്ഗത്തേയും വനമാൎഗ്ഗത്തേയും രോധിക്കുന്നവന്നു അറുനൂറുപണം*. ശ്മശാനമാൎഗ്ഗത്തേയും ഗ്രാമമാൎഗ്ഗത്തേയും രോധിക്കുന്നവന്നു ഇരുനൂറുപണം; ദ്രോണമുഖമാൎഗ്ഗത്തെ രോധിക്കുന്നവന്നു അഞ്ഞൂറുപണം; സ്ഥാനീയമാൎഗ്ഗം, രാഷ്ട്രമാൎഗ്ഗം, വിവീതമാൎഗ്ഗം എന്നിവയെ രോധിക്കുന്നവന്നു് ആയിരം പണം. ഈ മാൎഗ്ഗങ്ങളെ അതികൎഷണം (ഉഴുതു വലുപ്പം കുറയ്ക്കുക) ചെയ്താൽ മേൽപ്പറഞ്ഞതിന്റെ നാലിലൊന്നു

* അറുനൂറുപണമെന്നു കാണുന്നതു യുക്തിക്കു യോജിക്കുന്നില്ല. പിഴ ഗണസംഖ്യയുടെ വൃദ്ധിയിൽ ക്രമഭംഗമായിത്തോന്നുന്നു.

വീതം ദണ്ഡം; ഉഴുതു കൃഷിപ്പണി ചെയ്താൽ പൂർവ്വോക്തങ്ങളാ യ ദണ്ഡങ്ങൾതന്നെ.

വിത്തുവിതയ്ക്കേണ്ടകാലത്തു ക്ഷേത്രം കൃഷ്ടകന്നു ഏല്പി ച്ചു കൊടുക്കാത്ത ക്ഷേത്രികന്നും (നിലമുടമസ്ഥന്ന്) ഏററു വാങ്ങിയിട്ടു കൃഷിചെയ്യാതെ ഉപേക്ഷിച്ചുകളയുന്ന ഉപ വാസന്നും (കൃഷ്ടകന്ന്) പന്ത്രണ്ടുപണം ദണ്ഡം. എന്നാൽ ക്ഷേത്രദോഷം, ഉപനിപാതം (ചോരാദികളിൽ നിന്നുള്ള പീഡ), അവിഷഹ്യം (സഹിപ്പാൻ വയ്യാത്ത രോഗം മുത ലായതു്) എന്നിവ നിമിത്തമായിട്ടാണ് അങ്ങനെ ചെയ്ത തെങ്കിൽ ദണ്ഡമില്ല.

കരദന്മാർ (കരം കൊടുക്കുന്നവർ) ഭൂമിയെ പണ യം കൊടുക്കുകയോ വിൽക്കുകയോ ചെയ്യുന്നതു കരദന്മാ ൎക്കു മാത്രമേ പാടുള്ളൂ. ബ്രഹ്മദേയികന്മാർ (ബ്രഹ്മദേയമാ യ ഭൂമിയുടെ ഉടമസ്ഥന്മാർ) അവയെ പണയപ്പെടുത്തു കയോ വിൽക്കുകയോ ചെയ്യുന്നതു് ബ്രഹ്മദേയികന്മാൎക്കു മാത്രമേ പാടുള്ളൂ. ഇതിന്നു വിപരീതമായിച്ചെയ്താൽ പൂ ൎവ്വസാഹസം ദണ്ഡം. കരദനായിട്ടുള്ളവൻ പണയമോ വിക്രയമോ വഴിയായി അകരദഗ്രാമത്തിൽ പ്രവേശിച്ചു പാൎപ്പുറപ്പിച്ചാലും ഇതുതന്നെ ദണ്ഡം. കരദഗ്രാമത്തിൽ പ്രവേശിച്ചാലാകട്ടെ അവന്നു വിക്രേതാവിൻെറ ഗൃഹം ഒ ഴികെയുള്ള എല്ലാ ദ്രവ്യങ്ങളിലും പ്രാകാമ്യം (സ്വാതന്ത്ര്യം) ഉണ്ടായിരിക്കുന്നതാണ്. ഭൂമിയെ വിററവൻ ഗൃഹംകൂടി വിൽക്കുന്നപക്ഷം അതു ഭൂമി വാങ്ങിയവന്നു മാത്രമേ കൊ ടുക്കുവാൻ പാടുള്ളൂ. അനാദേയമായ (ഒഴിപ്പിക്കുവാൻ പാ ടില്ലാത്ത) നിലത്തിൽ ഉടമസ്ഥൻ കൃഷിചെയ്യാതിരിക്കു മ്പോൾ മറെറാരുത്തൻ അതേററുവാങ്ങി കൃഷിചെയ്താൽ, അവൻ അഞ്ചുസംവത്സരം അനുഭവിച്ചതിന്നുശേഷം താൻചെയ്ത പ്രയാസത്തിന്നു നിഷ്ക്രയം (പ്രതിഫലം) ഷ്ഠാ

ങ്ങിയിട്ടു തിരികെ കൊടുക്കണം. അകരദന്മാർ സ്വഗ്രാമം വിട്ടു പരഗ്രാമത്തിൽ വസിക്കുന്നതായാൽ അവൎക്കു ഭൂമിയുടെ ഭോഗം മാത്രമേ ഉണ്ടാകയുള്ളൂ.

ഗ്രാമകാൎയ്യത്തിന്നായി ഗ്രാമികൻ (ഗ്രാമമുഖ്യൻ) വല്ല ദിക്കിലേക്കും പോകുമ്പോൾ ഉപവാസന്മാർ ഊഴമിട്ടു അവനെ അനുഗമിക്കണം. അനുഗമിക്കാത്തവർ ഗ്രാമികൻ പോകുന്ന ഓരോ യോജനയ്ക്കു ഒന്നരപ്പണം വീതമുള്ള ദണ്ഡം കൊടുക്കണം. സ്തേനനോ പാരദാരികനോ അല്ലാത്ത ഒരുവനെ ഗ്രാമത്തിൽനിന്നു ആട്ടിക്കളയുന്ന ഗ്രാമികന്നു ഇരുപത്തിനാലു പണം ദണ്ഡം; അങ്ങനെ ചെയ്യുന്ന ഗ്രാമക്കാൎക്കു ഉത്തമസാഹസം ദണ്ഡം. ഗ്രാമത്തിൽനിന്നു നിരസിക്കപ്പെട്ടവൻ വീണ്ടും അതിൽ പ്രവേശിച്ചാലുള്ള ദണ്ഡം അധിഗമനത്തിൽ * പറഞ്ഞു കഴിഞ്ഞു.

ഓരോ ഗ്രാമത്തിൽനിന്നും നൂറു വിൽപ്പാടു വിട്ടു നാലുപുറവും സ്തംഭങ്ങളെക്കൊണ്ടു് ഉപസാലം (ഉപപ്രാകാരം; ചെറിയ മതിൽ) നിൎമ്മിക്കേണ്ടതാണു്.

പശുക്കൾക്കു മേയേണ്ടതിന്നായി വിവീതം, മാലം (ഉയൎന്ന ഭൂതലം), വനം എന്നിവ ഓരോ ഗ്രാമത്തിലും തിരിച്ചുകൊടുത്തു ഗ്രാമജനങ്ങളെ അനുഗ്രഹിക്കണം. വിവീതത്തിൽ വന്നു തിന്നുപോകുന്ന ഒട്ടകങ്ങൾക്കും പോത്തുകൾക്കും ഓരോന്നിന്നു കാൽപ്പണം വീതം വസൂലാക്കണം; പശുക്കൾക്കും കുതിരകൾക്കും കഴുതകൾക്കും അരക്കാൽപ്പണം വീതം; ക്ഷുദ്രപശുക്കൾക്കു മാഷാണിപ്പണം വീതമേ വാങ്ങാവൂ. തിന്നുകഴിഞ്ഞിട്ടു പിന്നേയും വിവീതത്തിൽ തന്നെ കിടക്കുന്ന ഒട്ടകം മുതലായവയ്ക്കു മേൽപ്പറഞ്ഞതിന്റെ ഇരട്ടിവീതം ദണ്ഡം വസൂലാക്കണം; രാത്രിയിൽ

---

* അധിഗമനം=പ്രവേശം. മൂലത്തിൽ പരഗ്രാമപ്രവേശത്തിന്നു പറഞ്ഞ ദണ്ഡമെന്നാണു് ഇതിന്നും ദണ്ഡമെന്നു താല്പൎയ്യം.

വിവീതത്തിൽത്തന്നെ കിടക്കുന്നവക്കു നാലിരട്ടി വീതം വസൂലാക്കണം. എന്നാൽ ഗ്രാമത്തിലെ കൂററൻ, ദേവന്റെ കൂററൻ, പ്രസവിച്ചിട്ടു പത്തുദിവസം കഴിയാത്ത ധേനു, വൃദ്ധവൃഷഭങ്ങൾ, ഗോവൃഷങ്ങൾ എന്നിവക്കു ദണ്ഡം വിധിക്കുവാൻ പാടില്ല. പശു മുതലായവ സസ്യങ്ങളെ തിന്നു നശിപ്പിച്ചാൽ നശിച്ചതിന്റെ വില ആകെയുള്ള ഉൽപത്തിയുടെ തോതുകൊണ്ടു കണക്കാക്കി അതിന്റെ ഇരട്ടി ഉടമസ്ഥനു കൊടുക്കണം. വിവീതത്തിന്റെ സ്വാമിയെ അറിയിക്കാതെ അതിൽ പശുക്കളെ മേയ്ക്കുന്നവനു പന്ത്രണ്ടുപണം ദണ്ഡം. വിവീതത്തിൽ മേച്ചിരുന്ന പശുക്കളെ സ്വാമിയുടെ അനുവാദം കൂടാതെ അതിൽനിന്നു കൊണ്ടുപോകുന്നവനു് ഇരുപത്തിനാലു പണം ദണ്ഡം. അതിൽപ്പകുതി അവയെ പാലിക്കുന്നവക്കും ദണ്ഡം. അതു തന്നെയാണു ഷണ്ഡത്തെ (വാഴ മുതലായവയുടെ തോട്ടത്തെ) പശുക്കൾ തിന്നുന്നതിനും ദണ്ഡം. വാടം (വേലി) പൊളിച്ചു തോട്ടത്തിൽ കടന്നു തിന്നാൽ അതിലിരട്ടി ദണ്ഡം. ഗൃഹം, കളം, വലയം (കുണ്ട) എന്നിവയിലുള്ള ധാന്യങ്ങളെ പശുക്കൾ തിന്നാലും അതുതന്നെ ദണ്ഡം. കന്നുകാലികൾ വിളതിന്നുന്ന എല്ലാ സംഗതിയിലും നഷ്ടം വകവച്ചു കൊടുക്കുകയും വേണം.

അഭയവനത്തിലെ മൃഗങ്ങളോ പരിഗൃഹീതങ്ങളായ മൃഗങ്ങളോ സസ്യങ്ങളെ ഭക്ഷിക്കുന്നതായാൽ സ്വാമിയെ വിവരം അറിയിച്ചു് അവയെ ഉപദ്രവമേല്പിക്കാതെ പ്രതിഷേധിക്കണം. പശുക്കളാണെങ്കിൽ കയറും വടിയും ഉപയോഗിച്ചു വാരണംചെയ്യണം. മററുപ്രകാരത്തിൽ അവക്കു ദണ്ഡമേല്പിച്ചാൽ ദണ്ഡപാരുഷ്യത്തിനുള്ള ദണ്ഡങ്ങൾ വിധിക്കുന്നതാണു്. പ്രാർത്ഥയമാനങ്ങളോ (എതിരിടുന്നവ) മുമ്പു ജനങ്ങളെ ഉപദ്രവിച്ചിട്ടുള്ളവയോ ആയ

വയെ എല്ലാ ഉപായങ്ങളും പ്രയോഗിച്ച് ഒതുക്കി അയയ്ക്കണം.—ഇങ്ങനെ ക്ഷേത്രപഥഹിംസ.

ഗ്രാമത്തിന്നുവേണ്ടിയുള്ള ഒരു പ്രവൃത്തി ചെയ്യാമെന്നു സമ്മതിച്ചിട്ടു പിന്നെ അതു് ചെയ്യാതിരിക്കുന്ന കർഷകന്നുള്ള ദണ്ഡം ആ ഗ്രാമക്കാർതന്നെ എടുക്കാവുന്നതാണ്. * അങ്ങനെയുള്ള കർഷകൻ കർമ്മം ചെയ്യാതിരുന്നാൽ കർമ്മവേതനത്തിന്റെ ഇരട്ടി ദണ്ഡമടയ്ക്കണം. അവന്റെ വേതനത്തിന്നു ഗ്രാമക്കാരെല്ലാവരും കൊടുക്കേണ്ട ഹിരണ്യത്തെ ഒരുവൻ കൊടുക്കാതിരുന്നാൽ പ്രത്യംശത്തിന്റെ (ഓരോരുത്തന്നും വരുന്ന അംശത്തിന്റെ) ഇരട്ടിയും, പ്രവഹണങ്ങളിൽ (ഗോഷ്ഠീഭോജനാദികളിൽ) ഭക്ഷ്യപേയങ്ങൾ കൊടുക്കാതിരുന്നാൽ അതിന്റെ ഇരട്ടിയും കൊടുക്കണം.

എല്ലാവർക്കുംകൂടി കാണ്മാൻ വേണ്ടി നടത്തുന്ന പ്രേക്ഷയിൽ (നാടകം മുതലായ കാഴ്ചയിൽ) ഒരുവൻ അംശം കൊടുക്കാതിരുന്നാൽ അവനോ അവന്റെ ആളുകളോ അതു കാണ്മാൻ പാടില്ല. പ്രച്ഛന്നമായിട്ടു കേൾക്കുകയോ കാണുകയോ ചെയ്താൽ വീതപ്രകാരം താൻ കൊടുക്കേണ്ട അംശത്തിന്റെ ഇരട്ടി കൊടുക്കണം; സർവ്വർക്കും ഹിതമായ ഒരു കർമ്മത്തിൽ ഒരുത്തൻ പ്രതിബന്ധംചെയ്താൽ അവനും സ്വാംശത്തിന്റെ ഇരട്ടി കൊടുക്കണം.

സർവ്വഹിതമായ കർമ്മത്തെച്ചെയ്വാൻ ഒരുത്തൻ പറയുന്നതായാൽ അവന്റെ ആജ്ഞയെ മററുള്ളവർ അനുസരിച്ചു നടക്കണം. അതുചെയ്യാതിരുന്നാൽ പന്ത്രണ്ടുപണം ദണ്ഡം. സർവ്വഹിതമായ കാര്യം പറയുന്നവനെ എല്ലാവരും ഒത്തുചേൎന്ന് ഉപദ്രവിച്ചാൽ അവരോരോരുത്തർക്കും ആ അപരാധത്തിന്നുള്ള ദണ്ഡത്തിന്റെ ഇരട്ടി ദണ്ഡം. അ

* അതു രാജാവിന്നു കൊള്ളേണ്ടതല്ലെന്നു സാരം.

ങ്ങനെ ഉപഭോഗിക്കുന്നവരിൽവെച്ച് വിശിഷ്ടൻ (ശ്രേഷ്ഠൻ) ആയിട്ടുള്ളവൻ ദേയവും വിശിഷ്ടമായിട്ടടയ്ക്കണം. ബ്രാഹ്മണങ്കൽനിന്നു തുടങ്ങിയാണ് ഇവരുടെ (സാമയികന്മാരുടെ) ജ്യേഷ്ഠത്വം കണക്കാക്കേണ്ടതു്. സാമയികന്മാരിൽ വെച്ച് ബ്രാഹ്മണവൎഗ്ഗക്കാർ തങ്ങൾക്കിഷ്ടമില്ലാത്തപക്ഷം പ്രവഹണങ്ങളിൽ കൎമ്മം ചെയ്യേണ്ടതില്ല. എങ്കിലും അവൎക്ക് അംശം ലഭിക്കുകയും ചെയ്യും.

ഇപ്പറഞ്ഞതുകൊണ്ടു ദേശസംഘങ്ങൾ, ജാതിസംഘങ്ങൾ, കുലസംഘങ്ങൾ എന്നിവയ്ക്കുള്ള സമയത്തിന്റെ (കൂട്ടായി ചെയ്യുന്ന വ്യവസ്ഥയുടെ) അനപാകൎമ്മവും (അപരിത്യാഗം; അവശ്യാനുഷ്ഠാനം) പറഞ്ഞുകഴിഞ്ഞു.

രാജാവു, കൂട്ടായ് നാട്ടിന്നു
ഹിതമാം ചിറ, പാലവും,
ഗ്രാമശോഭാരക്ഷകളും
ചെയ്യോൎക്ക് ഹിതമേകണം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, വാസ്തുകത്തിൽ,
വിവീതക്ഷേത്രപഥഹിംസ—സമയാനപാകൎമ്മ
എന്ന പത്താമദ്ധ്യായം.

# പതിനൊന്നാം അദ്ധ്യായം.

---

## അറുപത്തിമൂന്നാം പ്രകരണം.

## ഋണാദാനം.

ഒരു പണത്തിന്നു ധൎമ്യമായ മാസവൃദ്ധി (മാസപ്പലിശ) ഒന്നേകാൽപ്പണം വീതം; വ്യാവഹാരികവൃദ്ധി (കച്ചവടപ്പലിശ) അഞ്ചുപണം വീതം; കാന്താരഗന്മാരുടെ (കാന്താരമാൎഗ്ഗങ്ങളുടെ ചരക്കു കൊണ്ടുപോയി വ്യാപരിക്കുന്ന

വണിക്കുകളുടെ) പലിശ പത്തുപണം വീതം; സാമുദ്രന്മാരുടെ (കടൽകച്ചവടക്കാരുടെ) പലിശ ഇരുപതുപണം വീതം. ഇതിൽനിന്നു കവിഞ്ഞു് പലിശ വാങ്ങിയാൽ കർത്താവിന്നും കാരയിതാവിന്നും പൂർവ്വസാഹസം ഉണ്ടു; അതിലെ സാക്ഷികൾക്കു ഓരോരുത്തന്നും അതിൽപ്പകുതിവീതം ഉണ്ടു. രാജാവു് അയോഗക്ഷേമവാഹൻ (പ്രജകളുടെ യോഗക്ഷേമങ്ങളെ നോക്കാത്തവൻ) ആയിരിക്കുമ്പോൾ ധനിക (കടംകൊടുക്കുന്നവൻ) ൻെറയും ധാരണിക (കടംവാങ്ങുന്നവൻ) ൻെറയും ചരിത്രത്തെ നോക്കിയിട്ടുവേണം ഇടപാടുകൾ ചെയ്വാൻ.

ധാന്യവൃദ്ധി (നെൽപ്പലിശ) സസ്യങ്ങളുടെ നിഷ്പത്തികാലത്തിങ്കൽ ഉപാർദ്ധ (ഒന്നരവരെ) യാകുന്നു. അതിന്നുമേൽ മൂല്യകരണം (വിലത്തരമാക്കൽ) കൊണ്ടു മാത്രമേ വർദ്ധിക്കുകയുള്ളൂ *. മൂല്യകരണത്തിങ്കൽ പ്രക്ഷേപ (മുതലോടുകൂട്ടിച്ചേർത്ത പലിശ) ത്തിൻെറ വൃദ്ധി ഉദയ (മുതലിൻെറ പലിശ) ത്തിൻെറ പകുതിയേ വരുവാൻ പാടുള്ളൂ ‡. ധാന്യവൃദ്ധി, അതു വാങ്ങേണ്ട കാലത്തു വാങ്ങാതിരുന്നാൽ, ഒരു വർഷത്തേക്കുള്ളതു മാത്രമേ കൊടുക്കേണ്ടതുള്ളൂ.

---

* നെല്ലിന്നു പലിശ കൂട്ടേണ്ടതു സസ്യനിഷ്പത്തികാലത്തോളമാകുന്നു. വാങ്ങിയതു് എന്നായിരുന്നാലും അതിന്നു സസ്യനിഷ്പത്തികാലംവരെയ്ക്കു പകുതി പലിശ കൂടും. പിന്നെയും പലിശ കൂട്ടേണ്ടിവന്നാൽ അതുവരെയുള്ള പലിശയോടുകൂടിയ ധാന്യം വിലയിരുത്തി പണമാക്കുകയും, ആ പണത്തിന്നു ഇത്ര വീതം പലിശ എന്നു് വ്യവസ്ഥചെയ്കയും വേണം. ഇങ്ങനെയല്ലാതെ സസ്യനിഷ്പത്തികാലത്തിന്നു മേൽ ധാന്യമായിട്ടു പലിശ കൂട്ടുവാൻ പാടില്ലെന്നു താൽപര്യം.

‡ ധാന്യത്തെ വിലത്തരമാക്കുമ്പോൾ മൂലധാന്യത്തിൻെറ വിലയും വൃദ്ധിധാന്യത്തിൻെറ വിലയും കൂടിയ ഒരു സംഖ്യയാണല്ലോ ഉണ്ടാവുക. ഇതിൽ വൃദ്ധിധാന്യത്തിൻെറ വിലയ്ക്കു മൂലധാന്യത്തിൻെറ വിലയ്ക്കുള്ള പലിശയുടെ പകുതിയിലധികം പലിശ വരുവാൻ പാടില്ലെന്നു സാരം.

ചിരപ്രവാസം ചെയ്കയോ, സംസ്തംഭിപ്പിക്കുക (കൊടുക്കാതെ ഈട്ടം കൂട്ടുക) യോ ചെയ്യുവൻ അപ്രകാരമുള്ള ധാന്യത്തിന്റെ വിലയുടെ ഇരട്ടി കൊടുക്കണം. ആദ്യം പലിശ നിശ്ചയിക്കാതെ പിന്നീടു പലിശ ചോദിക്കുകയോ, ആദ്യം നിശ്ചയിച്ചതിനെക്കാൾ പിന്നീടു പലിശ വർദ്ധിപ്പിക്കുകയോ, മൂല്യം (മൂലധനം) തന്നെ പലിശയും കൂടി കൂട്ടിയേടത്തോളമുണ്ടെന്നു സാക്ഷികളെക്കൊണ്ടു പറയിക്കുകയോ ചെയ്യുന്നവന്നു ബന്ധചതുർഗ്ഗുണം (മൂലധനത്തിന്റെ നാലിരട്ടി) ദണ്ഡം. കൊടുത്തതിന്റെ നാലിരട്ടി സംഖ്യയ്ക്കു സാക്ഷികളെ തെളിയിക്കുന്നതായാൽ അഭൂതചതുർഗ്ഗുണം (സാക്ഷികൾ പറയുന്നതായ ആ ഇല്ലാത്ത സംഖ്യയുടെ നാലിരട്ടി) ദണ്ഡം. അപ്രകാരമുള്ള ദണ്ഡത്തിന്റെ മൂന്നിലൊരംശം ആദാതാവും (കടംവാങ്ങിവൻ), ശേഷം ഭാഗങ്ങൾ പ്രദാതാവും (കടംകൊടുത്തവൻ) കൊടുക്കേണ്ടതാണ്.

ദീർഘസത്രത്തിൽ (വളരെക്കാലത്തേക്കുള്ള യാഗത്തിൽ) ഏർപ്പെട്ടവൻ, വ്യാധിപിടിപെട്ടവൻ, ഗുരുകുലവാസത്താൽ ഉപരോധിക്കപ്പെട്ടവൻ, ബാലൻ (വ്യവഹാരപ്രാപ്തിവരാത്തവൻ), അസാരൻ (ലോകരീതി അറിയാത്തവൻ) എന്നിങ്ങനെയെല്ലാമിരിക്കുന്നവർ കൊടുത്തുതീർക്കേണ്ടതായ ഋണത്തിന്നു പലിശയില്ല. ഋണം വീട്ടിത്തീർക്കുവാൻ ഒരുങ്ങുമ്പോൾ അതു വാങ്ങാത്തവന്നു പന്ത്രണ്ടു പണം ദണ്ഡം. കാരണം പറഞ്ഞിട്ടാണു വാങ്ങാതിരിക്കുന്നതെങ്കിൽ അതു മേലാൽ പലിശ കൂടാതെ അന്യനായ ഒരു പുരുഷന്റെ കയ്യിൽ ഏല്പിക്കേണ്ടതാണ്.

പത്തുസംവത്സരം കാലം ഉപേക്ഷിക്കപ്പെട്ടതായ ഋണം തിരിച്ചു വാങ്ങുവാൻ പാടില്ല. എന്നാൽ ബാലൻ, വൃദ്ധൻ, വ്യാധിതൻ, വ്യസനി, പ്രോഷിതൻ എന്നിവരെ

സംബന്ധിച്ചും ദേശത്യാഗംചെയ്തു, രാജ്യവിഭ്രമം (നാട്ട നഷ്ടം) എന്നീ സംഗതികളിലും ഈ വിധി ബാധകമല്ല.

ഋണം വാങ്ങിയവൻ മരിച്ചുപോയാൽ കുസീദം (പലിശയോടുകൂടിയ ഋണം) അവൻെറ പുത്രന്മാരോ, രിക്ഥഹരന്മാരായ (മുതലിനെ പിൻതുടരുന്ന) ദായാദന്മാരോ, സഹഗ്രാഹികളോ (കടംവാങ്ങുന്നതിൽ കൂട്ടുകൂടിയവർ), ജാമ്യക്കാരോ കൊടുത്തു തീക്കണം. ഇപ്രകാരമല്ലാത്ത പ്രാതിഭാവ്യം (ജാമ്യം) സാധുവാകുന്നതല്ല. ബാലന്മാരുടെ പ്രാതിഭാവ്യം നിസ്സാരമാകുന്നു. ദേശകാലങ്ങളെ നിർദ്ദേശിച്ചിട്ടില്ലാത്ത (ഇന്ന സ്ഥലത്ത്, ഇന്നകാലത്ത് തിരികെ കൊടുക്കാമെന്നു നിർണ്ണയിക്കാത്ത) ഋണം അതുവാങ്ങിയവൻെറ പുത്രന്മാരോ, പൌത്രന്മാരോ, മുതലവകാശികളായ ദായാദന്മാരോ കൊടുത്തു തീക്കണം. ദേശകാലങ്ങളെ നിർദ്ദേശിക്കാതേയും ജീവിതം, വിവാഹം, ഭൂമി എന്നിവയെ പ്രാതിഭാവ്യപ്പെടുത്തിയും ഒരുവൻ വാങ്ങിയ കടം അവൻെറ പുത്രന്മാരോ പൌത്രന്മാരോ വഹിക്കേണ്ടതാണ്.

പല ഋണങ്ങളുടെ സമവായത്തിൽ ഒരുത്തൻെറ പേരിൽ രണ്ടു കടക്കാർ ഒരേ കാലത്ത് അഭിയോഗം ചെയ്യാൻ പാടില്ല. എന്നാൽ കടം വാങ്ങിയവൻ സ്വദേശം വിട്ടുപോകുവാൻ പുറപ്പെടുന്ന സംഗതിയിൽ ഇതു ബാധകമല്ല. പല ഋണങ്ങളുമുള്ളപ്പോൾ അവ വാങ്ങിയതിൻെറ ക്രമത്തിൽ ഓരോന്നും വീട്ടേണ്ടതാണ്. അല്ലെങ്കിൽ, രാജാവിനുള്ള ദ്രവ്യത്തേയും ശ്രോത്രിയനുള്ള ദ്രവ്യത്തേയും ആദ്യം വീട്ടുകയുമാകാം.

ദാമ്പത്യഭർത്താക്കന്മാർ തമ്മിലോ, പിതാവും പുത്രനും തമ്മിലോ, അവിഭക്തന്മാരായ ഭ്രാതാക്കന്മാർ തമ്മിലോ വാങ്ങിയതായ ഋണം അസാധ്യം (വ്യവഹാരംകൊണ്ടുപിരിക്കുവാൻ വയ്യാത്തത്) ആകുന്നു.

കൎഷകന്മാർ, രാജപുരുഷന്മാർ എന്നിവരെ പ്രവൃത്തിസമയങ്ങളിൽ അഭിയോഗം സംബന്ധിച്ചു പിടിക്കുവാൻ പാടില്ല. ഭൎത്താവിൻെറ കടത്തിന്ന് അതു തീൎക്കുവാൻ ഏററിട്ടില്ലാത്ത ഭാൎയ്യയേയും പിടിക്കുവാൻ പാടില്ല. എന്നാൽ ഇതു ഗോപാലകന്മാരുടേയും, അൎദ്ധസീതികന്മാരുടേ (വിളവിൽ പകുതിക്കു പണിചെയ്യുന്നവർ) യും സ്ത്രീകളെ ഒഴിച്ചുമാത്രമാണ്. ഭൎത്താവാകട്ടെ ഭാൎയ്യ വാങ്ങിയ കടം തീൎക്കാതെ പോകുന്നതായാൽ, തീൎക്കാമെന്നു സമ്മതിച്ചിട്ടില്ലെങ്കിൽക്കൂടി, അവനെ പിടിക്കാവുന്നതാണ്.

ധനികൻെറ വാദത്തെ ധാരണികൻ സമ്മതിക്കുന്നതായാൽ വ്യവഹാരനിൎണ്ണയം ഉത്തമമാകുന്നു. സമ്മതിക്കുന്നില്ലെങ്കിലാകട്ടെ അതിങ്കൽ സാക്ഷികൾ പ്രമാണമാണ്. സാക്ഷികൾ പ്രാത്യയികന്മാരും (വിശ്വാസ്യന്മാർ) ശുചികളും സമ്മതന്മാരും ആയിരിക്കണം. ചുരുങ്ങിയതു മൂന്നു സാക്ഷികൾ ഉണ്ടായിരിക്കേണ്ടതാണ്. ജ്ഞാതത്തിൻെറ കാൎയ്യത്തിൽ ഇരുകക്ഷികളും സമ്മതിക്കുന്നപക്ഷം രണ്ടു സാക്ഷികളായാലും മതിയാകുന്നതാണ്. എന്നാൽ ഒരിക്കലും ഒരു സാക്ഷി മാത്രമാകുവാൻ പാടില്ല.

സ്യാലൻ, സഹായൻ (കൂട്ടുകാരൻ), ആബദ്ധൻ (തടവുകാരൻ), ധനികൻ, ധാരണികൻ, ശത്രു, ന്യംഗൻ, ധൃതദണ്ഡൻ (ദണ്ഡമനുഭവിച്ചവൻ) എന്നിവരെ സാക്ഷികളാക്കുവാൻ പാടില്ല. മുൻപ് അവ്യവഹാൎയ്യന്മാരായി പറയപ്പെട്ടവരും * സാക്ഷികളാവാൻ പാടില്ല. രാജാവ്, ശ്രോത്രിയൻ, ഗ്രാമഭൃതകൻ, കുഷ്ഠരോഗി, വ്രണമുള്ളവൻ, പതിതൻ, ചണ്ഡാലൻ, കുത്സിതകൎമ്മം ചെയ്യുവൻ,

* അവ്യവഹാൎയ്യന്മാരായി പറയപ്പെട്ടവർ=ഭാൎയ്യാഭൎത്താക്കന്മാർ, പിതാപുത്രന്മാർ മുതലായി തമ്മിൽതമ്മിൽ വ്യവഹാരം ചെയ്യാൻ പാടില്ലാത്തവരെന്നു മുൻപു പറയപ്പെട്ടവർ.

അന്ധൻ, ബധിരൻ, മൂകൻ, അഹംവാദി (ഞാൻ സാക്ഷിയാകാമെന്നു പറഞ്ഞു വന്നവൻ), സ്ത്രീ, രാജപുരുഷൻ എന്നിവൎക്കും സാക്ഷികളാകുവാൻ പാടില്ല. സ്വാതന്ത്ര്യന്മാർ ഒഴിച്ചുള്ളവരെ വേണം സാക്ഷികളാക്കുവാൻ.

എന്നാൽ പാരുഷ്യം, സ്തേയം, സ്ത്രീസംഗ്രഹണം എന്നിവയിൽ ശത്രുവും, സ്യാലനും, സഹായനും ഒഴികെയുള്ളവൎക്കു സാക്ഷികളാകാം. രഹസ്യവ്യവഹാരങ്ങളിൽ യദൃച്ഛയാ സംഗതി കേട്ടോ കണ്ടോ അറിഞ്ഞ ഒരു സ്ത്രീയോ ഒരു പുരുഷനോ സാക്ഷിയാവുന്നതിന്നു വിരോധമില്ല. എന്നാൽ അപ്രകാരം സാക്ഷിയാവുന്നതു രാജാവിനേയും താപസനേയും ഒഴിച്ചുള്ളവൎക്കു മാത്രമേ പാടുള്ളൂ.

സ്വാമികൾ ഭൃത്യന്മാൎക്കും, ഋത്വിക്കുകളും ആചാൎയ്യന്മാരും ശിഷ്യന്മാൎക്കും, മാതാപിതാക്കന്മാർ പുത്രന്മാൎക്കും, നിഗ്രഹം (ബലാൽക്കാരം) കൂടാതെ സാക്ഷ്യം വഹിക്കാം; മററുള്ളവർ അവൎക്കും (ഭൃത്യാദികൾ സ്വാമ്യാദികൾക്കും) സാക്ഷ്യം വഹിക്കാം. ഇപ്പറഞ്ഞവർ പരസ്പരം ചെയ്യുന്ന അഭിയോഗങ്ങളിൽ ഉത്തമന്മാരായവർ (സ്വാമി, ഋത്വിക്ക് തുടങ്ങിയവർ) പരാജിതന്മാരായാൽ അഭിയുക്തസംഖ്യയുടെ പത്തിരട്ടിയും, അവരന്മാർ (ഭൃത്യശിഷ്യാദികൾ) പരാജിതന്മാരായാൽ അഞ്ചിരട്ടിയും മററവൎക്കു കൊടുക്കണം—ഇങ്ങനെ സാക്ഷ്യാധികാരം.

ബ്രാഹ്മണരേയും, ഉദകുംഭ (ജലകുംഭം) ത്തെയും അഗ്നിയേയും മുൻനിൎത്തിക്കൊണ്ടു വേണം സാക്ഷികളെ സ്വീകരിക്കുവാൻ. അവിടെവെച്ചു ബ്രാഹ്മണനായ സാക്ഷിയോടു "സത്യം പറയൂ" എന്നു പറയണം. ക്ഷത്രിയനോ വൈശ്യനോ ആയ സാക്ഷിയോടു "അസത്യം പറഞ്ഞാൽ നിനക്കു ഇഷ്ടാപൂൎത്തങ്ങളുടെ * ഫലം കിട്ടുകയില്ല, കലവും

* ഇഷ്ടാപൂൎത്തങ്ങൾ=ഇഷ്ടവും പൂൎത്തവും. ഇഷ്ടമെന്നാൽ യാഗം; പൂൎത്തം കൂപതടാകാദിനിൎമ്മാണം.

കയ്യിലെടുത്ത് ശത്രുവിൻെറ ഗ്രഹത്തിൽ ഭിക്ഷാർത്ഥിയായി ട്ട നീ പോകയും ചെയ്യും" എന്നു പറയണം. ശൂദ്രനോ ടു സാക്ഷിയോട് "അസത്യം പറഞ്ഞാൽ നിങ്ങൾ ജന്മമര ണാന്തരത്തിങ്കൽച്ചെയ്ത പുണ്യത്തിൻെറ ഫലം രാജാവിന്നു പോകും. രാജാവിൻെറ പാപം നിങ്ങൾക്കും കിട്ടും. ദ ണ്ഡവും നിങ്ങളെ പിൻതുടരും. പിന്നീടെങ്കിലും, കാണുക യും കേൾക്കുകയും ചെയ്തതുപോലെ സത്യം അറിയുകയും ചെയ്യും. അതുകൊണ്ടു നിങ്ങൾ ഒരുമിച്ച മന്ത്രണം ചെ യ്തു സത്യത്തെ പറയുവിൻ" എന്നു പറയണം.

ഏഴു ദിവസം കഴിഞ്ഞിട്ടും സാക്ഷികൾ സത്യത്തെ പറയാതിരുന്നാൽ അവൎക്കു ഓരോ ദിവസത്തേക്കു പന്ത്ര ണ്ടു പണം വീതം ദണ്ഡം. മൂന്നു പക്ഷങ്ങൾക്കു ശേഷം സാ ക്ഷികൾ സത്യം ബോധിപ്പിക്കാതിരിക്കുകയും വേറെ വിധ ത്തിൽ വാസ്തവം മനസ്സിലാകയും ചെയ്താൽ സാക്ഷികൾ അഭിയോഗദ്രവ്യം മുഴുവനും കൊടുക്കണം.

സാക്ഷികളുടെ വാക്കുകൾക്കു തമ്മിൽത്തമ്മിൽ വ്യ ത്യാസം കാണുന്നതായാൽ ഏതുപക്ഷത്തിലാണോ ശുചി കളും ജനസമ്മതന്മാരുമായ അധികം പേരുള്ളതു് ആ പ ക്ഷത്തെപ്പിടിച്ച നിൎണ്ണയംചെയ്യണം. അതല്ലെങ്കിൽ മ ധ്യപക്ഷത്തെ സ്വീകരിക്കുന്നതിന്നും വിരോധമില്ല. അ തിനെ ഇരുകക്ഷികളും സമ്മതിക്കാത്തപക്ഷം അഭിയോഗ ദ്രവ്യം രാജാവിന്നെടുക്കാം. സാക്ഷികൾ അഭിയോഗത്തിൽ പറയുന്നതിനെക്കാൾ ദ്രവ്യസംഖ്യ കുറച്ച പറയുന്നപക്ഷം അഭിയോക്താവു് (വാദി) അഭിയോഗത്തിൽ അധികമായി പ്പറഞ്ഞ ദ്രവ്യത്തിൻെറ ബന്ധം അടയ്ക്കണം. സാക്ഷികൾ ദ്രവ്യസംഖ്യ അധികമായിപ്പറഞ്ഞാൽ ആ അധികമായ സംഖ്യ രാജാവിന്നെടുക്കാം. അഭിയോക്താവിൻെറ ബാ ലിശ്യം (വിഡ്ഢിത്തം) കാരണം ദുഃശ്രുതമോ (നേരെ കേൾ

കപ്പെടാത്തതു്) ഉൽലിഖിതമോ (ഓലെ എഴുതപ്പെടാത്തതു്) ആയിട്ടുള്ളതും പ്രേതാഭിനിവേശം (ബന്ധുമരണദുഃഖത്താലുള്ള മനോഭ്രമം) നിമിത്തം വേണ്ടതുപോലെ എഴുതിയിട്ടില്ലാത്തതുമായ വ്യവഹാരത്തെക്കണ്ടാൽ അതിന്റെ നിൎണ്ണയം സാക്ഷികളെ പ്രമാണിച്ചിട്ടുതന്നെ ചെയ്യണം.

സാക്ഷികൾ ബാലിശ്യം കാരണം ഇടപാടിന്റെ ദേശം, കാലം, കാൎയ്യം എന്നിവയെപ്പററി വേറെ വേറെ ചോദിക്കുമ്പോൾ മാറി മാറി പറഞ്ഞാൽ ക്രമത്തിൽ * പൂൎവ്വസാഹസം, മധ്യമസാഹസം, ഉത്തമസാഹസം എന്നീ ദണ്ഡങ്ങൾ അവൎക്കു വിധിക്കണമെന്നു് ഉശനസ്സിന്റെ ശിഷ്യന്മാർ പറയുന്നു.

കൂടസാക്ഷികൾ (കള്ളസ്സാക്ഷികൾ) ഇല്ലാത്തതായ ഒരൎത്ഥത്തെ ഉള്ളതായിക്കല്പിക്കുകയോ, ഉള്ളതായ അൎത്ഥത്തെ ഇല്ലാതെകണ്ടാക്കുകയോ ചെയ്താൽ ആ അൎത്ഥത്തിന്റെ പതിരട്ടി അവൎക്കു ദണ്ഡം വിധിക്കണമെന്നു മനുശിഷ്യന്മാർ.

ബാലിശ്യം നിമിത്തം വാസ്തവമായ സംഗതിയെ വിസംവദിക്കുന്നവരായ സാക്ഷികളെ ചിത്രഘാതം (ചിത്രവധം) ചെയ്യേണമെന്നു ബൃഹസ്പതിശിഷ്യന്മാർ.

അരുതെന്നു കൌടില്യമതം. ധ്രുവന്മാരായ $ സാക്ഷികളെയാണു് വിസ്തരിക്കേണ്ടതു്. അങ്ങനെയുള്ളവർ സാക്ഷ്യത്തിന്നു വിളിച്ചിട്ടു സാക്ഷ്യം പറയാതിരുന്നാൽ അവൎക്കിരുപത്തിനാലു പണം ദണ്ഡം വിധിക്കണം; ധ്രുവന്മാരല്ലാത്തവൎക്കു അതിൽപ്പകുതിയും വിധിക്കണം.

---

* ദേശം മാററിപ്പറഞ്ഞാൽ പൂൎവ്വസാഹസം; കാലം മാററിപ്പറഞ്ഞാൽ മധ്യമസാഹസം, കാൎയ്യം മാററിപ്പറഞ്ഞാൽ ഉത്തമസാഹസം എന്നു താൽപൎയ്യം.

$ ധ്രുവന്മാർ=ഇടപാടു നടന്നതിന്റെ അയൽപക്കങ്ങളിലുള്ള നാട്ടു കുടുംബക്കാർ.

ദേശകാലസമീപസ്ഥ-
രാദയോരെസ്സാക്ഷിയാക്കണം;
ദൂരസ്ഥാനാഗതന്മാരെ
സ്വാമിവാക്യാൽ വരുത്തണം.

കൌടില്യൻെറ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, ഋണാദാനമെന്ന
പതിനൊന്നാമദ്ധ്യായം.

---

## പന്ത്രണ്ടാം അദ്ധ്യായം.

---

### അറുപത്തിനാലാം പ്രകരണം
### ഔപനിധികം.

ഋണത്തെപ്പറഞ്ഞതുകൊണ്ടു തന്നെ ഉപനിധി (സൂക്ഷിപ്പാനേല്പിച്ച ദ്രവ്യം) യേയും പറഞ്ഞുകഴിഞ്ഞു. *

ശത്രുസൈന്യമോ ആടവികസൈന്യമോ വന്നു ദുൎഗ്ഗത്തേയും രാഷ്ട്രത്തേയും നശിപ്പിക്കുക, പ്രതിരോധകന്മാർ ഗ്രാമത്തേയും സാൎത്ഥ (വണിക്സംഘം) ത്തേയും വ്രജത്തേയും നശിപ്പിക്കുക, ചക്രയുക്തമായ (രാജ്യത്തിന്നൊട്ടാകെയുള്ള) നാശം സംഭവിക്കുക, ഗ്രാമമദ്ധ്യത്തിൽ അഗ്നിബാധയോ വെള്ളപ്പൊക്കമോ ഉണ്ടാവുക, അഗ്നിബാധയിൽ അനിൎഹാൎയ്യങ്ങളായ (നീക്കംചെയ്വാൻ സാധിക്കാത്ത) വസ്തുക്കളെക്കഴിച്ചു കുപ്യവസ്തുക്കളെ കുറഞ്ഞൊന്നുമാത്രം നീ

---

* ഋണം യാതൊരു പ്രകാരം അതു വാങ്ങിയവൻെറ പുത്രാദികൾ മടക്കിക്കൊടുക്കേണമെന്നും, കൊടുക്കാത്തപക്ഷം സാക്ഷിവാക്യാദികളെ പ്രമാണമാക്കി ധൎമ്മസ്ഥന്മാർ കൊടുപ്പിക്കേണമെന്നും പറഞ്ഞുവോ അതുപ്രകാരം ഉപനിധിയെ സംബന്ധിച്ചും ചെയ്യേണമെന്നു താൽപൎയ്യം. ഉപനിധിയെപ്പോലെതന്നെ ആധികളെയും ഗ്രഹിക്കേണ്ടതാകുന്നു.

ക്കം ചെയ്യാതിരിക്കുകയോ ദ്രവ്യങ്ങളുടെ ഏതാനും ഭാഗം നീക്കം ചെയ്തപ്പോഴേയ്ക്കു ജ്വാലാവേഗംകൊണ്ട് ഉപരോധം നേരിടുകയോ ചെയ്തു, കപ്പൽ വെള്ളത്തിൽ മുങ്ങിപ്പോകയോ അതിൽ കള്ളന്മാർ കടന്നു കൊള്ളചെയ്തുവോ ചെയ്തു എന്നീ സംഗതികളിൽ സ്വയമുപാരൂഢ (ആ നാരക്ഷ കിട്ടിയവൻ) നായവൻ ഉപനിധിയെ മടക്കിക്കൊടുക്കേണ്ടതില്ല. ഉപനിധിയെ സ്വന്തം ആവശ്യത്തിനുപയോഗിക്കുന്നവൻ ദേശകാലാനുരൂപമായ ഭോഗവേതനം (അഴക്കൂലി) അതിന്റെ ഉടമസ്ഥനും, പന്ത്രണ്ടുപണം ദണ്ഡം രാജാവിനും കൊടുക്കണം. ദുരുപയോഗിച്ചതുകൊണ്ട് ഉപനിധിയായ ദ്രവ്യം നശിച്ചുപോകയോ ചീത്തയായിപ്പോകയോ ചെയ്താൽ ഉടമസ്ഥനു നഷ്ടം വച്ചുകൊടുക്കുന്നതിനു പുറമെ, രാജാവിന് ഇരുപത്തിനാലുപണം ദണ്ഡമടയ്ക്കുകയും ചെയ്യണം. മറെറാരു പ്രകാരത്തിൽ നിഷ്പതനം (അന്യസ്ഥലത്തേക്ക് കൊണ്ടുപോവുക) ചെയ്താലും ഇരുപത്തിനാലുപണം ദണ്ഡം. ഉപനിധി ഏററുവാങ്ങിയവൻ മരിച്ചുപോകയോ ആപത്തിലകപ്പെടുകയോ ചെയ്താൽ അതു തിരികെ ചോദിക്കുവാൻ പാടില്ല. ഉപനിധിദ്രവ്യത്തെ പണയപ്പെടുത്തുകയോ, വിക്രയം ചെയ്കയോ അപവ്യയനം ചെയ്തു (നിഷേധിച്ചു പറയുക) യോ ചെയ്താൽ ആ ദ്രവ്യത്തിന്റെ നാലിരട്ടി ഉപനിധാതാവിനു കൊടുക്കുകയും അതിന്റെ അഞ്ചിലൊന്നു രാജാവിനു ദണ്ഡമായി കൊടുക്കുകയും വേണം. ദ്രവ്യത്തെ പരിവർത്തനം (മാററം) ചെയ്കയോ അന്യസ്ഥലത്തേക്കു കൊണ്ടുപോകയോ ചെയ്താൽ അതിന്റെ വിലയ്ക്കു തുല്യമായ ദ്രവ്യം കൊടുക്കണം.

ഇപ്പറഞ്ഞതു കൊണ്ടുതന്നെ ആധി (പണയദ്രവ്യം) നശിക്കുകയോ, സ്വയം ഉപയോഗിക്കുകയോ, വിക്രയം ചെയ്കയോ, സ്വന്തം ആവശ്യത്തിനു പണയം വയ്ക്കുക

ക്കയോ, അപഹരിക്കുകയോ ചെയ്താലുള്ള വിധിയും പറഞ്ഞുകഴിഞ്ഞു.

രസോപകാരമായ (അനുഭവമുള്ളതായ) ആധി ഒരിക്കലും നശിക്കുകയില്ല; അതിന്റെ മൂല്യം വദ്ധിക്കുകയുമില്ല. നിരുപകാരമായ ആധി നശിച്ചുപോകയും, അതിന്റെ മൂല്യം വദ്ധിക്കുകയും ചെയ്യും. [എന്നാൽ ഇതു് നിസൃഷ്ടം (ഉപയോഗിക്കുവാനനുവാദം) ഉള്ളതിനെ ഒഴിച്ചുമാത്രമാണു്.] *

ആധിയായിക്കൊടുത്ത ദ്രവ്യത്തെ മടക്കിവാങ്ങുവാൻ ഒരുങ്ങിവന്ന ഉടമസ്ഥനു് അതു മടക്കിക്കൊടുക്കാതിരുന്നാൽ അങ്ങനെ ചെയ്യുവനു് പന്ത്രണ്ടുപണം ദണ്ഡം. പ്രയോജക (ഉത്തമർണ്ണൻ - ഋണദാതാവ്) ന്റെ അസന്നിധാനത്തിങ്കൽ, ഗ്രാമവൃദ്ധന്മാരുടെ കയ്യിൽ നിഷ്ക്രയം (പ്രതിമൂല്യം) സ്ഥാപിച്ചിട്ട് ആധിയെ മടക്കിവാങ്ങാവുന്നതാണു്. അല്ലാത്തപക്ഷം, നിഷ്ക്രയം സ്ഥാപിക്കുന്നതോടുകൂടി മേലാൽ പലിശയില്ലാത്തവിധം ആധിക്കു് വില കണക്കാക്കിയോ, ആധിക്കു് നാശവും വിലക്കുറവും വരികയില്ലെന്നു കരണം (രേഖ) ചെയ്യിച്ചോ അതു് അവിടെത്തന്നെ സൂക്ഷിക്കുന്നതിന്നും വിരോധമില്ല. വിനാശം ഭവിക്കുമെന്നു ഭയമുണ്ടായാൽ ധർമ്മസ്ഥന്മാരുടെ അനുവാദം വാങ്ങി ധാരണികന്റെ (അധമർണ്ണന്റെ) മുമ്പിൽവച്ചു് വർദ്ധിച്ച വിലയ്ക്കു വിൽക്കുകയും ചെയ്യാം. അതുമല്ലെങ്കിൽ ആധിപാലന്റെ (പണയ സാധനം സൂക്ഷിക്കുന്നവന്റെ) അഭിപ്രായം പ്രമാണിച്ചു് പ്രവൃത്തിക്കാം.

സ്ഥാവരമായിട്ടുള്ള ആധി പ്രയാസഭോഗ്യം (പ്രയ

---

* അടയാളത്തിനകത്തുള്ള വാക്യം ചില മൂലഗ്രന്ഥങ്ങളിൽ കാണുന്നില്ല. നിരുപകാരമായ വസ്തു ഉപയോഗിക്കുവാൻ അനുവാദംകൊടുക്കുകയെന്നതു് അസംഭാവ്യമാകയാൽ ഇതു പ്രക്ഷിപ്തമായിരിക്കണം.

ത്നം ചെയ്തു് അനുഭവിക്കാവുന്നതു്; ഭൂമി മുതലായതു്), ഫലഭോഗ്യം (സ്വപ്രയത്നം കൂടാതെ ഫലമനുഭവിക്കാവുന്നതു്) എന്നിങ്ങനെ ഭേദിക്കുന്നു. അങ്ങനെയുള്ള ആജീവനെ (ആധിയെ) പ്രത്യക്ഷപവൃദ്ധിമൂല്യം (പലിശ കൂട്ടുകയാലുള്ള മൂല്യവൃദ്ധി) കൂടാത്തവിധത്തിലും സ്വതേയുള്ള മൂല്യത്തിന്റ ക്ഷയം വരാത്തവിധത്തിലും പ്രത്യപ്പിക്കണം. അനുവാദം കൂടാതെ ആധിയെ ഉപഭുജിക്കുന്നവൻ താനനുഭവിച്ചേടത്തോളമുള്ളതിന്റെ മൂല്യം കൊടുക്കുകയും ബന്ധം (ദണ്ഡം) രാജാവിന്നു നൽകുകയും വേണം. ആധിയെ സ്സംബന്ധിച്ച ശേഷമുള്ള സംഗതികൾ ഉപനിധിയെപ്പറഞ്ഞതുകൊണ്ടു തന്നെ പറഞ്ഞുകഴിഞ്ഞു.

ഇതുകൊണ്ടുതന്നെ ആദേശം (മററൊരാൾക്കു കൊടുപ്പാനേല്പിച്ച ദ്രവ്യം), അന്വാധി (മററൊരു സ്ഥലത്തു് എത്തിച്ചുതരുവാൻ ഏല്പിച്ച ദ്രവ്യം) എന്നിവയും പറഞ്ഞു കഴിഞ്ഞു. അന്വാധിയുംകൊണ്ടു പോകുന്നവൻ വണിക്കുംഘത്തോടൊരുമിച്ചു പോയി ചോരന്മാർ പിടിച്ചു പറിച്ചുവിടുകയോ നിർദ്ദേശിക്കപ്പെട്ട സ്ഥലത്തു എത്തുവാൻ സാധിക്കാതെ വരികയോ ചെയ്താൽ അന്വാധിയെ അവനോടു ചോദിക്കുവാൻ പാടില്ല. അവൻ മാർഗ്ഗമദ്ധ്യത്തിൽ വച്ചു മരിച്ചുപോയെങ്കിൽ അവന്റെ ദായാദനും അതിന്നു ജെരവാദിയാകയില്ല. ശേഷം ഉപനിധിയെപ്പറഞ്ഞതുകൊണ്ടുതന്നെ പറയപ്പെട്ടു.

യാചിതകം (എരവൽ വാങ്ങിയതു), അവക്രീതകം (വാടകയ്ക്കു വാങ്ങിയതു) എന്നിവ വാങ്ങുമ്പോൾ യാതൊരുവിധത്തിലിരുന്നുവോ അതേ വിധത്തിൽത്തന്നെ മടക്കികൊടുക്കണം. ഭ്രേഷം (വീഴ്ച) പററുകയാലോ ഉപനിപാതം നിമിത്തമോ പറഞ്ഞുവച്ച ദേശകാലങ്ങളെത്തെററിച്ചു കൊടുക്കുകയോ നശിച്ചുപോകുകയോ ചീത്തയാകുകയോ

ചെയ്താൽ വാങ്ങിയവൻ ഉത്തരവാദിയാകയില്ല. ശേഷം ഉപനിധിയെപ്പറഞ്ഞതുകൊണ്ടു പറഞ്ഞു കഴിഞ്ഞു.

വൈയാവൃത്യവിക്രയം (ചില്ലറ വില്പന) എങ്ങനെയെന്നാൽ—വൈയാവൃത്യകരന്മാർ തങ്ങളുടെ സ്വാമി നിർദ്ദേശിച്ച സ്ഥലത്തും സമയത്തുംവെച്ച് പണ്യത്തെ വിൽക്കുകയും, വിററുകിട്ടിയ മൂല്യവും ലാഭവും കൊടുക്കുകയും ചെയ്യണം. [ശേഷം ഉപനിധിയെപ്പറഞ്ഞതുകൊണ്ടു പറഞ്ഞു കഴിഞ്ഞു * ] സ്ഥലകാലങ്ങളെ അതിക്രമിച്ചാൽ, പണ്യം തന്ന കാലത്തെ വില കണക്കാക്കി പരിഹീനമായ (കുറഞ്ഞ) വിലയും ലാഭവും കൊടുക്കണം. പറഞ്ഞു നിശ്ചയിച്ചതുപോലെയാണ് വിൽക്കുന്നതെങ്കിൽ ഇതു രണ്ടും കൊടുക്കേണ്ടതില്ല, വില മാത്രമേ കൊടുക്കേണ്ടു. അർഘപതനം (വിലയിടിവു) കാരണം കുറവു നേരിട്ടാൽ കുറഞ്ഞതിന്നനുസരിച്ച വില കുറച്ചുകൊടുത്താൽ മതി. സാംവ്യവഹാരികന്മാരുടെ (അന്യപണ്യങ്ങളെ വിററു ജീവിക്കുന്നവർ) വിഷയത്തിൽ, അവർ വിശ്വാസ്യന്മാരും രാജാവിനാൽ വിലക്കപ്പെടാത്തവരുമായിരിക്കുമ്പോൾ, ഭ്രേഷവും ഉപനിപാതവും കാരണം നശിക്കുകയോ കുറഞ്ഞുപോകയോ ചെയ്ത പണ്യത്തിൻെറ വിലയുംകൂടി അവർ കൊടുക്കേണ്ടതില്ല. ദേശകാലാന്തരിതങ്ങളായ (അന്യദേശത്തും അന്യകാലത്തും വിൽക്കുവാൻ ഏല്പിക്കപ്പെട്ടവ) പണ്യങ്ങൾക്കാകട്ടെ ക്ഷയവ്യയങ്ങൾ കഴിച്ചുള്ള വിലയും ലാഭവും കൊടുക്കുകയും വേണം. പണ്യങ്ങൾ പലതുമുണ്ടെങ്കിൽ അവയുടെ പ്രത്യംശവും കൊടുക്കണം. ശേഷം ഉപനിധിയെപ്പറഞ്ഞതുകൊണ്ടു പറഞ്ഞു കഴിഞ്ഞു—ഇങ്ങനെ വൈയാവൃത്യവിക്രയം.

നിക്ഷേപവും ഉപനിധിയെപ്പറഞ്ഞതുകൊണ്ടു പറ

* ഇതു പ്രക്ഷിപ്തമായിരിക്കണം.

ഞ്ഞു കഴിഞ്ഞു. ഒരാൾ നിക്ഷേപിച്ചതായ നിക്ഷേപം മറ്റൊരാൾക്ക് ഏല്പിച്ചുകൊടുത്താൽ അങ്ങനെ ചെയ്യുവൻ നഷ്ടം കൊടുക്കേണ്ടി വരും. കാരുക്കൾ നിക്ഷേപത്തെ അപഹരിക്കുന്നതിൽ അവരുടെ പൂർവ്വാപരാറ്റവും (പൂർവ്വചരിത്രം) നിക്ഷേപമേല്പിച്ചു കൊടുത്തവരുടെ വചനവും തന്നെ പ്രമാണം. കാരുക്കൾ സ്വതേതന്നെ അശുചിസ്വഭാവക്കാരാണ്. അവരുമായിച്ചെയ്യുന്ന നിക്ഷേപധർമ്മം കരണപൂർവ്വ (രേഖാമൂലം) മായിട്ടു ചെയ്യുകയും പതിവില്ല. കരണഹീനമായ നിക്ഷേപത്തെ കാരു നിഷേധിച്ചു പറയുന്നതായാൽ, നിക്ഷേപ്താവിന്നു രഹസ്യമായി അപേക്ഷിച്ചു ധർമ്മസ്ഥന്മാരുടെ അനുവാദം വാങ്ങി, താൻ നിക്ഷേപം കൊടുക്കുമ്പോൾ ഗൂഢമായ ഭിത്തിയിൽ ഇരുത്തിയിരുന്ന സാക്ഷികളെ ഹാജരാക്കാവുന്നതാണ്.

വനമദ്ധ്യത്തിൽവച്ചോ യാത്രാമദ്ധ്യത്തിൽവച്ചോ വിശ്വാസത്തിന്മേൽ മറ്റാരും കാണാതെകണ്ടു് വൃദ്ധനും രോഗിയുമായ ഒരു വൈദേഹകൻ കൃതലക്ഷണമായ (മുദ്രവച്ച) ഒരു ദ്രവ്യം ഒരാളുടെ കയ്യിൽ നിക്ഷേപിച്ചു പോയിരിക്കാം. അവന്റെ പ്രതിദേശം (സന്ദേശം) അനുസരിച്ചു അവന്റെ പുത്രനോ ഭ്രാതാവോ വന്നു് ആ നിക്ഷേപം യാചിക്കും. അപ്പോൾ നിക്ഷേപം കൊടുത്തുവെങ്കിൽ അതു വാങ്ങിയവന്നു് ശുദ്ധിവരും; കൊടുത്തില്ലെങ്കിൽ നിക്ഷേപം കൊടുക്കാത്തിന്നു പുറമെ, സ്തേയദണ്ഡം അടയ്ക്കുകയുംചെയ്യണം. ദൂരയാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വസ്തനായ ഒരുവൻ ഒരാളുടെ കയ്യിൽ മുദ്രവച്ചതായ ഒരു ദ്രവ്യത്തെ നിക്ഷേപിച്ചു പുറപ്പെട്ടിരിക്കാം; പിന്നീടു കാലാന്തരത്തിങ്കൽ അവൻ മടങ്ങിവന്നു നിക്ഷേപം ആവശ്യപ്പെടും. അപ്പോൾ അതു കൊടുത്തുവെങ്കിൽ വാങ്ങിയവൻ ശുദ്ധിയാകും; മറിച്ചായാൽ നിക്ഷേപവും സ്തേയദണ്ഡവും

കൊടുക്കേണ്ടി വരും. നിക്ഷേപം ഏററുവാങ്ങിയവൻെറ ഗൃഹത്തിൽ യഥോക്തലക്ഷണമായ ദ്രവ്യം കണ്ടെത്തിയാൽ അതു പ്രത്യാനയിക്കുകയും ചെയ്യാം. ബാലിശപ്രായനായ ഒരുവൻ രാത്രിയിങ്കൽ വിലപിടച്ചു ഒരു ദ്രവ്യവും കൊണ്ടു പോകുമ്പോൾ രാജദായികൾ (രാജപുരുഷന്മാർ) പിടിച്ചുവെങ്കിലോ എന്നു ഭയപ്പെട്ടു് ആ ദ്രവ്യം മറെറാരുവൻെറ കയ്യിൽ ഏല്പിച്ചുപോയിരിക്കാം. ആ നിക്ഷേപ്താവു് സംഗതിവശാൽ ബന്ധനാഗാരത്തിൽ പെടുകയും ദ്രവ്യം ആവശ്യപ്പെടുകയും ചെയ്തേക്കാം. അപ്പോൾ, കൊടുത്തുവെങ്കിൽ അവൻ ശുചിയാകും; ഇല്ലെങ്കിൽ നിക്ഷേപവും സ്തേയദണ്ഡവും കൊടുക്കേണ്ടിവരും.

ഒരുവൻെറ കൈവശമുള്ള ഒരു ദ്രവ്യം കണ്ടു് പ്രത്യഭിജ്ഞാനമുണ്ടായി അവൻെറ ഗൃഹത്തിൽചെന്നിട്ടു് ഒരാൾ ആ ദ്രവ്യത്തെയും അതു കൊടുത്ത ആളെയും ആവശ്യപ്പെട്ടേക്കാം. രണ്ടിലൊന്നു കൊടുക്കാത്തപക്ഷം മേൽപ്പറഞ്ഞതുപോലെ ചെയ്യണം.

ഈ സംഗതികളിൽ ദ്രവ്യങ്ങളുടെ ആഗമത്തെക്കുറിച്ചാണ് പ്രതിവാദികളോടു ധമ്മസ്ഥന്മാർ ചോദിക്കേണ്ടതു്. അവർ പറയുന്ന സംഗതിയെ വ്യവഹാര (ന്യായ) ങ്ങളെക്കൊണ്ടു് ഉപലിംഗനം (അനുമാനം) ചെയ്കയും, അഭിയോക്താവിന്നു് അഭിയുക്തദ്രവ്യം നിക്ഷേപിക്കുവാൻ തക്ക സാമത്ഥ്യം (യോഗ്യത) ഉണ്ടോ എന്നു നോക്കുകയും വേണം.

ഇതുകൊണ്ടു് മിഥസ്സമവായവും (രഹസ്സിങ്കൽവച്ചുള്ള സംയോഗം; ഗാന്ധവ്വവിവാഹാദി) പറയപ്പെട്ടു.

ദേശം, കാലം, സംഖ്യാ-
രൂപങ്ങളുമോതിവച്ചു സാക്ഷിയൊടും
വെളിവായും ചെയ്തീടണ-
മിടപാടുകൾ നിജജനത്തിലന്യരിലും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, ഔപനിധികമെന്ന
പന്ത്രണ്ടാമധ്യായം.

---

# പതിമ്മൂന്നാം അധ്യായം.

---

## അറുപത്തഞ്ചാം പ്രകരണം.

## ദാസകർമ്മകരകല്പം.

ഉദരദാസനെ (ചോറുകൊടുത്തു പോററുന്ന ദാസനെ) ഒഴിച്ച് ആര്യജീവിതനായും വ്യവഹാരപ്രാപ്തി വരാത്തവനായുമുള്ള ഒരു ശൂദ്രനെ അവന്റെ സ്വജനമാം വിക്രയം ചെയ്യുകയോ പണയപ്പെടുത്തുകയോ ചെയ്യുന്നതായാൽ പന്ത്രണ്ടു പണം ദണ്ഡം; അപ്രകാരമുള്ള ഒരു വൈശ്യനെ അങ്ങനെ ചെയ്താൽ അതിലിരട്ടി ദണ്ഡം; ക്ഷത്രിയനെയായാൽ മൂന്നിരട്ടി; ബ്രാഹ്മണനെയാണെങ്കിൽ നാലിരട്ടി. സ്വജനമല്ലാത്തവനാണ് മേൽപ്രകാരം ചെയ്തതെങ്കിൽ അതു ചെയ്തവനും ക്രേതാക്കൾ (വാങ്ങിയവർ)ക്കും ശ്രോതാക്കൾ (സാക്ഷികൾ)ക്കും യഥാക്രമം പൂർവ്വസാഹസം, മധ്യമസാഹസം, ഉത്തമസാഹസം, വധം എന്നിവ ദണ്ഡങ്ങൾ. *

മ്ലേച്ഛന്മാർക്ക് (അനാര്യന്മാർക്ക്) തങ്ങളുടെ സന്താന

---

* ശൂദ്രനെ ആധാനം ചെയ്താൽ പൂർവ്വസാഹസവും വൈശ്യനെയായാൽ മധ്യമസാഹസവും, ക്ഷത്രിയനെയാണെങ്കിൽ ഉത്തമസാഹസവും, ബ്രാഹ്മണനെയായാൽ വധവുമാണ് ദണ്ഡങ്ങളെന്നു താല്പര്യം.

ത്തെ വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യുന്നതിൽ ദോഷമില്ല. എന്നാൽ ആര്യനായിട്ടുള്ള ഒരുവന്ന് ഒരിക്കലും ദാസത്വം വരുത്തുവാൻ പാടില്ല. അഥവാ, കുടുംബത്തിന്നു ബന്ധനമോ ആര്യന്മാരായ അനേകംപേർക്ക് ആപത്തോ സംഭവിക്കുമ്പോൾ ആര്യനായ ഒരുവനെ അവൻെറ സ്വജനങ്ങൾ ആധാനംചെയ്താൽ (പണയപ്പെടുത്തിയാൽ) നിഷ്ക്രയം (പ്രതിമൂല്യം) സമ്പാദിച്ച് അങ്ങനെ ആധാനം ചെയ്യപ്പെട്ടവരിൽവച്ച് ബാലനായിട്ടുള്ളവനേയോ സാഹായ്യദാനം ചെയ്തിട്ടുള്ളവനേയോ ആദ്യം നിഷ്ക്രയിക്കണം (മോചിപ്പിക്കണം.)

ആത്മാധാതാവ് (തന്നെത്താൻ പണയപ്പെടുത്തിയവൻ) ഒരിക്കൽ നിഷ്പതിതനായാൽ (ചാടിപ്പോയാൽ) അവൻ പിന്നെ എന്നെന്നും ദാസനായിരിക്കും; മറെറാരുത്തനാൽ ആധാനം ചെയ്യപ്പെട്ടവൻ രണ്ടു പ്രാവശ്യം നിഷ്പതിതനായാൽപ്പിന്നെ എന്നെന്നും ദാസനായിരിക്കും; രണ്ടുപേരും (തന്നെത്താൻ പണയപ്പെടുത്തിയവനും അന്യനാൽ പണയമാക്കപ്പെട്ടവനും) ഒരിക്കലായാലും അന്യദേശത്തേക്കു പോയെങ്കിൽ എന്നെന്നും ദാസന്മാരായിത്തന്നെയിരിക്കും.

ദാസൻെറ ധനം അപഹരിക്കുകയോ അവൻെറ ആര്യത്വത്തെ അപഹരിക്കുകയോ ചെയ്യുന്നവന്ന് അർദ്ധദണ്ഡം (ആര്യൻെറ വിക്രയാധാനങ്ങളിൽ പറഞ്ഞതിൻെറ പകുതി ദണ്ഡം) വിധിക്കണം. പണയമായിക്കൊടുക്കപ്പെട്ടവൻ വാങ്ങിയവൻെറ ദോഷത്താൽ ചാടിപ്പോകയോ, മരിച്ചുപോകയോ, വ്യസനിയായിത്തീരുകയോ ചെയ്താൽ അവൻെറ മൂല്യം ആധാതാവിന്നു ലഭിക്കേണ്ടതാണ്.

ആധാനം ചെയ്യപ്പെട്ട ഒരു പുരുഷനെക്കൊണ്ട് ശ

വം എടുപ്പിക്കുകയോ മലമൂത്രങ്ങളും ഉച്ഛിഷ്ടവും (എച്ചിൽ) എടുപ്പിക്കയോ ചെയ്യുന്നതായാലും, അങ്ങനെയുള്ള സ്ത്രീകളെ നഗ്നസ്നാപനം (നഗ്നമായി കുളിപ്പിക്കുക), ദണ്ഡപ്രേഷണം (വടികൊണ്ടടിക്കുക), അതിക്രമണം (ചാരിത്രദൂഷണം) എന്നിവ ചെയ്യുന്നതായാലും അവരെ വാങ്ങുമ്പോൾ ധനികൻ കൊടുത്ത മൂല്യം നശിച്ചുപോകുന്നതാണ്. ധാത്രി (ഉപമാതാവ്), പരിചാരിക, അർദ്ധസീതിക (കൃഷകസ്ത്രീ), ഉപചാരിക എന്നിങ്ങനെയുള്ള സ്ത്രീകളെയാണ് മേൽപ്രകാരം ചെയ്തതെങ്കിൽ തൽക്ഷണംതന്നെ അവരുടെ ദാസ്യം വേർപെടുന്നതാണ്. ഉപചാരകവൃത്തിയെ ചെയ്യുന്ന അഭിജാതനായ ദാസനോട് അതിക്രമം പ്രവൃത്തിച്ചാൽ അവൻ അപക്രമണം (ഓടിപ്പോകുക) ചെയ്യുന്നതിൽ ദോഷമില്ല.

ധനികൻ തന്റെ അധീനതയിലിരിക്കുന്ന ധാത്രിയേയോ ആഹിതിക (ആധാനം ചെയ്യപ്പെട്ടവൾ) യെയോ, അവൾക്കങ്ങോട്ടു കാമമില്ലാത്തപക്ഷം, ഗമിച്ചാൽ പൂർവ്വസാഹസം ദണ്ഡം; പരവശയായിരിക്കുന്നവളെയാണ് മേൽപ്രകാരം ചെയ്തതെങ്കിൽ മദ്ധ്യമസാഹസം ദണ്ഡം. കന്യകയേയോ ആഹിതികയേയോ ആയവളെ തന്നെത്താൻ ദൂഷിപ്പിക്കുകയോ ദൂഷിപ്പിക്കുന്നതിന്ന് മറെറാരുവനെ പ്രേരിപ്പിക്കുകയോ ചെയ്താൽ അവൻ കൊടുത്ത മൂല്യം നഷ്ടപ്പെടുന്നതും, ശുല്കവും രാജാവിന്നു ശുൽക്കത്തിന്റെ ഇരട്ടി ദണ്ഡവും കൊടുക്കേണ്ടി വരുന്നതുമാണ്.

ആത്മവിക്രയിയുടെ (തന്നെത്താൻ വിററവന്റെ) സന്തതി ആര്യയായിത്തന്നെ ഇരിക്കുമെന്ന് അറിയേണ്ടതാണ്. ആത്മവിക്രയി തന്റെ സ്വാമിയുടെ പ്രവൃത്തിക്കു വിരോധം വരാതെ സമ്പാദിച്ച ധനം അവന്റേതായിത്തന്നെ ഇരിക്കും. അവന്നു പിതാവിന്റെ ദായം ല

ഭിക്കുകയും ചെയ്യും. സ്വാമിയോടു വാങ്ങിയ മൂല്യം മട ക്കികൊടുത്താൽ അവന്ന് ആൎയ്യത്വം ലഭിക്കുന്നതുമാണ്. ഇതുകൊണ്ട് ഉദരദാസനേയും ആഹിതനേയും പറഞ്ഞു കഴിഞ്ഞു *.

ആത്മവിക്രയിക്കു ദാസ്യമോചനം ലഭിക്കുന്നതിനു ള്ള നിഷ്ക്രയദ്രവ്യം അവൻ വാങ്ങിയിട്ടുള്ളതിന്നനുരൂപമാ യ സംഖ്യയാകുന്നു. ദണ്ഡപ്രണീതൻ (ദണ്ഡം വിധിക്കുക യാൽ ദാസനാക്കപ്പെട്ടവൻ) കൎമ്മം ചെയ്തു ദണ്ഡത്തെ തീ ൎക്കേണ്ടതാണ്.

അഭിജാതനായിട്ടുള്ള ധ്വജാഹൃതൻ (യുദ്ധത്തിൽപി ടിച്ചു ദാസനാക്കപ്പെട്ടവൻ) താൻ എത്രകാലം കൎമ്മം ചെ യ്തുവോ അതിന്നനുരൂപമായിട്ടുള്ള ഒരു മൂല്യം നിശ്ചയിച്ചു ആ മൂല്യത്തിന്റെ പകുതി കൊടുത്താൽ ദാസ്യത്തിൽനിന്നു മോചിക്കുന്നതാണ്.

ഗൃഹജാതൻ (സ്വാമിഗൃഹത്തിൽവച്ചു പിറന്ന വൻ), ദായാഗതൻ, ലബ്ധൻ, ക്രീതൻ എന്നിങ്ങനെയുള്ള വരിലൊരു ദാസനെ, അവൻ എട്ടു വയസ്സു തികയാത്തവ നും ബന്ധുഹീനനും അകാമനുമായിരിക്കുമ്പോൾ, നീച മായ പ്രവൃത്തിയിൽ നിയോഗിക്കുകയോ വിദേശത്തിങ്കൽ വിക്രയം ചെയ്കയോ ആധാനം ചെയ്കയോ ചെയ്യുന്നവ നും അവനെ വാങ്ങുന്നവനും വാങ്ങുന്നതിൽ സാക്ഷിയാ യിരിക്കുന്നവനും പൂൎവ്വസാഹസം ദണ്ഡം. ഗൎഭിണിയായ ഒരു ദാസിയെ ഗൎഭഭരണത്തിന്നുവേണ്ട ദ്രവ്യം കൊടുക്കാതെ വിക്രയം ചെയ്കയോ ആധാനം ചെയ്കയോ ചെയ്യുന്ന സം ഗതിയിലും ദണ്ഡം ഇതുതന്നെ.

---

* ഉദരദാസനും ആഹിതനും സ്വപ്രയത്നത്താൽ സമ്പാദിച്ച ധനവും പിതൃദായവും ലഭിയ്ക്കുന്നതിനും മൂല്യം കൊടുത്താൽ ദാസ്യത്തിൽ നിന്നു മോചിക്കുന്നതിനും അധികാരമുണ്ടെന്നു താല്പൎയ്യം.

ദാസൻ അനുരൂപമായ നിഷ്ക്രയം കൊടുക്കുമ്പോൾ അവനെ മോചിപ്പിച്ച് ആൎയ്യനാക്കിച്ചെയ്യാത്ത സ്വാമിക്കു പന്ത്രണ്ടു പണം ദണ്ഡം. അകാരണമായി തടങ്ങൽ ചെയ്യുന്നതായാലും ദണ്ഡം അതുതന്നെ.

ദാസന്റെ സ്വത്തിന്നു ജ്ഞാതികളാണ് അവകാശികൾ. ജ്ഞാതികളില്ലെങ്കിൽ സ്വാമി അവകാശിയാകും.

സ്വാമിക്കു തന്റെ ദാസിയിൽ പുത്രൻ ജനിച്ചാൽ അവനും അവന്റെ അമ്മയും ദാസ്യത്തിൽനിന്നു വേർപെട്ടവരായിത്തീരും. അങ്ങനെയുള്ള മാതാവ് ഗൃഹാസക്തയായിട്ടു കുടുംബകാൎയ്യത്തെ ചിന്തിക്കുന്നവളാണെങ്കിൽ അവളുടെ മാതാവും ഭ്രാതാവും സോദരിയും അദാസരായി ഭവിക്കുന്നതാണ്.

ദാസനെയോ ദാസിയെയോ ഒരിക്കൽ നിഷ്ക്രയംകൊടുത്തു വീണ്ടെടുത്തിട്ടു പിന്നെയും വിക്രയം ചെയ്കയോ ആധാനം ചെയ്കയോ ചെയ്യുന്നവന്നു പന്ത്രണ്ടു പണം ദണ്ഡം. അവർ വിക്രയാധാനങ്ങളെച്ചെയ്യാൻ സ്വയം സമ്മതിച്ചിട്ടാണെങ്കിൽ ദണ്ഡമില്ല—ഇങ്ങനെ ദാസകല്പം.

കൎമ്മകരന്റെ കൎമ്മസംബന്ധത്തെ (കൎമ്മം ചെയ്യുന്നതിൽ അവനും സ്വാമിയും തമ്മിലുള്ള ഏൎപ്പാടിനെ) അടുത്തുള്ളവർ അറിഞ്ഞിരിക്കണം. ഒരു കൎമ്മകരന്നു സ്വാമിയുമായിപ്പറഞ്ഞു നിശ്ചയിച്ച വേതനം ലഭിക്കുന്നതാണ്. പറഞ്ഞു നിശ്ചയിക്കാതിരുന്നാൽ പ്രവൃത്തിയുടേയും പ്രവൃത്തി ചെയ്ത കാലത്തിന്റെയും സ്ഥിതിക്കനുസരിച്ച വേതനം ലഭിക്കും. വേതനം നിശ്ചയിക്കാത്ത പക്ഷം കൎഷകനായ കൎമ്മകരന്നു സസ്യങ്ങളുടേയും, ഗോപാലകനായിട്ടുള്ളവന്നു നെയ്യിന്റെയും, വൈദേഹകനായിട്ടുള്ളവന്നു താൻ വിററ പണ്യങ്ങളുടേയും പത്തിലൊരു ഭാഗം വേതനമായിട്ടു ലഭിക്കും. വേതനം പറഞ്ഞു നിശ്ച

യിച്ചിട്ടുണ്ടെങ്കിലാകട്ടെ പറഞ്ഞപ്രകാരമുള്ളതു കിട്ടുന്നതാണ്.

കാരുക്കാം, ശില്പികാം, കുശീലവന്മാർ, ചികിത്സകന്മാർ, വാഗ്ജീവനന്മാർ, പരിചാരകന്മാർ മുതലായിട്ടുള്ള ആശാകാരികന്മാരുടെ (ആശയനുസരിച്ചു കൎമ്മംചെയ്യുന്നവരുടെ) വൎഗ്ഗമാകട്ടെ തദ്വിധനായ മറെറാരുത്തൻ ചെയ്യുന്നതുപോലെ കൎമ്മം ചെയ്യേണ്ടതും, കുശലന്മാർ (വിദഗ്ദ്ധന്മാർ) കല്പിക്കുമ്പോലെയുള്ള വേതനം അവൎക്കു കൊടുക്കേണ്ടതുമാണ്.

കൎമ്മവേതനത്തിന്റെ കാൎയ്യത്തിൽ സാക്ഷികാം തന്നെ പ്രമാണം. സാക്ഷികളില്ലാത്തപക്ഷം കൎമ്മകരന്മാരെക്കൊണ്ടു പണിയെടുപ്പിച്ചതാരോ അവനെ വിസ്തരിക്കണം. വേതനം നൽകാതിരുന്നാൽ ന്യായപ്രകാരം കൊടുക്കേണ്ടതിന്റെ പത്തിരട്ടിയോ, അല്ലെങ്കിൽ ആറുപണമോ ദണ്ഡം. വേതനം വാങ്ങിയ കൎമ്മകരൻ അതിനെ നിഷേധിച്ചു പറഞ്ഞാൽ പന്ത്രണ്ടുപണമോ, അഥവാ വാങ്ങിയതിന്റെ അഞ്ചിരട്ടിയോ ദണ്ഡം.

നദീവേഗം, അഗ്നിജ്വാല, ചോരബാധ, വ്യാളപീഡ എന്നിവയിൽപ്പെട്ട സമയത്തു് ഒരുവൻ ആൎത്തനായിട്ടു തന്റെ സൎവ്വസ്വത്തെയും ഭാൎയ്യാപുത്രന്മാരേയും തന്നേയും അടിമയാക്കിത്തരാമെന്നു മറെറാരാളോടു വിളിച്ചുപറയുകയും അവൻ ആയാളെ രക്ഷപ്പെടുത്തുകയും ചെയ്താൽ അങ്ങനെ രക്ഷപ്പെട്ടവൻ രക്ഷിച്ചവന്നു കുശലന്മാർ പറയുന്നതായ പ്രതിഫലം കൊടുത്താൽ മതിയാകുന്നതാണ്. ഇതുകൊണ്ടു എല്ലാസംഗതികളിലും ആൎത്തദാനത്തിനുള്ള അനുശയങ്ങാം പറഞ്ഞുകഴിഞ്ഞു.

സംഗം തെളിയുകിൽദണ്ഡഭാഗം
പുംശ്ചലിക്കു ലഭിച്ചിടും;
കൂട്ടിപ്പറഞ്ഞാൽ ദണ്ഡിക്കും
ഔദ്ധത്യം കാട്ടിയെങ്കിലും.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, ദാസകർമ്മകരകല്പമെന്ന
പതിമൂന്നാമദ്ധ്യായം.

---

## പതിന്നാലാം അദ്ധ്യായം.

---

### അറുപത്താറാം പ്രകരണം.

### കർമ്മകരകല്പം, സംഭൂയസമുത്ഥാനം.

വേതനം വാങ്ങിയിട്ടു കർമ്മം ചെയ്യാതിരിക്കുന്ന ഭൃതകന്നു പന്ത്രണ്ടു പണം ദണ്ഡം; കാരണം കൂടാതെയാണ് കർമ്മം ചെയ്യാത്തതെങ്കിൽ സംരോധിച്ചു കർമ്മം ചെയ്യിക്കണം.

അശക്തനാകകൊണ്ടോ, കുത്സിതകർമ്മത്തിന്നു നിയോഗിച്ചതുകൊണ്ടോ, വ്യാധിയോ വ്യസനമോ സംഭവിക്കകകൊണ്ടോ ആണ് കർമ്മം ചെയ്യാത്തതെങ്കിൽ അനുശയമോ (മോചനം), അന്യനെക്കൊണ്ടു ചെയ്യിപ്പാനനുവാദമോ ലഭിക്കും. അല്ലെങ്കിൽ, അവന്റെ ചെലവിന്മേൽ അന്യനെക്കൊണ്ടു കർമ്മം ചെയ്യിക്കുവാൻ ഭർത്താവിന്നു (സ്വാമിക്ക്) അധികാരം സിദ്ധിക്കും.

"നിങ്ങൾ അന്യനെക്കൊണ്ടു കർമ്മം ചെയ്യിക്കരുത്; ഞാൻ അന്യന്റെ പ്രവൃത്തി ചെയ്കയുമില്ല" എന്നിങ്ങനെ രണ്ടുപേരും തമ്മിൽ അവരോധം (സമയബന്ധം) ചെയ്തിട്ടുള്ളപ്പോൾ കർമ്മം ചെയ്യിക്കാതിരിക്കുന്ന സ്വാമി

ക്കും, ചെയ്യാതിരിക്കുന്ന ഭൃതകന്നും പന്ത്രണ്ടു പണം ദണ്ഡം. വേതനം വാങ്ങിയവൻ സ്വാമിയുടെ കൎമ്മം നിഷ്ഠാപനം (സമാപനം) ചെയ്യുന്നതിന്നുമുമ്പ് അദ്ദേഹത്തിന്റെ ഇച്ഛകൂടാതെ മറെറാരേടത്തു കൎമ്മം ചെയ്യരുത്.

കൎമ്മം ചെയ്വാനൊരുങ്ങി വന്ന ഭൃതകനെക്കൊണ്ടു സ്വാമി അതു ചെയ്യിക്കാതിരുന്നാൽ ആ കൎമ്മം ചെയ്തതായിത്തന്നെ വിചാരിക്കണമെന്ന് ആചാൎയ്യന്മാർ അഭിപ്രായപ്പെടുന്നു.

അരുതെന്നു കൌടില്യമതം. ചെയ്ത പണിക്കാണു വേതനം, ചെയ്യാത്തതിന്നല്ല. അല്പമെങ്കിലും ചെയ്യിച്ചിട്ടു പിന്നെ ചെയ്യിക്കാതിരിക്കുന്നതായാൽ ആ പ്രവൃത്തി ചെയ്തതായിട്ടുതന്നെ വിചാരിക്കാം. ദേശകാലങ്ങളെ തെററിച്ചോ പറഞ്ഞതുപോലെയല്ലാതേയൊ ചെയ്ത പ്രവൃത്തി, സ്വാമിക്കു ഇഷ്ടമില്ലാത്തപക്ഷം, ചെയ്തതായി സമ്മതിക്കുകയില്ല. പറഞ്ഞുവെച്ചതിൽ കൂടുതലായ പ്രവൃത്തി ഭൃതകനെക്കൊണ്ടു സ്വാമി ചെയ്യിച്ചുവെങ്കിൽ അവന്റെ പ്രയാസത്തെ നിഷ്ഫലമാക്കുവാനും പാടില്ല.

ഇതുകൊണ്ടുതന്നെ സംഘഭൃതന്മാരുടെ (സംഘമായിച്ചേൎന്ന് അന്യന്റെ പ്രവൃത്തിചെയ്യുന്നവർ) കാൎയ്യവും പറഞ്ഞുകഴിഞ്ഞു. അവരുടെ ആധി (സമയബന്ധം) പ്രവൃത്തി മുഴുമിക്കുവാൻ നിശ്ചയിച്ച കാലത്തിന്നുശേഷം ഏഴു ദിവസത്തേക്കുകൂടി നിൽക്കുന്നതാണ്. അതിന്നുശേഷം മറെറാരു ഭൃതകസംഘത്തെ വരുത്തി പ്രവൃത്തി മുഴുമിക്കാവുന്നതാണ്. സ്വാമിയെ അറിയിക്കാതെകണ്ട് ഒരുവനെ നീക്കുവാനോ കൂട്ടുവാനോ സംഘത്തിന്നധികാരമില്ല. ഇതിനെ അതിക്രമിച്ചു നടന്നാൽ സംഘത്തിന്ന് ഇരുപത്തിനാലു പണം ദണ്ഡം; അങ്ങനെ സംഘത്തിൽനിന്നു പോയവന്ന് അതിൽ പകുതി ദണ്ഡം—ഇങ്ങനെ ഭൃതകാധികാരം.

സംഘഭൃതന്മാർ, സംഭൂയസമുത്ഥാതാക്കൾ (സംഘമായിച്ചേർന്ന് കൃഷി, കച്ചവടം മുതലായവ ചെയ്യുന്നവർ) എന്നിവർ അന്യോന്യം പറഞ്ഞു നിശ്ചയിച്ചതുപോലെയോ, എല്ലാവരും സമമായിട്ടോ ലാഭത്തെ വിഭജിക്കണം.

കർഷകന്മാരും കച്ചവടക്കാരും, സസ്യങ്ങളുടേയോ പണ്യങ്ങളുടേയോ ആരംഭത്തിന്നും അവസാനത്തിന്നുമിടയിൽ ഒരുവൻ സന്ന (വ്യാധിതൻ) നായിത്തീർന്നാൽ അവൻ ചെയ്തേടത്തോളമുള്ള കർമ്മത്തിന്റെ പ്രത്യംശം കൊടുക്കണം. അവൻ തന്റെ പകരത്തിന്ന് മററൊരാളെ ആക്കിയിട്ടുണ്ടെങ്കിൽ മുഴുവൻ അംശവും കൊടുക്കണം. പണ്യങ്ങളെല്ലാമെടുത്തു യാത്ര പുറപ്പെടുവാൻ ഭാവിക്കുമ്പോൾ ഒരുവൻ സന്നനായെങ്കിൽ അവന്റെ പ്രത്യംശം അപ്പോൾത്തന്നെ കൊടുക്കണം. എന്തുകൊണ്ടെന്നാൽ, വഴിയിൽ പണ്യങ്ങളുടെ സിദ്ധിയുമസിദ്ധിയും അനിശ്ചിതമാണല്ലോ. കൂട്ടായിട്ടുള്ള കർമ്മം ആരംഭിച്ചതിന്നുശേഷം സ്വസ്ഥനായിട്ടുള്ള ഒരുവൻ വിട്ടുപോയാലാകട്ടേ അവന്നു പന്ത്രണ്ടു പണം ദണ്ഡം. സംഭൂയസമുത്ഥാതാക്കളിൽവച്ച് ഒരുവന്ന് കൂട്ടത്തിൽനിന്നു പിരിഞ്ഞു പോകുവാൻ സ്വാതന്ത്ര്യമില്ല.

കൂട്ടായിച്ചേർന്നു ചോരവൃത്തി ചെയ്യുന്നവരിൽവച്ച് ഒരുവനെയാകട്ടെ, അവന്ന് അഭയവും കൂട്ടക്കാർ കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ള പ്രത്യംശവും കൊടുക്കാമെന്നു പറഞ്ഞു പരിഗ്രഹിച്ച് അവൻമുഖേന മററു ചോരന്മാരെ പിടിക്കുകയും, അവന്നു നിശ്ചയപ്രകാരം പ്രത്യംശവും അഭയവും നൽകുകയും വേണം. അവൻ പിന്നീടു ചോരകർമ്മം ചെയ്കയോ അന്യദേശത്തേക്കു പോകയോ ചെയ്താൽ പ്രവാസനം (നാടുകടത്തൽ) ചെയ്യണം, മഹാപരാധങ്ങൾ ചെയ്താലാകട്ടെ ദൂഷ്യരെപ്പോലെ വധിക്കണം.

കൂട്ടായിച്ചേൎന്നു യജ്ഞകൎമ്മം ചെയ്യുന്ന യാജകന്മാർ തങ്ങളോരോരുത്തൎക്കും പ്രത്യേകമായുള്ള പ്രചാരദ്രവ്യം (ദക്ഷിണ) ഒഴിച്ച് ശേഷമുള്ള വേതനത്തെ പറഞ്ഞുനിശ്ചയിച്ചതുപോലെയോ, സമമായോ വിഭജിക്കണം. അഗ്നിഷ്ടോമം മുതലായ ക്രതുക്കളിൽ "ദീക്ഷണം" കഴിഞ്ഞതിനു മേൽ യാജകൻ സന്നനായാൽ അദ്ദേഹത്തിനു കിട്ടേണ്ടതിന്റെ അഞ്ചിലൊരംശം ലഭിക്കും; "സോമവിക്രയം" കഴിഞ്ഞതിനു ശേഷമായാൽ നാലിലൊരംശം ലഭിക്കും; "മധ്യമോപസത്തി" ലെ "പ്രവൎഗ്ഗ്യോദ്വാസനം" കഴിഞ്ഞതിനു ശേഷമാണെങ്കിൽ മൂന്നിലൊരംശം ലഭിക്കും; "മധ്യമോപസത്തു" കഴിഞ്ഞിട്ടാണെങ്കിൽ പകുതി അംശം ലഭിക്കും. സുത്യമെന്ന ക്രതുവിൽ "പ്രാതസ്സവനം" കഴിഞ്ഞതിനു ശേഷമായാൽ മുക്കാലംശവും, "മാധ്യംദിനസവനം" കഴിഞ്ഞതിൽപ്പിന്നെയായാൽ മുഴുവൻ അംശവും യാജകനു ലഭിക്കും. മാധ്യംദിനസവനം കഴിഞ്ഞാൽ ദക്ഷിണകളെല്ലാം കിട്ടിക്കഴിയുമല്ലൊ. ബൃഹസ്പതിസവനമൊഴിച്ചുള്ളവയിലെല്ലാം സവനംതോറും ദക്ഷിണകൾ കൊടുക്കുന്നതാണല്ലൊ. ഇതിനെ പറഞ്ഞതുകൊണ്ട് അഹൎഗ്ഗണദക്ഷിണകളുടെ കാൎയ്യവും പറഞ്ഞുകഴിഞ്ഞു.

വ്യാധിതന്മാരായിത്തീൎന്ന ഋത്വിക്കുകളുടെ കൎമ്മങ്ങൾ പത്തഹോരാത്രം കഴിയുന്നതുവരെ ശേഷമുള്ള ഋത്വിക്കുകൾ നിൎവ്വഹിക്കണം. അല്ലെങ്കിൽ അവൎക്കു വിശ്വാസമുള്ള മററാരെങ്കിലും അതു നിൎവ്വഹിക്കുന്നതിനും വിരോധമില്ല.

യജ്ഞകൎമ്മം സമാപ്തമാകുന്നതിനു മുമ്പു യജമാനൻ വ്യാധിതനായിച്ചമഞ്ഞാൽ ഋത്വിക്കുകൾ കൎമ്മത്തെ സമാപിപ്പിച്ചു ദക്ഷിണയെ എടുത്തുകൊള്ളണം.

യജ്ഞകൎമ്മം അസമാപ്തമായിരിക്കുമ്പോൾ യാജ്യനെ (യജമാനനെ) ത്യജിക്കുന്ന യാജകനും, യാജകനെ ത്യജിക്കുന്ന യാജ്യനും പൂൎവ്വസാഹസം ദണ്ഡം.

അനാശ്രിയായ ശതഗു,-
വയജ്വാവാം സഹസ്രഗു, *
മദ്യപൻ വൃഷലീകാന്തൻ,
ബ്രഹ്മഘ്നൻ, ഗുരുതല്പഗൻ,
അസൽപ്രതിഗ്രഹരതൻ,
സ്തേനൻ, നിന്ദിതയാജകൻ—
ഇമ്മട്ടുള്ളോരെയന്യോന്യം
തള്ളാം സങ്കരകാരണാൽ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, കർമ്മകരകല്പം—സംഭൂയസമുത്ഥാനം എന്ന പതിന്നാലാമദ്ധ്യായം.**

---

# പതിനഞ്ചാം അദ്ധ്യായം.

അറുപത്തേഴാം പ്രകരണം.

വിക്രീതക്രീതാനുശയം.

ഒരു പണ്യത്തെ വിക്രയംചെയ്തിട്ടു പിന്നെ കൊടുക്കാതിരിക്കുന്നവനു പന്ത്രണ്ടു പണം ദണ്ഡം; എന്നാൽ ദോഷം, ഉപനിപാതം, അവിഷഹ്യം എന്നിവയാലല്ലാതെ കൊടുക്കാതിരുന്നതെങ്കിൽ ഇതു ബാധകമല്ല.

ദോഷമെന്നാൽ പണ്യത്തിനുള്ള കേടാകുന്നു; രാജാവ്, ചോരന്മാർ, അഗ്നി, ജലം എന്നിവയിൽനിന്നു പണ്യത്തിനു സംഭവിക്കാവുന്ന അനർത്ഥമത്രെ ഉപനിപാതം; പണ്യം ബഹുഗുണഹീനമോ (വളരെ മട്ടമായു വില ഇടിഞ്ഞതു) ആർത്തകൃതമോ (രോഗിയാൽ നിർമ്മിക്കപ്പെട്ടത്) ആയിരിക്കുകയാണ് അവിഷഹ്യം.

---

* ശതഗു=നൂറു പശുക്കളുള്ളവൻ. സഹസ്രഗു=ആയിരം പശുക്കളുള്ളവൻ.

വണിക്കുകൾക്ക് ഒരു ദിവസമാണ് അനുശയ (വിററതിനേയോ വാങ്ങിയതിനേയൊ മോചിപ്പിക്കൽ)ത്തിനുള്ള കാലം. കർഷകന്മാർക്ക് അതിനുള്ള കാലം മൂന്നു ദിവസം; ഗോരക്ഷകന്മാർക്ക് അഞ്ചു ദിവസം. വ്യാമിശ്ര വർണ്ണക്കാർക്കും, ഉത്തമവർണ്ണക്കാർക്കും വൃത്തിയെ (ജീവിതനിർവ്വഹണത്തിന്നുതകുന്ന ഭൂമിയെ) വിക്രയംചെയ്യുന്നതിൽ ഏഴു ദിവസത്തെ അനുശയകാലമുണ്ട്.

ആതിപാതികങ്ങൾ (കാലാതിപാതത്തെ സഹിക്കാത്തവ)യായ പണ്യങ്ങൾ അധികദിവസം കഴിഞ്ഞാൽ അന്യസ്ഥലത്തു കൊണ്ടുപോയി വിൽക്കവാൻ പ്രയാസമുള്ളതുകൊണ്ട് അവയ്ക്ക് അതിന്നു വിരോധം വരാത്തവിധത്തിൽ അനുശയം കല്പിക്കേണ്ടതാകുന്നു. ഇതിനെ അതിക്രമിച്ചു നടന്നാൽ ഇരുപത്തിനാലു പണമോ, അപ്രകാരം വിററ പണ്യത്തിന്റെ വിലയിൽ പത്തിലൊരംശമോ ദണ്ഡം.

ഒരു പണ്യത്തെ വിലയ്ക്കു കൊണ്ടിട്ട് അതിനെ സ്വീകരിക്കാതിരിക്കുന്നവന്ന്, പണ്യത്തിന്റെ ദോഷമോ ഉപനിപാതമോ അവിഷഹ്യമോ കാരണമായിട്ടല്ലാത്തപക്ഷം, പന്ത്രണ്ടു പണം ദണ്ഡം. വിക്രേതാവിന്റെ സംഗതിയിൽ പറഞ്ഞതായ അനുശയംപോലെതന്നെയാണ് ക്രേതാവിന്റെയും അനുശയം.

വിവാഹങ്ങളെസ്സംബന്ധിച്ചാകട്ടെ ആദ്യത്തെ മൂന്നു വർണ്ണങ്ങൾക്കും (ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്ക്) പാണിഗ്രഹണം കഴിയുന്നതിന്നുമുമ്പ് ഉപാവർത്തനം (കന്യകയെ വേണ്ടെന്നുവയ്ക്കൽ) സിദ്ധമാകുന്നു (സാധുവാകുന്നു). ശൂദ്രക്ക് പ്രകർമ്മം (സംയോഗം)വരെ കന്യകയെ ഉപാവർത്തനം ചെയ്യാം. പാണിഗ്രഹണം കഴിഞ്ഞതിന്നുശേഷവും

സ്ത്രീപുരുഷന്മാൎക്കു് ഔപശായികമായ * ദോഷം ഉള്ളതായിക്കണ്ടാൽ ഉപാവൎത്തനം സിദ്ധമാകുന്നു. എന്നാൽ പ്രജോൽപാദനം കഴിഞ്ഞതിന്നുശേഷം ഉപാവൎത്തനം ചെയ്യാൻ പാടില്ല.

കന്യകയ്ക്കു് ഔപശായികദോഷം ഉള്ളതിനെ പറയാതെകണ്ടു് അവളെ വിവാഹംചെയ്തു കൊടുക്കുന്നവന്നു് തൊണ്ണൂറാറു പണം ദണ്ഡം. അവൻ ശുല്ക്കവും സ്ത്രീധനവും മടക്കിക്കൊടുക്കുകയും വേണം. വരദോഷമുള്ളതിനെ പറയാതെകണ്ടു കന്യകയെ വിവാഹം ചെയ്യുന്ന വരന്നു് മേൽപ്പറഞ്ഞതിന്റെ ഇരട്ടി ദണ്ഡം; അവന്നു ശുല്ക്കവും സ്ത്രീധനവും നഷ്ടപ്പെടുകയും ചെയ്യും.

ദ്വിപദങ്ങളുടേയും ചതുഷ്പദങ്ങളുടേയും വിക്രയത്തിങ്കൽ, കുഷ്ഠമുള്ളവയും മററു വ്യാധികളുള്ളവയും അശുചികളുമായിട്ടുള്ളവയെ ഉത്സാഹവും ആരോഗ്യവുമുള്ളവയും ശുചികളുമാണെന്നു പറഞ്ഞു വിററാൽ പന്ത്രണ്ടു പണം ദണ്ഡം.

ചതുഷ്പദങ്ങളുടെ ഉപാവൎത്തനത്തിന്നു മൂന്നു പക്ഷം കഴിയുന്നതുവരെയും, മനുഷ്യരുടെ ഉപാവൎത്തനത്തിന്നു് ഒരു സംവത്സരം തികയുന്നതുവരേയും കാലമുണ്ടു്. എന്തുകൊണ്ടെന്നാൽ, അത്രയും കാലംകൊണ്ടു് അവയുടെ ശൌചാശൌചങ്ങളെ അറിവാൻ സാധിക്കുന്നതുകൊണ്ടുതന്നെ.

കൊടുത്തോനും കൊണ്ടവനും
ദോഷം പററാത്ത മട്ടിലായ്

* ഔപശായികം = ഉപശയത്തോടു് സംബന്ധിച്ചതു്; സഹശയനത്തിന്നു വിരോധം വരുത്തുന്നതു് എന്നു താല്പര്യം. സ്ത്രീക്കു യോനിരോഗം മുതലായതും പുരുഷന്നു ക്ലൈബ്യം മുതലായതുമാണു് ഔപശായികദോഷം.

ധൎമ്മസ്ഥന്മാരനുശയം
ചെയ്‌വൂ ദാനക്രയങ്ങളിൽ.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ധൎമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, വിക്രീതക്രീതാനുശയമെന്ന പതിനഞ്ചാം അദ്ധ്യായം.**

---

# പതിനാറാം അദ്ധ്യായം.

---

## അറുപത്തെട്ടു മുതൽ എഴുപതുകൂടി പ്രകരണങ്ങൾ.

## ദത്താനപാകൎമ്മം, അസ്വാമിവിക്രയം, സ്വസ്വാമിസംബന്ധം.

ദത്തത്തിന്റെ (വാക്കാൽ ദാനംചെയ്യപ്പെട്ടതിന്റെ) അപ്രദാനം ഋണാദാനത്തെ പറഞ്ഞതുകൊണ്ടു പറഞ്ഞു കഴിഞ്ഞു. *

അവ്യവഹാൎയ്യം (വ്യവഹാരായോഗ്യം) ആയ വസ്തു ദത്തമായാൽ അതു് അനുശയത്തിനു വിഷയമായിരിക്കും. ഒരുവൻ തന്റെ സൎവ്വസ്വത്തേയും ഭാൎയ്യാപുത്രന്മാരേയും ആത്മാവിനെത്തന്നെയും ദാനം ചെയ്തുപോയാൽ ആ ദാനം അനുശയത്തിനു വിഷയമായിരിക്കും. ദുൎജ്ജനങ്ങളിൽ സജ്ജനബുദ്ധ്യാ ധൎമ്മദാനം ചെയ്താൽ അതും, ഔപഘാതികങ്ങളായ കൎമ്മങ്ങളിൽ ധൎമ്മദാനം ചെയ്താൽ അതും അനുശയത്തിനു വിഷയമായിരിക്കും. അനുപകാരികളോ അപകാരികളോ ആയിട്ടുള്ളവരിൽ അൎത്ഥദാനംചെയ്താൽ അതും, അനൎഹജനങ്ങളിൽ കാമദാനം ചെയ്താൽ അതും അനുശയത്തിനു വിഷയമായിരിക്കും. ഈ വക

---

* ദത്തമായ വസ്തു കൊടുത്തിട്ടില്ലെങ്കിൽ ഋണത്തെയെന്നപോലെ സാക്ഷ്യാദികളെക്കൊണ്ടു നിൎണ്ണയിച്ചു കൊടുപ്പിക്കേണമെന്നു സാരം.

സംഗതികളിൽ കുശലന്മാരായ ധൎമ്മസ്ഥന്മാർ, ദാതാവിന്നും പ്രതിഗ്രഹീതാവിന്നും ദോഷം വരുവാനിടയില്ലാത്ത വിധത്തിൽ അനുശയത്തെ കല്പിക്കണം. *

ദണ്ഡമോ ആക്രോശമോ അനൎത്ഥമോ നേരിടുമെന്നു പറഞ്ഞു ഭയപ്പെടുത്തി ഒരുവൻ മറെറാരുവനോടു ഭയദാനം വാങ്ങിയാൽ അതു വാങ്ങുന്നവന്നും കൊടുക്കുന്നവന്നും സ്തേയദണ്ഡം വിധിക്കണം. പരഹിംസയിങ്കൽ രോഷദാനം (ഹിംസകനു രോഷോൽപാദനം ചെയ്യുന്നതിനായുള്ള ദാനം), രാജാക്കന്മാരുടെ മേൽ ദൎപ്പദാനം (ദൎപ്പോൽപാദനത്തിന്നായുള്ള ദാനം) എന്നിവയിൽ ദാതാവിന്നും പ്രതിഗ്രഹീതാവിന്നും ഉത്തമസാഹസം ദണ്ഡം.

മരിച്ചുപോയ ഒരാളുടെ പ്രാതിഭാവ്യം (ജാമ്യം), ദണ്ഡശേഷം, ശുൽക്കശേഷം, ആക്ഷികം (ചൂതുകളിയിൽ വാതുപറഞ്ഞ ദ്രവ്യം), സൌരികം (സുരാപാനം കൊണ്ടുണ്ടായ കടം), കാമദാനം എന്നിവയെ അവന്റെ രിക്ഥഹരനായ പുത്രനോ ദായാദനോ, തങ്ങൾ കൊടുപ്പാൻ വിചാരിക്കുന്നില്ലെങ്കിൽ, കൊടുത്തുതീൎക്കേണ്ടതില്ല—ഇങ്ങനെ ദത്താനപാകൎമ്മം.

അസ്വാമിവിക്രയം (ഉടമസ്ഥനല്ലാത്തവൻ ചെയ്യുന്ന വില്പന) എങ്ങനെയെന്നാൽ:— നഷ്ടാപഹൃതമായ ഒരു ദ്രവ്യം ഒരുവന്റെ കയ്യിൽക്കണ്ടാൽ അതിന്റെ സ്വാമി (ഉടമസ്ഥൻ) അവനെ ധൎമ്മസ്ഥൻ മുഖേന പിടിപ്പിക്കണം. ധൎമ്മസ്ഥനെ അറിയിച്ചിട്ടായാൽ ദേശകാലാതിക്രമം നേരിടുമെന്നു കണ്ടാൽ താൻതന്നെ പിടിച്ചു ധൎമ്മസ്ഥന്റെ മുമ്പിൽ ഹാജരാക്കാവുന്നതാണ്. ധൎമ്മസ്ഥൻ

---

* അനുശയമെന്നാൽ ബോധിപ്പിക്കൽ. ഈ ഖണ്ഡികയിൽ പറയുന്ന ദാനങ്ങളെല്ലാം ദുഷ്ഫലപ്പെട്ടതായുള്ളവയാണ്. അങ്ങനെ ദുഷ്ഫലപ്പെടുത്തുന്നതു ധൎമ്മസ്ഥന്മാർ മുഖേന വേണ്ടതാകുന്നു.

ദ്രവ്യം കൈവശമുള്ള അവനോടു" "എവിടെനിന്നാണു നിനക്കിതു കിട്ടിയതു്" എന്നു ചോദിക്കണം. അവൻ ആചാരക്രമത്തെ (ദ്രവ്യം തന്റെ കയ്യിൽ വന്ന ക്രമത്തെ) കാണിക്കുകയും തനിക്കതു വിക്രയം ചെയ്തവനെ കാണിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം ആ ദ്രവ്യം കൊടുത്താൽ മോചിപ്പിക്കപ്പെടുന്നതാണ്. വിക്രേതാവിനെ കണ്ടെത്തുന്നപക്ഷം അവൻ ദ്രവ്യത്തിന്റെ മൂല്യവും സ്തേയദണ്ഡവും കൊടുക്കേണ്ടിവരും. വിക്രേതാവു് അപസാരത്തെ (അപരാധമുക്തിയെ) കാണിച്ചാൽ അവനും വിട്ടുപോകാവുന്നതാണു്. അപസാരം ഇല്ലാതാകുന്നതുവരെ ഇങ്ങനെ വിട്ടുപോകാവുന്നതാകുന്നു. അപസാരത്തിനു അറുതിവരുമ്പോൾ ദ്രവ്യമൂല്യവും സ്തേയദണ്ഡവും നൽകേണ്ടിവരും *

നഷ്ടവസ്തുവിനെസ്സംബന്ധിച്ചുള്ള സ്വകരണത്തെ (തന്റെ ഉടമസ്ഥതയെ കാണിക്കുന്ന രേഖയെ) പ്രദൎശിപ്പിച്ചാൽ അങ്ങനെ പ്രദൎശിപ്പിക്കുന്നവനു നഷ്ടപ്രത്യാഹൃതമായ (കളഞ്ഞുകിട്ടിയ) ദ്രവ്യം ലഭിക്കുന്നതാണ്. സ്വകരണം കാണിക്കാതെ നഷ്ടമായ ഒരു വസ്തുവിന്മേൽ അവകാശം പറയുന്നവനു് അതിന്റെ അഞ്ചിരട്ടി ദണ്ഡം. ആ ദ്രവ്യം രാജാവിനു ചേരുന്നതുമാണു്. നഷ്ടാപഹൃതമായ ഒരു ദ്രവ്യം രാജാവിനെ അറിയിക്കാതെ എടുക്കുന്ന സ്വാമിക്കു പൂൎവ്വസാഹസം ദണ്ഡം.

കളഞ്ഞുകിട്ടിയ ദ്രവ്യം ശുൽക്കശാലയിൽ സൂക്ഷിക്കേണ്ടതാണ്. മൂന്നുപക്ഷം കഴിഞ്ഞതിനുമേൽ അതു അ

* വിക്രേതാവിനുള്ള അപസാരം (അപരാധമുക്തി) തനിക്കതു വിക്രയംചെയ്ത മറെറാരുവനെ കാണിക്കുകയാണല്ലോ. അവൻ വേറെ ഒരു വിക്രേതാവിനെക്കാണിച്ചാൽ അവനും അപസാരം ലഭിക്കും. ഇങ്ങനെ പുവട്ടിലേക്ക് പുവട്ടിലേക്കു പോയാൽ എപ്പോൾ വേറെ ഒരു വിക്രേതാവിനെ കാണിപ്പാനില്ലാതെ വരുന്നുവോ അപ്പോൾ അപസാരത്തിനു അറുതിയാകും.

ഭിസാര (അന്വേഷിക്കുന്നവൻ)നില്ലാത്തതെന്ന നിലയിൽ രാജാവിന്നെടുക്കാം. സ്വകരണം ചെയ്താൽ ഉടമസ്ഥന്നു കൊടുക്കുകയുമാകാം. അപ്രകാരം ഉടമസ്ഥന്നു കൊടുക്കുന്ന വസ്തുക്കളിൽവച്ച് ദ്വിപദങ്ങൾ (രണ്ടു കാലുള്ളവ; ദാസാദികൾ)ക്കു അഞ്ചുപണവും, ഒററക്കുളമ്പുള്ള ജീവികൾക്കു നാലുപണവും, ഗോമഹിഷങ്ങൾക്കു രണ്ടുപണവും, ക്ഷുദ്രപശുക്കൾക്കു കാൽപണവും വീതം ഓരോ എണ്ണത്തിന്നു നിഷ്ക്രയം കൊടുക്കണം. രത്നം, സാരം, ഫല്ഗു, കുപ്യം എന്നിങ്ങനെയുള്ള വസ്തുക്കൾക്കു വിലയുടെ ആറിറിന്നഞ്ചുവീതമാണ് നിഷ്ക്രയം.

ശത്രുസൈന്യത്താലൊ ആടവികനാലോ അപഹൃതമായിട്ടുള്ള ദ്രവ്യങ്ങളെ രാജാവു വീണ്ടെടുത്താൽ അവ അതാതിന്റെ ഉടമസ്ഥന്മാൎക്കു കൊടുക്കണം.

ചോരഹൃതമായ ദ്രവ്യം തുമ്പുണ്ടായിട്ടും മുതൽ കിട്ടാതെ വന്നാൽ രാജാവ് സ്വദ്രവ്യങ്ങളിൽനിന്നെടുത്ത് അതുടമസ്ഥന്നു കൊടുക്കണം. വീണ്ടെടുത്തു കൊടുക്കുവാൻ തനിക്കു ശക്തിയില്ലാതെവന്നാൽ സ്വയംഗ്രാഹം (സ്വയമായി ചോരനെപ്പിടിക്കൽ) മുഖേന വീണ്ടെടുപ്പിക്കുകയോ, നിഷ്ക്രയം കൊടുക്കുകയോ ചെയ്യണം.

ശത്രുരാജ്യത്തുനിന്നു വിക്രമം പ്രകടിപ്പിച്ചു അപഹരിച്ചു കൊണ്ടുവന്ന ദ്രവ്യത്തെ രാജാവു കല്പിക്കുന്നതുപോലെ അതു കൊണ്ടുവന്നവന്നനുഭവിക്കാം. എന്നാൽ ആൎയ്യജീവിതന്മാരുടെ ദ്രവ്യങ്ങളും ദേവന്മാർ, ബ്രാഹ്മണർ, തപസ്വികൾ എന്നിവരുടെ ദ്രവ്യങ്ങളും ഒഴിച്ചുള്ള വസ്തുക്കൾ മാത്രമേ അങ്ങനെ അനുഭവിക്കുവാൻ പാടുള്ളൂ—ഇങ്ങനെ അസ്വാമിവിക്രയം.

സ്വസ്വാമിസംബന്ധം (മുതലുടമസ്ഥത്വം) എങ്ങനെയെന്നാൽ:—ഉച്ഛിന്നദേശങ്ങളായ (സാക്ഷിയില്ലാത്തവ)ദ്രവ്യങ്ങൾക്കു ഭോഗാനുവൃത്തി തന്നെ സ്വത്വത്തിങ്കൽ പ്രമാ

ണം *. ഒരുവൻ തന്റെ യാതൊരു ദ്രവ്യം അന്യന്മാരനുഭ വിക്കുന്നതിനെ പത്തു സംവത്സരം കാലം ഉപേക്ഷിച്ചിരിക്കുമ്പോ അവന്ന് അതിന്മേലുള്ള സ്വാമ്യം നശിക്കുന്നതാണ്. എന്നാൽ ബാലൻ, വൃദ്ധൻ, വ്യാധിതൻ, വ്യസനി, പ്രോഷിതൻ എന്നിങ്ങനെയുള്ളവക്കും ദേശത്യാഗം (നാടു വിട്ടു പോവുക), രാജ്യവിഭ്രമം എന്നീ സംഗതികളിലും ഇതു ബാധകമല്ല.

ഇരുപതു സംവത്സരം അവിച്ഛിന്നമായി അന്യൻ കൈവശംവച്ചുവന്ന വാസ്തു (ഗൃഹം) വിനെ മടക്കിച്ചോദിക്കുവാൻ പാടില്ല. എന്നാൽ, രാജാക്കന്മാർ സന്നിഹിതരല്ലാത്തപ്പോഴും, ജ്ഞാതികളോ ശ്രോത്രിയന്മാരോ പാഷണ്ഡന്മാരോ പരവാസ്തുക്കളിൽ താമസിച്ചിരുന്നാൽ അവർ കൈവശബലം കൊണ്ട് അവക്ക് കിട്ടുന്നതല്ല. ഉപനിധി, ആധി, നിധി, നിക്ഷേപം, സ്ത്രീ, സീമ, രാജദ്രവ്യം, ശ്രോത്രിയദ്രവ്യം എന്നിവയും ഇങ്ങനെതന്നെ.

ഒരു വാസ്തുവിൽ സ്ഥലം കുറവാണെങ്കിൽ അതിൽ വസിക്കുന്ന ആശ്രമികളോ പാഷണ്ഡന്മാരോ ആയവർ അന്യോന്യം ഉപദ്രവം വരാത്തവിധത്തിൽ താമസിക്കണം. അല്പമായ ഉപദ്രവത്തെ സഹിക്കുകയും വേണം. പൂർവ്വാഗതനായിട്ടുള്ളവൻ നവാഗതന്നു വാസപര്യായം (വാസാവകാശം) നൽകണം; നൽകാതിരുന്നാൽ അവനെ അതിൽനിന്നു നീക്കിക്കളയണം.

വാനപ്രസ്ഥൻ, യതി (സന്ന്യാസി), ബ്രഹ്മചാരി എന്നിവക്കു ക്രമത്തിൽ ആചാര്യൻ, ശിഷ്യൻ, ധർമ്മഭ്രാതാവ്, സതീർത്ഥ്യൻ എന്നിവർ രിക്ഥഹരന്മാർ (ദായാദന്മാർ)

* ഭോഗമെന്നാൽ കൈവശംവെച്ചനുഭവിക്കൽ. ഒരുവന്റെ കൈവശമിരിക്കൽതന്നെയാണ് അവൻ ഉടമസ്ഥനാണെന്നതിനു പ്രമാണമെന്നർത്ഥം.

ആയിരിക്കും. ഇവർ വിവാദപദങ്ങളിൽ അഭിയോഗങ്ങളിൽ പരാജിതന്മാരായാൽ പരാജയദണ്ഡമായി എത്ര പണം അടയ്ക്കുന്നുവോ അത്രദിവസം അവർ രാജാവിനുവേണ്ടി ക്ഷപണം (ഉപവാസം), അഭിഷേകം (സ്നാനം), അഗ്നികാര്യം (ഹോമം), മഹാകൃച്ഛ്രം (ചാന്ദ്രായണാദിമഹാവ്രതം) എന്നീ ശ്രേയസ്കരങ്ങളായ കർമ്മങ്ങൾ അനുഷ്ഠിക്കണം. ഹിരണ്യവും സ്വർണ്ണവും കൈവശമില്ലാത്ത പാഷണ്ഡന്മാർ സാധുക്കളാകുന്നു. അവർ അഭിയോഗങ്ങളിൽ പരാജിതരായാൽ പരാജയദണ്ഡത്തിനുപകരം ഉപവാസവ്രതാനുഷ്ഠാനങ്ങളെക്കൊണ്ടു രാജാവിനെ ആരാധിക്കണം. എന്നാൽ ഇതു് പാരുഷ്യം, സ്തേയം, സാഹസം, സംഗ്രഹണം എന്നീ കുറ്റങ്ങളിൽ ഒഴിച്ചുമാത്രമാണ്. അവയിൽ യഥോക്തങ്ങളായ ദണ്ഡങ്ങൾ തന്നെ വിധിക്കണം.

പ്രവ്രജിച്ച വ്യഭിചാരം
ചെയ്വോരിൽദ്ദണ്ഡമേററണം;
അധർമ്മഹതമാം ധർമ്മം
രാജാവിനെ ഹനിച്ചിടും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, ഋണാദാനം—അസ്വാമിവിക്രയം—സ്വസ്വാമിസംബന്ധം എന്ന പതിനാറാമധ്യായം.

---

## പതിനേഴാം അധ്യായം.

### എഴുപത്തൊന്നാം പ്രകരണം.

### സാഹസം.

സാഹസം (പിടിച്ചുപറി) എന്നതു് അന്വയത്തോടു (അനുഗമനം) കൂടിയ പ്രസഭകർമ്മം (ബലാൽഗ്രഹണം)

ആകുന്നു. * അന്വയത്തോടുകൂടാത്തതായാൽ സ്തേയമാകും. ഉടമസ്ഥനറിയാതെ ദ്രവ്യം എടുത്തു് അതിനെ നിഷേധിച്ചു പറയുന്നതും സ്തേയംതന്നെ.

രത്നം, സാരം, ഫല്ഗു, കുപ്യം എന്നീ വസ്തുക്കളുടെ സാഹസത്തിങ്കൽ അവയുടെ വിലയ്ക്കു സമമായ ദണ്ഡം വിധിക്കേണമെന്നു മനുശിഷ്യന്മാർ; വിലയുടെ ഇരട്ടി ദണ്ഡമെന്നു് ഉശനസ്സിൻെറ ശിഷ്യന്മാർ; അപരാധത്തിനു തക്കവിധമെന്നു കൌടില്യമതം.

പുഷ്പം, ഫലം, ശാകം, മൂലം, കന്ദം, പക്വാന്നം, ചൎമ്മം, വേണു, മൺപാത്രം മുതലായ ക്ഷുദ്രദ്രവ്യങ്ങളെ സാഹസം ചെയ്താൽ പന്ത്രണ്ടുപണം മുതൽ ഇരുപത്തിനാലു പണംവരെ ദണ്ഡം; ഇരുമ്പു്, മരം, രജ്ജുദ്രവ്യം (കയറു പിരിപ്പാനുള്ള സാധനങ്ങൾ), ക്ഷുദ്രപശുവാടങ്ങൾ മുതലായ സ്ഥൂലദ്രവ്യങ്ങളെ സാഹസംചെയ്താൽ ഇരുപത്തിനാലുപണം മുതൽ നാല്പത്തെട്ടുപണം വരെ ദണ്ഡം; ചെമ്പു്, വൃത്തം (പിച്ചള), ഓടു്, കാചം, ദന്തം (ആനക്കൊമ്പു്), പാത്രങ്ങൾ തുടങ്ങിയുള്ള സ്ഥൂലദ്രവ്യങ്ങളെ സാഹസം ചെയ്താൽ നാല്പത്തെട്ടുപണം മുതൽ തൊണ്ണൂററാറുപണംവരെ ദണ്ഡം. ഇതാണു് പൂൎവ്വസാഹസദണ്ഡം. മഹാപശുക്കൾ, മനുഷ്യർ, ക്ഷേത്രം (വയൽ), ഗൃഹം, സ്വൎണ്ണം, സ്വൎണ്ണനാണ്യം, നേരിയവസ്ത്രം മുതലായ സ്ഥൂലദ്രവ്യങ്ങളുടെ സാഹസത്തിങ്കൽ ഇരുനൂറുപണം മുതൽ അഞ്ഞൂറുപണം വരെ ദണ്ഡം. ഇതാണു് മദ്ധ്യമസാഹസദണ്ഡം. സ്ത്രീയേയോ പുരുഷനേയോ ബലാൽക്കാരേണ പിടിച്ചു ബന്ധിക്കുകയോ, മററൊരുത്തനെക്കൊണ്ടു ബന്ധിപ്പിക്കുകയോ, ബന്ധനത്തിലിരിക്കുന്ന അവരെ മോ

* അന്യനെ പിന്തുടൎന്നുചെന്നു ബലാൽക്കാരേണ അവനേയോ അവൻെറ കയ്യിലുള്ള ദ്രവ്യങ്ങളേയോ പിടിച്ചുപറിയ്ക്കുന്നതാണ് സാഹസമെന്നു താൽപൎയ്യം.

ചിപ്പിക്കുകയോ ചെയ്യുന്നവന്ന് അഞ്ഞൂറുപണം മുതൽക്ക ആയിരം പണംവരെ ദണ്ഡം. ഇതാണ് ഉത്തമസാഹസദണ്ഡമെന്ന ആചാര്യന്മാർ പറയുന്നു.

യാതൊരുവൻ "ഞാനാണ് ഇതിങ്കൽ പ്രതിപത്താവ് (ഉത്തരവാദി)" എന്നു പറഞ്ഞു അന്യനെക്കൊണ്ടു സാഹസത്തെ ചെയ്യിക്കുന്നുവോ അവൻ അപരാധാനുരൂപമായി വേണ്ടതിന്റെ ഇരട്ടി ദണ്ഡം അടയ്ക്കണം; യാതൊരുവൻ "നീയെത്ര ഹിരണ്യം ഉപയോഗിക്കുന്നുവോ അത്ര ഹിരണ്യം ഞാൻതരാം" എന്നു പറഞ്ഞു മറ്റൊരുത്തനെക്കൊണ്ടു സാഹസത്തെച്ചെയ്യിക്കുന്നുവോ അവൻ നാലിരട്ടി ദണ്ഡം അടയ്ക്കണം.

യാതൊരുവൻ "ഞാൻ നിനക്ക് ഇത്ര ദ്രവ്യം തരാം" എന്നിങ്ങനെ ദ്രവ്യസംഖ്യ നിശ്ചയിച്ച് അന്യനെക്കൊണ്ടു സാഹസം ചെയ്യിക്കുന്നുവോ അവൻ ആ നിശ്ചയിച്ച ഹിരണ്യവും, അതിന്നു പുറമെ ദണ്ഡവും കൊടുക്കേണമെന്നു ബൃഹസ്പതിശിഷ്യന്മാർ പറയുന്നു. എന്നാൽ അവൻ അങ്ങനെ ചെയ്യിച്ചതിന്നു കോപമോ മദമോ (മദ്യപാനത്താലുള്ള ചിത്തഭ്രമം) മോഹമോ ആണ് കാരണമെന്നു വാദിക്കുന്നതായാൽ യഥോക്തമായ ദണ്ഡംമാത്രം അവനെക്കൊണ്ടു അടപ്പിക്കേണമെന്നാണ് കൌടില്യമതം.

എല്ലാ ദണ്ഡത്തിലും കൊടുംവൃ
ആററിന്നെട്ടുള്ള രൂപവും,
നൂറിൽക്കവിഞ്ഞ ദണ്ഡത്തിൽ
വ്യാജി നൂററിന്നൊരഞ്ചുമേ.

പ്രജാദോഷബാഹുല്യത്താൽ
രൂപദോഷം നിമിത്തമേ

ചെയ്യും രൂപം, വ്യാജിയിവ-
യധർമ്മ്യം; ധർമ്മ്യമുകതവൽ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, സാഹസം എന്ന
പതിനേഴാമദ്ധ്യായം.

---

## പതിനെട്ടാം അദ്ധ്യായം.

---

എഴുപത്തിരണ്ടാം പ്രകരണം.

### വാക്പാരുഷ്യം.

ഉപവാദം (അംഗവൈകല്യാദികളെ പറയുക), കുത്സനം (കുഷ്ഠോന്മാദാദികളുണ്ടെന്നു പറയുക), അഭിഭർത്സനം (ഭീഷണിവാക്ക്) എന്നിവയാണ് വാക്പാരുഷ്യം.

ഒരാളുടെ ശരീരം, പ്രകൃതി (സ്ത്രീപുരുഷാദിലിംഗങ്ങൾ), ശ്രുതം (അറിവ്), വൃത്തി, ജനപദം എന്നിവയിൽ വച്ചു ശരീരത്തെ ഉപവദിച്ചുംകൊണ്ട് കാണൻ (ഒററക്കണ്ണൻ) ഖഞ്ജൻ (മുടന്തൻ) മുതലായിട്ടുള്ള വാക്കുകൾ പറഞ്ഞാൽ അതു സത്യമാണെങ്കിൽ മൂന്നു പണം ദണ്ഡം; അസത്യമാണെങ്കിൽ ആറു പണം ദണ്ഡം. കാണനോ ഖഞ്ജനോ മററോ ആയിട്ടുള്ളവരെ ശോഭനാക്ഷൻ (സുന്ദരനേത്രൻ), ശോഭനദന്തൻ ഇത്യാദി വാക്കുകളെക്കൊണ്ട് സ്തുതിനിന്ദചെയ്താൽ പന്ത്രണ്ടു പണം ദണ്ഡം. കുഷ്ഠരോഗി, ഉന്മാദി, ക്ലീബൻ ഇത്യാദിവാക്കുകളെക്കൊണ്ടു കുത്സനം ചെയ്താലും ഇതുതന്നെ ദണ്ഡം. സത്യമായിട്ടുള്ള നിന്ദ, മിഥ്യയായിട്ടുള്ള നിന്ദ, സ്തുതിനിന്ദ എന്നിവ തനിക്കു സമന്മാരായിട്ടുള്ളവരിൽ ചെയ്താൽ പന്ത്രണ്ടു പണം മുതൽക്ക് പന്ത്രണ്ടീതപണം അധികമായിട്ട് ദണ്ഡം വിധിക്ക

ണം *. വിശിഷ്ടന്മാരിൽ(തന്നെക്കാരം യോഗ്യതയുള്ളവർ) ചെയ്താൽ ഇതിന്റെ ഇരട്ടി ദണ്ഡം; ഹീനന്മാരിൽ (തന്നെക്കാരം താഴ്ന്നവരിൽ) ചെയ്താൽ സമന്മാരിൽ ചെയ്യുന്നതിന്നു പറഞ്ഞതിന്റെ പകുതി ദണ്ഡം; പരസ്ത്രീകളിൽ ചെയ്താൽ ഇരട്ടി ദണ്ഡം. എന്നാൽ പ്രമാദം, മദം, മോഹം മുതലായവ കാരണമായിട്ടാണ് ചെയ്തതെങ്കിൽ ഇപ്പറഞ്ഞ എല്ലാ ദണ്ഡങ്ങളും പകുതി റീതമേ വിധിക്കവാൻ പാട്ടുള്ളൂ.

കുഷ്ഠം, ഉന്മാദം എന്നിവ ഉണ്ടോ ഇല്ലയോ എന്ന കാര്യത്തിൽ ചികിത്സകന്മാരും സമീപവാസികളായ ആളുകളുംതന്നെ പ്രമാണമാകുന്നു. സ്ത്രീക്ക ക്ലൈബ്യം ഉണ്ടായിരുന്നാൽ മൂത്രത്തിൽ ഫേനം ഊറിക്കാണുകയും, മലം വെള്ളത്തിൽ താഴ്ന്നുപോകയും ചെയ്യും.

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, അന്താവസായി (ചണ്ഡാളൻ) എന്നിവരിൽവച്ചു പിൻപുപിൻപു പറഞ്ഞവർ മുൻപു മുൻപു പറഞ്ഞവരെപ്പററി പ്രകൃത്യപവാദം (സ്ത്രീത്വപുംസ്ത്വാദികളെസ്സംബന്ധിച്ച നിന്ദ) ചെയ്താൽ മൂന്നു പണം മുതൽക്ക മുമ്മൂന്നു പണം അധികമായിട്ടുള്ള ദണ്ഡങ്ങരം വിധിക്കണം; മുൻപു മുൻപു പറഞ്ഞവർ പിൻപു പിൻപു പറഞ്ഞവരെയാണ് പ്രകൃത്യപവാദം ചെയ്തതെങ്കിൽ ഈരണ്ടു പണം കുറവായിട്ടുള്ള ദണ്ഡങ്ങരം വിധിക്കണം. കുബ്രാഹ്മണൻ (നിന്ദ്യനായ ബ്രാഹ്മണൻ) എന്നു തുടങ്ങിയ വാഗ്ഗകളെക്കൊണ്ടു കുത്സനം ചെയ്താലും ദണ്ഡം ഇതുതന്നെ.

ഇതിന്നെപ്പറഞ്ഞതുകൊണ്ടു വാഗ്ജീവനന്മാരെപ്പററി ശ്രുതോപവാദം (അറിവിനെ നിന്ദിക്കുക) ചെയ്യുക,

---

* സത്യമായിട്ടുള്ള നിന്ദയിൽ പന്ത്രണ്ടു പണവും, മിത്ഥ്യാനിന്ദയിൽ ഇരുപത്തിനാലു പണവും, സ്തുതിനിന്ദയിൽ മുപ്പത്താറു പണവും ദണ്ഡമെന്നു അർത്ഥശാസ്ത്രം.

കാരുക്കളേയും കുശീലവന്മാരേയും കുറിച്ച് വൃത്ത്യപവാദം (തൊഴിലിനെ നിന്ദിക്കുക) ചെയ്യുക, പ്രാഗ്ഘൂണകന്മാർ (കിഴക്കെ ഹൂണരാജ്യത്തുള്ളവർ *), ഗാന്ധാരന്മാർ മുതലായവരെക്കുറിച്ച് ജനപദോപവാദം (ദേശനിന്ദ) ചെയ്യുക എന്നിവയേയും പറഞ്ഞുകഴിഞ്ഞു.

യാതൊരുവൻ "നിന്നെ ഞാൻ ഇങ്ങനെ ചെയ്യും" എന്നു പറഞ്ഞ് മറ്റൊരുത്തനെ ആംഗ്യംകൊണ്ട് അഭിഭത്സനം ചെയ്യുമോ അവന്നു വാസ്തവത്തിൽ ഭത്സനം ചെയ്താൽ വിധിക്കേണ്ടുന്ന ദ്രവ്യത്തിന്റെ പകുതി ദണ്ഡം വിധിക്കണം. ആംഗ്യംകൊണ്ടു ഭീഷണിപ്പെടുത്തിയതുപോലെ പ്രവൃത്തിപ്പാൻ അശക്തനായിട്ടുള്ളവൻ, കോപമോ മദമോ മോഹമോ കാരണമായിട്ടാണ് അങ്ങനെ പറഞ്ഞതെന്നു വാദിക്കുന്നതായാൽ അവന്നു പന്ത്രണ്ടു പണം ദണ്ഡം വിധിക്കണം. സജാതവൈരമുള്ളവനും അപകാരം ചെയ്വാൻ ശക്തനുമായിട്ടുള്ളവനാണ് മേൽപ്രകാരം പറയുന്നതെങ്കിൽ അവൻ ജീവിച്ചിരിക്കുന്ന കാലത്തോളം മര്യാദക്കാരനായിരിക്കുമെന്നുള്ളതിലേക്കു ജാമ്യം കൊടുക്കുകയും വേണം.

ദേശഗ്രാമങ്ങളെയും,<br>
കുലസംഘങ്ങളെയുമാവിധംതന്നെ<br>
ദേവക്ഷേത്രങ്ങളെയും<br>
കുത്സിച്ചാൽ പൂർവ്വസാഹസാദി ദമം ‡

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന<br>
മൂന്നാമധികരണത്തിൽ, വാക്പാരുഷ്യമെന്ന<br>
പതിനെട്ടാം അദ്ധ്യായം.

---

* ഇതിനു "പണ്ഡാരരാഷ്ട്രം" എന്നാണ് ഭാഷാടീകയിൽ അർത്ഥം പറഞ്ഞു കാണുന്നത്.

‡ ദേശഗ്രാമാദികളുടെ നിന്ദയിൽ യഥാക്രമം പൂർവ്വസാഹസം, മദ്ധ്യമസാഹസം, ഉത്തമസാഹസം എന്നിവ ദണ്ഡങ്ങളെന്നു താൽപര്യം.

# പത്തൊമ്പതാം അദ്ധ്യായം.

## എഴുപത്തിമൂന്നാം പ്രകരണം.

### ദണ്ഡപാരുഷ്യം.

സ്പർശനം, അവഗൂർണ്ണം (ഓങ്ങുക), പ്രഹതം (അടിക്കുക) ഇവയാണു് ദണ്ഡപാരുഷ്യം.

അന്യന്റെ നാഭിയുടെ താഴെയുള്ള അവയവങ്ങളെ കയ്യ്, ചളി, ഭസ്മം, പൊടി എന്നിവകൊണ്ടു സ്പർശിക്കുന്നവനു മൂന്നു പണം ദണ്ഡം; അശുദ്ധങ്ങളായ അവയവങ്ങൾകൊണ്ടുതന്നെയോ കാൽ, ഷ്ഠീവിക (തുപ്പൽ) എന്നിവകൊണ്ടോ സ്പർശിക്കുന്നവനു് ആറുപണം ദണ്ഡം; ഛർദ്ദി, മൂത്രം, പുരീഷം മുതലായവകൊണ്ടു സ്പർശിക്കുന്നവനു പന്ത്രണ്ടുപണം ദണ്ഡം. നാഭിയുടെ മേലെയുള്ള അവയവങ്ങളിൽ മേൽപറഞ്ഞവകൊണ്ടു സ്പർശിച്ചാൽ ഈ ദണ്ഡങ്ങൾതന്നെ ഇരട്ടി; ശിരസ്സിങ്കൽ സ്പർശിച്ചാൽ ഇവതന്നെ നാലിരട്ടി. ഇങ്ങനെയാണു് തനിക്കു സമന്മാരായവരിൽ സ്പർശനംചെയ്താലുള്ള ദണ്ഡം.

തന്നെക്കാൾ വിശിഷ്ടന്മാരായവരിൽ മേൽപ്പറഞ്ഞവയെച്ചെയ്താൽ മേൽപ്പറഞ്ഞ ദണ്ഡങ്ങൾ ഇരട്ടിയായിട്ടു വിധിക്കണം. തന്നെക്കാൾ ഹീനന്മാരായവരിൽ ചെയ്താൽ പകുതി ദണ്ഡങ്ങൾ മതിയാകുന്നതാണു്. പരസ്ത്രീകളിലായാൽ ഇരട്ടി വിധിക്കണം. പ്രമാദമദമോഹാദികൾ കാരണമായിട്ടാണു ചെയ്തതെങ്കിൽ പകുതിതന്നെ മതി.

പാദം, വസ്ത്രം, കയ്യ്, തലമുടി എന്നിവയിൽപ്പിടിച്ചാൽ ക്രമത്തിൽ ആറുപണം മുതൽക്കു് ആറാറുപണം അധികമായിട്ടുള്ള ദണ്ഡങ്ങൾ കല്പിക്കണം. പീഡനം (ഞെക്കുക), ആവേഷ്ടനം (ചുററിപ്പിടിക്കുക), അഞ്ജനം (മഷിതേയ്ക്കുക), പ്രകർഷണം (പിടിച്ചുവലിക്കുക), അദ്ധ്യാസനം

(മേൽകയറിയിരിക്കുക) എന്നിവ ചെയ്താൽ പൂൎവ്വസാഹസം ദണ്ഡം. നിലത്തുവീഴ്ത്തി ഓടിപ്പോകുന്നവന്നു പൂൎവ്വസാഹസത്തിന്റെ പകുതി ദണ്ഡം.

ശൂദ്രൻ ഏതംഗംകൊണ്ടു ബ്രാഹ്മണനെ അഭിഹനിക്കുന്നുവോ അവന്റെ ആ അംഗത്തെ ഛേദിച്ചുകളയണം; അവഗൂൎണ്ണം ചെയ്താൽ നിഷ്ക്രയം (ഛേദിക്കുന്നതിന്നു പകരമായ ദണ്ഡം) കൊടുത്താൽ മതി; സ്പൎശിക്കുകമാത്രം ചെയ്താൽ നിഷ്ക്രയത്തിൽ പകുതി കൊടുത്താൽ മതിയാകുന്നതാണ്. ഇതുകൊണ്ട് ചണ്ഡാലന്മാരുടേയും അശുചികളായ മററുള്ളവരുടേയും കാൎയ്യം പറഞ്ഞുകഴിഞ്ഞു.

കൈകൊണ്ട് അവഗൂൎണ്ണം ചെയ്താൽ ചുരുങ്ങിയതു മൂന്നു പണമോ കവിഞ്ഞതു പന്ത്രണ്ടു പണമോ ദണ്ഡം; കാലുകൊണ്ടായാൽ അതിലിരട്ടി ദണ്ഡം. ദുഃഖമുണ്ടാക്കുന്നതായ ഒരു ദ്രവ്യംകൊണ്ട് അവഗൂൎണ്ണം ചെയ്താൽ പൂൎവ്വസാഹസം ദണ്ഡം. പ്രാണാപായം വരുത്തുന്ന വസ്തുവിനെക്കൊണ്ട് അവഗൂൎണ്ണം ചെയ്താൽ മദ്ധ്യമസാഹസം ദണ്ഡം.

വടി, മൺകട്ട, കല്ല്, ഇരുമ്പുവടി, കയറ് എന്നീ വസ്തുക്കളിലൊന്നുകൊണ്ട് രക്തം പുറപ്പെടാത്തവിധം ദുഃഖം (പരുക്ക്) ഏല്പിക്കുന്നവന്ന് ഇരുപത്തിനാലുപണം ദണ്ഡം; രക്തം പുറപ്പെടുവിച്ചാൽ അതിലിരട്ടി ദണ്ഡം. എന്നാൽ ദുഷ്ടരക്തം പുറപ്പെടുന്നതിന്ന് ഇതു ബാധകമല്ല.

രക്തം പുറപ്പെടുവിക്കാതെകണ്ട് ആരം മൃതപ്രായനാകുമാറ് അടിക്കുകയോ, കൈകാലുകൾക്കു പരാഞ്ചിക (ഒടിവു മുതലായതു) യെ ജനിപ്പിക്കുകയോ ചെയ്യുന്നവന്നു പൂൎവ്വസാഹസം ദണ്ഡം. കയ്യോ കാലോ പല്ലോ മുറിക്കുക, കാതോ മൂക്കോ ഛേദിക്കുക, ദുഷ്ടവ്രണങ്ങളൊഴികെയുള്ള വ്രണങ്ങളെ പിളൎക്കുക എന്നിവ ചെയ്താലും പൂൎവ്വസാഹസം തന്നെ ദണ്ഡം. സക്ഥി (തുട) യോ കഴുത്തോ മുറിപ്പെടുത്തു

ക, കണ്ണുകൾ വ്രണപ്പെടുത്തുക, വാക്ക പറയുന്നതിന്നും ദേഹം കൊണ്ടു പ്രവൃത്തിക്കുന്നതിന്നും ഭക്ഷണം കഴിക്കുന്നതിന്നും തടസ്ഥം വരുത്തുക എന്നിവ ചെയ്താൽ മദ്ധ്യമസാഹസദണ്ഡവും സമുത്ഥാനവ്യയവും (എഴുനേററു നടക്കാറാകുന്നതുവരെയുള്ള ചികിത്സച്ചെലവു്) അടപ്പിക്കണം. ദേശകാലവിപത്തി * നേരിട്ടാൽ കുററക്കാരനെ കണ്ടകശോധനത്തിന്നായിട്ടയയ്ക്കണം.

മഹാജനങ്ങൾ ഒത്തുചേൎന്ന് ഒരുത്തനെ പ്രഹരിച്ചാൽ അതിൽപ്പെട്ട ഓരോരുത്തന്നും സാധാരണ വേണ്ടതിന്റെ ഇരട്ടി ദണ്ഡം വിധിക്കണം.

കലഹം, അഗാരപ്രവേശം (കള്ളവുമുതലൊളുക്കുക) എന്നീ അപരാധങ്ങൾക്ക കാലം പഴകിയാൽ പിന്നെ അഭിയോഗംചെയ്യാൻ പാടില്ലെന്ന് ആചാൎയ്യന്മാർ പറയുന്നു. എന്നാൽ അപകാരം ചെയ്യുവന്നു മോക്ഷം (മോചനം) അനുവദിക്കുവാൻ പാടില്ലെന്നാണ് കൌടില്യമതം.

കലഹം സംബന്ധിച്ച അഭിയോഗങ്ങളിൽ ആരാണൊ ആദ്യം ആവലാതി ബോധിപ്പിക്കുന്നതു് അവൻ ജയിക്കും; എന്തുകൊണ്ടെന്നാൽ സങ്കടം സഹിപ്പാൻ വയ്യാതാകുന്നവനാണല്ലോ അധികം വേഗത്തിൽ ഓടിവരിക.—എന്ന് ആചാൎയ്യന്മാർ പറയുന്നു. അങ്ങനെയല്ലെന്നാണ് കൌടില്യന്റെ അഭിപ്രായം. മുമ്പിൽവന്നവനായാലും ശരി, പിന്നീട്ടു വന്നവനായാലും ശരി, സാക്ഷികളുണ്ട് പ്രമാണം. സാക്ഷികളില്ലാത്തപക്ഷം ഘാതം (അടികൊണ്ടുള്ള പരുക്ക്) കൊണ്ടോ, കലഹോപലിംഗനം (കലഹത്തിന്റെ ഊഹം) കൊണ്ടോ പരമാൎത്ഥം നിൎണ്ണയിക്കണം.

---

* ദേശകാലങ്ങൾ ശരിപ്പെടായ്കയാൽ അപരാധിയെപ്പിടിപ്പാൻ സാധിക്കാതെയാകുന്ന സംഗതിയിൽ കുററംതെളിയിക്കുവാൻ കണ്ടകശോധനത്തിന്നയയ്ക്കണമെന്നു താൽപൎയ്യം.

ഘാതാഭിയോഗത്തിൽ പ്രതിവാദി അപ്പോൾത്തന്നെ പ്രതിവചനം പറയാതിരുന്നാൽ അന്നേദിവസംതന്നെ അവന്നു പശ്ചാൽക്കാരം (പരാജയം) ഭവിക്കുന്നതാണ്.

കലഹത്തിങ്കൽവച്ച് ദ്രവ്യത്തെ അപഹരിക്കുന്നവന്നു പത്തു പണം ദണ്ഡം; കലഹകാരികൾ ക്ഷുദ്രകദ്രവ്യങ്ങൾക്കു ഹിംസ വരുത്തിയാൽ അവയും വേറെ അത്രയും അടപ്പിക്കുകയാണ് ദണ്ഡം. സ്ഥൂലകദ്രവ്യങ്ങൾക്കു ഹിംസ വരുത്തിയാൽ അവയും വേറെ അവയുടെ ഇരട്ടിയും അടപ്പിക്കണം. വസ്ത്രം, ആഭരണം, സ്വർണ്ണം, സ്വർണ്ണനാണ്യം, പാത്രങ്ങൾ എന്നിവയ്ക്കു ഹിംസ വരുത്തിയാൽ ആ സാധനങ്ങൾ വേറെ കൊടുപ്പിക്കുകയും പൂർവ്വസാഹസദണ്ഡം അടപ്പിക്കുകയും വേണം.

അന്യന്റെ ഗൃഹഭിത്തിയെ അടിച്ച് ഇളക്കുന്നവന്നു മൂന്നു പണം ദണ്ഡം; അതിനെ മുറിക്കുകയോ പിളൎക്കുകയോ ചെയ്യുന്നവന്ന് ആറു പണം ദണ്ഡം; വീഴ്ത്തുകയോ ഭഞ്ജിക്കുകയോ ചെയ്യുന്നവന്ന് പന്ത്രണ്ടു പണം ദണ്ഡം വിധിക്കുകയും, നാശം വന്നതു നേരെയാക്കുവാനുള്ള ചെലവു കൊടുപ്പിക്കുകയും ചെയ്യണം. ദുഃഖമുളവാക്കുന്ന വസ്തുക്കളെ അന്യന്റെ ഗൃഹത്തിൽ പ്രക്ഷേപിക്കുന്നവന്നു പന്ത്രണ്ടു പണം ദണ്ഡം; പ്രാണാപായം വരുത്തുന്ന വസ്തുക്കളെ പ്രക്ഷേപിക്കുന്നവന്നു പൂർവ്വസാഹസം ദണ്ഡം.

ക്ഷുദ്രപശുക്കൾക്ക് വടി മുതലായവകൊണ്ട് ദുഃഖമുൽപാദിപ്പിക്കുന്നവന്നു ഒരു പണമോ രണ്ടു പണമോ ദണ്ഡം; രക്തം പുറപ്പെടുവിച്ചാൽ അതിന്റെ ഇരട്ടി ദണ്ഡം. മഹാപശുക്കൾക്കാണെങ്കിൽ ഇപ്പറഞ്ഞ സ്ഥാനങ്ങളിൽ ഇരട്ടി ദണ്ഡം വിധിക്കുകയും, സമുത്ഥാനവ്യയം കൊടുപ്പിക്കുകയും ചെയ്യണം.

നഗരത്തിലെ ഉദ്യാനത്തിൽ പുഷ്പങ്ങളും ഫലങ്ങളും തണലും കൊടുക്കുന്നവയായുള്ള വൃക്ഷങ്ങളുടെ പ്രരോഹ

ങ്ങളെച്ഛേദിച്ചാൽ ആറു പണം; ക്ഷുദ്രശാഖകളെച്ഛേദിച്ചാൽ പന്ത്രണ്ടു പണം; വലിയ കൊമ്പുകൾ മുറിച്ചാൽ ഇരുപത്തിനാലു പണം; സ്കന്ധം (തടി) മുറിച്ചാൽ പൂർവ്വസാഹസം; മുഴുവനും ഛേദിച്ചാൽ മദ്ധ്യമസാഹസം. പൂവും കായും തണലുമുള്ള ചെടികളേയും വള്ളികളേയുമാണു മേൽപ്രകാരം ചെയ്തതെങ്കിൽ മേൽപ്പറഞ്ഞതിന്റെ പകുതി ദണ്ഡം. പുണ്യസ്ഥാനം, തപോവനം, ശ്മശാനം എന്നിവയിലെ വൃക്ഷങ്ങളെ മേൽപ്രകാരം ചെയ്താലും പകുതി ദണ്ഡംതന്നെ.

സീമവൃക്ഷങ്ങൾ, ചൈത്യങ്ങൾ,
കാണ്മാൻകൊള്ളുന്ന ശാഖികൾ,
രാജാരാമദ്രുമമിവ
മുറിച്ചാൽ ദ്വിഗുണം ദമം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന
മൂന്നാമധികരണത്തിൽ, ദണ്ഡപാരുഷ്യമെന്ന
പത്തൊമ്പതാമദ്ധ്യായം.

---

## ഇരുപതാം അദ്ധ്യായം

### എഴുപത്തിനാലും എഴുപത്തഞ്ചും പ്രകരണങ്ങൾ
### ദ്യൂതസമാഹ്വയം, പ്രകീർണ്ണകങ്ങൾ.

ദ്യൂതാദ്ധ്യക്ഷൻ ദ്യൂതത്തെ (ചൂതുകളിയെ) ഏകമുഖമാക്കിച്ചെയ്യണം. ഗൂഢാജീവികളെ (ഗൂഢവൃത്തികളായ ചോരാദികളെ) അറിയുന്നതിനുവേണ്ടി, അന്യസ്ഥലത്തു ചൂതുകളിക്കുന്നവന്നു പന്ത്രണ്ടു പണം ദണ്ഡം കല്പിക്കുകയും വേണം.

ദ്യൂതം സംബന്ധിച്ചുള്ള അഭിയോഗത്തിൽ ജേതാവി

ന്നു (ദ്യൂതത്തിൽ ജയിക്കുന്നവന്നു) പൂൎവ്വസാഹസദണ്ഡവും പരാജിതന്നു മധ്യമസാഹസദണ്ഡവും വിധിക്കേണമെന്നു ആചാൎയ്യന്മാർ അഭിപ്രായപ്പെടുന്നു. പരാജിതൻ ബാലിശപ്രായനാകയാൽ തനിക്കു ജയം ലഭിക്കണമെന്നു കാംക്ഷിച്ചു് പരാജയം വരുന്നതിനെ ക്ഷമിക്കാത്തതിനാലാണു് ഇങ്ങനെ ചെയ്യേണ്ടതെന്നാണു് അവരുടെ യുക്തി *. എന്നാൽ ഇതരുതെന്നാണു് കൌടില്യമതം. കാരണം, പരാജയം വന്നവനു് ഇരട്ടി ദണ്ഡം നിശ്ചയിക്കുന്നതായാൽ ആരുംതന്നെ അഭിയോഗത്തിന്നുവേണ്ടി രാജാവിന്റെ അടുത്തു ചെല്ലുകയില്ല എന്നതുതന്നെ. കിതവന്മാർ (ചൂതുകളിക്കാർ) പ്രായേണ കൂടദേവനം (കള്ളച്ചൂതു്) കളിക്കുന്നവരായിരിക്കയും ചെയ്യും.

അവൎക്കു് വ്യാജമില്ലാത്ത കാകണികളെയും (ചുക്കിണികൾ) അക്ഷങ്ങളെയും (ചൂതുകരുക്കൾ) അധ്യക്ഷന്മാർ കളിസ്ഥലങ്ങളിൽ സ്ഥാപിക്കണം. അവയല്ലാതെ വേറെയുള്ള കാകണികളും അക്ഷങ്ങളും ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു പണം ദണ്ഡം. കൂടകൎമ്മം (കപടമായിട്ടുള്ള കാകണികളുടെയും അക്ഷങ്ങളുടെയും നിൎമ്മാണം) ചെയ്താൽ പൂൎവ്വസാഹസദണ്ഡം വിധിക്കുകയും, ജിതമായ ദ്രവ്യത്തെ പ്രത്യാദാനം ചെയ്കയും ചെയ്യണം. ഉപധി (കരുക്കളിൽ വ്യാജപ്രയോഗം) ചെയ്താൽ സ്തേയദണ്ഡവും വിധിക്കണം.

ചൂതുകളിയിൽ വാതുവച്ചു ജയിച്ച ദ്രവ്യത്തിൽനിന്നു നൂററിന്നഞ്ചുവീതവും കാകണികൾ, അക്ഷങ്ങൾ, അരലുകൾ (ചൎമ്മപട്ടങ്ങൾ), ശലാകകൾ എന്നിവയുടെ അവ

* ചൂതിൽ പരാജയം വന്നവൻ ചൂതുകളിയിൽ സാമൎത്ഥ്യമില്ലാത്തവനാണെന്നുള്ളതു് നിശ്ചയമാണല്ലോ. സാമൎത്ഥ്യമില്ലാത്തവൻ കളിക്കുമ്പോൾ അയാഥാൎത്ഥ്യമായ വിധം കളിച്ചിരിക്കുവാൻ കാരണമുണ്ടു്. അയാഥാൎത്ഥ്യമായ ജയത്തിൽ തൽപരനാകയാലാണു് പരാജിതന്നു ദ്വിഗുണദണ്ഡമെന്നു സാരം.

ക്രയവും (വാടക), ജലം ഭൂമി കർമ്മം എന്നിവയുടെ ക്രയവും അദ്ധ്യക്ഷൻ വസൂലാക്കണം. ചൂതുകളിക്കാർ ആധാനം ചെയ്കയോ വിക്രയം ചെയ്കയോ ചെയ്യുന്ന ദ്രവ്യങ്ങളെ അധ്യക്ഷൻ സ്വീകരിക്കണം. അക്ഷദോഷം, ഭൂമിദോഷം, ഹസ്തദോഷം എന്നിവയെ അധ്യക്ഷൻ പ്രതിഷേധിക്കാതിരുന്നാൽ അവയെ പ്രതിഷേധിക്കുമ്പോൾ താൻ വസൂലാക്കേണ്ടുന്ന ദണ്ഡത്തിന്റെ ഇരട്ടി അധ്യക്ഷനു ദണ്ഡം.

ഇതിനെപ്പറഞ്ഞതുകൊണ്ട് വിദ്യാവിഷയമായും ശില്പവിഷയമായുമുള്ളതൊഴിച്ച് ശേഷമുള്ള എല്ലാവിധം സമാഹ്വയവും (പോരിനുവിളി) പറഞ്ഞു കഴിഞ്ഞു. *

പ്രകീർണ്ണകമാവിതു:—എരവൽവാങ്ങിയതോ വാടകയ്ക്കു വാങ്ങിയതോ ആധാനമായി വാങ്ങിയതോ നിക്ഷേപമായി വാങ്ങിയതോ ആയ വസ്തുക്കൾ വാങ്ങുമ്പോൾ നിശ്ചയിച്ച സ്ഥലത്തും സമയത്തും കൊടുക്കാതിരിക്കുക, കൂട്ടായിച്ചേർന്നു നിശ്ചയിച്ച യാമത്തിലോ (രാത്ര്യംശം) ഛായയിലോ (ഛായാനാളിക; പകലിന്റെ അംശം) ഒത്തുചേർന്നിരിക്കേണ്ടതിൽ സ്ഥലകാലങ്ങളെ തെററിച്ചു നടക്കുക, ബ്രാഹ്മണനാണെന്നു വ്യാജം പറഞ്ഞു ഗുല്മദേയമോ (സൈന്യസങ്കേതത്തെക്കടന്നു പോകുമ്പോൾ കൊടുക്കേണ്ട ദ്രവ്യം) തരദേയമോ (കടവുകൂലി) കൊടുക്കാതെ പോവുക, പ്രതിവേശം (അടുത്ത ഗൃഹം) അനുപ്രവേശം (അനന്തര ഗൃഹം) എന്നിവയിൽ ക്ഷണിക്കാതെ അതിന്നപ്പുറമുള്ള ഗൃഹങ്ങളിൽ ക്ഷണിക്കുക എന്നിവ ചെയ്താൽ പന്ത്രണ്ടു പണം ദണ്ഡം.

സന്ദിഷ്ടമായ (അന്യനു കൊടുപ്പാനേല്പിച്ച) വസ്തു

---

* ദ്വിപദങ്ങളും ചതുഷ്പദങ്ങളുമായ പ്രാണികളെക്കൊണ്ടു ചൂതുകളിക്കുന്നതിലും ഇതുതന്നെയാണ് വ്യവസ്ഥയെന്നു സാരം.

വിനെ കൊടുക്കാതിരിക്കുന്നവനും, ഭ്രാതാവിന്റെ ഭാൎയ്യയെ കൈകൊണ്ടു തൊടുന്നവനും, മറെറാരുത്തൻ ഉപരോധിച്ചുവച്ചിരിക്കുന്ന ഗണികയെഗ്ഗമിക്കുന്നവനും, അന്യന്മാൎക്കു നിന്ദ്യമായിത്തോന്നുന്ന പണ്യത്തെ വില്ക്കുന്നവനും, മുദ്രവച്ചിട്ടുള്ള ഗൃഹത്തെ ഭേദിക്കുന്നവനും, അയൽപക്കത്തുള്ള നാല്പതു കുടുംബങ്ങൾക്കുപദ്രവം വരുത്തുന്നവനും നാല്പത്തെട്ടുപണം ദണ്ഡം.

കുലനീവി (കുടുംബത്തിനു പൊതുവിലുള്ള മൂലധനം) വാങ്ങിയിട്ടു നിഷേധിച്ചു പറയുക, സ്വച്ഛന്ദചാരിണിയായ വിധവയെ ബലാൽക്കാരേണ ഗമിക്കുക എന്നിവ ചെയ്യുന്നവനും, ആൎയ്യയായ സ്ത്രീയെ സ്പൎശിക്കുന്ന ചണ്ഡാലനും, അടുത്തുള്ളവന്ന് ആപത്തു വരുമ്പോൾ ഓടിച്ചെല്ലാതിരിക്കുകയോ അകാരണമായി ഓടിച്ചെല്ലുകയോ ചെയ്യുന്നവനും, ശാക്യന്മാർ ആജീവകന്മാർ മുതലായവരെയോ ശൂദ്രരെയോ പ്രവ്രജിതന്മാരെയോ ദേവപിതൃകാൎയ്യങ്ങളിൽ ഊട്ടുന്നവനും നൂറുപണം ദണ്ഡം.

അനുവാദം കൂടാതെ ശപഥവാക്യാനുയോഗം (ധൎമ്മസ്ഥന്മാർ മുമ്പാകെ സാക്ഷികളെക്കൊണ്ടു സത്യം ചെയ്യിക്കുവാനുള്ള ചോദ്യം) ചെയ്യുന്നവനും, യുക്തന്റെ (അദ്ധ്യക്ഷന്റെ) പ്രവൃത്തി ചെയ്യുന്ന അയുക്തനും, ക്ഷുദ്രപശുക്കളുടെയോ വൃഷങ്ങളുടെയോ പുംസ്ത്വത്തെ (ബീജശക്തിയെ) നശിപ്പിക്കുന്നവനും, ദാസിയുടെ ഗൎഭത്തെ ഔഷധംകൊണ്ട് അലസിപ്പിക്കുന്നവനും പൂൎവ്വസാഹസം ദണ്ഡം.

പിതാവ്-പുത്രൻ, ഭാൎയ്യ-ഭൎത്താവ്, ഭ്രാതാവ്-ഭഗിനി, അമ്മാമൻ-മരുമകൻ, ശിഷ്യൻ-ഗുരു എന്നിവരിൽ ഒരാൾ മറേറ ആളെ, അവൻ പതിതനല്ലാത്തപക്ഷം, ഉപേക്ഷിക്കുന്നതായാൽ പൂൎവ്വസാഹസം ദണ്ഡം. സാൎത്ഥ

വാഹനന്മാരോടുകൂടി യാത്രചെയ്യുന്ന ഒരാളെ അവർ ഗ്രാമമധ്യത്തിൽവച്ച് ഉപേക്ഷിച്ചാൽ പൂർവ്വസാഹസം ദണ്ഡം; വനമദ്ധ്യത്തിൽവച്ചായാൽ മധ്യമസാഹസം ദണ്ഡം; വനമധ്യത്തിൽവച്ച് ഭീഷണിപ്പെടുത്തി ഉപേക്ഷിക്കുന്നവന് ഉത്തമസാഹസം ദണ്ഡം. കൂടെ പുറപ്പെട്ടുപോയിട്ടുള്ള മറ്റുള്ളവക്ക് അർദ്ധദണ്ഡം.

ബന്ധിപ്പാൻ പാടില്ലാത്ത ഒരാളെ ബന്ധിക്കുകയോ ബന്ധിപ്പിക്കുകയോ ചെയ്യുന്നവനും, ബദ്ധനായിട്ടുള്ളവനെ മോചിക്കുകയോ മോചിപ്പിക്കുകയോ ചെയ്യുന്നവനും, വ്യവഹാരപ്രാപ്തിവരാത്ത ബാലനെ ബന്ധിക്കുകയോ ബന്ധിപ്പിക്കുകയോ ചെയ്യുന്നവനും ആയിരം പണം ദണ്ഡം. ഇതിൽ ആളുടെയും അപരാധത്തിന്റെയും ഭേദമനുസരിച്ചു ദണ്ഡത്തിലും ഭേദം ചെയ്യണം. തീർത്ഥയാത്രക്കാരൻ, തപസ്വി, രോഗി, വിശന്നു വലഞ്ഞവൻ, ദാഹിച്ചു പൊരിഞ്ഞവൻ, വഴിനടന്നു തളർന്നവൻ, തിരോജനപദൻ (വിദേശീയൻ), ദണ്ഡഖേദി (ദണ്ഡമനുഭവിച്ച് ക്ലേശിക്കുന്നവൻ), നിഷ്കിഞ്ചനൻ (യാതൊരു ധനവുമില്ലാത്തവൻ) എന്നിവരെയാണെങ്കിൽ അനുഗ്രഹം നൽകുകയും ചെയ്യണം.

ദേവന്മാർ (ദേവാലയാധികൃതന്മാർ), ബ്രാഹ്മണർ, തപസ്വികൾ, സ്ത്രീകൾ, ബാലന്മാർ, വൃദ്ധന്മാർ, രോഗികൾ എന്നിവർ അനാഥന്മാരാകനിമിത്തം സങ്കടമുണ്ടായിട്ടും ധർമ്മസ്ഥന്മാരുടെ മുമ്പാകെ ചെല്ലാത്തപക്ഷം അവരുടെ കാര്യങ്ങളെ ധർമ്മസ്ഥന്മാർ തന്നെ ചെയ്യണം. അവരുടെ ദ്രവ്യം ദേശകാലാതിപാതമോ രോഗച്ഛലമോ (കൈവശവ്യത്യാസം) കാരണം അധികം വസൂലാക്കുകയുമരുത്. വിദ്യ, ബുദ്ധി, പൌരുഷം, അഭിജനം (കുലം), കർമ്മം എ

ന്നിവയുടെ ഉൽകർഷം നോക്കി ധർമ്മസ്ഥന്മാർ ആളുകളെ പൂജിക്കുകയും വേണം. *

ഇത്ഥം കാര്യങ്ങൾ ധർമ്മസ്ഥർ
സർവ്വഭാവസമാനരായ്
വിശ്വാസ്യരായ് ലോകഹിത-
രായിച്ചെയ്‌വൂ ഛലം വിനാ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ധർമ്മസ്ഥീയമെന്ന മൂന്നാമധികരണത്തിൽ, ദ്യൂതസമാഹ്വയം—പ്രകീർണ്ണകങ്ങൾ എന്ന ഇരുപതാമധ്യായം.

ധർമ്മസ്ഥീയം മൂന്നാമധികരണം കഴിഞ്ഞു.

---

* വലിയ വിദ്വാന്മാർ, വലിയ ബുദ്ധിമാന്മാർ, വലിയ ഉത്സാഹമുള്ളവർ, വലിയ കുലീനന്മാർ, വലിയ കർമ്മം ചെയ്യുവർ എന്നിവരെ ആസനദാനാദികളെക്കൊണ്ടു ബഹുമാനിക്കണമെന്നു സാരം.

# കണ്ടകശോധനം. നാലാമധികരണം.

---

## ഒന്നാം അദ്ധ്യായം.

---

### എഴുപത്താറാം പ്രകരണം.

#### കാരുകരക്ഷണം.

പ്രദേഷ്ടാക്കന്മാർ മൂന്നുപേരോ, അമാത്യന്മാർ മൂന്നുപേരോ ചേർന്നു കണ്ടകശോധനത്തെ * ചെയ്യണം.

അർത്ഥപ്രതീകാരന്മാരും (നഷ്ടം സംഭവിച്ചാൽ പകരം ചോദിപ്പാൻ തക്ക സ്ഥിതിയിലുള്ളവർ), കാരുക്കളെ ശാസിക്കുന്നവരും, ഭേദപ്പെട്ട നിക്ഷേപ്താക്കളോടിടപെടുന്നവരും, സ്വവിത്തകാരുക്കളും (സ്വന്തം ധനംകൊണ്ട് ആഭരണാദികളെ നിർമ്മിക്കുന്നവർ), ശ്രേണീപ്രമാണന്മാരും (ശ്രേണിയെ=തൊഴിൽയോഗത്തെ പ്രമാണമാക്കിയവർ) ആയിട്ടുള്ള കാരുക്കൾ മാത്രമേ നിക്ഷേപത്തെ (പണിചെയ്യാനേല്പിക്കുന്ന ദ്രവ്യം) ഏറ്റുവാങ്ങുവാൻ പാടുള്ളൂ. അങ്ങനെ വാങ്ങിയ നിക്ഷേപത്തിനു സംഗതിവശാൽ നാശം സംഭവിച്ചാൽ ശ്രേണി അതിനെ ഭാഗംഭാഗമായി മടക്കിക്കൊടുക്കുകയും വേണം.

കാരുക്കൾ ദേശവും കാലവും കാര്യവും പറഞ്ഞു നിശ്ചയിച്ചിട്ടുവേണം പ്രവൃത്തി ചെയ്യാൻ. ദേശകാലകാര്യങ്ങളെ നിർദ്ദേശിച്ചിട്ടില്ലെന്നുള്ള കാരണത്താൽ പണിക്കു കാലാതിക്രമം വരുത്തിയാൽ വേതനത്തിൻ നാലിലൊന്നു

---

* കണ്ടകമെന്നാൽ മുള്ള്. മുള്ളുപോലെ ജനങ്ങൾക്കു ദ്രോഹകാരികളായിട്ടുള്ള കാരുക്കൾ, വൈദേഹകന്മാർ മുതലായവരെയാണ് പ്രകൃതത്തിൽ കണ്ടകന്മാരെന്നുപറയുന്നതു്; അവരുടെ ഉപദ്രവം ഇല്ലായ്മചെയ്യൽതന്നെ കണ്ടകശോധനം.

കുറയ്ക്കുകയും, വേതനത്തിന്റെ ഇരട്ടി ദണ്ഡം വസൂലാക്ക കയും വേണം. ഭ്രേഷം, ഉപനിപാതം എന്നിവയൊഴിച്ച് വല്ല കാരണങ്ങളാലും വരുന്ന നാശവും നഷ്ടവും അവർ വകവച്ചുകൊടുക്കുകയും വേണം. നിർദ്ദേശത്തിനു വിപരീതമായി പ്രവൃത്തി ചെയ്താൽ വേതനം നശിക്കുകയും, അതിന്റെ ഇരട്ടി ദണ്ഡം കൊടുക്കേണ്ടിവരികയും ചെയ്യും.

തന്തുവായന്മാർ (നെയ്ത്തുകാർ) വസ്ത്രം മുതലായതു നെയ്തുകൊടുക്കുമ്പോൾ ഏററുവാങ്ങിയ നൂലിന്റെ തൂക്കത്തെക്കാൾ നെയ്ത്തിന്റെ തൂക്കം പത്തു പലത്തിനു പതിനൊന്നു പലമായിട്ടു വർദ്ധിപ്പിച്ചുകൊടുക്കണം. ഈ വൃദ്ധിയിൽ കുറവുവന്നാൽ കുറഞ്ഞതിന്റെ ഇരട്ടി ദണ്ഡം. നെയ്ത്തുനൂലിന് എത്ര വിലയുണ്ടോ അത്രയാണ് വാനവേതനം (നെയ്ത്തുകൂലി). ക്ഷൌമം, കൌശേയം എന്നീ പട്ടുകൾക്ക നൂലിനുള്ള വിലയുടെ ഒന്നരക്കൊന്നരവീതവും പത്രോർണ്ണ, കംബളം, ദുകൂലം എന്നിവയ്ക്കു വിലയുടെ ഇരട്ടിയുമാണു നെയ്ത്തുകൂലി. നെയ്തുകൊടുത്ത വസ്ത്രം മാനഹീന (പറഞ്ഞതിനെക്കാൾ വലുപ്പം കുറഞ്ഞതു്) മായാൽ വലുപ്പത്തിൽ എത്ര അംശം കുറവുണ്ടോ അത്ര അംശം വേതനത്തിലും കുറയ്ക്കുകയും, അതിന്റെ ഇരട്ടി ദണ്ഡം വാങ്ങുകയും ചെയ്യണം. തുലാഹീന (തൂക്കം കുറഞ്ഞതു്) മായാൽ കുറഞ്ഞതിന്റെ നാലിരട്ടി ദണ്ഡം. സൂത്രപരിവർത്തനം (നൂൽമാററുക) ചെയ്താൽ വിലയുടെ ഇരട്ടി ദണ്ഡം. ഇതിനെപ്പറഞ്ഞതുകൊണ്ടുതന്നെ ദ്വിപടവാനവും (ഈരെഴനെയ്ത്തു) പറഞ്ഞു കഴിഞ്ഞു.

ഊർണ്ണാവാനത്തിൽ (രോമംകൊണ്ടുള്ള നെയ്ത്തു) തുലാത്തിന്നഞ്ചുപലംവീതം വിഹനനച്ഛേദവും (ശുദ്ധീകരിക്കുമ്പോഴുള്ള കുറവു്) അത്രതന്നെ രോമച്ഛേദവും (നെയ്ത്തു

ഭവാദം രോമാഞ്ചാദംകൊണ്ടാകുന്ന കുറവു്) സംഭവിക്കുന്നതാണു്.

രജകന്മാർ (അലക്കുകാർ) മരപ്പലകകളിന്മേലോ മിനുത്ത കല്ലുകളിന്മേലോ വേണം വസ്ത്രങ്ങൾ അലക്കുവാൻ. അങ്ങിനെയല്ലാത്തവയിൽ അലക്കുന്ന രജകന്മാർ വസ്ത്രത്തിനു സംഭവിക്കുന്ന നഷ്ടവും, ആറുപണം ദണ്ഡവും കൊടുക്കണം.

മുദ്ഗരമെന്ന ആയുധത്തിന്റെ അടയാളമുള്ള വസ്ത്രം ഒഴികെ മറ്റൊരു വസ്ത്രം രജകന്മാർ ഉടുത്താൽ അവർ മൂന്നു പണം ദണ്ഡം അടയ്ക്കണം. മറ്റുള്ളവരുടെ വസ്ത്രങ്ങൾ വിൽക്കുകയോ വാടകയ്ക്കു കൊടുക്കുകയോ പണയം വയ്ക്കുകയോ ചെയ്താൽ പന്ത്രണ്ടുപണം ദണ്ഡം. വസ്ത്രങ്ങൾ മാറിയാൽ അവയുടെ വിലയുടെ ഇരട്ടി ദണ്ഡം കെട്ടുകയും, പകരമായിട്ടു പുതിയ വസ്ത്രം കൊടുക്കുകയും വേണം.

മുകുളാവദാതം (പൂമൊട്ടുപോലെ വെളുത്തതു്), ശിലാപട്ടശുദ്ധം (ശിലാതലംപോലെ സ്വച്ഛമായതു്), ധൌതസൂത്രവർണ്ണം (ക്ഷാളിതമായ നൂലിന്റെ നിറത്തോടുകൂടിയതു്), പ്രമൃഷ്ടശ്വേതം (അത്യന്തധവളം) എന്നിങ്ങനെയുള്ള വസ്ത്രങ്ങൾ ഒരു ദിവസം മുതൽക്കു ഓരോ ദിവസം അധികം താമസിച്ചു് അലക്കിക്കൊടുക്കേണ്ടതാണു്. *

തനുരാഗമായ (അല്പമായ കാവിനിറം വരുത്തേണ്ടതു്) വസ്ത്രം അഞ്ചു ദിവസംകൊണ്ടും, നീലമായതു (നീലനിറം വരുത്തേണ്ടതു്) ആറു ദിവസംകൊണ്ടും, പുഷ്പം ലാക്ഷ (അരക്കു്) മഞ്ജിഷ്ഠാരാഗം എന്നിവയുടെ ചായമിട്ടേ

* വസ്ത്രങ്ങളുടെ അലക്കു് അവ വെളുപ്പിക്കുന്നതിന്റെ തോതനുസരിച്ചു മുകുളാവദാതം മുതൽക്കു നാലുവിധമാകുന്നു. മുകുളാവദാതമായി അലക്കേണ്ട വസ്ത്രം ഒരു ദിവസംകൊണ്ടും, ശിലാപട്ടശുദ്ധം രണ്ടുദിവസംകൊണ്ടും, ധൌതസൂത്രവർണ്ണം മൂന്നുദിവസംകൊണ്ടും, പ്രമൃഷ്ടശ്വേതം നാലുദിവസംകൊണ്ടും അലക്കിക്കൊടുക്കണമെന്നു താൽപര്യം.

ണ്ടുന്ന വസ്ത്രവും, വളരെ പരികൎമ്മം ചെയ്ത പണിപ്പെട്ടുപചരിച്ചുകൊണ്ടുന്ന ജാത്യ (ശ്രേഷ്ഠം) മായ വസ്ത്രവും ഏഴു ദിവസംകൊണ്ടും രജകൻ അലക്കിക്കൊടുക്കണം. അതിൽ കവിഞ്ഞു താമസിച്ചാൽ വേതനം നഷ്ടപ്പെടേണ്ടിവരും.

വസ്ത്രങ്ങളുടെ രാഗത്തെസ്സംബന്ധിച്ച വിവാദങ്ങളിൽ ശ്രദ്ധേയന്മാരും (ആപ്തന്മാർ) കുശലന്മാരുമായിട്ടുള്ളവർ വേതനത്തെ നിൎണ്ണയിക്കണം. പരാൎദ്ധ്യങ്ങൾ (ശ്രേഷ്ഠങ്ങൾ) ക്ക് ഒരു പണവും, മദ്ധ്യമങ്ങൾക്ക് അരപ്പണവും, താഴ്ന്നതരത്തിലുള്ളവക്കു കാൽപ്പണവുമാണ് രാഗവേതനം (ചായം പിടിപ്പിക്കുവാനുള്ള കൂലി.)

സ്ഥൂലകങ്ങൾ (പരുക്കൻ) ക്കു ഒരു മാഷകമോ രണ്ടു മാഷകമോ ആണ് അലക്കുകൂലി. രക്തകങ്ങൾക്ക് അതിന്റെ ഇരട്ടി. പ്രഥമനേജനത്തിൽ (കോടിയലക്കിൽ) വസ്ത്രത്തിന്റെ വിലയുടെ നാലിലൊരംശം കുറയുന്നതാണ്; രണ്ടാമത്തെ അലക്കിൽ അഞ്ചിലൊരംശം കുറയും. ഇതുകൊണ്ട് അതിനു മേൽപ്പോട്ടുള്ള അലക്കുകളിൽ വരുന്ന കുറവു് പറഞ്ഞു കഴിഞ്ഞു. *

രജകന്മാരെപ്പററിപ്പറഞ്ഞതുകൊണ്ട് തുന്നവായന്മാരെ (തുന്നൽക്കാരെ) പ്പററിയും പറഞ്ഞു കഴിഞ്ഞു.

സ്വൎണ്ണകാരന്മാരെക്കുറിച്ച് എങ്ങനെയെന്നാൽ:— അശുചികളായവരുടെ (വിൽക്കുവാനൎഹതയില്ലാത്തവരുടെ) കയ്യിൽനിന്ന്, സൌവൎണ്ണികനോടു പറയാതെ സരൂപമായ (ആഭരണരൂപത്തിലുള്ള) വെള്ളിയോ സ്വൎണ്ണമോ വാങ്ങുന്നവൎക്കു പന്ത്രണ്ടു പണം ദണ്ഡം; വിരൂപമായിട്ടുള്ള അവയെ വാങ്ങുന്നവൎക്ക് ഇരുപത്തിനാലു പണം ദണ്ഡം.

---

* അലക്കുമ്പോൾ വസ്ത്രത്തിനു വരുന്ന വിലക്കുറവിനെപ്പററാതെ ഇത് രജകന്റെ അപരാധത്താൽ വസ്ത്രത്തിന്റെ വില വസൂലാക്കേണ്ടിവരുമ്പോഴത്തെ ആവശ്യത്തിനാണ്.

ചോരന്റെ കയ്യിൽനിന്നു സ്വർണ്ണമോ വെള്ളിയോ വാങ്ങുന്നവന്ന് നാല്പത്തെട്ടുപണം ദണ്ഡം. പ്രച്ഛന്നമായോ, വിരൂപമാക്കിയോ, വില കുറച്ചോ വാങ്ങിയാൽ സ്തേയദണ്ഡം. കൃതഭാണ്ഡോപധി (പണികഴിഞ്ഞ പണ്ടത്തിൽ വ്യാജം) ചെയ്താലും ഇതുതന്നെ ദണ്ഡം.

ഒരു സുവർണ്ണം (പതിനാറു മാഷത്തൂക്കം) സ്വർണ്ണത്തിൽനിന്ന് ഒരു മാഷത്തൂക്കം അപഹരിക്കുന്ന സ്വർണ്ണകാരന്ന് ഇരുനൂറു പണം ദണ്ഡം. ഒരു ധരണം വെള്ളിയിൽനിന്ന് ഒരു മാഷത്തൂക്കം അപഹരിക്കുന്നവന്നു പന്ത്രണ്ടു പണം ദണ്ഡം. ഇതുകൊണ്ട് അതിന്നു മേൽപ്പോട്ടുള്ള അപഹരണങ്ങളിലെ ദണ്ഡം പറയപ്പെട്ടു.

അസാരമായ (വർണ്ണം കുറഞ്ഞ) സ്വർണ്ണത്തിന്നു വർണ്ണോൽകർഷം തോന്നിക്കുക, യോഗം (കൂട്ട്) ചേർക്കുക എന്നിവ ചെയ്യുന്നവന്ന് അഞ്ഞൂറുപണം ദണ്ഡം. ഈ സംഗതികളിൽ അപചാരണം (തീയ്യിൽക്കാച്ചി അശുദ്ധിയെ കളയൽ) ചെയ്താൽ വർണ്ണത്തിന്റെ അപഹാരം എത്രയെന്ന് അറിയാവുന്നതാണ്.

ഒരു ധരണം വെള്ളികൊണ്ടുള്ള പണിക്കു ഒരു രൂപ്യമാഷകമാണ് വേതനം; ഒരു സുവർണ്ണം സ്വർണ്ണംകൊണ്ടുള്ള പണിക്ക് അരക്കാൽ സുവർണ്ണമാഷകം വേതനം. പണിക്കാരന്റെ ശിക്ഷാവിശേഷം (ശില്പവിദ്യാകൗശലം) അനുസരിച്ചു പണിക്കൂലി ഇരട്ടി വർദ്ധിപ്പിക്കാം. ഇതുകൊണ്ട് അധികം തൂക്കം വരുന്ന പണികളിലെ വേതനം പറഞ്ഞുകഴിഞ്ഞു.

ചെമ്പ്, പിച്ചള, ഓട്, വൈകൃന്തകം, ആരകൂടം എന്നിവകൊണ്ടുള്ള പണികളിൽ നൂറുപലംകൊണ്ടുള്ളതിന്ന് അഞ്ചു പണമാണ് വേതനം. ചെമ്പുകൊണ്ടു പണിചെയ്യുമ്പോൾ പത്തിലൊരു ഭാഗം കുറവു വരും. തൂക്കത്തിൽ ഒരു പലം കുറഞ്ഞാൽ കുറഞ്ഞതിന്റെ ഇരട്ടി ദ

ണ്ഡം. ഇതുകൊണ്ട് അധികം തൂക്കമുള്ള പണികളിലെ കാര്യം പറഞ്ഞുകഴിഞ്ഞു.

സീസം, ത്രപു എന്നിവയുടെ പിണ്ഡം പണിചെയ്തുവരുമ്പോൾ ഇരുപതിലൊരു ഭാഗം കുറവു കാണും. അതിന്റെ പണിക്കൂലി ഒരു പലം തൂക്കത്തിന്ന് ഒരു കാകണിയാണ്. ഇരുമ്പുകട്ടികൊണ്ടുള്ള പണിയിൽ അഞ്ചിലൊരംശം കുറവുവരും. അതിന്റെ കൂലി പലത്തിന്നു രണ്ടു കാകണി വീതമാകുന്നു. ഇതുകൊണ്ട് അധികം തൂക്കമുള്ളതിന്റെ കാര്യം പറയപ്പെട്ടു.

നിലവിലിരിക്കുന്ന അകോപ്യ (അദൂഷ്യ) യായ പണയാത്രയെ (പണവ്യവഹാരത്തെ) ദൂഷിക്കുകയോ കോപ്യയായ പണയാത്രയെ ദൂഷിക്കാതിരിക്കുകയോ ചെയ്യുന്ന രൂപദർശകനു (നാണ്യപരിശോധകനു) പന്ത്രണ്ടു പണം ദണ്ഡം. വ്യാജി (രാജദേയമായ നൂററിന്നഞ്ചുഭാഗം) കിഴിച്ചിട്ടുവേണം പണവ്യവഹാരത്തെച്ചെയ്യുവാൻ. ഒരു പണത്തിൽനിന്നു ഒരു മാഷകം എടുത്തു പററുന്ന ലക്ഷണാധ്യക്ഷനു പന്ത്രണ്ടുപണം ദണ്ഡം. ഇതുകൊണ്ട് മേൽപ്പോട്ടുള്ളതിന്റെ കാര്യം പറഞ്ഞുകഴിഞ്ഞു.

കൂടരൂപം (കള്ളനാണ്യം) ഉണ്ടാക്കിക്കുകയോ, വാങ്ങുകയോ, കൊടുക്കുകയോ ചെയ്യുന്നവന്ന് ആയിരം പണം ദണ്ഡം. കള്ളനാണ്യത്തെ കോശത്തിൽ അടയ്ക്കുന്നവന്നു വധം ദണ്ഡം.

സരകപാംസു (രത്നം കലർന്ന പൊടി) ചേറി രത്നമെടുക്കുന്നവർക്ക് കിട്ടിയതിന്റെ മൂന്നിലൊരു ഭാഗം ലഭിക്കുന്നതാണ്. ശേഷം രണ്ടുഭാഗവും, കിട്ടിയ രത്നവും രാജാവിന്നുള്ളതാകുന്നു. രത്നത്തെ അപഹരിക്കുന്നവന്ന് ഉത്തമസാഹസം ദണ്ഡം.

ഖനികരം, രത്നങ്ങൾ, നിധികൾ എന്നിവ സ്വയമായിക്കണ്ടുപിടിച്ചു രാജാവിനെ അറിയിച്ചാൽ അറിയിക്കു

നാവന്ന് അതിന്റെ ആറിലൊരംശം ലഭിക്കും. അറിയിച്ചവൻ രാജഭൃതകനാണെങ്കിൽ പന്ത്രണ്ടിലൊരംശമേ ലഭിക്കുകയുള്ളൂ. നിധികിട്ടിയത് ലക്ഷത്തിന്ന മേൽ വരുന്നപക്ഷം അതു രാജാവിന്ന ചേരേണ്ടതാണ്. അതിൽ കുറഞ്ഞുള്ള നിധികിട്ടിയാൽ കിട്ടിയതിന്റെ ആറിലൊരംശം രാജാവിന്ന കൊടുക്കണം. എന്നാൽ പൌൎവ്വപുരുഷികമായ (പൂൎവ്വപുരുഷന്മാർ സൂക്ഷിച്ചുവച്ച) ഒരു നിധി ശുചിയായ ഒരു ജാനപദന്ന കിട്ടിയാൽ അതു തന്റേതാണെന്നു തെളിയിക്കുന്നപക്ഷം അതു മുഴുവനും അവന്ന് എടുക്കാവുന്നതാണ്. തന്റേതാണെന്നു തെളിയിക്കാത്തപക്ഷം അവന്ന് അഞ്ഞൂറു പണം ദണ്ഡം. പ്രച്ഛന്നമായിട്ടെടുത്താൽ ആയിരം പണം ദണ്ഡം.

പ്രാണാബാധകരമായ രോഗത്തെ രാജാവിനെ അറിയിക്കാതെ ചികിത്സിക്കുന്ന ചികിത്സകന്നു രോഗി മരിച്ചുപോയാൽ പൂൎവ്വസാഹസം ദണ്ഡം. കൎമ്മാപരാധം (ചികിത്സയിലുള്ള നോട്ടക്കുറവ്) കൊണ്ടു മരണം സംഭവിച്ചാൽ മദ്ധ്യമസാഹസം ദണ്ഡം. മൎമ്മസ്ഥാനത്ത് അപകടമായ വിധം ശസ്ത്രക്രിയ ചെയ്താൽ അതിനെ ദണ്ഡപാരുഷ്യമായിട്ടു വിചാരിക്കണം. *

കുശീലവന്മാർ വൎഷക്കാലം മുഴുവൻ ജനപദങ്ങളിൽ സഞ്ചരിക്കാതെ ഒരു സ്ഥലത്തു താമസിക്കേണ്ടതാണ്. ഒരുവൻ ചെയ്യുന്ന അതിരുകവിഞ്ഞ കാമദാനത്തെ (പ്രീതികൊണ്ടുള്ള സമ്മാനത്തെ)യും ഒരുത്തന്നായിട്ടു വരുന്ന അതിപാതത്തെ (നഷ്ടത്തെ)യും അവർ വൎജ്ജിക്കണം. ഇതി

* ഇപ്രകാരം ചെയ്ത വൈദ്യന്റെ മേൽ അഭിയോഗം നടത്തുകയും ശസ്ത്രക്രിയാദോഷംകൊണ്ടു രോഗിയുടെ ഏതവയവം മുറിഞ്ഞുപോയോ വൈദ്യന്റെ ആ അവയവം ഛേദിക്കുകയും ചെയ്യേണമെന്നു താൽപൎയ്യം.

ന്റെ അതിക്രമിച്ചു നടന്നാൽ പന്ത്രണ്ടു പണം ദണ്ഡം. ദേശം, ജാതി, ഗോത്രം, ചരണം (ശാഖ), മൈഥുനം (ഭോഗഭാവം) എന്നിവയ്ക്കു ദയാജിച്ചവിധത്തിൽ വേണം അവർ കാണികളെ വിനോദിപ്പിക്കുവാൻ.

കശീലവന്മാരെപ്പറഞ്ഞതുകൊണ്ട് ചാരണന്മാരേയും ഭിക്ഷുകന്മാരേയും പറഞ്ഞുകഴിഞ്ഞു. അവരുടെ അപരാധങ്ങളിൽ ധർമ്മസ്ഥന്മാർ എത്ര പണം അപരാധം വിധിക്കുന്നുവോ അത്ര അടി ഇരുനൂറടികൊണ്ടടിക്കുകയാണ് അവക്ക് ദണ്ഡം.

ഇവിടെപ്പറഞ്ഞതു കഴിച്ച് ശേഷമുള്ള ശില്പികളുടെ കർമ്മങ്ങൾക്കുള്ള വേതനം ഊഹംകൊണ്ട് കല്പിക്കേണ്ടതാണ്.

വാണിജകാരുകശീലവ-
ഭിക്ഷുകകുഹകാദ്യർ പീഡകതചത്താൽ
ചോരാഖ്യ കൈവരാത്തോരു
ചോരന്മാരവരെ വാരണംചെയ്വൂ

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന
നാലാമധികരണത്തിൽ, കാരുകരക്ഷണമെന്ന
ഒന്നാമദ്ധ്യായം.

---

## രണ്ടാം അദ്ധ്യായം.

### എഴുപതെട്ടാം പ്രകരണം.

### വൈദേഹകരക്ഷണം.

സംസ്ഥാദ്ധ്യക്ഷൻ പണ്യസംസ്ഥായിൽ (പണ്യശാലയിൽ) ജനങ്ങൾ കൊണ്ടുവരുന്നവയും അവരുടെ വകയാണെന്നു തെളിയിക്കപ്പെട്ടവയുമായ പുരാണഭാണ്ഡങ്ങൾ

(പഴയ ചരക്കുകൾ) ആധാനമായി വാങ്ങുകയും വിൽക്കുകയും ചെയ്യണം. അളവിലും തൂക്കത്തിലും വ്യാജം വരാതിരിപ്പാൻവേണ്ടി തുലാമാനഭാണ്ഡങ്ങളെ പരിശോധിക്കുകയും വേണം.

പാരിമാണി, ദ്രോണം എന്നിവയ്ക്ക് അരപ്പലം കുറഞ്ഞോ കൂടിയോ ഇരിക്കുന്നതിൽ ദോഷമില്ല; ഒരു പലം കുറവോ കൂടുതലോ ഉണ്ടായിരുന്നാൽ അവകൊണ്ടു വ്യവഹരിക്കുന്നവന്ന് പന്ത്രണ്ടുപണം ദണ്ഡം. ഇതുകൊണ്ട് ഒരു പലത്തിനു മേൽപ്പോട്ടുള്ള കൂടുതൽകുറവുകളിലെ ദണ്ഡവൃദ്ധി പറഞ്ഞു കഴിഞ്ഞു.

തുലാക്കോലിൽ ഒരു കർഷം തൂക്കം കുറഞ്ഞോ കൂടിയോ ഇരിക്കുന്നതിൽ കുറ്റമില്ല; രണ്ടു കർഷം കുറവോ കൂടുതലോ ഉണ്ടായാൽ ആറുപണം ദണ്ഡം. ഇതുകൊണ്ട് കർഷത്തിനു മേൽപ്പോട്ടുള്ള കൂടുതൽകുറവുകളിലെ ദണ്ഡവൃദ്ധി പറയപ്പെട്ടു.

ആഢകത്തിന്ന് അരകർഷം കുറഞ്ഞോ കൂടിയോ ഇരിക്കുന്നത് ദോഷമല്ല; ഒരു കർഷം കുറഞ്ഞോ കൂടിയോ ഇരുന്നാൽ മൂന്നുപണം ദണ്ഡം. ഇതുകൊണ്ട് കർഷത്തിനു മേൽപ്പോട്ടുള്ള കൂടുതൽ കുറവുകളിലെ ദണ്ഡവൃദ്ധി പറഞ്ഞു കഴിഞ്ഞു.

ഇതിൽനിന്നു മററു പലതരത്തിലുള്ള തുലാമാനങ്ങളുടെ കാര്യം അനുമിച്ചുകൊള്ളണം.

കൂടുതലായിട്ടുള്ള തുലാമാനങ്ങളെക്കൊണ്ട് ചരക്കുകൾ വാങ്ങി കുറവായിട്ടുള്ള തുലാമാനങ്ങളെക്കൊണ്ടു വിൽക്കുന്നവന്ന് മേൽപ്പറഞ്ഞ ദണ്ഡങ്ങൾ തന്നെ ഇരട്ടിയായിട്ടു വിധിക്കേണ്ടതാണ്.

ഗണ്യപണ്യങ്ങളിൽ (എണ്ണിവില്ക്കേണ്ട വസ്തുക്കളിൽ) വിലയുടെ എട്ടിലൊരംശം അപഹരിക്കുന്നവന്ന് തൊണ്ണൂററാറു പണം ദണ്ഡം.

മരം, ലോഹം, മണി എന്നിവയോ കയറ്, തോല്, മണ്ണ് എന്നിവയോ നൂല്, നാര്, രോമം, എന്നിവയോ കൊണ്ടുള്ള പണ്യങ്ങൾ ഉയർന്നതരമാണെന്നു പറഞ്ഞു താഴ്ന്നതരമായവയെ വിൽക്കുകയോ ആധാനം ചെയ്കയോ ചെയ്യുന്നവന് അവയ്ക്കുള്ള വിലയുടെ എട്ടിരട്ടി ദണ്ഡം.

സാരഭാണ്ഡമാണെന്നു പറഞ്ഞ് അസാരഭാണ്ഡമോ, ഇന്നസ്ഥലത്തുണ്ടായതാണെന്നു പറഞ്ഞ് അവിടെയുണ്ടായതല്ലാത്ത ഭാണ്ഡമോ, രാധായുക്ത (പ്രഭയുള്ളത്) മായ ഭാണ്ഡത്തോടുകൂടി അങ്ങനെയല്ലാത്ത ഭാണ്ഡമോ, വ്യാജമല്ലാത്തതിനോടുകൂടി വ്യാജമായ ഭാണ്ഡമോ ഒരു സമുദ്ഗം (ചെപ്പ്) ഉറന്നുകാട്ടി മറ്റൊന്നിലെ ഭാണ്ഡമോ ഒരു പണത്തിൽ കുറഞ്ഞ വിലയുള്ളത് വിൽക്കുകയോ ആധാനം ചെയ്കയോ ചെയ്യുന്നവന് അമ്പത്തിനാലു പണം ദണ്ഡം. ഒരു പണം വിലയുള്ളത് അങ്ങനെ ചെയ്താൽ അതിലിരട്ടി ദണ്ഡം; രണ്ടുപണം വിലയുള്ളത് അങ്ങനെ ചെയ്താൽ ഇരുനൂറു പണം ദണ്ഡം. ഇതുകൊണ്ട് മൂല്യവൃദ്ധിയിലുള്ള ദണ്ഡവൃദ്ധി പറയപ്പെട്ടു.

പലരുംകൂടി ഒത്തുചേർന്ന് കാരുകന്മാരുടേയും ശില്പികളുടേയും പ്രവൃത്തിയിൽ ഗുണക്കുറവോ അവരുടെ ലാഭത്തിന്നു കുറവോ അവരുണ്ടാക്കിയ വസ്തുക്കളുടെ ക്രയവിക്രയങ്ങൾക്കു തടസ്ഥമോ വരുത്തുന്നതായാൽ അങ്ങനെ ചെയ്യുന്നവർക്ക് ആയിരം പണം ദണ്ഡം.

വണിക്കുകൾ ഒത്തൊരുമിച്ച് പണ്യത്തെ വിൽക്കുവാനയയ്ക്കാതെ അവരോധിക്കുകയോ, അയുക്തമായ വിലയ്ക്കു വിൽക്കുകയോ, വാങ്ങുകയോ ചെയ്യുന്നതായാൽ അവർക്ക് ആയിരം പണ്ഡം ദണ്ഡം.

തൂക്കുന്നവന്റേയോ അളക്കുന്നവന്റേയോ ഹസ്തദോഷംകൊണ്ട് ഒരു പണം വിലയുള്ള ദ്രവ്യത്തിന് എട്ടിലൊരു ഭാഗം വീതമുള്ള നഷ്ടം അളവിലും തൂക്കത്തിലുമുള്ള

അന്തരമായിട്ടോ ദ്രവ്യത്തിന്റെ ഗുണത്തിലുള്ള അന്തരമായിട്ടോ വരുത്തിത്തീർക്കുന്നവന്ന് ഇരുനൂറുപണം ദണ്ഡം. ഇതുകൊണ്ടു ഇരുനൂറുപണത്തിന്നു മേൽപ്പോട്ടുള്ള ദണ്ഡവൃദ്ധിയെ പറഞ്ഞു കഴിഞ്ഞു.

ധാന്യം, സ്നേഹം, ക്ഷാരം, ലവണം, ഗന്ധം, ഭൈഷജ്യം എന്നീ ദ്രവ്യങ്ങളുടെ വിക്രയത്തിൽ വർണ്ണസാമ്യമുള്ളവയും വില കുറഞ്ഞവയുമായവയെ ഉപധാനം ചെയ്യുന്നവന്ന് പന്ത്രണ്ടു പണം ദണ്ഡം.

സംസ്ഥാധ്യക്ഷന്റെ കിഴിലുള്ള വിക്രേതാക്കൾക്ക് ഉപജീവനത്തിന്ന് അനുവദിക്കപ്പെട്ടിട്ടുള്ളതെന്തോ അത് അവർ മുഖേന ദിവസംതോറുമുള്ള വരവു കണക്കാക്കി ഉറപ്പിക്കേണ്ടതാണ്. ക്രേതാവിന്റെയും വിക്രേതാവിന്റെയും മധ്യത്തിൽവച്ച് ഉണ്ടാകുന്ന ലാഭം ആദായത്തിൽനിന്നു ഭിന്നമായ ഒന്നാണ്. അങ്ങനെയുണ്ടാകുന്ന ലാഭം കൊണ്ട് അവക്ക് അധ്യക്ഷന്റെ അനുവാദം വാങ്ങി ധാന്യപണ്യങ്ങളെ ശേഖരിക്കുന്നതിന്നു വിരോധമില്ല. അങ്ങനെയല്ലാതെ അവർ സമ്പാദിച്ചതെല്ലാം പണ്യാധ്യക്ഷൻതന്നെ വാങ്ങുകയും വേണം. അവർ മേൽപ്രകാരം സമ്പാദിച്ചതുകൊണ്ട് ധാന്യപണ്യവിക്രയംചെയ്യുമ്പോൾ അധ്യക്ഷൻ അത് പ്രജകൾക്കനുഗ്രഹമാകുമാറ് ചെയ്യിക്കണം.

മധ്യവർത്തികളായിട്ടുള്ളവർക്ക് ചരക്കു വാങ്ങുമ്പോൾ അനുവദിക്കപ്പെട്ട വിലയിൽക്കവിഞ്ഞ് സ്വദേശീയപണ്യങ്ങളിന്മേൽ നൂററിന്നഞ്ചുവീതവും, വിദേശീയപണ്യങ്ങളിന്മേൽ നൂററിന്ന് പത്തുവീതവും ഒരു ലാഭം വ്യവസ്ഥപ്പെടുത്താം. അതിൽക്കവിഞ്ഞ് പണ്യങ്ങളുടെ ക്രയവിക്രയങ്ങളിൽ വില വർദ്ധിപ്പിക്കുകയോ, നൂറു പണത്തിന്നഞ്ചുപണത്തിൽക്കവിഞ്ഞു ലാഭമെടുക്കുകയോ ചെയ്യുന്നതായാൽ ഇരുനൂറുപണം ദണ്ഡം.

ഇതുകൊണ്ട് മൂല്യവൃദ്ധിയിലുള്ള ദണ്ഡവൃദ്ധി പറയപ്പെട്ടു.

മൊത്തമായിട്ടു വാങ്ങിയ ചരക്ക് വിററഴിയാതെ കിടന്നാൽ അത് മൊത്തമായ ഒരു വില നിശ്ചയിച്ച് വിൽക്കുവാൻ പാടില്ല. അങ്ങനെയുള്ള പണ്യങ്ങൾക്ക് ഉപഘാതം സംഭവിച്ചാൽ പണ്യാദ്ധ്യക്ഷൻ അവർക്ക് അനുഗ്രഹം നൽകേണ്ടതാണ്.

പണ്യങ്ങൾ വളരെയുണ്ടാകുമ്പോൾ പണ്യാദ്ധ്യക്ഷൻ സർവ്വപണ്യങ്ങളേയും ഏകമുഖമായിട്ടു വിൽക്കണം. അങ്ങനെ വിൽക്കുന്ന പണ്യങ്ങൾ വിററഴിയുന്നതിനുമുമ്പ് അത്തരത്തിലുള്ള മററു പണ്യങ്ങൾ മററുള്ളർ വിററുപോകരുതെന്ന് നിശ്ചയിക്കുകയും വേണം. ഏകമുഖമായി വിൽക്കുവാൻ നിശ്ചയിച്ച പണ്യങ്ങളെ വിക്രേതാക്കൾ ദിവസവേതനം വാങ്ങി പ്രജകൾക്കനുഗ്രഹമാകുമാറ് വിൽക്കണം.

ദേശാന്തരിതങ്ങളും (അന്യദേശത്തുനിന്നു വന്നവ) കാലാന്തരിതങ്ങളും (അന്യകാലത്തിങ്കൽ ശേഖരിച്ചവ) ആയ പണ്യങ്ങൾക്ക്

വസ്തുമൂല്യം, പണ്യലബ്ധി,
ശുൽക്കം, വൃദ്ധി, യവക്രയം,
അന്യവ്യയങ്ങളും നോക്കി
മൂല്യം തീർച്ചപ്പെടുത്തണം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, വൈദേഹകരക്ഷണമെന്ന രണ്ടാമദ്ധ്യായം.

# മൂന്നാം അദ്ധ്യായം.

## എഴുപത്തെട്ടാം പ്രകരണം.

### ഉപനിപാതപ്രതീകാരം

ദൈവവശാൽ സംഭവിക്കുന്നവയായിട്ട് എട്ടു മഹാഭയങ്ങളുണ്ട്. അഗ്നി, ജലം, വ്യാധി, ദുർഭിക്ഷം, എലികൾ, വ്യാളങ്ങൾ, സർപ്പങ്ങൾ, രക്ഷസ്സുകൾ എന്നിവയാണ് അവ. അവയുടെ ഉപദ്രവത്തിൽനിന്നു രാജാവു് ജനപദത്തെ രക്ഷിക്കണം.

ഗ്രീഷ്മകാലത്തു ഗ്രാമജനങ്ങൾ ഗൃഹത്തിന്റെ ബഹിർഭാഗത്തുവെച്ചു അധിശ്രയണം (പാകാർത്ഥമായ അഗ്നിജ്വാലനം) ചെയ്യാവൂ. അല്ലെങ്കിൽ ദശകുലീരക്ഷകൻ (ഗോപൻ) നിർദ്ദേശിക്കുന്ന സ്ഥലത്തു് അധിശ്രയണംചെയ്യാം. അഗ്നിഭയത്തെ തടുക്കുവാനുള്ള വിധി നാഗരികപ്രണിധി എന്ന പ്രകരണത്തിലും, നിശാന്തപ്രണിധിയിൽ രാജഗൃഹത്തെക്കുറിച്ചു പറയുന്നിടത്തും വിവരിക്കപ്പെട്ടിട്ടുണ്ട്. അഗ്നിഭയം വരാതിരിപ്പാൻവേണ്ടി പർവ്വങ്ങളിൽ (വാവു മുതലായവയിൽ) ബലി (ഭൂതബലി), ഹോമം, സ്വസ്തിവാചനം എന്നിവ ചെയ്തു് അഗ്നിയെ പൂജിക്കണം.

വർഷാകാലത്തു് അനൂപഗ്രാമക്കാർ (ജലപ്രായമായ ഗ്രാമങ്ങളിലെ ജനങ്ങൾ) പൂരവേലയെ (വെള്ളപ്പൊക്കമുണ്ടാകുന്ന തീരപ്രദേശത്തെ) വിട്ടു താമസിക്കണം. ജലത്തിങ്കൽനിന്നു രക്ഷ പ്രാപിപ്പാനാവശ്യമായ മരം, മുള, തോണി മുതലായവയെ തെയ്യാറാക്കിവയ്ക്കുകയും വേണം. ജലപ്രവാഹത്തിൽ ഒലിച്ചുപോകുന്ന ആളുകളെ അലാബു (ചുരങ്ങ), ദൃതി (തുരുത്തി), പ്ലവം (പൊങ്ങുതടി), ഗണ്ഡിക (പലക), വേണിക (മുള) എന്നിവയിലൂടെ കരയ്ക്കു കയററണം. അങ്ങനെ ചെയ്യുന്നതിനു പ്ലവഹീനന്മാർ (പ്ലവം കൈവശമില്ലാത്തവർ) ഒഴികെയുള്ളവർ ഒരുങ്ങി

ച്ചില്ലാതിരുന്നാൽ അവക്കു പന്ത്രണ്ടു പണം ദണ്ഡം. പർവ്വദിവസങ്ങളിൽ നദീപൂജകൾ ചെയ്യിക്കുകയും, മായായോഗവേദികളും വേദജ്ഞന്മാരും വർഷത്തെ അഭിചരിക്കുക (വിലക്കുക) യും ചെയ്യണം. ഇപ്രകാരംതന്നെ, വർഷാവഗ്രഹം (വർഷപ്രതിബന്ധം) ഉണ്ടാകുന്ന കാലത്തു ശചീനാഥൻ (ഇന്ദ്രൻ), ഗംഗ, പർവ്വതം, മഹാകച്ഛൻ (വരുണൻ) എന്നിവക്കു പൂജകൾ കഴിപ്പിക്കുകയും വേണം.

വ്യാധിഭയത്തെ ഔപനിഷദികപ്രകരണത്തിൽ പറയുന്ന പ്രതിവിധികൾകൊണ്ടു നിവാരണം ചെയ്യണം. ചികിത്സകന്മാർ ഔഷധങ്ങളെക്കൊണ്ടും, സിദ്ധന്മാരും താപസന്മാരും ശാന്തികർമ്മങ്ങൾ, പ്രായശ്ചിത്തങ്ങൾ എന്നിവയെക്കൊണ്ടും വ്യാധികൾക്കു പ്രതിവിധി ചെയ്യണം.

ഇപ്പറഞ്ഞതുകൊണ്ടുതന്നെ മരകത്തിന്റെ (മാരി എന്ന മഹാവ്യാധിയുടെ) പ്രതിവിധിയും പറഞ്ഞു കഴിഞ്ഞു. അതിന്നു വിശേഷവിധിയായി തീർത്ഥാഭിഷേചനം (തീർത്ഥസ്നാനം), മഹാകച്ഛവർദ്ധനം (വരുണപൂജ), ശ്മശാനത്തിൽവച്ചു പശുക്കളെക്കറക്കുക, കബന്ധദഹനം *, ദേവരാത്രി (ദേവനെ പൂജിച്ചുവച്ചതിന്റെ മുമ്പാകെ രാത്രി ഉറക്കൊഴിച്ചിരിക്കുക) എന്നിവയും ചെയ്യിക്കണം.

പശുവ്യാധിമരകത്തിങ്കൽ (പശുവ്യാധിയായിട്ടുള്ള മരിയിങ്കൽ) അവയെ സ്ഥാനം മാററത്താമസിപ്പിക്കുക, അർദ്ധനീരാജനം (അഹസ്സിന്റെയും രാത്രിയുടെയും അർദ്ധഭാഗത്തിങ്കൽ തിര ഉഴിയുക) ചെയ്ക, സ്വദേവതന്മാരെ പൂജിക്കുക § എന്നിവ ചെയ്യിക്കണം.

---

* കബന്ധദഹനം = അരിയരച്ചതുകൊണ്ടു് ഒരു കബന്ധത്തിന്റെ (ശിരസ്സില്ലാത്ത മനുഷ്യന്റെ) പ്രതിമയുണ്ടാക്കി അതിനെ ശ്മശാനത്തിൽവച്ചു് ദഹിപ്പിക്കുക.

§ സ്വദേവതമാർ = ഗജങ്ങൾക്കു സുബ്രഹ്മണ്യൻ, അശ്വങ്ങൾക്കു അശ്വിനീദേവകൾ, ഗോക്കൾക്കു പശുപതി, മഹിഷങ്ങൾക്കു വരുണൻ, കോവർകഴുതകൾക്കു വായു, ആടുകൾക്കു് അഗ്നി എന്നിങ്ങനെയാകുന്നു.

ദുൎഭിക്ഷം ബാധിക്കുന്ന കാലത്തു രാജാവു് പ്രജകളെ ബീജങ്ങളും (കൃഷിക്കു വേണ്ട വിത്തുകൾ) അന്നവും കൊടുത്തു സഹായിക്കുകയും, അവൎക്കു് അനുഗ്രഹം നൽകുകയും ചെയ്യണം. കോട്ടപണിയുക, ചിറകെട്ടുക എന്നീ മരാമത്തുകൾ ദുൎഭിക്ഷകാലത്തു പ്രജകൾക്കു ഭക്ഷണം കൊടുത്തു് അവരെക്കൊണ്ടു നടത്തിക്കുകയോ ഭക്തസംവിഭാഗം (ചോറു പകൎന്നു കൊടുക്കുക), ദേശനിക്ഷേപം (ദേശത്തുള്ള ധനവാന്മാരുടെ കയ്യിൽ പ്രജകളെ ഏല്പിക്കുക) എന്നിവ ചെയ്കയോ മിത്രങ്ങളായിട്ടുള്ള രാജാക്കന്മാരുടെ സാഹായ്യം ആവശ്യപ്പെടുകയോ കൎശനം (കൂടുതൽ നികുതി പിരിച്ചു ധനവാന്മാരെ കൃശന്മാരാക്കുക), വമനം (ധനവാന്മാരുടെ കയ്യിൽ കെട്ടിയിരിപ്പുള്ള ധനം പുറത്തു വരുത്തിക്കുക) എന്നിവ ചെയ്കയോ വേണം §. അതല്ലെങ്കിൽ ദുൎഭിക്ഷകാലത്തു രാജാവു തന്റെ പ്രജകളോടുംകൂടി, ധാരാളം സസ്യങ്ങൾ വിളഞ്ഞുണ്ടായിട്ടുള്ള അന്യരാജ്യത്തേക്കു പോകുന്നതിന്നും വിരോധമില്ല. സമുദ്രത്തിന്റേയോ കായലുകളുടേയോ തീരപ്രദേശങ്ങളിൽ താമസമാക്കുക, സേതുക്കളിൽ ധാന്യങ്ങൾ, ശാകങ്ങൾ, മൂലങ്ങൾ, ഫലങ്ങൾ എന്നിവ കൃഷിചെയ്തുണ്ടാക്കുക, മൃഗപശുപക്ഷിവ്യാളമത്സ്യങ്ങളെ വധിക്കുന്നതിന്നു് ഏൎപ്പാടു ചെയ്യുക എന്നിവയും ദുൎഭിക്ഷകാലത്തു രാജാവിന്നു ചെയ്യാവുന്നതാണു്.

മൂഷികഭയമുണ്ടാകുന്ന കാലത്തു പൂച്ചകളേയും കീരികളേയും ധാരാളമായി നാട്ടിൽ സഞ്ചരിക്കുവാൻ വിടണം. അവയെ പിടിക്കുകയോ കൊല്ലുകയോ ചെയ്യുന്നവൎക്കു പ

---

§ കൎശനമെന്നാൽ തൽകാലം നാട്ടിൽ ഉപയോഗമില്ലാത്ത ജനങ്ങളെ ദേശാന്തരത്തേക്കയച്ചു ജനസംഖ്യ ചുരുക്കുകയും, വമനമെന്നാൽ സമൃദ്ധിയുള്ള അന്യരാജ്യത്തേക്കു ജനങ്ങളെ അയയ്ക്കുകയുമാണെന്നു് മറ്റു വ്യാഖ്യാതാവു പറയുന്നു.

ന്ത്രണ്ടു പണം ദണ്ഡവും കല്പിക്കണം. വനചരന്മാരൊഴികെയുള്ളവർ തങ്ങളുടെ ശ്വാക്കളെ നിഗ്രഹം (ബന്ധനം) ചെയ്യാതിരുന്നാൽ അവൎക്കും പന്ത്രണ്ടുപണം ദണ്ഡം കല്പിക്കണം. എലികൾ ചത്തുപോകുന്നതിന്നു വേണ്ടി സ്നുഹീക്ഷീരം (കള്ളിപ്പാല്) പുരട്ടിയ ധാന്യങ്ങളോ, ഔപനിഷദികപ്രകരണത്തിൽപ്പറയുന്ന യോഗങ്ങൾ ചേൎത്ത ധാന്യങ്ങളോ വിതറണം. മൂഷികകരം * ഏൎപ്പെടുത്തുകയും വേണം. സിദ്ധതാപസന്മാർ മൂഷികനിവാരണത്തിന്നുവേണ്ട ശാന്തികൎമ്മം ചെയ്യുകയും, പൎവ്വദിവസങ്ങളിൽ മൂഷികപൂജകൾ ചെയ്യിക്കുകയും വേണം. ഇതിനെപ്പറഞ്ഞതുകൊണ്ടു തന്നെ ശലഭങ്ങൾ (പാറ്റകൾ), പക്ഷികൾ, കൃമികൾ എന്നിവയിൽനിന്നുള്ള ഭയത്തിന്റെ പ്രതിവിധികളും പറഞ്ഞു കഴിഞ്ഞു.

വ്യാളഭയം (ഹിംസ്രമൃഗങ്ങളിൽനിന്നുള്ള ഭയം) ഉണ്ടാകുന്ന കാലത്തു് മദനരസം ചേൎത്ത പശുക്കളുടെ ശവങ്ങൾ തക്ക സ്ഥലങ്ങളിൽ എറിയണം. ചത്ത പശുക്കളുടെ കോഷ്ഠം എടുത്തു് അതിൽ മദനരസവും കോദ്രവവും നിറച്ചു് അതിനേയും തത്തൽസ്ഥാനങ്ങളിൽ പ്രക്ഷേപിക്കാവുന്നതാണ്. ലുബ്ധകരും ശ്വഗണികളും കൂടപഞ്ജരങ്ങൾ (കള്ളക്കൂടുകൾ), കൂടാവപാതങ്ങൾ (കപടനിൎമ്മിതങ്ങളായ കുഴികൾ) എന്നിവയെ പ്രയോഗിച്ചു് വ്യാളങ്ങളെ പിടിക്കണം. ആവരണം ധരിച്ചിട്ടുള്ള ആയുധപാണികൾ വ്യാളങ്ങളെ ഹനിക്കുകയും ചെയ്യണം. വ്യാളഭയം നേരിട്ടിട്ടുള്ള ആളുകളെ രക്ഷിക്കുവാൻ ഓടിച്ചെല്ലാത്തവന്നു പന്ത്രണ്ടു പണം ദണ്ഡം. വ്യാളത്തെ കൊല്ലുന്നവന്നു സമ്മാനവും പന്ത്രണ്ടുപണം തന്നെ. വ്യാളബാധാനിവാരണത്തി

---

* മൂഷികകരം = ഓരോ വീട്ടുകാരും പ്രതിദിനം ഇത്രയിത്ര എലികളെ പിടിച്ചു് ഇന്ന സ്ഥലത്തു് ഹാജരാക്കണമെന്നുള്ള വ്യവസ്ഥ.

ന്നായി പർവ്വദിവസങ്ങളിൽ പർവ്വതങ്ങളെ പൂജിക്കുകയും വേണം. ഇതിനെപ്പറഞ്ഞതുകൊണ്ടു തന്നെ മൃഗസംഘങ്ങൾ, പക്ഷിസംഘങ്ങൾ, മുതലകൾ എന്നിവയിൽനിന്നുള്ള ഭയത്തിന്റെ പ്രതിവിധികളും പറഞ്ഞു കഴിഞ്ഞു.

സർപ്പഭയമുണ്ടാകുന്ന കാലത്തു വിഷഹാരികൾ മന്ത്രങ്ങളെക്കൊണ്ടും ഔഷധങ്ങളെക്കൊണ്ടും അതിനു പരിഹാരം ചെയ്യണം. അല്ലെങ്കിൽ പൌരന്മാർ സംഘമായിച്ചേർന്നു കണ്ണിൽപ്പെട്ട സർപ്പങ്ങളെയെല്ലാം കൊല്ലണം. അഥർവ്വവേദജ്ഞന്മാർ സർപ്പങ്ങൾക്ക് ആഭിചാരം ചെയ്കയും വേണം. പർവ്വദിവങ്ങളിൽ സർപ്പപൂജകളും ചെയ്യിക്കണം. ഇതുകൊണ്ടുതന്നെ ജലജീവികളിൽനിന്നുള്ള ഭയത്തിന്റെ പ്രതീകാരങ്ങളും പറയപ്പെട്ടു.

രക്ഷസ്സുകളിൽനിന്നു ഭയമുണ്ടാകുമ്പോൾ അഥർവ്വയോഗജ്ഞന്മാരും മായായോഗജ്ഞന്മാരും രക്ഷോഘ്നങ്ങളായ കർമ്മങ്ങളെ ചെയ്യണം. പർവ്വങ്ങളിൽ വിതർദ്ദിയിൽ (തറ), ഛത്രം, ഉല്ലോപിക (ഒരുതരം അപ്പം), ഹസ്തപതാക(ചെറുകൊടി), ഛാഗോപഹാരം(ആടിനെ അറുത്തു ബലികൊടുക്കുക) എന്നിവയെക്കൊണ്ട് ചൈത്യപൂജകളും ചെയ്യിക്കണം. എല്ലാ വിധത്തിലുള്ള രക്ഷോബാധകൾ നേരിടുമ്പോഴും അവരുകൾ "നിങ്ങൾക്കു ഹവിസ്സിനെ ബലിതരാം" എന്നിങ്ങനെ പറഞ്ഞുംകൊണ്ടു വേണം രാപ്പകൽ സഞ്ചരിക്കുവാൻ.

എല്ലാവിധഭയങ്ങളിലും പീഡിതരായ ജനങ്ങളെ രാജാവു പിതാവെന്നപോലെ അനുഗ്രഹിക്കണം.

ദൈവികാപൽപ്രതീകാരം
ചെയ്യിട്ടും സിദ്ധതാപസർ

മായായോഗജ്ഞന്മാരവരെ
നൃപൻ മാനിച്ചിരുത്തണം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന
നാലാമധികരണത്തിൽ, ഉപനിപാതപ്രതീകാരം
എന്ന മൂന്നാമദ്ധ്യായം.

---

## നാലാം അദ്ധ്യായം.

---

### എഴുപത്തൊമ്പതാം പ്രകരണം.

### ഗൂഢാജീവിരക്ഷ.

സമാഹൎത്തൃപ്രണിധിയിൽ ജനപദരക്ഷണത്തെ പറഞ്ഞിട്ടുണ്ട്. അതിങ്കലെ കണ്ടകശോധനത്തെ ഇനി വിവരിക്കാം.

സമാഹൎത്താവ് ജനപദത്തിങ്കൽ സിദ്ധന്മാർ, താപസന്മാർ, പ്രവ്രജിതന്മാർ, ചക്രചരന്മാർ (നാടു ചുററിസ്സഞ്ചരിക്കുന്നവർ), ചാരണന്മാർ, കുഹകന്മാർ, പ്രച്ഛന്ദകന്മാർ (മായാവികൾ), കാൎത്താന്തികന്മാർ (ജ്യൌതിഷികന്മാർ), നൈമിത്തികന്മാർ (നിമിത്തങ്ങളെ പറയുന്നവർ), മൌഹൂൎത്തികന്മാർ, ചികിത്സകന്മാർ, ഉന്മത്തന്മാർ, മൂകന്മാർ, ബധിരന്മാർ, ജഡന്മാർ (ഒന്നും അറിവില്ലാത്തവർ), അന്ധന്മാർ, വൈദേഹകന്മാർ, കാരുക്കൾ, ശില്പികൾ, കുശീലവന്മാർ, വേശന്മാർ (വേശ്യാത്തെരുവിൽ പെരുമാറുന്നവർ), ശൌണ്ഡികന്മാർ, ആപൂപികന്മാർ, പാകമാംസികന്മാർ, ഔദനികന്മാർ എന്നിവരുടെ വേഷം ധരിച്ച ഗൂഢപുരുഷന്മാരെ ഏൎപ്പെടുത്തണം. അവർ ഗ്രാമമുഖ്യന്മാരുടെയും അദ്ധ്യക്ഷന്മാരുടേയും നടപടിയിലുള്ള ശൌചാശൌചങ്ങളെ അറിയുകയും വേണം.

ജനപദത്തിൽ യാതൊരുവനെ ഗൂഢാജീവി (ഗൂഢകർമ്മംകൊണ്ടു ജനങ്ങളെ വഞ്ചിച്ചു ജീവിക്കുന്നവൻ) എന്നു ശങ്കിക്കുന്നുവോ അവനെ അവനോടു സവർണ്ണനായ (സമാനനായ) സത്രിയെക്കൊണ്ടു് അഭ്യസർപ്പിക്കണം. സത്രി തനിക്കു ശങ്ക തോന്നുന്ന ധർമ്മസ്ഥന്റെയോ പ്രദേഷ്ടാവിന്റെയോ അടുക്കൽ വിശ്വസ്തന്റെ നിലയിൽപ്പെരുമാറി അവനോടു പറയു:— "അഭിയുക്തനായിരിക്കുന്ന (അഭിയോഗത്തിൽ പ്രതിവാദിയായ) ഇന്നവൻ എന്റെ ബന്ധുവാണ്. അവനു വന്നിട്ടുള്ള ഈ അനർത്ഥം നീക്കിക്കൊടുക്കണം. ഇതാ ഈ ദ്രവ്യം സ്വീകരിച്ചുകൊൾക." ഇതു കേട്ടു് അവൻ അപ്രകാരം ചെയ്താൽ അവനെ ഉപദാഗ്രാഹകൻ (ഉപദ=കാഴ്ചദ്രവ്യം വാങ്ങുന്നവൻ) എന്ന കാരണത്താൽ പ്രവാസനം (നാട്ടിൽനിന്നു നീക്കുക) ചെയ്യണം. ധർമ്മസ്ഥനെപ്പറഞ്ഞതുകൊണ്ടുതന്നെ പ്രദേഷ്ടാക്കളേയും പറഞ്ഞു കഴിഞ്ഞു.

ഗ്രാമകൂട (ഗ്രാമമുഖ്യൻ) നേയോ അധ്യക്ഷനെയോ കുറിച്ചു ശങ്ക തോന്നിയാൽ സത്രി പറയു:— "ഇന്ന മനുഷ്യൻ ജാല്മനും (ആലോചനകൂടാതെ പ്രവൃത്തിക്കുന്നവൻ) വളരെ ദ്രവ്യം കയ്യിലുള്ളവനുമാണ്. അവനു് ഇന്നൊരനർത്ഥം സംഭവിച്ചിരിക്കുന്നു. അതു നീക്കിക്കൊടുത്തു് അവന്റെ ദ്രവ്യമെല്ലാം വാങ്ങിക്കൊൾക". ഇതിനു വഴിപ്പെട്ടു് അപ്രകാരം പ്രവൃത്തിച്ചാൽ ആ ഗ്രാമമുഖ്യനേയോ അധ്യക്ഷനേയോ ഉൽക്കോചകൻ (കൈക്കൂലിക്കാരൻ) എന്ന കാരണത്തിനു പ്രവാസനം ചെയ്യണം.

സത്രി കൃത്രിമമായി ഒരഭിയോഗത്തിൽ അഭിയുക്തനായിട്ടു കൂടസാക്ഷികളെന്നു ശങ്കയുള്ളവരുടെ അടുക്കൽ ചെന്നു ധാരാളം ധനം കൊടുക്കാമെന്നു പറഞ്ഞു് അവരെ കൂടസാക്ഷ്യത്തിനു പ്രേരിപ്പിപ്പൂ. അവർ അപ്രകാരം ചെയ്താൽ അവരെ കൂടസാക്ഷികൾ എന്ന കാരണത്തിന്നു പ്രവാസനം

ചെയ്വൂ. ഇതുകൊണ്ടു കൂടശ്രാവണകാരകന്മാരെയും (കൂടസാക്ഷ്യം പറയിക്കണമെന്ന ദുരുദ്ദേശത്താൽ മറ്റൊരാളോടു ഇല്ലാത്ത സംഗതി പറഞ്ഞു കേൾപ്പിക്കുന്നവർ) പറഞ്ഞു കഴിഞ്ഞു.

യാതൊരുവൻ മന്ത്രയോഗങ്ങൾ, മൂലകർമ്മങ്ങൾ (ഔഷധപ്രയോഗങ്ങൾ), ശ്മശാനികങ്ങൾ (ശ്മശാനത്തിൽ വച്ചു ചെയ്യുന്ന കർമ്മങ്ങൾ) എന്നിവകൊണ്ടു് സംവനനം (വശീകരണം) ചെയ്യുന്നവനാണെന്നു ശങ്കിക്കപ്പെടുന്നുവോ അവനോടു സത്രി പറവൂ:– "ഇന്നാളുടെ ഭാര്യയേയോ സ്നുഷയേയോ മകളേയോ ഞാൻ കാമിക്കുന്നുണ്ടു്. അവൾ എന്നെ ഇങ്ങോട്ടും കാമിക്കണം. അതിനുവേണ്ടി ഈ ദ്രവ്യം വാങ്ങിക്കൊള്ളൂ". ഇതിനു വഴിപ്പെട്ടു് അവൻ അപ്രകാരം ചെയ്താൽ അവനെ സംവനനകാരകൻ എന്നു നിശ്ചയിച്ചു പ്രവാസനം ചെയ്യണം. ഇതിനെപ്പറഞ്ഞതുകൊണ്ടുതന്നെ കൃത്യാശീലൻ (പിശാചിനെ ആവേശിപ്പിക്കുന്നവൻ), ആഭിചാരശീലൻ എന്നിവരേയും പറഞ്ഞുകഴിഞ്ഞു.

യാതൊരുവനെക്കുറിച്ചു രസം (വിഷം) ഉണ്ടാക്കുകയോ വാങ്ങുകയോ വിൽക്കുകയോ രസംചേർത്ത ഭൈഷജ്യങ്ങളാലും ആഹാരങ്ങളാലും വ്യവഹരിക്കുകയോ ചെയ്യുന്ന രസദനാണിവനെന്നു ശങ്കിക്കുന്നുവോ അവനോടു സത്രി പറവൂ:—"ഇന്നവൻ എന്റെ ശത്രുവാണു്. അവനെ കൊന്നുതരണം. അതിന്നു് ഈ ദ്രവ്യം സ്വീകരിക്കാം". ഇതിനു വഴിപ്പെട്ടു് അപ്രകാരം ചെയ്താൽ അവനെ രസദൻ എന്നു നിലച്ചു പ്രവാസനം ചെയ്യണം. ഇതുകൊണ്ടു മദനയോഗവ്യവഹാരിയേയും (മദനയോഗം=മയക്കമരുന്നു കൊണ്ടു വ്യവഹരിക്കുന്നവൻ) പറഞ്ഞു കഴിഞ്ഞു.

യാതൊരുവൻ നാനാപ്രകാരത്തിലുള്ള ലോഹങ്ങളും ക്ഷാരങ്ങളും അംഗാരം (കരിക്കട്ട), ഭസ്ത്ര (ഉല), സന്ദംശം

(കൊടില്), മുഷ്ടിക (ചുററി), അധികരണി (മുട്ടി), ബിംബം (അച്ച്), ടങ്കം (ഉളി), മൂഷ (മൂശ) എന്നീ വസ്തുക്കളും വളരെയധികം വാങ്ങുന്നവനും മഷി, ഭസ്മം, ധൂമം എന്നിവ കൈകളിലും വസ്ത്രത്തിലും കലന്ന് അടയാളപ്പെട്ടിരിക്കുന്നവനും കർമ്മാരന്മാരുടെ (കരുവാന്മാരുടെ) പണിയായുധങ്ങളെല്ലാം കൈവശമുള്ളവനുമാകയാൽ കൂടരൂപകാരകൻ (കള്ളനാണ്യമുണ്ടാക്കുന്നവൻ) ആണെന്നു ശങ്കിക്കപ്പെടുന്നുവോ അവന്റെ അടുക്കൽ സത്രി ചെന്നു ശിഷ്യന്റെ നിലയിൽ പെരുമാറി അന്തഃപ്രവേശിച്ച് (ഉള്ളുകള്ളികളറിഞ്ഞു) രാജാവിനെ വിവരം ഗ്രഹിപ്പിപ്പൂ. കൂടരൂപകാരകനാണെന്നറിഞ്ഞാൽ അവനെ പ്രവാസനം ചെയ്യണം. ഇവനെപ്പറഞ്ഞതുകൊണ്ടുതന്നെ സ്വർണ്ണത്തിന്റെ രാഗമപഹരിക്കുന്ന കൂടസുവർണ്ണവ്യവഹാരിയേയും പറഞ്ഞുകഴിഞ്ഞു.

ഗൂഢാജീവർ പതിമ്മൂന്നു-
ണ്ടേവം പീഡനകാരികൾ;
നാട്ടിൽനിന്നാട്ടുകിവരെ-
യഥവാ ദണ്ഡമേകുക.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന
നാലമധികരണത്തിൽ, ഗൂഢാജീവിരക്ഷ എന്ന
നാലാമദ്ധ്യായം.

---

## അഞ്ചാം അദ്ധ്യായം.

---

### എണ്പതാം പ്രകരണം.

### സിദ്ധവ്യഞ്ജനന്മാരെക്കൊണ്ടു മാണവപ്രകാശനം.

സത്രിപ്രയോഗം കഴിഞ്ഞതിനുശേഷം, സിദ്ധവ്യഞ്ജനന്മാരായ ഗൂഢപുരുഷന്മാർ മാണവവിദ്യകൾ (മാണവന്മാ

ക്ക വേണ്ട മന്ത്രങ്ങൾ) കൊണ്ടു മാണവന്മാരെ * പ്രലോഭനംചെയ്യണം. പ്രസ്വാപനം (ഉറക്കിടുക), അന്തർധാനം (മറയുക), ദ്വാരാപോഹം (വാതിൽ തുറക്കുക) എന്നിവയുള്ള മന്ത്രംകൊണ്ട് പ്രതിരോധകന്മാരേയും, സംവനനമന്ത്രംകൊണ്ട് പാരതല്പികന്മാരേയും (പരദാരസക്തന്മാരെ) പ്രലോഭിപ്പിപ്പൂ.

അവർ പ്രലോഭനംകൊണ്ട് ഉത്സാഹം തോന്നിപ്പ്പെട്ട മാണവന്മാരുടെ ഒരു വലിയ സംഘത്തെക്കൂട്ടി, രാത്രിയിൽ ഒരു ഗ്രാമത്തിലേക്കെന്നുദ്ദേശിച്ച്, മുൻകൂട്ടിത്തന്നെ കൃത്രിമസ്ത്രീപുരുഷന്മാരെ പറഞ്ഞു നിറുത്തിയിട്ടുള്ള മറെറാരു ഗ്രാമത്തിലേക്കു പോവൂ. അവിടെ ചെന്നെത്തിയാൽ പറവൂ:—"ഇവിടെവച്ചു തന്നെ മന്ത്രത്തിൻെറ പ്രഭാവത്തെ കണ്ടുകൊൾക. മറെറ ഗ്രാമത്തിലേക്കു ഇപ്പോൾ പോകുവാൻ പ്രയാസമാണ്." ഇങ്ങനെ പറഞ്ഞതിനുശേഷം ദ്വാരാപോഹമന്ത്രംകൊണ്ട് വാതിലുകൾ തുറന്നു "കടന്നുകൊൾവിൻ" എന്നു പറവൂ. പിന്നെ അന്തർധാനമന്ത്രം ചൊല്ലി, ഉണർന്നു തന്നെയിരിക്കുന്ന രക്ഷികളുടെ മധ്യത്തിലൂടെ മാണവന്മാരെ കടത്തിക്കൊണ്ടുപോവൂ. പ്രസ്വാപനമന്ത്രംകൊണ്ടു രക്ഷികളെ ഉറക്കി അവരുടെ ശയ്യകളിൽക്കൂടെത്തന്നെ മാണവന്മാരെ നടത്തിപ്പൂ. പിന്നെ സംവനനമന്ത്രം ചൊല്ലി, പരഭാര്യാവ്യഞ്ജനകളായ സ്ത്രീകളെ ആ മാണവന്മാരോടു ചേർത്തു സന്തോഷിപ്പിക്കുകയും ചെയ്വൂ.

മേൽപ്രകാരം പ്രത്യക്ഷമായിത്തന്നെ മന്ത്രപ്രഭാവം കണ്ടറിഞ്ഞതിനുശേഷം സ്മരണാർത്ഥമായിട്ടു ആ മന്ത്രങ്ങ

* മാണവന്മാർ=ക്ഷുദ്രജനങ്ങൾ; പിടിച്ചുപറി, പരദാരഗമനം മുതലായ ക്ഷുദ്രകർമ്മങ്ങളെ ചെയ്യുന്നവരെന്നർത്ഥം.

ളുടെ പുരശ്ചരണം * മുതലായവയേയും മാണവന്മാൎക്കുപ
ദേശിക്കണം.

മേൽപ്രകാരം പഠിപ്പിച്ച വിദ്യയുടെ പ്രയോഗത്തെ കൃതലക്ഷണങ്ങളായ (തിരിച്ചറിവാൻതക്ക അടയാളങ്ങളോടുകൂടിയ) ദ്രവ്യങ്ങളുള്ള ഗൃഹങ്ങളിൽ മേൽപ്പറഞ്ഞ മാണവന്മാരെക്കൊണ്ടു ചെയ്യിക്കണം. അങ്ങനെ ഒരു ഗൃഹത്തിൽ അവർ പ്രവേശിച്ചാൽ അവിടെവച്ച് അവരെ പിടിപ്പിപ്പൂ. അതല്ലെങ്കിൽ അവർ മോഷണംചെയ്ത കൃതലക്ഷണങ്ങളായ ദ്രവ്യങ്ങളെ ക്രയംചെയ്യുകയോ വിക്രയംചെയ്യുകയോ ആധാനംചെയ്യുകയോ ചെയ്യുമ്പോൾ പിടിപ്പിക്കുകയോ, യോഗസുര (മദനയോഗങ്ങൾ ചേൎത്ത മദ്യം) കൊടുത്തു മത്തന്മാരാക്കിത്തീൎത്തു പിടിപ്പിക്കുകയോ ചെയ്‌വൂ. പിടിപ്പിച്ചാൽ അവരുടെ പൂൎവ്വാപദാനം (പൂൎവ്വചരിത്രം) എങ്ങനെയെന്നും, അവൎക്കു ചോരകൎമ്മത്തിൽ സഹായമായിട്ടുള്ളതാരെന്നും ചോദിക്കണം.

മേൽപ്രകാരംതന്നെ പുരാണചോരവ്യഞ്ജനരായ ഗൂഢപുരുഷന്മാരും ചോരന്മാരുടെ ഇടയിൽക്കടന്നുകൂടി അവരെക്കൊണ്ടു ചോരകൎമ്മം ചെയ്യിക്കുകയും അവരെപ്പിടിപ്പിക്കുകയും ചെയ്‌വൂ. അങ്ങനെ പിടിക്കപ്പെട്ട ചോരന്മാരെ സമാഹൎത്താവ് പൌരജാനപദന്മാൎക്കു കാട്ടിക്കൊടുക്കുകയും, "ചോരഗ്രഹണത്തിനുള്ള വിദ്യയെ രാജാവു പഠിക്കുന്നുണ്ട്; അദ്ദേഹത്തിന്റെ ഉപദേശപ്രകാരമാണ് ഈ ചോരന്മാരെപ്പിടിച്ചതു്; ഇനിയും ഞാൻ പിടിക്കുന്നതുമാണ്; നിങ്ങളുടെ ആളുകളാരെങ്കിലും ദുന്ടവാടികാരായിട്ടുണ്ടെങ്കിൽ അവരെ അതിൽനിന്നു വിലക്കണം" എന്നു

* പുരശ്ചരണം = മന്ത്രസിദ്ധി വരുത്തുന്നതിന്റെ ഒരംഗം. ഇതിനു ജപം, ഹോമം, തൎപ്പണം, അഭിഷേകം, ബ്രാഹ്മണഭോജനം എന്നിങ്ങനെ അഞ്ചംഗങ്ങളുണ്ട്. എല്ലാ മന്ത്രങ്ങളുടേയും സിദ്ധിയിൽ ഇവ അപരിത്യാജ്യങ്ങളുമത്രേ.

അവരോടു പറയുകയും വേണം. പൌരജാനപദന്മാൎക്കു വിശ്വാസം വരുവാൻ വേണ്ടി, ചാരന്മാർ മുഖേന ശമ്യ (അകഴി), പ്രതോദം (മുടിങ്കോല്') മുതലായ ചില്ലറ സാധനങ്ങൾ വല്ലവരും മോഷ്ടിച്ചിട്ടുണ്ടെന്നറിഞ്ഞാൽ അവയെക്കൂടിയും കൊണ്ടുവരുവിച്ചു ജനങ്ങൾക്കു കാട്ടിക്കൊടുത്തു "ഇതാ രാജാവിന്റെ പ്രഭാവം" എന്നു പറയണം.

ഇങ്ങനെതന്നെ പുരാണചോരന്മാർ, ഗോപാലകന്മാർ, വ്യാധന്മാർ, ശ്വഗണികൾ എന്നിവരുടെ വേഷം ധരിച്ച ഗൂഢപുരുഷന്മാർ വനചാരന്മാരുടേയും ആടവികന്മാരുടേയും ഇടയിൽ പ്രവേശിച്ച് അവരെ കൂടഹിരണ്യവും കുപ്യഭാണ്ഡങ്ങളും ധാരാളം കൊണ്ടുപോകുന്ന സാൎത്ഥവാഹന്മാരുടെ മാൎഗ്ഗങ്ങളിലും വ്രജങ്ങളിലും ഗ്രാമങ്ങളിലും കടന്നു ചോരണം ചെയ്യാൻ പ്രേരിപ്പിക്കു. അപ്രകാരം ചോരണം ചെയ്യുമ്പോൾ അവരെ ഗൂഢമായി സജ്ജീകരിച്ചുനിൎത്തിയ സൈന്യങ്ങളെക്കൊണ്ടു കൊല്ലിക്കുകയോ, മദനരസം ചേൎത്ത പത്ഥ്യദനം (വഴിച്ചോറ്') ഭക്ഷിപ്പാൻ കൊടുത്തു മയക്കി പിടിപ്പിക്കയൊ ചെയ്യു. അവർ ലോപ്ത്രഭാരം (മോഷ്ടിച്ച ദ്രവ്യത്തിന്റെ ചുമടു) ചുമന്നും കൊണ്ടു ദീൎഘമാൎഗ്ഗസഞ്ചാരം ചെയ്തു ക്ഷീണിച്ചു കിടന്നുറങ്ങുമ്പോൾ പിടിപ്പിക്കുകയോ, പ്രവഹണങ്ങളിൽ (സന്തോഷസൂചകമായ സദ്യകളിൽ) യോഗസുര കൊടുത്തു മത്തന്മാരാക്കി പിടിപ്പിക്കുകയൊ ചെയ്യുകയുമാകാം.

പിടിച്ചാൽ നാട്ടുകാർമുമ്പിൽ
സമാഹൎത്താവു മുൻവിധം
നൃപന്റെ സൎവ്വജ്ഞതയെ—
ച്ചൊല്ലിക്കാട്ടിക്കൊടുക്കണം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, സിദ്ധവ്യഞ്ജനരെക്കൊണ്ടു മാണവപ്രകാശനം എന്ന അഞ്ചാമധ്യായം.**

# ആറാം അധ്യായം.

എണ്പത്തൊന്നാം പ്രകരണം.

ശങ്കാരൂപകർമ്മാഭിഗ്രഹം.

സിദ്ധവ്യഞ്ജനരെ പ്രയോഗിച്ചതിന്നു ശേഷം ശങ്ക, രൂപം, കർമ്മം എന്നിവയെക്കൊണ്ടു ചോരന്മാരെ ഗ്രഹിക്കുന്നതിന്നു പ്രയത്നം ചെയ്യണം.

കുടുംബത്തിലെ പൂർവ്വസ്വത്തു ക്ഷയിപ്പിച്ചവൻ, നിർവ്വേശം (സമ്പാദ്യം) കുറഞ്ഞവൻ, ദേശവും ജാതിയും ഗോത്രവും നാമവും കർമ്മവും അപദേശവും (വ്യവഹാരം) മാററിക്കൊണ്ടിരിക്കുന്നവൻ, വൃത്തികർമ്മത്തെ (വൃത്ത്യർത്ഥമായ തൊഴിലിനെ) മറച്ചുവെക്കുന്നവൻ, മദ്യമാംസങ്ങളിലും ഭക്ഷ്യഭോജനങ്ങളിലും ഗന്ധമാല്യങ്ങളിലും വസ്ത്രാലങ്കാരങ്ങളിലും അതിസക്തിയുള്ളവൻ, അതിവ്യയം ചെയ്യുന്നവൻ, വേശ്യാസ്ത്രീകളിലും ദ്യൂതകളിയിലും മദ്യവ്യവഹാരികളിലും അതിപ്രസക്തിയുള്ളവൻ, കൂടക്കൂടെ നാട്ടിൽനിന്നു പോകുന്നവൻ, ഇരിക്കുന്ന സ്ഥലവും പോകുന്ന ദേശവും ചെയ്യുന്ന കച്ചവടവും എന്തെന്നു് അന്യന്മാൎക്കു ഗ്രഹിപ്പാൻ വയ്യാത്തവൻ, ഏകാന്ത(വിജനം)ത്തിലും വനത്തിലും നിഷ്കുട (ഉദ്യാനം)ത്തിലും അകാലത്തിങ്കൽ സഞ്ചരിക്കുന്നവൻ, പ്രച്ഛന്നമോ, ആമിഷ (ദ്രവ്യം) മുള്ളതോ ആയ ദേശത്തു പല പ്രാവശ്യം പോകയും മന്ത്രിക്കയും ചെയ്യുന്നവൻ, പെട്ടന്നുണ്ടായ ക്ഷതങ്ങൾക്കും വ്രണങ്ങൾക്കും ഗൂഢമായിട്ടു ചികിത്സ ചെയ്യുന്നവൻ, ഗൃഹാന്തർഭാഗത്തിങ്കൽത്തന്നെ നിത്യവും വസിക്കുന്നവൻ, അഭ്യധിഗമനം (ആരെങ്കിലും വരുമ്പോൾ അവരുടെ നേരെ വേഗത്തിൽച്ചെന്നു മടങ്ങിവരിക) ചെയ്യു ശീലമായവൻ, സ്ത്രീകളിൽ അതിലോലനായവൻ, പരപരിജനങ്ങളേയും പരസ്ത്രീകളേയും പരദ്രവ്യങ്ങളേയും പരഗൃഹങ്ങളേയും കുറിച്ചു വളരെ പ്രാ

വശ്യം ചോദ്യം ചെയ്യുന്നവൻ, കുത്സിതകൎമ്മങ്ങൾക്കു ഉപയോഗിക്കാവുന്നുള്ള ശസ്ത്രങ്ങളിലും ഉപകരണങ്ങളിലും സംസൎഗ്ഗം (പരിചയം) ഉള്ളവൻ, വിരാത്ര (അൎദ്ധരാത്രം)ത്തിങ്കൽ ഗൂഢമായിട്ടു ചുമരിന്റെ മറവിൽക്കൂടെ സഞ്ചരിക്കുന്നവൻ, വിരൂപങ്ങളായ ദ്രവ്യങ്ങളെ അദേശത്തിങ്കലും അകാലത്തിങ്കലും വില്ക്കുന്നവൻ, മനസ്സിൽ വൈരമുള്ളവനെപ്പോലെ ഓരോന്നു പ്രവൃത്തിക്കുന്നവൻ, ഹീനമായ കൎമ്മത്തോടും ജാതിയോടും കൂടിയവൻ, സ്വന്തം രൂപത്തെ മറച്ചുംകൊണ്ടിരിക്കുന്നവൻ, ലിംഗി (യതി)യല്ലാതിരുന്നിട്ടും ലിംഗിചിഹ്നത്തെ ധരിക്കുന്നവൻ, ലിംഗിയായിരുന്നിട്ടും ഭിന്നമായ ആചാരം അനുഷ്ഠിക്കുന്നവൻ, മുൻപു ചോരകൎമ്മം ചെയ്തിട്ടുള്ളവൻ, തന്റെ ദുഷ്കൎമ്മങ്ങളെക്കൊണ്ടു പ്രസിദ്ധനായവൻ, നാഗരികനേയൊ മഹാമാത്രനേയൊ കാണുമ്പോൾ ഒളിച്ചുപോകുന്നവൻ, അനുച്ഛ്വാസനായിട്ടു (വീൎപ്പടക്കിക്കൊണ്ടു) വല്ല സ്ഥലത്തും ഇരിക്കുന്നവൻ, ആവിഗ്നൻ (ഭീതൻ), മെലിഞ്ഞും പകൎന്നുമുള്ള സ്വരത്തോടും മുഖവൎണ്ണത്തോടും കൂടിയവൻ, ശസ്ത്രഹസ്തരായ ആളുകൾ വരുമ്പോൾ ഭയപ്പെടുന്നവൻ — എന്നീപ്രകാരമുള്ള ഒരുവനെക്കണ്ടാൽ അവൻ ഹിംസ്രൻ (ഘാതുകൻ), ചോരൻ, നിധിയോ നിക്ഷേപമോ അപഹരിച്ചവൻ, മറെറന്തെങ്കിലും ഒരു ദുഷ്പ്രയോഗം ചെയ്തവൻ, ഗൂഢാജീവി എന്നിവരിലൊരുവനാണെന്നു ശങ്കിക്കണം. ഇങ്ങനെ ശങ്കാഭിഗ്രഹം.

രൂപാഭിഗ്രഹമാവിതു്:— ഒരു ദ്രവ്യം നഷ്ടമാക (കൈമോശം വരിക)യോ അപഹൃതമാക (കള്ളൻ കൊണ്ടുപോക)യൊ ചെയ്തു് അവിദ്യമാനമായാൽ തജ്ജാതവ്യവഹാരികളിൽ (ആ ജാതിയിലുള്ള ദ്രവ്യങ്ങളെക്കൊണ്ടു വ്യവഹരിക്കുന്നവർ) വിവരം അറിയിക്കണം. അങ്ങനെ അറിയിച്ച ദ്രവ്യം അവരുടെ കയ്യിൽ വന്നിട്ടു് അവരതു മറച്ചു

വച്ചാൽ സാക്ഷിവ്യകരദോഷം (കളവിനു സഹായിച്ച കുററം) അവക്കിരിക്കുന്നതാണ്. കയ്യിൽ വന്ന ദ്രവ്യം അന്യന്റെ വകയാണെന്ന് അവരറിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ അതിസൎഗ്ഗം (അപ്പണം) കൊണ്ട് അവക്കു മോചനം ലഭിക്കും. അവർ തങ്ങളുടെ കയ്യിൽ വന്ന പുരാണഭാണ്ഡങ്ങളെ സംസ്ഥാദ്ധ്യക്ഷനറിവുകൊടുക്കാതെ ആധാനം ചെയ്കയൊ വിൽക്കുകയൊ ചെയ്യരുത്.

അപ്രകാരം അറിയിക്കപ്പെട്ട ഒരു ദ്രവ്യം കിട്ടിയാൽ സംസ്ഥാദ്ധ്യക്ഷൻ രൂപാഭിഗ്രഹീത (ആ ദ്രവ്യംകൊണ്ടുവന്നവൻ) നോട് "നിനക്കെവിടെനിന്നാണിതു കിട്ടിയത്" എന്നു ചോദിക്കണം. അവൻ ദായാദ്യം (ദായാഗതം) വഴിക്കു കിട്ടിയതൊ, ഇന്നാളിൽനിന്നു കിട്ടിയതൊ, വിലക്കു വാങ്ങിയതൊ, പുതുതായി ഉണ്ടാക്കിച്ചതൊ, ആധിപ്രച്ഛന്ന (പണയത്തിൽ മറഞ്ഞിരുന്നത്)മോ ആണ് എന്നും അതിന്റെ ദേശവും കാലവും സമ്പ്രാപ്തിയും അൎഘ (വാസ്തുമൂല്യം)വും പ്രമാണവും ലക്ഷണവും വിലയും ഇന്നതാണെന്നും പറഞ്ഞ് ആഗമസമാധി (ആഗമത്തിന്റെ-കിട്ടിയ പ്രകാരത്തിന്റെ സമൎത്ഥനം) ചെയ്താൽ അവനു മോചനം ലഭിക്കും.

നാഷ്ടികനും (ദ്രവ്യം പോയവൻ; അഭിയോക്താവ്) അപ്രകാരംതന്നെ ബോധിപ്പിച്ചാൽ, അവരിൽ ആരാണോ മുമ്പിലും ദീൎഘകാലവും അതു കൈവശം വച്ചനുഭവിച്ചിരുന്നത്, ആരാണോ ശുചിയായ ദേശൻ(സാക്ഷി) ഉള്ളത് അവന്റേതാണ് ദ്രവ്യമെന്നു തീരുമാനിക്കണം. നാൽക്കാലികൾക്കും ദ്വിപദങ്ങൾക്കുംകൂടി രൂപംകൊണ്ടും ലിംഗംകൊണ്ടും ഉള്ള സാമ്യം കാണാറുണ്ടല്ലൊ; പിന്നെ ഒരേ യോനിദ്രവ്യംകൊണ്ട് ഒരേ കൎത്താവ് (പണിക്കാരൻ) നിൎമ്മിച്ച കുപ്യാഭരണഭാണ്ഡങ്ങൾക്കു സാമ്യമുണ്ടാകുമെന്നു പറയേണ്ടതുണ്ടോ?

ആ രൂപാഭിഗ്രഹീതൻ ആ ദ്രവ്യം താൻ ഇന്നാളോട്ട ഏതവൻ വാങ്ങിയതോ വാടകക്കു് വാങ്ങിയതോ പണയം വാങ്ങിയതോ നിക്ഷേപമായി വാങ്ങിയതോ സൂക്ഷിപ്പാൻ വാങ്ങിയതോ വൈയാവൃത്യകർമ്മ(കർമ്മവേതനം)മായി വാങ്ങിയതോ ആണെന്നു പറയുന്നതായാൽ അപസാരൻ (ആരിൽനിന്നു കിട്ടിയതായിപ്പറഞ്ഞുവോ അവൻ) അതു സമ്മതിക്കുന്നപക്ഷം അവൻ മുക്തനാകും. "അങ്ങനെയല്ല" എന്നു് അപസാരൻ പറഞ്ഞുവെങ്കിൽ പരൻ (അപസാരൻ) അതു തനിക്കു തന്നതിന്റെ കാരണവും, താനതു വാങ്ങിയതിന്റെ കാരണവും, ഉപലിംഗനവും, ദായകൻ, ദാപകൻ, നിബന്ധകൻ (ലേഖകൻ), പ്രതിഗ്രാഹകൻ, ഉപദേഷ്ടാവു് (ലേഖ്യം പറഞ്ഞുകൊടുത്തവൻ), ഉപശ്രോതാവു് (കേട്ട സാക്ഷി) എന്നിവരോടുകൂടി പ്രതിസമാനായിക്കണം (സമർത്ഥിക്കണം.)

ഉജ്ഝിതം (ഉപേക്ഷിച്ചതു്), പ്രനഷ്ടം, നിഷ്പതിതം (കൂട്ടം തെറ്റിയതു്) എന്നിങ്ങനെയുള്ള ഒരു ദ്രവ്യത്തിന്റെ സംഗതിയിൽ രൂപാഭിഗ്രഹീതൻ ദേശവും കാലവും ലാഭപ്രകാരവും തെളിയിച്ചാൽ അവന്നു ശുദ്ധി വരും. അശുദ്ധനായാൽ ആ ദ്രവ്യവും, ദണ്ഡമായിട്ടു വേറെ അത്രയും കൊടുക്കണം. അതില്ലാത്തപക്ഷം സ്തേയദണ്ഡം കൊടുക്കേണ്ടിവരും. ഇങ്ങനെ രൂപാഭിഗ്രഹം.

കർമ്മാഭിഗ്രഹമാവിതു:— മോഷണം ചെയ്ത ഗൃഹത്തിൽ അദ്വാരത്തിലൂടെ (വാതിലുകൾക്കൂടെയല്ലാതെ) അകത്തു കടക്കുകയും പുറത്തുപോകയും ചെയ്തിരിക്കുക, ദ്വാരത്തെ സന്ധി (തുരങ്കം) കൊണ്ടോ ബീജം (വേധസാധനം) കൊണ്ടോ പൊളിച്ചിരിക്കുക, ഉത്തമാഗാരത്തിന്റെ(മേൽത്തട്ടിന്റെ) ജാലമോ വാതായനമോ നീവ്രമോ(മേൽപ്പുര) പൊളിച്ചിരിക്കുക, കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ ചുമരിന്മേൽ വെട്ടിപ്പഴുതുണ്ടാക്കിയിരിക്കുക,

ഗ്രന്ഥമായ ദ്രവ്യനിക്ഷേപത്തെ എടുക്കുന്നതിനുവേണ്ടി ഉപദേശംകൊണ്ടു മാത്രം അറിയാവുന്നവിധം ഉപഖനനം (ചുമരിന്റെ അരികിൽ നിലം കുഴിക്കുക) ചെയ്തു അന്തർഭാഗത്തിൽ വെട്ടിത്തുറന്നു പൊടിപടലങ്ങളെ പുറപ്പെടുവിച്ചിരിക്കുക എന്നീ ലക്ഷണങ്ങൾ കണ്ടാൽ ചോരണം അഭ്യന്തരകൃത (അകത്തുവെച്ചു ചെയ്യപ്പെട്ടത്)മാണെന്നറിയണം. ഇതിനു വിപരീതമായിക്കണ്ടാൽ ബാഹ്യകൃതമാണെന്നു മനസ്സിലാക്കണം. രണ്ടിന്റെ ലക്ഷണങ്ങളും സമ്മിശ്രമായിക്കണ്ടാൽ രണ്ടുഭാഗത്തുനിന്നും കൂടി ചെയ്തതാണെന്നും ധരിക്കണം.

അകത്തുനിന്നാണു ചോരണംചെയ്തിട്ടുള്ളതെന്നു തോന്നിയാൽ വ്യസനിയും ക്രൂരജനങ്ങളോടു കൂട്ടുകെട്ടുള്ളവനും തസ്കരോപകരണങ്ങൾ കൈവശമുള്ളവനുമായ ആസന്നപുരുഷൻ, ദരിദ്രകുലത്തിൽ ജനിച്ചവളോ അന്യപുരുഷനിൽ ആസക്തയോ ആയ സ്ത്രീ, അപ്രകാരംതന്നെയിരിക്കുന്ന പരിചാരകൻ, അധികം ഉറങ്ങുന്നവൻ, ഉറക്കം വന്നു തളർന്നവൻ, ആധികൊണ്ടു ക്ലാന്തനായവൻ, ഭയപരവശനായവൻ, വരണ്ടും ഇടറിയുമുള്ള സ്വരത്തോടും മുഖവർണ്ണത്തോടും കൂടിയിരിക്കുന്നവൻ, അനവസ്ഥിതൻ (ഒരുസ്ഥലത്ത് ഉറച്ചിരിക്കാത്തവൻ), അതിപ്രലാപം ചെയ്യുന്നവൻ, ഉച്ചാരോഹണം (ഉയരത്തിൽ കയറുക) കൊണ്ടു ദേഹം ക്ഷോഭിച്ചിട്ടുള്ളവൻ, ചിരകിയും വ്രണപ്പെട്ടും പൊട്ടിയും മുറിഞ്ഞുമുള്ള ശരീരത്തോടും വസ്ത്രത്തോടും കൂടിയിരിക്കുന്നവൻ, കോറിയും കണ്ടിയുമിരിക്കുന്ന കൈകാലുകളോടുകൂടിയവൻ, തലമുടിയും നഖങ്ങളും പൊടി നിറഞ്ഞോ പറിഞ്ഞോ വളഞ്ഞോ ഇരിക്കുന്നവൻ, നല്ലവണ്ണം കുളിച്ചു കുറിയിട്ടവൻ, ദേഹത്തിൽ എണ്ണ പുരട്ടിയവൻ, അപ്പോൾ തന്നെ കൈകാലുകൾ കഴുകിയവൻ, പാംസു(പൊടി)വിലും പിച്ഛില (വഴുവഴുപ്പുള്ള സ്ഥലം)ത്തിലും കാൽ പതിഞ്ഞു

കാണുന്നതിനോടു തുല്യമായ പദനിക്ഷേപ (കാലടിപ്പാട്) മുള്ളവൻ, അടുക്കൽക്കൂടെ കടന്നുപോകുമ്പോൾ മുഷിതഗൃഹത്തിനുള്ളിലുള്ള പുഷ്പം, മദ്യം, ചന്ദനം, വസ്ത്രച്ഛേദം, കരിക്കട്ട എന്നിവയുടെ ഗന്ധത്തോടു തുല്യമായ ഗന്ധത്തെപ്പൊഴിക്കുന്നവൻ ഇങ്ങനെയെല്ലാമുള്ളവരെ പരീക്ഷിക്കുകയും, തസ്കരനോ പാരദാരികനോ ആണെന്നു മനസ്സിലാക്കുകയും ചെയ്യണം.

ഏവം ചോരരെയാരായ്‌വൂ
ഗോപസ്ഥാനികയുക്തനായ്
അന്തർദ്ദുർഗ്ഗേ നാഗരികൻ,
പ്രദേഷ്ടാവു പുറത്തുമേ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, ശങ്കാരൂപകർമ്മാഭിഗ്രഹം എന്ന ആറാമദ്ധ്യായം.

---

## ഏഴാം അദ്ധ്യായം.

### എണ്പത്തിരണ്ടാം പ്രകരണം.

### ആശുമൃതകപരീക്ഷ.

ആശുമൃതകനെ (പെട്ടെന്നു മരിച്ചവനെ) ദേഹമാസകലം എണ്ണ പുരട്ടി പരീക്ഷിക്കണം. മലമൂത്രങ്ങളെ പുറപ്പെട്ടും, കോഷ്ഠത്തിലും ത്വക്കിലും വായു നിറഞ്ഞും, കയ്യും കാലും വീങ്ങിയും, കണ്ണുകൾ മിഴിച്ചും, കഴുത്തിൽ അടയാളത്തോടുകൂടിയുമിരിക്കുന്ന ആശുമൃതകനെ ഞെക്കി വീർപ്പുമുട്ടിച്ചു കൊന്നതാണെന്നറിയണം.

ഈ ലക്ഷണങ്ങളോടുകൂടിയും, വിശേഷിച്ചു കൈകളും തുടകളും സങ്കോചിപ്പിച്ചുമിരിക്കുന്നവനെ ഉദ്ബന്ധഹതൻ (തൂക്കിക്കൊല്ലപ്പെട്ടവൻ) എന്നറിയണം.

കൈകളും കാലുകളും വയറും വീൎത്തും, അപഗതമായ (ഉള്ളിലേക്കു വലിഞ്ഞ) കണ്ണുകളോടും ഉദ്വൃത്തമായ (പുറത്തേക്കുന്തിയ) നാഭിയോടുംകൂടിയുമിരിക്കുന്നവനെ അവരോപിതൻ (കഴുവേററിക്കൊല്ലപ്പെട്ടവൻ) എന്നു ധരിക്കണം.

ഉദരവും കണ്ണുകളും സ്തംഭിച്ചും, നാവുകടിച്ചും, വയറു വീൎത്തുമിരിക്കുന്നവനെ ഉദകഹതൻ (വെള്ളത്തിൽ മുക്കി കൊല്ലപ്പെട്ടവൻ) എന്നു മനസ്സിലാക്കണം.

രക്തംകൊണ്ടു നനഞ്ഞും പൊട്ടിയും വ്രണപ്പെട്ടുമിരിക്കുന്ന അവയവങ്ങളോടു കൂടിയുള്ളവനെ കാഷ്ഠരശ്മിഹതൻ (വടികൊണ്ടോ കയറുകൊണ്ടോ കൊല്ലപ്പെട്ടവൻ) എന്നു വിചാരിക്കണം.

മുറിഞ്ഞും തകൎന്നുമുള്ള അവയവങ്ങളോടുകൂടിയിരിക്കുന്നവനെ അവക്ഷിപ്തൻ (ഉയരത്തിൽനിന്നു തള്ളിവീഴ്ത്തി കൊല്ലപ്പെട്ടവൻ) എന്നറിയണം.

കൈകൾ, കാലുകൾ, പല്ലുകൾ, നഖങ്ങൾ എന്നിവ ശ്യാമവൎണ്ണങ്ങളായും, മാംസവും രോമങ്ങളും തോലും അയഞ്ഞും, വായിൽ നുര പുരണ്ടുമിരിക്കുന്നവനെ വിഷഹതൻ (വിഷംകൊടുത്തു കൊല്ലപ്പെട്ടവൻ) എന്നറിയണം.

അതേ ലക്ഷണങ്ങളോടും, വിശേഷിച്ചു രക്തം ഇറിച്ച ദംശ (കടിവായ) ത്തോടുംകൂടിയിരിക്കുന്നവനെ സൎപ്പകീടഹതൻ (സൎപ്പങ്ങളാലോ മററു സവിഷപ്രാണികളാലൊ കൊല്ലപ്പെട്ടവൻ) എന്നു ധരിക്കണം.

വിക്ഷിപ്തമായ (അങ്ങുമിങ്ങും ചിതറിയുലഞ്ഞ) വസ്ത്രത്തോടും അവയവങ്ങളോടും കൂടിയും, വളരെ ഛൎദ്ദിച്ചും, വിരേചിച്ചുമുള്ളവനെ മദനയോഗഹതൻ (മദനരസംകൊണ്ടു കൊല്ലപ്പെട്ടവൻ) എന്നറിയണം.

ഇപ്പറഞ്ഞ വയിലേതെങ്കിലുമൊരു കാരണംകൊണ്ടു മരിച്ചവനെ താനേതാൻ കൊലപ്പെടുത്തുകയോ, കൊ

ന്നതിന്നുശേഷം ദണ്ഡഭയം കാരണം കെട്ടിത്തൂക്കി കഴുത്തറുക്കുകയോ ചെയ്തതാണെന്നറിയണം.

വിഷഹതനായവൻെറ ഭോജനശേഷം (ഭക്ഷിച്ച് ദഹിക്കാതെ കിടക്കുന്ന ആഹാരം) പയസ്സിൽ * (പാലിൽ) ഇട്ടു പരീക്ഷിക്കണം. ഹൃദയത്തിൽനിന്ന് അല്പഭാഗം കീറിയെടുത്തു തീയ്യിലിട്ടാൽ അതു "ചടചട" എന്നു പൊട്ടുകയോ ഇന്ദ്രചാപത്തിൻെറ നിറമുള്ളതാകയോ ചെയ്യുന്ന പക്ഷം വിഷമുണ്ടെന്നറിയണം. ശവം ദഹിപ്പിക്കുമ്പോൾ ദേഹം മുഴുവൻ ദഹിച്ചിട്ടും ഹൃദയം ദഹിക്കാതിരിക്കുന്ന പക്ഷവും വിഷമുണ്ടെന്നറിയണം.

വിഷദനെ അറിയുന്നതിന്ന്, ഹതൻെറ വാക്പാരുഷ്യത്താലൊ ദണ്ഡപാരുഷ്യത്താലൊ പീഡിതനായിട്ടുള്ള പരിചാരകൻ, ദുഃഖത്തിൽപ്പെട്ടൊ അന്യപുരുഷനിൽ ആസക്തി പൂണ്ടൊ ഇരിക്കുന്ന സ്ത്രീജനം, ഹതൻെറ അഭാവത്തിൽ ദായനിവൃത്തി (ദായം അവനു ചേരാതെ തനിക്കു ലഭിക്കൽ) യേയോ അവൻെറ സ്ത്രീജനത്തെയോ കാംക്ഷിച്ചുംകൊണ്ടിരിക്കുന്ന ബന്ധു എന്നിവരെ അന്വേഷിക്കണം. ഹതോദ്ബദ്ധൻെറ (കൊന്നു തൂക്കപ്പെട്ടവൻെറ) കാര്യത്തിലും അതുതന്നെ പരീക്ഷിക്കണം.

സ്വയമുദ്ബദ്ധൻ (തന്നെത്താൻ തൂങ്ങിച്ചത്തവൻ) ആയവൻെറ സംഗതിയിൽ അവനോട് ആരെങ്കിലും അയുക്തമായ വിപ്രകാരം (ദ്രോഹം) ചെയ്യുകയുണ്ടായിട്ടുണ്ടോ എന്നന്വേഷിക്കണം.

സ്ത്രീനിമിത്തമായ ദോഷം, ദായാദ്യം(മുതലവകാശം) കാരണമായ ദോഷം, കർമ്മസ്പർദ്ധ, പ്രതിപക്ഷദ്വേഷം (ശ

---

* വിനയാധികാരികത്തിലെ ആത്മരക്ഷിതകംപ്രകരണത്തിൽ പറഞ്ഞ വിധിയനുസരിച്ചു പരീക്ഷിക്കണമെന്നർത്ഥം. ഇവിടെ 'പയോഭിഃ' എന്ന മൂലത്തിന്ന 'വയോഭിഃ' എന്നും പാഠാന്തരമുണ്ട്. ആ പക്ഷത്തിൽ പക്ഷികളെക്കൊണ്ടു പരീക്ഷിക്കണമെന്നർത്ഥം.

ത്രൂവൈരം), പണ്യസംസ്ഥ (കച്ചവടം), സമവായം (തൊഴിൽയോഗം) എന്നിവയോ വിവാദപദങ്ങളിലേതെങ്കിലുമൊന്നോ ആണ് എല്ലാവക്കും രോഷത്തിന്നു കാരണം. രോഷം നിമിത്തമായിട്ടാണ് ഘാതം (വധം) സംഭവിക്കുന്നത്.

തന്നെത്താനോ, താൻ നിയോഗിച്ച ആളുകളാലോ, ധനാൎത്ഥമായിട്ടു ചോരന്മാരാലോ, സാദൃശ്യം കാരണം മറെറാരാളുടെ ശത്രുക്കളാലോ ഒരുവൻ വധിക്കപ്പെട്ടാൽ അതിനെപ്പററി അറിവാൻ അടുത്ത ജനങ്ങളെപ്പരീക്ഷിക്കണം. ആരാണോ അവനെ വിളിക്കുകയോ, അവന്റെ കൂടെയുണ്ടായിരിക്കയോ, അവനോടൊരുമിച്ചു പോകയോ, അവനെ ഹതഭൂമി (കൊലസ്ഥലം) യിലേക്കു കൊണ്ടുപോകയോ ചെയ്തതു് അവരോടു ചോദിച്ചു:—"ആരാണ് ഇവനെ ഇവിടെക്കൊണ്ടുവരികയോ കൊല്ലുകയോ ചെയ്തതു്? ആരെയെങ്കിലും ആയുധപാണിയായിട്ടോ സംഗ്രഹമാനൻ (പ്രച്ഛന്നചാരി) ആയിട്ടോ ഉദ്വിഗ്നനായിട്ടോ നിങ്ങൾ കാണുകയുണ്ടായോ?" അവർ എങ്ങനെ പറയുന്നുവോ അങ്ങനെ വേണം പിന്നീടു് അന്വേഷണം നടത്തുവാൻ.

മൃതന്റെ മെയ്യിലേതാനു-
മുപഭോഗം, പരിച്ഛദം,
വസ്ത്രം, വേഷ,മലങ്കാര-
മിവ കണ്ടോകിലായവ

കൊടുത്തോരോടു ചോദിച്ചു
കൂട്ടുപാൎപ്പുകരും, ഹേതുവും,
വ്യവഹാരം, തൊഴിലിവ;—
പിന്നെച്ചെയ്യുക മാൎഗ്ഗണം.

എവൻ കാമക്രോധവശാ,-

ലെവങ്ങളാ പാപബുദ്ധിയാൽ

തന്നെത്താൻ കൊലചെയ്യുന്നു

രജ്ജുശസ്ത്രവിഷങ്ങളാൽ

ചണ്ഡാലനെക്കൊണ്ടവരെ-

ക്കയറാൽക്കെട്ടി വീഥിയിൽ

വലിപ്പിപ്പി,തവർക്കില്ലാ

സംസ്കാരം പ്രേതകർമ്മവും.

അവർക്ക് ബന്ധുവാരാനും

പ്രേതകാര്യം കഴിക്കുകിൽ

അതേ ഗതിയവനെത്തും,

വരും ജാതിപ്രവാസവും.

യാജനാധ്യാപനവിവാ-

ഹങ്ങളെ ഭ്രഷ്ടരൊത്തു താൻ

ചെയ്യുന്നോനാണ്ടാൽ ഭ്രഷ്ടനാകു-

മവരായ് ച്ചെയ്യുമന്യനും.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന
നാലാമധികരണത്തിൽ, ആശുമൃതകപരീക്ഷ എന്ന
ഏഴാമധ്യായം.

---

# എട്ടാം അദ്ധ്യായം.

---

## എണ്പത്തിമൂന്നാം പ്രകരണം.

## വാക്യകർമ്മാനുയോഗം. *

മുഷിതന്റെയും (മുതൽ മോഷ്ടിക്കപ്പെട്ടവന്റെ) ബാഹ്യന്മാരും ആഭ്യന്തരന്മാരുമായ സാക്ഷികളുടെയും സന്നി

* വാക്യകർമ്മാനുയോഗം = വാക്യംകൊണ്ടും കർമ്മംകൊണ്ടുമുള്ള ചോദ്യം. വാക്യമെന്നാൽ വചനം, കർമ്മമെന്നതു ശിക്ഷ (പ്രഹരം)

ധിയിൽവച്ച് അഭിശസ്തന്റെ (കുറ്റം ആരോപിക്കപ്പെട്ടവന്റെ) ദേശം, ജാതി, ഗോത്രം, പേര്, പ്രവൃത്തി, ധനം, സഹായൻ, വാസസ്ഥലം എന്നിവയെ ചോദിക്കൂ. അതിനന്തരമായിക്കിട്ടുന്ന സംഗതികളെ അപദേശങ്ങൾ (ഉപപത്തികൾ) കൊണ്ടു പ്രതിസന്ധാനിക്കുകയും (പര്യാലോചിക്കുക) ചെയ്വൂ. അതിന്നു ശേഷം ചോരണം നടന്നതിന്നു തലേദിവസത്തെ അവന്റെ പ്രചാരവും (പെരുമാറ്റം) രാത്രിയിലെ നിവാസവും മറ്റുമായി അവനെ പിടിക്കുന്നതുവരെയുള്ള വിചാരങ്ങളെല്ലാം ചോദിക്കൂ. അതിൽനിന്ന് അപസാരം (അപരാധത്തിൽനിന്നു വിട്ടുപോവാനുള്ള കാരണം) കിട്ടിയാൽ അവൻ ശുദ്ധനാകും. ഇല്ലാത്ത പക്ഷം അവൻ കർമ്മപ്രാപ്തൻ (കർമ്മത്തിന്നു വിഷയീഭൂതൻ; അപരാധി) ആകും.

ചോരണം നടന്നിട്ടു മൂന്നുരാത്രി കഴിഞ്ഞതിന്നു ശേഷം ശങ്കിതകനെ പിടിക്കുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, അങ്ങനെ പിടിച്ചാൽ ചോദ്യങ്ങൾ ചോദിക്കുന്നതിന്നു യുക്തിയില്ലാതെ പോകുന്നതുകൊണ്ടുതന്നെ. എന്നാൽ ഉപകരണം കാണുന്ന സംഗതിയിൽ ഇതു ബാധകമല്ല.

ചോരനല്ലാത്തവനെ ചോരനെന്നു വ്യവഹരിക്കുന്നവന്നും, ചോരനായിട്ടുള്ളവനെ പ്രച്ഛാദനം (ഒളിപ്പിക്കുക) ചെയ്യുന്നവന്നും ചോരതുല്യമായ ദണ്ഡം വിധിക്കണം.

ചോരനായ അന്യൻ വൈരവും ദ്വേഷവും കാരണങ്ങളായിട്ടു തന്റെ പേരിൽ ആക്ഷേപം കൊണ്ടുവന്നതാണെന്നു തെളിയിച്ചാൽ അഭിശസ്തകൻ ശുദ്ധനാകുന്നതാണ്. ശുദ്ധനായിട്ടുള്ളവനെ പരിവാസനം (തടങ്ങലിൽ വയ്ക്കുക) ചെയ്യുന്നവന്നു പൂർവ്വസാഹസം ദണ്ഡം.

ശങ്കാനിഷ്പന്നനോട് (ശങ്കയുണ്ടായിട്ടുള്ളതാരുടെ പേരിലോ അവനോട്) ഉപകരണം (ചോരണത്തിന്നുപയോ

ഗിച്ചിട്ടുള്ള സാധനം), മന്ത്രി (മന്ത്രാലോചനയിൽ സാ ഹായ്യം ചെയ്യുവൻ), സഹായൻ (ചോരണത്തിൽ സഹാ യിച്ചവൻ), ഭൂപം (മോഷ്ടിച്ച ദ്രവ്യം), വൈയാവൃത്യകര ന്മാർ (മോഷ്ടിച്ച ദ്രവ്യത്തെ വിൽക്കുവാനും മററും സഹാ യിച്ചവർ) എന്നീ വിവരങ്ങൾ ചോദ്യംചെയ്തു പുറത്തു വ രുത്തണം. അവയെ, ചോരകർമ്മത്തെസ്സംബന്ധിച്ച് മു ഷിതഗൃഹത്തിൽ ആരെല്ലാം പ്രവേശിച്ചു എന്നും, ദ്രവ്യാദാ നം ചെയ്തത് ആരെന്നും, അംശവിഭാഗം (ഓരോരുത്തർക്കു മുള്ള ഭാഗം) എങ്ങനെയെന്നും ചോദിച്ച് പ്രതിസമാനയി ക്കുകയും ചെയ്യണം.

ഈ കാരണങ്ങളെ ശരിക്കു പറയാതെ വിപ്രലാപം (ഒന്നിനൊന്നു വിരുദ്ധമായിപ്പറയുക) ചെയ്യുന്നതായാൽ അവൻ ചോരനല്ലെന്നു ധരിക്കേണ്ടതാണ്. ചോരനല്ലാ ത്തവനും യദൃച്ഛയാ ചോരമാർഗ്ഗത്തിൽ കാണപ്പെട്ടുവെന്നും, കണ്ടസമയത്തു വേഷത്തിന്റെയും ആയുധത്തിന്റെയും ഭാണ്ഡത്തിന്റെയും സാദൃശ്യംകൊണ്ടോ കളവുചെയ്ത ദ്ര വ്യത്തിന്റെ ഉപവാസം (സമീപസ്ഥിതി) കൊണ്ടോ അ വൻ പിടിക്കപ്പെട്ടുവെന്നും വരാമല്ലോ. താൻ ചോരന ല്ലാതിരുന്നിട്ടും കർമ്മക്ലേശത്തെ ഭയപ്പെട്ടു "ചോരനാണ് ഞാൻ" എന്നു പറഞ്ഞ മാണ്ഡവ്യൻതന്നെ ഇതിന്നുദാ ഹരണം. ആയതുകൊണ്ടു സമാപ്തകരണൻ (എല്ലാ തെ ളിവുകളുമുള്ളവൻ) ആയവനെ മാത്രമേ ദണ്ഡിക്കുവാൻ പാടുള്ളൂ.

അല്പാപരാധൻ, ബാലൻ, വൃദ്ധൻ, വ്യാധിതൻ, മ ത്തൻ, ഉന്മത്തൻ, ക്ഷുത്തുകൊണ്ടോ തണ്ണീർദ്ദാഹംകൊ ണ്ടോ മാർഗ്ഗസഞ്ചാരംകൊണ്ടോ തളർന്നവൻ, അതിഭക്ഷണം ചെയ്തവൻ, ആമകാശിതൻ (ഭക്ഷിച്ചതു ദഹിക്കാതെയുള്ള വൻ), ദുർബ്ബലൻ എന്നിങ്ങനെയുള്ളവനിൽ കർമ്മത്തെ പ്ര യോഗിക്കരുതു.

ശങ്കിതന്മാരെ തുല്യശീലന്മാർ, പുംശ്ചലികൾ (വേശ്യകൾ), പ്രാവാദികന്മാർ (ചാട്ടഭാഷികൾ), കഥ പറയുന്നവർ, അവകാശം (താമസസ്ഥലം) കൊടുക്കുന്നവർ, ഭോജനം നൽകുന്നവർ എന്നിവരെക്കൊണ്ടു അപസർപ്പിപ്പിക്കണം. നിക്ഷേപാപഹാരത്തിൽ പറഞ്ഞതുപോലെയും അവരെ അതിസന്ധാനംചെയ്യാം.

ദോഷം (അപരാധം) തെളിഞ്ഞവനെ കർമ്മം ചെയ്യിക്കണം. എന്നാൽ ഗർഭിണിയോ പ്രസവിച്ചിട്ട് ഒരു മാസമാകാത്തവളോ ആയ സ്ത്രീയെ കർമ്മം ചെയ്യിക്കരുത്. സ്ത്രീക്കു പുരുഷനുള്ളതിൽ പകുതിയേ കർമ്മം പാടുള്ളൂ. അഥവാ സ്ത്രീയിൽ വാക്യാനുയോഗം മാത്രം പ്രയോഗിച്ചാലും മതി. ബ്രാഹ്മണനും, വിദ്വാനായവനും, തപസ്വിക്കും കർമ്മം ചെയ്യിക്കേണ്ട സ്ഥാനത്തു സത്രിപരിഗ്രഹം* ചെയ്യിച്ചാൽ മതി. ഇവയെ അതിക്രമിച്ചു പ്രവൃത്തിച്ചാൽ കർത്താവിന്നും കാരയിതാവിന്നും ഉത്തമസാഹസം ദണ്ഡം. കർമ്മംകൊണ്ടു മരണം വരുവാനിടയാക്കിയാലും ദണ്ഡം ഇതുതന്നെ.

നാലുവിധം കർമ്മമാണ് നടപ്പിലുള്ളതു്. ദണ്ഡം (ദണ്ഡംകൊണ്ടുള്ള അടി) ആറു്, കശ (ചൂരൽപ്രഹരം) ഏഴ്, ഉപരിനിബന്ധം രണ്ടു് (കൈകൾ പിന്നാക്കം പിടിച്ചുചേർത്തു കെട്ടുകയും കൈകളും ശിരസ്സും ചേർത്തുകെട്ടുകയും), ഉദകനാളിക (മൂക്കിൽ വെള്ളം പീച്ചിക്കയറുക) എന്നിവയാണവ.

ഇതിന്നു പുറമെ വലിയ പാപകർമ്മം ചെയ്തവർക്കു നവവേത്രലത (ഒമ്പതു ഹസ്തം നീളമുള്ള ചൂരൽകൊണ്ടുള്ള അടി) പന്ത്രണ്ടു്, ഊരുവേഷ്ടങ്ങൾ രണ്ടുവിധം, നക്തമാലലത (ഉങ്ങിൻവടികൊണ്ടുള്ള അടി) ഇരുപതു്, തലങ്ങൾ

* സത്രികളെക്കൊണ്ടു പിടിപ്പിക്കുക=സത്രികൾ പിടിച്ച് അമുക്കിയും നടത്തി ക്ലേശിപ്പിക്കുക എന്നു സാരം.

(ഉള്ളൻകയ്യിലുള്ള അടി) മുപ്പത്തിരണ്ട്, വൃശ്ചികബന്ധങ്ങൾ രണ്ടുവിധം, ഉല്ലംബനങ്ങൾ രണ്ടുവിധം, ഹസ്തസൂചി (കയ്യിന്റെ നഖങ്ങളിൽ സൂചികയറുക), യവാഗ്രൂപീതൻ (കഞ്ഞികുടിച്ചവൻ) ആക്കിനിറുത്തുക, കൈവിരലിന്റെ ഒരു പർവ്വം (സന്ധി) പൊള്ളിക്കുക, നെയ്കുടിപ്പിച്ച് ഒരു ദിവസം മുഴുവൻ വെയിലത്തു നിറുത്തുക, ശിശിരകാലത്തു ഒരു രാത്രി മുഴുവൻ ബൽബജാഗ്രങ്ങളിൽ (പച്ചപ്പുല്ലുകളുടെ മുകളിൽ) കിടത്തുക എന്നിവയാണ് കർമ്മങ്ങൾ. ഇങ്ങനെ കർമ്മം പതിനെട്ടുവിധം *

ഇപ്പറഞ്ഞ കർമ്മങ്ങൾക്കുള്ള ഉപകരണം, അതിന്റെ വലുപ്പം; പ്രഹരണം, പ്രധാരണം (അപരാധിയെ കർമ്മത്തിന്നു നിറുത്തേണ്ടും വിധം), അവധാരണം എന്നിവയെല്ലാം ഖരപട്ട § ത്തിൽ നിന്നറിയേണ്ടതാണ്.

പലപ്രകാരമുള്ള കർമ്മങ്ങളിൽ ഓരോന്നും ഓരോ ദിവസം എടവിട്ടിട്ടുവേണം ചെയ്യിക്കുവാൻ.

മുമ്പുതന്നെ ഘോരകർമ്മം ചെയ്തിട്ടുള്ളവൻ, മുൻകൂട്ടി

---

* ആദ്യത്തെയുള്ള നാലും ഇവ പതിനാലും കൂടി പതിനെട്ടുവിധം. ഇതിൽ ഊരുവേഷ്ടങ്ങളെന്നാൽ തുടകൾ തമ്മിൽ കൂട്ടിക്കെട്ടുകയാണ്. രണ്ടു തുടകളും കൂട്ടിക്കെട്ടുക, അതോടുകൂടി ശിരസ്സും ചേർത്തുകെട്ടുക എന്നിങ്ങനെ ഇതു രണ്ടുവിധം. വൃശ്ചികബന്ധങ്ങൾ=തേളിന്റെ ആകൃതിയിലുള്ള കെട്ടുകൾ. എടത്തുകയ്യും എടത്തുകാലും പുറത്തേക്ക് ചേർത്തുകെട്ടുക, വലത്തുകയ്യും വലത്തുകാലും അപ്രകാരം കെട്ടുക എന്നിങ്ങനെ ഇതു രണ്ടുവിധം. ഉല്ലംബനങ്ങൾ=ഊർദ്ധ്വലംബനങ്ങൾ. കൈകൾ രണ്ടും കൂട്ടിക്കെട്ടി മുകളിൽ പിടിച്ചു തൂക്കിക്കുക, കൈകൾക്കു പുറമെ രണ്ടുകാലുകളും കൂടികെട്ടി അപ്രകാരം തൂക്കിക്കുക എന്നിങ്ങനെ ഇതു രണ്ടുവിധം. യവാഗ്രൂപീതനാക്കി നിറുത്തുക എന്നതിന്നു യവകഞ്ഞിയെ കഞ്ഞികുടിപ്പിച്ചു മൂത്രവിസർജ്ജനത്തിന്നയയ്ക്കാതെ നിറുത്തുക എന്നർത്ഥം.

§ ഖരപട്ടമെന്നാൽ ഖരപട്ടനെന്ന ആചാര്യനാൽ പ്രണീതമായ ചൌര്യശാസ്ത്രമാണെന്ന് ഒരു വ്യാഖ്യാനത്തിൽ കാണുന്നു.

അറിവുകൊടുത്തു കൈവച്ചു നടത്തുന്നവൻ, ഏകദേശദൃഷ്ടദ്രവ്യൻ (കളവുമുതലിൽ ഏതാനും ഭാഗം ആരുടെ കയ്യിൽ കണ്ടുവോ അവൻ), കർമ്മഗൃഹീതൻ (കളവുചെയ്യുമ്പോൾ പിടിക്കപ്പെട്ടവൻ), ഉപഗൃഹീതൻ (കളവുമുതലോടുകൂടി പിടിക്കപ്പെട്ടവൻ), രാജകോശത്തെ അപഹരിക്കുന്നവൻ, കർമ്മവദ്ധ്യൻ (മഹാപരാധംകൊണ്ടു വദ്ധ്യനായവൻ) എന്നിവരെ രാജാജ്ഞയനുസരിച്ചു് മേൽപ്പറഞ്ഞ കർമ്മങ്ങൾ മുഴുവനുമോ, ഏതാനുമോ, ആവർത്തിച്ചോ ചെയ്യിക്കണം.

ഏതപരാധത്തിലും ബ്രാഹ്മണനെ പീഡിപ്പിക്കുവാൻ പാടില്ല. അതിന്നു പകരം ബ്രാഹ്മണന്നു വ്യവഹാരപതനം (മററുള്ളവരുമായി കൂടിക്കഴിയുന്നതിൽനിന്നുള്ള ഭ്രംശം) വ്യക്തമാക്കുവാനായി നെററിയിൽ അഭിശസ്താങ്കം (കുററംചെയ്തതിന്റെ അടയാളമായ മുദ്ര) കുത്തിക്കുകയാണു വേണ്ടതു്. സ്തേയത്തിങ്കൽ ശ്വാവു്, മനുഷ്യവധത്തിങ്കൽ കബന്ധം (തലയില്ലാത്ത മനുഷ്യദേഹം), ഗുരുതല്പഗമനത്തിങ്കൽ യോനി, സുരാപാനത്തിങ്കൽ മദ്യധ്വജം (കള്ളിൻകാവു്) എന്നിവയാണു ഓരോ അപരാധത്തിലും ചെയ്യിക്കേണ്ടുന്ന അഭിശസ്താങ്കം.

പാപിയാം വിപ്രനെ മുദ്ര-
കുത്തിഘോഷിച്ചു ഭൂമിപൻ
പുറത്താക്കുകയോ ചെയ്വൂ,
ഖനിയിൽ പാർപ്പുനൽകയോ

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, വാക്യകർമ്മാനുയോഗമെന്ന എട്ടാമദ്ധ്യായം.**

# ഒമ്പതാം അദ്ധ്യായം.

## എണ്പത്തിനാലാം പ്രകരണം.

## സൎവ്വാധികരണരക്ഷണം *

സമാഹൎത്താവിനാൽ നിശ്ചയിക്കപ്പെട്ട പ്രദേഷ്ടാക്കന്മാർ ഒന്നാമതായി അദ്ധ്യക്ഷന്മാരെയും അവരുടെ കീഴിലുള്ള പുരുഷന്മാരെയും നിയമനം ചെയ്യണം.

ഖനികൾ, സാരകൎമ്മാന്തങ്ങൾ (സാരദ്രവ്യങ്ങളുടെ കൎമ്മശാലകൾ) എന്നിവയിൽനിന്നു സാരദ്രവ്യമോ രത്നമോ അപഹരിക്കുന്നവനു ശുദ്ധവധം ദണ്ഡം.

ഫല്ഗുദ്രവ്യങ്ങളുടെ കൎമ്മാന്തങ്ങളിൽനിന്നു ഫല്ഗുദ്രവ്യമോ ഉപസ്കരമോ (നിത്യവും ആവശ്യമുള്ള വസ്തു) അപഹരിക്കുന്നവനു പൂൎവ്വസാഹസം ദണ്ഡം.

പണ്യഭൂമികളിൽനിന്നു് ഒരു മാഷകം (മാഹാണിപ്പണം) മുതൽക്കു കാൽപ്പണംവരെ വിലയുള്ള രാജപണ്യത്തെ അപഹരിക്കുന്നവനു പന്ത്രണ്ടുപണം ദണ്ഡം; കാൽപണംമുതൽ അരപ്പണംവരെ വിലയുള്ളതപഹരിച്ചാൽ ഇരുപത്തിനാലുപണം ദണ്ഡം; അരപ്പണംമുതൽ മുക്കാൽപണംവരെ വിലയുള്ളതപഹരിച്ചാൽ മുപ്പത്താറുപണം ദണ്ഡം; മുക്കാൽപ്പണം മുതൽ ഒരു പണംവരെ വിലയുള്ളതപഹരിച്ചാൽ നാല്പത്തെട്ടുപണം ദണ്ഡം; ഒരുപണം മുതൽ രണ്ടുപണംവരെ വിലയുള്ളതപഹരിച്ചാൽ പൂൎവ്വസാഹസം ദണ്ഡം; രണ്ടുപണം മുതൽക്കു നാലുപണംവരെ വിലയുള്ളതപഹരിച്ചാൽ മദ്ധ്യമസാഹസം ദണ്ഡം; നാലുപണംമുതൽ എട്ടുപണംവരെ വിലയുള്ളതപഹരിച്ചാൽ ഉത്തമസാഹസം ദണ്ഡം; എട്ടുപണംമുതൽക്കു പത്തുപണംവരെ വിലയുള്ള ദ്രവ്യം അപഹരിക്കുന്നവനു വധം ദണ്ഡം.

---

* രാജാവിന്റെ വക എല്ലാ അധികരണങ്ങളിലുമുള്ള അധികൃതന്മാരെ അന്യായകൎമ്മങ്ങളിൽനിന്നു നിവാരണം ചെയ്യുക.

കോഷ്ഠാഗാരം, പണ്യാഗാരം, കുപ്യാഗാരം, ആയുധാഗാരം എന്നിവയിൽനിന്ന് മേൽപ്പറഞ്ഞവയുടെ പകുതി വിലയുള്ള കുപ്യഭാണ്ഡങ്ങളോ ഉപസ്കരങ്ങളോ അപഹരിച്ചാൽ മേൽക്കാണിച്ചവതന്നെയാണ് ദണ്ഡങ്ങൾ; കോശാഗാരം, ഭാണ്ഡാഗാരം, അക്ഷശാല എന്നിവയിൽനിന്നാണെങ്കിൽ മേൽപ്പറഞ്ഞവയുടെ നാലിലൊന്നു വിലയുള്ള ദ്രവ്യങ്ങൾ അപഹരിച്ചാലും ഈ ദണ്ഡങ്ങൾതന്നെ ഇരട്ടി.

ചോരന്മാൎക്ക് അഭിപ്രധർഷണം * (തുരന്നു കവൎച്ചയ്ക്കു സഹായിക്കുക) ചെയ്താൽ ചിത്രഘാതം (ചിത്രവധം) ദണ്ഡം. ഇങ്ങനെ രാജപരിഗ്രഹങ്ങളിൽ (രാജാവിന്റെ കാൎയ്യാലയങ്ങളിൽ) ഉള്ള അപഹരണം പറയപ്പെട്ടു.

ബാഹ്യങ്ങളായ സ്ഥലങ്ങളിൽ ക്ഷേത്രം (വയൽ), കളം, ഗൃഹം, ആപണം എന്നിവയിൽനിന്നു പകൽസമയത്തു ആരും കാണാതെ ഒരു മാഷകം മുതൽക്കു കാൽപ്പണംവരെ വിലയുള്ള കുപ്യഭാണ്ഡത്തെയോ ഉപസ്കരത്തെയോ അപഹരിക്കുന്നവനു മൂന്നുപണം, അതല്ലെങ്കിൽ സൎവ്വാംഗവും ചാണകം തേച്ചു അവഘോഷണം (നഗരംമുഴുവൻ കൊട്ടിഘോഷിച്ചു നടത്തുക) ദണ്ഡം. കാൽപ്പണം മുതൽക്ക് അരപ്പണംവരെ വിലയുള്ള ദ്രവ്യങ്ങളപഹരിച്ചാൽ ആറുപണം, അഥവാ ദേഹംമുഴുവൻ ഗോമയഭസ്മം (ചാണകച്ചാരം) തേച്ച് അവഘോഷണം ദണ്ഡം. അരപ്പണംമുതൽക്കു മുക്കാൽപ്പണംവരെ വിലയുള്ള ദ്രവ്യമപഹരിച്ചാൽ ഒമ്പതുപണം; അല്ലെങ്കിൽ ഗോമയഭസ്മം തേച്ചോ ശരാവമേഖല (ശരാവം=ചിരാതു കോൎത്ത ചരട്) കഴുത്തിൽകെട്ടി

* അഭിപ്രധർഷണമെന്നതിനു രാജപുരുഷന്മാർ തന്നെ ചെയ്യു അപഹരണം, അവരുടെ (ചോരന്മാരുടെ) തലയിൽ വച്ചുകെട്ടുക എന്നൊരു വ്യാഖ്യാനം കാണുന്നു.

യോ അവഘോഷണം ദണ്ഡം. മുക്കാൽപ്പണം മുതൽ ഒരു പണംവരെ വിലയുള്ള ദ്രവ്യമപഹരിച്ചാൽ പന്ത്രണ്ടുപണം, അഥവാ മുണ്ഡനമോ (തലമൊട്ടയടിക്കുക) പ്രവ്രാജനമോ (നാട്ടിൽനിന്നു പുറത്താക്കുക) ചെയ്ക ദണ്ഡം. ഒരു പണംമുതൽ രണ്ടുപണംവരെ വിലയുള്ള ദ്രവ്യമപഹരിച്ചാൽ ഇരുപത്തിനാലു പണം, അഥവാ തല മുണ്ഡനം ചെയ്യിച്ച് ഇഷ്ടകാശകലംകൊണ്ടെറിഞ്ഞു പുറത്താക്കുക ദണ്ഡം. രണ്ടുപണം മുതൽ നാലുപണംവരെ വിലയുള്ള ദ്രവ്യമപഹരിച്ചാൽ മുപ്പത്താറു പണവും, നാലുപണം മുതൽ അഞ്ചുപണംവരെ വിലയുള്ളതപഹരിച്ചാൽ നാല്പത്തെട്ടു പണവും, അഞ്ചുപണംമുതൽക്കു പത്തുപണംവരെ വിലയുള്ളതപഹരിച്ചാൽ പൂർവ്വസാഹസവും, പത്തുപണംമുതൽ ഇരുപതുപണംവരെ വിലയുള്ളതപഹരിച്ചാൽ ഇരുനൂറു പണവും, ഇരുപതുപണംമുതൽ മുപ്പതുപണംവരെ വിലയുള്ളതപഹരിച്ചാൽ അഞ്ഞൂറു പണവും, മുപ്പതുപണംമുതൽ നാല്പതുപണംവരെ വിലയുള്ളതപഹരിച്ചാൽ ആയിരം പണവും ദണ്ഡം. നാല്പതുപണം മുതൽക്കു അമ്പതുപണംവരെ വിലയുള്ള ദ്രവ്യമപഹരിക്കുന്നവന്നു വധം ദണ്ഡം.

പകലോ രാത്രിയിലോ മേൽപ്പറഞ്ഞവയുടെ പകുതി വിലയുള്ള ദ്രവ്യങ്ങൾ അന്തസ്ഥാമിക (യാമംതോറും കാവൽ നില്ക്കുന്നവൻ)നിൽ ബലം പ്രയോഗിച്ച് അപഹരിക്കുന്നവന്നു മേൽപ്പറഞ്ഞ ദണ്ഡങ്ങൾ തന്നെ ഇരട്ടി; പകലായാലും രാത്രിയിലായാലും ആയുധപാണിയായിച്ചെന്നു ബലാൽക്കാരേണ മേൽപ്പറഞ്ഞവയുടെ നാലിലൊന്നു വിലയുള്ള ദ്രവ്യങ്ങളപഹരിച്ചാലും ഇവതന്നെ ദണ്ഡങ്ങൾ.

കുടുംബി, അദ്ധ്യക്ഷൻ, മുഖ്യൻ, സ്വാമി (സമാഹർത്താവ്) എന്നിവർ കൂടശാസനം (കപടലേഖ്യം), കൂടമുദ്ര എന്നിവ നിർമ്മിച്ചാൽ ക്രമത്തിൽ പൂർവ്വസാഹസം, മദ്ധ്യമസാഹസം, ഉത്തമസാഹസം, വധം എന്നിവ ദണ്ഡ

ണാ൦. അഥവാ അപരാധത്തിന്റെ അവസ്ഥയ്ക്കുപോലെ യും ദണ്ഡം വിധിക്കാം.

ധൎമ്മസ്ഥൻ വിവാദം ചെയ്യുന്ന പുരുഷനെ തൎജ്ജനം (ആംഗ്യംകൊണ്ടു ഭയപ്പെടുത്തുക) ചെയ്ക, ഭത്സനം (വാക്കുകൊണ്ടു ഭയപ്പെടുത്തുക) ചെയ്ക, അപസരിപ്പിക്കുക (പുറത്താക്കുക), അഭിഗ്രസിക്കുക (മൂകനാക്കുക) എന്നിവയി ലേതെങ്കിലും ചെയ്താൽ അവന്നു പൂൎവ്വസാഹസം ദണ്ഡം; വാക്പാരുഷ്യം ചെയ്താൽ ഇതുതന്നെ ഇരട്ടി ദണ്ഡം. വിവാദം ചെയ്യുന്ന ആളോടു ചോദിക്കേണ്ടതു ചോദിക്കാതിരിക്കുകയോ, ചോദിക്കേണ്ടാത്തതു ചോദിക്കുകയോ, ചോദിച്ചതിനെ സമാധാനം കേൾക്കാതെ വിട്ടുകളക യോ, ശിക്ഷിക്കുക (പറയേണ്ടതിനെ പഠിപ്പിക്കുക) യോ, മറന്നതിനെ ഓൎമ്മപ്പെടുത്തുകയോ, പൂൎവ്വദാനം ചെയ്ക (പറയേണ്ടതിന്റെ ആദ്യഭാഗം സൂചിപ്പിക്കുക) യോ ചെയ്താൽ ധൎമ്മസ്ഥന്നു മദ്ധ്യമസാഹസം ദണ്ഡം. ദേശത്തോടു (സാക്ഷിയോടു) ദേയത്തെ (സമാധാനം നൽകേണ്ട സംഗതിയെ) ചോദിക്കാതിരിക്കുകയോ, ദേയമല്ലാത്തതു ചോദിക്കുകയോ, സാക്ഷിയെക്കൂടാതെ കാൎയ്യം നിൎണ്ണയിക്കുകയോ, സാക്ഷിയെ ഛലം (വ്യാജം) പറഞ്ഞു തെററിക്കുകയോ, വളരെനേരം കാത്തുനിറുത്തി ക്ഷീണിപ്പിച്ചു മടക്കി അയ ക്കുകയോ, മാൎഗ്ഗാപന്നമായ (വഴിക്കുവഴിയായുള്ള) വാക്യത്തെ ക്രമം തെററിക്കുകയോ, സാക്ഷികൾക്കു ബുദ്ധി സാഹായ്യം നൽകുകയോ, താരിതാനുശിഷ്ടമായ (തീൎച്ചപ്പെടുത്തിക്കഴിഞ്ഞ) കാൎയ്യം പിന്നേയും എടുത്തു ചോദിക്കുകയോ ചെയ്താൽ ധൎമ്മസ്ഥന്ന് ഉത്തമസാഹസം ദണ്ഡം. ഒരിക്കൽ ദണ്ഡമനുഭവിച്ചിട്ടു പിന്നേയും ധൎമ്മസ്ഥൻ അപരാധം ചെയ്താൽ ഇരട്ടി ദണ്ഡം വിധിക്കുകയും സ്ഥാനത്തുനിന്നു നീക്കുകയും ചെയ്യണം.

ലേഖകൻ സാക്ഷികൾ പറഞ്ഞതിനെ എഴുതാതിരി

ക്കകയോ, പറയാത്തതിനെ എഴുതുകയോ, നേരെയല്ലാതെ പറഞ്ഞതിനെ നന്നാക്കി എഴുതുകയോ, നേരെപ്പറഞ്ഞതിനെ ചീത്തയാക്കി എഴുതുകയോ, അൎത്ഥോൽപത്തിയെ മററിദ്ധരിക്കത്തക്കവിധം എഴുതുകയോ ചെയ്താൽ അവന്നു പൂൎവ്വസാഹസദണ്ഡമോ, അല്ലെങ്കിൽ അപരാധത്തിന്നു തക്കതായ ദണ്ഡമോ കല്പിക്കണം.

ധൎമ്മസ്ഥനോ പ്രദേഷ്ടാവോ ദണ്ഡ്യനല്ലാത്തവന്നു ഹിരണ്യദണ്ഡം വിധിക്കുന്നതായാൽ അവരെക്കൊണ്ട് ആ വിധിച്ചതിന്റെ ഇരട്ടി ദണ്ഡം കെട്ടിക്കണം. ന്യായപ്രകാരം വേണ്ടതിൽ കൂടുതലായോ കുറവായോ ഉള്ള ദണ്ഡം വിധിച്ചാൽ അതിന്റെ എട്ടിരട്ടി ദണ്ഡം വസൂലാക്കണം. ധൎമ്മസ്ഥനോ പ്രദേഷ്ടാവോ ദണ്ഡ്യനല്ലാത്തവന്നു ശാരീരദണ്ഡം വിധിച്ചാൽ അവൎക്കും ശാരീരദണ്ഡംതന്നെ വിധിക്കണം; അല്ലെങ്കിൽ ശരീരദണ്ഡത്തിനുള്ള നിഷ്ക്രയത്തിന്റെ ഇരട്ടി ദണ്ഡം വസൂലാക്കണം. ഉള്ളതായ അൎത്ഥത്തെ നശിപ്പിക്കുകയോ ഇല്ലാത്തതായ അൎത്ഥത്തെ ഉണ്ടാക്കിക്കൊടുക്കുകയോ ചെയ്താൽ അതിന്റെ എട്ടിരട്ടി ദണ്ഡം.

ധൎമ്മസ്ഥനാൽ കല്പിക്കപ്പെട്ട ചാരക (റാണാവ്) ത്തിൽനിന്നോ ബന്ധനാഗാരത്തിൽനിന്നോ അപരാധികളെ പുറത്തു വിടുക, രോധത്തിലും (ചാരകത്തിൽ) ബന്ധനാഗാരത്തിലുമുള്ള അപരാധികളുടെ ശയനം, ആസനം, ഭോജനം, ഉച്ചാരസഞ്ചാരം (മൂത്രപുരീഷോത്സൎഗ്ഗത്തിനുള്ള സഞ്ചാരം) എന്നിവയ്ക്കു തടസ്ഥം വരുത്തുക എന്നിവ ചെയ്താൽ കൎത്താവിന്നും കാരയിതാവിന്നും ക്രമത്തിൽ മൂന്നുപണം മുതല്ക്കു മുമ്മൂന്നു പണം അധികമായിട്ടുള്ള ദണ്ഡം വിധിക്കണം.

ചാരകത്തിൽനിന്നു അഭിയുക്തനെ മോചിപ്പിക്കുകയോ നിഷ്പതിപ്പിക്കുകയോ ചെയ്യുന്നവന്നു മദ്ധ്യമസാഹസ

വും അഭിയോഗദ്രവ്യം കെട്ടിക്കുകയും ദണ്ഡം. ബന്ധനാഗാരത്തിൽനിന്നു അപരാധിയെ മോചിപ്പിക്കുകയോ നിഷ്പതിപ്പിക്കുകയോ ചെയ്യുന്നവന്നു സർവ്വസ്വാപഹരണവും വധവും ദണ്ഡം.

ബന്ധനാഗാരാദ്ധ്യക്ഷനോടു പറയാതെ സംരുദ്ധകനെ (ബന്ധനത്തിലിരിക്കുന്നവനെ) സഞ്ചരിപ്പിക്കുന്നവന്നു ഇരുപത്തിനാലുപണം ദണ്ഡം; കർമ്മം ചെയ്യിക്കുന്നവന്നു് അതിലിരട്ടി; അന്യസ്ഥാനത്തേക്കു നയിക്കുകയോ അന്നപാനങ്ങളെ നിരോധിക്കുകയോ ചെയ്യുന്നവന്നു തൊണ്ണൂററാറു പണം ദണ്ഡം; പരിക്ലേശിപ്പിക്കുക (അടിച്ചു വേദനപ്പെടുത്തുക)യോ ഉൽകോചം (കൈക്കൂലി) വാങ്ങുകയോ ചെയ്യുന്നവന്നു മദ്ധ്യമസാഹസം ദണ്ഡം; ബന്ധനസ്ഥനെ അടിച്ചു കൊല്ലുന്നവന്നു് ആയിരം പണം ദണ്ഡം.

പരിഗൃഹീതയോ, ദാസിയോ, ആഹിതികയോ ആയ സംരുദ്ധികയെ (ബന്ധനത്തിലിരിക്കുന്ന സ്ത്രീയെ)അധിചരിക്കുന്നവന്നു പൂർവ്വസാഹസം ദണ്ഡം. ബന്ധനസ്ഥയായ ചോരഭാര്യയേയോ ഡാമരികന്റെ (യുദ്ധത്തിൽ പിടിക്കപ്പെട്ടവന്റെ) ഭാര്യയേയോ ഗമിക്കുന്നവന്നു മദ്ധ്യമസാഹസം ദണ്ഡം. ബന്ധനസ്ഥയായ ആര്യയെ (കുലസ്ത്രീയെ) ഗമിക്കുന്നവന്നു് ഉത്തമസാഹസം ദണ്ഡം. സംരുദ്ധനായ ഒരുവൻ സംരുദ്ധയായ ഒരു സ്ത്രീയെ ഗമിക്കുന്നതായാൽ അവനെ അവിടെവച്ചുതന്നെ വധിക്കുകയാണു് ദണ്ഡം. അതുതന്നെയാണു് ആര്യയായ ഒരു സംരുദ്ധികയെ ബന്ധനാഗാരാദ്ധ്യക്ഷൻ ഗമിച്ചാൽ അവന്നും ദണ്ഡമെന്നറിയണം. സംരുദ്ധികയായ ഒരു ദാസിയെ ഗമിക്കുന്നതായാലാകട്ടെ പൂർവ്വസാഹസമാണു് ദണ്ഡം.

ചാരകത്തെ ഭേദിക്കാതെകണ്ടു് അതിൽ ഇരിക്കുന്നവനെ പുറത്തേക്കു വിടുന്നവന്നു മദ്ധ്യമസാഹസം ദണ്ഡം; ഭേദിച്ചിട്ടാണു് വിടുന്നതെങ്കിൽ വധം ദണ്ഡം. ബന്ധനാ

ഗാരത്തിൽനിന്ന് അപരാധിയെ പുറത്തു വിടുന്നവന്ന് സ ർവ്വസ്വാപഹരണവും വധവും ദണ്ഡം.

ആദ്യമർത്ഥചരന്മാരെ-
ദ്ദണ്ഡത്താൽ ശുദ്ധിചെയ്യണം;
ശുദ്ധിചെയ്വൂ പൌരജാന-
പദരെശ്ശുദ്ധരാമവർ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, സർവ്വാധികരണരക്ഷണമെന്ന ഒമ്പതാമദ്ധ്യായം.**

---

## പത്താം അദ്ധ്യായം.

### എണ്പത്തഞ്ചാം പ്രകരണം.

### ഏകാംഗവധനിഷ്ക്രയം. *

തീർത്ഥഘാതൻ (തീർത്ഥത്തിന്നു=പുണ്യസ്ഥാനത്തിന്നു നാശം വരുത്തുന്നവൻ), ഗ്രന്ഥിഭേദൻ (ബന്ധച്ഛേദം ചെയ്യുന്നവൻ), ഊർദ്ധ്വകരൻ (ഊർദ്ധ്വഭാഗത്തുനിന്നു പുര പൊളിച്ചിറങ്ങുന്നവൻ) എന്നിവൎക്കു പ്രഥമാപരാധത്തിൽ സന്ദംശച്ഛേദനമോ (ചൂണ്ടാണിവിരൽ മുറിക്കുക)മോ അമ്പത്തിനാലു പണമോ ദണ്ഡം; രണ്ടാമത്തെ അപരാധത്തിൽ പണച്ഛേദനമോ(കയ്യിലൊററ വിരലുകളെല്ലാം മുറിക്കുക) നൂറു പണമോ ദണ്ഡം; മൂന്നാമത്തെ അപരാധത്തിങ്കൽ ദക്ഷിണഹസ്തം വെട്ടിക്കളകയോ നാന്നൂറു പണമോ ദണ്ഡം; നാലാമത്തെ അപരാധത്തിങ്കൽ യഥേച്ഛം വധിക്കുകയാണ് ദണ്ഡം.

അയ്മത്തഞ്ചു പണത്തിൽ താഴെ വിലയുള്ള കോഴി,

---

* ഏകാംഗവധമെന്നാൽ ഹസ്തപാദാദിയായ ഒരംഗത്തെ ഛേദിക്കുക. അതിന്നു പകരമായിട്ടുള്ള ധനദണ്ഡം ഏകാംഗവധനിഷ്ക്രയം.

കീരി, പൂച്ച, നായ്, പന്നി എന്നിവയെ മോഷണം ചെയ്കയോ കൊല്ലുകയോ ചെയ്താൽ അമ്പത്തിനാലു പണമോ നാസാഗ്രച്ഛേദനമോ ദണ്ഡം. ചണ്ഡാലന്മാരുടേയോ വനചരന്മാരുടേയോ വകയായിട്ടുള്ളവയെയാണ് മേൽപ്രകാരം ചെയ്തതെങ്കിൽ ഇതിന്റെ പകുതി ദണ്ഡം.

പാശം (കെണി), ജാലം (വല), കൂടാവപാതം (കപടഗർത്തം) എന്നിവയിൽ ബന്ധിക്കപ്പെട്ട മൃഗങ്ങളേയോ പശുക്കളേയോ പക്ഷികളേയോ വ്യാളങ്ങളേയോ മത്സ്യങ്ങളേയോ അപഹരിച്ചാൽ അപഹരിച്ചവയെക്കൊടുക്കുകയും, അവയുടെ വിലയോളം വരുന്ന ദ്രവ്യം അടയ്ക്കുകയും ദണ്ഡം.

മൃഗവനം, ദ്രവ്യവനം എന്നിവയിൽനിന്നു മൃഗങ്ങളേയും ദ്രവ്യങ്ങളേയും അപഹരിച്ചാൽ നൂറുപണം ദണ്ഡം. ബിംബങ്ങാം (കളിപ്പാവകൾ), വിഹാരമൃഗപക്ഷികൾ (വിനോദാർത്ഥമായിട്ടുള്ള മൃഗങ്ങളും പക്ഷികളും) എന്നിവയെ കക്കുകയോ കൊല്ലുകയോ ചെയ്താൽ മേൽപ്പറഞ്ഞതിന്റെ ഇരട്ടി ദണ്ഡം.

കാരുക്കളുടെയോ ശില്പികളുടെയോ കുശീലവന്മാരുടേയോ തപസ്വികളുടേയോ വകയായ ക്ഷുദ്രകദ്രവ്യങ്ങൾ അപഹരിച്ചാൽ നൂറുപണം ദണ്ഡം; സ്ഥൂലകദ്രവ്യങ്ങൾ അപഹരിച്ചാൽ അതിലിരട്ടി ദണ്ഡം. കൃഷിയുടെ ഉപയോഗത്തിനുള്ള ദ്രവ്യങ്ങളപഹരിച്ചാലും ഇതുതന്നെ ദണ്ഡം.

ദുർഗ്ഗത്തിൽ പ്രവേശിപ്പാനനുവാദം ലഭിക്കാത്തവൻ പ്രവേശിക്കുകയോ, കോട്ടമതിലിന്റെ ദ്വാരത്തിൽനിന്നു നിക്ഷേപമെടുത്തു പുറത്തുകൊണ്ടു പോകയോ ചെയ്യുന്നവനു കണ്ഡരാവധം (കണ്ഡരകൾ=കാലിന്റെ പിൻഭാഗത്തുള്ള രണ്ടു പെരുഞെരമ്പുകൾ മുറിക്കുക) ചെയ്കയോ ഇരുനൂറു പണമോ ദണ്ഡം.

ചക്രയുക്തം (ശകടം), തോണി, ക്ഷുദ്രപശു എന്നി

വരെയ അപഹരിക്കുന്നവന്നു് ഒരു കാൽ വെട്ടിക്കളയുക അല്ലെങ്കിൽ മുന്നൂറുപണം ദണ്ഡം.

കാകണികൾ, അക്ഷങ്ങൾ, അരലകൾ, ശലാകകൾ എന്നിവയെ കപടമായി നിൎമ്മിക്കുകയോ ഹസ്തവിഷമം (ഹസ്തകൌശലംകൊണ്ടു് ദ്യൂതത്തിങ്കൽ വ്യാജപ്രയോഗം) ചെയ്കയോ ചെയ്യുന്നവന്നു് ഏകഹസ്തവധം അല്ലെങ്കിൽ നാനൂറു പണം ദണ്ഡം.

സ്തേനൻ (ചോരൻ), പാരദാരികൻ എന്നിവൎക്കു് സ്ത്രീസംഗ്രഹണത്തിന്നു സാഹായ്യം ചെയ്താൽ സംഗ്രഹണത്തിന്നു വഴിപ്പെട്ട സ്ത്രീക്കു കൎണ്ണനാസാച്ഛേദനമോ അഞ്ഞൂറുപണമോ ദണ്ഡം; സാഹായ്യംചെയ്ത പുരുഷന്നു അതിലിരട്ടി ദണ്ഡം.

ഒരു മഹാപശുവിനേയോ ദാസനേയോ ദാസിയേയോ അപഹരിക്കുകയോ പ്രേതഭാണ്ഡത്തെ (ശവത്തിന്മേലുള്ള വസ്ത്രാദിദ്രവ്യത്തെ) വിൽക്കുകയോ ചെയ്യുന്നവന്റെ രണ്ടു കാലുകളും ഛേദിക്കുകയോ അറുനൂറു പണമോ ദണ്ഡം.

ജാതികൊണ്ടു് ഉൽകൃഷ്ടന്മാരായിട്ടുള്ളവരേയോ ഗുരുക്കന്മാരേയോ കൈകാലുകളെക്കൊണ്ടു ലംഘനം (താഡനം) ചെയ്കയോ രാജാവിന്റെ വകയായ യാനവാഹനാദികളിൽ കയറുകയോ ചെയ്താൽ ഒരു കയ്യും ഒരു കാലും മുറിച്ചുകളകയോ എഴുനൂറുപണമോ ദണ്ഡം.

താൻ ബ്രാഹ്മണനാണെന്നു പറയുന്ന ശൂദ്രന്നും, ദേവദ്രവ്യത്തെ അപഹരിക്കുന്നവന്നും, രാജദ്വിഷ്ടമായ കാൎയ്യം ചെയ്വാനുപദേശിക്കുന്നവന്നും, മറ്റൊരാളുടെ രണ്ടു കണ്ണുകളും പൊട്ടിക്കുന്നവന്നും യോഗാഞ്ജനം (വിഷയോഗം കൂട്ടിയ അഞ്ജനം) കണ്ണിലെഴുതിച്ചു അന്ധത്വം വരുത്തുകയോ എണ്ണൂറു പണമോ ദണ്ഡം.

ചോരനേയോ പാരദാരികനേയോ ബന്ധനത്തിൽ

നിന്നു മോചിപ്പിക്കുന്നവൻ, രാജശാസനമെഴുതുമ്പോൾ കല്പിച്ചതിൽനിന്നു ഊനമായോ അതിരിക്തമായോ എഴുതുന്നവൻ, കന്യകയേയോ ദാസിയേയോ അന്യന്റെ ദേഹത്തിലുള്ള സ്വർണ്ണത്തോടുകൂടി അപഹരിക്കുന്നവൻ, കൂടവ്യവഹാരം (കൂടവ്യവ്യാപാരം) ചെയ്യുന്നവൻ, വിമാംസം (അഭക്ഷ്യമാംസം) വിൽക്കുന്നവൻ എന്നിവരുടെ ഇടത്തേക്കയ്യും രണ്ടു കാലുകളും ഛേദിക്കുകയോ തൊള്ളായിരം പണമോ ദണ്ഡം.

മനുഷ്യമാംസം വിൽക്കുന്നവനു വധം ദണ്ഡം.

ദേവന്റെ വകയായിട്ടുള്ള പശു, പ്രതിമ, മനുഷ്യൻ, ക്ഷേത്രം, ഗൃഹം, ഹിരണ്യം, സുവർണ്ണം (സ്വർണ്ണനാണ്യം), രത്നം, സസ്യം എന്നിവ അപഹരിക്കുന്നവനു ഉത്തമസാഹസം അല്ലെങ്കിൽ ശുദ്ധവധം ദണ്ഡം.

ആളും, കുറ്റം, കാരണം, പിന്നെ-
ക്കുറ്റത്തിൻ ഗുരുലാഘവം,
ഭാവി, താദാത്വികാവസ്ഥ,
ദേശകാലങ്ങളെന്നിവ
നോക്കിനൃപന്റെയും നാട്ടാർ-
തന്റെയും മധ്യവർത്തിയായ്
ചെയ്വൂ പ്രദേഷ്ടാവു ദണ്ഡ-
മുത്തമാധമമധ്യമം.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, ഏകാംഗവധനിഷ്ക്രയം എന്ന പത്താമധ്യായം.**

# പതിനൊന്നാം അദ്ധ്യായം.

## എണ്പത്താറാം പ്രകരണം.

## ശുദ്ധചിത്രദണ്ഡകല്പം.

കലഹത്തിൽവച്ച് ആളെക്കൊല്ലുന്നവന്നു ചിത്രഘാതം (ക്ലേശിപ്പിച്ചു കൊല്ലുക) ദണ്ഡം; കലഹത്തിൽ പ്രഹരിക്കപ്പെട്ടവൻ ഏഴു ദിവസത്തിന്നുള്ളിൽ മരിച്ചുപോയാൽ പ്രഹരിച്ചവന്നു ശുദ്ധവധം (ക്ലേശിപ്പിക്കാതെ കൊല്ലുക) ദണ്ഡം; ഒരുപക്ഷത്തിന്നുള്ളിൽ മരിച്ചുപോയാൽ ഉത്തമസാഹസം ദണ്ഡം; ഒരു മാസത്തിന്നുള്ളിൽ മരിച്ചാൽ അഞ്ഞൂറുപണവും സമുത്ഥാനവ്യയവും ദണ്ഡം.

ആയുധംകൊണ്ടു മറെറാരുത്തനെ പ്രഹരിക്കുന്നവന്നു ഉത്തമസാഹസം ദണ്ഡം; മദംനിമിത്തമായിട്ടാണ് പ്രഹരിച്ചതെങ്കിൽ ഹസ്തച്ഛേദനം ദണ്ഡം; മോഹം നിമിത്തമാണെങ്കിൽ ഇരുനൂറു പണം ദണ്ഡം. എന്തുകാരണംകൊണ്ടായാലും അടികൊണ്ടവന്നു മരണം നേരിട്ടാൽ വധംതന്നെ ദണ്ഡം.

പ്രഹരംകൊണ്ട് ഒരു സ്ത്രീയുടെ ഗർഭത്തെ പതിപ്പിക്കുന്നവന്ന് ഉത്തമസാഹസം ദണ്ഡം; ഔഷധംകൊണ്ടു ഗർഭം അലസിപ്പിക്കുന്നവന്നു മദ്ധ്യമസാഹസം ദണ്ഡം; പരിക്ലേശം (പണിയെടുപ്പിച്ചു ക്ലേശിപ്പിക്കുക) കൊണ്ട് ഗർഭത്തെ പതിപ്പിക്കുന്നവന്നു പൂർവ്വസാഹസം ദണ്ഡം.

ബലാൽക്കാരംകൊണ്ടു സ്ത്രീയെയൊ പുരുഷനെയൊ വധിക്കുന്നവൻ, ബലാൽക്കാരേണ സ്ത്രീയെ അഭിസരിക്കുന്നവൻ, ബലാൽക്കാരേണ മററുള്ളവരെ ബന്ധിക്കുന്നവൻ, അവഘോഷകൻ (അടിക്കും, കൊല്ലും എന്നെല്ലാം ഘോഷിക്കുന്നവൻ), അവസ്കന്ദകൻ (ബലാൽക്കാരേണ നഗരഗ്രാമാദികളെ ആക്രമിക്കുന്നവൻ), ഉപവേധകൻ (തുരന്നു കവർച്ചചെയ്യുന്നവൻ) എന്നിവരെയും വഴിയിൽ വച്ചോ വിശ്രമസ്ഥലത്തു വച്ചോ പഥികന്മാരുടെ ദ്രവ്യം തട്ടിപ്പറിക്കുന്നവരേയും രാജാവിന്റെ വകയായ ആന, തേ

ര്, കുതിര എന്നിവയെ നശിപ്പിക്കുകയോ മോഷ്ടിക്കുകയൊ ചെയ്യുന്നവരേയും ശൂലത്തിന്മേലേററി കൊല്ലണം. അപ്രകാരം കൊല്ലപ്പെട്ടവരുടെ ശവങ്ങളെ ദഹിപ്പിക്കുകയൊ എടുത്തു കൊണ്ടുപോകയോ ചെയ്യുന്നതാരോ അവനും ആ ദണ്ഡംതന്നെയോ, അല്ലെങ്കിൽ ഉത്തമസാഹസദണ്ഡമോ വിധിക്കണം.

ഹിംസ്രന്മാർ (കൊലചെയ്യുന്നവർ), സ്തേനന്മാർ എന്നിവൎക്കു ഭക്ഷണം, വാസസ്ഥലം, ഉപകരണം, അഗ്നി എന്നിവ കൊടുക്കുകയോ മന്ത്രോപദേശം (ഗൂഢസംഗതികൾ പറഞ്ഞുകൊടുക്കുക) ചെയ്കയൊ വൈയാവൃത്യകൎമ്മം (ഭൃത്യപ്രവൃത്തി) ചെയ്കയൊ ചെയ്യുന്നവൎക്ക് ഉത്തമസാഹസം ദണ്ഡം. ആളെ അറിയാതെയാണ് അവ ചെയ്തതെങ്കിൽ പരിഭാഷണം (താക്കീതുചെയ്ക) ചെയ്താലും മതി. ഹിംസ്രന്മാരുടേയും സ്തേനന്മാരുടേയും പുത്രന്മാരും ഭാൎയ്യമാരും അവരുടെ മന്ത്രാലോചനയിൽ ഭാഗഭാക്കുകളാകാത്തപക്ഷം അവരെ വിട്ടയയ്ക്കണം; ഭാഗഭാക്കുകളാണെങ്കിൽ അവരെയുംകൂടി പിടിക്കണം.

രാജ്യകാമുകൻ (രാജ്യാധിപത്യം കയ്ക്കലാക്കണമെന്നു മോഹിക്കുന്നവൻ), അന്തഃപുരപ്രധൎഷകൻ (അന്തഃപുരത്തിൽ ബലാൽക്കാരേണ കടക്കുന്നവൻ), ആടവികനേയൊ ശത്രുരാജാവിനേയൊ രാജാവിനോടെതിരിടുവാൻ പ്രോത്സാഹിപ്പിക്കുന്നവൻ, ദുൎഗ്ഗത്തിലും ജനപദത്തിലും സൈന്യത്തിലുമുള്ളവൎക്കു രാജാവിനോടു കോപം ജനിപ്പിക്കുന്നവൻ എന്നിങ്ങനെയുള്ളവരെ തലയിലും കൈകളിലും പന്തം ചുററിക്കൊളുത്തിക്കൊല്ലണം. ബ്രാഹ്മണനാണ് ഈ കുററങ്ങൾ ചെയ്തതെങ്കിൽ അവനെ തമസ്സിൽ * (ഇരുട്ടറയിൽ) പ്രവേശിപ്പിക്കണം.

---

*** "തമഃ പ്രവേശയേൽ" എന്ന് മൂലം. "തമപ്സു പ്രവേശയേൽ" എന്നു പാഠാന്തരം കാണുന്നു. ആ പക്ഷത്തിൽ വെള്ളത്തിൽ തള്ളണമെന്നൎത്ഥം.**

അമ്മയേയോ അച്ഛനേയോ പുത്രനേയോ ഭ്രാതാവിനേയോ ആചാര്യനേയോ തപസ്വിയേയോ കൊന്നവനെ തലയിലും ത്വക്കിലും പന്തം ചുററി ദഹിപ്പിച്ചു കൊല്ലണം. അവരെ (അമ്മ മുതലായവരെ) ആക്രോശിച്ചാൽ (ദുഷിച്ചുപറഞ്ഞാൽ) പറഞ്ഞവന്റെ നാവു അരിഞ്ഞു കളയണം. അവരുടെ അവയവങ്ങളിൽ അഭിരദനം (കടിക്കുക) ചെയ്താൽ ഏതവയവത്തിൽ അതു ചെയ്തുവോ ആ അവയവം ഛേദിച്ചുകളയണം.

യദൃച്ഛയായിട്ട് ഒരു പുരുഷനെ വധിച്ചവനും പശുയൂഥത്തെയും അശ്വത്തെയും ചോരണം ചെയ്യുവനും ശുദ്ധവധം ദണ്ഡം. പത്തിൽക്കുറയാതെ പശുക്കളുള്ള കൂട്ടത്തെ യൂഥമെന്നറിയണം.

വെള്ളം കെട്ടിനിൽക്കുന്ന സേതുവിനെ വെട്ടിപ്പിളക്കുന്നവന് ആ വെള്ളത്തിൽത്തന്നെ മുക്കിക്കൊല്ലുകയാണ് ദണ്ഡം; വെള്ളമില്ലാത്ത സേതുവിനെ ഭേദിക്കുന്നവന്ന് ഉത്തമസാഹസം ദണ്ഡം; ഭഗ്നോൽസൃഷ്ടകമായ സേതുവിനെ ഭേദിക്കുന്നവന്നു മധ്യമസാഹസം ദണ്ഡം.

വിഷം കൊടുത്തു മറെറാരാളെക്കൊന്ന പുരുഷനേയും, പുരുഷനെക്കൊന്ന ഗർഭിണിയല്ലാത്ത സ്ത്രീയേയും വെള്ളത്തിൽ മുക്കിക്കൊല്ലണം. സ്ത്രീ ഗർഭിണിയാണെങ്കിൽ പ്രസവിച്ച് ഒരു മാസം കഴിഞ്ഞതിനു ശേഷം അവളെ മേൽപ്രകാരം ചെയ്യണം.

ഭർത്താവിനേയോ ഗുരുവിനേയോ പ്രജയേയോ കൊന്നവളോ, അഗ്നിവിഷങ്ങളെക്കൊടുക്കുന്നവളോ, സന്ധിച്ഛേദികയോ (വാതിൽ വെട്ടിപ്പൊളിച്ചു കവർച്ചചെയ്യുവൾ) ആയ സ്ത്രീയെ കാളകളെക്കൊണ്ടു ചവുട്ടിച്ചു കൊല്ലണം.

വിവീതം, ക്ഷേത്രം, ഖലം (കളം), ഗൃഹം, ദ്രവ്യവനം, ഹസ്തിവനം എന്നിവയെ തീയിട്ടു ദഹിപ്പിച്ചവനെ തിയ്യിലിട്ടു നിഗ്രഹിക്കണം.

രാജാവിനെ നിന്ദിക്കുന്നവൻ, മന്ത്രഭേദം (രാജകീയരഹസ്യം പുറത്താക്കുക) ചെയ്യുവൻ, രാജാവിനെക്കുറിച്ച് അനിഷ്ടവാർത്തകൾ പറഞ്ഞു പരത്തുന്നവൻ, ബ്രാഹ്മണരുടെ മഹാനസത്തിൽക്കടന്ന് അന്നം കട്ടു ഭക്ഷിച്ചവൻ എന്നിവരുടെ നാവു വെട്ടിക്കളയണം.

അനായുധീയൻ (ആയുധജീവിയല്ലാത്തവൻ) ആയ ഒരുവൻ ആയുധങ്ങളേയോ ചട്ടകളേയോ മോഷണം ചെയ്താൽ അവനെ അസ്ത്രങ്ങൾകൊണ്ടു വധിക്കണം; ആയുധീയനായിട്ടുള്ളവനാണ് ഇതു ചെയ്യുന്നതെങ്കിൽ ഉത്തമസാഹസം ദണ്ഡം.

ഒരുവൻ മറെറാരുവൻെറ ലിംഗത്തെയും വൃഷണത്തേയും ഉപഹനിക്കുക (കെടുത്തുക) ചെയ്താൽ അവൻെറ ലിംഗത്തെയും വൃഷണത്തേയും ഛേദിച്ചുകളയണം. അന്യൻെറ ജിഹ്വയേയും നാസികയേയും ഉപഹനിച്ചാൽ അതു ചെയ്യുവന്നു സന്ദംശച്ഛേദം ദണ്ഡം.

മഹച്ഛാസ്ത്രങ്ങളിൽച്ചൊല്ലും
ചിത്രദണ്ഡങ്ങളാണിവ;
ധർമ്മ്യമക്ലിഷ്ടപാപങ്ങൾ-
ക്കെല്ലാം ശുദ്ധവധം സ്മൃതം.

**കൌടില്യൻെറ അർത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, ശുദ്ധചിത്രദണ്ഡകല്പമെന്ന പതിനൊന്നാമധ്യായം.**

---

# പന്ത്രണ്ടാം അദ്ധ്യായം.

---

## പതിനേഴാം പ്രകരണം.

## കന്യാപ്രകൎഷം.

അപ്രാപ്തഫലയായ (ഋതുവാകാത്ത) സവൎണ്ണകന്യകയെ പ്രകൎഷം * ചെയ്യുന്നവന്നു ഹസ്തച്ഛേദനമോ നാനൂറു പണമോ ദണ്ഡം; പ്രകൎഷംകൊണ്ടു കന്യക മരിച്ചുപോയാൽ വധം ദണ്ഡം. പ്രാപ്തഫലയായ കന്യകയെ പ്രകൎഷം ചെയ്യുന്നവന്നു മദ്ധ്യമാംഗുലിയും പ്രദേശിനിയും (ചൂണ്ടാണിവിരൽ) വെട്ടിക്കളകയോ ഇരുനൂറു പണമോ ദണ്ഡം. കന്യാപിതാവിന്നു് അപഹീനം (നഷ്ടം) കൊടുക്കുകയും ചെയ്യണം.

അകാമയായിട്ടുള്ള കന്യകയിൽ സംസൎഗ്ഗം ചെയ്യാൻ ആൎക്കും സ്വാതന്ത്ര്യം ലഭിക്കുന്നതല്ല. സകാമയായ കന്യകയിൽ പ്രകൎഷം ചെയ്യുന്നതായാൽ പുരുഷന്നു അമ്പത്തിനാലുപണവും, സ്ത്രീക്കു് അതിന്റെ പകുതിയും ദണ്ഡം. മറെറാരു പുരുഷൻ ശുൽക്കം കൊടുത്തു് അവരോധിച്ചിട്ടുള്ള കന്യകയിലാണെങ്കിൽ പുരുഷന്നു ഹസ്തച്ഛേദനമോ നാനൂറു പണമോ ദണ്ഡം. മറേറ പുരുഷന്നു ശുൽക്കം കൊടുക്കുകയും ചെയ്യേണ്ടിവരും.

വരണം കഴിഞ്ഞതിന്നു ശേഷം ഏഴാൎത്തവമായിട്ടും കന്യകയെ ലഭിക്കാത്തവന്നു് അവളെഗ്ഗമിപ്പാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്. അങ്ങനെ ചെയ്യുമ്പോഴും കന്യാപിതാവിന്നു നഷ്ടം കൊടുക്കേണ്ടതുമില്ല. ഋതുപ്രതിരോധം കാരണം പിതാവിന്നു കന്യകയുടെ മേലുള്ള സ്വാമ്യം പോയ്പ്പോകുന്നതാണു്.

ഋതുവായി മൂന്നുസംവത്സരം തികഞ്ഞിട്ടും വിവാഹം കഴിച്ചു കൊടുക്കാത്ത കന്യകയെ തുല്യൻ (സവൎണ്ണൻ) ആ

---

* പ്രകൎഷം ചെയ്യുക; ക്ഷതയോനിയാക്കുക എന്നൎത്ഥം.

യ പുരുഷൻ ഗമിക്കുന്നതിൽ ദോഷമില്ല. മൂന്നുസംവത്സരം കഴിഞ്ഞതിന്നുശേഷം തുല്യനല്ലാത്തവനും അനലങ്കൃതയായ (പിതാവിനാൽ ആഭരണങ്ങളെക്കൊണ്ട് അലങ്കരിക്കപ്പെടാത്ത) കന്യകയെ ഗമിക്കുന്നതിൽ ദോഷമില്ല. എന്നാൽ, അപ്രകാരം ഗമിക്കുന്നവൻ പിതൃദ്രവ്യം വാങ്ങുന്നതായാൽ സ്തേയദണ്ഡം അടയ്ക്കേണ്ടിവരുന്നതാണ്.

അന്യനാണ് താനെന്നു നിർദ്ദേശിച്ചു കന്യകയെ വിവാഹം ചെയ്യുന്നവന്നു ഇരുനൂറുപണം ദണ്ഡം. അകാമയായ കന്യകയിൽ അവന്നു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമല്ല. ആദ്യം ഒരു കന്യകയെ കാട്ടിക്കൊടുത്തിട്ടു പിന്നെ വേറെ ഒരു കന്യകയെ ദാനംചെയ്യുന്നവന്നു, ആ കന്യക ആദ്യത്തെവളോടു തുല്യയാണെങ്കിൽ, നൂറുപണം ദണ്ഡം; തുല്യയല്ലെങ്കിൽ അതിലിരട്ടി ദണ്ഡം. അവൾ കുമാരിയല്ലെങ്കിൽ (അന്യപരിഗൃഹീതയാണെങ്കിൽ) പ്രകർമ്മം ചെയ്താൽ അമ്പത്തിനാലുപണം ദണ്ഡം അടയ്ക്കുകയും, വരനോടു വാങ്ങിയ ശുൽകവും അവൻ ചെയ്ത വ്യയവും മടക്കിക്കൊടുക്കുകയും വേണം.

ഒരു കന്യകയെ ഒരുവന്നു ദാനം ചെയ്യാൻ പറഞ്ഞുറപ്പിച്ചിട്ടു പിന്നെ നിരാകരിച്ചാൽ മേൽപ്പറഞ്ഞ ദണ്ഡവും ശുൽകവ്യയങ്ങളും ഇരട്ടിയായിട്ടു കൊടുക്കേണ്ടിവരും.

പുരുഷന്റെ പ്രകർമ്മത്തെക്കാണിപ്പാൻവേണ്ടി അന്യരക്തത്തെ ഉപധാനം ചെയ്താൽ അങ്ങനെ ചെയ്ത കന്യകക്ക് ഇരുനൂറു പണം ദണ്ഡം; മിത്ഥ്യാവാദം ചെയ്യുന്ന(ക്ഷതയോനിയല്ലാത്തവളെ ക്ഷതയോനിയെന്നു കളവു പറയുന്ന) പുരുഷന്നും അതുതന്നെ ദണ്ഡം. അങ്ങനെ ചെയ്യുന്ന സംഗതിയിൽ അവൻ ശുൽകവും വ്യയകർമ്മവും നഷ്ടപ്പെടേണ്ടതായി വരും. അകാമയായ കന്യകയിൽ സ്വാതന്ത്ര്യം ലഭിക്കുന്നതുമല്ല.

സകാമയും സമാനജാതീയയുമായ ഒരു സ്ത്രീ മറ്റൊരു

ആ സ്ത്രീയുടെ സാഹായ്യത്തോടുകൂടി ഒരു പുരുഷനാൽ പ്രകർഷം ചെയ്യപ്പെട്ടാൽ പന്ത്രണ്ടു പണം ദണ്ഡമടയ്ക്കണം; സാഹായ്യം ചെയ്യുന്ന സ്ത്രീക്ക് ഇതിലിരട്ടി ദണ്ഡം. അകാമയായിട്ടുള്ള സ്ത്രീയിൽ തന്റെ രാഗപൂർത്തിക്കുവേണ്ടി ഒരുവൻ പ്രകർഷം ചെയ്യുന്നതിൽ സാഹായ്യകർത്രിയായ സ്ത്രീക്കു നൂറു പണം ദണ്ഡം; ഈ സംഗതിയിൽ കന്യകയ്ക്കു ശുല്കം കൊടുക്കുകയും ചെയ്യണം. തന്നത്താൻ (പിതാവിന്റെ അനുവാദത്തോ അന്യപ്രേരണയോ കൂടാതെ) പ്രകർഷം ചെയ്താൽ ആ സ്ത്രീ രാജദാസിയായി ഭവിക്കുന്നതാണ്.

ഗ്രാമത്തിന്റെ പുറത്തുവച്ച് ഒരു കന്യകയെ പ്രകർഷം ചെയ്കയും, അങ്ങനെ ചെയ്തിട്ടു ചെയ്തില്ലെന്നു പറകയും ചെയ്യുന്ന പുരുഷനു മേൽപ്പറഞ്ഞതിന്റെ ഇരട്ടി ദണ്ഡം.

ബലാൽക്കാരേണ കന്യകയെ അപഹരിക്കുന്ന പുരുഷന് ഇരുനൂറു പണം ദണ്ഡം; ദേഹത്തിൽ സുവർണ്ണാഭരണമുള്ള കന്യകയെയാണ് അപഹരിച്ചതെങ്കിൽ ഉത്തമസാഹസം ദണ്ഡം; വളരെപ്പേർ കൂടി കന്യാപഹരണം ചെയ്താൽ അവരിൽ ഓരോരുത്തർക്കും ഇപ്പറഞ്ഞ ദണ്ഡങ്ങൾ വിധിക്കേണ്ടതാണ്.

ഗണികയുടെ മകളെ പ്രകർഷം ചെയ്യുന്നവന്ന് അമ്പത്തിനാലു പണം ദണ്ഡം. ഇതു കൂടാതെ, മാതാവിന്നു ശുല്കമായിട്ട് അവളുടെ ഭോഗവൃത്തിയുടെ പതിനാറിരട്ടി കൊടുക്കുകയും വേണം.

ദാസന്റെയോ ദാസിയുടെയോ അദാസിയായിട്ടുള്ള മകളെ പ്രകർഷം ചെയ്യുന്നവന്ന് ഇരുപത്തിനാലു പണം ദണ്ഡം; അവൾക്കു ശുല്കവും ആബന്ധ്യവും കൊടുക്കുകയും വേണം. നിഷ്ക്രയാനുരൂപയായ ദാസ്യമോചനം ചെ

ഷ്ഠത്തെക്ക) ദാസിയെ പ്രകൎമ്മം ചെയ്യുന്നവന്ന പന്ത്രണ്ടു പണം ദണ്ഡം; അവൻ അവൾക്ക വസ്ത്രവും ആബന്ധ്യവും നൽകുകയും വേണം.

കന്യാപ്രകൎമ്മത്തിന്ന സാഹായ്യം ചെയ്കയോ സ്ഥലം കൊടുക്കുകയോ ചെയ്യുന്നവന്ന കൎത്തൃതുല്യമായ ദണ്ഡം വിധിക്കുന്നതാണ്.

പ്രോഷിതഭൎത്തൃകയായ ഒരു സ്ത്രീ വ്യഭിചാരം ചെയ്യുന്നതായാൽ അവളെ ഭൎത്താവിന്റെ ബന്ധുവോ ഭൃത്യനോ സംഗ്രഹിക്കണം. അപ്രകാരം സംഗ്രഹിക്കപ്പെട്ട അവൾ ഭൎത്താവു വരുന്നതുവരെ പ്രതീക്ഷിക്കേണ്ടതാണ്. ഭൎത്താവു ക്ഷമിക്കുന്നപക്ഷം രണ്ടുപേരും (അവളും ജാരനും) മോചിക്കപ്പെടും. ക്ഷമിക്കാത്തപക്ഷം അവൾക്ക കൎണ്ണനാസാച്ഛേദനവും, ജാരന്ന വധവും ദണ്ഡം.

ജാരനെ ചോരനെന്ന പറയുന്നവന്ന് * അഞ്ഞൂറു പണം ദണ്ഡം. ഹിരണ്യം വാങ്ങി ജാരനെ വിട്ടയക്കുന്നവന്ന വാങ്ങിയ ഹിരണ്യത്തിന്റെ എട്ടിരട്ടി ദണ്ഡം.

കേശാകേശികം (തലമുടി തമ്മിൽ പിടിച്ചുവലിക്കൽ) കണ്ടാൽ സ്ത്രീസംഗ്രഹണമാണെന്ന മനസ്സിലാക്കാം. ശരീരോപഭോഗങ്ങളുടെ (ശരീരത്തിലുള്ള കുറി മുതലായവയുടെ) അടയാളം കണ്ടും, തജ്ജാതന്മാരോടു (ആ വിഷയത്തിൽ പരിചയമുള്ളവരോടു) ചോദിച്ചും, സംഗ്രഹീതയായ സ്ത്രീയുടെ വാക്ക കേട്ടും സംഗ്രഹണത്തെ അറിയാവുന്നതാണ്.

ശത്രുസൈന്യങ്ങളാൽ അപഹരിക്കപ്പെട്ടവൾ, ആടവികന്മാരാൽ അപഹരിക്കപ്പെട്ടവൾ, നദീപ്രവാഹത്തിൽ ഒ

* ജാരസംഗമത്തെ മറയ്ക്കുന്നതിന്നുവേണ്ടി ഗ്രന്ഥത്തിൽ ചോരൻ ജാരനോ എന്ന വ്യാജം പറയുന്നവന്ന് എന്നൎത്ഥം

ഴുകിപ്പോകുന്നവരു, അരണ്യത്തിൽവെച്ചോ, ദുൎഭിക്ഷത്തിങ്കലൊ ഉപേക്ഷിക്കപ്പെട്ടവരു, ആത്യന്തികമായ രോഗത്തിൽ മരിച്ചു എന്നു വിചാരിച്ചു പരിത്യജിക്കപ്പെട്ടവരു എന്നിങ്ങനെയുള്ള പരസ്ത്രീയെ ആവക ആപത്തുകളിൽനിന്നു വീണ്ടെടുത്താൽ തമ്മിൽ പറഞ്ഞു നിശ്ചയിക്കുന്നതുപോലെ അവളെ ഉപഭോഗിക്കുന്നതിന്നു വിരോധമില്ല. എന്നാൽ ജാതിവിശിഷ്ട (ഉയൎന്ന ജാതിയിലുള്ളവരു), അകാമ, സന്താനമുള്ളവരു എന്നിങ്ങനെയിരിക്കുന്ന സ്ത്രീയെ ആപത്തിൽനിന്നു രക്ഷിച്ചവൻ നിഷ്ക്രയം വാങ്ങി വിട്ടുകൊടുക്കേണ്ടതാണ്'.

ചോരഹസ്തം, നദീവേഗം,
ദുൎഭിക്ഷം, ദേശവിഭ്രമം
ഇവയിങ്കലകപ്പെട്ടോരു,
കാട്ടിൽപ്പെട്ടുഴലുന്നവരു,

മരിച്ചെന്നോൎത്തു കൈവിട്ടോ-
ളീമട്ടുള്ളന്യനാരിയെ
വീണ്ടെടുത്താൽ യഥാപ്രോക്തം
ഭുജിക്കാം, ദോഷമില്ലതിൽ.

രാജസ്വജനസന്ത്യക്ത,
വൎണ്ണോത്തമ,യകാമയും,
സാപത്യയും താരകനാൽ
നിഷ്ക്രയംകൊണ്ടു മോച്യരാം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന
നാലാമധികരണത്തിൽ കന്യാപ്രകൎമ്മമെന്ന
പന്ത്രണ്ടാമദ്ധ്യായം.

# പതിമ്മൂന്നാം അദ്ധ്യായം.

---

## എണ്പത്തെട്ടാം പ്രകരണം.

### അതിചാരദണ്ഡം.

ബ്രാഹ്മണനെ അപേയം പാനംചെയ്യിക്കയോ അഭക്ഷ്യം ഭക്ഷിപ്പിക്കുകയോ ചെയ്യുന്നവന്ന് ഉത്തമസാഹസം ദണ്ഡം; ക്ഷത്രിയനെ മേൽപ്രകാരം ചെയ്യിക്കുന്നവന്ന മദ്ധ്യമസാഹസം; വൈശ്യനെയായാൽ പൂൎവ്വസാഹസം; ശൂദ്രനെയാണെങ്കിൽ അമ്പത്തിനാലുപണം ദണ്ഡം. സ്വേച്ഛപ്രകാരം അപേയം പാനംചെയ്കയോ അഭക്ഷ്യം ഭക്ഷിക്കയോ ചെയ്യുന്നവരെ നിൎവ്വാസനംചെയ്കയും വേണം.

അന്യന്റെ ഗൃഹത്തിൽ ബലാൽക്കാരേണ കടന്നു ചെല്ലുന്നവന്ന പകലാണെങ്കിൽ പൂൎവ്വസാഹസവും രാത്രിയിലാണെങ്കിൽ മദ്ധ്യമസാഹസവും ദണ്ഡം. പകലാണെങ്കിലും രാത്രിയിലാണെങ്കിലും ആയുധപാണിയായിട്ടു പ്രവേശിക്കുന്നവന്ന് ഉത്തമസാഹസം ദണ്ഡം. എന്നാൽ ഭിക്ഷു, വൈദേഹകൻ, മത്തൻ, ഉന്മത്തൻ എന്നിവരും ആപത്തു നേരിട്ടുമ്പോൾ അധികം അടുത്തുള്ളവരും പ്രവൃത്തപ്രവേശന്മാരും (ഗൃഹത്തിൽ സാധാരണമായി പ്രവേശിക്കാറുള്ളവർ) ബലാൽക്കാരേണ ഗൃഹത്തിൽ പ്രവേശിച്ചാൽ അവരെ ദണ്ഡിക്കുവാൻ പാടില്ല. പ്രവേശിക്കരുതെന്നു പറഞ്ഞു കൂട്ടാക്കാതെയാണ് പ്രവേശിച്ചതെങ്കിൽ ഇതു ബാധകവുമല്ല.

അൎദ്ധരാത്രിക്കുശേഷം സ്വന്തം ഗൃഹത്തിന്റെ പരിവാൎശ്വത്തിൽ (ചുമര് മതില് മുതലായവയിൽ) കയറുന്നവന്നു പൂൎവ്വസാഹസം ദണ്ഡം; പരഗൃഹത്തിന്റേതിലായാൽ മദ്ധ്യമസാഹസം. ഗ്രാമത്തിലേയോ ആരാമത്തിലേയോ വേലിപൊളിക്കുന്നവന്നും ദണ്ഡം ഇതുതന്നെ.

സാർത്ഥികന്മാർ (സാർത്ഥവാഹന്മാർ) ഗ്രാമത്തിന്റെ ഉള്ളിൽ വസിക്കുന്നതു തങ്ങളുടെ കൈവശമുള്ള ധനം ഇത്രയെന്നു ഗ്രാമമുഖ്യനെ അറിയിച്ചിട്ടേ പാടുള്ളൂ. അവരുടെ കയ്യിൽ അന്യസ്ഥലത്തേക്കയയ്ക്കാതെ കണ്ടിരിപ്പുള്ള ദ്രവ്യം രാത്രിയിൽ മോഷ്ടിക്കപ്പെടുകയോ കാണാതെ പോകയോ ചെയ്താൽ ആയതു ഗ്രാമാധ്യക്ഷൻ കൊടുക്കേണ്ടതാണ്. ഗ്രാമാന്തരങ്ങളിൽ വച്ചാണ് മേൽപ്രകാരം ദ്രവ്യം പോകയോ കാണാതെയാകയോ ചെയ്തതെങ്കിൽ അതു വിവീതാധ്യക്ഷൻ വകവച്ചു കൊടുക്കണം. വിവീതമില്ലാത്ത പ്രദേശങ്ങളിൽവച്ച് മേൽപ്രകാരം സംഭവിച്ചാൽ ചോരരജ്ജുകൻ (ചോരന്മാരെ പിടിപ്പാൻ ചുമതലപ്പെട്ട അധികൃതൻ) ആയതു കൊടുക്കണം. ഈവക രക്ഷകളൊന്നും ലഭിക്കാതെ നശിച്ചുപോയ ദ്രവ്യങ്ങളെപ്പററി സീമാവരോധന് (മോഷണം നടന്ന സ്ഥലത്തിന്റെ അതിർത്തി കാക്കുന്നവനു) അറിവുകൊടുക്കുകയും, അവൻ അന്വേഷിച്ചു പിടിച്ചുകൊടുക്കുകയും വേണം. സീമാവരോധന്റെയും അഭാവത്തിങ്കൽ പഞ്ചഗ്രാമിയോ (അഞ്ചു ഗ്രാമക്കാർ) ദശഗ്രാമിയോ (പത്തു ഗ്രാമക്കാർ) മോഷ്ടിക്കപ്പെട്ട ദ്രവ്യം തിരഞ്ഞുപിടിച്ചു കൊടുക്കണം.

ഉറപ്പില്ലാത്തതായ ഗൃഹമോ, മൂർദ്ധസ്തംഭം (മുകളിലെ പലക) വയ്ക്കാത്തതായ ശകടമോ, അനപാശ്രയമായ (ഉറച്ചാധാരത്തിൽ ഉറപ്പിച്ചുവയ്ക്കാത്ത) ശസ്ത്രമോ, അപ്രതിച്ഛന്നമായ (മറച്ചുകെട്ടാത്ത) കുഴിയോ കൂപമോ കൂടഗർത്തമോ ഉണ്ടാക്കി ആളുകൾക്കു ഹിംസ വരുത്തിയാൽ ആയതു ദണ്ഡപാരുഷ്യമാണെന്നറിയണം.

മരം മുറിക്കുക, ദമ്യങ്ങളായ നാൽക്കാലികളുടെ കെട്ടുകയറഴിക്കുക, അദാന്തമായ വാഹനത്തെ ഓടിക്കുക, മരമോ മൺകട്ടയോ കല്ലോ വടിയോ ബാണമോ കൈകൊണ്ട് എറിയുക, ആനപ്പുറത്തു കയറിസ്സഞ്ചരിക്കുക എന്നി

വ ചെയ്യുന്ന സമയത്ത് അങ്ങനെ ചെയ്യുന്നവർ "മാറുവിൻ" എന്നു പറയുന്നതായാൽ, ആ വൃക്ഷാദികളെക്കൊണ്ടു സംഘട്ടനം വരുന്നതിന്ന് അവരെ ദണ്ഡിക്കുവാൻ പാടില്ല.

ആനയെ അങ്ങോട്ടു കോപിപ്പിക്കുകയാൽ അത് ഒരുവനെക്കൊന്നാൽ അപ്രകാരം കൊല്ലപ്പെട്ടവൻ ആ ആനയ്ക്കു ഒരു ദ്രോണം ചോറും ഒരു കുടം മദ്യവും മാല്യാനുലേപനങ്ങളും കൊമ്പുകളിലെ ചോര തുടയ്ക്കുവാൻ ഒരു വസ്ത്രവും കൊടുക്കണം *. ആന കുത്തിക്കൊല്ലുക എന്നത് അശ്വമേധത്തിലെ അവഭൃഥസ്നാനത്തോടു തുല്യമാകയാൽ ഹന്താവായ ആനയ്ക്കു പാദപ്രക്ഷാളനവും ചെയ്യണം. ഉദാസീനനായിട്ടുള്ള ഒരുവനെ ആന കൊന്നാലാകട്ടെ യന്താവിന്ന് (ആനക്കാരന്നു) ഉത്തമസാഹസം ദണ്ഡം.

കൊമ്പുള്ളതോ ദംഷ്ട്രകളുള്ളതോ ആയ മൃഗം ആളെ കൊല്ലുമ്പോൾ അതിന്റെ ഉടമസ്ഥൻ ചെന്നു വിടുവിക്കാത്തപക്ഷം അവന്നു പൂർവ്വസാഹസം ദണ്ഡം. "വിടുവിക്കണെ" എന്നു വിളിച്ചുപറഞ്ഞിട്ടും വിടുവിക്കാതിരുന്നാൽ അതിലിരട്ടി ദണ്ഡം.

മേൽപ്രകാരമുള്ള മൃഗങ്ങളെ അന്യോന്യം ആക്രമിപ്പിച്ചു കൊല്ലിക്കുന്നവൻ ചത്തതിന്റെ വില കൊടുക്കുകയും, അതിലിരട്ടി ദണ്ഡം കെട്ടുകയും ചെയ്യണം.

ദേവന്റെ വകയായ പശു, കാള, കൂററൻ, പശുക്കുട്ടി എന്നിവയുടെ പുറത്തു കയറുന്നവന്ന് അഞ്ഞൂറു പണം ദണ്ഡം. അവയെ അന്യസ്ഥലത്തേക്കു ഓടിക്കുന്നവന്ന് ഉത്തമസാഹസം ദണ്ഡം.

---

* കൊല്ലപ്പെട്ടവന്റെ ബന്ധു ഇവ കൊടുക്കേണ്ടതാണെന്നർത്ഥം. ആന കുത്തിക്കൊല്ലുന്നതു പുണ്യമാണെന്നു വിശ്വസിച്ച് ആനയെ കല്ലിട്ടുകുത്തി കോപിപ്പിക്കുന്നതിനെയാണ് ഇതിൽപ്പറഞ്ഞിട്ടുള്ളത്.

രോമം, ദോഹം (കറവു്), വാഹനം, പ്രജനനം എന്നിവയ്ക്കുപകരിക്കുന്ന ക്ഷുദ്രപശുക്കളെ അപഹരിച്ചാൽ അതിൻെറ വിലയും വേറെ അത്രയും ദണ്ഡം. ദേവകാൎയ്യം, പിതൃകാൎയ്യം എന്നിവയൊഴിച്ചു മറെറാരാവശ്യത്തിന്നു അവയെ പ്രവാസനംചെയ്താലും ഇതുതന്നെ ദണ്ഡം.

ചക്രയുക്തം (വണ്ടി) അതിന്നു പൂട്ടിയ വാഹനങ്ങളുടെ മൂക്കുകയറു മുറിയുകയോ, നുകം പൊട്ടുകയോ, വിഷമങ്ങളിലോ നേരിട്ടോ പിന്നിലൂടെയോ വരികയോ, യാനങ്ങളുടേയും പശുക്കളുടേയും മനുഷ്യരുടേയും തിരക്കിൽ പെട്ടുകയോ ചെയ്യുന്ന സമയത്തു് ആക്കെങ്കിലും ഹിംസ നേരിട്ടാൽ വണ്ടിക്കാരനെ ദണ്ഡിക്കുവാൻ പാടില്ല. അങ്ങനെയല്ലാത്തപക്ഷം മാനുഷജീവികൾക്കു ഹിംസചെയ്താൽ യഥോക്തമായ ദണ്ഡം അടയ്ക്കണം; മനുഷ്യരല്ലാത്ത പ്രാണികളെ ഹിംസിച്ചാൽ ആ പ്രാണികളെ കൊടുക്കുകയും വേണം. ഈ സംഗതിയിൽ യാതാവു് (വണ്ടി തെളിക്കുന്നവൻ) ബാലനാണെങ്കിൽ വണ്ടിയിലിരിക്കുന്ന സ്വാമിയെ ദണ്ഡിക്കണം. വണ്ടിയിൽ സ്വാമിയില്ലാത്ത പക്ഷം വണ്ടിയിലിരിക്കുന്നവനെയോ, പ്രാപ്തവ്യവഹാരനായ യാതാവിനെയോ ദണ്ഡിക്കണം. ബാലൻ തെളിച്ചുകൊണ്ടുപോകുന്നതും ആളില്ലാത്തതുമായ യാനത്തെ രാജാവു ഹരിക്കണം.

ഒരുവൻ കൃത്യകൊണ്ടോ അഭിചാരംകൊണ്ടോ മറെറാരുവനെ ഹിംസിക്കുന്നതായാൽ അവനെയും കൃത്യാഭിചാരങ്ങളെക്കൊണ്ടുതന്നെ കൊല്ലണം.

ഭാൎയ്യ ഭൎത്താവിനെ ഇച്ഛിക്കാത്തപക്ഷം അവളുടെ പേരിലും, കന്യക വിവാഹാൎത്ഥികളെ ഇച്ഛിക്കാത്തപക്ഷം അവളുടെ പേരിലും, ഭൎത്താവു ഭാൎയ്യയെ ഇച്ഛിക്കാത്തപക്ഷം അവൻെറ പേരിലും സംവനനകരണം (വശീകരണപ്രയോഗം) ചെയ്യുന്നതു സാധുവായിരിക്കും. മ

റ്റു സംഗതികളിൽ സംവനനംകൊണ്ട് ഉപദ്രവമുണ്ടാക്കിയാൽ മദ്ധ്യമസാഹസം ദണ്ഡം.

മാതാവിൻെറയും പിതാവിൻെറയും സോദരിമാർ, മാതുലഭാര്യ, ആചാര്യപത്നി, സ്നുഷ (പുത്രഭാര്യ), മകൾ, സോദരി എന്നിവരിലാരെയെങ്കിലും ഗമിക്കുന്നവന്ന് ത്രിലിംഗച്ഛേദനവും (ലിംഗവും വൃഷണങ്ങളും ഛേദിക്കുക) വധവും ദണ്ഡം. സ്ത്രീ സകാമയായിട്ടാണ് ഇതു ചെയ്തതെങ്കിൽ അവൾക്കും ത്രിലിംഗച്ഛേദം * തന്നെ ദണ്ഡം. ദാസൻ, പരിചാരകൻ, ആഹിതകൻ എന്നിവർ സ്വാമിനിയെ ഗമിക്കുന്ന സംഗതിയിലും ഇതുതന്നെ ദണ്ഡം.

അഗുപ്തയായ (സ്വതന്ത്രയായ) ഒരു ബ്രാഹ്മണസ്ത്രീയെ ക്ഷത്രിയൻ ഗമിച്ചാൽ അവന്ന് ഉത്തമസാഹസം ദണ്ഡം; വൈശ്യനാണെങ്കിൽ സർവ്വസ്വഹരണം ദണ്ഡം; ശൂദ്രനാണെങ്കിൽ കടാഗ്നികൊണ്ട് ദഹിപ്പിക്കണം ‡. ഇപ്പറഞ്ഞ ക്ഷത്രിയാദികളിൽ ആരെങ്കിലും രാജഭാര്യയെഗ്ഗമിച്ചാൽ കുംഭീപാകം (കിടാരത്തിലിട്ടു വറുത്തു കൊല്ലുക) ദണ്ഡം.

ശൂദ്രൻ ശ്വപാകിയെ (ശ്വപചസ്ത്രീയെ) ഗമിച്ചാൽ അവനെ നെററിക്കു കബന്ധാങ്കം കുത്തി നാടുകടത്തുകയോ ശ്വപാകജാതിയിലേക്കു തള്ളുകയോ ചെയ്യണം. ശ്വപാകൻ ആര്യയായ സ്ത്രീയെ ഗമിച്ചാൽ അവന്നു വധവും, സ്ത്രീക്കു കർണ്ണനാസാച്ഛേദനവും ദണ്ഡം.

പ്രവ്രജിതയെഗ്ഗമിച്ചാൽ ഇരുപത്തിനാലുപണം ദണ്ഡം. പ്രവ്രജിത സകാമയാകയാലാണ് ഗമിച്ചതെങ്കിൽ ഇതുതന്നെ അവൾക്കും ദണ്ഡം.

---

* സ്ത്രീപക്ഷത്തിൽ ത്രിലിംഗച്ഛേദമെന്നതിന്നു ഭഗവും സ്തനങ്ങളും ഛേദിക്കുകയെന്നു താൽപര്യം.

‡ കടമെന്നാൽ പായ. പായിൽ കെട്ടിപ്പൊതിഞ്ഞു തീകൊളുത്തി കൊല്ലണമെന്നർത്ഥം.

രൂപാജീവയെ (ഗണികയെ) ബലാൽക്കാരേണ ഗമിച്ചാൽ പന്ത്രണ്ടുപണം ദണ്ഡം. വളരെപ്പുരുഷന്മാർകൂടി ഒരു സ്ത്രീയെ ഗമിച്ചാൽ ഓരോരുത്തൎക്കും വെവ്വേറെ ഇരുപത്തിനാലുപണം വീതം ദണ്ഡം.

സ്ത്രീയെ അയോനിയിൽ ഗമിക്കുന്നവന്നു പൂൎവ്വസാഹസം ദണ്ഡം. പുരുഷനെ അധിമേഹനംചെയ്യുന്നവന്നും അതുതന്നെ ദണ്ഡം.

തിൎയ്യഗ്യോനിഗനീചന്നു
പന്തിരണ്ടു പണം ദമം,
ദേവതാപ്രതിമായേറെ
ഗമിച്ചാൽ ദ്വിഗുണം സ്മൃതം.

അദണ്ഡ്യദണ്ഡനംചെയ്താ-
ലതിൻ ത്രിംശൽഗുണം നൃപൻ
നൽകു വരുണനായ്‌നീരിൽ,
വിപ്രൎക്കു തദനന്തരം.

എന്നാൽ നൃപന്റെ ദണ്ഡാപ-
ചാരപാപം ശമിച്ചിടും,
നരരിൽ ദുരിതംചെയ്യും
നൃപൎക്കു വരുണൻ യമൻ.

**കൗടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, കണ്ടകശോധനമെന്ന നാലാമധികരണത്തിൽ, അതിചാരദണ്ഡം എന്ന പതിമൂന്നാമദ്ധ്യായം.**

കണ്ടകശോധനം നാലാമധികരണം കഴിഞ്ഞു.

---

# യോഗവൃത്തം അഞ്ചാമധികരണം.

## ഒന്നാം അദ്ധ്യായം

### എണ്പത്തൊമ്പതാം പ്രകരണം.

### ദാണ്ഡകർമ്മികം.

ദുർഗ്ഗത്തിലേയും രാഷ്ട്രത്തിലേയും കണ്ടകശോധനം പറഞ്ഞുകഴിഞ്ഞു. ഇനി രാജാവിനേയും രാജ്യത്തേയും ബാധിക്കുന്ന കണ്ടകന്മാരുടെ ശോധനത്തെപ്പറയാം.

രാജാവിനെ അവഗ്രഹിച്ച് (അതിവർത്തിച്ച്) ജീവിക്കുന്നവരോ ശത്രുപക്ഷക്കാരോ ആയിട്ട രാജ്യത്തിൽ യാവചില മുഖ്യന്മാർ (മന്ത്രിമാർ മുതലായവർ) ഉണ്ടോ അവരിൽ ഗൂഢപുരുഷന്മാരെ പ്രയോഗിക്കുകയോ കൃത്യപക്ഷത്തെ ഉപഗ്രഹിക്കുകയോ ആണ് സിദ്ധി (ഉപായം). അങ്ങനെയുള്ളവരിൽ, മുമ്പു പറയപ്പെട്ടതുപോലെയുള്ള ഉപജാപത്തെയോ, മുകളിൽ പാരഗ്രാമികത്തിൽ പറയുവാൻ പോകുന്നതുപോലെയുള്ള അപസർപ്പനെയോ പ്രയോഗിക്കണം.

രാജ്യത്തിന്നുപഘാതകാരികളായിട്ട യാവചില വല്ലഭന്മാരും സംഹതന്മാരായിട്ട (കൂട്ടുകെട്ടോടു കൂടിയവർ) യാവചില മുഖ്യന്മാരുമുണ്ടോ അവർ പരസ്യമായി പ്രതിഷേധിക്കപ്പെടുവാൻ കഴിയാത്തവരും ദൂഷ്യന്മാരും (വധ്യന്മാർ) ആകുന്നു. അങ്ങനെയുള്ളവരിൽ ധർമ്മതൽപരനായ രാജാവ് ഉപാംശുദണ്ഡത്തെ (ഗൂഢവധത്തെ) പ്രയോഗിക്കണം.

ദൂഷ്യനായ മഹാമാത്രന്റെ അസൽകൃതനായ (മഹാമാത്രനാൽ മാനിക്കപ്പെടാത്ത) ഭ്രാതാവിനെ സത്രി പറ

ഞ്ഞു പ്രോത്സാഹിപ്പിച്ചു രാജാവുമായി ഒരു കൂടിക്കാഴ്ച നടത്തിച്ചു. രാജാവു് അവനെ ദൂഷ്യനായ മഹാമാത്രന്റെ ദ്രവ്യങ്ങൾ ഉപഭോഗിക്കുവാൻ അനുവാദം കൊടുത്തു് ദൂഷ്യന്റെ പേരിൽ വിക്രമിപ്പിച്ചു. അവൻ ആയുധംകൊണ്ടോ വിഷംകൊണ്ടോ വിക്രമിച്ചു് ദൂഷ്യനെ വധിച്ചാൽ "ഭ്രാതൃഘാതകനാണിവൻ" എന്ന കാരണത്താൽ അവിടെവച്ചുതന്നെ അവനെ കൊല്ലിക്കുകയും ചെയ്വൂ. ഇവനെപ്പറഞ്ഞതുകൊണ്ടു് മഹാമാത്രന്റെ പാരശവനായിട്ടുള്ള പുത്രനേയും പരിചാരികാപുത്രനേയും പറഞ്ഞുകഴിഞ്ഞു *.

അല്ലെങ്കിൽ ദൂഷ്യനായ മഹാമാത്രന്റെ ഭ്രാതാവിനെ സത്രി പറഞ്ഞു പ്രോത്സാഹിപ്പിച്ചു അവനെക്കൊണ്ടു മഹാമാത്രനോടു ദായത്തെ(തനിക്കവകാശപ്പെട്ട ധനത്തെ) യാചിപ്പിച്ചു. അവൻ രാത്രിയിൽ ദൂഷ്യന്റെ ഗൃഹദ്വാരത്തിങ്കൽ കിടക്കുകയോ മററാരേടത്തു പാർക്കുകയോ ചെയ്യുമ്പോൾ തീക്ഷ്ണൻ അവനെ ഗൂഢമായിച്ചെന്നു വധിച്ചു് "അയ്യോ, ദായം യാചിച്ചു ഇവനെ കൊലപ്പെടുത്തിയല്ലോ" എന്നു വിളിച്ചുപറവൂ. പിന്നെ രാജാവു കൊല്ലപ്പെട്ടവന്റെ പക്ഷം സ്വീകരിച്ചു മററവനെ (ദൂഷ്യനെ)യും നിഗ്രഹിപ്പൂ.

അഥവാ ദൂഷ്യന്റെ സമീപവർത്തികളെന്ന നിലയിലുള്ള സത്രികൾ ദായം യാചിക്കുന്ന ഭ്രാതാവിനെ കൊല്ലുമെന്നു പറഞ്ഞു ഭയപ്പെടുത്തു. പിന്നീടു രാത്രിയിൽ മേൽപ്പറഞ്ഞതുപോലെ പ്രവൃത്തിക്കുകയും ചെയ്വൂ ‡

---

* രാജാവിന്റെ മുമ്പിൽ വരുത്തി, ദൂഷ്യനായ പിതാവിന്റെ ദ്രവ്യം അനുഭവിച്ചു കൊള്ളുവാൻ പറയിച്ചു, പിതാവിനെക്കൊല്ലുവാൻ പ്രേരിപ്പിച്ചു പിതൃഘാതകനെന്ന നിലയ്ക്കു കൊല്ലിക്കണമെന്നു സാരം.

‡ രാത്രിയിൽ തീക്ഷ്ണനെക്കൊണ്ടു കൊല്ലിച്ചു, ദായം ചോദിച്ച കാരണത്താൽ ദൂഷ്യൻ കൊന്നതാണെന്നു വരുത്തി, ആ കുററത്തിന്നു ദൂഷ്യനെക്കൊല്ലണമെന്നർത്ഥം.

ദൂഷ്യൻ, മഹാമാത്രൻ എന്നിവരിൽവച്ച് പുത്രനായിട്ടുള്ളവൻ പിതാവിൻേറയോ പിതാവായിട്ടുള്ളവൻ പുത്രൻേറയോ ഭ്രാതാവായിട്ടുള്ളവൻ ഭ്രാതാവിൻേറയോ ഭാൎയ്യയുമായി സംസൎഗ്ഗംചെയ്യുന്നുണ്ടെന്നു കണ്ടാൽ അവർ രണ്ടുപേൎക്കും തമ്മിൽ കാപടികൻ മുഖേന കലഹം ജനിപ്പിക്കുന്നതിനെപ്പററിയും മേൽപ്പറഞ്ഞതുകൊണ്ടുതന്നെ പറഞ്ഞു കഴിഞ്ഞു $.

അതല്ലെങ്കിൽ ദൂഷ്യനായ മഹാമാത്രൻെറ ആത്മസംഭാവിതനായ (തനിക്കുതാൻപോന്ന) പുത്രനെ സത്രി "വാസ്തവത്തിൽ അങ്ങുന്നു രാജപുത്രനാണ്. ശത്രുഭയത്താലാണ് അങ്ങയെ ഇവിടെ വച്ചുകൊണ്ടിരിക്കുന്നതു്" എന്നുപറഞ്ഞു ലോഭിപ്പിപ്പൂ. അവൻ അതു വിശ്വസിച്ചു പുറപ്പെട്ടാൽ രാജാവു രഹസ്സിൽവച്ച് അവനെ ബഹുമാനിക്കയും, "യുവരാജസ്ഥാനം ലഭിപ്പാനുള്ള കാലമായിട്ടും നിന്നെ ഞാൻ യുവരാജാവായി അഭിഷേകം ചെയ്യാത്തതു മഹാമാത്രനെ ഭയപ്പെട്ടിട്ടാണ്" എന്നു പറയുകയും ചെയ്യൂ. പിന്നീടവനെ സത്രി മഹാമാത്രവധത്തിന്നു പ്രേരിപ്പിപ്പൂ. അവൻ വിക്രമിച്ചു മഹാമാത്രനെക്കൊന്നാൽ, പിതൃഘാതകനാണിവൻ എന്ന കാരണത്താൽ അവനേയും കൊല്ലിപ്പൂ.

അതുമല്ലെങ്കിൽ ഭിക്ഷുകി (ചാരസ്ത്രീ) ദൂഷ്യൻെറ ഭാൎയ്യയെ വശീകരണൌഷധങ്ങളെ പ്രയോഗിക്കുന്നതിൽ പരിചയിപ്പിച്ചു അവയിൽ വിഷം കലൎത്തി ഔഷധത്തിൻെറ നിലയിൽ കൊടുപ്പിച്ചു അതിസന്ധാനം ചെയ്യണം. ഇങ്ങനെ ആഢ്യപ്രയോഗം.

രാജദ്വിഷ്ടനായ ആടവികനേയോ പരഗ്രാമികനാ

---

$ കാപടികമുഖേന ഉണ്ടാക്കിത്തീൎത്ത കലഹത്തിൽവച്ചു രണ്ടുപേരിലൊരുവൻ മററവനെക്കൊന്നാൽ അവനേയും കൊല്ലിക്കണമെന്നൎത്ഥം.

രേയോ ഹനിപ്പാൻ വേണ്ടിയോ, കാന്താരാവൃതമായ ദേശത്തിങ്കൽ രാഷ്ട്രപാലനേയോ അന്തപാലനേയോ സ്ഥാപിപ്പാൻ വേണ്ടിയോ, കുപിതമായിച്ചമഞ്ഞ ഒരു നഗരസ്ഥാനത്തെ ഒതുക്കുവാൻ വേണ്ടിയോ, പ്രത്യന്തത്തിങ്കൽ രാജാവിനാൽ പിടിച്ചടക്കപ്പെടേണ്ട വസ്തുക്കളോടുകൂടെ സാൎത്ഥവാഹന്മാർ കൊണ്ടുപോകുന്ന ദ്രവ്യങ്ങളെ കണ്ടുപിടിക്കുന്നതിന്നു വേണ്ടിയോ ദൂഷ്യനായ മഹാമാത്രനെ, ശക്തി കുറഞ്ഞതും തീക്ഷ്ണന്മാരോടുകലൎന്നതുമായ സൈന്യത്തോടുകൂടി അയപ്പൂ. അവിടങ്ങളിൽവച്ചു രാത്രിയിലോ പകലോ യുദ്ധം നടക്കുമ്പോൾ തീക്ഷ്ണന്മാർ പ്രതിരോധകന്മാരുടെ (കൊള്ളക്കാരുടെ) വേഷം ധരിച്ചു ദൂഷ്യനെക്കൊല്ലുകയും, യുദ്ധത്തിൽ കൊല്ലപ്പെട്ടു എന്നു പ്രസിദ്ധമാക്കുകയും ചെയ്‌വൂ.

അതല്ലെങ്കിൽ വിനോദയാത്ര പുറപ്പെട്ടുപോയ രാജാവ് ദൂഷ്യരായ മഹാമാത്രന്മാരെ കൂടിക്കാഴ്ചയ്ക്കായി വിളിപ്പൂ. അവർ രാജാവിനെക്കാണ്മാൻ പോകുമ്പോൾ ഗൂഢശസ്ത്രന്മാരായ തീക്ഷ്ണന്മാർ പരിവാരങ്ങളുടെ നിലയിൽ കൂടെപ്പോകണം. അവരോടുകൂടെ മഹാമാത്രന്മാർ രാജഗൃഹത്തിലേക്കു ചെന്നാൽ മധ്യമകക്ഷ്യ (നടുവിലെക്കെട്ട്) യിൽവച്ചു, അകത്തേക്കു കടക്കുന്നതിന്നു വേണ്ടി ആന്തവിചയം (ദേഹപരിശോധന) ചെയ്യിപ്പൂ. * അപ്പോൾ ദ്വാരപാലന്മാരാൽ പിടിക്കപ്പെട്ട തീക്ഷ്ണന്മാർ "ഞങ്ങൾ ദൂഷ്യനാൽ നിയോഗിക്കപ്പെട്ടവരാണ്" എന്നു പറവൂ. ഈ സംഗതി ജനങ്ങളുടെ ഇടയിൽ പ്രസിദ്ധമാക്കിയിട്ട് ദൂഷ്യ

* രാജാവിന്റെ മുമ്പിലേക്കു പോകുന്നതു ആയുധം കൂടാതെ വേണമെന്നാണ് വിധി. ആരുടെയെങ്കിലും കയ്യിൽ ആയുധമുണ്ടോ എന്നു നോക്കുവാൻ വരുന്നവരുടെ ദേഹം പരിശോധിക്കുകയും പതിവുണ്ട്.

രെ വധിക്കുകയും ചെയ്വൂ. അപരാധികളായ തീക്ഷ്ണന്മാർ പകരം വേറെ ചിലരെ കൊല്ലുകയും വേണം.

രാജാവ് നഗരത്തിനു പുറമെയുള്ള സ്ഥലങ്ങൾ സന്ദർശിപ്പാൻ പോയിരിക്കുന്ന സമയത്തു ദൂഷ്യരായ മഹാമാത്രന്മാരെ തന്റെ അടുത്തു താമസിപ്പിച്ചു ബഹുമാനിച്ചു. അവരുടെ വാസസ്ഥാനങ്ങളിൽ രാത്രിയിൽ ദേവീവ്യഞ്ജന (രാജഭാൎയ്യയുടെ വേഷം ധരിച്ചവൾ) യായ ദുസ്ത്രീയെ പോകുവാൻ നിയോഗിച്ച് അവിടെവച്ചു പിടിപ്പിക്കുകയും, പിടിപ്പിച്ചാൽ മേൽപ്രകാരം ചെയ്കയും ചെയ്വൂ *

ദൂഷ്യനായ മഹാമാത്രനോടു രാജാവിന്റെ സൂദൻ "അങ്ങയുടെ ഭക്ഷ്യകാരൻ നല്ല വെപ്പുകാരനാണ്" എന്നിങ്ങനെ സ്തുതിച്ചു ഭക്ഷ്യഭോജ്യങ്ങളെ യാചിപ്പൂ. നഗരത്തിൽനിന്നു പുറത്ത് ഒരിടത്തു വഴിയാത്ര ചെയ്യുമ്പോൾ അപ്രകാരം പാനീയവും യാചിപ്പൂ. എന്നിട്ട് അതിൽ രണ്ടിലും വിഷം ചേൎത്തു പ്രതിസ്വാദനത്തിന്നായി (സ്വാദുനോക്കുന്നതിന്നായി) അവരെ (ഭക്ഷ്യവും പാനീയവും കൊടുത്തവരെ) ക്കൊണ്ടുതന്നെ അവ ഉപയോഗിപ്പിപ്പൂ. ഈ സംഗതി പ്രസിദ്ധമാക്കി അവരെ (മഹാമാത്രനേയും അവന്റെ സൂദനേയും) രസദന്മാരെന്നു നിലയ്ക്കു വധിപ്പിക്കുകയും ചെയ്വൂ.

ആഭിചാരം ചെയ്യുന്നവനായ മഹാമാത്രന്റെ അടുക്കൽ സിദ്ധവ്യഞ്ജനൻ ചെന്നു ലക്ഷണമൊത്ത ഗോധ (ഉടുമ്പ്), കൂൎമ്മം (ആമ), കൎക്കടം (ഞണ്ട്), ക്രൂടം (കൊമ്പുമുറിഞ്ഞ മൃഗം) എന്നിവയിലൊന്നിന്റെ മാംസം ആഭിചാരഹോമം ചെയ്തു ഭക്ഷിച്ചാൽ മനസ്സിൽ വിചാരിക്കുന്നതു സാധിക്കുമെന്നു പറഞ്ഞു ധരിപ്പിപ്പൂ. മഹാമാത്രൻ

* ദേവീവ്യഞ്ജനയായ ദുസ്ത്രീ തന്നെ മഹാമാത്രൻ വ ലാത്തിയതാണെന്നു പറകയും, അതു പ്രമാണിച്ചു മഹാമാത്രന്റെ പേരിൽ രാജദാരഗ്രഹണമെന്ന മഹാപരാധം ആരോപിച്ചു അവനെ കൊല്ലുകയും ചെയ്യണമെന്നു സാരം.

അതു സമ്മതിച്ച് ആഭിചാരകർമ്മം തുടങ്ങിയാൽ വിഷം കൊടുത്തോ ലോഹമുസലങ്ങളെക്കൊണ്ട് അടിച്ചോ അവനെക്കൊല്ലുകയും കാർമ്മവ്യാപത്തു (ആഭിചാരകർമ്മത്തിങ്കലുള്ള തകരാറു) കൊണ്ടു മരിച്ചതാണെന്നു പ്രസിദ്ധമാക്കുകയും ചെയ്യൂ.

ചികിത്സകവ്യഞ്ജനൻ ദൂഷ്യനു ചികിത്സ ചെയ്യുമ്പോൾ അവന്റെ വ്യാധി ദൌരാത്മികമോ (ദുഷ്കർമ്മത്താലുണ്ടായതു) അസാധ്യമോ ആണെന്നു പറഞ്ഞു ധരിപ്പിച്ച് ഭൈഷജ്യാഹാരയോഗങ്ങളിൽ വിഷം ചേർത്തു കൊടുത്തു ദൂഷ്യനെ നിഗ്രഹിപ്പൂ. അതല്ലെങ്കിൽ സൂദവ്യഞ്ജനരോ ആരാളികവ്യഞ്ജനരോ ആയ ഗൂഢപുരുഷന്മാരെ ദൂഷ്യന്റെ അടുക്കൽ പെരുമാറിച്ചു വിഷംകൊണ്ടു ദൂഷ്യനെ വധിപ്പിപ്പൂ. ഇങ്ങനെ ഉപനിഷൽപ്രതിഷേധം (ഉപനിഷത്തിൽ പറഞ്ഞപ്രകാരമുള്ള ദൂഷ്യപ്രതിഷേധം).

ഉഭയദൂഷ്യപ്രതിഷേധം (രണ്ടു ദൂഷ്യന്മാരെ ഒരുമിച്ചു പ്രതിഷേധിക്കൽ) എങ്ങനെയെന്നാൽ:—എവിടെ ഒരു ദൂഷ്യനെ പ്രതിഷേധിക്കേണ്ടതായിട്ടുണ്ടോ അവിടെക്കു മറെറാരു ദൂഷ്യനെ ശക്തി കുറഞ്ഞ സൈന്യത്തോടും എന്താനും തീക്ഷ്ണന്മാരോടുംകൂടി അയപ്പൂ. അപ്രകാരം അയയ്ക്കപ്പെടുന്ന ദൂഷ്യനു് "ഇന്ന ദുർഗ്ഗത്തിൽ അല്ലെങ്കിൽ രാഷ്ട്രത്തിൽ ചെന്നു സൈന്യത്തെയോ ഹിരണ്യത്തെയോ ശേഖരിക്കുക; അല്ലെങ്കിൽ വല്ലഭനായ ഇന്നാളുടെ കയ്യിൽനിന്നു ഹിരണ്യം കൊണ്ടുവരികയോ വല്ലഭകന്യകയെ ബലാൽക്കാരേണ പിടിച്ചു കൊണ്ടുവരികയോ ചെയ്യുക; അല്ലെങ്കിൽ ദുർഗ്ഗം, സേതു, വണിക്പഥം, ശൂന്യനിവേശം (ശൂന്യസ്ഥലത്തിങ്കൽ ഗൃഹനിർമ്മാണം), ഖനി, ദ്രവ്യവനം, ഹസ്തിവനം, എന്നിവയിലൊന്നിന്റെ പ്രവൃത്തി നടത്തിക്കുക; അല്ലെങ്കിൽ രാഷ്ട്രപാലന്റെയോ അന്തപാലന്റെയോ കർമ്മം നടത്തിക്കുക; ഇവ ചെയ്യുന്നതിൽ ആർ നിന്നെ പ്ര

നിഷേധിക്കുകയോ സഹായിക്കാതിരിക്കുകയോ ചെയ്യുമോ അവനെ പിടിച്ചു ബന്ധിക്കണം" എന്നു കല്പനയും കൊടുത്തു. അപ്രകാരംതന്നെ മറ്റുള്ളവർക്കും (ദൂഷ്യരായിട്ടുള്ള മറുപക്ഷക്കാർക്കു) "ഇവന്റെ അനീതിയെ നിവാരണം ചെയ്യണം" എന്നിങ്ങനെ സന്ദേശമയച്ചു. അവൻ ചെന്നു ആ വക ഭോഗസ്ഥാനങ്ങളിൽ (സൈന്യശേഖരം മുതലായവയിൽ) ഏർപ്പെടുകയും പ്രതിപക്ഷക്കാർ അവന്റെ കണ്ഠത്തിനു വിഘാതം വരുത്തുകയും ചെയ്യുമ്പോൾ വിവദമാനനായ ദൂഷ്യനെ തീക്ഷ്ണന്മാർ ശസ്ത്രം പ്രയോഗിച്ചു ഗൂഢമായി ഹനിച്ചു. ആ പാപത്തിനു പ്രതിപക്ഷക്കാരായ ദൂഷ്യരെ രാജാവു നിഗ്രഹിപ്പിക്കുകയും ചെയ്‌വൂ.

ദൂഷ്യങ്ങളായ പുരങ്ങൾ, ഗ്രാമങ്ങൾ, കുലങ്ങൾ എന്നിവറ്റു തമ്മിൽ സീമയേയോ ക്ഷേത്രത്തേയോ കളത്തേയോ ഗൃഹത്തിന്റെ അതിർത്തിയേയോ കുറിച്ചോ ദ്രവ്യങ്ങൾ, ഉപകരണങ്ങൾ, സസ്യങ്ങൾ, വാഹനങ്ങൾ എന്നിവറ്റു ഹിംസ വരുത്തിയതിനെക്കുറിച്ചോ കാഴ്ചകൾ, ഉത്സവങ്ങൾ എന്നിവ സംബന്ധിച്ചോ വാഗ്വാദത്തിലുണ്ടായതോ തീക്ഷ്ണന്മാരാൽ ഉണ്ടാക്കപ്പെട്ടതോ ആയ കലഹത്തിൽവച്ചു തീക്ഷ്ണന്മാർ ആയുധം പ്രയോഗിച്ചു ദൂഷ്യരിൽ ചിലരെ കൊല്ലുകയും ആ കുറ്റം മറ്റുള്ളവരിലാരോപിപ്പാൻവേണ്ടി "ഇതാ ഇന്നാളോടു കലഹിക്കുന്ന ഇന്നിന്നവർ ഇന്ന പ്രകാരം ചെയ്യുന്നു" എന്നു വിളിച്ചുപറകയും ചെയ്‌വൂ. ആ കുറ്റത്തിനു മറ്റുള്ളവരെ നിഗ്രഹിക്കുകയും ചെയ്യണം.

ദൂഷ്യരായ യാവചിലർക്കു തമ്മിൽ കലഹം ജാതമൂലമായിട്ടുണ്ടോ അവരുടെ വകയായ ക്ഷേത്രങ്ങൾ, കളങ്ങൾ, ഗൃഹങ്ങൾ എന്നിവയെ തീക്ഷ്ണന്മാർ തീ വയ്ക്കുകയോ അവരുടെ ബന്ധുക്കൾ, സംബന്ധികൾ, വാഹനങ്ങൾ എ

ന്നിവയിൽ ആയുധം പ്രയോഗിക്കുകയോ ചെയ്തിട്ടു മേൽപ്രകാരംതന്നെ "ഇന്നാളുടെ നിയോഗത്താലാണ് ഇങ്ങനെ ചെയ്തതു" എന്നു വിളിച്ചു പറയൂ. ആ കുററത്തിനു മററുള്ളവരെ ദണ്ഡിക്കുകയും വേണം.

ദുർഗ്ഗത്തിലോ രാഷ്ട്രത്തിലോ ഉള്ള പരസ്പരവിരോധികളായ ദൂഷ്യരെ സത്രികൾ പറഞ്ഞു യോജിപ്പിച്ച് അന്യോന്യം ആവേശനികന്മാർ (ഗൃഹാഗതന്മാർ; അതിഥികൾ) ആക്കിത്തീർക്കുകയും, ആ അതിഥിസൽക്കാരത്തിൽവെച്ച് രസദന്മാരായ ഗൂഢപുരുഷന്മാർ ചിലർക്കു വിഷം കൊടുക്കുകയും, ആ കുററം മററുള്ളവരിൽ ചുമത്തി അവരെ നിഗ്രഹിപ്പിക്കുകയും ചെയ്യൂ.

ഭിക്ഷുകി ദൂഷ്യനായ ഒരു രാഷ്ട്രമുഖ്യനോടു ദൂഷ്യനായ മറെറാരു രാഷ്ട്രമുഖ്യന്റെ ഭാര്യയോ സ്നുഷയോ പുത്രിയോ അവനെ കാമിക്കുന്നതായി ഉപജാപം പറയൂ. അവൻ അതുപ്രകാരം സമ്മതിച്ചാൽ അവന്റെ കയ്യിൽനിന്നു, കാമിക്കുന്ന സ്ത്രീക്കു കൊടുപ്പാനുള്ള ആഭരണം വാങ്ങി അവളുടെ സ്വാമിക്കു കാണിച്ചുകൊടുത്ത് "ഇതാ ഇന്ന മുഖ്യപുരുഷൻ യൌവനത്താൽ ഉദ്ധതനായിട്ട് അങ്ങയുടെ ഭാര്യയെയോ സ്നുഷയെയോ മകളെയോ കാമിക്കുന്നു" എന്നു പറയൂ. പിന്നെ ദൂഷ്യരായ ആ രണ്ടു മുഖ്യന്മാർക്കും തമ്മിൽ രാത്രിയിൽ കലഹമുണ്ടാക്കിക്കുകയും മേൽപ്പറഞ്ഞ പ്രകാരം പ്രവൃത്തിക്കുകയും ചെയ്യൂ.

ദൂഷ്യന്മാർ ദണ്ഡോപനതന്മാർ (യുദ്ധത്തിൽ കീഴടങ്ങിയവർ) ആയാൽ യുവരാജാവോ സേനാപതിയോ അവരുടെ ദേശത്തിൽ കുറച്ചുമാത്രം ആക്രമണം ചെയ്തിട്ട് ആക്രമണത്തിൽനിന്നു പിൻമാറണം. പിന്നെ രാജാവ് ദണ്ഡോപനതരായ ആ ദൂഷ്യരെത്തന്നെ, ശക്തികുറഞ്ഞ സൈന്യത്തോടും തീക്ഷ്ണന്മാരോടും കൂടി ആ ദേശം ആക്ര

മിപ്പാൻ കല്പിച്ചയപ്പു, അതിനുമേൽ എല്ലാ യോഗങ്ങളും മുൻപറഞ്ഞപോലെതന്നെ. *

മേൽപ്പറഞ്ഞപ്രകാരം വധിക്കപ്പെട്ട ദൂഷ്യന്മാരുടെ പുത്രന്മാർ പിതൃഘാതം നിമിത്തം രാജാവിനെ നിന്ദിക്കുമ്പോൾ അവരിൽവച്ചു യാതൊരുവൻ യാതൊരു വികാരവും കൂടാതിരിക്കുന്നുവോ അവനു പിതാവിന്റെ ദായം ലഭിക്കുന്നതാണ്.

ഇപ്രകാരം ചെയ്താൽ രാജ്യത്തിലുള്ള പുരുഷദോഷങ്ങൾ അകലുകയും, രാജ്യവാസികളെല്ലാവരും രാജാവിന്റെ പുത്രപൌത്രന്മാരെ അനുസരിച്ചു നടക്കുകയും ചെയ്യും.

താദാത്വികായതികളിൽ
ക്ഷമയാ നിർവിശങ്കനായ്
ചെയ്‌വൂ സ്വപരപക്ഷങ്ങൾ
രണ്ടിലും ഗൂഢബന്ധനം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, യോഗവൃത്തമെന്ന അഞ്ചാമധികരണത്തിൽ, ദാണ്ഡകർമ്മികമെന്ന ഒന്നാമദ്ധ്യായം.**

---

## രണ്ടാം അദ്ധ്യായം.

### തൊണ്ണൂറാം പ്രകരണം.

### കോശാഭിസംഹരണം.

അല്പകോശനായ രാജാവു് അർത്ഥകൃച്ഛ്രം സംഭവിക്ക

---

* ദേശാക്രമണത്തിനുപോകുന്ന മണ്ഡലപാലകന്മാരായ ദൂഷ്യരെ അസഹായരായ തീക്ഷ്ണന്മാർ കൊല്ലുകയും, ആ കുറ്റം മറ്റവരിൽ ആരോപിച്ച് അവരെ രാജാവ് നിഗ്രഹിക്കുകയും ചെയ്യേണമെന്നു സാരം.

ന്ന കാലത്ത് അധികം കരം പിരിച്ച് കോശത്തെ വർദ്ധിപ്പിക്കണം.

ദേവമാതൃകവും (വർഷജലംകൊണ്ട് സസ്യങ്ങളുണ്ടാകുന്നതു്) ധാരാളം ധാന്യം വിളയുന്നതുമായി വലിയതോ ചെറിയതോ ആയിട്ടുള്ള ജനപദത്തിൽനിന്നു ധാന്യത്തിന്റെ മൂന്നിലൊരംശമോ നാലിലൊരംശമോ ആവശ്യപ്പെടാം. മധ്യനിലയിലുള്ളതോ താഴ്ന്നതരത്തിലുള്ളതോ ആയ ജനപദത്തിൽനിന്ന് അതിലുണ്ടാകുന്ന ധാന്യത്തിന്റെ അവസ്ഥപോലെയും ആവശ്യപ്പെടാം.

ദുർഗ്ഗകർമ്മം, സേതുകർമ്മം, എന്നിവയും വണിക്പഥം, ശൂന്യനിവേശം, ഖനി, ദ്രവ്യവനം, ഹസ്തിവനം എന്നിവ സംബന്ധിച്ച കർമ്മങ്ങൾക്കും ഉപകരിക്കുന്നതോ ദേശത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതോ അല്പമായ ധനോൽപത്തിയോടുകൂടിയതോ ആയിട്ടുള്ള ജനപദത്തിൽനിന്ന് അംശം ആവശ്യപ്പെട്ടുവാൻ പാടില്ല.

നിവിശമാനൻ (തരിശുഭൂമിയിൽ കുടിപാർത്തു കൃഷിചെയ്യാൻ തുടങ്ങുന്നവൻ) ആയിട്ടുള്ളവന്നു ധാന്യം, പശു, ഹിരണ്യം മുതലായവയെ രാജാവു ദാനം ചെയ്യണം. അവൻ കൃഷിചെയ്തുണ്ടാക്കുന്ന ധാന്യങ്ങളുടെ നാലിലൊരംശമോ, അല്ലെങ്കിൽ വിത്തിന്നും ഭക്ഷണച്ചെലവിന്നും വേണ്ടതു കഴിച്ച് ശേഷമുള്ളതോ രാജാവ് വിലയ്ക്കു വാങ്ങിക്കുകയും വേണം.

കാട്ടിൽ ഉണ്ടാകുന്ന ധാന്യത്തെയും ശ്രോത്രിയസ്വ (ബ്രഹ്മസ്വം) ത്തെയും അംശം ആവശ്യപ്പെടുന്നതിൽനിന്നു ഒഴിവാക്കണം. എന്നാൽ അതും അനുഗ്രഹം (മതിയായ മൂല്യം) കൊടുത്തു വാങ്ങുന്നതിന്നു വിരോധമില്ല.

ഭൂമി കൃഷി ചെയ്യാതെ കിടക്കുന്നപക്ഷം സമാഹർത്താവിന്റെ ആരക്കാർ കർഷകന്മാരെക്കൊണ്ടു ഗ്രീഷ്മകാലത്തിങ്കൽ വിതയ്ക്കേണ്ട ധാന്യങ്ങൾ വിതപ്പിക്കണം. ഭൂമാ

ദാവസ്ഥന്ന (നോട്ടക്കുറവുകൊണ്ടു വരുന്ന നഷ്ടം)ത്തിന്ന് ഇരട്ടി ദണ്ഡം ഈടാക്കമെന്നു പറഞ്ഞു ബീജകാലത്തിങ്കൽ വിത്തുകൊടുക്കുന്നതിന്നു ലേഖ്യം (രേഖ) എഴുതിവാങ്ങുകയും വേണം. അങ്ങനെ വിതച്ചതായ്‌ ബീജം വിളഞ്ഞു കൊയ്യാറാകുമ്പോൾ പച്ചയോ പഴുത്തതോ ആയ ധാന്യങ്ങൾ കൎഷകന്മാർ കൊയ്യുവാൻ പാടില്ലെന്നു വിലക്കണം. എന്നാൽ ശാകമുഷ്ടി, കടങ്ഗമുഷ്ടി (കടങ്ഗത്തിൻെറ=നുള്ളിയെടുക്കുന്ന ധാന്യത്തിൻെറ മുഷ്ടി) എന്നിവയെ ഇതിൽനിന്നൊഴിവാക്കണം. ദേവപൂജയ്ക്കും പിതൃപൂജയ്ക്കും വേണ്ടിയോ പശുക്കളുടേയും ഭിക്ഷുക്കളുടേയും ഗ്രാമഭൃതകന്മാരുടെയും രക്ഷയ്ക്കുവേണ്ടിയോ രാശിമൂലത്തെ (കറ്റയിൽനിന്നു കളത്തിൽ കൊഴിഞ്ഞ ധാന്യത്തെ) വിട്ടുകയും വേണം.

മേൽപ്രകാരം കൃഷിചെയ്യുന്നതിൽ നിന്നു താനുണ്ടാക്കിയ സസ്യങ്ങളെ അപഹരിക്കുന്ന കൎഷകന്ന് അപഹരിച്ചതിൻെറ എട്ടിരട്ടി ദണ്ഡം. അന്യൻ പണിചെയ്തുണ്ടാക്കിയ സസ്യത്തെ അപഹരിക്കുന്നവന്ന്, അവൻ ആ പണി ചെയ്ത കൎഷകൻെറ സവൎഗ്ഗ്യനാണെങ്കിൽ, അപഹരിച്ചതിൻെറ അയ്മ്പതിരട്ടി സീതാത്യയം (കൃഷിഫലം അപഹരിച്ചതിന്നു ദണ്ഡം); പുറമെയുള്ളവനാണെങ്കിൽ വധം ദണ്ഡം.

ധാന്യങ്ങളുടെ നാലിലൊരംശവും, വന്യങ്ങളുടെയും മുലം (പഞ്ഞി), ലാക്ഷ(അരക്ക്), ക്ഷൌമം, വല്ക്കം, പരുത്തി, രോമം, കൌശേയം, ഔഷധം, ഗന്ധം, പുഷ്പം, ഫലം, ശാകം എന്നിങ്ങനെയുള്ള പണ്യദ്രവ്യങ്ങളുടെയും മരം, മുള, മാംസം, വല്ലൂരം (ശുഷ്കമാംസം) എന്നിവയുടേയും ആറിൽ ഒരംശവും രാജപുരുഷന്മാർ വസൂലാക്കണം. ആനക്കൊമ്പ്, തോല് എന്നിവയുടെ പകുതി വാങ്ങേണ്ടതുമാകുന്നു. അവയെ അന്തരായമംകൂടാതെ വിൽക്കുന്നവന്ന പൂൎവ്വസാഹ

സമ്പന്ധം കല്പിക്കേണ്ടതുമാണ്. ഇങ്ങനെ കർഷകന്മാരുടെ വിഷയത്തിലുള്ള പ്രണയം (അർത്ഥപ്രാർത്ഥന).

സ്വർണ്ണം, വെള്ളി, വജ്രം, മണി, മുത്ത്, പവിഴം, കുതിര, ആന എന്നിവയെക്കൊണ്ടു കച്ചവടംചെയ്യുന്നവരു ആദായത്തിൽ അമ്പതിലൊരുഭാഗം കരം ചുമത്തണം. സൂത്രം, വസ്ത്രം, ചെമ്പ്, പിച്ചള, ഓട്, ഗന്ധം, ഭൈഷജ്യം, മദ്യം എന്നിവ വ്യാപരിക്കുന്നവരു നാല്പതിലൊരുഭാഗം കരം. ധാന്യം, രസം, ലോഹം എന്നിവകൊണ്ടു വ്യാപരിക്കുന്നവരും ശകടവ്യവഹാരികളും മുപ്പതിലൊരുഭാഗം കരം. കാചവ്യവഹാരികൾക്കും മഹാകാരുക്കൾക്കും ഇരുപതിലൊരുഭാഗം കരം. ക്ഷുദ്രകാരുക്കൾക്കും വർദ്ധകി (ശില്പി)പോഷകന്മാരും പത്തിലൊരു ഭാഗം കരം. മരം, മുള, കല്ല്, മൺഭാണ്ഡം, പക്വാന്നം, പച്ചക്കറി എന്നിവകൊണ്ടു കച്ചവടം ചെയ്യുന്നവരു അഞ്ചിലൊരുഭാഗം കരം. കുശീലവന്മാരും വേശ്യാസ്ത്രീകളും തങ്ങൾക്കു കിട്ടുന്ന വേതനത്തിൻെറ പകുതി കരമായിട്ടടയ്ക്കണം.

അകർമ്മണ്യന്മാരായ (കർമ്മം ചെയ്യാതിരിക്കുന്ന) കച്ചവടക്കാർ മുതലായവരെക്കൊണ്ട് ഹിരണ്യകരം (ആളൊന്നുക്കു ഇത്രയെന്നു ക്ലൃപ്തമായ കരം) അടപ്പിക്കണം. അവരുടെ ഒരപരാധത്തെയും ഉപേക്ഷിച്ചു വിട്ടുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അവർ സ്വന്തമായ ദ്രവ്യത്തെ അപരിഗൃഹീതം (സ്വന്തമല്ലാത്തതു്) എന്നു നടിച്ചു വിക്രയം ചെയ്യും. ഇങ്ങനെ വ്യവഹാരികളിലുള്ള പ്രണയം.

കോഴികളേയും പന്നികളേയും വളർത്തുന്നവർ തങ്ങൾ എത്ര എണ്ണത്തെയാണോ വളർത്തുന്നത് അതിൻെറ പകുതി രാജാവിന്നു കരമായിക്കൊടുക്കണം. ക്ഷുദ്രപശുക്കളെ വളർത്തുന്നവർ ആറിലൊരു ഭാഗം കൊടുക്കണം. ഗോക്കൾ, മഹിഷങ്ങൾ, അശ്വതരങ്ങൾ, കഴുതകൾ, ഒട്ടകങ്ങൾ എന്നിവയെ വളർത്തുന്നവർ പത്തിലൊരു ഭാഗ

വും കൊടുക്കണം, വേശ്യാപോഷകന്മാർ, ഏററവുമധികം രൂപഗുണവും യൌവനവുമുള്ളവരും രാജപ്രേഷ്യമാരുമായ വേശ്യമാർ വഴിക്കു രാജധനത്തെ വർദ്ധിപ്പിക്കണം. ഇങ്ങനെ യോനിപോഷകന്മാരിൽ (ജീവികളെ വളത്തുന്നവരിൽ) ഉള്ള പ്രണയം.

മേൽപ്രകാരം കൂടുതൽ കരം ആവശ്യപ്പെടുന്നതു് ഒരു പ്രാവശ്യമേ പാടുള്ളൂ; രണ്ടു പ്രാവശ്യം അരുതു്. ഇതു രാജാവു് ആവശ്യപ്പെടാത്തപക്ഷം, സമാഹത്താവു് വിശേഷാൽ വല്ല കാൎയ്യത്തിനും ആവശ്യമുണ്ടെന്നു പറഞ്ഞു പൌരജാനപദന്മാരോടു വരി തരുവാൻ അപേക്ഷിക്കും. അങ്ങനെ അപേക്ഷിച്ചാൽ ആദ്യം യോഗപുരുഷന്മാർ (രാജപുരുഷവൎഗ്ഗത്തിൽപ്പെട്ട ആളുകൾ) അനല്പമായ ധനം കൊടുക്കും. അവരെ ദൃഷ്ടാന്തമാക്കി രാജാവും പൌരജാനപദന്മാരോടു ധനം യാചിക്കും. അതുപ്രകാരം ജനങ്ങൾ രാജാവിനു വരി കൊടുക്കുമ്പോൾ അല്പമായി കൊടുക്കുന്നവരെ കാപടികന്മാർ നിന്ദിക്കുകയും ചെയ്യും. ആഢ്യന്മാരോടു (ധനവാന്മാരോടു്) അവരുടെ ധനസ്ഥിതിയനുസരിച്ചു ഹിരണ്യം ആവശ്യപ്പെടുന്നതിനും വിരോധമില്ല. സ്വവശന്മാർ (കഴിവുള്ളവർ) ഉപകാരാനുരൂപമായിട്ടു എന്തു തരുന്നുവോ അതിനെ രാജാവു സ്വീകരിക്കുകയും, അവർ ഹിരണ്യം തന്നതിനു പകരമായി സ്ഥാനം, കുട, വേഷ്ടനം (തലയിൽക്കെട്ടു്), ആഭരണം എന്നിവ സമ്മാനിക്കുകയും ചെയ്യും.

കൃത്യാകരന്മാർ (കൃത്യാശീലന്മാരുടെ വേഷം ധരിച്ച ഗൂഢപുരുഷന്മാർ) പാഷണ്ഡദ്രവ്യത്തെയോ സംഘദ്രവ്യത്തെയോ ശ്രോത്രിയഭോഗ്യമല്ലാത്ത മററു ദ്രവ്യത്തെയോ ദേവദ്രവ്യത്തെയോ കൊണ്ടുവന്നു, മരിച്ചുപോകയോ ഗൃഹം വെന്തുപോകയോ ചെയ്ത ഒരാളുടെ കയ്യിൽ നിക്ഷേപിച്ചിരുന്നതാണിതെന്നു പറഞ്ഞു രാജാവിന്റെ കയ്യിൽ അൎപ്പിക്കും.

ദേവതാദ്ധ്യക്ഷൻ ദുർഗ്ഗത്തിനുള്ളിലും രാഷ്ട്രത്തിലുമുള്ള ദേവതമാരുടെ വകയായി അവിടവിടെ കിടക്കുന്ന ദ്രവ്യത്തെ ഒരേടത്തു സംഭരിക്കുകയും, അതിനെ രാജാവിന്റെ കയ്യിൽ അർപ്പിക്കുകയും ചെയ്യു.

ദേവചൈത്യം, സിദ്ധസ്ഥാനം, പുണ്യസ്ഥാനം, ഔപപാദികം (ഭൂമിയിൽനിന്നു പൊട്ടിപ്പൊങ്ങിയ ലിംഗം) എന്നിവയെ രാത്രിയിൽ കൃത്രിമമായുണ്ടാക്കി, യാത്ര (ഉത്സവം)യും സമാജവും (ജനക്കൂട്ടം) നടത്തിച്ച് അവയെക്കൊണ്ടും ഉപജീവിപ്പു. അപ്രകാരംതന്നെ, ചൈത്യത്തിലോ ഉപവനത്തിലോ ഉള്ള വല്ല വൃക്ഷത്തിന്മേലും അനാർത്തവ (അകാലികം) മായി പുഷ്പഫലങ്ങളുണ്ടായതായിക്കണ്ടാൽ അതിന്മേൽ ദേവതാഭിഗമനം (ദേവതയുടെ ആവേശം) ഉള്ളതായി പ്രസിദ്ധമാക്കിപ്പു. *

സിദ്ധവ്യഞ്ജനന്മാർ ഒരു വൃക്ഷത്തിന്മേൽ മനുഷ്യരെ കരമായിത്തരുവാൻ നിർബ്ബന്ധിക്കുന്ന ഒരു രക്ഷസ്സിന്റെ ഭയത്തെ പൌരജാനപദന്മാൎക്കു കപടമായിക്കാട്ടിക്കൊടുത്തു ധാരാളം ഹിരണ്യം വാങ്ങി അതിനെ നിവാരണം ചെയ്യു.

സുരുംഗ (തുരങ്കം) വച്ചതായ ഒരു കൂപത്തിൽ ഉള്ള പൊള്ളയായ ഒരു നാഗപ്രതിമയെ സ്ഥാപിച്ച് അതിൽ അനിയതശിരസ്കമായ (അനേകം ശിരസ്സുകളുള്ള) സൎപ്പത്തെ, അതു കാണ്മാൻ വരുന്നവരോടു ഹിരണ്യം ഉപഹാരമായി വാങ്ങി കാട്ടിക്കൊടുപ്പു.

ചൈത്യത്തിന്റെയോ മൺപുററിന്റെയോ ഛിദ്രത്തിൽ വല്ല സൎപ്പത്തെയും കണ്ടാൽ അതിനെ ഔഷധം ചേ

---

* ഇപ്രകാരം ചെയ്യാൽ ഇല്ലാത്ത ദേവചൈത്യാദികളിൽ ഈശ്വരസാന്നിദ്ധ്യമുണ്ടെന്നു ധരിച്ചു ജനങ്ങൾ ധാരാളമായിച്ചെന്നു ഭജനവും വഴിപാടും തുടങ്ങുമെന്നും, അങ്ങനെ കിട്ടുന്ന ധനം രാജാവിന്നെടുക്കാമെന്നും താൽപര്യം.

ന്ന ആഹാരം കൊടുത്തു് സംജ്ഞ കൊടുത്തി, ദേവതാസാന്നിധ്യത്താൽ വന്നതാണു് ആ സർപ്പമെന്നു പറഞ്ഞു് ശ്രദ്ധധാനന്മാൎക്കു (വിശ്വാസമുള്ളവൎക്കു) ഹിരണ്യോപഹാരം വാങ്ങി പ്രദൎശിപ്പിപ്പൂ. വിശ്വാസമില്ലാത്തവരെ ആചമനത്തിനും പ്രോക്ഷണത്തിനുമുള്ള ജലത്തിൽ വിഷം ചേൎത്തു മോഹിപ്പിക്കയോ അഭിത്യക്തനായ (വധ്യനായ) ഒരാളെ പാമ്പിനെക്കൊണ്ടു കടിപ്പിക്കയോ ചെയ്തിട്ടു ദേവതാശാപത്താലാണു് അതു സംഭവിച്ചതെന്നു പറഞ്ഞു വിശ്വസിപ്പിക്കയും ചെയ്വൂ. അപ്രകാരം കടിക്കപ്പെട്ടവനെ ഔപനിഷദികത്തിൽ കാണുന്ന പ്രകാരം ചികിത്സിച്ചു് ആ വഴിയായും ധനം ശേഖരിക്കാം. *

വൈദേഹകവ്യഞ്ജനൻ ധാരാളം പണ്യവസ്തുക്കളോടും അന്തേവാസികളോടുംകൂടി കച്ചവടം ചെയ്വൂ. അവൻ പണ്യവസ്തുക്കളുടെ വിലയും നിക്ഷേപങ്ങളും (ധനികന്മാരാൽ സൂക്ഷിപ്പാനേല്പിക്കപ്പെട്ട ധനങ്ങൾ) പ്രയോഗങ്ങളും (മററുള്ളവരാൽ പലിശയ്ക്കു കൊടുക്കപ്പെട്ട ധനങ്ങൾ) കൊണ്ടു ധാരാളം ദ്രവ്യം കൈവശമുള്ളവനായിത്തീൎന്നാൽ അപ്പോൾ രാത്രിയിൽ അവന്റെ ദ്രവ്യങ്ങൾ മോഷണം ചെയ്ക്കയും ചെയ്വൂ.

ഇതുകൊണ്ടുതന്നെ രൂപദൎശകൻ, സുവൎണ്ണകാരൻ എന്നിവർ രാജാവിനുവേണ്ടി കോശാഭിസംഹരണം ചെയ്യേണ്ടതിനെപ്പററിയും പറഞ്ഞുകഴിഞ്ഞു.

നല്ല കച്ചവടക്കാരനെന്നു പ്രസിദ്ധി നേടിയ വൈദേഹകവ്യഞ്ജനൻ പ്രവഹണനിമിത്തമായിട്ടു എരവൽ വാങ്ങിയോ വാടകയ്ക്കുവാങ്ങിയോ അനേകം വെള്ളിപ്പാത്രങ്ങളും സ്വൎണ്ണപ്പാത്രങ്ങളും ശേഖരിപ്പൂ. അവയെല്ലാം ജന

* ദേവതാപ്രീത്യൎത്ഥമെന്നു പറഞ്ഞു ദ്രവ്യോപഹാരം വാങ്ങുകയും, വിഷചികിത്സ ചെയ്തു രോഗിയെ സുഖപ്പെടുത്തുകയും ചെയ്യണമെന്നൎത്ഥം.

സമാജത്തിങ്കൽ കാട്ടിക്കൊടുത്തു് അവ വിഘ്നങ്ങളുള്ളവയാണെന്നും വീറു മടക്കിക്കൊടുക്കാമെന്നും പറഞ്ഞു ധാരാളം സുവർണ്ണവും വെള്ളിയും ജനങ്ങളോടു കടമായി വാങ്ങുകയും ചെയ്യു. ഇങ്ങനെ രണ്ടു വകയായിട്ടുംശേഖരിച്ച ദ്രവ്യങ്ങളെയും രാത്രിയിങ്കൽ മോഷണം ചെയ്യുകയും വേണം

ദൂഷ്യരും ധനവാന്മാരുമായിട്ടുള്ളവരുടെ അടുക്കൽ സാധ്വീവ്യഞ്ജനകളായ സ്ത്രീകളെ പ്രയോഗിച്ചു് അവരെ ഭ്രമിപ്പിക്കുകയും, ആ സാധ്വീഗൃഹങ്ങളിൽവെച്ചുതന്നെ സാധ്വീദൂഷണമെന്ന അപരാധത്തിന്നു ദൂഷ്യരെപ്പിടിപ്പിച്ചു് അവരുടെ സർവ്വസ്വവും പിടിച്ചടക്കുകയും ചെയ്യു. അതല്ലെങ്കിൽ ദൂഷ്യഗൃഹത്തിലുള്ളവർ തമ്മിൽ വിവാദമുണ്ടാകുമ്പോൾ രസദന്മാരെ പ്രയോഗിച്ചു, അവർമുഖേന വിവാദം ചെയ്യുന്നവരിൽ ഒരുവനെ വിഷംകൊടുത്തു കൊല്ലിക്കുകയും, ആ കുററം മററുള്ളവരുടെ പേരിൽ ചുമത്തി അവരുടെ സർവ്വസ്വവും പിടിച്ചടക്കുകയും ചെയ്യു.

അതല്ലെങ്കിൽ അഭിത്യക്തനായ (വധ്യനായ) ഒരുവനെക്കൊണ്ടു പണ്യമോ ഹിരണ്യനിക്ഷേപമോ ഋണപ്രയോഗമോ ദായമോ ആയി കുറെ അധികം ധനം തനിക്കു കിട്ടേണ്ടതു തരേണമെന്നു, വിശ്വസിക്കത്തക്ക സാക്ഷികളോടുകൂടി ദൂഷ്യനോടു അപേക്ഷിപ്പിച്ചു. അഥവാ ദൂഷ്യനെ തന്റെ ദാസനെന്നോ അവന്റെ സ്നുഷയേയോ മകളേയോ തന്റെ ദാസിയോ ഭാര്യയോ എന്നോ അഭിത്യക്തനെക്കൊണ്ടു പറയിപ്പു. എന്നിട്ടു അവനെ രാത്രി ദൂഷ്യഗൃഹത്തിന്റെ ഉമ്മറത്തു കിടക്കാറാക്കോ ദൂഷ്യഗൃഹത്തിൽത്തന്നെ മറെറാരേടത്തു വസിപ്പാനോ ഏർപ്പാടുചെയ്യു. അപ്രകാരം വസിക്കുന്ന അവനെ തീക്ഷ്ണൻ ഗൂഢമായിച്ചെന്നു ഹനിക്കുകയും "സ്വന്തംധനത്തെയോ ആളുകളെയോ തരുവാനാവശ്യപ്പെട്ട ഇവനെ കൊലപ്പെടുത്തിയിരിക്കു

ന്നു" എന്നു പറയുകയും ചെയ്തു. പിന്നീട് ആ കാറ്റത്തിന്നു ദുഷ്യന്റെ വകയായിട്ടുള്ള സർവ്വസ്വവും രാജാവു് പിടിച്ചടക്കണം.

സിദ്ധവ്യഞ്ജനൻ ദുഷ്യന്റെ അടുക്കൽചെന്നു മായാവിദ്യകളെക്കൊണ്ടു അവനെ പ്രലോഭിപ്പിച്ച് "അക്ഷയമായിട്ടുള്ള നിധി കിട്ടുന്നതിന്നോ രാജാവിനെ വശീകരിക്കുന്നതിന്നോ സ്ത്രീഹൃദയത്തെ ആകർഷിക്കുന്നതിന്നോ ശത്രുക്കൾക്കു വ്യാധി ജനിപ്പിക്കുന്നതിന്നോ ആയുസ്സിനെ വർദ്ധിപ്പിക്കുന്നതിന്നോ പുത്രനില്ലാത്തവർക്കു പുത്രനുണ്ടാകുന്നതിന്നോ ചെയ്യേണ്ടുന്ന കർമ്മം എനിക്കറിവുണ്ടു്" എന്നു പറഞ്ഞു. ദുഷ്യൻ അതു വിശ്വസിച്ച് അപ്രകാരം ചെയ്വാൻ സമ്മതിച്ചാൽ രാത്രിയിൽ ചൈത്യസ്ഥാനത്തിങ്കൽവച്ച് ധാരാളം മദ്യമാംസങ്ങളോടും സുഗന്ധദ്രവ്യങ്ങളോടും കൂടിയ ഉപഹാരത്തെ (ബലിയെ) ചെയ്യിപ്പു. അവിടെ ഏകദേശപരിമിതമായ ഹിരണ്യം മുൻപുതന്നെ കഴിച്ചിട്ടിട്ടുണ്ടായിരിക്കണം. മരിച്ച ഒരാളുടെയോ ഒരു ശിശുവിന്റെയോ ശവം മറവുചെയ്തിട്ടുള്ള സ്ഥലത്താണു് ഇതു ചെയ്യേണ്ടതു്. കർമ്മം ചെയ്തുകഴിഞ്ഞാൽ അവിടെനിന്നു ഹിരണ്യം കഴിച്ചെടുത്തു് ദുഷ്യനു കാണിക്കുകയും അത്യല്പമായ ഹിരണ്യം മാത്രമേ കിട്ടിയുള്ളുവെന്നു പറകയും ചെയ്തു. "അധികമായ ഹിരണ്യം കിട്ടുന്നതിന്നുവേണ്ടി ഇനി ഒരു ബലിയുംകൂടി കഴിക്കേണ്ടതിന്നു ഇന്നു കിട്ടിയ ഈ ഹിരണ്യംകൊണ്ടു് നാളെ അധികമായ ഔപഹാരികത്തെ(ബലിദ്രവ്യത്തെ) വാങ്ങണം" എന്നും ദുഷ്യനോടു പറഞ്ഞു. അതുപ്രകാരം അവൻ ആ ഹിരണ്യംകൊണ്ടു ഔപഹാരികത്തെ വാങ്ങുമ്പോൾ രാജപുരുഷന്മാർ അവനെ പിടിക്കുകയും ചെയ്തു. *

* ഈ സംഗതിയിൽ അപരാധിയായ ദുഷ്യന്റെ എല്ലാ സ്വത്തുക്കളും ഹരിച്ച് രാജകോശത്തിൽ ചേർക്കേണമെന്നു സന്ദർഭവശാൽ ഊഹിക്കേണ്ടതാകുന്നു.

അല്ലെങ്കിൽ മാതൃവ്യഞ്ജന (മരിച്ച ഒരാളുടെ അമ്മയെന്നഭിനയിക്കുന്ന ഗൂഢസ്ത്രീ) "എന്റെ പുത്രനെ നീ കൊലചെയ്തു" എന്നു പറഞ്ഞു ബലികർത്താവായ ദൂഷ്യനെ രാജപുരുഷന്മാൎക്കു കാട്ടിക്കൊടുപ്പൂ. അവൻ രാത്രിയാഗം ചെയ്യുമ്പോഴോ വനയാഗം ചെയ്യുമ്പോഴോ വനക്രീഡ ചെയ്യുമ്പോഴോ കൊന്നവനാണിവൻ എന്നു പറഞ്ഞു തീക്ഷ്ണന്മാർ സംസിദ്ധനായ അഭിത്യക്തനെ (വധദണ്ഡം വിധിച്ചപ്രകാരം വധിപ്പാനൊരുക്കിയ ഒരുവനെ) കൊന്നു അവിടെ കൊണ്ടുവരികയും ചെയ്‌വൂ.

ദൂഷ്യന്റെ ഭൃതകവ്യഞ്ജനൻ (ഭൃത്യനെന്നഭിനയിക്കുന്ന ഗൂഢപുരുഷൻ) തനിക്കു വേതനമായിട്ടു ദൂഷ്യൻ നൽകിയ ഹിരണ്യത്തിൽ കള്ളനാണ്യം ഇട്ട് അവൻ കൂടരൂപകാരകനാണെന്നു തെളിയിപ്പൂ. അതല്ലെങ്കിൽ കൎമ്മകാരവ്യഞ്ജനനായ ഗൂഢപുരുഷൻ ദൂഷ്യന്റെ ഗൃഹത്തിൽ പ്രവൃത്തി ചെയ്യുമ്പോൾ സ്തേനന്മാൎക്കും കൂടരൂപകാരകന്മാൎക്കും ആവശ്യമുള്ളതായ ഉപകരണം അവിടെ ഒളിച്ചുവയ്‌പ്പൂ. അഥവാ ചികിത്സകവ്യഞ്ജനൻ ദൂഷ്യഗൃഹത്തിൽ അഗദം (വിഷഹരമായ ഔഷധം) എന്ന വ്യാജേന വിഷം സൂക്ഷിച്ചുവയ്‌പ്പൂ. അതല്ലെങ്കിൽ ദൂഷ്യന്റെ ബന്ധുവായിട്ടുള്ള സത്രി ദൂഷ്യഗൃഹത്തിൽ രാജാഭിഷേകത്തിനുവേണ്ട ഉപകരണവും അമിത്രന്റെ (ശത്രുരാജാവിന്റെ) ശാസനവും ഒളിച്ചുവയ്ക്കുകയും, രാജാഭിഷേകം ചെയ്യേണ്ടതിനു എന്തെല്ലാം ഉപകരണങ്ങളാണ് വേണ്ടതെന്നു കാപടികമുഖേന ചോദിക്കുകയും, ചോദിപ്പാനുള്ള കാരണം ഇന്നതെന്നു പറയുകയും ചെയ്‌വൂ. *

മേൽപ്പറഞ്ഞ പ്രകാരം ദൂഷ്യന്മാരിലും അധാൎമ്മിക

* ഈ സംഗതികളിലും അധാൎമ്മികരുടെ ധനങ്ങൾ രാജകോശത്തിലേക്കു പ്രദാനം ചെയ്യേണമെന്ന് ഊഹിക്കേണ്ടതാകുന്നു.

ന്മാരിലും പ്രവൃത്തിക്കണം; അങ്ങനെയല്ലാത്തവരിൽ ഇപ്രകാരം പ്രവൃത്തിക്കവാൻ പാടില്ല.

പഴുത്ത കാര്യങ്ങളാരാമ-
ത്തിങ്കൽനിന്നെന്നപോലവേ
എടുപ്പു പക്വമാം ദ്രവ്യം
രാജ്യത്തിങ്കന്ന ഭൂമിപൻ;
പ്രജാകോപം ജനിപ്പിക്കു-
മാമദ്രവ്യങ്ങളൊന്നുമേ
ആത്മോച്ഛേദം ഭയപ്പെട്ടി-
ട്ടവനീശൻ ഗ്രഹിക്കൊലാ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, യോഗവൃത്തമെന്ന അഞ്ചാമധികരണത്തിൽ, കോശാഭിസംഹരണമെന്ന രണ്ടാമധ്യായം.**

## മൂന്നാം അധ്യായം.

### തൊണ്ണൂറെറാന്നാം പ്രകരണം.

### ഭൃത്യഭരണീയം.

ദുർഗ്ഗങ്ങളുടേയും ജനപദങ്ങളുടേയും ശക്തിയനുസരിച്ചു രാജാവ് സമുദയത്തിന്റെ (മുതലെടുപ്പിന്റെ) കാലംശം ചെലവുചെയ്തു ഭൃത്യകർമ്മത്തെ (ഭൃത്യഭരണത്തെ) നടത്തണം. അഥവാ, കാര്യങ്ങളെ സാധിക്കുന്നതിന്ന് ആവശ്യമുള്ളടത്തോളം ഭൃത്യന്മാരെ നിയമിക്കണം. എന്നാൽ ആയശരീരത്തെ നല്ലവണ്ണം നോക്കിയിട്ടേ ഇതു ചെയ്യാവൂ; ധർമ്മത്തിന്നും അർത്ഥത്തിന്നും പീഡ വരുത്തുവാൻ പാടില്ല.

ഋത്വിക്ക്, ആചാര്യൻ, മന്ത്രി, പുരോഹിതൻ, സേനാപതി, യുവരാജാവ്, രാജമാതാവ്, രാജമഹിഷി എ

ന്നിവർക്കു നാല്പത്തെണ്ണായിരം പണം വീതം ഭരണച്ചെലവു ചെയ്യേണ്ടതാണ്. ഇത്ര ഭരണച്ചെലവു ചെയ്താൽ അവർക്ക് അതൃപ്തിക്കിടയാകാത്തവിധം നാനാപ്രകാരത്തിലുള്ള ആസ്വാദ്യവിഭവങ്ങളോടുകൂടി കഴിയുവാൻ സാധിക്കുന്നതാണ്.

ദൌവാരികൻ, അന്തർവംശികൻ (അന്തഃപുരാധികൃതൻ), പ്രശാസ്താവ്, സമാഹർത്താവ്, സന്നിധാതാവ് എന്നിവർക്കു ഇരുപത്തിനാലായിരം പണം വീതം കൊടുക്കണം. ഇത്രയും ചെലവുചെയ്താൽ അവർ കർമ്മണ്യന്മാർ (കർമ്മയോഗ്യന്മാർ) ആയിഭവിക്കും.

രാജകുമാരൻ, കുമാരമാതാവ്, നായകൻ, പൌരവ്യാവഹാരികൻ, കർമ്മാന്താധികൃതൻ, മന്ത്രിപരിഷത്തിലെ അംഗങ്ങൾ, രാഷ്ട്രപാലൻ, അന്തപാലൻ എന്നിവർക്കു പന്തീരായിരം പണം വീതം ഭരണച്ചെലവു കൊടുക്കണം. ഇത്ര ചെലവു ചെയ്താൽ അവർ സ്വാമികാര്യങ്ങളിൽ പരികരം ബന്ധിച്ചും ബലസാഹായ്യം ചെയ്തും സ്വകർമ്മങ്ങളിൽ ഏൎപ്പെടുന്നതാണ്.

ശ്രേണീമുഖ്യന്മാർ, ഹസ്തിമുഖ്യന്മാർ, അശ്വമുഖ്യന്മാർ, രഥമുഖ്യന്മാർ, പ്രദേഷ്ടാക്കന്മാർ എന്നിവർക്കു എണ്ണായിരം പണംവീതം ഭരണച്ചെലവു കൊടുക്കണം. ഇത്രയും കൊടുത്താൽ അവർ സ്വവർഗ്ഗത്തിലുള്ളവരെ രാജകാര്യങ്ങൾക്കു കൊണ്ടുവരുന്നതിൽ ജാഗരൂകരായിരിക്കും.

പത്ത്യധ്യക്ഷൻ, അശ്വാധ്യക്ഷൻ, രഥാധ്യക്ഷൻ, ഹസ്ത്യധ്യക്ഷൻ, ദ്രവ്യവനപാലൻ, ഹസ്തിവനപാലൻ എന്നിവർക്കു നാലായിരം പണം വീതമാണ് ഭരണച്ചെലവ്.

രഥികൻ, അനീകസ്ഥൻ (ഗജചികിത്സകൻ), ചികിത്സകൻ, അശ്വദമകൻ, വർദ്ധകി (തക്ഷശ്രേഷ്ഠൻ) എന്നിവർക്കു യോനിപോഷകന്മാർക്കും രണ്ടായിരം പണംവീതം.

കാൎത്താന്തികൻ, നൈമിത്തികൻ, മൌഹൂൎത്തികൻ, പൌരാണികൻ, സൂതൻ, മാഗധൻ (സ്തുതിപാഠകൻ) എന്നിവൎക്കും പുരോഹിതന്റെ പരികൎമ്മികൾക്കും എല്ലാ അദ്ധ്യക്ഷന്മാൎക്കും ആയിരം പണം വീതമാണു് ശമ്പളം കല്പിച്ചു്.

ശില്പജ്ഞന്മാർ, പാദാതന്മാർ (പദാതികൾ) എന്നിവൎക്കു സംഖ്യായകന്മാർ (കണക്കെഴുത്തുകാർ), ലേഖകന്മാർ മുതലായ വൎഗ്ഗങ്ങൾക്കും അഞ്ഞൂറു പണം വീതം.

കുശീലവന്മാൎക്കു ഇരുന്നൂറററമ്പതു പണം വീതം; അവരിൽവച്ചു തൂൎയ്യകരന്മാ (വാദ്യക്കാർ) രായവൎക്കു അതിലിരട്ടി. കാരുക്കൾക്കും ശില്പികൾക്കും നൂററിരുപതു പണം വീതം.

ചതുഷ്പദങ്ങളുടേയും ദ്വിപദങ്ങളുടേയും പരിചാരകന്മാർ, പാരികൎമ്മികൻ (പരികൎമ്മി), ഔപസ്ഥായികൻ, പാലകൻ (ഗവാദിരക്ഷകൻ), വിഷ്ടിബന്ധകൻ (തൊഴിലാളികളുടെ മേൽനോട്ടക്കാരൻ) എന്നിവൎക്കു അറുപതു പണം വീതം വേതനം നൽകണം.

ആൎയ്യയുക്തൻ (രാജാവിന്റെ സഹക്രീഡകൻ), ആരോഹകൻ (ഗജാരോഹൻ), മാണവകൻ, ശൈലഖനകൻ എന്നിവൎക്കും എല്ലാവിധത്തിലുള്ള ഉപസ്ഥായികൾക്കും (സേവകന്മാർ) ആചാൎയ്യന്മാർ (നൃത്തഗീതാദികളെ അഭ്യസിപ്പിക്കുന്നവർ), വിദ്വാന്മാർ (ശാസ്ത്രജ്ഞന്മാർ) എന്നിവൎക്കും അവരവരുടെ അൎഹതപോലെ കുറഞ്ഞതു അഞ്ഞൂറുപണം മുതൽക്കു കവിഞ്ഞതു ആയിരം പണംവരെ പൂജാവേതനം (ബഹുമതിസംഭാവന) ലഭിക്കുന്നതാണ്.

മധ്യമനായ (എടത്തരക്കാരൻ) ദൂതനു അവൻ യാത്ര ചെയ്യുന്ന ഓരോ യോജനയ്ക്കു പത്തു പണം വീതം കൊടുക്കണം. പത്തു യോജനയിൽകവിഞ്ഞു യാത്ര ചെയ്താൽ

നൂറുയോജനവരെ ഓരോ യോജനയ്ക്കും മേൽപ്പറഞ്ഞതിന്റെ ഇരട്ടിവീതം കൊടുക്കേണ്ടതാണ്.

രാജസൂയം മുതലായ ക്രതുക്കളിൽ രാജാവിന്റെ പ്രതിനിധിയായി സന്നിഹിതനാകുന്നവനു സമാനവിദ്യന്മാർക്ക് (വിദ്യകൊണ്ടു തുല്യന്മാരായ മററുള്ളവർക്ക്) ഉള്ളതിന്റെ മൂന്നിരട്ടിയും, രാജാവിന്റെ സാരഥിക്കു ആയിരം പണവും വേതനം.

കാപടികൻ, ഉദാസ്ഥിതൻ, ഗൃഹപതിവ്യഞ്ജനൻ, വൈദേഹകവ്യഞ്ജനൻ, താപസവ്യഞ്ജനൻ എന്നിങ്ങനെയുള്ള ഗൂഢപുരുഷന്മാർക്ക് ആയിരം പണം വീതവും ഗ്രാമഭൃതകൻ, സത്രി, തീക്ഷ്ണൻ, രസദൻ, ഭിക്ഷുകി എന്നിവർക്ക് അഞ്ഞൂറു പണം വീതവും വേതനം നൽകണം. ചാരസഞ്ചാരികൾക്കു (ചാരന്മാരുടെ പരിചാരകന്മാർക്ക്) ഇരുനൂററമ്പതു പണം വീതമോ, അധ്വാനത്തിന്നനുസരിച്ചു വർദ്ധിപ്പിച്ചോ വേതനം കൊടുക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഭൃതകന്മാരെ നൂറുനൂറായോ ആയിരമായിരമായോ വർഗ്ഗം തിരിച്ച്, ഓരോ ശതവർഗ്ഗത്തിന്നോ ഓരോ സഹസ്രവർഗ്ഗത്തിന്നോ ഓരോ അധ്യക്ഷനെ നിശ്ചയിക്കുകയും, ആ അധ്യക്ഷന്മാർ സ്വവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ഭക്തം, വേതനം എന്നിവ വാങ്ങിക്കൊടുക്കുകയും, അവരെക്കൊണ്ട് ആദേശം (രാജാജ്ഞ), വിക്ഷേപം (മററു പ്രവൃത്തി) എന്നിവ നടത്തിക്കുകയും ചെയ്യണം. അവിക്ഷേപത്തിങ്കൽ (മററു പ്രവൃത്തികളുടെ അഭാവത്തിങ്കൽ) രാജപരിഗ്രഹങ്ങൾ (രാജാവിന്റെ വക കാര്യാലയങ്ങൾ), ദുർഗ്ഗത്തിലും രാഷ്ട്രത്തിലുമുള്ള രക്ഷകൾ എന്നിവയെ നോക്കുന്നതിൽ അവരെ നിയോഗിക്കണം. അവർ നിത്യമുഖ്യന്മാർ (എല്ലായ്പ്പോഴും മുഖ്യന്മാരുടെ കീഴിലിരിക്കുന്നവർ) ആയിരിക്കേണ്ടതും, അപ്രകാരമുള്ള മുഖ്യന്മാർ അനേകം പേരുണ്ടായിരിക്കേണ്ടതുമാണ്.

രാജാവിൻെറ കർമ്മം അനുഷ്ഠിച്ചുവരുന്ന കാലത്തു മരിച്ചുപോയവരുടെ പുത്രന്മാൎക്കും ഭാൎയ്യമാൎക്കും ഭക്തവേതനം ലഭിക്കുന്നതാണ്. അവരിൽവച്ച് ബാലന്മാർ, വൃദ്ധന്മാർ, വ്യാധിതന്മാർ എന്നിങ്ങനെയുള്ളവൎക്ക രാജാവ് അനുഗ്രഹം നൽകേണ്ടതുമാണ്. ഭൃത്യന്മാൎക്ക പ്രേതകൃത്യം, വ്യാധിതകൃത്യം, സൂതികാകൃത്യം എന്നിവ സംഭവിക്കുമ്പോൾ രാജാവ് ധനദാനം ചെയ്കയും വേണം.

അല്പകോശനായിട്ടുള്ള രാജാവ് ഭൃത്യന്മാൎക്ക ധനം നൽകേണ്ട സന്ദൎഭത്തിൽ കുപ്യവസ്തുക്കളേയോ പശുക്കളേയോ കൃഷിസ്ഥലങ്ങളെയോ കൊടുക്കുകയും, ഹിരണ്യം കുറച്ചുമാത്രം കൊടുക്കുകയും ചെയ്യണം.

ശൂന്യമായ സ്ഥലത്തെ നിവേശിപ്പിക്കുവാൻ (കുടിപാൎക്കത്തക്കതാക്കിത്തീൎക്കുവാൻ) പുറപ്പെടുന്ന രാജാവ് ഭൃത്യന്മാൎക്ക ഹിരണ്യംതന്നെ കൊടുക്കണം; ഗ്രാമത്തെ കൊടുത്താൽ പോര. ഗ്രാമസംജാതത്തിൻെറ (ഗ്രാമത്തിൽനിന്നു പിരിയേണ്ട ദ്രവ്യത്തിൻെറ) കാൎയ്യം വ്യവസ്ഥപ്പെടുത്തുന്നതിന്നു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

അപ്രകാരംതന്നെ രാജാവ് ഭൃതന്മാൎക്കും (സ്ഥിരശമ്പളക്കാർ) അഭൃതന്മാൎക്കും കൊടുക്കുന്ന ഭക്തവേതനങ്ങളിലും അവരുടെ വിദ്യാനൈപുണ്യവും കൎമ്മസാമൎത്ഥ്യവുമനുസരിച്ച് വ്യത്യാസം കല്പിക്കണം. അറുപതു പണം വേതനമുള്ളവന്ന് ഒരാഢകം എന്ന തോതു വച്ച് ഹിരണ്യത്തിന്നനുരൂപമായ ഭക്തവും കല്പിക്കണം.

ആനതേർകാലാൾകുതിരപ്പടകൾ സന്ധിദിവസങ്ങൾ (വാവു മുതലായ ദിവസങ്ങൾ) ഒഴികെ എല്ലാ ദിവസവും സൂൎയ്യോദയത്തിങ്കൽ ബഹിൎഭാഗത്തുവച്ചു ശില്പയോഗ്യകളെ (കൎമ്മപരിശീലനങ്ങൾ) ചെയ്യേണ്ടതാണ്. അവയിൽ രാജാവ് നിത്യസക്തനായിരിക്കേണ്ടതും, കൂടക്കൂടെ അവരുടെ ശില്പത്തെ നോക്കി പരീക്ഷിക്കേണ്ടതുമാണ്.

ആയുധങ്ങളും ആവരണങ്ങളും രാജാവിന്റെ മുദ്രവച്ച് ആയുധാഗാരത്തിൽ സൂക്ഷിക്കണം. മുദ്രാനുജ്ഞാതനെ (ആയുധം ധരിപ്പാൻ മുദ്രമൂലം അനുവദിക്കപ്പെട്ടവനെ) ഒഴിച്ചു ശേഷമുള്ള രാജപുരുഷന്മാരെല്ലാം ആയുധം കൂടാതെ മാത്രമേ സഞ്ചരിക്കാവൂ. ആയുധാഗാരത്തിലുള്ള ആയുധങ്ങളോ ആവരണങ്ങളോ നശിക്കയോ കാണാതാകയോ ചെയ്താൽ ആയുധാഗാരാധ്യക്ഷൻ അവയെ ഇരട്ടിയായിട്ടു കൊടുക്കണം. കേട്ടുവന്നുപോയവയുടെ ശരിയായ കണക്കു വയ്ക്കുകയും വേണം.

സാർത്ഥികന്മാർ (സാർത്ഥവാഹന്മാർ) ആയുധങ്ങളോടുകൂടി സഞ്ചരിക്കുന്നതായാൽ അന്തപാലന്മാർ പരിശോധിച്ചു അവരുടെ കൈവശമുള്ള ആയുധങ്ങളും ആവരണങ്ങളും പിടിച്ചെടുക്കേണ്ടതാണ്. ആയുധത്തോടുകൂടി പോകുവാനുള്ള മുദ്ര വാങ്ങിയിട്ടുള്ളവനെ വിട്ടയയ്ക്കുകയും വേണം.

രാജാവു് യുദ്ധയാത്ര പുറപ്പെടുമ്പോൾ സേനയെ ഉദ്യോഗിപ്പിക്കണം. യാത്രാകാലത്തിങ്കൽ വൈദേഹകവ്യഞ്ജനന്മാർ ആയുധീയന്മാർക്കു ആവശ്യമുള്ള എല്ലാപണ്യങ്ങളും ഇരട്ടിയായി മടക്കിത്തരണമെന്നുള്ള നിശ്ചയത്തിന്മേൽ കൊടുക്കണം. ഇങ്ങനെ ചെയ്താൽ രാജാവിന്റെ വകയായ പണ്യദ്രവ്യങ്ങൾ വിററഴിയുകയും, ആയുധീയന്മാർക്കു കൊടുത്ത വേതനം മടങ്ങിക്കിട്ടുകയും ചെയ്യും.

മേൽപ്രകാരം ആയവ്യയങ്ങളെ നോക്കിക്കൊണ്ടിരിക്കുന്ന രാജാവു് കോശസംബന്ധമായും ധനസംബന്ധമായുമുള്ള വ്യസനത്തെ പ്രാപിക്കുന്നതല്ല. ഇങ്ങനെ ഭക്തവേതനവികല്പം.

സത്രിവേശ്യാകാരുകശീ-
ലവർ സൈനികവൃദ്ധന്മാരം

മടി കൂടാതായുധീയ-
ശൌചാശൌചങ്ങൾ നോക്കണം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, യോഗവൃത്തമെന്ന
അഞ്ചാമധികരണത്തിൽ, ഭൃത്യഭരണീയമെന്ന
മൂന്നാമദ്ധ്യായം.

---

## നാലാം അദ്ധ്യായം.

### തൊണ്ണൂററിരണ്ടാം പ്രകരണം.
### അനുജീവിവൃത്തം.

ലോകയാത്രയെ അറിയുന്നവനായ പുരുഷൻ ആത്മസമ്പത്തും ദ്രവ്യപ്രകൃതിസമ്പത്തുമുള്ള * രാജാവിനെ അദ്ദേഹത്തിനു പ്രിയനും ഹിതനുമായിട്ടുള്ള ഒരാൾ വഴിയായി ആശ്രയിക്കണം. ഒരു രാജാവിനെപ്പററി "ഞാനിദ്ദേഹത്തെ ആശ്രിപ്പാൻ ഇച്ഛിക്കുന്നതുപോലെ ഇദ്ദേഹം വിനയത്തെ (വിദ്യാവൃദ്ധസംയോഗത്തെ)യും ഇച്ഛിക്കുന്നുണ്ട്; ആഭിഗാമികഗുണങ്ങൾ $ ഉള്ളവനുമാണ് ഇദ്ദേഹം" എന്ന് വിശ്വാസം തോന്നുന്നുണ്ടെങ്കിൽ ദ്രവ്യപ്രകൃതിസമ്പത്തില്ലാത്തവനാണെങ്കിലും അദ്ദേഹത്തെ ആശ്രയിക്കാം. എന്നാൽ ഒരിക്കലും ആത്മസമ്പന്നനല്ലാത്ത ഒരു രാജാവിനെ ആശ്രയിക്കുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, അനാത്മവാനായ രാജാവു നീതിശാസ്ത്രത്തെ തിരസ്കരിക്കുകയോ അനർത്ഥ്യന്മാരുമായി സഹവാസിക്കുകയോ കാര

---

* ആത്മസമ്പത്തിനെയും ദ്രവ്യപ്രകൃതിസമ്പത്തിനെയും മുകളിൽ മണ്ഡലയോനി എന്ന അധികരണത്തിൽ വിവരിക്കുന്നുണ്ട്.

$ ആഭിഗാമികഗുണങ്ങൾ ഏവയെന്ന് മണ്ഡലയോനിയിൽനിന്നറിയേണ്ടതാണ്.

ണം, രാജൈശ്വര്യത്തെ പ്രാപിച്ചാലും അദ്ദേഹത്തിന്റെ ഐശ്വര്യം നശിച്ചുപോകുന്നതുകൊണ്ടുതന്നെ.

ആത്മവാനായ രാജാവിന്റെ അടുക്കൽ ചെന്നു സേവിപ്പാൻ അവസരം കിട്ടിയാൽ ശാസ്ത്രത്തെ സംബന്ധിച്ചു അദ്ദേഹം ചോദിക്കുന്ന ചോദ്യങ്ങൾക്കു സമാധാനം കൊടുക്കണം. അപ്പോൾ പറയുന്ന ശാസ്ത്രസാരം പ്രവൃത്തിയിൽ പിഴക്കാതെ ഫലിച്ചുകണ്ടാൽ മാത്രമേ തനിക്കു രാജസവിധത്തിൽ ലഭിപ്പാൻപോകുന്ന സമ്മാനത്തിനു സ്ഥിരത കിട്ടുകയുള്ളുവല്ലോ. മതികർമ്മങ്ങളിൽ (ബുദ്ധിസാദ്ധ്യങ്ങളായ കർമ്മങ്ങളിൽ) അഭിപ്രായം ചോദിച്ചാൽ തൽക്കാലത്തിങ്കലും ഭാവിയിലും ധർമ്മാർത്ഥങ്ങൾക്കു വിരോധംവരാത്തതും സാമർത്ഥ്യത്തോടുകൂടിയതും പ്രവീണനായി യോജിച്ചതുമായ അഭിപ്രായത്തെ സഭാകമ്പംകൂടാതെ പറയണം. താൻ രാജാവിന്റെ അനുജീവിയായിരിക്കേണമെന്നു രാജാവു് ആഗ്രഹിച്ചു പറയുന്നതായാൽ ഇങ്ങനെ ശപഥംചെയ്യണം:—“ശിഷ്ടന്മാരല്ലാത്തവരോടു ധർമ്മാർത്ഥങ്ങളെക്കുറിച്ചു് അഭിപ്രായം ചോദിക്കുക, ബലവാന്മാരുടെ സാഹായ്യമുള്ളവരിൽ ദണ്ഡം പ്രയോഗിക്കുക, തനിക്കു ബലവാന്മാരുടെ സാഹായ്യമുണ്ടെങ്കിലും പെട്ടെന്നു (ആലോചനകൂടാതെ) ദണ്ഡം പ്രയോഗിക്കുക എന്നിവ അങ്ങുന്നു ചെയ്യരുതു്. എന്റെ പക്ഷം, വൃത്തി, ഗുഹ്യം എന്നിവയെ അങ്ങുന്നു് ഉപഹസിക്കുകയും അരുതു്. കാമംകൊണ്ടോ ക്രോധംകൊണ്ടോ അങ്ങുന്നു് അനുചിതമായി ദണ്ഡം പ്രയോഗിക്കുന്നതായിക്കണ്ടാൽ ഞാൻ സംജ്ഞ (അടയാളം) കാട്ടി അങ്ങയെ അതിൽനിന്നു വിലക്കും”.

രാജാവിന്റെ മുമ്പാകെ ചെല്ലുവാൻ അനുവാദം കിട്ടിയാൽ രാജാനുജീവികൾക്കു ചെല്ലാവുന്ന സ്ഥലത്തു പ്രവേശിച്ചു. ഇരിപ്പാൻ പറഞ്ഞാൽ രാജാവിന്റെ പാർശ്വത്തിൽ അധികം അടുത്തും അധികം അകന്നുമല്ലാതെ ഇരി

൨൭. ഉയൎന്നതരത്തിലുള്ള ആസനത്തിലിരിക്കുക, വിഗ്രഹിച്ച് (വാദിച്ച്) പറയുക, അസഭ്യമായ വാക്കു പറയുക, അപ്രത്യക്ഷമോ അവിശ്വാസ്യമോ അസത്യമോ ആയ വാക്യത്തെ പറയുക; ചിരിപ്പാൻ വിഷയമില്ലാത്തപ്പോഴും ഉറക്കെയും ചിരിക്കുക, ശബ്ദത്തോടുകൂടിയ വായുവിനെയും ഷ്ഠീവനത്തെയും (തുപ്പൽ) പ്രയോഗിക്കുക എന്നിവ ചെയ്യരുത്. രാജസന്നിധിയിൽവച്ച് അന്യനോടു സ്വകാൎയ്യംപറയുക, ജനങ്ങൾ സംസാരിക്കുമ്പോൾ ദ്വന്ദ്വകഥനം (രണ്ടിലൊരുഭാഗംചേൎന്നു പറയുക.) ചെയ്യുക, രാജാവിന്റെ വേഷമോ ഉദ്ധതന്മാരുടെ വേഷമോ കുഹകന്മാരുടെ വേഷമോ ധരിക്കുക, രാജാവിനോടു മററുള്ളവർ കാണെ അദ്ദേഹം ധരിക്കുന്ന വിശിഷ്ടമായ രത്നത്തെ അഭ്യൎത്ഥിക്കുക, ഒററക്കണ്ണിട്ടു നോക്കുകയോ ചുണ്ടു കടിക്കുകയോ ചെയ്ക, ഭ്രുകുടീകൎമ്മം (പുരികം വെട്ടിക്കുക) ചെയ്ക, രാജാവു സംസാരിക്കുമ്പോൾ വാക്യാവക്ഷേപണം (ഇടയിൽക്കടന്നു പറയുക) ചെയ്ക എന്നിവയെ വൎജ്ജിക്കണം. ബലവാനെ സംബന്ധിച്ചവരോടു വിരോധം, സ്ത്രീകളോടും സ്ത്രീദൎശനപ്രിയന്മാരോടും സാമന്തരാജാവിന്റെ ദൂതന്മാരോടും രാജദ്വേഷ്യന്മാരോടും രാജാവിന്റെ അപകൃതന്മാരോടും അവക്ഷിപ്തന്മാരോടും (രാജാവിനാൽ ധനംപിടിച്ചെടുക്കപ്പെട്ടവർ) അനൎത്ഥ്യന്മാരോടുമുള്ള സംസൎഗ്ഗം, ഏകാൎത്ഥചൎയ്യ (പലേ അൎത്ഥികളിൽവച്ചു ഒരാളുടെ കാൎയ്യംമാത്രം അനുഷ്ഠിക്കുക), സംഘത്തിൽ സംബന്ധിക്കുക എന്നിവയെയും വൎജ്ജിക്കണം.

കാലംതെററാതെ രാജാൎത്ഥം,
സ്വാൎത്ഥം തൽപ്രിയരൊത്തുമേ,
പരാൎത്ഥം സമയംനോക്കി,-
ച്ചൊൽവൂ ധൎമ്മാൎത്ഥയുക്തമായ്.

പൃഷ്ടൻ പ്രിയഹിതം ചൊൽവൂ,
ചൊല്ലൊല്ലഹിതമാം പ്രിയം,
ഹിതമപ്രിയമായാലും
ചൊൽവൂ ചൊൽവാൻ കഴിക്കുകിൽ.

അഥവാ മൗനമുൾക്കൊൾവൂ;
ദ്വേഷ്യാദികളെ വാഴ്ത്തൊലാ;
ദ്വേഷ്യരായീടിലും തള്ള-
പ്പെട്ടോരപ്രിയരായിടാം,

അനർത്ഥ്യരും പ്രിയം നോക്കി
നടപ്പോർ പ്രിയരായിടാം;
കൂടെച്ചിരിപ്പൂ ഹാസ്യത്തിൽ,
വർജ്ജിപ്പൂ ഘോരഹാസവും;

ഘോരകാര്യം പരദ്വാരാ
ചൊൽവൂ സ്വയമുരയ്ക്കൊലാ.
ക്ഷമിപ്പൂ ക്ഷിതിയെന്നോണം
ക്ഷമാവാൻ സ്വഹിതങ്ങളിൽ;

ചെയ്വൂ സ്വരക്ഷണം മുമ്പിൽ
കാര്യജ്ഞൻ രാജസേവകൻ,
രാജസേവകർതൻ വൃത്തി-
യഗ്നിവൃത്തിക്കു തുല്യമാം

ദഹിക്കുമഗ്നി ദേഹൈക-
ദേശം ദേഹം മുഴുക്കെയോ,
ഹനിക്കുമഥവാ പോററും
ഭൂപനോ സകുടുംബകം.

കൗടിലീയത്തിൻറെ അർത്ഥശാസ്ത്രത്തിൽ, യോഗവൃത്തമെന്ന
അഞ്ചാമധികരണത്തിൽ, അനുജീവിവൃത്തമെന്ന
നാലാമധ്യായം.

# അഞ്ചാം അദ്ധ്യായം.

## തൊണ്ണൂററിമൂന്നാം പ്രകരണം.

### സമയാചാരികം.

കർമ്മങ്ങളിൽ നിയോഗിക്കപ്പെട്ടാൽ രാജാനുജീവി, തന്റെ ജോലിയിൽ ചെലവുകളെല്ലാം കഴിച്ച് ഉദയം ഉള്ളതായി കാണിച്ചു കൊടുക്കണം. ദേശത്തിനുള്ളിലും പുറത്തുമുള്ള കാര്യത്തെ ഗുഹ്യം (ഗോപ്യം), പ്രകാശ്യം, ആത്യയികം (അടിയന്തരമായിച്ചെയ്യേണ്ടതു്), ഉപേക്ഷിതവ്യം എന്നിങ്ങനെ തിരിച്ച് "ഇന്ന കാര്യം ഇന്ന വിധം" എന്നിപ്രകാരം രാജാവിനെ അറിയിക്കുകയും ചെയ്യണം.

രാജാവ് മൃഗയാവിനോദത്തിലോ ദ്യൂതക്രീഡയിലോ മദ്യപാനത്തിലോ സ്ത്രീവിഷയത്തിലോ ആസക്തനായിരിക്കുന്നു എന്നു കണ്ടാൽ അനുജീവി പ്രശംസിച്ചു പറഞ്ഞു് അദ്ദേഹത്തിന്റെ ഹിതത്തെ അനുസരിക്കണം. എന്നിട്ട് അദ്ദേഹത്തിന്റെ അടുത്തു പെരുമാറി ആ വക വ്യസനങ്ങളുടെ നിവാരണത്തിനു പ്രയത്നം ചെയ്യണം. ശത്രുക്കൾ ചെയ്യുന്ന ഉപജാപത്തിൽനിന്നും വഞ്ചനത്തിൽനിന്നും ഗൂഢപ്രയോഗങ്ങളിൽനിന്നും രാജാവിനെ രക്ഷിക്കുകയും ചെയ്യണം.

സ്വാമിയുടെ ഇംഗിതാകാരങ്ങളെ നല്ലവണ്ണം നോക്കി മനസ്സിലാക്കണം. എന്തുകൊണ്ടെന്നാൽ, ബുദ്ധിമാന്മാരായിട്ടുള്ളവർ മന്ത്രഗോപനത്തിനുവേണ്ടി കാമം, ദ്വേഷം, ഹർഷം, ദൈന്യം, വ്യവസായം (ഏതെങ്കിലും കാര്യത്തിലുള്ള ഉറപ്പ്), ഭയം എന്നിവയുടെ വിഷയത്തിൽ ഇംഗിതാകാരങ്ങളെക്കൊണ്ട് ദ്വന്ദ്വവിപര്യാസം (ഉള്ളതും ഇല്ലാത്തതും ആയവയെ വിപരീതമായിക്കാണിക്കുക) ചെയ്യുന്നതുകൊണ്ടുതന്നെ.

കാണുമ്പോൾ സന്തോഷം ഭാവിക്കുക, പറഞ്ഞ വാക്യത്തെ സ്വീകരിക്കുക, ഇരിപ്പാൻ ആസനം നൽകുക, വി

ജനത്തിൽവച്ച് കാണ്മാനനുവദിക്കുക, ശങ്കാസ്ഥാനത്തിങ്കൽ അധികം ശങ്കിക്കാതിരിക്കുക, സംസാരിക്കുന്നതിൽ അഭിരുചി കാണിക്കുക, പറഞ്ഞറിയിക്കേണ്ട കാൎയ്യം നോക്കി അറിയുക, പത്ഥ്യമായിട്ടുള്ളതിനെ പരുഷമായിട്ടു പറഞ്ഞാലും സഹിക്കുക, മന്ദസ്മിതത്തോടുകൂടി കാൎയ്യങ്ങളെ കല്പിക്കുക, കൈകൊണ്ടു തൊടുക, ശ്ലാഘിക്കേണ്ട സംഗതിയിൽ പരിഹസിക്കാതിരിക്കുക, പരോക്ഷത്തിങ്കൽ ഗുണം പറയുക, ഭക്ഷ്യവിഷയങ്ങളിൽ സ്മരിക്കുക, വിനോദങ്ങൾക്ക് ഒരുമിച്ചു കൂട്ടിക്കൊണ്ടു പോകുക, വ്യസനം വരുമ്പോൾ സഹായിക്കുക, തൽഭക്തികളെ (അവന്റെ താൽപൎയ്യക്കാരെ) മാനിക്കുക, ഗുഹ്യം പറയുക, ബഹുമാനത്തെ വൎദ്ധിപ്പിക്കുക, അൎത്ഥം ദാനംചെയ്ക, അനൎത്ഥം നിവാരണംചെയ്ക, എന്നിവ ചെയ്യുന്നതായിക്കണ്ടാൽ രാജാവ് സന്തുഷ്ടനായിരിക്കുന്നു എന്നു മനസ്സിലാക്കണം.

ഇതുതന്നെ വിപരീതമായിക്കാണുന്നതാണ് അതുഷ്ടനായാലുള്ള ലക്ഷണം. കൂടുതലായുള്ള ലക്ഷണവും പറയാം:—കാണുമ്പോൾ കോപിക്കുക, പറയുന്നതിനെ കേൾക്കാതിരിക്കയോ പ്രതിഷേധിക്കയോ ചെയ്ക, ഇരിപ്പാൻ ആസനം കൊടുക്കാതിരിക്കുകയും നേരെ നോക്കാതിരിക്കുകയും ചെയ്ക, വൎണ്ണത്തിലും സ്വരത്തിലും വ്യത്യാസം വരിക, ഒററക്കണ്ണുകൊണ്ടു നോക്കുകയോ പുരികം ചുളിക്കുകയോ ചുണ്ടു കടിക്കുകയോ ചെയ്ക, ദേഹം വിയൎക്കുക, അസ്ഥാനത്തിങ്കൽ നെടുവീൎപ്പിടുകയും ചിരിക്കുകയും ചെയ്ക, പരിമന്ത്രണം (പിറുപിറുക്കുക) ചെയ്ക, കാരണംകൂടാതെ എഴുനേററു പോകുക, തന്നെ ആദരിക്കാതെ അന്യനെ ബഹുമാനിക്കുക, ഭൂമിയിലോ ഗാത്രത്തിലോ വരയ്ക്കുക, അന്യനെ അടിക്കുക, വിദ്യയേയും വൎണ്ണത്തെയും ദേശത്തെയും നിന്ദിക്കുക, സമനിന്ദ (തന്നെപ്പോലെയുള്ള അന്യനെ നിന്ദിക്കുക) ചെയ്ക, പ്രതിദോഷനിന്ദ (തന്നെപ്പോലെ ദോ

ഷവാനായ മററാരാളുടെ ദോഷത്തെ നിന്ദിക്കുക) ചെയ്ക, പ്രതിലോമസ്തവം (തനിക്കു വിപരീതനായ അന്യനെ സ്തുതിക്കുക) ചെയ്ക, ശരിയായിച്ചെയ്ത കാൎയ്യത്തെ വിലവെയ്ക്കാതിരിക്കുക, തെററായിച്ചെയ്തതിനെ വീണ്ടും വീണ്ടും ആവൎത്തിച്ചു പറയുക, പൃഷ്ഠാവധാനം (പുറത്തേക്കു പോകുമ്പോൾ പിൻഭാഗത്തേക്കു സൂക്ഷിച്ചുനോക്കുക) ചെയ്ക, അതിത്യാഗം (കൊടുക്കേണ്ടതിൽ കൂടുതൽ കൊടുക്കുക) ചെയ്ക, മിഥ്യാഭാഷണം ചെയ്ക, രാജാവിനെക്കാണ്മാൻ വരുന്ന അന്യന്മാരോടു അന്യായത്തിൽ പെരുമാറുക എന്നിവയാണു് അതുഷ്ടിലക്ഷണങ്ങൾ.

രാജാവിൻെറ അതുഷ്ടിയെ ഊഹിക്കുന്നതിൽ അമാനുഷന്മാരുടെയും (പക്ഷിമൃഗാദികളുടെ) കൂടി വൃത്തിവികാരത്തെ സേവകൻ പരീക്ഷിക്കണം.

"ഇവൻ കടം പൊക്കി വെള്ളം നനയ്ക്കുന്നു" എന്നു കണ്ടിട്ടു കാത്യായനൻ രാജാവിനെ ഉപേക്ഷിച്ചുപോയി*.

ക്രൌഞ്ചപ്പക്ഷി അപ്രദക്ഷിണമായിപ്പറക്കുന്നതു കണ്ടിട്ടു ഭരദ്വാജഗോത്രക്കാരനായ കണികൻ രാജാവിനെ ഉപേക്ഷിച്ചുപോയി §.

* പൌണ്ഡ്രദേശത്തിൽ സോമദത്തനെന്ന രാജാവു് സ്വപുത്രൻെറ നേരെ കോപിച്ചു് അവനെ ബന്ധനത്തിൽ വയ്പാൻ മന്ത്രിയായ കാത്യായനനുമായി ആലോചിച്ചുറച്ചു. ഈ സംഗതി പുത്രൻെറ പക്ഷക്കാർ മനസ്സിലാക്കി അവനെ സ്ഥലം മാററി. ഇതു ചെയ്തതു മന്ത്രിയാണെന്നു വിചാരിച്ചു രാജാവു മന്ത്രിയെ വധിപ്പാൻ കല്പിച്ചു. ഈ സംഗതി രാജമാൎഗ്ഗത്തിൻെറ അരികിലുള്ള ഒരു ജലസേചകനു് എങ്ങനെയോ മനസ്സിലായി. മന്ത്രി വരുമ്പോൾ അദ്ദേഹത്തിൻെറമേൽ വെള്ളം തെറിക്കാതിരിപ്പാൻവേണ്ടി കടം താഴ്ത്തിക്കൊണ്ടാണു് അവൻ നനയ്ക്കുക പതിവു്. പ്രസ്തുതദിവസം അവൻ കടം ഉയൎത്തി നനയ്ക്കുന്നതായി മന്ത്രി കണ്ടു. ഇനി ഇവിടെയിരുന്നാൽ അല്പകാലംകൊണ്ടു തൻെറ പേരിൽ ബഹുമാനമില്ലാതാകുമെന്നു് ഇതിൽനിന്നു മന്ത്രി ഊഹിച്ചു തൽക്ഷണം രാജ്യംവിട്ടു പോയി.

§ ക്ഷേമസേനരാജാവായ പരന്തപനു് ഭാരദ്വാജഗോത്രജനായ കണികനെന്ന സേവകൻ ഉണ്ടായിരുന്നു. അദ്ദേഹം രാജഗൃഹത്തിലേക്ക

അന്നത്തിൽ തൃണം കണ്ടിട്ട് ചാരായണഗോത്രജനായ ദീർഘൻ രാജാവിനെ വിട്ടുപോയി. *

ഈറൻമുണ്ടു കാണുകയാൽ ഘോടമുഖൻ രാജാവിനെ പരിത്യജിച്ചുപോയി §

ആന വെള്ളം തളിച്ചു എന്ന കാരണത്താൻ കിഞ്ജല്കൻ രാജാവിനെ കൈവിട്ടുപോയി

---

പോകുമ്പോൾ ഒരു ക്രൌഞ്ചപ്പക്ഷി പ്രദക്ഷിണമായി പാകുകയുണ്ടായിരുന്നു. ഒരു ദിവസം രാജാവ് അന്തഃപുരത്തിലിരിക്കുമ്പോൾ കണിയൻ ചെന്നതിനാൽ അദ്ദേഹം കുപിതനായി അയാളെ ശകാരിച്ചു. അതു കേട്ടിട്ടു ക്രൌഞ്ചപ്പക്ഷി പിന്നെ അയാൾ വരുമ്പോൾ അപ്രദക്ഷിണമായിപ്പറന്നു. ഇതു രാജകോപസൂചകമായ ശകുനമാണെന്നു വിചാരിച്ചു കണിയൻ ഉടനെ രാജ്യംവിട്ടുപോയി.

* മഗധരാജ്യത്തു ബാലനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആചാര്യനായ ദീർഘൻ അച്ഛന്റെ ബഹുമാനപാത്രമായ സേവകനായിരുന്നു. ദീർഘൻ വരുമ്പോൾ രാജമാതാവ് എഴുന്നേറ്റു ബഹുമാനിക്കുക പതിവാണ്. അതു കണ്ടിട്ട് ഒരു ദിവസം ബാലരാജാവ് അമ്മയോടു എന്തിനാണ് ഈ ബ്രാഹ്മണനെ ഇത്ര ബഹുമാനിക്കുന്നത് എന്നു ചോദിച്ചു. പിതാവിന്റെ സേവകനായ അദ്ദേഹം പൂജ്യനാണെന്നു അമ്മ പറഞ്ഞതു പുത്രനു അത്ര രസിച്ചില്ല. അന്നു ദീർഘനു ചോറുവിളമ്പിയതിൽ ഒരു പുൽക്കൊടി ഇടുകയുണ്ടായി. ദീർഘാലോചനക്കാരനായ ദീർഘൻ ഇതിൽനിന്നു താൻ തൃണപ്രായനായിരിക്കുന്നു എന്നൂഹിച്ചു ഉടനെ രാജാവിനെ ഉപേക്ഷിച്ചു.

§ അവന്തിരാജാവായ അംശുമാന്റെ പുത്രനെ ഘോടമുഖൻ എന്ന വിദ്വാൻ നീതിശാസ്ത്രം പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നേരെ ഒരു ദിവസം രാജാവിനു തിരുവുള്ളക്കേടായി. ആ വിവരം ഗുരുവിനെ ധരിപ്പിപ്പാൻ രാജപുത്രൻ ഒരു സൂത്രം പ്രയോഗിച്ചു. അയാൾ പതിവായി കുളിച്ചുവരുമ്പോൾ മാലക്കിയമുണ്ട് ചുമലിൽ ധരിക്കാറുണ്ടായിരുന്നു. അന്നു മുണ്ട് ഈറനാണെന്നു പറഞ്ഞു ചുമലിൽ വസ്ത്രം ധരിക്കാതെയാണ് രാജപുത്രൻ കുളിച്ചുവന്നത്. ഇതിൽനിന്നു രാജാവിന്റെ മനസ്സു മാറിയതായി ഊഹിച്ചു ഘോടമുഖൻ രാജ്യംവിട്ടുപോയി.

‡ വംഗരാജാവായ ശതാനന്ദനു കിഞ്ജല്കൻ എന്ന ഒരാചാര്യനുണ്ടായിരുന്നു. അദ്ദേഹം രാജഗൃഹത്തിലേക്കു പോകുമ്പോഴും പതിവാ

രഥാശ്വത്തെ പ്രശംസിച്ചു എന്ന കാരണത്താൽ പിശുനൻ രാജ്യം വിട്ടുപോയി *

ശ്വാവു കരയുന്നതു കണ്ടിട്ട് പിശുനപുത്രനും രാജാവിനെ ഉപേക്ഷിച്ചു §.

രാജാവ് തനിക്കു തരേണ്ടുന്ന അർത്ഥമാനങ്ങൾക്ക് അപക്ഷേപം (ഹാനി) വരുത്തുന്നതായിക്കണ്ടാൽ അഭിജ്ഞ

---

ഘി രാജാവിന്റെ പട്ടഗജത്തെ കാച്ചനേരം ലാളിച്ചിട്ടേ പോകാറുണ്ടായിരുന്നുള്ളു. ഒരു ദിവസം രാജാവ് അന്തഃപുരത്തിലിരിക്കുമ്പോൾ ആചാര്യനെ ദ്രോഹിപ്പാനൊരുച്ച് എന്തോ മന്ത്രിച്ചതു ആനയ്ക്കു മനസ്സിലായി. അന്നു ആചാര്യൻ വന്നപ്പോൾ ആന തുമ്പികൊണ്ട് ഊതി വെള്ളം പുറപ്പെടുവിച്ചു ആചാര്യന്റെ മേൽ തളിച്ചു. ഇതു ഒരു ദുശ്ശകുനമായിക്കരുതി കിഞ്ജല്കൻ അപ്പോൾത്തന്നെ നാടുവിട്ടുപോകയും ചെയ്തു.

* ഉജ്ജയിനീരാജാവായ പ്രദ്യോതന്റെ പുത്രനെ പിശുനൻ എന്ന ആചാര്യൻ നീതിശാസ്ത്രം അഭ്യസിപ്പിച്ചുവന്നു. വിദ്യാഭ്യാസം അവസാനിച്ചപ്പോൾ രാജാവ് പിശുനന്റെ പേരിൽ കുപിതനായിട്ടു അദ്ദേഹത്തിന്റെ സൽഗുണങ്ങൾ പിടിച്ചെടുക്കണമെന്നു പുത്രസന്നിധിയിൽവച്ച് മന്ത്രിക്കുകയുണ്ടായി. അതിനുശേഷം ആചാര്യൻ വന്നപ്പോൾ രാജപുത്രൻ കുതിരയെപ്പൂട്ടിയ രഥത്തിൽ കയറി അദ്ദേഹത്തോടു "മഹാ ഗുരോ, ഈ കുതിര ഒരു ദിവസംകൊണ്ട് മുപ്പതുയോജന ഓടുന്നതാണ്" എന്നിങ്ങനെ അശ്വത്തെ പ്രശംസിച്ചു. താനവിടെനിന്നു പോകണമെന്നാണ് ഇതിൽനിന്നു ധ്വനിക്കുന്നതെന്നു മനസ്സിലാക്കി ഉടനെ പിശുനൻ പോകയും ചെയ്തു.

§ പിശുനപുത്രനായ ഒരു ബ്രാഹ്മണൻ ബാല്യത്തിൽത്തന്നെ ശാസ്ത്രങ്ങളെല്ലാം പഠിച്ച് രാജാവിനെ സേവിച്ചുകൊണ്ടിരുന്നു. അദ്ദേഹം വലിയ വിദ്വാനാണെന്നു വിചാരിച്ചു രാജാവു അദ്ദേഹത്തെ മാനിക്കയും ചെയ്തുപോന്നു. ഒരു ദിവസം രാജാവു "പിശുനപുത്രൻ പണ്ഡിതനാണെങ്കിലും ബാലനാകയാൽ മന്ത്രിസ്ഥാനത്തെ അർഹിക്കുന്നില്ല. പ്രായംതികഞ്ഞവരേ മന്ത്രിയാകാവൂ. അതുവരെ ഇവനെ ബന്ധനത്തിൽ വയ്ക്കണം. അല്ലാത്തപക്ഷം ഇവൻ ചാടിപ്പോയേക്കാം" എന്നു മന്ത്രിച്ചു. അന്നദ്ദേഹം രാജഗൃഹത്തിൽ വന്നപ്പോൾ അവിടെയുണ്ടായിരുന്ന ശ്വാവ് അദ്ദേഹത്തിന്റെ നേരെ കരച്ചു ചാടുകയും, അതിൽനിന്നു രാജകോപത്തെ അനുമാനിച്ച് അദ്ദേഹം പോകയും ചെയ്തു.

വി അദ്ദേഹത്തെ പരിത്യജിക്കണം. അല്ലാത്തപക്ഷം രാജാവിന്റെ സ്വഭാവവും തന്റെ അപരാധവും നല്ലവണ്ണം ആലോചിച്ച് രാജകോപത്തിന്നു പ്രതിവിധി ചെയ്യണം. രാജാവു കോപിച്ചിരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ ഏററവും അടുത്ത മിത്രത്തെ ആശ്രയിക്കുന്നതിന്നും വിരോധമില്ല.

ചെയ്വൂ തത്രസ്ഥനായ്മിത്ര-
ദ്വാരാ ദോഷാപമാർജ്ജനം;
പിന്നെസ്സേവിക്കയോ ചെയ്വൂ
മരിച്ചാൽ വന്നുകൊൾകയോ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, യോഗവൃത്തമെന്ന അഞ്ചാമധികരണത്തിൽ, സമയാചാരിക മെന്ന അഞ്ചാമദ്ധ്യായം.

---

## ആറാം അദ്ധ്യായം.

---

### തൊണ്ണൂററിനാലും തൊണ്ണൂററഞ്ചും പ്രകരണങ്ങൾ
### രാജ്യപ്രതിസന്ധാനം, ഏകൈശ്വര്യം.

രാജവ്യസന (രാജമരണം) ത്തിങ്കൽ അമാത്യൻ ഇങ്ങനെ പ്രതിവിധി ചെയ്യണം.

രാജാവിന്നു മരണഭയം വരുന്നതിന്റെ വളരെ മുമ്പു തന്നെ, അദ്ദേഹത്തിന്നു പ്രിയരും ഹിതരുമായിട്ടുള്ള ജനങ്ങളോടാലോചിച്ച്, മാസത്തിലൊരിക്കലോ രണ്ടു മാസം കൂടുമ്പോളൊരിക്കലോ മാത്രമേ രാജാവിനെക്കാണ്മാൻ വരുന്നവരെ കാണ്മാനനുവദിക്കാവൂ. അങ്ങനെ ചെയ്യുന്നതിൽ, രാജാവ് ദേശപീഡയെ അകററുന്നതിന്നോ ശത്രുബാധയെ നിവാരണം ചെയ്യുന്നതിന്നോ ആയുസ്സു വർദ്ധിപ്പിക്കുന്നതിന്നോ പുത്രനുണ്ടാകുന്നതിന്നോ വേണ്ടിയു

ള്ള സൽകർമ്മം ചെയ്യുവാനെന്നു കാരണം പറവൂ. രാജാവിനെക്കാണ്മാൻ അനനുരൂപമായ സമയത്തു് രാജവേഷധാരിയായ മറെറാരാളെ പ്രകൃതികൾക്കും, മിത്രരാജാക്കന്മാരുടെയും അമിത്രരാജാക്കന്മാരുടേയും ദൂതന്മാർക്കും കാട്ടിക്കൊടുപ്പൂ. അവരോടു യഥോചിതമായി ചെയ്യേണ്ടതായ സംഭാഷണത്തെ രാജവ്യഞ്ജനൻ അമാത്യൻമുഖേന ചെയ്‌വൂ. ദൌവാരികൻ, അന്തർവ്വംശികൻ എന്നിവർ മുഖേന യഥോക്തമായിട്ടുള്ള രാജകൃത്യത്തെയും അനുവർത്തിപ്പൂ. അപകാരികളിൽ പ്രകൃതികൾക്കു സമ്മതമാകുമാറുള്ള കോപപ്രസാദങ്ങളെ പ്രദർശിപ്പിക്കുകയും ചെയ്‌വൂ. എന്നാൽ ഉപകാരികളിൽ പ്രസാദത്തെ മാത്രമേ കാണിക്കാവൂ.

ദുർഗ്ഗത്തിന്നുള്ളിലും പ്രത്യന്തത്തിലുമുള്ള കോശത്തേയും സൈന്യത്തേയും ആപ്തപുരുഷന്മാരുടെ മേൽനോട്ടത്തിൻ കീഴിൽ ഒരേ സ്ഥലത്തു സംരൂപിപ്പൂ. അപ്രകാരംതന്നെ രാജാവിൻെറ കുല്യന്മാർ, രാജകുമാരന്മാർ, മുഖ്യന്മാർ എന്നിവരേയും മററുവല്ല കാരണങ്ങളും പറഞ്ഞു ആപ്തപുരുഷന്മാരുടെ മേൽനോട്ടത്തിൻകീഴിൽ ഒരേസ്ഥലത്തു പാർപ്പിപ്പൂ.

ദുർഗ്ഗത്തിലോ അടവിയിലോ യാതൊരു മുഖ്യൻ ബന്ധുബലമുള്ളവനായിട്ടു് രാജാവിന്നു പ്രതികൂലം ആചരിക്കുന്നുണ്ടോ അവനെ വശീകരിക്കുകയോ, വളരെ അപായങ്ങൾ സംഭവിക്കാവുന്ന ഒരു യാത്രയിൽ അയയ്ക്കുകയോ, മിത്രരാജാവിന്നു സാഹായ്യം ചെയ്‌വാൻ വേണ്ടി മിത്രഗൃഹത്തിലേക്കയയ്ക്കുകയോ ചെയ്‌വൂ.

സാമന്തനായിട്ടുള്ള യാതൊരുവനിൽനിന്നു് ഭയം ശങ്കിക്കേണ്ടതായിക്കാണുന്നുവോ അവനെ ഉത്സവമെന്നോ, വിവാഹമെന്നോ, ഹസ്തിബന്ധനം എന്നോ, അശ്വപണ്യം (കുതിരയെ വാങ്ങുക) എന്നോ, ഭൂമിപ്രദാനം എന്നോ എന്തെങ്കിലും ഒരു കാരണം പറഞ്ഞു് അവഗ്രഹിക്കുകയോ തൻെറ മിത്രത്തെക്കൊണ്ടു് അവനുമായി

അദൃഷ്യമായ വിധം ഒരു സന്ധിചെയ്യിക്കുകയോ ചെയ്‌വൂ. അതല്ലെങ്കിൽ അവന്ന് ആടവികന്മാരോടോ അമിത്രന്മാരോടോ വൈരമുണ്ടാക്കിത്തീൎപ്പൂ. അതുമല്ലെങ്കിൽ അവന്റെ കുലീനനോ അവരുദ്ധനോ ആയിട്ടുള്ള ഒരുവനെ അവന്റെ ഭൂമിയിലൊരു ഭാഗം കൊടുക്കാമെന്നു പറഞ്ഞു അവനോടു വിരോധിപ്പിപ്പൂ.

രാജാവിന്റെ കുല്യന്മാരേയും രാജകുമാരന്മാരേയും മുഖ്യന്മാരേയും വശീകരിച്ചിട്ട് രാജ്യാവകാശിയായ കുമാരനെ രാജ്യത്തിൽ അഭിഷേകം ചെയ്തതായി കാണിപ്പൂ. ദാണ്ഡകൎമ്മികത്തിൽപ്പറഞ്ഞ പ്രകാരം രാജ്യകണ്ടകന്മാരായിട്ടുള്ളവരെ ഉന്മൂലനാശനം ചെയ്തു രാജ്യഭാരം നടത്തുകയും ചെയ്‌വൂ.

സാമന്താദികളിൽവച്ചു മുഖ്യനായിട്ടുള്ള ഒരുവൻ പൃഥുതായി അഭിഷേകം ചെയ്തു രാജാവിനോടു കോപിച്ചിരിക്കുന്നതായിക്കണ്ടാൽ മന്ത്രി "വരു, ഭവാനങ്ങയെ രാജാവാക്കാം" എന്നു പറഞ്ഞ് ആവാഹിച്ച് അവനെ വധിപ്പിപ്പൂ. അഥവാ ആപൽപ്രതീകാരത്തിലെ വിധിയനുസരിച്ച് അവനോടു പ്രവൃത്തിപ്പൂ.

രാജാവിന്നു മരണം സംഭവിക്കുമ്പോഴാം മന്ത്രി രാജ്യഭാരം യുവരാജാവിങ്കൽ സമൎപ്പിച്ചതിന്നുശേഷം മാത്രമേ രാജമരണത്തെ പ്രഖ്യാപനം ചെയ്യാവൂ. ശത്രുവിന്റെ രാജ്യത്തുവച്ച് രാജമരണം സംഭവിച്ചാൽ രാജാവിന്റെ ശത്രുവാണെന്നു നടിക്കുന്ന മിത്രത്തെക്കൊണ്ട് ശത്രുരാജാവുമായി സന്ധി ചെയ്യിച്ച് അമാത്യൻ മടങ്ങിപ്പോരേണ്ടതാണ്. അല്ലാത്തപക്ഷം സാമന്താദികളിൽ ഒരുവനെ രാജാവൊന്നിച്ച നിലയിൽ ദുൎഗ്ഗത്തിൽ സ്ഥാപിച്ചു മടങ്ങിപ്പോരണം. അഥവാ കുമാരനെ രാജാവായിട്ടഭിഷേകം ചെയ്ത് ശത്രുവിനെ ആക്രമിക്കണം. ശത്രു സപാവിഷയ

ത്തെ ആക്രമിച്ചാലല്ലാകട്ടെ യഥോക്തമായിട്ടുള്ള ആപൽ പ്രതീകാരത്തെ അനുഷ്ഠിക്കണം.

മേൽപ്പറഞ്ഞ പ്രകാരം രാജ്യപ്രതിസന്ധാനം ചെയ്തിട്ട് അമാത്യൻ രാജകുമാരനിൽ ഐശ്വര്യത്തെ (ഏകാധിപത്യത്തെ) സ്ഥാപിക്കണമെന്നാണ് കൌടില്യമതം.

അതു പാടില്ലെന്നു ഭാരദ്വാജൻ അഭിപ്രായപ്പെടുന്നു. രാജാവ് ആസന്നമരണനായിക്കിടക്കുമ്പോൾ അമാത്യൻ രാജ്യകാംക്ഷിയായിട്ടു രാജകുല്യന്മാരേയും രാജകുമാരന്മാരേയും രാഷ്ട്രമുഖ്യന്മാരേയും തമ്മിൽത്തമ്മിലോ മുഖ്യന്മാരുടെ പേരിലോ, വിക്രമിപ്പിച്ചുകൊല്ലിക്കുകയോ, കുല്യന്മാരെയും കുമാരന്മാരെയും മുഖ്യന്മാരെയും ഉപാംശുദണ്ഡം കൊണ്ടു കൊന്നു് തന്നത്താൻ രാജ്യം അപഹരിക്കുയോ ചെയ്യുമല്ലോ; രാജ്യംമൂലമായിട്ടു പിതാവു പുത്രന്മാരെയും പുത്രന്മാർ പിതാവിനെയുംകൂടി ദ്രോഹിക്കുന്നു. പിന്നെ രാജ്യത്തിന്റെ ഏകനിയാമകനായ അമാത്യനാണൊ അതു ചെയ്യാതിരിക്കുന്നതു്? ആകയാൽ തന്നത്താൻ കൈവശം വന്നതായ രാജ്യത്തെ അമാത്യൻ തിരസ്കരിക്കുകയില്ല. സ്വയം കാമിച്ചുവന്ന സ്ത്രീയെ പരിത്യജിക്കുന്നതായാൽ അവൾ ശപിക്കുമെന്നാണല്ലൊ ലോകോക്തി.

ഒരിക്കലേ വരൂ കാലം
കാലംകാക്കുന്ന മർത്യനിൽ,
പിന്നീടു കർമ്മം ചെയ്യാനായ്
കതിന്നാൻ കാലമെത്തിടാ.

എന്നാണ് ഭാരദ്വാജന്റെ ന്യായം.

എന്നാൽ ഇതു പ്രകൃതികോപത്തെ ജനിപ്പിക്കുന്നതും ധർമ്മവിരുദ്ധവും അനൈകാന്തികവും (അനിയതം) ആണെന്നാണ് കൌടില്യന്റെ അഭിപ്രായം. ആയത്തുകൊ

ണ്ട്, അമാത്യൻ ആത്മസമ്പന്നനായ രാജപുത്രനെ രാജ്യത്തിങ്കൽ സ്ഥാപിക്കണം. ആത്മസമ്പന്നനായ ഒരു രാജപുത്രൻ ഇല്ലാത്തപക്ഷം, അമാത്യൻ വ്യസനിയായ രാജകുമാരനേയോ, രാജകന്യകയേയോ ഗർഭിണിയായ രാജമഹിഷിയേയോ പുരസ്കരിച്ച് മഹാമാത്രന്മാരെ വിളിച്ചുവരുത്തി അവരുടെ മുമ്പാകെവച്ച് പറവു:—"ഇതാ ഇദ്ദേഹത്തെ നിങ്ങളുടെ കയ്യിൽ നിക്ഷേപമായിട്ട് ഏല്പിക്കുന്നു. നിങ്ങൾ ഇദ്ദേഹത്തിന്റെ പിതാവിനേയും നിങ്ങളുടെ പരാക്രമത്തേയും കുലത്തേയും നോക്കുവിൻ. ഇദ്ദേഹം കേവലം ഒരു ധ്വജം (കൊടി) മാത്രമാണ്; നിങ്ങൾതന്നെയാണ് സ്വാമികൾ. ഞാനെന്താണ് ചെയ്യേണ്ടതെന്നു പറയുവിൻ". മേൽപ്രകാരം പറയുന്ന അമാത്യനോട് യോഗപുരുഷന്മാർ "അങ്ങുന്നു പുരോഗാമിയായിട്ടുള്ള ഈ രാജാവിനെക്കാൾ ചാതുർവ്വർണ്യത്തെപ്പരിപാലിപ്പാൻ അധികം അർഹനായിട്ട് മററാരാണുള്ളത്" എന്നു പറവൂ. "എന്നാൽ അങ്ങനെതന്നെ" എന്നു പറഞ്ഞ് അമാത്യൻ ആ കുമാരനേയോ രാജകന്യകയേയോ ഗർഭിണിയായ രാജമഹിഷിയേയോ അഭിഷേകം ചെയ്‌വൂ. ബന്ധുക്കൾ, സംബന്ധികൾ, മിത്രരാജാക്കന്മാരുടെയും അമിത്രരാജാക്കന്മാരുടേയും ദൂതന്മാർ എന്നിവൎക്ക് അദ്ദേഹത്തെ കാട്ടിക്കൊടുക്കുകയും ചെയ്‌വൂ.

ഈ സന്ദർഭത്തിൽ അമാത്യന്മാൎക്കും ആയുധീയന്മാൎക്കുമുള്ള ചെലവും ശമ്പളവും വർദ്ധിപ്പിക്കണം. "ഇദ്ദേഹം വൃദ്ധൻ (പ്രായം തികഞ്ഞവൻ) ആയാൽ ഇനിയും വർദ്ധിപ്പിച്ചുതരും" എന്ന് അവരോട് പറയുകയും വേണം. ഇപ്രകാരംതന്നെ ദുർഗ്ഗത്തിലും രാഷ്ട്രത്തിലുമുള്ള മുഖ്യന്മാരോടും പറയണം. മിത്രപക്ഷക്കാരും അമിത്രപക്ഷക്കാരുമായുള്ളവരോടും അർഹതപോലെ പറയണം. രാജ്യാഭിഷി

ക്തനായ കുമാരന്റെ വിനയകർമ്മത്തിൽ (വിദ്യാദ്ധ്യാപനത്തിൽ) പ്രയത്നംചെയ്കയും വേണം.

രാജകന്യകയെ അഭിഷേകംചെയ്താൽ അവളിൽ സമാനജാതീയനായ പുരുഷങ്കൽനിന്നു പുരുഷപ്രജയെ ഉൽപാദിപ്പിച്ച് ആ പുത്രനെ രാജാവായി അഭിഷേകം ചെയ്യാവുന്നതാണ്. മാതാവിന്റെ മനസ്സിന്നു ക്ഷോഭം വരാതിരിപ്പാൻ വേണ്ടി കുലീനനും അല്പസത്വനും ഛാത്രനും ലക്ഷണയുക്തനുമായ ഒരു പുരുഷനെ മാതൃസമീപത്തിൽ താമസിപ്പിക്കുകയും വേണം. ഋതുകാലത്തിങ്കൽ ഈ രാജമാതാവിനെ പ്രത്യേകം രക്ഷിക്കണം. അമാത്യൻ സാധാരണമായിട്ടുള്ളതിൽ കവിഞ്ഞ യാതൊരു സുഖാനുഭവവും തന്റെ കാര്യത്തിൽ അംഗീകരിക്കരുത്. രാജാവിന്നു വേണ്ടിയാകട്ടെ യാനം, വാഹനം, ആഭരണം, വസ്ത്രം, സ്ത്രീ, ഗൃഹം മുതലായ പരിവാപങ്ങളെ നിർമ്മിപ്പിക്കുകയും വേണം.

യുവാവായാലുള്ളറിവാൻ
യാചിച്ചു മന്ത്രി വിശ്രമം;
വിട്ടുപോവൂ മുഷിഞ്ഞാകിൽ,
തെളിഞ്ഞെന്നാലിരുന്നിടു.

മട്ടത്താൽ മന്ത്രി സേവിച്ചു
വനമോ ദീർഘസത്രമോ
പുത്രരക്ഷാർത്ഥമായ് ഗൂഢ-
ധനാദിയെയുരച്ചുതാൻ.

നൃപൻ മുഖ്യർവശത്തായാ-
ലമാത്യൻ തൽപ്രിയാശ്രയാൽ
ഇതിഹാസപുരാണങ്ങൾ-
വഴിയായ് നീതിയോതിടൂ.

യോഗവൃത്ത്യാ വശത്താക്കി-
സ്സിദ്ധവ്യഞ്ജനരൂപനായ്
ചെയ്യിപ്പൂ നൃപനെക്കൊണ്ടു
ദൂഷ്യരിൽ ദാണ്ഡകർമ്മികം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, യോഗവൃത്തമെന്ന
അഞ്ചാമധികരണത്തിൽ, രാജ്യപ്രതിസന്ധാനം-
ഏകൈശ്വര്യം എന്ന
ആറാമദ്ധ്യായം.

യോഗവൃത്തം അഞ്ചാമധികരണം കഴിഞ്ഞു.

# * മണ്ഡലയോനി. ആറാം അധികരണം.

## ഒന്നാം അദ്ധ്യായം.

### തൊണ്ണൂറ്റാറാം പ്രകരണം.

### പ്രകൃതിസമ്പത്തുകൾ.

സ്വാമി, അമാത്യൻ, ജനപദം, ദുർഗ്ഗം, കോശം, ദണ്ഡം (സൈന്യം), മിത്രം എന്നിവയാണ് പ്രകൃതികൾ.

ഇവയിൽവച്ചു സ്വാമിയുടെ സമ്പത്ത് (ഗുണങ്ങൾ) ഏവയെന്നാൽ:— മഹാകുലീനനായിരിക്കുക, ദൈവവും (പൂർവ്വജന്മസുകൃതം) ബുദ്ധിയും സത്വവും (ധൈര്യം) തികഞ്ഞവനായിരിക്കുക, വൃദ്ധദർശി (ജ്ഞാനവൃദ്ധന്മാർ മുഖേന കാര്യങ്ങളെ കാണുന്നവൻ) യായിരിക്കുക, ധാർമ്മികനായിരിക്കുക, സത്യവാക്കായിരിക്കുക, അവിസംവാദകനായിരിക്കുക, കൃതജ്ഞനായിരിക്കുക, സ്ഥൂലലക്ഷൻ (വളരെ ദാനം ചെയ്യുന്നവൻ) ആയിരിക്കുക, മഹോത്സാഹനായിരിക്കുക, ദീർഘസൂത്രൻ (അധികം ആലോചിച്ചു സമയം കളയുന്നവൻ) അല്ലാതിരിക്കുക, ശക്യസാമന്തൻ (സാമന്തന്മാരെ ഒതുക്കുവാൻ ശക്തൻ) ആയിരിക്കുക, ദൃഢബുദ്ധിയായിരിക്കുക, ക്ഷുദ്രമല്ലാത്ത മന്ത്രിപരിഷത്തുള്ളവനായിരിക്കുക, വിനയകാമനായിരിക്കുക എന്നിവ ആഭിഗാമി

---

* മണ്ഡലമെന്നാൽ വിജിഗീഷു (സ്വാമി), ശത്രു, മദ്ധ്യമൻ, ഉദാസീനൻ എന്നിങ്ങനെ നാലുവകക്കാരോടുകൂടിയ രാജമണ്ഡലം. യോനിയെന്നാൽ അടുത്ത അധികരണത്തിൽ പറയപ്പെടാൻപോകുന്ന ഷാഡ്ഗുണ്യത്തെ പ്രയോഗിക്കേണ്ടുന്ന വിഷയം. സന്ധിവിഗ്രഹാദിയായി പരസ്പരാപേക്ഷയിലുള്ള ഷാഡ്ഗുണ്യത്തെ പ്രയോഗിക്കുന്നതു മണ്ഡലത്തിങ്കലാണ്.

കഗുണങ്ങൾ (മററുള്ളവരെ സ്വസന്നിധിയിലേക്ക ആകർഷിക്കുന്ന ഗുണങ്ങൾ).

ശുശ്രൂഷ (കേട്ടറിവാനുള്ള ഇച്ഛ), ശ്രവണം, ഗ്രഹണം, ധാരണം, വിജ്ഞാനം (വിശേഷജ്ഞാനം), ഊഹം, അപോഹം, തത്വാഭിനിവേശം എന്നിവ പ്രജ്ഞാഗുണങ്ങൾ (ബുദ്ധിഗുണങ്ങൾ).

ശൌര്യം, അമർഷം (അക്ഷമത്വം), ശീഘ്രത, ദാക്ഷ്യം എന്നിവ ഉത്സാഹഗുണങ്ങൾ.

വാഗ്മിയായിരിക്കുക, പ്രഗത്ഭനായിരിക്കുക, സ്മൃതി (കീഴാലോചന)യും മതി (മേലാലോചന) യും ബലവുമുള്ളവനായിരിക്കുക, ഉദഗ്രൻ (മഹാശയൻ) ആയിരിക്കുക, സ്വവഗ്രഹനായിരിക്കുക, കൃതശില്പനായിരിക്കുക, അവ്യസനനായിരിക്കുക, ദണ്ഡാദികളെക്കൊണ്ടുള്ള ഉപകാരാപകാരങ്ങളിൽ ശാസ്ത്രദൃഷ്ടമായ പ്രതീകാരം ചെയ്യുന്നവനായിരിക്കുക, ലജ്ജാശീലനായിരിക്കുക, ആപത്തിലും പ്രകൃതി (സ്വസ്ഥാവസ്ഥ)യിലും അർത്ഥത്തെ വിനിയോഗിക്കുന്നവനായിരിക്കുക, ദീർഘദർശിയായിരിക്കുക, ദൂരദർശി (ദൂരസ്ഥിതങ്ങളായ കാര്യങ്ങളെ ചാരചക്ഷുസ്സുകൊണ്ടു കാണുന്നവൻ) യായിരിക്കുക, ദേശത്തെയും കാലത്തെയും പുരുഷകാര (പുരുഷപ്രയത്നം) ത്തെയും കാര്യത്തെയും പ്രധാനമായിക്കരുതുന്നവനായിരിക്കുക, സന്ധിയും വിക്രമ(വിഗ്രഹം)വും ത്യാഗ (ദാനപ്രയോഗം) വും സംയമവും ചെയ്യേണ്ടതിനെക്കുറിച്ചും പരന്റെ ഛിദ്രങ്ങളെക്കുറിച്ചും തിരിച്ചറിയുന്നവനായിരിക്കുക, സംവൃതൻ (ഗുപ്തമന്ത്രൻ) ആയിരിക്കുക, ദീനാഭിഹാസി (ദീനന്മാരെ പരിഹസിക്കുന്നവൻ) യല്ലാതിരിക്കുക, അവക്രമായും ഭ്രുകുടിയോടുകൂടാതെയും നോക്കുന്നവനായിരിക്കുക, കാമവും ക്രോധവും ലോഭവും സ്തംഭവും ചാപലവും ഉപതാപ (പ്രജാദ്രോഹം) വും പൈശുന്യവും ഇല്ലാത്തവനായിരിക്കുക, പ്രിയമായും

മന്ദസ്മിതത്തോടുകൂടിയും ഉദാരമായും സംഭാഷണംചെയ്യുന്നവനായിരിക്കുക, വൃദ്ധോപദേശപ്രകാരമുള്ള ആചാരങ്ങളെ അനുസരിക്കുന്നവനായിരിക്കുക എന്നിവയാണ് ആത്മസമ്പത്ത് (ആത്മഗുണങ്ങൾ).

അമാത്യസമ്പത്തു മുമ്പു * പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

മദ്ധ്യത്തിലും അന്തത്തിലും സ്ഥാനം (ദുർഗ്ഗം) ഉള്ളതായിരിക്കുക, ആത്മധാരണവും (സ്വദേശവാസികളുടെ ജീവിതത്തിനുവേണ്ട ധാന്യാദികൾ വിളയുന്നത്) ആപൽക്കാലങ്ങളിൽ പരധാരണവും (പരന്മാരെ പോററുവാൻ വേണ്ട പദാർത്ഥങ്ങൾ വിളയുന്നതു) ആയിരിക്കുക, സ്വാരക്ഷ (തക്കതായ രക്ഷാസ്ഥാനങ്ങളോടുകൂടിയതു്) മായിരിക്കുക, സ്വാജീവം (പ്രയാസംകൂടാതെ കൃഷി മുതലായവ ചെയ്വാൻ സാധിക്കുന്നതു്) ആയിരിക്കുക, ശത്രുദ്വേഷി (ശത്രുക്കളെ ദ്വേഷിക്കുന്നതു്) ആയിരിക്കുക, ശക്യസാമന്തമായിരിക്കുക, ചളിനിലങ്ങളും പാഷാണപ്രദേശങ്ങളും ഊഷരപ്രദേശങ്ങളും വിഷമസ്ഥലങ്ങളും കണ്ടകജനങ്ങളും ശ്രേണികളും (രാജവിരോധികളായ ജനങ്ങളുടെ സംഘങ്ങൾ) വ്യാളമൃഗവനങ്ങളും ഇല്ലാത്തതായിരിക്കുക, കാഴ്ചയിൽ രമണീയമായിരിക്കുക, സീതയും (കൃഷിസ്ഥലം) ഖനിയും ദ്രവ്യവനവും ഹസ്തിവനവും ഉള്ളതായിരിക്കുക, ഗവ്യം (ഗോക്കൾക്കു ജീവിക്കുവാൻ നല്ലത്) ആയിരിക്കുക, പൌരുഷേയം (പുരുഷപ്രയത്നത്തിനു പററിയത്) ആയിരിക്കുക, ഗുപ്തഗോചരം (ശത്രുക്കൾക്കു പ്രവേശിക്കാവുന്ന സ്ഥാനങ്ങളിൽ കാവലുള്ളതു) ആയിരിക്കുക, പശുസമൃദ്ധിയുള്ളതായിരിക്കുക, അദേവമാതൃകം (നദീജലംകൊണ്ടു വിളയുന്ന ധാന്യങ്ങളാൽ സംരക്ഷിക്കപ്പെടുന്നതു്) ആയിരിക്കുക, ജലമാർഗ്ഗങ്ങളും സ്ഥലമാർഗ്ഗങ്ങളുമുള്ളതായിരിക്കുക, വ-

* ഒന്നാമധികരണം ഒമ്പതാമദ്ധ്യായം നോക്കുക.

ഷയേറിയ വിവിധപണ്യദ്രവ്യങ്ങളുള്ളതായിരിക്കുക, ദണ്ഡമായും കരമായും ധാരാളം ദ്രവ്യം പിരിയുന്നതായിരിക്കുക, കർമ്മശീലന്മാരായ കൃഷകന്മാരോടുകൂടിയതായിരിക്കുക, ബുദ്ധിമാന്മാരായ സ്വാമികൾ (ധനവാന്മാർ) ഉള്ളതായിരിക്കുക, താണ ജാതിക്കാർ ഏറെയുള്ളതായിരിക്കുക, രാജഭക്തരും ശുദ്ധരുമായ നിവാസികളോടുകൂടിയതായിരിക്കുക എന്നിവയാണ് ജനപദസമ്പത്ത് (ജനപദഗുണങ്ങൾ.)

ദുർഗ്ഗസമ്പത്ത് മുൻപു * പറയപ്പെട്ടിട്ടുണ്ട്.

പൂർവ്വന്മാരാലോ തന്നാൽത്തന്നെയോ ധർമ്മമനുസരിച്ച് സമ്പാദിക്കപ്പെട്ടതായിരിക്കുക, സ്വർണ്ണവും വെള്ളിയും ധാരാളമുള്ളതായിരിക്കുക, വിവിധങ്ങളും മഹത്തുക്കളുമായ രത്നങ്ങളോടും സ്വർണ്ണനാണ്യങ്ങളോടും കൂടിയതായിരിക്കുക, ദീർഘകാലം നിലനിൽക്കുന്ന ആപത്തിനേയും അനായതി (വരവില്ലായ്മ)യേയുംകൂടി സഹിക്കുന്നതായിരിക്കുക എന്നിവയാണ് കോശസമ്പത്ത് (കോശഗുണം).

പിതൃപൈതാമഹം (അച്ഛൻ മുത്തച്ഛൻ തുടങ്ങി പരമ്പരയാ ഉള്ളത്) ആയിരിക്കുക, നിത്യമായിരിക്കുക, വശ്യമായിരിക്കുക, സന്തുഷ്ടരാകത്തക്കവിധം ഭരിക്കപ്പെടുന്ന പുത്രന്മാരോടും ഭാര്യമാരോടും കൂടിയതായിരിക്കുക, പ്രവാസകാലങ്ങളിലുംകൂടി ധനം നൽകപ്പെടുന്നതായിരിക്കുക, ഒരിടത്തും തടയപ്പെടാത്തതായിരിക്കുക, ക്ലേശസഹമായിരിക്കുക, വളരെ യുദ്ധങ്ങൾ ചെയ്തു പരിചയിച്ചതായിരിക്കുക, സർവ്വവിധത്തിലുമുള്ള യുദ്ധങ്ങളിലും ആയുധവിദ്യകളിലും നൈപുണ്യമുള്ളതായിരിക്കുക, സ്വാമിയുടെ വൃദ്ധിക്ഷയങ്ങളിൽ ഒരുപോലെ ഭാഗഭാക്കാകയാൽ ദ്വൈധ്യം (രണ്ടെന്ന ഭാവം) ഇല്ലാത്തതായിരിക്കുക, ക്ഷത്രിയബഹുലമാ

* രണ്ടാമധികരണത്തിൽ രണ്ടാമത്തെ അദ്ധ്യായം നോക്കുക.

യിരിക്കുക എന്നിവയാണ് ദണ്ഡസമ്പത്തു് (സൈന്യങ്ങളുടെ ഗുണങ്ങൾ).

പിതൃപൈതാമഹമായിരിക്കുക, നിത്യമായിരിക്കുക, വശ്യമായിരിക്കുക, ദ്വൈധ്യമില്ലാത്തതായിരിക്കുക, മഹത്തായിരിക്കുക, ലഘുസമുത്ഥം (എളുപ്പത്തിൽ സാഹായ്യത്തിന്നു പുറപ്പെടുന്നത്) ആയിരിക്കുക എന്നിവയാണ് മിത്രസമ്പത്തു് (മിത്രത്തിന്നു വേണ്ട ഗുണങ്ങൾ.)

അരാജബീജി (രാജവംശ്യനല്ലാത്തവൻ) ആയിരിക്കുക, ലുബ്ധനായിരിക്കുക, ക്ഷുദ്രപരിവാരനായിരിക്കുക, സ്നേഹമില്ലാത്ത പ്രകൃതികളോടുകൂടിയവനായിരിക്കുക, അന്യായവൃത്തിയായിരിക്കുക, അയുക്തൻ (അനർത്ഥാഗമൻ)ആയിരിക്കുക, വ്യസനിയായിരിക്കുക, നിരുത്സാഹനായിരിക്കുക, ദൈവപ്രമാണനായിരിക്കുക, ആലോചന കൂടാതെ എന്തെങ്കിലും ചെയ്യുന്നവനായിരിക്കുക, അഗതി (തോല്പിണഞ്ഞാൽ ശരണമില്ലാത്തവൻ) യായിരിക്കുക, അസഹായനായിരിക്കുക, അധീരനായിരിക്കുക, എപ്പോഴും ഉപദ്രവിക്കുന്നവനായിരിക്കുക എന്നിവയാണ് അമിത്രസമ്പത്ത് (അമിത്രന്ന്=ശത്രുവിന്ന് ഉണ്ടാകേണ്ട ഗുണങ്ങൾ). ഇപ്രകാരമിരിക്കുന്ന ശത്രുവിനെ നിഷ്പ്രയാസം ഉച്ഛേദിച്ചുകളവാൻ സാധിക്കുന്നതാണ്.

അരിയെന്യേ പ്രകൃതിക-
ളേഴും തത്തൽഗുണങ്ങളും
പറഞ്ഞി,തിവ ഭൂപന്നു
൧ സമ്പൽപ്രത്യംഗഭൂതരാം.

ഗുണമില്ലാത്തൊരിപ്പിവയെ-
ഗ്ഗുണവത്താക്കുമാത്മവാൻ;
വർധിച്ചിണങ്ങിയെന്നാലും
ഹനിച്ചീടുമനാത്മവാൻ.

ദുഷ്ടപ്രകൃതിയായ്ത്തീർന്നാൽ
ചതുരന്തേശനാകിലും
ഹനിക്കുമവ,രല്ലെങ്കിൽ
മാററാർകയ്യിലകപ്പെടും.

ആത്മപ്രകൃതിസമ്പത്തു
തികഞ്ഞോനല്പനാകിലും
നയത്താൽ ഭൂമിയഖിലം
ജയിക്കും, ക്ഷയമാർന്നിടാ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, മണ്ഡലയോനി എന്ന ആറാമധികരണത്തിൽ, പ്രകൃതിസമ്പത്തുകളെന്ന ഒന്നാമദ്ധ്യായം.**

---

## രണ്ടാം അദ്ധ്യായം.

### തൊണ്ണൂറേഴാം പ്രകരണം.

### ശമവ്യായാമികം.

ശമം, വ്യായാമം എന്നിവയാണ് യോഗക്ഷേമങ്ങൾക്കു കാരണം *

ആരംഭിച്ച കർമ്മങ്ങൾക്കു ഫലത്തെസ്സാധിപ്പിക്കുന്നതു വ്യായാമം; കർമ്മഫലങ്ങളെ അനുഭവിക്കുന്നതിൽ ക്ഷേമം (വിഘ്നവിഘാതം) ഉണ്ടാക്കുന്നതു ശമം. ഈ ശമവ്യായാമങ്ങൾക്കു ഷാഡ്ഗുണ്യമാണ് കാരണം. ക്ഷയം (പൂർവ്വ

---

* യോഗമെന്നാൽ അലബ്ധമായിട്ടുള്ള അർത്ഥത്തിന്റെ ലാഭം; ക്ഷേമമെന്നതു ലബ്ധമായിട്ടുള്ളതിന്റെ രക്ഷ. ഇവറ്റു ശമം (സമാധാനം), വ്യായാമം (യത്നം) എന്നിവയാണ് കാരണങ്ങൾ. ഇവിടെ ക്രമം വിവക്ഷിച്ചിട്ടില്ല. ആകയാൽ ശമം ക്ഷേമത്തിന്റെ കാരണവും, വ്യായാമം യോഗത്തിന്റെ കാരണവുമാണെന്നു ഗ്രഹിക്കേണ്ടതാണ്.

സ്ഥിതിയിൽനിന്നുള്ള കുറവ്), സ്ഥാനം (പൂൎവ്വസ്ഥിതിയിൽത്തന്നെ ഇരിക്കുക), വൃദ്ധി (പൂൎവ്വസ്ഥിതിയിൽനിന്നുള്ള കയററം) എന്നിവയാണ് ഉദയങ്ങൾ (ഷാഡ്ഗുണ്യത്തിന്റെ ഫലങ്ങൾ).

ഷാഡ്ഗുണ്യത്തിനു ഫലമുണ്ടാക്കിത്തീൎക്കുന്ന കൎമ്മങ്ങളിൽവച്ച് മാനുഷം (മനുഷ്യകൃതം) ആയിട്ടുള്ളതാണ് നയവും, അപനയവും. ദൈവം (ദൈവകൃതം) ആയിട്ടുള്ളതത്രേ അയവും, അനയവും.

ദൈവവും മാനുഷവുമായിട്ടുള്ള കൎമ്മമാണ് ലോകയാത്രയെ നയിക്കുന്നത്. ഇവയിൽവച്ച് അദൃഷ്ടത്താൽ ചെയ്യിക്കപ്പെട്ടതു ദൈവം; അതുകൊണ്ടുള്ള ഇഷ്ടഫലസിദ്ധി അയം; അനിഷ്ടഫലസിദ്ധി അനയം. ‡

ദൃഷ്ടമായിട്ട് ചെയ്യപ്പെട്ട കൎമ്മം മാനുഷം. അതുകൊണ്ടു യോഗക്ഷേമങ്ങളുടെ സിദ്ധി നയവും, അസിദ്ധി അപനയവുമാകുന്നു. അതു് ചിന്ത്യം (ചിന്തിപ്പാൻ കഴിയുന്നതു്) ആണ്. ദൈവമാകട്ടെ അചിന്ത്യമാകുന്നു. *

ആത്മസമ്പത്തും ദ്രവ്യപ്രകൃതിസമ്പത്തുക്കളും തികഞ്ഞ് നയത്തിന്നധിഷ്ഠാനമായിട്ടുള്ള രാജാവാണ് വിജിഗീഷു. അദ്ദേഹത്തിന്റെ ചുഴലവും മണ്ഡലീഭൂതന്മാരായി വൎത്തിക്കുന്നവരും അടുത്ത ഭൂമിയുടെ നാഥന്മാരുമായ രാ

---

‡ അദൃഷ്ടമെന്നാൽ കാണപ്പെടാത്തതെന്നൎത്ഥം. ഇതു ധൎമ്മമെന്നും അധൎമ്മമെന്നും രണ്ടുപ്രകാരത്തിൽ ഉണ്ട്. ധൎമ്മം ചെയ്തിരുന്നാൽ അതിൻഫലം ഉടനെ ഇഷ്ടമായിട്ടുള്ള ഫലവും അധൎമ്മം ചെയ്തിരുന്നാൽ അതിൻഫലമായി ഉടനെ അനിഷ്ടമായിട്ടുള്ള ഫലവും സിദ്ധിക്കും. ഇവയിൽവച്ച് ഇഷ്ടഫലസിദ്ധിയെ അയം (ഭാഗ്യം) എന്നും അനിഷ്ടഫലസിദ്ധിയെ അനയം (ഭാഗ്യക്കേട്) എന്നും പറയുന്നു.

* മാനുഷകൎമ്മം ദൃഷ്ടമായിട്ട് ചെയ്യപ്പെടുന്നതാകയാൽ അതിന് ഇന്നവിധത്തിലുള്ള ഫലം വരുമെന്നു മുൻകൂട്ടിച്ചിന്തിപ്പാൻ കഴിയും.

ജാക്കന്മാർ അരികളാകുന്നു. അപ്രകാരംതന്നെ അതിന്നടുത്ത ഭൂമിയുടെ അധിപനായ രാജാവു മിത്രവുമാകുന്നു *

അരിസമ്പത്തു തികഞ്ഞ സാമന്തൻ ശത്രുവാകുന്നു. അവൻ വ്യസനി (മൃഗയാദികളായ വ്യസനങ്ങളുള്ളവൻ) ആയിരുന്നാൽ യാതവ്യൻ (ആക്രമിക്കപ്പെടുവാനർഹൻ) ആകും. ആശ്രയഹീനനോ ആശ്രയങ്ങൾക്കു ബലമില്ലാത്തവനോ ആയിരുന്നാൽ ഉച്ഛേദനീയൻ (മൂലച്ഛേദം ചെയ്യേണ്ടവൻ) ആകും. മറിച്ചായാൽ പീഡനീയനോ (പീഡിപ്പിക്കപ്പെടുവാൻ അർഹൻ) കർശനീയനോ (ക്ഷീണിപ്പിക്കപ്പെടുവാൻ അർഹൻ) ആകും. ഇങ്ങനെ അരിഭേദങ്ങൾ. ‡

അരിയെക്കഴിച്ചാൽപ്പിന്നെ മുൻഭാഗത്തുള്ള ഓരോ രാജ്യത്തിന്റെയും അധിപതികളായിട്ടുള്ള രാജാക്കന്മാർ മിത്രം (ബന്ധു), അരിമിത്രം (ശത്രുവിന്റെ ബന്ധു), മിത്രമിത്രം (മിത്രത്തിന്റെ ബന്ധു), അരിമിത്രമിത്രം (അരിമിത്രത്തിന്റെ ബന്ധു) എന്നിവരാകുന്നു. വിജിഗീഷുവിന്റെ പിൻഭാഗത്തുള്ള രാജ്യങ്ങളിലെ രാജാക്കന്മാരാകട്ടെ യഥാക്രമം പാർഷ്ണിഗ്രാഹൻ (പാർഷ്ണി=കാലിന്റെ മടമ്പിനെ കടന്നുപിടിക്കുന്നവൻ; അരിമിത്രൻ), ആക്രന്ദൻ (വിജിഗീഷുമിത്രം), പാർഷ്ണിഗ്രാഹാസാരൻ (അരിമിത്രമിത്രം), ആക്രന്ദാസാരൻ(വിജിഗീഷുമിത്രമിത്രം)എന്നിവരാകുന്നു *

---

ഭേദവും അദൃഷ്ടമാകയാൽ ഇതു് ന്യായ്യമല്ല. എന്നു രണ്ടിനും തമ്മിൽ ഭേദം

* ജയേച്ഛുവായിപ്പുറപ്പെടുന്ന രാജാവിനു വിജിഗീഷുവെന്നു പേരാണു്. വിജിഗീഷുവിന്റെ ചുറ്റും അടുത്തു തൊട്ടുകിടക്കുന്ന രാജ്യത്തിലെ രാജാവു് അരിയും, അതിന്നപ്പുറത്തുള്ള രാജ്യത്തിലെ രാജാവു മിത്രവുമാണെന്നർത്ഥം.

‡ ഇതിൽ ശത്രുക്കളുടെ വകഭേദങ്ങളെയാണു് പറയുന്നതു്. സാമന്തശത്രു, യാതവ്യൻ, ഉച്ഛേദനീയൻ, പീഡനീയൻ അഥവാ കർശനീയൻ എന്നിങ്ങനെയാണു് ശത്രുക്കളുടെ ഭേദങ്ങൾ.

* ശത്രുവിന്റെ അടുത്തരാജ്യത്തിലെ രാജാവു മിത്രം, അതിനടുത്തരാജ്യത്തിലെ രാജാവു് അരിമിത്രം, അനന്തരരാജ്യത്തിലെ രാജാവു മി

വിജിഗീഷുവിന്റെ രാജ്യത്തിന്നു തൊട്ടടുത്ത രാജ്യത്തെ രാജാവും വിജിഗീഷുവിന്റെ തുല്യാഭിജനൻ (സമാനവംശ്യൻ) ആയിട്ടുള്ളവനും പ്രകൃത്യമിത്രനാകയാൽ സഹജശത്രുക്കളാകുന്നു. വിജിഗീഷുവിനാൽ അങ്ങോട്ടു വിരോധിക്കപ്പെട്ടവനും വിജിഗീഷുവിനെ ഇങ്ങോട്ടു വിരോധിച്ചവനും കൃത്രിമശത്രു (ക്രിയകൊണ്ടു ശത്രുവായവൻ) ആകുന്നു.

വിജിഗീഷുവിന്റെ ഭൂമിയിൽനിന്നു ഒരു ഭൂമി ഇടവിട്ടിട്ടുള്ള രാജ്യത്തെ രാജാവും, വിജിഗീഷുവിന്നു അച്ഛൻ വഴിക്കോ അമ്മ വഴിക്കോ ചാർച്ചയുള്ള രാജാവും പ്രകൃത്യാമിത്രമാകയാൽ സഹജബന്ധുക്കളാകുന്നു. ധനത്തിന്നോ ജീവിതത്തിന്നോ വേണ്ടി വിജിഗീഷുവിനാൽ ആശ്രയിക്കപ്പെട്ട രാജാവ് കൃത്രിമമിത്രവുമാകുന്നു.

അരിയുടേയും വിജിഗീഷുവിന്റേയും ഭൂമ്യനന്തരനായിരിക്കുന്നവനും (രണ്ടു രാജ്യങ്ങളുടെയും സന്ധിയിലുള്ള ദേശം വാഴുന്നവൻ), അവരിരുവരും സംഹതന്മാർ (സന്ധിചെയ്തവർ) ആയാൽ അവരെ അനുഗ്രഹിക്കുന്നതിന്നും അസംഹതന്മാരായാൽ നിഗ്രഹിക്കുന്നതിന്നും സമർത്ഥനുമായിട്ടുള്ള രാജാവ് മധ്യമനാകുന്നു.

---

ത്രമിത്രം, ഇതനന്തരരാജ്യത്തെ രാജാവ് അതിമിത്രമിത്രം എന്നിങ്ങനെ വിജിഗീഷുവിന്റെ പുരോഭാഗത്തെ മണ്ഡലങ്ങളും, വിജിഗീഷുവിന്റെ പൃഷ്ഠഭാഗത്തു അടുത്തു തൊട്ടുകിടക്കുന്ന രാജ്യത്തെ രാജാവു പാർഷ്ണിഗ്രാഹൻ, അതിന്റെ പിന്നിലുള്ള രാജ്യത്തെ രാജാവ് ആക്രന്ദൻ, അതിന്റെ പിന്നിലുള്ള രാജ്യത്തെ രാജാവു പാർഷ്ണിഗ്രാഹാസാരൻ, അതിന്റെ പിന്നിലുള്ള രാജ്യത്തെ രാജാവ് ആക്രന്ദാസാരൻ എന്നിങ്ങനെ അറിയേണ്ടതാണ്. വിജിഗീഷുവിന്റെ മുൻപിൻ ക്രമത്തിൽ അരി, മിത്രം, അരിമിത്രം, മിത്രമിത്രം, അരിമിത്രമിത്രം എന്നിങ്ങനെ അഞ്ചും പിൻഭാഗത്തു പാർഷ്ണിഗ്രാഹൻ, ആക്രന്ദൻ, പാർഷ്ണിഗ്രാഹാസാരൻ, ആക്രന്ദാസാരൻ എന്നിങ്ങനെ നാലും മദ്ധ്യത്തിൽ വിജിഗീഷുവും കൂടി പത്തു രാജാക്കന്മാരുടെ ക്രമം.

അരിയുടെയും വിജിഗീഷുവിന്റെയും മദ്ധ്യമന്റെയും പ്രകൃതികളിൽനിന്നു പുറമെയുള്ളവനും, മദ്ധ്യമനെക്കാൾ ബലം കൂടിയവനും അരിവിജിഗീഷുമദ്ധ്യമന്മാർ തമ്മിൽ സന്ധി ചെയ്താലും ഇല്ലെങ്കിലും അവരെ അനുഗ്രഹിക്കുന്നതിൽ സമർത്ഥനും സന്ധി ചെയ്യാതിരുന്നാൽ അവരെ നിഗ്രഹിക്കുന്നതിൽ നിപുണനും ആയിട്ടുള്ള രാജാവു് ഉദാസീനനത്രെ. ഇങ്ങനെ രാജപ്രകൃതികൾ.

വിജിഗീഷു, മിത്രം, മിത്രമിത്രം എന്നിങ്ങനെ മൂന്നു രാജാക്കന്മാർ അവരോരോരുത്തരുടേയും അമാത്യൻ, ജനപദം, ദുർഗ്ഗം, കോശം, ദണ്ഡം എന്നീ പ്രകൃതികളോടു ഒററയ്ക്കൊററയ്ക്കു ചേർന്നിട്ടു് പതിനെട്ടു അവയവമുള്ള മണ്ഡലം ആയിത്തീരുന്നു. ഇതുകൊണ്ടു് അരിയുടേയും, മദ്ധ്യമന്റെയും ഉദാസീനന്റെയും മണ്ഡലങ്ങൾ വേറെ വേറെ പറയപ്പെട്ടു. ഇങ്ങനെ മണ്ഡലങ്ങൾ നാലു്. രാജപ്രകൃതികൾ പന്ത്രണ്ടും ദ്രവ്യപ്രകൃതികൾ അറുപതും കൂടി ആകെ ചുരുക്കത്തിൽ പ്രകൃതികൾ എഴുപത്തിരണ്ടു്. *

മേൽപ്പറഞ്ഞ പ്രകൃതികൾക്കു വേറെ വേറെ സ്വഭാവങ്ങളും (ഗുണങ്ങൾ) ശക്തിയും സിദ്ധിയും ഉണ്ടു്. ശക്തി എന്നാൽ ബലം; സിദ്ധി എന്നാൽ സുഖം.

ശക്തിയെന്നതു മന്ത്രശക്തി, പ്രഭുശക്തി, ഉത്സാഹശക്തി എന്നിങ്ങനെ മൂന്നുവിധം. മന്ത്രശക്തി എന്നതു ജ്ഞാനബലം; പ്രഭുശക്തി എന്നാൽ കോശദണ്ഡങ്ങളുടെ ബലം; ഉത്സാഹശക്തി എന്നതു വിക്രമബലം.

---

* വിജിഗീഷുമണ്ഡലം, അരിമണ്ഡലം, മദ്ധ്യമമണ്ഡലം, ഉദാസീനമണ്ഡലം എന്നിങ്ങനെ മണ്ഡലങ്ങൾ നാലു്. അരിമിത്രാദികളായി പറയപ്പെട്ടവർ പത്തും മദ്ധ്യമോദാസീനന്മാരുംകൂടി ആകെ രാജപ്രകൃതികൾ പന്ത്രണ്ടു്. അവരോരോരുത്തർക്കും വെവ്വേറെ അമാത്യൻ, ജനപദം, ദുർഗ്ഗം, കോശം, ദണ്ഡം എന്നിങ്ങനെയുള്ള ദ്രവ്യപ്രകൃതികൾ അറുപതു്. രാജപ്രകൃതികൾ പന്ത്രണ്ടും ദ്രവ്യപ്രകൃതികൾ അറുപതുംകൂടി ആകെ പ്രകൃതികൾ എഴുപത്തിരണ്ടെന്നു സാരം.

ഇപ്രകാരംതന്നെ സിദ്ധിയും മൂന്നുവിധമാകുന്നു. മന്ത്രശക്തികൊണ്ടു സാധിക്കാവുന്ന സിദ്ധി മന്ത്രസിദ്ധി; പ്രഭശക്തികൊണ്ടു സാധിക്കാവുന്ന സിദ്ധി പ്രഭുസിദ്ധി; ഉത്സാഹശക്തികൊണ്ടു സാധിക്കാവുന്ന സിദ്ധി ഉത്സാഹസിദ്ധി.

ഈ ശക്തികളും സിദ്ധികളും അധികമുള്ള രാജാവു് ശ്രേഷ്ഠനായി ഭവിക്കുന്നു; ഇവ കുറവായിട്ടുള്ള രാജാവു് ഹീനനും, തുല്യശക്തി (സമശക്തി) യായിട്ടുള്ളവൻ സമനുമാകുന്നു. ആയതുകൊണ്ടു രാജാവു് ശക്തിയേയും സിദ്ധിയേയും തന്നിൽ ആവേശിപ്പിക്കുവാൻ പ്രയത്നം ചെയ്യണം. സാധാരണൻ (ശക്തിസിദ്ധികളെ ആത്മാവിൽ ആവേശിപ്പിക്കുവാൻ അശക്തൻ) ആയ രാജാവു് അവയെ ദ്രവ്യപ്രകൃതികളിൽ (അമാത്യൻ, ജനപദം മുതലായവയിൽ) ഓരോന്നിലും ആനന്തര്യേണയോ അഥവാ അവയുടെ ശുദ്ധിയെ അനുസരിച്ചോ ആവേശിപ്പിക്കുവാൻ പ്രയത്നിക്കണം. അല്ലെങ്കിൽ ശത്രുവിനു ദ്വേഷ്യരും അമിത്രരുമായിട്ടുള്ളവർ മുഖേന ശത്രുവിന്റെ ശക്തിയേയും സിദ്ധിയേയും കുറയ്ക്കുവാൻ യത്നം ചെയ്യണം.

അഥവാ— "എന്റെ ശത്രു ശക്തിയുക്തനാണെങ്കിലും മേലിൽ വാക്പാരുഷ്യവും ദണ്ഡപാരുഷ്യവും അർത്ഥദൂഷണവും ചെയ്തു് തന്റെ പ്രകൃതികളെ ഉപഹനിക്കും. അവൻ ഇപ്പോൾ സിദ്ധിയുക്തനാണെങ്കിലും മൃഗയാവിനോദത്തിലും ദ്യൂതക്രീഡയിലും മദ്യപാനത്തിലും സ്ത്രീസേവയിലും പ്രസക്തനായിട്ടു് പ്രമാദത്തെ പ്രാപിക്കും. അവൻ പ്രകൃതികളുടെ അപ്രീതിക്കു പാത്രമായി ഉപക്ഷീണനായി പ്രമത്തനായിത്തീരുകയും അപ്പോൾ എനിക്കവനെ ജയിപ്പാൻ സാധിക്കുകയും ചെയ്യും. സർവ്വബലസമൂഹങ്ങളോടുംകൂടി ഞാൻ യുദ്ധത്തിനു ചെന്നതിനാൽ അവൻ ഏകനായി ദുർഗ്ഗത്തിൽ ശരണം പ്രാപിക്കും. സൈന്യംതാൻ ധാരാളമുണ്ടെങ്കിലും മിത്രവും ദുർഗ്ഗവും ഇല്ലാത്തതുകൊണ്ടു

എനിക്കു അവനെ ജയിപ്പാൻ സാധിക്കും. മറെറാരു ശത്രുവിനെ ഉച്ഛേദിക്കുവാൻ പുറപ്പെട്ടിട്ടുള്ള ബലവാനായ ഒരു രാജാവ് തന്നാൽ ഉച്ഛേദിക്കപ്പെടുന്ന ആ ശത്രുവിനെ ഹനിക്കുന്നതിൽ എന്റെ സാഹായ്യം ആവശ്യപ്പെടുകയും, അതിൽവച്ചു കർമ്മാരംഭവിപത്തി സംഭവിക്കുമ്പോഴോ ഒരു മദ്ധ്യമന്റെ ആവശ്യം വരുമ്പോഴോ എനിക്കു സാഹായ്യം നൽകുകയുംചെയ്യും." എന്നു കാണുന്നപക്ഷം, ഈവക കാരണങ്ങളുണ്ടായാൽ തൽക്കാലം ശത്രുവിന്റെ ശക്തിയെയും സിദ്ധിയെയും ക്ഷമിച്ചിരിക്കാവുന്നതാണ്.

നേമിരേകാന്തരനൃപ-
രനന്തരരങ്ങളും
നേതാവു നാഭിസ്ഥാനത്തു-
മാകണം നൃപമണ്ഡലേ.

ബലവാനാകിലും ശത്രു
നേതൃമിത്രാന്തരസ്ഥിതൻ
ഉച്ഛേദ്യനായ്ഭവിച്ചീടു-
മഥവാ പീഡനീയനാം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, മണ്ഡലയോനി എന്ന ആറാമധികരണത്തിൽ, ശമവ്യായാമികമെന്ന രണ്ടാമദ്ധ്യായം.**

**മണ്ഡലയോനി ആറാമധികരണം കഴിഞ്ഞു.**

## ഷാഡ്ഗുണ്യം. ഏഴാം അധികരണം.

### ഒന്നാം അദ്ധ്യായം.

#### തൊണ്ണൂററെട്ടും തൊണ്ണൂററൊമ്പതും പ്രകരണങ്ങൾ.

#### ഷാഡ്ഗുണ്യസമുദ്ദേശം, ക്ഷയസ്ഥാനവൃദ്ധി നിശ്ചയം.

ഷാഡ്ഗുണ്യത്തിന്നു പ്രകൃതിമണ്ഡലമാണ് യോനി (വിഷയം.)

സന്ധി, വിഗ്രഹം, ആസനം, യാനം, സംശ്രയം, ദ്വൈധീഭാവം എന്നിവയാണ് ഷാഡ്ഗുണ്യം (ആറുഗുണങ്ങൾ) എന്ന് ആചാര്യന്മാർ പറയുന്നു.

ദ്വൈഗുണ്യമേ (രണ്ടു ഗുണങ്ങൾ; സന്ധിയും വിഗ്രഹവും) ഉള്ളൂ എന്നു വാതവ്യാധി അഭിപ്രായപ്പെടുന്നുണ്ട്. സന്ധിവിഗ്രഹങ്ങളെക്കൊണ്ടുതന്നെ ഷാഡ്ഗുണ്യം ഉണ്ടാകുന്നു എന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

എന്നാൽ, ഇതു (സന്ധിവിഗ്രഹങ്ങൾ) അവസ്ഥാഭേദമനുസരിച്ച ഷാഡ്ഗുണ്യം തന്നെയാണെന്നാണു കൌടില്യമതം. *

അവയിൽവെച്ച് സന്ധിയെന്നാൽ പണബന്ധം (ഉടമ്പടി ചെയ്ക); വിഗ്രഹമെന്നാൽ അപകാരം (ദ്രോഹാചരണം); ആസനമെന്നാൽ ഉപേക്ഷണം (സന്ധി മുതലായവയെ ചെയ്യാതിരിക്കുക); യാനമെന്നതു് അഭ്യുച്ചയം || (ശക്തി മുതലായവയുടെ അഭിവൃദ്ധി); സംശ്രയ

---

* സന്ധിവിഗ്രഹങ്ങൾക്കു അവസ്ഥാഭേദംകൊണ്ട് സ്വരൂപഭേദമുണ്ടാകയാൽ അവ തന്നെ ആറായിപ്പിരിയുന്നതുകൊണ്ടു ഗുണങ്ങൾ ആറുതന്നെയുണ്ടെന്ന് അഭിപ്രായം.

|| ശക്തി മുതലായവയുടെ അഭിവൃദ്ധി യാനം (യുദ്ധയാത്ര) പ്രതികരണമാണ്. കാരണകാര്യങ്ങൾക്ക് അഭേദം കല്പിച്ചിട്ട് അതിന്റെ

മെന്നുള്ള പരാർപ്പണം (തന്നെയോ തന്റെ ദ്രവ്യങ്ങളെയോ പരന്ന് അധീനമാക്കുക); ദ്വൈധീഭാവമെന്നാൽ സന്ധിവിഗ്രഹങ്ങളെ രണ്ടിനേയും സ്വീകരിക്കുക § — ഇങ്ങനെ ആറു ഗുണങ്ങൾ.

പരനെക്കാൾ (ശത്രുവിനെക്കാൾ) ശക്തി കുറഞ്ഞിരിക്കുന്നവൻ സന്ധിയെച്ചെയ്യണം; ശക്തികൂടിയിരിക്കുന്നവൻ വിഗ്രഹത്തെച്ചെയ്യണം; "പരൻ എന്നെയോ ഞാൻ പരനേയോ ഉപഹനിപ്പാൻ ശക്തനല്ല" എന്നു വിചാരിക്കുന്നവൻ ആസനത്തെച്ചെയ്യണം; പരനെക്കാൾ ഗുണാതിശയം (ശക്തിദേശകാലാദിഗുണങ്ങളുടെ ആധിക്യം) ഉള്ളവൻ യാനം ചെയ്യണം; ശക്തിഹീനനായിട്ടുള്ളവൻ സംശ്രയത്തെച്ചെയ്യണം; കാര്യം സഹായസാദ്ധ്യമാണെന്നിരിക്കുമ്പോൾ ദ്വൈധീഭാവത്തേയും സ്വീകരിക്കണം— ഇങ്ങനെ ഗുണാവസ്ഥാപനം.

അവയിൽവച്ചു യാതൊരു ഗുണത്തിങ്കൽ സ്ഥിതിചെയ്യുന്നതായാൽ "ഈ ഗുണത്തെ ആശ്രയിച്ചിരുന്നാൽ എനിക്കു സ്വന്തമായ ദുർഗ്ഗകർമ്മം, സേതുകർമ്മം, വണിക്പഥകർമ്മം, ശൂന്യനിവേശകർമ്മം, ഖനികർമ്മം, ദ്രവ്യവനകർമ്മം, ഹസ്തിവനകർമ്മം എന്നിവയെച്ചെയ്യുന്നതിന്നും പരന്റെ ഈ വക കർമ്മങ്ങളെ ഉപഹനിക്കുന്നതിന്നും സാധിക്കും" എന്നു വിചാരിക്കുന്നുവോ ആ ഗുണത്തെ ആശ്രയിക്കണം. ഇങ്ങനെ ചെയ്യുന്നതിനെ വൃദ്ധിയെന്നു പറയുന്നു.

---

യാനമെന്നു പറഞ്ഞിരിക്കുന്നു. കാരണോദയത്തിയിങ്കലല്ലാതെ യാനം അരുതെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നുണ്ട്.

§ ദ്വൈധീഭാവം രണ്ടു വിധത്തിലുണ്ട്. രണ്ടു ശത്രുക്കളുടെ അടുക്കൽ രണ്ടു വിധത്തിൽ വാക്കുകൊണ്ടുമാത്രം ആത്മസമർപ്പണം ചെയ്തു ഗൂഢവൃത്തിയായിട്ട് മനമറിയാത്ത ഭാവത്തിൽ ഇരിക്കുന്നതൊന്നു. ഒരു ശത്രുവിനോടുതന്നെ സ്പഷ്ടമായിട്ടു സന്ധിചെയ്തു ഗൂഢമായി ദ്രോഹം ആചരിക്കുന്നതു മറ്റൊന്ന്.

"എനിക്കു വേഗത്തിൽ വൃദ്ധി ഭവിക്കും, അധികമായ വൃദ്ധി ഭവിക്കും, വൃദ്ധ്യുദയം (വൃദ്ധിയുടെ അനുബന്ധം) ഭവിക്കും; പരന്നു് ഇതിന്റെ വിപരീതമാണു്" എന്നു കണ്ടാൽ പരന്റെ വൃദ്ധിയെ ഉപേക്ഷിച്ചിരിക്കാം. എന്നാൽ തന്റെ വൃദ്ധി കാലംകൊണ്ടും ഫലംകൊണ്ടും ഉദയംകൊണ്ടും പരന്റെ വൃദ്ധിയോടു തുല്യമായിരിക്കുന്നപക്ഷം സന്ധിയെത്തന്നെ അവലംബിക്കണം.

യാതൊരു ഗുണത്തിങ്കൽ സ്ഥിതിചെയ്യുന്നതായാൽ തന്റെ കർമ്മങ്ങൾക്കു ഉപഘാതം വരുമെന്നും പരന്റെ കർമ്മങ്ങൾക്കു അതു വരികയില്ലെന്നും കാണുന്നുവോ ആ ഗുണത്തിങ്കൽ സ്ഥിതിചെയ്യരുതു്; അതിനെ ക്ഷയമെന്നു പറയുന്നു. "എനിക്കു് അധികം ദീർഘമായ കാലംകൊണ്ടോ അല്പമായിട്ടോ വൃദ്ധിയോടനുബന്ധിച്ചോ ആണു് ക്ഷയം വരിക, പരന്നു് ഇതിൽനിന്നു വിപരീതമാണു്" എന്നു കാണുന്നപക്ഷം തന്റെ ക്ഷയത്തിൽ ഉപേക്ഷ ചെയ്യാവുന്നതാണു്. എന്നാൽ തന്റെ ക്ഷയം കാലംകൊണ്ടും ഫലംകൊണ്ടും ഉദയംകൊണ്ടും പരന്റെ ക്ഷയത്തോടു തുല്യമായിരിക്കുന്നപക്ഷം സന്ധിയെത്തന്നെ ചെയ്യണം.

യാതൊരു ഗുണത്തിങ്കൽ സ്ഥിതിചെയ്യുന്നതായാൽ സ്വകർമ്മങ്ങൾക്കു വൃദ്ധിയോ ക്ഷയമോ വരികയില്ലെന്നു കാണുന്നുവോ അതിനെ സ്ഥാനമെന്നു പറയുന്നു. "എനിക്കു അല്പകാലം മാത്രമേ സ്ഥാനം വരികയുള്ളൂ, വൃദ്ധിയെ അനുബന്ധിച്ചുള്ളതാണു് എന്റെ സ്ഥാനം; പരന്നു് ഇതിന്നു വിപരീതമാണു്" എന്നു കാണുന്നപക്ഷം സ്ഥാനത്തെ ഉപേക്ഷിച്ചിരിക്കാം. എന്നാൽ തന്റെ സ്ഥാനം കാലംകൊണ്ടും ഫലംകൊണ്ടും ഉദയംകൊണ്ടും പരന്റെ സ്ഥാനത്തോടു തുല്യമായിരിക്കുന്നപക്ഷം സന്ധിയെത്തന്നെ അവലംബിക്കണം.—ഇങ്ങനെയാണു് ആചാര്യന്മാർ അഭിപ്രായപ്പെടുന്നതു്.

ഇതു വിഭാഷിതമല്ല * എന്നു കൌടില്യമതം.

വിശേഷിച്ചു, "സന്ധിയെച്ചെയ്താൽ എനിക്കു മഹാഫലങ്ങളായ സ്വകർമ്മങ്ങളെക്കൊണ്ട് പരന്റെ കർമ്മങ്ങളെ ഉപഹനിക്കുവാൻ സാധിക്കും; അല്ലെങ്കിൽ മഹാഫലങ്ങളായ സ്വകർമ്മങ്ങളേയോ പരകർമ്മങ്ങളേയോ ഉപഭോഗിക്കുവാൻ സാധിക്കും; സന്ധിമൂലമായ വിശ്വാസം കാരണം യോഗപ്രണിധിയും (ഗൂഢപുരുഷതീക്ഷ്ണാദിപ്രയോഗം) ഉപനിഷൽപ്രണിധിയും (വിഷധൂമാദിപ്രയോഗം) ചെയ്തു പരന്റെ കർമ്മങ്ങളെ ഉപഹനിക്കുവാൻ സാധിക്കും; അല്ലെങ്കിൽ പരന്റെ കർമ്മം അനുഷ്ഠിക്കുന്ന ആളുകൾക്ക് അനുഗ്രഹപരിഹാരങ്ങൾ നൽകി കർമ്മസൌകര്യമുണ്ടാക്കിക്കൊടുക്കുകയും അവരുടെ കർമ്മങ്ങൾക്കു അധികമായ ഫലലാഭം വരുത്തിക്കൊടുക്കുകയും ചെയ്തിട്ട് ആവക ആളുകളെ നിഷ്പ്രയാസം പരസന്നിധിയിൽനിന്നു നിഷ്ക്രമിപ്പിക്കുവാൻ സാധിക്കും; അതല്ലെങ്കിൽ പരൻ അധികം ബലവാനായ മറ്റൊരു ശത്രുവുമായി സന്ധിചെയ്തു സ്വകർമ്മഹാനിയെ പ്രാപിക്കും; അഥവാ പരൻ യാതൊരുവനോടു വിഗ്രഹിച്ചാൽ ഞാനുമായി സന്ധിചെയ്യുമോ അവനോടു ദീർഘകാലത്തേക്കുള്ള വിഗ്രഹം ഉണ്ടാക്കിത്തീർക്കുവാൻ എനിക്കു സാധിക്കും; അല്ലെങ്കിൽ ഞാനുമായി സന്ധിചെയ്തിട്ടുള്ള എന്റെ ഒരു ശത്രുവിന്റെ ജനപദത്തെ പരൻ പീഡിപ്പിക്കും; പരനാൽ പീഡിതമായിട്ടുള്ള ഇവന്റെ ജനപദം എന്നെ ആശ്രയിക്കുകയും തന്നിമിത്തം എനിക്കു കർമ്മവൃദ്ധി വരികയും ചെയ്യും; അഥവാ കർമ്മാരംഭങ്ങൾക്കു ക്ഷയം സംഭവിച്ചു സങ്കടത്തിൽപ്പെട്ടിരി

* വിഭാഷിതമെന്നാൽ വികല്പിതമെന്നർത്ഥം. ഇതു വിഭാഷിതമല്ല എന്നു പറഞ്ഞതുകൊണ്ടു ക്ഷയസ്ഥാനവൃദ്ധികളിലുള്ള സന്ധി മുതലായവയെക്കുറിച്ച് ആചാര്യന്മാർ പറഞ്ഞ അഭിപ്രായത്തിൽ കൌടില്യനു പക്ഷാന്തരമില്ലെന്നു സിദ്ധിക്കുന്നു.

ക്കുന്ന പരൻ എന്റെ കർമ്മങ്ങളിൽ വിക്രമം പ്രവൃത്തിക്കാത്തതുകൊണ്ട് അവനും പരസാഹായ്യത്താൽ കർമ്മാരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മററൊരാളും തമ്മിൽ സന്ധി ചെയ്യിച്ച് എനിക്കു കർമ്മവൃദ്ധിയെ പ്രാപിക്കുവാൻ സാധിക്കും; അല്ലെങ്കിൽ ശത്രുവിനാൽ ഭേദിക്കപ്പെടാത്തതായ മണ്ഡലത്തെ ശത്രുവുമായിസ്സന്ധിചെയ്താൽ എനിക്കു ഭേദിക്കുവാൻ സാധിക്കും; അതല്ലെങ്കിൽ അതുകൊണ്ടു ശത്രുവിനെ ഭേദിക്കുവാൻ സാധിക്കും; അഥവാ ദണ്ഡാനുഗ്രഹം (സൈന്യസാഹായ്യം) ചെയ്ത് ശത്രുവിനെ വശീകരിച്ച് അവൻ മണ്ഡലലാഭത്തിന്നായി യത്നംചെയ്യുമ്പോൾ മണ്ഡലത്തിന്ന് അവനോടു വിദ്വേഷം ജനിപ്പിക്കുകയും വിദ്വേഷം ജനിച്ചാൽ മണ്ഡലത്തെക്കൊണ്ടുതന്നെ അവനെക്കൊല്ലിക്കുകയും ചെയ്യാൻ സാധിക്കും" എന്നു വിചാരിക്കുന്ന സന്ദർഭത്തിൽ സന്ധിചെയ്തു വൃദ്ധിയെസ്സമ്പാദിക്കണം.

"എന്റെ ജനപദത്തിൽ ആയുധീയന്മാരും ആയുധീയശ്രേണികളും അധികമുള്ളതുകൊണ്ടും ശൈലദുർഗ്ഗം, വനദുർഗ്ഗം, നദീദുർഗ്ഗം എന്നീ ദുർഗ്ഗങ്ങളുള്ളതുകൊണ്ടും പുറമെനിന്ന് ഇവിടേയ്ക്കു കടക്കുവാൻ ഒരേ ഒരു ദ്വാരം മാത്രമുള്ളതുകൊണ്ടും സ്വാഭാവികമായിത്തന്നെ ഈ ജനപദത്തിനു പരന്റെ ആക്രമണത്തെ തടുത്തുനിൽക്കുവാൻ സാധിക്കും; അഥവാ ജനപദാന്തത്തിങ്കൽ ആർക്കും ആക്രമിപ്പാൻ കഴിയാത്തതായ ദുർഗ്ഗത്തിൽ ഇരുന്നിട്ട് എനിക്കു പരന്റെ കർമ്മങ്ങളെ ഉപഹനിക്കുവാൻ സാധിക്കും; അല്ലെങ്കിൽ വ്യസനങ്ങളാലും പീഡകളാലും ഉത്സാഹം ക്ഷയിച്ചവശനായിരിക്കുന്ന പരനു കർമ്മോപഘാതം വരുത്തുവാൻ ഇപ്പോൾ അവസരം വന്നിരിക്കുന്നു; അഥവാ മററൊരു ശത്രുവിനാൽ വിഗ്രഹിക്കപ്പെട്ടിരിക്കുന്ന പരന്റെ ജനപദത്തെ ഇപ്പോൾ എനിക്ക് അപവാഹനം ചെയ്യാൻ സാധിക്കും"

എന്നു വിചാരിക്കുന്ന സന്ദർഭത്തിൽ വിഗ്രഹം ചെയ്തിട്ടു വൃദ്ധിയെ പ്രാപിക്കണം.

"എന്റെ കർമ്മങ്ങളെ ഉപഹനിക്കുവാൻ പരനൊ അവന്റെ കർമ്മങ്ങളെ ഉപഹനിക്കുവാൻ ഞാനോ ശക്തനല്ല, അവൻ വ്യസനവാനുമാണ്; അവനും ഞാനും തമ്മിൽ ശ്വാവും വരാഹവും തമ്മിലെന്നപോലെ ഒരു കലഹം സംഭവിച്ചാൽ സ്വകർമ്മാനുഷ്ഠാനപരനായ ഞാൻ വർദ്ധിക്കുകതന്നെ ചെയ്യും" എന്നു വിചാരിക്കുന്ന സന്ദർഭത്തിൽ ആസനത്തെ സ്വീകരിച്ചു വൃദ്ധിയെ പ്രാപിക്കണം.

"ശത്രുവിന്റെ കർമ്മഹാനി വരുത്തുവാൻ യാനംചെയ്താൽ മാത്രമേ സാധിക്കുകയുള്ളൂ. സ്വന്തം കർമ്മങ്ങൾക്കു വേണ്ട രക്ഷകൾ തക്കതായ വിധത്തിൽ ഞാൻ ചെയ്തിട്ടുമുണ്ട്" എന്നു വിചാരിക്കുന്ന സന്ദർഭത്തിൽ യാനംചെയ്തു വൃദ്ധിയെ പ്രാപിക്കണം.

"പരന്റെ കർമ്മങ്ങളെ ഉപഹനിപ്പാൻ ഞാൻ ശക്തനല്ല. പരൻ എന്റെ കർമ്മങ്ങൾക്കു ഉപഘാതംചെയ്യുന്നതായാൽ അതിനെ നിവാരണംചെയ്വാനും ഞാൻ ശക്തനല്ല." എന്നു വിചാരിക്കുന്ന സന്ദർഭത്തിൽ ബലവാനായ മറെറാരുത്തനെ ആശ്രയിച്ചു സ്വകർമ്മാനുഷ്ഠാനം ചെയ്തിട്ടു ക്ഷയത്തിങ്കൽനിന്നു സ്ഥാനത്തേയും, സ്ഥാനത്തിൽനിന്നു വൃദ്ധിയേയും പ്രാപിക്കുവാൻ ശ്രമിക്കണം.

"ഒരുവനോടു സന്ധിചെയ്താൽ സ്വകർമ്മങ്ങളെ പ്രവൃത്തിപ്പിക്കുവാനും, മറെറാരുവനോടു വിഗ്രഹംചെയ്താൽ പരന്റെ കർമ്മങ്ങളെ ഉപഹനിക്കുവാനും എനിക്കു സാധിക്കും" എന്നു വിചാരിക്കുന്ന സന്ദർഭത്തിൽ ദ്വൈധീഭാവമവലംബിച്ചു വൃദ്ധിയെ പ്രാപിക്കണം.

ഷാഡ്ഗുണ്യംകൊണ്ടു പ്രകൃതി-
മണ്ഡലത്തിങ്കൽ നേടണം

ക്ഷയത്തിൽനിന്നും സ്ഥാനത്തെ
സ്ഥാനത്തിങ്കന്നു വൃദ്ധിയും.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, ഷാഡ്ഗുണ്യസമുദ്ദേശം— ക്ഷയസ്ഥാനവൃദ്ധി നിശ്ചയം എന്ന ഒന്നാമധ്യായം.**

---

## രണ്ടാം അധ്യായം.

---

### ഒരുനൂറാം പ്രകരണം.

### സംശ്രയവൃത്തി.

സന്ധി ചെയ്താലും വിഗ്രഹം ചെയ്താലും തനിക്കു സംഭവിക്കുവാൻ പോകുന്ന വൃദ്ധി തുല്യമാണെന്നു കാണുന്ന സന്ദർഭത്തിൽ സന്ധിയാണ് ചെയ്യേണ്ടതു്. അവിടെ വിഗ്രഹം ചെയ്താൽ ക്ഷയം, വ്യയം (അർത്ഥനാശം), പ്രവാസം, പ്രത്യവായം എന്നിവ സംഭവിക്കുന്നതാണ്.

ഇതിനെപ്പറഞ്ഞതുകൊണ്ടുതന്നെ, ആസനം ചെയ്താലും യാനംചെയ്താലും വൃദ്ധി തുല്യമാണെന്നു വരുന്ന സന്ദർഭത്തിൽ ആസനമാണ് അവലംബിക്കേണ്ടതെന്നു പറഞ്ഞുകഴിഞ്ഞു.

ദ്വൈധീഭാവത്തെ അവലംബിച്ചാലും സംശ്രയത്തെ സ്വീകരിച്ചാലും വൃദ്ധി സമമാണെന്നു കാണുമ്പോൾ ദ്വൈധീഭാവമാണ് സ്വീകരിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ ദ്വൈധീഭൂതനായിട്ടുള്ളവൻ സ്വകർമ്മത്തെ പ്രധാനമായി ചെയ്യുന്നതുകൊണ്ട് തനിക്കുതന്നെയാണ് ഉപകാരംചെയ്യുക; സംശ്രിതനാകട്ടെ പരനു മാത്രമേ ഉപകരിക്കുകയുള്ളൂ, തനിക്കുപകരിക്കുകയില്ല.

സാമന്തന്ന് (അയൽവക്കത്തുള്ള രാജാവിന്ന്) എത്ര

ബലമുണ്ടോ അതിനേക്കാളധികം ബലമുള്ള മറെറാരു രാജാവിനെ വേണം ആശ്രയിക്കുവാൻ. സാമന്തനേക്കാളധികം ബലമുള്ള അന്യരാജാവിനെ ആശ്രയിക്കുവാൻ കിട്ടാത്തപക്ഷം സാമന്തനെത്തന്നെ ആശ്രയിച്ചിട്ട കോശം, ദണ്ഡം, ഭൂമി എന്നിവയിലൊന്നുകൊണ്ട് അവനുപകാരം ചെയ്യാൻ അദൃഷ്ടൻ (കാണപ്പെടാത്തവൻ; അകന്നുനില്ക്കുന്നവൻ) ആയിട്ട പ്രയത്നം ചെയ്യണം. എന്തുകൊണ്ടെന്നാൽ രാജാക്കന്മാർ തന്നേക്കാൾ ബലംകൂടിയവനായ മറെറാരു രാജാവിൻെറ അടുക്കൽ ചെല്ലുന്നതു്, അവൻ ശത്രുവിനാൽ വിഗ്രഹിക്കപ്പെട്ടവനല്ലാത്തപക്ഷം, മഹത്തായിരിക്കുന്ന ദോഷമാണ്. അപ്രകാരം അകന്നുനിന്നു സേവിക്കുവാൻ ശക്യമല്ലെന്നു വരുന്നതായാൽ ദണ്ഡോപനതൻ (ദണ്ഡം കൊടുപ്പാൻ സമ്മതിച്ച കീഴടങ്ങിയവൻ) എന്നപോലെ വർത്തിക്കണം.

മേൽപ്രകാരം ബലവാനായ സാമന്തൻെറ അടുക്കൽ സംശ്രയിച്ച വർത്തിക്കുന്നവൻ ആ സാമന്തന്നു പ്രാണാപായകരമായ വ്യാധിയോ, അന്തഃകോപമോ (പ്രകൃതികോപം) ശത്രുവൃദ്ധിയോ മിത്രവ്യസനമോ വന്നിരിക്കുന്നതായും തന്നിമിത്തം തനിക്കു വൃദ്ധി വരുവാനിടയുള്ളതായും എപ്പോൾ കാണുന്നുവോ അപ്പോൾ വ്യാധികാര്യത്തിന്നെന്നോ ധർമ്മകാര്യത്തിന്നെന്നോ എന്തെങ്കിലുമൊരു വ്യാജം പറഞ്ഞു് അവിടെനിന്നു വിട്ടുപോകണം. സ്വന്തം ദേശത്തിൽത്തന്നെയാണ് ഇരിക്കുന്നതെങ്കിൽ അങ്ങോട്ടു ചെല്ലുവാൻ അറിയിച്ചാലും പോകായ്കയുമരുതു്. അല്ലെങ്കിൽ അവൻെറ ആസന്നവർത്തിയായിരുന്നിട്ട ഛിദ്രങ്ങൾ കാണുമ്പോൾ പ്രഹരിക്കണം.

തന്നേക്കാൾ ബലവാന്മാരായ രണ്ടു പേരാൽ അഭിയുക്തനായിട്ട അവരിരുവരുടേയും മദ്ധ്യത്തിൽപ്പെട്ടവൻ അവരിൽവച്ചു് ആരാണോ രക്ഷാസമർത്ഥനായിട്ടുള്ളതു് അ

വനെ ആശ്രയിക്കണം. അല്ലെങ്കിൽ അവരിൽവച്ച് ആരാണോ അധികം അകല്പാതിരിക്കുന്നത് അവനെ ആശ്രയിക്കണം. അഥവാ രണ്ടുപേരെയും സേവിച്ച് കപാലസംശ്രയൻ (കിഴിഞ്ഞു രക്ഷ യാചിക്കുന്നവൻ) ആയിട്ട വർത്തിക്കണം. അവരിരുവരിൽവച്ചൊരുവൻ മററവനെ മൂലച്ഛേദംചെയ്യുന്നവനാണെന്ന രണ്ടു പേരെപ്പററിയും വ്യാജം പറഞ്ഞു രണ്ടുപേക്കും തമ്മിൽ ഭേദം പ്രയോഗിക്കുകയും, ഇരുവരും തമ്മിൽ ഭേദിച്ചാൽ ഉപാംശുദണ്ഡം പ്രയോഗിക്കുകയും ചെയ്യണം.

അഥവാ, ബലവാന്മാരായ രണ്ടുപേരുടേയും പാശ്വത്തിങ്കൽ സ്ഥിതിചെയ്തുംകൊണ്ട് അവരിലാരിൽനിന്നാണൊ ഭയം ആസന്നമായിക്കാണുന്നത് അതിന്നു പ്രതിവിധി ചെയ്യണം. അല്ലെങ്കിൽ, ദുർഗ്ഗത്തെ ആശ്രയിച്ചിട്ട ദ്വൈധീഭാവമവലംബിച്ചുംകൊണ്ടിരിക്കണം. സന്ധിയോ വിഗ്രഹമോ ചെയ്യേണ്ടതിന്നുള്ള ക്രമഹേതുക്കൾ (ശാസ്ത്രോക്തങ്ങളായ ഹേതുക്കൾ) അനുസരിച്ച സന്ധിയോ വിഗ്രഹമോ ചെയ്യുകയുമാകാം. രണ്ടുപേരുടേയും ദൂഷ്യന്മാർ, അമിത്രന്മാർ, ആടവികന്മാർ എന്നിവരെ വശീകരിക്കുകയും, രണ്ടുപേരിലൊരുവൻ വ്യസനത്തിൽ പെട്ടുമ്പോൾ മററവനോടു ചേന്ന് അവരെക്കൊണ്ടു (ആ ദൂഷ്യാദികളെക്കൊണ്ടു) തന്നെ അവനെ പ്രഹരിപ്പിക്കുകയും വേണം. രണ്ടുപേരോടും സന്ധിചെയ്തിട്ട മണ്ഡലത്തെ ആശ്രയിച്ച സ്ഥിതിചെയ്യുകയുമാകാം. അല്ലെങ്കിൽ മധ്യമനേയൊ ഉദാസീനനേയൊ സംശ്രയിക്കുകയും, അവന്റെ സാഹായ്യത്തോടുകൂടി രണ്ടുപേരിലൊരുത്തനെ വശീകരിച്ചിട്ട മററവനെയോ രണ്ടുപേരെയും തന്നെയോ നശിപ്പിക്കുകയുംചെയ്യാം.

രണ്ടു രാജാക്കന്മാർകൂടി ഒരുവനെ ഉച്ഛേദിക്കുന്നതായാൽ അവൻ മധ്യമോദാസീനന്മാരിൽവെച്ചോ അവരുടെ പക്ഷത്തിലുള്ള രാജാക്കന്മാരിൽവച്ചോ അധികം ന്യാ

യവൃത്തിയായിട്ടുള്ളവനെ ആശ്രയിക്കണം. എല്ലാവരും ഒരുപോലെ ന്യായവൃത്തികളാണെങ്കിൽ ആരുടെ പ്രകൃതികൾ തനിക്കു സുഖം ഉണ്ടാക്കിത്തീൎക്കുമോ അദ്ദേഹത്തെയും, എല്ലാവരും ഒരുപോലെ പ്രകൃതിപ്രീതിയുള്ളവരാണെങ്കിൽ ആരെ ആശ്രയിച്ചാൽ തന്നെ ഉദ്ധരിക്കുവാൻ സാധിക്കുമോ അദ്ദേഹത്തെയും, അക്കാൎയ്യത്തിലും എല്ലാവരും തുല്യന്മാരാണെങ്കിൽ ആരോടു തനിക്കു പൂൎവ്വപുരുഷാനുവൃത്തമായിട്ടുള്ള സംബന്ധമോ ആസന്നമായ (വിവാഹാദിനിമിത്തമായ) സംബന്ധമോ ഉണ്ടോ, ആൎക്കു് അധികം ശക്തിയുള്ള വളരെ മിത്രങ്ങളുണ്ടോ അദ്ദേഹത്തെയും ആശ്രയിക്കണം.

അന്യോന്യം പ്രിയമാം രണ്ടു-
പേരിലാരോ നിജപ്രിയൻ
അവനെസ്സംശ്രയിക്കേണം,-
മിതാണുത്തമസംശ്രയം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, സംശ്രയവൃത്തി എന്ന രണ്ടാമദ്ധ്യായം.

---

## മൂന്നാം അദ്ധ്യായം.

---

### ഒരുനൂറെറാന്നും രണ്ടും പ്രകരണങ്ങൾ.

### സമഹീനജ്യായാന്മാരെപ്പററിയുള്ള ഗുണാഭിനിവേശം, ഹീനസന്ധികൾ.

ശക്തിയെസ്സമ്പാദിപ്പാനിച്ഛിക്കുന്ന വിജിഗീഷു ഷാഡ്ഗുണ്യത്തെ ഉപയോഗിക്കണം. തനിക്കു സമനായിട്ടുള്ളവനോടും തന്നേക്കാൾ ജ്യായാൻ (അധികം ശക്തിയു

ള്ളവൻ) ആയിട്ടുള്ളവനോടും സന്ധിയെച്ചെയ്യണം. ഹീനനോട്ട (തന്നേക്കാൾ ശക്തി കുറഞ്ഞവനോട്ട) വിഗ്രഹത്തെച്ചെയ്യണം. ജ്യായാനായിട്ടുള്ളവനോട്ട വിഗ്രഹിച്ചാൽ ഹസ്തിയോട്ട പാദയുദ്ധം (കാലാൾപ്പടയാളി ചെയ്യുന്ന യുദ്ധം) പോലെയാകും. സമനായിട്ടുള്ളവനോട്ട വിഗ്രഹിച്ചാൽ ഒരു ആമപാത്രം (പച്ചക്കലം) മറെറാരാമപാത്രംകൊണ്ട മുട്ടിയാലെന്നപോലെ രണ്ടുപേക്കും ക്ഷയം സംഭവിക്കും. ഹീനനായിട്ടുള്ളവനോട്ട സന്ധിചെയ്താൽ കടത്തോട്ട മുട്ടിയ കല്ലെന്നപോലെ തീർച്ചയായും സിദ്ധിയെ (ജയത്തെ) പ്രാപിക്കും.

ജ്യായാൻ സന്ധിചെയ്വാൻ ഇച്ഛിക്കാത്തപക്ഷം അവനോട്ട ദണ്ഡോപനതന്റെ വൃത്തിയേയൊ, ആബലീയസത്തിൽ * പറയുന്ന യോഗത്തെയൊ അവലംബിച്ചു പെരുമാറണം.

സമൻ സന്ധിയെ ഇച്ഛിക്കാത്തപക്ഷം അവൻ തനിക്ക എത്രത്തോളം അപകാരം ചെയ്യുന്നുവോ അത്രത്തോളം മാത്രം അവനങ്ങോട്ടും അപകാരം ചെയ്യണം. എന്തുകൊണ്ടെന്നാൽ, തേജസ്സ് (പരാക്രമം) ആണ സന്ധിചെയ്യുന്നതിന്ന കാരണമെന്നുള്ളതുകൊണ്ടുതന്നെ. ചുട്ടുപഴുപ്പിക്കാത്തതായ ലോഹം മറെറാരു ലോഹത്തോട്ടസന്ധിക്കുകയില്ലല്ലൊ.

ഹീനനായിട്ടുള്ളവൻ എല്ലാ വിഷയത്തിലും അനുപ്രണതൻ (വണങ്ങിയവൻ) ആയിട്ടിരിക്കുന്നപക്ഷം അവനോട്ട സന്ധിയേച്ചെയ്യണം. എന്തുകൊണ്ടെന്നാൽ, ദുഃഖത്താലും അമർഷത്താലും ഉളവായിട്ടുള്ള തേജസ്സു കാട്ടുതീ

---

* ആബലീയസം=ബലവാനാൽ ആക്രമിക്കപ്പെട്ട ദുർബ്ബലൻ ചെയ്യേണ്ടതായ കൃത്യം. ഇതു പന്ത്രണ്ടാം അധികരണത്തിൽ പറയുവാൻ പോകുന്നുണ്ട്.

യെന്നപോലെ വിക്രമത്തെ പ്രകടിപ്പിക്കും. വണങ്ങിവാഴുന്നവനോടു സന്ധിചെയ്യാതിരുന്നാൽ അവൻ മണ്ഡലത്തിന്റെ അനുഗ്രഹത്തിന്നു പാത്രമാകയും ചെയ്യും. ||

സന്ധിചെയ്താൽ "പരന്റെ പ്രകൃതികൾ ലുബ്ധരും ക്ഷീണരും അപകൃതരുമാകനിമിത്തമോ പരൻ പ്രത്യാദാനം (പ്രതിനിവൎത്തനം) ചെയ്യുമെന്ന ഭയം നിമിത്തമോ എന്റെ കീഴിൽ വരികയില്ല" എന്നു കാണുന്നപക്ഷം ഹീനനായിട്ടുള്ളവൻ ജ്യായാനോടും വിഗ്രഹംതന്നെ ചെയ്യണം.

വിഗ്രഹം ചെയ്താൽ "പരന്റെ പ്രകൃതികൾ ലുബ്ധരും ക്ഷീണരും അപകൃതരുമാക നിമിത്തമോ വിഗ്രഹത്തെ ഭയപ്പെടുക നിമിത്തമൊ എന്റെ കീഴിൽ വരികയില്ല" എന്നു കാണുന്നപക്ഷം ജ്യായാനായിട്ടുള്ളവൻ ഹീനനോടും സന്ധിചെയ്കയോ, വിഗ്രഹം കാരണമായി പ്രകൃതികൾക്കുണ്ടായിട്ടുള്ള ഉദ്വേഗത്തെ ശമിപ്പിക്കുകയോ ചെയ്യണം. അപ്രകാരംതന്നെ രണ്ടുപേൎക്കും ഒരേസമയത്തു വ്യസനം വരുന്നപക്ഷം 'എനിക്കുള്ള വ്യസനമാണു വലിയതു്. പരന്റെ വ്യസനം ലഘുവാണു്. അവൻ തന്റെ വ്യസനത്തിന്നു എളുപ്പത്തിൽ പ്രതിവിധിചെയ്തു് എന്നെ എതിൎക്കും" എന്നു കാണുന്നതായാൽ ജ്യായാനായിട്ടുള്ളവനും ഹീനനോടു സന്ധിയെ ചെയ്യണം.

സന്ധിചെയ്താലും വിഗ്രഹം ചെയ്താലും പരനു കൎശനമോ (ശക്തിക്ഷയം) തനിക്കു് ഉപചയമോ (ശക്തിവൃദ്ധി) വരുമെന്നു കാണാത്തപക്ഷം ജ്യായാനായിട്ടുള്ളവനും ആസനത്തെ അവലംബിക്കണം.

പരനുള്ളതായ വ്യസനം അപ്രതികാൎയ്യം (പ്രതിവി

---

|| പരൻ വണങ്ങിയവനെ പക്ഷിച്ചിട്ടും അവനോടു സന്ധിചെയ്യാത്ത പക്ഷം അവനു ദുഃഖവും അമൎഷവും ഉണ്ടാകുമെന്നും, അതിൽനിന്നു പുറപ്പെടുന്ന പൌരുഷം കാട്ടുമായിരിക്കുമെന്നും, വണങ്ങിയവനോടിണങ്ങാഞ്ഞാൽ പ്രകൃതിമണ്ഡലം അവനെ സഹായിക്കുമെന്നും സാരം;

ധിചെയ്യാൻ സാധിക്കാത്തത്') ആണെന്നു കാണുന്നപക്ഷം ഹീനനായിട്ടുള്ളവനും യാനത്തെച്ചെയ്യണം.

തനിക്ക അപ്രതികാൎയ്യമായ വ്യസനം ആസന്നമായിട്ടുണ്ടെന്നു കാണുന്നപക്ഷം ജ്യായാനായിട്ടുള്ളവനും സംശ്രയത്തെച്ചെയ്യണം.

ഒരാളോട സന്ധിയേയും മറെറാരാളോട വിഗ്രഹത്തേയും ചെയ്യാൻ കാൎയ്യസിദ്ധി വരുമെന്നു കാണുന്നപക്ഷം ജ്യായാനായിട്ടുള്ളവനും ദ്വൈധീഭാവമവലംബിച്ചു വൎത്തിക്കണം.

ഇങ്ങനെയാണ സമഹീനജ്യായാന്മാരെല്ലാവരും ഷാഡ്ഗുണ്യത്തെ ഉപയോഗിക്കേണ്ടത്. അതിൽവച്ചു വിശേഷമുള്ളത് എങ്ങനെയെന്നാൽ:—

ബലവാൻ പടയെക്കൂട്ടി-
യെതിൎത്താൽ ദുൎബ്ബലൻ നൃപൻ
കീഴടങ്ങു സന്ധിചെയ്യ
കോശദണ്ഡാത്മഭൂക്കളാൽ.

താനിത്ര ദണ്ഡമല്ലെങ്കിൽ
വിഭവം ചേൎത്തു ചെന്നുടൻ
സേവിച്ചീടേണമെന്നുള്ള
സന്ധിയാത്മാമിഷം * മതം.

സേനാപതികുമാരന്മാർ
തുണചെല്ലണമെന്നതു
പുരുഷാന്തരമാം സന്ധി,-
യിതുതാനാത്മരക്ഷണം ‡

* ആത്മാമിഷം=ആത്മാവിനെ ആമിഷം (ഭക്ഷ്യം) ആക്കിച്ചെയ്യുന്ന സന്ധി എന്നൎത്ഥം.

‡ ഈ സന്ധിക്ക പുരുഷാന്തരസന്ധിയെന്നും ആത്മരക്ഷണസന്ധി എന്നും പേരുണ്ട്. പുരുഷാന്തരം=തനിക്ക പകരം വേറെ ചില ആളുകളെ സഹായത്തിന്ന കൊടുക്കുന്നതു്. ആത്മരക്ഷണം=ആത്മാവിനെ രക്ഷിച്ചുകൊണ്ടുള്ളതു്.

താനേകനോ തന്റെ സൈന്യം-
താനോ ചെല്ലേണമെന്നതു്
അദൃഷ്ടപുരുഷം * സന്ധി
ദണ്ഡമുഖ്യാത്മരക്ഷണം.

ആദ്യദ്വയത്തിൽ മുഖ്യസ്ത്രീ-
ബന്ധനം, പശ്ചിമത്തിലോ
ഗൂഢസാധനമിത്യേവം
ദണ്ഡോപനതസന്ധികൾ §.

കോശദാനംകൊണ്ടു ശേഷ-
പ്രകൃതിപ്രതിമോക്ഷണം
പരിക്രയമതാം സന്ധി;-
യതുതന്നെ യഥാസുഖം

ബഹുസ്കന്ധങ്ങളായ് നൽകു-
കെന്നായീടിലുപഗ്രഹം;
നൽകണം ദേശകാലങ്ങൾ
നിശ്ചയിച്ചെങ്കിലത്യയം;

ദ്രവ്യദാനത്തിനാൽ ഭാവി-
ക്ഷമം സ്ത്രീബന്ധനാദരം
സുവർണ്ണസന്ധി വിശ്വാസ-
മൂലമൈക്യമിതിൽ ദൃഢം.

ഇതിന്നു വിപരീതം പോൽ
കപാലം, മതിലേററവും

---

* അദൃഷ്ടപുരുഷം=അദൃഷ്ടനായ പുരുഷനോടുകൂടിയതു് (ആരെ കാണാതെയു്) ശത്രുവിനാൽ കാണപ്പെടാതെ കണ്ടു് അവന്റെ കാര്യം സാധിക്കുന്നതു് എന്നർത്ഥം. ഈ സന്ധിമൂലം സൈന്യമുഖ്യന്മാർക്കും തനിക്കും രക്ഷ സിദ്ധിക്കുന്നു.

§ ആദ്യം പറഞ്ഞ രണ്ടു സന്ധികളിൽ അതായതു് ആത്മാമിഷം, ആത്മരക്ഷണം (പുരുഷാന്തരം) എന്നീ സന്ധികളിൽ മുഖ്യസ്ത്രീയെ ബന്ധനംചെയ്യണം (ആധിയായി അർപ്പിക്കണം) പിന്നീടു പറഞ്ഞതിൽ (അദൃഷ്ടപുരുഷസന്ധിയിൽ) ഗൂഢപ്രയോഗംചെയ്തു ശത്രുവിനെ അഭിഘാതിക്കണം. ഇപ്പറഞ്ഞ മൂന്നും ദണ്ഡോപനതസന്ധികളാകുന്നു.

അത്ഥാദാനം ചെയ്തുമൂല-
മതു ശാസ്ത്രനിഷിദ്ധമാം. *

പൂർവ്വദ്വയത്തിൽ ഹസ്ത്യശ്വ-
കുപ്യം നൽകൂ ഗരാന്വിതം,
നൽകൂ തൃതീയത്തിലദ്ധം
കർമ്മക്ഷയമുരച്ചതാൻ,
സ്ഥാനംചെയ്വൂ നാലിലേവം
കോശോപനതസന്ധികൾ $.

ഭൂമ്യേകദേശം നൽകീട്ടു
ദേശപ്രകൃതിരക്ഷണം
ആദിഷ്ടസന്ധി, ഗൂഢസ്തേ-
നോപഘാതികതിഷ്ടമാം;
ആത്തസാരങ്ങളാം ഭൂക്കൾ
മൂലമെന്യേ കൊടുപ്പതു

---

* ശത്രുവിന്നു കോശത്തെ ദാനംചെയ്തു സാമാത്യമാത്യാദികളായ ശേഷം പ്രകൃതികളെ മോചിപ്പിക്കുന്നതു പരിക്രയസന്ധി; കോശം നൽകുന്നതു ചെറുകഷ്ണംപോലെ സ്കന്ധങ്ങൾ (ഗഡുവുകൾ) ആയിട്ട മതി എന്നു നിശ്ചയിച്ചിട്ടുള്ള സന്ധി ഉപഗ്രഹസന്ധി; അതുതന്നെ ഇന്ന ദേശത്തു് ഇന്നകാലത്തു് ഇത്ര സംഖ്യ കൊടുക്കണം എന്നു നിശ്ചയിച്ചിട്ടാണെങ്കിൽ അത്യയസന്ധി; സഖ്യമായവിധത്തിൽ ഭാവിയിൽ ധനം നൽകുവാൻ നിശ്ചയിച്ച് ഇരുകക്ഷികൾക്കും തമ്മിൽ ഐക്യംവരുത്തുന്ന സന്ധി സുവർണ്ണസന്ധി (തപ്തസുവർണ്ണഖണ്ഡങ്ങളെന്നപോലെ ചേരുന്നതു); സുവർണ്ണസന്ധിയുടെ നേർവിപരീതമായിട്ടുള്ളതു കപാലസന്ധി (കപാലഖണ്ഡങ്ങൾ= കലത്തിന്റെ ഓടുകൾ എന്നപോലെ ചേർത്താൽ ചേരാത്ത സന്ധി).

$ മേൽപ്പറഞ്ഞ പരിക്രയസന്ധി, ഉപഗ്രഹസന്ധി, സുവർണ്ണസന്ധി, കപാലസന്ധി എന്നിവ കോശോപനതസന്ധികൾ (കോശംമുഖേന ചെയ്യുന്ന സന്ധികൾ). ഇവയിൽ ആദ്യത്തെ രണ്ടിൽ പരന്നു കുപ്യഹസ്ത്യശ്വങ്ങൾ ഗരം (കൂട്ടവിഷം) കലർന്നവയായിട്ടു കൊടുക്കുകയും, മൂന്നാമത്തേതിൽ കർമ്മക്ഷയമെന്നൊരുകാരണം പറഞ്ഞു കൊടുക്കേണ്ടതിൽ പകുതിമാത്രം കൊടുക്കുകയും, നാലാമത്തേതിൽ സ്ഥാനം (തരാം തരാം എന്നു പറഞ്ഞു മധ്യസ്ഥോദാസീനന്മാരെ ആശ്രയിച്ചു ഇരിക്കുക) ചെയ്യുകയും വേണമെന്നു സാരം.

ഉച്ഛിന്നസന്ധിയാം, ശത്രു-
വ്യസനാൎത്ഥിക്കതിഷ്ടമാം;
ഫലംകൊടുപ്പാനേററിട്ടു
ഭൂമിമോക്ഷമവക്രയം;
ഫലത്തിലധികം നൽകം
സന്ധിയാം പരിദൂഷണം;
മുൻരണ്ടിലും കാത്തിരിപ്പു,
ചെയ്‌വൂ താനാബലീയസം
പിൻചൊന്നവയിൽ,ലീവണ്ണം
ദേശോപനതസന്ധികം $
ഇമ്മൂന്നും ചെയ്തു തൻകാൎയ്യ-
ദേശകാലാനുരൂപമായ്
ആബലീയസവിധ്യുക്ത-
ഹീനസന്ധികളാണിവ *

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, സമഹീനജ്യായസന്മാരെപ്പററിയുള്ള ഗുണാഭിനിവേശം—ഹീനസന്ധികൾ എന്ന മൂന്നാമദ്ധ്യായം.

---

$ ആദിഷ്ടസന്ധി, ഉച്ഛിന്നസന്ധി, അവക്രയസന്ധി, പരിദൂഷണസന്ധി എന്നിങ്ങനെ ദേശോപനതസന്ധികൾ (ദേശാൎപ്പണം മൂലേന ചെയ്യുന്ന സന്ധികൾ) നാലുവിധം. ഭൂമിയിൽ ഏകദേശംമാത്രം വിട്ടുകൊടുക്കുന്നതു് ആദിഷ്ടസന്ധി. ഇതു് ഗൂഢപുരുഷന്മാരെക്കൊണ്ടും ദൂഷ്യന്മാരെക്കൊണ്ടും പരനെ വഞ്ചിപ്പാൻ പുറപ്പെടുന്നവൎക്കു കൊള്ളാവുന്നതാണു്. മൂലം (തലസ്ഥാനം) കൈവശംവെച്ചു സാരമെല്ലാമെടുത്തുകഴിഞ്ഞ ഭൂമി മുഴുവനും വിട്ടുകൊടുക്കുന്നതു് ഉച്ഛിന്നസന്ധി. ഇതു പരന്റെ വ്യസനകാംക്ഷിക്കു ഹിതം. ഭൂമിയിൽനിന്നുള്ള ഫലം കൊടുക്കാമെന്നു പറഞ്ഞു ഭൂമി കൈവശത്തിൽതന്നെ വച്ചു ചെയ്യുന്ന സന്ധി അവക്രയസന്ധി. ഭൂമിയിൽനിന്നുള്ള ഫലത്തിൽ കവിഞ്ഞു കൊടുക്കാമെന്നു നിശ്ചയിക്കുന്നതു പരിദൂഷണം. ഇവയിൽ ആദ്യത്തെ രണ്ടിലും പരന്റെ വ്യസനം വരുന്നതിനെ കാത്തിരിക്കുകയും, മററുള്ളവയിൽ ആബലീയസം പ്രയോഗിക്കുകയും ചെയ്യണം.

* ഇവിടെ പറയപ്പെട്ട ദണ്ഡോപനതസന്ധികളും, കോശോപനതസന്ധികളും, ദേശോപനതസന്ധികളുമെല്ലാം ഹീനസന്ധികൾ(ബലംകുറഞ്ഞവർ ബലമേറിയവരോടു ചെയ്യുന്ന സന്ധികൾ) ആണെന്നു സാരം.

# നാലാം അദ്ധ്യായം.

ഒരുനൂററിമൂന്നു മുതൽ ഒരുനൂററിഏഴുകൂടിയ പ്രകരണങ്ങൾ.
വിഗൃഹ്യാസനം, സന്ധായാസനം; വിഗൃഹ്യയാനം,
സന്ധായയാനം, സംഭൂയപ്രയാണം.

സന്ധിയിലും വിഗ്രഹത്തിലും ചെയ്യേണ്ടുന്ന ആസനവും യാനവും പറഞ്ഞുകഴിഞ്ഞു.

സ്ഥാനം, ആസനം, ഉപേക്ഷണം എന്നിവ ആസനമെന്നതിന്റെ പര്യായപദങ്ങളാകുന്നു. എന്നാൽ ഇവയ്ക്കു തമ്മിൽ അല്പം വിശേഷവുമുണ്ട്. അതെന്തെന്നാൽ; ഗുണത്തിന്റെ ഏകദേശത്തിങ്കൽ (ശക്തിയുടെ അല്പതയിങ്കൽ) ഉള്ള ആസനം സ്ഥാനം; തനിക്കു വൃദ്ധിയെ പ്രാപിപ്പാനായിക്കൊണ്ടുള്ള ഇരിപ്പ് ആസനം; ഉപായങ്ങളെ പ്രയോഗിക്കാതെകണ്ടുള്ള ഇരിപ്പ് ഉപേക്ഷണം.

സന്ധിചെയ്യാനിച്ഛിക്കുന്ന അരിയും വിജിഗീഷുവും പരസ്പരം ഉപഹനിക്കുന്നതിന്ന അശക്തന്മാരായിരിക്കുമ്പോൾ വിഗൃഹ്യാസനമോ (വിഗ്രഹംചെയ്തിട്ട് സ്വസ്ഥമായിരിക്കുക) സന്ധായാസനമോ (സന്ധിചെയ്തിട്ടു സ്വസ്ഥമായിരിക്കുക) ചെയ്യണം. *

എപ്പോൾ "എനിക്കു എന്റെ സ്വന്തം സൈന്യങ്ങളെക്കൊണ്ടോ മിത്രസൈന്യങ്ങളെക്കൊണ്ടോ ആടവികസൈന്യങ്ങളെക്കൊണ്ടോ എന്റെ സമനോ എന്നേക്കാൾ ജ്യായാനോ ആയ പരനെ പീഡിപ്പിക്കുവാൻ ശക്തിയുണ്ട്" എന്നു കാണുന്നുവോ അപ്പോൾ ബാഹ്യാഭ്യന്തരരായ കൃത്യരിൽ വേണ്ട പ്രവൃത്തികൾ ചെയ്തിട്ട് വിഗൃഹ്യാസനം ചെയ്യണം.

"എന്റെ പ്രകൃതികൾ ഉത്സാഹമുള്ളവരും ഐകമത്യമുള്ളവരും വൃദ്ധിയുള്ളവരുമാണ്; അവർ സ്വകർമ്മങ്ങ

* പരന്മാർക്കുള്ളധികം ശക്തിയുണ്ടെങ്കിൽ വിഗൃഹ്യാസനവും, ശക്തി കുറഞ്ഞിരുന്നാൽ സന്ധായാസനവും ചെയ്യണമെന്നു സാരം.

ളെ തടവുകൂടാതെ അനുഷ്ഠിക്കുകയും പരന്റെ കർമ്മങ്ങളെ ഉപഹനിക്കുകയും ചെയ്യും" എന്നു കാണുന്ന പക്ഷവും വിഗ്രഹ്യാസനത്തെച്ചെയ്യണം.

"പരന്റെ പ്രകൃതികൾ പരനാൽ ദ്രോഹിക്കപ്പെട്ടവരോ ക്ഷീണരോ (ദുർഭിക്ഷപീഡിതർ) ലുബ്ധരോ സ്വസൈന്യങ്ങളാലും ചോരന്മാരാലും ആടവികന്മാരാലും പീഡിതരോ ആയിട്ടാണിരിക്കുന്നത്, ഞാൻ ഉപജാപം പ്രയോഗിച്ചാൽ അവർ എന്നെ ആശ്രയിക്കും; അല്ലെങ്കിൽ, എന്റെ വാർത്ത (കൃഷിയും പാശുപാല്യവും വാണിജ്യവും) സമൃദ്ധമായിട്ടാണിരിക്കുന്നത്; പരന്റെ വാർത്ത ക്ഷയിച്ചുമിരിക്കുന്നു. ആകയാൽ ദുർഭിക്ഷപീഡിതരായിച്ചമഞ്ഞ പരന്റെ പ്രകൃതികൾ എന്നെ ആശ്രയിക്കും; അല്ലെങ്കിൽ എന്റെ വാർത്ത ക്ഷയിച്ചും പരന്റേതു സമൃദ്ധമായുമിരിക്കുന്നു. എന്റെ പ്രകൃതികൾ അനുരക്തന്മാരാകയാൽ എന്നെ വിട്ടുപോകയില്ല. ആകയാൽ എനിക്കു പരനോടു വിഗ്രഹിച്ച് അവന്റെ ധാന്യപശുഹിരണ്യങ്ങളെ ആഹരിക്കുവാൻ സാധിക്കും; അഥവാ എന്റെ പണ്യത്തിനുപഘാതം വരുത്തുന്ന പരപണ്യങ്ങളെ ഇവിടെനിന്നു പിന്തിരിപ്പിക്കുവാൻ എനിക്കു സാധിക്കും; പരനോടു വിഗ്രഹംചെയ്താൽ പരന്റെ വണിക്പഥത്തിൽനിന്നു സാരവസ്തുക്കളായ പണ്യങ്ങൾ അവനു ലഭിക്കാതെ എന്റെ അടുക്കൽ വരും; വിഗ്രഹംചെയ്താൽ പരനു തന്റെ ദൂഷ്യരേയും അമിത്രനേയും ആടവികനേയും നിഗ്രഹിപ്പാൻ സാധിക്കുകയില്ല; അല്ലെങ്കിൽ അവരോട് (ദൂഷ്യാമിത്രാടവികരോട്) പരനു വിഗ്രഹം ചെയ്യേണ്ടതായി വരും *; അല്ലെങ്കിൽ

---

* ഇതേവരെപ്പറഞ്ഞതു സമന്റെ വിഗ്രഹ്യാസനത്തെയാണ്. ഇനി പറയുന്നതു ജ്യായാനായിട്ടുള്ളവന്റെയാണെന്ന് അറിയേണ്ടതാണ്.

എനിക്കു മിത്രഭാവി§യായ മിത്രമുണ്ട്. ബലവാനായ പരൻ യുദ്ധത്തിന്നു വന്നാൽ അവൻ അല്പകാലംകൊണ്ടും അധികം ക്ഷയവ്യയങ്ങൾ വരാതെയും മഹത്തായ അർത്ഥത്തെ സമ്പാദിക്കും; അല്ലെങ്കിൽ ഗുണവത്തും പരന്നു എളുപ്പത്തിൽ പിടിച്ചടക്കുവാൻ കഴിയുന്നതുമായ ഭൂമിയെ ആക്രമിക്കുന്നതിന്നു സർവ്വസൈന്യസന്ദോഹത്തോടുകൂടി “എന്നെ ആദരിക്കാതെ പോകുവാൻ പുറപ്പെട്ടിരിക്കുന്ന പരൻ ഞാനിരിപ്പോൾ അവനോടു വിഗ്രഹിച്ചാൽ അങ്ങോട്ടു പോവുകയില്ല” എന്നു കാണുന്നപക്ഷം പരന്റെ വൃദ്ധിയെ പ്രതിഹനിക്കുന്നതിന്നും തന്റെ പ്രതാപത്തെ പ്രകടിക്കുന്നതിന്നും വേണ്ടി വിഗൃഹ്യാസനം ചെയ്യണം.

സർവ്വസൈന്യസന്ദോഹത്തോടുകൂടി അന്യന്റെ നേരെ യുദ്ധയാത്ര പുറപ്പെടുന്ന പരനോടു വിജിഗീഷു വിഗ്രഹത്തിന്നു പുറപ്പെട്ടാൽ അവൻ അങ്ങോട്ടു പോകാതെ വിജിഗീഷുവിന്റെ നേരെ തിരിഞ്ഞു ഗ്രസിച്ചുകളയും എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ അങ്ങനെയല്ലെന്നാണ് കൌടില്യമതം. പരൻ വിജിഗീഷുവിന്റെ നേരെ തിരിഞ്ഞാലും വിജിഗീഷു വ്യസനിയല്ലെങ്കിൽ കേവലം കർശനം മാത്രമേ ചെയ്കയുള്ളൂ. വിഗ്രഹം ചെയ്യാഞ്ഞാലാകട്ടെ പരൻ പോകുവാൻ പുറപ്പെട്ട അന്യരാജ്യത്തെ ജയിച്ചു സമ്പാദിച്ചു വൃദ്ധികൊണ്ടു പൂർവ്വാധികം വൃദ്ധനായിത്തീർന്നിട്ട് വിജിഗീഷുവിനെ ഉച്ഛേദനംചെയ്യുക്കം. എന്നുതന്നെയല്ല; വിജിഗീഷു പെട്ടന്നു വിഗ്രഹത്തിന്നു പുറപ്പെടുകയാൽ അവിനഷ്ടൻ (വിനാശം സംഭവിക്കാത്തവൻ) ആയ പരന്റെ യാതവ്യൻ (പരൻ ആരു

---

§ മിത്രഭാവി— അർത്ഥാനർത്ഥങ്ങളിൽ ഒരുപോലെ ഭാഗഭാക്കും സർവ്വഥാ ഉപകാരംചെയ്യുന്നവനും ഭക്തിയുള്ളവനും വികാരംവരാത്തവനും ആപത്തിൽ സഹായിക്കുന്നവനുമായ മിത്രം.

ടെ നേരെ യാനംചെയ്യാൻ പുറപ്പെട്ടവോ അവൻ) വിജിഗീഷുവിന്നു തീർച്ചയായും സാഹായ്യം നൽകുകയും ചെയ്യും. ആയതുകൊണ്ടു സർവ്വസന്ദോഹങ്ങളോടുംകൂടി അന്യരാജാവിന്റെ നേരെ യാനത്തിനൊരുങ്ങിയ പരനോടു വിഗൃഹ്യാസനംതന്നെ ചെയ്യണം.

വിഗൃഹ്യാസനത്തിന്നു പറഞ്ഞ ഹേതുക്കൾ നേരെ വിപരീതമായിട്ടു കാണുന്ന സന്ദർഭത്തിൽ സന്ധായാസനം (സന്ധിചെയ്തിട്ടു സ്വസ്ഥമായിരിക്കൽ) ചെയ്യണം.

വിഗൃഹ്യാസനത്തിന്നു പറഞ്ഞ ഹേതുക്കളെക്കൊണ്ടു് അഭ്യുച്ചിതനായ (ശക്ത്യുപചയം പ്രാപിച്ച) സമയത്തിങ്കൽ വിജിഗീഷു സർവ്വസന്ദോഹൻ (സർവ്വസൈന്യങ്ങളെ ചേർത്തു പുറപ്പെട്ടവൻ) അല്ലാത്ത പരനോടു വിഗൃഹ്യയാനം (വിഗ്രഹം ചെയ്തിട്ടുള്ള യാത്ര) ചെയ്യണം.

യാതൊരിക്കൽ "പരൻ ഇപ്പോൾ വ്യസനിയാണു്; അവന്റെ പ്രകൃതിവ്യസനം ശേഷമുള്ള പ്രകൃതികളെക്കൊണ്ടു പരിഹരിപ്പാൻ സാധിക്കുന്നതല്ല; സ്വസൈന്യത്താൽ പീഡിതരായി സ്വാമിയുടെ പേരിൽ വിരക്തരായും കർശിതരും നിരുത്സാഹരുമായും തമ്മിൽത്തമ്മിൽ ഇണക്കമില്ലാത്തവരായും തീർന്നിരിക്കുന്ന പരന്റെ പ്രകൃതികളെ ഇപ്പോൾ പ്രലോഭിപ്പിക്കുവാൻ സാധിക്കും; അഗ്നിബാധകൊണ്ടോ വെള്ളപ്പൊക്കംകൊണ്ടോ മഹാവ്യാധികൊണ്ടോ ദുർഭിക്ഷംകൊണ്ടോ യുഗ്യങ്ങൾക്കും കർമ്മകരന്മാർക്കും നിചയ(കോശം)ത്തിന്നും രക്ഷാവിധാനത്തിന്നും ക്ഷയം സംഭവിച്ചിട്ടാണു് പരൻ ഇപ്പോൾ ഇരിക്കുന്നതു്" എന്നു കാണുന്നപക്ഷം വിഗൃഹ്യയാനം ചെയ്യണം.

"എന്റെ മിത്രവും ആക്രന്ദനും, ശൂരരും വൃദ്ധരും അനുരക്തരുമായ പ്രകൃതികളോടുകൂടിയവരാണു്; പരന്റെ പാർഷ്ണിഗ്രാഹനും ആസാരനും ഇതിൽനിന്നു വിപരീതമായ പ്രകൃതികളോടുകൂടിയവരുമാണു്; ആയതിനാൽ മിത്രത്തെ

കൊണ്ട് ആസാരനേയോ ആക്രന്ദനെക്കൊണ്ട് പാർഷ്ണിഗ്രാഹനേയോ ആക്രമിപ്പിച്ചാൽ ഇടപ്പാറം പരൻെറ നേരെ വിഗ്രഹിച്ചുപോകുവാൻ എനിക്കു സാധിക്കും" എന്നു കാണുന്നപക്ഷവും വിഗ്രഹ്യയാനം ചെയ്യണം.

വിഗ്രഹം ചെയ്താൽ സിദ്ധിക്കുന്ന ഫലം ഏകാന്തമായതും (തനിക്കുമാത്രമായിക്കിട്ടുന്നതു) അല്പകാലസാദ്ധ്യവും ആണെന്നു കാണുന്നപക്ഷം പാർഷ്ണിഗ്രാഹനോടും ആസാരനോടും വിഗ്രഹം ചെയ്തിട്ടു പരൻെറ നേരെ വിഗ്രഹ്യയാനം ചെയ്യണം.

വിഗ്രഹ്യയാനത്തിനു പറഞ്ഞ ഹേതുക്കളുടെ വൈപരീത്യത്തിങ്കൽ സന്ധായയാനം (മററു ചിലരോടു സന്ധി ചെയ്തിട്ടു പരൻെറ നേരെ യാനം ചെയ്തു) ചെയ്യണം. *

"ഞാനേകനായിട്ടു പരൻെറ നേരെ യാനം ചെയ്വാൻ ശക്തനല്ല, തീർച്ചയായും യാനം ചെയ്യേണ്ടിയുമിരിക്കുന്നു" എന്നു കാണുന്ന സന്ദർഭത്തിൽ തനിക്കു സമനോ തന്നേക്കാൾ ഹീനനോ തന്നേക്കാൾ ജ്യായാനോ ആയിട്ടുള്ള സാമവായികന്മാരോടുകൂടിച്ചേർന്നിട്ടു പരൻെറ നേരെ യാനം ചെയ്യണം. ഒരേ ദേശത്തിങ്കലേക്കാണു യാനമെങ്കിൽ അംശത്തെ (ജയിച്ചാൽക്കിട്ടുന്ന ഫലാംശത്തെ) മുൻകൂട്ടി നിർദ്ദേശിച്ചും, അനേകദേശങ്ങളിലേക്കാണ് യാനമെങ്കിൽ ഫലം നിർദ്ദേശിക്കാതെയും യാനം ചെയ്യണം. സാമവായികന്മാരിൽ വച്ച് ആരെങ്കിലും ഒരുവൻ വരാത്തപക്ഷം നിർദ്ദിഷ്ടമായ അംശത്തിന്നനുസരിച്ച ദണ്ഡത്തെ (സൈന്യത്തെ) അയച്ചുതരുവാൻ യാചിക്കണം. സംഭൂയാഭിഗമനം (കൂട്ടത്തിൽച്ചേർന്നുപോകൽ) കൊണ്ടു നിർദ്ദേശം (പ്രതിഫലം) കല്പിക്കുകയുമാ

* പാർഷ്ണിഗ്രാഹനോടും ആസാരനോടും സന്ധിചെയ്തിട്ടു പരൻെറ നേരെ യാനംചെയ്യണമെന്നു സാരം.

കാം ‡. ഇങ്ങനെ നിശ്ചയിക്കുന്നതു ലാഭം നിശ്ചിതമാണെങ്കിൽ അംശത്തെ നിർദ്ദേശിച്ചും, അനിശ്ചിതമാണെങ്കിൽ കിട്ടുന്ന ലാഭത്തിൽ അംശനിർദ്ദേശംചെയ്തും വേണ്ടതാണ്.

അംശോ ദണ്ഡസമം പ്രോക്തഃ,
പ്രയാസസമമുത്തമം,
വിലോപമൊ കിട്ടിട്ടെമ്പാൽ,
പ്രക്ഷേപസമമോ തഥാ. *

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന
ഏഴാമധികരണത്തിൽ, വിഗൃഹ്യാസനം—സന്ധായാസനം—
വിഗൃഹ്യയാനം—സന്ധായയാനം—സംഭൂയപ്രയാണം
എന്ന നാലാമദ്ധ്യായം.

---

## അഞ്ചാം അദ്ധ്യായം.

### ഒരുനൂറെറട്ടു മുതൽ ഒരുനൂററിപ്പത്തുകൂടിയ പ്രകരണങ്ങൾ.

### യാതവ്യാമിത്രന്മാരെപ്പററിയുള്ള അഭിഗ്രഹചിന്ത, പ്രകൃതികളുടെ ക്ഷയലോഭവിരാഗഹേതുക്കൾ, സാമവായികവിപരിമർശം.

സാമന്തന്മാരായ രണ്ടു ശത്രുക്കൾക്കു തുല്യമായ വ്യ

---

‡ മറ്റുള്ളോർ സമവായത്തിൽച്ചേർന്നു തനിക്കു സാഹായ്യം ചെയ്യുന്നതിനു പകരമായി താനവരോടും ആവശ്യമായി വരുമ്പോൾ സമവായത്തിൽച്ചേർന്നു സഹായിക്കാമെന്നു പ്രതിഫലം നിശ്ചയിക്കണമെന്നർത്ഥം.

* പല രാജാക്കന്മാരുംകൂടി കൂട്ടായിച്ചേർന്നു ചെയ്യുന്ന യുദ്ധത്തിൽ കിട്ടുന്നതായ ഫലത്തെ ഭാഗിക്കുന്നതിൽ ദണ്ഡസമം, പ്രയാസസമം, വിലോപം, പ്രക്ഷേപസമം എന്നിങ്ങനെ നാലു പ്രകാരഭേദങ്ങളുണ്ട്. ദണ്ഡ

സനമുണ്ടായിരിക്കുമ്പോൾ അവരിൽവച്ച് യാതവ്യന്റെ നേരെയോ, അതോ അമിത്രന്റെ നേരെയോ ആദ്യം യാനംചെയ്യേണ്ടത് എന്ന ചിന്തയിങ്കൽ ആദ്യം അമിത്രന്റെ നേരെ യാനംചെയ്യണം; അമിത്രനെജ്ജയിച്ചതിനുശേഷം യാതവ്യന്റെ നേരെ യാനംചെയ്യണം. എന്തുകൊണ്ടെന്നാൽ, അമിത്രനെജ്ജയിച്ചാൽ യാതവ്യൻ വിജിഗീഷുവിനു സാഹായ്യം നൽകും; യാതവ്യനെജ്ജയിച്ചാൽ അമിത്രൻ സഹായിക്കുകയുമില്ല.

അധികം വ്യസനമുള്ള യാതവ്യന്റെ നേരെയോ, അതോ വ്യസനംകുറഞ്ഞ അമിത്രന്റെ നേരെയോ ആദ്യം യാനം ചെയ്യേണ്ടത് എന്ന ചിന്തയിങ്കൽ, അധികം വ്യസനമുള്ളവനെ ജയിപ്പാൻ അധികം സൌകൎയ്യമുള്ളതുകൊണ്ട് അവന്റെ നേരെയാണ് യാനംചെയ്യേണ്ടതെന്ന് ആചാൎയ്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, അങ്ങനെയല്ലെന്നാണ കൌടില്യമതം. വ്യസനം കുറഞ്ഞ അമിത്രന്റെ നേരെയാണ് ആദ്യം പോകേണ്ടതു. അവനുള്ള വ്യസനം ലഘുവാണെന്നിരിക്കിലും അഭിയോഗംചെയ്യുമ്പോൾ അതു കൃച്ഛ്രമായിഭവിക്കും. യാതവ്യനുള്ള അധികമായ വ്യസനം അഭിയോഗം ചെയ്യുമ്പോൾ അതിനേക്കാളും അധികമാകയില്ലെ എന്നാണെങ്കിൽ അതു സത്യംതന്നെ. പക്ഷെ ലഘുവ്യസനനായ അമിത്രനോടു അഭിയോഗം ചെയ്യാതിരുന്നാൽ അവൻ തനിക്കുള്ള വ്യസനത്തിന്ന് എളുപ്പത്തിൽ പ്രതിവിധിചെയ്തു യാതവ്യനോടു യോജിക്കുകയോ പാൎഷ്ണിയെ ഗ്രഹിക്കുകയോ ചെയ്യുക്കും.

---

സമം=മാൎഗ്ഗമദ്ധ്യംകൊണ്ടുചെന്ന സൈന്യത്തിന്റെ യോഗ്യതയനുസരിച്ചുഫലിക്കുമ്പോൾ. പ്രയാസസമം=മാൎഗ്ഗമദ്ധ്യം ചെയ്ത അദ്ധ്വാനത്തിന്റെ തോതനുസരിച്ച് ഫലിക്കുമ്പോൾ. വിലോപം=മാൎഗ്ഗമദ്ധ്യത്തിൽ പിടിച്ചടക്കിയതിലെ ധനങ്ങളെ എടുക്കുക. പ്രക്ഷേപസമം=മാൎഗ്ഗമദ്ധ്യേ ഉപേക്ഷിച്ച ധനത്തിന്റെ തോതനുസാരം ഫലിക്കുമ്പോൾ.

ഗുരുവ്യസനനും ന്യായവൃത്തിയുമായിട്ടൊരുവൻ, ലഘുവ്യസനനും അന്യായവൃത്തിയുമായിട്ടൊരുവൻ, വിരക്തരായ പ്രകൃതികളോടുകൂടിയവനായിട്ടൊരുവൻ എന്നിങ്ങനെ ഒരേസമയത്തു യാതവ്യന്മാരായ പല പേരുള്ള പക്ഷം അവരിൽ ആരുടെ നേരെയാണ് ആദ്യം യാനം ചെയ്യേണ്ടത് എന്ന ചിന്തയിങ്കൽ വിരക്തപ്രകൃതിയായിട്ടുള്ളവൻെറ നേരെ ആദ്യം യാനം ചെയ്യണം. ന്യായവൃത്തിയായിട്ടുള്ളവൻ ഗുരുവ്യസനനാണെങ്കിലും അവനോടെതിരിടുമ്പോഠം പ്രകൃതികഠം അവനെ സഹായിക്കും; ലഘുവ്യസനനാണെങ്കിലും അന്യായവൃത്തിയായിട്ടുള്ളവനെ അവർ ഉപേക്ഷിക്കും; വിരക്തരായ പ്രകൃതികഠം ബലവാനായ സ്വാമിദയയുംകൂടി ഉച്ഛേദിക്കുകയും ചെയ്യും. ആയതുകൊണ്ടു വിരക്തപ്രകൃതിയായിരിക്കുന്നവൻെറ നേരെത്തന്നെ ആദ്യം യാനം ചെയ്യണം.

ക്ഷീണരും ലുബ്ധരുമായ പ്രകൃതികളോടുകൂടിയ ഒരുവൻ, അപചരിതരായ (അപകാരം ചെയ്യപ്പെട്ട) പ്രകൃതികളോടുകൂടിയ ഒരുവൻ എന്നിങ്ങനെ രണ്ടു യാതവ്യന്മാരുള്ളപ്പോഠം അവരിൽ ആരുടെ നേരെയാണ് ആദ്യം യാനം ചെയ്യേണ്ടതു് എന്ന ചിന്തയിങ്കൽ ക്ഷീണലുബ്ധപ്രകൃതിയായിട്ടുള്ളവൻെറ നേരെയാണു് ആദ്യം പോകേണ്ടതെന്നു് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. ക്ഷീണരും ലുബ്ധരുമായ പ്രകൃതികളെ എളുപ്പത്തിൽ ഭേദിപ്പിക്കുവാനോ പീഡിപ്പിക്കുവാനോ സാധിക്കുമെന്നും, അപചരിതരായ പ്രകൃതികളെ അങ്ങനെ ചെയ്യാൻ സാധിക്കയില്ലെന്നും, അവരിൽവച്ചു പ്രധാനഭൂതന്മാരായവരെ ദണ്ഡിക്കുക മാത്രമേ അവരോടുപായമുള്ളുവെന്നുമാണു് ആചാര്യന്മാരുടെ യുക്തി. എന്നാൽ അങ്ങനെയല്ലെന്നാണു് കൌടില്യമതം. എന്തുകൊണ്ടെന്നാൽ, ക്ഷീണരും ലുബ്ധരുമായ പ്രകൃതികഠം സ്വാമിയുടെ പേരിൽ സ്നേഹമുള്ളവരാണെ

ങ്കിൽ അവർ സ്വാമിഹിതത്തെ തെററി നടക്കുകയില്ല. ഭേദപ്രയോഗത്തിൽ അവർ പെടുകയുമില്ല. അനുരാഗമുണ്ടെങ്കിൽ സർവ്വഗുണങ്ങളും ഉള്ളതുപോലെയാകും. ആയതുകൊണ്ടു് അപചരിതപ്രകൃതിയായവന്റെ നേരെയാണ് ആദ്യം യാനം ചെയ്യേണ്ടതു്.

ബലവാനും അന്യായവൃത്തിയുമായിട്ടൊരുവൻ, ദുർബ്ബലനും ന്യായവൃത്തിയുമായിട്ടൊരുവൻ എന്നിങ്ങനെ രണ്ടു ശത്രുക്കൾ യാതവ്യരായിട്ടുള്ളപ്പോൾ ആരുടെ നേരെയാണ് ആദ്യം പോകേണ്ടതെന്ന ചിന്തയിങ്കൽ ബലവാനും അന്യായവൃത്തിയുമായവന്റെ നേരെയാണ് ആദ്യം പോകേണ്ടതു്. എന്തുകൊണ്ടെന്നാൽ, ബലവാനാണെങ്കിലും അന്യായവൃത്തിയായവൻ അഭിയുക്തനാകുമ്പോൾ പ്രകൃതികൾ അവനെ സഹായിക്കാതിരിക്കയോ, പുറത്താക്കുകയോ, അവന്റെ അമിത്രനെ ആശ്രയിക്കയോ ചെയ്യും. ദുർബ്ബലനാണെങ്കിലും ന്യായവൃത്തിയായിട്ടുള്ളവൻ അഭിയുക്തനാകുമ്പോൾ പ്രകൃതികൾ അവനെ സഹായിക്കുകയും, അനുഗമിക്കുകയും ചെയ്യും.

ശിഷ്ടരേയപമാനിക്ക,
മാനിച്ചീടുക ദുഷ്ടരെ,
അധർമ്മ്യമായനുചിത-
മായ ഹിംസകൾ ചെയ്യുക,

ധർമ്മ്യോചിതങ്ങളായീടു-
മാചാരങ്ങൾ മുടക്കുക,
അധർമ്മത്തെ പ്രവൃത്തിക്ക,
ധർമ്മത്തെത്താൻ വിലക്കുക,

അകാര്യങ്ങളനുഷ്ഠിക്ക,
കാര്യങ്ങളെ ഹനിക്കുക,

ദേയങ്ങൾ ദാനംചെയ്യായ്ക,-
യദേയങ്ങൾ ഹരിക്കുക,

ദണ്ഡ്യരെദ്ദണ്ഡിച്ചിടായ്ക,
ദണ്ഡിച്ചീടുകദണ്ഡ്യരെ,
അഗ്രാഹ്യരെപ്പിടിപ്പിക്ക,
ഗ്രാഹ്യരേയൊഴിവാക്കുക,

അനൎത്ഥ്യകാൎയ്യങ്ങൾ ചെയ്ക,-
യൎത്ഥ്യങ്ങളെ ഹനിക്കുക,
ചോരരക്ഷ നടത്തായ്ക;
സ്വയം ചെയ്യുക ചോരണം,
പൌരുഷത്തെപ്പതിപ്പിക്ക,-

യുരസ്സു ഗുണദൂഷണം,
പ്രധാനരെ പ്രപീഡിക്ക,-
യപമാനിക്ക മാന്യരെ,
വൃദ്ധന്മാരെ വിരോധിക്ക,

ചെയ്കയും വിഷമാനൃതം,
കൃതം പ്രതികരിക്കായ്ക,
സ്ഥിതം ചെയ്യാതിരിക്കുക,
പ്രമാദാലസ്യങ്ങൾ മൂലം

യോഗക്ഷേമം കെടുത്തുക—
ഇച്ചൊന്ന രാജദോഷങ്ങൾ-
മൂലം പ്രകൃതികൾക്കുടൻ
ക്ഷയലോഭവിരാഗങ്ങൾ
ഭവിച്ചീടുമസംശയം.

ക്ഷയം വന്നാൽ വരും ലോഭം,
ലോഭം വന്നാൽ വിരാഗവും,
വിരക്തരായാൽ ഹിംസിക്കും
സ്വപക്ഷമോ രിപുമാൎഗ്ഗമോ,

ആയതുകൊണ്ടു രാജാവു പ്രകൃതികൾക്കു ക്ഷയലോഭവിരാഗങ്ങൾ വരുവാനുള്ള കാരണങ്ങളെ ജനിപ്പിക്കരുത്. സംഗതിവശാൽ ആവക കാരണങ്ങൾ ഉണ്ടായിത്തീൎന്നാൽ അവയ്ക്കു ഉടൻതന്നെ പ്രതിവിധി ചെയ്കയും വേണം.

പ്രകൃതികൾ ക്ഷീണരായി വരുന്നതിനോ, ലുബ്ധരായിത്തീരുന്നതിനോ, വിരക്തരായിച്ചമയുന്നതിനോ ഏതിനാണു ഗുരുത്വം കൂടുക എന്നു പറയാം. ക്ഷീണരായാൽ സ്വാമിയിൽനിന്നു പീഡനമോ ഉച്ഛേദനമോ ഭവിക്കുമെന്നുള്ള ഭയത്താൽ വേഗത്തിൽ ശത്രുവിനോടു സന്ധി ചെയ്വാനോ, സ്വാമിയോടു യുദ്ധം ചെയ്വാനോ, രാജ്യം വിട്ടുപോകുവാനോ ഉത്സാഹിക്കും. ലുബ്ധരായിത്തീൎന്നാൽ ലോഭം നിമിത്തം അതൃപ്തരായിട്ടു പരന്റെ ഭേദോപായത്തിൽ അകപ്പെട്ടും. വിരക്തരായിപ്പരിണമിച്ചാൽ സ്വാമിയുടെ നേരെ പരനോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടും *.

പ്രകൃതികൾക്കു സംഭവിക്കുന്ന ക്ഷയങ്ങളിൽവച്ച് ഹിരണ്യധാന്യങ്ങളുടെ ക്ഷയം സൎവ്വോപഘാതം വരുത്തുന്നതും പ്രതിവിധി ചെയ്വാൻ പ്രയാസമുള്ളതുമാകുന്നു. യുഗ്യപുരുഷക്ഷയം (കുതിരകളുടെയും ആളുകളുടെയും ക്ഷയം) ഹിരണ്യധാന്യങ്ങളെക്കൊണ്ടു തീൎക്കുവാൻ സാധിക്കുന്നതാണ്. ലോഭം ഐകദേശികവും (ഏകദേശത്തിങ്കൽ=ഏതാനും ചില പ്രകൃതികളിൽ മാത്രം ഉള്ളതു്), മുഖ്യന്മാൎക്കധീനമായിട്ടുള്ളതും, പരന്റെ അൎത്ഥങ്ങളെടുത്തുകൊള്ളുവാനനുവദിച്ചാൽ തീൎക്കുവാനോ തൃപ്തിപ്പെടുത്തുവാനോ സാധിക്കുന്നതുമാണ്. വിരാഗമാകട്ടെ പ്രധാനന്മാരുടെ നിഗ്രഹം കൊണ്ടു മാത്രമേ തീൎക്കുവാൻ സാധിക്കയുള്ളു. എന്തുകൊണ്ടെന്നാൽ, പ്രകൃതികൾ നിഷ്പ്രധാനർ (നേതാക്കന്മാരില്ലാ

---

* ക്ഷീണരായിരിക്കുക, ലുബ്ധരായിരിക്കുക, വിരക്തരായിരിക്കുക എന്നിവയിൽവച്ചു ഉത്തരോത്തരമധികം ഗൌരവം കൂടുവിൽപ്പറഞ്ഞതിന്നാണുള്ളതെന്നു സാരം.

ന്മാർ) ആയാൽമാത്രം അവരെ എളുപ്പത്തിൽ ഭരിക്കുവാൻ സാധിക്കുകയും, അന്യന്മാൎക്ക് അവരെ ഭേദിപ്പിക്കുവാൻ സാധിക്കാതെയാകയും ചെയ്യും. എങ്കിലും പ്രധാനന്മാരുടെ അഭാവത്തിൽ ആപത്തു വരുന്നതിനെ സഹിപ്പാൻ അവൎക്കു ശക്തിയുണ്ടാകയില്ല. പ്രധാനന്മാരുടെ ഉപഗ്രഹങ്ങൾ (ഉപലാളനങ്ങൾ) ഉണ്ടായാലാകട്ടെ പ്രകൃതികൾ പരന്മാരാൽ പല പ്രകാരത്തിൽ ഭേദിപ്പിക്കപ്പെടുകയും ഗുപ്തരായതുകൊണ്ട് ആപത്തിനെ സഹിക്കുവാൻ ശക്തരാകയും ചെയ്യും. §

സാമവായികന്മാരുടെ കാൎയ്യത്തിൽ, സന്ധിക്കോ വിഗ്രഹത്തിന്നോ ഇടയാകുന്ന കാരണങ്ങളെ നല്ലവണ്ണം നോക്കി ശക്തിയും ശൌചവും ഉള്ളവരെ മാത്രമേ കൂട്ടുകൂട്ടി യാനം ചെയ്വാൻ പാടുള്ളൂ. ശക്തിമാനായിട്ടുള്ളവൻ പാൎഷ്ണിഗ്രാഹനെ ഒഴിക്കുന്നതിലും യാത്രാസാഹായ്യം നൽകുന്നതിലും ശക്തനാകും. ശുചിയായിട്ടുള്ളവൻ വിചാരിച്ച കാൎയ്യം സാധിച്ചാലും ഇല്ലെങ്കിലും പറഞ്ഞതുപോലെ നടക്കുകയും ചെയ്യും.

സാമവായികന്മാരിൽവെച്ച് ജ്യായാനായ ഒരുവനോടോ, അതോ സമന്മാരായ രണ്ടു പേരോടോ കൂട്ടുകൂടിപ്പോകേണ്ടതു് എന്ന ചിന്തയിങ്കൽ സമന്മാരായ രണ്ടുപേരോടുകൂടിപ്പോകുന്നതാണു് അധികം നല്ലതു്. എന്തുകൊണ്ടെന്നാൽ, ജ്യായാനോടുകൂടിച്ചേൎന്നു പോകുന്നതായാൽ അവ

---

§ പ്രധാനന്മാരെ നിഗ്രഹിച്ചാൽ പ്രകൃതികൾ പരന്മാൎക്കു ഭേദപ്രയോഗത്തിന്നു വിധേയരാകയില്ല എന്ന ഗുണമുണ്ടെങ്കിലും ആപത്തുവരുമ്പോൾ സഹിപ്പാൻ കഴിയായ്കയാൽ വിജിഗീഷുവിനെ വിട്ടുപോകുമെന്ന ദോഷവുമുണ്ട്. നിഗ്രഹിക്കാഞ്ഞാലാകട്ടെ ആപത്തിനെ സഹിപ്പാൻ ശക്തിയുണ്ടെങ്കിലും ഭേദപ്രയോഗത്തിൽപ്പെടും. ഇങ്ങനെ രണ്ടുവിധത്തിലായാലും ദോഷമുള്ളതുകൊണ്ട് വിരാഗം ക്ഷയലോഭങ്ങളെക്കാൾ അധികം അപകടമാണെന്ന് സാരം.

ഗൃഹീതൻ (അധഃകൃതൻ) ആയിട്ടു സഞ്ചരിക്കേണ്ടിവരും; സമന്മാരായ രണ്ടു പേരോടുകൂടിയിട്ടായാൽ അതു വേണ്ട- എന്നു തന്നെയല്ല, അതിസന്ധാനം (വഞ്ചനം) ചെയ്തിട്ട് തനിക്കു കൂട്ടുകാരെക്കാൾ ആധിക്യം കിട്ടിയാൽ അവരിരുവരേയും എളുപ്പത്തിൽ തമ്മിൽപ്പിണക്കുവാൻ സാധിക്കുകയും ചെയ്യും. അവരിലൊരുവൻ ദുഷ്ടനായിരിക്കുന്നപക്ഷം മററവനും വിജിഗീഷുവും കൂടിയാൽ അവനെ ഒതുക്കുവാനും ഭേദപ്രയോഗംകൊണ്ടു നിഗ്രഹിക്കുവാനും സാധിക്കുന്നതുമാണ്.

സമനായ ഒരുവനോടുകൂടിയോ, അതോ ഹീനന്മാരായ രണ്ടു പേരോടുകൂടിയോ യാനം ചെയ്യേണ്ടതു് എന്ന ചിന്തയിങ്കൽ ഹീനന്മാരായ രണ്ടുപേരോടു കൂടിപ്പോകുന്നതാണ് അധികം നല്ലതു്. എന്തുകൊണ്ടെന്നാൽ, അവർ രണ്ടു കാര്യങ്ങൾ (പുരോഭാഗത്തിലും പിൻഭാഗത്തിലുമുള്ള രക്ഷകൾ) ചെയ്യുന്നവരും വിജിഗീഷുവിനു വശ്യരുമായി ഭവിക്കും. * കാര്യസിദ്ധിയിങ്കലാകട്ടെ—

കാര്യം കഴിഞ്ഞാൽ ജ്യായാനി-
ലശുചിത്വം ഭവിക്കുകിൽ
വ്യാജംചൊല്ലിഗ്ഗൂഢമായി
മാറൂ, വാഴ്ച്ച വിപര്യയേ.

യത്നാൽ മാററിക്കളെത്രതെ-
താനും സൂത്രത്തിൽ മാറിട്ടു;
കാര്യംകഴിഞ്ഞാൽസ്സമനിൽ-
നിന്നും ഭീതിഭവിച്ചിടും.

---

* ഇതുവരെപ്പറഞ്ഞതു വിജിഗീഷു മററു സാമവായികന്മാരെക്കൂട്ടിപ്പോകേണ്ടുന്ന വിധിയാണ്. ഇനി മററുള്ളവർ തന്റെ സാഹായ്യമപേക്ഷിക്കുമ്പോൾ വിജിഗീഷു ചെയ്യേണ്ടതിനെപ്പററിപ്പറയുന്നു.

കാര്യം ലഭിച്ചാൻ ജ്യായാനും
സമനും മട്ടമററിടും
വൃദ്ധിവന്നോനവിശ്വാസ്യൻ,
വൃദ്ധി ബുദ്ധിയെ മാററിടും.

ജ്യായാൻ തെല്ലേകിലും തന്നി-
ല്ലെങ്കിലും പോക തുഷ്ടനായ്
പിന്നെ ച്ഛിദ്രപ്രഹാരത്താൽ
ദപിച്ചണം കശ്മലാക്കണം.

സ്വയംനേതാ സൽക്കരിച്ചു
പിരിച്ചു സാമവായികാൻ
തോല്പിച്ചീടൊല്ല തോററാലു-
മെന്നാൽ മണ്ഡലനായകനാം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധി
കരണത്തിൽ, യാതവ്യാമിത്രന്മാരെപ്പററിയുള്ള അഭിഗ്രഹചി
ന്ത—പ്രകൃതികളുടെ ക്ഷയലോഭവിരാഗഹേതുക്കൾ—
സാമവായികവിപരിമർശം എന്ന അഞ്ചാമദ്ധ്യായം.

---

## ആറാം അദ്ധ്യായം.

---

ഒരുനൂററിപ്പതിനൊന്നും പന്ത്രണ്ടും പ്രകരണങ്ങൾ.
സംഹിതപ്രയാണികം, പരിപണിതാപരിപണി
താപസൃതസന്ധികൾ.

വിജിഗീഷു രണ്ടാമത്തെ പ്രകൃതിയെ (അരിയെ) താ
ഴെ പറയുംപ്രകാരം വഞ്ചിക്കണം:—

സാമന്തനോടു "നീ ഇന്ന ദേശത്തേക്കു യാനംചെ
യ്യണം, ഞാൻ ഇന്ന ദേശത്തേക്കു യാനംചെയ്യാം; രണ്ടു
സ്ഥലങ്ങളിലും കിട്ടുന്ന ലാഭം രണ്ടുപേൎക്കും സമാനമായിരി

ക്കം" എന്നു പറഞ്ഞു് അവനെ സംഹിതപ്രയാണത്തിങ്കൽ (അന്യോന്യം സന്ധിചെയ്തു യാതവ്യന്മാരോടെതിൎക്കുവാൻ പോകുന്നതിൽ) ഏൎപ്പെടുത്തണം. രണ്ടുപേൎക്കും കിട്ടുന്ന ലാഭം സമമായി വരുന്നപക്ഷം സന്ധിയനുസരിച്ചു പ്രവൃത്തിപ്പൂ; ലാഭം സമമല്ലാതെ വരുന്നതായാൽ വിക്രമം ചെയ്കയും വേണം. *

സന്ധി, പരിപണിതവും (പ്രത്യേകം ഒരു വ്യവസ്ഥയോടുകൂടിയതു്) അപരിപണിതവുമായിട്ടുണ്ടു്. "നീ ഇന്ന ദേശത്തേക്കു യാനംചെയ്യണം, ഞാൻ ഇന്ന ദേശത്തേക്കു യാനം ചെയ്യാം" എന്നുള്ള സന്ധി പരിപണിതദേശം (ദേശം വ്യവസ്ഥപ്പെടുത്തിക്കൊണ്ടുള്ളതു്); "നീ ഇത്രകാലം പ്രവൃത്തി ചെയ്യണം, ഞാൻ ഇത്രകാലം പ്രവൃത്തിചെയ്യാം" എന്നുള്ളതു പരിപണിതകാലം (കാലം വ്യവസ്ഥപ്പെടുത്തിക്കൊണ്ടുള്ളതു്); "നീ ഇത്രത്തോളം കാൎയ്യം സാധിക്കണം, ഞാൻ ഇത്രത്തോളം കാൎയ്യം സാധിക്കാം" എന്നുള്ളതു പരിപണിതാൎത്ഥം (കാൎയ്യം വ്യവസ്ഥപ്പെടുത്തിക്കൊണ്ടുള്ളതു്.)

ദേശവ്യവസ്ഥചെയ്താൽ "ഗിരിദുൎഗ്ഗത്തോടും വനദുൎഗ്ഗത്തോടും നദീദുൎഗ്ഗത്തോടും കൂടിയതോ, അടവികളാൽ അന്തൎഹിതമോ, അന്യദേശങ്ങളിൽനിന്നു ധാന്യത്തെയും ആളുകളെയും വീവധത്തെയും (ഉപയുക്തദ്രവ്യങ്ങളെ) ആസാരത്തെയും (സ്ഥൂൽബലം) കൊണ്ടുവരുവാൻ പ്രയാസമുള്ളതോ, പുല്ലും വിറകും വെള്ളവും ലഭിക്കാത്തതോ, അവിജ്ഞാതമോ (അപരിചിതം), അധികം അകന്നതോ, അന്യമട്ടുകാരായ നിവാസികളോടുകൂടിയതോ, സൈന്യങ്ങളെ വ്യായാമം ചെയ്യിക്കുവാൻ പററിയ ഭൂമിയില്ലാത്തതോ

* വിജിഗീഷുവിനു ലഭിക്കുന്ന ലാഭം അധികമാകുന്നപക്ഷം സന്ധിയെ അനുസരിക്കാതെ വിക്രമം പ്രവൃത്തിക്കണമെന്നു സാരം.

ആയ ദേശത്തേക്കു പരൻ യാനംചെയ്യേണ്ടിവരും; ഞാൻ ഇതിൽനിന്നു വിപരീതമായ ദേശത്തേക്കാണ് പോവുക" എന്നു വിജിഗീഷു വിചാരിക്കുന്നപക്ഷം, ഈ കാരണവിശേഷത്തിങ്കൽ പരിപണിതദേശമായ സന്ധിയെച്ചെയ്യണം.

കാലവ്യവസ്ഥ ചെയ്താൽ "അതിവഷമോ അത്യുഷ്ണമോ അതിശീതമോ ഉള്ളതോ, അധികമായ വ്യാധികളുണ്ടാകുന്നതൊ, ആഹാരോപഭോഗപദാൎത്ഥങ്ങൾ കിട്ടുവാൻ പ്രയാസമുള്ളതോ, സൈന്യങ്ങളുടെ വ്യായാമത്തിന്നു തടസ്ഥമുള്ളതോ, കാൎയ്യസാധനങ്ങൾക്ക് അപൎയ്യാപ്തമോ ആയ കാലത്തോ തന്നെക്കാൾ അധികമായ കാലത്തേക്കോ പരൻ പ്രവൃത്തി ചെയ്യേണ്ടിവരും; എനിക്ക് അതിൽനിന്നു വിപരീതമായിരിക്കും" എന്നു വിജിഗീഷു വിചാരിക്കുന്നതായാൽ, ആ കാരണവിശേഷത്തിങ്കൽ പരിപണിതകാലമായ സന്ധിയെച്ചെയ്യണം.

കാൎയ്യവ്യവസ്ഥ ചെയ്താൽ "പ്രത്യാദേയമോ, പ്രകൃതികോപമുളവാക്കുന്നതോ, ദീൎഘകാലത്തേക്കു നീണ്ടുനിൽക്കുന്നതോ, അധികം ജനനാശവും ധനനാശവും വരുന്നതോ, അല്പമോ, ഭാവിയിൽ അനൎത്ഥമുണ്ടാക്കുന്നതോ, തൽക്കാലത്തേക്കുതന്നെ അനൎത്ഥകരമോ, അധൎമ്മ്യമോ, മദ്ധ്യമോദാസീനന്മാൎക്കു വിരുദ്ധമോ, മിത്രത്തിന്നു ദോഷം വരുത്തുന്നതോ ആയ കാൎയ്യം പരന്നു ചെയ്യേണ്ടിവരും; എനിക്കു ഇതിൽനിന്നു വിപരീതമായിരിക്കും" എന്നു വിജിഗീഷു വിചാരിക്കുന്നപക്ഷം, ആ കാരണവിശേഷത്തിങ്കൽ പരിപണിതാൎത്ഥമായ സന്ധിയെച്ചെയ്യണം.

ഇപ്രകാരം ദേശകാലങ്ങളെ വ്യവസ്ഥപ്പെടുത്തിയും കാലകാൎയ്യങ്ങളെ വ്യവസ്ഥപ്പെടുത്തിയും, ദേശകാൎയ്യങ്ങളെ വ്യവസ്ഥപ്പെടുത്തിയും, ദേശകാലകാൎയ്യങ്ങളെ വ്യവസ്ഥപ്പെടുത്തിയും സന്ധി ചെയ്യാവുന്നതാണ്. ആയതുകൊ

ണ്ടു പരിപണിതസന്ധി ഏഴുപ്രകാരമാകുന്നു *. പരിപണിതസന്ധി ചെയ്യുമ്പോൾ മുൻപുതന്നെ തന്റെ കർമ്മങ്ങൾ ആരംഭിച്ച് അവസാനം വരെ നടത്തുകയും, പരന്റെ കർമ്മങ്ങളിൽ വിക്രമം പ്രവൃത്തിച്ച് ഉപഘാതം വരുത്തുകയും വേണം.

വ്യസനവും ത്വരയും (ബദ്ധപ്പാടു) അവമാനവും ആലസ്യവുമുള്ളവനോ അജ്ഞനോ ആയിരിക്കുന്ന ശത്രുവിനെ വഞ്ചിക്കുവാൻ വിചാരിക്കുന്ന വിജിഗീഷു ദേശമോ കാലമോ കാര്യമോ വ്യവസ്ഥപ്പെടുത്താതെ "നമ്മൾ രണ്ടുപേരും തമ്മിൽ സന്ധിചെയ്യുന്നു" എന്നിങ്ങനെ വാക്കുകൊണ്ടു മാത്രം പറയുകയും, സന്ധിയെ വിശ്വസിച്ചു പരൻ പ്രവൃത്തികൾ ചെയ്യുമ്പോൾ ഛിദ്രം കണ്ടുപിടിച്ചു അവനെ പ്രഹരിക്കുകയും ചെയ്യണം. ഇതാണ് അപരിപണിതസന്ധി (യാതൊരു വ്യവസ്ഥയും ചെയ്യാത്ത സന്ധി) ഈ സന്ധി ചെയ്താൽ:—

സാമന്തനാമേ സാമന്തൻ-
തന്നിൽച്ചെയ്യിച്ചു വിഗ്രഹം
നേടു തദന്യൻതൻ ഭൂമി
പക്ഷം ഛേദിച്ചു ബുദ്ധിമാൻ.

സന്ധിയുടെ ധർമ്മങ്ങൾ അകൃതചികീർഷ, കൃതശ്ലേഷണം, കൃതവിദൂഷണം, അവശീർണ്ണക്രിയ എന്നിവയും വിക്രമത്തിന്റെ ധർമ്മങ്ങൾ പ്രകാശയുദ്ധം, കൂടയുദ്ധം, തൂഷ്ണീംയുദ്ധം എന്നിവയുമാകുന്നു. ഇങ്ങനെ സന്ധിവിക്രമങ്ങൾ.

---

* ദേശം, കാലം, കാര്യം എന്നിവയിൽ ഓരോന്നിനെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സന്ധികൾ മൂന്നും ദേശകാലങ്ങൾ, കാലകാര്യങ്ങൾ, ദേശകാര്യങ്ങൾ എന്നിങ്ങനെ ഈരണ്ടുകൂട്ടം വ്യവസ്ഥപ്പെടുത്തീട്ടുള്ളതു മൂന്നും, മൂന്നു കൂട്ടവും വ്യവസ്ഥപ്പെടുത്തീട്ടുള്ളതൊന്നും എന്നിങ്ങനെ പരിപണിതസന്ധി ഏഴുവിധം.

പുതുതായി ഒരു സന്ധി ചെയ്യുന്നവർ സാമ്പ്രന്ധങ്ങളായ സാമാദ്യുപായങ്ങളെക്കൊണ്ട് അതിനെ പര്യേഷണം ചെയ്യുകയും, സമഹീനജ്യായാന്മാരെ അവരുടെ ബലമനുസരിച്ച് സ്ഥിതിചെയ്യിക്കുകയുമാണ് അകൃതചികീഷ.

സന്ധി ചെയ്തുകഴിഞ്ഞാൽ പ്രിയവും ഹിതവുമായ കർമ്മങ്ങളെക്കൊണ്ട് അതിനെ ഇരുപക്ഷങ്ങളിൽനിന്നും രക്ഷിക്കുകയും, പറഞ്ഞുറപ്പിച്ചതുപോലെയുള്ള നിബന്ധനത്തെ അനുവർത്തിക്കുകയും, ശത്രുവിന്റെ ഉപജാപം നിമിത്തം സന്ധി ഭേദിച്ചുപോകാതെ രക്ഷിക്കുകയുമാണ് കൃതശ്ലേഷണം.

പരന്റെ ദൂഷ്യന്മാരെക്കൊണ്ട് വഞ്ചന പ്രവൃത്തിപ്പിച്ച് പരൻ അപസന്ധേയനാണ് (സന്ധിചെയ്യാൻ അനർഹനാണ്) എന്നു സ്ഥാപിച്ച് സന്ധിയെ അതിക്രമിച്ച് നടക്കുന്നതാണ് കൃതവിദൂഷണം.

ദോഷം നിമിത്തം വിജിഗീഷുവിൽനിന്നു തെററിപ്പോയ ഭൃത്യനോടൊ മിത്രത്തോടൊ വീണ്ടും സന്ധിചെയ്യുന്നതാണ് അവശീർണ്ണക്രിയ. †

അതിങ്കൽ (അവശീർണ്ണക്രിയയിങ്കൽ) ഗതാഗതൻ(വിജിഗീഷുവിനെ ഉപേക്ഷിച്ചുപോയി തിരികെ വന്നവൻ) നാലുവിധത്തിലുണ്ട്. കാരണമുണ്ടായിട്ട് പോകയും വരികയും ചെയ്യുവൻ, അതിന്നു വിപരീതൻ (കാരണംകൂടാതെ പോകയും വരികയും ചെയ്യുവൻ), കാരണമുണ്ടായിട്ട് പോയി കാരണംകൂടാതെ തിരികെ വന്നവൻ, അതിന്നു വിപരീതൻ (കാരണംകൂടാതെ പോയി കാരണമുണ്ടായിട്ട് തിരികെ വന്നവൻ) എന്നിങ്ങനെയാണ് നാലുവിധം.

സ്വാമിയുടെ ദോഷം കാരണം സ്വാമിയെ വിട്ടു പോകയും സ്വാമിയുടെ ഗുണം കാരണം തിരികെ വരിക

---

† ഇതു അപസൃതസന്ധിയിൽ ഉൾപ്പെടുന്നു.

യും ചെയ്യുവനും, പരന്റെ ഗുണം കാരണം സ്വാമിയെ വിട്ടുപോകയും പരന്റെ ദോഷം കാരണം തിരികെ വരികയും ചെയ്യുവനുമാണു കാരണഗതാഗതൻ; അവൻ സന്ധിയെ അർഹിക്കുന്നവനാത്രെ.

സ്വന്തം ദോഷംകൊണ്ടു സ്വാമിയെ വിട്ടുപോയി പരനെ സേവിക്കുകയും, സ്വദോഷംകൊണ്ടുതന്നെ പരനെ വിട്ടുപോരികയും ചെയ്യുവനാണു അകാരണഗതാഗതൻ. അവൻ രണ്ടുപേരുടേയും ഗുണത്തെ ഉപേക്ഷിച്ചു കാരണംകൂടാതെ മടങ്ങിവന്നവനാകയാൽ ചപലബുദ്ധിയും അസന്ധേയനുമാകുന്നു.

സ്വാമിയുടെ ദോഷംകൊണ്ടു് അദ്ദേഹത്തെ വിട്ടുപോയി സ്വന്തം ദോഷത്താൽ പരങ്കൽനിന്നും തെററിപ്പോന്നവൻ കാരണമുണ്ടായിട്ടു പോയി കാരണംകൂടാതെ വന്നവനാകുന്നു. അവനെപ്പററി ഇങ്ങനെ ശങ്കിക്കണം:— "ഇവൻ പരനാൽ പ്രേരിതനായിട്ടോ അല്ലെങ്കിൽ സ്വന്തം ബുദ്ധിദോഷംകൊണ്ടോ എന്നെ ദ്രോഹിപ്പാനുദ്ദേശിച്ചു വന്നതായിരിക്കുമോ? അഥവാ പരനെ ഉച്ഛേദിക്കുവാൻ പുറപ്പെടുന്ന എന്നെ അമിത്രനായി വിചാരിച്ചിട്ടു തനിക്കും പ്രതിഘാതം ഭവിക്കുമെന്നു ഭയപ്പെട്ടു വന്നതായിരിക്കുമോ? അതുമല്ലെങ്കിൽ പരൻ എന്നെ ഉച്ഛേദിക്കുവാൻ ഉദ്ദേശിക്കുന്നതായറിഞ്ഞു് എന്നെപ്പററി സ്നേഹം തോന്നുകയാൽ അവനെ പരിത്യജിച്ചുവന്നതായിരിക്കുമോ?" ഇങ്ങനെ ശങ്കിച്ചു് അവൻ കല്യാണബുദ്ധിയാണെന്നറിയുന്നപക്ഷം അവനെപ്പൂജിക്കണം. അന്യഥാബുദ്ധിയാണെന്നു കാണുന്നതായാൽ അകററിപ്പാർപ്പിക്കുകയും വേണം.

സ്വദോഷം നിമിത്തം സ്വാമിയെ വിട്ടുപോയി പരന്റെ ദോഷം നിമിത്തം വീണ്ടും വന്നവൻ കാരണംകൂടാതെ പോയി കാരണമുണ്ടായിട്ടു വന്നവനാകുന്നു. അവ

ന്നെപ്പററി ഇപ്രകാരം സംശയിക്കണം:—"ഇവൻ എനിക്കു പരൻെറ ഛിദ്രത്തെ പൂരിപ്പിച്ചുതരുമോ? ഇവൻ ഇവിടെ വസിക്കുന്നത് ഉചിതമായിരിക്കുമോ? ഇവൻെറ ആളുകൾക്കു പരസമീപത്തിങ്കൽ വസിക്കുന്നതിൽ പ്രീതിയില്ലായിരിക്കുമോ? ഇവൻ എൻെറ മിത്രങ്ങളോടു സന്ധിചെയ്കയോ, ശത്രുക്കളോടു വിഗ്രഹിക്കയോ, ലുബ്ധനോ ക്രൂരനോ ആയ പരനിൽനിന്നോ പരനുമായിസ്സന്ധിചെയ്ത മററൊരുവനിൽനിന്നോ ഭീനാകയോ ചെയ്തിരിക്കുമോ?" ഇങ്ങനെ ആലോചിച്ച് ആഗതൻെറ ബുദ്ധിയെ ശരിയായറിഞ്ഞ് അതിനനുസരിച്ച് അവനോടു പ്രവൃത്തിക്കണം.

കൃതപ്രണാശം (ചെയ്ത പ്രവൃത്തി നശിച്ചുപോവുക), ശക്തിഹാനി, വിദ്യാപണ്യത്വം (വിദ്യയെ വിലയ്ക്കു വിൽക്കുന്ന സ്വഭാവം), ആശാനിർവ്വേദം (ഇച്ഛാഭംഗം), ദേശലൌല്യം (ദേശസഞ്ചാരത്തിലുള്ള താൽപര്യം), അവിശ്വാസം, ബലവാനോടുള്ള വിരോധം എന്നിവയിലേതെങ്കിലുമൊന്നാണു പരിത്യാഗസ്ഥാനം (സ്വാമിയെ വിട്ടുപോവാനുള്ള കാരണം) എന്ന് ആചാര്യന്മാർ പറയുന്നു. എന്നാൽ ഭയം, അവൃത്തി (വൃത്തിസൌഖ്യമില്ലായ്മ), അമർഷം എന്നിവയാണ് കാരണമെന്നു കൌടില്യമതം.

തന്നോടപകാരം പ്രവൃത്തിച്ചു പോയവൻ തിരികെ വന്നാൽ അവനെ ഉപേക്ഷിക്കണം. പരനോടപകാരം പ്രവൃത്തിച്ചവനാണെങ്കിൽ അവൻ സന്ധേയനാകുന്നു. രണ്ടുപക്ഷം അപകാരംചെയ്തവൻ തക്കയിതവ്യനമാന്ന്. ശേഷം പൂർവ്വവൽ.

സന്ധിചെയ്യാൻ പാടില്ലാത്ത ഒരുവനുമായി സന്ധിചെയ്യുമ്പോൾ അവനു തൻെറ പ്രഭാവത്തെ കാണിപ്പാൻ സാധിക്കുന്ന വിഷയത്തിൽ വേണ്ടുന്ന പ്രതിവിധി ചെയ്യണം.

അരിപക്ഷീയനായൊരു
ഗതാഗതമെന്നയൂഴിപൻ
ചാരവോളും ദൂരവേ നിൎത്തി-
ക്കൎമ്മംചെയ്യിച്ചു പോററണം;

പരങ്കൽ വിക്രമിച്ചിട്ടു,
സൈന്യകൎമ്മത്തിൽ നിൎത്തിട്ടു,
അമിത്രാടവികന്മാരിൽ
പ്രത്യന്തത്തിങ്കലോ വിട്ടു;

പണ്യംചെയ്യിച്ചിട്ടു ശത്രു-
രാജ്യത്തവിടെ ഗൂഢമായ്
പരനായ് സന്ധിചെയ്യുന്ന
ദോഷം ഘോഷിച്ചു കൊന്നിട്ടു;

അഥവാ കൊന്നിട്ടു ഗൂഢം
ഭാവിയിൽക്ലേശലം വരാൻ.
വധം ഭാവിയിലിച്ഛിപ്പോ-
നെന്നുകണ്ടാൽ വധിച്ചിട്ടു.

അരിയിങ്കലാഗമിച്ചോൻ
സദോഷൻ ശത്രുസംശ്രയാൽ
സൎപ്പസംവാസസാധൎമ്മ്യം-
കൊണ്ടു നിത്യഭയാവഹൻ.

അത്തിക്കായ് തിന്നിട്ടും പ്രാവു
പ്ലക്ഷവൃക്ഷത്തിനെന്നപോൽ
നിത്യോദ്വേഗം ജനിപ്പിക്കു-
മവൻ വീണ്ടും ഭയാവഹൻ.

പ്രകാശയുദ്ധമാം ദേശ-
കാലം കാട്ടിയുടൻ കേറ്;

ഭീഷണം, കൊള്ള, സമ്മർദ്ദം
പ്രമാദവ്യസനങ്ങളിൽ,
സ്ഥാനംമാറി രണംചെയ്യു-
യെന്നേവം കൂടയുദ്ധമാം;
തൂഷ്ണീംയുദ്ധം യോഗഗൂഢ-
ഭേദോപായേണ മാരണം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, സംഹിതപ്രയാണികം— പരിപണിതാപരിപണിതാപസൃതസന്ധികൾ എന്ന ആറാമധ്യായം.

---

## ഏഴാം അധ്യായം.

---

### ഒരുനൂററിപ്പതിമൂന്നാം പ്രകരണം

### ദ്വൈധീഭാവത്തിലുള്ള സന്ധിവിക്രമങ്ങൾ.

വിജിഗീഷു രണ്ടാമത്തെ പ്രകൃതിയെ താഴെ പറയും പ്രകാരം ഉപഗ്രഹിക്കണം (തന്റെ പക്ഷത്തിൽ ചേർക്കണം):—

സാമന്തനായ ഒരു രാജാവിനെ ഉപഗ്രഹിച്ച് അവനോടുകൂടിച്ചേർന്നു മറെറാരു സാമന്തന്റെ നേരെ യാനം ചെയ്യണം. സാമന്തനെ ഉപഗ്രഹിച്ചാൽ "ഇവൻ എന്റെ പാർഷ്ണിയെ ഗ്രഹിക്കുകയില്ല; പാർഷ്ണിഗ്രാഹനെ വാരണം ചെയ്യും; എന്റെ യാതവ്യന്റെ പക്ഷത്തിൽ ചേരുകയില്ല; ഇവനെ ഉപഗ്രഹിക്കാഞ്ഞാൽ എനിക്ക് ബലവാന്മാരോടെതിർക്കേണ്ടിവരും; ഇവൻ എന്റെ വീവധത്തേയും ആസാരത്തേയും പ്രവൃത്തിപ്പിക്കും; പരന്റേതിനെ നിരോധിക്കും; വളരെ അപായങ്ങൾ വത

വാനിടയുള്ള എന്റെ മാർഗ്ഗത്തിലുള്ള കണ്ടകന്മാരെ ഇവൻ മർദ്ദിക്കും; ദുർഗ്ഗങ്ങളിലും അടവികളിലുമുള്ള അപസരണസ്ഥാനങ്ങളിൽ ഇവൻ എന്റെ സൈന്യത്തോടുകൂടി സഞ്ചരിക്കും; എന്റെ യാതവ്യനെ ഇവൻ സഹിപ്പാൻ വയ്യാത്ത ദോഷത്തിലോ സന്ധിയിലോ ഏൎപ്പെടുത്തും; എന്റെ കയ്യിൽനിന്നു കിട്ടുന്ന ലാഭാംശം ലഭിച്ചിട്ടു ഇവൻ അന്യശത്രുക്കളെ എന്റെ പേരിൽ വിശ്വസിപ്പിക്കുകയും ചെയ്യും." എന്നു വിജിഗീഷുവിന്നു വിശ്വാസം തോന്നുന്നതായാൽ വിജിഗീഷു ദ്വൈധീഭാവത്തെ അവലംബിച്ച് (ഒരുവനോടു യുദ്ധത്തിന്നു പുറപ്പെടുകയും മററവനോടു സന്ധിചെയ്കയും ചെയ്തിട്ടു) സാമന്തന്മാരിൽ ഒരുവന്റെ കയ്യിൽനിന്നു കോശദാനംകൊണ്ടു സൈന്യത്തേയോ സൈന്യദാനംകൊണ്ടു കോശത്തേയോ സമ്പാദിക്കുവാൻ ശ്രമിക്കണം.

ഇങ്ങനെ സാമന്തന്മാരിൽനിന്നു കോശദണ്ഡങ്ങൾ ലഭിക്കേണമെന്നിച്ഛിക്കുന്ന വിജിഗീഷു അവരിൽവെച്ചു തന്നേക്കാൾ ജ്യായാനായിട്ടുള്ളവനോട് അവന്ന് അധികമായ അംശം കൊടുക്കാമെന്നു പറഞ്ഞും, സമനായിട്ടുള്ളവനോടു സമമായ അംശം കൊടുക്കാമെന്നു പറഞ്ഞും, ഹീനനായിട്ടുള്ളവനോട് ഹീനമായ അംശം കൊടുക്കാമെന്നു പറഞ്ഞും സന്ധിചെയ്യുന്നതു സമസന്ധിയാകുന്നു. ഇതിന്നു നേരെ വിപരീതമായിട്ടുള്ളതു വിഷമസന്ധി. അവയിൽ (സമസന്ധിയിലും വിഷമസന്ധിയിലും) വിജിഗീഷുവിന്നു വിശേഷലാഭമുണ്ടാകുവാൻതക്ക വ്യവസ്ഥചെയ്യുന്നതു അതിസന്ധി.

വ്യസനിയോ, അപായസ്ഥാനങ്ങളിൽ ആസക്തനോ, അനൎത്ഥത്തിലകപ്പെട്ടവനോ ആയ ജ്യായാനോടു, ഹീനനായവൻ ബലസമമായ (അവൻ സാഹായ്യത്തിന്നയയ്ക്കുന്ന സൈന്യത്തിന്റെ തോതനുസരിച്ചുള്ള) ലാഭം കൊടു

ക്കാമെന്നു പണനം ചെയ്വൂ. അതിന്നുശേഷം അവന്നു പ്രകാരം ചെയ്വാൻ താൻ ശക്തനാണെങ്കിൽ വിക്രമം ചെയ്വൂ; ശക്തനല്ലാത്തപക്ഷം സന്ധിയെത്തന്നെ ചെയ്യണം.

മേൽപ്രകാരമിരിക്കുന്ന (വ്യസനാദികളുള്ള) ഹീനനായവൻ തന്റെ ഹീനമായ ശക്തിയേയും പ്രതാപത്തെയും പൂരണംചെയ്യുന്നതിന്നുവേണ്ടിയോ, സംഭാവ്യമായ (മതിക്കത്തക്ക) അർത്ഥം ലഭിക്കുന്നതിന്നായിപ്പുറപ്പെട്ട ഹീനൻ തന്റെ മൂലസ്ഥാനത്തെയും പാർഷ്ണിയേയും രക്ഷിക്കുന്നതിന്നുവേണ്ടിയൊ തന്നെക്കാൾ ജ്യായാനായ ഒരുവനോടു ബലസമത്തെക്കാൾ കുറിഞ്ഞതായ ലാഭം കൊടുക്കാമെന്നു പണനം ചെയ്വൂ. അങ്ങനെ പറഞ്ഞുനിശ്ചയിച്ചതിന്നുശേഷം അവൻ കല്യാണബുദ്ധിയാണെന്നു കാണുന്നപക്ഷം ജ്യായാൻ അവനെസ്സഹായിപ്പൂ; അല്ലാത്തപക്ഷം വിക്രമത്തെ പ്രയോഗിക്കണം.

വ്യസനം വന്നിട്ടുള്ളവനൊ, പ്രകൃതികോപം സംഭവിച്ചവനൊ, അനൎത്ഥമടുത്തവനോ ആയിട്ടുള്ള ജ്യായാനോടു ദുൎഗ്ഗങ്ങളുടേയും മിത്രങ്ങളുടേയും സമ്പത്തികൊണ്ടു ശ്രേഷ്ഠനായിരിക്കുന്ന ഒരു ഹീനൻ അല്പം അകലെയുള്ള ഒരു ശത്രുവിന്റെ നേരെ യാനംചെയ്വാൻ പുറപ്പെടുമ്പോഴോ, യുദ്ധംകൂടാതെതന്നെ തീൎച്ചയായും ജയലാഭം സിദ്ധിക്കുമെന്നു കാണുമ്പോഴോ ബലസമത്തേക്കാൾ കുറഞ്ഞ ലാഭം കൊടുക്കാമെന്നു പണനം ചെയ്വൂ. അങ്ങനെ പറഞ്ഞു നിശ്ചയിച്ചതിന്നുശേഷം ആ ജ്യായാൻ അപകാരംചെയ്യുന്നതിന്നു സമൎത്ഥനാണെങ്കിൽ അവനോടു വിക്രമിപ്പൂ; അല്ലാത്തപക്ഷം സന്ധിയെ അനുഷ്ഠിക്കുകയും വേണം.

പ്രകൃതികോപമോ വ്യസനമോ ഇല്ലാത്തവനായ ജ്യായാൻ, നല്ലവണ്ണം ആലോചിക്കാതെ യുദ്ധം ആരംഭിച്ചു തന്റെ ശത്രുവിന്നു പിന്നെയും ക്ഷയവ്യയങ്ങൾ വരുത്തേണമെന്നുദ്ദേശിക്കുമ്പോഴോ, തന്റെ ദൂഷ്യസൈന്യത്തെ

സ്വദേശത്തുനിന്നു പ്രവാസനംചെയ്യേണമെന്നിച്ഛിക്കുമ്പോഴോ, പരന്റെ ദുഷ്യസൈന്യത്തെ സ്വദേശത്തേക്കു കൊണ്ടുവരേണമെന്നിച്ഛിക്കുമ്പോഴോ, പീഡനീയനോ ഉച്ഛേദനീയനോ ആയ തന്റെ ശത്രുവിനെ ഹീനനായവനെക്കൊണ്ടു പീഡിപ്പിക്കേണമെന്നിച്ഛിക്കുമ്പോഴോ, കല്യാണബുദ്ധിയാകനിമിത്തം സന്ധിപ്രധാനൻ (സന്ധിയാണു നല്ലതെന്നു വിചാരിക്കുന്നവൻ) ആയിരിക്കുമ്പോഴോ, ഹീനമായ (ബലസമത്തെക്കാൾക്കുറഞ്ഞ) ലാഭത്തേയും സ്വീകരിക്കണം. കല്യാണബുദ്ധിയായ ഹീനനോടുകൂടിച്ചേർന്നു ജ്യായാൻ അർത്ഥത്തെ ലഭിക്കുവാൻ ശ്രമിക്കണം; അവൻ കല്യാണബുദ്ധിയല്ലാത്തപക്ഷം വിക്രമിക്കുകയും വേണം.

ഇപ്രകാരംതന്നെ സമനായിരിക്കുന്ന വിജിഗീഷു സമനായിട്ടുള്ളവനേയും അതിസന്ധാനം ചെയ്കയോ, അനുഗ്രഹിക്കുകയോ ചെയ്യണം. എങ്ങനെയെന്നാൽ:—പരസൈന്യത്തെ എതിർത്തുനില്ക്കത്തക്ക ശക്തിയുള്ളവനോ, തന്റെ മിത്രത്തിന്റെ ആടവികന്മാരെ പ്രതിയോധിപ്പാൻ സമർത്ഥനോ, ശത്രുവിന്റെ വിഭൂമികളെ (ശൈലഗുഹാദിസ്ഥാനങ്ങളെ) ഉപദേശിച്ചു തരുന്നവനോ ആയ സമനോടു സമനായിരിക്കുന്ന വിജിഗീഷു മേൽപ്പറഞ്ഞ കാര്യങ്ങൾക്കുവേണ്ടിയോ, തന്റെ മൂലസ്ഥാനത്തിന്റെയോ പാർഷ്ണിയുടേയോ രക്ഷയ്ക്കുവേണ്ടിയോ ബലസമമായ ലാഭം കൊടുക്കാമെന്നു പണനംചെയ്യൂ. കല്യാണബുദ്ധിയാണെങ്കിൽ പണിതൻ അവനെ അനുഗ്രഹിക്കുകയും, അല്ലാത്തപക്ഷം അവന്റെ നേരെ വിക്രമിക്കുകയും ചെയ്യണം.

വ്യസനവും പ്രകൃതികോപവുമുണ്ടായിട്ടുള്ളവനോ അനേകം വിരോധികളുള്ളവനോ ആയ സമനോട്, അന്യന്റെ കയ്യിൽനിന്നു സാഹായ്യം ലഭിക്കുന്നവനും സമനുമായിരിക്കുന്ന വിജിഗീഷു സമബലത്തെക്കാൾ ഹീനമായ

ലാഭം കൊടുക്കാമെന്നു പണനം ചെയ്വൂ. ഇതിന്നുശേഷം പണിതൻ അവന്നപകാരം ചെയ്യാൻ സമത്ഥനാണെങ്കിൽ വിക്രമിക്കുകയും, അല്ലാത്തപക്ഷം സന്ധിചെയ്കയും വേണം.

അപ്രകാരമിരിക്കുന്ന (വ്യസനവും പ്രകൃതികോപവുമുള്ള) വനും തന്റെ കായ്യങ്ങൾക്കു സാമന്തന്മാരെ ആശ്രയിക്കേണ്ടവനും സൈന്യങ്ങളെ സമ്പാദിക്കേണ്ട ആവശ്യമുള്ളവനുമായ സമൻ സമനായിരിക്കുന്നവനോടു ബലസമത്തെക്കാൾ കവിഞ്ഞതായ ലാഭം കൊടുക്കാമെന്നു പണനം ചെയ്വൂ. ഇതിന്നുശേഷം അവൻ കല്യാണബുദ്ധിയാണെങ്കിൽ പണിതൻ അവനെ അനുഗ്രഹിക്കുകയും, അല്ലാത്തപക്ഷം വിക്രമിക്കുകയും ചെയ്യണം.

വ്യസനവും പ്രകൃതികോപവുമുള്ളവനായിട്ടുള്ള ജ്യായാനോടോ, ഹീനനോടോ, സമനോടോ അവനെ അഭിഹനിപ്പാനുദ്ദേശിക്കുന്നവനോ, അവൻ വേണ്ടതുപോലെ ആരംഭിച്ചതും തീച്ചയായും ജയം നേടുന്നതുമായ കമ്മത്തെ ഉപഹനിപ്പാനുദ്ദേശിക്കുന്നവനോ, അവൻ യാത്രചെയ്യുമ്പോൾ അവന്റെ മൂലസ്ഥാനത്ത് ആക്രമണം നടത്തേണമെന്നുദ്ദേശിക്കുന്നവനോ, അവന്റെ യാതവ്യന്റെ കയ്യിൽനിന്നു വളരെ ലാഭം കിട്ടുമെന്നുദ്ദേശിക്കുന്നവനൊ ആയിട്ടുള്ള ഒരുവൻ ആദ്യം പറഞ്ഞു നിശ്ചയിച്ചതിനെക്കാൾ കൂടുതലായ ലാഭത്തെ യാചിച്ചു. അപ്രകാരം വീണ്ടും യാചിക്കപ്പെട്ടവൻ ദുദ്ധഷമായ ശത്രുവിന്റെ ദുഗ്ഗത്തെയൊ സ്ഥൂൽബലത്തെയൊ ആടവികനെയൊ അവന്റെ (യാചിക്കുന്നവന്റെ) സൈന്യങ്ങളെക്കൊണ്ടു മദ്ദിപ്പിക്കുവാനുദ്ദേശിക്കുകയൊ അവന്റെ സൈന്യത്തെ അത്യന്തവിപ്രകൃഷ്ടമായ മാഗ്ഗത്തിലോ കാലത്തിലോ പെട്ടത്തി ക്ഷയവ്യയങ്ങൾ ഉണ്ടാക്കിത്തീത്തു നശിപ്പിക്കേണമെന്നുദ്ദേശിക്കുകയോ താൻ പരബലംകൊണ്ടു വൃദ്ധിയെ പ്രാപിച്ചതിനു

ശേഷം ആ പരനെ ഉച്ഛേദിക്കുവാനുദ്ദേശിക്കുകയോ പരന്റെ സൈന്യത്തെ പിടിച്ചടക്കുവാനുദ്ദേശിക്കുകയോ ചെയ്യുന്നപക്ഷം സ്വബലരക്ഷയ്ക്കുവേണ്ടി അവൻ യാചിക്കുന്നതായ ലാഭത്തെ വീണ്ടും കൊടുക്കണം.

ജ്യായാനായിട്ടുള്ളവൻ ഹീനനെ തന്റെ യാതവ്യനോടെതിർക്കുവാനെന്ന വ്യാജേന തന്റെ കീഴിൽ വരുത്തുവാനോ പരനെ ഉച്ഛേദിച്ചുകഴിഞ്ഞതിന്നുശേഷം അവനേയും ഉച്ഛേദിക്കുവാനോ അവന്നു മഹത്തായ ദാനം നൽകിയിട്ടു പിന്നീടതു പ്രത്യാദാനം ചെയ്യാനൊ ഉദ്ദേശിക്കുന്നപക്ഷം ബലസമത്തേക്കാൾ കവിഞ്ഞതായ ലാഭം കൊടുക്കുവാൻ പണനം ചെയ്വൂ. പണിതൻ അവന്ന് അപകാരം ചെയ്വാൻ സമർത്ഥനാണെങ്കിൽ വിക്രമിക്കുകയും, അല്ലാത്തപക്ഷം സന്ധിചെയ്കയും വേണം. അതല്ലെങ്കിൽ പണിതൻ പണനംചെയ്തവന്റെ യാതവ്യനോടു സന്ധിചെയ്തു സ്ഥിതിചെയ്യുകയോ, പണനംചെയ്തവന്നു ദൂഷ്യസൈന്യത്തെയോ അമിത്രസൈന്യത്തെയോ ആടവികസൈന്യത്തെയോ സാഹായ്യത്തിന്നയച്ചുകൊടുക്കുകയോ ചെയ്വൂ.

വ്യസനവും പ്രകൃതികോപവുമുള്ളവനായിട്ടുള്ള ജ്യായാൻ ഹീനനോടു ബലസമമായ ലാഭം കൊടുക്കാമെന്നു പണനം ചെയ്വൂ. പണിതൻ അവന്ന് അപകാരം ചെയ്വാൻ സമർത്ഥനാണെങ്കിൽ വിക്രമിക്കുകയും, അല്ലാത്തപക്ഷം സന്ധിചെയ്കയും വേണം.

മേൽപ്രകാരമുള്ള (വ്യസനവും പ്രകൃതികോപവുമുളവനായിട്ടുള്ള) ഹീനനോടു ജ്യായാൻ ബലസമത്തേക്കാൾ കുറഞ്ഞതായ ലാഭം കൊടുക്കാമെന്നു പണനം ചെയ്വൂ. പണിതൻ അവന്നപകാരം ചെയ്വാൻ സമർത്ഥനാണെങ്കിൽ വിക്രമിക്കുകയും, അല്ലാത്തപക്ഷം സന്ധിചെയ്കയും വേണം.

അറിവു മുമ്പിലേ ഹേതു
പണ്ഡിതൻ പണമാനനം;
പിന്നെച്ചിന്തിച്ചെവിടെയോ
ശ്രേയസ്സുണ്ടു ഗ്രമിച്ചിട്ടു.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന
ഏഴാമധികരണത്തിൽ, ദ്വൈധീഭാവത്തിലുള്ള
സന്ധിവിക്രമങ്ങൾ എന്ന ഏഴാമദ്ധ്യായം.

---

## എട്ടാം അദ്ധ്യായം.

ഒരുനൂററിപ്പതിന്നാലും പതിനഞ്ചും പ്രകരണങ്ങൾ.
യാതവ്യവൃത്തി, അനുഗ്രാഹ്യമിത്രവിശേഷങ്ങൾ.

അഭിയാസ്യമാനൻ (ആക്രമിക്കപ്പെടുവാൻ പോകുന്നവൻ) ആയിരിക്കുന്ന യാതവ്യൻ താനും സന്ധിചെയ്യുവാനോ തന്റെ ശത്രു ചെയ്യുന്ന സന്ധിയെ വിഘടിപ്പാനോ ഉദ്ദേശിക്കുമ്പോൾ, ശത്രുവിന്റെ സാമവായികന്മാരിലൊരുവനോടു തനിക്കു സാഹായ്യം ചെയ്താൽ തനിക്കു കിട്ടുന്ന ലാഭത്തിൽ ഇരട്ടി കൊടുക്കാമെന്നു പണനം ചെയ്വൂ. അങ്ങനെ പണനംചെയ്യുന്നവൻ അപ്രകാരം ചെയ്യാഞ്ഞാൽ വരാവുന്ന സൈന്യനാശം, ധനനാശം, പ്രവാസം, പ്രത്യവായം (സന്ധിലംഘനദോഷം), പരോപകാരം (പരപക്ഷത്തിൽ നിന്നാലുള്ള ഉപകാരം), ശരീരപീഡ എന്നിവയെവൎണ്ണിച്ചുപറഞ്ഞുധരിപ്പിക്കണം. പണിതൻ അതു സമ്മതിച്ചു പറഞ്ഞാൽ താൻ കൊടുക്കാമെന്നു പറഞ്ഞ അർത്ഥം കൊടുത്ത് അവനെ തന്റെ പക്ഷത്തിൽ ചേർക്കയോ, അല്ലാത്തപക്ഷം അവനും മററു സാമവായികന്മാരും തമ്മിൽ വൈരം ജനിപ്പിച്ച് അവനെ കൂട്ടത്തിൽനിന്നു തെററിക്കുകയോ ചെയ്വൂ.

നല്ലവണ്ണം ആലോചന ചെയ്യാതെ യുദ്ധകർമ്മം ആരംഭിച്ച ഒരുവന്നു പിന്നേയും ക്ഷയവ്യയങ്ങൾ വരുത്തേണമെന്നുദ്ദേശിക്കുന്നവനോ, നല്ലവണ്ണം ആലോചന ചെയ്തു ആരംഭിച്ചതായ യാത്രയിലെ ഫലസിദ്ധിയെ പ്രതിഹനിക്കേണമെന്നുദ്ദേശിക്കുന്നവനൊ, യാത്രാകാലത്ത് അവന്റെ മൂലസ്ഥാനത്തിങ്കൽ ആക്രമണം നടത്തേണമെന്നുദ്ദേശിക്കുന്നവനൊ, ഇപ്പോൾ സന്ധിചെയ്തു പിന്നീട് അധികമായ ലാഭത്തെ യാചിക്കേണമെന്നുദ്ദേശിക്കുന്നവനൊ, അർത്ഥകൃച്ഛ്രമുള്ളവനൊ, അവിശ്വസ്തനൊ ആയിട്ടുള്ളവൻ തൽക്കാലം യാതവ്യനോടു സന്ധിചെയ്യുമ്പോൾ അല്പമായ ലാഭത്തെ മാത്രമേ ഇച്ഛിക്കാവൂ; ഭാവിയിൽ അധികമായ ലാഭത്തെ ഇച്ഛിക്കുകയുമാകാം.

താനിപ്പോൾ ചെയ്യുന്ന സന്ധിമൂലം തന്റെ മിത്രത്തിന്ന് ഉപകാരം വരുമെന്നോ, ശത്രുവിന്നു നാശം വരുമെന്നോ, അർത്ഥാനുബന്ധം (മേൽക്കുമേൽ അർത്ഥലാഭം) ഉണ്ടാകുമെന്നോ പ്രതീക്ഷിക്കുന്നവനും ഇപ്പോൾ താൻ ഉപകാരം ചെയ്യുന്നതിന്നു മേലിൽ പ്രത്യുപകാരം ചെയ്യിക്കാമെന്നുദ്ദേശിക്കുന്നവനും തൽക്കാലം അന്യൻ തരാമെന്നു പറയുന്ന മഹത്തായ ലാഭത്തെ വിട്ടു ഭാവിയിൽ ലഭിക്കുന്ന അല്പമായ ലാഭത്തെ ഇച്ഛിക്കണം.

ദൂഷ്യനാലോ അമിത്രനാലോ മൂലോച്ഛേദം വരുത്തുവാനിച്ഛിക്കുന്ന ജ്യായാനാലോ വിഗ്രഹിക്കപ്പെട്ട ഒരുവനെ രക്ഷിക്കേണമെന്നോ, താനിപ്പോൾ ചെയ്യുന്നതുപോലെയുള്ള ഉപകാരം ഭാവിയിൽ മററവനെക്കൊണ്ടു തനിക്കും ചെയ്യിക്കേണമെന്നോ ഇച്ഛിക്കുന്നവനും സംബന്ധാപേക്ഷിയുമായിട്ടുള്ളവൻ തൽക്കാലവും ഭാവിയിലും യാതൊരു ലാഭത്തേയും ഇച്ഛിക്കരുത്.

സന്ധിചെയ്തിട്ട് അതിനെ അതിക്രമിക്കേണമെന്നിച്ഛിക്കുന്നവനും, ശത്രുവിന്റെ പ്രകൃതികൾക്കു കർശനമോ

മിത്രാമിത്രന്മാർ തമ്മിൽ ചെയ്ത സന്ധികൾ വിശ്ലേഷണമാ വരുത്തേണമെന്നിച്ഛിക്കുന്നവനും, ശത്രുവിൻെറ ആക്രമണത്തെ ശങ്കിക്കുന്നവനും അപ്രാപ്തമോ (അവധി കൂടാത്തതു) അധികമോ ആയ ലാഭത്തെ യാചിക്കണം. അപ്രകാരം യാചിക്കുന്നവനോടു മററവൻ തൽക്കാലത്തും ഭാവിയിലും ഒരു ക്രമത്തെ നിർണ്ണയിക്കണം. ഇതു മുൻപു പറഞ്ഞ സന്ധികളിലും വേണ്ടതാണ്. *

അരിയും വിജിഗീഷുവും താന്താങ്ങളുടെ മിത്രത്തെ അനുഗ്രഹിക്കുമ്പോൾ ശക്യാരംഭി, കല്യാരംഭി, ഭവ്യാരംഭി, സ്ഥിരകർമ്മാവ്, അനുരക്തപ്രകൃതി എന്നിങ്ങനെയുള്ളവക്കു വിശേഷം കല്പിക്കണം. ശക്യാരംഭിയായവൻ തനിക്കു ചെയ്യാൻ കഴിയുന്ന കർമ്മം മാത്രമേ ആരംഭിക്കുകയുള്ളൂ. കല്യാരംഭിയായവൻ നിർദ്ദോഷമായ കർമ്മം മാത്രമേ ആരംഭിക്കുകയുള്ളൂ. ഭവ്യാരംഭിയായവൻ ശുഭഫലപ്രദമായ കർമ്മമേ ആരംഭിക്കുകയുള്ളൂ. സ്ഥിരകർമ്മാവായിട്ടുള്ളവൻ ആരംഭിച്ച കർമ്മം മുഴുമിക്കാതെ വിരമിക്കുകയില്ല. അനുരക്തപ്രകൃതിയായവൻ സാഹായ്യത്തിന്നു ധാരാളം ആളുകളുള്ളവനാകയാൽ അല്പമായ അനുഗ്രഹംകൊണ്ടും കാര്യത്തെ സാധിപ്പിക്കും. ഇപ്രകാരമുള്ളവരെസ്സഹായിച്ചാൽ അവർ കൃതാർത്ഥരായിട്ടു സഹായിച്ചവന്ന് അനായാസേന വളരെ ഉപകരിക്കും. ഇപ്പറഞ്ഞതിന്നു വിപരീതമായിട്ടുള്ളവർ അനുഗ്രാഹ്യരല്ല.

അവർ (അരിയോ വിജിഗീഷുവോ) ഒരാൾക്കു അനുഗ്രഹം (സാഹായ്യം) ചെയ്യുമ്പോൾ അവരിൽവച്ച് ആരാണോ മിത്രത്തെയൊ (മിത്രഗുണങ്ങളുള്ളവൻ) മിത്രതരനേയൊ (മിത്രഗുണങ്ങൾ അധികമുള്ളവൻ) അനുഗ്രഹിക്കുന്നത് അവൻ മററവനെ അതിസന്ധാനംചെയ്യുന്നു

* ഇത്രയും പറഞ്ഞതുകൊണ്ടു യാതവ്യവൃത്തി അവസാനിച്ചു.

(തോല്പിക്കുന്നു). എന്തുകൊണ്ടെന്നാൽ മിത്രത്തെ അനുഗ്രഹിച്ചവൻ ആ മിത്രത്തിങ്കൽനിന്നു ആത്മവൃദ്ധിയെ ലഭിക്കും *. അന്യനാകട്ടെ (അമിത്രത്തെ അനുഗ്രഹിക്കുന്നവനു) ക്ഷയം, വ്യയം, പ്രവാസം, പരോപകാരം (ശത്രുവിനുപകാരം) എന്നിവയാണു കിട്ടുക. എന്നുതന്നെയല്ല, ശത്രുവായിട്ടുള്ളവൻ കാര്യം കഴിഞ്ഞാൽ ശത്രുത്വത്തെത്തന്നെ പ്രാപിക്കുകയും ചെയ്യും.

അരിയോ വിജിഗീഷുവോ മദ്ധ്യമന്ന് അനുഗ്രഹം ചെയ്യുമ്പോൾ അവരിൽവച്ച് ആരാണോ മിത്രമായിട്ടുള്ള മദ്ധ്യമനേയോ മിത്രതരനായിട്ടുള്ള മദ്ധ്യമനേയോ അനുഗ്രഹിക്കുന്നതു് അവൻ മററവനെ തോല്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, മിത്രത്തെ അനുഗ്രഹിച്ചവൻ ആ മിത്രത്തിങ്കൽനിന്ന് ആത്മവൃദ്ധിയെ പ്രാപിക്കുന്നു. അന്യന്നാകട്ടെ ക്ഷയം, വ്യയം, പ്രവാസം, പരോപകാരം എന്നിവയാണ് കിട്ടുക. അനുഗ്രഹിക്കപ്പെട്ട മദ്ധ്യമൻ വിഗുണനായിത്തീന്നാൽ ശത്രു വിജിഗീഷുവിനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, മദ്ധ്യമൻ വിഗുണനായാൽ തന്നോടൊത്തു പ്രയത്നം ചെയ്തു തെററി സന്ധിചെയ്ത ഒരു മദ്ധ്യമശത്രുവിനെയാണു തനിക്കു കിട്ടുന്നതു്.

ഇപ്പറഞ്ഞതുകൊണ്ടു തന്നെ ഉദാസീനനെ അനുഗ്രഹിക്കുന്ന കാര്യവും പറഞ്ഞുകഴിഞ്ഞു.

മദ്ധ്യമോദാസീനന്മാൎക്കു ബലാംശത്തെ (ഏതാനും സൈന്യത്തെ) സാഹായ്യത്തിന്നയച്ചുകൊടുക്കുമ്പോൾ ആരാണോ ശൌൎയ്യമുള്ളതും അസ്ത്രശിക്ഷ സിദ്ധിച്ചതും ദുഃഖസഹവും അനുരാഗമുള്ളതുമായ സൈന്യത്തെ അയച്ചുകൊടുക്കുന്നതു് അവൻ അതിസന്ധാനംചെയ്യപ്പെടുന്നു (വഞ്ചി

---

* മിത്രത്തിങ്കൽനിന്നു ആത്മവൃദ്ധിയെ പ്രാപിക്കുമെന്നു പറഞ്ഞതുകൊണ്ടു മിത്രേതരങ്കൽനിന്നു അധികമായ വൃദ്ധി സിദ്ധിക്കുമെന്ന് ഊഹ്യമാകുന്നു.

ക്കപ്പെടുന്നു); തദ്വിപരീതമായ സൈന്യത്തെ അയച്ചു
കൊടുക്കുന്നവൻ മററവനെയും അതിസന്ധാനം ചെ
യ്യുന്നു.

യാതൊരു കാൎയ്യത്തിങ്കൽ സൈന്യത്തെ സാഹായ്യ
ത്തിന്നയച്ചാൽ ഉദ്ദേശിക്കപ്പെട്ട കാൎയ്യത്തെയും വേറെ ചി
ല കാൎയ്യങ്ങളെക്കൂടിയും സാധിക്കുമെന്നു തോന്നുന്നുവൊ
ആ കാൎയ്യത്തിൽ മൌലസൈന്യം, ഭൃതസൈന്യം, ശ്രേണീ
സൈന്യം, മിത്രസൈന്യം, ആടവികസൈന്യം എന്നിവ
യിലൊന്നിനെ അതിദൂരമല്ലാത്ത ദേശത്തേക്കും അതിദീ
ൎഘമല്ലാത്ത കാലത്തേക്കും അയച്ചുകൊടുക്കാവുന്നതാണ്.
ദൂരസ്ഥലത്തേക്കൊ ദീൎഘകാലത്തേക്കൊ അമിത്രസൈന്യ
ത്തെയോ ആടവികസൈന്യത്തെയോ മാത്രമേ അയയ്ക്കാവൂ.

ആരെക്കുറിച്ച് "ഇവൻ കാൎയ്യം സാധിച്ചുകഴിഞ്ഞാൽ
എന്റെ സൈന്യത്തെ പിടിച്ചടക്കും; അല്ലെങ്കിൽ അമി
ത്രഭൂമിയിലോ അടവിയിലോ അഭൂമിയിലോ അകാലത്തി
ങ്കലോ സൈന്യത്തെപ്പാൎപ്പിക്കും; അഥവാ സൈന്യത്തെ
ഫലഹീനമാക്കിത്തീൎക്കും" എന്നു ശങ്ക തോന്നുന്നുവോ അവ
നോടു സൈന്യങ്ങളെ അന്യകാൎയ്യത്തിൽ ഏൎപ്പെടുത്തിയി
രിക്കയാണെന്നു വ്യാജം പറയുകയും, അവനെസ്സഹായി
ക്കാതിരിക്കയും ചെയ്യണം. അവൻ തീൎച്ചയായും അനു
ഗ്രഹീതവ്യനാണെന്നു വന്നാൽ തൽക്കാലത്തേക്കു മാത്രം ഉ
പയോഗിക്കത്തക്ക സൈന്യത്തെ അയച്ചുകൊടുക്കണം. അ
വൻ യുദ്ധസമാപ്തി വരെ ആ സൈന്യത്തെ തന്റെ അ
ധീനതയിൽ പാൎപ്പിച്ചു യുദ്ധത്തിന്നുപയോഗിക്കുകയും,
സൈന്യവ്യസനങ്ങളിൽനിന്നു രക്ഷിക്കുകയും വേണം. കാ
ൎയ്യം കഴിഞ്ഞാലുടനെ എന്തെങ്കിലുമൊരു കാരണം പറ
ഞ്ഞു സൈന്യത്തെ അവന്റെ അധീനതയിൽനിന്നു തിരി
കെ വരുത്തുകയും വേണം. അഥവാ അവന്നു ദൂഷ്യസൈന്യ
ത്തെയോ അമിത്രസൈന്യത്തെയോ ആടവികസൈന്യത്തെ

യോ മാത്രം അയച്ചുകൊടുക്കുകയോ യാതവ്യനുമായിസ്സന്ധിചെയ്ത് അവനെ വഞ്ചിക്കുകയോ ചെയ്യണം.

സന്ധിചെയ്വൂ ലാഭസാമ്യേ
വൈഷമ്യത്തിങ്കൽ വിക്രമം;
സമഹീനവിശിഷ്ടന്മാ-
ർക്കീവിധം സന്ധിവിക്രമം.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, യാതവ്യവൃത്തി—അനുഗ്രാഹ്യമിത്രവിശേഷങ്ങൾ എന്ന എട്ടാമദ്ധ്യായം.**

---

## ഒമ്പതാം അദ്ധ്യായം.

---

ഒരുനൂററിപ്പതിനാറാം പ്രകരണം.

### മിത്രഹിരണ്യഭൂമികർമ്മസന്ധികൾ.

മിത്രസന്ധി, ഹിരണ്യസന്ധി.

സംഹിതപ്രയാണത്തിങ്കൽ മിത്രലാഭം, ഹിരണ്യലാഭം, ഭൂമിലാഭം എന്നിവയിൽവച്ചു പിൻപു പിൻപു പറയപ്പെട്ട ലാഭമാണ് അധികം നല്ലതു്. എന്തുകൊണ്ടെന്നാൽ, മിത്രവും ഹിരണ്യവും ഭൂമിലാഭത്തിൽനിന്ന് ഉണ്ടാകുന്നു; മിത്രം ഹിരണ്യലാഭത്തിൽനിന്നും ഉണ്ടാകുന്നു. യാതൊരു ലാഭം സിദ്ധമായാൽ ശേഷമുള്ളവയിലേതിനെയെങ്കിലും സാധിപ്പിക്കുമോ ആ ലാഭമാണ് ശ്രേഷ്ഠമായിട്ടുള്ളതു്.

“അങ്ങേയ്ക്കും എനിക്കും കൂടി മിത്രത്തെ ലഭിക്കാം” എന്നു തുടങ്ങിയുള്ള സന്ധി സമസന്ധി; “അങ്ങേയ്ക്കു മിത്രം”

എന്ന തുടങ്ങിയുള്ള സന്ധി വിഷമസന്ധി; അവ രണ്ടിലും വിശേഷലാഭം ലഭിക്കുന്നതായാൽ അതിസന്ധി *

സമസന്ധിയിങ്കൽ ആരാണോ സമ്പന്നമായ (ഗുണവത്തായ) മിത്രത്തെയോ, ഒരു മിത്രത്തെ അവന്റെ ആപദ്ദശയിങ്കലോ ലഭിക്കുന്നത് അവൻ അതിസന്ധാനംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ; ആപത്താണ സൌഹാർദ്ദത്തിന്ന സ്ഥൈര്യമുണ്ടാക്കിത്തീർക്കുന്നതു്.

മിത്രകൃച്ഛ്രത്തിങ്കൽവച്ചും നിത്യവും വശ്യമല്ലാത്തതുമായിരിക്കുന്ന മിത്രമോ, അതോ അനിത്യവും വശ്യവുമായിരിക്കുന്ന മിത്രമോ അധികം നല്ലത് എന്ന ചിന്തയിങ്കൽ "നിത്യവും വശ്യമല്ലാത്തതുമായ മിത്രമാണു അധികം നല്ലതു്; അങ്ങിനെയുള്ള മിത്രം ഉപകാരം ചെയ്തില്ലെങ്കിലും അപകാരം ചെയ്കയില്ല" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, അങ്ങിനെയല്ലെന്നാണ കൌടില്യമതം. വശ്യമായിട്ടുള്ള അനിത്യമിത്രമാണ് അധികം നല്ലതു്. ഒരുവൻ എത്രത്തോളം കാലം ഉപകാരം ചെയ്യുന്നുവോ അത്രത്തോളം കാലമേ അവൻ മിത്രമാകയുള്ളൂ. ഉപകാരമാണല്ലോ മിത്രത്തിന്റെ ലക്ഷണം.

വശ്യങ്ങളായ രണ്ടു മിത്രങ്ങളിൽവച്ചും മഹാഭോഗമായ (മഹത്തായ ഉപകാരം ചെയ്യുന്ന) അനിത്യമിത്രമോ,

---

* ഈ സന്ധിയും സമസന്ധി, വിഷമസന്ധി, അതിസന്ധി എന്നിങ്ങനെ ഭേദിക്കുന്നു. രണ്ടു പേരുംകൂടി മിത്രത്തെ ലഭിക്കുവാനോ, ഹിരണ്യത്തെ ലഭിക്കുവാനോ, ഭൂമിയെ ലഭിക്കുവാനോ നിശ്ചയിച്ചു ചെയ്യുന്ന സന്ധി സമസന്ധി. ഒരാൾക്കു മിത്രവും മറ്റെയാൾക്കു ഭൂമിയും, ഒരാൾക്കു ഹിരണ്യവും മറ്റെയാൾക്കു ഭൂമിയും, ഒരാൾക്കു ഹിരണ്യവും മറ്റെയാൾക്കു മിത്രവും എന്നിങ്ങനെ ഇരുവർക്കും ഭിന്നമായ ലാഭം നിശ്ചയിച്ചു ചെയ്യുന്ന സന്ധി വിഷമസന്ധി. രണ്ടു പേരിലൊരാൾക്കു വിശിഷ്ടമായ ലാഭം ലഭിക്കുന്നതു് അതിസന്ധി. അങ്ങനെയുള്ള വിശേഷലാഭം എങ്ങനെയുള്ള മിത്രാദികളെ കിട്ടിയാലാണു് ഉണ്ടാവുക എന്നു് അനന്തരഗ്രന്ഥംകൊണ്ടു നിരൂപണം ചെയ്യുന്നു.

അഥോ അല്പഭോഗമായ നിത്യമിത്രമോ അധികം ശ്രേഷ്ഠമായിട്ടുള്ളത് എന്ന ചിന്തയിങ്കൽ "മഹാഭോഗമായ അനിത്യമിത്രമാണ് അധികം നല്ലത്; മഹാഭോഗമായ അനിത്യമിത്രം അല്പകാലംകൊണ്ടു മഹത്തായ ഉപകാരം ചെയ്തുംകൊണ്ടു വലിയ വ്യയസ്ഥാനങ്ങളെ (ചെലവിടേണ്ട കാരണങ്ങളെ) പ്രതികാരം ചെയ്യുന്നതാണ്" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അങ്ങനെയല്ലെന്നാണ് കൌടില്യമതം. അല്പഭോഗമായ നിത്യമിത്രമാണ് അധികം ശ്രേഷ്ഠമായിട്ടുള്ളത്. മഹാഭോഗമായിട്ടുള്ള അനിത്യമിത്രം ഉപകാരം ചെയ്യേണ്ടിവരുമെന്ന ഭയത്താൽ മിത്രത്വത്തിൽനിന്നു വിട്ടുപോകയോ, ഉപകാരം ചെയ്തതിനുശേഷം അതിനെ പ്രത്യാഹരിക്കുവാൻ ശ്രമിക്കുകയോ ചെയ്യും. അല്പഭോഗമായിട്ടുള്ള നിത്യമിത്രമാകട്ടെ ഇടവിടാതെ അല്പമായ ഉപകാരം ചെയ്തുംകൊണ്ടു വളരെ കാലത്താൽ വലിയ ഉപകാരം ചെയ്യും.

ഗുരുസമുത്ഥമായ (പടക്കൂട്ടിപ്പുറപ്പെടുവാൻ കാലതാമസമുള്ള) വലിയ മിത്രമോ, അഥോ ലഘുസമുത്ഥമായ അല്പമിത്രമോ അധികം നല്ലത് എന്ന ചിന്തയിങ്കൽ "ഗുരുസമുത്ഥമായ വലിയ മിത്രമാണ് പ്രതാപകരമായിരിക്കുക; അങ്ങനെയുള്ള മിത്രം എപ്പോഴാണ് പുറപ്പെടുന്നതു അപ്പോഴാണ് തന്നെ കാര്യത്തെ സാധിപ്പിക്കും" എന്നു ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അങ്ങനെയല്ലെന്നാണ് കൌടില്യമതം. ലഘുസമുത്ഥമായ അല്പമിത്രമാണ് അധികം നല്ലത്. ലഘുസമുത്ഥമായ അല്പമിത്രം കാര്യകാലത്തെ അതിക്രമിക്കുകയില്ല; ദൌർബ്ബല്യം കാരണം ആ മിത്രത്തെ യഥേഷ്ടം ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയും ചെയ്യും. മറേറ മിത്രമാകട്ടെ പ്രകൃഷ്ടഭൌമം (വലിയ ഭൂമിയുടെ സ്വാമ്യമുള്ളത്) ആകയാൽ യഥേഷ്ടഭോഗ്യമായി ഭവിക്കുകയില്ല.

വിക്ഷിപ്തസൈന്യം (സൈന്യങ്ങളെ അനേകസ്ഥലങ്ങളിൽ അയച്ചിട്ടുള്ളതു്) ആയ മിത്രമോ, അഥവാ അവശ്യസൈന്യം (വശ്യമല്ലാത്ത സൈന്യങ്ങളോടുകൂടിയതു്) ആയ മിത്രമോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ "വിക്ഷിപ്തസൈന്യമായ മിത്രത്തിന്റെ സൈന്യം വശ്യമായതുകൊണ്ടു അതിനെ എളുപ്പത്തിൽ പ്രതിസംഹരിപ്പാൻ (സന്നദ്ധമാക്കുവാൻ) സാധിക്കും" എന്നു് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. അങ്ങനെയല്ലെന്നാണു് കൌടില്യമതം. അവശ്യസൈന്യമായ മിത്രമാണു് അധികം ഉത്തമം. അവശ്യമായ സൈന്യത്തെ സാമാദികളായ ഉപായങ്ങളെക്കൊണ്ടു വശ്യമാക്കിത്തീർക്കുവാൻ സാധിക്കും; വിക്ഷിപ്തമായ സൈന്യമാകട്ടെ കാര്യവ്യാപൃതമായിരിക്കുന്നതുകൊണ്ടു് അതിനെ എളുപ്പത്തിൽ പ്രതിസംഹരിക്കുവാൻ സാധിക്കുകയില്ല.

പുരുഷഭോഗം (ആളെക്കൊണ്ടുപകരിക്കുന്നതു്) ആയ മിത്രമോ, അഥവാ ഹിരണ്യഭോഗമായ മിത്രമോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ "പുരുഷഭോഗമായ മിത്രമാണു് അധികം നല്ലതു്; പുരുഷഭോഗമിത്രം ശത്രുക്കളിൽ പ്രതാപത്തെ പ്രകടിക്കും; ആ മിത്രം എപ്പോൾ ഒരുങ്ങിവരുന്നുവോ അപ്പോൾത്തന്നെ കാര്യം സാധിപ്പിക്കുകയും ചെയ്യും" എന്നു ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു് കൌടില്യമതം. ഹിരണ്യഭോഗമായ മിത്രമാണു് അധികം നല്ലതു്. ഹിരണ്യം കയ്യിലുണ്ടാകുന്നതു് എപ്പോഴും ഉപയോഗമുള്ളതാണു്. സൈന്യത്തെക്കൊണ്ടുള്ള ഉപയോഗം ചിലപ്പോൾ മാത്രമേയുള്ളൂ. ഹിരണ്യംകൊണ്ടു സൈന്യത്തെ മാത്രമല്ല എല്ലാ അഭീഷ്ടങ്ങളേയും സമ്പാദിക്കുവാൻ സാധിക്കയും ചെയ്യും.

ഹിരണ്യഭോഗമായ മിത്രമോ, അഥവാ ഭൂമിഭോഗമായ മിത്രമോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ "ഹി

രണ്യം അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാവുന്ന ഒരു വസ്തുവാകയാൽ ഹിരണ്യഭോഗമായ മിത്രം എല്ലാ വ്യയങ്ങളിലും പ്രതീകാരംചെയ്വാൻ മതിയായിട്ടുള്ളതാണ്" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു കൌടില്യമതം. മിത്രവും ഹിരണ്യവും ഭൂമിലാഭത്തിങ്കൽനിന്നാണുണ്ടാകുന്നതെന്നു മുൻപു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഭൂമിഭോഗമായിട്ടുള്ള മിത്രമാണ് അധികം നല്ലത്.

പുരുഷഭോഗമിത്രത്തിന്റെ ലാഭത്തിൽ പുരുഷഭോഗം (ആളുകളെക്കൊണ്ടുള്ള ഉപകാരം) തുല്യമാണെന്നിരിക്കിലും വിക്രമം, ക്ലേശസഹത്വം, സ്നേഹം, സർവ്വസൈന്യങ്ങളെക്കൊണ്ടുമുള്ള സാഹായ്യം എന്നിവയോടുകൂടിയ മിത്രം അങ്ങനെയല്ലാത്ത പുരുഷഭോഗമിത്രങ്ങളുടെ വർഗ്ഗത്തിൽനിന്നു വിശേഷമുള്ളതാണ്.

ഹിരണ്യഭോഗമിത്രത്തിന്റെ ലാഭത്തിൽ ഹിരണ്യഭോഗം (ഹിരണ്യംകൊണ്ടുള്ള ഉപകാരം) തുല്യമാണെന്നിരിക്കിലും ആവശ്യപ്പെട്ടേടത്തോളം അർത്ഥം കൊടുക്കുന്നവനായിരിക്കുക, ധാരാളം ധനമുള്ളവനായിരിക്കുക, അല്പമായ പ്രയാസംകൊണ്ടു കാര്യം സാധിക്കുന്നവനായിരിക്കുക, നിത്യോപകാരിയായിരിക്കുക എന്നിവയാണു വിശേഷം.

ഇക്കാര്യത്തിൽ (മിത്രലാഭസാധിയിൽ) ഇതും ചിന്തനീയമാണ്:—

നിത്യം, വശ്യം, ലഘൂത്ഥാനം,
പിതൃപൈതാമഹം, മഹത്,
അദ്വൈധ്യമീയാവുള്ളതു—
മൊത്ത മിത്രം വിശിഷ്ടമാം.

ആരർത്ഥമെന്യേ സ്നേഹത്താൽ
ചെയ്യിതന്യോന്യരക്ഷണം

പൂൎവ്വാനുവൃത്തസംബന്ധ-
മാം മിത്രം നിത്യമായിടും;

സൎവ്വഭോഗം ചിത്രഭോഗം
മഹാഭോഗാഖ്യമിങ്ങനെ
വശ്യമിത്രം ത്രിവിധമാ-
മുപകാരത്തിനാലുമേ

ഏകതോഭോഗി, യുഭയ-
ഭോഗിയും, സൎവ്വഭോഗിയും
എന്നു മൂന്നുമട്ടിലായ് തന്നെ
വശ്യമിത്രമുദാഹൃതം. *

നൽകാതെയോ നൽകിയിട്ടോ
ശത്രുവിൽപ്പാൎപ്പു ഹിംസയാൽ
ദുൎഗ്ഗാടവീസ്ഥമാം മിത്രം
നിത്യാവശ്യമുദാഹൃതം;

ലഘുവ്യസനനായിട്ടു
രിപുവാൽ വിഗൃഹീതനായ്
സാഗ്ഗുണാൎത്ഥം സന്ധിചെയ്യും
മിത്രം വശ്യാധ്രുവം § മതം.

---

* വശ്യമിത്രം, ഭോഗം (ഉപഭോഗ്യവസ്തു)കൊണ്ടും ഉപകാരംകൊണ്ടും മൂന്നുവിധമാകുന്നു. സൎവ്വഭോഗം=സൈന്യധനാദികളായ സൎവ്വവസ്തുക്കളെക്കൊണ്ടും ഉപകരിക്കുന്നതു്. ചിത്രഭോഗം=രത്നാദികളായ നാനാവസ്തുക്കളെക്കൊണ്ടുപകരിക്കുന്നതു്. മഹാഭോഗം=സൈന്യധനങ്ങളെക്കൊണ്ടു ഏറാവും ഉപകരിക്കുന്നതു്. ഏകതോഭോഗി=ശത്രുവിനോടു മാത്രം എതിൎക്കുന്നതു്. ഉഭയഭോഗി=ശത്രുവിനോടും അവന്റെ ബന്ധുവിനോടും എതിൎക്കുന്നതു്. സൎവ്വഭോഗി=ശത്രുവിനെസ്സംബന്ധിച്ച സകലത്തോടും എതിരിടുന്നതു്.

§ വശ്യാധ്രുവം=വശ്യാനിത്യം. (വശ്യവും അനിത്യവുമായതു്)

അൎത്ഥാനൎത്ഥങ്ങളിൽ സമ-
ഭാക്കായ് നിത്യോപകാരിയായ്
വികാരം ദ്വൈധ്യവും വിട്ട
മിത്രന്താൻ മിത്രഭാവിയാം;

മിത്രത്വത്താൽ ധ്രുവൻ ശത്രു-
സംശ്രയംകൊണ്ട ചഞ്ചലൻ
രണ്ടാളിലുമുദാസീന-
നായാലുഭയഭാവിയാം;

വിജിഗീഷ്വരിയെന്നാലും
മിത്രമന്തൎദ്ധി ‡ യാകയാൽ
അശക്തനപകാരത്തി-
ലെന്നാലനപകാരിയാം;

പരപ്പ്രിയൻ സ്വസംരക്ഷ്യൻ
പൂജ്യസംബന്ധിയാകയാൽ
ഇമ്മട്ടതകിട്ടും മിത്രം
ശത്രുസാധാരണം സ്മൃതം;

ദൂരഭൂമിസ്ഥിതം ഉഷ്ഠ-
മലസം ബലസംയുതം
ഉദാസീനാഖ്യമാം മിത്രം
വ്യസനത്താൽ വിമാനിതം;

അരിനേതാക്കരംതാൻ വൃദ്ധി-
യനുവൎത്തിച്ചശക്തിയാൽ
അപചിഷ്ഠനായ് രണ്ടുപക്ഷം
വാഞ്ഛോനുഭയഭാവിയാം;

‡ അന്തൎദ്ധി=ശത്രുവിന്റെയും വിജിഗീഷുവിന്റെയും മദ്ധ്യത്തിലകപ്പെട്ട ദുൎബ്ബലനായിട്ടുള്ളവൻ.

ഹേതുവെന്യേ തന്നെ വിട്ട
ഹേതുകൂടാതെ പിന്നെയും
വന്ന മിത്രത്തെയുംകൊൾവോൻ
തഴ്കീടുന്നു മൃത്യുവെ.

വേഗത്തിൽക്കിട്ടുന്ന അല്പമായ ലാഭമോ, അതോ ചിരകാലംകൊണ്ടു കിട്ടുന്ന മഹത്തായ ലാഭമോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ "വേഗത്തിൽ കിട്ടുന്ന അല്പലാഭം കാര്യദേശകാലങ്ങൾക്കനുസരിച്ചിരുന്നാൽ അതാണു് ശ്രേഷ്ഠം" എന്നു് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, അങ്ങനെയല്ലെന്നാണു് കൌടില്യമതം. ചിരകാലംകൊണ്ടു കിട്ടുന്നതായാലും വിനിപാതം (പ്രതിബന്ധം) കൂടാതെ ലഭിക്കുന്നതും ബീജമെന്നപോലെ ഭാവിയിൽ അധികഫലത്തെ നൽകുന്നതുമായ മഹത്തായ ലാഭമാണു് അധികം ശ്രേഷ്ഠം; ഇതിന്നു വിപരീതമായിരുന്നാൽ മുൻപറഞ്ഞതു് (ആചാര്യപ്രോക്തം) തന്നെയാണു് നല്ലതു്.

ഏവം നോക്കിക്കണ്ടു ലാഭേ
ലാഭാംശേ വാ ഗുണോദയം
സാമവായികരായ് സന്ധി-
ചെയ്ക പോറ്റു നിജാർത്ഥമായ്.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, മിത്രഹിരണ്യഭൂമികർമ്മസന്ധിയിൽ, മിത്രസന്ധി—ഹിരണ്യസന്ധി എന്ന ഒമ്പതാമദ്ധ്യായം.**

# പത്താം അദ്ധ്യായം.

## ഭൂമിസന്ധി.

"അങ്ങയും ഞാനും കൂടി സന്ധിചെയ്തു ഭൂമിയെസ്സമ്പാദിക്കുക" എന്നു പറഞ്ഞു ചെയ്യുന്ന സന്ധി ഭൂമിസന്ധിയാകുന്നു. ഈ സന്ധി ചെയ്യുന്ന അരിവിജിഗീഷുക്കളിൽവച്ചു് ആൎക്കാണോ ഫലം ലഭിപ്പാനടുത്തതും സമ്പന്നവും (ഗുണസമ്പന്നം) ആയ ഭൂമി ലഭിക്കുന്നതു് അവൻ അതിസന്ധാനംചെയ്യുന്നു.

സമ്പന്നമായ ഭൂമിയുടെ ലാഭം രണ്ടുപേൎക്കും തുല്യമാണെന്നു വരുമ്പോൾ അവരിൽവച്ചു ആരാണോ ബലവാനായ ശത്രുവിനെ ആക്രമിച്ചു ഭൂമിയെസ്സമ്പാദിക്കുന്നതു് അവൻ മററവനെ തോല്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അപ്പോൾ അവനു ഭൂമിലാഭത്തോടുകൂടിത്തന്നെ ശത്രുകൎശനവും പ്രതാപവും കൂടി കൈവരുന്നു. ദുൎബ്ബലന്റെ കയ്യിൽനിന്നു ഭൂമി ലഭിക്കുന്നതിൽ സൌകൎയ്യം അധികമുണ്ടെന്നുള്ളതു സത്യംതന്നെ. പക്ഷേ, അങ്ങനെയുള്ള ഭൂമിലാഭവും വാസ്തവത്തിൽ ദുൎബ്ബലമാണ്. എന്നുതന്നെയല്ല, ദുൎബ്ബലനായ അവന്റെ സാമന്തൻ അതേവരെ തനിക്കു മിത്രമായിരുന്നതുപോയി ഇപ്പോൾ ശത്രുതയെ പ്രാപിക്കുകയും ചെയ്യുന്നു.

രണ്ടു ശത്രുക്കളും തുല്യബലമുള്ളവരാണെങ്കിൽ അവരിൽവച്ചു സ്ഥിതനായ (ദുൎഗ്ഗാദികളാൽ സംരക്ഷിതനായ) ശത്രുവിനെ ഉച്ഛേദിച്ചു് ഭൂമിയെസ്സമ്പാദിക്കുന്നതാരോ അവൻ മററവനെ അതിസന്ധാനംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ദുൎഗ്ഗം പിടിച്ചടക്കുക എന്നതു സ്വഭൂമിയെ രക്ഷിപ്പാനും ശത്രുവിനെയും ആടവികനെയും പ്രതിഷേധിപ്പാനും ഉതകുന്നതാണല്ലോ.

ചലനായ (ദുർഗ്ഗാദിസംരക്ഷയില്ലാത്ത) ശത്രുവിങ്കൽനിന്നു ഭൂമി കിട്ടുന്നതു രണ്ടുപേക്കും തുല്യമായിരിക്കുമ്പോൾ ദുർബ്ബലനായ സാമന്തനോടുകൂടിയ ശത്രുവിങ്കൽനിന്നു കിട്ടുന്നതാണു് വിശേഷം. സാമന്തൻ ദുർബ്ബലനായിരുന്നാൽ ആ ഭൂമിക്കു വേഗത്തിൽ യോഗക്ഷേമങ്ങളെ വർദ്ധിപ്പിക്കുവാൻ സാധിക്കും. ബലവാനായ സാമന്തനോടുകൂടിയ ഭൂമി ഇതിൽനിന്നു വിപരീതമാണെന്നു മാത്രമല്ല, വളരെ അർത്ഥനാശവും സൈന്യനാശവും വരുത്തുന്നതുമായിരിക്കും.

സമ്പന്നവും നിത്യശത്രുവിനോടു കൂടിയതുമായ ഭൂമി കിട്ടുന്നതോ, യാതൊ മന്ദഗുണവും അനിത്യശത്രുവിനോടു കൂടിയതുമായ ഭൂമി കിട്ടുന്നതോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ "സമ്പന്നവും നിത്യശത്രുവുള്ളതുമായ ഭൂമിയാണു് നല്ലതു്; എന്തുകൊണ്ടെന്നാൽ, സമ്പന്നമായ ഭൂമി കോശത്തേയും സൈന്യത്തേയും സമ്പാദിക്കുവാൻ ഉപകരിക്കും; കോശദണ്ഡങ്ങൾ ശത്രുനിവാരണത്തിനും ഉപകരിക്കും" എന്നാണു് ആചാര്യന്മാരുടെ അഭിപ്രായം. എന്നാൽ അങ്ങനെയല്ലെന്നാണു് കൗടില്യമതം. നിത്യശത്രുവിനോടുകൂടിയ ഭൂമി കിട്ടിയാൽ വലുതായ ശത്രുലാഭമാണു് സിദ്ധിക്കുക. നിത്യനായിട്ടുള്ള ഒരു ശത്രു ഉപകാരംചെയ്താലും അപകാരംചെയ്താലും ശത്രുവായിട്ടുതന്നെയിരിക്കും. അനിത്യനായ ശത്രുവാകട്ടെ ഉപകാരം ചെയ്കയൊ അപകാരം ചെയ്യാതിരിക്കയോ ചെയ്താൽ ശാന്തനാകും. യാതൊരു ഭൂമിയുടെ പ്രത്യന്തപ്രദേശങ്ങളിൽ അനേകം കോട്ടകളുണ്ടാകയും അവയിൽ ഇടവിടാതെ ചോരഗണങ്ങളുടേയും മ്ലേച്ഛന്മാരുടേയും ആടവികന്മാരുടേയും ഉപദ്രവമുണ്ടായിരിക്കയും ചെയ്യുമോ ആ ഭൂമി നിത്യശത്രുവുള്ളതാണെന്നും, ഇതിനു വിപരീതമായിട്ടുള്ള ഭൂമി അനിത്യശത്രുവിനോടുകൂടിയതാണെന്നും അറിയേണ്ടതാകുന്നു്.

സമീപത്തിങ്കലായിട്ട അല്പമായ ഭൂമി ലഭിക്കുന്നതോ, അതോ ദൂരസ്ഥലത്തിങ്കൽ മഹത്തായ ഭൂമി കിട്ടുന്നതോ ഏതാണ് അധികം നല്ലത് എന്ന ചിന്തയിങ്കൽ അടുത്തായിട്ട അല്പമായ ഭൂമി കിട്ടുന്നതാണ് ശ്രേഷ്ഠം. എന്തുകൊണ്ടെന്നാൽ, അതിൽ പോകുവാനും അതിനെ രക്ഷിപ്പാനും ആപത്തുകളിൽനിന്നു നിവാരണം ചെയ്വാനും എളുപ്പത്തിൽ സാധിക്കും. ദൂരസ്ഥിതമായ ഭൂമി ഇതിൽനിന്നു നേരെ വിപരീതമാകുന്നു.

അടുത്തുള്ളതും അകലത്തുള്ളതുമായ ഭൂമികളിൽവച്ചും ദണ്ഡധാരണ (സൈന്യങ്ങളെക്കൊണ്ടു ഭരിക്കേണ്ടതു്) മായിട്ടുള്ളതോ ആത്മധാരണ (തന്നെത്താൻ ഭരിക്കുവാൻ സാധിക്കുന്നതു്) മായിട്ടുള്ളതോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ ആത്മധാരണമായിട്ടുള്ള ഭൂമിയാണ് ശ്രേഷ്ഠം. എന്തുകൊണ്ടെന്നാൽ, ആത്മധാരണമായ ഭൂമിയെ അതിൽനിന്നു തന്നെയുണ്ടാകുന്ന കോശദണ്ഡങ്ങളെക്കൊണ്ടു ഭരിക്കുവാൻ സാധിക്കും; ദണ്ഡധാരണമായിട്ടുള്ളതു് സൈന്യങ്ങളുടെ താവളമാക്കേണ്ടതാകയാൽ ഇതിൽനിന്നു വിപരീതമാണ്.

അജ്ഞനായ ശത്രുവിൽനിന്നോ, അതോ പ്രാജ്ഞനായ ശത്രുവിൽനിന്നോ ഭൂമി ലഭിക്കുന്നതു് അധികം ശ്രേഷ്ഠം എന്ന ചിന്തയിങ്കൽ അജ്ഞനായവന്റെ കയ്യിൽനിന്നു കിട്ടുന്നതാണ് അധികം നല്ലതു്. അജ്ഞന്റെ കയ്യിൽനിന്നു ഭൂമി സമ്പാദിപ്പാനും സമ്പാദിച്ചാലതു രക്ഷിപ്പാനും എളുപ്പമുണ്ടെന്നു മാത്രമല്ല, ശത്രു അതിനെ പ്രത്യാദാനം ചെയ്കയുമില്ല. പ്രാജ്ഞന്റെ കയ്യിൽനിന്നു കിട്ടുന്ന ഭൂമിയിലെ ജനങ്ങൾ സ്വാമിസ്നേഹമുള്ളവരായിരിക്കുന്നതിനാൽ അവന്റെ കയ്യിൽനിന്നു കിട്ടുന്ന ഭൂമി ഇതിൽനിന്നു വിപരീതമാണ്.

പീഡനീയനായ ശത്രുവിങ്കൽനിന്നോ, അതോ ഉ

ച്ഛേദനീയനായ ശത്രുവിങ്കൽനിന്നോ ഭൂമി ലഭിക്കുന്നതു് അധികം നല്ലതു് എന്ന ചിന്തയിങ്കൽ ഉച്ഛേദനീയങ്കൽനിന്നു ലഭിക്കുന്നതാണു ശ്രേഷ്ഠം. എന്തുകൊണ്ടെന്നാൽ, ഉച്ഛേദനീയനായ ശത്രുവിന്നു അപാശ്രയം (ദുർഗ്ഗമിത്രാദിയായ ആശ്രയം) ഇല്ലാതിരിക്കയോ ഉണ്ടായിരുന്നാലും ദുർബ്ബലമായിരിക്കയോ ചെയ്യുന്നതിനാൽ അവൻ ആക്രമിക്കപ്പെടുമ്പോൾ കോശത്തെയും സൈന്യത്തെയും എടുത്തു ഓടിപ്പോകുവാൻ ഭാവിക്കുകയും, അപ്പോൾ പ്രകൃതികളാൽ ത്യജിക്കപ്പെടുകയും ചെയ്യും. പീഡനീയനാകട്ടെ ദുർഗ്ഗമിത്രപ്രതിസ്തബ്ധൻ (ദുർഗ്ഗമിത്രങ്ങളാൽ നിവാരിതൻ) ആകയാൽ അങ്ങനെ ചെയ്കയില്ല.

ദുർഗ്ഗപ്രതിസ്തബ്ധന്മാരായ രണ്ടു ശത്രുക്കളിൽവച്ചു സ്ഥലദുർഗ്ഗത്തിലിരിക്കുന്നവങ്കൽനിന്നോ, അഥവാ നദീദുർഗ്ഗത്തിലിരിക്കുന്നവങ്കൽനിന്നോ ഭൂമിലാഭം ശ്രേഷ്ഠതരം എന്ന ചിന്തയിങ്കൽ സ്ഥലദുർഗ്ഗീയന്റെ കയ്യിൽനിന്നുള്ള ഭൂമിലാഭമാണു് അധികം നല്ലതു്. എന്തുകൊണ്ടെന്നാൽ, സ്ഥലദുർഗ്ഗത്തെ എളുപ്പത്തിൽ രോധിക്കുവാനും മട്ടിക്കുവാനുംകൊള്ളചെയ്യാനും സാധിക്കുന്നതും, അതിൽനിന്നു ശത്രുവിന്നു മാറിപ്പോകുവാൻ പ്രയാസമുള്ളതുമാണു്. നദീദുർഗ്ഗമാകട്ടെ സ്ഥലദുർഗ്ഗത്തെക്കാൾ ഇരട്ടി ക്ലേശമുണ്ടാക്കുന്നതും, ശത്രുവിന്നു കുടിക്കുവാനുള്ള വെള്ളവും ഉപജീവനപദാർത്ഥങ്ങളും നൽകി ജീവിതസൌകര്യമുണ്ടാക്കിക്കൊടുക്കുന്നതുമാകുന്നു.

നദീദുർഗ്ഗീയനും പർവ്വതദുർഗ്ഗീയനുമായ രണ്ടു ശത്രുക്കളിൽവച്ചു നദീദുർഗ്ഗീയന്റെ കയ്യിൽനിന്നു ഭൂമി കിട്ടുന്നതാണു് അധികം നല്ലതു്. നദീദുർഗ്ഗത്തെ ആനകൾ, സ്തംഭസംക്രമങ്ങൾ (സ്തംഭനിർമ്മിതങ്ങളായ പാലങ്ങൾ), സേതുബന്ധങ്ങൾ, തോണികൾ എന്നിവ മുഖേന ആക്രമിക്കുവാൻ കഴിയുന്നതും, നദിയുടെ ആഴം അസ്ഥിരമായിട്ടുള്ളതും, അതിലെ വെള്ളം വാർത്തുകളയുവാൻ സാധിക്കുന്നതു

മാണ്. പർവ്വതദുർഗ്ഗങ്ങളാകട്ടെ നല്ലവണ്ണം രക്ഷയോടു കൂടിയതും, രോധിക്കുവാൻ പ്രയാസമുള്ളതും, അതിലേയ്ക്കു കയറിയെത്തുവാൻ ഞെരുക്കമുള്ളതുമാകുന്നു. അതിൽ ഒരു ഭാഗം ഭഗ്നമായാലും സർവ്വവധം സംഭവിക്കുകയില്ല. വലിയ അപകാരം ചെയ്യുന്നവരുടെ മേൽ കല്ലുകൊണ്ടോ മരംകൊണ്ടോ പ്രഹരിപ്പാനും പർവ്വതദുർഗ്ഗത്തിലുള്ളവർക്കു സൌകര്യമുണ്ടു്.

നിമ്നയോധികൾ (താഴ്ന്നഭാഗത്തുനിന്നു പൊരുതുന്നവർ), സ്ഥലയോധികൾ എന്നിങ്ങനെയുള്ള ശത്രുക്കളിൽ വച്ചു നിമ്നയോധികളിൽനിന്നുള്ള ഭൂമിലാഭമാണ് അധികം ശ്രേഷ്ഠം. നിമ്നയോധികൾക്കു യുദ്ധം ചെയ്യുന്നതിൽ ദേശകാലോപരോധം ഉണ്ടു്. സ്ഥലയോധികളാകട്ടെ എല്ലാദേശങ്ങളിലും എല്ലാകാലങ്ങളിലും യുദ്ധംചെയ്യാൻ സാധിക്കുന്നവരാണ്.

ഖനകന്മാർ (കിടങ്ങുതുരന്നു അതിൽനിന്നു യുദ്ധം ചെയ്യുന്നവർ), ആകാശയോധികൾ എന്നിങ്ങനെയുള്ള ശത്രുക്കളിൽവച്ചു ഖനകന്മാരിൽനിന്നുള്ള ഭൂമിലാഭമാണ് ശ്രേഷ്ഠതരം. എന്തുകൊണ്ടെന്നാൽ, ഖനകന്മാർക്കു യുദ്ധം ചെയ്യാൻ ഖാതവും ശസ്ത്രവും ആവശ്യമാകുന്നു; ആകാശയോധികൾക്കാകട്ടെ ശസ്ത്രത്തിന്റെ മാത്രമേ അപേക്ഷയുള്ളു.

ഇത്തരക്കാരിൽ നിന്നൂഴി
നേടിടും ശാസ്ത്രകോവിദൻ
മെച്ചം സംഹിതരെക്കാളും
പരരെക്കാളുമാർന്നിടും.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, മിത്രഹിരണ്യഭൂമികർമ്മസന്ധിയിൽ, ഭൂമിസന്ധി എന്ന പത്താമദ്ധ്യായം.**

# പതിനൊന്നാം അദ്ധ്യായം.

## അനവസിതസന്ധി.

"അങ്ങയും ഞാനും കൂടി സന്ധിചെയ്തു ശൂന്യഭൂമിയിൽ നിവേശം ചെയ്യുക" എന്നു പറഞ്ഞു ചെയ്യുന്ന സന്ധി 'അനവസിതസന്ധി'യാകുന്നു. ഈ സന്ധി ചെയ്യുന്ന അരിവിജിഗീഷുക്കളിൽവച്ച് ആരാണോ ഫലം ലഭിപ്പാനടുത്തതും ഗുണസമ്പന്നവുമായ ഭൂമിയെ നിവേശിപ്പിക്കുന്നതു് അവൻ മററവനെ അതിസന്ധാനംചെയ്യുന്നു.

അപ്രകാരമുള്ള ഭൂമികളിൽവച്ചും സ്ഥലം (മഴകൊണ്ടുമാത്രം വെള്ളംകിട്ടുന്ന ഭൂമി) ലഭിക്കുന്നതോ, അതോ ഔദകം (നദീതടാകാദികളിൽനിന്നു വെള്ളം കിട്ടുന്ന ഭൂമി) ലഭിക്കുന്നതോ അധികം നല്ലതു് എന്ന ചിന്തയിങ്കൽ മഹത്തായ സ്ഥലത്തെക്കാൾ അല്പമായ ഔദകമാണു് അധികം ശ്രേഷ്ഠം. എന്തുകൊണ്ടെന്നാൽ, ഔദകത്തിങ്കൽ ഫലങ്ങൾ എല്ലാകാലങ്ങളിലുമുണ്ടാവുകയും ഫലോൽപത്തി നിശ്ചിതമായിരിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ. സ്ഥലങ്ങളിൽവച്ചും, പൂർവ്വവാപങ്ങളും അപരവാപങ്ങളുമായ സസ്യങ്ങൾ വിളയുന്നതും അല്പമായ വർഷം ഉണ്ടായാൽ മതിയാകുന്നതും തടസ്ഥമില്ലാത്തതുമായ സ്ഥലമാണു് ശ്രേഷ്ഠം.

ഔദകങ്ങളായ രണ്ടു ഭൂമികളിൽവച്ചും ധാന്യവാപം (ധാന്യങ്ങൾ വിതയ്ക്കാവുന്നതു) അധാന്യവാപത്തെക്കാളധികം നല്ലതാകുന്നു. ധാന്യവാപവും അധാന്യവാപവുമായ രണ്ടു ഭൂമികളിൽവച്ച് ഒന്നു് അല്പമേയുള്ളു, മറെറാന്നു വളരെയുണ്ടു് എന്നിരിക്കിൽ അല്പമായ ധാന്യകാന്ത (ധാന്യങ്ങൾക്കു പററുന്ന ഭൂമി)ത്തെക്കാൾ മഹത്തായ അധാന്യകാന്തമാണു് അധികം നല്ലതു്. എന്തുകൊണ്ടെന്നാൽ, സ്ഥലം വളരെയുണ്ടെങ്കിൽ പറമ്പിൽ വളരുന്നവ

യും പാടത്തുണ്ടാകുന്നവയുമായ പലതരം ഓഷധികൾ ഉണ്ടാകും; സ്ഥലത്തിന്റെ പ്രാചുൎയ്യത്താൽ ദുൎഗ്ഗാദികളായ കൎമ്മങ്ങൾ നടത്തുകയും ചെയ്യാം. ഭൂമിയുടെ ഗുണങ്ങൾ പ്രവൃത്തിമൂലമാണല്ലോ ഉണ്ടാകുന്നതു്.

ഖനിഭോഗം (ഖനികളാകുന്ന അനുഭവത്തോടുകൂടിയതു്), ധാന്യഭോഗം (ധാന്യമാകുന്ന അനുഭവത്തോടുകൂടിയതു്) എന്നിങ്ങനെയുള്ള രണ്ടു ഭൂമികളിൽവച്ചു ഖനിഭോഗം കോശത്തെ വൎദ്ധിപ്പിക്കുന്നതാണ്; ധാന്യഭോഗമാകട്ടെ കോശത്തെയും കോഷ്ഠാഗാരത്തെയും വൎദ്ധിപ്പിക്കുന്നതാകുന്നു. ദുൎഗ്ഗാദികളായ കൎമ്മങ്ങളുടെ ആരംഭങ്ങൾക്കു മൂലകാരണം ധാന്യമാണ്. എന്നാൽ, മഹത്തുക്കളായ പദാൎത്ഥങ്ങൾ വിളയുന്നതും അവയ്ക്കു ധാരാളം വില്പനയുണ്ടാകുന്നതുമായ ഖനിഭോഗമാണെങ്കിൽ അതാണധികം നല്ലതു്.

ദ്രവ്യവനമുള്ള ഭൂമി, ഹസ്തിവനമുള്ള ഭൂമി എന്നിവയിൽവച്ചു "ദ്രവ്യവനമുള്ളതായ ഭൂമി എല്ലാ കൎമ്മങ്ങൾക്കും കാരണവും മഹത്തായ ധനം സമ്പാദിക്കുവാനുതകുന്നതുമാണ്; ഹസ്തിവനമുള്ള ഭൂമി ഇതിൽനിന്നു വിപരീതമാണ്" എന്ന് ആചാൎയ്യന്മാർ പറയുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു കൌടില്യമതം. അനേകം ദ്രവ്യവനങ്ങൾ പല ഭൂമികളിൽ വെച്ചുപിടിപ്പിക്കുവാൻ സാധിക്കും; ഹസ്തിവനം അങ്ങനെ ഉണ്ടാക്കുവാൻ സാധിക്കുകയില്ല. ശത്രുസൈന്യങ്ങളെ വധിക്കുന്ന കാൎയ്യത്തിൽ പ്രധാനമായി വേണ്ടതു ഹസ്തികളാണുതാനും.

ജലമാൎഗ്ഗങ്ങളോടുകൂടിയതും സ്ഥലമാൎഗ്ഗങ്ങളോടുകൂടിയതുമായ രണ്ടു ഭൂമികളിൽവച്ചു, ആ മാൎഗ്ഗങ്ങൾ അനിത്യങ്ങളായിരിക്കുന്നപക്ഷം ജലമാൎഗ്ഗങ്ങളോടുകൂടിയ ഭൂമിയും, നിത്യങ്ങളായിരിക്കുന്ന പക്ഷം സ്ഥലമാൎഗ്ഗങ്ങളോടുകൂടിയ ഭൂമിയുമാണധികം നല്ലതു്.

ഭിന്നമനുഷ്യമായ (ജനങ്ങൾ ഇടവിട്ടു താമസിക്കുന്ന) ഭൂമിയോ, അതോ ശ്രേണീമനുഷ്യമായ (ജനങ്ങൾ കൂട്ടമായിപ്പാൎക്കുന്ന) ഭൂമിയോ അധികം നല്ലത് എന്ന ചിന്തയിങ്കൽ ഭിന്നമനുഷ്യഭൂമിയാണധികം ശ്രേഷ്ഠം. ഭിന്നമനുഷ്യമായ ഭൂമിയെ കീഴടക്കി വയ്ക്കുവാൻ പ്രയാസമില്ല. അതിലെ ആളുകളെ അന്യന്മാൎക്കു ഭേദിപ്പിക്കുവാൻ പ്രയാസമാണുതാനും. എന്നാൽ അതിന്നു ആപത്തു വരുമ്പോൾ സഹിപ്പാൻ സാധിക്കുകയില്ലെന്നൊരു ദോഷവുമുണ്ടു്. ശ്രേണീമനുഷ്യഭൂമി ഇതിൽനിന്നു നേരെ വിപരീതമാണു്. പക്ഷേ, അതു പ്രകൃതികോപമുണ്ടാകുമ്പോൾ വലിയ ദോഷത്തിന്നു കാരണമാകും.

ചതുൎവ്വണ്ണങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ, എല്ലാ കൎമ്മങ്ങൾക്കും ഉപയോഗപ്പെടുന്നതാകകൊണ്ടു് അവരവൎണ്ണപ്രായ (ഭൂരിപക്ഷം താഴ്ന്ന ജാതിക്കാരോടുകൂടിയതു്)മായ ഭൂമിയാണു് അധികം നല്ലതു്. കൃഷി സൎവ്വത്ര പ്രചാരമുള്ളതും, നിശ്ചിതഫലവുമാകയാൽ കൎഷണവതിയായ ഭൂമി അങ്ങനെയല്ലാത്ത ഭൂമിയേക്കാൾ ശ്രേഷ്ഠമാകുന്നു. കൃഷിക്കും മറ്റു പ്രവൃത്തികൾക്കും പ്രയോജനപ്പെടുന്നതാകകൊണ്ടു, ഗോരക്ഷകന്മാർ പാൎക്കുന്ന ഭൂമി അങ്ങനെയല്ലാത്ത ഭൂമിയേക്കാൾ നല്ലതാകുന്നു. പണ്യനിചയംകൊണ്ടും ഋണദാനംകൊണ്ടും ഉപകരിക്കുന്നതാകകൊണ്ടു് ധനികന്മാരായ കച്ചവടക്കാർ ധാരാളമുള്ളതായ ഭൂമി അങ്ങനെയല്ലാത്ത ഭൂമിയേക്കാൾ ശ്രേഷ്ഠമാകുന്നു.

ഭൂമിക്കുണ്ടായിരിക്കേണ്ട ഗുണങ്ങളിൽവച്ചു അപാശ്രയം (രക്ഷ) ആണു് അധികം വലിയ ഗുണം. അതിൽവച്ചും ദുൎഗ്ഗാപാശ്രയ (കോട്ടയാകുന്ന രക്ഷയോടുകൂടിയതു)മായ ഭൂമിയോ, അതോ പുരുഷാപാശ്രയമായ (ആളുകളാകുന്ന രക്ഷയോടുകൂടിയതു്) ഭൂമിയോ അധികം നല്ലതെന്ന ചിന്തയിങ്കൽ പുരുഷാപാശ്രയമാണു് അധികം ശ്രേഷ്ഠം.

എന്തുകൊണ്ടെന്നാൽ, പുരുഷവത്തായ രാജ്യമേ രാജ്യമാകയുള്ളൂ. പുരുഷരഹിതയായ ഭൂമിയിൽനിന്നു വന്ധ്യയായ പശുവിൽനിന്നെന്നപോലെ, എന്തൊരു വസ്തുവാണു കറക്കുവാൻ സാധിക്കുന്നതു്?

വലിയ ജനനാശവും ധനനാശവും സഹിച്ചു ഒരുവൻ നിവേശിപ്പിച്ച ഭൂമിയെ കൈവശമാക്കുവാനിച്ഛിക്കുന്ന രാജാവ് മുൻകൂട്ടിത്തന്നെ ദുർബ്ബലനോ, അരാജബീജിയോ, നിരുത്സാഹനോ, അപക്ഷനോ (അസഹായൻ), അന്യായവൃത്തിയോ, വ്യസനിയോ, ദൈവപ്രമാണനോ, യൽകിഞ്ചനകാരി (ആലോചനകൂടാതെ എന്തെങ്കിലും പ്രവൃത്തിക്കുന്നവൻ) യോ ആയ ഒരു രാജാവിനോടു് അതു വാങ്ങുവാൻ പണനം ചെയ്യണം. എന്തുകൊണ്ടെന്നാൽ വലിയ ജനനാശവും ധനനാശവും സഹിച്ചു നിവേശിപ്പിക്കേണ്ടതായ ഭൂമിയിൽ ദുർബ്ബലനായിട്ടുള്ള രാജബീജി (രാജവംശ്യൻ) നിവേശംചെയ്താൽ അവൻ തന്റെ സഗന്ധകളായ (സമാനജാതികളായ) പ്രകൃതികളോടുകൂടി ജനനാശവും ധനനാശവും കാരണം നാശത്തെ പ്രാപിക്കും. ബലവാനാണെങ്കിലും അരാജബീജിയായ ഒരുവനാണു അങ്ങനെയുള്ള ഭൂമിയിൽ നിവേശംചെയ്യുന്നതെങ്കിൽ അവന്റെ സഗന്ധകളല്ലാത്ത പ്രകൃതികൾ ജനനാശത്തെയും ധനനാശത്തെയും ഭയപ്പെട്ടു അവനെ ഉപേക്ഷിച്ചുപോകും. നിരുത്സാഹനായ ഒരാളാണു നിവേശം ചെയ്യുന്നതെങ്കിൽ അവൻ ദണ്ഡവാൻ (സൈന്യസഹിതൻ) ആണെങ്കിലും ദണ്ഡത്തെ പ്രയോഗിക്കാത്തതു കാരണം സൈന്യനാശവും ധനനാശവുംകൊണ്ടു തന്റെ സൈന്യങ്ങളോടുകൂടി നശിച്ചുപോകും. അപക്ഷനായ ഒരുവൻ ധാരാളം കോശത്തോടുകൂടിയവനെങ്കിലും സൈന്യക്ഷയവും ധനനാശവും വരുമ്പോൾ സഹായിപ്പാനാളില്ലായ്കയാൽ ഒരുവനിൽനിന്നും അവനു സാഹായ്യം ലഭിക്കുകയില്ല. അന്യായവൃത്തിയായിട്ടുള്ളവ

നെ അവൻ മുൻപു നിവേശം ചെയ്ത ഭൂമിയിൽനിന്നുതന്നെ ഓടിക്കുവാൻ സാധിക്കും; പിന്നെയെങ്ങനെ അവൻ ഒരു ഭൂമിയെ നിവേശിപ്പിക്കും? അന്യായവൃത്തിയുടെ സ്ഥിതി പറഞ്ഞതുകൊണ്ടു തന്നെ വ്യസനിയായിട്ടുള്ളവന്റെ അവസ്ഥയും പറയപ്പെട്ടു. ദൈവപ്രമാണനായിട്ടുള്ളവൻ പുരുഷപ്രയത്നഹീനനോ, ആരംഭശൂന്യനോ, കർമ്മാരംഭങ്ങൾക്കു നാശം നേരിട്ടവനോ ആയിട്ടു വിനാശമടയും. യൽകിഞ്ചനകാരിയായിരിക്കുന്നവൻ യാതൊരു വസ്തുവും സമ്പാദിക്കുവാൻ ശക്തനാകയില്ല. അവൻ ഇപ്പറഞ്ഞവരെല്ലാവരിലും വച്ച് ഏററവുമധികം ദോഷവാനാകുന്നു.

"യൽകിഞ്ചനകാരിയായ ശത്രു ചിലപ്പോൾ വിജിഗീഷുവിന്റെ ഛിദ്രം കണ്ടുപിടിച്ചു പ്രഹരിച്ചേക്കും" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, "അവൻ വിജിഗീഷുവിന്റെ ഛിദ്രത്തെയെന്നപോലെ വിനാശത്തെയും പ്രാപിക്കും" എന്നാണു കൌടില്യമതം. *

മേൽപ്രകാരമുള്ള ക്രേതാക്കന്മാരെ ലഭിക്കാതിരിക്കുന്നപക്ഷം മുകളിൽ പാർഷ്ണിഗ്രാഹോപഗ്രഹത്തിൽ പറയുവാൻ പോകുന്ന വിധിയനുസരിച്ചു ഭൂമിയെ അവസ്ഥാപനം ചെയ്യണം—ഇങ്ങനെ അഭിഹിതസന്ധി (വാക്കാൽ ചെയ്യപ്പെടുന്ന സന്ധി).

ബലവാനായ ഒരു രാജാവ് ഗുണവത്തായി കാലാന്തരത്തിൽ മടക്കിയെടുപ്പാൻ കഴിയുന്നതോ ആയ ഒരു ഭൂമിയെ വിലയ്ക്കു തരുവാനാവശ്യപ്പെട്ടാൽ ഒരു സന്ധി നിശ്ച

---

* യൽകിഞ്ചനകാരിയെ നിസ്സാരനെന്നു കരുതി വിജിഗീഷു അവഗണിക്കുവാനിടയുള്ളതുകൊണ്ട് അവൻ വിജിഗീഷുവിന്റെ ഛിദ്രം കണ്ടെത്തുമെന്നു ആചാര്യന്മാരുടെ ആശയം. പക്ഷെ അവൻ ബുദ്ധിഹീനനാകയാൽ വിജിഗീഷുവിനു നിഷ്പ്രയാസം അവനെ നശിപ്പിപ്പാൻ കഴിയുമെന്നു കൌടില്യന്റെ ആശയം.

യിച്ചിട്ടുവേണം കൊടുക്കുവാൻ—ഇതു് അനിഭൃതസന്ധി (അവിശ്വസ്തസന്ധി.)

സമനായിട്ടുള്ള ഒരു രാജാവ് തന്റെ ഭൂമിയെ വില യ്ക്കു തരേണമെന്നു യാചിച്ചാൽ "ഈ ഭൂമി എനിക്കു തിരി കെ പിടിച്ചടക്കുവാനോ വശ്യമാക്കുവാനോ സാധിക്കു മോ? ഈ ഭൂമിമൂലഖന പ്രതിസംബന്ധം പ്രാപിച്ചിട്ട് ഈ ശത്രു എനിക്കു വശ്യനായിഭവിക്കുമോ? ഈ ഭൂമി വിൽക്കു ന്നതുകൊണ്ടു് എനിക്കു കാര്യസാമർത്ഥ്യത്തിന്നു മതിയായ മിത്രലാഭമോ ഹിരണ്യലാഭമോ സിദ്ധിക്കുമോ?" എന്നു ന ല്ലവണ്ണം ആലോചിച്ച്, തക്കതായ കാരണം കാണുന്നതാ യാൽ കൊടുക്കണം.

ഇതിനെക്കൊണ്ടുതന്നെ തന്നെക്കാരം ഹീനനായ ഒരു ക്രേതാവു ഭൂമിയെ യാചിച്ചാൽ ചെയ്യേണ്ടതും പറ ഞ്ഞു കഴിഞ്ഞു.

ഏവം മിത്രഹിരണ്യങ്ങളം
ശൂന്യാശൂന്യധരിത്രിയും
ലഭിക്കുമ്പോൾ കൂട്ടുകാരെ-
ത്തോല്പിച്ചീടുന്നു ശാസ്ത്രവിൽ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന
ഏഴാമധികരണത്തിൽ, മിത്രഹിരണ്യഭൂമികർമ്മസന്ധി
യിൽ, അനവസിതസന്ധി എന്ന
പതിനൊന്നാമദ്ധ്യായം.

---

## പന്ത്രണ്ടാം അദ്ധ്യായം.

### കർമ്മസന്ധി.

"അങ്ങയും ഞാനും കൂടി സന്ധിചെയ്തു ദുർഗ്ഗംനിർമ്മി പ്പിക്കുക" എന്നു പറഞ്ഞു ചെയ്യുന്ന സന്ധിയാണ് കർമ്മ

സന്ധി. ഈ സന്ധി ചെയ്യുന്ന അരിവിജിഗീഷുക്കളിൽ വച്ച് ആരാണോ ദൈവത്താൽത്തന്നെ കോട്ടപോലെ ദുർഗ്ഗമമാക്കിത്തീർക്കപ്പെട്ടതും ശത്രുക്കൾക്കു കടപ്പാൻ സാധിക്കാത്തതും അല്പവ്യയത്താൽ പണിതീർക്കാവുന്നതുമായ ദുർഗ്ഗത്തെ നിർമ്മിപ്പിക്കുന്നത് അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു.

അവയിൽവച്ചും സ്ഥലദുർഗ്ഗം, നദീദുർഗ്ഗം, പർവ്വതദുർഗ്ഗം എന്നിവയിൽ പിൻപുപിൻപു പറയപ്പെട്ടവ അധികമധികം ശ്രേഷ്ഠമാകുന്നു.

ആഹാര്യോദകം (വെള്ളം തിരിച്ചു കൊണ്ടുവരേണ്ടത്), സഹോദകം എന്നിങ്ങനെയുള്ള രണ്ടു സേതുബന്ധങ്ങളിൽവച്ചു സഹോദകമായിട്ടുള്ളതാണ് അധികം നല്ലത്. സഹോദകങ്ങളായ രണ്ടു സേതുബന്ധങ്ങളിൽവച്ചും അധികം വാപസ്ഥാനത്തെ (വിത്തുവിതയ്ക്കുന്ന ഭൂമിയെ) നനയ്ക്കുവാനുതകുന്നതാണ് അധികം നല്ലത്.

ദ്രവ്യവനങ്ങളിൽവച്ചു സാരവത്തായ ദ്രവ്യങ്ങളുള്ള അടവികളോടു കൂടിയതും നദീമാതൃകവുമായ ദ്രവ്യവനത്തെ ആരാണോ ജനപദാന്തത്തിങ്കൽ വച്ചുപിടിപ്പിക്കുന്നത് അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, നദീമാതൃകമായിട്ടുള്ള ദ്രവ്യവനം സുഖോപജീവ്യവും ആപത്തുണ്ടാകുന്ന കാലത്തു രക്ഷാസ്ഥാനവുമായിരിക്കുന്നതുകൊണ്ടുതന്നെ.

ഹസ്തിവനങ്ങളിൽവച്ചും ശൂരതയുള്ള അനേകം മൃഗങ്ങളോടുകൂടിയതും ഉറപ്പുകുറഞ്ഞ പ്രതിവേശങ്ങളോടു (അയൽഭൂമികളോടു) കൂടിയതും അനന്തങ്ങളായ അവക്ലേശങ്ങളോടു (പ്രവേശനിർഗ്ഗമസ്ഥാനങ്ങളോടു) കൂടിയതുമായ ഹസ്തിവനത്തെ ജനപദാന്തത്തിങ്കൽ നിർമ്മിപ്പിക്കുന്നത് ആരാണോ അവൻ മററവനെ അതിസന്ധാനംചെയ്യുന്നു.

"ശൂരതയില്ലാത്ത വളരെ ഗജങ്ങളോടുകൂടിയതും ശൂ

രതയുള്ള അല്പം ഗജങ്ങളോടുകൂടിയതുമായ രണ്ടു ഹസ്തിവനങ്ങളിൽവച്ചു ശൂരതയുള്ള അല്പം ഗജങ്ങളോടു കൂടിയതാണ് അധികം ശ്രേഷ്ഠം. എന്തുകൊണ്ടെന്നാൽ ശൂരതയുള്ള ഗജങ്ങളെ ആശ്രയിച്ചാണ് യുദ്ധം സ്ഥിതിചെയ്യുന്നത്. ശൂരതയുള്ള അല്പം ഗജങ്ങൾ അശൂരരായ വളരെ സൈന്യങ്ങളെ ഭഞ്ജിക്കും. ശൂരതയില്ലാത്ത വളരെ ഗജങ്ങൾ തോററു പിന്തിരിഞ്ഞിട്ടു സ്വസൈന്യങ്ങൾക്കു തന്നെ നാശംവരുത്തുകയാണ് ചെയ്യുക" എന്നു ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അങ്ങനെയല്ലെന്നാണ് കൌടില്യമതം. ശൂരത കുറഞ്ഞ വളരെ ഗജങ്ങൾ ഉണ്ടാകുന്നതാണ് അധികം നല്ലതു്. അവയെ സൈന്യങ്ങളുടെ കൂട്ടത്തിൽ നിർത്തിയാൽ അവ അനേകം പണികൾ ചെയ്കയും, കൂട്ടത്തിലുള്ള മററു ഗജങ്ങൾക്കു് ഉപകാരം ചെയ്കയും, യുദ്ധത്തിൽ പരന്മാക്കു് ആക്രമിക്കപ്പെടുവാൻ കഴിയാതിരിക്കുകയും ഭയങ്കരങ്ങളായിരിക്കയും ചെയ്യും. കല്യാണങ്ങളായ വളരെ ഹസ്തികളുണ്ടെങ്കിൽ അവയ്ക്കു വിനയകർമ്മംകൊണ്ടു ശൌര്യം ഉണ്ടാക്കിത്തീർക്കുവാനും സാധിക്കും. എന്നാൽ ശൂരതയുള്ള അല്പം ഗജങ്ങൾക്കു എണ്ണത്തിൽ ആധിക്യം വരുത്തുവാൻ സാധിക്കുന്നതുമല്ല.

ഖനികളിൽവച്ചു വിലയേറിയ വളരെപ്പദാർത്ഥങ്ങളുള്ളതും ദുർഗ്ഗമമല്ലാത്ത മാർഗ്ഗത്തോടുകൂടിയതും അല്പവ്യയംകൊണ്ടു നിർമ്മിക്കാവുന്നതുമായ ഖനിയെ ആരാണോ കുഴിപ്പിക്കുന്നതു അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു.

അതിൽവച്ചും "വലിയ സാരവസ്തുക്കളുള്ളതും അല്പവുമായ ഖനിയോ, അല്പസാരവും മഹത്തുമായ ഖനിയോ അധികം നല്ലത്" എന്നു ചിന്തിക്കുമ്പോൾ മഹാസാരവും അല്പവുമായ ഖനിയാണു ശ്രേഷ്ഠം. വജ്രം, മണി, മുത്തു, പവിഴം, സ്വർണ്ണം, വെള്ളി എന്നീ സാരവസ്തുക്കൾ അല്പ

മായാലും അല്പസാരമായ പ്രഭൂതദ്രവ്യങ്ങളെ മൂല്യാധിക്യം കൊണ്ടു വിഴുങ്ങുന്നതാണ്" എന്ന് ആചാര്യന്മാർ പറയുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു കൌടില്യമതം. മഹാസാരമായ വസ്തുക്കൾ വിലയ്ക്കു വാങ്ങുവാൻ വളരേക്കാലം കൂടുമ്പോൾ അല്പം വല്ലവരും മാത്രമേ ഉണ്ടാകയുള്ളൂ. അല്പസാരമായ വസ്തു വാങ്ങുവാനാകട്ടെ എല്ലാപ്പോഴും വളരെ ആളുകൾ ഉണ്ടായിരിക്കും.

ഇതിനേപ്പറഞ്ഞതുകൊണ്ടുതന്നെ വണിക്പഥത്തെക്കുറിച്ചും പറഞ്ഞുകഴിഞ്ഞു. വണിക്പഥങ്ങളിൽ വച്ചു "ജലമാർഗ്ഗവും സ്ഥലമാർഗ്ഗവുംകൂടിയായാൽ ജലമാർഗ്ഗമാണ് അധികം നല്ലതു്. ജലമാർഗ്ഗം അല്പവ്യയംകൊണ്ടു സംരക്ഷിക്കുവാൻ സാധിക്കുന്നതും പണ്യവസ്തുക്കളിൽനിന്നു അനല്പമായ ലാഭം ഉണ്ടാക്കുന്നതുമാണ്" എന്ന് ആചാര്യന്മാർ പറയുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു കൌടില്യമതം. എന്തുകൊണ്ടെന്നാൽ ഗതാഗതത്തിന്നു പ്രതിബന്ധം വരാവുന്നതും എല്ലാ കാലത്തും നിലനിൽക്കാത്തതും വലുതായ ഭയത്തിന്നു കാരണവും പ്രതീകാരമില്ലാത്തതുമാണ് ജലമാർഗ്ഗം; ഇതിന്നു നേരെ വിപരീതമാണു സ്ഥലമാർഗ്ഗം.

ജലമാർഗ്ഗത്തിങ്കലാകട്ടെ കൂലപഥം (കരയോരത്തൂടെയുള്ള വഴി), സംയാനപഥം (ജലമദ്ധ്യമാർഗ്ഗം) എന്നിവയിൽവച്ചു കൂലപഥം വളരെ പണ്യപട്ടണങ്ങളെ തൊട്ടു കിടക്കുന്നതാകയാൽ അധികം ശ്രേഷ്ഠമാണ്. ഇതുപോലെതന്നെ എല്ലാപ്പോഴും ഗതാഗതത്തിന്നുപകരിക്കുന്നതു കൊണ്ടും സഹിപ്പാൻ വയ്യാത്ത ആപത്തുകൾക്കു കാരണമാകാത്തതു കൊണ്ടും നദീപഥം ഏററവും ശ്രേഷ്ഠമാകുന്നു.

സ്ഥലമാർഗ്ഗത്തിൽവച്ചും "ഹൈമവതം (ഉത്തരാപഥം) ദക്ഷിണാപഥത്തേക്കാൾ മേലെയാണ്"; എന്തുകൊ

ണ്ടെന്നാൽ അവിടെ ആനകളും, കുതിരകളും, ഗന്ധദ്രവ്യങ്ങളും, ദന്തങ്ങളും, അജിനം, വെള്ളി, സ്വർണ്ണം മുതലായി ഏററവും വിലപിടിച്ച പണ്യവസ്തുക്കൾ ഉണ്ടാകുകകൊണ്ടുതന്നെ" എന്നു ആചാര്യന്മാർ പറയുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു കൌടില്യമതം. കംബളവും അജിനവും കുതിരകളുമൊഴിച്ചു ശംഖം, വജ്രം, മണി, മുത്തു, സ്വർണ്ണം തുടങ്ങിയുള്ള പണ്യവസ്തുക്കൾ ദക്ഷിണാപഥത്തിൽ ധാരാളമായിട്ടുണ്ട്. ദക്ഷിണാപഥത്തിൽവച്ചും വളരെ ഖനികളോടു സംബാധമുള്ളതും വിലപിടിച്ച പണ്യവസ്തുക്കളോടുകൂടിയതും ഗതാഗതത്തിനു പ്രതിബന്ധമില്ലാത്തതും അദ്ധ്വാനം കുറഞ്ഞതുമായ വണിക്പഥം അധികം ശ്രേഷ്ഠമാകുന്നു.

അഥവാ ഫല്ഗുദ്രവ്യങ്ങളുള്ളതും അവ വാങ്ങുവാൻ ആളുകൾ സുലഭമായിട്ടുള്ളതുമായ മാർഗ്ഗം അധികം ശ്രേഷ്ഠമാകുന്നു. ഇതിനെപ്പറഞ്ഞതുകൊണ്ടുതന്നെ കിഴക്കൻ ദിക്കിലേക്കുള്ളതും പടിഞ്ഞാറൻ ദിക്കിലേക്കുള്ളതുമായ വണിക്പഥങ്ങളേയും പറഞ്ഞുകഴിഞ്ഞു.

വണിക്പഥങ്ങളിൽവച്ചു ചക്രപഥവും (വണ്ടിവഴി), പാദപഥവും കൂടിയായാൽ വിപുലാരംഭം (ബഹുവ്യവഹാരോപയോഗി) ആയതുകൊണ്ടു ചക്രപഥമാണ് ശ്രേഷ്ഠം. ചില ദേശങ്ങളിലും ചില കാലങ്ങളിലും ഖരോഷ്ട്രപഥ (കഴുതകളുടേയും ഒട്ടകങ്ങളുടേയുംമാർഗ്ഗം) മാണ്" അധികം നല്ലതെന്നും വരും. ഇവയെപ്പറഞ്ഞതുകൊണ്ട് അംസപഥവും (ഊടുവഴി) പറയപ്പെട്ടു.

ക്ഷയം നേതാവിനരിതൻ
വൃദ്ധി; വൃദ്ധി വിപര്യയെ;
കർമ്മോദയം തുല്യമായി
വന്നാൽ സ്ഥാനം പ്രകീർത്തിതം.

ആയമല്പം വ്യയം ഭൂരി-
യെന്നാകിൽ ക്ഷയമാമതു്;
മറിച്ചായാൽ വൃദ്ധി; രണ്ടും
സമമായ്‌വരികിൽ സ്ഥിതി.

അല്പവ്യയായാസമന-
ല്പോദയം കർമ്മമെങ്കിലോ
ദുർഗ്ഗാദിയിലതാം ശ്രേഷ്ഠ,-
മെന്നേവം കർമ്മസന്ധികൾ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, മിത്രഹിരണ്യഭൂമികർമ്മസന്ധിയിൽ, കർമ്മസന്ധി എന്ന പന്ത്രണ്ടാമദ്ധ്യായം.

---

## പതിമ്മൂന്നാം അദ്ധ്യായം.

### ഒരുനൂററിപ്പതിനേഴാം പ്രകരണം.

### പാർഷ്ണിഗ്രാഹചിന്ത.

അരിവിജിഗീഷുക്കൾ, പരന്മാരോടു യുദ്ധംചെയ്തുകൊണ്ടിരിക്കുന്ന താന്താങ്ങളുടെ ശത്രുക്കളുടെ പാർഷ്ണിയെ ഒരേസമയത്തു ഗ്രഹിക്കുമ്പോൾ (താന്താങ്ങളുടെ ശത്രുക്കളെ അവരുടെ പിൻഭാഗത്തൂടെ എതിർക്കുമ്പോൾ) ആരാണോ അധികം ശക്തിയുള്ളവന്റെ പാർഷ്ണിയെ ഗ്രഹിക്കുന്നതു് അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ശക്തിസമ്പന്നനായിട്ടുള്ളവൻ തന്റെ മുൻപിലുള്ള ശത്രുവിനെ ഉച്ഛേദിച്ചതിന്നുശേഷം പാർഷ്ണിഗ്രാഹനെ ഉച്ഛേദിക്കുമെന്നതുകൊണ്ടുതന്നെ. ഹീനശക്തിയായിട്ടുള്ളവൻ ലാഭമൊന്നും ലഭിക്കാത്തവനാകയാൽ പാർഷ്ണിഗ്രാഹനെ ഉച്ഛേദിക്കുകയില്ല. *

---

* അരിവിജിഗീഷുക്കൾ പാർഷ്ണിഗ്രാഹന്മാരായി വരുമ്പോഴത്തെ കർത്തവ്യമാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്.

രണ്ടുപേൎക്കും ശക്തി സമമായിരിക്കുമ്പോൾ ആരാണോ വിപുലാരംഭനായവന്റെ (വളരെ ഉപകരണങ്ങളോടു കൂടിയവന്റെ) പാൎഷ്ണിയെ ഗ്രഹിക്കുന്നതു അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ വിപുലാരംഭനായിട്ടുള്ളവൻ ശത്രുവിനെ ഉച്ഛേദിച്ചതിന്നു ശേഷം പാൎഷ്ണിഗ്രാഹനെ ഉച്ഛേദിക്കുമെന്നതുകൊണ്ടു തന്നെ. അല്പാരംഭനാകട്ടെ സക്തചക്രൻ (പ്രതിബദ്ധങ്ങളായ സൈന്യങ്ങളോടുകൂടിയവൻ) ആകയാൽ പാൎഷ്ണിഗ്രാഹനെ ഉച്ഛേദിക്കുകയില്ല.

രണ്ടുപേരും സമമായ ആരംഭത്തോടുകൂടിയവരായിരിക്കുമ്പോൾ ആരാണോ സൎവ്വസന്ദോഹത്തോടുകൂടി പുറപ്പെട്ടവന്റെ പാൎഷ്ണിയെ ഗ്രഹിക്കുന്നത് അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ശൂന്യമൂലൻ (മൂലസ്ഥാനത്തിന്റെ രക്ഷയ്ക്കു സൈന്യങ്ങളില്ലാത്തവൻ) ആയ ശത്രുവിനെ എളുപ്പത്തിൽ ജയിക്കുവാൻ സാധിക്കും. സൈന്യങ്ങളിൽ ഒരു ഭാഗത്തെ മാത്രം കൂട്ടി യുദ്ധത്തിന്നു പോയവൻ തന്റെ പിൻഭാഗത്തെക്കു വേണ്ട രക്ഷകൾ ചെയ്തവനാകയാൽ അവനെ ജയിക്കുവാൻ പ്രയാസമായിരിക്കും.

സൈന്യങ്ങളെ കൂട്ടുന്ന വിഷയത്തിലും രണ്ടുപേൎക്കും സാമ്യമുള്ള പക്ഷം ആരാണോ ചലനായ ശത്രുവിന്നു നേരെ പ്രയാണം ചെയ്തവന്റെ പാൎഷ്ണിയെ ഗ്രഹിക്കുന്നതു് അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ചലശത്രുവിന്നു നേരെ യാനം ചെയ്തവൻ നിഷ്പ്രയാസം ജയം പ്രാപിച്ചിട്ടു പാൎഷ്ണിഗ്രാഹനെ ഉച്ഛേദിക്കും; സ്ഥിതശത്രുവിന്നു നേരെ പോയവൻ അതു ചെയ്കയില്ല. അവൻ ശത്രുവിന്റെ ദുൎഗ്ഗത്താൽ തടയപ്പെട്ടും അവിടെനിന്നു മടങ്ങി പാൎഷ്ണിഗ്രാഹന്റെ നേരിട്ടു തിരിയുമ്പോൾ അവനെ അവഗ്രഹിക്കും.

ഇവനെപ്പറഞ്ഞതുകൊണ്ടുതന്നെ മുകളിൽപ്പറഞ്ഞ പാർഷ്ണിഗ്രാഹന്മാരുടെ സ്ഥിതിയും പറയപ്പെട്ടു. *

രണ്ടു ശത്രുക്കളും സമന്മാരായിരിക്കുമ്പോൾ അവരിൽവച്ചു ധാർമ്മികനായവനോടെതിരിടുന്ന ശത്രുവിന്റെ പാർഷ്ണിയെ ഗ്രഹിക്കുന്നതാരോ അവൻ ഇതരനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ധാർമ്മികനോടെതിരിടുന്നവൻ സ്വന്തം ജനങ്ങളുടെ‌പോലും ദ്വേഷത്തിനു പാത്രമാകും; അധാർമ്മികനോടെതിരിടുന്നവനാകട്ടെ എല്ലാവർക്കും പ്രിയനായിരിക്കും.

ഇതുകൊണ്ടുതന്നെ മൂലഹരൻ, താദാത്വികൻ, കദര്യൻ എന്നിവരോടെതിരിടുന്നവരുടെ പാർഷ്ണിഗ്രഹണത്തെപ്പററിയും പറഞ്ഞുകഴിഞ്ഞു §. ഈ ഹേതുക്കൾ സ്വന്തം മിത്രത്തോടെതിരിടുന്നവരുടെ പാർഷ്ണിഗ്രഹണത്തിങ്കലും സമമാകുന്നു.

മിത്രത്തോടെതിർക്കുന്നവനൊരുവൻ, ശത്രുവിനോടെതിർക്കുന്നവനൊരുവൻ എന്നിവരിൽവച്ച് മിത്രത്തോടെതിർക്കുന്നവന്റെ പാർഷ്ണിയെ ഗ്രഹിക്കുന്നതാരോ അവൻ ഇതരനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ,

---

* സ്ഥിതശത്രുവിനോടെതിരിടുന്നവന്റെ പാർഷ്ണിഗ്രാഹനെപ്പോലെതന്നെയാണ് ശക്തി കുറഞ്ഞവൻ, അല്പാരംഭൻ, ഏതാനും സൈന്യങ്ങൾ മാത്രം കൂട്ടിപ്പോയവൻ എന്നിവരുടെ പാർഷ്ണിഗ്രാഹന്മാരെന്നു സാരം.

§ മൂലഹരനോടെതിർക്കുന്നവൻ, താദാത്വികനോടെതിർക്കുന്നവൻ എന്നിവരിൽവച്ചു ആദ്യം പറഞ്ഞവന്റെ പാർഷ്ണിഗ്രാഹനും, താദാത്വികനോടെതിർക്കുന്നവൻ, കദര്യനോടെതിർക്കുന്നവൻ എന്നിവരിൽവച്ചു രണ്ടാമതു പറഞ്ഞവന്റെ പാർഷ്ണിഗ്രാഹനും ഇതരനെ അതിസന്ധാനം ചെയ്യുമെന്നു സാരം. മൂലഹരതാദാത്വികന്മാരിൽ മൂലഹരനെയും, താദാത്വികകദര്യന്മാരിൽ കദര്യനെയും എളുപ്പത്തിൽ ജയിപ്പാൻ കഴിയുന്നതുകൊണ്ട് അവരോടെതിർക്കുന്നവർ അനായാസേന ജയം നേടി പാർഷ്ണിഗ്രാഹന്മാരെ ഉച്ഛേദിക്കുവാനിടയുണ്ട്.

മിത്രത്തോടെതിൎക്കുന്നവൻ മിത്രവുമായി അനായാസേന സന്ധിചെയ്ത് പാൎഷ്ണിഗ്രാഹനെ ഉച്ഛേദിക്കും. മിത്രത്തോട് സന്ധിചെയ്യുന്നത് എളുപ്പമാണ്; ശത്രുവിനോടങ്ങനെയല്ല.

മിത്രത്തെ നശിപ്പിപ്പാൻ പുറപ്പെട്ടവനൊരുവൻ, ശത്രുവിനെ നശിപ്പിപ്പാൻ പുറപ്പെട്ടവനൊരുവൻ എന്നിവരിൽവച്ചു ശത്രുവിനെ നശിപ്പിപ്പാൻപുറപ്പെട്ടവന്റെ പാൎഷ്ണിയെ ഗ്രഹിക്കുന്നതാരോ അവൻ അപരനെ അതിസന്ധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ശത്രുവിനെ ഉച്ഛേദിക്കുന്നവൻ മിത്രസാഹായ്യത്താൽ ജയം സമ്പാദിച്ച് പാൎഷ്ണിഗ്രാഹനെ ഉച്ഛേദിക്കും; സ്വപക്ഷോപഘാതിയായ മററവനാകട്ടെ അതിന്നു ശക്തനാകയില്ല.

അവർ (മിത്രത്തെ നശിപ്പിപ്പാനും ശത്രുവിനെ നശിപ്പിപ്പാനും പുറപ്പെട്ടവർ) ലാഭമൊന്നും കിട്ടാതെ മടങ്ങുമ്പോഠം അവരിൽവച്ച് യാതൊരുവന്റെ ശത്രു മഹത്തായ ലാഭത്തിൽനിന്നു വേർപെട്ടവനായോ അധികം ക്ഷയവ്യയങ്ങഠം നേരിട്ടവനായോ ഭവിക്കുന്നുവോ അവന്റെ പാൎഷ്ണിയെ ഗ്രഹിക്കുന്നവൻ ഇതരനെ അതിസന്ധാനം ചെയ്യുന്നു. ലാഭം സമ്പാദിച്ചിട്ട മടങ്ങുമ്പോഠം അവരിൽവച്ച് ആരുടെ ശത്രു ലാഭംകൊണ്ടും ശക്തികൊണ്ടും ഹീനനാണോ അവന്റെ പാൎഷ്ണിയെ ഗ്രഹിക്കുന്നവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. അഥവാ, യാതൊരുവന്റെ യാതവ്യൻ തന്റെ ശത്രുവിനോട്ട വിഗ്രഹിപ്പാനും അപകാരംചെയ്യാനും സമൎത്ഥനാണോ അവന്റെ പാൎഷ്ണിയെ ഗ്രഹിക്കുന്നവൻ മററവനെ അതിസന്ധാനം ചെയ്യും.

പാൎഷ്ണിഗ്രാഹന്മാരായ രണ്ടുപേരിൽവച്ച് ആർ ആരംഭിച്ചകാൎയ്യം നടത്തുവാൻ കെല്പുള്ള സൈന്യങ്ങളെ അധികം കൂടെക്കൊണ്ടുപോകുന്നുവോ, സ്ഥിതശത്രു (ദുൎഗ്ഗാദികളാൽ സംരക്ഷിതൻ) പായിരിക്കുന്നുവോ, യാതവ്യന്റെ പാൎശ്വത്തിൽ സ്ഥിതിചെയ്യുകയോ .ചെയ്യുന്നുവോ അവൻ അ

പ്രകാരമല്ലാത്തവനെ അതിസന്ധാനം ചെയ്യുന്നു. പാൎശ്വത്തിൽ സ്ഥിതിചെയ്യുന്നവൻ യാതവ്യനോടു ചേൎന്നു വിജിഗീഷുവിന്റെ മൂലസ്ഥാനത്തെ ആക്രമിക്കുമല്ലോ. പിന്നിൽ നില്ക്കുന്നവനാകട്ടെ, മൂലസ്ഥാനത്തെ ബാധിക്കുവാൻ സൌകൎയ്യമുണ്ടാകയില്ല.

പാൎഷ്ണിഗ്രാഹികൾ മൂന്നത്രേ
ശത്രുചേഷ്ടാനിരോധകർ—
സാമന്തൻ, പൃഷ്ഠതോയായി,
പാൎശ്വവൎത്തികളും തഥാ.
അരിനേതാക്കൾനടുവിൽ-
പ്പെട്ടു ദുൎബ്ബലനായവൻ
അന്തൎദ്ധി, ബലവാനേററാൽ
ദുൎഗ്ഗാടവ്യപസാരിയാം.

അരിവിജിഗീഷുക്കൾ മദ്ധ്യമനായ ഒരുവനെ ജയിപ്പാനിച്ഛിച്ചു മദ്ധ്യമന്റെ പാൎഷ്ണിയെ ഗ്രഹിക്കുമ്പോൾ ആരാണോ ലബ്ധലാഭനായിട്ടു വരുന്ന മദ്ധ്യമനെ അവന്റെ മിത്രത്തിൽനിന്നു തെററിക്കുകയും ശത്രുവുമായിസ്സന്ധിചെയ്തു അവനെ മിത്രമാക്കുകയും ചെയ്യുന്നതു് അവൻ ഇതരനെ അതിസന്ധാനം ചെയ്യുന്നു. ശത്രുവാണെങ്കിലും ഉപകാരം ചെയ്യുന്നവനാണെങ്കിൽ സന്ധേയനാണു്; എന്നാൽ മിത്രഭാവത്തിൽനിന്നു തെററിയ മിത്രത്തോടു സന്ധി ചെയ്വാൻ പാടില്ല. ഇതുകൊണ്ടുതന്നെ ഉദാസീനനെ ഗ്രഹിക്കേണ്ടതിനെപ്പററിയും പറഞ്ഞുകഴിഞ്ഞു.

"പാൎഷ്ണിഗ്രഹണം, അഭിയാനം (മുൻഭാഗത്തുള്ള ആക്രമണം) എന്നിവ ചെയ്യുമ്പോൾ മന്ത്രയുദ്ധം * ചെയ്വാ

* യുദ്ധരംഗത്തിൽവെച്ചു ശസ്ത്രാദികളെക്കൊണ്ടു പ്രഹരിക്കുന്നതു വ്യായാമയുദ്ധവും, ഗൂഢപുരുഷപ്രയോഗംകൊണ്ടു ശത്രുവിനെ നിഗ്രഹിക്കുന്നതു മന്ത്രയുദ്ധവുമാകുന്നു.

ലാണ് വൃദ്ധി സിദ്ധിക്കുക. വ്യായാമയുദ്ധം ചെയ്യുമ്പോൾ ജനക്ഷയവും ധനക്ഷയവും നിമിത്തം രണ്ടുപേക്കും വൃദ്ധി ലഭിക്കുകയില്ല. ജയിച്ചവൻ ജയം കൈവന്നാലും സൈന്യവും കോശവും ക്ഷയിക്കുകയാൽ പരാജിതനെപ്പോലെ തന്നെയാകും" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു, എന്നാൽ അങ്ങനെയല്ലെന്നാണ് കൌടില്യമതം. എന്തുകൊണ്ടെന്നാൽ, എത്ര വലുതായ ജനനാശവും ധനനാശവും സഹിച്ചിട്ടും ശത്രുവിനെ നശിപ്പിക്കുന്നതു സ്പൃഹണീയമാകുന്നു.

ജനനാശവും ധനനാശവും രണ്ടുപേക്കും തുല്യമാണെന്നിരിക്കുമ്പോൾ ആരാണോ പുരോഭാഗത്തുള്ള യുദ്ധത്തിൽവച്ചു തന്റെ ദൂഷ്യസൈന്യത്തെ കൊല്ലിച്ചു, നിശ്ശല്യനായിത്തീർന്നിട്ടു വശ്യമായ സൈന്യത്തോടുകൂടി പിൻഭാഗത്തുടെ ചെന്നു യുദ്ധം ചെയ്യുന്നതു് അവൻ അന്യനെ അതിസന്ധാനം ചെയ്യുന്നു. രണ്ടുപേരും തങ്ങളുടെ ദൂഷ്യസൈന്യത്തെ പുരോഭാഗത്തിങ്കൽ നിർത്തി വധിപ്പിക്കുന്നതിൽ ഒരുപോലെ ശ്രദ്ധിക്കുന്നപക്ഷം അവരിൽവച്ചു് ആരാണോ എണ്ണത്തിലും ശക്തിയിലും ദൂഷ്യതത്തിലും മികച്ചു നിൽക്കുന്ന ദൂഷ്യസൈന്യത്തെക്കൊല്ലിക്കുന്നതു് അവൻ ഇതരനെ അതിസന്ധാനം ചെയ്യുന്നു. ഇതുകൊണ്ടു് അമിത്രസൈന്യത്തേയും ആടവികസൈന്യത്തേയും കൊല്ലിക്കുന്നതിനെക്കുറിച്ചും പറഞ്ഞു കഴിഞ്ഞു.

നേതാ പാർഷ്ണിഗ്രാഹനായ്ത്താ-
നഭിയോക്ത നിലച്ചതാൻ
യാതവ്യനായ്ത്താൻ തീരുമ്പോൾ-
ച്ചെയ്യേണ്ടും നീതിയേവമാം:—

സ്വമിത്രത്തോടെതിർക്കുന്ന
ശത്രുവിൻ പാർഷ്ണി തേടിടു,
ആദ്യമാക്രന്ദനെത്തന്റെ
മിത്രത്താൽപ്പോരുതിച്ചുതാൻ,

അഭിയോക്തൃനിലച്ചാമ്പോ–
ളകററു പൃഷ്ഠശത്രുവെ
ആക്രന്ദനാൽ, പൃഷ്ഠശത്രു–
മിത്രമാക്രന്ദബന്ധുവാൽ;

മുൻഭാഗത്താക്രമിപ്പിപ്പൂ
മിത്രത്തെയരിമിത്രമായ്
അരിതൻ മിത്രമിത്രത്തെ–
യകററു മിത്രബന്ധുവാൽ;

അഭിയോഗിപ്പോന്റെ പാർഷ്ണി
പിടിപ്പിപ്പൂ സ്വബന്ധുവാൽ
ആക്രന്ദനെയകററിപ്പൂ
മിത്രമിത്രത്തിനാലുമേ;

മിത്രപ്രകൃതിസമ്പത്തോ–
ടൊത്തെഴും രാജമണ്ഡലം
പിന്നിലും മുന്നിലും നേതാ–
വീവിധത്തിലിരുത്തിട്ടു;

വസിപ്പിപ്പൂ മണ്ഡലത്തിൽ
നിത്യവും ശ്രദ്ധള്ളവരെ
മാററാർതൻ കൂററുകാരൻ താ–
നെന്നു തോന്നിച്ച ശ്രദ്ധനായ്;

അസംവൃതനു കാര്യങ്ങൾ
വിശേഷാൽക്കയ്യിൽവന്നാലും
അസംശയം നശിച്ചീടും
കടലിൽ ഭിന്നനൌകപോൽ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന
ഏഴാമധികരണത്തിൽ, പാർഷ്ണിഗ്രാഹചിന്ത എന്ന
പതിമൂന്നാമദ്ധ്യായം.

# പതിന്നാലാം അധ്യായം.

---

ഒരുനൂററിപ്പതിനെട്ടാം പ്രകരണം.

ഹീനശക്തിപൂരണം.

പലരുംകൂടി സാമവായികന്മാരായിച്ചേൎന്നു തന്റെ നേരെ യുദ്ധത്തിന്നു വന്നാലപ്പോൾ വിജിഗീഷു അവരിൽ പ്രധാനഭൂതനായോ അവനോടു ഇങ്ങനെ പറവൂ:— "അങ്ങയോടു ഞാൻ സന്ധിചെയ്യാം; അങ്ങേക്കു ഞാൻ ഇത്ര ഹിരണ്യം തരികയും മിത്രമായിരിക്കയും ചെയ്യാം; എന്നിൽനിന്നു കിട്ടുന്ന വൃദ്ധി അങ്ങേക്കു ദ്വിഗുണമായിരിക്കും; അങ്ങുന്നു് ആത്മാവിന്നു സംഭവിക്കുന്ന ക്ഷയത്തെ സഹിച്ചുംകൊണ്ടു് മിത്രങ്ങളെന്നഭിനയിക്കുന്ന ശത്രുക്കളെ വൎദ്ധിപ്പിക്കരുതു്; ഈ സാമവായികന്മാർ വൃദ്ധിയെ പ്രാപിച്ചുവന്നാൽ അങ്ങയെത്തന്നെ ധിക്കരിക്കും."

അഥവാ സാമവായികന്മാരിൽ പ്രധാനഭൂതനോടു ഇങ്ങനെ ഭേദവചനത്തെപ്പറവൂ:—"അങ്ങോടു യാതൊരപകാരവും ചെയ്യാത്ത എന്റെ നേരെ ഇവർ ഒത്തൊരുമിച്ചു യുദ്ധത്തിന്നു വന്നതുപോലെ അങ്ങേയെയും ഇവർ ബലം ശേഖരിച്ചു സന്നദ്ധന്മാരായിട്ടോ, അങ്ങേക്കു വ്യസനംവരുമ്പോഴോ ആക്രമിച്ചേക്കും. ബലം എന്നതാണു് മനുഷ്യന്റെ മനസ്സിനെ വികാരപ്പെടുത്തുന്നതു്. അതുകൊണ്ടു് അങ്ങുന്നു ഇവരുമായിട്ടുള്ള കൂട്ടുകെട്ടു കൈവിട്ടുകളയണം".

ഭേദപ്രയോഗം നിമിത്തം സാമവായികന്മാർ പരസ്പരം ഭേദിച്ചാൽ അവരിൽ പ്രധാനനെ ഉപഗ്രഹിച്ചു ഹീനന്മാരിൽ വിക്രമിപ്പിക്കുകയോ, അല്ലെങ്കിൽ ഹീനന്മാരെ അനുഗ്രഹം നൽകി വശീകരിച്ചു പ്രധാനന്റെ പേരിൽ വിക്രമിപ്പിക്കുകയോ എങ്ങനെ ചെയ്യാലാണു് നല്ലതെന്നു വച്ചാൽ അങ്ങനെ ചെയ്വൂ. അതല്ലാത്തപക്ഷം സാമ

വായികന്മാരിൽ ചിലൎക്ക് മററുള്ളവരോടു വൈരമുണ്ടാക്കിത്തീൎത്തു അവരെ തമ്മിൽത്തമ്മിൽ തെററിച്ചു.

അഥവാ സാമവായികന്മാരിൽ പ്രധാനന്നു് അധികമായ ധനം കൊടുക്കാമെന്നു പറഞ്ഞു ഉപജാപം ചെയ്തു പ്രധാനനെക്കൊണ്ടു മററുള്ളവരുമായി ഒരു സന്ധി ചെയ്യിച്ചു. സന്ധി ചെയ്തതിന്നുശേഷം ഉഭയവേതനന്മാരായ ഗൂഢപുരുഷന്മാർ പ്രധാനന്നുള്ള ധനലാഭം മററുള്ളവരേക്കാൾ അധികമാണെന്നു കാട്ടിക്കൊടുത്തു സാമവായികന്മാരോടു "നിങ്ങൾ വഞ്ചിക്കപ്പെട്ടു" എന്നു പറഞ്ഞു അവരെ ഭേദിപ്പിച്ചു. അവർ ഭേദിച്ചുകഴിഞ്ഞാൽ താനും സന്ധിയെ ദൂഷണംചെയ്യു. അനന്തരം ഉഭയവേതനന്മാർ അവരോടു വീണ്ടും "ഇതാ കാൎയ്യം ഞങ്ങൾ കാട്ടിത്തന്നതുപോലെ തന്നെ വന്നിരിക്കുന്നു" എന്നു പറഞ്ഞു പിന്നേയും ഭേദിപ്പിച്ചു. ഭേദിച്ചുകഴിഞ്ഞാൽ പിന്നെ സാമവായികന്മാരിൽ ആരെയെങ്കിലും ഉപഗ്രഹിച്ചു യുക്തംപോലെ പ്രവൃത്തിക്കുകയും ചെയ്യു.

സാമവായികന്മാരിൽ പ്രധാനനായിട്ടൊരാളില്ലാത്തപക്ഷം അവരിൽവെച്ചു് ഉത്സാഹയിതാവു്, സ്ഥിരകൎമ്മാവു്, അനുരക്തപ്രകൃതി, ലോഭത്താലോ ഭയത്താലോ സമവായത്തിൽച്ചേൎന്നവൻ, വിജിഗീഷുവിൽനിന്നു ഭയപ്പെട്ടവൻ, രാജ്യപ്രതിസംബന്ധൻ (രാജ്യസംബന്ധി), മിത്രം, ചലശത്രു എന്നിവരിൽ പിൻപു പിൻപു പറയപ്പെട്ടവരുടെ അഭാവത്തിൽ മുൻപു മുൻപു പറയപ്പെട്ടവരെ ഭേദപ്രയോഗം ചെയ്തു സാധിപ്പിച്ചു. ഉത്സാഹയിതാവിനെ ആത്മാൎപ്പണംകൊണ്ടും, സ്ഥിരകൎമ്മാവിനെ സാമപൂൎവ്വമായ പ്രണിപാതംകൊണ്ടും, അനുരക്തപ്രകൃതിയായ കന്യാദാനാദാനങ്ങളെക്കൊണ്ടും, ലുബ്ധനെ ദ്വിഗുണാംശം കൊടുക്കാമെന്ന പ്രതിജ്ഞകൊണ്ടും, ഇവരിൽനിന്നു (സാമവായികന്മാരിൽനിന്നു) ഭയപ്പെട്ടവനെ കോശദണ്ഡദാനം

കൊണ്ടും, തന്നിൽനിന്നു ഭയപ്പെട്ടവനെ വിശ്വാസത്തിന്നു ജാമ്യക്കാരനെ കൊടുക്കുന്നതുകൊണ്ടും, രാജ്യപ്രതിസംബന്ധനെ ദ്രവ്യപ്രാപ്തികൊണ്ടും, മിത്രത്തെ രണ്ടുപേൎക്കും പ്രിയഹിതങ്ങളായ വാക്കുകളെ പറയുക ഉപകാരധനത്തെ വിട്ടുകൊടുക്കുക എന്നിവകൊണ്ടും, ചലശത്രുവിനെ താൻ അപകാരം ചെയ്കയില്ലെന്നും ഉപകാരം ചെയ്യുമെന്നുമുള്ള വിശ്വാസവചനംകൊണ്ടുമാണു സാധിപ്പിക്കേണ്ടതു്. അല്ലെങ്കിൽ, ആർ എന്തു ചെയ്താൽ സാമവായികന്മാരിൽനിന്നു തെറ്റിപ്പിരിയുമോ അവനെ അതു ചെയ്തു സാധിപ്പിപ്പൂ. അഥവാ, ആപൽപ്രതീകാരത്തിൽ പറയുവാൻപോകുന്നപ്രകാരമുള്ള സാമദാനഭേദദണ്ഡങ്ങളെക്കൊണ്ടു സാധിപ്പിപ്പൂ.

തനിക്കു സംഭവിച്ചിട്ടുള്ള വ്യസനത്തിന്നു പ്രതിവിധി ചെയ്വാൻ ബദ്ധപ്പെടുന്ന ഒരു രാജാവു തന്നെ ധനംകൊണ്ടുംസൈന്യംകൊണ്ടും ഇന്ന ദേശത്ത് ഇന്ന കാലത്ത് ഇന്ന കാൎയ്യത്തിൽ സഹായിക്കേണമെന്ന നിശ്ചയത്തോടുകൂടിയ ഒരു സന്ധി സാമവായികന്മാരോടുകൂടിച്ചെയ്‌വൂ. സന്ധി ചെയ്തതിന്നുശേഷം ഹീനശക്തിയായ തന്റെ ശക്തിയെ വൎദ്ധിപ്പിക്കുകയും ചെയ്‌വൂ. പക്ഷഹീനനായിട്ടുള്ളവൻ ബന്ധുമിത്രങ്ങളെ പക്ഷമാക്കിവെച്ചുകൊള്ളുകയൊ, ശത്രുക്കൾക്ക് ആക്രമിക്കാൻ കഴിയാത്തതായ ദുൎഗ്ഗത്തെ നിൎമ്മിക്കുകയൊ ചെയ്‌വൂ. എന്തുകൊണ്ടെന്നാൽ, ദുൎഗ്ഗത്താലും മിത്രങ്ങളാലും സംരക്ഷിതനായിട്ടുള്ളവൻ സ്വപക്ഷക്കാരുടെയും പരപക്ഷക്കാരുടേയും പൂജയ്ക്കു പാത്രമായി ഭവിക്കുമെന്നതുകൊണ്ടു തന്നെ. മന്ത്രശക്തിഹീനനായിട്ടുള്ളവൻ പ്രാജ്ഞന്മാരായ പുരുഷന്മാരെ അതാതധികാരങ്ങളിൽ അധികമായിട്ടു നിയോഗിക്കുകയൊ, വിദ്യാവൃദ്ധന്മാരുമായി സംസൎഗ്ഗം ചെയ്യുകയോ ചെയ്‌വൂ. അങ്ങനെ ചെയ്താൽ കാലതാമസം കൂടാതെ തന്നെ ശ്രേയസ്സിനെ പ്രാപിക്കും. പ്രഭാവ

ഹീനൻ (പ്രഭാവം=കോശദണ്ഡോൽപത്തി ഇല്ലാത്തവൻ) ആയിരിക്കുന്നവൻ പ്രകൃതികൾക്കു യോഗക്ഷേമങ്ങളെ കൈവരുത്തുന്നതിൽ യത്നം ചെയ്യു. ജനപദമാണ് എല്ലാ കർമ്മങ്ങൾക്കും കാരണമായിട്ടുള്ളത്; കർമ്മങ്ങളിൽനിന്നാണു പ്രഭാവം കൈവരുന്നതും. പ്രഭാവത്തിന്നു സ്ഥാനമായിട്ടുള്ളതും തനിക്കു ആപത്തു വരുമ്പോൾ രക്ഷാസ്ഥാനമായിട്ടുള്ളതും ദുർഗ്ഗമാകുന്നു. സേതുബന്ധമാണ് സസ്യങ്ങളുടെ ഉൽപത്തിക്കു കാരണം. എന്തുകൊണ്ടെന്നാൽ, സേതുവാപങ്ങളിൽ (ചിറയിൽനിന്നു വെള്ളം തിരിച്ചു നനയ്ക്കുന്ന വയലുകളിൽ) വർഷഗുണംകൊണ്ടുണ്ടാകാവുന്ന ഗുണം നിത്യാനുവൃത്തമായിട്ടുണ്ടാകുമല്ലോ. വണിക്പഥമാണ് ശത്രുക്കളെ വഞ്ചിക്കുന്നതിനുള്ള കാരണം. എന്തുകൊണ്ടെന്നാൽ, വണിക്പഥമാണല്ലോ സൈന്യങ്ങളേയും ഗൂഢപുരുഷന്മാരേയും കൊണ്ടുപോകുന്നതിന്നും ആയുധങ്ങൾ, ആവരണങ്ങൾ, യാനങ്ങൾ, വാഹനങ്ങൾ എന്നിവയുടെ ക്രയവിക്രയവ്യവഹാരത്തിന്നും പ്രവേശനിഷ്ക്രമങ്ങൾക്കും ഉപകരിക്കുന്നതു്. ഖനിയാണ് യുദ്ധോപകരണങ്ങളുടെ ഉത്ഭവസ്ഥാനം. ദ്രവ്യവനമാണ് ദുർഗ്ഗകർമ്മങ്ങളുടേയും യാനം, രഥം എന്നിവയുടേയും കാരണം. ഹസ്തിവനം ഗജങ്ങളുടേയും, വ്രജം പശുക്കൾ, കുതിരകൾ, കഴുതകൾ, ഒട്ടകങ്ങൾ എന്നിവയുടേയും യോനിയാകുന്നു. ഇപ്പറഞ്ഞ ഉപകരണങ്ങൾ സ്വന്തമായിട്ടില്ലാത്ത രാജാവു് അവയെ ബന്ധുമിത്രങ്ങളുടെ കയ്യിൽനിന്നു സമ്പാദിക്കേണ്ടതാകുന്നു. ഉത്സാഹശക്തിയില്ലാത്തവൻ ശ്രേണികൾ, വീരപുരുഷന്മാർ, ചോരഗണങ്ങൾ, ആടവികന്മാർ, മ്ലേച്ഛജാതിക്കാർ എന്നിവരേയും പരാപകാരികളായ ഗൂഢപുരുഷന്മാരേയും കിട്ടാവുന്നേടത്തോളം ശേഖരിക്കുകയും വേണം. അഥവാ ശത്രുവുമായി സന്ധിചെയ്തു് ആബലീയസത്തിൽ പറയുംവിധമുള്ള പ്രതീകാരത്തെ പരന്മാരിൽ പ്രയോഗിക്കണം.

പക്ഷം, മന്ത്രം, ബലം, ദ്രവ്യ-
മിവർൻ തികവീവിധം
സമ്പാദിച്ച പുറപ്പെട്ടു-
പോവു പരനൊടേൽക്കുവാൻ..

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, ഹീനശക്തിപൂരണമെന്ന പതിന്നാലമദ്ധ്യായം.

---

## പതിനഞ്ചാം അദ്ധ്യായം

### ഒരുനൂററിപ്പത്തൊമ്പതും ഇരുപതും പ്രകരണങ്ങൾ.

### ബലവാനോടു വിഗ്രഹിച്ച് ഉപരോധത്തിനുള്ള ഹേതുക്കൾ, ദണ്ഡോപനതവൃത്തം.

ദുർബ്ബലനായ ഒരു രാജാവ് ബലവാനായ ഒരു രാജാവിനാൽ അഭിയുക്തനാകുമ്പോൾ ആ അഭിയോഗിക്കുന്നവനെക്കാളധികം ബലമുള്ളവനും അവന്റ മന്ത്രശക്തികൊണ്ടു വഞ്ചിപ്പാൻ സാധിക്കാത്തവനുമായ മറെറാരു രാജാവിനെ ആശ്രയിക്കണം. ബലവും മന്ത്രശക്തിയും തുല്യമായിട്ടുള്ള അനേകം പേരുണ്ടെങ്കിൽ അമാത്യാദിസമ്പത്തും വൃദ്ധസംയോഗവുമുള്ളവനെ ആശ്രയിക്കണം.

അഭിയോക്താവിനെക്കാളധികം ബലമുള്ള ഒരുവനെ കാണാത്തപക്ഷം ബലവാനായ അഭിയോക്താവിന്റെ സമബലന്മാരോ തത്തുല്യമായ സൈന്യസംഖ്യയോടു കൂടിയവരോ ആയ അനേകം പേരോടു യോജിച്ച്, അവരെ മന്ത്രപ്രഭാവശക്തികളെക്കൊണ്ടു ശത്രു വഞ്ചിക്കാതിരിക്കുന്ന കാലത്തോളം സ്ഥിതിചെയ്യണം. മന്ത്രപ്രഭാവശക്തികൾ തുല്യമായിട്ടുള്ള അനേകം പേരുണ്ടെങ്കിൽ അവരിൽവച്ച വിപുലാരംഭനായിട്ടുള്ളവനെ ആശ്രയിക്കണം.

സമബലന്മാരായ രാജാക്കന്മാരുടെ അഭാവത്തിൽ ഹീനബലന്മാരും ശുചികളും ഉത്സാഹികളും ബലവാനായ അഭിയോക്താവിന്റെ പ്രത്യനീകന്മാരുമായ രാജാക്കന്മാരോടു യോജിച്ച് അവരെ അഭിയോക്താവ് മന്ത്രപ്രഭാവോത്സാഹശക്തികളെക്കൊണ്ടു വഞ്ചിക്കാതിരിക്കുന്നേടത്തോളംകാലം സ്ഥിതിചെയ്യണം. തുല്യമായ ഉത്സാഹശക്തിയോടുകൂടിയ അനേകം പേരുള്ളപ്പോൾ അവരിൽ ആരെ ആശ്രയിച്ചാലാണോ തനിക്കു യുദ്ധയോഗ്യമായിട്ടുള്ള ഭൂമി കിട്ടുക അവനെ ആശ്രയിക്കുന്നതാണ് വിശേഷം. തുല്യയുദ്ധഭൂമിയോടുകൂടിയ അനേകം പേരുണ്ടെങ്കിൽ ആരെ ആശ്രയിച്ചാൽ തനിക്കു യുദ്ധയോഗ്യമായ കാലം ലഭിക്കുമോ അവനെ ആശ്രയിക്കുന്നതാണ് വിശേഷം. തുല്യദേശകാലന്മാരായ അനേകം പേരുണ്ടെങ്കിൽ ആക്കാണോ കുതിരകളും ആയുധങ്ങളും ആവരണങ്ങളും അധികമുള്ളത് അവനെ ആശ്രയിക്കുന്നതാണ് വിശേഷം.

സഹായമായിട്ട് ആരേയും ആശ്രയിപ്പാൻ ലഭിക്കാത്തപക്ഷം, യാതൊരു ദുർഗ്ഗത്തിലിരുന്നാൽ ശത്രു എത്രയധികം സൈന്യങ്ങളോടുകൂടി വന്നാലും ചോറും പുല്ലും വിറകും വെള്ളവും തടുപ്പാൻ ശക്തനാകാതെ ധനനാശവും സൈന്യനാശവും വന്ന് പരവശനാകുമോ അങ്ങനെയുള്ള ദുർഗ്ഗത്തെ ആശ്രയിക്കണം. അപ്രകാരമുള്ള ദുർഗ്ഗങ്ങൾ അനേകമുള്ള പക്ഷം നിചയവും (ഉപയുക്തദ്രവ്യങ്ങളുടെ സംഭരണം) അപസാരവും (അപസരണമാർഗ്ഗം) ഉള്ളതായ ദുർഗ്ഗത്തെ ആശ്രയിക്കുന്നതാണ് വിശേഷം. നിചയാപസാരങ്ങളോടുകൂടിയ മനുഷ്യദുർഗ്ഗത്തെ വേണം ആശ്രയിക്കുവാനെന്നാണ് കൌടില്യമതം.

താഴെ പറയുന്ന കാരണങ്ങളുള്ളപ്പോൾ ദുർഗ്ഗത്തെ ആശ്രയിച്ചു സ്ഥിതിചെയ്യാവുന്നതാണ്:— "പാർഷ്ണിഗ്രാഹനേയോ ആസാരനേയോ മധ്യമനേയോ ഉദാസീനനേ

യോ ഞാൻ ശത്രുവിനോടു യുദ്ധത്തിന്നിറങ്ങുന്നുണ്ട്; സാമന്തൻ, ആടവികൻ, തൽകുലീനൻ(അവന്റെ വംശ്യൻ), അവരുദ്ധൻ എന്നിവരിലൊരുവനെക്കൊണ്ടു ശത്രുവിന്റെ രാജ്യത്തെ അപഹരിപ്പിക്കയോ അവനെ വധിപ്പിക്കയോ ചെയ്യുന്നുണ്ട്; ശത്രുവിന്റെ കൃത്യപക്ഷത്തെ ഉപഗ്രഹിച്ച് അവന്റെ ദുർഗ്ഗത്തിലോ രാഷ്ട്രത്തിലോ സ്കന്ധാവാരത്തിലോ ഞാൻ പ്രകൃതികോപമുളവാക്കുന്നുണ്ട്; ശത്രു ആസന്നനായി വരുമ്പോൾ ശസ്ത്രാഗ്നിരസങ്ങളെ പ്രയോഗിച്ചോ ഔപനിഷദികങ്ങളായ പ്രയോഗങ്ങൾ ചെയ്തോ അവനെ ഞാൻ ഹനിക്കുന്നുണ്ട്; സ്വയമായോ അന്യൻ മുഖേനയോ യോഗപ്രയോഗം ചെയ്തു ശത്രുവിന്നു ഞാൻ ക്ഷയവ്യയങ്ങളെ വരുത്തുന്നുണ്ട്; ക്ഷയംകൊണ്ടും വ്യയംകൊണ്ടും പ്രവാസംകൊണ്ടും പരവശമായ അവന്റെ മിത്രവർഗ്ഗത്തിലോ സൈന്യത്തിലോ ഞാൻ ഉപജാപത്തെ പ്രയോഗിക്കുന്നുണ്ട്; ശത്രുവിന്റെ ആവശ്യത്തിന്നു സ്വദേശത്തുനിന്നു കൊണ്ടുവരുന്ന ആഹാരപദാർത്ഥങ്ങളേയും സുഹൃൽസൈന്യങ്ങളേയും പുല്ല് വിറക് മുതലായവയേയും തടങ്ങൽചെയ്ത് അവന്റെ സ്കന്ധാവാരത്തിൽ ഞാൻ പീഡയെ ജനിപ്പിക്കുന്നുണ്ട്; ഞാൻ ശത്രുവിന്നു കീഴടങ്ങി വല്ല രന്ധ്രവും ഉണ്ടാക്കിത്തീർത്തു പിന്നെ സർവ്വസൈന്യങ്ങളോടും കൂടിച്ചെന്ന് അവനെ ആക്രമിക്കുന്നുണ്ട്; ശത്രുവിന്റെ ഉത്സാഹത്തെ പ്രതിഹനിച്ച് അവനുമായി യഥേഷ്ടം ഞാൻ സന്ധിചെയ്യുന്നുണ്ട്; എന്റെ നേരെ ശത്രു അഭിയോഗം ചെയ്യുമ്പോൾ എല്ലാ സ്ഥലങ്ങളിൽനിന്നും അവന്റെ നേരെ സാമന്തന്മാർ കോപിച്ചു പുറപ്പെടും; മിത്രസൈന്യങ്ങളില്ലാതായിത്തീർന്ന ശത്രുവിന്റെ മൂലസ്ഥാനത്തെ ഞാൻ എന്റെ മിത്രസൈന്യങ്ങളെക്കൊണ്ടും ആടവികസൈന്യങ്ങളെക്കൊണ്ടും ഉച്ഛേദിക്കുന്നുണ്ട്; ഇവിടെ ഇരുന്നുംകൊണ്ടു തന്നെ ഞാൻ മഹത്തായ ദേശത്തി

ന്റെ യോഗക്ഷേമങ്ങളെ പരിപാലിക്കുന്നുണ്ട്; സ്വന്തകാൎയ്യത്തിന്നായും മിത്രകാൎയ്യത്തിന്നായും പല സ്ഥലങ്ങളിലേക്കും അയച്ചിട്ടുള്ള സൈന്യങ്ങളെ ഞാൻ ഇവിടെയിരുന്നുംകൊണ്ടുതന്നെ ഒരുമിച്ചുകൂട്ടിയാൽ ആ സൈന്യങ്ങൾ ശത്രുവിന്ന് അസഹ്യമായിത്തീരും; നിമ്നയുദ്ധത്തിലും ഖാതയുദ്ധത്തിലും രാത്രിയുദ്ധത്തിലും വൈദഗ്ദ്ധ്യമുള്ള എന്റെ സൈന്യം അടുത്തു ശത്രു യുദ്ധകൎമ്മത്തിന്നു പുറപ്പെട്ടപ്പോൾ വഴിയിൽ വച്ച് അവനെ പീഡിപ്പിക്കും; അനുകൂലമല്ലാത്ത ദേശത്തിലും കാലത്തിലും ശത്രു ഇവിടെ വന്നാൽ അവന്നു വലുതായ സൈന്യനാശവും ധനനാശവും സംഭവിക്കും; ഇവിടെ അനേകം ദുൎഗ്ഗങ്ങളും അടവികളും അപസരണസ്ഥാനങ്ങളുമുള്ളതുകൊണ്ടു ശത്രുവിന്നു വലിയ ധനനാശവും സൈന്യനാശവും സഹിച്ചാലല്ലാതെ ഇവിടെ വരുവാൻ സാധിക്കുന്നതല്ല; പരിചയമില്ലാത്തവർ വന്നാൽ പലതരം വ്യാധികൾ പിടിപെടുന്നതും സൈന്യങ്ങളെ വ്യായാമം ചെയ്യിപ്പാൻ തക്കതായ സ്ഥലങ്ങളില്ലാത്തതുമായ ഈ പ്രദേശത്ത് ആപൽക്കാലത്തിങ്കൽ മാത്രമേ ശത്രു വന്നെത്തുകയുള്ളു; വന്നെത്തിയാൽപ്പിന്നെ ഇവിടെനിന്നു തിരികെ പോകുന്നതുമല്ല" എന്നിങ്ങനെ വിചാരിക്കുവാനിടയുള്ളപ്പോളാണ് ദുൎഗ്ഗത്തെ ആശ്രയിക്കേണ്ടതു്.

"മേൽപ്പറഞ്ഞ കാരണങ്ങളില്ലാതിരിക്കുകയോ ശത്രുവിന്നു സൈന്യപ്രാബല്യമുണ്ടായിരിക്കയോ ചെയ്യുമ്പോൾ വിജിഗീഷു ദുൎഗ്ഗത്തെ ഉപേക്ഷിച്ചു പോകേണ്ടതാണ്. അതല്ലെങ്കിൽ അഗ്നിയിൽ പാററയെന്നപോലെ ശത്രുവിൽ പ്രവേശിക്കണം. എന്തുകൊണ്ടെന്നാൽ, ജീവനെ വിലവെക്കാതെ യുദ്ധംചെയ്താൽ ശത്രുജയമോ ആത്മനാശമോ രണ്ടിലൊന്നു സംഭവിക്കുമെന്നു നിശ്ചയമാണ്" എന്നു ആചാൎയ്യന്മാർ പറയുന്നു. എന്നാൽ അങ്ങനെയല്ലെന്നാണു കൌടില്യമതം. താനും ശത്രുവും തമ്മിൽ സന്ധിചെയ്യുന്ന

തിനു തക്കതായ വഴിയുണ്ടാക്കി സന്ധി ചെയ്യുകയാണ് ഇങ്ങനെയുള്ള സന്ദർഭത്തിൽ ചെയ്യേണ്ടതു്. സന്ധി ചെയ്യാൻ യാതൊരു മാർഗ്ഗവുമില്ലെന്നു വന്നാൽ വിക്രമം പ്രയോഗിച്ചു സിദ്ധി കൈവരുത്തുവാനോ, അപസരണം ചെയ്യാനോ ശ്രമിക്കണം.

ശത്രു സന്ധേയനാണെന്നു തോന്നുന്നപക്ഷം അവന്റെ അടുക്കൽ ദൂതനെ അയയ്ക്കുകയോ, ശത്രു ഇങ്ങോട്ടു ദൂതനെ അയച്ചാൽ ആ ദൂതനെ അർത്ഥമാനങ്ങൾ നൽകി സൽകരിച്ചു ഇങ്ങനെ പറകയോ ചെയ്യണം:—“ഇതാ ഈ സമ്മാനം * രാജാവിന്നുള്ളതാണ്; ഇതു് രാജ്ഞിയുടേയും രാജകുമാരന്മാരുടേയും വചനപ്രകാരം രാജ്ഞിക്കും രാജകുമാരന്മാർക്കും ഉള്ളതാണ്; എന്റെ ഈ രാജ്യവും ഞാനും എല്ലാം അങ്ങേയ്ക്കായി അർപ്പിക്കപ്പെട്ടിരിക്കുന്നു.”

മേൽപ്രകാരം ചെയ്തു് ശത്രുവിങ്കൽനിന്നു രക്ഷ സമ്പാദിച്ചാൽ പിന്നെ അവനോടു ഭൃത്യൻ സ്വാമിയോടെന്നപോലെ പെരുമാറേണ്ടതാണ്. കോട്ട മുതലായവ പണിയിക്കുക, ആവാഹവിവാഹങ്ങൾ (കന്യകാദാനാദാനങ്ങൾ) ചെയ്ക, പുത്രനെ യുവരാജാവായിട്ടഭിഷേകം ചെയ്ക, കുതിരകളെ വാങ്ങുക, ആനകളെപ്പിടിക്കുക, സത്രയാത്ര ചെയ്ക, വിഹാരഗമനം ചെയ്ക എന്നിവ സ്വാമിയുടെ അനുവാദം വാങ്ങിയിട്ടേ ചെയ്യാവൂ. തന്റെ രാജ്യത്തുള്ള പ്രകൃതികളോടു സന്ധിചെയ്യുക, തന്നെ വിട്ടുപോ

* “പണ്യാഗാരം എന്നാണ്” ഇതിന്നു മൂലം. പണ്യാഗാരത്തിലുള്ള വിശിഷ്ടരത്നമെന്ന് അർത്ഥമാകാം. പണ്യാഗാരംവിശിഷ്ടരത്നത്തിന്റെ കാരണമാകയാൽ കാര്യകാരണങ്ങൾക്ക തമ്മിൽ അഭേദം കല്പിച്ച് വ്യവഹരിക്കുകയല്ലോ.

യിട്ട പിന്നേയും വന്നു ചേൎന്നവരെ ദണ്ഡിക്കുക എന്നു തുടങ്ങിയതെല്ലാം അനുവാദമുണ്ടെങ്കിലേ ചെയ്യാവൂ. തന്റെ രാജ്യത്തുള്ള പൌരജാനപദന്മാർ ദുഷ്ടന്മാരാണെങ്കിൽ ന്യായവൃത്തിയായ മറ്റൊരു ഭൂമി തരുവാൻ സ്വാമിയോടു യാചിക്കണം. അഥവാ സ്വദേശവാസികളായ ദുഷ്ടജനങ്ങളോടു ദൂഷ്യരോടെന്നപോലെ പ്രതീകാരം ചെയ്യണം. തന്റെ മിത്രം തനിക്കു ഉചിതമായ ഒരു ഭൂമിയെ ദാനം ചെയ്യുന്നതായാൽ അതു സ്വീകരിക്കരുതു്. തന്റെ മന്ത്രി, പുരോഹിതൻ, സേനാപതി, യുവരാജാവു് എന്നിവരിലാരെയെങ്കിലും സ്വാമി കാണ്കെ സന്ദൎശിക്കുവാൻ പാടില്ല. സ്വാമിക്കു തന്റെ ശക്തിപോലെ ഉപകാരം നൽകണം. ദേവതാപൂജ, സ്വസ്തിവാചനം എന്നിവയിൽ സ്വാമിക്കു ശുഭം പ്രാൎത്ഥിച്ചുകൊണ്ടുള്ള ആശീസ്സുകളെ പറയണം. എല്ലാവരോടും താൻ സ്വാമിക്കു ആത്മാൎപ്പണം ചെയ്തുവെന്നു പറയുകയും, സ്വാമിയുടെ ഗുണങ്ങളെ കീൎത്തിക്കുകയും വേണം.

ബലവത്തരം സ്വാമിസംബ-
ന്ധികളെസ്സേവചെയ്യണമേ
തദ്വിഷ്ടരായ് വിരോധിച്ചും
വൎത്തിച്ചു ദണ്ഡസംശ്രിതൻ.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, ബലവാനോടു വിഗ്രഹിച്ചു് ഉപരോധത്തിനുള്ള ഹേതുക്കൾ — ദണ്ഡോപനതവൃത്തം എന്ന പതിനഞ്ചാമധ്യായം.**

---

# പതിനാറാം അദ്ധ്യായം.

## ഒരുനൂററിരുപത്തൊന്നാം പ്രകരണം.

### ദണ്ഡോപനായിവൃത്തം *

സന്ധിപ്രകാരം ഹിരണ്യം കൊടുക്കാമെന്നു സമ്മതിച്ചിട്ടു പിന്നെ അതു കൊടുക്കാതെ തനിക്കു വെറുപ്പുണ്ടാക്കിത്തീൎത്ത ഒരു ശത്രുവിനെ ജയിക്കുവാനിച്ഛിക്കുന്ന ബലവാനായ വിജിഗീഷു, ആ ശത്രുവിനോടു യുദ്ധത്തിന്നു ഏതു വഴിക്കു പോയാൽ തന്റെ സൈന്യങ്ങൾക്കു സ്വന്തം ഭൂമിയിൽക്കൂടെ യാത്രചെയ്യാനും ഋതുസുഖമായവിധം വൎത്തിക്കുവാനും സാധിക്കുകയും, ശത്രുവിന്നു ദുൎഗ്ഗവും അപസരണസ്ഥാനവും സുഹൃൽബലവുമില്ലാതെ വരികയും, തനിക്കു പാൎഷ്ണിഗ്രാഹന്റെ ബാധയില്ലാതെ വരികയും ചെയ്യുമോ ആ വഴിക്കു യാനംചെയ്യണം. ഇതിന്നു വിപരീതമായിരിക്കുമ്പോൾ തക്കതായ പ്രതികാരങ്ങൾ ചെയ്തിട്ടുവേണം യാനംചെയ്വാൻ.

ദുൎബ്ബലന്മാരായ ശത്രുക്കളെ സാമദാനങ്ങളെക്കൊണ്ടും, ബലവാന്മാരായവരെ ഭേദദണ്ഡങ്ങളെക്കൊണ്ടും കീഴൊതുക്കണം. തന്റെ അനന്തരരും (അനന്തരദേശത്തുള്ളവർ; ശത്രുക്കൾ) ഏകാന്തരരും (തദനന്തരദേശത്തുള്ളവർ; മിത്രങ്ങൾ) ആയിട്ടുള്ള പ്രകൃതികളെ ഉപായങ്ങളുടെ നിയോഗം (ഒന്നിന്റെ മാത്രം പ്രയോഗം), വികല്പം (ഏതെങ്കിലും രണ്ടിന്റെ പ്രയോഗം), സമുച്ചയം (എല്ലാററിന്റെയും പ്രയോഗം) എന്നിവകൊണ്ടു തന്റെ വശത്തു വരുത്തണം.

സാമദാനഭേദദണ്ഡങ്ങളിൽവച്ചു സാമത്തെ പ്രയോഗിക്കേണ്ടതു് ഗ്രാമങ്ങളേയും ആരണ്യജീവികളേയും പ്ര

---

* ദണ്ഡോപനായി=ശത്രുവിനെ യുദ്ധത്തിൽ പിടിച്ചുകൊണ്ടു വരുന്നവൻ; അങ്ങനെയുള്ളവന്റെ കൎത്തവ്യം ദണ്ഡോപനായിവൃത്തം.

ജത്തേയും വണിക്പഥത്തേയും പാലിക്കാമെന്നും തന്നാൽ ഉപേക്ഷിക്കപ്പെട്ടവരും തന്നെ ഉപേക്ഷിച്ചുപോയവരും തനിക്കപകാരം ചെയ്യുവരുമായിട്ടുള്ളവരെ തിരഞ്ഞുപിടിച്ചു കൊടുക്കാമെന്നും പ്രതിജ്ഞ ചെയ്തിട്ടാണ് വേണ്ടതു്. ഭൂമിദാനം, ദ്രവ്യദാനം, കന്യാദാനം, അഭയദാനം എന്നിവയെച്ചെയ്തിട്ടാണ് ദാനം പ്രയോഗിക്കേണ്ടതു്. സാമന്തൻ, ആടവികൻ, തൽകുലീനൻ, അവരുദ്ധൻ എന്നിവരിലാരെയെങ്കിലും വശീകരിച്ച് അവരെക്കൊണ്ടു കോശത്തേയോ സൈന്യത്തേയോ ഭൂമിയേയോ ദായത്തേയോ യാചിപ്പിക്കുകയാണ് ഭേദപ്രയോഗം. പ്രകാശയുദ്ധം, കൂടയുദ്ധം, തൂഷ്ണീംയുദ്ധം എന്നിവകൊണ്ടും മുകളിൽ പറയുവാൻ പോകുന്ന ദുർഗ്ഗലംഭോപായങ്ങൾ (കോട്ടപിടിക്കുവാനുള്ള ഉപായങ്ങൾ)കൊണ്ടും ശത്രുവിനെ പ്രഹരിക്കുകയാണ് ദണ്ഡപ്രയോഗം.

മേൽപ്രകാരം സാമാദികളെക്കൊണ്ടു കീഴിലാക്കപ്പെട്ടവരിൽ ഉത്സാഹവാന്മാരായവരെ ദണ്ഡോപകാരികൾ (സൈന്യംകൊണ്ട് ഉപകരിക്കുന്നവർ) ആയിട്ടു നിൎത്തണം. സ്വപ്രഭാവം (കോശസമ്പത്തു്) ഉള്ളവരെ കോശംകൊണ്ടുപകരിക്കുന്നവരായിട്ടും, പ്രജ്ഞ (മന്ത്രശക്തി)യുള്ളവരെ ഭൂമികൊണ്ടുപകരിക്കുന്നവരായിട്ടും നിൎത്തണം.

മേൽപ്രകാരം ഉപകാരികളായിത്തീൎന്നവരിൽവച്ച് യാതൊരുവൻ പണ്യപത്തനത്തിൽനിന്നും ഗ്രാമത്തിൽനിന്നും ഖനിയിൽനിന്നുമുണ്ടാകുന്ന രത്നങ്ങൾകൊണ്ടും സാരകുപ്യപദാൎത്ഥങ്ങൾകൊണ്ടും, ദ്രവ്യവനത്തിൽനിന്നും ഹസ്തിവനത്തിൽനിന്നും വ്രജത്തിൽനിന്നുമുണ്ടാകുന്ന യാനവാഹനങ്ങളെക്കൊണ്ടും വളരെ ഉപകാരംചെയ്യുന്നുവോ അവൻ ചിത്രഭോഗമായ (പലവിധത്തിൽ ഉപയോഗമുള്ള) മിത്രമാകുന്നു. യാതൊരുവൻ സൈന്യത്തെക്കൊണ്ടും കോശത്തെക്കൊണ്ടും മഹത്തായ ഉപകാരം ചെയ്യുന്നുവോ അ

വൻ മഹാഭോഗമായ മിത്രമാകുന്നു. യാതൊരുവൻ സൈന്യത്തേയും കോശത്തേയും ഭൂമിയേയും നൽകി ഉപകരിക്കുന്നുവോ അവൻ സർവ്വഭോഗമായ മിത്രമത്രേ. യാതൊരുവൻ ശത്രുവിനെ മാത്രം പ്രതികരിക്കുന്നുവോ അവൻ ഏകതോഭോഗി (ഒരിടത്തുമാത്രം ഉപകാരം ചെയ്യുന്നത്)യായ മിത്രമാകുന്നു. യാതൊരുവൻ ശത്രുവിനേയും ആസാരനേയും(ശത്രുമിത്രം)പ്രതികരിക്കുന്നുവോ അവൻ ഉഭയതോഭോഗിയായ മിത്രമത്രേ. യാതൊരുവൻ ശത്രുവിനേയും അവന്റെ മിത്രത്തേയും പ്രതിവേശനേയും (പാർശ്വത്തിലുള്ള ശത്രു) ആടവികനേയും എല്ലാ സ്ഥലങ്ങളിൽവച്ചും പ്രതികരിക്കുന്നുവോ അവൻ സർവ്വതോഭോഗിയായ മിത്രമാകുന്നു.

പാർഷ്ണിഗ്രാഹൻ, ആടവികൻ, ശത്രുമുഖ്യൻ (ശത്രുവിന്റെ അമാത്യാദി), ശത്രു എന്നിവരിലാരെയെങ്കിലും ഭൂമിദാനംകൊണ്ടു വശീകരിക്കേണ്ടതായി വന്നാൽ ഗുണം കുറഞ്ഞ ഭൂമി കൊടുത്ത് അവനെ ഉപഗ്രഹിക്കണം. ദുർഗ്ഗസ്ഥനായ ശത്രുവിനെ അവന്റെ ദേശത്തോടു സംബന്ധിക്കാത്ത ഭൂമി കൊടുത്തും, ആടവികനെ ഉപയോഗയോഗ്യമായ വസ്തുക്കളുണ്ടാകാത്ത ഭൂമി കൊടുത്തും തൽകുലീനനെ കാലാന്തരത്തിൽ മടക്കിയെടുക്കാവുന്ന ഭൂമി കൊടുത്തും, ശത്രുവിനാൽ ഉപരുദ്ധനായിരിക്കുന്നവനെ ശത്രുവിന്റെ കയ്യിൽനിന്നു ബലാൽക്കാരേണ പിടിച്ചെടുത്ത ഭൂമി കൊടുത്തും, ശ്രേണീസൈന്യത്തെ നിത്യശത്രുവിനോടുകൂടിയ ഭൂമി കൊടുത്തും, സംഹതബലത്തെ(സംഘമായിച്ചേർന്ന സൈന്യത്തെ) ബലവാനായ സാമന്തനോടുകൂടിയ ഭൂമി കൊടുത്തും, യുദ്ധത്തിൽ പ്രതിലോമാചരണം ചെയ്യുവനെ നിത്യശത്രുവിനോടും ബലവാനായ സാമന്തനോടും കൂടിയ ഭൂമി കൊടുത്തും, യുദ്ധോത്സാഹമുള്ളവനെ സൈന്യവ്യായാമത്തിനു സൌകര്യമില്ലാത്ത ഭൂ

മി കൊടുത്തു, ശത്രുപക്ഷീയനെ ഫലശൂന്യമായ ഭൂമി കൊടുത്തും, അപവാഹിതൻ (നാട്ടിൽനിന്നു നീക്കപ്പെട്ടവൻ) ആയവനെ കർഷണം ചെയ്യപ്പെട്ട ഭൂമി കൊടുത്തും, ഗതപ്രത്യാഗതനെ വലിയ സൈന്യനാശവും ധനവ്യയവും ചെയ്തു നിവേശിപ്പിക്കേണ്ടതായ ഭൂമി കൊടുത്തും, പ്രത്യപസൃതൻ (നാടു വിട്ടോടിപ്പോയവൻ) ആയവനെ ദുർഗ്ഗാദിരക്ഷയില്ലാത്ത ഭൂമി കൊടുത്തും, ഒരു ഭൂമിയുടെ ഉടമസ്ഥനായിരുന്നവനെ പരാധിവാസത്തിന്നു പററാത്ത ഭൂമി കൊടുത്തും ഉപഗ്രഹിക്കേണ്ടതാണ്.

ഇങ്ങനെ ഉപഗ്രഹിക്കപ്പെട്ടവരിൽ വച്ചു വലിയ ഉപകാരം ചെയ്യുവനേയും നിർവ്വികാരനായിട്ടുള്ളവനേയും അതേവിധത്തിൽത്തന്നെ അനുവർത്തിക്കണം; പ്രതികൂലമായി പ്രവൃത്തിച്ചവനെ ഉപാംശുദണ്ഡംകൊണ്ടു സാധിപ്പിക്കണം; ഉപകാരം ചെയ്തുംകൊണ്ടിരിക്കുന്നവനെ ശക്തിയനുസരിച്ചുപകാരം ചെയ്തു സന്തോഷിപ്പിക്കണം. എല്ലാവരേയും അവരുടെ പ്രയത്നത്തിന്നു തക്ക അർത്ഥമാനങ്ങളെ കൊടുത്തും വ്യസനകാലങ്ങളിൽ അനുഗ്രഹം നൽകിയും മാനിക്കണം. സ്വയമായി തന്നെക്കാണ്മാൻ വന്നവർക്കു യഥേഷ്ടം കാണ്മാൻ സൌകര്യം വരുത്തുകയും അവർ ആവശ്യപ്പെടുന്ന പ്രതിവിധാനം ചെയ്തുകൊടുക്കുകയും വേണം. പരിഭവം (അനാദരം), ഉപഘാതം (ദോഷവചനം), നിന്ദ, അതിവാദം (അതിസ്തുതി) എന്നിവ ദണ്ഡോപനതന്മാരോടു ചെയ്യരുത്. അവർക്കു ഭയസ്ഥാനങ്ങളിൽ അഭയം നൽകുകയും പിതാവിനെപ്പോലെ സംരക്ഷിക്കുകയും ചെയ്യണം. ദണ്ഡോപനതനായിട്ടുള്ള ആരെങ്കിലും തനിക്ക് അപകാരം ചെയ്താൽ അവൻെറ ദോഷം നാട്ടിൽ ഘോഷിച്ച് അവനെ പ്രകാശമായിട്ടു ഹനിപ്പിക്കണം. അതുകൊണ്ടു മററുള്ള ദണ്ഡോപനതന്മാർക്ക് ഉദ്വേഗം ജനിക്കുമെന്നു ശങ്കയുള്ളപ്പോൾ ദാണ്ഡകർമ്മികത്തിൽ

പറഞ്ഞ വിധിയനുസരിച്ച് ദണ്ഡിക്കണം. അങ്ങനെ ദണ്ഡിക്കപ്പെട്ടവന്റെ ഭൂമിയേയോ ദ്രവ്യങ്ങളേയോ പുത്രനേയോ ഭാര്യയേയോ അപഹരിക്കരുത്. അവന്റെ കുലത്തിലുള്ളവരെത്തന്നെ സ്വസ്വസ്ഥാനങ്ങളിൽ ഇരുത്തണം. തനിക്കുവേണ്ടി ചെയ്ത യുദ്ധകർമ്മങ്ങളിൽവച്ച് മരിച്ചുപോയവന്റെ പുത്രനെ രാജ്യത്തിൽ സ്ഥാപിക്കുകയും വേണം. ഇങ്ങനെ അനുഷ്ഠിച്ചാൽ ദണ്ഡോപനതന്മാർ ദണ്ഡോപനായിയായ രാജാവിനെ മാത്രമല്ല, അദ്ദേഹത്തിന്റെ പുത്രപൌത്രന്മാരേയും അനുസരിച്ച് നടക്കും.

ആർ ദണ്ഡോപനതന്മാരെ കൊല്ലുകയൊ ബന്ധിക്കുകയോ അവരുടെ ഭൂമിയേയും ദ്രവ്യത്തേയും ഭാര്യാപുത്രന്മാരേയും അപഹരിക്കുകയോ ചെയ്യുന്നുവൊ അവന്റെ നേരെ രാജമണ്ഡലം കുലശലായി വെറുക്കുകയും അവനെ നശിപ്പിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യും. എന്നുതന്നെയല്ല, അവന്റെ അമാത്യന്മാർ സ്വഭൂമികളിൽ വ്യാപൃതന്മാരായിരുന്നാളുപോയി സ്വാമിയെ ഭയപ്പെട്ട് രാജമണ്ഡലത്തെ ആശ്രയിക്കും. അതല്ലെങ്കിൽ അവർതന്നെ രാജ്യം അപഹരിക്കുകയോ സ്വാമിയുടെ ജീവനെ അപായപ്പെടുത്തുകയൊ ചെയ്യും.

സാമംകൊണ്ടനുപാലിക്കിൽ
സ്വഭൂമികളിൽ വാണവർ
സേവിക്കുമരചൻതന്നെ-
പ്പുത്രപൌത്രരെയും തഥാ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, ദണ്ഡോപനായിവൃത്തം എന്ന പതിനാറാമദ്ധ്യായം.**

# പതിനേഴാം അധ്യായം.

## ഒരുനൂററിരുപത്തിരണ്ടും ഇരുപത്തിമൂന്നും പ്രകരണങ്ങൾ.

### സന്ധികർമ്മം, സന്ധിമോക്ഷം.

ശമം, സന്ധി, സമാധി എന്നീ പദങ്ങൾക്ക ഒരേ അർത്ഥമാണ്. രാജാക്കന്മാർ തമ്മിൽത്തമ്മിൽ ചെയ്യുന്ന വിശ്വാസനിശ്ചയമാണ് ശമവും സന്ധിയും സമാധിയും.

"സത്യം ചെയ്യുക, ശപഥം ചെയ്യുക എന്നിവ ചലസന്ധി (അസ്ഥിരസന്ധി) യും പ്രതിഭൂ (ജാമ്യക്കാരനെ കൊടുക്കുക), പ്രതിഗ്രഹം (ഈട്ടുകാരനെക്കൊടുക്കുക) എന്നിവ സ്ഥാവരസന്ധിയുമാണ്" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അങ്ങനെയല്ലെന്നാണ് കൌടില്യമതം. സത്യമോ ശപഥമോ ചെയ്യുന്നതു പരലോകത്തിലും ഇഹലോകത്തിലും സ്ഥാവരമായിട്ടുള്ള സന്ധിയാകുന്നു. പ്രതിഭൂവിനേയോ പ്രതിഗ്രഹത്തേയോ കൊടുക്കുന്നതാകട്ടെ ഇഹലോകത്തേക്കുമാത്രം വേണ്ടിയുള്ളതാകുന്നു; അതു ബലത്തിന്റെ അപേക്ഷയുള്ളതുമാണ്".

സത്യസന്ധന്മാരായ പണ്ടത്തെ രാജാക്കന്മാർ "നമ്മളിരുവരും തമ്മിൽ സന്ധിചെയ്യുന്നു" എന്ന സത്യവചനംകൊണ്ടാണ് സന്ധി ചെയ്തിരുന്നത്. അതിനെ അതിക്രമിച്ചു നടക്കുമ്പോൾ അഗ്നി, ജലം, സീത (ഉഴവുചാല്), പ്രാകാരലോഷ്ടം (മതിലിന്മേലെ മൺകട്ട), ഹസ്തിസ്കന്ധം, അശ്വപൃഷ്ഠം, രഥോപസ്ഥം (തേർത്തടം), ശസ്ത്രം, രത്നം, ബീജം (വിത്ത്), ഗന്ധദ്രവ്യം, രസം, സ്വർണ്ണം, ഹിരണ്യം (സ്വർണ്ണനാണ്യം) എന്നിവയെത്തൊട്ടു ശപഥം ചെയ്തിരുന്നു. അവയെത്തൊട്ടു ശപഥം ചെയ്താൽ ശപഥം തെററി നടക്കുന്നവനെ അവ ഹനിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുമെന്നായിരുന്നു അവരുടെ വിശ്വാസം.

ശപഥത്തെ അതിക്രമിക്കാതിരിക്കുന്നതിന്നു മഹാന്മാ

രായ തപസ്വികളേയോ മുഖ്യന്മാരായ അമാത്യാദികളേയോ പ്രാതിഭാവ്യബന്ധം (ജാമ്യം കെട്ടുക) ചെയ്യുന്നതിനെയാണ് പ്രതിഭൂ എന്നു പറയുന്നത്. ഇതു ചെയ്യുമ്പോൾ ആരാണോ പരനെ നിഗ്രഹിക്കുന്നതിനു സമർത്ഥന്മാരായ ജാമ്യക്കാരെ ലഭിക്കുന്നത് അവൻ ഇതരനെ അതിസന്ധാനം ചെയ്യുന്നു; ഇതിന്നു വിപരീതമായിട്ടുള്ളവൻ അതിസന്ധിക്കപ്പെടുകയും ചെയ്യുന്നു.

ശപഥത്തിന്റെ വിശ്വാസത്തിനുവേണ്ടി ബന്ധുക്കളേയോ മിത്രങ്ങളേയോ ഈടുവയ്ക്കുന്നതാണ് പ്രതിഗ്രഹം. അതു ചെയ്യുമ്പോൾ ആരാണോ തനിക്കു ദൂഷ്യനായിട്ടുള്ള അമാത്യനേയോ ദൂഷ്യനായിട്ടുള്ള പുത്രനേയോ ഈടായി കൊടുക്കുന്നത് അവൻ മററവനെ അതിസന്ധാനം ചെയ്യുന്നു. ഇതിന്നു വിപരീതമായവൻ അതിസന്ധിക്കപ്പെടുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, പ്രതിഗ്രഹം വാങ്ങിയിട്ടുണ്ടല്ലോ എന്നു വിചാരിച്ചു വിശ്വസിച്ചുകൊണ്ടിരിക്കുന്ന വിജിഗീഷുവിന്റെ ഛിദ്രങ്ങളിൽ പ്രതിഗ്രഹനിരപേക്ഷനായ ശത്രു പ്രഹരിക്കുമെന്നതുകൊണ്ടുതന്നെ.

മക്കളെ ഈടുനൽകിച്ചെയ്യുന്ന സന്ധിയിൽ കന്യകയേയും പുത്രനേയും ഈടായിക്കൊടുക്കുന്നതിൽ കന്യകയെ കൊടുക്കുന്നവൻ ഇതരനെ അതിസന്ധാനംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, കന്യക സ്വതേ ദായത്തിന്നവകാശമില്ലാത്തവളും പരന്മാരുടെതന്നെ പ്രയോജനത്തിന്നായിക്കൊണ്ടുള്ളവളും ക്ലേശത്തിന്നു കാരണവുമാകുന്നു. ഇതിന്നു വിപരീതമാണ് പുത്രൻ. രണ്ടു പുത്രന്മാരിൽവച്ചും ജാത്യനോ, പ്രാജ്ഞനോ, ശൂരനോ, അസ്ത്രാഭ്യാസം ചെയ്തവനോ, ഏകപുത്രനോ ആയിട്ടുള്ളവനെ ഈടുകൊടുക്കുന്നതാരോ അവൻ അതിസന്ധിക്കപ്പെടുന്നു; തദ്വിപരീതനായിട്ടുള്ളവൻ അതിസന്ധാനം ചെയ്കയും ചെയ്യുന്നു. വിജാതിയിൽ ജനിച്ച പുത്രന് ദായാദനായ സന്താനം ഇല്ലാത്ത

ത്തുകൊണ്ട് അവനാണ് ജാത്യനായ പുത്രനെക്കാളധികം ഈടുവയ്പാൻ പററിയവൻ. പ്രാജ്ഞനല്ലാത്തവന്ന് മന്ത്രശക്തിയില്ലാത്തതുകൊണ്ട് അവനെ ഈടുകൊടുക്കുന്നതാണു പ്രാജ്ഞനായവനെക്കൊടുക്കുന്നതിനെക്കാറം നല്ലത്. ശൂരനല്ലാത്തവന്ന് ഉത്സാഹശക്തിയില്ലായ്കയാൽ അവനെ ഈടുകൊടുക്കുന്നതാണു ശൂരനെക്കൊടുക്കുന്നതിനെക്കാറം നല്ലത്. അസ്ത്രശിക്ഷലഭിക്കാത്തവന്നു പ്രഹർത്തവ്യസമ്പത്ത് (പ്രഹരിക്കുന്നതിന്നു വേണ്ടുന്ന ഗുണങ്ങറം) ഇല്ലാത്തതുകൊണ്ട് അങ്ങനെയുള്ളവനെ ഈടുകൊടുക്കുന്നതാണ് കൃതാസ്ത്രനായവനെ കൊടുക്കുന്നതിനേക്കാറം ഭേദം. അനേകം പുത്രന്മാരുള്ളവൻ ഈടുകൊടുക്കുന്ന പുത്രനിൽ നിരപേക്ഷനായതുകൊണ്ട് അനേകപുത്രന്മാരിലൊരുവനെ കൊടുക്കുന്നത് ഏകപുത്രനെക്കൊടുക്കുന്നതിനേക്കാറം ഭേദമാകുന്നു.

ജാത്യൻ, പ്രാജ്ഞൻ എന്നിവരിൽവച്ച് ജാത്യൻ അപ്രാജ്ഞനായാലും അവന്ന് ഐശ്വര്യപ്രകൃതി (രാജ്യസാമ്യം) ഉണ്ടായിരിക്കും; പ്രാജ്ഞൻ അജാത്യനാണെങ്കിലും അവന്നു മന്ത്രാധികാരവും ഉണ്ടായിരിക്കും. എന്നാൽ ജാത്യനായിട്ടുള്ളവൻ വൃദ്ധസംയോഗം ചെയ്താൽ മന്ത്രാധികാരവിഷയത്തിലും പ്രാജ്ഞനെ തോല്പിക്കുന്നതാണ്. പ്രാജ്ഞൻ, ശൂരൻ എന്നിവരിൽവച്ച് പ്രാജ്ഞൻ അശൂരനാണെങ്കിലും മതികർമ്മയോഗം (മന്ത്രാധികാരം) അവന്നുണ്ടായിരിക്കും; ശൂരൻ അപ്രാജ്ഞനാണെങ്കിലും അവന്നു വിക്രമാധികാരവും ഉണ്ടായിരിക്കും. എന്നാൽ വ്യാധൻ ആനയെ ജയിക്കുന്നതുപോലെ പ്രാജ്ഞനായിട്ടുള്ളവൻ വിക്രമാധികാരത്തിലും ശൂരനെ തോല്പിക്കും. ശൂരൻ, കൃതാസ്ത്രൻ എന്നിവരിൽവച്ച് ശൂരൻ അകൃതാസ്ത്രനാണെങ്കിലും വിക്രമോത്സാഹം അവന്നുണ്ടായിരിക്കും; കൃതാസ്ത്രൻ അശൂരനാണെങ്കിലും ലക്ഷ്യലംഭാധികാരം (ലക്ഷ്യം പിഴക്കാതെ അ

യുധം പ്രായോഗികൻ) അവനുണ്ടായിരിക്കും. എന്നാൽ സ്ഥിരതയും കൈശവഗവും അവധാനവും ഉണ്ടായാൽ ലക്ഷലംഭാധികാരത്തിലും ശൂരൻ കൃതാസ്ത്രനെ തോല്പിക്കും *.

വളരെ പുത്രന്മാരുള്ള ഒരുവൻ, ഏകപുത്രനായിട്ടുള്ള ഒരുവൻ എന്നിവരിൽവച്ച് ബഹുപുത്രനായിട്ടുള്ളവൻ ഒരു പുത്രനെക്കൊടുത്താലും ശേഷം പുത്രന്മാരുള്ളതുകൊണ്ടു ദൃപ്തനായിട്ടു സന്ധിയെ അതിക്രമിച്ചു നടക്കും; ഇതരൻ (ഏകപുത്രൻ) അതു ചെയ്കയില്ല. എല്ലാ പുത്രന്മാരേയും അൎപ്പിച്ചുകൊണ്ടാണ് സന്ധി ചെയ്യുന്നതെങ്കിൽ അതു ചെയ്യുന്നവനു പുത്രഫലം (പിന്നെയും പുത്രോൽപാദനത്തിനുള്ള ശക്തി) ഉണ്ടാകുന്നതുകൊണ്ടാണ് വിശേഷം കല്പിക്കേണ്ടതു്. പുത്രഫലം സമമായിട്ടുള്ള രണ്ടു പേരിൽവച്ചു ശക്തനായ പുത്രനെ ഉൽപാദിപ്പിക്കുന്നതിനു ശക്തിയുള്ളവനാണ് വിശേഷം; ശക്തനായ പുത്രനെ ഉൽപാദിപ്പിക്കുന്നതിനുള്ള സാമൎത്ഥ്യവും തുല്യമാണെന്നിരിക്കിൽ കാലതാമസം കൂടാതെ പുത്രോൽപാദനത്തിനു ശക്തിയുള്ളവനാണ് വിശേഷം. ശക്തിമാനായ ഒരു പുത്രൻ മാത്രമുണ്ടായിരിക്കയും പുത്രോൽപാദനശക്തി നശിക്കുകയും ചെയ്തിട്ടുള്ളവൻ തന്നെത്താനെ ആധാനംചെയ്യണം; തന്റെ ഏകപുത്രനെ കൊടുക്കരുതു്.

ഇങ്ങനെ കൊടുത്ത രാജാവു് തനിക്കു ശക്തി വൎദ്ധിച്ചുകൊണ്ടു വന്നാൽ സമാധിയെ (ഈടായി കൊടുത്തവനെ) മോചിപ്പിക്കു. കുമാരന്റെ ആസന്നന്മാരായി കാരുകരുടേയും ശില്പികളുടേയും വേഷം ധരിച്ച് പ്രവൃത്തികൾ ചെ

* അതുകൊണ്ട് ജ്യേഷ്ഠൻ, ശൂരൻ, കൃതാസ്ത്രൻ എന്നിങ്ങനെയുള്ള പുത്രന്മാരിൽവച്ച് ആദ്യമാദ്യം പറയപ്പെട്ടവൎക്കാണ് ഗുണാധിക്യമെന്നും, അങ്ങനെയുള്ള പുത്രന്മാരെ കൊടുക്കുന്നവൻ ഗുണഹീനനാകുമെന്നും സാരം.

ശ്ശവരുന്ന സ്ത്രീകളം അവൻെറ വാസസ്ഥലത്തു രാത്രിയിൽ ഗൂഢമായി തുരങ്കം കഴിച്ചുണ്ടാക്കി അതിൽക്കൂടെ കുമാരനെ അപഹരിച്ചു. നടൻ, നൎത്തകൻ, ഗായനൻ, വാദകൻ, വാഗ്ജീവനൻ, കുശീലവൻ, പ്ലവകൻ, സൌഭികൻ (ആകാശഗതിയെക്കാട്ടുന്നവൻ) എന്നിവരുടെ വേഷം ധരിച്ച ഗൂഢപുരുഷന്മാരെ മുൻപുതന്നെ ശത്രുവിൻെറ സമീപത്തിൽ അയച്ച് അവനെ സേവിപ്പിപ്പൂ. അവർ പരമ്പരയായിട്ടു രാജകുമാരനേയും സേവിപ്പൂ. അവൎക്കു സമയനിയമം കൂടാതെ തൻെറ അടുക്കൽ വരുവാനും താമസിപ്പാനും പോകുവാനുമുള്ള സൌകൎയ്യം കുമാരൻ ഉണ്ടാക്കിക്കൊടുക്കുകയും, പിന്നെ അവരുടെ വേഷം ധരിച്ചുംകൊണ്ടു രാത്രിയിൽ പരസമീപത്തിൽനിന്നു പുറപ്പെട്ടു പോരികയും ചെയ്വൂ. ഇതിനെപ്പറഞ്ഞതുകൊണ്ടുതന്നെ വേശ്യാസ്ത്രീയെന്നോ ഭാൎയ്യയെന്നോ നടിച്ച് വേഷച്ഛന്നനായി പോരേണ്ടതിനെപ്പററിയും പറഞ്ഞുകഴിഞ്ഞു. മേൽ പറഞ്ഞ നടനൎത്തകാദികളുടെ തൂൎയ്യഫല (വാദ്യപ്പെട്ടി) യോ ഭാണ്ഡഫല (പണ്ടപ്പെട്ടി) യോ എടുത്തുംകൊണ്ട് അവയെ ചുമക്കുന്നവനെന്ന നാട്യത്തിലും പുറത്തുപോരാം.

സൂദൻ, ആരാളികൻ, സ്നാപകൻ, സംവാഹകൻ, ആസ്തരകൻ, കല്പകൻ (ക്ഷുരകൻ), പ്രസാധകൻ, ഉദകപരിചാരകൻ എന്നിവരുടെ വേഷത്തിൽ പെരുമാറുന്ന ഗൂഢപുരുഷന്മാർ ദ്രവ്യം, വസ്ത്രം, പണ്ടപ്പെട്ടി, ശയ്യ, ആസനം എന്നിവ പുറത്തേക്കു കൊണ്ടുപോകുമ്പോൾ അവയിൽ ഒളിപ്പിച്ച് രാജകുമാരനെ കൊണ്ടുപോരികയോ, കുമാരൻ ഒരു പരിചാരകനെന്ന വ്യാജേന അത്രപവേലയിൽ (ആളെക്കണ്ടാലറിയാത്ത ഇരുട്ടുസമത്ത്) എന്തെങ്കിലും ഒരു വസ്തു കയ്യിലെടുത്തുംകൊണ്ടു പുറത്തു പോരികയോ, നിശോപഹാരം (രാത്രിയിൽ ഭൂതബലി ചെയ്യാനുള്ള ഉപകരണം) കയ്യിലെടുത്ത് തുരങ്കംവഴിയായി പോരികയോ,

ജലാശയത്തിൽ വാരുണയോഗം * ആശ്രയിച്ചു പുറത്തുപോരികയോ ചെയ്യൂ. അഥവാ വൈദേഹകവ്യഞ്ജനന്മാർ രക്ഷിപുരുഷന്മാർക്കു പക്വാന്നവും ഫലവും വില്ക്കുന്നവരുടെ നിലയിൽ പെരുമാറി അവയിൽ വിഷം ചേർത്തു രക്ഷികളെ മയക്കി കുമാരനെ നിഷ്ക്രമിപ്പിക്കുകയോ ദേവപൂജ, ശ്രാദ്ധം, പ്രവഹണം എന്നീ സന്ദർഭങ്ങളിൽ കുമാരൻ മദനയോഗം ചേർത്ത അന്നപാനരസങ്ങളെക്കൊടുത്തു രക്ഷികളെ മയക്കിയോ, പ്രോത്സാഹനം (ധനം കൊടുക്കാമെന്നു പറഞ്ഞു പ്രോത്സാഹിപ്പിക്കൽ) നൽകി മോഹിപ്പിച്ചോ പുറത്തുപോരികയോ ചെയ്യേണ്ടതാണ്.

അഥവാ, നാഗരികന്റെയോ കുശീലവന്റെയോ വൈദ്യന്റെയോ ആപൂപികന്റെയോ വേഷം ധരിച്ച ഗൂഢപുരുഷന്മാർ രാത്രിയിൽ ധനികഗൃഹങ്ങളെ തീവച്ചുകത്തിച്ചു. രക്ഷിപുരുഷന്മാരിലാരെങ്കിലുമോ വൈദേഹകവ്യഞ്ജനന്മാരോ പണ്യസംസ്ഥയെയും (പാണ്ടികശാലയെ) തീവെച്ചുകത്തിച്ചു $. അഥവാ കുമാരൻ, തന്നെ ആരെങ്കിലും തിരഞ്ഞുവരുവാൻ ഇടയാകാതിരിക്കുന്നതിനുവേണ്ടി താൻ വസിക്കുന്ന ഗൃഹത്തിൽ മറ്റൊരു ശരീരത്തെ നിക്ഷേപിച്ച് സ്വഗൃഹത്തെ തീവച്ചു കത്തിച്ച് സന്ധിച്ഛേദം(ഭിത്തിഭേദം) ഖാതസുരംഗ (ഓവ്) എന്നിവയിലൂടെ പുറത്തുപോകയോ, പുല്ലു ചുമക്കുന്നവന്റെയോ വെള്ളം ചുമക്കുന്നവന്റെയോ ഭാണ്ഡം ചുമക്കുന്നവന്റെയോ വേഷം ധരിച്ചു രാത്രിയിൽപുറത്തു പോകയോ, മുണ്ഡജടിലവേഷധാരികളായ ചാരന്മാർ പുറത്തേക്കുപോകുമ്പോൾ അവരുടെ

---

* വാരുണയോഗം=ജലാന്തർഭാഗത്തിങ്കലുള്ള സഞ്ചാരം. ഇതിനെപ്പററി മുകളിൽ ദുർഗ്ഗലംഭോപായാധികരണത്തിൽ പറയുന്നതാണ്.

$ ഗ്രാമം കത്തുമ്പോൾ ഉണ്ടാകുന്ന ജനസമ്മർദ്ദത്തിൽ കുമാരൻ ഓടിപ്പോകണമെന്നു താൽപര്യം.

കൂട്ടത്തിൽക്കൂടി അവരുടെ വേഷം ധരിച്ച് രാത്രിയിൽ പോകയോ, വിരൂപനായവൻെറയോ രോഗിയുടെയോ അരണ്യചരൻെറയോ വേഷത്തിൽ നിർഗ്ഗമിക്കുകയോ, ഗൂഢപുരുഷന്മാർ ഒരു മൃതദേഹത്തെ കൊണ്ടുപോകുന്ന നാട്യത്തിൽ അവനെ കൊണ്ടുപോകയോ, മററു വല്ലവരും ശവം കൊണ്ടുപോകുമ്പോൾ കുമാരൻ സ്ത്രീരൂപം ധരിച്ച് അതിൻെറ പിന്നാലെ പോകയോ ചെയ്വൂ. തിരഞ്ഞുംകൊണ്ടു നടക്കുന്ന രക്ഷികൾ ചോദിക്കുമ്പോൾ വനചരവ്യഞ്ജനന്മാർ ഒരു വഴിക്കു പോകുന്ന കുമാരനെ മററൊരു വഴിക്കു പോകുന്നതായി പറകയും കുമാരൻ വേറെ ഒരു വഴിക്കു പോകയും ചെയ്വൂ. അല്ലെങ്കിൽ കുമാരൻ വണ്ടികളുംകൊണ്ടു പോകുന്നവരുടെ കൂട്ടത്തിൽക്കൂടി ആത്മാവിനെ മറച്ച് നിർഗ്ഗമിപ്പൂ. തിരഞ്ഞു വരുന്നവർ അടുത്തെത്തിയാൽ കുമാരൻ വല്ലേടത്തും ഒളിക്കുകയോ, അതിനു തരം കിട്ടാത്തപക്ഷം വിഷം കലർത്തിയ ഹിരണ്യമോ ഭക്ഷ്യപദാർത്ഥമോ വഴിയുടെ ഇരുവശങ്ങളിലും ഇട്ട് വേറെ ഒരു വഴിയിൽക്കൂടെ പോകയോ ചെയ്വൂ. തിരഞ്ഞു വരുന്നവൻ കണ്ടെത്തിപ്പിടിച്ചുവെങ്കിൽ കുമാരൻ സാമാദികളായ ഉപായങ്ങളെക്കൊണ്ട് അവനെ വഞ്ചിക്കുകയോ, വിഷം ചേർത്തതായ പഥിഭോജനം കൊടുത്തു മോഹിപ്പിക്കുകയോ ചെയ്വൂ.

മുൻപറഞ്ഞ വാരുണയോഗം, അഗ്നിദാഹം എന്നിവയിൽ അന്യശരീരത്തെ നിക്ഷേപിച്ച് കുമാരൻ രക്ഷപ്പെട്ടു പോന്നതിനു ശേഷം വിജിഗീഷു അവനെ ഈടായി വാങ്ങിയിരുന്ന ശത്രുവിനോടു "എൻെറ പുത്രൻ നിന്നാൽ കൊല്ലപ്പെട്ടു" എന്ന കാരണം പറഞ്ഞ് എതിക്കുകയും ചെയ്യണം.

ഗൂഢശസ്ത്രങ്ങളാൽ രക്ഷി-
ജനത്തെക്കൊന്നു രാത്രിയിൽ

ശീഘ്രപാതികളാം ചാര-
രൊത്തു പോവൂ കുമാരകൻ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന
ഏഴാമധികരണത്തിൽ, സന്ധികർമ്മം—സന്ധിമോക്ഷം
എന്ന പതിനേഴാമദ്ധ്യായം.

---

## പതിനെട്ടാം അധ്യായം.

---

### ഒരുനൂററിരുപതിനാലുമുതൽ ഇരുപത്താറുകൂടി പ്രകരണങ്ങൾ.

### മധ്യമചരിതം, ഉദാസീനചരിതം, മണ്ഡലചരിതം.

മധ്യമന്നു താനും തന്റെ മൂന്നാമത്തേയും അഞ്ചാമത്തേയും പ്രകൃതികളും അനുകൂലപ്രകൃതികളും (അനുകൂലകാരികൾ) രണ്ടാമത്തേയും നാലാമത്തേയും ആറാമത്തേയും പ്രകൃതികൾ വികൃതികളും (പ്രതികൂലകാരികൾ) ആകുന്നു *. അവരണ്ടിനേയും മധ്യമൻ അനുഗ്രഹിക്കുമെങ്കിൽ വിജിഗീഷു മധ്യമനെക്കുറിച്ച് അനുകൂലവൃത്തിയായിരിക്കും; അനുഗ്രഹിക്കുന്നില്ലെങ്കിൽ വിജിഗീഷു പ്രകൃത്യനുലോമനും (തന്റെ പ്രകൃതികൾക്കു മാത്രം അനുകൂലൻ) ആയിരിക്കും.

മധ്യമൻ വിജിഗീഷുവിന്റെ മിത്രഭാവിയായ മിത്രത്തെ നിഗ്രഹിപ്പാൻ പുറപ്പെട്ടാൽ വിജിഗീഷു തന്റെയും മിത്രത്തിന്റെയും മിത്രങ്ങളെ ഉത്സാഹിപ്പിക്കുകയും മധ്യമന്റെ മിത്രങ്ങളെ അവനിൽനിന്നു ഭേദിപ്പിക്കുകയും ചെയ്തിട്ടു തന്റെ മിത്രത്തെ രക്ഷിക്കണം. അല്ലെങ്കിൽ "ഈ മധ്യമൻ വല്ലാതെ വർദ്ധിച്ചുവരായിരിക്കുന്നു. ഇവൻ ന

---

* പ്രകൃതികളെപ്പററി മണ്ഡലയോനിയെന്ന ആറാമധികരണത്തിൽ രണ്ടാമദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു നോക്കുക.

മരളെയെല്ലാം നശിപ്പിക്കവാനാണ് പുറപ്പെട്ടിരിക്കുന്നത്. ആകയാൽ നമ്മളെല്ലാവരും കൂടി യോജിച്ച് ഇവന്റെ യാത്രയെ പ്രതിഹനിക്കണം" എന്നു പറഞ്ഞു രാജമണ്ഡലത്തെ പ്രോത്സാഹിപ്പിക്കണം. അപ്പോൾ രാജമണ്ഡലം തന്നെ സഹായിക്കുമെങ്കിൽ വിജിഗീഷു മധ്യമനെ അമർത്തി തന്റെ ശക്തിയെ വർദ്ധിപ്പിക്കണം; തന്നെ സഹായിച്ചില്ലെങ്കിലാകട്ടെ സൈന്യംകൊണ്ടും ധനംകൊണ്ടും തന്റെ മിത്രത്തെ സഹായിച്ച്, മധ്യമനെ ദ്വേഷിക്കുന്നവരായും പരസ്പരം സഹായിക്കുന്നവരായുമുള്ളവരോ മധ്യമദ്വേഷികളായ വളരെ പേരിൽ ഒരുവനെ അനുകൂലിപ്പിച്ചാൽ വളരെപ്പേർ അനുകൂലിക്കുമെന്ന നിലയിലുള്ളവരോ മധ്യമദ്വേഷികളാണെങ്കിലും പരസ്പരശങ്ക നിമിത്തം ഒതുങ്ങിപ്പുറപ്പെടാതുള്ളവരോ ആയിരിക്കുന്ന രാജാക്കന്മാരിൽ പ്രധാനനായ ഒരുവനേയോ തന്റെ രാജ്യത്തിന്നടുത്ത ഒരുവനേയോ സാമദാനങ്ങളെക്കൊണ്ടു സ്വാധീനിക്കണം. അങ്ങനെ സ്വാധീനിച്ചാൽ രണ്ടാമതൊരു രാജാവു കൂടി സ്വാധീനമായെങ്കിൽ വിജിഗീഷുവിന്റെ ശക്തി ദ്വിഗുണമായും, മൂന്നാമതൊരുവൻ കൂടി സ്വാധീനമായെങ്കിൽ ത്രിഗുണമായും ഭവിക്കും. ഇപ്രകാരം ശക്തി സമ്പാദിച്ചു വിജിഗീഷു മധ്യമനെ അവഗ്രഹിക്കണം. ഇതു ചെയ്യുന്നതിൽ ദേശകാലങ്ങൾ അനുകൂലമല്ലാത്തപക്ഷം മധ്യമനുമായി സന്ധിചെയ്തു മിത്രത്തെ സഹായിക്കണം. അല്ലെങ്കിൽ മധ്യമന്റെ വിരോധികളായിട്ടുള്ള ദൂഷ്യന്മാരായി കർമ്മസന്ധിയെ ചെയ്യണം.

തന്റെ കർശനീയനായ (ശക്തിയെ ക്ഷയിപ്പിക്കേണ്ടുന്ന) മിത്രത്തെ മധ്യമൻ ദ്രോഹിപ്പാൻ പുറപ്പെട്ടാൽ വിജിഗീഷു "ഞാൻ നിന്നെ രക്ഷിക്കാം" എന്നു പറഞ്ഞു, ആ മിത്രം കർശിതനാകുന്നതുവരെ താമസിക്കുകയും, കർശിതനായിക്കഴിഞ്ഞാൽ പിന്നെ അവനെ രക്ഷിക്കുകയും ചെയ്യ

ണം. ഉച്ഛേദനീയനായ മിത്രത്തെ മദ്ധ്യമൻ ദ്രോഹിപ്പാൻ പുറപ്പെട്ടപ്പോഴും ആ മിത്രം കർശിതനായിക്കഴിഞ്ഞതിനു ശേഷം വിജിഗീഷു അവനെ രക്ഷിക്കണം. രക്ഷിക്കാതിരിക്കുന്നപക്ഷം മദ്ധ്യമനു വൃദ്ധി ഭവിക്കുമെന്നു ഭയപ്പെടേണ്ടതാണ്. വിജിഗീഷുവിന് രക്ഷിപ്പാൻ സാധിക്കാതെ അവൻ മദ്ധ്യമനാൽ ഉച്ഛേദിക്കപ്പെട്ടുവെങ്കിൽ വിജിഗീഷു അവനു ഭൂമിയെ ദാനംചെയ്തു അവനെ തന്റെ വശത്തിൽ നിർത്തണം. ഇങ്ങനെ ചെയ്യില്ലെങ്കിൽ അവൻ ശത്രുപക്ഷത്തിൽ ചേരുമെന്നു ഭയപ്പെടേണ്ടതാണ്. മേൽ പറഞ്ഞ കർശനീയന്റെയും ഉച്ഛേദനീയന്റെയും മിത്രങ്ങൾ മദ്ധ്യമനെ സഹായിക്കുന്നവരായിരിക്കുന്നപക്ഷം മദ്ധ്യമനുമായി വിജിഗീഷു പുരുഷാന്തരസന്ധിയെ ചെയ്യണം. അവരുടെ മിത്രങ്ങൾ വിജിഗീഷുവിനെ ദ്രോഹിക്കുന്നതിനു ശക്തിയുള്ളവരാണെങ്കിലും വിജിഗീഷു മദ്ധ്യമനോടു സന്ധിചെയ്യണം.

മദ്ധ്യമൻ തന്റെ ശത്രുവിനെ ദ്രോഹിപ്പാൻ പുറപ്പെടുന്ന സന്ദർഭത്തിൽ വിജിഗീഷു മദ്ധ്യമനോടു സന്ധിചെയ്യണം. അങ്ങനെ ചെയ്താൽ സ്വാർത്ഥം സാധിക്കുകയും മദ്ധ്യമനു പ്രിയമാകയും ചെയ്യും.

മദ്ധ്യമൻ സ്വതഃ മിത്രഭാവിയായ മിത്രത്തെ ദ്രോഹിപ്പാൻ പുറപ്പെട്ടാൽ വിജിഗീഷു അവനോടു പുരുഷാന്തരസന്ധിചെയ്യണം. അവനു അപേക്ഷയുള്ളപക്ഷം "മിത്രത്തെ ഉച്ഛേദിക്കുന്നതു ശരിയല്ല" എന്നു പറഞ്ഞു മദ്ധ്യമനെ അതിൽനിന്നു വിലക്കുകയോ, "രാജമണ്ഡലംതന്നെ സ്വപക്ഷവധം കാരണം ഇവന്റെ നേരെ കോപിക്കട്ടെ" എന്നുവച്ച് ഉപേക്ഷിക്കുകയോ ചെയ്യണം. മദ്ധ്യമൻ തന്റെ ശത്രുവിനെ ദ്രോഹിപ്പാൻ ശ്രമിക്കുമ്പോൾ വിജിഗീഷു ധനംകൊണ്ടും സൈന്യംകൊണ്ടും ഗൂഢമായി ആ ശത്രുവിനെ സഹായിക്കണം. ഉദാസീനനെ മദ്ധ്യമൻ

ദ്രോഹിക്കാൻ പുറപ്പെട്ടമ്പോഴം മധ്യമനും ഉദാസീനനും തമ്മിൽ ഭേദിക്കട്ടെ എന്നു വിചാരിച്ച് മധ്യമോദാസീനന്മാരിൽവച്ച് ആരാണോ രാജമണ്ഡലത്തിന്നധികം ഇഷ്ടനായിട്ടുള്ളത് അവന്റെ പക്ഷത്തിൽ ചേരേണ്ടതാണ്.

മധ്യമചരിതത്തെ പറഞ്ഞതുകൊണ്ടുതന്നെ ഉദാസീനചരിതവും പറയപ്പെട്ടു. വിശേഷിച്ച്, ഉദാസീനൻ മധ്യമനെ ദ്രോഹിപ്പാൻ പുറപ്പെട്ടമ്പോഴം അവരിൽ ആരുടെ പക്ഷത്തിൽ ചേർന്നാൽ തന്റെ ശത്രുവിന്ന് ദ്രോഹവും മിത്രത്തിന്നുപകാരവും വരുമോ ആ ആളുടെ പക്ഷത്തിൽ ചേർന്നു സഹായിക്കണം. മധ്യമോദാസീനന്മാരിൽ ആരെയാണോ തനിക്കു സൈന്യങ്ങളെക്കൊണ്ടു സഹായിപ്പാൻ ലഭിക്കുക അവനെ സഹായിക്കുകയുമാകാം.

മേൽപ്പറഞ്ഞപ്രകാരം മധ്യമോദാസീനന്മാരിൽ വർത്തിച്ചുംകൊണ്ട് വിജിഗീഷു തന്റെ ശക്തിയെ വർദ്ധിപ്പിക്കുകയും, ശത്രുവിന്റെ ശക്തിയെ ക്ഷയിപ്പിക്കുകയും, തന്റെ മിത്രത്തെ ഉപഗ്രഹിക്കുകയും ചെയ്യണം.

വിജിഗീഷുവിന്റെ സാമന്തരാജ്യക്കാരെല്ലാം ശത്രുത്വം തുല്യമാണെന്നിരിക്കിലും അനാത്മവാൻ (അജിതേന്ദ്രിയൻ), നിത്യാപകാരി, ശത്രു (അകാരണവിരോധി), ശത്രുസഹിതൻ (ശത്രുസഹായൻ), പാർഷ്ണിഗ്രാഹൻ, വ്യസനി, യാതവ്യൻ, തനിക്കു വ്യസനം വരുമ്പോഴം ആക്രമിക്കുന്നവൻ എന്നിങ്ങനെയുള്ളവർ അരിഭാവികൾ (ശത്രുവിന്റെ നിലയിൽ വർത്തിക്കുന്നവർ) ആയ ശത്രുക്കളാകുന്നു. ഏകാർത്ഥാഭിപ്രയാതൻ (വിജിഗീഷുവുമായി സന്ധിചെയ്ത് അവന്റെ കാര്യത്തിന്നായിത്തന്നെ അന്യസ്ഥലത്തേക്കു പോയവൻ), പൃഥഗർത്ഥാഭിപ്രയാതൻ (വിജിഗീഷു ഒരു ലാഭം കരുതിപ്പോയപ്പോഴം മറെറാരു ലാഭം കരുതിപ്പോയവൻ), സംഭൂയയാത്രികൻ, സംഹിതപ്രയാണികൻ, സ്വാർത്ഥാഭിപ്രയാതൻ (വിജിഗീഷുവിന്റെ കാര്യം സാധി

പ്പാൻ പോയവൻ), സാമുത്ഥായികൻ, കോശം കൊടുത്തു ദണ്ഡത്തെയൊ ദണ്ഡം കൊടുത്തു കോശത്തെയൊ വാങ്ങുന്നവൻ, അവയെ വില്ക്കുന്നവൻ, ദ്വൈധീഭാവികൻ എന്നിങ്ങനെയുള്ളവർ മിത്രഭാവികൾ (മിത്രമാണെന്നു ഭാവിക്കുന്നവർ) ആയ ശത്രുക്കളാകുന്നു. ബലവാനെ ഭയപ്പെട്ടവനൊ അന്തർദ്ധിയൊ പ്രതിവേശനൊ ആയ സാമന്തൻ, ബലവാനായവൻെറ പാർഷ്ണിഗ്രാഹൻ, തന്നത്താൻ കീഴടങ്ങിയവനൊ പ്രതാപംകൊണ്ടു കീഴടക്കപ്പെട്ടവനൊ ആയ ദണ്ഡോപനതൻ എന്നിങ്ങനെയുള്ളവർ ഭൃത്യഭാവികൾ (ഭൃത്യന്മാരെന്നു ഭാവിക്കുന്ന ശത്രുക്കൾ) ആയ സാമന്തന്മാരാകുന്നു. ഈ സാമന്തന്മാരെപ്പറഞ്ഞതുകൊണ്ടുതന്നെ ഭൂമ്യേകാന്തരരേയും പറഞ്ഞു കഴിഞ്ഞു.

ഏതു മിത്രം ശത്രുവേൽക്കെ-
ത്താനുമായ് സന്ധിചെയ്യുമോ
അവനാരിയെ വെന്നീടാൻ
തക്ക സാഹായ്യമേകിടൂ;

ശത്രുവേ വെന്നവൻ തൻെറ
വശ്യനല്ലാതെ പോവിതോ
സാമന്തൈകാന്തരന്മാരെ-
യവനോടിടയിച്ചിടൂ;

തൽഭൂമിയെ ഹരിപ്പിപ്പൂ
തൽകുലീനാവരുദ്ധരാൽ,
സാഹ്യാർത്ഥിയും വശ്യനുമായ്-
നില്പാൻ വേണ്ടതു ചെയ്തിടൂ;

അതികർശിതനായ് ത്തന്നെ-
ത്തുണയ്ക്കാതരിഗാമിയായ്
വാഴ്പോനെ വൃദ്ധിക്ഷയങ്ങൾ
വരാതമ്മട്ടു നിർത്തിടൂ;

അത്ഥാത്ഥമായ് ചലം മിത്രം
താന്മമായ് സന്ധിചെയ്യുകിൽ
അവൻ ചലിക്കാത്തവിധം
തീർത്തു ചലനഹേതുവെ;

ശത്രുസാമാന്യനായ് നില്പും
ശത്രുമിത്രത്തെയൂഴിപൻ
അവനായ് വേർപെടുത്തീട്ടു
കൊൽവൂ, ശത്രുവെയും പുനഃ;

വിരോധിപ്പിപ്പു സാമന്ത-
രോടുദാസീനനേയവൻ
വിഗ്രഹത്താൽ തപ്തനാമ്പോ-
ളുപകാരവുമേകിട്ടു;

ദൌർബ്ബല്യത്താൽ ശത്രുവിനെ
വിജിഗീഷുവിനേയുമേ
സേവിപ്പോനെസ്സഹായിപ്പൂ
പരനിൽച്ചേർന്നിടാവിധം;

അല്ലെങ്കിലവിടേനിന്നും
മാററി, യന്യനെ മുന്നമേ
ദണ്ഡാനുഗ്രാഹിയായ് വച്ചോ-
രന്യഭൂമിയിൽ നിർത്തിട്ടു;

ഏവൻ ദ്രോഹിക്ക,മാപത്തിൽ-
ത്തുണനില്ലാ ശക്തനെങ്കിലും
അവനേയണയെച്ചേർത്തു
വിശ്വസിപ്പിച്ചു കൊന്നിടു;

മിത്രത്തിൻ വ്യസനത്തിങ്ക-
ലുത്ഥാനംചെയ്ക ശത്രുവെ

വ്യസനച്ഛാദനംചെയ്തു
മിത്രത്താലേ ജയിച്ചിടൂ;
അരിവ്യാപത്തിനാൽ പൊങ്ങി
മിത്രം തന്നെ വെറുക്കുകിൽ
അരിതൻ വ്യസനം തീർത്തി-
ട്ടവനെക്കൊണ്ടൊതുക്കിടൂ;
വൃദ്ധിക്ഷയസ്ഥിതികളും
കർശനോച്ഛേദനങ്ങളും
ഉപായങ്ങളുമീവണ്ണം
ചെയ്വൂ ശാസ്ത്രജ്ഞനാം നൃപൻ;
ഏവം പരസ്പരാപേക്ഷം
ഷാഡ്ഗുണ്യം നോക്കിടുന്നവൻ
കളിപ്പൂ ബുദ്ധിനിഗള-
ബദ്ധരായുള്ള ഭൂപരാൽ.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഷാഡ്ഗുണ്യമെന്ന ഏഴാമധികരണത്തിൽ, മദ്ധ്യമചരിതം—ഉദാസീനചരിതം—മണ്ഡലചരിതം എന്ന പതിനെട്ടാമദ്ധ്യായം.**

ഷാഡ്ഗുണ്യം ഏഴാമധികരണം കഴിഞ്ഞു.

———

[illegible]

# വ്യസനാധികാരികം. എട്ടാമധികരണം

## ഒന്നാം അദ്ധ്യായം.

### ഒരുനൂററിരുപത്തേഴാം പ്രകരണം.

### പ്രകൃതിവ്യസനവർഗ്ഗം.

തനിക്കും ശത്രുവിന്നും ഒരേ സമയത്തു വ്യസനം സംഭവിച്ചാൽ യാതവ്യന്റെ നേക്കു യാനംചെയ്കയോ വേണ്ടതു്, അതോ അവനെത്തട്ടുന്നുനിന്നു സ്വരക്ഷ ചെയ്കയോ വേണ്ടതു് എന്നു് ആലോചിക്കുകയാണു വ്യസനചിന്ത.

ദൈവവും മാനുഷവുമായ പ്രകൃതിവ്യസനം അനയം (ദുർവ്വിധി), അപനയം എന്നിവകൊണ്ടാണു സംഭവിക്കുന്നതു്. വ്യസനമെന്നാൽ ഗുണപ്രാതിലോമ്യം, ഗുണാഭാവം, പ്രദോഷം (പ്രകടമായ ദോഷം), പ്രസംഗം (സ്ത്രീമൃഗയാദിപ്രസക്തി), പീഡ എന്നിവയാണു്.

സ്വാമിവ്യസനം, അമാത്യവ്യസനം, ജനപദവ്യസനം, ദുർഗ്ഗവ്യസനം, കോശവ്യസനം, ദണ്ഡവ്യസനം, മിത്രവ്യസനം എന്നിവയിൽവച്ചു് ആദ്യമാദ്യം പറയപ്പെട്ടതിന്നാണു് അധികമധികം ഗൌരവമെന്നു് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

അങ്ങനെയല്ലെന്നാണു ഭാരദ്വാജന്റെ പക്ഷം. സ്വാമ്യമാത്യവ്യസനങ്ങളിൽ വച്ചു് അമാത്യവ്യസനത്തിന്നാണു് അധികം ഗൌരവം. എന്തുകൊണ്ടെന്നാൽ മന്ത്രം, മന്ത്രത്തിന്റെ ഫലസിദ്ധി, കർമ്മാനുഷ്ഠാനം, ആയവ്യയങ്ങൾ, സൈന്യപ്രണയനം, ശത്രുവിന്റെയും ആടവികന്റെയും പ്രതിഷേധം, രാജ്യരക്ഷണം, വ്യസനത്തി

ന്റെ പ്രതിവിധാനം, രാജകുമാരരക്ഷണം, രാജകുമാരന്മാരുടെ അഭിഷേകം എന്നിവയെല്ലാം അമാത്യന്മാരുക്കധീനമായിട്ടാണ് ഇരിക്കുന്നത്. അമാത്യന്മാരുടെ അഭാവത്തിൽ അവശ്യം അഭാവം വരികയും, ചിറകു മുറിഞ്ഞ പക്ഷിക്കെന്നപോലെ രാജാവിന്നു ചേഷ്ടാഹാനി വരികയും ചെയ്യും. അമാത്യവ്യസനങ്ങളിൽ ശത്രുക്കളുടെ ഭേദപ്രയോഗങ്ങൾ ആസന്നമായി വരികയും, അമാത്യന്മാർ രാജാവിന്റെ പ്രാണനോടടുത്തു പെരുമാറുന്നവരാകയാൽ അവരുടെ വൈഗുണ്യംനിമിത്തം രാജാവിന്നു പ്രാണാപായംതന്നെ സംഭവിക്കുകയും ചെയ്യും.

അപ്രകാരമല്ലെന്നാണു കൌടില്യന്റെ പക്ഷം. മന്ത്രിപുരോഹിതാദികളായ ഭൃത്യവർഗ്ഗത്തെ നിശ്ചയിക്കുക, അധ്യക്ഷപ്രചാരത്തെ നടത്തിക്കുക, പുരുഷവ്യസനത്തിലും ദ്രവ്യവ്യസനത്തിലും പ്രകൃതിവ്യസനത്തിലും പ്രതിവിധിചെയ്ക, ഏധനം (പ്രകൃതികളുടെ വർദ്ധനം) ചെയ്ക എന്നിവയെല്ലാം രാജാവുതന്നെയാണു നടത്തുന്നത്. അമാത്യന്മാർ വ്യസനികളാകുമ്പോൾ വ്യസനഹീനന്മാരായ മററുള്ളവരെ തൽസ്ഥാനത്തു രാജാവു നിയമിക്കയും ചെയ്യുന്നു. പൂജ്യന്മാരെ പൂജിക്കുന്നതിലും ദൂഷ്യന്മാരെ നിഗ്രഹിക്കുന്നതിലും രാജാവ് എല്ലായ്പ്പോഴും അവഹിതനായിരിക്കും. സ്വാമി ഗുണസമ്പന്നനായിരുന്നാൽ തന്റെ സമ്പത്തുകളെക്കൊണ്ടു പ്രകൃതികളേയും ഗുണസമ്പത്തുള്ളവരാക്കിത്തീർക്കും. പ്രകൃതികൾ അഭിവൃദ്ധിയിലും പ്രമാദത്തിലും സ്വാമിയെ ആശ്രയിക്കുന്നതുകൊണ്ടു സ്വാമിയുടെ ശീലമെന്തോ അതായിരിക്കും അവരുടേയും ശീലം. പ്രകൃതികളുടെ കൂടസ്ഥൻ സ്വാമിയാണല്ലോ.

അമാത്യജനപദവ്യസനങ്ങളിൽവച്ചു ജനപദവ്യസനത്തിന്നാണു ഗൌരവമധികമെന്നു വിശാലാക്ഷൻ. കോശം, ദണ്ഡം, കുപ്യം, വിഷ്ടി (കർമ്മകരവർഗ്ഗം), വാഹനം,

നിചയങ്ങൾ എന്നിവയെല്ലാം ജനപദത്തിൽനിന്നാണ് പുറപ്പെടുന്നത്. ജനപദത്തിന്റെ അഭാവത്തിൽ അവയ്ക്കും അഭാവം വരും. സ്വാമ്യമാത്യന്മാർക്ക്, അനന്തര * (അവ്യവഹിതം) മായിട്ടുള്ളതുമാണല്ലോ ജനപദം.

അങ്ങനെയല്ലെന്നാണ് കൌടില്യമതം. ജനപദത്തിന്റെ കർമ്മസിദ്ധികൾ, ജനങ്ങളുടെ യോഗക്ഷേമങ്ങളെ തങ്ങളിൽനിന്നും ശത്രുക്കളിൽനിന്നും രക്ഷിക്കൽ, വ്യസനപ്രതീകാരം, ശൂന്യസ്ഥാനങ്ങളെ നിവേശിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക, സൈന്യങ്ങളെ ശേഖരിക്കുക, കരം പിരിക്കുക, ജനാനുഗ്രഹം ചെയ്യുക എന്നിങ്ങനെയുള്ള എല്ലാ ആരംഭങ്ങളും അമാത്യനെ ആശ്രയിച്ചിരിക്കുന്നവയാണ്.

ജനപദദുർഗ്ഗവ്യസനങ്ങളിൽവച്ചു ദുർഗ്ഗവ്യസനത്തിനാണ് ഗൌരവമധികമെന്നു പരാശരശിഷ്യന്മാർ. ദുർഗ്ഗത്തിലാണല്ലോ കോശദണ്ഡങ്ങളുടെ ഉൽപത്തി. ആപത്തിങ്കൽ ജനപദത്തിന്റെ രക്ഷാസ്ഥാനവും ദുർഗ്ഗമാണ്. ദുർഗ്ഗവാസികളായ പൌരന്മാർ ജാനപദന്മാരെക്കാളധികം ശക്തിയുള്ളവരും, ആപത്തിങ്കൽ രാജാവിനു നിത്യസഹായന്മാരുമാകുന്നു. ജാനപദന്മാരാകട്ടെ അമിത്രസാധാരണന്മാർ (ശത്രുവിങ്കലും സമാനന്മാർ) ആയിരിക്കും.

അങ്ങനെയല്ലെന്നാണ് കൌടില്യമതം. ജനപദമാണ് ദുർഗ്ഗം, കോശം, ദണ്ഡം, സേതു, വാർത്ത (കൃഷിപശുപാലനവാണിജ്യങ്ങൾ) എന്നിവയുടെ ആരംഭങ്ങൾക്കൊക്കെയും മൂലമായിട്ടുള്ളത്. ശൌര്യവും സ്ഥൈര്യവും ദാക്ഷ്യവും ബാഹുല്യവും (സംഖ്യാധിക്യം) ജാനപദന്മാരിലാണ് ഉള്ളത്. പർവ്വതത്തിങ്കലോ അന്തർദ്വീപത്തിങ്കലോ ഉള്ള

---

* വിശാലാക്ഷപക്ഷത്തിൽ സ്വാമി, അമാത്യൻ, ജനപദം ഇത്യാദിയായിട്ടാണ് പ്രകൃതികളുടെ ക്രമം.

ദുർഗ്ഗങ്ങളിൽ ജനാധിവാസമില്ലാത്തതുകൊണ്ട് അവയിൽ ആരും താമസിക്കാറില്ല. കർഷകപ്രായമായ ദേശത്തിൽ ദുർഗ്ഗവ്യസനവും ആയുധീയന്മാരധികമായ ജനപദത്തിൽ ജനപദവ്യസനവും ഗുരുതരമാകുന്നു.

ദുർഗ്ഗകോശവ്യസനങ്ങളിൽവച്ച് കോശവ്യസനമാണ് ഗുരുതരമെന്നു പിശുനൻ. കോശമാണു ദുർഗ്ഗത്തിന്റെ പ്രതിസംസ്കാരത്തിനും രക്ഷണത്തിനും മൂലമായിട്ടുള്ളത്; ദുർഗ്ഗം കോശംകൊണ്ടു ശത്രുക്കളുടെ ഭേദപ്രയോഗത്തിൽപ്പെടുകയും ചെയ്യും. ജനപദത്തെയും മിത്രങ്ങളെയും ശത്രുക്കളെയും ഒതുക്കുക, ദേശാന്തരത്തിങ്കലുള്ളവരെ പ്രോത്സാഹിപ്പിക്കുക, സൈന്യബലവ്യവഹാരം നടത്തുക എന്നിവയും കോശത്തെ ആശ്രയിച്ചാണിരിക്കുന്നത്. വ്യസനം വരുമ്പോൾ കോശത്തെ എടുത്തുകൊണ്ടുപോകുവാൻ സാധിക്കും; ദുർഗ്ഗത്തെ അങ്ങനെ ചെയ്യാൻ കഴികയില്ല.

അങ്ങനെയല്ലെന്നാണു കൌടില്യമതം. എന്തുകൊണ്ടെന്നാൽ, ദുർഗ്ഗത്തിൽ അർപ്പിച്ചിട്ടാണു കോശത്തെയും ദണ്ഡത്തെയും രക്ഷിക്കേണ്ടത്. തൂഷ്ണീംയുദ്ധം, സ്വപക്ഷനിഗ്രഹം, സൈന്യബലവ്യവഹാരം, മിത്രസൈന്യസ്വീകാരം, പരസൈന്യത്തിന്റെയും ആടവികന്റെയും പ്രതിഷേധം എന്നിവയും ദുർഗ്ഗത്തെ ആശ്രയിച്ചാണിരിക്കുന്നത്. ദുർഗ്ഗമില്ലെങ്കിൽ കോശം ശത്രുക്കളുടെയായിത്തീരും. നല്ല ദുർഗ്ഗമുള്ളവർക്ക് ഉച്ഛേദം വരാതിരിക്കുന്നതു കാണുന്നുമുണ്ടല്ലോ.

കോശദണ്ഡവ്യസനങ്ങളിൽവച്ചു ദണ്ഡവ്യസന(സൈന്യവ്യസനം)ത്തിനാണധികം ഗൌരവമെന്നു കൌണപദന്തൻ. മിത്രങ്ങളെയും ശത്രുക്കളെയും ഒതുക്കുക, പരദണ്ഡത്തെ ഉത്സാഹിപ്പിക്കുക, സ്വദണ്ഡത്തെ സ്വീകരിക്കുക എന്നിവയെല്ലാം ദണ്ഡത്തെ ആശ്രയിച്ചാണിരിക്കുന്നത്. ദണ്ഡത്തിന്റെ അഭാവത്തിൽ കോശത്തിനു വിനാ

ശം നിശ്ചയമാണ്. കോശത്തിന്റെ അഭാവത്തിലും കുപ്യമോ ഭൂമിയോ കൊടുത്തോ ശത്രുവിന്റെ ഭൂമി എടുക്കുവാനനുവദിച്ചോ സൈന്യത്തെ സ്വരൂപിക്കുവാൻ സാധിക്കും. ദണ്ഡവാനായവനാൽ കോശവും ശേഖരിക്കുവാൻ ശക്യമാണ്. സ്വാമിയുടെ ആസന്നവൎത്തിയായതുകൊണ്ട് അനുഗ്രഹത്തിനു ദണ്ഡം അമാത്യനെപ്പോലെയാകുന്നു.

അങ്ങനെയല്ലെന്നു കൌടില്യമതം. എന്തുകൊണ്ടെന്നാൽ, ദണ്ഡത്തിന്നു മൂലമായിട്ടുള്ളതു കോശമാകുന്നു. കോശത്തിന്റെ അഭാവത്തിൽ ദണ്ഡം ശത്രുവിനെ പ്രാപിക്കുകയോ, സ്വാമിയെ ഹനിക്കുകയോ ചെയ്യും. കോശം സൎവ്വകാൎയ്യാരംഭങ്ങളെയും നിൎവ്വഹിക്കുന്നതും ധൎമ്മകാമങ്ങളുടെ ഹേതുവുമാകുന്നു. ദേശം, കാലം, കാൎയ്യം എന്നിവയുടെ ഭേദമനുസരിച്ചു കോശദണ്ഡങ്ങളിലേതെങ്കിലുമൊന്നു പ്രമാണമായി ഭവിക്കും. ലബ്ധമായ കോശത്തെ പാലിക്കുക മാത്രമാണ് ദണ്ഡംകൊണ്ടു സാധിക്കുന്നതു്; കോശമാകട്ടെ കോശത്തെയും ദണ്ഡത്തെയും പാലിക്കുന്നതാകുന്നു. സൎവ്വദ്രവ്യങ്ങൾക്കും പ്രയോജകം കോശമാകകൊണ്ടു കോശവ്യസനത്തിന്നുതന്നെയാണ് ഗൌരവമധികം.

ദണ്ഡമിത്രവ്യസനങ്ങളിൽവച്ചു മിത്രവ്യസനമാണു ഗുരുതരമെന്നു വാതവ്യാധി പറയുന്നു. വേതനം കൊടുത്തു പോററാതെയും ദേശാന്തരത്തിലിരുന്നും മിത്രം കൎമ്മത്തെച്ചെയ്യുകയും പാൎഷ്ണിഗ്രാഹൻ, ആസാരൻ, അമിത്രൻ, ആടവികൻ എന്നിവരെ തടുക്കുകയും കോശവും സൈന്യവും ഭൂമിയും നൽകി ഉപകരിക്കയും വ്യസനത്തിങ്കൽ സാഹായ്യത്തിന്നെത്തുകയും ചെയ്യുമല്ലോ.

അങ്ങനെയല്ലെന്നാണു കൌടില്യമതം. ദണ്ഡമുള്ളവനു മാത്രമേ, മിത്രം മൈത്രിയോടെ വൎത്തിക്കുകയോ ശ

ത്രു മിത്രമായിച്ചമയുകയോ ചെയ്യുകയുള്ളു. മണ്ഡമിത്രങ്ങൾക്ക രണ്ടിനും തുല്യമായിട്ടുള്ള കാൎയ്യത്തിൽ ഏതിന്നാണോ ബലാധിക്യവും യുദ്ധോചിതമായ ദേശകാലങ്ങളുടെ ലാഭവുമുള്ളത് അതിന്ന വിശേഷം കല്പിക്കാവുന്നതാണ്. എന്നാൽ, പെട്ടന്ന യുദ്ധത്തിന്ന പോകേണ്ടിവരുമ്പോഴും ശത്രുകോപമോ ആടവികകോപമോ ആഭ്യന്തരകോപമോ വരുമ്പോഴും മിത്രത്തെ കിട്ടുകയില്ല. വിജിഗീഷുവിന്നും ശത്രുവിന്നും ഏകകാലത്തു വ്യസനം വരികയും ശത്രുവിന്ന വൃദ്ധി വരികയും ചെയ്യുന്നതായാൽ അവരിലാരിൽനിന്നാണോ ധനം കിട്ടുക അവരോട ചേൎന്നിട്ടായിരിക്കും മിത്രത്തിന്റെ സ്ഥിതി.—ഇങ്ങനെ പ്രകൃതിവ്യസനങ്ങളുടെ സമ്പ്രധാരണം (ഗുരുലാഘവതാനിൎണ്ണയം) പറയപ്പെട്ടു.

പ്രകൃത്യവയവങ്ങൾക്ക
ഭവിക്കും വ്യസനങ്ങളിൽ
ബാഹുല്യം ഭക്തിയും പിന്നെ-
ശ്ശക്തിയും കാൎയ്യസാധകം.

വ്യസനം രണ്ടാൾക്കുമൊക്കിൽ
ഭേദം വൃദ്ധിക്ഷയങ്ങളാൽ
ശേഷപ്രകൃതിസാൽഗുണ്യം
പരന്നില്ലെന്നിരിക്കുകിൽ.

പ്രധാനന്താൻ തദന്യന്താ-
നൊന്നിന്റെ വ്യസനത്തിനാൽ
ശേഷപ്രകൃതികൾക്കുണ്ടാം
നാശമെന്നാലതാം ഗുരു.

കൗടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വ്യസനാധികാരികമെന്ന എട്ടാമധികരണത്തിൽ, പ്രകൃതിവ്യസനവൎഗ്ഗമെന്ന ഒന്നാമദ്ധ്യായം.

## രണ്ടാം അദ്ധ്യായം

### ഒരുനൂററിരുപത്തെട്ടാം പ്രകരണം

### രാജരാജ്യങ്ങളുടെ വ്യസനചിന്ത.

പ്രകൃതികളെന്നാൽ ചുരുക്കത്തിൽ രാജാവും രാജ്യവുമാകുന്നു.

രാജാവിന്റെ വ്യസനം ആഭ്യന്തരമോ ബാഹ്യമോ ആയ കോപമത്രേ. അവയിൽവച്ച് ആഭ്യന്തരകോപം അഹിഭയമാകയാൽ ബാഹ്യകോപത്തെക്കാൾ ഗുരുതരമാണ്. അന്തഃകോപത്തിൽവച്ചും ആഭ്യന്തരനായ അമാത്യന്റെ കോപം അധികം ഗുരുതരമാകുന്നു. ആയതുകൊണ്ടു കോശത്തിന്റെയും സൈന്യത്തിന്റെയും അധികാരത്തെ രാജാവു തന്റെ അധീനതയിൽത്തന്നെ വച്ചുകൊണ്ടിരിക്കണം.

"ദ്വൈരാജ്യം (രണ്ടു രാജാക്കന്മാരുടെ ഭരണം) വൈരാജ്യം (വിദേശീയരാജാവിന്റെ ഭരണം) എന്നിവയിൽ വച്ചു ദ്വൈരാജ്യം രണ്ടു രാജാക്കന്മാരുടെയും പക്ഷക്കാർ തമ്മിലുള്ള രാഗദ്വേഷങ്ങൾ കാരണമോ പരസ്പരസംഘർഷത്താലോ നശിച്ചുപോകും. വൈരാജ്യമാകട്ടെ, പ്രജകളുടെ അഭിപ്രായമറിഞ്ഞു ഭരിക്കുന്നതാകയാൽ യഥാസ്ഥിതമാകുംവണ്ണം അന്യന്മാരാൽ നടത്തപ്പെടുന്നു" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, അങ്ങനെയല്ലെന്നാണു കൗടില്യമതം. അച്ഛനും മകനുമോ ജ്യേഷ്ഠനും അനുജനുമോ തമ്മിൽ തർക്കിക്കുന്നതിനാലാണല്ലോ ദ്വൈരാജ്യം ഉണ്ടാകുന്നത്. അതു് ഏകയോഗക്ഷേമമാകയാൽ അമാത്യന്മാർ വിചാരിച്ചാൽ ഒതുക്കിക്കൊണ്ടുപോകുവാൻ സാധിക്കും. വൈരാജ്യത്തിങ്കലാകട്ടെ രാജാവു പരൻ ജീവിച്ചിരിക്കേ അവന്റെ രാജ്യം ബലാൽക്കാരേണ പിടിച്ചടക്കിയിട്ടു പിന്നെ 'ഇതെന്റെയല്ല' എന്ന വിചാ

രത്തോടുകൂടി രാജ്യത്തെ കർശിപ്പിക്കുകയോ ചൈശപാർശ്വത്തെ അപവാഹനം ചെയ്കയോ രാജ്യത്തെ ഒരു പണ്യവസ്തുവാക്കിത്തീർക്കുകയോ വിരക്തമായിച്ചമഞ്ഞാൽ ഉപേക്ഷിച്ചു പോകയോ ചെയ്യും.

രാജാവ് അന്ധനാകുന്നതോ ചലിതശാസ്ത്രനാകുന്നതോ ഭേദം എന്ന ചിന്തയിങ്കൽ, "ശാസ്ത്രചക്ഷുസ്സില്ലായ്കയാൽ അന്ധനായി, യൽകിഞ്ചനകാരി (അസമീക്ഷ്യകാരി) യായി, ദൃഢാഭിനിവേശത്തോടുകൂടിയവനായി, പരന്മാർ പറയുന്നതുപോലെ പ്രവൃത്തിക്കുന്നവനായ രാജാവ് അന്യായകർമ്മംകൊണ്ടു രാജ്യത്തെ നശിപ്പിക്കും. ചലിതശാസ്ത്രനാകട്ടേ ശാസ്ത്രത്തിൽനിന്നു ബുദ്ധി വ്യതിചലിക്കുമ്പോൾ അദ്ദേഹത്തെ അനുനയിക്കുവാൻ (സാമംകൊണ്ടു സമാധാനിപ്പിക്കുവാൻ) സാധിക്കും" എന്ന് ആചാര്യന്മാർ പറയുന്നു. എന്നാൽ, അങ്ങനെയല്ലെന്നാണു കൌടില്യമതം. എന്തുകൊണ്ടെന്നാൽ, അന്ധനായ രാജാവിനെ അമാത്യഗുണംകൊണ്ട് ഏതു കാര്യത്തിൽ വേണമോ അതിൽ ഉറപ്പിച്ചുനിർത്തുവാൻ സാധിക്കും; ചലിതശാസ്ത്രനാകട്ടേ ശാസ്ത്രവിരുദ്ധമായ കർമ്മങ്ങളിൽ അഭിനിവിഷ്ടബുദ്ധിയാകയാൽ അന്യായകർമ്മം ചെയ്തു രാജ്യത്തെയും ആത്മാവിനെയും നശിപ്പിക്കുകതന്നെ ചെയ്യും.

വ്യാധിതനായ രാജാവോ നവീനനായ രാജാവോ ഭേദം എന്ന ചിന്തയിങ്കൽ, "വ്യാധിതനായവൻ അമാത്യമൂലമായ രാജ്യനാശത്തെയോ രാജ്യമൂലമായ പ്രാണനാശത്തെയോ പ്രാപിക്കും; നവീനനാകട്ടേ സ്വധർമ്മാനുഷ്ഠാനം, അനുഗ്രഹപരിഹാരങ്ങൾ, ദാനമാനങ്ങൾ എന്നിങ്ങനെ പ്രകൃതിരഞ്ജകങ്ങളായ പ്രവൃത്തികൾ ചെയ്തുംകൊണ്ടിരിക്കും" എന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, അപ്രകാരമല്ലെന്നാണ് കൌടില്യമതം. വ്യാധിതനായ രാജാവു് രാജകൃത്യങ്ങളെ പതിവുപോലെ

നടത്തിക്കൊണ്ടിരിക്കും. നവീനനാകട്ടെ, "എന്റെ ബലത്താൽ സമ്പാദിക്കപ്പെട്ടതാണ് ഈ രാജ്യം; ഇതെന്റെ സ്വന്തമാണ്" എന്നു വിചാരിച്ച് യാതൊരു തടസ്ഥവും കൂടാതെ സ്വേച്ഛപോലെ നടക്കും. അല്ലെങ്കിൽ, സാമവായികന്മാരാൽ പരാധീനനാക്കപ്പെട്ട് രാജ്യവിനാശത്തെ സഹിച്ചുംകൊണ്ടിരിക്കും. പ്രകൃതികളിൽ ദൃഢമൂലനല്ലായ്കയാൽ അദ്ദേഹത്തെ എളുപ്പത്തിൽ ഉച്ഛേദിക്കുവാനും സാധിക്കും.

എന്നാൽ, വ്യാധിതനായ രാജാവിന്റെ കാര്യത്തിൽ പാപരോഗി (കുഷ്ഠാദിരോഗി) യും അപാപരോഗിയുമെന്നു വിശേഷമുണ്ട്. നവീനന്റെ കാര്യത്തിലും അഭിജാതനെന്നും അനഭിജാതനെന്നും വിശേഷമുണ്ട്.

ദുർബ്ബലനെങ്കിലും അഭിജാതനായിട്ടുള്ള രാജാവോ, അനഭിജാതനെങ്കിലും ബലവാനായിട്ടുള്ള രാജാവോ ഭേദം എന്ന ചിന്തയിങ്കൽ, "അഭിജാതനാണെങ്കിലും ദുർബ്ബലനാണെങ്കിൽ ദൌർബ്ബല്യം കാരണം പ്രജകൾ വളരെ പണിപ്പെട്ടേ അദ്ദേഹത്തിന്റെ ഉപജാപത്തെ അംഗീകരിക്കയുള്ളൂ; അഭിജാതനല്ലെങ്കിലും ബലവാനാണെങ്കിൽ ബലം കാരണം എളുപ്പത്തിൽ ജനങ്ങൾ അധീനരാകും" എന്ന് ആചാര്യന്മാർ പറയുന്നു. എന്നാൽ, അങ്ങനെയല്ലെന്നാണ് കൌടില്യമതം. ദുർബ്ബലനെങ്കിലും അഭിജാതനായിട്ടുള്ളവനെ പ്രകൃതികൾ സ്വയമേവ ചെന്ന് ആശ്രയിക്കും. കാരണം, ജാത്യനായിട്ടുള്ളവനെയാണ് ഐശ്വര്യപ്രകൃതി അനുവർത്തിക്കുക എന്നതുതന്നെ. ബലവാനെങ്കിലും അഭിജാതനല്ലാത്തവന്റെ ഉപജാപത്തെ പ്രകൃതികൾ അനുസരിക്കുകയില്ല. കാരണം, സ്നേഹമുള്ളേടത്തേ സർവ്വഗുണങ്ങളുമുണ്ട് എന്നതുതന്നെ.

കൃഷിചെയ്തുണ്ടാക്കിയ സസ്യങ്ങളുടെ നാശം മുഷ്ടിവധ (വിത്തു വിതയ്ക്കാതിരിക്കുക) ത്തേക്കാളധികം പീഡയാ

കുന്നു. കാരണം, സസ്യങ്ങൾ നശിക്കുമ്പോൾ കൃഷകന്റെ പ്രയത്നം നശിക്കുന്നു എന്നതുതന്നെ. അവൃഷ്ടി അതിവൃഷ്ടിയെക്കാളധികം ചീത്തയാകുന്നു. കാരണം, വൃഷ്ടിയില്ലാതിരിക്കുമ്പോൾ ജീവിപ്പാൻകൂടി ഉപായമില്ലെന്നതുതന്നെ.

ഇത്ഥം പ്രകൃതികൾക്കുണ്ടാം
വ്യസനേ തൽബലാബലം
പാരമ്പര്യക്രമത്താലേ
യാനസ്ഥാനൈകകാരണം. *

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വ്യസനാധികാരികമെന്ന
എട്ടാമധികരണത്തിൽ, രാജരാജ്യങ്ങളുടെ
വ്യസനചിന്ത എന്ന രണ്ടാമദ്ധ്യായം.

---

## മൂന്നാം അദ്ധ്യായം.

---

### ഒരുനൂററിരുപത്തൊമ്പതാം പ്രകരണം.

### പുരുഷവ്യസനവർഗ്ഗം.

വിദ്യാവിനയമില്ലായ്മയാണ് പുരുഷവ്യസനങ്ങൾക്കു ഹേതു. അവിനീതനായ പുരുഷൻ വ്യസനദോഷങ്ങളെ കാണുകയില്ലല്ലോ. അതുകൊണ്ട് ആ വ്യസനദോഷങ്ങളെ ഉപദേശിക്കാം:—

കോപത്താലുള്ള വ്യസനങ്ങൾ മൂന്നുകൂട്ടം; കാമത്താലുള്ളവ നാലുകൂട്ടം. അവയിൽവെച്ചു കോപമാണ് ഗുരുത

---

* വിജിഗീഷുവിനും ശത്രുവിനും പ്രകൃതിവ്യസനമുണ്ടാകുമ്പോൾ വിജിഗീഷുവിന്റേതിനു ബലം കൂടുതലിരുന്നാൽ യാനവും, മറിച്ചായാൽ സ്ഥാനവും അനുഷ്ഠേയമാണെന്നു സാരം.

രമായിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ, കോപം സജ്ജരിലും പ്രവൃത്തിക്കും; പ്രായേണ കോപവശഗന്മാരായ രാജാക്കന്മാർ പ്രകൃതികോപങ്ങൾ കാരണം വധിക്കപ്പെട്ടതായി കേട്ടിട്ടുണ്ടു്. കാമവശഗന്മാരായവരാകട്ടെ സൈന്യനാശവും ധനനാശവും കാരണം ശത്രുക്കളാലും വ്യാധികളാലും വധിക്കപ്പെട്ടതായിട്ടാണു് കേട്ടിട്ടുള്ളതു്.

അപ്രകാരമല്ലെന്നു ഭാരദ്വാജൻ. എന്തുകൊണ്ടെന്നാൽ:—കോപം സൽപുരുഷന്മാരുടെ ആചാരമാണു്. വൈരനിര്യാതനം, അവമാനത്തിന്റെ നിവാരണം, ആളുകൾക്കൊക്കെ ഒരു ഭയം എന്നിവ കോപത്താലാണു് സിദ്ധിക്കുന്നതു്. പാപത്തെ പ്രതിഷേധിക്കുന്നതിന്നു കോപം എല്ലായ്പ്പോഴും ആവശ്യവുമാകുന്നു. കാമം സുഖസിദ്ധിയുടെ ഹേതുവാണു്. സാന്ത്വം, ദാനശീലം, സപ്രിയത്വം (സൌമ്യത) എന്നിവ കാമത്താൽ സിദ്ധിക്കുന്നു. പ്രവൃത്തി ചെയ്തവന്നു് അതിന്റെ ഫലമനുഭവിക്കുന്നതിൽ കാമത്തെ ആശ്രയിക്കാതെ കഴിയുകയുമില്ല.

അങ്ങനെയല്ലെന്നാണു് കൌടില്യമതം. കോപം ദ്വേഷ്യതയേയും ശത്രുലാഭത്തെയും ദുഃഖാസംഗത്തെയും ജനിപ്പിക്കും. കാമം പരിഭവത്തെ (അവമാനപ്രാപ്തി) യും ദ്രവ്യനാശത്തെയും ചോരന്മാർ, ചൂതുകളിക്കാർ, നായാട്ടുകാർ, ഗായകന്മാർ, വാദകന്മാർ എന്നിങ്ങനെയുള്ള അനർത്ഥ്യജനങ്ങളുമായി കൂട്ടുകെട്ടിനേയും ജനിപ്പിക്കും. അവയിൽവച്ചു (കാമജമായ) പരിഭവത്തേക്കാൾ (കോപജമായ) ദ്വേഷ്യതയ്ക്കു ഗൌരവമധികമുണ്ടു്. പരിഭവിക്കപ്പെട്ടവനെ സ്വജനങ്ങളും പരജനങ്ങളും അടിമയാക്കുകയേയുള്ളൂ; ദ്വേഷ്യനായവനെയാകട്ടെ ഉച്ഛേദിക്കുകതന്നെ ചെയ്യും. (കാമജമായ) ദ്രവ്യനാശത്തേക്കാൾ (കോപജമായ) ശത്രുലാഭത്തിന്നു ഗൌരവം കൂടും. ദ്രവ്യനാശം കോശത്തെ മാത്രമേ ബാധിക്കയുള്ളൂ; ശത്രുലാഭം പ്രാണ

നെത്തന്നെ ബാധിക്കും. (കാമജമായ) അനർത്ഥസംയോഗത്തെക്കാറം (കോപജമായ) ദുഃഖസംയോഗത്തിന്ന ഗൌരവം കൂടും. അനർത്ഥസംയോഗം കുറച്ചുനേരമെങ്കിലും പ്രീതിയെജ്ജനിപ്പിക്കും; ദുഃഖസംയോഗമാകട്ടെ ദീർഘകാലത്തേക്കു ക്ലേശത്തെമാത്രം ഉണ്ടാക്കിത്തീർക്കും. അതുകൊണ്ടു കോപത്തിന്ന കാമത്തെക്കാറം ഗൌരവം കൂടും.

വാക്പാരുഷ്യം, അർത്ഥദൂഷണം, ദണ്ഡപാരുഷ്യം എന്നിവയാണു കോപജമായ മൂന്നു കൂട്ടം. വാക്പാരുഷ്യം, അർത്ഥദൂഷണം എന്നിവയിൽവച്ചു വാക്പാരുഷ്യമാണു ഗുരുതരമെന്നു വിശാലാക്ഷൻ. എന്തുകൊണ്ടെന്നാൽ, തേജസ്വിയായ ഒരുവനോടു പരുഷമായ വാക്കു പറഞ്ഞാൽ തേജസ്സ് (അധിക്ഷേപാദികളെ സ്സഹിക്കാത്ത സ്വഭാവം) ജ്വലിച്ച്, അവൻ വക്താവിൻെറ നേക്കു തട്ടിക്കയറും. ദുർവ്വചനമാകുന്ന ശല്യം ഹൃദയത്തിൽ തറച്ചാൽ തേജസ്സിനെ ദീപിപ്പിക്കയും ഇന്ദ്രിയങ്ങളെ ഉപതപിപ്പിക്കുകയും ചെയ്യും.

അപ്രകാരമല്ലെന്നാണ് കൌടില്യമതം. അർത്ഥം കൊടുത്തു മാനിച്ചാൽ വാക്ശല്യം പറിഞ്ഞുപോകും. അർത്ഥദൂഷണമാകട്ടെ ഉപജീവനത്തെത്തന്നെ ഇല്ലായ്മചെയ്യുന്നതാണ്. അർത്ഥത്തെ കൊടുക്കാതിരിക്കുക, ആദാനം ചെയ്യുക, നശിപ്പിക്കുക, ഉപേക്ഷിക്കുക എന്നിവയാണല്ലോ അർത്ഥദൂഷണം.

അർത്ഥദൂഷണം, ദണ്ഡപാരുഷ്യം, എന്നിവയിൽവച്ച് അർത്ഥദൂഷണമാണു ഗുരുതരമെന്നു പരാശരശിഷ്യന്മാർ. അർത്ഥമാണ് ധർമ്മകാമങ്ങൾക്കു മൂലം; അർത്ഥത്തോടുകൂട്ടിക്കെട്ടിയിട്ടാണു ലോകംതന്നെ നിലനിൽക്കുന്നത്. അങ്ങനെയുള്ള അർത്ഥത്തിൻെറ ഉപഘാതം മറേറതിനെക്കാറം ഗുരുതരമാണ്.

അപ്രകാരമല്ലെന്നു കൌടില്യമതം, എത്രവലരെ അ

ർത്ഥം കിട്ടിയാലും, ഒരാളും ശരീരവിനാശത്തെ ഇച്ഛിക്കുകയില്ല; നേരമറിച്ച്, അന്യന്മാരുടെ കയ്യിൽനിന്നു ദണ്ഡപാരുഷ്യമേൽക്കുന്നതിനു പകരം അർത്ഥനാശത്തെയാണ് ഇഷ്ടപ്പെടുക.—ഇങ്ങനെ കോപജമായ മൂന്നു കുറ്റം.

കാമജമായ നാലു കുറ്റമാകട്ടെ നായാട്ട്, ചൂത്, സ്ത്രീസേവ, മദ്യപാനം എന്നിവയാകുന്നു. അവയിൽ നായാട്ട്, ചൂത് എന്നിവയിൽവച്ചു നായാട്ടിനാണധികം ഗൌരവമെന്നു പിശുനൻ. നായാട്ടിൽ ചോരന്മാർ, ശത്രുക്കൾ, ദുഷ്ടമൃഗങ്ങൾ, കാട്ടുതീ, മാർഗ്ഗസ്ഖലനം എന്നിവയിൽനിന്നുള്ള ഭയവും ദിഗ്ഭ്രമവും ക്ഷുൽപിപാസകളും പ്രാണക്ഷയവും ഉണ്ടാകുന്നു. ചൂതിലാകട്ടെ അക്ഷവിദ്വാൻ ജയിക്കുകതന്നെ ചെയ്യും. ഉദാഹരണം ജയത്സേനനും ദുര്യോധനനും.

അങ്ങനെയല്ലെന്നു കൌടില്യമതം. ചൂതാടുന്ന ഇരുവരിലൊരുവനു പരാജയം വരുമെന്നു നളയുധിഷ്ഠിരന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ചൂതിൽ ജയിച്ചുകിട്ടിയ ദ്രവ്യംതന്നെ ആമിഷമാണ്. അതു വൈരത്തെ ജനിപ്പിക്കും; സത്തായ അർത്ഥം അതിൽ ദുരുപയോഗപ്പെടും; അസത്തായിട്ടുള്ളതു സമ്പാദിക്കും; ലബ്ധമായ അർത്ഥം അനുഭവിക്കാതെ നശിക്കും; മലമൂത്രധാരണംകൊണ്ടും ക്ഷുത്തു മുതലായവകൊണ്ടും വ്യാധി പിടിപെടുകയും ചെയ്യും. ഇങ്ങനെ ചൂതിൽ വളരെ ദോഷങ്ങളുണ്ട്. നായാട്ടിലാകട്ടെ വ്യായാമം, കഫപിത്തമേദഃസ്വേദങ്ങളുടെ നാശം, ഇളകുന്നതും ഇളകാത്തതുമായ ദേഹത്തിൽ ലക്ഷ്യപരിചയം, കോപത്തിലും ഭയത്തിലുമുള്ള ചേഷ്ടകളിൽനിന്നു മൃഗങ്ങളുടെ ചിത്തജ്ഞാനം എന്നിങ്ങനെ പല ഗുണങ്ങളുമുണ്ട്; നായാട്ടിനുള്ള യാനം അനിത്യവുമാകുന്നു.

ചൂത്, സ്ത്രീസേവ എന്നിവയിൽവച്ചു ചൂതാണ് അധികം വലിയ വ്യസനമെന്നു കൌണപദന്തൻ. എന്തു

കൊണ്ടെന്നാൽ:—ചൂതാട്ടക്കാരൻ രാത്രിയിൽ വിളക്കുവെച്ചും, അമ്മ മരിച്ചാൽക്കൂടിയും ഇടവിടാതെ കളിക്കുക തന്നെ ചെയ്യും; സങ്കടത്തിൽപ്പെട്ടിരിക്കുമ്പോൾ വല്ലതും ചോദിച്ചാൽ കോപിക്കുകയും ചെയ്യും. സ്ത്രീവ്യസനത്തിങ്കലാകട്ടെ സ്നാനാലങ്കരണഭോജനസ്ഥലങ്ങളിൽവച്ച് ധർമ്മാർത്ഥങ്ങളെക്കുറിച്ച് ചോദിക്കുവാൻ കഴിവുണ്ട്; ആ സ്ത്രീയെ രാജഹിതത്തിൽ നിർത്തുവാനോ, ഉപാംശുദണ്ഡംകൊണ്ടോ വ്യാധികൊണ്ടോ വ്യാവർത്തിപ്പിക്കയൊ ദേശാന്തരത്തേക്കു നയിക്കുകയോ ചെയ്യാനോ സാധിക്കുന്നതുമാണ്.

അപ്രകാരമല്ലെന്നു കൌടില്യമതം. ചൂതിൽ, നഷ്ടപ്പെട്ട വാസ്തുവിനെ വീണ്ടെടുക്കുവാൻ സാധിക്കും; സ്ത്രീവ്യസനത്തിൽ വീണ്ടെടുക്കത്തതായിട്ടൊന്നില്ലെന്നു തന്നെയല്ല, രാജാവിനെ കാണ്മാൻ കഴിയായ്ക, കാര്യങ്ങളിൽ അനുത്സാഹം, കാലാതിക്രമണത്താൽ അനർത്ഥപ്രാപ്തിയും ധർമ്മലോപവും, തന്ത്രത്തിൽ (സ്വദേശരക്ഷണത്തിൽ) ദൌർബ്ബല്യം എന്നിവ വരികയും മദ്യപാനദോഷം അനുബന്ധിച്ചു വരികയും ചെയ്യും.

സ്ത്രീപാനവ്യസനങ്ങളിൽവച്ച് സ്ത്രീവ്യസനമാണ് മേലെ എന്നു വാതവ്യാധി. എന്തുകൊണ്ടെന്നാൽ:—സ്ത്രീകളിൽ അനേകവിധത്തിൽ ബാലിശ്യം (മൂർഖത) ഉണ്ടെന്നു നിശാന്തപ്രണിധിയിൽ പറഞ്ഞിട്ടുണ്ട്. പാനത്തിങ്കലാകട്ടെ ശബ്ദാദികളായ ഇന്ദ്രിയവിഷയങ്ങളെ ഉപഭുജിക്കുക, പ്രീതിദാനംചെയ്ക, പരിജനങ്ങളെ സൽക്കരിക്കുക, പ്രവൃത്തികൾ ചെയ്കതിനാലുണ്ടായ ശ്രമം തീൎക്കുക എന്നിവ സിദ്ധിക്കും.

അപ്രകാരമല്ലെന്നു കൌടില്യമതം. സ്ത്രീവ്യസനം അകത്തുള്ള പത്നിമാരിലാണെങ്കിൽ സന്താനാൽപത്തിയും ആത്മരക്ഷണവും ഭവിക്കും. പുറത്തുള്ളവരിലാണെ

ങ്കിൽ ഇതിന്നു വിപരീതമാകുന്നു; അഗമ്യകളായ സ്ത്രീകളിലായാൽ സർവ്വനാശം സംഭവിക്കും. പാനവ്യസനത്തിങ്കലാകട്ടെ അതു രണ്ടും നേരിടും. പാനത്തിന്റെ ഗുണങ്ങൾ സംജ്ഞാനാശം, ഉന്മത്തനല്ലാതിരിക്കത്തന്നെ ഉന്മത്തത്വം, മരിക്കാതെതന്നെ പ്രേതത്വം, കൌപീനദർശനം (അർദ്ധനഗ്നത), ശ്രുതവും പ്രജ്ഞയും പ്രാണനും ധനവും മിത്രവും നശിക്കുക, സജ്ജനവിരഹം, അനർത്ഥ്യസംയോഗം, അർത്ഥനാശകങ്ങളായ വീണാഗാനകൌശല്യങ്ങളിൽ അതിപ്രസക്തി എന്നിവയാകുന്നു.

ചൂതു്, മദ്യം എന്നിവയിൽവെച്ചു ചൂതാണധികം അനർത്ഥകരമെന്നു ചിലരുടെ പക്ഷം. ചൂതുകളിയിൽ, പ്രാണികളിലായാലും അചേതനങ്ങളിലായാലും പണനിമിത്തമായിട്ടു് ഓരോ കക്ഷിക്കു ജയമോ പരാജയമോ രണ്ടിലൊന്നു വരുന്നതുകൊണ്ടു രണ്ടു പക്ഷമായിത്തിരിഞ്ഞിട്ടുള്ള പ്രകൃതികോപത്തെ അതു ജനിപ്പിക്കും. വിശേഷിച്ചു് സംഘങ്ങൾക്കും സംഘധർമ്മികളായ രാജകുലങ്ങൾക്കുമിടയിൽ ചൂതുനിമിത്തമായിട്ടു ഭേദവും അതു കാരണമായി വിനാശവും നേരിടുകയും ചെയ്യും. അസജ്ജനങ്ങളെ പൂജിച്ചുംകൊണ്ടുള്ളതായ വ്യസനം വന്നാൽ സ്വദേശഭരണത്തിൽ ദൌർബ്ബല്യം നേരിടുന്നതുകൊണ്ടു്. അതാണു് എല്ലാവ്യസനങ്ങളിലുംവെച്ചു് ഏററവുമധികം പാപമായിട്ടുള്ളതു് *.

അസൽപൂജാഹേതു കാമം,
കോപം സന്നിഗ്രഹാത്മകം;
ദോഷമേറുകയാൽ രണ്ടു-
മത്യന്തം വ്യസനം മതം.

* ഈ മതം അപ്രതിഷിദ്ധമായതുകൊണ്ടു കൌടില്യനു അനുമതമെന്നൂഹിക്കാവുന്നതാണു്.

അതിനാൽധീരനായ് വൃദ്ധ-
സേവിയായ് വശിയാം ബുധൻ
ഒഴിപ്പൂ ദുഃഖകരമാം
കോപകാമങ്ങൾ മൂലഹം.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വ്യസനാധികാരികമെന്ന മൂന്നാമധികരണത്തിൽ, പുരുഷവ്യസനവർഗ്ഗമെന്ന മൂന്നാമദ്ധ്യായം.

---

## നാലാം അദ്ധ്യായം.

---

### ഒരുനൂററിമുപ്പതു മുതൽ മുപ്പത്തിരണ്ടുകൂടി പ്രകരണങ്ങൾ.

### പീഡനവർഗ്ഗം, സ്തംഭനവർഗ്ഗം, കോശസംഗവർഗ്ഗം.

അഗ്നി, ജലം, വ്യാധി, ദുർഭിക്ഷം, മരകം എന്നിവ ദൈവത്താലുള്ള പീഡനമാകുന്നു.

"അഗ്നിജലങ്ങളിൽവച്ചു് അഗ്നിപീഡനം അപ്രതിവിധേയവും എല്ലാ വസ്തുക്കളേയും ദഹിക്കുന്നതുമാണ്; ജലപീഡനമാകട്ടെ ശമിപ്പിക്കുവാൻ സാധിക്കുന്നതും അതിന്റെ ബാധയെ തരണംചെയ്യാൻ കഴിയുന്നതുമാണ്" എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൌടില്യമതം. എന്തുകൊണ്ടെന്നാൽ, അഗ്നി ഒരു ഗ്രാമത്തെയോ അർദ്ധഗ്രാമത്തെയോ മാത്രമേ ദഹിക്കുകയുള്ളൂ; ജലവേഗമാകട്ടേ ഗ്രാമശതങ്ങളിൽ പ്രവഹിക്കുന്നതാണ്.

"വ്യാധിദുർഭിക്ഷങ്ങളിൽവച്ചു മരണത്താലും രോഗത്താലും പരിചാരകന്മാർ ഇല്ലാതായി പ്രയത്നത്തിന്നുപരോധം വരികയാൽ വ്യാധി, സർവ്വ കർമ്മങ്ങളേയും ഉപഹനിക്കും; ദുർഭിക്ഷമാകട്ടെ കർമ്മോപഘാതം വരുത്താത്തതും ഹിരണ്യമായും പശുക്കളായുമുള്ള കരത്തെ പ്രതിഹനിക്കാ

ത്തുമാണ്'' എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൌടില്യമതം. വ്യാധി, രാജ്യൈകദേശത്തെ മാത്രം പീഡിക്കുന്നതും പ്രതിവിധേയവുമാണ്; ദുർഭിക്ഷമാകട്ടെ സർവ്വദേശപീഡനവും പ്രാണികൾക്കു ജീവിപ്പാൻ മാർഗ്ഗമില്ലാതാക്കുന്നതുമാണ്'. ഇതിനെപ്പറഞ്ഞതുകൊണ്ടു മരകത്തെയും പറഞ്ഞുകഴിഞ്ഞു.

"ക്ഷുദ്രമുഖ്യക്ഷയങ്ങളിൽവച്ച് ക്ഷുദ്രജനങ്ങളുടെ ക്ഷയം സർവ്വകർമ്മങ്ങളുടേയും യോഗക്ഷേമങ്ങളെ കെടുക്കും. മുഖ്യക്ഷയമാകട്ടെ കർമ്മാനുഷ്ഠാനത്തിനു വിഘ്നം വരുത്തുകയേയുള്ളൂ'' എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൌടില്യമതം. ക്ഷുദ്രജനങ്ങൾക്കു സംഖ്യാബാഹുല്യമുള്ളതുകൊണ്ടു ക്ഷുദ്രക്ഷയത്തിനു പ്രതിവിധി ചെയ്യാൻ കഴിയും; മുഖ്യക്ഷയം അങ്ങനെയല്ല. അനേകസഹസ്രം ജനങ്ങളിലൊരുവൻ സത്വപ്രജ്ഞകളധികമുണ്ടാകയാലും ക്ഷുദ്രജനങ്ങൾക്കാശ്രയമാകയാലും മുഖ്യനായിട്ടുണ്ടെന്നും വരും, ഇല്ലെന്നും വരും.

"സ്വചക്രപരചക്രങ്ങളിൽവച്ച് സ്വചക്രം അതിരുകവിഞ്ഞ ദണ്ഡകരങ്ങൾ ചുമത്തി പീഡിപ്പിക്കും, അതിനെ നിവാരണം ചെയ്യാൻ സാധിക്കയുമില്ല; പരചക്രത്തെയാകട്ടെ പ്രതിയോധിക്കുവാൻ ശക്യമാണ്', അപസരണമോ സന്ധിയോ ചെയ്തു ആത്മാവിനെ മോചിക്കുവാനും സാധിക്കും'' എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൌടില്യമതം. പ്രകൃതിപുരുഷന്മാരിൽ മുഖ്യന്മാരായവരെ ബന്ധിക്കുകയോ നിഗ്രഹിക്കുകയോ ചെയ്താൽ സ്വചക്രപീഡനത്തെ തടുക്കുവാൻ സാധിക്കും, അത് ഏകദേശത്തെ മാത്രമേ പീഡിക്കയുമുള്ളൂ. പരചക്രമാകട്ടെ കൊള്ളയും കൊലയും തീവയ്പും ദേശധ്വംസനവും അപവാഹനവും ചെയ്യുന്നതാകയാൽ സർവ്വദേശപീഡനമാകുന്നു.

"പ്രകൃതിവിവാദം (പ്രകൃതികൾ തമ്മിലുള്ള തക്കം), രാജവിവാദം (രാജാക്കന്മാർ തമ്മിലുള്ള തക്കം) എന്നിവയിൽവച്ചു പ്രകൃതിവിവാദം പ്രകൃതികളെ തമ്മിൽ ഭേദിപ്പിക്കുന്നതാകയാൽ ശത്രുക്കളുടെ അഭിയോഗങ്ങൾക്കിടവരുത്തും; രാജവിവാദമാകട്ടെ പ്രകൃതികൾക്കു ദ്വിഗുണമായ ഭക്തവേതനവും കരമിളവും ഉണ്ടാക്കുന്നതാണു" എന്ന് ആചാര്യന്മാർ. അപ്രകാരമല്ലെന്നു കൌടില്യമതം. പ്രകൃതിവിവാദത്തെ മുഖ്യന്മാരുടെ ഉപഗ്രഹണം, കലഹകാരണങ്ങളുടെ നിവാരണം എന്നിവ മുഖേന തീക്കുവാൻ സാധിക്കും, തമ്മിൽത്തമ്മിൽ വാദിക്കുന്ന പ്രകൃതികൾ പരസ്പരസ്പർദ്ധാകരണം ഒരു വിധത്തിൽ ഉപകാരമാണ് ചെയ്യുന്നതും; രാജവിവാദമാകട്ടെ പ്രകൃതികൾക്കു പീഡനവും ഉച്ഛേദനവും വരുവാനിടയാക്കുന്നതും ഇരട്ടി അദ്ധ്വാനം ചെയ്താൽ മാത്രം തീക്കുവാൻ സാധിക്കുന്നതുമാകുന്നു.

"ദേശവിഹാരം (ദേശവാസികളുടെ ക്രീഡ), രാജവിഹാരം (രാജാവിന്റെ ക്രീഡ) എന്നിവയിൽവച്ചു ദേശവിഹാരം ത്രികാലങ്ങളിലും കർമ്മഫലങ്ങൾക്കു നാശമുളവാക്കും; രാജവിഹാരമാകട്ടെ കാരുകന്മാർ, ശില്പികൾ, കുശീലവന്മാർ, വാഗ്ജീവനന്മാർ, വേശ്യകൾ, വൈദേഹകന്മാർ എന്നിവക്ക് ഉപകാരത്തെച്ചെയ്യും" എന്ന് ആചാര്യന്മാർ. അപ്രകാരമല്ലെന്നു കൌടില്യമതം. ദേശവിഹാരം, പ്രവൃത്തിചെയ്തിട്ടുള്ള ശ്രമം തീക്കുവാൻ വേണ്ടി കുറച്ചു സമയത്തെ മാത്രമേ അപഹരിക്കുകയുള്ളു; അങ്ങനെ ചെയ്തതിന്നുശേഷം പിന്നേയും പ്രവൃത്തികളിൽ ഉത്സാഹിപ്പിക്കുകയും ചെയ്യും. രാജവിഹാരമാകട്ടേ രാജാവു സ്വയമായും സേവകന്മാർ മുഖേനയും നാട്ടിലെ ധനം തന്നത്താൻ എടുക്കുക, യാചിച്ചു വാങ്ങുക, പണ്യാഗാരകാര്യങ്ങളിൽ പ്രതിബന്ധം വരുത്തുക എന്നിവ ചെയ്തു ദേശത്തെ പീഡിപ്പിക്കും.

"സുഭഗ (രാജാവിന്റെ ഇഷ്ടഭാര്യ), രാജകുമാരൻ എന്നിവരിൽവച്ചു കുമാരൻ ക്രീഡാസക്തനായാൽ സ്വായമായും സേവകന്മാർ മുഖേനയും നാട്ടിലെ ധനം തന്നെത്താൻ എടുക്കുക, യാചിച്ചു വാങ്ങുക, പണ്യാഗാരകാര്യങ്ങളിൽ പ്രതിബന്ധം വരുത്തുക എന്നിവചെയ്തു ദേശത്തെ പീഡിപ്പിക്കും; സുഭഗയാകട്ടെ വിലാസഭോഗംകൊണ്ടു പീഡിപ്പിക്കും" എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൗടില്യൻ. കുമാരനെ മന്ത്രിമാർക്കും പുരോഹിതന്മാർക്കും വാരണംചെയ്വാൻ സാധിക്കും; സുഭഗയെയാകട്ടെ ബാലിശതയും അനാര്യജനങ്ങളുടെ കൂട്ടുകെട്ടും കാരണം വാരണംചെയ്വാൻ സാധിക്കുകയില്ല.

"ശ്രേണി, മുഖ്യൻ എന്നിവരിൽവച്ചു ശ്രേണി ജനബാഹുല്യം കാരണം നിഷ്പ്രതിബന്ധമായി സ്തേയസാഹസങ്ങൾ ചെയ്തു ദേശത്തെ പീഡിപ്പിക്കും; മുഖ്യനാകട്ടെ കാര്യവിഘ്നവും അനുഗ്രഹവിഘാതവും ചെയ്തു പീഡിപ്പിക്കും" എന്ന് ആചാര്യന്മാർ. അപ്രകാരമല്ലെന്നു കൗടില്യമതം. ശ്രേണിയുടെയും രാജാവിന്റെയും ശീലവ്യസനങ്ങൾ സമാനങ്ങളാകയാൽ ശ്രേണിയെ എളുപ്പത്തിൽ വ്യാവർത്തിപ്പിക്കുവാൻ സാധിക്കും; ശ്രേണീമുഖ്യന്മാരെയോ അംഗങ്ങളിൽ ചിലരെയോ പ്രഗ്രഹിച്ചാലും ശ്രേണീപീഡനത്തെ ഒഴുക്കുവാൻ കഴിയും. മുഖ്യനാകട്ടെ സ്തംഭയുക്ത (പിൻബലമുള്ളവൻ) നാകയാൽ അന്യന്മാരുടെ പ്രാണനേയും ദ്രവ്യത്തെയും അപഹരിച്ച് ദേശത്തെ പീഡിപ്പിക്കും.

"സന്നിധാതാവ്, സമാഹർത്താവ് എന്നിവരിൽവച്ചു സന്നിധാതാവ്, കൃതകർമ്മങ്ങളുടെ ദൂഷണം, അത്യയം (പിഴയിടുക) എന്നിവയെക്കൊണ്ടു പീഡിപ്പിക്കും; സമാഹർത്താവാകട്ടെ കരണാധിഷ്ഠിത (സംഖ്യായകാദിസഹിതൻ) നാകയാൽ ക്ലൃപ്തമായ ഫലത്തെ മാത്രം ഉപഭോജിച്ചുകൊണ്ടു

ജോലിചെയ്യും" എന്നു ആചാര്യന്മാർ. അങ്ങനെയല്ലെ
ന്നു കൌടില്യമതം. സന്നിധാതാവ് അന്യന്മാർ കൊണ്ടു
വന്ന കോശപ്രവേശ്യമായ വസ്തുവിനെ വാങ്ങുകയേ ചെയ്യു
ന്നുള്ളൂ; സമാഹർത്താവാകട്ടെ ആദ്യം തനിക്കുവേണ്ട അ
ർത്ഥം പിരിച്ചെടുത്തിട്ടു പിന്നെയേ രാജാർത്ഥത്തെ പിരിക്കു
കയുള്ളൂ; പിരിച്ചതിനെത്തന്നെ നശിപ്പിക്കുകയും ചെയ്യും.
പരധനം പിരിക്കുന്ന കാര്യത്തിൽ തന്നത്താൻ പ്രമാണ
മാക്കി പ്രവൃത്തിക്കുകയും ചെയ്യും.

"അന്തപാലൻ, വൈദേഹകൻ എന്നിവരിൽവച്ച്
അന്തപാലൻ താൻതന്നെ ചോരന്മാരെക്കൊണ്ടപഹരി
പ്പിച്ചും രാജദേയത്തെ അത്യാദാനം ചെയ്തും വണിക്പഥ
ത്തെ പീഡിപ്പിക്കും; വൈദേഹകന്മാരാകട്ടേ പണ്യപ്രതി
പണ്യപദാർത്ഥങ്ങളെക്കൊണ്ടും ഉപകാരംകൊണ്ടും വണി
ക്പഥത്തെ അലങ്കരിക്കും" എന്നു ആചാര്യന്മാർ. അങ്ങ
നെയല്ലെന്നു കൌടില്യമതം. അന്തപാലൻ ധാരാളം പ
ണ്യവസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നതിന്നു സഹായിച്ചു
വണിക്പഥത്തെ വർദ്ധിപ്പിക്കും; വൈദേഹകന്മാരാകട്ടെ ഒ
ത്തൊരുമിച്ചു പദാർത്ഥങ്ങളുടെ വില താഴ്ത്തുകയുമുയർത്തുക
യും ചെയ്തു ഒരു പണത്തിൽ നൂറുപണവും ഒരു കുംഭത്തിൽ
നൂറുകുംഭവും മററും ലാഭമെടുത്തു ജീവിക്കുന്നു.

അഭിജാതനാൽ (തൽകുലീനനാൽ) ഉപരുദ്ധയായ
ഭൂമിയോ, പശുവ്രജങ്ങൾ അധികമുള്ള ഭൂമിയോ ഒഴിപ്പി
ച്ചെടുപ്പാൻ അധികം നല്ലത് എന്ന ചിന്തയിങ്കൽ, "അഭി
ജാതോപരുദ്ധയായ ഭൂമി ഫലസമൃദ്ധയാണെങ്കിലും ആയു
ധീയന്മാരെക്കൊണ്ടുപകരിക്കുന്നതാകയാൽ വ്യസനാബാ
ധയത്തിങ്കൽ അതിനെ ഒഴിപ്പിക്കുന്നതു യോഗ്യമാകയി
ല്ല; പശുവ്രജങ്ങളധികമുള്ള ഭൂമിയാകട്ടെ കൃഷിയോഗ്യമാ
കയാൽ മോചിപ്പിക്കാവുന്നതാണ്". വിവീതവും കൃഷി
നിലവും കൂടിയായാൽ കൃഷിനിലത്തിന്നാണല്ലോ ഗൌര

വമധികം" എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൌടില്യമതം. അഭിജാതോപരുദ്ധയായ ഭൂമി അതിമഹത്തായ ഉപകാരത്തെച്ചെയ്യുന്നതാണെങ്കിലും വ്യസനാബാധത്തെ ഭയപ്പെട്ടു മോചിപ്പിക്കാവുന്നതാണ്; പശുവ്രജോപരുദ്ധയായ ഭൂമിയാകട്ടേ കോശവും വാഹനങ്ങളും നൽകി ഉപകരിക്കുന്നതാകയാൽ, സസ്യവാപത്തിനുപരോധം വരുന്ന സംഗതിയിലൊഴിച്ച്, അതിനെ മോചിപ്പിക്കുവാൻ പാടില്ല.

"പ്രതിരോധകൻ, ആടവികൻ എന്നിവരിൽവച്ചു പ്രതിരോധകന്മാർ രാത്രിയിങ്കൽ ഒളിച്ചു നടക്കുന്നവരും ശരീരത്തെ ആക്രമിക്കുന്നവരും നിത്യദ്രോഹികളും നൂറായിരം അപഹരിക്കുന്നവരും പ്രധാനന്മാരെ കോപിപ്പിക്കുന്നവരുമാകുന്നു. ആടവികന്മാരാകട്ടേ വിപ്രകൃഷ്ടന്മാരും പ്രത്യന്തത്തിലുള്ള വനങ്ങളിൽ സഞ്ചരിക്കുന്നവരും വെളിവിൽ കാണത്തക്കവിധം പെരുമാറുന്നവരും ഏതാനും ചിലരെ മാത്രം ഹനിക്കുന്നവരുമാണ്" എന്ന് ആചാര്യന്മാർ. അങ്ങനെയല്ലെന്നു കൌടില്യമതം. പ്രതിരോധകന്മാർ പ്രമത്തന്റെ മുതൽ മാത്രമേ അപഹരിക്കുകയുള്ളു; അവർ അല്പന്മാരും കുണ്ഠന്മാരും എളുപ്പത്തിൽ അറിവാനും പിടിപ്പാനും കഴിയുന്നവരുമാണ്. ആടവികന്മാരാകട്ടെ, സ്വദേശസ്ഥന്മാരും അനല്പന്മാരും വിക്രാന്തന്മാരുമാണ്. പ്രകാശമായി യുദ്ധംചെയ്കയും അപഹരിക്കുകയും ദേശങ്ങളെ ഹനിക്കുകയും ചെയ്യുന്ന അവർ രാജാക്കന്മാരെപ്പോലെ തന്നെയാണ്.

മൃഗവനം, ഹസ്തിവനം എന്നിവയിൽവച്ചു മൃഗങ്ങൾ എണ്ണത്തിൽ അധികവും ധാരാളം മാംസംകൊണ്ടും ചർമ്മംകൊണ്ടും ഉപകരിക്കുന്നവയും അല്പാഹാരത്തോടും അധികം ക്ലേശത്തോടും കൂടിയവയും എളുപ്പത്തിൽ പിടിച്ചൊതുക്കുവാൻ സാധിക്കുന്നവയുമാണ്; ഹസ്തികൾ ഇതിൽനി

ന്നു വിപരീതമത്രെ. പിടിക്കുന്ന ഹസ്തികൾ ദുഷ്ടരാണെങ്കിൽ ദേശവിനാശംവരുത്തുകയും ചെയ്യും.

സ്വസ്ഥാനീയത്തിൽ ചെയ്യുന്നതും പരസ്ഥാനീയത്തിൽ ചെയ്യുന്നതുമായ ഉപകാരങ്ങളിൽവച്ചു സ്വസ്ഥാനീയോപകാരം ജാനപദന്മാൎക്കു ധാന്യപശുഹിരണ്യകുപ്യങ്ങളുതകുന്നതും ആപത്തിങ്കൽ ആത്മധാരണത്തിന്നുപയോഗപ്പെടുന്നതുമാണ്; ഇതിൽനിന്നു വിപരീതമാണു പരസ്ഥാനീയോപകാരം—ഇങ്ങനെ പീഡനങ്ങൾ.

മുഖ്യന്മാരാൽ ചെയ്യപ്പെടുന്ന സ്തംഭനം (രാജകാൎയ്യോപരോധം) ആഭ്യന്തരവും, മിത്രത്താലും ആടവികനാലും ചെയ്യപ്പെടുന്ന സ്തംഭനം ബാഹ്യവുമാകുന്നു—ഇങ്ങനെ സ്തംഭനവൎഗ്ഗം.

ബാഹ്യാഭ്യന്തരങ്ങളായ സ്തംഭനങ്ങളെക്കൊണ്ടും മുൻപറഞ്ഞ പീഡനങ്ങളെക്കൊണ്ടും രാജകരം പീഡിതമായി മുഖ്യന്മാർ വക്കൽ പററായിപ്പോകുന്നതും, കരമിളവു കാരണം പിരിയാതെ പോകുന്നതും, ചിന്നിച്ചിതറിക്കിടക്കുന്നതും, ചുരുതൽകുറവായി പിരിക്കുന്നതും, സാമന്താടവികന്മാർ അപഹരിക്കുന്നതുമാണു കോശസംഗങ്ങൾ.

പീഡനങ്ങൾ വരാതാക്കാനും
വരികിൽത്തടയാനുമേ
വൃദ്ധ്യൎത്ഥം സ്തംഭസംഗങ്ങൾ
വരാതാക്കാനും മുതിൎന്നിടൂ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, വ്യസനാധികാരികമെന്ന എട്ടാമധികരണത്തിൽ, പീഡനവൎഗ്ഗം—സ്തംഭനവൎഗ്ഗം—കോശസംഗവൎഗ്ഗം എന്ന നാലാമദ്ധ്യായം.

---

# അഞ്ചാം അധ്യായം

## ഒരുനൂററിമുപ്പത്തിമൂന്നും മുപ്പത്തിനാലും പ്രകരണങ്ങൾ.

### ബലവ്യസനവൎഗ്ഗം, മിത്രവ്യസനവൎഗ്ഗം.

ബലവ്യസനങ്ങൾ (സൈന്യവ്യസനങ്ങൾ) ഏവയെന്നാൽ:—അമാനിതം (മാനിക്കപ്പെടാത്തതു), വിമാനിതം (അവമാനിക്കപ്പെട്ടതു), അഭൃതം (ഭരിക്കപ്പെടാത്തതു), വ്യാധിതം, നവാഗതം, ദൂരായാതം, പരിശ്രാന്തം (തളൎന്നതു) പരിക്ഷീണം (നാശംവന്നതു), പ്രതിഹതം (തടയപ്പെട്ടതു), ഹതാഗ്രവേഗം (അഗ്രയുദ്ധത്തിൽ ഹനിക്കപ്പെട്ടതു), അനൃതുപ്രാപ്തം (അകാലത്തിൽ പ്രാപ്തം), അഭൂമിപ്രാപ്തം (അനുചിതഭൂമിയിൽ പ്രാപ്തം), ആശാനിൎവ്വേദി (ഇച്ഛാഭംഗത്താൽ അസന്തുഷ്ടം), പരിസൃപ്തം (മുഖ്യഹീനം) കളത്രഗൎഹി (ഭാൎയ്യമാരെപ്പുലൎത്തുവാൻ കഴിയാതെ അവരെ നിന്ദിക്കുന്നതു), അന്തശ്ശല്യം, കുപിതമൂലം (കുപിതമായ മൂലസൈന്യത്തോടുകൂടിയതു്), ഭിന്നഗൎഭം (ഉൾഛിദ്രം സംഭവിച്ചതു), അപസൃതം (ഒരു രാജ്യത്തിൽ തോററുവന്നതു), അതിക്ഷിപ്തം (അനേകസ്ഥലങ്ങളിൽ തോററുവന്നതു്), ഉപനിവിഷ്ടം (അടുക്കൽത്തന്നെ നിറുത്തപ്പെട്ടതു), സമാപ്തം (ശത്രുവിനോടുകൂടി ഒരേ സ്ഥാനത്തിൽ പ്രാപ്തം), ഉപരുദ്ധം, പരിക്ഷിപ്തം (എല്ലാടത്തും തടുക്കപ്പെട്ടതു), ഛിന്നധാന്യപുരുഷവീവധം (ധാന്യവും ആളുകളും വീവധവും തടുക്കപ്പെട്ടതു്), സ്വവിക്ഷിപ്തം(തന്റെ രാജ്യത്തു പല സ്ഥലങ്ങളിലും അയക്കപ്പെട്ടതു്),മിത്രവിക്ഷിപ്തം (മിത്രത്തിന്റെ കീഴിൽ അയക്കപ്പെട്ടതു്), ദൂഷ്യയുക്തം(ദൂഷ്യരോടു കലൎന്നതു), ദുഷ്ടപാൎഷ്ണിഗ്രാഹം (ദുഷ്ടനായ പാൎഷ്ണിഗ്രാഹനോടുകൂടിയതു), ശൂന്യമൂലം (മൂലരക്ഷക്കു സൈന്യങ്ങളില്ലാത്തതു), അസ്വാമിസംഹതം (സ്വാമിയാൽ അനധിഷ്ഠിതം), ഭിന്നകൂടം (സൎവ്വസൈന്യാധ്യക്ഷനില്ലാത്തതു), അന്ധം (ശത്രുക്കളുടെ സ്ഥിതിയറിയാത്തതു), എന്നിങ്ങനെയുള്ള സ്ഥിതികളാകുന്നു.

നാവയിൽ അമാനിതം, വിമാനിതം എന്നിവയിൽ വച്ച് അമാനിതമായ സൈന്യം അർത്ഥം കൊടുത്തു മാനിച്ചാൽ യുദ്ധം ചെയ്യും; വിമാനിതമാകട്ടെ ഉള്ളിൽ കോപമുള്ളതാകയാൽ അതു ചെയ്കയില്ല. അഭൃതം, വ്യാധിതം എന്നിവയിൽവച്ച് അഭൃതമായ സൈന്യം തൽക്കാലം തക്കതായ വേതനം കൊടുത്താൽ യുദ്ധം ചെയ്യും; വ്യാധിതമാകട്ടെ കർമ്മക്ഷമമല്ലായ്കയാൽ അതു ചെയ്കയില്ല. നവാഗതം, ദൂരായാതം എന്നിവയിൽവച്ച് നവാഗതമായ സൈന്യം മറ്റുള്ളവരിൽനിന്നു ദേശസ്ഥിതി മനസ്സിലാക്കിയാൽ അന്യന്മാരോടു കൂടിക്കലരാതെ യുദ്ധം ചെയ്യും; ദൂരായാതമാകട്ടേ ദീർഘമാർഗ്ഗക്ലേശം കാരണം അതു ചെയ്കയില്ല. പരിശ്രാന്തം, പരിക്ഷീണം എന്നിവയിൽ വച്ച് പരിശ്രാന്തമായ സൈന്യം സ്നാനഭോജനനിദ്രകളെ ചെയ്തു വിശ്രമം ലഭിച്ചാൽ യുദ്ധം ചെയ്യും; പരിക്ഷീണമാകട്ടേ മറെറാരു യുദ്ധത്തിൽ യുഗ്യപുരുഷന്മാർ നശിച്ചതു കാരണം അതു ചെയ്കയില്ല. പ്രതിഹതം, ഹതാഗ്രവേഗം എന്നിവയിൽവച്ച് പ്രതിഹതമായ സൈന്യം അഗ്രപാതത്തിൽ ഭഗ്നമായതുകൊണ്ടു പ്രവീരപുരുഷന്മാരെ സാഹായ്യത്തിനു കൊടുത്താൽ യുദ്ധം ചെയ്യും; ഹതാഗ്രവേഗമാകട്ടെ അഗ്രപാതത്തിൽ പ്രവീരപുരുഷന്മാർ കൊല്ലപ്പെട്ടതു കാരണം അതു ചെയ്കയില്ല. അനൃതുപ്രാപ്തം, അഭൂമിപ്രാപ്തം എന്നിവയിൽവച്ച് അനൃതുപ്രാപ്തമായ സൈന്യം ആ ഋതുവിലേക്കു പററിയ യുഗ്യശസ്ത്രാവരണങ്ങളെക്കൊടുത്താൽ യുദ്ധം ചെയ്യും; അഭൂമിപ്രാപ്തമാകട്ടേ പ്രസരണവ്യായാമങ്ങൾ പ്രതിരോധിക്കപ്പെട്ടതു കാരണം അതു ചെയ്കയില്ല. ആശാനിർവ്വേദി, പരിസൃപ്തം എന്നിവയിൽവച്ച് ആശാനിർവ്വേദിയായ സൈന്യം ആശിച്ചതു കിട്ടിയാൽ യുദ്ധം ചെയ്യും; പരിസൃപ്തമാകട്ടേ മുഖ്യന്മാർ വിട്ടുപോയതാകയാൽ അതു ചെയ്കയില്ല.

കളത്രഗഹ്രി, അന്തശ്ശല്യം എന്നിവയിൽവച്ചു കളത്രഗഹ്രിയായ സൈന്യം കളത്രങ്ങളെ ഉചിതസ്ഥാനങ്ങളിലിരുത്തി രക്ഷിച്ചാൽ യുദ്ധം ചെയ്യും; അന്തശ്ശല്യമാകട്ടെ അന്തർഗ്ഗതത്തിങ്കൽ ശത്രുവിനോടുകൂടിയതാകയാൽ അതു ചെയ്കയില്ല. കുപിതമൂലം, ഭിന്നഗർഭം എന്നിവയിൽവച്ചു കുപിതമൂലമായ സൈന്യം സാമാദികളെക്കൊണ്ടു മൂലകോപം തീൎത്താൽ യുദ്ധം ചെയ്യും; ഭിന്നഗർഭമാകട്ടെ തമ്മിൽത്തമ്മിൽ ഭേദിച്ചതാകകൊണ്ട് അതു ചെയ്കയില്ല. അപസൃതം, അതിക്ഷിപ്തം എന്നിവയിൽവച്ച് അപസൃതമായ സൈന്യം ഒരു രാജ്യത്തിൽമാത്രം തോററതാകയാൽ മന്ത്രം (ശിക്ഷാവിശേഷം) കൊണ്ടും വ്യായാമംകൊണ്ടും രക്ഷാസ്ഥാനത്തിന്റെയും മിത്രത്തിന്റെയും ആശ്രയം ലഭിച്ചു ശക്തി സമ്പാദിച്ചാൽ യുദ്ധം ചെയ്യും; അതിക്ഷിപ്തമാകട്ടെ അനേകരാജ്യങ്ങളിൽ തോററതാകയാൽ അനേകം അപായങ്ങളെ ഭയപ്പെട്ട് അതു ചെയ്കയില്ല. ഉപനിവിഷ്ടം, സമാപ്തം എന്നിവയിൽവച്ച് ഉപനിവിഷ്ടമായ സൈന്യം യാനസ്ഥാനങ്ങൾ മാറിയാൽ ശത്രുവിനോടു യുദ്ധം ചെയ്യും; സമാപ്തമാകട്ടെ ശത്രുവിന്റേതിൽനിന്ന് അഭിന്നമായ യാനസ്ഥാനങ്ങളോടുകൂടിയതാകയാൽ അതു ചെയ്കയില്ല. ഉപരുദ്ധം, പരിക്ഷിപ്തം എന്നിവയിൽവച്ച് ഉപരുദ്ധമായ സൈന്യം അന്യഭാഗത്തുകൂടേ നിഷ്ക്രമിച്ച് ഉപരോധിച്ചവനോടെതിൎക്കും; പരിക്ഷിപ്തമാകട്ടേ സൎവ്വഭാഗങ്ങളിലും പ്രതിരോധിക്കപ്പെട്ടതാകയാൽ അതു ചെയ്കയില്ല. ഛിന്നധാന്യം, ഛിന്നപുരുഷവീവധം എന്നിവയിൽവച്ചു ഛിന്നധാന്യമായ സൈന്യം അന്യസ്ഥലത്തുനിന്നു ധാന്യം കൊണ്ടുവന്നിട്ടോ ജംഗമസ്ഥാവരങ്ങളെക്കൊണ്ട് ആഹാരം നിൎവ്വഹിച്ചോ യുദ്ധം ചെയ്യും; ഛിന്നപുരുഷവീവധമാകട്ടെ അനാസാരം (അസഹായം) ആകയാൽ അതു ചെയ്കയില്ല. സ്വവിക്ഷിപ്തം, മിത്രവിക്ഷിപ്തം എന്നിവ

യിൽവച്ച് സ്വാവിക്ഷിപ്തമായ സൈന്യം സ്വഭൂമിയിൽത്തന്നെ ചിതറിയതാകയാൽ ആപത്തു വരുമ്പോൾ സ്വരൂപിച്ചു കൊണ്ടുവരുവാൻ സാധിക്കും; മിത്രവിക്ഷിപ്തമാകട്ടേ ദേശകാലങ്ങളുടെ വിപ്രകർഷം കാരണം അങ്ങനെ ചെയ്യാൻ കഴിയുന്നതല്ല. ദൂഷ്യയുക്തം, ദുഷ്ടപാർഷ്ണിഗ്രാഹം എന്നിവയിൽവച്ച് ദൂഷ്യയുക്തമായ സൈന്യം ആപ്തപുരുഷന്മാരുടെ മേൽനോട്ടത്തിലും മററു ദൂഷ്യരോട്ട ചേരാതെയുമായാൽ യുദ്ധം ചെയ്യും; ദുഷ്ടപാർഷ്ണിഗ്രാഹമാകട്ടേ പിൻഭാഗത്തുനിന്നുള്ള ആക്രമണത്തെ ഭയപ്പെട്ടിട്ട് അതു ചെയ്കയില്ല. ശൂന്യമൂലം, അസ്വാമിസംഹതം എന്നിവയിൽ വച്ച് ശൂന്യമൂലമായ സൈന്യം ജാനപദന്മാരാൽ കൃതാരക്ഷമായാൽ സർവ്വസന്ദോഹത്തോടുകൂടി യുദ്ധം ചെയ്യും. അസ്വാമിസംഹതമാകട്ടേ രാജാവോ സേനാപതിയോ ഇല്ലാത്തതു കാരണം അതു ചെയ്കയില്ല. ഭിന്നകൂടം, അന്ധം എന്നിവയിൽവച്ച് ഭിന്നകൂടമായ സൈന്യം അന്യനാൽ അധിഷ്ഠിതമായാൽ യുദ്ധം ചെയ്യും; അന്ധമാകട്ടേ ഉപദേഷ്ടാവില്ലാത്തതാകയാൽ അതു ചെയ്കയില്ല.

ദോഷംതീക്ക്, ബലംചേക്ക്,
സ്ഥാനം മാററീട്ടിണക്കുക,
ബലവത്സന്ധിയിവതാൻ
ബലവ്യസനവാരണം;

വ്യസനത്തിൽ സ്വസൈന്യത്തെ-
ക്കാപ്പു മാററാരിൽനിന്നു താൻ,
അരിസൈന്യത്തെ രന്ധ്രത്തിൽ
പ്രഹരിപ്പു സദോത്ഥിതൻ; *

---

* മന്ത്രയുക്തം കൊണ്ടു ബലവ്യസനവർഗ്ഗം കഴിഞ്ഞു. അനന്തരമുള്ളതുകൊണ്ടു മിത്രവ്യസനവർഗ്ഗത്തെയാണ് പറയുന്നത്.

അളിയാതൻ തനിച്ചായ്ത്താ-
നന്യരായ്ക്കൂട്ടരേചേൎന്നു താൻ,
പരിത്യക്തൻ ശക്തിഹാനി-
ലോഭവിത്താൎത്ഥനാവശാൽ,

വിക്രീതൻ രണമധ്യത്തി-
ലഭിയോഗിച്ചിട്ടമ്പൊഴോ
ദ്വൈധീഭാവത്തിലോ യാന-
മന്യനായ് ചെയ്തിട്ടമ്പൊഴോ,

വേറെത്താൻ ചേൎന്നതാൻ പോരമ്പോൾ
വിശ്വസിപ്പിച്ചു വഞ്ചിതൻ,
വ്യസനത്തിൽ ഭയാലസ്യാ-
നാദരത്താലമോക്ഷിതൻ,

സ്വഭൂമിയിങ്കന്നു രുദ്ധൻ,
സമീപാൽ ഭീതനായ് ഗതൻ,
പറിച്ചോ നൽകിടാഞ്ഞതയോ
നൽകിയോ താനനാദൃതൻ,

സ്വയം പരമുഖത്താൽത്താൻ
ധനമത്യപഹാരിതൻ,
പരനേ വെന്നു പിന്നേയു-
മതിഭാരേ നിയോജിതൻ,

അശക്ത്യപേക്ഷിതൻ, പിന്നെ
പ്രാൎത്ഥിച്ചിട്ട വിരോധിതൻ—
ഉസ്സാധമീദൃശം മിത്രം
സാധിച്ചാലും വെറുത്തിടും;

പ്രയത്നം ചെയ്തുവെന്നാലും
പ്രമാദത്താൽ വിമാനിതൻ,

അമാനിതൻ തുല്യമായി,-
ബ്ഭക്തിയില്ലാന്നു വാരിതൻ,
മിത്രാപഘാതസന്ത്രസ്തൻ,
ശങ്കിതൻ ശത്രുസന്ധിയാൽ,
ദൂഷ്യഭക്തിതനീമിത്രം
സാദ്ധ്യം, സ്ഥൈര്യവുമാർന്നിടും;

ആകയാലുള്ളവാക്കൊല്ലാ
ദോഷം മിത്രാപഘാതകം,
ഉള്ളവായാൽ ദോഷഘാതി-
ഗ്ഗുണത്താൽത്തീർത്തുവച്ചണം;

എക്കാരണത്താൽ പ്രകൃതി-
വ്യസനം സംഭവിക്കുമോ,
ഏടിയാതക്കാരണത്തിൽ
മുന്നം ചെയ്‌വൂ പ്രതിക്രിയ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, വ്യസനാധികാരികമെന്ന
എട്ടാമധികരണത്തിൽ, ബലവ്യസനവർഗ്ഗം—
മിത്രവ്യസനവർഗ്ഗം എന്ന
അഞ്ചാമദ്ധ്യായം.

വ്യസനാധികാരികം എട്ടാമധികരണം കഴിഞ്ഞു.

# അഭിയാസ്യൽകർമ്മം. ഒമ്പതാമധികരണം.

---

## ഒന്നാം അധ്യായം.

---

ഒരുനൂററമുപ്പത്തഞ്ചും മുപ്പത്താറും പ്രകരണങ്ങൾ.

ശക്തിദേശകാലബലാബലജ്ഞാനം, യാത്രാകാലങ്ങൾ.

വിജിഗീഷു തന്റെയും ശത്രുവിന്റെയും ശക്തി, ദേശം, കാലം, യാത്രാകാലം, ബലസമുത്ഥാനകാലം (പടകൂട്ടേണ്ട സമയം), പശ്ചാൽകോപം, ക്ഷയം, വ്യയം, ലാഭം, ആപത്തു് എന്നിവയുടെ ബലാബലം അറിഞ്ഞു് താൻ ശത്രുവിനെക്കാളധികം ബലവാനാണെങ്കിൽ യുദ്ധത്തിന്നു യാനംചെയ്യണം; അങ്ങനെയല്ലാത്തപക്ഷം ആസനമവലംബിക്കണം.

"ഉത്സാഹപ്രഭാവശക്തികളിൽവച്ചു് ഉത്സാഹമാണു് അധികം പ്രശസ്തം. എന്തുകൊണ്ടെന്നാൽ, ശൂരനും ബലവാനും അരോഗനും കൃതാസ്ത്രനുമായ രാജാവു് സ്വസൈന്യത്തെമാത്രം സഹായമാക്കി തനിച്ചുതന്നെ പ്രഭാവമേറിയ മറെറാരു രാജാവിനെ ജയിപ്പാൻ ശക്തനാകും; കാരണം, അദ്ദേഹത്തിന്റെ സൈന്യം ചെറുതാണെങ്കിലും തേജസ്സിന്റെ മഹിമയാൽ കാര്യക്ഷമമായി ഭവിക്കുമെന്നതുതന്നെ. നിരുത്സാഹനായവനാകട്ടെ ഏററവും പ്രഭാവശാലിയാണെങ്കിലും വിക്രമത്തിലേർപ്പെടുമ്പോൾ നശിച്ചുപോകും" എന്നു് ആചാര്യന്മാർ.

അങ്ങനെയല്ലെന്നു കൌടില്യമതം. പ്രഭാവവാനായ രാജാവു് ഉത്സാഹവാനായ രാജാവിനെ, അതിലധികം ബലമുള്ള മറെറാരു രാജാവിന്റെ സാഹായ്യം സമ്പാദിക്കുകയോ പ്രവീരന്മാരായ പടയാളികളെ ചേർക്കുകയോ

ധനം കൊടുത്തു വാങ്ങുകയോ ചെയ്തിട്ട തന്റെ പ്രഭാവത്താൽത്തന്നെ ജയിക്കും. അദ്ദേഹത്തിന്റെ സൈന്യം പ്രഭാവമേറിയ ഹയഗജരഥോപകരണങ്ങളോടു കൂടിയതായിട്ട് എല്ലാടത്തും തടവുകൂടാതെ സഞ്ചരിക്കയും ചെയ്യും. സ്ത്രീകളും ബാലന്മാരും മുടന്തന്മാരും അന്ധന്മാരുമായ രാജാക്കന്മാർ കൂടിയും പ്രഭാവശാലികളാകകൊണ്ട് ഉത്സാഹവാന്മാരായ പടയാളികളെ സ്വാധീനിക്കുകയും വാങ്ങുകയും ചെയ്തു പൃഥിവിയെ ജയിക്കുകയുണ്ടായിട്ടുണ്ട്.

"പ്രഭാവമന്ത്രശക്തികളിൽവച്ചു പ്രഭാവമാണ് മേലെ. മന്ത്രശക്തി തികഞ്ഞവനെങ്കിലും പ്രഭാവമില്ലാത്തവൻ നിഷ്ഫലമന്ത്രനായിത്തീരും; അവന്റെ നിശ്ചിതമായ മന്ത്രകമ്മത്തെ, മഴയില്ലായ്മ ഗർഭസ്ഥമായ ധാന്യത്തെ എന്നപോലെ, പ്രഭാവമില്ലായ്മ കെടുത്തുകളയും" എന്നു ആചാര്യന്മാർ.

അങ്ങനെയല്ലെന്നു കൌടില്യമതം. മന്ത്രശക്തിയാണ് അധികം പ്രശസ്തം. ബുദ്ധിയും ശാസ്ത്രവുമെന്ന കണ്ണുകളുള്ള രാജാവു് അല്പമായ് പ്രയത്നം ചെയ്താലും മന്ത്രമറിഞ്ഞിരിക്കുന്നതിനും ഉത്സാഹശക്തിയും പ്രഭാവശക്തിയും ധാരാളമുള്ള പരന്മാരെ സാമാദ്യുപായങ്ങളെക്കൊണ്ടും യോഗം (ഗൂഢപുരുഷപ്രയോഗം), ഉപനിഷത്തു് (വിഷാഗ്ന്യാദിപ്രയോഗം) എന്നിവകൊണ്ടും വഞ്ചിക്കുന്നതിനും ശക്തനാകും. ഇങ്ങനെ ഉത്സാഹം, പ്രഭാവം, മന്ത്രം എന്നീ ശക്തികളിൽ ഉത്തരോത്തരമായിപ്പറഞ്ഞ ശക്തി അധികമുള്ള രാജാവു് അങ്ങനെയല്ലാത്ത ശത്രുവിനെ അതിസന്ധാനംചെയ്യുന്നു.

ദേശമെന്നാൽ പൃഥിവി. അതിൽ വടക്കു ഹിമവാന്റെയും തെക്കു സമുദ്രത്തിന്റെയും നടുക്കു കിടക്കുന്നതും വിലങ്ങത്തിൽ ആയിരം യോജന വിസ്താരമുള്ളതുമായ ഭൂമി ചക്രവത്തിക്ഷേത്രം (ചക്രവത്തികരം വാഴുന്ന ഭൂമി) ആ

കുന്നു. അതിലെ ദേശങ്ങൾക്കു ആരണ്യം, ഗ്രാമ്യം, പാൎവ്വതം, ഔദകം, ഭൌമം (സ്ഥലപ്രായം), സമം, വിഷമം എന്നിങ്ങനെ ഭേദങ്ങൾ. അവയിൽ വിജിഗീഷു, തന്റെ സൈന്യങ്ങൾക്ക് എങ്ങനെയായാൽ ജയം ലഭിക്കുമോ അങ്ങനെയുള്ള കൎമ്മത്തെ ചെയ്യണം. എവിടെ തനിക്കു സൈന്യങ്ങളെ വ്യായാമം ചെയ്യിപ്പാൻ തക്ക ഭൂമി ഉണ്ടാകയും ശത്രുവിന്നു അതില്ലാതിരിക്കുകയും ചെയ്യുമോ അതു് ഉത്തമദേശം; തദ്വിപരീതമായതു് അധമദേശം; സാധാരണമായിട്ടുള്ളതു് മദ്ധ്യമദേശം.

കാലമെന്നാൽ ശീതം, ഉഷ്ണം, വൎഷം എന്നിവയത്രെ. അതിന്നു രാത്രി, പകൽ, പക്ഷം, മാസം, ഋതു, അയനം, സംവത്സരം, യുഗം എന്നിങ്ങനെ ഭേദങ്ങൾ. അവയിൽ വിജിഗീഷു എങ്ങനെയായാൽ തന്റെ സൈന്യങ്ങൾക്കു ജയം വരുമോ അങ്ങനെയുള്ള കൎമ്മത്തെ ചെയ്യണം. ഏതുകാലത്തിൽ തനിക്കു സൈന്യങ്ങളെ വ്യായാമം ചെയ്യിപ്പാൻ സൌകൎയ്യമുണ്ടാകയും ശത്രുവിന്ന് അതില്ലാതിരിക്കയും ചെയ്യുമോ ആ കാലം ഉത്തമം; വിപരീതം അധമം; സാധാരണം മദ്ധ്യമം.

ശക്തി, ദേശം, കാലം എന്നിവയിൽവച്ചു ശക്തിയാണ് മേലെ എന്ന് ആചാൎയ്യന്മാർ. ശക്തിയുള്ളവൻ നിമ്നസ്ഥലത്തോടുകൂടിയ ദേശത്തിന്നും ശീതോഷ്ണവൎഷങ്ങളുള്ള കാലത്തിന്നും തക്ക പ്രതിവിധി ചെയ്വാൻ ശക്തനാകും. ദേശമാണ് മേലെ എന്നു മററു ചിലർ. സ്ഥലത്തിൽവച്ചായാൽ ശ്വാവ് മുതലയെപ്പിടിക്കും; ജലത്തിൽവച്ചാണെങ്കിൽ മുതല ശ്വാവിനെ പിടിക്കും. കാലമാണ് മേലെ എന്നു വേറെ ചിലർ. പകൽ കാക്ക മൂങ്ങയെക്കൊല്ലും; രാത്രിയിലാണെങ്കിൽ മൂങ്ങ കാക്കയെക്കൊല്ലും.

അപ്രകാരമല്ലെന്നു കൌടില്യപക്ഷം. എന്തുകൊണ്ടെന്നാൽ, ശക്തിദേശകാലങ്ങൾ ഒന്നിനൊന്നു സഹായമാ

യിട്ടുള്ളവയാകുന്നു. അവ ധാരാളമുള്ളവൻ തന്റെ സൈന്യങ്ങളിൽ മൂന്നിലൊരു ഭാഗത്തെയോ നാലിലൊരു ഭാഗത്തെയോ മൂലസ്ഥാനത്തിങ്കലും പാർഷ്ണിയിങ്കലും ജനപദാന്തത്തിങ്കലും അരണ്യത്തിലും രക്ഷയ്ക്കു നിറുത്തി, കാര്യം സാധിക്കുന്നതിന്നു മതിയായ കോശദണ്ഡങ്ങളേയും എടുത്തു്, പഴയ ധാന്യങ്ങൾ കഴിഞ്ഞും പുതിയ ധാന്യങ്ങൾ എടുക്കാതെയുമിരിക്കുന്നവനും ദുർഗ്ഗത്തെ സംസ്കരിച്ചിട്ടില്ലാത്തവനുമായ ശത്രുവിന്റെ നേരെ, അവന്റെ വാർഷികമായ സസ്യത്തേയും ഹൈമനമായ മുഷ്ടി(വിത്തു വിതയ്ക്കൽ)യേയും ഉപഹനിപ്പാൻവേണ്ടി, മാർഗ്ഗശീർഷമാസത്തിങ്കൽ യാത്ര ചെയ്യണം; ഹൈമനമായ സസ്യത്തേയും വാസന്തികമായ മുഷ്ടിയേയും ഹനിപ്പാൻ ചൈത്രമാസത്തിങ്കൽ യാത്രചെയ്യണം; പുല്ലും വിറകും വെള്ളവും ക്ഷയിച്ചും ദുർഗ്ഗസംസ്കാരം ചെയ്യാതേയുമുള്ള ശത്രുവിന്റെ നേരെ, അവന്റെ വാസന്തികസസ്യത്തേയും വാർഷികമുഷ്ടിയേയും ഹനിപ്പാൻ ജ്യേഷ്ഠമാസത്തിങ്കലും യാത്രചെയ്യണം; ഉഷ്ണമേറിയും പുല്ലും വിറകും വെള്ളവും കുറഞ്ഞുമിരിക്കുന്ന ദേശത്തിലേക്കു ഹേമന്തത്തിങ്കൽ യാനം ചെയ്യണം; മഞ്ഞുകൊണ്ടു മൂടിയും അഗാധമായ നിമ്നപ്രദേശങ്ങളേറിയും പുല്ലുകളും മരങ്ങളും തിങ്ങിയുമിരിക്കുന്ന ദേശത്തേക്കു ഗ്രീഷ്മത്തിങ്കൽ യാനംചെയ്യണം; സ്വസൈന്യങ്ങൾക്കു വ്യായാമസൌകര്യമുള്ളതും ശത്രുസൈന്യങ്ങൾക്കു് അതില്ലാത്തതുമായ ദേശത്തേക്കു വർഷകാലത്തിങ്കലും യാനം ചെയ്യണം. മാർഗ്ഗശീർഷമാസത്തിന്റെയും തൈഷമാസത്തിന്റെയുമിടയിലാണു് ദീർഘകാലയാത്ര ചെയ്യേണ്ടതു്; ചൈത്രമാസത്തിന്റെയും വൈശാഖത്തിന്റെയുമിടയിലാണു് മധ്യകാലയാത്ര ചെയ്യേണ്ടതു്; ശത്രുരാജ്യസമീപത്തിൽ ചെല്ലുമ്പോഴേയ്ക്കുതന്നെ ജയം വരുന്ന സംഗതിയിൽ ജ്യേഷ്ഠമാസത്തിന്റെയും ആഷാഢമാസത്തിന്റെയുമിടയിൽ ഹ്രസ്വകാല

യാത്രയേയും ചെയ്യണം. ശത്രുവിന്റെ വ്യസനത്തിങ്കൽ ഇപ്പറഞ്ഞ മൂന്നുകാലങ്ങളേയും നോക്കാതെ നാലാമതൊരു യാത്രയാണു ചെയ്യേണ്ടത്. വ്യസനാഭിയാനത്തെപ്പററി വിഗൃഹ്യയാനപ്രകരണത്തിൽ പറഞ്ഞുകഴിഞ്ഞു.

പ്രായേണ ആചാര്യന്മാർ ശത്രുവിന്റെ വ്യസനത്തിങ്കൽ യാനം ചെയ്യണമെന്നുപദേശിക്കുന്നു. എന്നാൽ വ്യസനങ്ങൾ അനിശ്ചിതങ്ങളാകയാൽ തന്റെ ശക്തി വർദ്ധിച്ചിരിക്കുമ്പോൾ യാനം ചെയ്യണമെന്നാണ് കൌടില്യമതം. അഥവാ, എപ്പോൾ യാനം ചെയ്താൽ ശത്രുവിനെ കർശനം ചെയ്വാനൊ ഉച്ഛേദനം ചെയ്വാനോ സാധിക്കുമൊ അപ്പോൾ യാനം ചെയ്യണം.

അത്യുഷ്ണംകൊണ്ടു ക്ഷീണമായ കാലത്തിങ്കൽ ഹസ്തിസൈന്യങ്ങളെ അധികമായി ചേർക്കാതെ യാനം ചെയ്യണം. എന്തുകൊണ്ടെന്നാൽ, ഹസ്തികൾ ഉള്ളിൽ സ്വേദമുള്ളവയാകയാൽ ഉഷ്ണകാലത്തിങ്കൽ അവയ്ക്കു കുഷ്ഠരോഗം പിടിപെടുകയും, വെള്ളത്തിൽ കളിയ്ക്കാതെയും വെള്ളം കുടിക്കാതെയുമിരുന്നാൽ അന്തർദ്ദാഹം മൂലം അന്ധത്വം ബാധിക്കയും ചെയ്യും. അതുകൊണ്ടു ധാരാളം വെള്ളമുള്ള ദേശത്തിലും വർഷകാലത്തും മാത്രമേ ഹസ്തിസൈന്യങ്ങളെ അധികം ചേർത്തു യാത്രചെയ്യാവൂ. ഇതിൽനിന്നു വിപരീതമായ ദേശകാലങ്ങളിൽ കഴുതകളും ഒട്ടകങ്ങളും കുതിരകളുമധികമുള്ള സൈന്യത്തെ ചേർത്തു യാനം ചെയ്യണം. മഴയും ചളിയും കുറഞ്ഞു മരുപ്രായമായിട്ടുള്ള ദേശത്തേയ്ക്കു വർഷകാലത്ത് ചതുരംഗസൈന്യങ്ങളോടുകൂടിയ യാത്ര ചെയ്യണം. വഴിയുടെ സമത്വം, വിഷമത്വം, നിമ്നത്വം, ഹ്രസ്വത്വം, ദീർഘത്വം എന്നിവ നോക്കി അതിന്റെ സ്ഥിതിയനുസരിച്ചു യാത്രയെ തീർച്ചപ്പെടുത്തുകയും വേണം.

കാൎയ്യത്തിന്റെ ലാഘുത്വത്താൽ
ഹ്രസ്വമാം യാത്രയൊക്കയും
ഗുരുത്വത്താൽ ദീൎഗ്ഘവുമാം;
വൎഷം പാൎപ്പന്യനാട്ടിലാം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അഭിയാസ്യൽകൎമ്മമെന്ന ഒമ്പതാമധികരണത്തിൽ, ശക്തിദേശകാലബലാബല ജ്ഞാനം— യാത്രാകാലങ്ങൾ എന്ന ഒന്നാമദ്ധ്യായം.

---

## രണ്ടാം അദ്ധ്യായം.

---

### ഒരുനൂററിമുപ്പത്തേഴു മുതൽ മുപ്പത്തൊമ്പതുകൂടി പ്രകരണങ്ങൾ.

### ബലോപാദാനകാലങ്ങൾ, സന്നാഹഗുണങ്ങൾ, പ്രതിബലകൎമ്മം.

മൌലസൈന്യം, ഭൃതകസൈന്യം, ശ്രേണീസൈന്യം, മിത്രസൈന്യം, അമിത്രസൈന്യം, അടവീസൈന്യം എന്നിവയുടെ സമുട്ഠാനകാലങ്ങൾ (ഉപാദാനകാലങ്ങൾ) എങ്ങനെയെന്നാൽ:—

മൌലസൈന്യം മൂലരക്ഷണത്തിന്നു വേണ്ടതിലധികമായിരിക്കുക, ആവശ്യത്തിലധികമുണ്ടാകയാൽ അവർ മൂലത്തിങ്കൽ വികാരം ജനിപ്പിക്കുമെന്നിരിക്കുക, ശത്രു ഭക്തികൂടിയ വളരെ മൌലബലങ്ങളോടോ സാരബലങ്ങളോടോ ചേൎന്നവനാകയാൽ അവനോടു അദ്ധ്വാനിച്ചു യുദ്ധം ചെയ്യേണ്ടതായിരിക്കുക, വളരെ വഴിയും കാലം പോയി ദീൎഗ്ഘകാലം യുദ്ധം ചെയ്യേണ്ടതിനാൽ വരാവുന്ന ക്ഷയവ്യയങ്ങളെ താങ്ങുവാൻ മൌലസൈന്യം തന്നെ വേണമെന്നിരിക്കുക, ശത്രുവിന്റെ പേരിൽ ഭക്തിയുള്ള വളരെ

പോരാടിടപെട്ടുമ്പോൾ ഭൃതകാദികളായ അന്യസൈന്യങ്ങൾ ശത്രുവിന്റെ ഉപജാപത്തിൽപ്പെട്ടുമെന്നു അവിശ്വാസം തോന്നുക, മററുള്ള സർവ്വ സൈന്യങ്ങൾക്കും ബലക്ഷയം നേരിടുക എന്നീ കാരണങ്ങളുള്ളപ്പോൾ മൌലസൈന്യത്തെ ഉപാദാനംചെയ്യേണ്ടുന്ന കാലമാകുന്നു.

ഭൃതകസൈന്യം അധികമായും മൌലസൈന്യം അല്പമായുമിരിക്കുക, ശത്രുവിന്റെ മൌലസൈന്യം അല്പമായും വിരക്തമായുമിരിക്കുക, ശത്രുവിന്റെ ഭൃതകസൈന്യം അല്പമായോ ദുർബ്ബലമായോ ഇരിക്കുക, അധികം വ്യായാമം ആവശ്യമില്ലാത്ത മന്ത്രയുദ്ധം ചെയ്യേണ്ടതായിരിക്കുക, ദേശവും കാലവും ഹ്രസ്വമായും അധികം ക്ഷയവ്യയങ്ങൾ വരാത്തതായുമിരിക്കുക, തന്റെ സൈന്യം അന്യരോടു അധികം ഇട പഴകാത്തതും ഉപജാപത്തിൽപ്പെടാത്തതും വിശ്വസിക്കത്തക്കതുമായിരിക്കുക, ശത്രുവിന്റെ പ്രസാരം (ഉപകരണം കൊണ്ടുവരുന്നതു്) അധികം തടുക്കേണ്ടതായിട്ടില്ലാതിരിക്കുക എന്നീ സംഗതികളിൽ ഭൃതകസൈന്യത്തെ ഉപാദാനംചെയ്യേണ്ട കാലമാകുന്നു.

തനിക്കു ശ്രേണീസൈന്യം വളരെയുണ്ടാകയാൽ മൂലരക്ഷയിലും യുദ്ധയാത്രയിലും ഏർപ്പെടുത്തുവാൻ മതിയാകുമെന്നിരിക്കുക, ഹ്രസ്വമായ യാത്രയായിരിക്കുക, ശത്രു ശ്രേണീബലപ്രധാനനോ മന്ത്രയുദ്ധവും വ്യായാമയുദ്ധവും ചെയ്യാനിച്ഛിക്കുന്നവനോ ദണ്ഡസൈന്യങ്ങളെക്കൊണ്ടു പോർചെയ്യുന്നവനോ ആയിരിക്കുക എന്നീ സംഗതികളിൽ ശ്രേണീസൈന്യത്തെ ഉപാദാനംചെയ്യേണ്ട കാലമാകുന്നു.

തനിക്കു മിത്രസൈന്യം വളരെയുണ്ടാകയാൽ മൂലരക്ഷയിലും യാത്രയിലും ഏർപ്പെടുത്തുവാൻ മതിയാകുമെന്നിരിക്കുക, യാത്ര അല്പമായും മന്ത്രയുദ്ധത്തെക്കാളധികം വ്യായാമയുദ്ധം ആവശ്യമായുമിരിക്കുക, ആദ്യം മിത്രസൈന്യ

ത്തെക്കൊണ്ടു ശത്രുവിന്റെ ആടവികസൈന്യത്തേയോ നാഗരികസൈന്യത്തെയോ മിത്രസൈന്യത്തെയോ യുദ്ധം ചെയ്യിച്ചിട്ടു പിന്നെ വേണം സ്വസൈന്യത്തെക്കൊണ്ടു യുദ്ധം ചെയ്യിപ്പാനെന്നിരിക്കുക, തന്റെ കാൎയ്യം മിത്രസാധാരണമായിട്ടിരിക്കുക, തന്റെ കാൎയ്യസിദ്ധി മിത്രത്തിന്നധീനമാണെന്നിരിക്കുക, തന്റെ മിത്രം അടുത്തുള്ളവനും അനുഗ്രാഹ്യനുമാണെന്നിരിക്കുക, മിത്രത്തിന്റെ അതിമാത്രമായ സൈന്യശക്തിയെ കുറയ്ക്കേണ്ടതായിരിക്കുക എന്നീ സംഗതികളിൽ മിത്രസൈന്യത്തെ ഉപാദാനം ചെയ്യേണ്ട കാലമാകുന്നു.

തനിക്കു ശത്രുസൈന്യം (ശത്രുവിനെ യുദ്ധത്തിൽ ജയിച്ചു കീഴടക്കപ്പെട്ട സൈന്യം) വളരെയുണ്ടാകയാൽ പരന്റെ നഗരത്തേയോ അടവിയേയോ ശത്രുസൈന്യത്തെക്കൊണ്ടു് ആക്രമിപ്പിക്കാമെന്നും അതിൽവച്ചു രണ്ടുകൂട്ടരിൽ ആർ തോറ്റാലും, നായും പന്നിയും തമ്മിലുള്ള യുദ്ധത്തിൽ ചണ്ഡാലന്നെന്നപോലെ തനിക്കു ജയമാണെന്നും തോന്നുക, തന്റെ മിത്രസൈന്യത്തിലും ആടവികസൈന്യത്തിലും കണ്ടകന്മാരായിട്ടുള്ളവരെ മൎദ്ദിക്കുന്നതിന്നു ശത്രുസൈന്യത്തെച്ചെയ്ക്കുന്നതു് ആവശ്യമാണെന്നു തോന്നുക, ശത്രുസൈന്യം അതിയായിട്ടു വൎദ്ധിച്ചിട്ടുള്ളതിനാൽ കോപിച്ചേക്കുമെന്നുള്ള ഭയത്താൽ അതിനെ എപ്പോഴും തന്റെ അടുക്കൽ വസിപ്പിക്കണമെന്നും തനിക്കു് ആഭ്യന്തരകോപത്തെ ഭയപ്പെടുവാനില്ലെന്നും തോന്നുക എന്നീ സംഗതികളിലും, ഈ ശത്രുയുദ്ധം കഴിഞ്ഞതിന്നുശേഷം മറെറാരു യുദ്ധത്തിന്നു കാലം വരുമെന്നു തോന്നുന്ന സംഗതിയിലും അമിത്രസൈന്യത്തെ ഉപാദാനം ചെയ്യേണ്ട കാലമാകുന്നു.

ഇതിനെപ്പറഞ്ഞതുകൊണ്ടു് ആടവികസൈന്യത്തെ ഉപാദാനം ചെയ്യേണ്ട കാലവും പറയപ്പെട്ടു. വിശേഷിച്ചു് ആടവികസൈന്യം യാത്രയിൽ വഴികാണിപ്പാൻ മ

തിയായതാണെന്നോ, ശത്രുഭൂമിയിൽ യുദ്ധം ചെയ്യാൻ പറ്റിയതാണെന്നോ, ശത്രുവിന്റെനാട്ട യുദ്ധത്തിന്നുമുൻപുതന്നെ പ്രതികൂലമാണെന്നോ, ശത്രു അടവീബലപ്രധാനനാകയാൽ "കൂവളക്കായ്കൊണ്ടു കൂവളക്കായ് ഉടയ്ക്കുന്നതുപോലെ" അവനെ ആടവികസൈന്യത്തെക്കൊണ്ടമർക്കണമെന്നോ, ശത്രുവിന്റെ പ്രസാരം അധികമായി രോധിക്കേണ്ടതില്ലെന്നോ തോന്നുന്ന സംഗതിയിൽ അടവീസൈന്യത്തെ ഉപാദാനംചെയ്യേണ്ട കാലമാകുന്നു.

നായകനോടു കൂടാതെയും, അനേകജാതിക്കാരായും, പറഞ്ഞിട്ടോ പറയാതെയോ കൊള്ളചെയ്യുവാൻ ഒരുങ്ങിയും യാതൊരു സൈന്യം പുറപ്പെടുന്നുവോ അത് ഔത്സാഹികസൈന്യമത്രെ. അതിൽവച്ച് ചെലവും ശമ്പളവും വാങ്ങി ശത്രുരാജ്യത്തു കൊള്ളചെയ്യുകയും രാജാജ്ഞപ്രകാരമുള്ള തൊഴിൽ ചെയ്യുകയും ചെയ്യുന്ന സൈന്യം ശത്രുക്കൾക്ക ഭേദ്യമായിട്ടുള്ളതാകുന്നു; ദേശവും ജാതിയും വിദ്യയും തുല്യമായിട്ടുള്ളവരാലും ഒരുമിച്ചു ചേരുമ്പോൾ മഹത്ത്വമുള്ള സൈന്യം അഭേദ്യമാകുന്നു—ഇങ്ങനെ ബലോപാദാനകാലങ്ങൾ.

മേൽപ്പറഞ്ഞ സൈന്യങ്ങളിൽവച്ച് അമിത്രസൈന്യത്തിന്നും അടവീസൈന്യത്തിന്നും ഭൂമിവസ്തുക്കളോ വിലോപമോ (ശത്രുരാജ്യത്തുനിന്നു കൊള്ളചെയ്തെടുക്കുന്ന വസ്തുക്കൾ) വേതനമായിട്ടു കല്പിക്കണം.

അമിത്രന്നു ബലമുള്ളപ്പോൾ അവനോടു യുദ്ധത്തിന്നു പുറപ്പെടുവാനൊരുങ്ങുന്ന ശത്രുസൈന്യത്തെ തൽക്കാലം കൊണ്ടുപോകാതെ അവഗ്രഹിച്ചു നിറുത്തുകയോ, അന്യസ്ഥലത്തേക്കയയ്ക്കുകയോ, നിശ്ചയപ്രകാരമുള്ള ഫലം കൊടുക്കാതിരിക്കുകയോ, പല സ്ഥലങ്ങളിലുമായയച്ചു ചിന്നിച്ചിതറിക്കുകയോ, കാലം കഴിഞ്ഞതിന്നുശേഷം യഥാസ്ഥാനത്തേക്കയയ്ക്കുകയോ ചെയ്യണം. ശത്രുവിന്റെ മേൽപ്പ

കാരമുള്ള ബലസമുത്ഥാനത്തെ വിഘ്നപ്പെടുത്തുകയും, തന്റെതിനെ സമ്പന്നമാക്കുകയും ചെയ്യണം.

മേൽപ്പറഞ്ഞ സൈന്യങ്ങളിൽ ആദ്യമാദ്യം പറയപ്പെട്ടതു സന്നാഹം ചെയ്യിക്കുന്നതിന്ന് അധികമധികം നല്ലതാകുന്നു. മൌലസൈന്യം സർവ്വദാ സ്വാമിയുടെ ശ്രേയസ്സിനെ ആശ്രയിച്ചും നിത്യസൽക്കാരമനുഭവിച്ചുമിരിക്കുന്നതാകയാൽ അതു ഭൃതസൈന്യത്തെക്കാൾ ശ്രേഷ്ഠമാകുന്നു; എല്ലായ്പ്പോഴും അവ്യവഹിതമായിട്ടിരിക്കുന്നതും വേഗത്തിൽ ഒരുങ്ങിപ്പുറപ്പെടുന്നതും വശ്യവുമായിട്ടുള്ള ഭൃതസൈന്യം ശ്രേണീസൈന്യത്തെക്കാൾ ശ്രേഷ്ഠമാണ്; സ്വദേശ്യവും ഏകയോഗക്ഷേമവുമായിരിക്കുന്നതും സംഘർഷത്തിലും അമർഷത്തിലും ജയത്തിലും ലാഭത്തിലും സ്വാമിതുല്യമായി വർത്തിക്കുന്നതുമായ ശ്രേണീസൈന്യം മിത്രസൈന്യത്തെക്കാൾ ശ്രേഷ്ഠമാകുന്നു. കാരണം, ശ്രേണീസൈന്യം ദേശകാലഭേദമെന്യേ സഹായിക്കുമെന്നതു തന്നെ; മിത്രസൈന്യം ഏകാർത്ഥാദ്ധ്യുക്തമാകയാൽ അമിത്രസൈന്യത്തെക്കാളും ശ്രേഷ്ഠമാണ്. ആര്യനായ നായകനാൽ നയിക്കപ്പെടുന്ന അമിത്രസൈന്യം അടവീസൈന്യത്തെക്കാൾ മേലെയാണ്. അതു രണ്ടും (അമിത്രസൈന്യവും അടവീസൈന്യവും) ശത്രുരാജ്യത്തു കൊള്ള ചെയ്യുന്നതിൽ മാത്രമേ ഉപയോഗിക്കപ്പെടാവൂ. കൊള്ളയില്ലാത്ത മറ്റൊരു കാര്യത്തിനോ തന്റെ വ്യസനകാലത്തിങ്കലോ ഉപയോഗിക്കപ്പെട്ടാൽ അവയെക്കൊണ്ട് അഹിഭയം നേരിടുന്നതാണ്.

ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രസൈന്യങ്ങളിൽ വച്ചു വീര്യാധിക്യത്താൽ ആദ്യമാദ്യം പറയപ്പെട്ടവ യുദ്ധസന്നാഹം ചെയ്യിക്കുവാൻ അധികമധികം നല്ലതാണെന്ന് ആചാര്യന്മാർ പറയുന്നു. അതങ്ങനെയല്ലെന്നു കൌടില്യമതം. ബ്രാഹ്മണസൈന്യത്തെ നമസ്കാരംകൊണ്ടു ശത്രു വശീകരിച്ചേക്കും. ആയുധവിദ്യയിൽ അഭ്യാസം സിദ്ധിച്ച ക്ഷത്രി

യസൈന്യത്തോ, വീരപുരുഷന്മാരെയുള്ള വൈശ്യശ്ശൂദ്ര സൈന്യത്തോ ആണ് ശ്രേഷ്ഠം.

അതുകൊണ്ട് "ശത്രുവിന്റെ സൈന്യം ഇന്നവിധമുള്ളതാണ്, അതിന്നിന്നതാണ് പ്രതിബലം" എന്നു നല്ലവണ്ണം അറിഞ്ഞിട്ടുവേണം ബലസമുത്ഥാനം ചെയ്യുവാൻ. ഹസ്തികൾ, യന്ത്രങ്ങൾ, ശകടഗർഭങ്ങൾ (?), കുന്തങ്ങൾ, പ്രാസങ്ങൾ, ഹാടകങ്ങൾ (ത്രികണ്ടകങ്ങൾ), വേണുക്കൾ, ശല്യങ്ങൾ എന്നിവ ധാരാളമുള്ളതായ സൈന്യം ഹസ്തിസൈന്യത്തിന്നു പ്രതിസൈന്യമാകും. അതുതന്നെ കല്ലുകൾ, ലഗുഡങ്ങൾ (കുറുവടികൾ), ആവരണങ്ങൾ, തോട്ടികൾ, കചഗ്രഹണികൾ എന്നിവ ധാരാളമുള്ളതായാൽ രഥസൈന്യത്തിന്നു പ്രതിസൈന്യമാകും. അശ്വസൈന്യത്തിന്നും അതുതന്നെയാണു പ്രതിസൈന്യം. വർമ്മധാരികളായ ആനകൾ, അപ്രകാരംതന്നെയുള്ള കുതിരകൾ, കവചംതൊട്ടുകൂടിയ രഥങ്ങൾ, ആവരണധാരികളായ കാലാൾപ്പടകൾ എന്നിവയാണു ചതുരംഗസൈന്യത്തിന്റെ പ്രതിസൈന്യം.

ഏവം സ്വസൈന്യവിഭവം
നോക്കിയംഗാനുരൂപമായ്
ചെയ്‌വൂ സൈന്യസമുത്ഥാനം
പരസൈന്യനിവാരണം.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അഭിയാസ്യത്കർമ്മമെന്ന ഒമ്പതാമധികരണത്തിൽ, ബലോപാദാനകാലങ്ങൾ— സന്നാഹഗുണങ്ങൾ— പ്രതിബലകർമ്മം എന്ന രണ്ടാമദ്ധ്യായം.**

# മൂന്നാം അധ്യായം.

ഒരുനൂററിനാല്പതും നാല്പത്തൊന്നും പ്രകരണങ്ങൾ.

പശ്ചാൽകോപചിന്ത, ബാഹ്യാഭ്യന്തരപ്രകൃതികോപ
പ്രതീകാരം.

അല്പമായ പശ്ചാൽകോപം (പാർഷ്ണിപീഡ), മഹത്തായ പുരസ്താല്ലാഭം (മുൻഭാഗത്തു ശത്രുവിൽനിന്നുള്ള ലാഭം) എന്നിവയിൽവച്ച് അല്പമായ പശ്ചാൽകോപമാണു ഗുരുതരം. എന്തുകൊണ്ടെന്നാൽ:— പ്രയാതനായ വിജിഗീഷുവിനുള്ള അല്പമായ പശ്ചാൽകോപത്തെ ദൂഷ്യരും ശത്രുക്കളും ആടവികന്മാരും എല്ലാടത്തും വർദ്ധിപ്പിക്കും. പ്രകൃതികോപവും അതിനെ വർദ്ധിപ്പിക്കും. അങ്ങനെ വരുമ്പോൾ പുരോഭാഗത്തിൽ കിട്ടിയ മഹത്തായ ലാഭത്തെ ഭൃത്യമിത്രനാശവും ധനനാശവും ഗ്രസിച്ചുകളയും. ആകയാൽ ആയിരത്തിലൊരംശം പുരസ്താല്ലാഭവും നൂറിലൊരംശം പശ്ചാൽകോപവും ഒരുപോലെയാണെന്നു കരുതി യാനം ചെയ്യാതിരിക്കണം. സൂചീമുഖങ്ങളാണനർത്ഥങ്ങൾ * എന്നാണല്ലോ ലോകോക്തി.

പശ്ചാൽകോപമുള്ളപ്പോൾ താൻ യാനം ചെയ്യാതെ സാമദാനഭേദദണ്ഡങ്ങളെ പ്രയോഗിക്കുകയും, പുരസ്താല്ലാഭത്തിന്നായി സേനാപതിയെയോ കുമാരനെയോ സൈന്യത്തോടുകൂടി അയയ്ക്കുകയും ചെയ്യണം. ബലവാനും പശ്ചാൽകോപത്തെ ഒതുക്കുന്നതിൽ സമർത്ഥനുമായിട്ടുള്ള രാജാവ് പുരസ്താല്ലാഭം സമ്പാദിക്കുന്നതിന്നു താൻതന്നെ യാനം ചെയ്യാം. ആഭ്യന്തരകോപത്തിന്റെ ശങ്കയുണ്ടെങ്കിൽ, ആരെക്കുറിച്ചാണോ ശങ്കയുള്ളത് അവരെ തന്റെ കൂടെക്കൂട്ടിക്കൊണ്ടുവേണം പോകുവാൻ. ബാഹ്യകോപ

* സൂചീമുഖങ്ങൾ=സൂചിപോലെ കൃശമുഖങ്ങൾ. ആരംഭത്തിൽ ചെറുതായിരിക്കുന്നവ എന്നു സാരം.

ത്തിന്റെ ശങ്കയുണ്ടെങ്കിൽ അവരുടെ (ബാഹ്യകോപമുളവാകുന്ന രാഷ്ട്രമുഖ്യാദികളുടെ) ഭാര്യാപുത്രന്മാരെ ആഭ്യന്തരന്മാരുടെ (അമാത്യാദികളുടെ) മേൽനോട്ടത്തിൽ ഏല്പിച്ചും, രാജശൂന്യമായ സ്ഥാനീയത്തെക്കാക്കുവാൻ അനേകം മുഖ്യന്മാരുടെ കീഴിൽ അനേകസൈന്യവർഗ്ഗങ്ങളെ നിറുത്തിയും യാനം ചെയ്കയോ, അഥവാ യാനം ചെയ്യാതിരിക്കയോ വേണം. അഭ്യന്തരകോപം ബാഹ്യകോപത്തെക്കാളധികം ചിന്ത്യയാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

മന്ത്രി, പുരോഹിതൻ, സേനാപതി, യുവരാജാവ് എന്നിവരിലൊരുവന്റെ കോപമാണ് അഭ്യന്തരകോപം. അതിനെ തൽക്കാരണമായ സ്വദോഷത്തെ ത്യജിക്കുകയോ പരശക്തിയെ അപരാധത്തിന്നനുസരിച്ചു ദണ്ഡിക്കുകയോ ചെയ്തു ശമിപ്പിക്കണം. എന്നാൽ, പുരോഹിതൻ മഹത്തായ അപരാധം ചെയ്താലും അദ്ദേഹത്തെ സംരോധിക്കുകയോ അവസ്രാവണം (നാടുകടത്തുക) ചെയ്കയോ മാത്രമേ ചെയ്യാവൂ. യുവരാജാവിന്നു സംരോധനമോ, ഗുണവാനായ മറ്റൊരു പുത്രനുള്ളപക്ഷം നിഗ്രഹംതന്നെയോ ദണ്ഡമാകാം. ഇവരെപ്പറഞ്ഞതുകൊണ്ടുതന്നെ മന്ത്രിയുടേയും സേനാപതിയുടേയും കാര്യം പറഞ്ഞു കഴിഞ്ഞു.

പുത്രനോ ഭ്രാതാവോ സ്വകുലീനനായ മറ്റൊരുവനോ രാജ്യം പിടിച്ചടക്കുവാൻ ശ്രമിക്കുന്നതായാൽ അവനെ ഉത്സാഹം (സേനാപതിയായോ മറ്റോ നിയമിച്ചു പ്രോത്സാഹിപ്പിക്കൽ) കൊണ്ട് സാധിപ്പിക്കണം. പ്രോത്സാഹിപ്പിക്കുവാൻ കഴിയാത്തപക്ഷം, ശത്രുവിനോടു സന്ധിചെയ്യുന്നതിനെ ഭയപ്പെട്ട്, പിടിച്ചടക്കിയത് അനുഭവിപ്പാൻ അനുവദിച്ചോ സന്ധിചെയ്തോ സാധിപ്പിക്കണം. തദ്വിധന്മാരായ അന്യന്മാർക്ക് ഭൂമി ദാനംചെയ്ത്

അവന്ന് വിശ്വാസം വരുത്തുകയും വേണം. അഥവാ അവനോടുകൂടെ സ്വയംഗ്രാഹസൈന്യത്തെയൊ || സാമന്തസൈന്യത്തെയൊ ആടവികസൈന്യത്തെയൊ പരഭൂമിയെ പിടിച്ചടക്കുവാനയയ്ക്കുകയും പിന്നീട് അവരോട് (സൈന്യങ്ങളോടു) വിഗ്രഹമുള്ളവാക്കി അവനെ വഞ്ചിക്കുകയും ചെയ്യണം. അഥവാ അവരുദ്ധനെ പിടിക്കുവാനുള്ളതോ പരഗ്രാമത്തെ പിടിക്കുവാനുള്ളതൊ ആയ ഉപായം പ്രവൃത്തിക്കണം §. ഇതുകൊണ്ടു മന്ത്രിസേനാപതികളുടെ കാൎയ്യവും പറഞ്ഞുകഴിഞ്ഞു.

മന്ത്രി മുതലായവർ (മന്ത്രിയും പുരോഹിതനും സേനാപതിയും യുവരാജാവും) ഒഴിച്ചുള്ള അന്തരമാത്യന്മാരിലൊരുവന്റെ കോപമാണ് അന്തരമാത്യകോപം. അതിങ്കലും മേൽപ്പറഞ്ഞ ഉപായങ്ങളെ ഔചിത്യംപോലെ പ്രയോഗിക്കണം.

രാഷ്ട്രമുഖ്യൻ, അന്തപാലൻ, ആടവികൻ, ദണ്ഡോപനതൻ എന്നിവരിലൊരുവന്റെ കോപം ബാഹ്യകോപം. അതിനെ, അവരെത്തന്നെ തമ്മിൽത്തമ്മിൽ വിഗ്രഹിപ്പിച്ചു ശമിപ്പിക്കണം. അവർ ഉറപ്പുള്ള ദുൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്നതായാൽ അവരുടെ സാമന്തൻ, ആടവികൻ, തൽകുലീനാവരുദ്ധൻ എന്നിവരിലൊരുവനെക്കൊണ്ട് അവഗ്രഹിപ്പിക്കണം. അഥവാ ശത്രുവിനെ ആശ്രയിക്കാതിരിക്കത്തക്കവിധം തന്റെ മിത്രത്തെക്കൊണ്ട് ഉപഗ്രഹിപ്പിക്കുകയും ചെയ്യാം. ശത്രുവിനെ ആശ്രയിപ്പാൻ ഭാവിക്കുന്നതായാൽ സത്രി ഇങ്ങനെ പറഞ്ഞു ദേ

|| സ്വയംഗ്രാഹസൈന്യം=അവനവൻ പിടിക്കുന്നതു് അവനവൻ എടുക്കുക എന്ന നിശ്ചയത്തിന്മേൽ യുദ്ധം ചെയ്യുന്ന സൈന്യം.

§ അവരുദ്ധനെ പിടിക്കുവാനുള്ള ഉപായം ഒന്നാമധികരണത്തിൽ പതിനെട്ടാമദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്. പരഗ്രാമം പിടിപ്പാനുള്ള ഉപായം മുകളിൽ പറയുന്നുമുണ്ടു്.

ദിപ്പിച്ചു:— "ഇവൻ നിന്നെ ഗൂഢപുരുഷനെന്നു കരുതി സ്വന്തം സ്വാമിയിൽ തന്നെ വിക്രമിപ്പിക്കും. കാര്യം സാധിച്ചാൽ പിന്നെ അമിത്രന്മാരുടെയോ ആടവികന്മാരുടെയോ നേരെ നിന്നെ സൈന്യസമേതനായി അയയ്ക്കുകയോ, കൃച്ഛ്രപ്രവാസത്തിങ്കൽ ഏർപ്പെടുത്തുകയോ, ഭാര്യാപുത്രന്മാരോടു വേർപെടുത്തി ജനപദാന്തത്തിങ്കൽ പാർപ്പിക്കുകയോ, വീര്യം ക്ഷയിച്ചതിന്നുശേഷം നിന്നെ സ്വന്തം സ്വാമിക്കുതന്നെ വിൽക്കുകയോ, നിന്നെ ഈടുകൊടുത്തു് സന്ധിചെയ്തു് നിന്റെ സ്വാമിയെത്തന്നെ പ്രസാദിപ്പിക്കുകയോ ചെയ്യും. അതുകൊണ്ടു് അദ്ദേഹത്തിന്റെ ഉൽകൃഷ്ടമിത്രത്തെ ആശ്രയിക്കുകയാണു നല്ലതു്". അവൻ ഇതു സമ്മതിച്ചാൽ അഭിമതങ്ങളായ അർത്ഥങ്ങൾ കൊടുത്തു് അവനെ മാനിക്കണം. സമ്മതിക്കാതിരുന്നാൽ ആരെയാണോ അവൻ ആശ്രയിപ്പാൻ പോകുന്നതു അവനെ "ആശ്രയിപ്പാൻ വരുന്ന ഇവൻ ശത്രുവിന്റെ ഗൂഢപുരുഷനാണു" എന്നു പറഞ്ഞു ഭേദിപ്പിച്ചു. അഭിവ്യക്തശാസനങ്ങൾ (ചാരന്മാർ വക്കൽനിന്നു കണ്ടുപിടിച്ച കൂടലേഖ്യങ്ങൾ) വഴിക്കോ ഗൂഢപുരുഷന്മാരെക്കൊണ്ടോ സത്രി അവനെ കൊല്ലിക്കുകയോ, അവന്റെ അനുയായികളായ വീരപുരുഷന്മാരെ അവക്കിഷ്ടമുള്ളതുകൊടുത്തു് ആവാഹിക്കുകയോ ചെയ്യണം. അനുയായികൾ അവന്റെ പ്രണിധികളാണെങ്കിൽ സത്രി ശത്രുവിനെ ഭേദിപ്പിക്കണം *. ഇങ്ങനെയാണു് അവരുടെ കോപത്തിങ്കൽ സിദ്ധി. ഇപ്രകാരത്ത ബാഹ്യാഭ്യന്തരകോപങ്ങളെ വിജിഗീഷു ശത്രുവിന്നുണ്ടാക്കിത്തീർക്കുകയും, തനിക്കുള്ളതിനെ ശമിപ്പിക്കുകയും ചെയ്യണം.

---

* ആശ്രയിപ്പാൻ വരുന്നവന്റെ അനുയായികൾ വിജിഗീഷുവിനാൽ നിഗ്രഹിക്കപ്പെടുന്ന ഗൂഢപുരുഷന്മാരാണെന്നു പറഞ്ഞു ശത്രുവിനെ ഭേദിപ്പിക്കേണമെന്നു സാരം.

ആർ കോപമുണ്ടാക്കുന്നതിനും ശമിപ്പിക്കുന്നതിനും ശക്തനാണോ അവനിൽ ഉപജാപം ചെയ്യണം. ആർ സത്യസന്ധനും കർമ്മം ചെയ്യുന്നതിനും ഫലസിദ്ധിയിൽ അനുഗ്രഹിക്കുന്നതിനും ആപത്തിൽ രക്ഷിക്കുന്നതിനും ശക്തനാണോ അവനിൽ പ്രതിജാപവും (ഉപജാപമനുസരിച്ചു പ്രവൃത്തിക്കാൻ സമ്മതിക്കൽ) ചെയ്യണം. അവൻ കല്യാണബുദ്ധിയോ, അതോ ശഠനോ എന്നു തർക്കിക്കുകയും വേണം.

ശഠനായ ബാഹ്യൻ അഭ്യന്തരനെ ഉപജാപം ചെയ്യുന്നതിന്റെ ഉദ്ദേശം ഇങ്ങനെയായിരിക്കും:— "ഇവൻ സ്വാമിയെക്കൊന്നു് എന്നെ വാഴിക്കുമെങ്കിൽ എനിക്കു ശത്രുവധവും ഭൂമിലാഭവുമെന്ന രണ്ടു ലാഭം കൈവരും; ശത്രു ഇവനെയാണു് കൊന്നതെങ്കിൽ കൊല്ലപ്പെട്ടവന്റെ ബന്ധുക്കളും തുല്യദോഷദണ്ഡത്താൽ ഉദ്വിഗ്നരായവരുമായി വലിയൊരു കൃത്യപക്ഷത്തെ എനിക്കു കിട്ടും; കൊല്ലപ്പെട്ടവനെപ്പോലെയുള്ള മററുള്ളവരിലും ശത്രുവിനു ശങ്കയുണ്ടാകും; അപ്പോൾ എനിക്കു് അഭിവ്യക്തശാസനങ്ങൾ മുഖേന ശത്രുവിന്റെ മററു ചില മുഖ്യന്മാരെയും കൊല്ലിപ്പാൻ സാധിക്കും."

ശഠനായ അഭ്യന്തരൻ ബാഹ്യനെ ഉപജാപം ചെയ്യുന്നതിന്റെ ഉദ്ദേശം ഇതായിരിക്കും:—"ഞാൻ ഇവന്റെ കോശം ഹരിക്കുകയോ, സൈന്യത്തെ ഹനിക്കുകയോ, ദുഷ്ടനായ സ്വാമിയെ ഇവനെക്കൊണ്ടു കൊല്ലിക്കുകയോ ചെയ്യുന്നുണ്ടു്. സ്വാമിവധത്തിനു സമ്മതിച്ചാൽ ആദ്യം അമിത്രാടവികന്മാരിൽ വിക്രമിപ്പിച്ചു് ഇവന്റെ സൈന്യത്തെ സ്ഥലബദ്ധമാക്കി സ്വാമിയോടുള്ള വൈരത്തെ ദൃഢമാക്കി ഇവനെ എനിക്കു വിധേയനാക്കുന്നതും, ആ വഴിക്കു സ്വാമിയെത്തന്നെ പ്രസാദിപ്പിക്കുന്നതുമുണ്ടു്. അഥവാ വിധേയനായിത്തീർന്ന ഈ ബാഹ്യന്റെ രാജ്യം ഗ്രഹിക്കുകയോ ബാഹ്യനെ ബന്ധിച്ചു് ബാഹ്യഭൂമിയേയും സ്വാമി

ഭൂമിയേയും രണ്ടും ഗ്രഹിക്കുകയോ ചെയ്യുന്നുണ്ട്. അഥവാ, വിരുദ്ധനായ മററൊരുവനെ ആവാഹിച്ച് അവനുമായി വിശ്വസിപ്പിച്ച് ഈ ബാഹ്യനെ കൊല്ലിക്കുകയോ ശൂന്യമായ ഇവൻെറ മൂലസ്ഥാനത്തെ പിടിച്ചടക്കുകയോ ചെയ്യുന്നുണ്ട്."

കല്യാണബുദ്ധിയായവനാകട്ടെ സഹജീവിയായിരിപ്പാനാഗ്രഹിച്ച് ഹിതകാര്യത്തിൽ മാത്രമേ ഉപജാപം ചെയ്കയുള്ളു. കല്യാണബുദ്ധിയോടു സന്ധി ചെയ്കയും, ശഠനെ "അങ്ങനെ ചെയ്യാം" എന്നു പറഞ്ഞു വശപ്പെടുത്തി വഞ്ചിക്കുകയും ചെയ്യണം. ഇങ്ങനെയാണവരോടു ചെയ്യേണ്ടതു്.

പരർ പരരായ്, നിജർ നിജരായ്,
നിജർ പരരായ്, നൈജരായ് പരന്മാരും,
താൻ പരരും നൈജരുമായ്
ചേരാതേകണ്ടു കാക്കണം വിദ്വാൻ.

കൌടില്യൻെറ അർത്ഥശാസ്ത്രത്തിൽ, അഭിയാസ്യൽകർമ്മമെന്ന ഒമ്പതാമധികരണത്തിൽ, പശ്ചാൽകോപചിന്താ-ബാഹ്യാഭ്യന്തരപ്രകൃതികോപപ്രതീകാരം എന്ന മൂന്നാമദ്ധ്യായം.

---

## നാലാം അദ്ധ്യായം

### ഒരുനൂററിനാല്പത്തിരണ്ടാം പ്രകരണം.

### ക്ഷയവ്യയലാഭവിപരിമർശം *

ക്ഷയമെന്നാൽ വാഹനങ്ങളുടെയും ആളുകളുടെയും നാശം; വ്യയമെന്നാൽ ഹിരണ്യത്തിൻെറയും ധാന്യത്തിൻെറ

* ക്ഷയം, വ്യയം, ലാഭം എന്നിവയുടെ ഗുരുലാഘവപരിശോധനം.

ഷ്യം നാശം. ക്ഷയവും വ്യയവും തട്ടിക്കിഴിച്ചു ലാഭമുണ്ടാകുമെന്നു കാണുന്നപക്ഷം യാനം ചെയ്യണം.

ആദേയം, പ്രത്യാദേയം, പ്രസാദകം, പ്രകോപകം, ഹ്രസ്വകാലം, തനുക്ഷയം, അല്പവ്യയം, മഹത്ത്, വൃദ്ധ്യുദയം, കല്യം, ധൎമ്മ്യം, പുരോഗം എന്നിങ്ങനെയിരിക്കുകയാണു് ലാഭസമ്പത്ത് (ലാഭഗുണങ്ങൾ)

എളുപ്പത്തിൽ സമ്പാദിപ്പാനും രക്ഷിപ്പാനും സാധിക്കുന്നതും പരന്മാൎക്കു മടക്കിയെടുപ്പാൻ അശക്യവുമായതു് ആദേയം; തദ്വിപരീതമായതു പ്രത്യാദേയം. അതിനെ സ്വീകരിക്കുകയോ അനുഭവിക്കുകയോ ചെയ്യുന്നവൻ വിനാശത്തെ പ്രാപിക്കും. എന്നാൽ, "പ്രത്യാദേയത്തെ സ്വീകരിച്ചാൽ ശത്രുവിന്റെ കോശത്തെയും സൈന്യസമൂഹത്തെയും രക്ഷാവിധാനങ്ങളെയും ഞാൻ ക്ഷയിപ്പിച്ചേക്കാം; ശത്രുവിന്റെ ഖനി, ദ്രവ്യവനം, ഹസ്തിവനം, സേതുബന്ധം, വണിക്പഥം എന്നിവയെ സാരമെടുത്തു ക്ഷയിപ്പിച്ചേക്കാം; ശത്രുവിന്റെ പ്രകൃതികളെ കൎശിപ്പിക്കയോ ആവാഹനം ചെയ്തു് അവന്റെ ദ്രവ്യങ്ങളനുഭവിക്കുമാറാക്കി സന്തോഷിപ്പിക്കയോ ചെയ്തേക്കാം; ആ സ്ഥിതിയിലായ പ്രകൃതികളെ ശത്രു പ്രതിയോഗം ചെയ്തു കോപിപ്പിക്കും; ശത്രുവിനെ ഞാൻ തദ്വിരോധിയുടെ കയ്യിൽ പണ്യമാക്കിത്തീൎത്തേക്കാം; അവന്റെ സ്ഥാനത്തു് എന്റെ മിത്രത്തെയോ അവരുദ്ധനെയോ സ്ഥാപിച്ചേക്കാം. ഇവിടെയിരുന്നുംകൊണ്ടു എന്റെ മിത്രത്തിനോ ദേശത്തിനോ ചോരന്മാരിൽനിന്നും ശത്രുക്കളിൽനിന്നുമുള്ള പീഡയ്ക്കു നിവാരണം ചെയ്തേക്കാം; അവന്റെ മിത്രത്തെയോ ആശ്രയത്തെയോ ഞാൻ വിരോധിപ്പിച്ചേക്കാം; അങ്ങനെ ചെയ്താൽ ശത്രുവിന്റെ മിത്രം അവനോടു വെറുത്തു് അവന്റെ സ്ഥാനത്തു തൽകുലീനനായ അന്യനെ സ്ഥാപിക്കും; അപ്പോളവനെ സൽക്കരിച്ചു് ഞാൻ ഭൂമിദാനം ചെയ്തേക്കാം; എന്നാലവൻ എ

ന്നോട്ട സന്ധിചെയ്തു് എന്റെ സ്ഥിരമിത്രമായിബ്ഭവിക്കം" എന്നു തോന്നുന്ന പക്ഷം പ്രത്യാദേയമായ ലാഭത്തേയും സ്വീകരിക്കാം. ഇങ്ങനെ ആദേയപ്രത്യാദേയങ്ങൾ പറയപ്പെട്ടു.

അധാൎമ്മികനായവനിൽ നിന്നു ധാൎമ്മികനായവനു കിട്ടുന്ന ലാഭം സ്വജനങ്ങളെയും പരജനങ്ങളേയും പ്രസാദിപ്പിക്കുന്നതാകയാൽ പ്രസാദകമായി ഭവിക്കും; തദ്വിപരീതമായ ലാഭം അവരെ കോപിപ്പിക്കുന്നതാകയാൽ പ്രകോപകവുമാകും. മന്ത്രിമാരുടെ ഉപദേശംകൊണ്ടു ലാഭം ലഭിക്കാതിരിക്കുന്നതായാൽ "ഇവൻ നമ്മെ ക്ഷയവ്യയങ്ങളിൽ കൊണ്ടുചാടിച്ചു" എന്നു സ്വാമിക്കു കോപമുളവാകും. ദൂഷ്യരായ മന്ത്രിമാരെ ആദരിക്കാതെകണ്ടു ലാഭം കിട്ടുന്നതായാൽ "സിദ്ധകാൎയ്യനായ ഇവൻ നമ്മെ നശിപ്പിക്കും" എന്നിങ്ങനെ അവൎക്കു കോപം ഭവിക്കും. ഇതിനു വിപരീതമായി കിട്ടുന്ന ലാഭം പ്രസാദകമാകും. ഇങ്ങനെ പ്രസാദകവും കോപകവും പറയപ്പെട്ടു.

യാനം ചെയ്യുമ്പോഴല്ലതന്നെ സാദ്ധ്യമായ ലാഭം ഹ്രസ്വകാലം; മന്ത്രസാദ്ധ്യമായ ലാഭം തനുക്ഷയം (ക്ഷയം കുറഞ്ഞതു്); ചോറുമാത്രം ചെലവു ചെയ്തു കിട്ടുന്ന ലാഭം അല്പവ്യയം; തൽക്കാലംതന്നെ ധാരാളമായി കിട്ടുന്ന ലാഭം മഹത്തു്; ഭാവിയിൽ മറെറാരു ലാഭത്തെ ഉണ്ടാക്കുന്നതായ ലാഭം വൃദ്ധ്യുദയം; ബാധകൂടാതെ കിട്ടുന്ന ലാഭം കല്യം; പ്രശസ്തമായ വിധം സമ്പാദിച്ചതായ ലാഭം ധൎമ്മ്യം; സാമവായികന്മാൎക്കു പങ്കുവയ്ക്കാതെ കിട്ടിയ ലാഭം പുരോഗം (മുമ്പിൽ വന്നതു്).

രണ്ടു ലാഭങ്ങൾ തുല്യങ്ങളായിരിക്കുമ്പോൾ ദേശകാലങ്ങളേയും, ശക്ത്യുപായങ്ങളേയും, പ്രിയാപ്രിയതകളേയും, വേഗാവേഗങ്ങളേയും, സാമീപ്യവിപ്രകൎഷങ്ങളേയും, തൽകാലവും ഭാവിയിലുമുള്ള ഗുണങ്ങളേയും, സാരാസാരത

സ്ഥൈൎയ്യം എന്നിവയേയും, ബഹുപ്രകാരകളേയും നല്ലവ ണ്ണം ആലോചിച്ച് ഏതിന്നാണോ അധികം ഗുണമുള്ളത് ആ ലാഭത്തെ സ്വീകരിക്കണം.

കാമം, കോപം, ഭയം, കാരുണ്യം, ലജ്ജ, അനാൎയ്യ ത്വം, മാനം, സാനുക്രോശത (ദാക്ഷിണ്യം), പരലോക ചിന്ത, ദാംഭികത്വം, അത്യാഗിത്വം, ദൈന്യം, അസൂയ, കയ്യിൽ കിട്ടിയതിനെപ്പററി അനാദരം, ദുരാത്മത്വം, അ വിശ്വാസം, ഭയശങ്ക, അനികാരം (പരന്റെ പേരിൽ തി രസ്കാരം തോന്നായ്ക), ശീതോഷ്ണവൎഷങ്ങളെ പൊറുക്കാൻ വയ്യായ്ക, നല്ല നാളും പക്കവും നോക്കുന്ന സ്വഭാവം എ ന്നിവ ലാഭത്തിന്നു വിഘ്നങ്ങളാകുന്നു.

നക്ഷത്രമേറെച്ചോദിക്കും
ബാലന്നൎത്ഥം ലഭിച്ചിടാ;
അൎത്ഥത്തിന്നൎത്ഥം നക്ഷത്രം,
താരങ്ങൾക്കതിലെന്തുവാൻ?

ധനം കൂടാതെത്ര യത്നം
ചെയ്കിലും ലഭിയാ ധനം;
ഗജം പ്രതിഗജത്താൽപ്പോ-
ലൎത്ഥമൎത്ഥത്തിനാൽ വരും.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അഭിയാസ്യൽകൎമ്മമെ ന്ന ഒമ്പതാമധികരണത്തിൽ, ക്ഷയവ്യയലാഭവിപരി മൎശം എന്ന നാലാമദ്ധ്യായം.**

---

## അഞ്ചാം അദ്ധ്യായം.

### ഒരുനൂററിനാല്പത്തിമൂന്നാം പ്രകരണം.

### ബാഹ്യാഭ്യന്തരാപത്തുകൾ.

സന്ധി മുതലായവയെ വേണ്ടതുപോലെയല്ലാതെ പ്രയോഗിക്കൽ അപനയം; അതിൽനിന്നു ആപത്തുകൾ

ഉണ്ടാകുന്നു. ബാഹ്യന്മാരിൽനിന്നു അഭ്യന്തരന്മാരുടെ പ്രതിജാപദത്തോടുകൂടിയുണ്ടാകുന്നത്, അഭ്യന്തരന്മാരിൽനിന്നു ബാഹ്യന്മാരുടെ പ്രതിജാപദത്തോടുകൂടിയുണ്ടാകുന്നതു്, ബാഹ്യന്മാരിൽനിന്നു ബാഹ്യന്മാരുടെതന്നെ പ്രതിജാപദത്തോടുകൂടിയുണ്ടാകുന്നതു്, അഭ്യന്തരന്മാരിൽനിന്നു് അഭ്യന്തരന്മാരുടെതന്നെ പ്രതിജാപദത്തോടുകൂടിയുണ്ടാകുന്നതു് എന്നിവയാണു് ആപത്തുകൾ.

ബാഹ്യന്മാർ അഭ്യന്തരന്മാരെയോ അഭ്യന്തരന്മാർ ബാഹ്യന്മാരെയോ ഉപജപിക്കുന്നതിനാലുണ്ടാകുന്ന ആപത്തിൽ രണ്ടേടത്തിലുംവച്ചു് പ്രതിജപിതാവിനെ (ഉപജാപമനുസരിച്ചു പ്രവൃത്തിപ്പാനേൽക്കുന്നവനെ) ഒതുക്കുന്നതാണധികം നല്ലതു്. എന്തുകൊണ്ടെന്നാൽ പ്രതിജപിതാക്കളുടെ വ്യാജങ്ങൾ എളുപ്പത്തിൽ ഗ്രഹിപ്പാൻ കഴിയും; ഉപജപിതാക്കളുടേതു് അങ്ങിനെയല്ല. പ്രതിജപിതാക്കൾ ഒതുങ്ങിയാൽപ്പിന്നെ മററുള്ളവരിൽ ഉപജാപം പ്രയോഗിപ്പാൻ ഉപജപിതാക്കളെക്കൊണ്ടു സാധിക്കയില്ല. ബാഹ്യന്മാൎക്കു് അഭ്യന്തരന്മാരെയോ അഭ്യന്തരന്മാൎക്കു് അവരെയോ ഉപജാപം ചെയ്യുന്നതിന്നു വളരെ പ്രയാസമുണ്ടു്. അതു ചെയ്താൽ തന്റെ മഹത്തായ പ്രയത്നത്തിന്നു നാശവും പരന്മാൎക്കു് അൎത്ഥസിദ്ധിയും തനിക്കു് അനൎത്ഥലാഭവും സംഭവിക്കും.

അഭ്യന്തരന്മാർ പ്രതിജാപം ചെയ്യുന്നതായാൽ അവരെ ഒതുക്കുവാൻ സാമദാനങ്ങളെ പ്രയോഗിക്കണം. സ്ഥാനമാനങ്ങളെ നൽകുകയാണു സാമം; അനുഗ്രഹപരിഹാരങ്ങളെച്ചെയ്കയോ കൎമ്മങ്ങളിൽ ഏൎപ്പെടുത്തുകയോ ആണു ദാനം. ബാഹ്യന്മാർ പ്രതിജാപം ചെയ്യുന്നതായാൽ അവരെ ഒതുക്കുവാൻ ഭേദദണ്ഡങ്ങളെ പ്രയോഗിക്കണം. ബാഹ്യന്മാരുടെ മിത്രങ്ങളെന്നഭിനയിക്കുന്ന സത്രികൾ അവരോടു് ഇങ്ങനെ ചാരം പറവൂ:—"ഈ രാ

ജാവ് നിങ്ങളെ ദൂഷ്യവ്യഞ്ജനന്മാരായ ഗൂഢപുരുഷന്മാരെക്കൊണ്ടു വഞ്ചിക്കുവാനാണിച്ഛിക്കുന്നതു്, മനസ്സിലാക്കുവിൻ". ദൂഷ്യന്മാരിൽ ദൂഷ്യവ്യഞ്ജനന്മാരായ ചാരന്മാരെ പ്രയോഗിക്കയും, അവർ ദൂഷ്യന്മാരെ ബാഹ്യന്മാരോടോ ബാഹ്യന്മാരെ ദൂഷ്യന്മാരോടോ ഭേദിപ്പിക്കുകയും ചെയ്‌വൂ. അഥവാ ദൂഷ്യന്മാരുടെ ഉള്ളിൽ കടന്നുകൂടി തീക്ഷ്ണന്മാർ അവരെ ശസ്ത്രവിഷങ്ങളെക്കൊണ്ടു ഹനിക്കുകയോ, ബാഹ്യന്മാരെ ക്ഷണിച്ചുവരുത്തി കൊല്ലിക്കുകയോ ചെയ്‌വൂ.

ബാഹ്യന്മാർ ബാഹ്യന്മാരെയോ അഭ്യന്തരന്മാർ അഭ്യന്തരന്മാരെയോ ഉപജാപം ചെയ്യുതിനാലുണ്ടാകുന്ന ഏകാന്തയോഗമായ ആപത്തിൽ ഉപജപിതാവിനെ ഒളുക്കുന്നതാണധികം നല്ലതു്. ദോഷത്തെ ശോധനം ചെയ്താൽ ദൂഷ്യന്മാർ ഉണ്ടാകയില്ലല്ലോ. ദൂഷ്യന്മാരെ ശോധനം ചെയ്താൽ ദോഷം പിന്നെ മററാരെയെങ്കിലും ദൂഷിപ്പിക്കും. അതുകൊണ്ടു് ബാഹ്യന്മാരായ ഉപജപിതാക്കളിൽ ഭേദദണ്ഡങ്ങളെ പ്രയോഗിക്കണം. അവരുടെ മിത്രങ്ങളെന്നഭിനയിക്കുന്ന സത്രികൾ "ഈ രാജാവു് നിങ്ങളെ വശപ്പെടുത്തുവാനാണിച്ഛിക്കുന്നതു്. ഇദ്ദേഹത്തോടു നിങ്ങൾ വിഗൃഹീതരായിട്ടുവേണം വർത്തിപ്പാനെന്നു ധരിക്കുക"എന്നു പറവൂ; തീക്ഷ്ണന്മാർ പ്രതിജപിതാവിന്റെ ദൂതന്മാരിലും സൈന്യങ്ങളിലും അനുപ്രവേശിച്ചു് അവരുടെ ഛിദ്രങ്ങളിൽ ശസ്ത്രവിഷാദികളെക്കൊണ്ടു പ്രഹരിപ്പൂ; പിന്നെ സത്രികൾ പ്രതിജപിതാവിനെ അഭിശംസിക്കുക (കുററപ്പെടുത്തുക)യും ചെയ്‌വൂ.

അഭ്യന്തരന്മാർ അഭ്യന്തരന്മാരെ ഉപജാപം ചെയ്യുമ്പോഴും അഹ്രതപോലെയുള്ള ഉപായത്തെ പ്രയോഗിക്കണം. അവരിൽ, സന്തുഷ്ടനെന്നു നടിച്ചും വാസ്തവത്തിൽ സന്തോഷിക്കാതെയുമോ തദ്വിപരീതമായോ സാമം പ്ര

യോഗിച്ചു. അവരുടെ ശൌചത്തെയും സാമൎത്ഥ്യത്തെയും കാരണമായിപ്പറഞ്ഞോ വ്യസനാഭ്യുദയങ്ങളെ അപേക്ഷിച്ചോ പ്രതിപൂജിക്കുകയെന്ന നിലയിൽ ദാനം പ്രയോഗിച്ചു; മിത്രവ്യഞ്ജനനായ ഗൂഢപുരുഷൻ "നിങ്ങളുടെ ഉള്ളറിവാൻവേണ്ടി രാജാവു നിങ്ങളെ പരീക്ഷിക്കും. ഉള്ള് അനുഗ്രഹത്തോടു പറയേണം" എന്നു പറകയോ, "ഇന്നിന്നവർ നിങ്ങളെപ്പററി രാജാവിന്റെ മുമ്പിൽ ഉപജാപം ചെയ്യുന്നുണ്ട്" എന്നു പറഞ്ഞ് അവരെ തമ്മിൽത്തമ്മിൽ ഭേദിപ്പിക്കുകയോ ആകുന്ന ഭേദം പ്രയോഗിച്ചു; ദാണ്ഡകൎമ്മികത്തിൽ പറഞ്ഞ ദണ്ഡവും പ്രയോഗിച്ചു.

ഇപ്പറഞ്ഞ നാലാപത്തുകളിലുംവെച്ച് ആഭ്യന്തരമായിട്ടുള്ളതിനെത്തന്നെയാണ് ആദ്യം തീൎക്കേണ്ടതു്. ആഭ്യന്തരകോപം അഹിഭയമാകയാൽ ബാഹ്യകോപത്തെക്കാളധികം ചീത്തയാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

ഈയാപത്തുകളിൽ പൂൎവ്വം
പൂൎവ്വം ചൊന്നതു ലഘീയാം;
ബലവൽകൃതയെന്നാകിൽ
ഗുൎവ്വി, ലഘ്വി മറിച്ചുമാം.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, അഭിയാസ്യത്കൎമ്മമെന്ന ഒമ്പതാമധികരണത്തിൽ, ബാഹ്യാഭ്യന്തരാപത്തുകൾ എന്ന അഞ്ചാമദ്ധ്യായം.

# ആറാം അധ്യായം.

## ഒരുനൂററിനാല്പത്തിനാലാം പ്രകരണം.

### ദൂഷ്യശത്രുസംയുക്താപത്തുകൾ

ദൂഷ്യന്മാരിൽനിന്നു മാത്രമുണ്ടായവയും ശത്രുക്കളിൽനിന്നു മാത്രമുണ്ടായവയുമെന്നു രണ്ടു വിധം ആപത്തുകൾ ശുദ്ധകൾ (കലൎപ്പില്ലാത്തവ) ആകുന്നു.

ദൂഷ്യശുദ്ധയായ ആപത്തിൽ പൌരന്മാരിലോ ജാനപദന്മാരിലോ ദണ്ഡമൊഴികെയുള്ള ഉപായങ്ങളെ പ്രയോഗിപ്പൂ. ദണ്ഡം മഹാജനങ്ങളിൽ പ്രയോഗിപ്പാൻ പ്രയാസമാണു; പ്രയോഗിച്ചാലും അതു് ഉദ്ദേശിച്ച കാൎയ്യം സാധിപ്പിക്കുകയില്ല; മററു പല്ല അനൎത്ഥവും ഉണ്ടാക്കിത്തീൎക്കുകയും ചെയ്യും. അവരുടെ മുഖ്യന്മാരിലാകട്ടേ, ദാണ്ഡകൎമ്മികത്തിൽ പറഞ്ഞതുപോലെ പ്രവൃത്തിക്കണം.

ശത്രുശുദ്ധയായ ആപത്തിൽ ശത്രു, അവന്റെ പ്രധാനൻ (മന്ത്രി), കാൎയ്യൻ (അമാത്യൻ), പ്രധാനകാൎയ്യന്മാർ രണ്ടുപേരും എന്നിവർ സംബന്ധിച്ചിരിക്കുമ്പോൾ ക്രമത്തിൽ സാമാദികളെക്കൊണ്ടു് സിദ്ധി (പ്രതികാരം) ചെയ്യണം. പ്രധാനന്റെ സിദ്ധി സ്വാമിയെ ആശ്രയിച്ചും, യത്താന്റെ (കാൎയ്യന്റെ) സിദ്ധി മന്ത്രികളെ ആശ്രയിച്ചും, പ്രധാനകാൎയ്യന്മാരിരുവരും കൂടിയതിന്റെ സിദ്ധി സ്വാമിപ്രധാനന്മാർ രണ്ടുപേരെയും ആശ്രയിച്ചുമിരിക്കുന്നു. *

---

* ശത്രുപ്രയുക്താപത്തിൽ സാമം, പ്രധാനപ്രയുക്താപത്തിൽ ദാനം, കാൎയ്യപ്രയുക്താപത്തിൽ ഭേദം, ഉഭയപ്രയുക്താപത്തിൽ ദണ്ഡം എന്നിവ പ്രയോഗിക്കണം. പ്രധാനനുള്ള പ്രതികാരം സ്വാമിയിലും, കാൎയ്യനുള്ളതു പ്രധാനനിലും, പ്രധാനകാൎയ്യന്മാൎക്കിരുവൎക്കും കൂടിയുള്ളതു് സ്വാമിപ്രധാനന്മാരിരുവരിലും കൂടിയും പ്രയോഗിക്കണം; എന്നു സാരം.

ദൂഷ്യരും അദൂഷ്യരും കൂടിച്ചേൎന്നുണ്ടാകുന്ന ആപത്ത് ആമിശ്രമാകുന്നു. ആമിശ്രാപത്തിൽ അദൂഷ്യനിലാണ് പ്രതിവിധി ചെയ്യേണ്ടതു്. എന്തുകൊണ്ടെന്നാൽ, ആലംബനമില്ലെന്നു വന്നാൽ ആലംബിക്കുന്നവനും ഉണ്ടാകയില്ല.

മിത്രവും ശത്രുവും കൂടിച്ചേൎന്നുണ്ടാകുന്ന ആപത്തു പരമിശ്രം (ശത്രുമിശ്രം). പരമിശ്രാപത്തിന്നു മിത്രത്തിലാണ് പ്രതിവിധി പ്രയോഗിക്കേണ്ടതു്. മിത്രം സുഖേനയായാൽ പ്രതിവിധി എളുപ്പത്തിൽ ചെയ്യാൻ കഴിയും; ശത്രുവഴിക്കായാൽ അങ്ങനെയല്ല.

മിത്രം സന്ധിയെ ഇച്ഛിക്കാത്തപക്ഷം വീണ്ടും വീണ്ടും ഉപജാപം ചെയ്ത സത്രികളെക്കൊണ്ടു മിത്രത്തെ അമിത്രങ്കൽനിന്നു ഭേദിപ്പിച്ചു വശത്താക്കണം. മിത്രം, അമിത്രൻ എന്നീ ക്രമത്തിലുള്ള രാജസംഘത്തിന്റെ അവസാനത്തിൽ നിൽക്കുന്നതാരോ അവനെ വശീകരിക്കണം. അന്തത്തിൽ നിൽക്കുന്നവൻ വശഗനായാൽ മധ്യസ്ഥായികൾ തമ്മിൽത്തമ്മിൽ ഭേദിക്കുന്നതാണ്. ഇതുപോലെ മധ്യത്തിൽ നിൽക്കുന്നവനെ വശപ്പെടുത്തുകയും ചെയ്യാം. മധ്യസ്ഥായി വശഗനായാൽ അന്തസ്ഥായികൾ യോജിച്ചിരിക്കുകയില്ല. എങ്ങനെ ചെയ്താലാണോ മിത്രശത്രുക്കൾക്ക് ആശ്രയഭേദം വരിക അങ്ങനെയുള്ള ഉപായങ്ങളെ പ്രയോഗിക്കണം.

ധാൎമ്മികനായവനെ, അവന്റെ ജാതിയേയും കുലത്തേയും ശ്രുതത്തെയും വൃത്തത്തെയും പററി സ്തുതിക്കുകയോ അവന്റെയും തന്റെയും പൂൎവ്വന്മാൎക്കുണ്ടായിരുന്ന സംബന്ധത്തെയും അവർ ത്രികാലങ്ങളിലും ചെയ്തിരുന്ന ഉപകാരത്തേയും അപകാരാഭാവത്തേയും പ്രസ്താവിക്കുകയോ ചെയ്തു സാമംകൊണ്ടു സമാധാനിപ്പിപ്പൂ. ഉത്സാഹം ക്ഷയിച്ചവൻ, വിഗ്രഹംകൊണ്ടു ക്ഷീണിച്ചവൻ, ഉപായം മുട്ടി

യവൻ, ക്ഷയവ്യയങ്ങളും പ്രവാസവും കാരണം സന്തപ്തനായവൻ, ശൌചവാനായ അന്യനെ മിത്രമായി ലഭിപ്പാനിച്ഛിക്കുന്നവൻ, അന്യന്മാരിൽനിന്നു ശങ്കിക്കുന്നവൻ, മൈത്രിയെ സർവ്വപ്രധാനമായിക്കരുതുന്നവൻ, കല്യാണബുദ്ധിയായവൻ എന്നിങ്ങനെയുള്ളവരെ സാമംകൊണ്ടു സാധിപ്പിക്കേണ്ടതാണ്.

ലുബ്ധനോ ക്ഷീണനോ ആയവനെ തപസ്വികൾ, മുഖ്യന്മാർ എന്നിവരെ അവസ്ഥാപനംചെയ്തു (ഉറപ്പായി കൊടുത്തു്) ദാനംകൊണ്ടു സാധിപ്പിക്കണം. ദാനം അഞ്ചുവിധമാകുന്നു. ദേയവിസർഗ്ഗം (തരേണ്ടതിനെ വിട്ടുകൊടുക്കുക), ഗൃഹീതാനുവർത്തനം (മുൻപു ദാനംചെയ്തതിനെ അനുവർത്തിക്കുക), ആത്തപ്രതിദാനം (വാങ്ങിയതിനെ തിരിച്ചുകൊടുക്കുക), സ്വദ്രവ്യത്തെ പുതുതായി ദാനംചെയ്ക, പരദ്രവ്യങ്ങളിൽ സ്വയംഗ്രാഹപ്രദാനം (ബലാൽക്കാരേണ പിടിച്ചെടുക്കുവാനനുവദിക്കുക) എന്നിങ്ങനെയാണ് ദാനകർമ്മം.

തമ്മിൽ തമ്മിൽ ദ്വേഷശങ്കയോ വൈരശങ്കയോ ഭൂമിഹരണശങ്കയോ ഉള്ളവരെ അവയിലേതെങ്കിലും ഒന്നു ചെയ്തോ, ഭീരുവായവനെ പ്രതിഹനിക്കുമെന്നു ഭയപ്പെടുത്തിയോ, "നിന്നോടു സന്ധിചെയ്തിട്ടുള്ള ഇവൻ നിന്നിൽ അഭിയോഗം പ്രവൃത്തിക്കും. ഇവന്റെ മിത്രം മറ്റൊരു സന്ധി ചെയ്യാനായി അയയ്ക്കപ്പെട്ടിരിക്കുന്നു. ആ സന്ധിയിൽ നിന്നെ ഉൾപ്പെടുത്തിയിട്ടില്ല" എന്നു പറഞ്ഞോ ഭേദിപ്പിക്കണം. ആർക്കു സ്വദേശത്തിൽനിന്നോ അന്യദേശത്തിൽനിന്നോ രത്നാദികളും പണ്യദ്രവ്യങ്ങളും വരുന്നുണ്ടോ അവന്നു് അവയെല്ലാം യാതവ്യങ്കൽനിന്നു (വിജിഗീഷുവിന്റെ ശത്രുവിൽനിന്നു) വന്നവയാണെന്നു സത്രികൾ നാട്ടിൽ പ്രസിദ്ധമാക്കിപ്പൂ. ഈ വ്യാജവൃത്താന്തം പരന്നു കഴിഞ്ഞാൽ, അഭിവ്യക്തമുഖേന "ഇതാ ഞാൻ അങ്ങയ്ക്കു"

പണ്യം അല്ലെങ്കിൽ പണ്യാഗാരം അയച്ചിരിക്കുന്നു. എന്റെ ശത്രുവിനു സാഹായ്യകാരികളായ സാമവായികന്മാരുടെ നേരെ യുദ്ധത്തിന്നൊരുങ്ങുകയോ അഥവാ അവിടെ നിന്നു അപസരിക്കുകയോ ചെയ്താലും. അവയിലൊന്നു ചെയ്തതിന്നുമേൽ പണശേഷം (നിശ്ചിതസംഖ്യയുടെ ബാക്കി) എത്തിച്ചുകൊള്ളാം" എന്നൊരു കൂടലേഖ്യം അയച്ചു. അതിന്നുശേഷം സത്രികൾ ഈ എഴുത്തു വിജിഗീഷുവിന്റെ ശത്രുവിനാൽ അയയ്ക്കപ്പെട്ടതാണെന്നു സാമവായികന്മാരെ ഗ്രഹിപ്പിച്ച് അവരെക്കൊണ്ട് എഴുത്തു പിടിച്ചുപറിപ്പിക്കുകയും ചെയ്വൂ. അഥവാ, ശത്രുവിന്റെ വകയെന്നു പ്രഖ്യാതമായ ഒരു പണ്യവസ്തു ആരുമറിയാതെകണ്ട് വിജിഗീഷുവിന്റെ കയ്യിൽ എത്തണം; അതിനെ അദ്ദേഹത്തിന്റെ വൈദേഹകവ്യഞ്ജനന്മാർ ശത്രുവിന്റെ മുഖ്യന്മാരിൽ വിക്രയം ചെയ്യിപ്പൂ. പിന്നെ സത്രികൾ "ഇതാ ഇന്ന പണ്യദ്രവ്യം ശത്രു അയച്ചിരിക്കുന്നു" എന്നു പരന്മാരെ ഗ്രഹിപ്പിക്കുകയും ചെയ്വൂ. അല്ലെങ്കിൽ മഹാപരാധന്മാരായ അമാത്യന്മാരെ അർത്ഥമാനങ്ങളെക്കൊണ്ടു വശീകരിച്ചു ശസ്ത്രവിഷാഗ്നികളോടുകൂടി ശത്രുവിങ്കൽ പ്രണിധാനംചെയ്വൂ. പിന്നെ ഒരമാത്യനെ സ്വസമീപത്തുനിന്നു തള്ളി ശത്രുവിന്റെ അടുക്കൽ അയയ്ക്കുകയും അവന്റെ ഭാര്യാപുത്രന്മാരെ ഉപഗ്രഹിച്ചു രാജാവ് രാത്രിയിൽ അമാത്യനെക്കൊല്ലിച്ചു എന്നു പ്രസിദ്ധമാക്കിക്കുകയും ചെയ്വൂ. അനന്തരം ആദ്യം നീക്കംചെയ്യപ്പെട്ട അമാത്യൻ ശേഷമുള്ള അമാത്യന്മാരേയും ഓരോരുത്തരെയായി ശത്രുവിന്റെ മുമ്പിൽ വരുത്തുന്നു. പറഞ്ഞതുപോലെ ചെയ്യുമെങ്കിൽ അവരെ പിടിപ്പിക്കരുത്; ചെയ്വാൻ കഴിവില്ലെങ്കിൽ പിടിപ്പിക്കണം. ശത്രുവിന്റെ വിശ്വാസ്യതയിലിരിക്കുന്ന അമാത്യൻ അവന്റെ മുഖ്യന്മാരിൽനിന്നു ആത്മാവിനെ രക്ഷിക്കേണ്ടതാണെന്നു പറവൂ. അനന്ത

രം അമുഖ്യനെ നശിപ്പിക്കുവാനായി മുഖ്യന്ന് അയച്ചതായ ശത്രുവിൻെറ കൂടലേഖ്യം ഉഭയവേതനൻ ഗ്രഹിപ്പിക്കുകയും ചെയ്‌വൂ. അഥവാ ഉത്സാഹശക്തിയുള്ള ഒരാൾക്കു "അവൻെറ രാജ്യം പിടിക്കുക; നാം തമ്മിലുള്ള സന്ധി മുൻപത്തെപ്പോലെ തന്നെയിരിക്കും" എന്ന് ഒരു കൂടലേഖ്യം അയയ്ക്കുകയും, പിന്നെ സത്രികൾ ആയതു മററുള്ളവരിൽ ഗ്രഹിപ്പിക്കുകയും ചെയ്‌വൂ. അഥവാ സത്രികൾ മററു സാമവായികന്മാരിൽ മൈത്രിയെ പ്രകാശിപ്പിച്ചുംകൊണ്ട് ഒരു സാമവായികൻെറ യുഗ്യസാരത്തെയോ വീവധത്തെയോ സ്ഥൂൽബലത്തെയോ ഹനിക്കയും, അവനെ "നിന്നെ ഇവർ നശിപ്പിക്കുവാനാണ് നോക്കുന്നത്" എന്ന് ഉപജാപം ചെയ്കയും ചെയ്‌വൂ. അതുമല്ലെങ്കിൽ സാമവായികന്മാരിൽ ഒരുവൻെറ ഒരു വീരപുരുഷനോ ആനയോ കുതിരയോ തനിയെ മൃതിപ്പെടുകയോ ഗൂഢപുരുഷന്മാരാൽ കൊല്ലപ്പെടുകയോ അപഹരിക്കപ്പെടുകയോ ചെയ്യുമ്പോൾ അദ്ദേഹത്തോടു സത്രികൾ അതു സാമവായികന്മാർ തന്നെ കൊലചെയ്തതാണെന്നു പറവൂ. പിന്നെ ആ വധാപരാധം ആരോപിക്കപ്പെട്ടവന്ന് "ഇനിയും ചെയ്യുക; അതിന്മേൽ പണശേഷം തന്നുകൊള്ളാം" എന്നു കൂടലേഖ്യം അയയ്ക്കുകയും അതിനെ ഉഭയവേതനന്മാരായ ചാരന്മാർ ഗ്രഹിപ്പിക്കുകയും ചെയ്‌വൂ. ഈ വകപ്രയോഗങ്ങളെക്കൊണ്ട് സാമവായികന്മാർ തമ്മിൽത്തമ്മിൽ ഭിന്നന്മാരാകുമ്പോൾ വിജിഗീഷു അവരിലൊരുവനെ വശപ്പെടുത്തണം. ഇതിനെപ്പറഞ്ഞതുകൊണ്ട് സേനാപതി, കുമാരൻ, ദണ്ഡചാരികൾ (സേനാനായകന്മാർ) എന്നിവരിൽ ചെയ്യേണ്ടുന്ന ഭേദനവും പറഞ്ഞുകഴിഞ്ഞു. സംഘവൃത്താധികരണത്തിൽ പറയുന്നതായ ഭേദനത്തേയും പ്രയോഗിക്കാവുന്നതാണ്—ഇങ്ങനെ ഭേദകൎമ്മം.

തീക്ഷ്ണനോ (ഏററവും അമർഷമുള്ളവൻ) വിക്രമിയോ

വ്യസനിയോ ആയ ഒരു സ്ഥിതശത്രുവിനെ (ദുർഗ്ഗത്തിൽ ഇരിക്കുന്ന ശത്രുവിനെ) ഗൂഢപുരുഷന്മാർ ഒത്തൊരുമിച്ചോ, സൌകര്യമനുസരിച്ച് അവരിൽ ഒരുവൻ തനിച്ചോ ശസ്ത്രാഗ്നിവിഷങ്ങളെക്കൊണ്ടു നിഗ്രഹിപ്പൂ. തീക്ഷ്ണനായ ഒരു ഗൂഢപുരുഷൻതന്നെ ശസ്ത്രാഗ്നിവിഷങ്ങളെക്കൊണ്ട് എല്ലാവരുംകൂടിച്ചെയ്യേണ്ടതായ കർമ്മത്തെയോ അതിലും മേലെയുള്ള കർമ്മത്തെയോ ചെയ്യാൻ ശക്തനാകുന്നതാണ്— ഇങ്ങനെ ഉപായചതുർവ്വർഗ്ഗം (ഉപായങ്ങൾ നാലുകൂട്ടം).

മേൽപ്പറഞ്ഞ ഉപായങ്ങളിൽ മുൻപുമുൻപുള്ളതു പിൻപുപിൻപുള്ളതിനെ അപേക്ഷിച്ചു ലഘിഷ്ഠമാകുന്നു. എങ്ങനെയെന്നാൽ:—സാമം ഏകഗുണം; ദാനം സാമസഹിതമാകയാൽ ദ്വിഗുണവും, ഭേദം സാമദാനപൂർവ്വമാകയാൽ ത്രിഗുണവും, ദണ്ഡം സാമദാനഭേദപൂർവ്വമാകയാൽ ചതുർഗ്ഗുണവുമാകുന്നു.

വിജിഗീഷുവിനോട് അഭിയോഗത്തിന്നൊരുങ്ങിപ്പുറപ്പെട്ടിരിക്കുന്ന മിത്രാമിത്രന്മാരിൽ ചെയ്യേണ്ടുന്ന ഉപായപ്രയോഗമാണ് മേൽപ്പറഞ്ഞത്. അവർ ഒരുങ്ങിപ്പുറപ്പെടാതെ സ്വസ്വഭൂമികളിൽ സ്ഥിതിചെയ്യുമ്പോഴും ഈ ഉപായങ്ങളെത്തന്നെ പ്രയോഗിക്കണം. വിശേഷിച്ചു, സ്വഭൂമികളിൽ സ്ഥിതിചെയ്യുന്ന അവരിൽ ഒരുവന്റെ അടുക്കൽ വിജിഗീഷു മററുള്ളവരറിയാതെ വിലയേറിയ രത്നാദികളോടുംകൂടി ദൂതമുഖ്യന്മാരെ പലപ്പോഴും അയപ്പൂ. അവർ അവനെ സന്ധിചെയ്യുന്നതിലോ പരഹിംസചെയ്യുന്നതിലോ ഏർപ്പെടുത്തിപ്പാൻ ശ്രമിപ്പൂ. അതിന്നു സമ്മതിക്കാത്തപക്ഷം അവർ "നാം തമ്മിൽ സന്ധിചെയ്തുകഴിഞ്ഞു" എന്നു കളവായിപ്പറയുകയും ആ വിവരം ഉഭയവേതനന്മാർ മററുള്ള മിത്രാമിത്രന്മാരിൽ പരത്തി "നിങ്ങളുടെ കൂട്ടത്തിലുള്ള ഈ രാജാവ് ദുഷ്ടനാണ്" എന്നു ബോധിപ്പിക്കുകയും ചെയ്വൂ. അഥവാ അവരിൽ ആർക്ക് ആരെ

ക്കുറിച്ചു ഭയമോ വൈരമോ ദ്വേഷമോ ഉണ്ടോ അവനെ "ഇവൻ നിന്റെ ശത്രുവിനോടു സന്ധിചെയ്യുന്നു; നിന്നെ ഇവൻ തീർച്ചയായും വഞ്ചിക്കും; അതിനാൽ അതിവേഗത്തിൽ വിജിഗീഷുവിനോടു സന്ധിചെയ്തു ഇവനെ നിഗ്രഹിപ്പാൻ യത്നിക്കുക" എന്നു പറഞ്ഞു മററവരിൽ നിന്നു ഭേദിപ്പിക്കൂ. അല്ലെങ്കിൽ കന്യകാദാനാദാനങ്ങളെക്കൊണ്ടു സംബന്ധമുളവാക്കി മുമ്പു അസംയുക്തന്മാരായിരുന്നവരെ മററുള്ളവരിൽനിന്നു ഭേദിപ്പിക്കൂ. സാമന്തൻ, ആടവികൻ, തൽക്കുലീനൻ, അപരുദ്ധൻ എന്നിവരെക്കൊണ്ട് അവരുടെ രാജ്യത്തെയോ വണിക്സംഘങ്ങളെയോ വ്രജങ്ങളെയോ അടവികളെയോ സഹായസൈന്യത്തെയോ നശിപ്പിക്കുകയും, പരസ്പരാപാശ്രയന്മാരായ ജാതിസംഘങ്ങൾ അവരെ ഛിദ്രം നോക്കി പ്രഹരിക്കുകയും, ഗൂഢപുരുഷന്മാർ അവരെ അഗ്നിവിഷങ്ങളെക്കൊണ്ടു വധിക്കുകയും ചെയ്യൂ.

പരമിശ്രവിപത്തിങ്കൽ
വിതംസഗില * തുല്യമായ്
യോഗത്താൽ വിശ്വസിപ്പിച്ചു
കൊൽവൂ പരരെ, നൽകിയും.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അഭിയാസ്യത്കർമ്മമെന്ന ഒമ്പതാമധികരണത്തിൽ, ദൂഷ്യശത്രുസംയുക്തോപജാപങ്ങൾ എന്ന ആറാമദ്ധ്യായം.**

---

* വിതംസമെന്നാൽ പക്ഷികളുടെ ചിത്രത്തോടുകൂടിയ ആച്ഛാദനപടം. ഗിലം ഭക്ഷ്യം. ഇവയെക്കൊണ്ടു ഗൂഢമായി പക്ഷികളെ പിടിക്കുന്നതുപോലെ ചെയ്യേണമെന്നു സാരം.

## ഏഴാം അധ്യായം.

ഒരുനൂററിനാല്പത്തഞ്ചും നാല്പത്താറും പ്രകരണങ്ങൾ.

അൎത്ഥാനൎത്ഥസംശയയുക്താപത്തുകൾ,

അവയുടെ ഉപായവികല്പസിദ്ധികൾ.

കാമം തുടങ്ങിയുള്ള ഉത്സേകം (ദോഷം) അഭ്യന്തര പ്രകൃതികളെ കോപിപ്പിക്കും; അപനയം ബാഹ്യപ്രകൃതികളേയും കോപിപ്പിക്കും. അതു രണ്ടും (കാമാദിയും അപനയവും) ആസുരന്മാൎക്കു ചേൎന്ന വൃത്തിയാകുന്നു. അവയാലുണ്ടായ സ്വജനവികാരമാകുന്ന കോപം ശത്രുക്കൾക്കു വൃദ്ധിവരുവാൻ കാരണങ്ങളുള്ളപ്പോൾ ആപദൎത്ഥം, അനൎത്ഥം, സംശയം എന്നിവയായിപ്പരിണമിക്കുന്നു.

യാതൊരൎത്ഥം തന്റെ കയ്യിൽ എത്താതെകണ്ടു് ശത്രുവിനു വൃദ്ധിയെച്ചെയ്കയോ, കയ്യിൽകിട്ടിയാൽത്തന്നെ പരന്മാൎക്കു വീണ്ടെടുക്കത്തക്കതാകയോ, സമ്പാദിക്കുന്ന സമയത്തു് അതിയായ ക്ഷയവ്യയങ്ങളെ ഉണ്ടാക്കുകയോ ചെയ്യുന്നുവോ അതു് ആപദൎത്ഥം. എങ്ങനെയെന്നാൽ:—സാമന്തന്മാൎക്കു് ആമിഷമായിട്ടുള്ള ലാഭം, സാമന്തന്മാരുടെ വ്യസനത്തിൽകിട്ടിയ ലാഭം, . സ്വയമേ തനിക്കു കിട്ടേണ്ടതും ശത്രുപ്രാൎത്ഥിതവുമായ ലാഭം, പശ്ചാൽകോപത്താലോ പാൎഷ്ണിഗ്രാഹനാലോ ബാധിതമായ പുരസ്താല്ലാഭം, മിത്രോച്ഛേദത്താലോ സന്ധിലംഘനത്താലോ രാജമണ്ഡലത്തിനു വിരുദ്ധമായ ലാഭം എന്നിങ്ങനെയുള്ള ലാഭം ആപദൎത്ഥമാകുന്നു.

സ്വജനത്തിങ്കൽനിന്നോ പരങ്കൽനിന്നോ ഉള്ള ഭയോൽപത്തി അനൎത്ഥം.

അവയിൽവച്ചു് "അൎത്ഥമോ അല്ലയോ" എന്നും, "അനൎത്ഥമോ അല്ലയോ" എന്നും, "അൎത്ഥമോ അനൎത്ഥ

മോ" എന്നും, "അനത്ഥമോ അത്ഥമോ" എന്നും സംശയമുളവാക്കുന്നതു സംശയം.

ശത്രുവിൻെറ മിത്രത്തെ ആവാഹിക്കുന്നതു് അത്ഥമോ അല്ലയോ എന്ന സംശയം. ശത്രുസൈന്യത്തെ അത്ഥമാനങ്ങളെക്കൊണ്ടു് ആവാഹിക്കുന്നതു് അനത്ഥമോ അല്ലയോ എന്ന സംശയം. ബലവാനായ സാമന്തനോടുകൂടിയ ഭൂമിയെ ആദാനം ചെയ്യുന്നതു് അത്ഥമോ അനത്ഥമോ എന്ന സംശയം. ജ്യായാനോടുകൂടിച്ചേൎന്നു യാനം ചെയ്യുന്നതു് അനത്ഥമോ അത്ഥമോ എന്ന സംശയം. അവയിൽവച്ചു് അത്ഥസംശയത്തെ (അത്ഥമാത്രവിഷയവും അനത്ഥസ്പശമില്ലാത്തതുമായ സംശയത്തെ) അംഗീകരിക്കാവുന്നതാണ്.

അത്ഥാനുബന്ധം (പിന്നീടു അത്ഥമുളവാക്കുന്നതു്) ആയ അത്ഥം, അനുബന്ധമൊന്നുമില്ലാത്തതായ അത്ഥം, അനത്ഥാനുബന്ധം (പിന്നീട് അനത്ഥത്തെ ഉണ്ടാക്കുന്നതു്) ആയ അത്ഥം, അത്ഥാനുബന്ധമായ അനത്ഥം, അനുബന്ധമൊന്നുമില്ലാത്ത അനത്ഥം, അനത്ഥാനുബന്ധമായ അനത്ഥം ഇങ്ങനെ അനുബന്ധഷഡ്വൎഗ്ഗം.

ശത്രുവിനെ ഉച്ഛേദിച്ചു പാർഷ്ണിഗ്രാഹനെയും ഉച്ഛേദിക്കുന്നത് അത്ഥാനുബന്ധമായ അത്ഥം; ഉദാസീനനോടു ധനം വാങ്ങി അവനു സൈന്യസാഹായ്യം ചെയ്യുന്നത് അനുബന്ധമില്ലാത്തതായ അത്ഥം; ശത്രുവിന്നു് അന്തരുച്ഛേദനം (അന്തൎന്നാശനം) ചെയ്യുന്നത് അനത്ഥാനുബന്ധമായ അത്ഥം; ശത്രുവിൻെറ പ്രതിവേശനു ധനംകൊണ്ടും സൈന്യംകൊണ്ടും ഉപകരിക്കുന്നത് അത്ഥാനുബന്ധമായ അനത്ഥം; ശക്തിഹീനനായിട്ടുള്ളവനെ ധനാദികളെക്കൊണ്ടു പ്രോത്സാഹിപ്പിച്ചു പിന്നീടതിൽനിന്നു പിന്തിരിക്കുന്നത് അനുബന്ധരഹിതമായ അനത്ഥം; ശക്തിയേറിയവനെ പറഞ്ഞു പുറപ്പെടുവിച്ചിട്ടു പിന്നീടു

പിന്തിരിക്കുന്നതു് അനത്ഥാനുബന്ധമായ അനത്ഥം. ഇവയിൽ മുൻപുമുൻപു പറഞ്ഞവ പിൻപുപിൻപു പറഞ്ഞവയേക്കാൾ അംഗീകരിക്കുന്നതിനു കൊള്ളാവുന്നവയാണു് — ഇങ്ങനെ കാര്യാവസ്ഥാപനം.

നാലുഭാഗങ്ങളിൽനിന്നും ഒരേ സമയത്തു് ഉണ്ടാകുന്ന അത്ഥോൽപത്തി സമന്തതോത്ഥയായ ആപത്താകുന്നു; അതുതന്നെ പാർഷ്ണിഗ്രാഹനാൽ വിരോധിക്കപ്പെട്ടതാകിൽ സമന്തതോത്ഥസംശയയാകും. അവ രണ്ടിലും മിത്രം (പുരസ്താന്മിത്രം), ആക്രന്ദൻ (പൃഷ്ഠമിത്രം) എന്നിവരോടു സന്ധിചെയ്കയാണു സിദ്ധി. നാലുഭാഗത്തും ശത്രുക്കളിൽനിന്നുള്ള ഭയോൽപത്തി സമന്തതോനത്ഥയായ ആപത്തു്; അതുതന്നെ മിത്രത്താൽ വിരോധിതമാകിൽ സമന്തതോനത്ഥസംശയയാകും. അവ രണ്ടിലും ചലശത്രുവിനോടും ആക്രന്ദനോടും സന്ധിചെയ്കയാണ് സിദ്ധി. പരമിശ്രാപത്തിങ്കൽ പറയപ്പെട്ട പ്രതീകാരവും ഇവയിൽ ചെയ്യാവുന്നതാണു്.

രണ്ടുഭാഗത്തുനിന്നും ലാഭം വരുന്നതു് ഉഭയതോത്ഥയായ ആപത്താകുന്നു. അതിങ്കലും സമന്തതോത്ഥാപത്തിങ്കലും ഏതു ഭാഗത്തുനിന്നു കിട്ടുന്ന അത്ഥമാണോ ലാഭഗുണങ്ങളോടുകൂടിയിരിക്കുന്നതു് ആ അത്ഥത്തെ സമ്പാദിക്കുന്നതിനു പോകണം. ലാഭഗുണം തുല്യമാണെങ്കിൽ അവയിൽ ഏതത്ഥമാണോ പ്രധാനവും സന്നികൃഷ്ടവും കാലാതിക്രമത്തെസ്സഹിക്കാത്തതും അല്പാപായംകൊണ്ടു സിദ്ധിക്കുന്നതുമായിരിക്കുന്നതു് ആ അത്ഥത്തെ സമ്പാദിപ്പാൻ പോകണം.

രണ്ടുഭാഗത്തുനിന്നും അനത്ഥം വരുന്നതു് ഉഭയതോനത്ഥയായ ആപത്ത്. അതിങ്കലും സമന്തതോനത്ഥാപത്തിങ്കലും മിത്രങ്ങളിൽനിന്നു പ്രതിക്രിയയെച്ചെയ്യണം. മിത്രങ്ങളില്ലാത്തപക്ഷം പ്രകൃതികളിൽവച്ച് അധികം ലഘുവായതേതോ അതിനെക്കൊണ്ടു് ഏകതോനത്ഥാപത്ത

ന്നെ തീർക്കണം; പ്രകൃതികളിൽവച്ചു പ്രശസ്തതരമായിട്ടുള്ളതിനെക്കൊണ്ടും ഉഭയതോഽനർത്ഥാപത്തിനെ തീർക്കണം; സമന്തതോഽനർത്ഥയായ ആപത്തിനെ തന്റെ മൂലസ്ഥാനം തന്നെ ഉപേക്ഷിച്ചും തീർക്കേണ്ടതാണു്. ഒന്നുകൊണ്ടും ആപത്തു തീർക്കുവാൻ കഴിയാത്തപക്ഷം സർവ്വവുമുപേക്ഷിച്ചു രാജ്യംവിട്ടു പോകണം. എന്തുകൊണ്ടെന്നാൽ, ജീവിച്ചിരിക്കുന്നവന്നു പിന്നെയും രാജ്യപ്രാപ്തി വന്നതായി കണ്ടിട്ടുണ്ടു്. ഉദാഹരണം സുയാത്രനും (നളനും) ഉദയനനും തന്നെ.

ഒരു ഭാഗത്തുനിന്നു ലാഭവും മറുഭാഗത്തുനിന്നു രാജ്യാഭിമർശവും (രാജ്യാക്രമണം) വരുന്നതു് ഉഭയതോഽർത്ഥാനർത്ഥയായ ആപത്തു്; അതിൽ കിട്ടുന്ന അർത്ഥം അനർത്ഥനിവാരണത്തിന്നുകൂടി മതിയാകുമെങ്കിൽ അർത്ഥത്തെ സമ്പാദിപ്പാൻ യാനംചെയ്യണം. അല്ലാത്തപക്ഷം രാജ്യാഭിമർശത്തെ വാരണം ചെയ്യണം. ഇതുകൊണ്ടു് സമന്തതോർത്ഥാനർത്ഥയായ ആപത്തിനേയും പറഞ്ഞുകഴിഞ്ഞു.

ഒരു ഭാഗത്തുനിന്നു അനർത്ഥവും മറുഭാഗത്തുനിന്നു അർത്ഥസംശയവും വരുന്നതു് ഉഭയതോഽനർത്ഥാർത്ഥസംശയയായ ആപത്തു്. ഇതിൽ ആദ്യം അനർത്ഥത്തിന്നു പ്രതിവിധി ചെയ്യണം. പിന്നീടുവേണം അർത്ഥസംശയത്തെ സാധിപ്പിക്കാൻ. ഇതുകൊണ്ടു സമന്തതോഽനർത്ഥാർത്ഥസംശയയായ ആപത്തിനേയും പറഞ്ഞുകഴിഞ്ഞു.

ഒരു ഭാഗത്തുനിന്നു അർത്ഥവും മറുഭാഗത്തുനിന്നു അനർത്ഥസംശയവും വരുന്നതു് ഉഭയതോഽർത്ഥാനർത്ഥസംശയയായ ആപത്തു്. ഇതുകൊണ്ടു, സമന്തതോഽർത്ഥാനർത്ഥസംശയയായ ആപത്തും പറയപ്പെട്ടു. ഇതിൽ മുൻപുമുൻപു പറഞ്ഞ പ്രകൃതികളെ ആദ്യമാദ്യം അർത്ഥസംശയത്തിൽനിന്നു മോചിപ്പാൻ യത്നിക്കണം. എന്തുകൊണ്ടെന്നാൽ, മിത്രം അനർത്ഥസംശയത്തിൽ സ്ഥിതിചെയ്യുന്നതു് സൈന്യം അ

തിൽ സ്ഥിതിചെയ്യുന്നതിനെക്കാളും, സൈന്യം സ്ഥിതി ചെയ്യുന്നതു് കോശം സ്ഥിതിചെയ്യുന്നതിനെക്കാളും ശ്രേഷ്ഠമാകുന്നു. എല്ലാ പ്രകൃതികളേയും അനർത്ഥസംശയത്തിൽനിന്നു മോചിപ്പാൻ സാധിക്കാത്തപക്ഷം പ്രകൃത്യവയവങ്ങളെ മോചിപ്പാൻ യതിക്കണം. അതിൽ പുരുഷപ്രകൃതികളിൽ വച്ചു എണ്ണത്തിൽ അധികമുള്ളവരും സ്നേഹമുള്ളവരും തീക്ഷ്ണലുബ്ധന്മാരൊഴികെയുള്ളവരുമായവരെയും, ദ്രവ്യപ്രകൃതികളിൽവച്ചു വിലകൂടിയും ഉപകാരമേറിയുമിരിക്കുന്നതിനേയും ആദ്യം മോചിക്കണം. ലഘുക്കളായ ദ്രവ്യപ്രകൃതികളെ സന്ധി, ആസനം, ദ്വൈധീഭാവം എന്നിവയിലൊന്നുകൊണ്ടും ഗുരുക്കളായവയെ തദ്വിപരീതമായവ (വിഗ്രഹയാനസമാശ്രയങ്ങൾ) കൊണ്ടും മോചിക്കണം. ക്ഷയസ്ഥാനവൃദ്ധികളിൽവച്ചു മേൽപ്പോട്ടു മേൽപ്പോട്ടുള്ളവയെ ലഭിപ്പാൻ ശ്രമിക്കണം. ഭാവിയിൽ ഗുണം വരുമെന്നു കാണുന്നപക്ഷം ക്ഷയാദികളെ ഇതിന്നു വിപരീതമായി ലഭിക്കുന്നതിന്നും ശ്രമിക്കാം. ഇങ്ങനെ ദേശാവസ്ഥാപനം. ഇതുകൊണ്ടു യുദ്ധയാത്രയുടെ ആദിമദ്ധ്യാന്തങ്ങളിൽ അർത്ഥാനർത്ഥസംശയങ്ങൾ വരുന്നതിനെപ്പററിയും പറഞ്ഞുകഴിഞ്ഞു.

യാത്രയുടെ ആദിയിൽ അർത്ഥാനർത്ഥസംശയങ്ങൾ നിരന്തരമായിട്ടുണ്ടാകാവുന്നതുകൊണ്ടു് അവയിൽവച്ചു് പാർഷ്ണിഗ്രാഹനെയും ആസാരനേയും പ്രതിഹനിക്കുന്നതിലും ക്ഷയം, വ്യയം, പ്രവാസം, പ്രത്യാദേയം (ശത്രുവിനാൽ അപഹരിക്കപ്പെട്ടതും വീണ്ടെടുക്കേണ്ടതുമായ ഭൂമി മുതലായതു്), മൂലരക്ഷണം എന്നിവയിലും ഉപയോഗപ്പെടുന്നതാകയാൽ അർത്ഥമാണു് സമ്പാദിക്കുവാൻ അധികം നല്ലതു്. അങ്ങനെ ചെയ്താൽ സ്വഭൂമിസ്ഥിതനായ വിജിഗീഷുവിന്നു് അനർത്ഥവും സംശയവും സഹ്യമായിരിക്കും. ഇതു

കൊണ്ട് യാത്രാമദ്ധ്യത്തിൽ അർത്ഥാനർത്ഥസംശയങ്ങൾ വരുന്നതിനെക്കുറിച്ചും പറഞ്ഞുകഴിഞ്ഞു.

യാത്രയുടെ അവസാനത്തിങ്കലാകട്ടെ കർശനീയനോ ഉച്ഛേദനീയനോ ആയ ശത്രുവിനെ കർശനംചെയ്കയോ ഉച്ഛേദിക്കുകയോ ചെയ്തിട്ട് അർത്ഥം നേടുന്നതാണ് അധികം നല്ലത്; അല്ലാതെ അനർത്ഥസംശയങ്ങളെ പ്രാപിക്കുന്നതു നല്ലതല്ല. കാരണം ശത്രുവിൻെറ ബാധ വരുമെന്നുള്ള ഭയംതന്നെ. സാമവായികന്മാരിൽവച്ച് അപ്രധാനനായവനാകട്ടെ പ്രതിബന്ധപ്പെടാതെ എങ്ങാട്ടെങ്കിലും പോകാവുന്നതുകൊണ്ട് യാത്രയുടെ മദ്ധ്യത്തിലോ അവസാനത്തിലോ ഉണ്ടാകുന്ന അനർത്ഥസംശയങ്ങൾ പ്രതിവിധേയമായിരിക്കും.

അർത്ഥം, ധർമ്മം, കാമം എന്നിങ്ങനെ അർത്ഥത്രിവർഗ്ഗം (അർത്ഥങ്ങൾ മൂന്നുകൂട്ടം). അതിൽവച്ച് ആദ്യമാദ്യം പറയപ്പെട്ടതു് ഉപലഭിക്കുവാൻ അധികം നല്ലതാകുന്നു. അനർത്ഥം, അധർമ്മം, ശോകം എന്നിങ്ങനെ അനർത്ഥത്രിവർഗ്ഗം. അതിൽവച്ച് ആദ്യമാദ്യം പറയപ്പെട്ടതു് അധികമധികം പ്രതിവിധേയമാകുന്നു. അർത്ഥമോ അനർത്ഥമോ, ധർമ്മമോ അധർമ്മമോ, കാമമോ ശോകമോ എന്നിങ്ങനെ സംശയത്രിവർഗ്ഗം. അതിൽ ഓരോ വർഗ്ഗത്തിലും രണ്ടാമതു പറഞ്ഞതിനു പ്രതിക്രിയ ചെയ്താൽ ആദ്യം പറഞ്ഞതു് ഉപലഭിക്കുവാൻ നല്ലതാകുന്നു. ഇങ്ങനെ കാലാവസ്ഥാപനം. ഇപ്രകാരം ആപത്തുകൾ പറയപ്പെട്ടു.

മേൽപ്പറഞ്ഞ ആപത്തുകളുടെ സിദ്ധി (പ്രതിക്രിയ) എങ്ങനെയെന്നാൽ:— പുത്രന്മാരിലും ഭ്രാതാക്കളിലും ബന്ധുക്കളിലും സാമദാനങ്ങളെക്കൊണ്ടും, പൌരന്മാരിലും ജാനപദന്മാരിലും സൈന്യമുഖ്യന്മാരിലും ദാനഭേദങ്ങളെക്കൊണ്ടും, സാമന്തന്മാരിലും ആടവികന്മാരിലും ഭേദ

ണ്ഡങ്ങളെക്കൊണ്ടുമുള്ള സിദ്ധിയാണ് അനുരൂപമായിട്ടുള്ളതു്. ഇതു് അനുലോമ (ആനുകൂല്യമുള്ളവരിൽ ചെയ്യേണ്ടതു്) യായ സിദ്ധിയാണ്. അതിന്നു വിപരീതമായ സംഗതിയിൽ പ്രതിലോമയായ സിദ്ധി ചെയ്യേണ്ടതാകുന്നു*. മിത്രങ്ങളിലും ശത്രുക്കളിലും വ്യാമിശ്രയായ സിദ്ധിയെ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഉപായങ്ങൾ പരസ്പരസാധകങ്ങളാകകൊണ്ടുതന്നെ.

ശങ്കിതന്മാരായ (ക്രുദ്ധാദികളാകയാൽ കൃത്യരാണെന്നു ശങ്കിക്കപ്പെടുന്ന) ശത്രുവിൻെറ അമാത്യന്മാരിൽ സാമം പ്രയോഗിച്ചാൽ അതും, ദൂഷ്യരായ ശത്രുവിൻെറ അമാത്യന്മാരിൽ ദാനം പ്രയോഗിച്ചാൽ അതും, സംഘാതങ്ങളിൽ (സന്ധിചെയ്തവരിൽ) ഭേദം പ്രയോഗിച്ചാൽ അതും, ശക്തിമാന്മാരിൽ ദണ്ഡം പ്രയോഗിച്ചാൽ അതും ശേഷം ഉപായങ്ങളുടെ പ്രയോഗത്തെ പ്രതിഷേധിക്കും.

ആപത്തുകളുടെ ഗുരുലാഘവമനുസരിച്ചു് ഉപായങ്ങളുടെ പ്രയോഗത്തിൽ നിയോഗമോ, വികല്പമോ, സമുച്ചയമോ അവലംബിക്കണം. "ഇന്ന ഉപായംകൊണ്ടുതന്നെ, മറെറാന്നുകൊണ്ടല്ല" എന്നുള്ളതു നിയോഗം; "ഇന്ന ഉപായംകൊണ്ടോ മറെറാരുപായംകൊണ്ടോ" എന്നുള്ളതു വികല്പം; "ഇന്നതുകൊണ്ടും ഇന്നതുകൊണ്ടും" എന്നുള്ളതു സമുച്ചയം. ഇവ ഓരോന്നായിത്തിരിഞ്ഞിട്ടു നാലും, മുമ്മൂന്നായിച്ചേർന്നിട്ടു നാലും, ഈരണ്ടായിച്ചേർന്നിട്ടു ആറും, നാലും ചേർന്നിട്ടു് ഒന്നും എന്നിങ്ങനെ എല്ലാംകൂടി

* പുത്രാദികൾ പ്രതികൂലവൃത്തികളായിരിക്കുന്നപക്ഷം മുമ്പറഞ്ഞ ക്രമം തെററിയും ഉപായങ്ങളെ യഥോചിതം പ്രയോഗിക്കാമെന്നു സാരം.

ഉപായങ്ങൾ പതിനഞ്ച് *. ഇങ്ങനെതന്നെ പ്രതിലോമമായിട്ടും പതിനഞ്ച്. ഇവയിൽവച്ച് ഒരുപായംകൊണ്ടുള്ള സിദ്ധി ഏകസിദ്ധി; രണ്ടുപായങ്ങളെക്കൊണ്ടുള്ളതു ദ്വിസിദ്ധി; മൂന്നുപായങ്ങളെക്കൊണ്ടുള്ളതു ത്രിസിദ്ധി; നാലുകൊണ്ടും കൂടിയുള്ളതു ചതുസ്സിദ്ധി അർത്ഥം ധർമ്മത്തിന്നു മൂലമാകകൊണ്ടും കാമഫലമാകകൊണ്ടും ധർമ്മാർത്ഥകാമപ്രാപ്തിയെ സാധിപ്പിക്കത്തക്കതായിട്ടുള്ള അർത്ഥസിദ്ധി യാതൊന്നോ അതു സർവ്വാർത്ഥസിദ്ധി. ഇങ്ങനെ സിദ്ധികൾ.

ദൈവത്തിങ്കൽനിന്നുണ്ടാകുന്ന ആപത്തുകൾ അഗ്നി, ജലം, വ്യാധി, പ്രമാരം (കൂട്ടത്തോടെയുള്ള മരണം), വിദ്രവം (രാജ്യത്തിൽനിന്നുള്ള പലായനം), ദുർഭിക്ഷം, ആസുരിയായ സൃഷ്ടി (എലി മുതലായവയുടെ അത്യുൽപത്തി) എന്നിവയത്രെ. അവയ്ക്കു ദേവബ്രാഹ്മണനമസ്കാരത്താൽ പ്രതീകാരം വരും.

അവൃഷ്ടിരതിവൃഷ്ടി-
യാസുരീസൃഷ്ടിരെന്നിവ।
ശമിക്കുമാഥർവ്വണകം
സിദ്ധകർമ്മിവററിനാൽ

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, അഭിയാസ്യൽകർമ്മമെന്ന ഒമ്പതാമധികരണത്തിൽ, അർത്ഥാനർത്ഥസംശയയുക്താപത്തുകൾ—അവയുടെ ഉപായവികല്പസിദ്ധികൾ എന്ന ഏഴാമദ്ധ്യായം.**

അഭിയാസ്യൽകർമ്മം ഒമ്പതാമധികരണം കഴിഞ്ഞു.

---

* സാമം, ദാനം, ഭേദം, ദണ്ഡം എന്നിങ്ങനെ ഓരോന്നായിട്ടു നാലു; സാമദാനഭേദങ്ങൾ, സാമദാനദണ്ഡങ്ങൾ, സാമഭേദദണ്ഡങ്ങൾ, ദാനഭേദദണ്ഡങ്ങൾ എന്നിങ്ങനെ മുമ്മൂന്നുകൂടി നാല്; സാമദാനങ്ങൾ, സാമഭേദങ്ങൾ, സാമദണ്ഡങ്ങൾ, ദാനഭേദങ്ങൾ, ദാനദണ്ഡങ്ങൾ, ഭേദദണ്ഡങ്ങൾ എന്നിങ്ങനെ ഈരണ്ടുകൂടി ആറ്; നാലുംകൂടി ഒന്ന്; എന്നു പതിനഞ്ചു വിധം.

# സാംഗ്രാമികം. പത്താമധികരണം.

## ഒന്നാം അദ്ധ്യായം.

### ഒരുനൂററിനാല്പത്തേഴാം പ്രകരണം.

### സ്കന്ധാവാരനിവേശം *

വാസ്തുശാസ്ത്രപ്രകാരം പ്രശസ്തമായിട്ടുള്ള വാസ്തുവിൽ (ഭൂമിയിൽ) നായകൻ (സേനാപതി), വർദ്ധകി (തച്ചൻ), മൌഹൂർത്തികൻ എന്നിവർ ചേർന്ന് സ്കന്ധാവാരം പണിയിക്കണം. അതു വൃത്തമായോ, ദീർഘമായോ, ചതുരശ്രമായോ, ഭൂസ്ഥിതിയനുസരിച്ച് മററുവിധത്തിലായോ ഇരിക്കണം. നാലു ദ്വാരങ്ങളോടും ആറു വഴികളോടും ഒമ്പതു ഖണ്ഡങ്ങളോടും കൂടിയതുമായിരിക്കണം. ശത്രുഭയമോ അധികകാലത്തെ താമസമോ ഉള്ളപക്ഷം കിടങ്ങും വപ്രവും മതിലും ഗോപുരവും അട്ടാലകവുമുള്ളതായിട്ടുവേണം സ്കന്ധാവാരം നിർമ്മിക്കുവാൻ.

മദ്ധ്യമത്തിന്റെ (വാസ്തുഹൃദയത്തിന്റെ) വടക്കുള്ള നവഭാഗത്തിൽ നൂറു ധനുസ്സു നീളവും അതിൽ പകുതി വിസ്താരവുമുള്ളതായിട്ടു രാജവാസ്തുനിവേശവും (രാജാവിന്നിരിപ്പാനുള്ള സ്ഥാനം) അതിന്റെ പടിഞ്ഞാറു ഭാഗത്ത് അന്തഃപുരവും സ്ഥാപിക്കണം. അന്തഃപുരസമീപത്തിൽ അന്തർവ്വംശികസൈന്യത്തിന്റെ നിവേശസ്ഥാനമായിരിക്കണം. രാജവാസ്തുകത്തിന്റെ പുരോഭാഗത്തിൽ ഉപസ്ഥാനവും (രാജാവിനെ കാണ്മാൻ വരുന്നവർക്കിരിപ്പാനുള്ള സ്ഥാനം) ദക്ഷിണഭാഗത്തു കോശഗൃഹം, ശാസനഗൃഹം (ശാസനലേ

---

* സ്കന്ധാവാരമെന്നാൽ പടവീട് (യുദ്ധഭൂമിയുടെ അടുത്തു സൈന്യങ്ങളോടുകൂടി പാർക്കുവാനുള്ള ഗൃഹം.)

ഖകന്മാർ പണിനടത്തുന്ന സ്ഥാനവും), കാര്യകരണം (വ്യവഹാരദർശനസ്ഥാനം) എന്നിവയും വാമഭാഗത്ത് രാജവാഹനങ്ങളായ ഹസ്ത്യശ്വരഥങ്ങളുടെ സ്ഥാനവുമായിരിക്കണം. അതിന്നു പുറത്തു നൂറുധനുസ്സുവീതം ഇടവിട്ടു ശകടപരിക്ഷേപം (വണ്ടികളുടെ ചുററ്), മേഥീപ്രതതിപരിക്ഷേപം (മുള്ളുള്ള വൃക്ഷശാഖകളെക്കൊണ്ടുള്ള ചുററ്), സ്തംഭപരിക്ഷേപം (തൂണുകളുടെ ചുററ്), സാലപരിക്ഷേപം (മതിൽച്ചുററ്) എന്നിങ്ങനെ നാലു പരിക്ഷേപങ്ങൾ ഉണ്ടായിരിക്കണം. ഒന്നാമത്തെ ചുററിന്നുള്ളിൽ പുരോഭാഗത്തു മന്ത്രിപുരോഹിതന്മാരുടെ ഇരിപ്പിടവും ദക്ഷിണഭാഗത്തു കോഷ്ഠാഗാരം, മഹാനസം എന്നിവയും വാമഭാഗത്തു കുപ്യാഗാരം, ആയുധാഗാരം എന്നിവയുമായിരിക്കണം. രണ്ടാമത്തെച്ചുററിൽ മൗലങ്ങളും ഭൃതങ്ങളുമായ സൈന്യങ്ങളുടേയും കുതിരകൾ, തേരുകൾ എന്നിവയുടേയും സേനാപതിയുടേയും സ്ഥാനമായിരിക്കണം. മൂന്നാമത്തെ ചുററിൽ ആനകൾ, ശ്രേണീസൈന്യങ്ങൾ, പ്രശാസ്താവ് എന്നിവരുടെ സ്ഥാനം. നാലാമത്തെച്ചുററിൽ സ്വസ്വനേതാക്കന്മാരാൽ അധിഷ്ഠിതമായ വിഷ്ടി (കർമ്മകരവർഗ്ഗം), നായകൻ, മിത്രസൈന്യം, അമിത്രസൈന്യം, അടവീസൈന്യം എന്നിവയുടെ സ്ഥാനം. മഹാപഥത്തിന്റെ (രാജമാർഗ്ഗത്തിന്റെ) സമീപത്തു കച്ചവടക്കാരുടേയും വേശ്യകളുടേയും സ്ഥാനമായിരിക്കണം. എല്ലാററിന്നും പുറത്തായിട്ടു ശത്രുസൈന്യത്തിന്റെ ആഗമനത്തെ കൊട്ടിയറിയിക്കുവാനുള്ള തൂര്യവാദ്യങ്ങളോടും അഗ്നിയെ ജ്വലിപ്പിച്ചറിയിക്കുവാനുള്ള അഗ്നിയോടും കൂടി ലുബ്ധകന്മാർ (വ്യാധന്മാർ), ശ്വഗണികൾ (നായ്ക്കളെ സൂക്ഷിക്കുന്നവർ) എന്നിവരും ഗൂഢരായ രക്ഷിജനങ്ങളും താമസിക്കണം.

ശത്രുക്കളുടെ ആപാതത്തിൽ (ആഗമനമാർഗ്ഗത്തിൽ) കൂടകൂപങ്ങൾ, അവപാതങ്ങൾ (ഗുപ്തഗർത്തങ്ങൾ), കണ്ട

നികൾ (ആണിതറച്ച പലകകൾ) എന്നിവയെ സ്ഥാപിക്കണം. * അഷ്ടാദശവൎഗ്ഗങ്ങളുടെ ആരക്ഷകന്മാരെ മാററിക്കൊണ്ടിരിക്കുക, ദിവായാമം (ദിവാസഞ്ചാരനിയമം) എന്നിവയും ഏൎപ്പെടുത്തണം. വിവാദം, സുരാപാനം, സമാജം (സഭകൂടൽ), ചൂതു് എന്നിവയിൽനിന്നു സൈന്യങ്ങളെ വാരണംചെയ്യുകയും മുദ്രയെ (അകത്തു കടക്കുന്നതിനും പുറത്തു പോകുന്നതിനും കൊടുക്കുന്ന രാജകീയമുദ്ര) സൂക്ഷിക്കുകയും ചെയ്യണം. സേനാനിൎവ്യതവും (സേനാപതിയുടെ നടവടി) സേനാപതി ആയുധീയന്മാൎക്കു നൽകുന്ന ശാസനവും ശൂന്യപാലൻ (അന്തപാലൻ) ഉററുനോക്കുകയും ചെയ്യണം.

തച്ചന്മാർ കൎമ്മകരന്മാ-
മായ് പ്രശാസ്താവു മുന്നമേ
പോയിച്ചെയ്‌വൂ മാൎഗ്ഗരക്ഷ
ജലനിൎമ്മാണകൎമ്മവും.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, സാംഗ്രാമികമെന്ന
പത്താമധികരണത്തിൽ, സ്കന്ധാവാരനിവേശം
എന്ന ഒന്നാമദ്ധ്യായം.

---

## രണ്ടാം അദ്ധ്യായം.

### ഒരുനൂററിനാല്പത്തെട്ടും നാല്പത്തൊമ്പതും പ്രകരണങ്ങൾ.

### സ്കന്ധാവാരപ്രയാണം, ബലവ്യസനാവസ്കന്ദകാലരക്ഷണം.

വഴിയിലെ ഗ്രാമങ്ങളിലും അരണ്യങ്ങളിലും കിട്ടാവുന്ന പുല്ലു്, വിറകു്, വെള്ളം എന്നിവയനുസരിച്ചു് അദ്ധ്വാ-

---

* അഷ്ടാദശവൎഗ്ഗങ്ങൾ—പതിനെട്ടു വൎഗ്ഗങ്ങൾ. മൌലസൈന്യം, ഭൃതസൈന്യം ശ്രേണീസൈന്യം, മിത്രസൈന്യം, അമിത്രസൈന്യം,

നിവേശങ്ങളെ (വഴിത്താവളങ്ങൾ) യും അവയിലെ സ്ഥാനാസനഗമനകാലങ്ങളെയും മുൻകൂട്ടി പരിഗണിച്ചിട്ടുവേണം യാത്രപുറപ്പെടുവാൻ. ആവശ്യമുള്ളതിലിരട്ടി ഭക്ഷ്യപദാർത്ഥങ്ങളും ഉപകരണങ്ങളും കൂടെ കൊണ്ടുപോകണം. അതിനു കഴിവില്ലെങ്കിൽ അവ സൈന്യങ്ങളുടെ കയ്യിൽ ഏല്പിക്കയോ, അന്തരങ്ങളിൽ (ഇടകളിൽ) ശേഖരിക്കുകയോ ചെയ്യണം.

മുമ്പിൽ നായകൻ, മദ്ധ്യത്തിൽ കളത്രവും സ്വാമിയും, പാർശ്വങ്ങളിൽ കുതിരകളും ബാഹൂത്സാരന്മാരും (അംഗരക്ഷകന്മാർ), ചക്രാന്തങ്ങളിൽ (വ്യൂഹത്തിന്റെ അററങ്ങളിൽ) ആനകൾ, സർവ്വഭാഗങ്ങളിലും പ്രസാരവൃദ്ധി— ഇങ്ങനെയാണ് യാത്രയുടെ ക്രമം. വനത്തിൽനിന്നു കിട്ടുന്ന ഉപജീവനദ്രവ്യം പ്രസാരം; സ്വദേശത്തുനിന്നു കൊണ്ടുവരുന്ന ഉപജീവനദ്രവ്യം വീവധം; മിത്രസൈന്യം ആസാരം.

സ്വഭൂമിയിലൂടെ യാനം ചെയ്യണം. എന്തുകൊണ്ടെന്നാൽ, സ്വഭൂമിയിൽ സ്ഥിതിചെയ്യുന്നവർ അഭൂമിഷ്ഠന്മാർക്ക് (അനാശ്രയണഭൂമിയിൽ നിൽക്കുന്നവർക്ക്) പ്രതിലോമന്മാരായിരിക്കും. ദിവസം ഒരു യോജനവീതമുള്ള ഗതി അധമ; ഒന്നരയോജന മദ്ധ്യമ; രണ്ടു യോജന ഉത്തമ. ഇത്ര യോജനവീതമാണ് ഗതി എന്നു മുൻകൂട്ടി സംഭാവനം ചെയ്യണം. സേനയുടെ പിൻഭാഗത്തു സേനാപതി യഥാക്രമം യാനം ചെയ്യണം.

മുമ്പിൽ അഭ്യാഘാതത്തിന്റെ (ആക്രമണം) ശങ്കയുള്ളപ്പോൾ മകരവ്യൂഹമായും, പിന്നിൽ ശങ്കയുള്ളപ്പോൾ ശകടവ്യൂഹമായും, പാർശ്വങ്ങളിൽ ശങ്കയുള്ളപ്പോൾ വജ്ര

---

അടവീസൈന്യം എന്നിങ്ങനെ ആറുവിധമുള്ള സൈന്യങ്ങൾക്ക് ഓരോന്നിനും പദികൻ, സേനാപതി, നായകൻ എന്നു മൂന്നു നേതാക്കന്മാർ ഉണ്ടാകയാൽ ആകെ പതിനെട്ടു വർഗ്ഗങ്ങൾ.

വ്യൂഹമായും, ചുററും ശങ്കയുള്ളപ്പോൾ സൎവ്വതോഭദ്രവ്യൂഹമായും, വഴിയിൽ രണ്ടായിത്തിരിയേണ്ടിവരുമ്പോൾ ഏകായനത്തിൽ (ഏകമാൎഗ്ഗത്തിൽ) സൂചീവ്യൂഹമായും യാനം ചെയ്യണം. *

ആശ്രയകാരിയും സമ്പന്നഘാതിയുമായ പാൎഷ്ണിഗ്രാഹന്റെയോ ആസാരന്റെയോ മദ്ധ്യമന്റെയോ ഉദാസീനന്റെയോ പീഡനത്തിന്നു പ്രതിവിധി ചെയ്യേണ്ടിയിരിക്കുക, സങ്കടം (വിഷമം) ആയ വഴി നേരെയാക്കേണ്ടതായിരിക്കുക, കോശമോ സൈന്യമോ മിത്രാമിത്രാടവീസൈന്യങ്ങളോ വിഷ്ടിയോ യുദ്ധയോഗ്യമായ കാലമോ വരുന്നതു പ്രതീക്ഷിക്കേണ്ടിയിരിക്കുക, ശത്രുവിനാൽ ചെയ്യപ്പെട്ട ദുൎഗ്ഗകൎമ്മത്തിന്നും ധാന്യാദിസഞ്ചയത്തിന്നും രക്ഷകൾക്കും ക്ഷയവും അവന്റെ ക്രീതസൈന്യത്തിന്നും മിത്രസൈന്യത്തിന്നും വെറുപ്പുമുണ്ടാകയുമെന്നിരിക്കുക, ഉപജാപിതാക്കൾ (ശത്രുവിന്റെ നേരെ പുറപ്പെടുവാൻ ഉപജാപം ചെയ്യുന്നവർ) അധികം ധൃതിപ്പെടുന്നതായിരിക്കുക, കുറച്ചു താമസിച്ചാൽ ശത്രു സ്വാഭീഷ്ടത്തെ നിറവേററുമെന്നിരിക്കുക എന്നീ കാരണങ്ങളുള്ളപ്പോൾ പതുക്കെ യാനംചെയ്യണം; വിപരീതമായ സംഗതിയിൽ വേഗത്തിൽ യാനം ചെയ്യണം.

ആനകൾ, സ്തംഭസംക്രമങ്ങൾ (തൂണുകളിന്മേലുണ്ടാക്കിയ പാലങ്ങൾ), ചിറകൾ, തോണികൾ, കാഷ്ഠസംഘാതങ്ങൾ (കൂട്ടിക്കെട്ടിയ മരത്തടികൾ), മുളക്കൂട്ടങ്ങൾ, അലാബുക്കൾ (ചുരങ്ങകൾ), ചൎമ്മകരണ്ഡങ്ങൾ (തോൽകൊണ്ടു കെട്ടിയ പാത്രങ്ങൾ), ഒലകൾ, പൊങ്ങുതടികൾ, ചങ്ങാടങ്ങൾ, കയറുകൾ എന്നിവയെക്കൊണ്ടു വെള്ളങ്ങളെ തരണംചെയ്യണം. തീൎത്ഥത്തിൽ (കടവിൽ) ശത്രു

* ഈ വ്യൂഹങ്ങളെക്കുറിച്ച് ഈ അധികരണത്തിലെ അന്തിമാദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

വിൻെറ നിരോധമുള്ളപക്ഷം ആനകളോടും കുതിരകളോ ടുംകൂടി വേറെ ഒരു ഭാഗത്തുകൂടെ രാത്രിയിൽ വെള്ളം കടന്നു സത്രത്തെ (ഗൂഢസഞ്ചാരസ്ഥാനത്തെ) അവലംബിക്കണം. വെള്ളം കിട്ടാത്ത പ്രദേശത്തുകൂടേ യാത്രചെയ്യുമ്പോൾ അ ങ്ങനെയുള്ള വഴിയുടെ പ്രമാണമനുസരിച്ചു വേണ്ടതായ വെള്ളം വണ്ടികളിലും ചതുഷ്പദങ്ങളുടെ പുറത്തുമായി ചു മപ്പിച്ചു കൊണ്ടുപോകയും വേണം. *

ദീൎഘമായ കാന്താരത്തോടുകൂടിയതോ വെള്ളം കി ട്ടാത്തതോ പുല്ലും വിറകും വെള്ളവുമില്ലാത്തതോ ആയ കൃ ച്ഛ്രമാൎഗ്ഗത്തിൽ സഞ്ചരിക്കുമ്പോഴും, അഭിയോഗത്താൽ പ്ര സ്കന്നം (ക്ഷീണം) ആയിരിക്കുമ്പോഴും, ക്ഷുൽപിപാസക ളാലും മാൎഗ്ഗഖേദത്താലും തളൎന്നിരിക്കുമ്പോഴും, അഗാധമാ യ ചളിയും വെള്ളവുമുള്ള നദികളോ ഗുഹകളോ മലക ളോ കയറുകയുമിറങ്ങുകയും ചെയ്യുന്നതിൽ ഏൎപ്പെട്ടിരിക്കു മ്പോഴും, ഏകായനമാൎഗ്ഗത്തിലോ ശൈലവിഷമമായ വഴി യിലോ സങ്കടമാൎഗ്ഗത്തിലോ പെട്ടു തിക്കിത്തിരക്കുമ്പോഴും, നിവേശത്തിലിരിക്കുമ്പോഴും, യാത്രപുറപ്പെട്ടപ്പോഴും, സ ന്നാഹം (ആവരണാദികൾ) ഇല്ലാതിരിക്കുമ്പോഴും, ഭോജ നം ചെയ്യുമ്പോഴും, ദീൎഘമായ യാത്രകൊണ്ടു തളൎന്നിരി ക്കുമ്പോഴും, ഉറങ്ങിക്കിടക്കുമ്പോഴും, വ്യാധികൊണ്ടോ മര കംകൊണ്ടോ ദുൎഭിക്ഷംകൊണ്ടോ പീഡിതമായിരിക്കുമ്പോ ഴും, കാലാളുകൾക്കോ കുതിരകൾക്കോ ഗജങ്ങൾക്കോ വ്യാ ധി പിടിപെട്ടിരിക്കുമ്പോഴും, അനുചിതഭൂമിയിൽ സ്ഥി തിചെയ്യുമ്പോഴും, ബലവ്യസനങ്ങളുള്ളപ്പോഴും സ്വസൈ ന്യത്തെ സവിശേഷം രക്ഷിക്കണം; പരസൈന്യത്തെ ഈ വക കാലങ്ങളിൽ അഭിഹനിക്കുകയും ചെയ്യണം.

ശത്രു തൻെറ സേനയോടുംകൂടി ഏകായനമാൎഗ്ഗത്തുകൂടെ

* ഇങ്ങനെ സ്കന്ധാവാരപ്രയാണം.

പോകുമ്പോൾ ആ സേനയെയും ഗ്രാസ (ശഷ്പാദിഭോജ്യം)ത്തെയും ആഹാരത്തെയും ശയ്യാസ്തരണത്തെയും അഗ്നിനിധാന (അടുപ്പ്)ത്തെയും ധ്വജത്തെയും ആയുധത്തെയും എണ്ണിനോക്കി ശത്രുബലത്തെ അറിയണം. തന്റെ സംഗതിയിൽ അവയെ ഗോപനം ചെയ്കയും വേണം.

നദീപർവ്വതദുർഗ്ഗങ്ങൾ
§ സാപസാരപ്രതിഗ്രഹം
സ്വഭൂമിയിൽത്താൻ പിൻനിർത്തി-
ച്ചെയ്‌വൂ യുദ്ധം നിവേശവും.

**കൗടിലീയന്റെ അർത്ഥശാസ്ത്രത്തിൽ, സാംഗ്രാമികമെന്ന പത്താമധികരണത്തിൽ, സ്കന്ധാവാരപ്രയാണം—ബലവ്യസനാവസ്കന്ദകാലരക്ഷണം എന്ന രണ്ടാമദ്ധ്യായം.**

---

## മൂന്നാം അദ്ധ്യായം.

---

ഒരുനൂററമ്പതു മുതൽ അമ്പത്തിരണ്ടുകൂടി പ്രകരണങ്ങൾ.

കൂടയുദ്ധവികല്പങ്ങൾ, സ്വസൈന്യോത്സാഹനം, സ്വബലാന്യബലവ്യായോഗം.

ശത്രുവിനെക്കാൾ സൈന്യശക്തിയേറിയും തക്കവിധത്തിൽ ഉപജാപം ചെയ്തും ഋതുവിന്നു തക്കവണ്ണമുള്ള പ്രതിവിധി ചെയ്തുമിരിക്കുന്ന വിജിഗീഷു സ്വഭൂമിയിൽ (സ്വയോഗ്യമായ ദേശത്തിൽ) പ്രകാശയുദ്ധം ചെയ്വാൻ പുറപ്പെടണം; ഇതിൽനിന്നു വിപരീതമായിട്ടുള്ളവൻ കൂടയുദ്ധത്തിന്നൊരുങ്ങണം.

ബലവ്യസനമുള്ളപ്പോഴും അവസ്കന്ദകാലങ്ങളിലുമോ,

---

§ അപസാരം=തോൽക്കുമ്പോൾ ഓടി രക്ഷപ്പെടാനുള്ള സ്ഥാനം; പ്രതിഗ്രഹം=പരമ സൈന്യത്തെ പിടിപ്പാനുള്ള സ്ഥാനം.

താൻ സ്വഭൂമിയിലും പരൻ അഭൂമിയിലും സ്ഥിതിചെയ്യുമ്പോഴോ വിജിഗീഷു ശത്രുവിനെ അഭിഹനിപ്പൂ; സ്വഭൂമിസ്ഥിതനായ ശത്രുവിനെ അവന്റെ പ്രകൃതികളെ സ്വാധീനിച്ചോ, ദൂഷ്യാമിത്രാടവീബലങ്ങളാം മുഖേന തനിക്കു തോല്വു ഭവിച്ചതായിത്തോന്നിച്ച് വിഭൂമിയിൽ പ്രാപിപ്പിച്ചോ അഭിഹനിപ്പൂ; സംഹതമായി നിൽക്കുന്ന ശത്രുസൈന്യത്തെ ഗജങ്ങളെക്കൊണ്ടു ഭേദിപ്പിപ്പൂ. തനിക്കു തോല്വു പിണഞ്ഞതായിധരിച്ചു ശത്രുസൈന്യം ഭേദിച്ചു ചിന്നിച്ചിതറിയാൽ അതിനെ വിജിഗീഷുവിന്റെ സൈന്യം ഭേദിക്കാതെ പ്രതിനിവർത്തിച്ചു ഹനിപ്പൂ; മുൻഭാഗത്തു അഭിഹനിച്ചതിനാൽ ഇളകി പിൻതിരിഞ്ഞ പരസൈന്യത്തെ തന്റെ ആനകളെക്കൊണ്ടും കുതിരകളെക്കൊണ്ടും പൃഷ്ഠഭാഗത്ത് അഭിഹനിപ്പൂ; പൃഷ്ഠഭാഗത്ത് അഭിഹനിച്ചതിനാൽ ഇളകി വിമുഖമായിത്തീർന്ന പരസൈന്യത്തെ തന്റെ സാരസൈന്യങ്ങളെക്കൊണ്ട് മുൻഭാഗത്തും അഭിഹനിപ്പൂ; ഇവയെക്കൊണ്ടു പാർശ്വങ്ങളിലുള്ള അഭിഘാതങ്ങളേയും പറഞ്ഞുകഴിഞ്ഞു. ശത്രുപക്ഷത്തിൽ എവിടെയാണോ ദൂഷ്യരും ശക്തികുറഞ്ഞവരുമായ സൈന്യങ്ങളുള്ളത് അവിടെ അഭിഹനിപ്പൂ. മുൻഭാഗത്തു വിഷമഭൂമിയാണെങ്കിൽ പൃഷ്ഠത്തിലും, പൃഷ്ഠത്തിൽ വിഷമഭൂമിയാണെങ്കിൽ മുൻഭാഗത്തും, ഒരു പാർശ്വത്തിൽ വിഷമഭൂമിയാണെങ്കിൽ മറുപാർശ്വത്തിലും അഭിഹനിപ്പൂ.

ആദ്യം ദൂഷ്യസൈന്യങ്ങളെക്കൊണ്ടും അമിത്രസൈന്യങ്ങളെക്കൊണ്ടും അടവീസൈന്യങ്ങളെക്കൊണ്ടും യുദ്ധം ചെയ്യിച്ചിട്ട്, ശത്രു ശ്രാന്തനായെന്നു കണ്ടാൽ വിജിഗീഷു അശ്രാന്തനായിട്ട് അവനെ അഭിഹനിപ്പൂ. അഥവാ ദൂഷ്യസൈന്യംമുഖേന തനിക്കു തോല്വു പിണഞ്ഞതായി തോന്നിച്ച് "നാം ജയിച്ചു" എന്നു വിശ്വസിച്ച ശത്രുവിനെ അവിശ്വസ്തനായ വിജിഗീഷു സത്രത്തെ (ഗൂഢസഞ്ചാര

സ്ഥാനത്തെ) ആശ്രയിച്ച് അഭിഹനിപ്പൂ. വണിക്സംഘങ്ങളേയും വ്രജങ്ങളേയും സ്കന്ധാവാരത്തേയും വഴിപോലെ സംരക്ഷിക്കുന്നതിൽ പരന്മാരുടെ കൊള്ളകൊണ്ട് പ്രമത്തനായിട്ടുള്ള ശത്രുവിനെ വിജിഗീഷു അപ്രമത്തനായിട്ട് അഭിഹനിപ്പൂ. അഥവാ ശക്തികുറഞ്ഞ സൈനികരെക്കൊണ്ട് ശക്തികൂടിയ സൈനികരെ മറച്ചുനിറുത്തി പരസൈന്യത്തിലുൾപ്പൂക്ക ശത്രുവിന്റെ വീരന്മാരെ ഹനിപ്പൂ. ഗോഗ്രഹണം ചെയ്തോ ശ്വാപദങ്ങളെ വധിച്ചോ ശത്രുപക്ഷത്തിലെ വീരന്മാരെ ആകർഷിച്ച് വിജിഗീഷു സത്രച്ഛന്നനായിരുന്ന് അഭിഹനിക്കുകയും ചെയ്‌വൂ.

രാത്രിയിൽ ശത്രുസൈന്യങ്ങളെ അവസ്കന്ദം (ആക്രമണം) ചെയ്തുറക്കൊഴിപ്പിച്ച് പകൽ അവർ നിദ്രാക്ലാന്തരായി കിടന്നുറങ്ങുമ്പോൾ അഭിഹനിപ്പൂ. രാത്രിയിൽ കാൽക്കു ചർമ്മകോശം (തോൽപ്പട്ട) കെട്ടിയ ഗജങ്ങളെക്കൊണ്ടു സൗപ്തികം (സുപ്തവധം) ചെയ്യിപ്പൂ. പൂർവ്വാഹ്നത്തിലുള്ള സന്നാഹംകൊണ്ടു തളർന്നിരിക്കുന്ന ശത്രുസൈന്യത്തെ അപരാഹ്നത്തിൽ അഭിഹനിപ്പൂ. ഉണങ്ങിയ തോൽകൊണ്ടു വൃത്തശർക്കര (വൃത്താകാരമായ കല്ല്) യുടെ ആകൃതിയിലുള്ള ഉണ്ടകൾ ഉള്ളിൽ നിറച്ചുണ്ടാക്കിയ സഞ്ചികൾ "വിറളി"യുള്ള ഗോക്കളുടേയും മഹിഷങ്ങളുടേയും ഒട്ടകങ്ങളുടേയും കഴുത്തിൽക്കെട്ടിവിട്ടു ശത്രുവിന്റെ ആനകളേയും കുതിരകളേയും ചെറുപ്പിച്ച് അണി മുറിച്ചോടിക്കുകയും വിജിഗീഷുവിന്റെ സൈന്യം ഭേദിക്കാതെ നിന്നു ശത്രുസൈന്യത്തെ ഹനിക്കുകയും ചെയ്‌വൂ. സൂര്യനോ കൊടുങ്കാറ്റിനോ അഭിമുഖമായി നിൽക്കുമ്പോൾ സർവ്വസൈന്യത്തേയും അഭിഹനിപ്പൂ.

ധാന്വനം (മരുദുർഗ്ഗം), വനം (വനദുർഗ്ഗം), സങ്കടപ്രദേശം, ചേറ്, പർവ്വതം, കുണ്ടുപ്രദേശം, വിഷമപ്രദേശം, തോണി, ഗോവൃന്ദം, ശകടവ്യൂഹം, മഞ്ഞ്, ഇരുട്ടുള്ള രാത്രി

എന്നിവയത്രെ സത്രങ്ങൾ. ഇവയും മേൽപ്പറഞ്ഞ പ്രഹരണകാലങ്ങളും കൂടയുദ്ധത്തിന്നു ഹേതുക്കളാകുന്നു. [ഇങ്ങനെ കൂടയുദ്ധവികല്പങ്ങൾ.]

ഇന്ന സ്ഥലത്തു് ഇന്ന സമയത്തു യുദ്ധം തുടങ്ങുക എന്നു നിശ്ചയിച്ചിട്ടുള്ള യുദ്ധമാണ് ധർമ്മയുദ്ധം. അതിനു പുറപ്പെടുന്ന വിജിഗീഷു തന്റെ സൈന്യത്തെ വിളിച്ചുകൂട്ടി ഇങ്ങനെ പറയു:—"എന്റെ ലാഭം നിങ്ങളുടേതിനോടു തുല്യമാണ്; നിങ്ങളോടുകൂടി അനുഭവിക്കേണ്ടതാണ് ഈ രാജ്യം. ആകയാൽ എന്നാൽ നിർദ്ദേശിക്കപ്പെട്ട ശത്രുവിനെ നിങ്ങൾ അഭിഹനിക്കണം." തന്റെ മന്ത്രിപുരോഹിതന്മാരെക്കൊണ്ടും യോധന്മാരെ ഇങ്ങനെ പ്രോത്സാഹിപ്പിച്ചു:—"വേദങ്ങളിൽ ദക്ഷിണാസമാപ്തി കഴിഞ്ഞ യജ്ഞങ്ങളുടെ അവഭൃഥങ്ങളിൽ 'യുദ്ധത്തിൽ മരണം പ്രാപിച്ച ശൂരന്മാരുടെ ഗതിയേതോ ആ ഗതി അങ്ങേക്കു ഭവിക്കും' എന്നു ശ്രവിക്കപ്പെടുന്നു. ഈ വിഷയത്തിൽ പ്രമാണമായി രണ്ടു ശ്ലോകങ്ങളും ഉണ്ട്—

നേടുന്നു നാകൈഷികളേവ യജ്ഞ-
തപോമഹാദാനവഴിക്കു വിപ്രർ
കവിച്ചുപോമായവയെ ക്ഷണത്തിൽ
പ്രാണൻ സുയുദ്ധത്തിൽ വിടുന്ന ശൂരർ.

ജലം നിറച്ചോരു നവം ശരാവം
സുമന്ത്രസംസ്കാരയുതം കുശാഢ്യം
കിട്ടാതവൻ വീഴ്കിതു നാരകത്തി-
ലാർ ഭർത്തൃപിണ്ഡത്തിനു യുദ്ധമേൽക്കാ"

കാർത്താന്തികന്മാർ തുടങ്ങിയുള്ള വർഗ്ഗം തങ്ങളുടെ സർവ്വജ്ഞതയേയും ദൈവദർശനത്തേയും ഉൽഘോഷിച്ചുംകൊണ്ട് വ്യൂഹഗുണങ്ങളെ പുകഴ്ത്തി പറഞ്ഞു സ്വപക്ഷത്തെ ഉദ്ധർഷണംചെയ്കയും, പരപക്ഷത്തെ ഉദ്വേജനം ചെയ്ക

യും ചെയ്യൂ. യുദ്ധത്തിന്റെ തലേദിവസം വിജിഗീഷു ഉപവാസം ചെയ്തു് തന്റെ ആയുധങ്ങളുടേയും വാഹനങ്ങളുടേയും അരികത്തു ശയിക്കുകയും, അഥർവ്വമന്ത്രങ്ങളെക്കൊണ്ടു് ഹോമം ചെയ്യുകയും, ബ്രാഹ്മണരെക്കൊണ്ടു് വിജയപ്രദങ്ങളും സ്വർഗ്ഗപ്രദങ്ങളുമായ ആശീസ്സുകളെ പറയിക്കുകയും, ബ്രാഹ്മണർക്കായിക്കൊണ്ടു് ആത്മാവിനെ അർപ്പിക്കുകയും ചെയ്യൂ.

ശൌര്യവും അഭ്യാസവും വംശമാഹാത്മ്യവും സ്വാമിഭക്തിയുമുള്ളവരും അർത്ഥമാനങ്ങളെക്കൊണ്ടു നിത്യസൽകൃതന്മാരുമായ സൈനികന്മാരെ സേനാഗർഭം (മദ്ധ്യസൈന്യം) ആക്കിച്ചെയ്യൂ. രാജാവിനോടു പിതൃപുത്രഭ്രാതൃസംബന്ധമുള്ളവരും രാജരക്ഷയ്ക്കായി ആയുധമെടുത്തവരുമായവരുടെ സൈന്യത്തെ ധ്വജം (രാജസംബന്ധിയാണെന്നതിന്റെ ചിഹ്നം) കൂടാതെ രാജാവിന്റെ അരികത്തു മുണ്ഡാനീക * മാക്കി നിറുത്തൂ. രാജവാഹനം ഹസ്തിയോ, അശ്വങ്ങൾ അധികമുള്ള പക്ഷം രഥമോ ആയിരിക്കണം; ഏതു വാഹനമാണോ സൈന്യത്തിൽ അധികമുള്ളതു്, ഏതിന്റെ പുറത്തു കയറുവാനാണോ രാജാവിന്നധികം അഭ്യാസമുള്ളതു് ആ വാഹനത്തിന്റെ പുറത്തു കയറുകയുമാകാം. രാജവേഷധാരിയായ ഒരു പുരുഷനെ വ്യൂഹത്തിന്റെ ശിരസ്സിൽ നിറുത്തുകയും ചെയ്യൂ.

സൂതന്മാർ, മാഗധന്മാർ എന്നിവർ ശൂരന്മാർക്ക് സ്വർഗ്ഗവും ഭീരുക്കൾക്കു അസ്വർഗ്ഗവും (നരകം) ഭവിക്കുമെന്നു വർണ്ണിക്കുകയും യോധന്മാരുടെ ജാതി, സംഘം, കുലം, കർമ്മം, വൃത്തം എന്നിവയെ സ്തുതിക്കുകയും ചെയ്യൂ. പുരോഹിതന്മാർ ശത്രുജയാർത്ഥമുള്ള കൃത്യാഭിചാരം തുടങ്ങി

* മുണ്ഡമെന്നാൽ ശിരസ്സ്; ശിരസ്സുപോലെ പ്രധാനമായിട്ടുള്ള സൈന്യം മുണ്ഡാനീകം.

യത്തായി അവരുടെ പുരുഷന്മാർ രാജാവിനോടു പറവൂ. സത്രി, തച്ചൻ, മൌഹൂർത്തികൻ എന്നിവർ സ്വകർമ്മങ്ങൾക്കു സിദ്ധിയും ശത്രുകർമ്മങ്ങൾക്ക് അസിദ്ധിയും സംഭവിക്കുന്നതായി രാജാവിനോടു പറവൂ.

സേനാപതി സൈന്യങ്ങളെ അർത്ഥമാനങ്ങളെക്കൊണ്ടു പൂജിച്ച് ഇങ്ങനെ പറവൂ:—"രാജാവിനെ (ശത്രുവിനെ) കൊന്നാൽ നൂറായിരം; സേനാപതിയേയും കുമാരനേയും കൊന്നാൽ അമ്പതിനായിരം; പ്രവീരന്മാരിൽവച്ചു മുഖ്യനായവനെ കൊന്നാൽ പതിനായിരം; ആനയേയോ രഥത്തേയോ വധിച്ചാൽ അയ്യായിരം; കുതിരയെക്കൊന്നാൽ ആയിരം; കാലാൾപ്പടയിലെ മുഖ്യനെക്കൊന്നാൽ നൂറുപണം; ഒരുത്തന്റെ തലയെടുത്തുകൊണ്ടുവന്നാൽ ഇരുപതു പണം. ഇതിന്നപുറമെ അവർക്കുള്ള ഭോഗം (ചെലവും ശമ്പളവും) ഇരട്ടിച്ചുകൊടുക്കുന്നതും, അവരവർ പിടിച്ചെടുക്കുന്നതിനെ അവരവർ എടുത്തുകൊൾവാൻ അനുവദിക്കുന്നതുമാണ്." ഈ ആജ്ഞയെ ദശവർഗ്ഗാധിപതികൾ സൈനികന്മാരുടെ ഇടയിൽ അറിയിക്കുകയും ചെയ്‌വൂ.

ചികിത്സകന്മാർ ശസ്ത്രങ്ങളും യന്ത്രങ്ങളും മരുന്നുകളും എണ്ണയും വസ്ത്രവും കയ്യിലെടുത്തും, സ്ത്രീകൾ അന്നപാനോപകരണങ്ങളേന്തിയും, പുരുഷന്മാർക്ക് ഉദ്ധർഷണം വരുത്തുക വാക്കുകൾ പറഞ്ഞുംകൊണ്ട് പൃഷ്ഠഭാഗത്തിങ്കൽ സ്ഥിതി ചെയ്‌വൂ. [ഇങ്ങനെ സ്വസൈന്യോത്സാഹനം].

സൈന്യങ്ങളെ തെക്കോട്ടു മുഖമാകാതേയും സൂര്യൻ പൃഷ്ഠത്തിലാകമാറും കാററിന്നനുകൂലമായും സ്വഭൂമിയിൽ വ്യൂഹനം ചെയ്‌വൂ. പരഭൂമിവ്യൂഹത്തിങ്കൽ അശ്വങ്ങളെ ഓടിക്കുകയും ചെയ്‌വൂ. എവിടെ അധികനേരം നിൽക്കുകയോ പൊട്ടുന്നവെ ഓടുകയോ വേണ്ടതായും നിൽ

ക്കവാൻ സ്ഥലസൌകൎയ്യം കുറവായുമിരിക്കുന്നവോ അവിടെ അധികനേരം നിൽക്കുകയോ പൊട്ടുന്നനവെ ഓടുകയോ ചെയ്യുന്നവൻ ശത്രുവിനാൽ ജയിക്കപ്പെടും. ഇതിന്നു വിപരീതമായിട്ടു നിൽക്കുകയും ഓടുകയും ചെയ്യുന്നവൻ ജയിക്കും.

സമഭൂമി, വിഷമഭൂമി, വ്യാമിശ്രഭൂമി എന്നിങ്ങനെ മുൻപിലും പാൎശ്വങ്ങളിലും പിൻപിലുമുള്ള ഭൂമിയെ അറിയേണ്ടതാണ്. സമഭൂമിയിൽ ദണ്ഡവ്യൂഹങ്ങളും മണ്ഡലവ്യൂഹങ്ങളും, വിഷമഭൂമിയിൽ ഭോഗവ്യൂഹങ്ങളും അസംഹതവ്യൂഹങ്ങളും, വ്യാമിശ്രഭൂമിയിൽ വിഷമവ്യൂഹങ്ങളും ചമയ്പ്പൂ.

ശത്രു തന്നെക്കാൾ ബലംമറിയവനെങ്കിൽ അവനെ ഭഞ്ജിച്ചിട്ട് സന്ധിചെയ്യാൻ അപേക്ഷിപ്പൂ. സമബലനായിട്ടുള്ള ശത്രു ഇങ്ങോട്ടു യാചിച്ചാൽ അവനോടു സന്ധിചെയ്വൂ; ബലം കുറഞ്ഞവനെ പിന്നെയും അഭിഹനിക്കയും ചെയ്വൂ. എന്നാൽ, ബലം കുറഞ്ഞവനെങ്കിലും സ്വഭൂമിയിൽ സ്ഥിതിചെയ്യുന്നവനോ ജീവനിൽ കൊതിയില്ലാത്തവനോ ആയവനെ അഭിഹനിക്കരുത്.

തോററു വീണ്ടുമെതിക്കുന്നോൻ,
ജീവിതത്തിൽ നിരാശനും
അധാൎഷ്ട്യരാകുമതിനാൽ
പീഡിപ്പിക്കൊല്ല ഭഗ്നനെ.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, സാംഗ്രാമികമെന്ന പത്താമധികരണത്തിൽ, കൂടയുദ്ധവികല്പങ്ങൾ— സ്വസൈന്യോത്സാഹനം — സ്വബലാന്യബലവ്യായോഗം എന്ന മൂന്നാമദ്ധ്യായം.**

# നാലാം അദ്ധ്യായം.

ഒരുനൂററമ്പത്തിമൂന്നും അമ്പത്തിനാലും പ്രകരണങ്ങൾ.

യുദ്ധഭൂമികൾ, പത്ത്യശ്വരഥഹസ്തികർമ്മങ്ങൾ.

പത്തി, അശ്വം, രഥം, ഹസ്തി എന്നിവയ്ക്കു യുദ്ധത്തിലും നിവേശത്തിലും സ്വഭൂമി (അനുകൂലഭൂമി) അത്യന്താപേക്ഷിതമാകുന്നു.

മരുദുർഗ്ഗം, വനദുർഗ്ഗം, നിമ്നപ്രദേശം, സ്ഥലം എന്നിവയിൽ വെച്ചോ കിടങ്ങിൽ വെച്ചോ ആകാശത്തു വെച്ചോ പകലോ രാത്രിയിലോ യുദ്ധം ചെയ്തു ശീലമായ പുരുഷന്മാർക്കും പുഴ, മല, അനൂപം (ജലപ്രായഭൂമി), കായൽ എന്നിവ സമീപിച്ച ദേശങ്ങളിൽ പരിചയിച്ച ആനകൾക്കും കുതിരകൾക്കും താന്താങ്ങൾ പരിചയിച്ച തരത്തിലുള്ള യുദ്ധഭൂമികളും കാലങ്ങളുമാണ് ഇഷ്ടമായിട്ടുള്ളതു്.

നിരപ്പും ഉറപ്പും വെടുപ്പുമുള്ളതും പിളർപ്പില്ലാത്തതും ചക്രങ്ങളും കുളമ്പുകളും മണ്ണിൽ പൂന്താത്തതും അച്ചുതങ്ങിന്നു തടസ്ഥം വരുത്താത്തതും മരങ്ങളും വള്ളിക്കെട്ടുകളും വള്ളികളും കുററികളും നെൽക്കണ്ടങ്ങളും കുഴികളും മൺപുററുകളും മണലും ചേറും വക്രഭൂമിയും വിള്ളലുമില്ലാത്തതുമായ സ്ഥലം രഥഭൂമി; ആനകൾക്കും കുതിരകൾക്കും ആളുകൾക്കും നിരപ്പുള്ളതോ ഇല്ലാത്തതോ ആയ ഭൂമികൾ യുദ്ധത്തിങ്കലും നിവേശത്തിങ്കലും ഹിതമാകുന്നു; അണുക്കളായ കല്ലുകളും വൃക്ഷങ്ങളും എളുപ്പത്തിൽ ചാടിക്കടക്കാവുന്ന കുഴികളുമുള്ളതും വിള്ളൽ കുറഞ്ഞതുമായ ഭൂമി അശ്വഭൂമി; തടിച്ച കുററികളും കല്ലുകളും മരങ്ങളും വള്ളികളും മൺപുററുകളും വള്ളിക്കെട്ടുകളുമുള്ള സ്ഥലം പദാതിഭൂമി; കടന്നുപോകുവാൻ പ്രയാസമില്ലാത്ത കുന്നുകളോടും നിമ്നസ്ഥലങ്ങളോടും വിഷമപ്രദേശങ്ങളോടും തകർക്കുവാൻ കഴിയുന്ന മരങ്ങളോടും മുറിക്കുവാൻ സാധിക്കുന്ന വള്ളി

കല്ലോടും കുടിയും ചേറും വല്മീകവും വിള്ളലുമില്ലാതെയുമിരിക്കുന്ന സ്ഥലം ഹസ്തിഭൂമി.

മുള്ളില്ലാത്തതും അധികം വിഷമമല്ലാത്തതും പ്രത്യാസാര (പിൻതിരിയുവാനുള്ള ഇടം) മുള്ളതുമായ ഭൂമി പദാതികൾക്കു വിശേഷം; അതിലിരട്ടി പ്രത്യാസാരമുള്ളതും ചേറും വെള്ളവും വഴുക്കും ചരൽക്കല്ലുമില്ലാത്തതുമായ ഭൂമി അശ്വങ്ങൾക്കു വിശേഷം; പൊടിയും ചളിയും വെള്ളവും നളപ്പുല്ലിൻെറയും ശരപ്പുല്ലിൻെറയും കുററികളുമുള്ളതും ഞെരിഞ്ഞിലില്ലാത്തതും വലിയ മരങ്ങളുടെ കൊമ്പുകളെക്കൊണ്ടു തടസ്ഥമില്ലാത്തതുമായ ഭൂമി ഹസ്തികൾക്കു വിശേഷം; ജലാശയങ്ങളോടും വിശ്രമസ്ഥാനങ്ങളോടും കൂടിയതും പിളപ്പില്ലാത്തതും നെൽക്കണ്ടത്തോടു കൂടാത്തതും തിരിക്കുവാൻ സൌകൎയ്യമുള്ളതുമായ ഭൂമി രഥങ്ങൾക്കു വിശേഷം.

ഇങ്ങനെ എല്ലാ സേനകൾക്കും വേണ്ട ഭൂമി പറയപ്പെട്ടു. ഇതുകൊണ്ടു സൈന്യങ്ങളുടെയെല്ലാം നിവേശങ്ങളും യുദ്ധങ്ങളും പറഞ്ഞുകഴിഞ്ഞു.

ഭൂമി, വാസം, വനം ഇവ ശോധനം ചെയ്തു, വിഷമപ്രദേശത്തോ വെള്ളമുള്ള സ്ഥലത്തോ കടവത്തോ കാററും സൂൎയ്യരശ്മിയും എതിരായി വരാത്ത സ്ഥലത്തോ ആദ്യംതന്നെ സ്ഥാനം പിടിക്കുക, വീവധത്തെയും ആസാരത്തെയും ഹനിക്കുകയോ രക്ഷിക്കുകയോ ചെയ്തു, സൈന്യത്തെ പരിശോധിക്കുകയും ഉറപ്പിക്കയും ചെയ്തു, പ്രസാരവൃദ്ധി, പാൎശ്വരക്ഷണം, ശത്രുസേനയെ ആദ്യം പ്രഹരിക്കുകയും വ്യാവേശനം (വിക്ഷോഭണം) ചെയ്കയും വേധിക്കുകയും ചെയ്തു, ആശ്വസിപ്പിക്കുക, സൈനികരെ പിടിക്കുകയും വിട്ടുവിക്കുകയും ചെയ്തു, പരമാൎഗ്ഗത്തെ പിൻതുടരുക, കോശത്തെയും കുമാരനെയും ഹരിക്കുക, ശത്രുസേനയെ ജഘനത്തിലും കോടിയിലും അഭിഹനിക്കുക, ബലം കു

രഞ്ഞവരെ അനുസരിക്കുക, ഓടുന്നവരെ പിൻതുടരുക, ചിന്നിച്ചിതറിയ സേനയെ കൂട്ടിച്ചേർക്കുക എന്നിവ അശ്വകർമ്മങ്ങൾ.

മുൻഭാഗത്തെതിർക്കുക, അസംസ്കൃതങ്ങളായ വഴിയും വാസസ്ഥാനവും കടവും നേരെയാക്കുക, പാർശ്വങ്ങളെ കാക്കുക, വെള്ളമിറങ്ങിക്കടക്കുക, സ്ഥാനവും ഗമനവും അവതരണവും ചെയ്ക, വിഷമസ്ഥലത്തും സംബാധസ്ഥലത്തും പ്രവേശിക്കുക, തീ വയ്ക്കുകയും കെടുത്തുകയും ചെയ്ക, ഏകാംഗവിജയം(ഒരേ സേനാംഗംകൊണ്ടു ജയിക്കുക), ഭിന്നങ്ങളായ സൈന്യങ്ങളെ സന്ധാനംചെയ്ക, അഭിന്നങ്ങളായവയെ ഭേദിക്കുക, വ്യസനത്തിങ്കൽ രക്ഷിക്കുക, അഭിഘാതം ചെയ്ക, ഭയപ്പെടുത്തുക, ത്രാസനം ചെയ്ക, സൈന്യത്തിന് ഔദാര്യം (മഹാത്മ്യം) വരുത്തുക, പിടിക്കുക, വിടുവിക്കുക, മതിലും ഗോപുരവും അട്ടാലകവും പിളക്കുക, കോശത്തെ ചുമക്കുക എന്നിവ ഹസ്തികർമ്മങ്ങൾ.

സ്വസൈന്യത്തെ രക്ഷിക്കുക, ചതുരംഗസേനയുടെ ആക്രമണത്തെ തടുക്കുക, യുദ്ധത്തിൽ ഗ്രഹിപ്പിക്കുകയും മോചിപ്പിക്കയും ചെയ്ക, ഭിന്നസന്ധാനം, അഭിന്നഭേദനം, ത്രാസനം, ഔദാര്യം എന്നിവ ചെയ്ക, ഭയങ്കരമായ ഘോഷമുണ്ടാക്കുക എന്നിവ രഥകർമ്മങ്ങൾ.

എല്ലാ ദേശങ്ങളിലും കാലങ്ങളിലും ആയുധം വഹിക്കുക, യുദ്ധം ചെയ്ക എന്നിവ പദാതികർമ്മങ്ങൾ.

ശിബിരം (സേനാനിവേശം), മാർഗ്ഗം, സേതു, കിണറ്, തീർത്ഥം (കടവ്) എന്നിവയുടെ ശോധനകർമ്മം (ശുചീകരണം) യന്ത്രങ്ങൾ, ആയുധങ്ങൾ, ആവരണങ്ങൾ, ഉപകരണങ്ങൾ, ഗ്രാസം എന്നിവയെ വഹിക്കുക, യുദ്ധഭൂമിയിൽനിന്നു ആയുധങ്ങളെയും ആവരണങ്ങളേയും പ്രതിവിദ്ധന്മാരെയും (പരുക്കേററവരെ) നീക്കംചെയ്ക എന്നിവ വിഷ്ടികർമ്മങ്ങൾ (കർമ്മകരന്മാരുടെ പണികൾ).

ഹയം കുറഞ്ഞാൽ കൂട്ടത്തിൽ-
ച്ചേൎപ്പൂ ഭൂപൻ വൃഷങ്ങളെ
ഗജം കുറഞ്ഞാലുൾച്ചേൎഗ്ഗേ
ഖരോഷ്ട്രശകടങ്ങളും.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, സാംഗ്രാമികമെന്ന
പത്താമധികരണത്തിൽ, യുദ്ധങ്ങളികൾ—പ
ത്ത്യശ്വരഥഹസ്തികൎമ്മങ്ങൾ എന്ന
നാലാമദ്ധ്യായം.

---

## അഞ്ചാം അദ്ധ്യായം.

---

ഒരുനൂററമ്പത്തഞ്ചു മുതൽ അമ്പത്തെഴുകൂടി പ്രകരണങ്ങൾ.

ബലാഗ്രത്താൽ പക്ഷകക്ഷോരസ്യവ്യൂഹവിഭാഗം *; സാരഫൽഗ്ഗുബലവിഭാഗം, പത്ത്യശ്വരഥഹസ്തിയുദ്ധങ്ങൾ.

സ്കന്ധാവാരത്തിൽനിന്ന് അഞ്ഞൂറു ധനുസ്സുകലെയായോ, ഭൂസ്ഥിതിയനുസരിച്ചോ യുദ്ധസ്ഥലമേൎപ്പെടുത്തി യുദ്ധം ആരംഭിപ്പൂ. മുഖ്യന്മാരെ വിഭാഗിച്ചു സേനയെ ശത്രുപക്ഷക്കാൎക്കു കാണ്മാൻ കഴിയാത്തവിധം നിറുത്തി സേനാപതിയും നായകനുംകൂടി വ്യൂഹനം (അണിനിറുത്തുക) ചെയ്‌വൂ.

ഓരോ ശമം (പതിനാലംഗുലം) ഇടവിട്ടു പത്തിയേയും, മുമ്മൂന്നു ശമം ഇടവിട്ടു അശ്വത്തേയും, അയ്യഞ്ചു ശമം ഇടവിട്ടു രഥത്തേയും ഹസ്തിയേയും നിറുത്തു; ഇപ്പറഞ്ഞ

---

* അഞ്ചണിയായി സേനയെ നിറുത്തിയാൽ മദ്ധ്യത്തിലുള്ള രണ്ടെണ്ണം പക്ഷങ്ങൾ; അതിനകത്തുള്ളവ കക്ഷങ്ങൾ; നടുവിലത്തേത് ഉരസ്യം; ബലാഗ്രം സൈന്യസംഖ്യ.

തിന്റെ ദ്വിഗുണമോ ത്രിഗുണമോ ഇടവിട്ടും അവയെ നിറുത്താവുന്നതാണ്. അങ്ങനെ ചെയ്താൽ യഥാസുഖമായും തിരക്കുകൂടാതെയും നിന്നു യുദ്ധം ചെയ്യും.

അഞ്ച് അരത്നി ഒരു ധനുസ്സ്; ഓരോ ധനുസ്സ് അകലംവിട്ടു ധന്വിയെ (വില്ല്യാളിയെ) നിറുത്തൂ. മുമ്മൂന്നു ധനുസ്സകലംവിട്ട് അശ്വത്തെയും, അയ്യഞ്ചു ധനുസ്സകലംവിട്ട് രഥത്തെയും ഹസ്തിയെയും നിറുത്തൂ. പക്ഷം, കക്ഷം, ഉരസ്യം എന്നിവയ്ക്കു തമ്മിൽ അനീകസന്ധി (സൈന്യാന്തരാളം) അഞ്ചു ധനുസ്സ്വീതമായിരിക്കണം.

ശത്രുസൈന്യത്തിലെ ഓരോ അശ്വത്തിനു മുമ്മൂന്നും ഓരോ രഥത്തിനും ഹസ്തിക്കും പതിനഞ്ചുംവീതം പുരുഷന്മാരും അയ്യഞ്ച് അശ്വങ്ങളും പ്രതിയോദ്ധാക്കൾ (എതിർത്തു യുദ്ധം ചെയ്യുന്നവർ) ഉണ്ടായിരിക്കണം. സ്വസൈന്യത്തിലെ അശ്വം, രഥം, ഹസ്തി എന്നിവയ്ക്ക് അത്രതന്നെ (അയ്യഞ്ചുവീതം) പാദഗോപന്മാരും (പിൻകാക്കുന്നവർ) ഉണ്ടായിരിക്കണം.

മുമ്മൂന്നുചേർന്ന മൂന്നുകൂട്ടം (ഒമ്പതു) രഥങ്ങളെ ഉരസ്യമായിട്ടു നിറുത്തൂ. അത്രതന്നെ രഥങ്ങൾ ഈരണ്ടു പുറങ്ങളിലും കക്ഷമായും പക്ഷമായും സ്ഥാപിക്കൂ. ഇങ്ങനെ ചെയ്താൽ ഒരു വ്യൂഹത്തിൽ നാല്പത്തഞ്ചു രഥങ്ങൾ ഉണ്ടായിരിക്കും; ഇരുനൂറ്റിരുപത്തഞ്ച് അശ്വങ്ങളും അറുനൂറ്റെഴുപത്തഞ്ച് പുരുഷന്മാരും പ്രതിയോദ്ധാക്കളായുണ്ടായിരിക്കും; അശ്വങ്ങളുടേയും രഥങ്ങളുടേയും ഹസ്തികളുടേയും പാദഗോപന്മാരായും അത്രതന്നെ പുരുഷന്മാരുണ്ടായിരിക്കും.

ഇങ്ങനെയാണ് സമവ്യൂഹം. ഇതിൽ ഈരണ്ടു രഥങ്ങൾ വീതം കൂടുതലായി ഇരുപത്തൊന്നു രഥമാകുന്നതു

വരെ കൂട്ടിയാൽ ഓജങ്ങൾ (ഒററ) ആയിട്ട് പത്തു സമവ്യൂഹപ്രകൃതികൾ വരും *

പക്ഷത്തിലും കക്ഷത്തിലും ഉരസ്യത്തിലുമുള്ള രഥാംഗങ്ങളുടെ സംഖ്യ വിഷമമായിവന്നാൽ വിഷമവ്യൂഹം. അതിലും ഇരുപത്തൊന്നു രഥം തികയുവോളം ഈരണ്ടു രഥംവീതം വർദ്ധിപ്പിച്ചിട്ട് ഓജങ്ങളായ പത്തു വിഷമവ്യൂഹപ്രകൃതികൾ ഭവിക്കും.

മേൽപ്രകാരം വ്യൂഹനംചെയ്തു ശേഷമുള്ള സൈന്യത്തെ ആവാപമാക്കി നിറുത്തണം. വ്യൂഹനം കഴിഞ്ഞു ശേഷമുള്ള രഥങ്ങളെ മൂന്നായി ഭാഗിച്ചു രണ്ടു ഭാഗങ്ങളെ അംഗങ്ങളിൽ (മുന്നിലും പിന്നിലുമുള്ള കോടികളിൽ) ആവാപം ചെയ്യൂ; ശേഷം ഒരുഭാഗത്തെ ഉരസ്യമായി സ്ഥാപിക്കുകയും ചെയ്യൂ. എന്നാൽ രഥങ്ങളെ ആവാപം ചെയ്യുന്നത്, എത്ര രഥങ്ങൾ വ്യൂഹനംചെയ്യപ്പെട്ടിട്ടുണ്ടോ അതിൽ മൂന്നിലൊരംശം കുറവായിട്ടേ പാടുള്ളൂ. ഇതുകൊണ്ടു ഹസ്തികളുടേയും അശ്വങ്ങളുടേയും ആവാപവും പറയപ്പെട്ടു. എത്ര സൈന്യത്തെ ആവാപംചെയ്താൽ അശ്വങ്ങൾക്കും രഥങ്ങൾക്കും ഹസ്തികൾക്കും യുദ്ധംചെയ്യുന്നതിൽ സംബാധം വരികയില്ലയോ അത്ര സൈന്യത്തെ ആവാപം ചെയ്യാവുന്നതാണ്.

ആവാപമെന്നാൽ ദണ്ഡബാഹുല്യം (അവശിഷ്ട സൈന്യത്തെ വ്യൂഹത്തിൽ പ്രക്ഷേപിച്ച് വ്യൂഹസൈന്യത്തെ പെരുക്കുക) ആകുന്നു; പത്തികളെമാത്രം പ്രക്ഷേപി

* മൂമ്മൂന്നായിട്ടുള്ളതിൽ ഈരണ്ടു ക്രമത്താലായി കൂട്ടിയാൽ അഞ്ചുവീതം, ഏഴുവീതം, ഒമ്പതുവീതം, പതിനൊന്നുവീതം, പതിമ്മൂന്നുവീതം, പതിനഞ്ചുവീതം, പതിനേഴുവീതം, പത്തൊമ്പതുവീതം, ഇരുപത്തൊന്നുവീതം എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ട് ഒമ്പതുവിധവും വർദ്ധിപ്പിക്കാതെകണ്ട് ഒരു വിധവും കൂടി ആകെ ഒററപ്പെട്ട പത്തു സമവ്യൂഹങ്ങൾ വരുമെന്നു സാരം.

ച്ചു ബാഹുല്യം വരുത്തുന്നതു പ്രത്യാവാപം; ഒരു സേനാംഗത്തെ മാത്രം പ്രക്ഷേപിച്ചുള്ള ബാഹുല്യം അന്വാവാപം; ദൂഷ്യരായിട്ടുള്ളവരെ പ്രക്ഷേപിച്ചു ബാഹുല്യം വരുത്തുന്നതു അത്യാവാപം. പരസൈന്യത്തിലുള്ള ആവാപത്തിന്റെ നാലിരട്ടി മുതൽ എട്ടിരട്ടിവരെ വിഭവമനുസരിച്ചു സ്വസൈന്യങ്ങളിൽ ആവാപം ചെയ്യേണ്ടതാണ്.

രഥവ്യൂഹത്തെപ്പറഞ്ഞതുകൊണ്ട് ഹസ്തിവ്യൂഹത്തെയും പറഞ്ഞുകഴിഞ്ഞു. ഹസ്തിരഥാശ്വങ്ങളെ വ്യാമിശ്രമാക്കിയിട്ടും വ്യൂഹനം ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ചക്രാന്തങ്ങളിൽ (പക്ഷങ്ങളിൽ) ഹസ്തികൾ, പാർശ്വങ്ങളിൽ (കക്ഷങ്ങളിൽ) മുഖ്യങ്ങളായ അശ്വങ്ങൾ, ഉരസ്യത്തിങ്കൽ രഥങ്ങൾ എന്നിങ്ങനെയാണ് ക്രമം. ഹസ്തികളെ ഉരസ്യത്തിലും, രഥങ്ങളെ കക്ഷങ്ങളിലും, അശ്വങ്ങളെ പക്ഷങ്ങളിലും സ്ഥാപിച്ചുകൊണ്ടുള്ള വ്യൂഹം മധ്യഭേദി; തദ്വിപരീതമായിട്ടുള്ളതു് അന്തർഭേദി.

ഹസ്തികൾ മാത്രമായിട്ടുള്ള വ്യൂഹം ശുദ്ധം. ശുദ്ധഹസ്തിവ്യൂഹത്തിൽ സാന്നാഹ്യങ്ങളായ (യുദ്ധാഭ്യാസം ചെയ്ത) ഹസ്തികളെ ഉരസ്യത്തിലും, ഔപവാഹ്യങ്ങളായിട്ടുള്ളവയെ ജഘനത്തിലും (കക്ഷങ്ങളിൽ), വ്യാളങ്ങളെ (ദുഷ്ടഗജങ്ങളെ) കോടികളിലും (പക്ഷങ്ങളിൽ) സ്ഥാപിക്കേണ്ടതാണ്. ശുദ്ധമായ അശ്വവ്യൂഹത്തിങ്കൽ വർമ്മധാരികളായ അശ്വങ്ങളെ ഉരസ്യത്തിലും, വർമ്മമില്ലാത്തവയെ കക്ഷപക്ഷങ്ങളിലും സ്ഥാപിക്കണം. ശുദ്ധമായ പത്തിവ്യൂഹത്തിൽ പുരോഭാഗത്തിൽ (പക്ഷങ്ങളിൽ) കവചധാരികളേയും, പൃഷ്ഠങ്ങളിൽ ധന്വികളേയും നിറുത്തണം. ഇങ്ങനെ ശുദ്ധവ്യൂഹങ്ങൾ.

പക്ഷങ്ങളിൽ പത്തികളും പാർശ്വങ്ങളിൽ അശ്വങ്ങളുമായോ, പൃഷ്ഠത്തിൽ ഹസ്തികളും പുരോഭാഗത്തിൽ രഥങ്ങളുമായോ, അല്ലെങ്കിൽ ശത്രുവ്യൂഹത്തിന്റെ സ്ഥിതിയ

നുസരിച്ചു ഭേദപ്പെടുത്തിയോ ദ്വ്യംഗബലവിഭാഗം (രണ്ടു സേനാംഗങ്ങളെ ചേർത്തുള്ള മിശ്രവ്യൂഹം) ചെയ്യേണ്ടതാണ്. ഇതുകൊണ്ടു മൂന്നു സേനാംഗങ്ങളെ ചേർത്തുള്ള മിശ്രവ്യൂഹവും പറയപ്പെട്ടു. [ഇങ്ങനെ ബലാഗ്രത്താൽ പക്ഷകക്ഷോരസ്യവ്യൂഹവിഭാഗം]

ദണ്ഡസമ്പത്ത് * ഉണ്ടായിരിക്കുകയാണ് പദാതികളുടെ സാരബലത്വം. ഹസ്തികൾക്കും അശ്വങ്ങൾക്കുമാകട്ടെ വിശേഷമുണ്ട്. കുലം, ജാതി, സത്വം (ധൈര്യം), വയഃസ്ഥത (യൌവനം), പ്രാണം (ദേഹബലം), ദേഹത്തിന്റെ വലുപ്പം, വേഗം, തേജസ്സ് (പരാക്രമം), ശില്പം (അഭ്യാസം), സ്ഥൈര്യം, ഉദഗ്രത (തലയെടുപ്പ്), വിധേയത്വം, സുലക്ഷണത്വം, സുചേഷ്ടിതത്വം എന്നിവയാലാണ് അവയ്ക്കു സാരബലത്വം പരിഗണിക്കുന്നത്. §

പത്തി, അശ്വം, രഥം, ഹസ്തി എന്നിവയിൽവച്ചു സാരബലമായിട്ടുള്ളവയുടെ മൂന്നിലൊരു ഭാഗം ഉരസ്യത്തിലും, ശേഷം രണ്ടു ഭാഗങ്ങൾ രണ്ടു പുറത്തുമുള്ള കക്ഷത്തിലും പക്ഷത്തിലും സ്ഥാപിക്കണം. അനുസാരം (സാരബലത്തെക്കാൾ ഗുണം കുറഞ്ഞത്) ആയ പത്ത്യശ്വരഥഹസ്തികളെ അനുലോമമായിട്ടു (സാരബലത്തിന്റെ പിന്നിലായിട്ടു) സ്ഥാപിക്കണം. തൃതീയസാരം (മൂന്നാംതരം) ആയവയെ പ്രതിലോമമായിട്ടും (സാരബലത്തിന്റെ മുൻപിൽ) സ്ഥാപിക്കണം. ഫല്ഗുവായ (എല്ലാററിലും ഗുണം കുറഞ്ഞ) സൈന്യത്തെയാകട്ടെ തൃതീയസാരത്തിന്റെയും

---

* ദണ്ഡസമ്പത്തിനെക്കുറിച്ച് ആറാമധികരണം ഒന്നാമധ്യായത്തിൽ "പിതൃപൈതാമഹം" ഇത്യാദിയായി പറഞ്ഞിട്ടുണ്ട്.

§ ഇവിടെ രഥങ്ങളുടെ സാരബലത്വം പറയപ്പെട്ടിട്ടില്ല. അതു നേതാവിന്റെയും അശ്വങ്ങളുടെയും അവസ്ഥപോലെയായിരിക്കുന്നതിനാൽ പത്ത്യശ്വങ്ങളുടേതിനെ പറഞ്ഞതുകൊണ്ടുതന്നെ ഉക്തമായി.

മുൻപിൽ സ്ഥാപിക്കേണ്ടതാണ്. ഇങ്ങനെ എല്ലാവിധം സൈന്യങ്ങളുടേയും ഉപയോഗത്തെ ഊഹിക്കണം.

ഹസ്തിസൈന്യത്തെ അഗ്രങ്ങളിൽ നിറുത്തുന്നതായാൽ ശത്രുസേനയുടെ പ്രഥമവേഗം ഭേദിക്കപ്പെട്ടുകഴിയും. സാരബലത്തെ അഗ്രത്തിൽ നിറുത്തി അസാരത്തെ കോടികളിൽ നിറുത്തുകയും, ജഘനത്തിൽ തൃതീയസാരത്തെയും മധ്യത്തിൽ ഫല്ഗുബലത്തെയും നിറുത്തുകയും ചെയ്യുന്ന വ്യൂഹം സഹിഷ്ണു (പരവ്യൂഹത്തെ താങ്ങുവാൻ കെല്പുള്ളത്) ആകുന്നു.

വ്യൂഹത്തെ സ്ഥാപിച്ചു കഴിഞ്ഞാൽ പക്ഷങ്ങളിലും കക്ഷങ്ങളിലും ഉരസ്യത്തിലുമുള്ള സൈന്യങ്ങളിൽ ഒന്നിനെക്കൊണ്ടോ രണ്ടിനെക്കൊണ്ടോ പ്രഹരിക്കുകയും, ശേഷമുള്ളവയെക്കൊണ്ടു പ്രതിഗ്രഹിക്കുക (പരപ്രഹരം തടുക്കുക) യും ചെയ്യണം. പരസൈന്യങ്ങളിൽ ബലം കുറഞ്ഞോ, ഹസ്ത്യശ്വങ്ങൾ കുറഞ്ഞോ, ദൂഷ്യരായ അമാത്യന്മാരോടുകൂടിയോ, ഉപജാപം ചെയ്യപ്പെട്ടോ ഇരിക്കുന്നതേതോ ആ സൈന്യത്തെ പ്രചുരമായ സാരബലംകൊണ്ട് അഭിഹനിപ്പൂ; ശത്രുസൈന്യങ്ങളിൽ ഏററവുമധികം സാരവത്തായിട്ടുള്ളതേതോ അതിനെ അതിലിരട്ടി സാരമുള്ള സൈന്യത്തെക്കൊണ്ട് അഭിഹനിപ്പൂ; സ്വസൈന്യങ്ങളിൽ ഏതംഗമാണോ അല്പസാരമായിരിക്കുന്നത് അതിനെ വളരെ എണ്ണം ചേർത്തു വർദ്ധിപ്പിപ്പൂ. ഏതു ഭാഗത്തു പരസൈന്യങ്ങളിൽ ബലം കുറവോ ഭയമുള്ളതായോ തോന്നുന്നുവോ അതിന്നടുത്ത് സ്വസൈന്യത്തെ വ്യൂഹനം ചെയ്വൂ.

അഭിസൃതം (നേരിട്ടോടുക), പരിസൃതം (വട്ടംചുററി ആക്രമിക്കുക), അതിസൃതം (അന്നിമുറിച്ചോടുക), അപസൃതം (മുൻപോട്ടു ഓടിയ വഴിക്കുതന്നെ പിന്നോക്കം ഓടുക), ഉന്മഥ്യാവധാനം (ശത്രുബലത്തെ ഭഞ്ജിച്ച് ഒരുമിച്ചു

ചേൎന്നു നിൽക്കുക), വലയം (മററു സൈനികരോടെ ചുററും നിൽക്കുക), ഗോമൂത്രിക (ഗോമൂത്രംപോലെ വക്രഗതിയായി പ്രവൃത്തിക്കുക), മണ്ഡലം (ശത്രുസൈന്യത്തിൽ ഒരംശത്തെ ഭേദിച്ച് അതിനെ വളഞ്ഞുനിൽക്കുക), പ്രകീൎണ്ണിക (എല്ലാ ഗതിഭേദങ്ങളോടുംകൂടി വിക്രമിക്കുക), വ്യാവൃത്തപൃഷ്ഠം (അപസാരംചെയ്തതിന്നുശേഷം പിന്നേയും എതിൎക്കുക), അനുവംശം (സ്വസൈന്യവ്യൂഹത്തെ അനുസരിച്ചു നിൽക്കുക), ഭഗ്നങ്ങളായ സ്വസൈന്യങ്ങളുടെ മുന്നിലും പാൎശ്വങ്ങളിലും പിന്നിലും ഓടി അവയെ രക്ഷിക്കുക, ഭഗ്നാനുപാതം (ഭഗ്നമായ പരസൈന്യത്തിന്റെ പിന്നാലെ ഓടുക) എന്നിവയാണ് അശ്വയുദ്ധങ്ങൾ.

മേൽപ്പറഞ്ഞവയിൽ പ്രകീൎണ്ണികയൊഴികെയുള്ള എല്ലാം ചെയ്യുക, പത്ത്യശ്വരഥഹസ്തികളാകുന്ന ചതുരംഗങ്ങളെ വ്യസ്തങ്ങളായോ സമസ്തങ്ങളായോ ഹനിക്കുക, പക്ഷകക്ഷോരസ്യബലങ്ങളെ ഭഞ്ജനംചെയ്ക, അവസ്കന്ദം (രന്ധ്രത്തിൽ ആക്രമണം) ചെയ്ക, സൌപ്തികം (സുപ്തവധം) എന്നിവ ഹസ്തിയുദ്ധങ്ങൾ.

മേൽപ്പറഞ്ഞവയിൽ ഉന്മത്ഥ്യാവധാനമൊഴികെയുള്ളതെല്ലാം ചെയ്യുക, സ്വഭൂമിയിൽവച്ച് അഭിയാനം (നേരിട്ടെതിൎക്കൽ) ചെയ്ക, അപയാനം (ശത്രുവിനെ ആക്രമിച്ച് പിന്തിരിയൽ) ചെയ്ക, സ്ഥിതയുദ്ധം (അധികനേരം നിന്നിട്ടുള്ള യുദ്ധം) ചെയ്ക എന്നിവ രഥയുദ്ധങ്ങൾ.

സൎവ്വദേശങ്ങളിലും സൎവ്വകാലങ്ങളിലും ശത്രുവിനെ പ്രഹരിക്കുക, ഉപാംശുദണ്ഡം ചെയ്ക എന്നിവ പത്തിയുദ്ധങ്ങൾ.

ഓജമായും യുഗ്മമായും
ചമപ്പൂ വ്യൂഹമീവിധം
ചതുരംഗങ്ങൾതൻ വൃദ്ധി
തുല്യമായ് വന്നിടും വിധം.

ഇരുനൂറു ധനുസ്സോളം
മുൻപെ ചെന്നാൽ നിന്നിട്ടു നൃപൻ
ഭിന്നസൈന്യവ്യൂഹനാർത്ഥം;
സൈന്യം കൂടാതെതിക്കൊലാ.

**കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, സാംഗ്രാമികമെന്ന പത്താമധികരണത്തിൽ, ബലാഗ്രത്താൽ പക്ഷകക്ഷോരസ്യവ്യൂഹവിഭാഗം — സാരഫല്ഗുബലവിഭാഗം — പത്ത്യശ്വരഥഹസ്തിയുദ്ധങ്ങൾ എന്ന അഞ്ചാമധ്യായം.**

---

## ആറാം അധ്യായം.

---

ഒരുനൂററമ്പത്തെട്ടും അമ്പത്തൊമ്പതും പ്രകരണങ്ങൾ.

ദണ്ഡഭോഗമണ്ഡലാസംഹതവ്യൂഹവ്യൂഹനം,
അതിന്നു പ്രതിവ്യൂഹസ്ഥാപനം.

പക്ഷങ്ങൾ രണ്ടും, ഉരസ്യവും, പ്രതിഗ്രഹവും (സൈന്യപൃഷ്ഠം) ആയിട്ടാണ് ശുക്രസമ്മതമായ വ്യൂഹവിഭാഗം. പക്ഷങ്ങൾ രണ്ടും, കക്ഷങ്ങൾ രണ്ടും, ഉരസ്യവും, പ്രതിഗ്രഹവുമായിട്ടാകുന്നു ബൃഹസ്പതിസമ്മതമായ വ്യൂഹവിഭാഗം. രണ്ടുമതങ്ങളിലും, പക്ഷകക്ഷോരസ്യസൈന്യങ്ങളെ വിഭാഗിച്ചുംകൊണ്ടു ദണ്ഡവ്യൂഹം, ഭോഗവ്യൂഹം, മണ്ഡലവ്യൂഹം, അസംഹതവ്യൂഹം എന്നിങ്ങനെ പ്രകൃതിവ്യൂഹങ്ങൾ നിർമ്മിക്കപ്പെടുന്നു. അവയിൽവച്ചു സൈന്യങ്ങളെല്ലാം വിലങ്ങത്തിൽ നിൽക്കുന്നതായ വ്യൂഹം ദണ്ഡം (ദണ്ഡം=വടിപോലെ ആകൃതിയുള്ളതു്); എല്ലാ സൈന്യങ്ങളും ഒന്നിനൊന്നു പിന്നിലായി നിൽക്കുന്നതു ഭോഗം (ഭോഗം=പാമ്പിന്റെ ഉടൽപോലെ ആകൃതിയുള്ളതു്); എല്ലാ ഭാഗങ്ങളിലേക്കും അഭിമുഖമാകുമാറു നിൽക്കുന്നതു മണ്ഡ

ലം (മണ്ഡലം=വൃത്തം പോലെ ആകൃതിയുള്ളതു്); സൈന്യങ്ങൾ ഒന്നിനോടൊന്നു തൊടാതെ വെവ്വേറെയായി നിൽക്കുന്നതു് അസംഹതം (കൂടിക്കലരാത്തതു്) *

പക്ഷങ്ങളിലും കക്ഷങ്ങളിലും ഉരസ്യത്തിലും സമമായ സൈന്യസംഖ്യയോടുകൂടി വർത്തിക്കുന്ന വ്യൂഹം ദണ്ഡം. അതു കക്ഷാഭിക്രാന്തം (കക്ഷങ്ങളെക്കൊണ്ടു മുന്നോട്ടു് ആക്രമിക്കുന്നതു്) ആയിരുന്നാൽ പ്രദരം; അതുതന്നെ രണ്ടു പക്ഷങ്ങളെക്കൊണ്ടും പ്രതിക്രാന്ത (പിന്നോട്ടു വലിഞ്ഞതു്) മാകിൽ ദൃഢകം; അതുതന്നെ രണ്ടു പക്ഷങ്ങളെക്കൊണ്ടും അതിക്രാന്തം (അധികം കടന്നു നിൽക്കുന്നതു്) ആയിരുന്നാൽ അസഹ്യം; രണ്ടു പക്ഷങ്ങളേയും ഇളകാതെ നിറുത്തി ഉരസ്യംകൊണ്ടു ആക്രമിക്കുന്നതായിരുന്നാൽ ശ്യേനം. ഇപ്പറഞ്ഞ നാലു വ്യൂഹങ്ങളും മേൽക്കാണിച്ചതിനു വിപരീതമായി സ്ഥിതിചെയ്താൽ ചാപം, ചാപകുക്ഷി, പ്രതിഷ്ഠം, സുപ്രതിഷ്ഠം എന്നീ പേരുകളുള്ള വ്യൂഹങ്ങളാകും §. വില്ലുപോലെ വളഞ്ഞ പക്ഷങ്ങളോടുകൂടിയതു സഞ്ജയം. അതുതന്നെ ഉരസ്യംകൊണ്ടു മുന്നോട്ടാക്രമിക്കുന്നതായിരുന്നാൽ വിജയം; പക്ഷങ്ങളുടെ കർണ്ണസ്ഥാനം സ്ഥൂലമായിരുന്നാൽ സ്ഥൂലകർണ്ണം; വിജയത്തെക്കാൾ പക്ഷങ്ങളെക്കൊണ്ടു് ഇരട്ടി സ്ഥൂലമായിട്ടുള്ളതു വിശാലവി

* ഇതു് ശുക്രബൃഹസ്പതികളുടെ മതപ്രകാരമുള്ള ലക്ഷണമാണു്. ഇനി പറയുന്നതു സ്വമതപ്രകാരമുള്ള ലക്ഷണമാണെന്നറിയേണ്ടതാകുന്നു.

§ പ്രദരത്തിന്നു് വിപരീതം ചാപം; ഇതു കക്ഷങ്ങളെക്കൊണ്ടു പിന്നോട്ടു വലിഞ്ഞതായിരിക്കും. ദൃഢകത്തിനു വിപരീതം ചാപകുക്ഷി; ഇതു രണ്ടു പക്ഷങ്ങളെക്കൊണ്ടും മുന്നോട്ടു ആക്രമിക്കുന്നതായിരിക്കും. അസഹ്യത്തിനു വിപരീതം പ്രതിഷ്ഠം; ഇതു രണ്ടുപക്ഷങ്ങളെക്കൊണ്ടും പിന്നോട്ടു വലിഞ്ഞതായിരിക്കും. ശ്യേനത്തിനു വിപരീതം സുപ്രതിഷ്ഠം; ഇതു് ഉരസ്യംകൊണ്ടും പക്ഷങ്ങളെക്കൊണ്ടും ആക്രമിക്കുന്നതായിരിക്കും.

ജയം; കക്ഷങ്ങളേയും ഉരസ്യത്തെയും കവിഞ്ഞുനിൽക്കുന്ന പക്ഷങ്ങളോടുകൂടിയിരുന്നാൽ ചമൂമുഖം; ഇതുതന്നെ വിപരീതമായിരുന്നാൽ ഝഷാസ്യം; ദണ്ഡവ്യൂഹത്തിന്റെ ഉപരിഭാഗത്തിൽ ഊർദ്ധ്വമുഖമായ രാജി (സൈന്യപംക്തി) യോടുകൂടിയതു സൂചി; രണ്ടു ദണ്ഡവ്യൂഹങ്ങൾ ചേർന്നുള്ളതു വലയം; നാലു ദണ്ഡവ്യൂഹങ്ങൾ കൂടിച്ചേർന്നതു ദുർജ്ജയം—ഇങ്ങനെ ദണ്ഡവ്യൂഹങ്ങൾ.

പക്ഷങ്ങളിലും കക്ഷങ്ങളിലും ഉരസ്യത്തിലും സൈന്യങ്ങൾ സമമല്ലാതെ വർത്തിക്കുന്നതു ഭോഗവ്യൂഹം. അതു് സർപ്പസാരി (സർപ്പംപോലെ ഏകാകാരമായിട്ടുള്ളതു്), ഗോമൂത്രിക (ഗോമൂത്രംപോലെ ഭിന്നാകാരമായിട്ടുള്ളതു്) എന്നിങ്ങനെ രണ്ടുവിധം. ഈ ഭോഗവ്യൂഹത്തിൽ ഉരസ്യത്തെ ഇരട്ടവരിയായും പക്ഷങ്ങളെ ദണ്ഡാകാരമായും വിനിവേശിച്ചാൽ ശകടം; അതിന്നു വിപരീതം (ഉരസ്യം ഏകദണ്ഡാകാരവും പക്ഷങ്ങൾ ഇരട്ടയുമായുള്ളതു്) മകരം; ശകടവ്യൂഹംതന്നെ ഹസ്ത്യശ്വരഥങ്ങളോടിടകലർന്നിരുന്നാൽ പാരിപതന്തകം—ഇങ്ങനെ ഭോഗവ്യൂഹങ്ങൾ.

പക്ഷങ്ങളും കക്ഷങ്ങളും ഉരസ്യവും ഏകീഭവിച്ചിരുന്നാൽ (മുൻചൊന്ന അനീകസന്ധിയോടുകൂടാതിരുന്നാൽ) മണ്ഡലവ്യൂഹമാകും. അതു സർവ്വതോമുഖം (നാലുദിക്കുകളിലേക്കും മുഖത്തോടുകൂടിയതു്) ആയിരുന്നാൽ സർവ്വതോഭദ്രം; അഷ്ടാനീകം (രണ്ടുരസ്യങ്ങളും നാലു പക്ഷങ്ങളും രണ്ടു കക്ഷങ്ങളും എന്നിങ്ങനെ എട്ടു് അനീകങ്ങളോടുകൂടിയതു്) ആയിരുന്നാൽ ദുർജ്ജയം—ഇങ്ങനെ മണ്ഡലവ്യൂഹങ്ങൾ.

പക്ഷങ്ങളും കക്ഷങ്ങളും ഉരസ്യവും കൂടിക്കലരാതെ വേറിട്ടുനിൽക്കുന്നതു് അസംഹതവ്യൂഹം. അതിൽ അഞ്ചനീകങ്ങളും (പക്ഷങ്ങൾ രണ്ടും, കക്ഷങ്ങൾ രണ്ടും, ഉരസ്യവും) വജ്രത്തിന്റെ ആകൃതിയിൽ സ്ഥാപിച്ചാൽ വജ്രം;

ഗോധയുടെ (ഉടുമ്പിന്റെ) ആകൃതിയിൽ സ്ഥാപിച്ചാൽ ഗോധ; നാലനീകങ്ങൾ (ഉരസ്യം, പ്രതിഗ്രഹം എന്നിവയെ) ഉദ്യാനത്തിന്റെ ആകൃതിയിൽ സ്ഥാപിച്ചാൽ ഉദ്യാനകം; കാകപദത്തിന്റെ (കാക്കക്കാലിന്റെ) ആകൃതിയിൽ സ്ഥാപിച്ചാൽ കാകപദി; മൂന്നനീകങ്ങൾ (പക്ഷങ്ങൾ, പ്രതിഗ്രഹമോ ഉരസ്യമോ രണ്ടിലൊന്ന് എന്നിവയെ) അർദ്ധചന്ദ്രാകാരമായി സ്ഥാപിച്ചാൽ അർദ്ധചന്ദ്രകം; കർക്കടകശൃംഗിയുടെ ആകൃതിയിൽ സ്ഥാപിച്ചാൽ കർക്കടകശൃംഗി—ഇങ്ങനെ അസംഹതവ്യൂഹങ്ങൾ.

രഥങ്ങളെ ഉരസ്യത്തിലും ഹസ്തികളെ കക്ഷങ്ങളിലും അശ്വങ്ങളെ പൃഷ്ഠത്തിലും സ്ഥാപിച്ചുംകൊണ്ടുള്ള വ്യൂഹം അരിഷ്ടം; പത്തികൾ, അശ്വങ്ങൾ, രഥങ്ങൾ, ഹസ്തികൾ എന്നിവയെ ഒന്നിനൊന്നു പിന്നിലായി സ്ഥാപിച്ചുംകൊണ്ടുള്ള വ്യൂഹം അചലം; ഹസ്തികൾ, അശ്വങ്ങൾ, രഥങ്ങൾ, പത്തികൾ എന്നിവയെ ഒന്നിനൊന്നു പിന്നിലായി സ്ഥാപിച്ചുംകൊണ്ടുള്ള വ്യൂഹം അപ്രതിഹതം. [ഇങ്ങനെ ദണ്ഡഭോഗമണ്ഡലാസംഹതവ്യൂഹവ്യൂഹനം.]

മേൽപ്പറഞ്ഞ വ്യൂഹങ്ങളിൽ പ്രദരത്തെ ദൃഢകംകൊണ്ടും, ദൃഢകത്തെ അസഹ്യംകൊണ്ടും, ശ്യേനത്തെ ചാപംകൊണ്ടും, പ്രതിഷ്ഠത്തെ സുപ്രതിഷ്ഠിതംകൊണ്ടും, സഞ്ജയത്തെ വിജയംകൊണ്ടും, സ്ഥൂലകർണ്ണത്തെ വിശാലവിജയംകൊണ്ടും, പാരിപതന്തകത്തെ സർവ്വതോഭദ്രംകൊണ്ടും പ്രതിഹനിക്കേണ്ടതാണ്. ദുർജ്ജയംകൊണ്ട് എല്ലാ വ്യൂഹങ്ങളേയും പ്രതിവ്യൂഹനംചെയ്യാം.

പത്തികൾ, അശ്വങ്ങൾ, രഥങ്ങൾ, ഹസ്തികൾ എന്നിവയിൽ മുൻപുമുൻപു പറഞ്ഞവയെ പിൻപുപിൻപു പറഞ്ഞവയെക്കൊണ്ടു പ്രതിഹനിക്കണം. അംഗങ്ങൾ കുറവായിട്ടുള്ള സൈന്യത്തെ അധികമംഗങ്ങളോടുകൂടിയ സൈന്യംകൊണ്ടും പ്രതിഹനിക്കണം.

പത്തംഗങ്ങൾക്കു * പതിയായിട്ടുള്ള ഒരുവൻ പദികനെന്നും, പത്തു പദികന്മാൎക്കു നേതാവായ ഒരുവൻ സേനാപതിയെന്നും, പത്തു സേനാപതികൾക്കു നേതാവായ ഒരുവൻ നായകനെന്നും പറയപ്പെടുന്നു. അവൻ (നായകൻ) കൂടിച്ചേൎന്നു നില്ക്കുന്ന സേനാംഗങ്ങളെ വിഭജിക്കുന്നതിലും, വിഭജിച്ചുനില്ക്കുന്നവയെ ഒരുമിച്ചു ചേൎക്കുന്നതിലും, നില്ക്കുന്നതിലും, നടക്കുന്നതിലും, പിന്തിരിക്കുന്നതിലും, പ്രഹരിക്കുന്നതിലും, വ്യൂഹാംഗങ്ങൾക്കു് ആവശ്യമായിട്ടുള്ള സംജ്ഞകൾ (സങ്കേതങ്ങൾ) തൂൎയ്യഘോഷങ്ങളെക്കൊണ്ടും ധ്വജപതാകകളെക്കൊണ്ടും വ്യവസ്ഥപ്പെടുത്തുകയും വേണം.

തന്റെയും പരന്റെയും വ്യൂഹങ്ങൾ സമമായിരിക്കുമ്പോൾ ദേശം, കാലം, സാരം എന്നിവയനുസരിച്ചു് സിദ്ധി (ജയം) കൈവരുന്നതാണു്.

യന്ത്രങ്ങ,ളൌപനിഷദ-
യോഗം, തീക്ഷ്ണപ്രയോഗവും,
മായ,ദൈവാദിസംയോഗ,-
മാനക്കോപ്പാന്ന വദികം,

---

* ഇവിടെ അംഗങ്ങളെന്നതിനു വ്യൂഹത്തിൻ പ്രധാനഭൂതങ്ങളായ രഥങ്ങളും ഹസ്തികളുമെന്നു അൎത്ഥം ഗ്രഹിക്കണം. പത്തു രഥങ്ങൾക്കും പത്തു ഹസ്തികൾക്കും പതിയാണു് പദികനെന്നു സാരം. പത്തികളേയും അശ്വങ്ങളേയും പറയാതെതന്നെ അറിയാവുന്നതാകുന്നു. ഓരോ രഥത്തിനും ഹസ്തിക്കും പുരോഗാമികളായിട്ട് അഞ്ചും പാദഗോപന്മാരായിട്ടു് അഞ്ചുംകൂടി പത്തു പത്തശ്വങ്ങൾ വീതം വരുന്നതിനാൽ പത്തുരഥങ്ങൾക്കു നൂറശ്വങ്ങൾ അൎത്ഥസിദ്ധങ്ങളാകുന്നു. ഇതുപോലെ ഓരോ അശ്വത്തിനു മൂന്നു പുരോയായികളും മൂന്നു പാദഗോപന്മാരും വരുന്നതിനാൽ നൂറശ്വങ്ങൾക്കു് അറുനൂറു പത്തികളും അൎത്ഥവശാൽ കിട്ടുന്നുണ്ടു്. ആകയാൽ നൂറശ്വങ്ങളോടും അറുനൂറു പത്തികളോടും കൂടിയ പത്തു രഥങ്ങളുടേയോ ഹസ്തികളുടേയോ നേതാവാണു് പദികനെന്നു ഗ്രഹിക്കേണ്ടതാണു്.

ദൂഷ്യപ്രതാപം, ഗോയൂഥം,
സ്കന്ധാവാരം കൊള്ളത്തലും,
പക്ഷകക്ഷാഭിഘാതങ്ങൾ,
ദൂതന്മാർവഴി ഭേദനം,

“കൊള്ളത്തീ കോട്ട, കസ്തൂരി,
ശല്യൻ കോപിച്ചു, കാടുനാ
ശത്രുവാ പ്രാപ്പു”നിത്യാദി-
യിവയാൽച്ചെയ്‌വു ഭീഷണം;

ഏകനെക്കൊല്ലു,മില്ലെന്നും
വരും വില്ലാളിതൻ ശരം
പ്രാജ്ഞപ്രക്ഷിപ്തയാം ബുദ്ധി
കൊല്ലും ഗർഭസ്ഥരേയുമേ.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, സാംഗ്രാമികമെന്ന**
**പത്താമധികരണത്തിൽ, ദണ്ഡഭോഗമണ്ഡലാസം**
**ഹതവ്യൂഹവ്യൂഹനം — അതിന്നു പ്രതിവ്യൂ**
**ഹസ്ഥാപനം എന്ന ആറാമധ്യായം.**

സാംഗ്രാമികം പത്താമധികരണം കഴിഞ്ഞു.



# സംഘവൃത്തം. പതിനൊന്നാമധികരണം.

## ഒന്നാം അദ്ധ്യായം

ഒരുനൂറററുപതും അറുപത്തൊന്നാം പ്രകരണങ്ങൾ

ഭേദോപാദാനങ്ങൾ, ഉപാംശുദണ്ഡം.

സംഘലാഭത്തെ (സംഘത്തെ) സഹായമായി കിട്ടുന്നത് സൈന്യത്തെയും മിത്രത്തെയും കിട്ടുന്നതിനെക്കാളധികം ഉത്തമമാണ്. എന്തുകൊണ്ടെന്നാൽ, സംഘങ്ങൾ യോഗബലമുള്ളവയായതുകൊണ്ട് ശത്രുക്കൾക്ക് അജയ്യങ്ങളാകുമല്ലോ. തന്നോട് വിരോധം കൂടാതെ വർത്തിക്കുന്ന സംഘങ്ങളെ സാമദാനങ്ങളെക്കൊണ്ടും, വിരോധത്തോടെ വർത്തിക്കുന്നവയെ ഭേദദണ്ഡങ്ങളെക്കൊണ്ടും വിജിഗീഷു സ്വായത്തമാക്കണം.

കാംബോജദേശത്തും സുരാഷ്ട്രദേശത്തുമുള്ള ക്ഷത്രിയസംഘങ്ങൾ മുതലായവ വാർത്ത (കൃഷിപശുപാലനവാണിജ്യങ്ങൾ) കൊണ്ടും ആയുധവൃത്തികൊണ്ടും ജീവിക്കുന്നവരാകുന്നു. ലിച്ഛിവികർ, വൃജികർ, മല്ലകർ, മദ്രകർ, കുകുരർ, കുരുക്കൾ, പാഞ്ചാലർ മുതലായവരുടെ സംഘങ്ങളാകട്ടെ രാജാക്കന്മാരെന്ന പേരോടുകൂടെ ജീവിക്കുന്നവരത്രെ.

മേൽപ്പറഞ്ഞ എല്ലാ സംഘങ്ങളുടേയും അടുത്തു പെരുമാറിയുംകൊണ്ട് സത്രികൾ സ്ഥിതിചെയ്യൂ. അവക്ക് തമ്മിൽത്തമ്മിൽ ന്യംഗമോ (ദോഷവചനം) ദ്വേഷമോ വൈരമോ മററു കലഹകാരണങ്ങളോ ഉള്ളതായിക്കണ്ടാൽ അതിലൊരുവനിൽ "ഇന്ന ആൾ അങ്ങയെ നിന്ദിക്കുന്നു" എന്നിങ്ങനെ ക്രമപ്രാപ്തമായ ഭേദത്തെ പ്രയോഗിപ്പൂ. രണ്ടുകൂട്ടർക്കും തമ്മിൽ രോഷം ജനിച്ചാൽ ആചാ

ൎയ്യവ്യഞ്ജനന്മാർ (ആചാൎയ്യവേഷധാരികളായ സ്ത്രീകൾ)
വിദ്യ, ശില്പം, ദ്യൂതം, വൈഹാരികം (കായികാഭ്യാസം)
എന്നീ വിഷയങ്ങളിൽ ബാലന്മാർ തമ്മിൽ കലഹമുണ്ടാ
ക്കിത്തീൎക്കും. തീക്ഷ്ണന്മാർ വേശ്യാഗൃഹങ്ങളിലോ മദ്യശാല
കളിലോ പൈതൃമാററമുള്ള സംഘത്തിലെ മുഖ്യപുരുഷന്മാ
ൎക്കിടയിലും പ്രതിലോമപ്രശംസകൾ (എതിരാളിയെ സ്തൗ
ഷിക്കൽ) വഴിയായോ, അവരുടെ കൃത്യപക്ഷങ്ങളെ വശ
പ്പെടുത്തിയോ കലഹമുൽപ്പാദിപ്പിക്കും. ഹീനച്ഛന്ദികന്മാർ
(താഴ്ന്നസ്ഥിതിയിലുള്ളവർ) ആയ കുമാരന്മാരെ (സംഘ
ത്തിൽ മുഖ്യന്മാരുടെ താഴെയുള്ളവരെ) വിശിഷ്ടച്ഛന്ദിക
ന്മാ (ഉയൎന്ന സ്ഥിതിയിലുള്ളവർ) രെന്നു പുകഴ്ത്തിപ്പറഞ്ഞു
ഉത്സാഹിപ്പിക്കും. എന്നിട്ട് വിശിഷ്ടന്മാരായവർ ഹീന
ന്മാരുമായി ഏകപാത്രവും (പന്തിഭോജനം) വിവാഹവും
ചെയ്യുന്നതിനെ തടുക്കുകയും, ഹീനന്മാരായവരെ വിശി
ഷ്ടരുമായി പന്തിഭോജനവും വിവാഹവും ചെയ്യുന്നതിൽ
പ്രേരിപ്പിക്കുകയും ചെയ്യും. അപ്രകാരംതന്നെ കുലം
കൊണ്ടോ പൗരുഷംകൊണ്ടോ സ്ഥാനഭേദംകൊണ്ടോ
താഴ്ന്നിരിക്കുന്നവരെ ഉയൎന്നവരോടു തുല്യനില കിട്ടു
വാൻ പ്രേരിപ്പിക്കും. സംഘക്കാർ തമ്മിലുള്ളതും ഒരു
പ്രകാരത്തിൽ തീരുമാനിക്കപ്പെട്ടതുമായ വ്യവഹാരത്തെ
പ്രതിലോമപക്ഷത്തിലേക്ക് അനുകൂലമായി സമൎത്ഥിക്കും.
സംഘക്കാർ തമ്മിൽ വിവാദകാരണമുണ്ടാകുമ്പോൾ തീ
ക്ഷ്ണന്മാർ ഒരുവൻെറ ദ്രവ്യത്തേയോ പശുക്കളേയോ ആളു
കളേയോ രാത്രിയിൽ കൊല്ലുകയും, ആ വഴിക്ക് അവർ ത
മ്മിൽ കലഹങ്ങളുണ്ടാക്കിത്തീൎക്കുകയും ചെയ്യും. ഇപ്പ്ര
കാരം എല്ലാ കലഹസ്ഥാനങ്ങളിലും രാജാവ് ധനംകൊ
ണ്ടും ആളെക്കൊണ്ടും ഹീനപക്ഷത്തെ സഹായിച്ച് പ്രതി
പക്ഷവധത്തിന്നു പ്രേരിപ്പിക്കണം. സംഘത്തിൽനിന്നു ഭേ
ദിച്ചവരെ മറെറാരേടത്തേക്കു കൊണ്ടുപോകയോ, ഭേദി
ച്ചുപോന്ന എല്ലാവരേയും ഒരേദേശത്തിൽ നിവേശം ചെ

ശ്ലിച്ച് അശ്ശക്ത്യ ഗൃഹക്കാർക്കോ പതിപ്പുള്ള ഗൃഹക്കാർക്കോ കൃഷി ചെയ്യാവുന്നവിധം ഭൂമി തിരിച്ചുകൊടുക്കുകയോ ചെയ്യണം. എല്ലാവരുംകൂടി ഒരു സ്ഥലത്തിരുന്നാൽ അവർ ആയുധധാരണത്തിന്ന സമർത്ഥന്മാരാകും. അവർ പിന്നെ മുൻപറഞ്ഞ സമ്പ്രദായത്തിൽ സംഘമായിച്ചേർന്നാൽ അത്യയം (ദണ്ഡം) കല്പിക്കുകയും വേണം.

രാജശബ്ദമുള്ള സംഘക്കാരാൽ അവരുദ്ധനായോ അവക്ഷിപ്തനായോ ഇരിക്കുന്നവനും ഗുണവാനുമായ കല്യനെ രാജപുത്രനെന്ന നിലയിൽ സ്ഥാപിപ്പൂ. അവൻ രാജലക്ഷണമുള്ളവനാണെന്ന കാർത്താന്തികന്മാർ മുതലായ വഞ്ചകന്മാർ സംഘങ്ങളിൽ പ്രകാശിപ്പിപ്പൂ. "ഇന്ന രാജാവിന്റെ പുത്രൻ അല്ലെങ്കിൽ ഭ്രാതാവ് ആയ ഇവന്റെ കാര്യത്തിൽ നിങ്ങൾ നിങ്ങളുടെ സ്വധർമ്മത്തെ പ്രവർത്തിക്കുവിൻ" എന്നിങ്ങനെ ധർമ്മിഷ്ഠന്മാരായ സംഘമുഖ്യന്മാരോട് ഭേദവചനം പറകയും, അവരതു സമ്മതിച്ചാൽ കൃത്യപക്ഷങ്ങളെ വശത്താക്കുന്നതിന്ന വേണ്ടി അർത്ഥത്തെയും സൈന്യത്തെയും അയക്കുകയും ചെയ്‌വൂ. വിക്രമാവസരത്തിൽ മദ്യവ്യവഹാരികളുടെ വേഷം ധരിച്ച സത്രികൾ പുത്രോൽപത്തിയോ വിവാഹമോ മരണമോ കാരണമായിട്ടുള്ള നൈഷേചനികം (മംഗളാർത്ഥമായ പാനീയം) എന്ന നിലയിൽ മദനരസം ചേർത്ത അനേകശതം മദ്യകുംഭങ്ങൾ വിതരണം ചെയ്‌വൂ. ചൈത്യം, ദൈവതദ്വാരം, രക്ഷാസ്ഥാനം എന്നിവയിൽ സത്രികൾ സമയകർമ്മ (സംഘമുഖ്യന്മാരോട ശത്രു ചെയ്യുന്ന സന്ധികർമ്മം) ത്തിനുള്ള നിക്ഷേപമായിട്ട് ഹിരണ്യത്തോടും അഭിജ്ഞാനമുദ്രയോടുംകൂടിയ സ്വർണ്ണഭാജനങ്ങളെ സംഘക്കാർക്ക കാണത്തക്കവിധം പ്രകാശിപ്പിപ്പൂ. സംഘക്കാർ കണ്ടു ചോദിക്കുമ്പോൾ "രാജാവിന്റെ വകയാണിവ" എന്നു പറകയുംചെയ്‌വൂ. അതിന്നുശേഷം അവസ്കന്ദം (ആക്രമണം)

ചെയ്യിപ്പൂ. സംഘക്കാരുടെ കയ്യിൽനിന്നും വാഹനങ്ങളോ ഹിരണ്യമോ ക്ലിപ്തമായ കാലത്തിന്നുശേഷം മടക്കിക്കൊടുക്കാമെന്ന നിശ്ചയത്തിന്മേൽ വാങ്ങുകയും, ആ ദ്രവ്യം പ്രഖ്യാത (പ്രകാശം) മായിട്ടു സംഘമുഖ്യന്നു നൽകുകയും, സംഘക്കാർ അതു ആവശ്യപ്പെടുമ്പോൾ "അതു മുഖ്യന്റെ കയ്യിൽ കൊടുത്തിട്ടുണ്ട്" എന്നു പറകയും ചെയ്യൂ. * ഇതുകൊണ്ടു സ്കന്ധാവാരത്തിലും ആടവികരിലും പ്രയോഗിക്കേണ്ടതായ ഭേദവും പറയപ്പെട്ടു. [ഇങ്ങനെ ഭേദോപാദാനങ്ങൾ].

ആത്മസംഭാവിതനായ (താൻ യോഗ്യനാണെന്ന അഹങ്കാരമുള്ള) സംഘമുഖ്യപുത്രനെ സത്രി "അങ്ങുന്ന് ഇന്ന രാജാവിന്റെ ‡ പുത്രനാണ്. ശത്രുഭയത്താൽ ഇവിടെ പാർപ്പിച്ചിരിക്കയാണ്" എന്നു പറഞ്ഞു ധരിപ്പിപ്പൂ. അവൻ അതു വിശ്വസിച്ചു സമ്മതിച്ചാൽ രാജാവ് അവനെ ധനവും സൈന്യവും കൊടുത്തു വശത്താക്കി സംഘക്കാരിൽ വിക്രമിപ്പിപ്പൂ; ഉദ്ദേശിച്ച കാര്യം സാധിച്ചാൽ അവനെയും ഹനിപ്പിപ്പൂ. അഥവാ, സംഘമുഖ്യന്മാരുടെ അടുക്കൽ പ്രണിധികളായി നിരുത്തപ്പെട്ട വേശ്യാപോഷകന്മാർ, പ്ലവകന്മാർ, നടന്മാർ, നർത്തകന്മാർ, സൌഭികന്മാർ എന്നിവർ ഏററവും രൂപഗുണവും യൌവനവുമുള്ള സ്ത്രീകളെ കാട്ടി സംഘമുഖ്യന്മാൎക്കു ഉന്മാദം ജനിപ്പിപ്പൂ. പല സംഘമുഖ്യന്മാൎക്കും അവളിൽ കാമമുളവായാൽ അവരിൽ ഒരുവന്റെ അടുക്കൽ ചെല്ലാമെന്നു വിശ്വാസം ജനിപ്പിച്ച് മററൊരുവന്റെ അടുക്കൽ ചെല്ലുകയോ മററൊരുവൻ അവളെ ബലാൽക്കാരേണ പിടിച്ചുകൊണ്ടുപോകയോ ചെയ്യു കാരണം അവർ തമ്മിൽ കലഹമുൽപാദിപ്പിപ്പൂ.

* ഈ വക ഉപായങ്ങളെക്കൊണ്ട് സംഘമുഖ്യനും സംഘക്കാരും തമ്മിൽ ഭേദിക്കുമെന്നു ഉദ്ദേശ്യമാകുന്നു.

‡ വിജിഗീഷുവിന്റെ

കലഹമുണ്ടായാൽ തീക്ഷ്ണന്മാർ തങ്ങളുടെ പ്രവൃത്തി ചെയ്കയും, "കാമുകനായ ഇവൻ പ്രതികാമുകനാൽ ഇപ്രകാരം കൊല്ലപ്പെട്ടു" എന്നു പ്രകാശിപ്പിക്കുകയും ചെയ്യൂ. അവൾ നിശ്ചയം തെറ്റിച്ചിട്ടും മുഖ്യൻ അതു സഹിച്ചുംകൊണ്ടിരിക്കുന്നതായാൽ സ്ത്രീ അവന്റെ അടുക്കൽ "ഇതാ ഇന്ന മുഖ്യൻ അങ്ങയിൽ കാമമുള്ളവളായ എന്നെ ഉപദ്രവിക്കുന്നു. അവൻ ജീവനോടെയിരിക്കുമ്പോൾ ഞാനിവിടെ സ്ഥിതിചെയ്കയില്ല" എന്നു പറഞ്ഞ് അവനെക്കൊണ്ടു മറ്റവനെ വധിപ്പിപ്പൂ. ബലാൽക്കാരേണ അന്യനാൽ അപഹരിക്കപ്പെട്ടാൽ അങ്ങനെ അപഹരിച്ചവനെ രാത്രിയിൽ ഉപവനാന്തത്തിൽവെച്ചോ ക്രീഡാഗൃഹത്തിൽ വെച്ചോ തീക്ഷ്ണനെക്കൊണ്ടു കൊല്ലിക്കുകയോ താൻതന്നെ വിഷം കൊടുത്തു കൊല്ലുകയോ ചെയ്യൂ. പിന്നെ "ഇവൻ എന്റെ പ്രിയനെക്കൊന്നു" എന്നു പ്രകാശിപ്പിക്കുകയും ചെയ്യൂ. അഥവാ സ്ത്രീയിൽ ജാതകാമനായ മുഖ്യനെ സിദ്ധവ്യഞ്ജനനായ സത്രി വിഷം കലർത്തിയ വശീകരണൌഷധങ്ങൾ കൊടുത്തു വഞ്ചിച്ച് ഒളിച്ചുപോകയും, അവൻ പോയതിന്നുശേഷം സത്രികൾ ശത്രുക്കളുടെ പ്രയോഗമാണതെന്നു പറയുകയും ചെയ്യൂ. അല്ലെങ്കിൽ ഗൂഢാജീവകളായ വിധവമാരോ യോഗസ്ത്രീകളോ സംഘമുഖ്യന്മാരുടെ അടുക്കൽ ദായം സംബന്ധിച്ചോ നിക്ഷേപം സംബന്ധിച്ചോ വിവാദം കൊണ്ടുചെന്ന് അവരെ വ്യാമോഹിപ്പിപ്പൂ. കൌശികസ്ത്രീകൾ, നർത്തകികൾ, ഗായനന്മാർ എന്നിവർക്കും ഇതു ചെയ്യാവുന്നതാണ്. രാത്രിസമാഗമത്തിന്നു സമ്മതിച്ചപ്രകാരം മുഖ്യന്മാർ ഗൂഢഗൃഹങ്ങളിൽ പ്രവേശിച്ചാൽ അവരെ തീക്ഷ്ണന്മാർ ഹനിക്കുകയോ പിടിച്ചു കെട്ടിക്കൊണ്ടുപോകയോ ചെയ്യൂ. അഥവാ, സ്ത്രീലോലുപനായ സംഘമുഖ്യനോടു സത്രി "ഈ ഗ്രാമത്തിൽ ഒരു ദരിദ്രകുടുംബക്കാരൻ നാടുവിട്ടുപോയിരിക്കുന്നു. അവന്റെ

ഭാര്യ രാജാർഹയാണ്; അവളെ പരിഗ്രഹിച്ചുകൊൾക" എന്നു പറവൂ. പരിഗ്രഹിച്ചിട്ട് അർദ്ധമാസം കഴിഞ്ഞതിന്നുശേഷം ദൂഷ്യനായ സിദ്ധവ്യഞ്ജനൻ സംഘമുഖ്യന്മാരുടെ മദ്ധ്യത്തിൽവച്ച് "ഇവൻ എന്റെ മുഖ്യഭാര്യയേയോ സ്നുഷയേയോ സഹോദരിയേയോ പുത്രിയേയോ ആയവളെ ബലാൽക്കാരേണ പിടിച്ച് ഉപഭുജിക്കുന്നു" എന്ന് ആവലാതി പറവൂ. അവനെ സംഘം ശിക്ഷിച്ചുവെങ്കിൽ രാജാവ് അവനെ വശപ്പെടുത്തി വിരോധികളായ സംഘക്കാരിൽ വിക്രമിപ്പിപ്പൂ. ശിക്ഷിച്ചില്ലെങ്കിൽ ആ സിദ്ധവ്യഞ്ജനനെ രാത്രിയിൽ തീക്ഷ്ണന്മാർ നിഗ്രഹിപ്പൂ. അനന്തരം മററു സിദ്ധവ്യഞ്ജനന്മാർ "ഈ മുഖ്യൻ ബ്രാഹ്മണഹന്താവും ബ്രാഹ്മണീജാരനുമാണ്" എന്ന് അധിക്ഷേപിക്കുകയും ചെയ്വൂ. അഥവാ, കാർത്താന്തികവേഷധാരിയായ സത്രി ഒരു മുഖ്യനു വിവാഹം കഴിച്ചുകൊടുപ്പാൻ നിശ്ചയിക്കപ്പെട്ട ഒരു കന്യകയെക്കുറിച്ചു മറെറാരു മുഖ്യനോട് "ഇവന്റെ കന്യക രാജപത്നിയും രാജാവിനെ പ്രസവിക്കുന്നവളുമായിരിക്കും. അങ്ങുന്നു സർവ്വസ്വവും കൊടുത്തോ ബലാൽക്കാരം ചെയ്തോ അവളെ പരിഗ്രഹിക്കുക" എന്നു ധരിപ്പിപ്പൂ. മുഖ്യൻ ശ്രമിച്ചിട്ടു കന്യകയെ ലഭിക്കാത്തപക്ഷം അവന്റെ നേരെ മറുപക്ഷക്കാരനെ ഉത്സാഹിപ്പിപ്പൂ; ലഭിച്ചുവെങ്കിലാകട്ടെ കലഹം തനിയെ ഉണ്ടായിക്കൊള്ളും. അഥവാ, ഭിക്ഷുകി പ്രിയഭാര്യനായ ഒരു മുഖ്യനോട് "ഇന്ന മുഖ്യൻ യൌവനത്താൽ ദൃപ്തനായിട്ട് അങ്ങയുടെ ഭാര്യയുടെ അടുക്കലേക്ക് എന്നെ അയച്ചിരിക്കുന്നു. ഞാൻ അദ്ദേഹത്തെ ഭയപ്പെട്ട് എഴുത്തും ആഭരണവും വാങ്ങി ഇവിടെ വന്നു. അങ്ങയുടെ ഭാര്യ നിർദ്ദോഷയാണ്; ഇതിന്നദ്ദേഹത്തോട് ഗൂഢമായിട്ടു പ്രതിക്രിയ ചെയ്യണം. എനിക്കും ഇതിൽ വലിയ താല്പര്യമുണ്ട്" എന്നു പറവൂ.

മേൽപ്പറഞ്ഞവിധമുള്ളവയും മററുമായ കലഹസ്ഥാ

നങ്ങൾ തമ്മിൽ ഉണ്ടാകയോ തീക്ഷ്ണന്മാരാൽ കലഹം ഉണ്ടാക്കപ്പെടുകയോ ചെയ്താൽ രാജാവ് ധനംകൊണ്ടും സൈന്യംകൊണ്ടും ഹീനപക്ഷത്തെ സഹായിച്ച് വിഗുണന്മാരായവരിൽ വിക്രമിപ്പിക്കുകയോ, അവരെ നാട്ടിൽനിന്നു പുറത്താക്കുകയോ ചെയ്യണം. ഇപ്രകാരം വിജിഗീഷു സംഘങ്ങളിൽ ഏകരാജനായിട്ടു വർത്തിക്കണം. സംഘങ്ങളും ഈ ഏകരാജങ്കൽനിന്നുണ്ടാകുന്ന മേൽപ്രകാരമുള്ള അതിസന്ധാനങ്ങളിൽനിന്ന് ആത്മാവിനെ രക്ഷിക്കണം.

സംഘങ്ങളിൽ സംഘമുഖ്യൻ
പ്രിയനായ് ന്യായവൃത്തിയായ്
ദാന്തനായിഷ്ടനായ് വാഴ്‌വൂ
സർവ്വചിത്താനുവർത്തിയായ്.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, സംഘവൃത്തമെന്ന
പതിനൊന്നാമധികരണത്തിൽ, ഭേദോപാദാനങ്ങൾ—
ഉപാംശുദണ്ഡം എന്ന ഒന്നാമദ്ധ്യായം.

സംഘവൃത്തം പതിനൊന്നാമധികരണം കഴിഞ്ഞു.

[illegible]

# ആബലീയസം * പന്ത്രണ്ടാമധികരണം.

## ഒന്നാം അധ്യായം.

### ഒരുനൂററുപത്തിരണ്ടാം പ്രകരണം.

### ദൂതകർമ്മങ്ങൾ.

ബലമേറിയ ശത്രുവിനാൽ അഭിയോഗിക്കപ്പെട്ട ദുർബ്ബലൻ എല്ലാ കാര്യത്തിലും അവനു കീഴടങ്ങി വേതസധർമ്മത്തെ § ആശ്രയിച്ച് സ്ഥിതിചെയ്യണം.

ആർ ബലമേറിയവനെ നമസ്കരിക്കുന്നുവോ അവൻ ഇന്ദ്രനെയാണ് നമസ്കരിക്കുന്നതെന്നു ഭരദ്വാജശിഷ്യന്മാർ പറയുന്നു. വിശാലാക്ഷനാകട്ടെ "സർവ്വസൈന്യസന്ദോഹത്തോടുകൂടി യുദ്ധംചെയ്കയാണ് വേണ്ടതു്. എന്തുകൊണ്ടെന്നാൽ, പരാക്രമം വ്യസനത്തെ ഇല്ലായ്മചെയ്യും. അതു് ക്ഷത്രിയന്റെ സ്വധർമ്മവുമാണ്. യുദ്ധത്തിൽ ജയമോ പരാജയമോ ഭവിച്ചുകൊള്ളട്ടെ" എന്നഭിപ്രായപ്പെടുന്നു.

അങ്ങനെയല്ലെന്നാണ് കൌടില്യമതം. എല്ലാ കാര്യത്തിലും അനുപ്രണതനായിരിക്കുന്നവൻ കുളൈഡകം (ആററുവക്കത്തെ ആട്ട്) എന്നപോലെ ജീവിതത്തിൽ നിരാശനായി വസിക്കും. അല്പസൈന്യനായവൻ യുദ്ധംചെ

---

* ആബലീയസം=അബലീയാനെ (ബലംകുറഞ്ഞവനെ) സംബന്ധിച്ചതു്; അവന്റെ കൃത്യം.

§ വേതസമെന്നാൽ ആററുവഞ്ചി; അതിന്റെ ധർമ്മം വേതസധർമ്മം. ആററുവഞ്ചി ആററിൽ പ്രവാഹമുണ്ടാവുമ്പോൾ തലതാഴ്ത്തി വെള്ളത്തിൽ മുങ്ങുകയാണ് പതിവു്. അതുപോലെ ശത്രുവിനെ നമസ്കരിച്ചു വർത്തിക്കുകയത്രെ വേതസധർമ്മം.

സ്ഥാൽ പ്ലവം (തരണസാധനം; കപ്പൽ മുതലായതു്) ഇല്ലാത്തവർ സമുദ്രത്തിലിറങ്ങിയാലെന്നപോലെ നശിച്ചുപോകം. അതുകൊണ്ടു് ബലം കുറഞ്ഞവർ ശത്രുവിനെക്കാൾ ബലംകൂടിയ മറെറാരു രാജാവിനെ ആശ്രയിച്ചോ, ശത്രുവിന്നു ഭേദിപ്പാൻ കഴിയാത്ത ദുർഗ്ഗത്തെ ആശ്രയിച്ചോ പ്രവൃത്തിക്കണം.

ധർമ്മവിജയി, ലോഭവിജയി, അസുരവിജയി എന്നിങ്ങനെ മൂന്നുവിധമാണു് അഭിയോക്താക്കന്മാർ. അവരിൽ വച്ചു ധർമ്മവിജയി കേവലം അഭ്യുപപത്തി (ആത്മാർപ്പണം) കൊണ്ടുതന്നെ സന്തോഷിക്കും; അങ്ങനെയുള്ളവനെ ശത്രുഭയനിവാരണത്തിന്നായിട്ടുകൂടി അഭ്യുപപദിക്കണം. ലോഭവിജയി ഭൂമിയേയും ദ്രവ്യത്തേയും ഹരിച്ചാൽ മാത്രമേ സന്തോഷിക്കുകയുള്ളൂ; അവനെ അർത്ഥദാനംകൊണ്ടു് ആവർജ്ജിക്കണം. അസുരവിജയിയാകട്ടെ ഭൂമിയേയും ദ്രവ്യത്തേയും ഭാര്യാപുത്രന്മാരേയും പ്രാണനേയുംകൂടി അപഹരിക്കുന്നതുകൊണ്ടേ തൃപ്തനാകയുള്ളൂ; അവനെ ഭൂമിയും ദ്രവ്യവും കൊടുത്തു വശീകരിച്ചു് താൻ അവന്നു ഗ്രാഹ്യനല്ലാത്തവിധം സ്ഥിതിചെയ്തുംകൊണ്ടു് പ്രതിക്രിയചെയ്യണം.

അവരിലൊരുവൻ അഭിയോഗത്തിന്നു പുറപ്പെട്ടപ്പോൾ ദുർബ്ബലനായിട്ടുള്ളവൻ സന്ധിചെയ്തോ, മന്ത്രയുദ്ധംചെയ്തോ, കൂടയുദ്ധംചെയ്തോ തടുപ്പൂ. അവന്റെ ശത്രുപക്ഷത്തെ സാമദാനങ്ങളെക്കൊണ്ടും സ്വപക്ഷത്തെ (അമാത്യാദികളെ) ഭേദദണ്ഡങ്ങളെക്കൊണ്ടും പ്രതിയോധിപ്പൂ; ദുർഗ്ഗം, രാഷ്ട്രം, സ്കന്ധാവാരം എന്നിവയെ ഗൂഢപുരുഷന്മാർ ശസ്ത്രവിഷാഗ്നികളെക്കൊണ്ടും സാധിപ്പിപ്പൂ. അവന്റെ പിൻഭാഗത്തു് എല്ലാടവും ആക്രമിപ്പൂ; ആടവികന്മാരെക്കൊണ്ടു് അവന്റെ രാജ്യത്തെ ഹനിപ്പിക്കയോ തൽകുലീനനെക്കൊണ്ടോ അവരുദ്ധനെക്കൊണ്ടോ അപഹരിപ്പിക്കയോ ചെയ്യൂ.

ഈ വക അപകാരങ്ങൾ ചെയ്തതിന്നുശേഷം സന്ധി പറവാൻ ദൂതനെ അയയ്പൂ. അപകാരമൊന്നും ചെയ്യാതെയും സന്ധിചെയ്യുന്നതിന്നു വിരോധമില്ല. സന്ധിയെ സമ്മതിക്കാതെ ശത്രു ആക്രമിക്കുന്നതായാൽ സന്ധിപണത്തിന്നൊക്കാരം നാലിലൊന്നധികമായ കോശദണ്ഡങ്ങളെ കൊടുക്കാമെന്നോ അധികം കാലത്തേക്കു കൊടുക്കാമെന്നോ പറഞ്ഞു സന്ധിയെ യാചിപ്പൂ. ശത്രു ദണ്ഡസന്ധിയെ യാചിക്കുന്നതായാൽ ശൌര്യം കുറഞ്ഞതോ, ശൌര്യമുള്ളതെങ്കിലും ഗരം കലർന്നതോ ആയ ആനകളെയും കുതിരകളെയും കൊടുപ്പൂ. പുരുഷസന്ധിയെ യാചിക്കുന്നതായാൽ ദൂഷ്യസൈന്യത്തേയോ അമിത്രസൈന്യത്തേയോ അടവീസൈന്യത്തേയോ യോഗപുരുഷന്മാരാൽ (ഗൂഢപുരുഷന്മാരാൽ) അധിഷ്ഠിതമാക്കി ദാനം ചെയ്വൂ. എങ്ങനെ ചെയ്താൽ രണ്ടുപക്ഷം (ദൂഷ്യാദിബലത്തിന്നും ശത്രുവിന്നും) നാശം വരുമോ അങ്ങനെ ചെയ്വൂ. അല്ലെങ്കിൽ, അവമാനിക്കപ്പെട്ടാൽ വികാരം പ്രാപിക്കുന്ന തീക്ഷ്ണസൈന്യത്തേയോ, വ്യസനത്തിങ്കൽ അപകാരം ചെയ്യുന്ന അനരശ്യമായ മൌലസൈന്യത്തേയോ അവന്നു കൊടുപ്പൂ. കോശസന്ധിയെ യാചിക്കുന്നതായാൽ, ആരും വിലയ്ക്കു വാങ്ങുവാൻ വരാത്തതായ സാരദ്രവ്യത്തേയോ യുദ്ധയോഗ്യമല്ലാത്ത കുപ്യദ്രവ്യത്തേയോ കൊടുപ്പൂ. ഭൂമിസന്ധിയെ യാചിക്കുന്നതായാൽ, പിന്നീടു വീണ്ടെടുപ്പാൻ കഴിയുന്നതോ നിത്യശത്രുവിന്നോടുകൂടിയതോ അപാശ്രയമില്ലാത്തതോ വളരെ ക്ഷയവ്യയങ്ങൾ സഹിച്ചു നിവേശിപ്പിക്കേണ്ടതോ ആയ ഭൂമിയെ അവന്നു കൊടുപ്പൂ. ബലീയാനായ ശത്രുവിന്നോടു രാജധാനിയൊഴികെയുള്ള സർവ്വസ്വവും കൊടുക്കാമെന്നു പറഞ്ഞും സന്ധിയെ യാചിപ്പൂ.

**ബലാലന്യൻ ഹരിക്കുന്ന**
**ധനം സന്ധിയിൽ നൽകിടൂ;**

കാൎയ്യഭേദം ധനംവിട്ടും
കനിവോ നരപതേ ധൎമ്മ?

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ആബലീയസമെന്ന
പന്ത്രണ്ടാമധികരണത്തിൽ, ദൂതകൎമ്മങ്ങൾ—
സന്ധിയാചനം എന്ന ഒന്നാമദ്ധ്യായം.

---

## രണ്ടാം അദ്ധ്യായം.

---

### ഒരുനൂററിരുപത്തിമൂന്നാം പ്രകരണം.

### മന്ത്രയുദ്ധം.

ശത്രു സന്ധിചെയ്വാൻ വഴിപ്പെടാതെപക്ഷം അവനോടിങ്ങനെ പറവൂ:— "അരിഷഡ്വൎഗ്ഗത്തിന്നധീനരായിട്ട് ഇന്ന ഇന്ന രാജാക്കന്മാർ നശിച്ചുപോകയുണ്ടായിട്ടുണ്ട്. അനാത്മവാന്മാരായ അവരുടെ മാൎഗ്ഗത്തെ അങ്ങുന്ന് അനുഗമിക്കരുതു്. ധൎമ്മത്തെയും അൎത്ഥത്തെയും ആലോചിച്ചുനോക്കു. അങ്ങയ്ക്കു സാഹസത്തെയും അധൎമ്മത്തെയും അൎത്ഥാതിക്രമത്തെയും ഉപദേശിക്കുന്നവർ മിത്രങ്ങളെന്നു നടിക്കുന്ന ശത്രുക്കളാണ്. ജീവനെ ഗണിക്കാത്തവരായ ശൂരന്മാരോടു യുദ്ധംചെയ്യുന്നതു സാഹസം; ഇരുപക്ഷങ്ങളിലും ജനനാശം വരുത്തിക്കൂട്ടുന്നതു് അധൎമ്മം; കാണപ്പെട്ട അൎത്ഥത്തെയും കാണപ്പെടാത്ത മിത്രത്തെയും ത്യജിക്കുന്നതു് അൎത്ഥാതിക്രമം; മിത്രവാനായ ആ രാജാവു് ഇനിയും ഈ അൎത്ഥം (അങ്ങുന്നു സ്വീകരിക്കാത്ത ഈ സന്ധിദ്രവ്യം) കൊണ്ടു് എല്ലാ ഭാഗത്തുനിന്നും അങ്ങയോടാക്രമിക്കുന്ന മിത്രങ്ങളെ പ്രോത്സാഹിപ്പിക്കും. അദ്ദേഹത്തെ മധ്യമോദാസീനന്മാരോ രാജമണ്ഡലമോ പരിത്യജിച്ചിട്ടില്ല; അങ്ങുന്നാകട്ടെ അവരാൽ ത്യജിക്കപ്പെട്ടിരിക്ക

ന്നു. അവരിപ്പോൾ അങ്ങുന്നു യുദ്ധത്തിന്നൊരുങ്ങുന്നതിനെ പ്രതീക്ഷിച്ചുംകൊണ്ടിരിക്കയാണ്. അവന്നു ഇനിയും വലിയ ധനനാശവും സൈന്യനാശവും വരുത്തുവാനാണ് നോക്കേണ്ടതു്. അതുകൊണ്ടു് അങ്ങുന്നു് ആ മിത്രത്തിൽനിന്നു ഭേദിക്കുക. എന്നാൽ നമുക്കു പരിത്യക്തമൂലനായ അവനെ എളുപ്പത്തിൽ ഉച്ഛേദിക്കുവാൻ കഴിയും. അങ്ങുന്നു് മിത്രങ്ങളെന്നു നടിക്കുന്ന ശത്രുക്കൾക്കു ചെവികൊടുക്കരുതു്. യഥാർത്ഥമിത്രങ്ങളെ വെറുപ്പിക്കരുതു്. ശത്രുക്കൾക്കു് ശ്രേയസ്സു വരുത്തിത്തീർക്കരുതു്. പ്രാണസംശയത്തിലും അനർത്ഥത്തിലും ചെന്നുചാടുകയുമരുതു്". ഇങ്ങനെ പറഞ്ഞിട്ടു് അവനു സന്ധിദ്രവ്യം കൊടുപ്പൂ.

എന്നിട്ടും അവൻ യുദ്ധത്തിന്നു പുറപ്പെടുകതന്നെ ചെയ്യുന്നതായാൽ സംഘവൃത്തത്തിൽ പറഞ്ഞതുപോലെയും യോഗവാമനത്തിൽ പറവാൻ പോകുന്നതുപോലേയും അവന്റെ പ്രകൃതികൾക്കിടയിൽ കോപമുണ്ടാക്കിത്തീർപ്പൂ. അവന്റെ അടുക്കൽ തീക്ഷ്ണന്മാരേയും രസദന്മാരേയും പ്രണിധാനംചെയ്വൂ; ആത്മരക്ഷിതകപ്രകരണത്തിൽ രക്ഷിക്കപ്പെടേണ്ടതായി പറഞ്ഞ വാസ്തുക്കളിൽ തീക്ഷ്ണന്മാരേയും രസദന്മാരേയും പ്രയോഗിക്കുകയും ചെയ്വൂ.

വേശ്യാപോഷകന്മാർ അതിയായ രൂപഗുണവും യൌവനവുമുള്ള സ്ത്രീകളെക്കൊണ്ടു് ശത്രുവിന്റെ സേനാമുഖ്യന്മാർക്കു് ഉന്മാദം ജനിപ്പിപ്പൂ. ഒരേ സ്ത്രീയിൽ രണ്ടോ അതിലധികമോ മുഖ്യന്മാർക്കു കാമം ജനിച്ചാൽ അവർക്കുതമ്മിൽ തീക്ഷ്ണന്മാർ കലഹങ്ങളെ ഉൽപാദിപ്പിപ്പൂ. കലഹത്തിൽ തോററ കക്ഷിയെ മറെറാരിടത്തേക്കോടിപ്പോകുന്നതിലോ സ്വാമിക്കു (വിജിഗീഷുവിന്നു) യാത്രാസാഹായ്യം നൽകുന്നതിലോ ഉദ്യമിപ്പിക്കയും ചെയ്വൂ. അഥവാ, കാമവശഗന്മാരായ മുഖ്യന്മാരെ വശീകരണൌഷധങ്ങളെ

കൊണ്ട് വഞ്ചിപ്പാൻ വേണ്ടി സിദ്ധവ്യഞ്ജനന്മാർ മുഖ്യന്മാരിൽ വിഷം പ്രയോഗിപ്പൂ.

വൈദേഹകവ്യഞ്ജനൻ സുഭഗയായ ശത്രുരാജമഹിഷിയുടെ ആസന്നപരിചാരികയെ കാമോപഭോഗത്തിന്നായി ധാരാളം ധനംകൊടുത്തിട്ട പിന്നെ ഗമിക്കാതെ പരിത്യജിപ്പൂ. പിന്നെ ആ വൈദേഹകവ്യഞ്ജനന്റെ പരിചാരകനെന്നു നടിക്കുന്ന ഗൂഢപുരുഷന്റെ ഉപദേശപ്രകാരം സിദ്ധവ്യഞ്ജനൻ "ഇതു വൈദേഹകന്റെ ശരീരത്തിൽ പ്രക്ഷേപിക്കുക" എന്നു പറഞ്ഞു വശീകരണൌഷധം കൊടുപ്പൂ. അതുകൊണ്ടു കാൎയ്യം സാധിച്ചാൽ സുഭഗയായ രാജമഹിഷിക്കും "ഇതു രാജാവിന്റെ ശരീരത്തിൽ പ്രക്ഷേപിക്കുക" എന്നു പറഞ്ഞു വശീകരണൌഷധം കൊടുപ്പൂ. ആ ഔഷധത്തിൽ വിഷംചേൎത്തു രാജാവിനെ ഹനിക്കുകയും ചെയ്യു.

കാൎത്താന്തികവ്യഞ്ജനൻ പല ലക്ഷണങ്ങളും പറഞ്ഞു വിശ്വാസം വരുത്തിയതിന്നുശേഷം മഹാമാത്രനോട് "അങ്ങെയ്ക്കു രാജാവാകുന്നതിന്നുള്ള ലക്ഷണങ്ങൾ ഉണ്ട്" എന്നു പറവൂ. ആ മഹാമാത്രന്റെ ഭാൎയ്യയോടു ഭിക്ഷുകി "ഭവതി രാജപത്നിയും രാജമാതാവുമായി ഭവിക്കും" എന്നും പറവൂ. ആ മഹാമാത്രന്റെ ഒരു ഭാൎയ്യയായി വൎത്തിക്കുന്ന ഗൂഢസ്ത്രീ അദ്ദേഹത്തോട് "രാജാവ് എന്നെ തന്റെ അന്തഃപുരത്തിൽ അവരോധിക്കുവാൻ പോകുന്നു. ഇതാ അങ്ങയുടെ അടുക്കലേക്കു ഒരെഴുത്തും ആഭരണവും പരിവ്രാജിക കൊണ്ടുവന്നിരിക്കുന്നു" എന്നു പറവൂ. അഥവാ മഹാമാത്രന്റെ സൂദനെന്നോ ആരാളികനെന്നോ നടിച്ചു വൎത്തിക്കുന്ന ഗൂഢപുരുഷൻ വിഷം പ്രയോഗിക്കുന്നതിന്നു രാജാവിന്റെ കല്പനയുണ്ടെന്നും അതിന്നുവേണ്ടി ധാരാളം ധനം തന്നിട്ടുണ്ടെന്നും വൈദേഹകവ്യഞ്ജനനോടു പറവൂ. വൈദേഹകവ്യഞ്ജനൻ അവന്റെ കയ്യിൽ വിഷംകൊടു

ത്തിട്ടുണ്ടെന്നും അതുകൊണ്ടു കാൎയ്യം സാധിക്കുമെന്നും മഹാമാത്രനെ ധരിപ്പിപ്പൂ. ഇങ്ങനെ ഒന്നോ രണ്ടോ മൂന്നോ ഉപായങ്ങൾ പ്രയോഗിച്ചു ശത്രുവിൻെറ ഓരോ മഹാമാത്രനേയും അവൻെറ സ്വാമിയോടു വിക്രമിക്കുന്നതിനോ സ്വാമിയെ ഉപേക്ഷിച്ചുപോകുന്നതിനോ ഉദ്യോഗിപ്പിപ്പൂ.

ശത്രുവിൻെറ ദുൎഗ്ഗങ്ങളിൽ ശൂന്യപാലൻെറ (രാജവിഹീനമായ സ്ഥാനീയം കാക്കുന്നവൻെറ) അടുത്തു പെരുമാറുന്ന സത്രികൾ പൌരജാനപദന്മാരിലുള്ള മൈത്രി കാരണം "ശൂന്യപാലൻ യോധന്മാരോടും അധികരണന്മാരോടും 'രാജാവു് ആപത്തിൽ പെട്ടിരിക്കുന്നു; ജീവനോടെ വരുമോ ഇല്ലയോ എന്നു സംശയമാണു്; നിങ്ങൾ ബലാൽക്കാരേണ ധനം സമ്പാദിക്കുകയും ശത്രുക്കളെ ഹനിക്കുകയും ചെയ്യണം' എന്നു പറഞ്ഞിരിക്കുന്നു" എന്നൊരു വൎത്തമാനം പരത്തൂ. അതു് എല്ലാവരുടെ ഇടയിലും പരന്നുകഴിഞ്ഞാൽ തീക്ഷ്ണന്മാർ രാത്രിയിൽ പൌരന്മാരുടെ ഗൃഹങ്ങളിൽ കൊള്ളചെയ്യുകയും മുഖ്യന്മാരെ ഹനിക്കുകയും "ശൂന്യപാലൻെറ ആജ്ഞ കേട്ടു നടക്കാത്തവരോടു് ഇങ്ങനെ ചെയ്യുന്നതാണു്" എന്നു പറകയും ചെയ്വൂ. ശൂന്യപാലൻെറ സ്ഥാനങ്ങളിൽ രക്തംപുരണ്ട ആയുധങ്ങളും ധനഭാണ്ഡങ്ങൾ കെട്ടിയ കയറുകളും വലിച്ചെറിയുകയും ചെയ്വൂ. പിന്നെ സത്രികൾ "ശൂന്യപാലൻ കൊലയും കൊള്ളയും തുടങ്ങിയിരിക്കുന്നു" എന്നും പ്രസിദ്ധമാക്കിപ്പൂ.

ഇപ്രകാരംതന്നെ ജാനപദന്മാരെ സമാഹൎത്താവിൽനിന്നും ഭേദിപ്പിപ്പൂ. സമാഹൎത്താവിൻെറ കീഴിലുള്ള ആളുകളെ മേൽപ്രകാരം രാത്രിയിൽ തീക്ഷ്ണന്മാർ കൊല്ലുകയും "അധൎമ്മം ചെയ്തു് ജനപദത്തെ ദ്രോഹിക്കുന്നവർ ഇങ്ങനെയാണു് ചെയ്യുക" എന്നു പറകയും ചെയ്വൂ.

മേൽപ്രകാരം ശൂന്യപാലൻെറയും സമാഹൎത്താവിൻെറയും പേരിൽ അപരാധം പരന്നുകഴിഞ്ഞാൽ പ്രകൃതി

കോപമുളവാക്കി അവരെ കൊല്ലിക്കുകയും, അവരുടെ സ്ഥാനത്തു അവരുടെ കുലത്തിലുള്ളവനോ അവരുടെ ബന്ധുവോ ആയ മറെറാരുത്തനെ നിവേശിപ്പിക്കുകയും ചെയ്വൂ.

അന്തഃപുരം, പുരദ്വാരം,
ദ്രവ്യധാന്യഗൃഹങ്ങളും
ചുട്ടു, രക്ഷികളെക്കൊന്നു
നാട്ടാരിൽക്കുററമററിട്ടു.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ആബലീയസമെന്ന പന്ത്രണ്ടാമധികരണത്തിൽ, ഗൂഢകർമ്മത്തിൽ ദണ്ഡരസ്യവധം— കന്ത്രയുദ്ധം എന്ന രണ്ടാമധ്യായം.**

---

## മൂന്നാം അധ്യായം.

---

ഒരുനൂറററുപത്തിനാലും അറുപത്തഞ്ചും പ്രകരണങ്ങൾ.

സേനാമുഖ്യവധം, മണ്ഡലപ്രോത്സാഹനം.

ശത്രുരാജാവിൻെറയും രാജസേവകന്മാരുടേയും അടുത്തു പെരുമാറുന്ന സത്രികൾ തങ്ങളുടെ മിത്രങ്ങളെന്ന നിലയിൽ വർത്തിക്കുന്നവരുടെ അടുക്കൽ സൌഹാർദ്ദവിശ്വാസം കാരണം "രാജാവു് പത്ത്യശ്വരഥഹസ്തിസേനകളിലെ മുഖ്യന്മാരുടെ പേരിൽ കോപിച്ചിരിക്കുന്നു" എന്നു പറവൂ. ഈ പ്രവാദം എല്ലാടത്തും പരന്നുകഴിഞ്ഞാൽ, തീക്ഷ്ണന്മാർ രാത്രിസഞ്ചാരത്തിന്നു വേണ്ട പ്രതീകാരമെല്ലാം ചെയ്തുവെച്ചു മുഖ്യന്മാരുടെ ഗൃഹങ്ങളിൽച്ചെന്നു് "സ്വാമി കല്പനയായിരിക്കുന്നു, ഞങ്ങളോടൊരുമിച്ചു പുറപ്പെടുക" എന്നു പറവൂ. പുറപ്പെട്ടുപോരുമ്പോൾ അവരെ ഹനിക്കുകയും ചെയ്വൂ. "സ്വാമിയുടെ കല്പനയാണിതു്" എന്നു് സത്രികൾ ആസന്നവർത്തികളോടു പറവൂ. സ്വാമി

യാൽ നാട്ടിൽനിന്നു നീക്കപ്പെട്ടവരെ സംബന്ധിച്ച് "ഇതാ ഇതു ഞങ്ങൾ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണ്; ജീവിച്ചിരിപ്പാൻ കൊതിയുള്ളവൻ ഇവിടം വിട്ടു പോകണം" എന്നും സത്രികൾ പറവൂ.

ആക്‌ രാജാവു യാചിക്കപ്പെട്ട അർത്ഥത്തെ കൊടുക്കാതിരിക്കുമ്പോ അവരോട് സത്രികൾ "രാജാവു ശൂന്യപാലനോട് 'ഇന്നിന്നവർ എന്നോടു യാചിപ്പാൻ പാടില്ലാത്തതായ അർത്ഥത്തെ യാചിക്കുന്നു; ഞാനതു കൊടുക്കുകയില്ലെന്നു പറഞ്ഞപ്പോൾ അവർ ശത്രുവിനോടു സന്ധിചെയ്കയും ചെയ്തിരിക്കുന്നു. അവരെ ഉദ്ധരിക്കുന്നതിനു വേണ്ടതു ചെയ്യുക' എന്നു കല്പിച്ചിരിക്കുന്നു" എന്നു പറവൂ. അതിന്നുശേഷം അവരേയും മുൻപറഞ്ഞതുപോലെ ചെയ്‌വൂ. ആക്‌ രാജാവു യാചിതമായ അർത്ഥത്തെ ദാനംചെയ്യുന്നുവോ അവരോടു സത്രികൾ "രാജാവു ശൂന്യപാലനോട് 'ഇന്നിന്നവർ എന്നോട് അയാച്യമായ അർത്ഥത്തെ യാചിക്കുന്നു. ഞാനവർക്കു വിശ്വാസം വരുവാൻ വേണ്ടി അതു കൊടുക്കുകയും ചെയ്തു. അവരിപ്പോൾ ശത്രുപക്ഷത്തിൽ ചേർന്നിരിക്കയാണ്. അവരെ ഉദ്ധരിക്കുന്നതിന്നു ശ്രമിക്കണം' എന്നു കല്പിച്ചിരിക്കുന്നു" എന്നു പറവൂ. പിന്നെ മുൻപറഞ്ഞതുപോലെ ചെയ്‌വൂ. ആർ യാചിക്കാവുന്നതായ അർത്ഥത്തെ യാചിക്കാതിരിക്കുന്നുവോ അവരോടു സത്രികൾ "രാജാവു ശൂന്യപാലനോട് 'ഇന്നിന്നവർ എന്നോടു യാച്യമായ അർത്ഥത്തെ യാചിക്കുന്നില്ല. അതിന്നു കാരണം സ്വദോഷശങ്കയല്ലാതെ മറ്റൊന്നല്ല. അവരെ ഉദ്ധരിക്കുന്നതിന്നു പ്രയത്നിക്കുക' എന്നു കല്പിച്ചിരിക്കുന്നു" എന്നു പറവൂ. പിന്നെ മുൻപറഞ്ഞപ്രകാരം ചെയ്‌വൂ. ഇതുകൊണ്ട് എല്ലാ കൃത്യപക്ഷത്തിങ്കലും വേണ്ട കർത്തവ്യം പറയപ്പെട്ടു.

ശത്രുരാജാവിന്റെ അന്തഃപുരത്തിന്റെ അടുത്തു പെരു

മാറുന്ന സത്രി "അങ്ങയുടെ ഇന്നിന്ന മഹാമാത്രന്മാർ ശത്രുവിൻെറ ആളുകളോടു സംഭാഷണംചെയ്യുന്നുണ്ടു" എന്നു ഗ്രഹിപ്പിക്കു. അതു ബോദ്ധ്യമായാൽ വിജിഗീഷുവിൻെറ ശാസനഹരന്മാരായ ദൂഷ്യന്മാരെക്കാണിച്ചു "ഇതാ ഞങ്ങൾ പറഞ്ഞതു" എന്നു പറയുകയും ചെയ്യു.

സേനാമുഖ്യന്മാരേയും പ്രകൃതിപുരുഷന്മാരേയും ഭൂമിയോ ഹിരണ്യമോ കൊടുക്കാമെന്നു പറഞ്ഞു പ്രലോഭിപ്പിച്ചു സ്വന്തം ആളുകളിൽ വിക്രമിപ്പിക്കയോ അപവാഹനം ചെയ്യുകയോ ചെയ്യു. സമീപത്തിലോ ദുർഗ്ഗത്തിലോ അവരുദ്ധനായി വസിക്കുന്ന ശത്രുരാജപുത്രനെ സത്രിമുഖേന "യുവരാജാവിനെക്കാളധികം ആത്മസമ്പത്തുള്ള പുത്രനാണങ്ങുന്ന്. എങ്കിലും അന്തർഹിതൻ (അവരുദ്ധൻ) ആക്കി വച്ചിരിക്കുന്നു. എന്താണങ്ങുന്നുപേക്ഷ ചെയ്യുന്നതു? വിക്രമം പ്രയോഗിച്ചു രാജ്യം കൈവശമാക്കുക. അല്ലാത്തപക്ഷം യുവരാജാവു് അങ്ങയെ നശിപ്പിക്കും" എന്നിങ്ങനെ ഭേദിപ്പിക്കു. ഇപ്രകാരംതന്നെ തൽകുലീനനോ അവരുദ്ധനോ ആയവനെ ഹിരണ്യം കൊടുക്കാമെന്നു പറഞ്ഞു പ്രലോഭിപ്പിച്ചു "ഇവൻെറ അന്തസ്സൈന്യത്തേയോ പ്രത്യന്തസൈന്യത്തെയോ അന്യസൈന്യത്തേയോ തകർക്കുക" എന്നു പ്രേരിപ്പിക്കു. ആടവികന്മാരെ അർത്ഥമാനങ്ങളെക്കൊണ്ടു വശീകരിച്ചു രാജ്യത്തെ ഹനിപ്പിക്കയും ചെയ്യു. [ഇങ്ങനെ സേനാമുഖ്യവധം]

ശത്രുവിൻെറ പാർഷ്ണിഗ്രാഹനോടു "ഈ രാജാവു് എന്നെ ഉച്ഛേദിച്ചതിനുശേഷം അങ്ങയേയും ഉച്ഛേദിക്കും; ഇവൻെറ പാർഷ്ണിയിൽ ആക്രമിക്കുക. അങ്ങയുടെ നേരെ തിരിയുമ്പോൾ ഞാനിവൻെറ പാർഷ്ണിയിൽ ആക്രമിച്ചുകൊള്ളാം" എന്നു പറവു. അവൻെറ മിത്രങ്ങളോടു "ഞാനാണു നിങ്ങൾക്കെല്ലാമൊരു സേതു; ഞാൻ പിളർന്നുപോ

യാൽ ഈ രാജാവു് നിങ്ങളെയൊക്കയും മുക്കിക്കളയും. അതിനാൽ നമ്മളെല്ലാവരും ഒരുമിച്ചുചേൎന്നു് ഇവന്റെ യാത്രയെ തടുക്കുക" എന്നു പറവൂ. ശത്രുവിനോടു സന്ധിചെയ്തവരോ ചെയ്യാത്തവരോ ആയ എല്ലാ സാമവായികന്മാരോടും "ഈ രാജാവു് എന്നെ ഉച്ഛേദിച്ചതിന്നുശേഷം നിങ്ങളുടെ നേരെ യുദ്ധം ചെയ്യുമെന്നു മനസ്സിലാക്കുക; എന്നെസ്സഹായിക്കുന്നതാണു് നിങ്ങൾക്കധികം നല്ലതു്" എന്നും സന്ദേശിപ്പൂ.

മദ്ധ്യമോദാസീനരിലും
സന്ദേശിപ്പൂ നിജാൎപ്പണം
ഏററമുട്ടിയ മാററാനെ
മാററി മോചനമേകുവാൻ.

കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ആബലീയസമെന്ന പന്ത്രണ്ടാമധികരണത്തിൽ, സേനാമുഖ്യവധം—മണ്ഡലപ്രോത്സാഹനം എന്ന മൂന്നാമദ്ധ്യായം.

---

## നാലാം അദ്ധ്യായം.

### ഒരുനൂറററുപത്താറും അറുപത്തേഴും പ്രകരണങ്ങൾ.

### ശസ്ത്രാഗ്നിരസപ്രണിധികൾ, വീവധാസാരപ്രസാരവധം.

ശത്രുവിന്റെ ദുൎഗ്ഗങ്ങളിൽ വൈദേഹകവ്യഞ്ജനന്മാരായും, ഗ്രാമങ്ങളിൽ ഗൃഹപതിവ്യഞ്ജനന്മാരായും, ദേശസന്ധികളിൽ ഗോരക്ഷകവ്യഞ്ജനന്മാരും താപസവ്യഞ്ജനന്മാരുമായും വൎത്തിക്കുന്ന ഗൂഢപുരുഷന്മാർ സാമന്തൻ, ആടവികൻ, തൽകുലീനൻ, അവരുദ്ധൻ എന്നിവരുടെ അടുക്കൽ ആവശ്യമായ വസ്തുക്കളോടുകൂടി ആളുകളെ അയച്ചു് "ഈ രാജ്യത്തെ അപഹരിക്കുക" എന്നിങ്ങനെ സന്ദേശി

൨൭. അവരുടെ ഗൃഢപുരുഷന്മാർ ദുർഗ്ഗത്തിൽ വന്നാൽ അർത്ഥമാനങ്ങളെക്കൊണ്ടു സൽക്കരിച്ച് പ്രകൃതികൾക്കിടയിലുള്ള ഛിദ്രങ്ങളെ കാട്ടിക്കൊടുക്കുകയും, ആ ഛിദ്രങ്ങളിൽ അവരോടൊരുമിച്ചു പ്രഹരിക്കുകയും ചെയ്വൂ.

ശത്രുവിന്റെ സ്കന്ധാവാരത്തിൽ ശൌണ്ഡികന്റെ വേഷം ധരിച്ചു വർത്തിക്കുന്ന സത്രി അഭിത്യക്തൻ (വധ്യൻ) ആയ ഒരുവനെ പുത്രനെന്ന നിലയ്ക്കു സ്ഥാപിക്കുകയും ആക്രമണകാലത്തിങ്കൽ അവനെ വിഷംകൊണ്ടു കൊല്ലുകയും ചെയ്തു നൈഷേചനികം (മൃതന്റെ തൃപ്തിക്കായിക്കൊണ്ടുള്ളത്) എന്ന നിലയിൽ മദനരസം ചേർത്ത അനേകശതം മദ്യകുംഭങ്ങൾ വിതരണംചെയ്വൂ. ആദ്യം ഒരു ദിവസം കേവലം ശുദ്ധമോ, മരണത്തിന്നുവേണ്ട മാത്രയുടെ നാലിലൊരംശം വിഷംചേർത്തതോ ആയ മദ്യം കൊടുക്കുകയും അതിന്നുമേൽ വിഷയുക്തമായ മദ്യം നൽകുകയും ചെയ്വൂ. സൈന്യമുഖ്യന്മാർക്ക് ആദ്യം ശുദ്ധമദ്യം കൊടുത്ത് മദം ജനിപ്പിക്കുകയും, മത്തരായതിന്നുശേഷം വിഷംചേർത്ത മദ്യം കൊടുക്കുകയും ചെയ്വൂ. സൈന്യമുഖ്യന്റെ വേഷം ധരിച്ചിരിക്കുന്ന സത്രിയും അഭിത്യക്തനായ ഒരുവനെ പുത്രനാക്കി സ്ഥാപിച്ചു മേൽപ്രകാരം ചെയ്യാവുന്നതാണ്.

പക്വമാംസികന്മാർ, ഔദനികന്മാർ, ശൌണ്ഡികന്മാർ, ആപൂപികന്മാർ എന്നിവരുടെ വേഷത്തോടെ പെരുമാറുന്ന സത്രികൾ വിശേഷപ്പെട്ട ചില വസ്തുക്കൾ വിൽക്കുവാനുണ്ടെന്നും, വില ചുരുക്കമാണെന്നും, പിന്നീടു തന്നാൽ മതിയെന്നും ഘോഷിച്ചു ശത്രുവിന്റെ ജനങ്ങളെ വിളിച്ചുകൂട്ടുകയും, അവർ വന്നു തിരക്കുകൂട്ടുമ്പോൾ ആ വക പണ്യങ്ങളെ വിഷംകലർത്തി കൊടുക്കുകയും ചെയ്വൂ. മദ്യം, പാൽ, തൈര്, നെയ്യ്, എണ്ണ എന്നിവ അവ വിൽക്കുന്നവരുടെ കയ്യിൽനിന്നു വാങ്ങി സ്ത്രീകളോ കുട്ടികളോ

വിഷയുക്തങ്ങളായ തങ്ങളുടെ പാത്രങ്ങളിൽ പകരുകയും, പിന്നീട് "ഇന്ന വിലയ്ക്കല്ലാ അളവിൽ കൂട്ടുന്നതോ തരാമെങ്കിലേ വേണ്ടു" എന്നു പറഞ്ഞ് അവരുടെ പാത്രങ്ങളിലേക്കുതന്നെ ഒഴിക്കുകയും ചെയ്യു. പിന്നെ അവയെ വൈദേഹകവ്യഞ്ജനന്മാർ വിക്രയംചെയ്യാനെന്ന നിലയിൽ വാങ്ങുകയും, ശത്രുവിൻെറ ആനകൾക്കും കുതിരകൾക്കുമുള്ള തീററയിലും പുല്ലിലും അവയുടെ ആസന്നന്മാരായ ചാരന്മാർ അവ കലർത്തിക്കൊടുക്കുകയും ചെയ്യു. കർമ്മകരന്മാരെന്ന നിലയ്ക്കു പെരുമാറുന്ന ഗൂഢപുരുഷന്മാരും വിഷംചേർത്ത പുല്ലും വെള്ളവും കൊടുപ്പൂ. വളരെക്കാലമായി ശത്രുവിനോടിടപെട്ടു പഴകിയ ഗോവാണിജകന്മാർ ആക്രമണാവസരങ്ങളിൽ ശത്രുക്കൾക്കു ഭ്രമം ജനിക്കത്തക്കവിധം ഗോക്കൾ, ആടുകൾ, ചെമ്മരിയാടുകൾ എന്നിവയുടെ കൂട്ടങ്ങളെ വിസർജ്ജിപ്പൂ. അശ്വഖരോഷ്ട്രമഹിഷങ്ങളെ വിൽക്കുന്നവരുടെ വേഷത്തിൽ വർത്തിക്കുന്ന ഗൂഢപുരുഷന്മാർ ദുഷ്ടങ്ങളായ അശ്വാദികളെ ചുച്ചുന്ദരി (ചിതൽ *) യുടെ രക്തം കണ്ണിൽ എഴുതിച്ച് വിസർജ്ജിപ്പൂ. ലുബ്ധകവ്യഞ്ജനന്മാർ കൂടുകളിൽനിന്നു ദുഷ്ടമൃഗങ്ങളെയും, സർപ്പഗ്രാഹന്മാർ ഉഗ്രവിഷമുള്ള സർപ്പങ്ങളെയും, ഹസ്തിജീവികൾ ഗജങ്ങളെയും അഴിച്ചുവിടുവിപ്പൂ. ആഗ്നിജീവികൾ അഗ്നിയേയും പ്രയോഗിപ്പൂ. ഗൂഢപുരുഷന്മാർ ശത്രുവിൻെറ പത്ത്യശ്വരഥഹസ്തികളെ പിൻഭാഗത്തുനിന്നു അഭിഹനിക്കുകയും, സേനാമുഖ്യന്മാരുടെ വാസഗൃഹങ്ങളെ തീവയ്ക്കുകയും ചെയ്യു. വിജിഗീഷുവിൻെറ ദൂഷ്യന്മാരോ അമിത്രന്മാരോ ആടവികന്മാരോ എന്ന നിലയ്ക്കു ശത്രുവിൻെറ അടുക്കൽ പെരുമാറുന്ന ഗൂഢപുരുഷന്മാർ ശത്രുസൈന്യത്തിൻെറ പൃഷ്ഠത്തിൽ ആക്രമിക്കുകയും, അവസ്കന്ദംചെയ്കയും, പ്രതിഗ്രഹിക്കയും, വനത്തിൽ ഗൂഢന്മാരായി വാഴുന

* ഏററവും വിഷമുള്ള ഒരുതരം എലി എന്നു പക്ഷാന്തരം.

ചാരന്മാർ ശത്രുരാജ്യത്തിന്റെ പ്രത്യന്തങ്ങളിൽക്കടന്നു നാശം വരുത്തുകയും ചെയ്യൂ. [ഇങ്ങനെ ശസ്ത്രാഗ്നിരസപ്രണിധികൾ]

ഗൂഢപുരുഷന്മാർ ശത്രുവിനുവേണ്ടി കൊണ്ടുപോകുന്ന വീവധവും ആസാരവും പ്രസാരവും ഏകായനത്തിൽ (ഒററയടിവഴിയിൽ) വച്ചു നിരോധിപ്പൂ. രാത്രിയുദ്ധത്തിൽ സങ്കേതം നിശ്ചയിച്ചു വളരെ പെരുമ്പറകൾ കൊട്ടി "ഇതാ പ്രവേശിച്ചുകഴിഞ്ഞു, രാജ്യം ലഭിച്ചു" എന്നു വിളിച്ചു പറവൂ. അഥവാ, ശത്രുരാജാവിന്റെ വാസസ്ഥാനത്തു കടന്നുചെന്നു സങ്കലങ്ങളിൽവച്ചു രാജാവിനെ ഹനിപ്പൂ. ശത്രു നാനാഭാഗങ്ങളിലേക്കും പോകുമ്പോൾ മ്ലേച്ഛരോ ആടവികരോ സൈന്യമുഖ്യന്മാരോ ആയവർ സത്രങ്ങളിലോ കുററിക്കാടുകളിലൊ ഒളിച്ചിരുന്നു് അവനെ ഹനിപ്പൂ. ലുബ്ധകവേഷധാരികൾ തുമുലമായ ആക്രമണങ്ങളിൽ ഗൂഢയുദ്ധം ചെയ്തു ശത്രുവിനെ നിഗ്രഹിപ്പൂ. കല്ലുകളോ കുററികളോ അധികമുള്ള സ്ഥലത്തോ, വഴുക്കലോ ഉള്ളിൽ വെള്ളമോ ഉള്ള സ്ഥലത്തോ വച്ചു് ഏകായനസഞ്ചാരത്തിൽ സ്വഭൂമിബലത്താൽ ശത്രുവിനെ ഹനിപ്പൂ. അഥവാ നദിയിലോ സരസ്സിലോ തടാകത്തിലോ ഉള്ള സേതുബന്ധം വെട്ടിത്തുറന്നു ജലപ്രവാഹമുണ്ടാക്കി ശത്രുവിനെ ആപ്ലാവനം ചെയ്യൂ. ധാന്വനദുർഗ്ഗത്തിലോ വനദുർഗ്ഗത്തിലോ നിമ്നദുർഗ്ഗത്തിലോ ഇരിക്കുന്ന ശത്രുവിനെ വിഷയുക്തമായ പുകയോ തീയോ പ്രയോഗിച്ചു ഹനിക്കയും ചെയ്യൂ. ശത്രു സങ്കടസ്ഥാനത്തിൽ നിൽക്കുമ്പോൾ അഗ്നികൊണ്ടും, ധാന്വനദുർഗ്ഗത്തിലിരിക്കുമ്പോൾ ധൂമംകൊണ്ടും, നിധിഗൃഹത്തിൽ സ്ഥിതിചെയ്യുമ്പോൾ വിഷംകൊണ്ടും, ജലത്തിൽ മുങ്ങിയിരിക്കുമ്പോൾ ആൾപ്പിടിയൻ മുതലകൾ ഉദകചരങ്ങൾ എന്നിവയെക്കൊണ്ടും തീക്ഷ്ണന്മാർ നിഗ്രഹിപ്പൂ. തീകൊളുത്തിയ ഗൃഹത്തിൽനിന്നു് ഓടിപ്പോകുമ്പോൾ,

യോഗവാമനയോഗങ്ങൾ,
മററു യോഗത്തിലൊന്നുതാൻ
ചെയ്തു വഞ്ചിപ്പു പരനെ-
പ്പൂർവ്വം ചൊല്ലിയ ഭൂമിയിൽ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ആബലീയസമെന്ന പന്ത്രണ്ടാമധികരണത്തിൽ, ശസ്ത്രാഗ്നിരസപ്രണിധികൾ വീവധാസാരപ്രസാരവധം എന്ന നാലാമദ്ധ്യായം.

---

## അഞ്ചാം അദ്ധ്യായം.

ഒരുനൂറററുപത്തെട്ടു മുതൽ എഴുപതുകൂടി പ്രകരണങ്ങൾ.

യോഗാതിസന്ധാനം, ദണ്ഡാതിസന്ധാനം, ഏകവിജയം.

ദേവപൂജ, ഉത്സവം എന്നിവയിൽ ഭക്തിവശാൽ ശത്രുവിന്നു പോകുവാനുള്ള പൂജ്യസ്ഥാനങ്ങൾ വളരെയുണ്ടാകും. അവിടെവച്ചു് അവനെക്കൊല്ലുവാനുള്ള ഉപായങ്ങൾ പ്രയോഗിക്കണം.

ശത്രു ദേവാലയത്തിൽ പ്രവേശിച്ചാൽ യന്ത്രത്തോടു ഘടിപ്പിച്ച ഭിത്തിയിൽ ശ്രദ്ധമായി വച്ചിട്ടുള്ള കല്ലു് യന്ത്രമയച്ചു് അവന്റെ തലയിൽ പതിപ്പിപ്പൂ. അല്ലെങ്കിൽ മുകളിലെ നിലയിൽനിന്നു കല്ലുകളും ആയുധങ്ങളുമോ, ബന്ധത്തിൽനിന്നു വേർപെടുത്തിയ വാതിലോ, ഭിത്തിയിൽ അല്പഭാഗം മാത്രം ബന്ധിച്ചു വച്ചിട്ടുള്ള പരിഘമോ തലയിൽ വീഴ്ത്തൂ. ദേവവിഗ്രഹത്തിൽ ധരിപ്പിച്ചിട്ടുള്ള ആയുധങ്ങളും അവന്റെ തലയിൽ പതിപ്പിപ്പൂ. ശത്രു നിൽക്കുകയും ഇരിക്കുകയും നടക്കുകയും ചെയ്യുന്ന ഭൂമികളിൽ ചാണകംകൊണ്ടു മെഴുകുന്നതിലോ ഗന്ധജലം തളിക്കുന്നതി

ലോ വിഷം കലർത്തി പ്രയോഗിപ്പൂ. അഥവാ ദേവാലയത്തിൽനിന്നു പ്രസാദമായിക്കൊടുക്കുന്ന പൂക്കളിലും പൊടിയിലും വിഷം പ്രയോഗിക്കുകയോ, ഗന്ധദ്രവ്യത്തിൽ വിഷം കലർത്തിയ തീക്ഷ്ണമായ പുക ഏല്പിക്കുകയോ ചെയ്വൂ. ശത്രു കിടക്കുന്നതിന്റെയോ ഇരിക്കുന്നതിന്റെയോ ചുവട്ടിൽ ഗൂഢമായിട്ടുള്ള കുഴിയുണ്ടാക്കി അതിൽ ശൂലങ്ങൾ തറച്ച് ശയനാസനങ്ങളെ യന്ത്രകീലങ്ങളോടു ഘടിപ്പിച്ചു യന്ത്രമോക്ഷണം ചെയ്തു അവനെ അതിൽ പതിപ്പിപ്പൂ. ശത്രു ആസന്നവർത്തിയായിരിക്കവേ അവന്റെ ജനപദത്തിൽനിന്നോ ദുർഗ്ഗത്തിൽനിന്നോ അവരുദ്ധനായ ആളെ അപനയിക്കുകയും, അവനെ പ്രത്യാദേയമായ ശത്രുഭൂമിയിലേക്കു അയയ്ക്കുകയും ചെയ്വൂ. ഏകശാസനയിലിരിക്കുന്ന ശത്രുരാജ്യത്തെ ശൈലദുർഗ്ഗം, വനദുർഗ്ഗം, നദീദുർഗ്ഗം എന്നിവയിലോ അടവീവ്യവഹിതങ്ങളായ സ്ഥലങ്ങളിലോ ശത്രുവിന്റെ പുത്രന്റെയോ ഭ്രാതാവിന്റെയോ വാഴ്ചയിൽ സ്ഥാപിക്കുകയും ചെയ്വൂ.

ഉപരോധത്തിനുള്ള ഹേതുക്കൾ ദണ്ഡോപനതവൃത്തത്തിൽ * പറയപ്പെട്ടിട്ടുണ്ട്. ശത്രുഭൂമിയിൽനിന്നു ഒരു യോജന അകലത്തോളമുള്ള പുല്ലും വിറകും തീയിട്ടുകരിപ്പൂ; ജലങ്ങളെ വിഷംചേർത്തു ദൂഷിപ്പിക്കുകയും സേതു പിളർന്നു വാർത്തുകളകയും ചെയ്വൂ. ശത്രുവിന്റെ ബഹിർമ്മാർഗ്ഗത്തിൽ കൂടകൂപങ്ങളും പതനഗർത്തങ്ങളും കണ്ടകിനികളും (മുള്ളുതറച്ച ഇരുമ്പുവാറുകൾ) സ്ഥാപിപ്പൂ. ശത്രു ഇരിക്കുന്നതിന്റെ ചുവട്ടിൽ ബഹുമുഖങ്ങളോടുകൂടിയ തുരങ്കമുണ്ടാക്കി അതിൽക്കൂടെ ധാന്യസഞ്ചയങ്ങളെയും മുഖ്യന്മാരെയുമോ ശത്രുവിനെത്തന്നെയോ അപഹരിപ്പൂ. ശത്രുവിനാൽ ഉണ്ടാക്കപ്പെട്ട തുരങ്കത്തിനടുത്തു വെള്ളം കാണുവോളം

---

* ഷാഡ്ഗുണ്യം ഏഴാമധികരണം പതിനഞ്ചാമദ്ധ്യായം നോക്കുക.

താഴ്ത്തി അടിയിൽ കിടങ്ങുകുഴിക്കുകയും, എവിടെയെല്ലാമാണ് കുഴിച്ചിട്ടുള്ളതെന്നറിവാൻ വേണ്ടി ശങ്കയുള്ള സ്ഥാനങ്ങളിൽ മതിലിനു ചുററുമുള്ള കിണറിന്റെ അടുക്കൽ ഒഴിഞ്ഞ കുടങ്ങളോ ഓട്ടുപാത്രങ്ങളോ സ്ഥാപിക്കുകയും ചെയ്വൂ. ശത്രുവിന്റെ തുരങ്കമാർഗ്ഗം കണ്ടെത്തിയാൽ അതിന്നെതിരായിട്ടു മറെറാരു തുരങ്കം ഉണ്ടാക്കിക്കുകയോ, ശത്രുവിന്റെ തുരങ്കം മധ്യത്തിൽവച്ചു വെട്ടിത്തുറന്ന് അതിൽ വിഷധൂമമോ ജലമോ നിറയ്ക്കുകയോ ചെയ്വൂ.

ദുർബ്ബലനായ വിജിഗീഷു തന്റെ ദുർഗ്ഗത്തിങ്കൽ വേണ്ടുന്ന രക്ഷയെല്ലാം ചെയ്ത് മൂലസ്ഥാനത്തു (സ്ഥാനീയത്തിൽ) പുത്രനെ ഇരുത്തി ശത്രുവിന്നു പ്രതിലോമമായിട്ടുള്ള ദിക്കിലേക്കു പ്രയാണം ചെയ്വൂ. ഏതു വഴിക്കു പോയാൽ തന്റെ മിത്രങ്ങളും ബന്ധുക്കളും ആടവികന്മാരുമായോ ശത്രുവിന്റെ അമിത്രന്മാരും ശക്തിയുള്ള ദൂഷ്യന്മാരുമായോ സംസർഗ്ഗത്തിന്നിടവരുമോ, ഏതുവഴിക്കുപോയാൽ ശത്രുവിനെ മിത്രങ്ങളോടു വേർപെടുത്തുവാനോ അവന്റെ പാർഷ്ണിയെ ഗ്രഹിപ്പിക്കുവാനോ രാജ്യത്തെ ഹരിപ്പിക്കുവാനോ വീവധാസാരപ്രസാരങ്ങളെ വാരണം ചെയ്യാനോ സാധിക്കുമോ, ഏതുവഴിക്കുപോയാൽ ആക്ഷികൻ (ചൂതുകളിക്കാരൻ) എന്നപോലെ കപടപ്രയോഗംകൊണ്ടു ശത്രുവിനെ പ്രഹരിപ്പാൻ കഴിയുമോ, ഏതുവഴിക്കുപോയാൽ തന്റെ രാജ്യത്തെ രക്ഷിക്കുകയും മൂലസ്ഥാനത്തെ വദ്ധിപ്പിക്കുകയും ചെയ്യാൻ സാധിക്കുമോ, ഏതുവഴിക്കുപോയാൽ ശത്രുവിനോടു തനിക്കു ഹിതമായിട്ടുള്ള സന്ധിചെയ്യാൻ സാധിക്കുമോ അങ്ങനെയുള്ള വഴിക്കു വേണം പ്രയാണം ചെയ്യാൻ.

വിജിഗീഷു തന്റെ സാഹപ്രസ്ഥായികൾ (സഹായികൾ) മുഖേന ശത്രുവിന്നു "അങ്ങയുടെ ശത്രുവായ ഇന്നവൻ ഞങ്ങളുടെ കയ്യിൽപ്പെട്ടിരിക്കുന്നു. അവനെ അങ്ങയ്ക്കു പണ്യമായിത്തരികയോ ഹനിക്കുകയോ എന്താണ് ചെ

യ്യേണ്ടതെന്നുപദേശിച്ച് അതിന്നു വേണ്ടുന്ന ഹിരണ്യത്തേയോ അന്തസ്സാരമുള്ള സൈന്യത്തേയോ അയച്ചുതരിക; എന്നാൽ ഇവനെ ബന്ധിച്ച് അങ്ങയ്ക്ക് ഏല്പിച്ചുതരികയോ കൊല്ലുകയോ ചെയ്യാം" എന്നു സന്ദേശമയപ്പിക്കുകയും, അതു സമ്മതിച്ച് അവൻ ഹിരണ്യത്തേയോ സൈന്യത്തേയോ അയച്ചുതന്നാൽ സ്വീകരിക്കുകയും ചെയ്വൂ. അഥവാ വിജിഗീഷുവിന്നു സഹായിയായിട്ടുള്ള അന്തപാലൻ തന്റെ ദുർഗ്ഗത്തെ സമർപ്പിക്കുക എന്ന വ്യാജേന ഏതാനും സൈന്യങ്ങളെ കൊണ്ടുപോയി ശത്രുവിനെ വിശ്വസിപ്പിച്ചു നിഗ്രഹിപ്പൂ. അഥവാ ഏകസ്ഥന്മാരായിത്തീൎന്നു സ്വാമിദ്രോഹികളായി വൎത്തിക്കുന്ന ജനപദനിവാസികളെ നിഗ്രഹിക്കുവാൻ വേണ്ടി അമിത്രസൈന്യത്തെ കൊണ്ടുവരികയും ആ സൈന്യത്താൽ അവദ്ധ്യമായ പ്രദേശത്തേയ്ക്കു ശത്രുവിനെക്കൊണ്ടുവന്നു വിശ്വസിപ്പിച്ചു നിഗ്രഹിക്കുകയും ചെയ്വൂ. അല്ലെങ്കിൽ, ശത്രുവിന്റെ മിത്രമെന്ന നിലയിൽ വൎത്തിക്കുന്നഗൂഢപുരുഷൻ ബാഹ്യദേശസ്ഥനായ ഒരുവന്നു "ഈ ദുർഗ്ഗത്തിൽ ധാന്യസ്നേഹക്ഷാരലവണങ്ങൾ ശേഖരിച്ചിരുന്നതു തീൎന്നിരിക്കുന്നു. അവ ഇന്നസ്ഥലത്തും സമയത്തും ഇനി വന്നുചേരും. വരുമ്പോൾ അവ പിടിച്ചടക്കുക" എന്നു സന്ദേശിപ്പൂ. പിന്നെ വിജിഗീഷുവിന്റെ പക്ഷക്കാരായ ദൂഷ്യാമിത്രാടവികന്മാരോ മററുവല്ല അഭിത്യക്തപുരുഷന്മാരോ നിശ്ചിതമായ സ്ഥലത്തും സമയത്തും വിഷംകലൎത്തിയ ധാന്യസ്നേഹക്ഷാരലവണങ്ങൾ ദുർഗ്ഗത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്വൂ. ഇതുകൊണ്ട് എല്ലാവിധം വീവധങ്ങളേയും ഭാണ്ഡങ്ങളേയും പിടിച്ചടക്കുന്നതിനെപ്പററി പറഞ്ഞുകഴിഞ്ഞു.

ശത്രുവിനോടു സന്ധിചെയ്തു സന്ധിപ്രകാരം കൊടുക്കേണ്ടുന്ന ഹിരണ്യത്തിൽ ഏതാനും ഭാഗം കൊടുക്കുകയും, ശേഷംഭാഗം താമസിച്ചുംകൊണ്ടു കൊടുത്തു പോരികയും

ചെയ്‌വൂ. പിന്നെ ശത്രുവിൻെറ രക്ഷാവിധാനങ്ങളെ ക്ഷയിപ്പിക്കുകയും, അഗ്നിവിഷശസ്ത്രങ്ങളെക്കൊണ്ട് പ്രഹരിക്കുകയും ചെയ്‌വൂ. ഹിരണ്യം വാങ്ങുന്നവരായ ശത്രുവിൻെറ സേവകന്മാരെ കോഴകൊടുത്തു വശീകരിക്കുകയും ചെയ്യാം.

ശത്രുവിനെ നിവാരണംചെയ്വാൻ ഒരു വിധത്തിലും കഴിവില്ലെന്നു വന്നാൽ വിജിഗീഷു അവനു തൻെറ ദുർഗ്ഗം വിട്ടുകൊടുത്തു തുരങ്കം വഴിയായോ, പ്രാകാരത്തെ ഭേദിച്ച് പഴുതുണ്ടാക്കി അതിൽക്കൂടെയോ നിർഗ്ഗമിപ്പൂ. അഥവാ ശത്രുവിനോടു രാത്രിയിൽ യുദ്ധം ചെയ്കയും ജയിച്ചാൽ അവിടെ സ്ഥിതി ചെയ്കയും ചെയ്‌വൂ. ജയിച്ചില്ലെങ്കിൽ പാർശ്വം (വക്രമാർഗ്ഗം) അവലംബിച്ച് അപസരിപ്പൂ. എങ്ങനെയെന്നാൽ:—പാഷണ്ഡനെന്ന വ്യാജേന അല്പംമാത്രം പരിവാരങ്ങളോടുകൂടി നിർഗ്ഗമിപ്പൂ; ശവം കൊണ്ടുപോവുക എന്ന നിലയ്ക്കു ഗൂഢപുരുഷന്മാരാൽ നയിക്കപ്പെടുകയും ചെയ്‌വൂ; സ്ത്രീവേഷം ധരിച്ച് ഒരു ശവത്തെ അനുഗമിപ്പൂ. ദേവപൂജ, ശ്രാദ്ധം, പ്രവഹണം എന്നിവയിൽ ദുർഗ്ഗവാസികൾക്കു വിഷംചേർത്ത അന്നപാനങ്ങൾ കൊടുക്കുകയും ശത്രുവിൻെറ ദൂഷ്യരെന്നു നടിക്കുന്ന ചാരന്മാർമുഖേന അവരെ ഉപജാപം ചെയ്കയും ചെയ്തു ഗൂഢസൈന്യനായിച്ചെന്ന് ശത്രുവിനെ ഹനിക്കയും ചെയ്‌വൂ.

ശത്രു തൻെറ ദുർഗ്ഗത്തെ ആക്രമിച്ചാൽ ധാരാളം ആഹാരസാധനങ്ങളോടുംകൂടി ദേവാലയത്തിനുള്ളിൽച്ചെന്ന് ദേവപ്രതിമയുടെ പഴുതിൽക്കടന്ന് ഒളിച്ചിരിപ്പൂ; അല്ലെങ്കിൽ ഗൂഢവാസത്തിനു പഴുതുള്ള ഭിത്തിയേയോ, ദേവപ്രതിമയോടുകൂടിയ നിലവറയേയോ ആശ്രയിപ്പൂ. എന്നിട്ട്, ശത്രു വിനു തന്നെപ്പററിയുള്ള സ്മരണ വിട്ടതിനുശേഷം രാത്രിയിൽ തുരങ്കം വഴിയായി രാജഗൃഹത്തിൽക്കടന്ന് ശത്രു ഉറങ്ങിക്കിടക്കുമ്പോൾ അവനെ ഹനിപ്പൂ. അഥവാ,

ഗൂഢമായി യന്ത്രത്തോടു ഘടിപ്പിച്ച രാജാവിന്റെ ഇരിപ്പിടത്തെ യന്ത്രവിശ്ലേഷണംചെയ്തു് കീഴ്പോട്ടു പതിപ്പിപ്പൂ. അഥവാ മുൻപുതന്നെ വിഷാഗ്നികൊണ്ടു ജ്വലിപ്പിപ്പാൻ തക്കവിധം ഔഷധലേപം ചെയ്തതോ അരക്കുകൊണ്ടു പണിചെയ്തതോ ആയ ഗൃഹത്തിൽ ശത്രു കിടന്നുറങ്ങുമ്പോൾ ആ ഗൃഹം തീവച്ചു് അവനെ നിഗ്രഹിപ്പൂ. ഉദ്യാനത്തിലോ മററു വിഹാരസ്ഥാനങ്ങളിലോ ക്രീഡയിൽ ഏർപ്പെട്ട ശത്രു അനവഹിതനായിരിക്കുമ്പോൾ തീക്ഷ്ണന്മാർ ചുവട്ടിലുള്ള നിലവറക്കുണ്ടിൽനിന്നു തുരങ്കംവഴിക്കു ഗൂഢഭിത്തിയിലൂടെ പ്രവേശിച്ചു് അവനെ ഹനിപ്പൂ. അഥവാ ഗൂഢപ്രണിഹിതന്മാരായ രസദന്മാർ വിഷംകൊണ്ടു ഹനിപ്പൂ. അല്ലെങ്കിൽ നിരുദ്ധമായ സ്ഥലത്തു് ശത്രു കിടന്നുറങ്ങുമ്പോൾ ഗൂഢസ്ത്രീകൾ അവന്റെ മേൽ സർപ്പവിഷാഗ്നിധൂമങ്ങളെ പ്രക്ഷേപിപ്പൂ. ശത്രു അന്തഃപുരസ്ഥനായിരിക്കുമ്പോൾ അന്തഃപുരത്തിൽ ഗൂഢമായിക്കടന്നുചെന്നു് അപ്പോൾ ചെയ്വാൻ സാധ്യമായിത്തോന്നുന്ന അപകാരമെല്ലാം പ്രയോഗിച്ചു് ഗൂഢമായിട്ടുതന്നെ അവിടെനിന്നു് അപഗമിക്കുകയും, അന്തഃപുരത്തിലുള്ള പ്രണിധികളുടെ സ്വജനമാണു് താനെന്നു തോന്നിക്കുകയും ചെയ്വൂ.

ദ്വാഃസ്ഥരായും ഷണ്ഡരായും
വാഴുമന്തഃസ്ഥചാരരെ
വിളിച്ചു തൂര്യഘോഷത്താൽ
മൂടിപ്പൂ ശത്രുശേഷരെ.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ആബലീയസമെന്ന പന്ത്രണ്ടാമധികരണത്തിൽ, യോഗാതിസന്ധാനം—ദണ്ഡാതിസന്ധാനം—ഏകവിജയം എന്ന അഞ്ചാമധ്യായം.

ആബലീയസം പന്ത്രണ്ടാമധികരണം കഴിഞ്ഞു.

# ദുൎഗ്ഗലംഭോപായം. പതിമ്മൂന്നാമധികരണം.

## ഒന്നാം അദ്ധ്യായം.

### ഒരുനൂറെറഴുപത്തൊന്നാം പ്രകരണം.

### ഉ പ ജാ പം.

ശത്രുവിൻെറ ഗ്രാമത്തെ പിടിച്ചടക്കുവാനാഗ്രഹിക്കുന്ന വിജിഗീഷു, താൻ സൎവ്വജ്ഞനും ദൈവതസാക്ഷാൽകാരം സിദ്ധിച്ചവനുമാണെന്നു പ്രഖ്യാപനം ചെയ്തു സ്വപക്ഷത്തെ പ്രോത്സാഹിപ്പിക്കുകയും, പരപക്ഷത്തെ ഭയപ്പെടുത്തുകയും ചെയ്യണം.

സൎവ്വജ്ഞതാഖ്യാപനമാവിതു:— മുഖ്യന്മാരുടെ ഗൃഹങ്ങളിലെ ഗുഹ്യവൃത്താന്തങ്ങളെ ചാരമുഖേന അറിഞ്ഞ് അവരെ അധികാരത്തിൽനിന്നു നീക്കംചെയ്യുക; കണ്ടകശോധനത്തിൽ പറഞ്ഞപ്രകാരമുള്ള അപസൎപ്പന്മാർ മുഖേന ഇന്നിന്നവർ രാജദ്വേഷം ചെയ്യുന്നവരാണെന്നറിഞ്ഞു പ്രകാശിപ്പിക്കുക; അന്യരാൽ അദൃഷ്ടങ്ങളായ സംസൎഗ്ഗവിദ്യകളിലെ (നൃത്തഗീതവാദ്യങ്ങളിലെ) സൂചനകൾകൊണ്ടു രാജസന്നിധിയിൽ ഉപായനമായി കൊണ്ടുവരുവാൻപോകുന്ന വസ്തുക്കളെ മുൻകൂട്ടിപ്പറയുക; വിദേശങ്ങളിലെ വൎത്തമാനം അന്നേദിവസംതന്നെ ഗൃഹകപോതം (വളൎത്തുപ്രാവ്) മുഖേന കിട്ടിയ മുദ്രാലേഖ്യംകൊണ്ടറിഞ്ഞു പറയുക.

ദൈവതസാക്ഷാൽകാരത്തിൻെറ ഖ്യാപനം എങ്ങനെയെന്നാൽ:— അഗ്ന്യാഗാരത്തിലുള്ള ദൈവതപ്രതിമയുടെ ഛിദ്രത്തിൽ തുരങ്കംവഴിയായിക്കടന്ന് അഗ്നിദേവതയാണെന്നു നടിച്ചു വൎത്തിക്കുന്ന ഗൂഢപുരുഷന്മാരോടു സംഭാ

ഷണം ചെയ്കയും അവരെ പൂജിക്കയും ചെയ്ക; നാഗദേവതയുടേയോ വരുണൻെറയോ വേഷം ധരിച്ചു ജലത്തിൽനിന്നു പൊങ്ങിവന്ന ഗൂഢപുരുഷന്മാരോടു സംഭാഷണം ചെയ്കയും അവരെ പൂജിക്കുകയും ചെയ്ക; രാത്രിയിൽ വെള്ളത്തിനുള്ളിൽ മുദ്രവച്ചതായ വാലുകാകോശത്തിൽ (മണലാക്കിയ പെട്ടിയിൽ) തിരികത്തിച്ചു വച്ചു ദീപമാലയെ കാണിക്കുക; ഒഴുകുന്ന വെള്ളത്തിൽ കല്ലുകെട്ടിത്താഴ്ത്തി ഉറപ്പിച്ചു പൊങ്ങുതടിയിന്മേൽ ഒഴുകിപ്പോകാതെ ഇരിക്കുക; ഉദകവസ്തി (ഉള്ളിൽ വെള്ളം കടക്കാത്ത വസ്തി)കൊണ്ടോ ജരായു (ഗർഭപേശി) കൊണ്ടോ തലയും മൂക്കുംകൂടി മൂടിക്കെട്ടി പൃഷതാന്ത്രവും (പുള്ളിമാനിൻെറ കുടൽ), കുളീര (ഞെണ്ട്)ത്തിൻെറയും മുതലയുടേയും ശിംശുമാര (നീർക്കരണ്ട്)ത്തിൻെറയും ഉദ്ര (നീർപ്പൂച്ച) ത്തിൻെറയും വസകളും കൂട്ടി നൂറാവർത്തിച്ചു കാച്ചിയ തൈലം മൂക്കിലൊഴിച്ചു വെള്ളത്തിൽ കിടക്കുക; ഇതുകൊണ്ട് അനേകദിവസങ്ങൾ വെള്ളത്തിൽ സഞ്ചരിക്കാം. ഇങ്ങനെ ഉദകചരണങ്ങൾ. ഈ ഉദകചരണങ്ങൾ വഴിയായി വരുണൻെറയും നാഗകന്യകമാരുടേയും വാക്കു പറയുകയും അവരോടു സംഭാഷണം ചെയ്കയും ചെയ്ക; കോപം സംഭവിക്കുമ്പോൾ വായിൽനിന്നു തീയും പുകയും പുറപ്പെടുവിക്കുക.

വിജിഗീഷുവിനുള്ള സർവ്വജ്ഞതയും ദൈവതസാക്ഷാൽകാരവും കാർത്താന്തികന്മാർ, നൈമിത്തികന്മാർ, മൌഹൂർത്തികന്മാർ, പൌരാണികന്മാർ, ഈക്ഷണികന്മാർ എന്നിവരായി വർത്തിക്കുന്ന ഗൂഢപുരുഷന്മാരും അവക്കു സഹായമായിട്ടുള്ളവരും അവയെ കണ്ടറിഞ്ഞവരും സ്വവിഷയത്തിൽ പ്രകാശിപ്പിക്ക. ദൈവതങ്ങൾ പ്രത്യക്ഷമാകയും ദിവ്യങ്ങളായ കോശങ്ങളേയും സേനകളേയും നൽകുകയും ചെയ്തതായി പരവിഷയത്തിലും പ്രസിദ്ധമാക്കിപ്പൂ. ദൈവതപ്രശ്നം, നിമിത്തം, കാകവാദനം, അംഗവിദ്യ (അം

ഗസ്പർശംകൊണ്ടു ശുഭാശുഭങ്ങളെ അറിവാനുള്ള വിദ്യ), സ്വപ്നം, മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദങ്ങൾ എന്നിവയിൽ വിജിഗീഷുവിന്നു ജയവും ശത്രുവിന്നു അപജയവും വരുമെന്നു കണ്ടതായും അവർ പറയും. ശത്രുവിന്റെ ജന്മനക്ഷത്രത്തിൽ ആകാശത്തുനിന്നു ദുന്ദുഭിശബ്ദത്തോടുകൂടി ഉൽക (കൊള്ളിമീൻ) ചാടുന്നതും അവർ കാണിപ്പൂ.

ശത്രുവിന്റെ മുഖ്യന്മാരോട് അവരുടെ മിത്രങ്ങളെന്നു നടിക്കുന്ന ദൂതവ്യഞ്ജനന്മാർ വിജിഗീഷുവിന്റെ സൽക്കാരത്തെ പുകഴ്ത്തിപ്പറയും. വിജിഗീഷു സ്വപക്ഷത്തിന്നു ബലംവരുത്തുകയും പരപക്ഷത്തെ പ്രതിഹനിക്കുകയും ചെയ്യുന്നതിലുണ്ടാകുന്ന യോഗക്ഷേമങ്ങൾ അദ്ദേഹത്തിന്റെ അമാത്യന്മാരും സൈനികന്മാരും സമമായി അനുഭവിക്കുന്നുണ്ടെന്നും, അദ്ദേഹം അവരെ വ്യസനത്തിലും അഭ്യുദയത്തിലും നോക്കുകയും മക്കളെപ്പോലെ സംരക്ഷിക്കുകയും ചെയ്യുന്നുണ്ടെന്നും അവർ പറയും.

മുമ്പു പറയപ്പെട്ടപ്രകാരം പരന്റെ പക്ഷക്കാരെ അവനിൽനിന്നു ഭേദിപ്പിക്കും. ഇനിയും പറയാം. എങ്ങനെയെന്നാൽ:— കർമ്മകുശലന്മാരായവരെ ഒരു സാധാരണ കഴുതയോടും, സൈനികന്മാരെ ചൂരൽവടിയോടും ശാഖാഹനന (മരക്കൊമ്പിന്റെ വാറ്) ത്തോടും, ഭീതന്മാരായവരെ ആറുവക്കാത്ത ആടിനോടും, അവമാനിക്കപ്പെട്ടവരെ ഇടിത്തീമഴയോടും, ആശാഭംഗം വന്നവരെ കായ്ക്കാത്തതായ വിദുലം (വഞ്ഞി) ഇരിമ്പുണ്ട ഇന്ദ്രജാലമേഘം എന്നിവയോടും, സമ്മാനമിച്ഛിക്കുന്നവരെ ദുർഗ്ഗാലങ്കാര (ഇഷ്ടമില്ലാത്ത സ്ത്രീക്കു കൊടുക്കുന്ന ആഭരണം) ത്തോടും, ഉപഹിതന്മാരെ വ്യാഘ്രചർമ്മത്തോടും മൃത്യുകൂട (മരണക്കെണി) ത്തോടും, ധ്രുവാപകാരികളായവരെ പീലുവൃക്ഷഫലം കരക (ആലിപ്പഴം) ഉഷ്ട്രി (തിക്തഫലമായ ഒരൌ

ഷധം) എന്നിവ തിന്നുന്നതിനോടും കഴുതപ്പാൽ കലക്കുന്നതിനോടും ഉപമിച്ചു പറഞ്ഞു ഭേദിപ്പിപ്പൂ. *

ഭേദനത്തിന്നു വഴിപ്പെട്ടാൽ അവരെ അൎത്ഥമാനങ്ങളെക്കൊണ്ടു സൽക്കരിപ്പൂ. ദ്രവ്യവും ഭക്തവും (ഭക്ഷ്യവസ്തു) കൊടുത്താൽ വഴിപ്പെടുന്നവൎക്കു അവയെ ദാനം ചെയ്വൂ. അവയെ സ്വീകരിക്കാത്തവൎക്കു സ്ത്രീകളുടേയും ബാലന്മാരുടേയും ആഭരണങ്ങൾ സമ്മാനിപ്പൂ.

ദുൎഭിക്ഷപീഡ, ചോരപീഡ, ആടവികപീഡ എന്നിവയുണ്ടാകുമ്പോൾ സത്രികൾ ശത്രുവിന്റെ പൌരജാനപദന്മാരെ ഉത്സാഹിപ്പിച്ചുംകൊണ്ടു "നമുക്കു ഇന്ന രാജാവിനോടു അനുഗ്രഹം യാചിക്കാം; ഇവിടെനിന്നു ഒരനുഗ്രഹവും കിട്ടില്ല; അതുകൊണ്ടു മറ്റൊരേടത്തു പോവുക" എന്നു പറവൂ.

അതിന്നു സമ്മതിച്ചെന്നാൽ
ദ്രവ്യധാന്യഗ്രഹങ്ങളെ
നൽകിസ്സാഹായ്യമേകേണ-
മുപജാപമിതല്ലുതം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ദുൎഗ്ഗലംഭോപായമെന്ന പതിമ്മൂന്നാമധികരണത്തിൽ, ഉപജാപമെന്ന ഒന്നാമദ്ധ്യായം.**

## രണ്ടാം അദ്ധ്യായം.

---

### ഒരുനൂറെറഴുപത്തിരണ്ടാം പ്രകരണം.

### യോഗവാമനം.

മുണ്ഡനോ ജടിലനോ ആയ ഒരു ഗൂഢപുരുഷൻ, താൻ പൎവ്വതഗുഹയിൽ പാൎക്കുന്നവനും നാനൂറുവയസ്സു

---

* ഇങ്ങനെ ദൃഷ്ടാന്തപ്പെടുത്തിപ്പറഞ്ഞാൽ അവർ ശത്രുവിനെ വിട്ടുപോകുമെന്നു ഏതാശയം.

ചെന്നവനുമാണെന്നു പറഞ്ഞുംകൊണ്ട്, ജടിലന്മാരായ അനവധി ശിഷ്യന്മാരോടുംകൂടി ശത്രുവിൻെറ നഗരസമീപത്തിൽ ചെന്നു പാപ്പറപ്പിപ്പൂ. താദ്ദേഹത്തിൻെറ ശിഷ്യന്മാർ ഫലമൂലങ്ങളെ ഉപഹാരമായി കൊണ്ടുപോയിക്കൊടുത്തു് അമാത്യന്മാരെയും രാജാവിനെയും, ഭഗവാനെ വന്നു കാണുവാൻ ക്ഷണിപ്പൂ. രാജാവു വന്നു കണ്ടാൽ ഭഗവാൻ പൂർവ്വരാജാക്കന്മാരുടെ രാജ്യത്തെയും ചിഹ്നങ്ങളെയും പററി പറവൂ. പിന്നെ, "നൂറുനൂറു വർഷങ്ങൾ തികയുമ്പോൾ ഞാൻ അഗ്നിപ്രവേശം ചെയ്തു വീണ്ടും ബാലനായി ഭവിക്കുന്നു. ഇപ്പോൾ ഇവിടെ അങ്ങയുടെ സമീപത്തുവച്ചു നാലാമത്തെ അഗ്നിപ്രവേശം അനുഷ്ഠിപ്പാൻപോകുന്നു. അങ്ങുന്ന് എനിക്കു തീർച്ചയായും മാന്യനാണ്. അതുകൊണ്ടു മൂന്നു വരങ്ങളെ വരിച്ചാലും" എന്നു പറവൂ. ഇതദ്ദേഹം സമ്മതിച്ചാൽ "ഏഴു ദിവസം അങ്ങുന്ന് ഭാര്യാപുത്രസമേതനായി ഇവിടെ അഗ്നിപ്രവേശത്തിൻെറ ക്രിയകളെ കണ്ടുംകൊണ്ടു പ്രവഹണ (പ്രീതിഭോജനം) ത്തോടുകൂടി താമസിക്കണം" എന്നു പറവൂ. അങ്ങനെ വന്നു വസിക്കുമ്പോൾ അദ്ദേഹത്തെ അവസ്കന്ദിപ്പൂ (നിഗ്രഹിപ്പൂ).

മുണ്ഡനോ ജടിലനോ ആയ ഒരു ഗൂഢപുരുഷൻ സ്ഥാനികൻെറ (നിധിദർശകൻെറ) വേഷം ധരിച്ചു ജടിലന്മാരായ അനേകം ശിഷ്യന്മാരോടുംകൂടി, സുവർണ്ണചൂർണ്ണം പൂശിയ ഒരു മുളവടിയെ സുവർണ്ണനാളിക (സുവർണ്ണക്കുഴൽ) യോ രക്തത്തിൽ നനച്ച വസ്ത്രംകൊണ്ടു ചുററി, ചിതൽ കയറുന്നതിന്നായി മൺപുററിൽ നിക്ഷേപിപ്പൂ. പിന്നെ സത്രി "സിദ്ധനായ ഇദ്ദേഹം പുഷ്പിച്ചിരിക്കുന്ന നിധിയെ അറിവാൻ ശക്തനാണ്" എന്നു രാജാവിനോടു പറവൂ. രാജാവു ചോദിച്ചാൽ അദ്ദേഹം "അതു് ശരിയാണ്" എന്നു പറഞ്ഞു് അഭിജ്ഞാനമായിട്ട് അതു (മൺപുററിൽ നിക്ഷേപിച്ചിട്ടുള്ള മുളവടി) കാട്ടിക്കൊടുപ്പൂ. അഥവാ പു

ററിന്നുള്ളിൽ വല്ലതെ സ്വർണ്ണം നിക്ഷേപിച്ച് അതു് കാട്ടിക്കൊടുപ്പൂ. എന്നിട്ട് "നാഗങ്ങളാൽ രക്ഷിക്കപ്പെടുന്നതാണ് ഈ നിധി. നാഗങ്ങളെ ആരാധിച്ചാൽ ഇതെടുക്കുവാൻ കഴിയും" എന്നു പറവൂ. രാജാവു് അതു് സമ്മതിച്ചാൽ "ഏഴു ദിവസം" എന്നു തുടങ്ങി മേൽപ്പറഞ്ഞതുപോലെ ചെയ്വൂ. *

അഥവാ, രാത്രിയിൽ തന്റെ ദേഹത്തിൽ തേജനാഗ്നിയെ ‡ ജ്വലിപ്പിച്ചുംകൊണ്ട് ഏകാന്തത്തിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥാനികവ്യഞ്ജനന്റെ അടുക്കലേക്കു സത്രികൾ രാജാവിനെ കൂട്ടിക്കൊണ്ടുചെന്ന് "ഇദ്ദേഹം സാമേധികനായ(ഭാവിസമൃദ്ധിയെ കാണുന്ന) ഒരു സിദ്ധനാണ്" എന്നു പറവൂ. അദ്ദേഹത്തോടു രാജാവു യാതൊരർത്ഥത്തെ യാചിക്കുന്നുവോ അതു് സാധിപ്പിച്ചുകൊടുക്കാമെന്നോററ് "ഏഴു ദിവസം" എന്നു തുടങ്ങി മേൽപ്പറഞ്ഞതുപോലെ ചെയ്വൂ.

അല്ലെങ്കിൽ, സിദ്ധവ്യഞ്ജനൻ രാജാവിനെ ജംഭകവിദ്യകൾ (ഇന്ദ്രജാലവിദ്യകൾ) കൊണ്ടു പ്രലോഭിപ്പിപ്പൂ. അദ്ദേഹത്തോടു രാജാവു— ശേഷം മേൽപ്പറഞ്ഞതുപോലെ.

അഥവാ, സിദ്ധവ്യഞ്ജനൻ അഭ്യർഹിതയായ ഒരു ദേശപരദേവതയെ ആശ്രയിച്ചുകൂടി, പലേ കർമ്മങ്ങളും ചെയ്തു പ്രകൃതിമുഖ്യന്മാരെ (അമാത്യാദികളെ) അവിടേക്കു പ

---

* ഏഴുദിവസം അവിടെ കുടുംബസമേതം വന്നു താമസിച്ചു നാഗാരാധന കഴിക്കാൻ പറകയും, അങ്ങനെ താമസിക്കുമ്പോൾ ഹനിക്കയും ചെയ്യണമെന്നു സാരം.

‡ ഒരുതരം ഔഷധംകൊണ്ടു ദേഹത്തിൽ കത്തുന്നതായി തോന്നിക്കുന്ന അഗ്നി. ഇതിനെ ഔപനിഷദികാധികരണം രണ്ടാമദ്ധ്യായത്തിൽ വിവരിക്കും.

ലപ്പോഴും സന്നിധാനം ചെയ്യിക്കയും, ക്രമത്തിൽ രാജാവിനേയും വരുത്തി വഞ്ചിക്കുകയും ചെയ്വൂ.

അപ്പോൾ, ജലത്തിന്റെ അന്തർഭാഗത്തിൽ വസിക്കുകയും സർപ്പചൈത്യ (നാഗപ്രതിമ)ത്തോടു സംബന്ധിച്ച തുരങ്കത്തിലൂടെയോ നിലവറക്കുണ്ടിലൂടെയോ അപസരണംചെയ്യുകയും ചെയ്യുന്ന ജടിലവേഷധാരിയായ ഗൂഢപുരുഷനെ വരുണനെന്നോ നാഗരാജാവെന്നോ പറഞ്ഞു സത്രികൾ രാജാവിന്നു കാട്ടിക്കൊടുപ്പൂ. അദ്ദേഹത്തോടു രാജാവ് — ശേഷം മുൻപറഞ്ഞതുപോലെ. *

അഥവാ, ജനപദാന്തത്തിൽ പാൎക്കുന്ന സിദ്ധവ്യഞ്ജനൻ ശത്രുവിനെ വിദ്യാബലത്താൽ വരുത്തിക്കാണിക്കാമെന്നു പറഞ്ഞു രാജാവിനെ ശത്രുദൎശനത്തിന്നു പ്രേരിപ്പിപ്പൂ. അദ്ദേഹം അതു സമ്മതിച്ചാൽ പ്രതിമയുണ്ടാക്കി നിരുദ്ധമായ സ്ഥലത്തു ശത്രുവിനെ ആവാഹിച്ച് രാജാവിനെ കൊൽവൂ. ¶

വൈദേഹകവ്യഞ്ജനരായ ഗൂഢപുരുഷന്മാർ അശ്വങ്ങളെ വിൽക്കുവാൻ കൊണ്ടുവന്ന്, ബോധിച്ചതിനെ തിരഞ്ഞെടുക്കുവാൻവേണ്ടി രാജാവിനെ വരുത്തുകയും, അശ്വപരീക്ഷയിൽ സക്തനായിരിക്കുമ്പോഴോ അശ്വങ്ങളുടെ തിരക്കിൽപ്പെട്ടതിലോ അദ്ദേഹത്തെ കൊല്ലുകയും അശ്വങ്ങളെക്കൊണ്ടു പ്രഹരിപ്പിക്കയും ചെയ്വൂ.

നഗരസമീപത്തിങ്കലുള്ള ഒരു പൂജ്യവൃക്ഷത്തിൽ രാത്രിയിൽ തീക്ഷ്ണന്മാർ കയറിയിരുന്നു കുടങ്ങളിൽ നാളികളോ (നെൽച്ചുണ്ടി) വിദലങ്ങളോ (നറുങ്ങ്) ഇട്ടു പുകച്ചുംകൊണ്ടു "രാജാവിന്റെയോ മുഖ്യന്മാരുടെയോ

---

* യഥായോഗ്യാൎത്ഥത്തെ യാചിക്കുന്നുവെങ്കിൽ അതു സാധിപ്പിച്ചുകൊടുക്കാമെന്നോററു മുൻപറഞ്ഞപ്രകാരം വഞ്ചിക്കണമെന്നു സാരം.

¶ ഇതിൽ യഥാൎത്ഥശത്രുവിനെത്തന്നെ ഗൂഢമായി വരുത്തിയിരിക്കണമെന്നു ഊഹ്യം.

മാംസങ്ങളെ ഞങ്ങൾ തിന്മവാനൊരുങ്ങിയിരിക്കുന്നു. ഞങ്ങൾക്കു പൂജയെ ചെയ്യുകൊള്ളട്ടേ” എന്ന് അവ്യക്തമായി പറവു; അതിനെ നൈമിത്തികന്മാരുടേയും മൌഹൂൎത്തികന്മാരുടേയും വേഷത്തിൽ പെരുമാറുന്ന ഗൃധ്രപുരുഷന്മാർ പ്രസിദ്ധമാക്കുകയും ചെയ്‌വൂ. അഥവാ, പുണ്യമായ കയത്തിലോ തടാകമദ്ധ്യത്തിലോ രാത്രിയിൽ തേജനതൈലം പുരട്ടി നാഗരൂപികളെന്ന നിലയിൽ സ്ഥിതിചെയ്ത് ഇരുമ്പുകൊണ്ടുള്ള വേല്, ഉലയ്ക്ക മുതലായ ആയുധങ്ങളെ തമ്മിലടിച്ചുംകൊണ്ടു മേൽപ്രകാരം പറവൂ. അല്ലെങ്കിൽ ഋക്ഷചൎമ്മം (കരടിത്തോൽ) കൊണ്ടുള്ള കഞ്ചുകം ധരിച്ചു തീയും പുകയും പുറപ്പെടുവിച്ചുംകൊണ്ടു രക്ഷസ്സുകളുടെ രൂപംപൂണ്ടു നഗരത്തിന്നു മൂന്നുവട്ടം അപ്രദക്ഷിണം ചെയ്ത് ശ്വാക്കൾ കരയുന്നതിന്റെയോ കുറുക്കൻ ഓരിയിടുന്നതിന്റെയോ ഇടയിൽ മേൽപ്രകാരം പറവൂ. അല്ലെങ്കിൽ ബലികല്ലിനേയോ ദേവതാപ്രതിമയേയോ തേജനതൈലംകൊണ്ടോ അഭ്രപടലത്താൽമൂടപ്പെട്ട അഗ്നികൊണ്ടോ രാത്രിയിൽ ജ്വലിപ്പിച്ചു മേൽപ്രകാരം പറവൂ. അതിനെ മററുള്ളവർ പ്രസിദ്ധമാക്കിത്തീൎപ്പൂ. അഥവാ അഭ്യൎഹിതങ്ങളായ ദേവതാപ്രതിമകളിൽ രക്തം പകൎന്നു കലശപ്പായ രക്തംപൊഴിച്ചിൽ ഉണ്ടാക്കിത്തീൎപ്പൂ. ദേവവിഗ്രഹത്തിൽനിന്നുള്ള രക്തസ്രാവം യുദ്ധത്തിൽ പരാജയത്തെ സൂചിപ്പിക്കുന്നതായി മററുള്ളവർ പറകയും ചെയ്‌വൂ. വാവുദിവസങ്ങളിലെ രാത്രികളിൽ ശ്മശാനമുഖത്തിങ്കൽ ചിതയിൽ ഊൎദ്ധ്വഭാഗം കടിച്ചതിന്ന മനുഷ്യശരീരങ്ങളെ കാണിക്കയും, പിന്നെ രക്ഷോരൂപം ധരിച്ച ഗൃധ്രപുരുഷൻ മനുഷ്യനെ ബലിതരുവാൻ യാചിക്കയും, ഇതു കാണ്മവാൻ ഭൂതവാദിയോ മറേറാ ആയ ആരെങ്കിലും വന്നാൽ അവനെ മററുള്ളവർ, രാക്ഷസ്സുകൾ കൊന്നതാണെന്നു തോന്നുമാറ്, ഇരിമ്പുലയ്ക്കുകൾകൊണ്ടു അടിച്ചു

കൊല്ലുകയും, ആ അത്ഭുതം ആളു കണ്ടവരോ സത്രികളോ രാജാവിനെ അറിയിക്കയും ചെയ്‌വൂ. പിന്നെ നൈമിത്തികന്മാരും മൌഹൂർത്തികന്മാരുമായി നടക്കുന്ന സത്രികൾ അതിന്നു പ്രായശ്ചിത്തം വിധിക്കുകയും, "പ്രായശ്ചിത്തം ചെയ്യാത്തപക്ഷം രാജാവിന്നും രാജ്യത്തിന്നും വലിയ അനർത്ഥം വരും" എന്നു പറകയും, രാജാവു് അതു സമ്മതിച്ചാൽ "ഈ ദുർന്നിമിത്തങ്ങൾ ഓരോന്നിന്നും ഏഴേഴുദിവസം രാജാവു താൻതന്നെ ബലിമന്ത്രഹോമങ്ങളെ അനുഷ്ഠിക്കണം" എന്നു പറകയും ചെയ്‌വൂ. അതിന്നുശേഷം മുൻപു പറഞ്ഞതുപോലെ. *

മേൽപ്പറഞ്ഞ യോഗങ്ങളെ വിജിഗീഷു മററുള്ളവൎക്ക് ഉപദേശമായിത്തീരുവാൻവേണ്ടി സ്വയമായി പ്രയോഗിച്ചു കാണിക്കുകയും, അവയ്ക്കുള്ള പ്രതിവിധികൾ ചെയ്കയും ചെയ്‌വൂ. പിന്നെ വേണം ഇവ ശത്രുവിങ്കൽ പ്രയോഗിക്കുവാൻ. യോഗദർശനങ്ങൾക്കു പ്രതീകാരം ചെയ്യുവാൻവേണ്ടിയെന്നു പറഞ്ഞു കോശാഭിസംഹരണം (പ്രജകളിൽനിന്നു ധനം പിരിക്കൽ) ചെയ്കയുമാകാം.

ആനകളെക്കുറിച്ചു വിശേഷാൽ താല്പൎയ്യമുള്ള ശത്രുവിനെ ഹസ്തിവനപാലന്മാർ ലക്ഷണയുക്തമായ ഒരു ഹസ്തിയെ കാട്ടി പ്രലോഭിപ്പിപ്പൂ. പ്രലോഭനത്തിൽപ്പെട്ടതിന്നുശേഷം ഗഹനമോ, ഒരാൾക്കു മാത്രം നടക്കാവുന്ന വഴിയുള്ളതോ ആയ ഹസ്തിവനത്തിലേക്കു് അദ്ദേഹത്തെ വഞ്ചിച്ചുകൊണ്ടുപോയി കൊല്ലുകയോ ബന്ധിച്ചു കൊണ്ടുപോകയോ ചെയ്‌വൂ. ഇതുകൊണ്ടു മൃഗയാലോലനായ ശത്രുവിൽ ചെയ്യേണ്ടതെന്തെന്നും പറഞ്ഞുകഴിഞ്ഞു.

ദ്രവ്യത്തിലും സ്ത്രീകളിലും അത്യന്തലോലുപനായ ശ

* ബലിമന്ത്രഹോമങ്ങളനുഷ്ഠിക്കുമ്പോൾ തീക്ഷ്ണന്മാർ രാജാവിനെ ഗൂഢമായി നിഗ്രഹിക്കണമെന്നു സാരം.

ത്രുവിനെ ധനികന്മാരും പരമരൂപയൌവനങ്ങളുള്ളവരും വിധവകളുമായ സ്ത്രീകളെ, ദായാദങ്കൽനിന്നു കിട്ടേണ്ടതായ നിക്ഷേപത്തെക്കുറിച്ചു വ്യവഹരിക്കുവാനെന്ന നിലയിൽ വരുത്തിക്കാണിച്ചു സത്രികൾ പ്രലോഭിപ്പിപ്പൂ. എന്നിട്ടു രാത്രിയിൽ ഗൂഢസമാഗമാവസരത്തിൽ വേഷച്ഛന്നന്മാരായ ഗൂഢപുരുഷന്മാർ ശസ്ത്രവിഷങ്ങളെക്കൊണ്ടു നിഗ്രഹിക്കുകയും ചെയ്‌വൂ.

സിദ്ധന്മാർ, പ്രവ്രജിതന്മാർ, ചൈത്യങ്ങൾ, സ്തൂപങ്ങൾ, ദേവപ്രതിമകൾ എന്നിവയിൽ കൂടക്കൂടെ പോകപതിവുള്ള ശത്രുവിനെ അവയുടെ ചുവട്ടിൽ നിലവറവഴിയായൊ തുരങ്കം വഴിയായോ ഗൂഢഭിത്തി വഴിയായോ പ്രവേശിച്ചു തീക്ഷ്ണന്മാർ നിഗ്രഹിപ്പൂ.

രാജാവേതു ദേശത്തി-
ലേതു കാഴ്ചകൾ കാണ്മിതോ,
വിഹാരം സലിലക്രീഡ-
യിവയെങ്ങെങ്ങു ചെയ്‌വിതോ,
ചാതുൎത്ഥിതൊട്ടു കൃത്യങ്ങൾ
യജ്ഞപ്രവഹണങ്ങളും
പ്രസവം മരണം രോഗം
പ്രീതിശോകഭയങ്ങളും

സ്വജനോത്സവമിത്യാദൌ
ബുദ്ധിവിട്ടെങ്ങിരിപ്പിതോ,
രക്ഷിഹീനനതായെങ്ങു
ദുൎദ്ദിനം ജനസങ്കുലം

വിപ്രസ്ഥാനം വഹ്നിദീപ്തം
വിജനം വാ ഗമിപ്പിതോ,
വസ്ത്രാഭരണമാല്യങ്ങൾ
തഥാ ശയ്യാസനങ്ങളും

മദ്യപാനം ഭോജനവു-
മിവയെങ്ങു ചെയ്യിതോ
പ്രഹരിക്കണമങ്ങു
തീക്ഷ്ണർ തൻകൂട്ടരൊത്തുതാൻ.

എവ്വണ്ണം താൻ പ്രവേശിച്ചു
മാററാരിൽ ച്ഛന്നകാരണാൽ
അവ്വണ്ണമേ നിഷ്ക്രമിപ്പി-
തെന്നോതും യോഗവാമനം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ദുൎഗ്ഗലംഭോപായമെന്ന പതിമ്മൂന്നാമധികരണത്തിൽ, യോഗവാമനമെന്ന രണ്ടാമദ്ധ്യായം.**

---

## മൂന്നാം അദ്ധ്യായം.

---

### ഒരുനൂററെഴുപത്തിമൂന്നാം പ്രകരണം.

### അപസൎപ്പപ്രണിധി.

വിജിഗീഷു തനിക്കു വിശ്വസ്തനായ ഒരു ശ്രേണീമുഖ്യനെ എന്തെങ്കിലുമൊരു കാരണം പറഞ്ഞു ദേശത്തിൽനിന്നു നീക്കം ചെയ്യു. അവൻ ശത്രുവിനെ തൽപക്ഷീയനെന്നു പറഞ്ഞു ചെന്നാശ്രയിച്ചു സ്വദേശത്തിൽനിന്നു സാഹായ്യകാരികളായ ജനങ്ങളെ ശേഖരിച്ചുകൊടുപ്പൂ. ഇങ്ങനെ വളരെ അപസൎപ്പന്മാരെ സമ്പാദിച്ചുകഴിഞ്ഞാൽ ശത്രുവിനെ സമ്മതിപ്പിച്ചു സ്വാമിയുടെ (വിജിഗീഷുവിന്റെ) ദൂഷ്യബഹുലമായ ഗ്രാമത്തെയോ, ഹസ്ത്യശ്വങ്ങൾ കുറവായും ദൂഷ്യരായ അമാത്യന്മാരോടുകൂടിയുമിരിക്കുന്ന സൈന്യത്തെയോ, ആക്രന്ദനേയോ ഹരിച്ചു ശത്രുവിന്നയച്ചുകൊടുപ്പൂ. ശത്രുവിന്റെ ജനപദത്തിൽ

ഏകദേശത്തെയൊ, ശ്രേണീസൈന്യത്തേയൊ, അടവീസൈന്യത്തേയോ സാഹായ്യദാനത്തിന്നായി താൻ സംഗ്രഹിക്കുകയും, അവരിൽ തനിക്കു വിശ്വാസമുണ്ടായാൽ അവരെ തന്റെ സ്വാമിക്ക് അയച്ചുകൊടുക്കുകയുംചെയ്യൂ. ഇങ്ങനെ സാഹായ്യസമ്പന്നനായതിന്നുശേഷം വിജിഗീഷു ശത്രുവിന്റെ പേരിൽ തന്റെ ഹസ്തികളെ ബന്ധിച്ചു എന്നോ അടവിയെ ഹനിച്ചു എന്നോ മററൊ കുററം ചുമത്തി അവനെ ഗൂഢമായിട്ട് ആക്രമിപ്പൂ. ഇതുകൊണ്ട് അമാത്യന്മാരേയും ആടവികരേയും അപസൎപ്പന്മാരായിട്ടയക്കുന്നതിനെപ്പററിയും പറഞ്ഞുകഴിഞ്ഞു.

ശത്രുവിനോടു സന്ധി ചെയ്തു മൈത്രിയെ അർജ്ജിച്ചിട്ട് വിജിഗീഷു അമാത്യന്മാരെ ധിക്കരിച്ചുംകൊണ്ടു വൎത്തിപ്പൂ. അങ്ങനെയുള്ള അമാത്യന്മാർ ആ ശത്രുവിന്ന് "ഞങ്ങളുടെ സ്വാമിയെ പ്രസാദിപ്പിച്ചാലും" എന്നു ദൂതമുഖേന സന്ദേശിപ്പൂ. അതുപ്രകാരം ശത്രു ദൂതനെ പറഞ്ഞയച്ചാൽ ആ ദൂതനോടു വിജിഗീഷു "നിന്റെ സ്വാമി എന്നെ അമാത്യന്മാരുമായി ഭേദിപ്പിക്കുന്നു; ഇനിമേലിൽ നീ ഇവിടെ വരരുത്" എന്നിങ്ങനെ നിന്ദിച്ചുംകൊണ്ടു പറവൂ. പിന്നെ ധിക്കൃതന്മാരായ അമാത്യന്മാരിലൊരുവനെ രാജ്യത്തിൽനിന്നു നീക്കം ചെയ്വൂ. അവൻ ശത്രുവിനെ ച്ചെന്നാശ്രയിച്ച് അപസൎപ്പന്മാരായി നിയോഗിക്കപ്പെട്ടവരോ അപരക്തന്മാരോ ദൂഷ്യന്മാരോ ആയ ശക്തികുറഞ്ഞ ആളുകളേയോ ഉഭയഘാതകന്മാരായ സ്തേനന്മാർ, ആടവികന്മാർ എന്നിവരേയോ ഉപഹാരമായിക്കൊണ്ടുചെന്ന് ശത്രുവിന്നു സമൎപ്പിപ്പൂ. ശത്രുവിന്റെ വിശ്വാസത്തിന്നു താൻ പാത്രമായിത്തീൎന്നാൽ അവന്റെ അന്തപാലനേയോ ആടവികനേയോ സൈനികനേയോ പററി "ഇവനും ഇവനും അങ്ങയുടെ ശത്രുവിനോടു കൂട്ടുകെട്ടുള്ളവരാണ്" എന്നു പറഞ്ഞു ശത്രുവിന്റെ വീരപുരുഷന്മാൎക്കു

നാശം വരുത്തിത്തീർപ്പൂ. പിന്നെ അഭിത്യക്തന്മാരിൽനിന്നു കണ്ടുപിടിച്ച കൂടലേഖ്യങ്ങൾ കാണിച്ച് അവരെ ഹനിപ്പിക്കയും ചെയ്‌വൂ.

സൈന്യത്തെ ദാനം ചെയ്യാമെന്നു വ്യാജം പറഞ്ഞു ശത്രുവിനെ ഉദ്യോഗിപ്പിക്കുകയും ആ വഴിക്കു നിഗ്രഹിപ്പിക്കുകയും ചെയ്‌വൂ. അഥവാ, ശത്രുവിന്റെ കൃത്യപക്ഷങ്ങളെ വശീകരിച്ച് അവന്റെ ശത്രുവായിട്ടുള്ള രാജാവിനെക്കൊണ്ടു തനിക്കപകാരം ചെയ്യിച്ച് ആ രാജാവിനോടു യുദ്ധത്തിന്നു പുറപ്പെടുകയും, പിന്നെ ശത്രുവിന്ന് "ഇതാ അരുടെ വൈരി എന്നെ ദ്രോഹിക്കുന്നു; ആകയാൽ അങ്ങുന്ന് എന്നെ സഹായിക്കണം. നമ്മൾ രണ്ടുപേരും കൂടിച്ചേർന്ന് അവനെ ഹനിക്കുക. ഭൂമിയോ ഹിരണ്യമോ കിട്ടുന്നതിൽ അങ്ങേക്കു സമഭാഗം തരാം" എന്നു സന്ദേശിക്കുകയും ചെയ്‌വൂ. അതു സമ്മതിച്ച് വന്നാൽ അവനെ സൽക്കരിച്ച് ഗൂഢമായ ആക്രമണം വഴിക്കോ പ്രകാശയുദ്ധം വഴിക്കോ ശത്രുവിനെക്കൊണ്ടു വധിപ്പിപ്പൂ. അഥവാ ശത്രുവിനെ വിശ്വസിപ്പിച്ചു ഭൂമിദാനമെന്നോ പുത്രാഭിഷേകമെന്നോ രക്ഷാവിധാനമെന്നോ വ്യാജം പറഞ്ഞു വരുത്തി ഗ്രഹിപ്പിപ്പൂ. അതിന്നു വഴിപ്പെടാതിരിക്കുന്ന ശത്രുവിനെ ഉപാംശുദണ്ഡംകൊണ്ടു ഹനിപ്പൂ. സാഹായ്യമാവശ്യപ്പെടുമ്പോൾ സൈന്യത്തെ അയച്ചുതരികയും താൻ വരാതിരിക്കയും ചെയ്യുന്ന ശത്രുവിനെ അവന്റെ ശത്രുവിനെക്കൊണ്ടു ഹനിപ്പിപ്പൂ. രണ്ടുപേരുംകൂടി ഒരു ശത്രുവിന്റെ നേക്കു പോകേണ്ടിയിരിക്കുമ്പോൾ, ശത്രു വിജിഗീഷുവിനോടു ചേരാതെ താനും സൈന്യവുമായി വേറിട്ടു ഗമിക്കുന്നതായാൽ അവനെ മുന്നിലും പിന്നിലും പീഡിപ്പിച്ച് ഹനിപ്പിപ്പൂ. വിജിഗീഷുവിന്റെ പേരിൽ വിശ്വാസമില്ലായ്കയാൽ വിജിഗീഷുവിനെക്കൂട്ടാതെ താൻ മാത്രമായി യാതവ്യന്റെ നേരെ പോകുവാനോ അവന്റെ

രാജ്യത്തിൽ ഒരു ഭാഗം പിടിച്ചടക്കുവാനോ ഉദ്ദേശിക്കുന്ന ശത്രുവിനെ അവന്റെ വൈരിമുഖേനയോ താൻതന്നെ സർവ്വസന്ദോഹത്തോടുകൂടിച്ചെന്നോ ഹനിപ്പൂ. അഥവാ വൈരിയുടെ അടുക്കൽച്ചെന്ന് ശത്രു യുദ്ധം തുടങ്ങുമ്പോൾ സൈന്യങ്ങളെ അയച്ച് അവന്റെ മൂലസ്ഥാനത്തെ അപഹരിപ്പൂ.

ശത്രുവിന്റെ ഭൂമി ഭാഗിച്ചുകൊടുക്കാമെന്നു മിത്രത്തോടോ, മിത്രത്തിന്റെ ഭൂമി ഭാഗിച്ചുകൊടുക്കാമെന്നു ശത്രുവിനോടോ പണനം ചെയ്വൂ. എന്നിട്ടു മിത്രം ശത്രുഭൂമിയെ ലഭിപ്പാൻ ഉത്സാഹിക്കുമ്പോൾ ആ മിത്രത്തെക്കൊണ്ടു തനിക്കു വിരോധം ചെയ്യിക്കുകയും ആ കാരണത്താൽ അവനോടു അഭിയോഗത്തിന്നു പുറപ്പെടുകയും ചെയ്വൂ. ഇങ്ങനെ എല്ലാ യോഗങ്ങളും മുൻപറഞ്ഞതുപോലെതന്നെ. ശത്രു മിത്രത്തിന്റെ ഭൂമിയെ പിടിച്ചടക്കുവാൻ മോഹിച്ച് സാഹായ്യമാവശ്യപ്പെട്ടാൽ അതു സമ്മതിച്ച് അവന്നു സഹായമായി സൈന്യത്തെക്കൊടുക്കുകയും, പിന്നെ അവൻ മിത്രത്തോടാക്രമിക്കുമ്പോൾ അവനെ വഞ്ചിക്കുകയും ചെയ്വൂ. അഥവാ, യുദ്ധമുണ്ടായാൽ വേണ്ടുന്ന പ്രതിവിധികൾ ചെയ്തു, താൻ വ്യസനത്തിൽ പെട്ടതായി മിത്രമുഖേന കാണിച്ച്, ശത്രുവിനെ ഉത്സാഹിപ്പിച്ചു തന്റെ നേരെ ആക്രമിപ്പിപ്പൂ. പിന്നെ താനും മിത്രവുംകൂടിച്ചെന്ന് അവനെ ഹനിക്കയോ ജീവനോടെ പിടിച്ചു രാജ്യം വെപ്പിക്കയോ ചെയ്വൂ. മിത്രമുഖേന പ്രേരിപ്പിച്ചിട്ടും ശത്രു അഗ്രാഹ്യദേശത്തിരിക്കുന്നതായാൽ അവന്റെ മൂലസ്ഥാനം സാമന്താദികളെക്കൊണ്ടു ഹരിപ്പിക്കുകയും, സൈന്യത്തെക്കൊണ്ടതിനെ രക്ഷിപ്പാൻ ശ്രമിച്ചാൽ ആ സൈന്യത്തെ ഹനിക്കയും ചെയ്വൂ. മിത്രവും ശത്രുവും തമ്മിൽ ഭേദിക്കാത്തപക്ഷം അവരിലൊരുവനോടു ചേർന്നു മററവന്റെ ഭൂമി പിടിക്കുന്നതിന്നു രണ്ടു

പോരാട്ടം പ്രണനം ചെയ്വൂ. പിന്നെ മിത്രവ്യഞ്ജനന്മാരോ ഉഭയവേതനന്മാരോ ആയ ഗൂഢപുരുഷന്മാർ അവരിലൊരുവന്റെ ദൂതന്മാരെന്ന നിലയിൽ മററവനോട് "ഇതാ ഈ രാജാവ് (വിജിഗീഷു) ശത്രുവുമായി സന്ധിചെയ്ത് അങ്ങയുടെ രാജ്യം പിടിപ്പാനുത്സാഹിക്കുന്നു" എന്നു സന്ദേശിപ്പൂ. അതുകൊണ്ടു രണ്ടു പേരിലൊരുവൻ ശങ്കയും രോഷവുമുള്ളവനായി തന്നോടു യുദ്ധത്തിനു പുറപ്പെട്ടാൽ മേൽപ്രകാരം ചെയ്വൂ.

അഥവാ, വിജിഗീഷു തന്റെ ദുർഗ്ഗത്തിലോ രാഷ്ട്രത്തിലോ സൈന്യത്തിലോ ഉള്ള മുഖ്യന്മാരെ, അവർ കൃത്യപക്ഷത്തെ സഹായിക്കുന്നുവെന്ന കാരണം പ്രസിദ്ധമാക്കി, രാജ്യത്തിൽനിന്നു നീക്കം ചെയ്വൂ. അവർ ശത്രുവിനെ ചെന്നാശ്രയിച്ച്, യുദ്ധമോ ദുർഗ്ഗനിരോധമോ വ്യസനങ്ങളോ വരുമ്പോൾ ശത്രുവിനെ വഞ്ചിക്കയോ, സ്വവർഗ്ഗക്കാരിൽനിന്നു ഭേദിപ്പിക്കയോ, കൂടലേഖ്യങ്ങൾ മുഖേന ഭേദത്തിനു വഴിപ്പെടുത്തുകയോ ചെയ്വൂ. അല്ലെങ്കിൽ, നായാട്ടുകാരെന്ന വ്യാജേന പെരുമാറുന്ന ഗൂഢപുരുഷന്മാർ ശത്രുനഗരത്തിന്റെ ദ്വാരത്തിൽ മാംസവിക്രയം ചെയ്തു ദ്വാരപാലന്മാരെ ആശ്രയിച്ചുംകൊണ്ടു വസിപ്പൂ. അവര രണ്ടു മൂന്നു പ്രാവശ്യം ചോരന്മാരുടെ വരവിനെ സ്വാമിയോടറിയിച്ചു സ്വാമിയുടെ വിശ്വാസത്തിനു പാത്രമായതിന്നുശേഷം, ചോരന്മാർ ഗ്രാമത്തിൽ കൊള്ള ചെയ്യുന്നതിനെ തടുക്കുന്നതിനും നഗരത്തിൽ ആക്രമിക്കുന്നതിനെ തടുക്കുന്നതിനുമായി സ്വാമിയുടെ സൈന്യത്തെ രണ്ടായിത്തിരിച്ചു "ചോരന്മാർ അടുത്തുകഴിഞ്ഞു. വല്ലാത്ത തിരക്കായിരിക്കുന്നു. ധാരാളം സൈന്യങ്ങൾ വരണം" എന്നു പറവൂ. ഒരു സൈന്യവിഭാഗത്തെ ഗ്രാമത്തിൽ കൊള്ളചെയ്യുന്നതിനെ തടുക്കാനയച്ച്, മററെ സൈന്യവിഭാഗത്തെയും കൂട്ടി രാത്രിയിൽ ദുർഗ്ഗദ്വാരത്തിൽ

വന്നു "ശത്രുക്കളെ കൊന്നുകഴിഞ്ഞു. സൈന്യങ്ങൾ പോയ കാൎയ്യം സാധിച്ച് ഇതാ വന്നിരിക്കുന്നു. വാതിൽ തുറക്കുക" എന്നു വിളിച്ചുപറവൂ. അഥവാ മുമ്പുതന്നെ അവിടെ പ്രണിഹിതരായ ചാരന്മാർ വാതിൽ തുറന്നുകൊടുപ്പൂ. പിന്നെ അവരോടുംകൂടി ദുൎഗ്ഗത്തെ ആക്രമിപ്പൂ.

കാരുക്കൾ, ശില്പികൾ, പാഷണ്ഡന്മാർ, കുശീലവന്മാർ, വൈദേഹകന്മാർ എന്നിവരുടെ വേഷത്തോടുകൂടിയ ആയുധീയന്മാരായ ഗൂഢപുരുഷന്മാരെ വിജിഗീഷു ശത്രുദുൎഗ്ഗത്തിൽ വസിപ്പിപ്പൂ. അവൎക്കു വേണ്ട ആയുധങ്ങളെയും ആവരണങ്ങളെയും ഗൃഹപതിവ്യഞ്ജനന്മാർ വിറകോ പുല്ലോ ധാന്യമോ പണ്യമോ കൊണ്ടുപോകുന്ന വണ്ടികളിലൂടെയോ ദേവതാധ്വജങ്ങളോ പ്രതിമകളോ കൊണ്ടുപോകുന്നതോടുകൂടിയോ അടുപ്പിച്ചുകൊടുപ്പൂ. എന്നിട്ട് തദ്വ്യഞ്ജനന്മാർ (കാരുശില്പ്യാദിവേഷധാരികൾ), പ്രമത്തരായിരിക്കുന്നവരെ വധിക്കുന്നതും, ബലാൽക്കാരേണ ആക്രമിച്ചു പിടിക്കുന്നതും നേരിട്ടു പ്രഹരിക്കുന്നതുമായ ഒരു സൈന്യം പൃഷ്ഠഭാഗത്തുനിന്നു വരുന്നതായി ശംഖനാദത്തോടും ദുന്ദുഭിനാദത്തോടുംകൂടി ദുൎഗ്ഗവാസികളെ അറിയിപ്പൂ. പിന്നെ പ്രാകാരദ്വാരവും അട്ടാലകവും തുറന്നുകൊടുക്കുകയോ സൈന്യത്തെ ഭേദിപ്പിക്കയോ വധിക്കയോ ചെയ്‌വൂ. അഥവാ സാൎത്ഥഗണവാസികൾ (കൂട്ടമായി വസിക്കുന്ന വണിക്കുകൾ), ആതിവാഹികന്മാർ (യാത്രികസംഘങ്ങൾ), കന്യകയെ കൊണ്ടുപോകുന്നവർ, കുതിരക്കച്ചവടക്കാർ, ഉപകരണഹാരകന്മാർ, ധാന്യം വില്ക്കുകയും വാങ്ങുകയും ചെയ്യുന്നവർ, പ്രവ്രജിതന്മാർ എന്നിവരുടെ വേഷം ധരിച്ച ഗൂഢപുരുഷന്മാർ മുഖേന ശത്രുവിന്റെ ദുൎഗ്ഗത്തിലേക്കു സൈന്യത്തെ കടത്തിക്കുകയോ വിശ്വാസത്തിന്നായി സന്ധിചെയ്യിക്കയോ ചെയ്‌വൂ. ഇ

ങ്ങനെ രാജാപസർപ്പന്മാർ (രാജാവിനെ ഉദ്ദേശിച്ചുള്ള അപസർപ്പന്മാർ.)

ഇവരും, കണ്ടകശോധനത്തിൽ പറയപ്പെട്ടവരുമായ അപസർപ്പന്മാരെ അടവികളിൽ പ്രയോഗിപ്പൂ. ശത്രുരാജ്യത്തു് അടവീസമീപത്തിലുള്ള ഗോവ്രജത്തെയോ വണിക്സംഘത്തെയോ അപസർപ്പന്മാർ ചോരന്മാരെക്കൊണ്ടു ഹരിപ്പിപ്പൂ. അഥവാ, മുൻകൂട്ടി ഏർപ്പാടുചെയ്തു് അന്നപാനങ്ങളിൽ മദനരസം ചേർത്തു മാറിപ്പോകയും അതുകൊണ്ടു വികാരം വരുന്ന സമയത്തു ഗോപാലകന്മാരുടേയും വൈദേഹകന്മാരുടേയും ചോരന്മാരുടേയും വേഷത്തിലുള്ള ഗൂഢപുരുഷന്മാർ ഗോവ്രജത്തെ കവരുകയും ചെയ്വൂ. അല്ലെങ്കിൽ, സങ്കർഷണന്റെ (ബലഭദ്രനെന്ന മദ്യപ്രിയദേവതയുടെ) ഭക്തനും മുണ്ഡനെന്നോ ജടിലനെന്നോ നടിച്ചു വർത്തിക്കുന്നവനുമായ ഗൂഢപുരുഷൻ മദനരസം ചേർത്ത പ്രീതിഭോജനം നൽകി വഞ്ചിക്കയും, അതിന്നുശേഷം അവസ്കന്ദം ചെയ്കയും ചെയ്വൂ. അഥവാ, ശൌണ്ഡികവ്യഞ്ജനൻ ദേവകാര്യം, പ്രേതകാര്യം, ഉത്സവം, സമാജം എന്നിവയിൽവച്ചു മദനരസം ചേർത്തതായ മദ്യം ഉപായനമായിക്കൊടുത്തു് ആടവികന്മാരെ വഞ്ചിച്ചു് അവസ്കന്ദം ചെയ്വൂ.

ഗ്രാമഘാതത്തിനേൽക്കുമ്പോഴ
പ്രതിപീഡിച്ചു കാടരെ
ഹനിച്ചീടേണമീവണ്ണം
ചൊന്നേൻ ചോരാപസർപ്പരെ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ദുർഗ്ഗലംഭോപായമെന്ന
പതിമൂന്നാമധികരണത്തിൽ, അപസർപ്പപ്രണിധി
എന്ന മൂന്നാമദ്ധ്യായം.

## നാലാം അദ്ധ്യായം.

### ഒരുനൂറെറഴുപത്തിനാലും എഴുപത്തഞ്ചും പ്രകരണങ്ങൾ.

### പഞ്ചപാസനകർമ്മം, അവമർദ്ദം.

കർശനം (കോശദണ്ഡക്ഷയം വരുത്തുക) ചെയ്തതിന്നു ശേഷം വേണം പഞ്ചപാസനാകർമ്മം (ശത്രുവിൻെറ കോട്ട വളയുക) ചെയ്വാൻ. അപ്പോഴും ജനപദത്തെ മുമ്പിരുന്ന വിധംതന്നെ ഭയംകൂടാതെയിരുത്തണം. ജനപദം ക്ഷോഭിച്ച് ലഹളയ്ക്കു പുറപ്പെട്ടാൽ, വിജിഗീഷു അതിനെ ഉപേക്ഷിച്ചുപോകുവാൻ വിചാരിക്കാത്തപക്ഷം, അനുഗ്രഹപരിഹാരങ്ങൾ നൽകി ഒതുക്കണം. ജനങ്ങളെ ഒരു ഭൂമിയിലായി വസിപ്പിച്ചിട്ട് അതിൽനിന്നകന്നതായ ഭൂമിയിൽ വച്ചു വേണം യുദ്ധം ചെയ്വാൻ. ജനങ്ങൾ ധാരാളമില്ലാത്തതായ ഒരു ദേശം ജനപദമോ രാജ്യമോ ആകയില്ലെന്നാണു കൌടില്യൻെറ അഭിപ്രായം. ജാനപദന്മാർ എതിർക്കുകതന്നെ ചെയ്താൽ വിജിഗീഷു അവരുടെ മുഷ്ടി (ബീജവാപം), സസ്യം എന്നിവയേയും വീവധപ്രസാരങ്ങളേയും ഹനിപ്പൂ.

> പ്രസാരവീവധച്ഛേദം,
> മുഷ്ടിസസ്യവിനാശനം,
> വമനം, ഗൂഢവധവും
> പ്രകൃതിക്ഷയഹേതുവാം.

വിജിഗീഷു എപ്പോൾ "എൻെറ സൈന്യത്തിന്നു ധാരാളം ഗുണവത്തായ ധാന്യവും കുപ്യവസ്തുക്കളും യന്ത്രങ്ങളും ശസ്ത്രാവരണങ്ങളും കർമ്മകരന്മാരും കയറുകളുമുണ്ട്, കാലവും അനുകൂലമാണ്; ശത്രുവിന്നാകട്ടെ കാലം നല്ലതല്ല, വ്യാധികളും ദുർഭിക്ഷവും ധാന്യാദിനിചയങ്ങൾക്കും രക്ഷകൾക്കും ക്ഷയവും ക്രീതസൈന്യങ്ങളുടേയും മിത്രസൈന്യങ്ങളുടേയുമിടയിൽ നിർവ്വേദവും ഭവിച്ചിട്ടുണ്ട്" എന്നു വിചാരിക്കുന്നുവോ അപ്പോൾ പഞ്ചപാസനകർമ്മം ചെയ്യണം.

തന്റെ സ്കന്ധാവാരത്തിനും വീവധാസാരങ്ങൾക്കും മാൎഗ്ഗത്തിനും വേണ്ട രക്ഷ ചെയ്തു, ദുൎഗ്ഗത്തെ (സ്കന്ധാവാരത്തെ) ചുററും കിടങ്ങും മതിലും പണിയിച്ചുറപ്പിച്ചു, ശത്രുവിന്റെ കിടങ്ങുകളിലെ വെള്ളം ദൂഷിപ്പിക്കയൊ ചോൎത്തുകളകയോ കിടങ്ങുകളെ വെള്ളംകൊണ്ടു നിറക്കുകയൊ ചെയ്തിട്ട്, ഉരങ്കവും ബലാംഡികം (ഭൂഗൎഭത്തിലൂടെ സൈന്യങ്ങൾക്കു കടപ്പാനുള്ള വഴി)യും നിൎമ്മിച്ചു കടന്നു ശത്രുവിന്റെ വപ്രപ്രാകാരങ്ങളെ പിളൎപ്പൂ. ഭാരമായ (പിളൎപ്പുള്ള) ഭാഗത്തെ ഗുള്മംകൊണ്ടും കണ്ടധികമുള്ള ഭാഗത്തെ മണ്ണുകൊണ്ടും മൂടുകയും, വലിയ രക്ഷാവിധാനമുള്ളതിനെ യന്ത്രങ്ങളെക്കൊണ്ടു തകൎക്കുകയും, ദ്വാരത്തിൽനിന്നു തടസ്ഥങ്ങൾ നീക്കി അശ്വങ്ങളെക്കൊണ്ടു പ്രഹരിക്കയും, ദുൎഗ്ഗസ്ഥനായ ശത്രുവിന്റെ വിക്രമങ്ങൾക്കിടയിൽ ഉപായങ്ങളുടെ നിയോഗമോ വികല്പമോ സമുച്ചയമോ പ്രയോഗിച്ചു ജയം ലഭിക്കുകയും ചെയ്വൂ.

ശ്യേനം (പരുന്ത്), കാക്ക, നപ്താവ് (വിഷ്കിരം), ഭാസം, ശുകം (തത്ത), ശാരിക (മൈന), ഉലൂകം (കൂമൻ), കപോതം (മാടപ്രാവ്) എന്നിവയെപ്പിടിച്ച് അവയുടെ വാലുകളിൽ അഗ്നിയോഗങ്ങൾ (തീപിടിപ്പിക്കുന്ന ഔഷധയോഗങ്ങൾ) വച്ചുകെട്ടി ശത്രുവിന്റെ ദുൎഗ്ഗത്തിനുള്ളിലേക്കു വിസൎജ്ജിക്കുകയൊ, അകലത്തുള്ള സ്കന്ധാവാരത്തിൽനിന്ന് ഉന്നതങ്ങളായ ധ്വജങ്ങളിൽ സ്ഥിതിചെയ്യുന്ന വില്ലാളികളോ രക്ഷാപുരുഷന്മാരോ മാനുഷാഗ്നികൊണ്ടു ശത്രുദുൎഗ്ഗത്തെ തീയിട്ടു കത്തിക്കയോ ചെയ്വൂ. ശത്രുവിന്റെ അന്തപാലന്മാരായും ദുൎഗ്ഗപാലന്മാരായുമിരിക്കുന്ന വിജിഗീഷുവിന്റെ ഗൂഢപുരുഷന്മാർ കീരികളുടെയും വാനരന്മാരുടേയും പൂച്ചകളുടേയും ശ്വാക്കളുടെയും വാലുകളിൽ അഗ്നിയോഗങ്ങളെ വച്ചുകെട്ടി ധാന്യാദിനിചയങ്ങളും രക്ഷാസാമഗ്രികളും വച്ചിട്ടുള്ള ഗൃഹങ്ങളിലേക്ക്

അവയെ വിസൎജ്ജിച്ചു. ഉണങ്ങിയ മത്സ്യങ്ങളുടെ ഉദരത്തിലോ ഉണങ്ങിയ മാംസത്തിന്നുള്ളിലോ അഗ്നിയോഗത്തെ പ്രക്ഷേപിച്ചു കാക്കകൾക്കു തിന്മാനായി ഇട്ടുകൊടുത്തു പക്ഷികൾ മുഖേന അവയെ ദുൎഗ്ഗത്തിന്റെ മുകളിലേക്കു കടത്തിച്ചു.

സരളം, ദേവദാരു, പൂതിതൃണം, ഗുൽഗുലു, ശ്രീവേഷ്ടകം (തിരുവട്ടപ്പശ), സൎജ്ജരസം (ചെഞ്ചല്യം), ലാക്ഷ (അരക്കു) എന്നിവയും കഴുത, ഒട്ടകം, ആട്, ചെമ്മരിയാട് എന്നിവയുടെ ചാണകവും കൂട്ടിയരച്ചുണ്ടാക്കിയ ഗുളികകൾ അഗ്നിധാരണം (ഉള്ളിൽ അഗ്നിയെ ധരിക്കുന്നതു്) ആകുന്നു. പ്രിയാളചൂൎണ്ണം, അവൽഗുജമഷി, മധൂച്ഛിഷ്ടം (മെഴു) കുതിരയുടേയും കഴുതയുടേയും ഒട്ടകത്തിന്റേയും പശുവിന്റേയും ചാണകം എന്നിവ ക്ഷേപ്യമായ (എറിയാൻ പററിയ) അഗ്നിയോഗമാകുന്നു. അഗ്നിവൎണ്ണമാകുമാറു് വറുത്തു പൊടിച്ച സൎവ്വലോഹചൂൎണ്ണം, കുംഭി സീസം ത്രപു എന്നിവയുടെ ചൂൎണ്ണം, ചേപ്പിൻപൂവു്, പ്ലാശിൻപൂവു്, തലമോമം കത്തിച്ച മഷി, എണ്ണ, മധൂച്ഛിഷ്ടം, ശ്രീവേഷ്ടകം എന്നിവ കൂടിയ യോഗവും അഗ്നിയോഗമത്രെ. അവ അരച്ചു തേച്ചു ശണം, ത്രപു, സീസം എന്നിവയുടെ പൊടിയും ചേൎത്തു നാരുകൊണ്ടു കെട്ടിയ ബാണം വിശ്വാസഘാതി (വിശ്വസിപ്പിച്ചുകൊല്ലുന്നതു്) ആകുന്നു. ഇങ്ങനെ അഗ്നിയോഗങ്ങൾ. വേറെ വിക്രമിപ്പാനൊരു വഴിയുള്ളപ്പോൾ അഗ്നിയെ പ്രയോഗിക്കരുതു്. എന്തുകൊണ്ടെന്നാൽ, അഗ്നി വിശ്വസിപ്പാൻ വയ്യാത്തതും, ദൈവപീഡനവും അസംഖ്യം പ്രാണികൾക്കും ധാന്യങ്ങൾക്കും പശുക്കൾക്കും ഹിരണ്യത്തിന്നും കുപ്യദ്രവ്യങ്ങൾക്കും ക്ഷയംവരുത്തുന്നതുമാകുന്നു. ധാന്യാദിനിചയങ്ങൾ ക്ഷയിച്ചിട്ടുള്ള രാജ്യം ലഭിച്ചാൽകൂടിയും അതു് ക്ഷയത്തിന്നു കാരണമാകയേ ഉള്ളു.

ഇങ്ങനെ പൎയ്യുപാസനകൎമ്മം.

എപ്പോൾ "എനിക്ക് എല്ലാ സന്നാഹങ്ങളും ഉപകരണങ്ങളും കർമ്മകരന്മാരും തികഞ്ഞിട്ടുണ്ട്. ശത്രുവാകട്ടെ വ്യാധിതനോ ഉപധകളിൽ വിരുദ്ധരാണെന്നു തെളിഞ്ഞ പ്രകൃതികളോടു (അമാത്യാദികളോടു) കൂടിയവനോ ദുർഗ്ഗസംസ്കാരവും ധാന്യാദിസഞ്ചയനവും ചെയ്യാത്തവനോ ആസാരം (സൈന്യബലം) ഇല്ലാത്തവനോ ഉണ്ടെങ്കിലും മിത്രങ്ങളോടു സന്ധിചെയ്തിട്ടില്ലാത്തവനോ ആണ്" എന്നു വിജിഗീഷുവിനു തോന്നുന്നുവോ അപ്പോൾ അവമർദ്ദകാലം (യുദ്ധം തുടങ്ങേണ്ട കാലം) ആകുന്നു.

സ്വയംകൃത അഗ്നിഭയം ഉണ്ടാകയോ ഉണ്ടാക്കപ്പെടുകയോ ചെയ്ക, പ്രവഹണം, കാഴ്ച, സൈന്യദർശനം എന്നിവയിൽ ജനങ്ങൾ വ്യാപൃതരായിരിക്കുക, മദ്യപന്മാർ തമ്മിൽ കലഹമുണ്ടായിരിക്കുക, നിരന്തരയുദ്ധത്താൽ സൈന്യങ്ങൾ ക്ഷീണിച്ചും വളരെയാളുകൾ പരുക്കേറ്റും മരിച്ചുമിരിക്കുക, ജനങ്ങൾ ഉറക്കമൊഴിച്ചു തളർന്നുറങ്ങുക, കലശലായ മഴക്കാറോ വെള്ളപ്പൊക്കമോ മഞ്ഞോ ഉണ്ടാവുക എന്നിവയുള്ളപ്പോഴാണവമർദ്ദം ചെയ്യേണ്ടതു്. സ്കന്ധാവാരംവിട്ടു വനത്തിൽ ഗൂഢനായിരുന്നിട്ടു ശത്രു പുറത്തു വരുന്ന സമയത്തു ചെന്നു ഹനിക്കുകയുമാകാം.

സംരുദ്ധനോടു (പശ്ചപാസനംകൊണ്ടു നിരോധിക്കപ്പെട്ടവനോടു) അവന്റെ മിത്രമായോ മിത്രസൈന്യമുഖ്യനായോ വർത്തിക്കുന്ന വിജിഗീഷുവിന്റെ ഗൂഢപുരുഷൻ മൈത്രി സമ്പാദിച്ചു് അഭിത്യക്തൻ (വധ്യൻ) ആയ ദൂതൻ മുഖേന "അങ്ങേക്കു ഇന്ന ഛിദ്രമുണ്ടു്; ഇന്നവർ ദൂഷ്യന്മാരാണു്; ഇന്നിന്നവർ അങ്ങയെ രോധിക്കുന്നവന്റെ കൃത്യപക്ഷക്കാരാണു്" എന്നു സന്ദേശിപ്പു. ആ ദൂതൻ പ്രതിദൂതവും (മറുവടി) വാങ്ങി മടങ്ങിപ്പോകുമ്പോൾ വിജിഗീഷു പിടിച്ചു് കുററം ആരോപിച്ചു കൊല്ലുകയും, ശത്രുവിനെ ആക്രമിക്കുന്നതിൽനിന്നു വിരമിക്കയും ചെയ്യൂ. പിന്നെ ആ മിത്രവ്യഞ്ജനനോ മിത്രസൈന്യമുഖ്യവ്യഞ്ജന

ദനാ ആയവൻ സംരുദ്ധനോട്ട "എന്നെ സഹായിപ്പാൻ വരിക; എന്നോടുകൂടിച്ചേൎന്നു സംരോദ്ധാവിനെ അകററു ക" എന്നു സന്ദേശിപ്പൂ. അതു സമ്മതിച്ചു പുറപ്പെട്ടാൽ വിജിഗീഷു മുന്നിലും പിന്നിലും പീഡനംചെയ്ത് അവനെ കൊല്ലുകയോ, ജീവനോടെ പിടിച്ചു രാജ്യം വെപ്പിക്കുക യോ, അവന്റെ നഗരത്തെ മൎദ്ദിക്കുകയോ, സാരബലത്തെ വാമനംചെയ്തു (പുറത്തുവരുത്തി) ഹനിക്കുകയോചെയ്വൂ. ഇതുകൊണ്ടു ദണ്ഡോപനതന്മാർ, ആടവികന്മാർ എന്നി വർ മുഖേന ചെയ്യേണ്ടതും പറഞ്ഞുകഴിഞ്ഞു.

ദണ്ഡോപനതൻ, ആടവികൻ എന്നിവരിലൊരു വൻ സംരുദ്ധനോട് "ഈ സംരോദ്ധാവു വ്യാധിതനാണ്; പാൎഷ്ണിഗ്രാഹനാൽ അഭിയുക്തനാണ്; ഇവന്നു മറെറാരു ഛിദ്രം ഉണ്ടായിരിക്കുന്നു; ഇവൻ ഇവിടംവിട്ടു അന്യഭൂമി യിലേക്കു പോകുവാൻ ശ്രമിക്കുന്നുണ്ട്" എന്നു സന്ദേശിപ്പൂ. സംരുദ്ധൻ അതു വിശ്വസിച്ചു എന്നു കണ്ടാൽ സംരോദ്ധാ വു സ്കന്ധാവാരം കൊളുത്തിവച്ച് അതിൽനിന്നു പോകയും, പിന്നെ മേൽപ്പറഞ്ഞപ്രകാരം അനുഷ്ഠിക്കയും ചെയ്വൂ. അഥവാ, വിഷം ചേൎത്തുവയായ പണ്യവസ്തുക്കൾ അയച്ചു കൊടുത്ത് അതുകൊണ്ടു സംരുദ്ധനെ വഞ്ചിപ്പൂ. അല്ലെ ങ്കിൽ മിത്രസൈനികമുഖ്യനെന്ന വ്യാജേന വൎത്തിക്കുന്ന ഗൂഢപുരുഷൻ സംരുദ്ധനോടു "ഞാൻ ആദ്യം ചെന്നു സം രോദ്ധാവിനെ അഭിഹനിക്കാം; അപ്പോഴയ്ക്കു് അവനെ അഭിഹനിക്കുവാൻ അങ്ങും പുറത്തേക്കു വരണം" എന്നു ദൂ തമുഖേന സന്ദേശിക്കയും, അവനതു സമ്മതിച്ചാൽ വിജി ഗീഷു മേൽപ്പറഞ്ഞതുപോലെ പ്രവൃത്തിക്കയും ചെയ്വൂ. അഥവാ, വിജിഗീഷുവിന്റെ ഗൂഢപുരുഷന്മാർ ശത്രുവി ന്റെ മിത്രമോ ബന്ധുവോ ആണെന്നു വ്യാജം പറഞ്ഞു ക ള്ളമുദ്രയോടുകൂടി കോട്ടയ്ക്കുള്ളിൽക്കടന്ന് അവനെ ബലാൽ ക്കാരേണ അഭിഗ്രഹിപ്പൂ. അല്ലെങ്കിൽ മിത്രസൈന്യമു

ഖ്യൻ എന്ന വ്യാജേന വർത്തിക്കുന്നവൻ സംരുദ്ധനോട് "ഇന്ന സ്ഥലത്ത് ഇന്ന സമയത്തു ഞാൻ സംരോദ്ധാവിന്റെ സ്കന്ധാവാരത്തെ അഭിഹനിക്കുന്നതാണ്; അപ്പോൾ അങ്ങുന്നും വന്നു യുദ്ധം ചെയ്യണം" എന്നു സന്ദേശിക്കുകയും, അവൻ അതു വിശ്വസിച്ചാൽ പറഞ്ഞപ്രകാരം തന്നെ സ്കന്ധാവാരത്തെ അഭിഹനിക്കുന്ന ലഹള കളവായിക്കാട്ടിക്കൊടുക്കുകയും, രാത്രിയിൽ ദുർഗ്ഗത്തിൽനിന്നു പുറത്തു വരുമ്പോൾ അവനെ ഹനിക്കുകയും ചെയ്യൂ.

അഥവാ "സംരുദ്ധന്റെ നേരെ വിക്രമിച്ച് അവന്റെ ഭൂമി പിടിച്ചടക്കുക" എന്നു പറഞ്ഞു മിത്രത്തെ പുറപ്പെടുവിക്കുകയൊ ആടവികനെ ഉത്സാഹിപ്പിക്കുകയോ ചെയ്യൂ. വിക്രമിക്കുമ്പോൾ അവനെ പ്രകൃതികൾ മുഖേനയോ ദൂഷ്യമുഖ്യനെ പാട്ടിൽപ്പിടിച്ചോ കൊല്ലിക്കുകയോ, താൻതന്നെ വിഷംകൊടുത്തു കൊല്ലുകയോ ചെയ്യൂ. പിന്നെ പരന്റെ മിത്രമെന്ന നിലയിൽ പെരുമാറുന്ന ഗൂഢപുരുഷൻ "ഇവൻ എന്റെ മിത്രഘാതകനാണ്" എന്നു വിക്രമിപ്പാനിച്ഛിക്കുന്ന ശത്രുവിനോടു പറകയും, വിശ്വസ്തനായിത്തീർന്നിട്ട് അവന്റെ പ്രവീരപുരുഷന്മാരെ ഹനിപ്പിക്കുകയും ചെയ്യൂ. അഥവാ വിജിഗീഷു ശത്രുവിനോടു സന്ധിചെയ്ത് അവനെ ഒരു ജനപദത്തിങ്കൽ നിവേശിപ്പിക്കുകയും, നിവിഷ്ടമായ ആ ജനപദത്തെ ഗൂഢമായി ഹനിക്കുകയും ചെയ്യൂ. അഥവാ തന്റെ ദൂഷ്യാടവികന്മാരിൽ അപകാരം പ്രവൃത്തിപ്പിച്ച് അവരോടെതിർക്കുവാനായി ശത്രുസൈന്യത്തിൽ ഒരു ഭാഗത്തെ അയപ്പിക്കുകയും, ആ അവസരത്തിൽ ശത്രുദുർഗ്ഗത്തെ കയ്യേറിപ്പിടിക്കുകയും ചെയ്യൂ. വിജിഗീഷുവിനാൽ അർത്ഥമാനങ്ങളും ബഹുമതിചിഹ്നങ്ങളും നൽകി മാനിക്കപ്പെടുന്ന ശത്രുവിന്റെ ദൂഷ്യന്മാർ, അമിത്രന്മാർ, ആടവികന്മാർ, ദ്വേഷ്യന്മാർ, പ്രത്യപസൃതന്മാർ (പരങ്കൽനിന്നു വിട്ടുപോ

ന്ന് പിന്നെ അവനെ പ്രാപിച്ചവർ) എന്നിവർ ശത്രുദുർഗ്ഗത്തെ അവസ്കന്ദം ചെയ്‌വൂ.

ശത്രുവിന്റെ ദുർഗ്ഗത്തെയോ സ്കന്ധാവാരത്തെയോ അവസ്കന്ദംചെയ്തു പിടിച്ചാൽ പരുക്കേററു വീണവർ, ഭയപ്പെട്ടു പിന്തിരിഞ്ഞവർ, ആപത്തിൽപ്പെട്ടവർ, തലമുടി അഴിച്ചിട്ടവർ, ആയുധം വച്ചവർ, ഭയംകൊണ്ടു വിരൂപന്മാരായവർ എന്നിങ്ങനെയുള്ളവർക്കും യുദ്ധം ചെയ്യാതെ കീഴടങ്ങിയവർക്കും അഭയം നൽകണം. ശത്രുദുർഗ്ഗം പിടിച്ചാൽ ശത്രുപക്ഷക്കാരായവരെ പരീക്ഷിച്ചു നീക്കംചെയ്തു അകത്തും പുറത്തും ഉപാംശുദണ്ഡവും മററു പ്രതീകാരങ്ങളും ചെയ്തിട്ടുവേണം ദുർഗ്ഗത്തിനുള്ളിൽ പ്രവേശിപ്പാൻ.

മേൽപ്രകാരം വിജിഗീഷു ആദ്യം അമിത്രന്റെ (ശത്രുവിന്റെ) ഭൂമിയെപ്പിടിച്ചിട്ട് പിന്നെ മധ്യമന്റെ ഭൂമിയെ പിടിപ്പാൻ ശ്രമിക്കയും, അതും സാധിച്ചാൽ പിന്നെ ഉദാസീനന്റെ ഭൂമിയെ പിടിപ്പാനുത്സാഹിക്കുകയും ചെയ്‌വൂ. ഇങ്ങനെയാണ് പൃഥിവിയെ ജയിക്കുന്നതിനുള്ള ഒന്നാമത്തെ മാർഗ്ഗം. മധ്യമോദാസീനന്മാരില്ലാത്തപക്ഷം തന്റെ ഗുണാധിക്യംകൊണ്ട് അരിപ്രകൃതികളെ തന്നിൽ അനുരഞ്ജിപ്പിക്കുകയും അതിനുശേഷം തദനന്തരപ്രകൃതികളെ സാധിപ്പിക്കുകയും ചെയ്‌വൂ. ഇതാണു രണ്ടാമത്തെ മാർഗ്ഗം. മണ്ഡലം (രാജമണ്ഡലം) ഇല്ലാതിരുന്നാൽ ശത്രുവിനെക്കൊണ്ടു മിത്രത്തെയോ മിത്രത്തെക്കൊണ്ടു ശത്രുവിനെയോ മുന്നിലും പിന്നിലും പീഡിപ്പിച്ച് അവരുടെ രാജ്യങ്ങളെ സമ്പാദിപ്പൂ. ഇതാണ് മൂന്നാമത്തെ മാർഗ്ഗം. എളുപ്പത്തിൽ ജയിക്കാവുന്ന ഒരു സാമന്തനെ ആദ്യം ജയിക്കുക; അതുകൊണ്ടു ശക്തി ഇരട്ടിച്ചാൽ രണ്ടാമത്തെ സാമന്തനെജ്ജയിക്കുക; ആ വഴിക്കു ശക്തി ത്രിഗുണമായാൽ മൂന്നാമത്തവനെജ്ജയിക്കുക—ഇതാണ് പൃഥിവിയെ ജയിക്കുന്നതിനുള്ള നാലാമത്തെ മാർഗ്ഗം.

ജയിച്ചുകഴിഞ്ഞാൽ വർണ്ണാശ്രമവിഭാഗത്തോടുകൂടിയ പൃഥിവിയെ സ്വധർമ്മമനുസരിച്ചു പരിപാലിക്കണം.

ഉപജാപാപസർപ്പങ്ങൾ,
വാമനം, പർയ്യുപാസനം,
അവമർദ്ദ പുമഞ്ചേവം
ദുർഗ്ഗലാഭനഹേതുവാം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ദുർഗ്ഗലംഭോപായമെന്ന പതിമൂന്നാമധികരണത്തിൽ, പർയ്യുപാസനകർമ്മം— അവമർദ്ദം എന്ന നാലാമദ്ധ്യായം.

---

## അഞ്ചാം അദ്ധ്യായം.

### ഒരുനൂറെറഴുപത്താറാം പ്രകരണം.

### ലബ്ധപ്രശമനം.

വിജിഗീഷുവിന്റെ സമുത്ഥാനം അടവി മുതലായത്, ഗ്രാമം മുതലായതു് എന്നിങ്ങനെ രണ്ടു വിധവും അദ്ദേഹത്തിന്റെ ലാഭം (രാജ്യലാഭം) നവം (പുതുതായി സമ്പാദിച്ചതു്), ഭൂതപൂർവ്വം (മുമ്പു തന്റെ വകയായിരുന്നത്; ശത്രുവിൽനിന്നു വീണ്ടെടുത്തതു്), പിത്ര്യം (പിതാവിൽനിന്നു വന്നതു്) എന്നിങ്ങനെ മൂന്നു വിധവുമാകുന്നു.

നവമായ ഒരു രാജ്യം ലഭിച്ചാൽ പരന്റെ (ആ രാജ്യം ഭരിച്ചിരുന്നവന്റെ) ദോഷങ്ങളെ തന്റെ ഗുണങ്ങളെക്കൊണ്ടും, ഗുണങ്ങളെ അതിലിരട്ടിയായ ഗുണങ്ങളെക്കൊണ്ടും മറയ്ക്കുകയും സ്വധർമ്മാനുഷ്ഠാനം, കർമ്മങ്ങളിൽ അനുഗ്രഹപരിഹാരങ്ങൾ, ദാനമാനങ്ങൾ എന്നിവ വഴിയായി പ്രജകൾക്ക പ്രിയഹിതങ്ങളായ കാർയ്യങ്ങളെ അനുഷ്ഠിക്കുകയും ചെയ്യണം.

കൃത്യപക്ഷത്തെ (ശത്രുവിന്റെ വിരോധികളെ) മുമ്പു പറഞ്ഞുവച്ച പ്രകാരമുള്ളതെല്ലാം കൊടുത്തു് ഉപഗ്രഹിക്കണം; അവരിൽ തനിക്കുവേണ്ടി പ്രയാസം ചെയ്യുവൎക്കു നിശ്ചയിച്ചതിൽ കൂടുതൽ കൊടുക്കുകയും വേണം. പറഞ്ഞ വാക്കിനെ വിസംവദിക്കുന്നവൻ സ്വജനങ്ങൾക്കും പരജനങ്ങൾക്കും അവിശ്വാസ്യനായിബ്ഭവിക്കും. പ്രകൃതികൾക്കു വിരുദ്ധമായ ആചാരത്തോടുകൂടിയിരിക്കുന്നവനും അവിശ്വാസ്യനായിത്തീരും. അതുകൊണ്ടു രാജാവു് പ്രകൃതികളുടെ ശീലം, വേഷം, ഭാഷ, ആചാരം എന്നിവയെ താനും അനുസരിക്കണം. ദേശത്തിലെ ദൈവതങ്ങൾ, സമാജങ്ങൾ, ഉത്സവങ്ങൾ, വിഹാരങ്ങൾ എന്നിവയിൽ പ്രകൃതികൾക്കുള്ള വിശ്വാസത്തെ അനുവൎത്തിക്കയും വേണം.

ദേശമുഖ്യന്മാർ, ഗ്രാമമുഖ്യന്മാർ, ജാതിമുഖ്യന്മാർ, സംഘമുഖ്യന്മാർ എന്നിവരുടെ അടുക്കൽ സത്രികൾ അവരോടു പരൻ ചെയ്തിട്ടുള്ള അപകാരത്തേയും, സ്വാമിയുടെ മഹാശയത്വത്തേയും, അനുഗ്രഹത്തിന്നവരുടെ പേരിലുള്ള വാത്സല്യത്തേയും, അവൎക്കിപ്പോഴുള്ള സ്വാമിസൽക്കാരത്തെയും വീണ്ടും വീണ്ടും കാട്ടിക്കൊടുക്കണം. സ്വാമി അവരെ സമുചിതങ്ങളായ രാജഭോഗവും കരമൊഴിവും രക്ഷാവിധാനവും നിശ്ചയിച്ചു തൃപ്തരാക്കി ഭരിക്കുകയും ചെയ്യണം. എല്ലാ ദേവതമാരേയും എല്ലാ ആശ്രമികളേയും പൂജിക്കയും, വിദ്യാശൂരന്മാരും വാക്യശൂരന്മാരും ധൎമ്മശൂരന്മാരുമായ ആളുകൾക്കു ഭൂമിയും ദ്രവ്യവും ദാനംചെയ്കയും കരമൊഴിവു കല്പിക്കയും ചെയ്യണം. ബന്ധനസ്ഥന്മാരായ എല്ലാവരേയും വിടുകയും, ദീനരും അനാഥരും വ്യാധിതരുമായവൎക്കു് അനുഗ്രഹം നൽകുകയും വേണം. ചാതുൎമ്മാസ്യങ്ങളിൽ (നന്നാലുമാസം കൂടുമ്പോൾ) അരമാസം കാലവും, പൌൎണ്ണമാസികമദ്ധ്യോരു നന്നാലു ദി

വസവും, രാജാവിൻെറ ജന്മനക്ഷത്രത്തിലും ദേശനക്ഷത്രത്തിലും (രാജ്യം പിടിച്ചടക്കിയ നക്ഷത്രം) ഓരോ ദിവസവും അഘാതം (പ്രാണിവധനിരോധം) ഏൎപ്പെടുത്തണം. യോനികം (ഗർഭധാരണശക്തിയുള്ളവ), ബാലന്മാർ (പിഞ്ചുകുട്ടികരം) എന്നിങ്ങനെയുള്ള ജീവികളുടെ വധത്തേയും പുംസ്ത്വാപഘാതത്തേയും (ബീജശക്തിയെ നശിപ്പിക്കുക; ഉടയ്ക്കുക) നിരോധിക്കണം. യാതൊരു ചരിത്രം (നടവടി) കോശത്തിന്നും സൈന്യത്തിന്നും ഹാനിവരുത്തുന്നതോ അധൎമ്മിഷ്ഠമോ ആകുന്നുവോ അതിനെ നിറുത്തൽചെയ്തു ധൎമ്മ്യമായ നടവടിയെ സ്ഥാപിക്കണം. ചോരപ്രകൃതികരംക്കും (ജാത്യാ ചോരന്മാരായവർ) മ്ലേച്ഛജാതിക്കാൎക്കും പലപ്പോഴും സ്ഥാനവിപൎയ്യാസം (വാസസ്ഥലം മാററുക) കല്പിക്കുകയും, അവർ ഒന്നിച്ചുചേൎന്നു പാൎക്കുന്നതിനെ നിരോധിക്കയും വേണം. പരനാൽ ഉപജാപം ചെയ്യപ്പെട്ട ദുൎഗ്ഗമുഖ്യന്മാർ, രാഷ്ട്രമുഖ്യന്മാർ, ദണ്ഡമുഖ്യന്മാർ, മന്ത്രിപുരോഹിതാദികരം എന്നിവരെ ശത്രുരാജ്യത്തിൻെറ പ്രത്യന്തദേശങ്ങളിൽ ഒററയ്ക്കൊററയ്ക്കു താമസിപ്പിക്കണം. അപകാരം ചെയ്യാൻ ശക്തന്മാരും സ്വാമിവിനാശത്തെ ലക്ഷ്യമാക്കി വസിക്കുന്നവരുമായവരെ ഉപാംശുദണ്ഡംചെയ്തു ശമിപ്പിക്കണം. പരനാൽ ബന്ധനത്തിൽ വയ്ക്കപ്പെട്ടിരുന്ന സ്വദേശീയരെ അപവാഹിതസ്ഥാനങ്ങളിൽ (പിരിച്ച സ്ഥാനങ്ങളിൽ) സ്ഥാപിക്കയും വേണം.

അവൻെറ (ശത്രുവിൻെറ) കുലത്തിലുള്ള അഭിജാതനായ ഒരുവൻ പ്രത്യാദേയമായ ഭൂമിയെ പ്രത്യാദാനം ചെയ്യുവാനോ പീഡിപ്പിക്കുവാനോ ശക്തനായിട്ടു പ്രത്യന്താടവികളിൽ പാൎക്കുന്നുണ്ടെങ്കിൽ അവന്നു്, തനിക്കവൻ എത്ര കോശദണ്ഡങ്ങളെ ദാനംചെയ്താൽ പൌരജാനപദന്മാർ അവനോടു കോപിക്കുമോ അത്ര കോശദണ്ഡങ്ങളെ ദാനം

ചെയ്യേണമെന്നു നിശ്ചയിച്ച്, ഗുണഹീനയായ ഭൂമിയോ ഗുണവതിയായ ഭൂമിയുടെ നാലിലൊരംശമോ കൊടുക്കണം. പൌരജാനപദന്മാർ കോപിച്ചാൽ അവരെക്കൊണ്ട് അവനെ ഹനിപ്പിക്കണം. പ്രകൃതികൾ അവനെ അധിക്ഷേപിക്കുന്നതായാൽ അവനെ നാടുകടത്തുകയോ, അപായകരമായ ദേശത്തിങ്കൽ പാൎപ്പിക്കയോ ചെയ്യണം.

ഭൂതപൂൎവ്വമായ രാജ്യത്തെ ശത്രുവിൽനിന്നു പിടിച്ചടക്കിയാൽ, മുമ്പ് ഏതൊരു പ്രകൃതിദോഷത്താലാണോ അതു കൈവിട്ടുപോയത് ആ പ്രകൃതിദോഷത്തെ മറയ്ക്കുകയും ഇപ്പോൾ ഏതൊരു ഗുണത്താലാണോ അതു തിരികെക്കിട്ടിയത് ആ ഗുണത്തെ ശക്തിപ്പെടുത്തുകയും ചെയ്യണം.

പിത്ര്യമായ രാജ്യം ലഭിച്ചാൽ പിതാവിനുണ്ടായിരുന്ന ദോഷങ്ങളെ മറയ്ക്കുകയും, ഗുണങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യണം.

ധൎമ്മ്യാചാരം തുടങ്ങിപ്പൂ,
നടത്തിപ്പൂ പരൈഃ കൃതം;
അധൎമ്മ്യാത്തുടങ്ങളെല്ലാം,
നിഷേധിപ്പൂ പരൈഃ കൃതം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ദുൎഗ്ഗലംഭോപായമെന്ന പതിമ്മൂന്നാമധികരണത്തിൽ, ലബ്ധപ്രശമനമെന്ന അഞ്ചാമദ്ധ്യായം.**

ദുൎഗ്ഗലംഭോപായം പതിമ്മൂന്നാമധികരണം കഴിഞ്ഞു.

# ഔപനിഷദികം. പതിന്നാലാമധികരണം.

---

## ഒന്നാം അദ്ധ്യായം.

---

### ഒരുനൂററെഴുപത്തേഴാം പ്രകരണം.

### പരഘാതപ്രയോഗം.

ചാതുർവ്വർണ്ണ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി ഔപനിഷദികത്തെ (മന്ത്രൌഷധയോഗത്തെ) അധർമ്മിഷ്ഠന്മാരായവരിൽ പ്രയോഗിക്കണം.

മ്ലേച്ഛജാതിക്കാരും സമ്മതന്മാരുമായ സ്ത്രീപുരുഷന്മാർ ദേശവും വേഷവും ശില്പവും ഭാഷവും വിശ്വാസ്യമായ വിധം മാററി കുബ്ജന്മാർ, വാമനന്മാർ, കിരാതന്മാർ, മൂകന്മാർ, ബധിരന്മാർ, ജഡന്മാർ, അന്ധന്മാർ എന്നിവരുടെ വേഷം ധരിച്ചു ശത്രുക്കളുടെ ശരീരങ്ങളിലും അവരുപയോഗിക്കുന്ന വസ്തുക്കളിലും കാളകൂടം മുതലായുള്ള വിഷവർഗ്ഗത്തെ * പ്രയോഗിപ്പൂ. ശത്രുരാജാവിന്റെ ക്രീഡാപദാർത്ഥങ്ങൾ, ഭൂഷണങ്ങൾ എന്നിവയുടെ നിധാനങ്ങളിലും ദ്രവ്യോപഭോഗങ്ങളിലും ഗൂഢപുരുഷന്മാർ ശസ്ത്രത്തെ നിധാനംചെയ്വൂ; സത്രാജീവികൾ (സത്രികൾ), രാത്രിചാരികൾ, അഗ്നിജീവികൾ എന്നിവർ അഗ്നിയേയും നിധാനംചെയ്വൂ.

ചിത്രഭേകം (ചിത്രവർണ്ണമായ തവള), കൌണ്ഡിന്യകം (മലമൂത്രങ്ങൾ വിഷമായിട്ടുള്ള ഒരു പുഴു), കൃകണം (കൃമിവിശേഷം), പഞ്ചകുഷ്ഠങ്ങൾ (കൊട്ടത്തിന്റെ തൊലിയും ഇലയും പൂവും കായും വേരും), ശതപദി (തേരട്ട)

---

* വിഷവർഗ്ഗത്തെ രണ്ടാമധികരണം പതിനേഴാമദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

എന്നിവയുടെ ചൂർണ്ണം; ഉച്ചിടിംഗം (ഒരുതരം കൃമി), കംബളി (കമ്പിളിപ്പുഴു), ശതകന്ദം, ഇധ്മം, കൃകലാസം (ഓന്ത്) എന്നിവയുടെ ചൂർണ്ണം; ഗൃഹഗൌളിക (പല്ലി), അന്ധാഹികം (കുരുടിപ്പാമ്പ്), കൃകണകം, പൂതികീടം (ദുർഗ്ഗന്ധമുള്ള ഒരു ജാതി കീടം), ഗോമാരിക എന്നിവയുടെ ചൂർണ്ണം—ഈ ചൂർണ്ണങ്ങൾ ഭല്ലാതകരസം (ചേരിൻ പശ), അവൽഗുകാരസം (കാർകോകിലിൻ രസം) എന്നിവയോടു ചേർത്താൽ സദ്യഃപ്രാണഹരം (പൊടുന്നനവെ പ്രാണനെ നശിപ്പിക്കുന്നതു്) ആകുന്നു; ഈ ചൂർണ്ണങ്ങളുടെ ധൂമവും സദ്യഃപ്രാണഹരമാകുന്നു. മേൽപ്പറഞ്ഞ കീടങ്ങളിൽ ഏതെങ്കിലും ഒന്നിനെ കൃഷ്ണസർപ്പം, പ്രിയംഗു എന്നിവയോടു കൂടി ചുട്ടുപൊടിച്ച പൊടി ദേഹത്തെ ശോഷിപ്പിക്കും; അതിന്റെ സംയോഗം (കൃഷ്ണസർപ്പപ്രിയംഗുക്കളോടുകൂടിയ യോഗം) സദ്യഃപ്രാണഹരമാകയും ചെയ്യും. ധാമാർഗ്ഗവം, (ആനപ്പീച്ചിൽ) യാതുധാനം എന്നീ ഓഷധികളുടെ വേരും ഭല്ലാതകപുഷ്പത്തിന്റെ (ചേരിൻപൂവിന്റെ) ചൂർണ്ണവുംകൂടി ചേർത്തതായ യോഗം അര മാസംകൊണ്ടു പ്രാണനെ ഹരിക്കുന്നതാകുന്നു. വ്യാഘാതകമൂലം (കൊന്നയുടെ വേര്), ഭല്ലാതകപുഷ്പചൂർണ്ണം എന്നിവയോടുകൂടിയ കീടയോഗം ഒരുമാസംകൊണ്ടു് പ്രാണനെ ഹരിക്കുന്നതാകുന്നു. ഇതു മനുഷ്യക്കു കലാമാത്ര (അല്പമാത്രം) വും, കഴുതകൾക്കും കുതിരകൾക്കും അതിലിരട്ടിയും, ആനകൾക്കും ഒട്ടകങ്ങൾക്കും നാലിരട്ടിയുമാണു് പ്രയോഗിക്കേണ്ടതു്.

ശതകർദ്ദമം, ഉച്ചിടിംഗം, കരവീരം, കടുതുംബി (പേച്ചുര), മത്സ്യം എന്നിവയുടെ പൊടിയിൽ മദനം (മലങ്കാരക്ക) കോദ്രവം (വരക്) എന്നിവയുടെ ഉമിയോ ഹസ്തികർണ്ണം, പലാശം എന്നിവയുടെ പലാലമോ ചേർത്തു പുകച്ചതായ ധൂമം കാററത്തു പറപ്പിച്ചാൽ നടക്കുമ്പോൾ അതേററവൻ മരിക്കും. പൂതികീടം, മത്സ്യം, കടുതുംബി (പേച്ചു

ത), ശതകൎമ്മം, ഇദ്ധ്മം, ഇന്ദ്രഗോപപ്പുഴു എന്നിവയുടെ ചൂൎണ്ണം; പൂതികീടം, ക്ഷുദ്ര (കണ്ടകാരി), അരാളം (ചെഞ്ചല്യം), ഹേമം (ഉന്മത്ത്), വിദാരി എന്നിവയുടെ ചൂൎണ്ണം; ഈ ചൂൎണ്ണങ്ങളും ബസ്തശൃംഗഖുരചൂൎണ്ണ (ആടിന്റെ കൊമ്പും കുളമ്പും ചുട്ടുപൊടിച്ച ചൂൎണ്ണം)ത്തോടുകൂട്ടി പുകച്ചാൽ ആ പുക ഏൽക്കുന്നവർ അന്ധന്മാരായിഭവിക്കും. പൂതികരഞ്ജപത്രം (ആവൽക്കുമ്പ്), ഹരിതാലം, മനശ്ശില (മനയോല) ഗുഞ്ജ (കുന്നിക്കുരു), രക്തകാൎപ്പാസപലാലം (ചുവന്ന പരുത്തിയുടെ കുരുവിന്റെ ഉമി) എന്നിവയും ആസ്ഫോടം (ചുവന്ന എരുക്ക്), കാചം, ഗോശകൃദ്രസം (ചാണകനീര്) എന്നിവയും കൂട്ടി അരച്ചുണക്കി പൊടിച്ച പൊടികൊണ്ടു പുകക്കുന്നതും അന്ധീകരണമാകുന്നു. സൎപ്പനിൎമ്മോകം (പാമ്പിന്റെ പട), പശുവിന്റെയും കുതിരയുടേയും ചാണകം, അന്ധാഹികത്തിന്റെ ശിരസ്സ് എന്നിവയുടെ ധൂമവും അന്ധീകരണമാകുന്നു.

പാരാവതം (മാടപ്രാവ്), പ്ലവകം, ക്രവ്യാദം (കഴു), ആന, മനുഷ്യൻ, പന്നി എന്നിവയുടെ മലമൂത്രങ്ങളും കാസീസം, ഹിംഗു (കായം), യവതുഷകണതണ്ഡുലം (യവത്തിന്റെ നുറുക്കരിയും തവിടും) എന്നിവയും കാൎപ്പാസബീജം (പരുത്തിക്കൊട്ട), കുടജബീജം (കുടകപ്പാലയരി), കോശാതകീബീജം (പുട്ടൽപ്പീരക്കുരു) എന്നിവയും ഗോമൂത്രിക, ഭാണ്ഡി (ത്രികോല്പക്കൊന്ന) എന്നിവയുടെ വേരും നിംബം (വേപ്പ്), ശിഗ്രു (മുരിങ്ങ), ഫണിജ്ജകം (മണിക്കഞ്ജകം), കാക്ഷീവം (മുരിങ്ങയുടെ ഭേദം), പീലുകം (ഉക) എന്നിവയുടെ ഇലയും സൎപ്പം ശഫരി എന്നിവയുടെ ചൎമ്മവും ഹസ്തിനഖശൃംഗചൂൎണ്ണവും (ആനയുടെ നഖവും കൊമ്പും ചുട്ടുപൊടിച്ച പൊടി) എന്നീ യോഗങ്ങളിൽ ഓരോന്നും മദനം, കോദ്രവം എന്നിവയുടെ ഉമിയോ ഹസ്തികൎണ്ണം,

പലാശം എന്നിവയുടെ പൊടിയോ കൂട്ടി പുകച്ച പുക എവിടെ വ്യാപിക്കുന്നുവോ അവിടെയുള്ളവരെ ഹനിക്കും.

കാളി, കുഷ്ഠം, നഡപ്പുല്ല്, ശതാവരി എന്നിവയുടെ വേരോ സർപ്പം, പ്രചലാകം (മയിൽപ്പീലി), എന്നിവയുടെ പൊടിയോ മേൽച്ചൊന്ന കല്പമനുസരിച്ചോ അരച്ചുണക്കിപ്പൊടിച്ചോ, യുദ്ധത്തിന്നിറങ്ങി ആക്രമിക്കുന്ന ബഹളത്തിൽ തങ്ങളുടെ കണ്ണുകൾക്കു തേജനോദകത്താൽ രക്ഷ ചെയ്തിട്ട ധൂമമമായി പ്രയോഗിച്ചാൽ സർവ്വപ്രാണികളുടേയും നേത്രങ്ങളെ ഹനിക്കുന്നതാകുന്നു.

ശാരിക, കപോതം, ബകം (കൊററി), വലാക (വെള്ളിൽപ്പക്ഷി) എന്നിവയുടെ പുരീഷം, അർക്കക്ഷീരം (എരുക്കിന്റെ പാല്), അക്ഷീക്ഷീരം (താന്നിയുടെ രസം), പീലുകക്ഷീരം (ഉകയുടെ രസം), സ്നുഹീക്ഷീരം (കള്ളിപ്പാല്) എന്നിവ കൂട്ടിയരച്ച് അഞ്ജനം ചെയ്യുന്നത് അന്ധീകരണമാകുന്നു; ഇതു വെള്ളത്തിൽ കലക്കിയാൽ വെള്ളത്തെ ദൂഷിപ്പിക്കയും ചെയ്യും.

യവം, ശാലി (നെല്ല്) എന്നിവയുടെ വേര്, മദനഫലം, ജാതീപത്രം (പിച്ചകത്തിന്റെ ഇല), നരമൂത്രം എന്നിവ പ്ലക്ഷം (അത്തി), വിദാരി (മുതുക്ക്) എന്നിവയുടെ വേരുചേർത്തോ മൂസ്ത (ഒരു തരം വിഷൌഷധി), ഉദുംബരം (അത്തി), മദനം, കോദ്രവം എന്നിവയുടെ കഷായം ചേർത്തോ ഹസ്തികർണ്ണം, പലാശം എന്നിവയുടെ കഷായം ചേർത്തോ പ്രയോഗിക്കുന്നതു മദനയോഗം (മദം ജനിപ്പിക്കുന്ന യോഗം) ആകുന്നു. ശൃംഗി, ഗൌതമവൃക്ഷം കണ്ടകാരം, മയൂരപദി (മയിലോശിക) എന്നിവ; ഗുഞ്ജ, ലാംഗലി (മേത്തോന്നിക്കിഴങ്ങ്) വിഷമൂലിക, ഇംഗുദി (ഓട) എന്നിവ; കരവീരം, അക്ഷപീലുകം, അർക്കം (എരുക്ക്) മൃഗമാരണി എന്നിവ—ഇവയിലേതെങ്കിലും ഒരു യോഗം മദനം, കോദ്രവം എന്നിവയുടെ കഷായം ചേ

ത്തോ ഹസ്തികർണ്ണകം, പലാശം എന്നിവയുടെ കഷായം ചേർത്തോ പ്രയോഗിക്കുന്നതും മദനയോഗമാകുന്നു. ഇപ്പറഞ്ഞ (യവകം മുതലായിട്ടുള്ള) എല്ലാ യോഗങ്ങളും പുല്ലിലും വിറകിലും വെള്ളത്തിലും പ്രയോഗിച്ചാൽ അവയെ ദുഷിപ്പിക്കുന്നതാകുന്നു.

കൃകലാസം, ഗൃഹഗൌളിക, അന്ധാഹികം എന്നിവയുടെ കണ്ഡരകൾ (ഞരമ്പുകൾ) ചുട്ടുപൊടിച്ചതായ പൊടികൊണ്ടുള്ള ധൂമം നേത്രവധത്തെയും ഉന്മാദത്തെയും ജനിപ്പിക്കും. കൃകലാസം, ഗൃഹഗൌളിക എന്നിവയെക്കൊണ്ടുള്ള ധൂമയോഗം കുഷ്ഠത്തെ ഉണ്ടാക്കും; അതുതന്നെ ചിത്രഭേകത്തിൻെറ ആന്ത്രവും (കുടൽ) മധുവും കൂടി ചേർത്തു പ്രയോഗിച്ചാൽ പ്രമേഹത്തെ ജനിപ്പിക്കും; മനുഷ്യരക്തം ചേർത്തു പ്രയോഗിച്ചാൽ ക്ഷയരോഗത്തെയും ജനിപ്പിക്കും. ദൂഷീവിഷം (ഔഷധപ്രയോഗത്താൽ വീര്യം കെട്ടുപോയ വിഷം), മദനത്തിൻെറയും കോദ്രവത്തിൻെറയും ചൂർണ്ണം എന്നിവ ചേർത്തു പ്രയോഗിച്ചാൽ ഉപജിഹ്വിക (ജിഹ്വാസ്തംഭം) എന്ന രോഗത്തെ ജനിപ്പിക്കും. മാതൃവാഹകം (പക്ഷിഭേദം), അഞ്ജലികാരം (ഔഷധഭേദം), പ്രചലാകം (മയിൽപ്പീലി), ഭേകാക്ഷി (തവളയുടെ കണ്ണ്), പീലു എന്നിവ കൂടിയ യോഗം വിഷൂചികയെ ജനിപ്പിക്കും. പഞ്ചകുഷ്ഠങ്ങൾ, കൌണ്ഡിന്യകം, രാജവൃക്ഷപുഷ്പം (കൊന്നപ്പൂവ്), മധു എന്നിവ കൂടിയ യോഗം ജ്വരത്തെ ജനിപ്പിക്കും. ഭാസം (പക്ഷിഭേദം), നകുലം എന്നിവയുടെ ജിഹ്വയും ഗ്രന്ഥികയും (തിപ്പലിവേര്) കൂടി കഴുതപ്പാലിലരച്ച് പ്രയോഗിച്ചാൽ ഒരു മാസംകൊണ്ടോ അര മാസംകൊണ്ടോ മൂകത്വത്തെയും ബധിരതയെയും ജനിപ്പിക്കും. ഇതു മനുഷ്യർക്കു കലാമാത്രം എന്നു മുതലായി മുമ്പു പറഞ്ഞിട്ടുള്ള മാത്രയിലാണ് പ്രയോഗിക്കേണ്ട

ത് *. മേൽപ്പറഞ്ഞ യോഗങ്ങളിലെല്ലാം ഔഷധങ്ങൾ കൊത്തിനുറുക്കി കഷായമാക്കുകയും, പ്രാണികളെ ചൂൎണ്ണമാക്കുകയുമാണു ചെയ്യേണ്ടത്. അല്ലെങ്കിൽ എല്ലാററിനേയും കഷായമാക്കുന്നതിന്നും വിരോധമില്ല. കഷായമാക്കിയാൽ വീൎയ്യം അധികമായിരിക്കും. ഇങ്ങനെ യോഗസമ്പത്ത്.

ശാല്മലി, വിദാരി എന്നിവയുടെ ധാന്യംകൊണ്ടുണ്ടാക്കി മൂലം, വത്സനാഭം എന്നിവ ചേൎത്ത് ചുച്ചുന്ദരീരക്തം തേച്ചുണക്കിയുണ്ടാക്കിയ ബാണം ആരുടെ മേൽ കൊള്ളുന്നുവോ അവൻ ആ ബാണത്താൽ വ്രണിതനായിട്ടു വേറെ പത്താളുകളെ കടിക്കും; ആ കടിയേററാൽ ആ പത്തു പേരും വേറെ പതിപ്പത്തു പേരെ കടിക്കും. ഭല്ലാതകം, യാതുധാനം, അപാമാൎഗ്ഗം (ചെറുകടലാടി), ബാണം(കൊഴിഞ്ഞിൽ) എന്നിവയുടെ പുഷ്പങ്ങളും ഏലം, കാക്ഷി, ഗുല്ഗുലു, ഹാലാഹലം എന്നിവയുടെ കഷായവും ആട്ടിൻെറയും മനുഷ്യൻെറയും രക്തവും ചേൎത്തിട്ടുള്ള യോഗവും ദംശയോഗം (കടിപ്പിക്കുന്നതിന്നുള്ള യോഗം) ആകുന്നു. മേൽപ്പറഞ്ഞവ അരധരണം വീതം എടുത്തു സക്തു (മലർപ്പൊടി), പിണ്യാകം (പിണ്ണാക്കു) എന്നിവയും ചേൎത്ത് വെള്ളത്തിൽ കലക്കിയാൽ നൂറു വിൽപ്പാടു നീളമുള്ള ജലാശയത്തിലെ ജലത്തെ മുഴുവൻ ദുഷിപ്പിക്കും. ഈ യോഗത്തെ വിഴുങ്ങുകയോ തൊടുകയോ ചെയ്താൽ ജലാശയത്തിലുള്ള എല്ലാ മത്സ്യങ്ങളും വിഷമായി ഭവിക്കും. ആ ജലാശയത്തിലെ ജലത്തെ ആർ കുടിക്കുകയോ തൊടുകയോ ചെയ്യുന്നുവോ അവനേയും വിഷം ബാധിക്കും. ഭൂമിയിൽ കുഴിച്ചിട്ട ഉഷ്ട്രികയിൽ (പിഞ്ഞാണിൽ) ഗോധ (ഉടു

* മനുഷ്യൎക്കു കലാമാത്രം (അല്പമാത്രം), കഴുതകൾക്കും കുതിരകൾക്കും അൎദ്ധധരണം(?), ആനകൾക്കും ഒട്ടകങ്ങൾക്കും നാഴികട്ടി എന്നു സാരം.

തരം ജലജന്തു) യെ ചുവന്ന കടുകും വെളുത്ത കടുകും കൂട്ടി മൂന്നുപക്ഷം കാലം ഇട്ടു സൂക്ഷിക്കുക; പിന്നീടു വദ്ധ്യനായ പുരുഷനെക്കൊണ്ട് അതിനെ എടുപ്പിക്കുക. എന്നാൽ എടുക്കുന്നവൻ അതിനെ കാണുന്നതിനോടുകൂടിത്തന്നെ മരിക്കും. ഈ പ്രയോഗത്തിൽ ഗോധയെപ്പോലെ കൃഷ്ണസർപ്പത്തെയും ഉപയോഗിക്കാവുന്നതാണ്.

ഇടിവെട്ടേററു വെന്തു കരിഞ്ഞ മരത്തിന്മേൽ ജ്വാല കൂടാതെ നിൽക്കുന്ന തീ എടുത്ത് ഇടിവെട്ടിയ മരത്തിന്റെ വിറകു കൂട്ടികത്തിച്ച് കാർത്തിക നക്ഷത്രത്തിലോ ഭരണി നക്ഷത്രത്തിലോ രൗദ്രമായ(രുദ്രൻ ദേവതയായിട്ടുള്ള) ഹോമവിധാനമനുസരിച്ച് ഹോമിക്കപ്പെട്ടതായ അഗ്നി ഏതു വസ്തുക്കളിലെങ്കിലും പ്രയോഗിക്കപ്പെട്ടാൽ പ്രതിവിധിയില്ലാത്തവിധം അതിനെ ദഹിപ്പിക്കും.

കർമ്മാരാഗ്നിയെടുത്തിട്ടു
ഹോമിപ്പൂ മാക്ഷികത്തിനാൽ;
സുരയാലേ ശൌണ്ഡികാഗ്നി;
ഘൃതത്താലായസാഗ്നിയും;
മാല്യത്താലേകപത്ന്യഗ്നി;
കടുകാൽ കലടാഗ്നിയും;
സൂതികാവഹ്നി ദധിയാൽ;
അരിയാലാഹിതാഗ്നിയും;
ചണ്ഡാലാഗ്നിയെ മാംസത്താൽ;
ചിതാഗ്നിയെ മനുഷ്യനാൽ;
ഏവം ഹോമിച്ച തീയെല്ലാം
ഛേത്താട്ടിൻവസകൊണ്ടുമേ
മാനുഷസ്രുവകംകൊണ്ടും
കൊന്നമേലേരികൊണ്ടുമേ

ദഹാമിപ്പിതഗ്നിമന്ത്രത്താ-
ലത്തീയപ്രതികാരമാം.
ശത്രുക്കൾക്കതു നോക്കീടിൽ
നേത്രമോഹനമായിടും.

മന്ത്രം:—അദിതേ നമസ്തേ; അനുമതേ നമസ്തേ; സരസ്വതി നമസ്തേ; ദേവ സവിതർന്നമസ്തേ. അഗ്നയേ സ്വാഹാ; സോമായ സ്വാഹാ; ഭൂഃ സ്വാഹാ; ഭുവഃ സ്വാഹാ.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഔപനിഷദികമെന്ന പതിന്നാലാമധികരണത്തിൽ, പരഘാതപ്രയോഗമെന്ന ഒന്നാമദ്ധ്യായം.

---

## രണ്ടാം അദ്ധ്യായം.

### ഒരുനൂററിഎഴുപത്തെട്ടാം പ്രകരണം.

### പ്രലംഭനം—അത്ഭുതോൽപാദനം.

ശിരീഷം (നെന്മേനിവാക), ഉദുംബരം, ശമി എന്നിവയുടെ ചൂർണ്ണം നെയ്ചേർത്തു സേവിക്കുന്നത് അര മാസകാലത്തേക്കുള്ള ക്ഷുദ്യോഗം (വിശപ്പില്ലാതാക്കുവാനുള്ള യോഗം) ആകുന്നു. കശേരു, ഉൽപലം എന്നിവയുടെ കിഴങ്ങും കരിമ്പിന്റെ വേരും ബിസവും (താമരവളയം) കറുകയും കൂട്ടി പാലിലോ ഘൃതമണ്ഡത്തിലോ (നെയ്യിന്റെ തെളി) ചേർത്തു സേവിക്കുന്നതു ഒരു മാസത്തേക്കുള്ള ക്ഷുദ്യോഗമാകുന്നു. ഉഴുന്ന്, യവം, മുതിര, ദർഭവേര് എന്നിവയുടെ പൊടി പാലിലും നെയ്യിലും ചേർത്തോ വല്ലീക്ഷീരവും നെയ്യും സമം ചേർത്തോ സാലം, പൃശ്നിപർണ്ണി (മുവ്വില) എന്നിവയുടെ വേരരച്ച കൽക്കം പാലിൽ ചേർത്തോ

ഈ വേരുകൊണ്ട് സിദ്ധമായ പാൽ തേനും നെയ്യും ചേർത്തോ ഭക്ഷിച്ചാൽ ഒരുമാസം കാലം ഉപവസിക്കാം. (ഭക്ഷണം കൂടാതിരിക്കാം.)

വെളുത്ത ആട്ടിന്റെ മൂത്രത്തിൽ ഏഴു ദിവസം ഇട്ടുവച്ച കടുകിൽനിന്നെടുത്ത എണ്ണ കടുകാലാബുവിൽ (ചുരങ്ങയിൽ) ഒരുമാസമോ അരമാസമോ സൂക്ഷിച്ചുവച്ച് ആ എണ്ണ പ്രയോഗിച്ചാൽ ചതുഷ്പദങ്ങളും ദ്വിപദങ്ങളുമായ ജീവികൾക്കു വൈരൂപ്യം വരും. ഏഴുദിവസം മോരും യവവും മാത്രം ഭക്ഷിപ്പാൻ കൊടുത്തു സൂക്ഷിച്ച വെളുത്ത കഴുതയുടെ ലണ്ഡവും (ചാണകം) യവവും കൂട്ടി കാച്ചിയ ഗൌരസർഷപതൈലവും (വെളുത്ത കടുകിന്റെ എണ്ണ) വൈരൂപ്യത്തെ ഉണ്ടാക്കും.

അവയിൽ (വെളുത്ത ആട്, വെളുത്ത കഴുത എന്നിവയിൽ) ഒന്നിന്റെ മൂത്രവും ചാണകനീരും ചേർത്തു കാച്ചിയ കടുകെണ്ണ അർക്കതൂലം, പതംഗം എന്നിവയുടെ പൊടിയും ചേർത്തു പ്രയോഗിച്ചാൽ ദേഹം വെളുക്കും. വെളുത്ത കോഴി, അജഗരം (പെരുമ്പാമ്പ്) എന്നിവയുടെ മലം ചേർത്തു പ്രയോഗിക്കുന്നതും ശ്വേതീകരണം (ദേഹത്തെ വെളുപ്പിക്കുന്നത്) ആകുന്നു. വെളുത്ത ആട്ടിന്റെ മൂത്രത്തിൽ ഏഴുദിവസം ഇട്ടുവച്ച വെളുത്ത കടുകും, മോര്, എരുക്കിൻപാല്, ഉപ്പ്, ധാന്യം എന്നിവയും കൂട്ടി യോജിപ്പിച്ച് ഒരു പക്ഷം സൂക്ഷിച്ചതിനുശേഷം പ്രയോഗിച്ചാൽ ദേഹം വെളുക്കും. വള്ളിയിൽനിന്നു വേർപെടാത്ത ചുരങ്ങയിൽ അരമാസം കാലം വച്ചു സൂക്ഷിച്ച നാഗരം (ചുക്ക്) വെളുത്ത കടുകു കൂട്ടിയരച്ച് പ്രയോഗിച്ചാൽ രോമങ്ങൾ വെളുക്കും.

ചുരങ്ങ, വൃതിയാം കീടം,
വെളുത്ത ഗൃഹഗൌളിയും

അരച്ചുതേച്ചാൽ കേശങ്ങൾ
ശംഖംപോലെ വെളുത്തിടും.

ചാണകവും തിന്ദുകം, അരിഷ്ടം (വേപ്പ്) എന്നിവയുടെ തൊലിയും കൂട്ടിയരച്ചു മേൽ തേച്ച് അതിന്നുമേൽ ഭല്ലാതകരസം പുരട്ടിയാൽ ഒരു മാസത്തിന്നുള്ളിൽ കുഷ്ഠരോഗം പിടിപെടും. കൃഷ്ണസർപ്പത്തിന്റെ വായിലൊ ഗൃഹഗൌളികയുടെ വായിലോ ഏഴുദിവസം ഇട്ടുവച്ച ഗുഞ്ജ (കുന്നിക്കുരു) അരച്ചുതേച്ചാൽ കുഷ്ഠം പിടിക്കും. ശുകത്തിന്റെ പിത്തം, അണ്ഡരസം (മുട്ടകയിലെ രസം) എന്നിവ കൂട്ടി മേൽ തേക്കുന്നതും കുഷ്ഠത്തെ ജനിപ്പിക്കുന്ന യോഗമാകുന്നു. പ്രിയാളുകൽക്കംകൊണ്ടുള്ള കഷായം സേവിക്കുകയാണ് ആ കുഷ്ഠത്തിന്നുള്ള പ്രതിവിധി.

കക്കടി, കോശാതകി, ശതാവരി എന്നിവയുടെ വേരുചേർത്ത ആഹാരം ഭക്ഷിച്ചാൽ ഒരു മാസംകൊണ്ടു ദേഹം ഗൌരവർണ്ണമാകും.

വടത്തിന്റെ (പേരാൽ) കഷായം പകർന്നു കുളിച്ച് സഹചരത്തിന്റെ (കരിങ്കുറുഞ്ഞി) കൽക്കം മേൽ തേച്ചാൽ ഒരു മാസംകൊണ്ടു ദേഹം കൃഷ്ണവർണ്ണമാകും. ശകുനം (ഗൃധ്രം), കംഗു (പ്രിയംഗു), തൈലം എന്നിവ ചേർത്ത് ഹരിതാലം, മനയോല എന്നിവ അരച്ചുതേച്ചാൽ ദേഹം കറുക്കും.

ഖദ്യോതചൂർണ്ണം (മിന്നാമിനുങ്ങിന്റെ പൊടി) കടുകെണ്ണയും ചേർത്തു പ്രയോഗിച്ചാൽ രാത്രിയിൽ ജ്വാലയെ പുറപ്പെടുവിക്കും. ഖദ്യോതം, ഗണ്ഡൂപദം (ഞാഞ്ഞൂൾ) എന്നിവയുടെ ചൂർണ്ണമോ സമുദ്രജന്തുക്കൾ, ഭൃംഗം (കലിംഗപക്ഷി), കപാലം (തലയോട്) എന്നിവയുടെ ചൂർണ്ണമോ ഖദിരം (കരിങ്ങാലി), കർണ്ണികാരം എന്നിവയുടെ പുഷ്പചൂർണ്ണമോ ശകുനം, കംഗു, തൈലം എന്നിവയോടുകൂടി

യ തേജനചൂൎണ്ണമോ വേപ്പിൻതൊലി ചുട്ട കരിയും തവള യുടെ വസയും കൂട്ടി ദേഹത്തിൽ പൂശിയാൽ ദേഹത്തി ങ്കൽ അഗ്നിയെ ജ്വലിപ്പിക്കും. വേപ്പിൻതൊലി, വജ്രകം, കദളി (കദളിവാഴക്കിഴങ്ങ്), എള്ള് എന്നിവ അരച്ച കൽ ക്കം ദേഹത്തിൽ തേച്ചാൽ അതിൽ അഗ്നി ജ്വലിക്കും. പീലുവിന്റെ തൊലി ചുട്ട മഷി പിണ്ഡമാക്കി ഉള്ളങ്ക യ്യിൽ പുരട്ടിയാൽ അതിൽ അഗ്നി ജ്വലിക്കും. തവളയുടെ വസ ദേഹത്തിൽ പുരട്ടിയാൽ ദേഹത്തിൽനിന്നു അഗ്നി ജ്വ ലിക്കും. പീലുവിന്റെ തൊലി ചുട്ടകരി ദേഹത്തിൽ തേച്ച ശ്വേതം മാണ്ഡുകപർണ്ണിയുടെ എണ്ണയും ചേൎത്തു പുരട്ടുകയോ സമുദ്രമണ്ഡൂകീമഹാഫലം (കടൽതവള), സർജ്ജരസം (ചെഞ്ചല്യം) എന്നിവയുടെ പൊടി പൂശുകയോ ചെയ്താൽ ദേഹ ത്തിൽനിന്ന് അഗ്നി ജ്വലിക്കും. തവളയുടെ വസചേൎത്തു കു റുക്കിയ പാരിഭദ്രം കശീരം(ഞെണ്ട്) മുതലായവയുടെ വസ സ മം ചേൎത്തു കാച്ചിയ തൈലമോ ദേഹത്തിൽ പുരട്ടിയാൽ അതിൽനിന്നു അഗ്നി ജ്വലിക്കും. ഈ തൈലം തേച്ച മേ ലെ തവളയുടെ വസപുരട്ടിയാൽ ദേഹത്തിൽ അഗ്നി ജ്വ ലിക്കും. വേണുമൂലം (മുളവേര്), ശൈവലം (കുളച്ചണ്ടി) എന്നിവ അരച്ചുതേച്ച് അതിന്നു മേലെ തവളയുടെ വസ പുരട്ടിയാൽ ദേഹത്തിൽനിന്നു അഗ്നി ജ്വലിക്കും. വേ പ്പിൻതൊലി, പ്രതിബലാ, വഞ്ജുളം, വജ്രകം, കദളീമൂലം എന്നിവ കൽക്കമായി തവളയുടെ വസ ചേൎത്തു കാച്ചിയ തൈലം കാലടികളിൽ പുരട്ടിയാൽ തീക്കനലിൽക്കൂടെ ന ടക്കാം.

ഉപോദകാ, പ്രതിബല,
വഞ്ജുളം, പാരിഭദ്രകം
ഇവതൻ വേർ കല്ക്കമായും
മണ്ഡൂകവസ ചേൎത്തുമേ
എണ്ണ കാച്ചിക്കാലടികളെ
കഴുകിട്ടു പുരട്ടുകിൽ

കനൽച്ചാർത്തിൽച്ചൊരിച്ചിടാം
പുഷ്പരാശിയിലെന്നപോൽ.

ഹംസം, ക്രൌഞ്ചം, മയൂരം എന്നിവയുടേയോ വെള്ളത്തിന്മേലേ നീന്തുന്ന വലിയ പക്ഷികളുടേയോ പുച്ഛങ്ങളിൽ രാത്രിയിൽ നളദീപിക (നളപ്പുല്ലുകൊണ്ടുള്ള ചൂട്ട്) കത്തിച്ചുവച്ചു കെട്ടിവിട്ടാൽ ഉൽക്കാദൎശന (കൊള്ളിമീൻ കാണിക്കുക) മാകും.

വൈദ്യുതഭസ്മം (ഇടിവെട്ടിയ മരത്തിന്റെ വെണ്ണീറ്) അഗ്നിയെ ശമിപ്പിക്കുന്നതാകുന്നു.

സ്ത്രീയുടെ ആൎത്തവത്തിലിട്ടുവച്ച ഉഴുന്നു, തവളയുടെ വസയോടു സമ്മിശ്രമായ വ്രജകുലീമൂലം എന്നിവ തീയെരിയുന്ന ചുല്ലിയിൽ (അടുപ്പിൽ) ഇട്ടാൽ ആ അടുപ്പത്ത് പാകം ചെയ്യുന്ന വസ്തുക്കൾ വേവുകയില്ല; ചുല്ലീശോധനം (അടുപ്പുവാരി വെടുപ്പാക്കുക) ആണ് അതിന്നു പ്രതീകാരം.

പീലുമരം കൊണ്ടുണ്ടാക്കിയ മണി, സുവൎച്ചലാമൂലം കൊണ്ടുണ്ടാക്കിയ ഗ്രന്ഥി (ഉണ്ട), സൂത്രഗ്രന്ഥി (നൂൽപ്പന്ത്) എന്നിവയിലൊന്നു ഉള്ളിൽ തീയാക്കി ശീലക്കഷണം കൊണ്ടു കെട്ടി വായിൽ വച്ചാൽ വായിൽനിന്നു തീയും പുകയും പുറപ്പെടുവിക്കാം.

കുശം, ആമ്രഫലം (മാങ്ങയണ്ടി) ഇവയിൽനിന്നെടുത്ത എണ്ണ തീയിലൊഴിച്ചാൽ ആ തീ മഴയത്തും കാററത്തും ജ്വലിക്കും. സമുദ്രഫേനം (കടൽനുര) എണ്ണപുരട്ടി കത്തിച്ചു വെള്ളത്തിലിട്ടാൽ അതു വെള്ളത്തിൽ നീന്തിക്കൊണ്ടു ജ്വലിക്കും. കുരങ്ങിന്റെ അസ്ഥികളിൽ കല്മാഷവേണു (കരിങ്ങാലിമുള) കൊണ്ടു കടഞ്ഞുണ്ടാക്കിയ അഗ്നി വെള്ളം തട്ടിയാൽ കെടുകയില്ല; വെള്ളം പകൎന്നാൽ കത്തുകയും ചെയ്യും. ആയുധം പ്രയോഗിച്ചോ ശൂലത്തിന്മേലേററിയോ കൊല്ലപ്പെട്ട ഒരു പുരുഷന്റെ എടത്തെ വാരിഭാഗത്തുള്ള പൎശുകാസന്ധിയിൽ (വാരിയെല്ലിൽ) കല്മാ

ഷവേണരകൊണ്ടു കടഞ്ഞുണ്ടാക്കിയ അഗ്നികൊണ്ടോ സ്ത്രീയുടേയോ പുരുഷന്റേയോ അസ്ഥികളിൽ മനുഷ്യന്റെ പർശുകാസ്ഥികൊണ്ടു കടഞ്ഞുണ്ടാക്കിയ അഗ്നികൊണ്ടോ എവിടെ മൂന്നപ്രാവശ്യം അപ്രദക്ഷിണമായി ഉഴിയുന്നുവോ അവിടെ മറെറാരഗ്നി ജ്വലിക്കുകയില്ല.

ചുച്ഛുന്ദരീ, ഖഞ്ജരീടം,
ഖാരകീടമിവററിനെ
അശ്വമൂത്രം ചേർത്തരച്ചു
തേച്ചാൽ ചങ്ങലയററിടും.

അയസ്കാന്തം, പാഷാണം എന്നിവയിൽ കുലിന്ദം, ദർദ്ദുരം (തവള), ഖാരകീടം എന്നിവയുടെ വസ തേച്ച് അതുകൊണ്ടു തൊട്ടാലും ചങ്ങല അററുപോകും.

കങ്കം, ഭാസം എന്നിവയുടെ പാശ്വവും (വാരി) ഉൽപലവും (ഒരുതരം മത്സ്യം) വെള്ളവും കൂട്ടിയരച്ചു ദാരഗർഭം (പന്നിയുടെ ഗർഭം) ചതുഷ്പദങ്ങളുടേയും ദ്വിപദങ്ങളുടേയും പാദങ്ങളിൽ തേക്കുകയോ, ഒട്ടകത്തിന്റെ തോൽകൊണ്ടുള്ള ചെരിപ്പുകളിൽ കൂമന്റെയും കഴുകന്റെയും വസകൾ പുരട്ടി പേരാലിലകൊണ്ടു പൊതിഞ്ഞു അവ കാലിലിടുകയോ ചെയ്താൽ അമ്പതു യോജനദൂരം തളർച്ചകൂടാതെ നടക്കാം. ശ്യേനം, കങ്കം, കാക്ക, കഴുകൻ, ഹംസം, ക്രൗഞ്ചം, വീചിരല്ലം എന്നീ പക്ഷികളുടെ മജ്ജയോ രേതസ്സോ മേൽപ്രകാരം പുരട്ടിയാൽ നൂറുയോജന നടക്കാം. സിംഹം, വ്യാഘ്രം, ദ്വീപി, കാക്ക, കൂമൻ എന്നിവയുടെ മജ്ജയും രേതസ്സുമോ സർവ്വവർണ്ണങ്ങളിലുമുള്ള സ്ത്രീകളുടെ ഗർഭപതനങ്ങളെ (ചാവുകുട്ടികളെ) ഉഷ്ട്രികയിൽ (ഒരുതരം മൺപാത്രം) അഭിഷവനംചെയ്തോ മരിച്ചുപോയ ശിശുക്കളെ ശ്മശാനത്തിൽ അഭിഷവനംചെയ്തോ എടുത്തതായ മേദസ്സോ മേൽപ്രകാരം ഉപയോഗിച്ചാൽ ശതയോജന ദൂരം തളർച്ചകൂടാതെ നടക്കാം.

അത്ഭുതോൽപാതവഴിയാ-
യുദ്ധഭോഗം പരന്നേകിട്ടു
ആരാദ്ധ്യാർത്ഥം; രണ്ടേപക്ഷം
കോപമെന്നതു തുല്യമാം.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഔപനിഷദികമെന്ന പതിന്നാലാമധികരണത്തിൽ, പ്രലംഭനം — അത്ഭുതോൽപാദനം എന്ന രണ്ടാമദ്ധ്യായം.

---

## മൂന്നാം അദ്ധ്യായം.

---

### ഭൈഷജ്യമന്ത്രപ്രയോഗം.

മാർജ്ജാരൻ, ഒട്ടകം, വൃകം, വരാഹം, ശല്യാവിത്ത് (മുള്ളൻ), വാഗ്ഗുലി, നപ്തൃകാവ്, കാക്ക, കൂമൻ, രാത്രിയിൽ സഞ്ചരിക്കുന്ന മററു ജീവികൾ എന്നിവയിൽ ഒന്നോ രണ്ടോ അതിലധികമോ ജന്തുക്കളുടെ വലത്തു കണ്ണുകളും എടത്തു കണ്ണുകളും എടുത്തു വേറെവേറെ രണ്ടുവിധം ചൂർണ്ണങ്ങളുണ്ടാക്കുക. അതിൽ എടത്തു കണ്ണുകളുടെ പൊടി വലത്തു കണ്ണിലും, വലത്തു കണ്ണുകളുടെ പൊടി എടത്തു കണ്ണിലും എഴുതിയാൽ രാത്രിയിൽ ഇരുട്ടത്തു കണ്ണു കാണും.

ഏകാമ്ലകം, വരാഹാക്ഷി,
ഖദ്യോതം, കാളശാരിബ,
നേത്രത്തിലെഴുതിക്കൊണ്ടാൽ
കാണും രൂപങ്ങൾ രാത്രിയിൽ.

മൂന്നുദിവസം ഉപവസിച്ച്, പൂയംനക്ഷത്രത്തിൽ ആയുധംകൊണ്ടു കൊല്ലുകയോ ശൂലത്തിന്മേലേററുകയോ ചെയ്യപ്പെട്ട ഒരു പുരുഷന്റെ തലയോട്ടിൽ മണ്ണുപരത്തി, അതിൽ യവം പാവി ആട്ടിൻപാൽകൊണ്ടു നനയ്ക്കുക. ആ

യവത്തിൻെറ മുളകൾകൊണ്ടു മാലകെട്ടി ധരിച്ചാൽ നഷ്ടച്ഛായാരൂപൻ (ഛായയും രൂപവും നശിച്ചവൻ; അന്യന്മാൎക്കു കാണ്മാൻ കഴിയാത്തവൻ) ആയിട്ടു സഞ്ചരിക്കും; മൂന്നുദിവസം ഉപവസിച്ച്, പൂയംനാൾകൊണ്ട് ശ്വാവ്, മാൎജ്ജാരൻ, കൂമൻ, വാല്ഗുലി എന്നിവയുടെ വലത്തുകണ്ണുകളും എടത്തുകണ്ണുകളും എടുത്തു രണ്ടുവക ചൂൎണ്ണങ്ങളുണ്ടാക്കുക. ആ ചൂൎണ്ണംകൊണ്ടു യഥാക്രമം (വലത്തുകണ്ണിൻെറ പൊടികൊണ്ടു വലത്തുകണ്ണും എടത്തു കണ്ണിൻെറ പൊടികൊണ്ട് എടത്തുകണ്ണും) കണ്ണെഴുതിയാൽ നഷ്ടച്ഛായാരൂപനായിട്ടു സഞ്ചരിക്കും; മൂന്നുദിവസം ഉപവസിച്ചിട്ടു, പൂയം നാൾകൊണ്ടു പുരുഷനെ എയ്തുകൊന്ന ബാണംകൊണ്ട് അഞ്ജനശലാകയും അഞ്ജനപാത്രവും ഉണ്ടാക്കുക. മേൽപ്പറഞ്ഞ ഏതെങ്കിലുമൊരക്ഷിചൂൎണ്ണം ആ പാത്രത്തിലാക്കിവച്ചു കണ്ണെഴുതിയാൽ നഷ്ടച്ഛായാരൂപനായിട്ടു സഞ്ചരിക്കും; മൂന്നുദിവസം ഉപവസിച്ചിട്ട്, പൂയം നാൾകൊണ്ട്, കാരിരുമ്പിനാൽ അഞ്ജനപാത്രവും ശലാകയുമുണ്ടാക്കുക. പിന്നെ, രാത്രിയിൽ സഞ്ചരിക്കുന്ന ജന്തുക്കളുടെ തലയോട്ടിൽ അഞ്ജനം നിറച്ച് അത് ഒരു സ്ത്രീശവത്തിൻെറ യോനിയിൽ കടത്തി ദഹിപ്പിക്കുക. ആ അഞ്ജനം പൂയംനാളിൽ എടുത്തു മേൽപ്പറഞ്ഞ അഞ്ജനപാത്രത്തിലാക്കുക. അതു മുൻചൊന്ന ശലാകകൊണ്ടെടുത്തു കണ്ണിലെഴുതിയാൽ നഷ്ടച്ഛായാരൂപനായിട്ടു സഞ്ചരിക്കും; എവിടെ ആഹിതാഗ്നിയായ ഒരു ബ്രാഹ്മണൻെറ ശവം ദഹിപ്പിച്ചതോ ദഹിപ്പിക്കുന്നതോ ആയിക്കാണുന്നുവോ അവിടെയിരുന്നു മൂന്നുദിവസം ഉപവസിച്ചിട്ട് പൂയം നക്ഷത്രത്തിൽ തനിയേ മരിച്ച ഒരുവൻെറ ശവത്തിന്മേലെ ചുട്ടുപുടവകൊണ്ട് പ്രസേവം (കൂട) ഉണ്ടാക്കി അതിൽ ചിതാഭസ്മം നിറച്ച് അതു ദേഹത്തിന്മേൽ കെട്ടിയാൽ നഷ്ടച്ഛായാരൂപനായി സഞ്ചരിക്കും; ബ്രാഹ്മണൻെറ പ്രേ

തകാൎയ്യത്തിൽ കൊല്ലപ്പെടുന്നതായ ഗോവിന്റെ അസ്ഥിയും മജ്ജയും എടുത്തുപൊടിച്ച പൊടി ഒരു പാമ്പിന്റെ ഉറയിൽ നിറച്ച് ആ ഉറ ദേഹത്തിൽ കെട്ടിയാൽ പത്രുക്കൾ അദൃശ്യമായിസ്സഞ്ചരിക്കും; പാമ്പുകടിച്ചു മരിച്ച ഒരുവന്റെ ശവം ചുട്ട ഭസ്മം പ്രചലാകത്തിന്റെ (മയിൽ) തോൽകൊണ്ടുള്ള ഉലയിൽ നിറച്ച് അതു ദേഹത്തിൽ കെട്ടിയാൽ എല്ലാമൃഗങ്ങളും അദൃശ്യമായിസ്സഞ്ചരിക്കും; കൃമൻ, വാഗുലി എന്നിവയുടെ വാലും പുരീഷവും മാനപസ്ഥിയും കൂട്ടി പൊടിച്ച പൊടി പാമ്പിന്റെ ഉറയ്ക്കകത്തു നിറച്ച് ആ ഉറ ദേഹത്തിൽ കെട്ടിയാൽ പക്ഷികൾ അദൃശ്യമായിസ്സഞ്ചരിക്കും—ഇങ്ങനെ അന്തൎദ്ധാനയോഗങ്ങൾ (മറഞ്ഞു നടക്കുന്നതിനുള്ള യോഗങ്ങൾ) എട്ടാകുന്നു.

(മന്ത്രം)

ബലിം വൈരോചനം വന്ദേ ശതമായഞ്ച ശംബരം
ഭണ്ഡീരപാകം നരകം നികുംഭം കുംഭമേവ ച
ദേവലം നാരദം വന്ദേ വന്ദേ സാവൎണ്ണിഗാലവം
ഏതേഷാമനുയോഗേന കൃതം തേ സ്വാപനം മഹൽ
യഥാ സ്വപന്ത്യജഗരാഃ സ്വപന്ത്യപി ചമൂഖലാഃ
തഥാ സ്വപന്തു പുരുഷാ യേ ച ഗ്രാമേ കുതൂഹലാഃ
ഭണ്ഡകാനാം സഹസ്രേണ രഥനേമിശതേന ച
ഇമം ഗൃഹം പ്രവേക്ഷ്യാമി തൂഷ്ണീമാസന്തു ഭാണ്ഡകാഃ
നമസ്കൃത്വാ ച മനവേ ബദ്ധ്വാ ശുനകഫേലകാഃ
യേ ദേവാ ദേവലോകേഷു മാനുഷേഷു ച ബ്രാഹ്മണാഃ
അദ്ധ്യയനപാരഗാസ്സിദ്ധാ യേ ച കൈലാസതാപസാഃ
ഏതേഭ്യഃ സൎവ്വസിദ്ധേഭ്യഃ കൃതന്തേ സ്വാപനം മഹൽ
അതിഗച്ഛതി ച മയ്യപഗച്ഛന്തു സംഹതാഃ
അലിതേ പലിതേ മനവേ സ്വാഹാ.

ഇതിന്റെ പ്രയോഗം:— മൂന്നു ദിവസം ഉപവസിച്ച്, പൂയം നാളോടു ചേൎന്ന കൃഷ്ണചതുൎദ്ദശിയിൽ ചണ്ഡാലസ്ത്രീയുടെ കയ്യിൽനിന്നു ബിലഖാദകലേഖനം (എലിയുടെ കഷണം) വിലയ്ക്കു വാങ്ങുക. അതും കുറെ ഉഴുന്നും കൂടി ഒരു കൊട്ടയിലാക്കി അസങ്കീൎണ്ണമായ ആദഹനത്തിൽ (ശ്മശാനത്തിൽ) കുഴിച്ചിടുക. രണ്ടാമത്തെ ചതുൎദ്ദശിദിവസം അതു വാങ്ങിയെടുത്തു കുമാരിയെക്കൊണ്ടരപ്പിച്ചു ഗുളികയുണ്ടാക്കിക്കുക. അതിൽനിന്ന് ഒരു ഗുളിക ഈ മന്ത്രം ജപിച്ച് എവിടെ എറിയുന്നുവോ അവിടെയുള്ള എല്ലാ ജീവികളും നിദ്രയിൽ ലയിക്കും. മേൽപ്പറഞ്ഞ വിധിയനുസരിച്ചുതന്നെ ശ്വാവിത്തിന്റെ ശല്യകം (മുള്ളന്റെ മുള്ള്) കറുത്തതു മൂന്നും വെളുത്തതു മൂന്നും വേറെവേറെ ശ്മശാനത്തിൽ കുഴിച്ചിടുക. രണ്ടാമത്തെ ചതുൎദ്ദശിയിൽ എടുത്ത് അതു ശ്മശാനഭസ്മത്തോടുകൂടി ഈ മന്ത്രം ജപിച്ച് എവിടെ ഇടുന്നുവോ അവിടെയുള്ള എല്ലാ ജീവികളും നിദ്രയിൽ ലയിക്കും.

(മന്ത്രം)

സുവൎണ്ണപുഷ്പീം ബ്രഹ്മാണീം ബ്രഹ്മാണഞ്ച കുശദ്ധ്വജം
സൎവ്വാശ്ച ദേവതാ വന്ദേ വന്ദേ സൎവ്വാംശ്ച താപസാൻ
വശം മേ ബ്രാഹ്മണാ യാന്തു ഭൂമിപാലാശ്ച ക്ഷത്രിയാഃ
വശം വൈശ്യാശ്ച ശൂദ്രാശ്ച വശതാം യാന്തു മേ സദാ
സ്വാഹാ. അമിലേ കിമിലേ വയുജാരേ പ്രയോഗ
ഫക്കേ വയുഹ്വേ വിഹാലേ ദന്തകടകേ സ്വാഹാ.
സുഖം സ്വപന്തു ശുനകാ യേ ച ഗ്രാമേ കുതൂഹലാഃ
ശ്വാവിധശ്ശല്യകം ചൈതൽ ത്രിശ്വേതം ബ്രഹ്മനിൎമ്മിതം
പ്രസുപ്താസ്സൎവ്വസിദ്ധാൎത്ഥി ഏതത്തെ സ്വാപനം കൃതം(ഹാ.
യാവൽ ഗ്രാമസ്യ സീമാന്തഃ സൂൎയ്യസ്യോദ്ഗമനാദിതിസ്വാ

ഇതിന്റെ പ്രയോഗം:— മുള്ളന്റെ മുള്ളുകൾ വെളുത്തതു മൂന്നെണ്ണം എടുത്തു ശ്മശാനത്തിൽ കുഴിച്ചിട്ട് ഏഴു ദി

വസം ഉപവസിച്ച്, കൃഷ്ണചതുർദ്ദശി ദിവസം, അഗ്നിയിൽ ഈ മന്ത്രംകൊണ്ടു നൂറെറട്ടുരു കരിഞ്ഞാലിച്ചമതകൾ ഹോമിച്ച് തേൻകൊണ്ടും നെയ്കൊണ്ടും ആഹുതി ചെയ്യുക. എന്നിട്ട് മേൽപ്പറഞ്ഞ മുള്ളുകളിലൊന്നു ഈ മന്ത്രം ജപിച്ച് ഗ്രാമദ്വാരത്തിലോ ഗൃഹദ്വാരത്തിലോ കുഴിച്ചിട്ടാൽ അവിടെയുള്ള സർവ്വജീവികളും നിദ്രയിൽ ലയിക്കും.

(മന്ത്രം)

ബലിം വൈരോചനം വന്ദേ ശതമായഞ്ച ശംബരം
നികുംഭം നരകം കുംഭം തന്തുകച്ഛം മഹാസുരം
അർമാലവം പ്രമീലഞ്ച മന്ധോലൂകം ഘടോൽബലം
കൃഷ്ണകം സോപചാരഞ്ച പൌലോമിഞ്ച യശസ്വിനീം
അഭിമന്ത്ര്യ ഗൃഹ്ണാമി സിദ്ധാർത്ഥം ശവശാരികാം
ജയന്തു ജയതി ചനമഃ ശലകഭൃതേഭ്യഃ സ്വാഹാ.
സുഖം സ്വപന്തു ശുനകാ യേ ച ഗ്രാമേ കുതൂഹലാഃ
സുഖം സ്വപന്തു സിദ്ധാർത്ഥായമർത്ഥം മാർഗ്ഗയാമഹേ
യാവദസ്തമയാദുദയോ യാവദർത്ഥം ഫലം മമ.
ഇതി സ്വാഹാ.

ഇതിന്റെ പ്രയോഗം:— നാലു ഭോജനകാലം ഉപവസിച്ച് കൃഷ്ണചതുർദ്ദശി ദിവസം അസങ്കീർണ്ണമായ ശ്മശാനത്തിൽ ബലിചെയ്തു ഈ മന്ത്രംകൊണ്ടു ശവശാരിക (ശവത്തിന്റെ കുടൽമാല) എടുത്തു പോത്രീപോട്ടലികയിൽ (ശീലകൊണ്ടുണ്ടാക്കിയ പാവയിൽ) കെട്ടിച്ച് അതിന്റെ മദ്ധ്യത്തിൽ മുള്ളന്റെ മുള്ളും തറച്ച് ഈ മന്ത്രം ചൊല്ലി എവിടെ കുഴിച്ചിടുന്നുവോ അവിടെയുള്ള എല്ലാ ജീവികളും നിദ്രയിൽ ലയിക്കും.

(മന്ത്രം)

ഉപൈമി ശരണഞ്ചാഗ്നിം ദൈവതാനി ദിശോദശ
ഉപയാന്തു ച സർവ്വാണി വശതാം യാന്തു മേ സദാ.
സ്വാഹാ.

ഇതിന്റെ പ്രയോഗഃ— മൂന്നു ദിവസം ഉപവസിച്ചിട്ട പൂയം നക്ഷത്രത്തിൽ ശക്കരകൾ (കല്ലുകൾ * ) എടുത്തു തേനും നെയ്യും കൂട്ടി അഗ്നിയിൽ ഇരുപത്തൊന്നു ഹോമിച്ച ഗന്ധമാല്യങ്ങളെക്കൊണ്ടു പൂജിച്ച ഭൂമിയിൽ കുഴിച്ചിടുക. രണ്ടാമത്തെ പൂയംനക്ഷത്രത്തിൽ എടുത്ത് ഓരോ ശക്കരകൊണ്ട് ഈ മന്ത്രം ജപിച്ച വാതിലിന്മേൽ മുട്ടുക. നാലു ശക്കരകൾ കഴിയുന്നതിനുള്ളിൽ വാതിൽ തുറക്കും. നാലു ഭോജനകാലം ഉപവസിച്ചിട്ട കൃഷ്ണചതുർദ്ദശിയിൽ ഭഗ്നപുരുഷന്റെ (ചതഞ്ഞു മരിച്ചവന്റെ) അസ്ഥികൊണ്ട് ഒരു കാളയുടെ സ്വരൂപമുണ്ടാക്കുകയും ഈ മന്ത്രംകൊണ്ട് അതിനെ അഭിമന്ത്രിക്കുകയും ചെയ്ക. എന്നാൽ രണ്ടു കാളകളെ പൂട്ടിയ കാളവണ്ടി അവിടെ കൊണ്ടുവരപ്പെടും. അതിനുശേഷം ആകാശത്തുടെ സഞ്ചരിക്കാം.

സദാ രവിരവിഃ സഗന്ധപരിഘാതിസച്ചം ഭണാതി ചണ്ഡാലീ കുംഭിതുംബകടുകസാരീഘഃസനാരീ ഭഗോസി സ്വാഹാ—ഈ മന്ത്രം താലോൽഘാടനവും (വാതലിന്റെ താഴ് തുറപ്പിക്കുന്നതു) പ്രസ്വാപനവും (ഉറക്കിടുന്നതു) ആകുന്നു.

മൂന്നു ദിവസം ഉപവസിച്ചിട്ട പൂയം നക്ഷത്രത്തിൽ ശസ്ത്രംകൊണ്ടു പ്രഹരിച്ചോ ശൂലത്തിന്മേലേററിയോ കൊല്ലപ്പെട്ട ഒരു പുരുഷന്റെ തലയോട്ടിൽ മണ്ണിട്ട തുവരവിത്തു പാവി വെള്ളംകൊണ്ടു നനയ്ക്കുക. അതു മുളച്ചുണ്ടായാൽ പൂയം നാളിലെടുത്ത് അതുകൊണ്ടൊരു ചെറിയ കയറുണ്ടാക്കുക. ആ കയറു കുലയററപ്പെട്ട വില്ലുകളുടേയും യന്ത്രങ്ങളുടേയും മുമ്പിൽവച്ച ഛേദിച്ചാൽ വില്ലുകളുടെ ഞാണുകളും യന്ത്രങ്ങളും മുറിഞ്ഞുപോകും.

* ശിലാഭേദികൾ എന്ന് ഒരു വ്യാഖ്യാനത്തിൽ കാണുന്നുണ്ട്.

നീർപ്പാമ്പിൻെറ ഉറയെ സ്ത്രീയുടേയൊ പുരുഷൻെറയൊ ഉച്ഛ്വാസമൃത്തിക (ശ്വാസവായുവിനോടു സംബന്ധിച്ച മണ്ണു) കൊണ്ടു നിറയ്ക്കുക. അതു മൂക്കിന്നു നേരെയോ മുഖത്തിന്നു നേരെയോ കാട്ടിയാൽ മൂക്കും വായും ബന്ധിക്കപ്പെടും.

വരാഹത്തിൻെറ വസ്തി (മൂത്രസ്സഞ്ചി) ഉച്ഛ്വാസമൃത്തികകൊണ്ടു നിറച്ച് വാനരൻെറ ഞരമ്പുകൊണ്ടു കെട്ടി ദേഹത്തിൽ സ്പർശിപ്പിച്ചാൽ ആനാഹം (വയറുവീർപ്പ്) ഉണ്ടാകും.

കൃഷ്ണചതുർദ്ദശിയിൽ ശസ്ത്രംകൊണ്ടു കൊല്ലപ്പെട്ട കപിലനിറമായ പശുവിൻെറ പിത്തം, കൊന്നമരംകൊണ്ടുണ്ടാക്കിയ ശത്രുപ്രതിമയുടെ കണ്ണിലെഴുതുക. ശത്രു അന്ധനായിഭവിക്കും.

നാലു ഭോജനകാലം ഉപവസിച്ച് കൃഷ്ണചതുർദ്ദശിയിൽ ബലിചെയ്തു ശൂലത്തിന്മേലേററിക്കൊന്ന പുരുഷൻെറ അസ്ഥികൊണ്ടു കീലകങ്ങൾ (ആണികൾ) ഉണ്ടാക്കിക്കുക. അവയിലൊന്നു ശത്രുവിൻെറ മൂത്രത്തിലോ പുരീഷത്തിലോ സ്ഥാപിച്ചാൽ ആനാഹത്തെ ജനിപ്പിക്കും; പാദം വയ്ക്കുന്നിടത്തോ ആസനത്തിൻെറ ചുവട്ടിലോ സ്ഥാപിച്ചാൽ അവൻ ക്ഷയം പിടിച്ചു മരിക്കും; ആപണത്തിലോ കൃഷിനിലത്തിലോ ഗൃഹത്തിലോ സ്ഥാപിച്ചാൽ വൃത്തി മുടങ്ങിപ്പോകും. ഈ വിധിയനുസരിച്ച് ഇടിതട്ടിവെന്ത മരംകൊണ്ടും ആണികളുണ്ടാക്കി പ്രയോഗിക്കാം.

വടക്കോട്ടു പടന്ന പുനർന്നവം (തമിഴാമ), നിംബം (വേപ്പിൻതൊലി), കാകമധു (കാക്കത്തൊണ്ടി), വാനരരോമം, മനുഷ്യാസ്ഥി ഇവ ശവവസ്ത്രംകൊണ്ടു കെട്ടി ആരുടെ ഗൃഹത്തിൽ കുഴിച്ചിടുകയോ ആരെ അരച്ചു കുടിപ്പിക്കയോ ചെയ്യുന്നുവോ അവൻ പുത്രന്മാരോടും ഭാര്യയോടും ധനത്തോടുംകൂടി മൂന്നുപക്ഷത്തിലധികം ജീവിച്ചിരിക്കയി

ല്ലു; വടക്കോട്ട പടൎന്ന പുനൎന്നവം, നിംബം, കാകമദ്ധ്യ, സ്വയംഗുപ്ത (നായ്ക്കുരണ), മനുഷ്യാസ്ഥി എന്നിവ ആരുടെ കാലടിയിൻ ചുവട്ടിലോ ഗൃഹം, സേന, ഗ്രാമം, നഗരം എന്നിവയുടെ ദ്വാരത്തിലോ കുഴിച്ചിടുന്നുവോ അവൻ പുത്രന്മാരോടും ഭാൎയ്യയോടും ധനത്തോടുംകൂടി മൂന്നുപക്ഷത്തിലധികം ജീവിച്ചിരിക്കയില്ല; ആട്, വാനരൻ, മാൎജ്ജാരൻ, നകുലം (കീരി), ബ്രാഹ്മണർ, ശ്വപാകന്മാർ (ചണ്ഡാലന്മാർ), കാക്ക, കൂമൻ എന്നിവയുടെ രോമങ്ങളോടുകൂടി ഒരുവന്റെ വിഷ്ഠ (പുരീഷം) ചൂൎണ്ണനം ചെയ്താൽ അവൻ പൊടുന്നനവെ മരിച്ചുപോകും. പ്രേതനിൎമ്മാലിക (ശവനിൎമ്മാല്യം), കിണ്വം, കീരിരോമം, തേളിന്റെയും വണ്ടിന്റെയും പാമ്പിന്റെയും തോല് എന്നിവ ആരുടെ കാലടിച്ചുവട്ടിൽ കുഴിച്ചിടുന്നുവോ അവൻ, അതവിടെനിന്നു നീക്കം ചെയ്യാതിരിക്കുന്നിടത്തോളം കാലം, അപുരുഷൻ (മനുഷ്യാകൃതിയില്ലാത്തവൻ) ആയി ഭവിക്കും.

മൂന്നു ദിവസം ഉപവസിച്ചു പൂയംനാളിൽ ശസ്ത്രംകൊണ്ടോ ശൂലത്തിന്മേലേററിയോ കൊല്ലപ്പെട്ട പുരുഷന്റെ തലയോട്ടിൽ മണ്ണിട്ടു കുന്നിക്കുരു പാവി വെള്ളംകൊണ്ടു നനയ്ക്കുക. അതു മുളച്ചുണ്ടായാൽ പൂയത്തോടുകൂടിയ അമാവാസിയിലോ പൌൎണ്ണമാസിയിലോ ആ കുന്നിവള്ളികൾ പറിച്ച് അതുകൊണ്ടു മണ്ഡലികകൾ (തെരികകൾ) ഉണ്ടാക്കുക. അവയിൽ അന്നപാനപാത്രങ്ങൾ വച്ചാൽ ആ അന്നപാനങ്ങൾ എടുത്താൽ കുറയുകയില്ല.

രാത്രിയിൽ വല്ല പ്രേക്ഷകളും (കാഴ്ചകൾ) ഉണ്ടായാൽ അതിലെ വിളക്കിന്റെ തീയിൽ ഒരു ചത്ത പശുവിന്റെ മൂലകൾ അരിഞ്ഞെടുത്തു ദഹിപ്പിക്കുക. ദഹിച്ചാൽ അതു കാളമൂത്രത്തിലരച്ചു പുതുക്കുടത്തിന്റെ ഉള്ളിൽ തേക്കുക. ആ കുടം ഗ്രാമത്തിന്നു ചുററും അപ്രദക്ഷിണമായി ഉഴിഞ്ഞ് അതിൽ വെണ്ണയാക്കിയാൻ ആ ഗ്രാമത്തിലുള്ള

എല്ലാ പശുക്കളിൽനിന്നും കിട്ടുന്ന വെണ്ണയെല്ലാം ആ കുടത്തിൽ വരും.

പൂയത്തോടുകൂടിയ കൃഷ്ണചതുർദ്ദശിയിൽ ഒരു പെൺപട്ടിയുടെ യോനിയിൽ ഒരിരുമ്പുമുള കടത്തുക; അതു തനിയേ വീണാൽ എടുക്കുക. ആ മുള കാട്ടി വൃക്ഷത്തിന്മേൽ നിൽക്കുന്ന കാക്കകളെ വിളിച്ചാൽ അവ അടുത്തു വരും.

മരുന്നും മന്ത്രവും ചേൎന്ന
യോഗങ്ങളാം, യോഗമായകളാം
ഇവയാൽ പരരെക്കൊൽവൂ,
പാലിപ്പൂ സ്വജനത്തെയും.

**കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ, ഔപനിഷദികമെന്ന പതിന്നാലാമധികരണത്തിൽ, പ്രലംഭനത്തിൽ, ഭൈഷജ്യമന്ത്രപ്രയോഗമെന്ന മൂന്നാമദ്ധ്യായം.**

---

## നാലാം അദ്ധ്യായം.

---

ഒരുനൂററെഴുപത്തൊമ്പതാം പ്രകരണം.

സ്വബലോപഘാതപ്രതീകാരം.

സ്വപക്ഷത്തിൽ ശത്രുവിനാൽ ചെയ്യപ്പെട്ട ദൂഷീവിഷത്തിന്റെയും ഗരത്തിന്റെയും പ്രതീകാരമാവിതു:— ശ്ലേഷ്മാതകം (നറുവരി), കപിത്ഥം (വിളാർമരം), ദന്തി (നാഗദന്തി), ദന്തശഠം (ചെറുനാരകം), ഗോജി (ഞെരിഞ്ഞിൽ), ശിരീഷം, പാടലി (പൂപ്പാതിരി), ബല (കുറുന്തോട്ടി), സ്യോനാകം (പലകപ്പയ്യാനി), പുനൎന്നവ, ശ്വേത (വെളുത്ത ശംഖുപുഷ്പം), വരണം (നീർമാതളം), എന്നിവയുടെ കഷായവും ചന്ദനം, സാലാവൃകീശലാഹിതം (പെൺകുറുക്കന്റെ രക്തം) എന്നിവയും ചേൎത്തു തേജനോദ

കംകൊണ്ടു ഗുഹ്യം കഴുകുകയാണ രാജഭോഗ്യകളായ സ്ത്രീകൾക്കും സേനകൾക്കും വിഷപ്രതീകാരം.

പൃഷതം (പുള്ളിപ്പുലി), നകുലം (കീരി), നീലകണ്ഠം (മയിൽ), ഗോധ (ഉടുമ്പ്) എന്നിവയുടെ പിത്തം ചേർത്ത മഷീരാജി (കരി) ചൂർണ്ണവും സിന്ദുവാരിതം (കരുനെച്ചി), വരണം, വാതുണി (കറുക), തണ്ഡുലീയകം (ഒരുതരം ചീര), ശതപര്വ്വം (മുളയുടെ ആണ്ടാൻ), പിണ്ഡീതകം (മലങ്കാര) എന്നീ യോഗവും മദനദോഷത്തെ കളയുന്നതാകുന്നു; സൃഗാലവിന്ന, മദനം (മലങ്കാര), സിന്ദുവാരിതം, വരണം, വാരണവല്ലി (അത്തിത്തിപ്പലി) എന്നിവയിലൊന്നിൻെറയൊ എല്ലാം കൂടിയതിൻെറയൊ കഷായം പാൽ ചേർത്തു കുടിക്കുന്നതും മദനദോഷഹരമാകുന്നു.

കൈഡര്യം (കുമിഴ്), പൂതി (ആവൽത്തൊലി) എന്നിവ കൂട്ടി കാച്ചിയ തൈലംകൊണ്ടു നസ്യം ചെയ്യുന്നതു ഉന്മാദഹരമാകുന്നു.

പ്രിയംഗു (ഞാഴൽപ്പൂവ്), നക്തമാലം (ഉങ്ങിൻതൊലി) എന്നിവയുടെ യോഗം കുഷ്ഠഹരം; കുഷ്ഠം (കൊട്ടം), ലോധ്രം (പാച്ചോററിത്തൊലി) എന്നീ യോഗം പാകത്തെയും ശോഷത്തെ (ക്ഷയത്തെ)യും ഹനിക്കും; കടഫലം (കുമിഴ്), ദ്രവന്തി (എലിച്ചെവി), വിളംഗം (വിഴാലരി) എന്നിവയുടെ ചൂർണ്ണംകൊണ്ടു നസ്യം ചെയ്യുന്നതു ശിരോരോഗഹരം; പ്രിയംഗു, മഞ്ജിഷ്ഠ (മഞ്ചട്ടി), തഗരം, ലാക്ഷ (കോലരക്ക്), രസം (നറുമ്പശ), മധുകം (എരട്ടിമധുരം), ഹരിദ്ര (മരമഞ്ഞൾ), ക്ഷൌദ്രം (തേൻ) ഈ യോഗം രജ്ജുബന്ധംകൊണ്ടോ ജലമജ്ജനംകൊണ്ടോ വിഷംകൊണ്ടോ അടികൊണ്ടോ വീഴ്ചകൊണ്ടോ സംജ്ഞയില്ലാതായവൎക്കു വീണ്ടും സംജ്ഞയെ ഉണ്ടാക്കും.

മേൽച്ചൊന്ന (പ്രിയംഗു മുതലായ) പ്രതീകാരൌഷധങ്ങളുടെ മാത്ര മനുഷ്യൎക്ക് ഒരക്ഷവും (പതിനാറു മാഷകം), ഗോക്കൾക്കും കുതിരകൾക്കും അതിലിരട്ടിയും, ആനകൾക്കും ഒട്ടകങ്ങൾക്കും നാലിരട്ടിയുമാകുന്നു.

ഈ ഔഷധങ്ങളുടെ മണി (ഗുളിക) ഉള്ളിൽ സ്വൎണ്ണത്തോടുകൂടിയതായി പ്രയോഗിച്ചാൽ സൎവ്വവിഷഹരമാകുന്നു. ജീവന്തി (അടപതിയൻ), ശ്വേത (വെളുത്ത ശംഖപുഷ്പം), മുഷ്കകം (മുളമ്പിലാവ്), പുഷ്പവന്ദാക (കണവീരത്തിന്മേലെ ഇത്തിക്കണ്ണി), അക്ഷീബത്തിൽ (മുരിങ്ങമേൽ) ഉണ്ടായ അശ്വത്ഥം (അരയാൽ) എന്നിവകൊണ്ടുള്ള ഗുളികയും സൎവ്വവിഷഹരമാണ്. എന്നുതന്നെയല്ല,

അവ വാദ്യങ്ങളിൽത്തേച്ചാ-
ലാശ്ശബ്ദം വിഷനാശനം;
കൊടിയും കൂറയുമിവ-
ത്തേച്ചുകാണുന്നതും തഥാ.

തനിക്കും തൻ സേനകൾക്കും
പ്രതീകാരമിവററിനാൽ
ചെയ്തു, ശത്രുക്കളിൽച്ചെയ്‌വൂ
വിഷധൂമാംബുദൂഷണം.

**കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ, ഔപനിഷദികമെന്ന പതിനാലാമധികരണത്തിൽ, സ്വബലോപഘാതപ്രതീകാരം എന്ന നാലാമദ്ധ്യായം.**

ഔപനിഷദികം പതിനാലാമധികരണം കഴിഞ്ഞു.

# തന്ത്രയുക്തി. പതിനഞ്ചാമധികരണം.

## ഒന്നാം അദ്ധ്യായം.

ഒരുനൂററെണ്പതാം പ്രകരണം.

തന്ത്രയുക്തികൾ.

അൎത്ഥമെന്നാൽ മനുഷ്യരുടെ വൃത്തി; മനുഷ്യവതിയായ ഭൂമി എന്നൎത്ഥം. അങ്ങനെയുള്ള പൃഥിവിയുടെ ലബ്ധിക്കും പാലനത്തിനും ഉപായമായിട്ടുള്ള ശാസ്ത്രം അൎത്ഥശാസ്ത്രം.

അതു മുപ്പത്തിരണ്ടു യുക്തികളോടു കൂടിയതാകുന്നു. അധികരണം, വിധാനം, യോഗം, പദാൎത്ഥം, ഹേത്വൎത്ഥം, ഉദ്ദേശം, നിൎദ്ദേശം, ഉപദേശം, അപദേശം, അതിദേശം, പ്രദേശം, ഉപമാനം, അൎത്ഥാപത്തി, സംശയം, പ്രസംഗം, വിപൎയ്യയം, വാക്യശേഷം, അനുമതം, വ്യാഖ്യാനം, നിൎവ്വചനം, നിദൎശനം, അപവൎഗ്ഗം, സ്വസംജ്ഞ, പൂൎവ്വപക്ഷം, ഉത്തരപക്ഷം, ഏകാന്തം, അനാഗതാവേക്ഷണം, അതിക്രാന്താവേക്ഷണം, നിയോഗം, വികല്പം, സമുച്ചയം, ഊഹ്യം എന്നിങ്ങനെ.

യാതൊരൎത്ഥത്തെ അധികരിച്ചു പറയപ്പെടുന്നുവോ അതധികരണം. "പൃഥിവിയുടെ ലബ്ധിയെപ്പററിയും പാലനത്തെപ്പററിയും ഏതെല്ലാം അൎത്ഥശാസ്ത്രങ്ങൾ പൂൎവ്വാചാൎയ്യന്മാർ നിൎമ്മിച്ചിട്ടുണ്ടോ അതെല്ലാം ചുരുക്കി എടുത്തിട്ടാണ് ഈ അൎത്ഥശാസ്ത്രഗ്രന്ഥം മിക്കതും നിൎമ്മിച്ചിരിക്കുന്നതു്" എന്നു്. ∗

ശാസ്ത്രത്തിൻെറ പ്രകരണാനുപൂൎവ്വി വിധാനം. "വി

∗ അധി 1 അദ്ധ്യാ 1.

ദ്ധ്യാസമുദ്ദേശം, വൃദ്ധസംയോഗം, ഇന്ദ്രിയജയം, അമാത്യോൽ പത്തി ഇത്യാദി." വ.

വാക്യയോജനയാണ് യോഗം. "ചതുർവ്വർണ്ണാശ്രമം ലോകം" എന്ന്. ന.

ഒരു പദംകൊണ്ടവസാനിക്കുന്ന അർത്ഥം പദാർത്ഥം. "മൂലഹരൻ" എന്നു പദം. "ആർ പിതൃപിതാമഹപ്രാപ്തമായ അർത്ഥത്തെ അന്യായമായി ഭക്ഷിക്കുന്നുവോ അവൻ മൂലഹരൻ" എന്നർത്ഥം. ർ.

അർത്ഥസാധകമായ ഹേതു ഹേത്വർത്ഥം. "ധർമ്മവും കാമവും അർത്ഥത്തെ ആസ്പദിച്ചുള്ളവയാകയാൽ" എന്ന്. ര

സമാസവാക്യം (സംക്ഷേപവാക്യം) ഉദ്ദേശം. "വിദ്യാവിനയകാരണമായിട്ടുള്ളതു ഇന്ദ്രിയജയമാകുന്നു" എന്ന്. ന്ദ

വ്യാസവാക്യം (വിസ്തൃതവാക്യം) നിർദ്ദേശം. "ഇന്ദ്രിയജയമെന്നാൽ കർണ്ണം, ത്വക്ക്, ചക്ഷുസ്സ്, ജിഹ്വ, ഘ്രാണം എന്നീ പഞ്ചേന്ദ്രിയങ്ങൾക്കു ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ വിഷയങ്ങളിൽ അവിപ്രതിപത്തിയാകുന്നു" എന്ന്. ൧.

ഇന്നപ്രകാരം വർത്തിക്കണമെന്നത് ഉപദേശം. "ധർമ്മാർത്ഥങ്ങൾക്കു വിരോധം വരാത്ത വിധത്തിൽ വേണം കാമത്തെ സേവിക്കുവാൻ. കാമമേ വേണ്ടെന്നുവച്ചു കേവലം സുഖരഹിതനായിരിക്കുവാനും പാടില്ല" എന്ന്. വ്യ.

ഇന്നപ്രകാരം ഇന്ന ആൾ പറയുന്നു എന്നത് അപദേശം. "മന്ത്രിപരിഷത്തിൽ പന്ത്രണ്ടമാത്യന്മാരെ നിശ്ചയിക്കണമെന്നു മനുശിഷ്യന്മാർ; പതിനാറു പേരെയാണു വേണ്ടതെന്നു ബൃഹസ്പതിശിഷ്യന്മാർ; ഇരുപതു പേർ വേ

വ. അധി 1 അധ്യാം 1; ന. അധി 1 അധ്യാ 4; ർ. അധി 2 അധ്യാം 9; ര. അധി 1 അധ്യാ 7; ന്ദ. അധി 1 അധ്യാം 6; ൧. അധി 1 അധ്യാം 6; വ്യ. അധി 1 അധ്യാ 7.

ണമെന്നു ശുക്രശിഷ്യന്മാർ; താൻെറ സാമൎത്ഥ്യത്തിനു തക്കവണ്ണമെന്നു കൌടില്യമതം". ൯.

പറഞ്ഞുകഴിഞ്ഞതുകൊണ്ടു സാധിക്കുന്നത് അതിദേശം. "ദത്തത്തിൻെറ അപ്രദാനം ഋണാദാനത്തെപ്പറഞ്ഞതുകൊണ്ടു പറഞ്ഞുകഴിഞ്ഞു" എന്ന്. ൧൦.

മേലിൽ പറവാൻ പോകുന്നതുകൊണ്ടു സാധിക്കുന്നതു പ്രദേശം. "അഥവാ ആപൽപ്രതീകാരത്തിൽ പറവാൻപോകുന്നപ്രകാരമുള്ള സാമദാനഭേദദണ്ഡങ്ങളെക്കൊണ്ടു സാധിപ്പിപ്പൂ" എന്ന്. ൧൧.

ദൃഷ്ടം (കണ്ടനുഭവമുള്ളതു) കൊണ്ടു അദൃഷ്ടത്തെ സാധിപ്പിക്കുന്നത് ഉപമാനം. "പരിഹാരമായിക്കൊടുത്ത ധനം തിരികെ തന്നു തീൎത്തവരെ അനുഗ്രഹം നൽകി അച്ഛനെന്നപോലെ രക്ഷിക്കുകയും വേണം" എന്ന്. ൧൨.

പറയാതെ തന്നെ അൎത്ഥവശാൽ വന്നുകൂടുന്നത് അൎത്ഥാപത്തി. "ലോകയാത്രയെ അറിയുന്നവനായ പുരുഷൻ ആത്മസമ്പത്തും ദ്രവ്യപ്രകൃതിസമ്പത്തുമുള്ള രാജാവിൻെറ അദ്ദേഹത്തിനു പ്രിയനും ഹിതനുമായിട്ടുള്ള ഒരാൾ വഴിയായി ആശ്രയിക്കണം" (൧൩). അപ്രിയനും അഹിതനുമായിട്ടുള്ള ആൾ മുഖേന അരുതെന്ന് അൎത്ഥവശാൽ കിട്ടുന്നു.

രണ്ടുപക്ഷത്തിലും ഹേതുവുള്ളതായ അൎത്ഥം സംശയം. "ക്ഷീണരും ലുബ്ധരുമായ പ്രകൃതികളോടുകൂടിയ ഒരുവൻ, അപചരിതരായ പ്രകൃതികളോടുകൂടിയ ഒരുവൻ എന്നിങ്ങനെ രണ്ടു യാതവ്യന്മാരുള്ളപ്പോൾ അവരിൽ ആരുടെ നേരെയാണ് ആദ്യം യാനം ചെയ്യേണ്ടത്" എന്ന്. ൧൪

---

൯. അധി 1 അദ്ധ്യാ 15; ൧൦. അധി 3 അദ്ധ്യാ 16; ൧൧. അധി 7 അദ്ധ്യാ 14; ൧൨. അധി 2 അദ്ധ്യാ 1; ൧൩. അധി 5 അദ്ധ്യാ 4; ൧൪. അധി 7 അദ്ധ്യാ 5.

മററൊരു പ്രകരണത്തോടു സമാനമായ അത്ഥം പ്രസംഗം. "അവൻ കൃഷിപ്പണിക്കായിക്കൊടുത്ത ഭൂമിയിൽ മേൽപ്രകാരം ചെയ്വൂ. ൩൭.

പ്രതിലോമം (വിപരീതം) കൊണ്ടു സാധിക്കുന്നതു വിപൎയ്യയം. "ഇതിൻെറ വൈപരീത്യം അനുഷ്ഠനായാലത്തെ ലക്ഷണമാകുന്നു" എന്നു. ൩൮.

യാതൊന്നുകൂടിയുണ്ടായാലേ വാക്യം പരിസമാപിക്കയുള്ളുവെന്നു വരുന്നുവോ അതു വാക്യശേഷം. "ഛിന്നപക്ഷൻ എന്നപോലെ രാജാവിനു ചേഷ്ടാഹാനി വരികയും ചെയ്യും. * " എന്നു. ഇതിൽ പക്ഷിക്കു എന്നു വാക്യശേഷം. ൩൯.

പ്രതിഷേധിക്കപ്പെടാത്ത പരവാക്യം അനുമതം. "പക്ഷങ്ങൾ രണ്ടും ഉരസ്യവും പ്രതിഗ്രഹവും എന്നിങ്ങനെയാണു ശുക്രസമ്മതമായ വ്യൂഹവിഭാഗം" എന്നു. ൪൦.

അതിശയേനയുള്ള വൎണ്ണന വ്യാഖ്യാനം. "വിശേഷിച്ചു സംഘങ്ങൾക്കും സംഘധൎമ്മികളായ രാജകുലങ്ങൾക്കുമിടയിൽ ചൂതു നിമിത്തമായിട്ടു ഭേദവും അതു കാരണമായി വിനാശവും നേരിടുകയും ചെയ്യും. അസജ്ജനങ്ങളെ പൂജിച്ചുകൊണ്ടുള്ളതായ വ്യസനം വന്നാൽ സപദേശത്തെണത്തിൽ ദൌൎബ്ബല്യം നേരിടുന്നതുകൊണ്ടു അതാണു എല്ലാ വ്യസനങ്ങളിലുംവച്ചു ഏററവുമധികം പാപമായിട്ടുള്ളതു" എന്നു. ൪൧.

ഗുണത്തിൽനിന്നുള്ള ശബ്ദനിഷ്പത്തി നിൎവ്വചനം. "വ്യ

---

* പ്രസ്തുത വാക്യത്തിൻെറ പരിഭാഷ അത്ഥസ്ഫുടതയ്ക്കു വേണ്ടി 'ചിറകു മുറിഞ്ഞ പക്ഷിയെന്നപോലെ രാജാവിനു ചേഷ്ടാഹാനി വരികയും ചെയ്യും' എന്നാണു ചെയ്തിട്ടുള്ളതു.

൩൭. അധി 1 അധ്യാ 11; ൩൮ അധി 1 അധ്യാ 16; ൩൯. അധി 8 അധ്യാ 1; ൪൦. അധി 10 അധ്യാ 6; ൪൧. അധി 8 അധ്യാ 3.

സ്വത്യേനം ശ്രേയസ ഇതി വ്യസനം" (ശ്രേയസ്സിൽനിന്ന് അകററുന്നതു വ്യസനം). ൨൦

ദൃഷ്ടാന്തരൂപത്താടുകൂടിയ ദൃഷ്ടാന്തം നിദൎശനം. "ജ്യായാനായിട്ടുള്ളവനോടു വിഗ്രഹിച്ചാൽ ഹസ്തിയോടു പാദയുദ്ധം ചെയ്യുന്നതുപോലെയാകും". ൨൧

അഭിപ്ലുതത്തെ (ഉത്സൎഗ്ഗവിധിയെ) വ്യപകൎഷണം (നിവാരണം) ചെയ്യുന്നത് അപവൎഗ്ഗം. "ശത്രുസൈന്യത്തെ എപ്പോഴും തന്റെ അടുക്കൽത്തന്നെ വസിപ്പിക്കണം. എന്നാൽ ഇതു ആഭ്യന്തരകോപത്തിന്റെ ശങ്കയിൽനിന്നൊഴിച്ചു മാത്രം" എന്ന്. ൨൨

മററു ആചാൎയ്യന്മാരാൽ അസംജ്ഞിതം (അസങ്കേതിതം) ആയ ശബ്ദം സ്വസംജ്ഞ. അവന്റെ ഭൂമ്യനന്തര (അനന്തരഭൂമിയിങ്കലുള്ളതു) ഒന്നാമത്തെ പ്രകൃതി, ഭൂമ്യേകാന്തര രണ്ടാമത്തെ പ്രകൃതി. ൨൩

പ്രതിഷേദ്ധവ്യമായ വാക്യം പൂൎവ്വപക്ഷം. "സ്വാമ്യമാത്യവ്യസനങ്ങളിൽവച്ച് അമാത്യവ്യസനത്തിന്നാണ് അധികം ഗൌരവം" എന്ന്. ൨൪

അതിന്റെ (പൂൎവ്വപക്ഷത്തിന്റെ) നിൎണ്ണയനവാക്യം ഉത്തരപക്ഷം. "സ്വാമിയെ ആശ്രയിക്കുന്നതുകൊണ്ടു........ പ്രകൃതികളുടെ കൂടസ്ഥൻ സ്വാമിയാണല്ലോ" എന്ന്. ൨൫

എല്ലാററിലും ആയത്തം (അധീനം) ആയത് ഏകാന്തം. "ആകയാൽ അദ്ദേഹം ഉത്ഥാനം ചെയ്യണം". ൨൬

മേൽ ഇന്നപ്രകാരം പറയപ്പെടും എന്നത് അനാഗതാവേക്ഷണം. "തുലാപ്രതിമാനം പൌതവാദ്ധ്യക്ഷപ്രകരണത്തിൽ പറയുന്നതാണ്". ൨൭

൨൦. അധി 8 അധ്യാ 1; ൨൧. അധി 7 അധ്യാ 8; ൨൨. അധി 9 അധ്യാ 2; ൨൩. അധി 6 അധ്യാ 2; ൨൪. അധി 8 അധ്യാ 1; ൨൫. അധി 8 അധ്യാ 1; ൨൬. അധി 1 അധ്യാ 19; ൨൭. അധി 2 അധ്യാ 13.

മുൻപിൽ ഇന്നപ്രകാരം പറഞ്ഞിട്ടുണ്ട് എന്നത് അതിക്രാന്താവേക്ഷണം. "ദ്രവ്യസമ്പത്തു മുൻപു പറയപ്പെട്ടിട്ടുണ്ട്". വ.വ്യ

ഇന്നവിധം ചെയ്യണം, മറിച്ചുചെയ്യരുത് എന്നതു നിയോഗം. "ആകയാൽ ധമ്മവുമത്ഥവും മാത്രമേ അവനുപദേശിക്കാവൂ; അധമ്മവുമനത്ഥവും ഉപദേശിക്കരുത്". വൻ

ഇന്നവനോ ഇന്നവനോ എന്നതു വികല്പം. "ധമ്മിഷ്ഠവിവാഹങ്ങളിൽ ജനിച്ച പുത്രന്മാരോ.......... പുത്രിമാരോ" നഠ

ഇന്നതും ഇന്നതും കൂടി എന്നതു സമുച്ചയം. "സ്വയംജാതനായ ഔരസപുത്രൻ പിതാവിന്റെയും ബന്ധുക്കളുടെയും ദായാദൻ ആകുന്നു". നഫ

ഇന്നവിധമെന്നു പറയപ്പെടാത്തത് ഊഹ്യം. "ഇതുവക സംഗതികളിൽ കുശലന്മാരായ ധമ്മസ്ഥന്മാർ ദാതാവിന്നും പ്രതിഗ്രഹീതാവിന്നും ദോഷം വരാത്തവിധത്തിൽ അനുശയത്തെക്കല്പിക്കണം". നവ

ഏവമിശ്ശാസ്ത്രമിച്ചൊന്ന
തന്ത്രയുക്തികളൊത്തതായ്
ചൊല്ലീടിനേനിഹപര-
യോഗക്ഷേമാത്ഥമായി ഞാൻ;

ധമ്മാത്ഥകാമങ്ങളെയീ-
ശ്ശാസ്ത്രം കാത്തു നടത്തിടും
അധമ്മാനത്ഥവിദ്വേഷ-
ങ്ങളെയോ നിഹനിച്ചിടും;

---

വ്യ. അധി 6 അധ്യാ 1; വൻ. അധി 1 അധ്യാ 17; നഠ. അധി 8 അധ്യാ 5; നഫ. അധി 3 അധ്യാ 7; നവ. അധി 3 അധ്യാ 16.

ഒരുനൂറെറണ്പതാം പ്രകരണം ഒന്നാമദ്ധ്യായം

ആർ ശാസ്ത്രം, ശസ്ത്രം, മണ്ണും
നന്ദരാജഗഭൂമിയും
അമർഷത്താലുദ്ധരിച്ചി-
തദ്ദേഹം തീർത്തതാണിതു്.

കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ, തന്ത്രയുക്തി എന്ന
പതിനഞ്ചാമധികരണത്തിൽ, തന്ത്രയുക്തികൾ
എന്ന ഒന്നാമദ്ധ്യായം.

തന്ത്രയുക്തി എന്ന പതിനഞ്ചാമധികരണം കഴിഞ്ഞു.

കൌടില്യന്റെ അർത്ഥശാസ്ത്രം സമാപ്തം.

---

ശാസ്ത്രങ്ങളിൽ ഭാഷ്യകാര-
ന്മാർക്കു ഭിന്നിപ്പു കാണ്കയാൽ
സ്വയം തീർത്താൻ വിഷ്ണുഗുപ്തൻ
സൂത്രത്തോടൊത്തു ഭാഷ്യവും.

ശുഭം.